# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

2018 ജനുവരി 24, ബുധൻ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 170 - നമ്പർ 3

വില : ₹ 20

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

2018 ജനുവരി 24, ബുധൻ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

473/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....32

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....32
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....89

**II ചെയർമാൻമാരുടെ പാനൽ** ...478

**III അടിയന്തരപ്രമേയം**

യു.ഡി.എഫ്. ഹർത്താലിനെതിരെ നടന്ന അക്രമങ്ങൾ
(അവതരണാനുമതി നിഷേധിച്ചു) ...478

**IV ശ്രദ്ധ ക്ഷണിക്കൽ**

1. തീരദേശ സുരക്ഷാ പാക്കേജ്—
ശ്രീ. എസ്. ശർമ്മ ...494

2. വന്യജീവി ആക്രമണം—
ശ്രീ. സണ്ണി ജോസഫ് ...498

**V സബ്മിഷൻ**

1. പ്രൊബേഷണറി എസ്.ഐ.-യുടെ ആത്മഹത്യ—
ശ്രീ. രമേശ് ചെന്നിത്തല ...503

2. പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ്—
ശ്രീ. പി. കെ. ശശി ...504

3. പറമ്പിക്കുളം-ആളിയാർ നദീജല കരാർ—
ശ്രീ. കെ. കൃഷ്ണൻകുട്ടി
ശ്രീ. ബി. ഡി. ദേവസ്സി ...507

4. നോൺ ക്രിമിലെയർ സർട്ടിഫിക്കറ്റിനുള്ള വരുമാന പരിധി—
ശ്രീ. പി. കെ. അബ്ദു റബ്ബ് ...511

5. മലമ്പുഴ റിസർവോയറിൽനിന്ന് ജലം നൽകുന്നതിനുള്ള മുൻഗണന—
ശ്രീ. വി. എസ്. അച്യുതാനന്ദൻ ...512

*പേജ്*

6. റോഡ് റെസ്റ്റോറേഷൻ ചാർജ്—

ചിറ്റയം ഗോപകുമാർ ...514

7. വെബ്സൈറ്റിന്റെ പ്രവർത്തനം—

ശ്രീ. വി. ഡി. സതീശൻ ...515

8. റോഡിന് ഫണ്ട് അനുവദിക്കൽ—

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ...517

9. ഭിന്നശേഷിക്കാരുടെ സംരക്ഷണം—

ശ്രീ. പി. സി. ജോർജ് ...518

10. മന്തുരോഗ വ്യാപനം—

ശ്രീ. ഇ. കെ. വിജയൻ ...522

**VI മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1 പ്രകാരവും ലിസ്റ്റ് 2 പ്രകാരവുമുള്ള (ചട്ടം 47 (2) അനുസരിച്ചുള്ളത്) കടലാസുകൾ മേശപ്പുറത്തുവച്ചു ...524

**VII റിപ്പോർട്ട് സമർപ്പണം**

1. കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് ...575
2. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരളസ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി IV-ന്റെ പ്രത്യേക റിപ്പോർട്ട് ...575
3. 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട് ...575
4. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അമ്പത്തിയഞ്ച് മുതൽ അറുപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ ...575

പേജ്

**VIII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് ...576

**IX നിയമനിർമ്മാണകാര്യം**

ക്രമപ്രശ്നം

(i) ഓർഡിനൻസുകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്—
ശ്രീ. വി. ഡി. സതീശൻ ...576

(ii) വ്യത്യസ്ത സബ്ജക്ട് കമ്മിറ്റികളിൽ ചർച്ച ചെയ്യേണ്ട ബിൽ ഒരു സബ്ജക്ട് കമ്മിറ്റിയിൽ മാത്രം ചർച്ച ചെയ്യുന്നത് സംബന്ധിച്ച്—
ശ്രീ. എം. ഉമ്മർ ...577

**റൂളിംഗ്**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(ii) 2018- ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ ...582

(ii) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ ...613

**അനുബന്ധം**

23-1-2018-ലെ ചോദ്യോത്തരങ്ങൾ …650

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

*2018 ജനുവരി 24, ബുധൻ*

വാല്യം 170] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 3

നിയമസഭ 2018 ജനുവരി മാസം 24-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (* 31)

### വൈദ്യുതി ഉല്പാദനം

1 (*31) ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തടസ്സരഹിതമായി വൈദ്യുതി ലഭ്യമാക്കുന്നതിനും ഉല്പാദനവർദ്ധനവിനും ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) പണി ആരംഭിച്ച വൈദ്യുതോല്പാദന പദ്ധതികൾ ഏതൊക്കെയാണെന്നും അവ സമയബന്ധിതമായി പൂർത്തിയാക്കി പാഴ്ചെലവ് ഒഴിവാക്കാൻ ആവശ്യമായ ഇടപെടൽ നടത്തുന്നുണ്ടോയെന്നും വിശദമാക്കാമോ;

(സി) ആവശ്യത്തിന്റെ 25 ശതമാനം വൈദ്യുതി മാത്രമേ സംസ്ഥാനത്ത് ഉല്പാദിപ്പിക്കാൻ സാധിക്കുന്നുള്ളൂവെന്നതിനാലും പാരമ്പര്യരീതിയിലുള്ള വൻകിട പദ്ധതികൾ വിവിധ തരത്തിലുള്ള എതിർപ്പുകൾ നേരിടുകയോ സാമ്പത്തികമായി നിലനിർത്താൻ ബുദ്ധിമുട്ടുള്ളതോ ആയതിനാലും സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കാൻ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; നിലവിലെ സൗരോർജ്ജ പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ,

(എ) ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ. തനത് ഫണ്ട് ഉപയോഗിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്തിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. HT ലൈനുകൾ പുതുതായി നിർമ്മിക്കുക.
2. ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക
3. ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷികുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക.
4. HT, LT ശൃംഖലകളിൽ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പു വരുത്തുക. 2021-ഓടുകൂടി എല്ലാ ഉപഭോക്താക്കൾക്കും ഗുണ നിലവാരമുള്ള വൈദ്യുതി, തടസ്സരഹിതമായി അപകടസാധ്യത ഇല്ലാതാക്കി വിതരണം ചെയ്യുക എന്ന ലക്ഷ്യവുമായി KSEBL മുന്നോട്ടുപോകുകയാണ്. ഇതിനായി സമ്പൂർണ്ണ വൈദ്യുതീകരണം നിലനിർത്തുന്നതിനോടൊപ്പം, ഇടതടവില്ലാതെ വൈദ്യുതി വിതരണം ചെയ്യുന്നതിന് വിതരണ ശൃംഖലയുടെ കാര്യക്ഷമത വളരെ പ്രധാനമാണ്. വിതരണ ശൃംഖലയുടെ മൊത്തത്തിലുള്ള നവീകരണം മുന്നിൽ കണ്ടുകൊണ്ട് ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ആ സർക്കിളിന് കീഴിൽ എത്ര ഇലക്ട്രിക്കൽ ഡിവിഷൻ ഉണ്ടോ അത്രയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി പ്രത്യേക ടീം (പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റ്) രൂപീകരിച്ചിട്ടുണ്ട്. ഈ പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റുകളാകും വിതരണ ഗ്രിഡിന്റെ നവീകരണ പദ്ധതികളുടെ മേൽനോട്ടം വഹിക്കുക.

വിതരണ ശൃംഖലയുടെ നവീകരണം മുന്നിൽകണ്ട് നടപ്പാക്കപ്പെടുന്ന മധ്യകാല പദ്ധതിയിൽ ഇനി പറയുന്ന പ്രവൃത്തികൾക്ക് പ്രാമുഖ്യമുണ്ടാകും.

1. H.T. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ (സാധ്യമാകുമെങ്കിൽ രണ്ട് സബ്സ്റ്റേഷനിൽ നിന്ന്) നിന്നുള്ള വൈദ്യുതി എത്തിക്കാൻ ശ്രമിക്കും. ഒരു സ്രോതസ്സിൽ നിന്നുള്ള വൈദ്യുതി തടസ്സപ്പെട്ടാൽ പൂർണ്ണമായ ബാക്ക്ഫീഡിംഗ് വഴി മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉറപ്പുവരുത്തും.

2. എ.ബി.സി., ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, ആർ.എം.യു. തുടങ്ങിയവ ആവശ്യമായ സ്ഥലങ്ങളിൽ ഉപയോഗിച്ച് വൈദ്യുതി തടസ്സം കുറയ്ക്കുക.

3. നിലവിലുള്ള ലൈനുകളുടെ പുന:ക്രമീകരണം (ആവശ്യമില്ലാത്ത ലൈനുകൾ അഴിച്ചുമാറ്റുന്നതുൾപ്പെടെ) ഏറ്റെടുക്കുക.

4. പുരയിടങ്ങൾക്ക് കുറുകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ ആയവ മാറ്റി സ്ഥാപിക്കുക.

5. ഫാൾട്ട് പാസ് ഇൻഡിക്കേറ്ററുകൾ, സെക്ഷനൈസറുകൾ തുടങ്ങിയ സാങ്കേതികവിദ്യകളുടെ ഉപയോഗം ഉറപ്പുവരുത്തി വൈദ്യുതി പുനഃസ്ഥാപനം ത്വരിതമാക്കുക.

6. വൈദ്യുതി പുനഃസ്ഥാപനം വേഗത്തിലാക്കാൻ നിലവിലുള്ള സ്വിച്ചിംഗ് സ്ഥാനങ്ങൾ മാറ്റിസ്ഥാപിക്കേണ്ടതായിക്കണ്ടാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുക.

7. ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെയും ലൈനുകളുടെയും സ്ട്രക്ചറുകളുടെയും നവീകരണം ഉറപ്പാക്കുക.

L.T. വൈദ്യുതിയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക, വിതരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുക, വിതരണ ട്രാൻസ്ഫോർമറുകളുടെ പരിപാലനം, അവയുടെ ഓവർലോഡിംഗ് ഒഴിവാക്കുക, ന്യൂട്രൽ വോൾട്ടേജ് നിശ്ചിത പരിധിക്ക് പുറത്തു പോകുന്നില്ലെന്ന് ഉറപ്പാക്കുക തുടങ്ങിയവയും പതിമൂന്നാം പദ്ധതിയുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടാകും സംസ്ഥാനത്ത് തടസ്സരഹിതമായി വൈദ്യുതി വിതരണം ഉറപ്പുവരുത്തുന്നത്.

സംസ്ഥാനത്ത് തടസ്സരഹിതമായി വൈദ്യുതി ലഭ്യമാക്കുന്നത് ലക്ഷ്യമിട്ട് പ്രസരണ മേഖലയിൽ വിഭാവന ചെയ്തിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. വൈദ്യുതിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിനുമായി നിലവിലുള്ള സബ്സ്റ്റേഷനുകളു ടെയും ലൈനുക ളുടെയും വോൾട്ടേജ് നിലവാരശേഷി വർദ്ധിപ്പിക്കുക.

2. പഴക്കംചെന്ന ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കുക.

3. വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പുതിയ സ്റ്റേഷനുകളും അനുബന്ധ ലൈനുകളും നിർമ്മിക്കുക. നടപ്പുസാമ്പത്തിക വർഷത്തിൽ വിവിധ വോൾട്ടേജ് നിലവാരത്തിലുള്ള 39 സബ്സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തീകരിക്കുക എന്നിവ ലക്ഷ്യമിട്ടിട്ടുണ്ട്. ഇതിൽ 9 സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഇതിനകം പൂർത്തിയായിട്ടുണ്ട്. അതോടൊപ്പം സംസ്ഥാനത്തിനകത്ത് ലഭ്യമാകുന്ന വൈദ്യുതി പ്രസരണനഷ്ടം കുറച്ച് വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനും സംസ്ഥാനത്തിനുപുറത്തുനിന്നുള്ള വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനുമായി പ്രസരണ മേഖലയുടെ രണ്ടാംഘട്ട വികസനമെന്ന നിലയിൽ ട്രാൻസ്ഗ്രിഡ് 2.0 എന്ന പേരിൽ വിപുലമായ ഒരു ദീർഘകാല പ്രസരണ പദ്ധതിക്കും കെ.എസ്.ഇ.ബി.എൽ. രൂപം നൽകിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിക്ക് ഏകദേശം 10,000 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളുടെയും പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളുടെയും അനുബന്ധ ലൈനുകളുടെയും നിർമ്മാണം ഉൾപ്പെടുത്തിയിട്ടുണ്ട്. (വിശദവിവരം അനുബന്ധം 1-ആയി ചേർത്തിരിക്കുന്നു.*)

സംസ്ഥാനത്ത് വൈദ്യുതി ഉല്പാദന വർദ്ധനവിനായി നിർമ്മാണം നടന്നുവരുന്ന 9 ജലവൈദ്യുത പദ്ധതികൾ (ആകെ 166.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തിയാക്കുവാനും 15 പുതിയ ജലവൈദ്യുത പദ്ധതികൾ (ആകെ 149 മെഗാവാട്ട്) നടപ്പിലാക്കുവാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധം-II ആയി ചേർത്തിരിക്കുന്നു*. കൂടാതെ 163 മെഗാവാട്ട് സ്ഥാപിത ശേഷിയുള്ള അതിരപ്പിള്ളി ജല വൈദ്യുത പദ്ധതിക്കെതിരായ ആശങ്കകൾ പരിഹരിച്ച് സമവായത്തിലൂടെ നടപ്പാക്കുന്നതിനും ശ്രമിക്കുന്നതാണ്.

ഉല്പാദന വർദ്ധനവിനായി നിലവിലുള്ള കുറ്റ്യാടി ജലവൈദ്യുത പദ്ധതി (3X25 MW)-യുടെ നവീകരണവും ശേഷിവർദ്ധിപ്പിക്കലും ആസൂത്രണം ചെയ്തിരിക്കുന്നു. AHEC, റൂർകീ നടത്തിയ RLA (ശിഷ്ടായുസ്സ്) പഠനത്തിന്റെ റിപ്പോർട്ട് അനുസരിച്ചാണ് നവീകരണ പദ്ധതിക്ക് രൂപം നൽകിയിരിക്കുന്നത്. പ്രസ്തുത പുനരുദ്ധാരണ നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ സ്ഥാപിതശേഷിയുടെ 10 ശതമാനം (7.5 MW) കൂടി അധികശേഷി വിഭാവന ചെയ്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സ്വകാര്യമേഖലയിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ 2014-ൽ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ അനുവദിച്ച 21 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചു വരുന്നു. പദ്ധതികളുടെ പേരുവിവരം അനുബന്ധം III ആയി ചേർത്തിരിക്കുന്നു* ഈ പദ്ധതികളിൽ 8 MW പതങ്കയം പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുകയും 8 MW ആനക്കാംപോയിൽ, 4.5 MW അരിപ്പാറ എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുകയും ചെയ്യുന്നു. മറ്റ് പദ്ധതികളുടെ സാങ്കേതിക പഠന റിപ്പോർട്ട് മുതൽ സ്ഥലം ഏറ്റെടുപ്പ്, ഫോറസ്റ്റ് ഭൂമി ഏറ്റെടുക്കൽ മുതലായ പണികൾ പുരോഗമിച്ചുവരുന്നു. 2020-ഓടുകൂടി ഏകദേശം 45 MW ഉല്പാദനശേഷി സ്വകാര്യമേഖലയിലൂടെ വർദ്ധിപ്പിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.എൽ. നിർമ്മാണം ആരംഭിച്ചതും നിലവിൽ പണി നടന്നുവരുന്നതുമായ ജലവൈദ്യുതോല്പാദന പദ്ധതികൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതി | സ്ഥാപിതശേഷി | ഉൽപ്പാദനശേഷി |
|---|---|---|---|
| 1 | കക്കയം | 3 MW | 10.39 MU |
| 2 | പൊരിങ്ങൽകുത്ത് | 24 MW | 45.02 MU |
| 3 | ഭൂതത്താൻകെട്ട് | 24 MW | 83.5 MU |
| 4 | ചെങ്കളം ഓഗ്മെന്റേഷൻ | - | 85 MU |
| 5 | ചാത്താൻ കോട്ടുനട II | 6 MW | 14.76 MU |
| 6 | തോട്ടിയാർ | 40 MW | 99 MU |
| 7 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW | 153.9 MU |
| 8 | അപ്പർ കല്ലാർ | 2 MW | 5.14 MU |
| 9 | പഴശ്ശിസാഗർ | 7.5 MW | 25.16 MU |
| | ആകെ | 166.5 MW | 521.87 MU |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പദ്ധതികളുടെ നിർമ്മാണ പുരോഗതി ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിൽ എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ 2014-ൽ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ അനുവദിച്ച 21 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതികളുടെ പേരുവിവരം അനുബന്ധം-III* ആയി ചേർത്തിരിക്കുന്നു. ഈ പദ്ധതികളിൽ 8 MW പതങ്കയം പദ്ധതി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുകയും 8 MW ആനക്കാംപോയിൽ, 4.5 MW അരിപ്പാറ എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുകയുമാണ്. മറ്റ് പദ്ധതികളുടെ സാങ്കേതിക പഠന റിപ്പോർട്ട് മുതൽ സ്ഥലം ഏറ്റെടുപ്പ്, ഫോറസ്റ്റ് ഭൂമി ഏറ്റെടുക്കൽ മുതലായ പണികൾ പുരോഗമിച്ചുവരുന്നു. 2020-ഓടുകൂടി ഏകദേശം 45 MW ഉല്പാദനശേഷി സ്വകാര്യ മേഖലയിലൂടെ വർദ്ധിപ്പിക്കുവാൻ പദ്ധതിയിട്ടിട്ടുണ്ട്.

(സി) ഉണ്ട്. സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കാൻ കെ.എസ്.ഇ.ബി.എൽ. നിലവിൽ ആവിഷ്ക്കരിച്ചിരിക്കുന്ന 6.75 MW സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. പദ്ധതികളുടെ വിശദവിവരം അനുബന്ധം-IV ആയി ചേർത്തിരിക്കുന്നു.* റിവേഴ്സ് ബിഡ്ഡിംഗിലൂടെ കേരളത്തിൽ വിവിധയിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന 200 MW സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. NTPC-ൽ നിന്ന് 150 MW സൗരോർജ്ജ വൈദ്യുതി വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതുകൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ അധീനതയിലുള്ള അനുയോജ്യമായ കെട്ടിടങ്ങളുടെ മുകളിൽനിന്നും സൗരോർജ്ജം ഉല്പാദിപ്പിക്കാനുള്ള പദ്ധതികളുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ടെണ്ടർ ഘട്ടത്തിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-V ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാനത്ത് സോളാർ വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാൻ അനെർട്ട് ആവിഷ്കരിച്ചുവരുന്ന പദ്ധതികളും അവയുടെ പുരോഗതിയും ചുവടെ ചേർക്കുന്നു :

1. സോളാർ-വിൻഡ് ഹൈബ്രിഡ് പ്രോജക്ട് രാമക്കൽമേട്ടിൽ സ്ഥാപിക്കാൻ അനെർട്ട് നടപടി സ്വീകരിച്ചുവരുന്നു. മൂന്ന് മെഗാവാട്ട് വൈദ്യുതോല്പാദന സംവിധാനമാണ് ഈ പദ്ധതിയിൽ 2017-18 സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കുന്നത്. ഇതിൽ ഒരു മെഗാവാട്ട് വൈദ്യുതോല്പാദന സംവിധാനം 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാനും രണ്ട് മെഗാവാട്ട് 2018 സെപ്റ്റംബർ 30-ന് മുമ്പ് പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

2. 2017-18 സാമ്പത്തിക വർഷത്തിൽ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതിയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

3. അനെർട്ട് സ്വന്തമായി പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിച്ചുവരുന്നു.

കൂടാതെ സൗരോർജ്ജമുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് താഴെപ്പറയുന്ന വിവിധതരം റൂഫ് ടോപ്പ് സോളാർ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു.

1. <u>സോളാർ ശൃംഖലാബന്ധിത പദ്ധതി (സോളാർ കണക്ട്)</u>

മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികംവരുന്നത് വൈദ്യുത വിതരണ കമ്പനികളുടെ ലൈനിലേക്ക് നൽകുന്ന പദ്ധതിയാണിത്. ഇത് ഗാർഹികവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയോടുകൂടിയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് സബ്സിഡിയില്ലാതെയും നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 8 മെഗാവാട്ടിലധികം സ്ഥാപിതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 10 മെഗാവാട്ട് കൂടി ഇത്തരത്തിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

2. സോളാർ സ്മാർട്ട്

വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്തതും ബാറ്ററി ഉപയോഗിക്കുന്നതുമായ പദ്ധതിയാണിത്. മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിച്ച് സ്വന്തമായി ഉപയോഗിക്കുന്നു. 2017-18 വർഷം 6.4 മെഗാവാട്ടാണ് ലക്ഷ്യമിടുന്നത്. ഇത്തരം പദ്ധതികളുടെ ഭാഗമായി 13 മെഗാവാട്ട് സ്ഥാപിതശേഷി ഇതുവരെ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2016-17 അവസാനത്തോടെ പൂർത്തിയാക്കിയ പതിനായിരം റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതി പ്രകാരം 9837 വീടുകളിൽ ഒരു കിലോവാട്ട് വീതം ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർപ്ലാന്റുകൾ കേന്ദ്ര-സംസ്ഥാന സബ്സിഡിയോടുകൂടി നടപ്പാക്കുകയുണ്ടായി. ഇവ ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് പര്യാപ്തമാണ്.

മി. സ്പീക്കർ: വൈദ്യുതി വിതരണത്തെ സംബന്ധിച്ച് നല്ലൊരു ക്ലാസ്സായിരുന്നു ലഭിച്ചത്.

ശ്രീ. രാജു എബ്രഹാം : സർ, ഈ വർഷം ലോഡ് ഷെഡ്ഡിംഗ്, പവർ കട്ട് എന്നിവ ഉണ്ടാകുമോ; ഇത് ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നത്?

ശ്രീ. എം. എം. മണി : സർ, ഈ വർഷം ലോഡ് ഷെഡ്ഡിംഗും പവർ കട്ടും ഉണ്ടാകരുതെന്നാണ് സർക്കാരും ബോർഡും ആഗ്രഹിക്കുന്നത്. വേണ്ടിവന്നാൽ ആവശ്യമായ വൈദ്യുതി ഓരോ ഘട്ടത്തിലും കൂടുതലായി വാങ്ങാനുള്ള സംവിധാനം ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ട്. ദീർഘകാല/ഹ്രസ്വകാല കരാറിന്റെ അടിസ്ഥാനത്തിൽ വാങ്ങുന്ന വൈദ്യുതി ഉപയോഗിച്ച് ലോഡ് ഷെഡ്ഡിംഗും പവർ കട്ടും ഒഴിവാക്കുക എന്നതാണ് സർക്കാരിന്റെയും കെ.എസ്.ഇ.ബി.എൽ.-ന്റെയും നയം.

ശ്രീ. രാജു എബ്രഹാം: സർ, ആഴ്ചയിൽ ഏഴ് ദിവസവും പൂർണ്ണമായും വൈദ്യുതി ഉറപ്പാക്കാൻ ശ്രമിക്കുന്നുവെന്നാണ് അങ്ങയുടെ മറുപടിയിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത്. ഇക്കാര്യത്തിൽ അങ്ങയേയും സർക്കാരിനേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. എന്റെ ചോദ്യം, ഈ വർഷം കേന്ദ്ര സർക്കാരിന്റെ ടാർജറ്റ് 2650 മെഗാവാട്ട് വൈദ്യുതിയാണ്. അതിനായി സോളാർ വൈദ്യുതോല്പാദനത്തിൽ കേരളത്തിന്റെ പങ്ക് എന്താണ്; പൊതുസ്ഥാപനങ്ങൾ, സ്ഥലമുള്ള സ്കൂളുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, വലിയ വീടുകൾ തുടങ്ങിയവയിലെല്ലാം സോളാർ പാനൽ നിർബന്ധമായും സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി: സർ, സോളാർ പദ്ധതി നിർബന്ധമാക്കണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നിലവിൽ കുറേ സ്കീമുകളുണ്ട്. ഏതാണ്ട് 180-ഓളം മെഗാവാട്ട് വൈദ്യുതി സോളാർ പാനൽ ഉപയോഗിച്ച് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്. ഇനി നിർമ്മിക്കുന്ന വീടുകളിലും സർക്കാർ കെട്ടിടങ്ങളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള സാധ്യതയുണ്ട്. എല്ലാ സാധ്യതകളും ഉപയോഗിച്ച് വൈദ്യുതി ലഭ്യമാക്കിയാൽ സംസ്ഥാനത്തെ വൈദ്യുതിക്ഷാമം പരിഹരിക്കുന്നതിന് കഴിയുമെന്നാണ് സർക്കാരും ബോർഡും കരുതുന്നത്.

ശ്രീ. കെ. ആൻസലൻ : സർ, വൈദ്യുതി വകുപ്പിൽ അങ്ങ് നടപ്പാക്കുന്ന നടപടികൾ ശ്ലാഘനീയമാണ്. പവർ കട്ട് ഇല്ലാത്ത ഒരു സംസ്ഥാനമായി കേരളത്തെ മാറ്റുന്നതിന് അങ്ങേയ്ക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. വീടുകളുടെ മേൽക്കൂരകളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നത് നല്ലൊരു പദ്ധതിയാണ്. എന്നാൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ചെലവ് വഹിക്കാൻ പല ഉപഭോക്താക്കൾക്കും കഴിയില്ല. പണം ലഭ്യമായാലും സോളാർ പാനൽ സ്ഥാപിക്കുന്നതിന് വിശ്വസനീയമായ ഏജൻസികളെ കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. എം. എം. മണി: സർ, ഇതിൽ കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാകുമോയെന്ന് പരിശോധിക്കാവുന്നതാണ്. സോളാർ പദ്ധതി വിപുലീകരിക്കാനുള്ള നയം കേന്ദ്ര സർക്കാരിനുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അത് കേരളത്തിൽ പ്രയോജനപ്പെടുത്താൻ സാധിക്കുമോ എന്ന കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

ശ്രീ. എം. രാജഗോപാലൻ: സർ, വൈദ്യുതി മേഖലയെ വിഭജിക്കണമെന്ന നിർദ്ദിഷ്ട കേന്ദ്ര നിയമ ഭേദഗതി വഴി വാണിജ്യവല്ക്കരണത്തിന് ആക്കംകൂട്ടി കേരളംപോലുള്ള സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന പൊതുമേഖലാ വൈദ്യുത കമ്പനികളെ പ്രതിസന്ധിയിലാക്കാനും പൊതുമേഖലയുടെ മുതൽമുടക്കിൽ സ്വകാര്യ മേഖലയ്ക്ക് ലാഭം കൊയ്യാനുംവേണ്ടിയുള്ള സംവിധാനമായി വിവിധ തലങ്ങളിൽ മദ്ധ്യവർത്തി കമ്പനികൾ രൂപീകരിക്കാൻ കേന്ദ്ര സർക്കാർ നടത്തിക്കൊണ്ടിരിക്കുന്ന നീക്കം പ്രതിഷേധാർഹമാണ്. നാടിന്റെ വെളിച്ചം കെടുത്തി ഇരുട്ട് വ്യാപിപ്പിച്ച യു.ഡി.എഫ്. ഭരണകാലത്തുനിന്നും വ്യത്യസ്തമായി, സമ്പൂർണ്ണ വൈദ്യുതീകരണത്തിലൂടെ വെളിച്ചവിപ്ലവം നടപ്പാക്കിയ ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം എന്ന ഖ്യാതി നേടിയെടുത്ത എൽ.ഡി.എഫ്. സർക്കാരിനെ അഭിനന്ദിക്കുന്നു. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.... ചോദ്യത്തിനിടയിൽ പ്രസ്താവന പാടില്ല. അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. എം. രാജഗോപാലൻ : എന്റെ ചോദ്യം, കേരളത്തിന്റെ പ്രസരണ മേഖലയിൽ നടപ്പാക്കുന്ന ട്രാൻസ്ഗ്രിഡ് പദ്ധതികൊണ്ട് എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്? ....(ബഹളം)....

മി. സ്പീക്കർ: നിങ്ങൾ ഇരിക്കൂ. പറയേണ്ടത് ചെയർ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയൂ.

ശ്രീ. എം. എം. മണി: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒരു മണിക്കൂർപോലും പവർ കട്ട് ഉണ്ടാകരുതെന്ന കാര്യത്തിൽ സർക്കാർ ജാഗ്രത കാണിച്ചിട്ടുണ്ട്. അത് ഇനിയും തുടരുമെന്ന് വ്യക്തമാക്കുന്നു. മറ്റ് സാധ്യതകൾ, സോളാർ പദ്ധതി, ചെറുതും വലുതുമായ ജലവൈദ്യുത പദ്ധതികൾ, യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് നിർത്തിവച്ച പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയടക്കമുള്ള പദ്ധതികൾ പുനരാരംഭിച്ചുകൊണ്ട് എങ്ങനെ വൈദ്യുതോല്പാദനം മെച്ചപ്പെടുത്താമെന്ന ഗൗരവമായ ചിന്തയിലാണ് സർക്കാരും ബോർഡും എന്ന കാര്യം വ്യക്തമാക്കുകയാണ്.

ശ്രീ. എൻ. വിജയൻ പിള്ള: സർ, കെ.എസ്.ഇ.ബി.എൽ.ന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ച് കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് പഠിച്ച് സമർപ്പിച്ച റിപ്പോർട്ട് നടപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന്റെ ഭാഗമായി തസ്തികകൾ വെട്ടിക്കുറയ്ക്കുമെന്ന് കേൾക്കുന്നത് ശരിയാണോ?

ശ്രീ. എം. എം. മണി: സർ, വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തിക്കൊണ്ടിരിക്കുകയാണ്. ആവശ്യമായ മാറ്റങ്ങൾ വരുത്തി അത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ചിന്തിക്കും. തൊഴിലവസരം നഷ്ടപ്പെടുത്തുക എന്നത് സർക്കാരിന്റെയും ബോർഡിന്റെയും നയമല്ല. ഉള്ള തൊഴിൽ നിലനിർത്തിക്കൊണ്ട് തൊഴിൽരഹിതർക്ക് തൊഴിൽ നൽകുക എന്ന സമീപനമാണ് സർക്കാരിനും ബോർഡിനുമുള്ളത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പീക്ക് അവർ പവർ പർച്ചേസാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. ഇതിനുവേണ്ടി സർക്കാർ എന്തെല്ലാം നിബന്ധനകൾ വച്ചിട്ടുണ്ട്; കഴിഞ്ഞ വർഷം പീക്ക് അവർ പവർ പർച്ചേസിനുവേണ്ടി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് പറയാമോ? ലോഡ് ഷെഡ്ഡിംഗ് ഉണ്ടായില്ല എന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്നാൽ അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ് ഉണ്ടായി എന്ന് പൊതുവേ ഒരു ആക്ഷേപം നിലനിൽക്കുന്നുണ്ട്. ഇതുസംബന്ധിച്ചും അങ്ങ് മറുപടി നൽകണം.

ശ്രീ. എം. എം. മണി: സർ, അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ് ഉണ്ടായി എന്നൊക്കെ വെറുതെ പ്രചരിപ്പിക്കുന്നതാണ്. അത്തരമൊരു നിലപാട് സർക്കാരിനില്ല. ബോർഡ് ഇക്കാര്യം ചിന്തിച്ചിട്ടുപോലുമില്ല. പീക്ക് അവർ പവർ പർച്ചേസിനെ സംബന്ധിച്ച കരാറിനെയും സാമ്പത്തിക ബാധ്യതയെയുംകുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതാണ്.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, പല വൈദ്യുത പദ്ധതികളും വർഷങ്ങളായിട്ടും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. എട്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കാൻ കെ.എസ്.ഇ.ബി.എൽ. ആറായിരംകോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിൽ മാത്രം അഞ്ച് പദ്ധതികൾ മുടങ്ങിക്കിടക്കുകയാണ്. പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി, തൊട്ടിയാർ പദ്ധതി, ചെങ്കുളം പദ്ധതി തുടങ്ങി 2013-ൽ പൂർത്തീകരിക്കേണ്ട അഞ്ച് പദ്ധതികൾ പൂർത്തീരിക്കാൻ കഴിഞ്ഞിട്ടില്ല. രണ്ട് മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിയുന്ന അപ്പർ കോലാർ പദ്ധതിയും നാലുവർഷമായി മുടങ്ങിക്കിടക്കുകയാണ്. ഈ പദ്ധതികൾ കൃത്യമായി പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ട് ഇരുന്നൂറ് കോടിയിലധികം രൂപയുടെ വൈദ്യുതോല്പാദന നഷ്ടം ഉണ്ടായി എന്നാണ് അറിയാൻ കഴിഞ്ഞത്. ആരംഭിച്ച പദ്ധതികൾ വളരെ വേഗത്തിൽ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എം. എം. മണി : സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി, ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതി തുടങ്ങി നിർമ്മാണത്തിലിരുന്നതും കോടിക്കണക്കിന് രൂപ ഗവൺമെന്റും കെ.എസ്.ഇ.ബി.എൽ.-ഉം മുടക്കിയതുമായ പദ്ധതികളാണ് യഥാർത്ഥത്തിൽ നിർത്തിവച്ചത്. ആ പദ്ധതികളെല്ലാം പുനരാരംഭിക്കാനുള്ള നടപടിയാണ് ഗവൺമെന്റും ബോർഡും സ്വീകരിച്ചിരിക്കുന്നത്. പള്ളിവാസൽ പദ്ധതിയും ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുമെല്ലാം നിർമ്മാണം പുനരാരംഭിച്ചിട്ടുണ്ടെന്ന സന്തോഷകരമായ കാര്യവും അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇനി ജലവൈദ്യുത പദ്ധതികൾ നടപ്പാക്കുകയെന്നത് പ്രയാസമുള്ള കാര്യമാണ്, പ്രത്യേകിച്ചും നദികളെല്ലാം മരണമടഞ്ഞുകൊണ്ടിരിക്കുന്ന കാലഘട്ടമായതുകൊണ്ട്. താപവൈദ്യുത നിലയവും ഡീസൽ വൈദ്യുത നിലയവും സ്ഥാപിക്കുക എന്നത് വളരെ ചെലവേറിയതും പാരിസ്ഥിതിക ദുരന്തങ്ങൾക്ക് കാരണമാകുന്നതുമാണ്. ഈ സാഹചര്യത്തിൽ ഏത് വിധത്തിലാണ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അടുത്ത നടപടി സ്വീകരിക്കുക എന്നത് സംബന്ധിച്ച് ആലോചിക്കേണ്ട സമയമാണ്. പ്രസരണനഷ്ടം പോലുള്ള സംഭവങ്ങൾ, ഉല്പാദിപ്പിക്കുന്ന വൈദ്യുതിതന്നെ ജനങ്ങളിൽ

എത്തിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷം സൃഷ്ടിക്കുന്നുണ്ട്. അതിരപ്പിള്ളി പദ്ധതി സംബന്ധിച്ച് അവസാന തീരുമാനം എടുത്തിട്ടുണ്ടോ; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ഇപ്പോൾ എന്ത് നിലപാടാണ് സ്വീകരിക്കുന്നത്; വൈദ്യുതോല്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. എം. എം. മണി: സർ, ബഹുമാനപ്പെട്ട മെമ്പർ ഒരു ചോദ്യമെന്ന നിലയിൽ ധാരാളം ചോദ്യങ്ങൾ ചോദിക്കുകയാണുണ്ടായത്.

മി. സ്പീക്കർ: അങ്ങ് ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞാൽ മതി.

ശ്രീ. എം. എം. മണി : എങ്കിലും ഞാൻ ഉത്തരം പറയാം. ചെറുതും വലുതുമായി എത്ര ജലവൈദ്യുത പദ്ധതികളുണ്ടോ അത്രയും പദ്ധതികളും നടപ്പാക്കുക എന്നതാണ് ലക്ഷ്യം. വൈദ്യുതോല്പാദനത്തിൽ അതാണ് ലാഭമെന്ന് കാണുന്നതുകൊണ്ട് ഇരുപത്തിയാറോളം പദ്ധതികൾ പുനരാരംഭിക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ചെറിയ സാധ്യതയാണെങ്കിൽപ്പോലും അത് ഉപയോഗപ്പെടുത്തണമെന്നതന്നെയാണ് ഗവൺമെന്റിന്റെയും ബോർഡിന്റെയും തീരുമാനം. അതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുകയാണ്. അതിരപ്പിള്ളി പദ്ധതിയെ സംബന്ധിച്ച് ഇവിടെ വിശദീകരിച്ചതാണ്. ചോദ്യം ചോദിച്ച ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടിയടക്കം ഈ സഭയിലെ എല്ലാ കക്ഷികളുടെയും സമവായമുണ്ടായാൽ അപ്പോൾത്തന്നെ പദ്ധതി തുടങ്ങുന്നതിനുള്ള സംവിധാനമുണ്ടാക്കുമെന്ന കാര്യവും അറിയിക്കാൻ ആഗ്രഹിക്കുകയാണ്. സമവായമില്ലാതെ അതിനെക്കുറിച്ച് ചിന്തിക്കാൻ കഴിയില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സൗരോർജ്ജ വൈദ്യുതോല്പാദനത്തിന് മറ്റ് ഊർജ്ജ സ്രോതസ്സുകളെക്കാൾ ചെലവ് കൂടുമെന്ന നിരീക്ഷണമുണ്ടായിട്ടുണ്ടോ; ചെലവ് കൂടുന്നതാണെങ്കിലും സൗരോർജ്ജം ഉല്പാദിപ്പിക്കുന്ന പദ്ധതിയിൽനിന്നും പുറകോട്ടുപോകാതിരിക്കുകയല്ലേ വൈദ്യുത പ്രതിസന്ധി മറികടക്കാനുള്ള ഏക പോംവഴി; കോഴിക്കോട് ജില്ലയിലെ തലക്കുളത്തൂരിൽ ആരംഭിച്ച സൗരോർജ്ജ പദ്ധതിയുടെ രണ്ടാംഘട്ട വിപുലീകരണത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവത്തിൽ ആലോചിക്കുമോ?

ശ്രീ. എം. എം. മണി: സൗരോർജ്ജ പദ്ധതിക്ക് ജലവൈദ്യുത പദ്ധതിയെക്കാളും ചെലവ് കൂടുതൽതന്നെയാണ്. എന്നാൽ വൈദ്യുതി അനിവാര്യമാണ്. ജലവൈദ്യുത പദ്ധതിക്കുള്ള സാധ്യതകൾ പരിമിതമാണ്. സൗരോർജ്ജവും കാറ്റിൽനിന്നുള്ള വൈദ്യുതിയും മറ്റ് സാധ്യതകളും ഉപയോഗിക്കുക എന്നതല്ലാതെ ഗവൺമെന്റിന്റെയും ബോർഡിന്റെയും മുന്നിൽ മറ്റ് മാർഗ്ഗങ്ങളില്ല. ചെലവ് കൂടുമെങ്കിൽപ്പോലും സൗരോർജ്ജം ഉപേക്ഷിക്കാൻ നിർവ്വാഹമില്ലെന്നാണ് അത് സംബന്ധിച്ച് വിശദീകരിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സൗരോർജ്ജ രംഗത്താണ് നമ്മൾ കൂടുതൽ ശ്രദ്ധിക്കേണ്ടത്. അതാണ് ഭാവിയിൽ കൂടുതൽ സഹായകരമായിട്ടുള്ളത്. തെറ്റായ ചില പ്രചരണങ്ങൾ വരുന്നത് ഗുണകരമല്ല. ഇന്ന് സൗരോർജ്ജത്തിന് അത്യധികം വിലയുടെ പ്രശ്നം വരുന്നില്ല, നല്ല പ്രോത്സാഹനം ലഭിക്കുന്നുമുണ്ട്. സൗരോർജ്ജ വൈദ്യുതോല്പാദനം ആരംഭിച്ച കാലത്ത് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലുള്ള പ്രശ്നങ്ങളുണ്ടായിരുന്നു. അതിൽ വലിയ മാറ്റങ്ങൾ വന്നു കൊണ്ടിരിക്കുകയാണ്. ബഹുമാന്യനായ മന്ത്രി പറഞ്ഞതുപോലെ ആ രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വൈദ്യുതോല്പാദനവുമായി ബന്ധപ്പെട്ട് ചെറുതും വലുതുമായ പല പദ്ധതികളെക്കുറിച്ചും സൗരോർജ്ജ പദ്ധതിയെക്കുറിച്ചും നമ്മൾ സംസാരിച്ചു. മുടങ്ങിക്കിടക്കുന്ന പദ്ധതികൾ ആരംഭിക്കുമെന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ തീരുമാനം സ്വാഗതാർഹമാണ്. മാത്രമല്ല പവർകട്ട് ഉണ്ടാകില്ലെന്ന തീരുമാനവും ഏറെ സന്തോഷകരമാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്, നിലവിൽ കെ.എസ്.ഇ.ബി.എൽ. പരിഗണിക്കുന്ന ഒരു പദ്ധതിയാണ്, ചിന്നാർ മിനി ഹൈഡൽ പ്രോജക്ട്. ഇത് നടപ്പാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുമോ?

ശ്രീ. എം. എം. മണി : സർ, അത് നടപ്പാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്. അത് നടപ്പാക്കാതിരിക്കുന്ന പ്രശ്നമില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, വൈദ്യുതി ഉല്പാദിപ്പിക്കുന്നതുപോലെതന്നെ പ്രധാനമാണ് ഉല്പാദിപ്പിച്ച വൈദ്യുതിയുടെ പ്രസരണനഷ്ടം ഒഴിവാക്കുക എന്നതും. നമ്മുടെ സംസ്ഥാനത്ത് പ്രസരണനഷ്ടം ഒഴിവാക്കുന്നതിനുള്ള പദ്ധതികളെക്കുറിച്ച് ഗവൺമെന്റ് ആലോചിച്ചിട്ടുണ്ടോ; പ്രധാനമായും വൈദ്യുത ലൈനുകൾ അണ്ടർ ഗ്രൗണ്ടിൽക്കൂടിയാക്കുക എന്നത്, ചില നഗരങ്ങളിൽ ഗവൺമെന്റ് അത് ചെയ്തിട്ടുണ്ട്. അത് വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ?

ശ്രീ. എം. എം. മണി : സർ, പ്രസരണനഷ്ടം മുഖ്യമായ പ്രശ്നമാണ്. ഏറ്റവും ചുരുങ്ങിയത് 15 ശതമാനമെങ്കിലും പ്രസരണനഷ്ടം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. അത് ഒഴിവാക്കണമെങ്കിൽ കേബിൾ സമ്പ്രദായമാകണം. പക്ഷെ അതിന് കോടിക്കണക്കിന് രൂപയും ദീർഘകാല സമയവും വേണ്ടിവരും. ഏതായാലും കേബിൾ മാർഗ്ഗത്തിലുള്ള സാധ്യത പരിഗണിക്കാവുന്നതാണ്. എന്നാൽ പണം കണ്ടെത്തേണ്ടതുണ്ട്.

ശ്രീ. പി. സി. ജോർജ് : സർ, ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മറ്റ് മന്ത്രിമാർക്കുകൂടി ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിൽ മാതൃകയാകണമെന്ന് ആദ്യമേ സൂചിപ്പിക്കുകയാണ്. അത്രമാത്രം നല്ല മറുപടിയാണ് അദ്ദേഹത്തിന്റെ

ഭാഗത്തുനിന്നുണ്ടാകുന്നത്. എനിക്ക് അഭിമാനം തോന്നുന്നു. അങ്ങ് മന്ത്രിയായപ്പോൾ പലരും കുറ്റംപറഞ്ഞതാണ്. എല്ലാവരും അത് തിരുത്തിക്കാണുമെന്ന് തോന്നുന്നു. എന്റെ ചോദ്യം സൗരോർജ്ജത്തെ സംബന്ധിച്ചാണ്. പകുതി ഉത്തരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്ന് വന്നു. സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണകാലത്ത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ സബ്സിഡി ഇനത്തിൽ 92,000 രൂപ പ്രഖ്യാപിച്ചിരുന്നു, അത് നടപ്പായില്ല. ആ നിലയ്ക്ക് സബ്സിഡിയുൾപ്പെടെ നൽകിക്കൊണ്ട് സൗരോർജ്ജ പാനൽ സ്ഥാപിക്കുന്നതിന് വ്യക്തികൾക്ക് സ്വാതന്ത്ര്യം നൽകുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. എം. എം. മണി : സർ, സൗരോർജ്ജം വികസിപ്പിക്കുന്നതും അത് ഉപയോഗപ്പെടുത്തുന്നതുമാണെന്ന് ഞാൻ മുൻപ് വിശദീകരിച്ചതാണ്. ആദരണീയനായ മുഖ്യമന്ത്രി ആവർത്തിച്ച് ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കുകയും ചെയ്തു. സൗരോർജ്ജം പ്രാവർത്തികമാക്കുന്നതിൽ തടസ്സമില്ല. സബ്സിഡി നൽകാൻ ബോർഡിന് കഴിയില്ല. അതിനുള്ള സാധ്യത കുറവാണ്, ബോർഡ് കടബാധ്യതയിലാണ്. കേന്ദ്ര ഗവൺമെന്റിന് ഈ രംഗത്ത് സബ്സിഡി നൽകുന്ന സമ്പ്രദായമുണ്ട്, അത് പ്രാവർത്തികമാക്കാൻ കഴിയുമോയെന്ന് പരിശോധിക്കാവുന്നതാണ്.

മി. സ്പീക്കർ: * 32-ാം നമ്പർ ചോദ്യവുമായി *38, *42, *53 എന്നീ ചോദ്യങ്ങൾ ക്ലബ് ചെയ്യുന്നതിന് ശ്രീ. എസ്. ശർമ്മ, ശ്രീ. വി. കെ. സി. മമ്മത്കോയ, ശ്രീ. എ. പ്രദീപ്കുമാർ എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ അതിന് നിർവ്വാഹമില്ല. ചോദ്യം നമ്പർ *38, *32-ാം നമ്പർ ചോദ്യവുമായി ക്ലബ്ബ് ചെയ്യാവുന്നതാണ്.

## ചരക്ക് സേവന നികുതിയുടെ പ്രത്യാഘാതങ്ങൾ

2 (* 32) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. വി. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വദേശ-വിദേശ കുത്തക കമ്പനികളുടെ മാത്രം താല്പര്യ സംരക്ഷണത്തിന് ഉപകരിക്കുന്ന ചരക്ക് സേവന നികുതി, വികസന ക്ഷേമ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സ്വാതന്ത്ര്യം ദുർബലപ്പെടുത്തിയത് സംസ്ഥാനത്തെ എങ്ങനെ ബാധിക്കാനിടയുണ്ടെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) നികുതി വരുമാനത്തിൽ കനത്ത ഇടിവുണ്ടാകുമ്പോൾതന്നെ, ഉപഭോക്തൃ സാധനങ്ങളുടെയും സേവനങ്ങളുടെയും വിലയിലുണ്ടായിട്ടുള്ള വലിയ വർദ്ധനവ് വഴി പൊതുജനങ്ങൾക്ക് ദുരിതംവിതച്ച ഈ നികുതി സമ്പ്രദായത്തിന്റെ ദോഷവശങ്ങൾ പരിഹരിക്കാൻ വേണ്ട നിർദ്ദേശങ്ങൾ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) ചരക്ക് സേവന നികുതി സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : സർ,

(എ) ജി.എസ്.ടി. സംസ്ഥാന സർക്കാരുകളുടെ വാറ്റ് നികുതി ചുമത്താനുള്ള അവകാശത്തെ ഇല്ലാതാക്കിയതിന്റെ ഫലമായി ധനപരമായ സ്വാതന്ത്ര്യത്തിന് കൂച്ചുവിലങ്ങിട്ടിട്ടുണ്ട്. വാറ്റ് നിരക്കിൽ പ്രായോഗികമായി ചെറിയ വ്യത്യാസങ്ങൾ വരുത്തുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു. നികുതിയിൽനിന്നും ഇളവുകൾ നൽകുന്നതിനും അവകാശമുണ്ടായിരുന്നു. എന്നാൽ ജി.എസ്.ടി. അഖിലേന്ത്യാടിസ്ഥാനത്തിൽ തീരുമാനിക്കപ്പെടുന്ന നികുതി ആയതുകൊണ്ട് നിരക്കുകളിലോ ക്ലാസിഫിക്കേഷനുകളിലോ മാറ്റംവരുത്താനുള്ള സ്വാതന്ത്ര്യം സംസ്ഥാന സർക്കാരുകൾക്കില്ല. ഇളവുകളും നൽകാനാവില്ല. എന്നാൽ ഭരണഘടനാ ഭേദഗതിയുടെ പശ്ചാത്തലത്തിൽ കേരളത്തിന് പുതിയ നികുതി സമ്പ്രദായത്തിൽനിന്നും വിട്ടുനിൽക്കാനാവില്ല. ജി.എസ്.ടി. കൗൺസിലിൽ ഇടപെട്ടുകൊണ്ട് സംസ്ഥാനത്തിന്റെയും ജനങ്ങളുടെയും താല്പര്യം പരമാവധി സംരക്ഷിക്കുന്ന തീരുമാനങ്ങൾ എടുപ്പിക്കുന്നതിനാണ് കേരളം പരിശ്രമിക്കുന്നത്.

ജി.എസ്.ടി.-യിൽ ലയിപ്പിച്ച എക്സൈസ്, സി.എസ്.ടി., വാറ്റ്, സർവ്വീസ് ടാക്സ് എന്നിവയെല്ലാം എടുത്താൽ ജി.എസ്.ടി.-ക്ക് മുമ്പ് ശരാശരി ചരക്കിനുമേൽ ഉണ്ടായ നികുതിഭാരത്തിന്റെ മൂന്നിലൊന്നെങ്കിലും കുറഞ്ഞിട്ടുണ്ട്. പക്ഷേ ഇതിന്റെ നേട്ടം കോർപ്പറേറ്റുകൾക്കും വൻകിട വ്യാപാരികൾക്കും മാത്രമേ ലഭിച്ചുള്ളൂ. നികുതി കുറഞ്ഞിട്ടും വിലകൾ ഉയർന്നു. ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ജി.എസ്.ടി. ഭാവിയിൽ കേരള സംസ്ഥാനത്തിന് ഗുണകരമാകുമെന്നാണ് കരുതുന്നത്.

(ബി) സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ജി.എസ്.ടി.-യുടെ തുടക്കത്തിൽ ലഭ്യമായിട്ടില്ലെങ്കിലും 2015-16 ധനകാര്യ വർഷം അടിസ്ഥാനമാക്കി 14 ശതമാനം വാർഷിക വർദ്ധനവ് നിരക്കിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് സംഭവിക്കുന്ന നികുതി വരുമാനക്കുറവിനുള്ള നഷ്ടപരിഹാരം കേന്ദ്ര സർക്കാർ നൽകുന്നുണ്ട്.

നികുതി ഭരണത്തിന്റെ അടിസ്ഥാനശിലയായ ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതിനുമുമ്പ് ജി.എസ്.ടി. നടപ്പിലാക്കിയതാണ് സംസ്ഥാനം പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് ഉണ്ടാകാതിരിക്കാനുള്ള പ്രധാന കാരണം. നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലാക്കിയതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ലായെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ദോഷവശങ്ങൾക്കുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി. ചർച്ചകളിലുടനീളം കേരളം ഈ പ്രശ്നം തുടർച്ചയായി ഉന്നയിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകംതന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിവഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. താമസംവിനാ തുടർനടപടി ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി. നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം.

(സി) ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പ് ഒന്നരക്കോടി രൂപ വരെ വിറ്റുവരവുള്ള ചെറുകിട വ്യവസായ സ്ഥാപനങ്ങളെ എക്സൈസ് ഡ്യൂട്ടിയിൽനിന്നും ഒഴിവാക്കിയിരുന്നു. എന്നാൽ ജി.എസ്.ടി.-യിൽ 20 ലക്ഷത്തിനുമുകളിൽ വിറ്റുവരവുള്ള എല്ലാവർക്കും ചരക്ക് സേവന നികുതി ബാധകമാണ്. വൻകിടക്കാരുമായുള്ള മത്സരത്തിൽ ചെറുകിട വ്യവസായികളെ ഇത് ദോഷകരമായി ബാധിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി ചെറുകിട വ്യവസായികൾക്കും വ്യാപാരികൾക്കും കുറഞ്ഞ നിരക്കിൽ കോമ്പൗണ്ടിംഗ് നികുതി അടയ്ക്കുന്നതിനുള്ള പരിധി രണ്ട് കോടി രൂപയായി ഉയർത്തണമെന്ന് കേരളവും ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇത് ജി.എസ്.ടി. കൗൺസിലിൽ അംഗീകരിച്ചിട്ടുണ്ട്. നികുതി ത്രഷ്ഹോൾഡ് ഒരു കോടി രൂപയായി ഉയർത്തുകയും ചെയ്തു. രണ്ട് കോടി രൂപയായി ഉയർത്തുന്നതിനുള്ള നിയമഭേദഗതി അടുത്ത കേന്ദ്ര ഫിനാൻസ് ആക്ടിന്റെ ഭാഗമായി അവതരിപ്പിക്കുമെന്ന് കരുതുന്നു. ഇത് കേരളത്തിന്റെ ചെറുകിട വ്യാപാരികൾക്ക് വലിയ അനുഗ്രഹമാണ്. നേരത്തെ 60 ലക്ഷം രൂപയെക്കാൾ വിറ്റുവരവുള്ളവരെല്ലാം പൂർണ്ണനികുതി നൽകേണ്ടിയിരുന്നു. ഇപ്പോൾ അത് ഒരു കോടി രൂപയായി ഉയർന്നിട്ടുണ്ട്.

## ചരക്ക് സേവന നികുതി

3 (*38) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. പി. വി. അൻവർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത കമ്പോളം സൃഷ്ടിച്ച് സുഗമവ്യാപാരം ലക്ഷ്യമിട്ട് നടപ്പിലാക്കിയ ചരക്ക് സേവന നികുതി ചെറുകിട നിർമ്മാതാക്കളെ ഏത് തരത്തിൽ ബാധിച്ചെന്ന് അറിയിക്കാമോ ;

(ബി) കരാർ പണികൾക്ക് ജി.എസ്.ടി. ഏതുവിധത്തിൽ ബാധകമാകുന്നെന്നും ജി.എസ്.ടി. കാരണം തദ്ദേശഭരണ സ്ഥാപനങ്ങളുടേതുൾപ്പെടെയുള്ള കരാർ പണികൾ സ്തംഭിച്ചിരിക്കുന്നത് ഒഴിവാക്കാൻ എടുത്ത നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കാമോ;

(സി) കയറ്റുമതി മേഖലയെ ജി.എസ്.ടി. പ്രതികൂലമായി ബാധിച്ചിരിക്കുന്നത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ,

(എ) ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പ് ഭൂരിഭാഗം ചെറുകിട നിർമ്മാതാക്കളും 4 ശതമാനം കോമ്പൗണ്ടിംഗ് നികുതി നിരക്കിലാണ് വാറ്റ് നികുതി അടച്ചിരുന്നത്. എന്നാൽ ഇതിനുപുറമേ കെട്ടിട നിർമ്മാണ സാമഗ്രികൾ വാങ്ങുമ്പോൾ നൽകുന്ന 14.5 ശതമാനം നികുതിക്ക് അവർക്ക് ക്രെഡിറ്റ് ലഭ്യമായിരുന്നില്ല. ചില പ്രവൃത്തികൾക്ക് സേവന നികുതിയും നൽകേണ്ടിയിരുന്നു. എന്നാൽ ജി.എസ്.ടി. നടപ്പിലായപ്പോൾ സർക്കാർ കരാറുകൾക്ക് 12 ശതമാനം ജി.എസ്.ടി.-യും അല്ലാത്തതിന് 18 ശതമാനം നികുതി നിരക്കുമാണ്. ഇന്ത്യയിൽ എവിടെനിന്ന് സാധനം വാങ്ങിയാലും ഇൻപുട്ട് ടാക്സ് ക്രെഡിറ്റും ലഭ്യമാണ്. ഇതെല്ലാം പരിഗണിക്കുമ്പോൾ ജി.എസ്.ടി. ചെറുകിട നിർമ്മാതാക്കളെ ദോഷമായി ബാധിച്ചെന്ന് പറയാൻ സാധ്യമല്ല. കൂടാതെ സർക്കാർ കരാർ പണികൾക്കുൾപ്പെടെ അവർക്ക് നികുതി പിരിക്കുവാനുള്ള അവസരവുമുണ്ട്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള സർക്കാർ കരാർ പണികൾക്ക് തുടക്കത്തിലുണ്ടായിരുന്ന 18 ശതമാനം നികുതി നിരക്ക് 12 ശതമാനമായി കുറച്ചിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 18 ശതമാനം നികുതി നിരക്കാണ്. ജി.എസ്.ടി. നടപ്പിലാക്കുന്നതിനുമുമ്പ് ഏറ്റെടുത്ത

കരാറുകൾ വാറ്റ് നിരക്കിൽ ഉറപ്പിച്ചതിനാൽ ആ നിരക്കിൽ നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്ന് കാണിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലെ കരാറുകാർ പരാതി നൽകിയിരുന്നു. ആയതിനെപ്പറ്റി ഒരു സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുകയും അതിൽ കഴമ്പു ണ്ടെന്നുകണ്ട് ചിലതരം പ്രവൃത്തികൾക്ക് കരാർ തുക പരമാവധി 5 ശതമാനം വരെ ഉയർത്തി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭാവിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ നികുതി ഉൾപ്പെടാത്ത സാമഗ്രി വിലകളിൽ അവ തയ്യാറാക്കി 12 ശതമാനം ജി.എസ്.ടി. ചേർക്കുകയാണ് വേണ്ടതെന്ന് സ്പഷ്ടീകരിച്ചിട്ടുണ്ട്.

(സി) പൂർണ്ണമായ ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് പ്രവർത്തനക്ഷമമാകാത്തതിനെത്തുടർന്ന് കയറ്റുമതിക്കാർക്ക് അധികരിച്ച ഇൻപുട്ട് ടാക്സ് ക്രെഡിറ്റിനുള്ള റീഫണ്ട് ലഭ്യമാകുന്നതിന് കാലതാമസമുണ്ടായി. റീഫണ്ടിനുള്ള കാലതാമസം കയറ്റുമതിക്കാരുടെ ബിസിനസ്സിനെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് കൂടുതൽ പരിശോധനയില്ലാതെ അവരുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ റീഫണ്ട് നൽകുന്നതിന് കേന്ദ്രത്തിന്റെ ഭാഗത്തുനിന്ന് സി.ബി.ഇ.സി. സർക്കുലർ 17/2017 പുറപ്പെടുവിപ്പിക്കുകയും കേരളം 01/2018, 02/2018 സർക്കുലറുകൾ പുറപ്പെടുവിപ്പിക്കുകയുമുണ്ടായി. കൂടാതെ കയറ്റുമതിക്ക് ഐ.ജി.എസ്.ടി. അടയ്ക്കാതെ ലെറ്റർ ഓഫ് അണ്ടർടേക്കിംഗിന്റെ അടിസ്ഥാനത്തിൽ കയറ്റുമതി ചെയ്യാനുള്ള ചട്ടഭേദഗതി കൊണ്ടുവന്നു. ഇതിനെത്തുടർന്ന് കയറ്റുമതി മേഖലയിലുണ്ടായിരുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ, പ്രത്യേകിച്ചും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും തനത് വരുമാനമായ വിനോദ നികുതിയെ ജി.എസ്.ടി. നിയമം ഏതെങ്കിലും വിധത്തിൽ ബാധിച്ചിട്ടുണ്ടോ; എങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നഷ്ടം നികത്താൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, അക്കാര്യം ഈ നിയമസഭയിൽ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്ന ഈ നികുതി സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി ലഭ്യമാക്കും. അതിനുള്ള വ്യവസ്ഥ വരാൻപോകുന്ന ബജറ്റിലുണ്ടാകും.

ശ്രീ. പി. ടി. എ. റഹീം: സർ, സാധനം വാങ്ങാത്ത ചെറുകിട വ്യാപാരികളുടെ നമ്പർ ഉപയോഗിച്ച് വൻകിട വ്യാപാരികൾ സാധനങ്ങൾ വിറ്റതായി കാണിക്കുന്നതുമൂലം ചെറുകിട വ്യാപാരികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാരമാണ് നിർദ്ദേശിക്കാനുള്ളത്?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു വ്യാപാരി മറ്റൊരു വ്യാപാരിക്ക് വിറ്റതായി അപ്‌ലോഡ് ചെയ്തുകഴിഞ്ഞാൽ വാങ്ങിയെന്ന് പറയുന്ന വ്യാപാരിക്ക് അത് പരിശോധിക്കുന്നതിനും അത് അവർ വാങ്ങിച്ചിട്ടില്ലെങ്കിൽ തിരുത്തണമെന്ന് ആവശ്യപ്പെടുന്നതിനും വകുപ്പുണ്ട്. ഇതൊന്നും പ്രാവർത്തികമായിട്ടില്ല. വില്പനയുടെ ഇൻവോയിസ് നൽകിക്കഴിഞ്ഞാൽ ഞാൻ വാങ്ങിച്ചിട്ടുണ്ടെന്ന് മറ്റേയാൾ സാക്ഷ്യപ്പെടുത്തണമെന്നാണ് ജി.എസ്.ടി.ആർ.1-ൽ പറയുന്നത്. ആ പ്രവർത്തനത്തിലേയ്ക്ക് ഇതുവരെ കടന്നിട്ടില്ല. അതുകൊണ്ട് കുറച്ച് പ്രശ്നങ്ങളുണ്ട്. ആ പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ കർശനമായ നടപടികളിലേയ്ക്കൊന്നും നീങ്ങിയിട്ടില്ല. അതിന്റെ പേരിൽ ആർക്കും ഇപ്പോൾ ബുദ്ധിമുട്ടൊന്നുമുണ്ടായിട്ടില്ല.

ശ്രീ. ഇ. പി. ജയരാജൻ: സർ, ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി സംസ്ഥാനങ്ങളുടെ വരുമാനം ഗണ്യമായ തോതിൽ കുറഞ്ഞുവരികയാണ്. എല്ലാ വരുമാനങ്ങളും കേന്ദ്ര ഗവൺമെന്റ് കയ്യടക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും അനുഭവിക്കുന്ന ഒരു പ്രശ്നമെന്ന നിലയിൽ എല്ലാ സംസ്ഥാനങ്ങളുമായി ബന്ധപ്പെട്ട് ഒരു ഏകോപനമുണ്ടാക്കി കേന്ദ്ര ഗവൺമെന്റിന്റെ ജി.എസ്.ടി. നയം തിരുത്തിക്കുന്നതിനുള്ള ഇടപെടൽ നടത്താൻ കേരള ഗവൺമെന്റ് മുൻകയ്യെടുക്കുമോ? അതിനേക്കാൾ മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം ഉന്നയിക്കാനുള്ളത്, കേരള ദിനേശ് ബീഡിക്ക് ഇന്ന് കേരളത്തിൽ പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിയാണ്. 28 ശതമാനം ജി.എസ്.ടി.-യാണ് ദിനേശ് ബീഡിക്കുള്ളത്. അത് നിയമംകൊണ്ട് നിരോധിക്കാൻ സാധിക്കുന്നതല്ല. മുൻകാലങ്ങളിലൊക്കെ ധാരാളംപേർ ബീഡി വലിച്ചിരുന്നു. ഇന്ന് അതിൽ വന്നിരിക്കുന്ന മാറ്റത്തിന്റെ അടിസ്ഥാനം ബോധവൽക്കരണമാണ്. 28 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയതിന്റെ ഫലമായി ഇതര സംസ്ഥാനങ്ങളിൽ നിന്ന് പ്രത്യേകിച്ച് തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്ന് ധാരാളം ബീഡി കേരളത്തിലെ മാർക്കറ്റിൽ വരികയാണ്. ഇതിന്റെ ഫലമായി ആയിരക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായ ദിനേശ് ബീഡി വ്യവസായം കടുത്ത പ്രതിസന്ധി നേരിടുകയാണ്. അന്യ സംസ്ഥാനങ്ങളിൽനിന്ന് ഇവിടെ കൊണ്ടുവന്ന് നികുതിയില്ലാതെ വിൽക്കുന്നത് തടയാൻ ജി.എസ്.ടി. നിയമമനുസരിച്ച് സാധിക്കുന്നില്ല. ദിനേശ് ബീഡിക്ക് ജി.എസ്.ടി. ഇനത്തിൽ വരുന്ന ബാധ്യത പൂർണ്ണമായും വഹിക്കാൻ സംസ്ഥാന ഗവൺമെന്റിന് സാധിക്കുമോ? ദിനേശ് ബീഡിയെ രക്ഷിക്കാൻ ഫലപ്രദമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ് എനിക്ക് ചൂണ്ടി കാണിക്കാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക് : സർ, ജി.എസ്.ടി.-യിൽ അനുകൂലമായ മാറ്റങ്ങൾ വരുത്തുന്നതിനുവേണ്ടി മറ്റ് സംസ്ഥാനങ്ങളുമായി ഏകോപിച്ച് പ്രവർത്തിക്കാൻ ശ്രമിക്കാറുണ്ട്. പക്ഷെ അധികം സംസ്ഥാനങ്ങളും അതിന് തയ്യാറല്ലെന്നതാണ് യാഥാർത്ഥ്യം. കാരണം അവർക്കെല്ലാം 14 ശതമാനം വരുമാനവർദ്ധനവ് ജി.എസ്.ടി. ഗ്യാരന്റി ചെയ്യുന്നുണ്ട്. അവരെല്ലാവരും 10 ശതമാനത്തിനുതാഴെയായിരുന്നു വളർന്നുകൊണ്ടിരുന്നത്. അതുകൊണ്ട് അക്കാര്യത്തിൽ അവർ സന്തുഷ്ടരാണ്. എന്നാൽ നമുക്ക് 25 ശതമാനം വളർന്നാലേ കാര്യങ്ങൾ നടക്കൂ എന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് ആ രീതിയിലുള്ള ഒരു ഏകോപനം വളരെ പ്രയാസമാണ്. ദിനേശ് ബീഡിയെക്കുറിച്ച് അങ്ങ് പറഞ്ഞത് പൂർണ്ണമായും ശരിയാണ്. ജി.എസ്.ടി.-യിൽ ആദ്യം സിഗററ്റിനെന്നപ്പോലെ 150 ശതമാനത്തിലേറെ നികുതിയാണ് ബീഡിക്കും ഏർപ്പെടുത്തിയിരുന്നത്. വലിയ പ്രതിഷേധത്തിന്റെ ഭാഗമായാണ് അത് 28 ശതമാനമാക്കിക്കുറച്ചത്. അതിലുംതാഴെ കുറയ്ക്കാനുള്ള ശ്രമം പ്രായോഗികമല്ല. കാരണം കേരളത്തിൽ കുറവാണെങ്കിലും ഹരിയാന പോലുള്ള സംസ്ഥാനങ്ങളിൽ ബീഡിക്ക് വലിയ നികുതിയാണ് ഏർപ്പെടുത്തിയിരുന്നത്. ശരാശരി എടുത്താൽ തന്നെ 28 ശതമാനത്തിൽക്കൂടുതൽ വരും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതു പോലെ സംസ്ഥാന സർക്കാരിന്റെ എസ്.ജി.എസ്.ടി. നികുതി തിരിച്ച് ഗ്രാന്റായി നൽകുകയെന്നതാണ് നമുക്ക് ചെയ്യാൻ സാധിക്കുന്നത്. അപ്പോഴും 14 ശതമാനം നികുതിയുണ്ടാകും. അതുവച്ച് കോമ്പീറ്റ് ചെയ്യണം. കേന്ദ്രത്തിന്റെ നികുതി എന്തായാലും തിരിച്ചു നൽകില്ല. സംസ്ഥാനത്തിന് ഇതുവഴി ലഭിക്കുന്ന നികുതി ദിനേശ് ബീഡിക്ക് തിരിച്ചുനൽകുന്നതിന് അങ്ങ് പറഞ്ഞനിർദ്ദേശം അംഗീകരിക്കുകയാണ്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, അങ്ങ്, ജി.എസ്.ടി.യിൽ വലിയ പ്രതീക്ഷയാണ് ഇനിയും വച്ചുപുലർത്തുന്നത്. കഴിഞ്ഞ ബജറ്റിലെ പ്രതീക്ഷ ജി.എസ്.ടി.-യിലായിരുന്നു. അതിൽനിന്നുള്ള വരുമാനക്കുറവ് എത്രത്തോളം ബജറ്റിനെ ബാധിച്ചിട്ടുണ്ട്? വരുന്ന ബഡ്ജറ്റിൽ ജി.എസ്.ടി.-യെ പ്രതീക്ഷിച്ചുവയ്ക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ വരുമാനം ലഭിച്ചില്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ വരുമാനനഷ്ടം കുറയ്ക്കാൻ ആലോചിക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, വരാൻ പോകുന്ന ബജറ്റിന്റെ കാര്യം ഏതാനും ദിവസം കഴിഞ്ഞ് ചർച്ച ചെയ്യാം. കഴിഞ്ഞ ബജറ്റ് തയ്യാറാക്കിയത് ജി.എസ്.ടി. വരുമാനം 20 ശതമാനത്തിന് മുകളിൽ വരുമെന്ന് പ്രതീക്ഷിച്ചു കൊണ്ടാണ്. എന്നാൽ കോമ്പൻസേഷൻ അടക്കം 14 ശതമാനം മാത്രമാണ് വർദ്ധിച്ചത്. വരുമാനം 14 ശതമാനം വർദ്ധിക്കുകയും ശമ്പളം അടക്കമുള്ള ചെലവ് 22 ശതമാനം വർദ്ധിക്കുകയുമാണുണ്ടായത്. 2017 നവംബർ വരെയുള്ള കണക്ക് പരിശോധിച്ചാൽ പദ്ധതിയേതര ചെലവ് 22 ശതമാനവും പദ്ധതി ചെലവ്

21 ശതമാനവുമാണ് വർദ്ധിച്ചിട്ടുള്ളത്. വരുമാനം 14 ശതമാനം മാത്രമാണ്. ഈ വിടവ് സ്വാഭാവികമായും സാമ്പത്തിക ബുദ്ധിമുട്ടിലേയ്ക്ക് കൊണ്ടുചെന്നെത്തിക്കും. അതുകൊണ്ട് ജി.എസ്.ടി.-യുടെ സാധ്യതകളെ ഞാൻ തള്ളിക്കളയുന്നില്ല. ജി.എസ്.ടി.-യുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തി നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

മി. സ്പീക്കർ: നികുതി വരുമാനവുമായി ബന്ധപ്പെട്ട് ധാരാളം ചോദ്യങ്ങൾ ഉള്ളതുകൊണ്ട് പെട്ടെന്ന് ചോദ്യങ്ങൾ ചോദിക്കുകയും അതിനുള്ള മറുപടി പെട്ടെന്ന് നൽകുകയും വേണം.

ശ്രീ. വി. ജോയി: സർ, ജി.എസ്.ടി.യുമായി ബന്ധപ്പെട്ട് സാമ്പത്തിക വളർച്ചാ മുരടിപ്പുണ്ടായിരിക്കുകയാണ്. കേന്ദ്രസർക്കാർ 50,000 കോടി രൂപ കടമെടുക്കുന്നു എന്നാണ് വാർത്ത വന്നിട്ടുള്ളത്. ഗിൽറ്റ് ബോണ്ടുകളിലൂടെ 5.8 ലക്ഷം കോടി രൂപ സമാഹരിക്കുന്നതിന് പുറമേയാണ്. ഇത്തരം കാര്യങ്ങൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെയും ബാധിക്കില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബാധിക്കും. ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷമുള്ള കേരളത്തിന്റെ ശരാശരി വരുമാനം 1650 കോടി രൂപയാണ് ഒരു മാസം ലഭിച്ചുകൊണ്ടിരുന്നത്. കേന്ദ്ര സർക്കാരിന്റെ കണക്കനുസരിച്ച് മിനിമം 14 ശതമാനം വളർച്ചയുണ്ടെങ്കിൽ 1822 കോടി രൂപയെങ്കിലും കിട്ടണം. ആ സമയത്താണ് കഴിഞ്ഞ രണ്ട് മാസത്തിനുള്ളിൽ നികുതി നിരക്കുകൾ വീണ്ടും കുറച്ചത്. അതോടുകൂടി ഡിസംബർ മാസത്തെ വരുമാനം 1456 കോടി രൂപയായി. ജനുവരി മാസമാകുമ്പോൾ 1100-1200 കോടി രൂപയായി വീണ്ടും കുറയാനുള്ള സാധ്യതയുണ്ട്. നികുതി നിരക്കുകൾ നമ്മൾ വിചാരിക്കുന്നതുപോലെയല്ല. വില വർദ്ധിക്കുന്നുണ്ടെങ്കിലും നികുതി നിരക്കുകൾ നേരത്തെ ഉണ്ടായിരുന്നതിന്റെ പകുതി മാത്രമേ വരുന്നുള്ളൂ. ഞാൻ മറുപടി പറഞ്ഞപ്പോൾ മൂന്നിലൊന്നെങ്കിലും കുറഞ്ഞിട്ടുണ്ടെന്ന് പറഞ്ഞത് വളരെ യാഥാസ്ഥിതികമായ കണക്കാണ്. ഗുണം നാട്ടുകാർക്ക് ലഭിക്കുന്നില്ലെന്നുള്ളതാണ് അവസ്ഥ. കേന്ദ്ര സർക്കാരിന് ഇത് വലിയ തലവേദനയായിമാറും. അതിന്റെ കോമ്പൻസേഷൻ ലഭിക്കാനുണ്ട്. 1,30,000 കോടി രൂപയുടെ ഐ.ജി.എസ്.ടി. വിതരണം ചെയ്യാൻ ഇനിയും ബാക്കിയുണ്ട്. ഇന്നത്തെ സാഹചര്യത്തിൽ കേരളം കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടപ്പോൾ അംഗീകരിക്കുകയും ഒരു ലക്ഷം രൂപ വരെ കരുതലായി ഇരുന്നോട്ടേ ബാക്കി കണക്കുനോക്കി വിതരണം ചെയ്യാമെന്നാണ് പറഞ്ഞത്. അതിനുമുകളിൽ വരുന്നതെല്ലാം prorate ആയി സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് കുറച്ചുകൂടി മെച്ചം ഉണ്ടാക്കുന്നതാണ്.

<u>ശ്രീ. സി. കൃഷ്ണൻ</u>: സർ, നികുതി ഏകീകരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയിട്ടുള്ള ജി.എസ്.ടി. ചെറുകിട വ്യവസായങ്ങളെയും സംരംഭങ്ങളെയും വലിയ തോതിൽ സ്തംഭനത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണ്. നമ്മുടെ നാട്ടിലെ ലക്ഷക്കണക്കിന് തൊഴിലാളികളുടെ തൊഴിലാണ് നഷ്ടപ്പെട്ടിട്ടുള്ളത്. അതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി ഇതിന്റെ ഭാഗമായി സ്വീകരിക്കാൻ സാധിക്കുമോ? ചെറുകിട സംരംഭങ്ങളിൽ ഉപയോഗശൂന്യമായ വസ്തുക്കൾ ശേഖരിച്ച് സാധനങ്ങൾ ഉണ്ടാക്കുന്ന, ആക്രിക്കട നടത്തുന്നവർക്കുപോലും അത് നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നില്ല. അവർ സാധനങ്ങൾ വാങ്ങിച്ച് പുതിയ ഉത്പന്നങ്ങളാക്കി മാറ്റുമ്പോൾ 18 ശതമാനം വരെ ജി.എസ്.ടി. ചുമത്തുന്ന എന്ന ആക്ഷേപമാണ് ഉയർന്നു വന്നിട്ടുള്ളത്. ചില കടകൾ പൂട്ടിപ്പോയിട്ടുമുണ്ട്. ആ രംഗത്ത് ജോലി ചെയ്യുന്നവരുടെ ഉൾപ്പെടെ തൊഴിൽ നഷ്ടപ്പെടാൻ ഇടയായിട്ടുണ്ട്. ഇക്കാര്യത്തിൽ പ്രായോഗികമായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u> : സർ, ഇതുപോലുള്ള ചില ഒറ്റപ്പെട്ട സംഭവങ്ങളുണ്ട്. നമ്മുടെ സംസ്ഥാനത്ത് വാറ്റ് ഉണ്ടായിരുന്നപ്പോൾ വിറ്റിരുന്ന 80 ശതമാനം ചരക്കുകൾക്കും 14.5 ശതമാനം നികുതിയാണ് ഈടാക്കിയിരുന്നത്. ആ 14.5 ശതമാനം നികുതി ഈടാക്കിയിരുന്ന 80 ശതമാനത്തിന്റെ തോത് ഇപ്പോൾ 20 ശതമാനത്തിൽ താഴെയാണ്. അതാണ് ഇവിടെ വന്നിട്ടുള്ള വ്യത്യാസം. കേരളത്തിൽ നേരത്തെ പതിനാലര ശതമാനം നികുതി ഈടാക്കിയ സ്ഥാനത്ത് ഇന്ന് 9 ശതമാനം നികുതിയാണ് ലഭിക്കുന്നത്. അത്തരത്തിലൊരു വ്യത്യാസം വന്നിട്ടുണ്ട്. എന്നാൽ ചെറുകിട ഉത്പാദകർക്കും വ്യവസായികൾക്കുമെല്ലാം നേരത്തെ എക്സൈസ് നികുതി ഉണ്ടായിരുന്നില്ല. ഒന്നരക്കോടി രൂപയ്ക്ക് മുകളിലേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ ജി.എസ്.ടി. ഒന്നരക്കോടി രൂപയ്ക്ക് താഴെയുള്ളവർക്കും ബാധകമാണ്. അത് പ്രശ്നമാണെന്ന് മനസ്സിലാക്കികൊണ്ട് ഒരു കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിൽ എക്സംപ്ഷൻ ത്രഷ്ഹോൾഡ് ഒരു കോടി രൂപയായി നിശ്ചയിച്ചിട്ടുമില്ല. ആ നിയമം ഭേദഗതി ചെയ്താൽ മാത്രമേ ഒന്നരക്കോടി രൂപയാക്കാൻ സാധിക്കൂ. അതുകൊണ്ട് ഈ ഫിനാൻസ് ആക്ടിൽ ഭേദഗതി കൊണ്ടുവരും. കേരളത്തിലെ കച്ചവടക്കാർക്ക് നേരത്തെ 60 ലക്ഷത്തിന് മുകളിൽ വിറ്റുവരവ് ഉണ്ടെങ്കിൽ പൂർണ്ണ നികുതി നൽകണമായിരുന്നു. ഇനി ഒന്നരക്കോടി രൂപയുടെ വിറ്റുവരവ് ഉണ്ടെങ്കിൽ മാത്രം പൂർണ്ണ നികുതി നൽകിയാൽ മതി. കേരളത്തിലെ കച്ചവടക്കാരിൽ 80 ശതമാനത്തിലധികംപേരും പൂർണ്ണ നികുതിക്ക് പുറത്താണ്. അതുകൊണ്ട് കൂടുതൽ പ്രയാസം ഉണ്ടാക്കുകയല്ല, അവരുടെ പ്രയാസം കുറച്ചിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ചെറുകിട വ്യവസായികൾക്ക് ഇപ്പോൾ വന്നിട്ടുള്ള പ്രശ്നം കേന്ദ്ര ബജറ്റോടുകൂടി പരിഹരിക്കാൻ സാധിക്കും.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ശരാശരി കണക്കാക്കിയിട്ടുള്ള വരുമാനം 1600 കോടി രൂപയാണെന്നും ഈ മാസം പ്രതീക്ഷിക്കുന്ന ഏകദേശ വരുമാനം 1100 കോടി രൂപയാണെന്നും പറഞ്ഞു. അങ്ങയുടെ മറുപടിയിൽ നിന്ന് 500 കോടി രൂപയുടെ വ്യത്യാസം ഒന്നരണ്ട് മാസങ്ങളിൽ പ്രകടമാണ്. നേരത്തേ ഉണ്ടായിരുന്ന നികുതി സമ്പ്രദായത്തിൽനിന്ന് മാറ്റംവരികയാണ്. ഭരണഘടനാപരമായി നോക്കുമ്പോൾ സ്റ്റേറ്റിന്റെ അധികാരത്തിന് നേരെയുള്ള കയ്യേറ്റത്തിന്റെ പ്രശ്നം, ഫെഡറൽ സിസ്റ്റത്തിന് നേരെയുള്ള വെല്ലുവിളി തുടങ്ങിയ കാര്യങ്ങൾ നിലനിൽക്കുമ്പോൾത്തന്നെ നമ്മുടെ സ്റ്റേറ്റിന് മുമ്പ് കിട്ടിയിരുന്നതും പരിഷ്കാരം വന്നതിനുശേഷം ലഭ്യമായ വരുമാനവും തമ്മിൽ താരതമ്യം ചെയ്തുകൊണ്ട് സർക്കാർ റിവ്യൂ നടത്തിയിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, സർക്കാർ റിവ്യൂ നടത്തിയിട്ടുണ്ട്. നികുതി കൊടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരികയാണെന്ന് റിവ്യൂ നടത്തിയപ്പോൾ മനസ്സിലാക്കിയിട്ടുണ്ട്. നികുതി വരുമാനം കുറഞ്ഞ കഴിഞ്ഞ മാസത്തിൽ ഏഴ് ശതമാനം പേരാണ് റിട്ടേൺ സമർപ്പിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ അവരെ കുറ്റപ്പെടുത്താൻ സാധിക്കില്ല. കാരണം, പല ദിവസങ്ങളിലും ഐ.ടി. വിൻഡോ ജാമാവുകയാണ്. I.T. backbone നേരെ ആക്കാത്തതുകൊണ്ടാണ് ഇവിടത്തെ വ്യാപാരികളോട് കർക്കശമായ നിലപാട് സ്വീകരിക്കുന്നതിന് അമാന്തം കാണിക്കുന്നത്. പത്ത് ശതമാനം ആളുകൾപോലും നികുതി റിട്ടേൺസ് സമർപ്പിക്കാത്ത അവസ്ഥ കേരളത്തിലുണ്ടായിട്ടുണ്ട്. ഇവിടെ ഉപയോഗിക്കുന്ന ചരക്കുകൾക്ക് മറ്റ് സംസ്ഥാനങ്ങളിൽ കൊടുത്ത നികുതിയും നമുക്ക് ലഭിക്കേണ്ടതാണ്. നമ്മൾ ഉപയോഗിക്കുന്ന സാധനങ്ങളിൽ 80 ശതമാനവും പുറത്തുനിന്ന് വരുന്നതുകൊണ്ട് ഐ.ജി.എസ്.ടി. സംസ്ഥാനത്തുനിന്ന് പിരിക്കുന്ന എസ്.ജി.എസ്.ടി.-യുടെ ഇരട്ടിയെങ്കിലും വരണം. പക്ഷെ, ഇപ്പോൾ തുല്യമാണ്. പുറത്തുനിന്ന് വരുന്ന ചരക്കുകളിൽ വലിയ നികുതി ചോർച്ചയാണ് ഇത് കാണിക്കുന്നത്. ബിൽ ഇല്ലാതെ വരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ബിൽ ഇല്ലാതെ വരുന്നത് തടഞ്ഞുനിർത്തി പരിശോധിക്കാൻ ചെക്ക് പോസ്റ്റുകളില്ല. കേന്ദ്രസർക്കാർ ചെക്ക് പോസ്റ്റിന് പകരം ഏർപ്പാടാക്കാമെന്ന് പറഞ്ഞ ഇ-വേ ബിൽ നടപ്പിലായിട്ടുമില്ല. ഇ-വേ ബിൽ നടപ്പിലായിട്ടില്ലെങ്കിലും അതിനെതിരെ നടപടിയെടുക്കാൻ നോക്കിയപ്പോൾ കേന്ദ്രസർക്കാർ നോട്ടിഫൈ ചെയ്യാത്തതുകൊണ്ട് ഹൈക്കോടതി തടഞ്ഞിരിക്കുയാണ്. കേന്ദ്രസർക്കാർ നോട്ടിഫൈ ചെയ്യാമെന്ന് പറഞ്ഞതല്ലാതെ ഇതുവരെയും അധികാരം നൽകിയിട്ടില്ല. കിട്ടുന്ന നികുതി പിരിക്കാൻ മാത്രമേ സാധിക്കൂ. നികുതി വരുമാനത്തിൽ ഗണ്യമായ ചോർച്ച ഉണ്ടായിട്ടുണ്ട്. അത് പരിഹരിക്കാൻ കഴിഞ്ഞാൽ നമ്മുടെ നികുതി വരുമാനം കൂടുമെന്നുള്ള നിഗമനത്തിലാണ് നികുതി വകുപ്പ് എത്തിയിട്ടുള്ളത്.

ശ്രീ. കെ. വി. വിജയദാസ്: സർ, ജി.എസ്.ടി. നിയമം വന്ന് മാസങ്ങൾ കഴിഞ്ഞിട്ടും വിലകുറയ്ക്കുന്ന കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും ഒരു നടപടിയും ഉണ്ടായിട്ടില്ലെന്നുള്ളതാണ് വാസ്തവം. ജി.എസ്.ടി. നിയമത്തിലെ 171-ാം വകുപ്പിൽ ലാഭക്കൊള്ള തടയുമെന്നും അമിത വില കുറയ്ക്കുമെന്നുമൊക്കെ അവകാശപ്പെടുന്നുണ്ട്. മലേഷ്യയിലും ആസ്ട്രേലിയയിലും 171-ാം വകുപ്പിലെ Anti-Profiteering Authority എന്ന നിയമം കർശനമായി നടപ്പിലാക്കുന്നുണ്ട്. ഈ വകുപ്പുകൊണ്ട് ഇന്ത്യയിലെ സാധാരണക്കാർക്ക് പ്രയോജനം ലഭിക്കാൻ കേന്ദ്ര സർക്കാർ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കേന്ദ്രസർക്കാരിന് ഒരു നടപടിയും സ്വീകരിക്കാനുള്ള ഉദ്ദേശ്യമുണ്ടെന്ന് തോന്നുന്നില്ല. വളരെയേറെ തർക്കങ്ങൾക്കും വിമർശനങ്ങൾക്കും ശേഷമാണ് Anti-Profiteering ക്ലോസ് നിയമത്തിൽ കൊണ്ടു വന്നത്. നിയമം നടപ്പാക്കി മൂന്നുമാസം കഴിഞ്ഞാണ് അതിന്റെ അതോറിറ്റി രൂപീകരിച്ചത്. അതുകഴിഞ്ഞ് ചട്ടങ്ങളുണ്ടാക്കാനുള്ള നടപടി ഇപ്പോൾ ആയിട്ടേയുള്ളൂ. ഇത്രയൊക്കെ ആയപ്പോൾ കേരളം സുവോ-മോട്ടോ നടപടിയെടുത്ത് 153 കമ്പനികൾ ഇങ്ങനെ നിയമം ലംഘിച്ചിട്ടുണ്ടെന്നുള്ള തെളിവ് സഹിതം കേന്ദ്രസർക്കാരിന് സമർപ്പിച്ചു. അത് അവർ തയ്യാറാക്കിയ ചട്ടത്തിലെ ഫോം പ്രകാരമല്ല കൊടുത്തിട്ടുള്ളതെന്നും അതുകൊണ്ട് ആ ഫോമിൽ കൊടുക്കണമെന്നും കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടു. ആ ഫോം ഇപ്പോഴാണ് തയ്യാറാക്കിയിട്ടുള്ളത്. ഈ വിലക്കയറ്റം കോർപ്പറേറ്റുകൾ സൃഷ്ടിക്കുന്നതാണെന്ന് കേന്ദ്ര സർക്കാരിന് ബോദ്ധ്യമുണ്ടെങ്കിലും ഇന്നത്തെ സാമ്പത്തിക മാന്ദ്യത്തിന്റെയും മുരടിപ്പിന്റെയും അന്തരീക്ഷത്തിൽ ഇൻവെസ്റ്റേഴ്സ് മൂഡിനെ തകർക്കുന്ന രീതിയിലുള്ള ഇടപെടലിനോ കർശനമായി പ്രഖ്യാപനം നടത്തുന്നതിനോ അവർ തയ്യാറല്ല.

ശ്രീ. പി. വി. അൻവർ: സർ, വളരെയധികം കൊട്ടിഘോഷിച്ച ഒരു സംഭവമാണ് ജി.എസ്.ടി. ഒരു രാജ്യം, ഒരു കമ്പോളം, ഒരു നികുതി, വളരെ ലളിതമായി നികുതി ഈ രാജ്യത്ത് നടപ്പിലാകും, അതിന്റെ ഗുണം ഈ രാജ്യത്തെ സാധാരണക്കാർക്ക് ലഭിക്കും എന്നായിരുന്നു ബി.ജെ.പി. സർക്കാർ ഇവിടെ കൊട്ടിഘോഷിച്ചിരുന്നത്. അതിന്റെ ദുരന്തഫലങ്ങളാണ് ഇവിടെ ചർച്ച ചെയ്യുകൊണ്ടിരിക്കുന്നതെങ്കിലും ഇതിന്റെ സാമൂഹിക പശ്ചാത്തലം വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഭാഗമായി കേരളത്തിൽ എത്ര ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട് എന്നതിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തേണ്ടതുണ്ട്. പ്രാദേശികമായി പരിശോധിച്ചാൽ പൗൾട്രി ഫാമുമായി ബന്ധപ്പെട്ട് പതിനായിരക്കണക്കിന് ആളുകൾക്ക് തൊഴിൽ നഷ്ടപ്പെട്ടതായി കാണാൻ സാധിക്കും. ജി.എസ്.ടി.-യുടെ ഭാഗമായി കേരളത്തിൽ എത്ര ആളുകൾക്ക് ഇത്തരത്തിൽ തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്നും അത് സമൂഹത്തെ എത്രത്തോളം ബാധിച്ചിട്ടുണ്ടെന്നും അന്വേഷിച്ച് കണ്ടെത്താൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെയൊരു കണക്കുണ്ടാക്കാൻ വലിയ പ്രയാസമാണ്. നമ്മുടെ സ്ഥാപനങ്ങൾ പൂട്ടുന്നതിന് മറ്റ് ധാരാളം കാര്യങ്ങൾ ഇടയാക്കുന്നുണ്ട്. ജി.എസ്.ടി.-യുടെ പ്രത്യേകത എന്താണ്? ഉദാഹരണത്തിന്, കോഴിയുടെ കാര്യമെടുത്താൽ ജി.എസ്.ടി. വന്നതിനുശേഷം കോഴിക്ക് 14.50 ശതമാനം നികുതിയുണ്ടായിരുന്നത് ഇല്ലാതാക്കുകയാണ് ചെയ്തത്. നികുതിയിൽനിന്നും ഒഴിവാകാൻ വേണ്ടി ആളുകൾ കേരളത്തിൽ വന്ന് ഫാമുകൾ നടത്തിയിരുന്നു. യഥാർത്ഥത്തിൽ കേരളത്തിൽ ഫാം നടത്തിയാലും 14.50 ശതമാനം വാറ്റ് നൽകേണ്ടതാണ്. എങ്കിലും കേരളത്തിലെ ചെക്ക് പോസ്റ്റിൽ തടഞ്ഞുനിർത്തി നികുതി പിരിക്കുന്നതുപോലെ കാര്യക്ഷമമല്ല നാട്ടിലെ ഫാമുകളിൽനിന്നും നികുതി പിരിക്കുന്നത്. അവർ ഇവിടെ നടത്തിയിരുന്ന ഫാമുകൾ ഇപ്പോൾ അവരുടെ നാട്ടിലേയ്ക്ക് തിരിച്ചെടുക്കുകയാണ്. കാരണം കേരളത്തിൽ ഫാം തുടങ്ങുന്നതിനേക്കാൾ ചെലവ് കുറച്ച് അവിടെ ഫാം ആരംഭിക്കാൻ സാധിക്കുമെന്നാണ് അവർ കരുതുന്നത്. അതിന് പൂർണ്ണ നിയന്ത്രണ മുണ്ടെങ്കിലും ഇഷ്ടംപോലെ വില നിശ്ചയിക്കാൻ സാധിക്കും. ഇതിന് പരിഹാരം കാണണമെങ്കിൽ സംസ്ഥാന സർക്കാർ മുൻകയ്യെടുത്ത് കേരളത്തിൽ കൃഷിക്കാരെ വളർത്തണം. കൃഷിക്കാരുണ്ടാകണമെങ്കിൽ ഇവിടെ parent stock വേണം. കോഴി കുഞ്ഞുങ്ങളെ ഇവിടെ കൊടുക്കാൻ കഴിയണം. ഒറ്റ സ്റ്റെപ്പായി ഇവിടെ ഇങ്ങനെ നടപ്പിലാക്കാൻ കഴിയില്ല. ആറേഴ് മാസത്തിനുള്ളിൽ ഈ സ്ഥിതിവിശേഷത്തെ മറികടക്കാൻ സാധിക്കുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, നമ്മുടെ രാജ്യത്ത് ജി.എസ്.ടി. വൻദുരന്തമാണ് വിളിച്ചുവരുത്തിയിട്ടുള്ളത്. 'ഗബ്ബാർസിംഗ് ടാക്സ്' എന്നാണ് ഇപ്പോൾ ഇതിനെ വിളിച്ചുകൊണ്ടിരിക്കുന്നത്. ശ്രീ. അരുൺ ജെയ്റ്റ്ലിയേക്കാൾ വലിയ ആവേശത്തോടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇതിനെ പിന്തുണച്ചത് ദൗർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. യാതൊരു അവധാനതയുമില്ലാതെ ഒരു ദിവസം രാത്രിയിൽ പാർലമെന്റ് സമ്മേളനം വിളിച്ചുകൂട്ടി ജി.എസ്.ടി. പ്രഖ്യാപിച്ചതിന്റെ ദുരന്തമാണ് നമ്മൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ സംസ്ഥാനത്ത് ടാക്സിന്റെ കാര്യത്തിൽ വ്യക്തതയില്ല. 25-ാമത്തെ ജി.എസ്.ടി. കൗൺസിലും ചേർന്നു. ജി.എസ്.ടി. കൗൺസിൽ ഉല്പന്നങ്ങളുടെ നികുതി ഇളവ് ചെയ്യുന്നു. എത്രാമത്തെ തവണയാണ് ഉല്പന്നങ്ങളുടെ നികുതിയിൽ ഇളവ് പ്രഖ്യാപിക്കുന്നത്. ജി.എസ്.ടി. കൗൺസിലിന്റെ ഏക ജോലി ഇതായിമാറിയിരിക്കുകയാണ്. നമ്മുടെ രാജ്യത്ത് ഇതുപോലെ ഒരു നിയമം നടപ്പാക്കുമ്പോൾ കാണിക്കേണ്ട അവധാനതപോലും കാട്ടിയിട്ടില്ലെന്നുള്ള കാര്യം പകൽപോലെ വ്യക്തമാണ്. ജി.എസ്.ടി. വന്നതോടുകൂടി രാജ്യത്തെ ആയിരക്കണക്കിന് തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടുന്നു. ചെറുകിട വ്യാപാരികളുടെ ജീവിത പ്രയാസങ്ങൾ വർദ്ധിച്ചുവരുന്നു. ഇതിലുണ്ടാകുന്ന അപാകതകളെ ചൂണ്ടിക്കാണിക്കാതെ കേന്ദ്ര നേതൃത്വത്തേയും ധനകാര്യ മന്ത്രിയേയും പിന്തുണയ്ക്കുന്ന ഈ നിലപാട് പുനഃപരിശോധിക്കാൻ അങ്ങ് തയ്യാറാകുമോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒന്നാം യു.പി.എ.-യുടെ കാലത്താണ് ജി.എസ്.ടി. നടപ്പിലാക്കിയത്. ഇന്നുള്ളതിൽ നിന്നും വ്യത്യസ്തമായൊരു ഘടനയിൽ കൊണ്ടുവരാനാണ് ശ്രീ. അഷിം ദാസ്ഗുപ്തയെപ്പോലുള്ളവർ ശ്രമിച്ചത്. കേരളം പോലെയുള്ള സംസ്ഥാനങ്ങൾ ജി.എസ്.ടി.-യുടെ ഘടനയെ എതിർത്തിരുന്നത് മാറ്റി ഇന്നത്തെ ഘടനയിലേയ്ക്ക് കൊണ്ടുവന്നത് രണ്ടാം യു.പി.എ. സർക്കാരിന്റെ കാലത്താണ്. അതിന്റെ തുടർച്ചയായിട്ടാണ് ഇപ്പോൾ ബി.ജെ.പി. സർക്കാർ ഇത് നടപ്പിലാക്കിയിട്ടുള്ളത്. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്....

ഡോ. ടി. എം. തോമസ് ഐസക്: സർ, നോട്ടുനിരോധനം നടപ്പിലാക്കിയതു പോലെ ഒരു തയ്യാറെടുപ്പുമില്ലാതെ ജി.എസ്.ടി.-യും നടപ്പിലാക്കിയതിന്റെ പ്രശ്നങ്ങളൊക്കെ അങ്ങ് പറഞ്ഞതുപോലെ ഉണ്ടായിട്ടുണ്ട്. പക്ഷേ നിങ്ങൾ കൈകഴുകണ്ട, പുണ്യാളരാകണ്ട, ഇതിന്റെ പിതൃത്വം നിങ്ങൾക്കുതന്നെയാണ്.

ശ്രീമതി വീണാ ജോർജ്ജ്: സർ, ജി.എസ്.ടി.-യിലെ അപാകതകൾ ചൂണ്ടിക്കാട്ടിയിട്ടും അത് തിരുത്തുവാൻ കേന്ദ്ര സർക്കാർ തയ്യാറാകുന്നില്ല. Anti-Profiteering Authority രൂപീകരിക്കാൻപോലും കേന്ദ്രം ശ്രമിക്കുന്നില്ല. വിലക്കയറ്റത്തിനുമുന്നിൽ സാധാരണക്കാർ പൊറുതിമുട്ടിനിൽക്കുന്ന സാഹചര്യമാണ്. ഇക്കാര്യത്തിൽ ഒരുമിച്ച് പ്രക്ഷോഭം നടത്തണമെന്നാണ് പ്രതിപക്ഷത്തോട് ഞങ്ങൾ അഭ്യർത്ഥിക്കുന്നത്. വാർഷിക വരുമാനം കുറവുള്ള സംസ്ഥാനങ്ങൾക്ക് നൽകുന്ന പിന്തുണയ്ക്കുപുറമേ സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കുവാൻ കേരളംപോലുള്ള സംസ്ഥാനങ്ങൾക്ക് ഒരു പ്രത്യേക പാക്കേജ് നൽകുവാൻ കേന്ദ്രം തയ്യാറാണോ; അതിനുവേണ്ടി കേരളം ശ്രമിച്ചിട്ടുണ്ടോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ല. കേന്ദ്രസർക്കാരിന് അങ്ങനെ പ്രത്യേക പാക്കേജ് നൽകുവാനുള്ള പരിപാടിയില്ലെന്നു മാത്രമല്ല ഈ ഒരു ബുദ്ധിമുട്ടുള്ളപ്പോഴാണ് വളരെ ഏകപക്ഷീയമായി മാസാദ്യം തന്നുകൊണ്ടിരുന്ന കേന്ദ്ര സഹായം മാസം പകുതി കഴിഞ്ഞേ തരികയുള്ളൂ എന്ന് പറയുന്നത്. ശമ്പളമെല്ലാം മാസാദ്യമാണ് കൊടുക്കേണ്ടത്. കൂടാതെ കോമ്പൻസേഷൻ രണ്ട് മാസത്തിലൊരിക്കലാക്കി. സാമ്പത്തികമായി വെയ്സ് ആന്റ് മീൻസിന് ഒരു മാസമായി വലിയ ബുദ്ധിമുട്ടാണ്. ബജറ്റിൽ പ്രഖ്യാപിച്ച കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നാലിലൊന്ന് തുകപോലും ഇതുവരെ കൈമാറിയിട്ടില്ല. സർവ്വശിക്ഷാ അഭിയാനൊക്കെ അപ്രഖ്യാപിതമായി നിർത്തലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനങ്ങൾക്ക് എന്തെങ്കിലും പാക്കേജ് നൽകുന്നതിനുപകരം സംസ്ഥാനങ്ങളുടെ ചുമലിൽ പ്രശ്നങ്ങളുടെ ഭാരം മുഴുവൻ അടിച്ചേല്പിക്കുന്നതിനാണ് കേന്ദ്രസർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഭൂമി രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി 8 ശതമാനത്തിൽനിന്ന് 12 ശതമാനമായി ഉയർത്തി. 6 ശതമാനം സംസ്ഥാനത്തിനും 6 ശതമാനം കേന്ദ്രത്തിനുമായി ഭാഗിക്കാനുള്ള ഒരു തീരുമാനം ജി.എസ്.ടി. കൗൺസിലിന്റെ പരിഗണനയിലുണ്ടെന്ന് റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുകയാണ്. ഈ തീരുമാനം നടപ്പായാൽ ഇടപാടുകാർ നൽകേണ്ട സ്റ്റാമ്പ് ഡ്യൂട്ടി 4 ശതമാനം വർദ്ധിക്കുകയും സംസ്ഥാനത്തിന് ലഭിക്കേണ്ട സ്റ്റാമ്പ് ഡ്യൂട്ടി 2 ശതമാനം കുറയുകയും കേന്ദ്രത്തിന് 6 ശതമാനം സ്റ്റാമ്പ് ഡ്യൂട്ടി വെറുതെ ലഭിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടാകും. സംസ്ഥാനത്തിന്റെ ദേശീയ വരുമാനത്തിൽ കേന്ദ്രം കൈവയ്ക്കുന്ന ഒരു നടപടി കൂടിയാണിത്. ഇതിനെ സർക്കാർ എങ്ങനെയാണ് കാണുന്നത്; സ്റ്റാമ്പ് ഡ്യൂട്ടി 8 ശതമാനമായിത്തന്നെ നിലനിർത്താൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇപ്പോൾ ഒരു നടപടി സ്വീകരിക്കാൻ ജി.എസ്.ടി. കൗൺസിലിന് ഭരണഘടനാപരമായി അവകാശമില്ല. അങ്ങനെയുണ്ടെന്നുള്ള നാട്യത്തിലാണ് ശ്രീ. അരുൺ ജെയ്റ്റ്ലിയും കൂട്ടരും. അത്തരമൊരു നടപടിലേയ്ക്ക് പോകുകയാണെങ്കിൽ അത് ഭരണഘടനാ വിരുദ്ധമാണെന്ന് കേരള സർക്കാർ നിയമോപദേശം തേടുകയുണ്ടായി. ജി.എസ്.ടി. കൗൺസിൽ മാത്രമല്ല, കോടതിയിലും ഈ നീക്കത്തെ ചോദ്യം ചെയ്യും. ഇനി സംസ്ഥാനത്തിന്റെ ഒരു നികുതി അധികാരവും ജി.എസ്.ടി.യിലേയ്ക്ക് ലയിപ്പിക്കുന്നതിന് കേരള സർക്കാരിന് സമ്മതമല്ല.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ഒന്നരക്കോടിക്ക് താഴെ ടേൺ ഓവറുള്ള വ്യവസായികൾക്ക് നിലവിലുണ്ടായിരുന്ന എക്സൈസ് ഡ്യൂട്ടി ഇളവിന് പകരം ഒരു ആനുകൂല്യവുമുണ്ടായിട്ടില്ല. അതിനുപകരം ഇപ്പോൾ ടാക്സ് കോമ്പൗണ്ട് ചെയ്യുമെന്ന് പറയുന്നുണ്ട്. അങ്ങനെ ടാക്സ് കോമ്പൗണ്ട് ചെയ്യുവരുടെ സാധനങ്ങൾ മറ്റ് ഉല്പാദകർ വാങ്ങാൻ തയ്യാറാകുന്നില്ല. കാരണം അവർക്ക് ഇൻപുട്ട് ടാക്സ് കിട്ടാനുള്ള സാധ്യത നഷ്ടപ്പെടുന്നു. ടാക്സ് കുറച്ചെങ്കിൽ മാത്രമേ അതിന്റെ ഗുണം വ്യവസായികൾക്ക് ഉണ്ടാവുകയുള്ളൂ. ഈ കുറവുകൊണ്ട് അവരുടെ ഉല്പന്നങ്ങൾ വിൽക്കാൻ കഴിയാത്ത ഒരു സ്ഥിതിവിശേഷമുണ്ടാകാൻ സാധ്യതയുണ്ട്. അത് പരിഹരിക്കാനാവശ്യമായ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പ്രായോഗികമായിട്ട് കോമ്പോസിഷൻ എന്നുവച്ചാൽ ടാക്സ് കുറയ്ക്കലാണ്. ടാക്സ് കുറച്ചുകഴിഞ്ഞ് നിങ്ങൾ കൊടുക്കാത്ത നികുതിക്ക് എങ്ങനെയാണ് ഇൻപുട്ട് ക്രെഡിറ്റ് കിട്ടുക? അതിനൊരു ബിസിനസ്സ് തീരുമാനത്തിലേയ്ക്ക് എത്തേണ്ടിവരും. കാരണം നികുതിയുടെ ഒന്നര ശതമാനം കൊടുത്തുകഴിഞ്ഞാൽ അതിന് 10 ശതമാനമോ 12 ശതമാനമോ ടാക്സ് ക്രെഡിറ്റ്

എങ്ങനെയാണ് വാങ്ങാൻ സാധിക്കുക? ആ ബുദ്ധിമുട്ടുണ്ടാകും. നേരത്തെയും സെൻട്രൽ എക്സൈസിൽ ചെറുകിട ഉല്പാദകർക്ക് അത്തരത്തിലുള്ള ടാക്സ് ക്രെഡിറ്റ് കിട്ടുമായിരുന്നില്ല. അവർ 'വാറ്റി'ലാണ് വിൽക്കുന്നതെങ്കിൽ കോമ്പോസിഷൻ ഡീലേഴ്സിന് 'വാറ്റ്' ക്രെഡിറ്റ് കിട്ടുമായിരുന്നില്ല. അത് ഈ നികുതി സമ്പ്രദായത്തിന്റെ പ്രത്യേകതയാണ്. അത് നമുക്ക് പരിഹരിക്കാൻ കഴിയില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് അരി എത്രയെന്ന് ചോദിച്ചാൽ പയർ അഞ്ഞാഴി എന്നാണ് മറുപടി പറയുന്നത്. അങ്ങ് ക്ഷോഭിക്കേണ്ട കാര്യമില്ല. അങ്ങ് അരുൺ ജെയ്റ്റ്ലിയെക്കാൾ ആവേശകരമായി ജി.എസ്.ടി.-യെ പിന്തുണച്ച ആളാണ്. ആ കുറ്റബോധം മനസ്സിലുണ്ടാകും. ഇന്ന് വാഹന പണിമുടക്കാണ്. എന്താണ് സംസ്ഥാന ഗവൺമെന്റിന്റെ സമീപനം? അങ്ങ് ജി.എസ്.ടി. കൗൺസിലിൽ ഇക്കാര്യം ഉന്നയിച്ചിട്ടുണ്ടോ; പെട്രോൾ, ഡീസലിന്റെ വില വർദ്ധിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന് ലഭിക്കേണ്ട അധിക നികുതിയെങ്കിലും വേണ്ടെന്നുവച്ച് ജനങ്ങളെ സഹായിക്കാൻ തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരു ക്ഷോഭവുമില്ല. ഇങ്ങോട്ട് ചോദിക്കുന്നതുപോലെ അങ്ങോട്ടും മറുപടി പറയും. സ്നേഹത്തിലാണെങ്കിൽ അങ്ങനെ മറിച്ചാണെങ്കിൽ ആ രീതിയിൽ, ഒരു പ്രയാസവുമില്ല. പെട്രോളിന്റെ നികുതി ആരാണ് വർദ്ധിപ്പിച്ചത്? ബി.ജെ.പി. സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു ലിറ്ററിന് 8 രൂപയുണ്ടായിരുന്നത് 21 രൂപയാക്കിയാണ് എക്സൈസ് നികുതി വർദ്ധിപ്പിച്ചത്. അതാണ് വർദ്ധനവ്. ഈ സംസ്ഥാന സർക്കാരല്ല നികുതി വർദ്ധിപ്പിച്ചത്. നിങ്ങളുടെ കാലത്ത് എത്രയാണോ നികുതിയുണ്ടായിരുന്നത് അത് തുടരുകയാണ്. ആ വർദ്ധിപ്പിച്ച നികുതി കുറയ്ക്കുന്നതിനുപകരം സംസ്ഥാനങ്ങളുടെ നികുതി കുറയ്ക്കണമെന്നാണ് പറയുന്നത്. അതുകൊണ്ട് നമ്മൾ കേന്ദ്രസർക്കാരിനോട് അവർ അധികാരത്തിൽ വന്നപ്പോഴുണ്ടായിരുന്ന എക്സൈസ് നിരക്കിലേയ്ക്ക് നികുതി കുറയ്ക്കണമെന്നാവശ്യപ്പെടണം. അങ്ങനെ കുറയ്ക്കുമ്പോൾ സംസ്ഥാനത്തിന് കിട്ടുന്ന നികുതി സ്വാഭാവികമായും കുറയും. ഇനി അതിലും കുറയ്ക്കണമെന്നുണ്ടെങ്കിൽ അന്ന് ആലോചിക്കാം. കേന്ദ്രസർക്കാർ ഒരു വശത്ത് നികുതി കൂട്ടുകയും അതിന്റെ ഭാരം മുഴുവൻ സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്നും പറയുന്നത് ശരിയല്ല.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ജി.എസ്.ടി. പാസ്സാക്കിയത് പാർലമെന്റാണ്, ഈ സഭയല്ല. പാർലമെന്റിൽ ഇത് സംബന്ധിച്ച് ചർച്ചകൾ നടന്ന സമയത്ത് ഞങ്ങളൊക്കെ മനസ്സിലാക്കിയത് അവിടെ ബന്ധപ്പെട്ട പാർട്ടികളും അവരുടെ പ്രതിനിധികളുമൊക്കെ അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടെന്നാണ്. സി.പി.ഐ(എം) പ്രതിനിധിയായിരുന്ന ശ്രീ. കെ. എം. ബാലഗോപാൽ സി.പി.ഐ.-യുടെ

പ്രതിനിധിയായിരുന്ന ശ്രീ. ബി. രാജീവ് എന്നിവർ പാർട്ടിയുടെ അഭിപ്രായം സെലക്ട് കമ്മിറ്റിയിൽ, ഇപ്പോൾ ഇവിടെ സൂചിപ്പിക്കുന്ന ഈ വിഷയത്തിന്റെ വിനാശകരമായ പ്രത്യാഘാതത്തെക്കുറിച്ച് ശക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. സ്വാഭാവികമായിട്ടും മറ്റ് പാർട്ടി അംഗങ്ങളുമൊക്കെ ഇതുപോലുള്ള അഭിപ്രായങ്ങൾ പറഞ്ഞിട്ടുണ്ടായിരുന്നു. അത് എന്താണെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്ക് വിശദീകരിക്കാനാകുമോ; ഓരോ രാഷ്ട്രീയ പാർട്ടിയും ഭരിക്കുന്ന സംസ്ഥാനങ്ങളിൽ ജി.എസ്.ടി. കൗൺസിലിൽ ഇതിന്റെ ആപത്തിനെ സംബന്ധിച്ച് കൈക്കൊണ്ട നിലപാട് എന്താണെന്ന് വിശദീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഡീസൽ ജി.എസ്.ടി.യോട് ലയിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാരോ ബാക്കിയുള്ളവരോ ജി.എസ്.ടി. കൗൺസിലിനോട് ഇതുവരെയും ഔപചാരികമായി അറിയിച്ചിട്ടില്ല. ചർച്ചകളിൽ ഇങ്ങനെ ഉയർന്നുവന്നിട്ടുണ്ട്. അങ്ങനെ ജി.എസ്.ടി.യിൽ ലയിപ്പിക്കുമ്പോൾ 14 ശതമാനം വർദ്ധനവ് വേണമല്ലോ; അതിന്റെ അടിസ്ഥാനത്തിൽ കോമ്പൻസേഷൻ തരുകയാണെങ്കിൽ നമുക്ക് ചർച്ച ചെയ്യാം എന്നതാണ് കേരളം സ്വീകരിച്ച നിലപാട്. അല്ലാതെ ഇതിന് കോമ്പൻസേഷൻ ഇല്ല. 'വാറ്റി'ന് മാത്രമേയുള്ളൂ എന്ന നിലപാട് സ്വീകരിക്കാൻ പറ്റില്ല. സംസ്ഥാനങ്ങൾക്ക് ഉണ്ടാകുന്ന നികുതിനഷ്ടം പൂർണ്ണമായും കോമ്പൻസേറ്റ് ചെയ്യുകയാണെങ്കിൽ ചർച്ച ചെയ്യാമെന്ന് കേരളം പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, യു.പി.എ. ഗവൺമെന്റ് മുന്നോട്ടുവച്ച ജി.എസ്.ടി.യും നരേന്ദ്ര മോഡി സർക്കാർ നടപ്പിലാക്കിയ ജി.എസ്.ടി.യും തമ്മിൽ രൂപത്തിലും ഭാവത്തിലും ഘടനയിലും വലിയ വ്യത്യാസമുണ്ട്. യു.ഡി.എഫ്. ഭരണകാലത്ത് പരമാവധി നികുതി 18 ശതമാനം എന്ന് നിശ്ചയിച്ചപ്പോൾ, 28 ശതമാനം പരമാവധി നികുതിയെന്നുള്ള എൻ.ഡി.എ. ഗവൺമെന്റിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പിന്തുണ കൊടുക്കുകയായിരുന്നു. സി.പി.ഐ.യുടെയും സി.പി.എം-ന്റെയും നയത്തെക്കുറിച്ച് പറഞ്ഞു. സി.പി.എം-ന്റെ പൊതുവായ നയത്തിൽനിന്ന് വ്യത്യസ്തമായ നിലപാടാണ് ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. അതാണ് ഇവിടത്തെ പ്രശ്നം. സംസ്ഥാനത്ത് നികുതി പിരിവിൽ അരാജകത്വമാണ്. ചെക്ക് പോസ്റ്റില്ല. ആളുകൾ കള്ളക്കടത്തായി സാധനങ്ങൾ കൊണ്ടുവന്ന് വിൽക്കുകയാണ്. അതുകൊണ്ടുതന്നെ ജെനുവിനായി ടാക്സ് കൊടുക്കുന്ന യഥാർത്ഥ കച്ചവടക്കാരുടെ ടേൺ-ഓവർ നാലിലൊന്നായി ചുരുങ്ങിയിരിക്കുന്നു. അതുകൊണ്ട് നികുതി വരുമാനവുമില്ല. ഇവിടെ ചെക്ക് പോസ്റ്റില്ലെന്ന് കരുതി ഈ നഷ്ടം കേന്ദ്ര ഗവൺമെന്റ് നികത്തും എന്നുള്ളതുകൊണ്ട് സംസ്ഥാന സർക്കാർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ചെക്ക് പോസ്റ്റില്ലെങ്കിലും കള്ളക്കടത്തായി സാധനങ്ങൾ കൊണ്ടുവന്ന് നികുതിയില്ലാതെ കച്ചവടം നടത്തുന്ന ആളുകളെ പിടിക്കാനുള്ള എന്ത് സംവിധാനം ഇന്ന് സംസ്ഥാന സർക്കാരിനുണ്ടെന്ന് വ്യക്തമാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, യു.പി.എ. സർക്കാർ ഭരിച്ച കാലത്ത് ഒരിക്കൽപ്പോലും 18 ശതമാനമേ മാക്സിമം നികുതി പാടുള്ളൂ എന്ന നിലപാട് എടുത്തിട്ടില്ല. എവിടെയെങ്കിലും ഒരു രേഖ കാണിച്ചുതരാമോ? ഇപ്പോൾ ബി.ജെ.പി. ഭരിച്ചപ്പോൾ കൊണ്ടുവന്ന നിലപാടാണിത്. എന്താണ് കേരളം എടുത്ത നിലപാട്? 45 ശതമാനവും 50 ശതമാനവും നികുതിയുള്ള ആഡംബര കാറിന് 18 ശതമാനമായി കുറയ്ക്കാൻ സാധിക്കില്ല; 28 ശതമാനമെങ്കിലും അതിന് നികുതി ഏർപ്പെടുത്തണം എന്നുള്ള നിലപാടാണ് കേരളം സ്വീകരിച്ചത്. മാത്രമല്ല, ജനങ്ങൾ ഉപയോഗിക്കുന്ന അവശ്യവസ്തുക്കൾക്ക് നികുതിയിളവ് നൽകണം. ആഡംബര വസ്തുക്കളുടെമേൽ നികുതി, പാവപ്പെട്ടവർ ഉപയോഗിക്കുന്ന വസ്തുക്കളുടെമേൽ നികുതിയിളവ് എന്നുള്ള നിലപാടാണ് കേരളം സ്വീകരിച്ചത്. ഈ പുതിയ നികുതി സമ്പ്രദായം സർക്കാരിന് നടപ്പാക്കണമെങ്കിൽ അതിന്റെ പരിശോധനയും കാര്യങ്ങളുമെല്ലാം നിയമത്തിന്റെ അടിസ്ഥാനത്തിലേ സാധിക്കുകയുള്ളൂ. റിട്ടേണിന്റെ പഴയ ഫോം വരെ മാറ്റാൻ തീരുമാനിച്ചിരിക്കുകയാണ്. അത് പ്രായോഗികമല്ല, സങ്കീർണ്ണമാണെന്ന പറഞ്ഞു. അപ്പോൾ കാലഘട്ടത്തിനനുസരിച്ച് നടപടിയിലേയ്ക്ക് പോകാൻ പരിമിതികളുണ്ട്. എന്നാൽ എന്താണ് വരാൻ പോകുന്ന മാറ്റമെന്ന് മനസ്സിലാക്കിക്കൊണ്ട് നികുതി പിരിക്കുന്നതിനും കാര്യക്ഷമമായിട്ട് പ്രവർത്തിക്കുന്നതിനുമുള്ള പരിശീലനങ്ങളും തയ്യാറെടുപ്പുകളും നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. ജെയിംസ് മാത്യു: സർ, സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് ഉതകുന്ന വിധത്തിൽ സ്റ്റാർട്ടപ്പുകൾക്കും ചെറുകിട വ്യവസായികൾക്കും സ്ത്രീശാക്തീകരണ സംരംഭങ്ങൾക്കും നികുതിയിളവ് കൊടുത്തിരുന്നു. ജി.എസ്.ടി. ബാധകമായതോടുകൂടി ഇത്തരത്തിലുള്ള ഒരു സംരംഭങ്ങൾക്കും നികുതിയിളവ് കൊടുക്കാൻ സാധിക്കുന്നില്ല. യഥാർത്ഥത്തിൽ അത്തരം സംരംഭങ്ങൾക്ക് സംരക്ഷണം നൽകത്തക്ക വിധത്തിൽ ഈടാക്കുന്ന നികുതി, മുമ്പ് ദിനേശ് ബീഡിയുടെ കാര്യത്തിൽ പറഞ്ഞതുപോലെ തിരിച്ചുകൊടുക്കാൻ പറ്റുന്ന വിധത്തിലുള്ള ഒരു സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെ പൊതുവായ ഒരു തീരുമാനം എടുക്കാൻ പറ്റില്ല. എങ്കിലും സ്റ്റാർട്ടപ്പുകളെ സഹായിക്കാൻവേണ്ടി അഡീഷണൽ ആനുകൂല്യം നൽകണം. അതിന്റെ വായ്പയുടെ പലിശ സർക്കാർ വഹിക്കണം. ഇത്തരം ആനുകൂല്യങ്ങളെക്കുറിച്ച് ബന്ധപ്പെട്ട ഡിപ്പാർട്ട്മെന്റുകൾ പരിശോധിച്ച് മാത്രമേ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. പൊതുവായി നികുതി തിരിച്ചു നൽകുന്ന ഒരു ഏർപ്പാടിനെക്കുറിച്ച് ആലോചിക്കാൻ ഇപ്പോൾ സാധിക്കില്ല.

ശ്രീ. മോൻസ് ജോസഫ്: സർ, നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ വികസന രംഗത്ത് ഒരു വലിയ പ്രതിസന്ധി നിലനില്ക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ വികസന പദ്ധതികളുടെ കാര്യത്തിലുള്ള പ്രതിസന്ധികളും കരാറുകാർക്കുണ്ടാകുന്ന നഷ്ടവും ഒക്കെ പരിഹരിക്കുമെന്ന് പറഞ്ഞിരുന്നു. എന്നാൽ സംഭവിക്കുന്നത്, എന്റെ മണ്ഡലത്തിൽ കടുത്തുരുത്തി ബൈപ്പാസ് ടെൻഡർ ചെയ്ത് എഗ്രിമെന്റ് വയ്ക്കുന്ന സമയത്താണ് ജി.എസ്.ടി. വരുന്നത്. ആ കരാറുകാർ രണ്ടുപേരും പിന്മാറി. ഇപ്പോൾ റീ-ടെൻഡറിലേയ്ക്ക് പോകുകയാണ്. നിരവധി വർക്കുകൾ ജി.എസ്.ടി.യുമായി ബന്ധപ്പെട്ട ഇഷ്യുവിനെത്തുടർന്ന് റീ-ടെൻഡറിലേയ്ക്ക് പോകുന്ന സാഹചര്യം വരുന്നു. നിർമ്മാണ രംഗത്ത് സ്തംഭനാവസ്ഥ വരുന്നു. ജി.എസ്.ടി. നടപ്പാക്കുന്നതിനെത്തുടർന്ന് കരാറുകാർക്ക് നഷ്ടം വരുന്നതാണോ ഇത്തരം പ്രശ്നങ്ങൾക്ക് കാരണമെന്ന് ഗവൺമെന്റ് പരിശോധിക്കുമെന്ന് പറഞ്ഞെങ്കിലും അതിൽ ഒരു വ്യക്തത വന്നിട്ടില്ലായെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഈ പ്രതിസന്ധി പരിഹരിക്കാനും നിർമ്മാണ പ്രവർത്തനങ്ങൾ ജി.എസ്.ടി.യുടെ പേരിൽ തടസ്സപ്പെടാതിരിക്കാനുംവേണ്ട നടപടികൾ ധനകാര്യവകുപ്പ് സ്വീകരിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പുതിയ വർക്കുകൾ ജി.എസ്.ടി. എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയുള്ള വിലയ്ക്കുവേണം ടെൻഡർ ചെയ്യാൻ. അതുകൊണ്ട് പ്രശ്നങ്ങളൊന്നുമില്ല. എന്നാൽ ഏറ്റെടുത്തിരിക്കുന്ന പ്രവൃത്തികൾ പഞ്ചായത്തുകളുടേതാണെങ്കിലും 4 ശതമനം കോമ്പൗണ്ടിംഗിലാണ് നികുതി കൊടുത്തുകൊണ്ടിരുന്നത്. ഇപ്പോൾ 12 ശതമാനം നികുതി കൊടുക്കണം. 12 ശതമാനം കൊടുക്കുമ്പോൾ സിമന്റാണെങ്കിൽ 28 ശതമാനം ഇൻപുട്ട് ക്രെഡിറ്റ് കിട്ടും. സ്റ്റീലാണെങ്കിലും കിട്ടും. അങ്ങനെ പല ഉല്പന്നങ്ങളും ഉപയോഗിക്കുന്നത് ഇൻപുട്ട് ക്രെഡിറ്റിലാണ്. ഓരോ തരം നിർമ്മാണ പ്രവൃത്തികളും ആറായി തരംതിരിച്ച് ഒരു ശതമാനം മുതൽ അഞ്ച് ശതമാനം വരെ ഓരോ ഇനത്തിനും വർദ്ധിപ്പിച്ച എസ്റ്റിമേറ്റിനെക്കാൾ കൂടുതൽ നൽകുന്നതിനുള്ള തീരുമാനമെടുക്കും. അത് കോൺട്രാക്ടർമാരുടെ സംഘടനാ നേതാക്കന്മാരുമായി നാലോ അഞ്ചോ മീറ്റിംഗിൽ ചർച്ച ചെയ്ത് ഓരോ കണക്കുംവച്ച് തീരുമാനിച്ചതാണ്. അന്ന് അവരെല്ലാം സമ്മതിച്ചതാണ് അതുകൊണ്ട് പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടുകഴിഞ്ഞു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2. രേഖാമൂലം നല്കിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ജി.എസ്.ടി. വരുമാന നഷ്ടം

4(* 33) ശ്രീ. ടി. വി. ഇബ്രാഹിം :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോ;എങ്കിൽ വിശദീകരിക്കുമോ;

(ബി) എത്ര തുകയാണ് നഷ്ടപരിഹാരമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്;

(സി) അതിൽ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഡി) ഈ വരുമാനനഷ്ടം എപ്രകാരം നികത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) വരുമാനനഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി സോഫ്റ്റ്‌വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ബി-ഡി) ജി.എസ്.ടി.യിൽ സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് ജി.എസ്.ടി. കോമ്പൻസേഷൻ ആക്ടിന്റെ അടിസ്ഥാനത്തിലാണ്. നഷ്ടപരിഹാരം സംസ്ഥാനങ്ങൾ ആവശ്യപ്പെടേണ്ടതില്ല. ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്. 2015-16-ലെ നികുതി

വരുമാനമാണ് ഇതിന് കണക്കാക്കുന്നത്. 2015-16-ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കാക്കി 2017-18-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ദ്വൈമാസക്കണക്കിൽ നഷ്ട പരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. മേല്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല.

## വൈദ്യുതി ഉല്പാദന രംഗത്തിന്റെ ശാക്തീകരണം

5(* 34) ശ്രീ. ആർ. രാജേഷ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. പി. കെ. ശശി :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം വലിയതോതിലുള്ള വൈദ്യുത ഉല്പാദന കമ്മി നേരിടുന്ന സാഹചര്യത്തിൽ ,നിർമ്മാണത്തിലിരിക്കുന്ന വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി ഉല്പാദനരംഗം ശാക്തീകരിക്കാൻവേണ്ടി നടത്തിയ ഇടപെടലുകൾ അറിയിക്കാമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണമെന്ന നേട്ടം കൈവരിച്ചതിന്റെ അടുത്ത ഘട്ടമെന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിനെ പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും കൂടുതൽ കാര്യക്ഷമമാക്കുന്നതിന് പരിപാടിയുണ്ടോ;

(സി) 154 ദശലക്ഷം യൂണിറ്റ് ഉല്പാദനശേഷിയുള്ള പള്ളിവാസൽ എക്സ്റ്റൻഷൻ ഉൾപ്പെടെ ഏറെക്കാലംമുമ്പ് പൂർത്തീകരിക്കേണ്ടിയിരുന്ന പദ്ധതികൾ പൂർത്തീകരിക്കാൻ വൈകുന്നതുമൂലം ചെലവിലുണ്ടാകുന്ന വർദ്ധനകൊണ്ടും ഉല്പാദന നഷ്ടംകൊണ്ടും ഉണ്ടാകുന്ന ഭീമമായ നഷ്ടം ഒഴിവാക്കാൻ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ ശ്രദ്ധ പതിപ്പിക്കുമോ; നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്നും അവ പൂർത്തീകരിക്കേണ്ട കാലാവധിയും അറിയിക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം (60 MW), ചാത്തൻകോട്ടുനട-II (6 MW), തോട്ടിയാർ (40 MW) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുകയായിരുന്നു. ഈ പദ്ധതികൾ പുനരാരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചു.

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി നിർമ്മാണം പുനരാരംഭിച്ചു. തോട്ടിയാർ, ചാത്തൻ കോട്ടുനട പദ്ധതികളുടെ റീ ടെണ്ടർ നടപടി പൂർത്തിയാക്കി. പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. നിർമ്മാണത്തിലിരുന്ന വെള്ളത്തൂവൽ (3.6 MW), പെരുന്തേനരുവി (6 MW) എന്നീ പദ്ധതികൾ സമയബ ന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയും പദ്ധതികൾ കമ്മിഷൻ ചെയ്യാനും സാധിച്ചു. പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളുടെ നിർമ്മാണ പുരോഗതി വിവിധ തലങ്ങൾ അവലോകനങ്ങൾ നടത്തി വിലയിരുത്തുന്നുണ്ട്. ഊർജ്ജ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതി അവലോകനം നടത്തി വരുന്നുണ്ട്. പദ്ധതി നിർവ്വഹണ മേഖലയിലെ പ്രവർത്തനങ്ങൾ പഠിച്ച് വിലയിരുത്തി അവയുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കു ന്നതിനായി 17-6-2017-ൽ ഒരു ജനറേഷൻ - സിവിൽ കോർ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് പദ്ധതികളുടെ പ്രവർത്തന പുരോഗതി ഓരോ ആഴ്ചയും അവലോകനം നടത്തി വിലയിരുത്തു ന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നിർമ്മാണത്തിലിരിക്കുന്ന വിവിധ പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തിനും പദ്ധതി പുരോഗതി വിലയിരുത്തി മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുവാനുമായി രൂപീകരിച്ചിട്ടുള്ള പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റികൾ കാലാകാലങ്ങളിൽ പ്രവർത്തന സ്ഥലങ്ങളിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ചുവരുന്നു.

സ്വകാര്യ മേഖലയിൽ ഇ.എം.സി.യുടെ അധീനതയിൽ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ 2014-ൽ അനുവദിച്ച 21 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം സ്വകാര്യ മേഖലയിലൂടെ ഇത്തരം പദ്ധതികൾ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ 30 കൊല്ലത്തേക്ക് BOOT അടിസ്ഥാനത്തിൽ അനുവദിക്കുന്നതിനും ഇതിന്റെ വിശദമായ രൂപരേഖകൾ പരിശോധിച്ച് അനുവാദം കൊടുക്കുന്നതിനും ഈ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിന് സാങ്കേതിക കമ്മിറ്റിയും പദ്ധതി പ്രവർത്ത നത്തിലെ പ്രശ്നങ്ങൾ എളുപ്പത്തിൽ പരിഹരിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷതിയിലുള്ള വകുപ്പ് തലവന്മാരുടെ കമ്മിറ്റിയും ഉണ്ട്. കൂടാതെ ഊർജ്ജ വകുപ്പ് സെക്രട്ടറിയും വകുപ്പുമന്ത്രിയും ഇതിന്റെ വിവിധ പ്രവർത്തനങ്ങൾ അവലോകനം

ചെയ്യുന്നു. 2017-ൽ 20 ചെറുകിട ജല വൈദ്യുത പദ്ധതികൾ സ്വകാര്യ സംരംഭകർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് സോളാർ വൈദ്യുതോത്പാദനം വർദ്ധിപ്പിക്കാൻ അനെർട്ട് പല പദ്ധതികളും ആവിഷ്കരിച്ചു വരുന്നു. അക്ഷയ ഊർജ്ജ സ്രോതസ്സുകളുടെ അസ്ഥിരമായ വൈദ്യുതോത്പാദനം സംബന്ധിച്ച ആശങ്കകൾക്ക് പരിഹാരമാകുമെന്ന രീതിയിൽ ഒരു റിസർച്ച്-ഡമോൺസ്ട്രേഷൻ പ്രോജക്ടായി ഒരു സോളാർ-വിൻഡ് ഹൈബ്രിഡ് പ്രോജക്ട് രാമക്കൽമേട്ടിൽ സ്ഥാപിക്കാൻ അനെർട്ട് നടപടി സ്വീകരിച്ചുവരുന്നു. 3 മെഗാവാട്ട് വൈദ്യുതോത്പാദന സംവിധാനമാണ് ഈ പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. ഇതിൽ ഒരു മെഗാവാട്ട് സൗര വൈദ്യുതോത്പാദന സംവിധാനം 2018 മാർച്ച് 31-ന് മുമ്പ് പൂർത്തീകരിക്കാനും, 2 മെഗാവാട്ട് 2018 സെപ്തംബർ 30-ന് മുമ്പ് പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇത് സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനുപുറമെ 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതിയുടെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

അനെർട്ട് സ്വന്തമായി പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2 മെഗാവാട്ട് ശേഷിയുള്ള ഒരു സൗരോർജ്ജ നിലയം സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ചു വരുന്നു. 2016 ഡിസംബർ 9-ന് കമ്മീഷൻചെയ്ത പ്രസ്തുത പദ്ധതിയിൽനിന്നും നാളിതുവരെ മുപ്പത് ലക്ഷത്തിലധികം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ച് കെ.എസ്.ഇ.ബി.എൽ-ന്റെ വൈദ്യുത ഗ്രിഡിലേക്ക് കടത്തിവിട്ടിട്ടുണ്ട്. അനെർട്ടും കെ.എസ്.ഇ.ബി.-യും തമ്മിലുള്ള പവർ പർച്ചേസ് നടപടികൾ പൂർത്തീകരിക്കാനുണ്ട്. സൗരോർജ്ജമുപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് താഴെ പറയുന്ന വിവിധതരം റൂഫ് ടോപ്പ് സോളാർ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു :

1. <u>സോളാർ ശൃംഖലാബന്ധിത പദ്ധതി (സോളാർ കണക്ട്)</u> :

   മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉപയോഗം കഴിഞ്ഞ് അധികം വരുന്നത് വൈദ്യുത വിതരണ കമ്പനികളുടെ ലൈനിലേക്ക് നൽകുന്ന പദ്ധതിയാണിത്. ഇത് ഗാർഹികവും ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് സബ്സിഡിയോടുകൂടിയും മറ്റ് വിഭാഗങ്ങളിൽപ്പെട്ടവർക്ക് സബ്സിഡിയില്ലാതെയും നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയിൽ ഇതുവരെ 8 മെഗാവാട്ടിൽ അധികം സ്ഥാപിതശേഷി കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷം 10 മെഗാവാട്ട് കൂടി ഇത്തരത്തിൽ നടപ്പിലാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നു.

2. സോളാർ സ്മാർട്ട് : വൈദ്യുത ശൃംഖലയുമായി ബന്ധമില്ലാത്തതും ബാറ്ററി ഉപയോഗിക്കുന്നതുമായ പദ്ധതിയാണിത്. മേൽക്കൂരയിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് സ്വന്തമായി ഉപയോഗിക്കുന്നു. 2017-18 വർഷം 6.4 മെഗാവാട്ടാണ് ലക്ഷ്യമിടുന്നത്. ഇത്തരം പദ്ധതികളുടെ ഭാഗമായി 13 മെഗാവാട്ട് സ്ഥാപിതശേഷി ഇതുവരെ കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനോടകം ഇടുക്കി ജില്ലയിൽ 1625 വീടുകളും, പാലക്കാട് ജില്ലയിൽ 681 വീടുകളും, വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ സംവിധാനം വഴി വൈദ്യുതീകരിച്ചു കഴിഞ്ഞു. 2016-17 അവസാനത്തോടെ പൂർത്തിയാക്കിയ പതിനായിരം റൂഫ് ടോപ്പ് സോളാർ പവർ പ്ലാന്റ് പദ്ധതിപ്രകാരം 9837 വീടുകളിൽ 1 കിലോവാട്ട് വീതം ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ കേന്ദ്ര-സംസ്ഥാന സബ്സിഡിയോടുകൂടി നടപ്പാക്കുകയുണ്ടായി. ഇവ ഏകദേശം 10 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് പര്യാപ്തമാണ്.

(ബി) ഉണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പദ്ധതി ആസൂത്രണവും നടത്തിപ്പും കാര്യക്ഷമമാക്കുന്നതിനുള്ള പരിപാടികൾ നടപ്പിലാക്കി വരുന്നു. എല്ലാ വീടുകളും വൈദ്യുതീകരിക്കപ്പെട്ട, രാജ്യത്തെ ആദ്യ സംസ്ഥാനമായി കേരളം മാറി. സമ്പൂർണ വൈദ്യുതീകരണം എന്ന സ്ഥിതി നിലനിർത്തുന്നതിനോടൊപ്പം ഇടതടവില്ലാതെ വൈദ്യുതി വിതരണം ചെയ്യുന്നതിനും വിതരണ ശൃംഖലയുടെ കാര്യക്ഷമത വളരെ പ്രധാനമാണ്. വിതരണ ശൃംഖലയുടെ നവീകരണവും കാര്യക്ഷമമായ പ്രവർത്തനവും ഉറപ്പുവരുത്തുന്നതിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിതരണ ശൃംഖല ഒരു നെറ്റ്‌വർക്ക് എന്ന നിലയിൽ വികസിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിക്കുന്നത്. ഇതിനായി സർക്കിൾ അടിസ്ഥാനത്തിൽ പ്രോജക്ട് മോണിറ്ററിംഗ് യൂണിറ്റുകളും സബ് ഡിവിഷൻ അടിസ്ഥാനത്തിൽ പ്രോജക്ട് മോണിറ്ററിംഗ് സബ് യൂണിറ്റുകളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. എച്ച്.ടി ലൈനുകളുടെയും എൽ.ടി ലൈനുകളുടെയും നവീകരണവും ആധുനികവത്കരണവും വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികളും ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്യുന്നതാണ്. വൈദ്യുതി പ്രസരണരംഗത്ത് 10,000 കോടി രൂപയോളം മുതൽമുടക്ക് വരുന്ന ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കേരളത്തിലുടനീളം വൈദ്യുതി വിതരണം കാര്യക്ഷമമായി നടത്താൻ കഴിയുന്ന വിധത്തിൽ പ്രസരണ ശൃംഖല കാര്യക്ഷമമാക്കുകയും പ്രസരണശേഷി ഇരട്ടിയായി വർദ്ധിപ്പിക്കുകയുമാണ് ട്രാൻസ്ഗ്രിഡ് 2.0 പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിന്റെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

(സി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മുടങ്ങിക്കിടന്നിരുന്ന പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം, ചാത്തൻകോട്ടുനട- II, തോട്ടിയാർ എന്നീ പദ്ധതികൾ വ്യക്തമായ ആസൂത്രണത്തിലൂടെ നിർമ്മാണം പുനരാരംഭിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഫലമായി പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ നിർമ്മാണം 11-4-2017-ൽ പുനരാരംഭിക്കുകയുണ്ടായി. തോട്ടിയാർ പദ്ധതിയുടെ ബാലൻസ് സിവിൽ വർക്കുകൾ 5-1-2018-ൽ അവാർഡ് ചെയ്തിട്ടുണ്ട്. ചാത്തൻ കോട്ടുനട-II പദ്ധതിയുടെ ബാലൻസ് സിവിൽ വർക്കുകൾ 9-11-2017-ൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളും അവ പൂർത്തീകരിക്കേണ്ട കാലാവധിയും ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | പദ്ധതിയുടെ ശേഷി | പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്ന തീയതി |
|---|---|---|---|
| 1 | കക്കയം | 3 MW | 3/2018 |
| 2 | പെരിങ്ങൽക്കുത്ത് | 24 MW | 10/2018 |
| 3 | ഭൂതത്താൻകെട്ട് | 24 MW | 12/2018 |
| 4 | ചെങ്കുളം ഓഗ്മെന്റേഷൻ -85 MU | - | 12/2020 |
| 5 | ചാത്തൻകോട്ടുനട -II | 6 MW | 11/2019 |
| 6 | തോട്ടിയാർ | 40 MW | 6/2020 |
| 7 | പള്ളിവാസൽ എക്സ്റ്റൻഷൻ | 60 MW | 12/2020 |
| 8 | അപ്പർകല്ലാർ | 2 MW | 12/2018 |
| 9 | പഴശ്ശിസാഗർ | 7.5 MW | 4/2020 |
| | ആകെ | 166.5 MW | |

## ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കൽ

6 (*35) ശ്രീ. കെ. രാജൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ആരാധനാലയത്തെ ദേശീയ തീർത്ഥാടന കേന്ദ്രം ആയി പ്രഖ്യാപിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശത്തുനിന്നുപോലും തീർത്ഥാടകർ എത്തുന്ന ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(സി) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചാൽ ഉണ്ടാകുന്ന നേട്ടങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കുന്നതും അതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാരാണ്.

(ബി) ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് 14-5-2015-ൽ സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു. ഇത് കൂടാതെ 2017-18-ലെ ശബരിമല മണ്ഡല മകരവിളക്ക് മഹോത്സവത്തോടനുബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന തെന്നിന്ത്യൻ സംസ്ഥാനങ്ങളുടെ ദേവസ്വം മന്ത്രിമാരുടെ യോഗത്തിലും ശബരിമലയെ ഒരു ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കാൻ ഐകകണ്ഠ്യേന തീരുമാനം കൈക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന് വീണ്ടും ശിപാർശ സമർപ്പിച്ചിട്ടുണ്ട്.

(സി) ശബരിമലയെ ദേശീയ തീർത്ഥാടന കേന്ദ്രമായി പ്രഖ്യാപിച്ചാൽ നിലവിൽ പ്രധാനമായും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് തീർത്ഥാടകർ എത്തിച്ചേരുന്ന ശബരമല ദേശീയതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന തീർത്ഥാടന കേന്ദ്രമായി മാറുന്നതാണ്. കൂടാതെ ശബരിമലയുടെ ഭാവി വികസനത്തിന് മതിയായ കേന്ദ്ര ഫണ്ട് ലഭ്യമാകുന്നതാണ്. തീർത്ഥാടകർക്കായി അന്തർ ദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ ശബരിമലയിൽ ഒരുക്കാൻ സാധിക്കുന്നതാണ്.

## സ്വകാര്യ മേഖലയിലെ ജലവൈദ്യുത പദ്ധതികൾ

7(* 36) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ഡോ. എം. കെ. മുനീർ :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ ജലവൈദ്യുത പദ്ധതികൾ പ്രവർത്തിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പുതുതായി സ്വകാര്യ മേഖലയിൽ പദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാം ; വിശദീകരിക്കുമോ;

(സി) ഇവർ ഉത്പാദിപ്പിക്കുന്ന വൈദ്യുതി ആരാണ് വിതരണം ചെയ്യുന്നത്;

(ഡി) കെ.എസ്.ഇ.ബി. ഈ വൈദ്യുതി വാങ്ങുന്നുണ്ടോ; എങ്കിൽ എന്ത് നിരക്കിൽ; വിശദാംശം വെളിപ്പെടുത്തുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) ഉണ്ട്. നിലവിൽ സ്വകാര്യ സംരംഭകർ വഴി ആകെ 67.57 മെഗാവാട്ടിന്റെ 9 പദ്ധതികൾ പൂർത്തീകരിച്ച് കെ.എസ്.ഇ.ബിയുടെ ഗ്രിഡുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ അനുബന്ധം - 1 ആയി ചേർക്കുന്നു.*

(ബി-ഡി) ഉണ്ട്. 2017 ഡിസംബറിൽ 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ പുതുതായി സ്വകാര്യ സംരംഭകർക്ക് സർക്കാർ അനുവദിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.* കൂടാതെ തൃശ്ശൂർ കോർപ്പറേഷന് ആകെ 25MW സ്ഥാപിതശേഷി പ്രതീക്ഷിക്കുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർ, കേരള സ്മാൾ ഹൈഡ്രോ പവർ പോളിസി 2012 പ്രകാരം (IPP)/(CPP) ഉത്പാദിപ്പിക്കുന്ന വൈദ്യുതി വാങ്ങാനുള്ള first right കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിനാണ്. ഇതിനുവേണ്ട താരിഫും മറ്റ് വ്യവസ്ഥകളും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ തീരുമാനിക്കുന്ന പ്രകാരമായിരിക്കും. ഇത്തരത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡുമായി പവർ പർച്ചേസ് എഗ്രിമെന്റ് (പി.പി.എ.) വയ്ക്കുന്ന സ്വകാര്യ സംരംഭകർ അതത് സമയങ്ങളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷൻ അംഗീകരിക്കുന്ന താരിഫിൽ 30/25 വർഷത്തേയ്ക്ക് PPA വച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഗ്രിഡിലേയ്ക്ക് വൈദ്യുതി നൽകുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കെ.എസ്.ഇ. ബി.എൽ വൈദ്യുതി വാങ്ങുന്ന നിരക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| അള്ളുങ്കൽ | ₹ 2.44 / Unit |
| ഇരുട്ടുകാനം (I+II) | ₹ 2.7 / Unit |
| കാരിക്കയം | ₹ 4.16 /Unit |
| പതങ്കയം | ₹ 3.49 / Unit |
| | (ഇടക്കാല നിരക്ക്) |

**ട്രഷറി നിയന്ത്രണം**

8(* 37) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറിയിൽനിന്നും പണം പിൻവലിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) കോൺട്രാക്ടർമാരുടെ ബില്ലുകൾ കെട്ടിക്കിടക്കുന്നതുമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിലാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം, തോമസ് ഐസക്):

(എ) സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നും ഇല്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നുപോരുന്ന ഒരു നടപടിക്രമവുമാണ്. ചരക്ക് സേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത്

മാസത്തിന്റെ ആദ്യ പ്രവൃത്തി ദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവൃത്തിദിനത്തിൽ ലഭിച്ചു കൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനഃക്രമീകരിച്ചു. ഇതുകൂടാതെ ചരക്ക് സേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടി-യുടെ ഗണ്യമായ പങ്കും മാസത്തിന്റെ പകുതിക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap പലപ്പോഴും, റിസർവ് ബാങ്കിന്റെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റിനുള്ള ഉപാധികളായ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി, വെയ്സ് ആന്റ് മീൻസ്, ഓവർ ഡ്രാഫ്റ്റ് എന്നിവ മുഖാന്തരം ശേഖരിക്കാവുന്ന പരിധിക്കും മുകളിലാണ്. ടി പ്രതികൂല സാഹചര്യം തരണം ചെയ്യുന്നതിനാവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ നവംബർ-ഡിസംബർ മാസങ്ങളിലായി ഏർപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണ ങ്ങളൊന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല.

(ബി&സി) ഇല്ല. 2017 മേയ് മാസം വരെയുള്ള കോൺട്രാക്ടർമാരുടെ ബില്ലുകൾ പാസ്സാക്കി നൽകിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ കോൺട്രാക്ടർമാരുടെ ബിൽ കുടിശ്ശിക തീർക്കുന്നതിനായി മാത്രം 2,470.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിലുള്ള കുടിശ്ശിക 608.92 കോടി രൂപയാണ്. ടി കുടിശ്ശികയും മുൻഗണനാക്രമത്തിൽത്തന്നെ അനുവദിക്കുക എന്നതാണ് സർക്കാർ നയം.

## സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടി

9(* 39) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) പുതുക്കിയ വ്യവസായ നയം രൂപീകരിച്ചിട്ടുണ്ടോ; കരടുനയം സംബന്ധിച്ച് വിവിധ ഏജൻസികളുമായി ആശയവിനിമയം നടത്തി അവരുടെകൂടി നിർദ്ദേശം ഉൾപ്പെടുത്തിയിട്ടാണോ അന്തിമ നയം തയ്യാറാക്കിയത്;

(സി) തൊഴിലുടമകൾക്ക് ചരക്ക് കയറ്റിയിറക്കുവാൻ സ്വന്തം ജീവനക്കാരും യന്ത്രസാമഗ്രികളും ഉണ്ടെങ്കിൽ ചുമട്ടുതൊഴിലാളികളെ വാടകയ്ക്ക് എടുക്കേണ്ട എന്ന ഭേദഗതി ചുമട്ടുതൊഴിലാളി നിയമത്തിൽ വരുത്തിയിട്ടുണ്ടോ;

(ഡി) ഇതിനെതിരെ ചുമട്ടുതൊഴിലാളി സംഘടനകൾ സമരരംഗത്താണോ; എങ്കിൽ പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അതിനായി നിലവിലുള്ള വിവിധ വകുപ്പുകളുടെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങളുടെ സുഗമമായി നടത്തിപ്പിനായി താഴെപ്പറയുന്ന ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തി കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് എന്ന പേരിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു.

1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994
2. കേരള മുനിസിപ്പാലിറ്റി ആക്ട് - 1994
3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് - 2013
4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002
5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978
6. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960
7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999.

സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷകളിന്മേൽ ഫലപ്രദമായും സമയ

ബന്ധിതമായും പരിശോധന നടത്തുന്നതിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPFC)" രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിൽ ലഭ്യമാക്കുന്നതിനും അവയുടെ പുരോഗതി സംരംഭകർക്ക് വേഗം മനസ്സിലാക്കുവാനും കഴിയും. ബന്ധപ്പെട്ട വകുപ്പുകളിലെയും ഏജൻസികളിലെയും അപേക്ഷ ഫോറങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഓൺലൈൻ സംവിധാനം അനായാസം വ്യവസായനുമതി ലഭ്യമാക്കുവാൻ സഹായകമായിരിക്കും. മേൽപ്പറഞ്ഞ ഓർഡിനൻസ് ഈ നിയമസഭാ സമ്മേളന കാലത്ത് ബിൽ ആയി അവതിപ്പിക്കുന്നതാണ്.

(ബി) സർക്കാരിന്റെ വ്യവസായ വാണിജ്യ നയത്തിന്റെ കരട്ടുരേഖയിലും സുഗമമായി വ്യവസായ സംരംഭങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത കരട്ടുരേഖ സംബന്ധിച്ച് കേരളത്തിലെ നാല് ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരെയും സംരംഭകരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള മുഖാമുഖ ചർച്ച സംഘടിപ്പിച്ചിരുന്നു. വ്യവസായികൾ, വ്യവസായ അസ്സോസിയേഷൻ, ട്രേഡ് യൂണിയൻ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഈ ചർച്ചയിൽ പങ്കെടുത്തു. വ്യവസായ മേഖല നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം, വളർച്ചയ്ക്ക് സാധ്യതയുള്ള സമയോചിതവും പ്രായോഗികവുമായ നൈപുണ്യ വികസനം, തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കൽ തുടങ്ങിയവയ്ക്കുവേണ്ടിയുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വ്യവസായ നയത്തിൽ ഉൾക്കൊള്ളിക്കുന്നതിനായിട്ടാണ് പ്രധാനമായും ഈ ചർച്ചകൾ സംഘടിപ്പിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ വാണിജ്യ നയത്തിന്റെ പുതുക്കിയ കരട് നയം തയ്യാറാക്കിയിട്ടുള്ളത്.

(സി&ഡി) 2017-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിൽ 1978-ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട്-ന് കാതലായ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ പുതുതായി 9.A, 9.B എന്നീ സെക്ഷനുകൾ ചേർത്തിരിക്കുന്നു. ഇത് സംബന്ധിച്ച് 22-11-2017-ൽ വിവിധ തൊഴിലാളി സംഘടന നേതാക്കളുമായി വ്യവസായ വകുപ്പുമന്ത്രിയുടെയും തൊഴിൽ വകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. തൊഴിലാളി വിരുദ്ധമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. നിയമസഭയിൽ ഇത് ബിൽ ആയി അവതരിപ്പിക്കുമ്പോൾ വിശദമായ ചർച്ചയ്ക്ക് അവസരം ലഭിക്കുന്നതാണ്.

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ പദ്ധതി

10(* 40) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. വി.അബ്ദുൾ ഖാദർ :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിൻെറ കാലത്ത് നിരന്തരം നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഈ വർഷം ആദ്യപകുതിയിൽ 34 കോടി രൂപ ലാഭം എന്ന അഭിമാനാർഹമായ നേട്ടം കൈവരിച്ചതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ ;

(ബി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെക്കൂടി ലാഭത്തിലാക്കുന്നതിനായി അവയെ നവീകരിച്ച് പുനരുദ്ധരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുകയെന്ന കേന്ദ്ര സർക്കാർ നയത്തിനു വിപരീതമായി,സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി കഴിഞ്ഞ രണ്ട് ബജറ്റിലൂടെ നൽകിയ ധനസഹായം വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015-16 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 131.87 കോടി രൂപയായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ കാലയളവിൽ 2016-17-ൽ മൊത്തം നഷ്ടം 80.67 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു. 2017-18 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലെ ആഡിറ്റിനുമുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 34.19 കോടി രൂപയാണ്. KMML, TTPL, TCCL, KSIDC എന്നീ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനമാണ് ഈ നേട്ടം കൈവരിക്കുവാനുള്ള പ്രധാന കാരണം. 2017-18-ലെ ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ KMML 136.05 കോടി രൂപയുടെ റെക്കോർഡ് ലാഭവും നേടുകയുണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ

വകുപ്പിന്റെ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച് റിയാബ് മുഖേന വിശകലനം നടത്തി അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം എന്നീ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. ഇതിനായി മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ പദ്ധതി വിഹിതം നൽകിവരികയും ചെയ്യുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധി പ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്ന തുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണിയിൽനിന്നും നേരിടുന്ന കനത്ത മത്സരത്തെ അതിജീവിക്കത്തക്കവിധത്തിൽ അവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സർക്കാർ മുൻഗണന നൽകി നടപ്പിലാക്കിവരുന്നത്. 2018-19 സാമ്പത്തിക വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾ റിയാബ് മുഖേന പരിശോധിച്ചുവരികയാണ്.

(സി) 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻസാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു.

## ഗെയിൽ പൈപ്പ് ലൈൻ പദ്ധതി

11(* 41) ശ്രീ. കെ. ദാസൻ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ വാതക പൈപ്പ് ലൈനിന്റെ സ്ഥലമെടുപ്പും സുരക്ഷയുമായി ബന്ധപ്പെട്ട് ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) മുൻസർക്കാരിന്റെ കാലത്ത് ദ്രവീകൃത വാതക പൈപ്പ് ലൈനിന്റെ റൂട്ട് നിശ്ചയിച്ചിരുന്നോ; രാഷ്ട്രീയ നേട്ടത്തിനായി പദ്ധതിക്ക് വിഘാതം വരുത്തുവാൻ ശ്രമം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ വ്യവസായ ഗതാഗത മേഖലകളിലെ വികസനത്തിന് ഏറെ പ്രയോജനകരമാകുന്ന ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സർവകക്ഷി യോഗത്തിൽ ഉണ്ടായ ചർച്ചകളുടെകൂടി അടിസ്ഥാനത്തിൽ നടപ്പിലാക്കിയ കാര്യങ്ങൾ അറിയിക്കാമോ ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ&സി) ഗെയിൽ-പ്രകൃതിവാതക പൈപ്പ് ലൈനിന്റെ സ്ഥലമെടുപ്പും സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിലെ ഭൂഉടമകളുടെ ആശങ്കയും ആവശ്യവും അവർക്ക് നൽകേണ്ടതായ നഷ്ടപരിഹാരവും സംബന്ധിച്ച് ഉദാരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വകുപ്പ് മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ തലങ്ങളിൽ യോഗം വിളിച്ചിരുന്നു. പത്ത് സെന്റോ അതിനു താഴെയോ മാത്രം ഭൂമിയുള്ളവർക്ക് ആശ്വാസധനമായി 5 ലക്ഷം രൂപ നൽകണമെന്നും കണ്ണൂർ ജില്ലയിൽ നിശ്ചയിച്ച പ്രകാരം നെൽവയലുകളുടെ നഷ്ടപരിഹാരത്തിനു പുറമെ സെന്റിന് 3,761 രൂപ നിരക്കിലുള്ള പ്രത്യേക നഷ്ടപരിഹാരം നൽകണമെന്നും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പത്ത് സെന്റോ അതിനു താഴെ മാത്രം ഭൂമിയുള്ളവരുടെ പൈപ്പ് ലൈൻ ഇടാൻ ഉപയോഗിക്കുന്ന സ്ഥലം വെറും 2 മീറ്റർ ആയി ചുരുക്കും. നിലവിലെ വീടുകൾ സംരക്ഷിക്കപ്പെടുകയും ഭാവിയിൽ വീട് വയ്ക്കത്തക്ക രീതിയിൽ അലൈൻമെന്റ് ഒരു വശത്തുകൂടി 2 മീറ്റർ വീതിയിൽ മാത്രം ക്രമപ്പെടുത്തും. ബാക്കിയുള്ള സ്ഥലത്തിന് വീട് വയ്ക്കാനുള്ള സ്ഥലം അടയാളപ്പെടുത്തി അനുമതി പത്രമായി ഉപയോഗിക്കാൻ കഴിയുന്ന ഭൂരേഖ ഉടമകൾക്ക് കൈമാറും. ജനവാസ മേഖലയെ കഴിവതും ഒഴിവാക്കിയാണ് പൈപ്പ് ലൈൻ കടന്നു പോകുന്നത്. എന്നാൽ കേരളത്തിന്റെ സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് പൂർണ്ണമായും പാലിക്കാൻ കഴിയില്ല. ജനവാസ മേഖലയിലൂടെ പൈപ്പ് ലൈൻ കടന്നു പോകുന്നതുകൊണ്ട് ജനങ്ങൾക്ക് യാതൊരു രീതിയിലുള്ള ആശങ്കയും ആവശ്യമില്ല. ജനസാന്ദ്രത കൂടിയ മേഖലയിൽ വിന്യസിക്കുന്ന പൈപ്പ് ലൈനുകൾക്ക് ക്ലാസിഫിക്കേഷൻ അനുസരിച്ച് കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകല്പന ചെയ്തിരിക്കുന്നു. ഇത് സംബന്ധിച്ച് തെറ്റിദ്ധാരണകളും, വ്യാജ പ്രചരണങ്ങളും ദൂരീകരിക്കുന്നതിനായി പഞ്ചായത്ത് തോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ദൃശ്യ/പത്ര മാധ്യമങ്ങളിലൂടെയും ലഘുലേഖനങ്ങൾ മുഖേനയും എഫ്.എം. റേഡിയോവഴിയും ഈ

പദ്ധതിയുടെ സുരക്ഷയും പ്രയോജനവും പ്രചരിപ്പിച്ചു വരുന്നു. ഇതിലുപരിയായി പോലീസ് കർമ്മസേന രൂപീകരിച്ച് പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും നടത്തിക്കൊണ്ടിരിക്കുന്നു.

(ബി) 1962-ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ് ലൈൻ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഭൂമിയുടെ അവകാശം ഏറ്റെടുക്കുകയും പൈപ്പ് ലൈൻ വിന്യസിക്കുകയും ചെയ്യുന്നത്. 2011-ൽ തന്നെ പൈപ്പ് ലൈനിനു വേണ്ടിയുള്ള റൂട്ട് നിശ്ചയിക്കുകയുണ്ടായി. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികൾ ഈ പദ്ധതിക്കുവേണ്ട പൂർണ്ണ പിന്തുണ നൽകിവരുന്നുണ്ട്. എന്നാൽ ചില തൽപ്പരകക്ഷികളും സംഘടനകളും ചില പ്രദേശങ്ങളിൽ ഈ പദ്ധതിയെ അട്ടിമറിക്കാനുള്ള ശ്രമം നടത്തുന്നതായി തോന്നിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതു സമൂഹത്തിന്റെ പിന്തുണയോടുകൂടി ഈ എതിർപ്പിനെ മറികടന്ന് സംസ്ഥാന പുരോഗതിക്കായി ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## നികുതി വരുമാനത്തിലെ ചോർച്ച

12(* 42) ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ബാബു :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒന്നരക്കോടി രൂപവരെ വിറ്റുവരവുള്ള ചെറുകിട നികുതിദായകർ ഒഴികെയുള്ള നികുതിദായകരിൽ പകുതി പേരുടെ മാത്രം നിയന്ത്രണമുള്ളത്,നികുതി നിർണ്ണയത്തിലെന്നതുപോലെ നികുതി ഭരണത്തിലും സംസ്ഥാനത്തിന്റെ അധികാരം ശോഷിപ്പിക്കുന്നതിന് കാരണമായിട്ടുണ്ടോ; നികുതി പിരിവിന്റെ കാര്യക്ഷമതയെ ഇത് എങ്ങനെ ബാധിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) ഏകീകൃത കമ്പോളവൽക്കരണത്തിന്റെ ഫലമായി ചെക്ക്പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചത് സംസ്ഥാനത്തെ നികുതി വരുമാനത്തിൽ ചോർച്ച യുണ്ടാക്കാനിടയുള്ളതായി കരുതുന്നുണ്ടോ; എങ്കിൽ ഇത് തടയാനായി എന്ത് സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നു;

(സി) ഭൗതിക പരിശോധന ഒഴിവാക്കിക്കൊണ്ടുള്ള ഇ-വേ ബിൽ സംവിധാനം നികുതി വെട്ടിപ്പ് തടയാൻ പര്യാപ്തമാണോ എന്ന് വ്യക്തമാക്കാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് ഒന്നരക്കോടി രൂപവരെ വിറ്റുവരവുള്ള 90% ഡീലേഴ്സിന്റെ ഫയലുകൾ സംസ്ഥാനങ്ങൾക്കും അതിനുമുകളിൽ വിറ്റുവരവുള്ള ഡീലേഴ്സിന്റെ ഫയലുകൾ ചരക്ക്, സേവനം എന്ന തരംതിരിവില്ലാതെ തുല്യമായി കേന്ദ്രത്തിനും സംസ്ഥാനത്തിനുമായി ജി.എസ്.ടി കൗൺസിലിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വിഭജിച്ച് നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന് ചരക്കുമായി ബന്ധപ്പെട്ട ചില പ്രധാന ഫയലുകൾ കേന്ദ്രത്തിന് കൈമാറിയിട്ടുണ്ടെങ്കിലും അവർ കൈകാര്യം ചെയ്തിരുന്ന സേവന മേഖലയിലെ ചില പ്രധാന ഫയലുകൾ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ട്. ആയതിനാൽ നികുതി നിർണ്ണയത്തിനും നികുതി ഭരണത്തിനും സംസ്ഥാനത്തിന്റെ അധികാരത്തിന് വലിയ ശോഷിപ്പൊന്നും ഉണ്ടായിട്ടില്ല. കൂടാതെ കേന്ദ്ര അധികാരികളുടെ കൈവശമുള്ള ഫയലുകളിലും ഏതെങ്കിലും ക്രമക്കേടുള്ളതായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടാൽ ആയതിന് വിശദമായ ആഡിറ്റ് പരിശോധനയ്ക്ക് വിധേയമാക്കാൻ ആവശ്യപ്പെടാനുള്ള അധികാരം സംസ്ഥാന അധികാരികൾക്കുണ്ട്. കൂടാതെ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിൽ നികുതി വെട്ടിപ്പുണ്ടോ എന്ന് പരിശോധിക്കാൻ സംസ്ഥാന അധികാരികൾക്ക് പൂർണ്ണ അധികാരമുണ്ട്. ആയതിനാൽ നികുതി പിരിവിന്റെ കാര്യക്ഷമതയെ ഇത്തരം ഫയൽ പുനർവിന്യാസം ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നില്ല.

(ബി) ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി. നടപ്പിലാകുന്നമുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാന ത്തിലായിരിക്കുമെന്നായിരുന്നു ധാരണ. എന്നാൽ ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിലുള്ള കടുത്ത ആശങ്ക കേരളത്തെപോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും അതിനെ തുടർന്ന് 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്കുനീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്കുകഴിയും. ഇത് ഒരു പരിധിവരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും.

(സി) ഇ-വേ ബിൽ സമ്പ്രദായം നടപ്പിലായതുകൊണ്ടുമാത്രം നികുതി വെട്ടിപ്പ് തടയാൻ കഴിയുമെന്ന് സർക്കാർ കരുതുന്നില്ല. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്ക് വാഹനങ്ങളുടെ ഭൗതിക പരിശോധന ആവശ്യമായി വരും. ആയതിനുവേണ്ടി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ

13(* 43) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഊർജ്ജ ഉപഭോഗം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ ആവിഷ്കരിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ സാധ്യതാപഠനം നടത്തുന്നതിനായി രൂപീകരിച്ച റിന്യൂവബിൾ എനർജി സേവിംഗ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(സി) 2022-ഓടെ പാരമ്പര്യേതര ഊർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി 1104.17 മെഗാ വാട്ടായി ഉയർത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ;

(ഡി) പൂവ്വാർ കടൽ തീരത്ത് 20 കിലോവാട്ട് ശേഷിയുള്ള 50 കാറ്റാടി യന്ത്രങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയും ജില്ലാ പഞ്ചായത്തുകളുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്ന പദ്ധതിയും പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഇ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സോളാർ പാർക്കിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണ്?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) :

(എ) ഉണ്ട്. സംസ്ഥാനത്ത് പാരമ്പര്യേതര വൈദ്യുതോത്പാദനം വർദ്ധിപ്പിക്കാൻ അനെർട്ട് ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

1. 3 മെഗാവാട്ട് വൈദ്യുതോത്പാദനം ലക്ഷ്യമിട്ട് ഒരു സോളാർ, വിന്റ് ഹൈബ്രിഡ് പദ്ധതി രാമക്കൽ മേട്ടിൽ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

2. അനെർട്ട് മുഖേന 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതി പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു.

3. സൗരോർജ്ജമുപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിന് സോളാർ ശൃംഖലാബന്ധിത പദ്ധതി (സോളാർ കണക്ട്), സോളാർ സ്മാർട്ട് റൂഫ് ടോപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NHPC-ക്ക് പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് 8 MW Wind Farm സ്ഥാപിക്കുവാനായി 7-12-2017-ലെ GO(Ms) No.24/2017/Power പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇത് സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. സോളാർ പദ്ധതികളിൽനിന്നും കാറ്റിൽ നിന്നും ചെറുകിട ജല വൈദ്യുത പദ്ധതികളിൽ നിന്നും വിവിധ പാരമ്പര്യേതര പദ്ധതികൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ആവിഷ്കരിച്ചു വരുന്നു. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. റിന്യൂവബിൾ എനർജി & എനർജി സേവിംഗ്സ് വിഭാഗം രൂപീകരിച്ചതിനുശേഷം താഴെപ്പറയുന്ന പാരമ്പര്യേതര പദ്ധതികൾ വിവിധ ഘട്ടങ്ങളിലായി നടത്തി വരുന്നു :

| പണി പൂർത്തിയാക്കിയവ | | |
|---|---|---|
| സോളാർ പദ്ധതികൾ | | 20 എണ്ണം |
| പണി നടന്നുവരുന്നതും ടെൻഡർ ഘട്ടങ്ങളിലുള്ളതുമായി പദ്ധതികൾ | | |
| (a) സോളാർ | | 17 എണ്ണം |
| (b) കാറ്റിൽ നിന്നുള്ളവ | | |
| KSEBL | - | 2 എണ്ണം |
| സ്വകാര്യ സ്ഥാപനങ്ങൾ | - | 5 എണ്ണം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

200 MW വീതം സോളാർ, കാറ്റ് എന്നിവയിൽ നിന്നുള്ള വൈദ്യുതി വാങ്ങുന്നതിനുള്ള ടെണ്ടർ നടപടിയും അവസാന ഘട്ടത്തിലാണ്. മേൽപ്പറഞ്ഞ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.* കൂടാതെ സോളാർ ഉപയോഗിച്ചുള്ള (വൈദ്യുത കാറുകളുടെ) ചാർജ്ജിംഗ് സ്റ്റേഷനുകളുടെ പദ്ധതി നടന്നുവരുന്നു.

(സി) സൗരോർജ്ജത്തിൽ നിന്നുള്ള വൈദ്യുതോല്പാദനം 2022-ഓടെ 1870 മെഗാവാട്ട് ശേഷി കൈവരിക്കുക എന്നതാണ് കേന്ദ്ര സർക്കാർ പ്രഖ്യാപന പ്രകാരം സംസ്ഥാനത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കുവാൻ താഴെപ്പറയുന്ന മൂന്ന് രീതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാനാണ് അനെർട്ട് ഉദ്ദേശിക്കുന്നത്.

1. സൗരോർജ്ജ മേൽക്കൂര വൈദ്യുതി നിലയങ്ങൾ വ്യാപകമാക്കുക വഴി - 970 മെഗാവാട്ട്
2. ജലാശയങ്ങളുടെ മുകൾപ്പരപ്പിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക വഴി - 600 മെഗാവാട്ട്
3. പാഴ് സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വൻകിട സൗരോർജ്ജ നിലയങ്ങൾ വഴി - 300 മെഗാവാട്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.*

കെ.എസ്.ഇ.ആർ.സി-യുടെ 2.-11-2017-ലെ നോട്ടിഫിക്കേഷൻ പ്രകാരം 2017-18-ലേക്ക് 1.5% സോളാറും 6% സോളാർ അല്ലാത്ത പാരമ്പര്യേതര ഊർജ്ജവും 2018-19-ലേക്ക് 2.75% സോളാറും 7% സോളാർ അല്ലാത്ത പാരമ്പര്യേതര ഊർജ്ജവും കൈവരിക്കേണ്ടതായിട്ടുണ്ട്. അതിനുവേണ്ടി ഇതുവരെ 103.92 MW സ്ഥാപിതശേഷിയുള്ള സോളാർ പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുകൂടാതെ 2017-18, 2018-19 വർഷങ്ങളിൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം അനുബന്ധം - IV ആയി ചേർത്തിരിക്കുന്നു.* ഇതിനുപുറമേ NTPC -യിൽ നിന്നും 2018-19-ലേയ്ക്കുവേണ്ടി 150 MW സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. 2019-20 സാമ്പത്തിക വർഷത്തിലേക്ക് 200 MW സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനുള്ള ദർഘാസുകൾ തയ്യാറാക്കി വരുന്നുണ്ട്. സൗരോർജ്ജമല്ലാതെ കാറ്റിൽനിന്നും ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിന്നും താഴെപ്പറയുന്ന പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കാൻവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| പദ്ധതി | സ്ഥാപിതശേഷി (MW) |
|---|---|
| **I. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്** | |
| 1. മൈക്രോവിൻഡ്, പൂവാർ | 1 |
| 2. കഞ്ചിക്കോട് | 2.5 |
| ആകെ | 3.5 |
| **II. സ്വകാര്യ സംരംഭകർ** | |
| 1. അഗളി എൻ.എച്ച്.പി.സി. | 8 |
| 2. രാമക്കൽമേട് പവർ പ്രൈവറ്റ് ലിമിറ്റഡ് | 2 |
| 3. കൊശമറ്റം ഫിനാൻസ് | 1 |
| 4. അനെർട്ട് രാമക്കൽമേട് | 15 |
| 5. മലയാള മനോരമ | 10 |
| 6. റിവേഴ്സ് ബിഡ്ഡിംഗ് | 200 |
| ആകെ | 236 MW |

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിലൊന്നായ ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി നിർമ്മാണം നടന്നുവരുന്ന 6 ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി 66.5 മെഗാവാട്ടും, 13 പുതിയ ചെറുകിട ജലവൈദ്യുത പദ്ധതികൾ വഴി 123 മെഗാവാട്ടും അധിക സ്ഥാപിതശേഷി കൈവരിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. വിശദാംശങ്ങൾ അനുബന്ധം V ആയി ചേർത്തിരിക്കുന്നു.* 2014-ൽ ബൂട്ട് (BOOT) അടിസ്ഥാനത്തിൽ അനുവദിച്ച 21 ചെറുകിട ജലവൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി നടപ്പിലാക്കാൻവേണ്ട നടപടികൾ കൈക്കൊണ്ടു വരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2020-ഓടെ ഈ പദ്ധതികളിൽനിന്നും ഏകദേശം 40 MW സ്ഥാപിതശേഷി കൈവരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം VI ആയി ചേർത്തിരിക്കുന്നു.* കൂടാതെ 2017-ൽ 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ ബൂട്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന് അനുവദിച്ചിട്ടുണ്ട്. 2022-ാടു കൂടി ഇതിൽ ചില പദ്ധതികളെങ്കിലും പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ലിസ്റ്റ് അനുബന്ധം VII ആയി ചേർത്തിരിക്കുന്നു.*

(ഡി) പൂവാർ കടൽത്തീരത്ത് മത്സ്യബന്ധന കോളനി പ്രദേശത്ത് 1 MW ശേഷിയുള്ള ചെറുകാറ്റാടി യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കാറ്റാടിപ്പാടം സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ജില്ലാ പഞ്ചായത്തുകളുടെ മേൽക്കൂരയിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികളുടെ വിവരം അനുബന്ധം- VIII ആയി ചേർത്തിരിക്കുന്നു.*

(ഇ) ചീമേനിയിൽ സോളാർ പാർക്ക് സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## നാനോ വ്യവസായ യൂണിറ്റുകൾ

14(* 44) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> :
<u>ശ്രീമതി പി. അയിഷാ പോറ്റി</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിൽ നാനോ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത്തരം നാനോയൂണിറ്റുകൾ തുടങ്ങുന്നതിനായി എന്തെല്ലാം ഇളവുകൾ നൽകാനാണുദ്ദേശിക്കുന്നത്;

(സി) നാനോ യൂണിറ്റുകളെ തദ്ദേശ സ്ഥാപനങ്ങളുടെ ലൈസൻസ് പരിധിയിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇത്തരം യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാനോ യൂണിറ്റ് ശൃഖലയെ നികുതിയിൽനിന്ന് ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ&ബി) സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും സാമൂഹിക സാഹചര്യങ്ങളും കണക്കിലെടുക്കുമ്പോൾ സൂക്ഷ്മ ചെറുകിട വ്യവസായങ്ങൾക്കും അതിസൂക്ഷ്മ നാനോ വ്യവസായങ്ങൾക്കും വളരെ പ്രാധാന്യമുണ്ട്. അതിനായി സർക്കാർ ഗാർഹിക നാനോ വ്യവസായ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 5 ലക്ഷം രൂപയിൽ താഴെ യന്ത്ര സാമഗ്രികളിൽ സ്ഥിര നിക്ഷേപം വരുന്ന വീടിനോട് ചേർന്നോ, അല്ലെങ്കിൽ വീടിനുള്ളിൽത്തന്നെയോ തുടങ്ങാവുന്ന വ്യവസായങ്ങൾക്കാണ് നാനോ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും അഞ്ച് ലക്ഷം രൂപ വരെ ടേം വായ്പ എടുക്കുന്ന സംരംഭകർക്ക് വാർഷിക പലിശയിൽ 6% സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾക്കും പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കും പലിശയിൽ 8% വരെ പലിശ മടക്കിക്കൊടുക്കുന്നു. 3 വർഷം ഇതേരീതിയിൽ സബ്സിഡി നൽകുന്നു.

(സി) പരിസ്ഥിതി ദോഷമില്ലാത്ത ഗാർഹിക യൂണിറ്റുകളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ലൈസൻസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള കൂടിയാലോചനകൾ തുടരുന്നു.

(ഡി) ഇല്ല.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

15(* 45) ശ്രീ. കെ. ബാബു :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഭിന്നശേഷിക്കാർ,വനിതകൾ,പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ഭിന്നലിംഗക്കാർ എന്നിവർക്ക് മെച്ചപ്പെട്ട അവസരങ്ങൾ ലഭിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ മേഖലയിൽ കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ഉണ്ട്. ഉത്തരവാദിത്വ ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

(ബി) സംസ്ഥാനത്ത് ഏതാനും കേന്ദ്രങ്ങളിൽ മാത്രമായി നടന്നുവന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതുവഴി ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശ വാസികൾക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു. ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനമെന്ന കാഴ്ചപ്പാടിലേയ്ക്ക് നാടിനെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തനം. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കാനാണുദ്ദേശിക്കുന്നത്. കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉല്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, അക്സസബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണം, വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉല്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്വ ടൂറിസം നെറ്റ്‌വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിലുകൾക്ക് ആവശ്യമായി ജീവനക്കാരെ ലഭ്യമാക്കുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോർഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺലൈൻ പ്ലാറ്റ് ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി അവലോകന ബോധവല്ക്കരണ ശിൽപ്പശാലകളും ജനകീയ പങ്കാളിത്തത്തോടെയുള്ള ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും രൂപപ്പെടുത്തും. മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി

കുറഞ്ഞത് 50,000 പേർക്ക് തൊഴിൽ പരിശീലനം നൽകുന്നതാണ്. ഉത്തരവാദിത്ത പൂർണ്ണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ട് വരുന്നതിനായി ടൂറിസം ക്ലബ്ബുകളെ പ്രയോജനപ്പെടുത്തുന്നതാണ്. എല്ലാ ടൂറിസം അക്കൊമൊഡേഷൻ യൂണിറ്റുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ പദ്ധതിയും പ്രാദേശിക ഉൽപ്പന്നങ്ങളുടെയും നാടൻ കലകളുടെയും വിപണനവും പ്രോൽസാഹനവും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ കൈവരിക്കുന്നതാണ്. നാടൻ കളികളെ പ്രോൽസാഹിപ്പിച്ചും പൈതൃകം നിലനിർത്തിയും എല്ലാ വിഭാഗത്തിൽപ്പെട്ട ജനങ്ങൾക്കും ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുകയും പരിസ്ഥിതി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുകയും ചെയ്യുക മിഷന്റെ ലക്ഷ്യങ്ങളാണ്. ഇതുവഴി കല, സാംസ്കാരിക പാരമ്പര്യം, തനിമ എന്നിവ നിലനിർത്തുന്നതിനോടൊപ്പം കൂടുതൽ തൊഴിലവസരവും സൃഷ്ടിക്കപ്പെടു മെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റുക, ഹോംസ്റ്റേ, ഫാം സ്റ്റേ എന്നിവ പ്രോൽസാഹിപ്പിക്കുക എന്നിവയും മിഷന്റെ ലക്ഷ്യങ്ങളാണ്.

(സി) കേരളത്തിൽ ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷന് ചുമതലയുണ്ട്. ഇതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ഭിന്നശേഷിക്കാരായവരുടെ വിവിധ ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം നടത്തി വരുമാനം ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ മിഷൻ ആവിഷ്കരിച്ചിട്ടുണ്ട്. വനിതകൾ, പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ, ഭിന്നലിംഗക്കാർ എന്നിവർക്ക് മെച്ചപ്പെട്ട അവസരങ്ങൾ ലഭിക്കുന്നതിനുവേണ്ടി വിവിധ പരിശീലന പരിപാടികൾ മിഷൻ ആരംഭിച്ചിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെട്ടവരുടെ കലാ പരിപാടികൾ, സുവനീറുകൾ, മറ്റിതര ഉൽപ്പന്നങ്ങളുടെ വിപണനം ഉറപ്പ് വരുത്തുക എന്നിവ മിഷന്റെ ചുമതലയാണ്. അതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

(ഡി) ഉത്തരവാദിത്ത ടൂറിസം മിഷൻ ഇപ്പോൾ ആവിഷ്കരിച്ച് നടപ്പാക്കുന്ന പെപ്പർ ടൂറിസം പദ്ധതി കൂടുതൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായുള്ള പദ്ധതിയാണ്. ഇതിനുപുറമേ കേരളത്തിൽ ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ 1000 സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടത്തുന്നതാണ്. 1000 പ്രാദേശിക റിസോർസ് പേഴ്സൺമാരെയും ഇതിന്റെ ഭാഗമാക്കുന്നതാണ്. ഇതിനുപുറമേ ഉത്തരവാദിത്ത ടൂറിസം പദ്ധതി കേരളത്തിൽ ആരംഭിച്ചപ്പോൾ ഉണ്ടായിരുന്ന എല്ലാ പ്രാദേശിക ഉത്തരവാദിത്ത ടൂറിസം കമ്മിറ്റികളും പുനരുജ്ജീവിപ്പിക്കുന്നതുമാണ്.

## കയർ നയം

16(* 46) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ കയർ നയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;

(സി) കയർ സഹകരണസംഘങ്ങളുടെ പുനരുദ്ധാരണത്തിന് സ്വീകരിച്ച നടപടികൾ വിജയപ്രദമായിരുന്നോ; ഇതിനകം എത്ര സഹകരണ സംഘങ്ങൾ പുനരുദ്ധരിച്ചു; വ്യക്തമാക്കുമോ;

(ഡി) കയർ വ്യവസായമേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; അതിനായി സ്വീകരിച്ച നടപടികൾ വിവരിക്കുമോ;

(ഇ) തൊണ്ട് സംഭരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിജയപ്രദമാണോ; ചകിരി ക്ഷാമത്തിന്റെ രൂക്ഷത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ആധുനിക ചകിരി മില്ലുകൾ സ്ഥാപിച്ച് ചകിരി ക്ഷാമം പരിഹരിക്കുന്നതിനും തൊഴിലാളികളുടെ തൊഴിലും വേതനവും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർമേഖലയുടെ സമഗ്ര വികസനത്തിനായി രണ്ടാം പുനഃസംഘടനാ പദ്ധതി പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവൽക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയറുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിധ്യവത്കരണത്തിലൂടെ വിപണനം ശക്തി

പെടുത്തി കയർ മേഖലയെ സ്വയം പര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുന:സംഘടിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കി കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്. ഇതിനായി പരമ്പരാഗത മേഖലയിലെ കയറും കയർ ഉൽപ്പന്നങ്ങളും കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ മുഖാന്തരം പരിധിയില്ലാതെ സംഭരിക്കുന്നുണ്ട്.

(ബി) പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പ് വരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2017-ലെ കയർ കേരളയിൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് കയർ വകുപ്പിന്റെ പ്രോജക്ട് ഓഫീസർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ പ്രോഗ്രാം കോ-ഓർഡിനേറ്റർമാരും ചേർന്ന് ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന, കയർപിരി, ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾ ഗുണഭോക്താക്കളായ ഈ പദ്ധതി നടപ്പിലായി കഴിഞ്ഞു. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. എന്നാൽ കേരളം ചകിരി ലഭ്യതയ്ക്ക് തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയാണ്. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കി വരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചു നൽകിയിട്ടുണ്ട്. ഈ നടപടികളെല്ലാം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യം വച്ചിട്ടുള്ളതാണ്.

(സി) കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 12 കോടി രൂപ പ്രവർത്തന മൂലധനം നൽകുന്നതിനായി ഈ വർഷം അനുവദിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും, 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്. കയർ വ്യവസായത്തിന്റെ രണ്ടാം പുനഃസംഘടനയിലെ ഒരു പ്രധാന ഘടകം സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണമാണ്. ഇതിനുള്ള എൻ.സി.ഡി.സി. സഹായം തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

(ഡി) കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചു വരുന്നു. 10 എച്ച്.പി-യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപയുടെ മെഷിനറി ഫാക്ടറിയ്ക്ക് അനുവദിച്ചു. 15 എച്ച്.പി.-യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപയുടെ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപി ക്കുന്നതിന് 8,15,00,000 രൂപ അനുവദിച്ചിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളിൽ ഇലക്ട്രോണിക് റാട്ടുകൾ സ്ഥാപിക്കുന്നതിന് 5,01,67,498 രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജക മണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽവരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 3000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കയർ വ്യവസായ മേഖലയെ ആധുനികവത്കരിക്കുക എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനു വേണ്ടി താഴെ പ്പറയുന്ന നടപടികൾ കൂടി സ്വീകരിച്ചു വരുന്നു.

1. രണ്ടാം പുന:സംഘടനാ പദ്ധതി
2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്കരണം.
3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം
4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവ നിലവിലുണ്ടായിരുന്ന പദ്ധതികളോടൊപ്പം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

നിയന്ത്രിത യന്ത്രവത്കരണം എന്ന പദ്ധതിയിൽനിന്നും സമ്പൂർണ്ണ യന്ത്രവത്കരണം കയർ മേഖലയിൽ നടപ്പാക്കുകയാണ്. ഈ നടപടി പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനെയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന

കയർ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയ വില സ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ ബജറ്റ് പ്രകാരം 77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പി.പി.എസ്.എസ്. പദ്ധതി പ്രകാരം 94071758 രൂപ കയർഫെഡിന് നൽകിക്കഴിഞ്ഞു. കൃഷി-ജല-മണ്ണ് സംരക്ഷണ റോഡ് നിർമ്മാണ പരിപാടികളിൽ എം.ജി.എൻ.ആർ.ഇ.ജി.എസ്-ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി 120 കോടി രൂപയുടെ ധാരണാപത്രം ഒപ്പിട്ട് കയർ ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്ന പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വിനിയോഗം വർദ്ധിച്ചത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിച്ചിട്ടുണ്ട്. തൊഴിൽശക്തി കേന്ദ്രീകൃതമായ കയർ മേഖലയുടെ പ്രോത്സാഹനത്തിന് മേൽ സൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. രണ്ടാം കയർ പുന:സംഘടനയുടെ ഊന്നൽ ആധുനീകരണത്തിലാണ്. എൻ.സി.ഡി.സി സഹായത്തോടെ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിക്കുള്ള എൻ.സി.ഡി.സി. സഹായം തത്വത്തിൽ തീരുമാനമായിട്ടുണ്ട്.

കയറിന്റെ ആഭ്യന്തര വിദേശ വിപണി വിപുലപ്പെടുത്തുന്നതിന് പ്രദർശനങ്ങളിൽ പങ്കെടുക്കുക, ബയ്യർ-സെല്ലർ മീറ്റുകളിൽ പങ്കെടുക്കുക, വിദേശ വിപണിക്കാവശ്യമായ ഉൽപ്പന്നങ്ങൾ വികസിപ്പിച്ചെടുക്കുക തുടങ്ങിയ നടപടികൾ ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി., കയർഫെഡ്, കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾവഴി സ്വീകരിച്ചുവരുന്നു.

(ഇ) സംസ്ഥാനത്ത് കയർ വ്യവസായ മേഖല ചകിരി ക്ഷാമം അഭിമുഖീകരിക്കുന്നുണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ നിലവിലുള്ള തൊണ്ട് സംഭരണ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി നാളികേര കർഷകരുടെ സഹകരണത്തോടെ വിപുലീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കർഷകരുടെ സഹകരണത്തോടെ വിപുലീകരിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി കർഷകരുടെ സഹകരണത്തോടെ നാളികേര വിളവെടുപ്പ്, സംഭരണം, തൊണ്ട് ചകിരിയാക്കൽ, ചകിരി വിതരണം എന്നീ മേഖലകളിൽ പ്രൊഫഷണൽ സമീപനം ആവിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആയതിനായി ഒരു മൊബൈൽ ആപ്പ് രൂപീകരിക്കുന്നതിനും കർഷകർക്ക് വില കൃത്യമായി ഓൺലൈൻ മുഖേന ബാങ്ക് അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനും ലക്ഷ്യമിടുന്നു. മേൽപദ്ധതി നടത്തിപ്പിലാക്കുന്നതിന്റെ സാധ്യത വിലയിരുത്തുന്നതിനായി ഒരു കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി തൊണ്ട് സംഭരണത്തിനായി വിശദമായ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

നാളികേരത്തിന്റെ ഏകീകൃത വിളവെടുപ്പ്, തൊണ്ട് സംഭരണം എന്നിവ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര പ്രൊഡ്യൂസേഴ്സ് കമ്പനി, ആഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവരെക്കൂടി ഉൾപ്പെടുത്തി വിപുലമാക്കുന്നതിനുള്ള ആക്ഷൻ പ്ലാനാണ് രൂപീകരിച്ചിട്ടുള്ളത്.

(എഫ്) നിലവിലെ സർക്കാരിന്റെ കാലയളവിൽ 1000 ചകിരി മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ഉൽപ്പാദനം വർദ്ധിപ്പിച്ച് ചകിരിക്ഷാമം പരിഹരിക്കുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. പ്രാരംഭഘട്ടമെന്ന നിലയിൽ കുടുംബശ്രീ യൂണിറ്റുകൾ, കയർ സഹകരണ സംഘങ്ങൾ എന്നിവ മുഖേന 100 ഡി.എഫ്. മെഷീനുകൾ 2018 മാർച്ച് 31-നകം സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കയർതൊഴിലാളികളുടെ ജീവനോപാധി എന്നനിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ടതരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി താഴെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.
3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകിവരുന്നു.
6. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.
8. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.
9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
10. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.

11. കയർ ഭൂവസ്ത്രം സംഭരിക്കുന്നതിന് പ്രവർത്തന മൂലധനമായി കയർ ഫെഡിന് 10 കോടി രൂപയും കയർ കോർപ്പറേഷന് 25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. കയർപിരി / ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

12. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

13. യന്ത്രവത്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

14. കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118-ാളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

### പെപ്പർ ടൂറിസം വികസന പദ്ധതി

17 (* 47) ശ്രീ. കെ. എം.ഷാജി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെപ്പർ എന്ന പേരിൽ ജനപങ്കാളിത്തത്തോടെയുള്ള ടൂറിസം വികസന പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് ഏതെല്ലാം പ്രദേശങ്ങളെ ഉൾപ്പെടുത്തി നടത്താനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ ടൂറിസ്റ്റ് കേന്ദ്രങ്ങളെയും ഈ സ്കീമിൽ ഉൾപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകം പള്ളി സുരേന്ദ്രൻ) :

(എ) ടൂറിസം വികസന പ്രക്രിയയിൽ പ്രാദേശിക ജന സമൂഹത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്ന പദ്ധതിയാണ് പെപ്പർ (പെപ്പർ-പീപ്പിൾസ് പാർട്ടിസിപ്പേറ്ററി ടൂറിസം പ്ലാനിംഗ് ആന്റ് എംപവർമെന്റ് ത്രൂ റെസ്പോൺസിബിൾ ടൂറിസം). ടൂറിസം

മേഖലയിൽ കേരളം സൃഷ്ടിച്ച ജനകീയ മാതൃകകളിൽ ഏറ്റവും പുരോഗമനപരമായ ചുവടുവയ്പ്പാണ് പെപ്പർ ടൂറിസം പദ്ധതി. ടൂറിസം വികസനം മേൽത്തട്ടിൽ നിന്നുള്ള പ്രഖ്യാപനങ്ങൾ മാത്രമല്ലെന്ന് കണ്ട് പ്രാദേശിക ജനകീയ ചർച്ചകളിലൂടെ ഗ്രാമസഭകൾ മുന്നോട്ടുവയ്ക്കുന്ന പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വാംശീകരിച്ച് ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ ടൂറിസം വകുപ്പിന് സമർപ്പിച്ച് അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കുകയാണ് പെപ്പർ പദ്ധതി കൊണ്ടുദ്ദേശിക്കുന്നത്. ടൂറിസം മേഖലയിൽ സാധ്യതയുള്ള ടൂറിസം കേന്ദ്രങ്ങളെ കണ്ടെത്തി ജനപങ്കാളിത്തത്തോടെ വികസിപ്പിക്കുന്ന പ്രക്രിയയാണിത്. തങ്ങളുടെ പ്രദേശത്ത് ടൂറിസം മേഖലയിൽ നടക്കേണ്ട പ്രവർത്തനങ്ങൾ തീരുമാനിക്കാൻ ജനങ്ങൾക്കും പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും പങ്കാളിത്തം നൽകുക എന്നതാണ് ലക്ഷ്യം.

(ബി) പെപ്പർ പദ്ധതി ആദ്യമായി പരീക്ഷണാടിസ്ഥാനത്തിൽ കേരളത്തിൽ നടപ്പാക്കുന്നത് വൈക്കത്താണ്. വൈക്കത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും കൂട്ടിയിണക്കി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കിക്കഴിഞ്ഞു. ആദ്യഘട്ടത്തിൽ വൈക്കം മുനിസിപ്പാലിറ്റി, ചെമ്പ്, മറവന്തുരുത്ത്, ഉദയനാപുരം, ടി.വി. പുരം, വെച്ചൂർ,തലയാഴം, കല്ലറ എന്നീ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും രണ്ടാം ഘട്ടത്തിൽ തലയോലപ്പറമ്പ്, വെള്ളൂർ പഞ്ചായത്തുകളും പദ്ധതിയുടെ ഭാഗമാകും. 2017 നവംബർ മാസത്തിൽ ആരംഭിച്ച വൈക്കം പെപ്പർ പദ്ധതി പ്രവർത്തനം വിവിധ ഘട്ടങ്ങളിലൂടെ 3 വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. പെപ്പർ പദ്ധതി ഘട്ടംഘട്ടമായി കേരളത്തിൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. 2018-19-ൽ 20, 2019-20-ൽ 20, 2020-21-ൽ 10 എന്നിങ്ങനെ 50 കേന്ദ്രങ്ങളിൽക്കൂടി പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) പുതിയ ടൂറിസം കേന്ദ്രങ്ങളെ ജനപങ്കാളിത്തത്തോടെ കണ്ടെത്തി വികസിപ്പിക്കുന്നതിന് പെപ്പർ പദ്ധതി ഉദ്ദേശിക്കുന്നു. പുതിയ ടൂറിസം നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ 1000 സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ നടത്താൻ ഉത്തരവാദിത്ത ടൂറിസം മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പദ്ധതി നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## വ്യവസായ വളർച്ച

18(* 48) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) വ്യവസായ സംരംഭങ്ങൾക്ക് അനുമതി ലഭിക്കുന്നതിൽ നിലവിലുണ്ടായിരുന്ന കാലതാമസം ഒഴിവാക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തി വ്യവസായ നിക്ഷേപം ആകർഷിക്കാൻ പദ്ധതിയുണ്ടെങ്കിൽ വിശദവിവരം അറിയിക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ)

(എ&ബി) കേരളത്തെ നിക്ഷേപ സൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് ഒരു വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അതിനായി നിലവിലുള്ള വിവിധ വകുപ്പുകളുടെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017 എന്ന പേരിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു.

1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994
2. കേരള മുനിസിപ്പാലിറ്റി ആക്ട് - 1994
3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് - 2013
4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002
5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978
6. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960

7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999

സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷകളിന്മേൽ ഫലപ്രദമായും സമയബന്ധിതമായും പരിശോധന നടത്തുന്നതിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPFC)" രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിൽ ഓൺലൈൻ വഴി ലഭ്യമാക്കുകയും അവയുടെ പുരോഗതി സംരംഭകർക്ക് വേഗം മനസ്സിലാക്കുവാനും കഴിയും. ബന്ധപ്പെട്ട വകുപ്പുകളിലെയും ഏജൻസികളിലെയും അപേക്ഷാ ഫോറങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഒരു ഓൺലൈൻ സംവിധാനം അനായാസം വ്യവസായാനുമതി ലഭ്യമാക്കുവാൻ സഹായകമായിരിക്കും. മേൽപ്പറഞ്ഞ ഓർഡിനൻസ് ഈ നിയമസഭാ സമ്മേളനകാലത്ത് ബിൽ ആയി അവതരിപ്പിക്കുന്നതാണ്.

(സി) വ്യവസായ നിക്ഷേപങ്ങൾ ആകർഷിക്കാനായി സംസ്ഥാനത്തെ വ്യവസായ പാർക്കുകളിലും സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലും KSIDC, KINFRA എന്നിവയുടെ നേതൃത്വത്തിലുള്ള പാർക്കുകളിലും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കും. എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്ന പെട്രോ കെമിക്കൽ പാർക്കും ആലപ്പുഴ, പാലക്കാട് ജില്ലകളിലായി സ്ഥാപിക്കുന്ന മെഗാഫുഡ് പാർക്കും, തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കും, പാലക്കാട് ജില്ലയിലെ ഡിഫെൻസ് പാർക്കും, എറണാകുളം ജില്ലയിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കും ഈ മേഖലകളിലെ നവനിക്ഷേപകർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതായിരിക്കും. യുവ, വനിതാ സംരംഭകർ, പ്രവാസികൾ, വിമുക്ത ഭടന്മാർ എന്നിവരെ പ്രോത്സാഹിപ്പിക്കുകയും അവർക്കാവശ്യമായ ഇൻഫ്രാസ്ട്രക്ചർ ഒരുക്കി നൽകുന്നതുമാണ്.

## ചകിരിച്ചോർ കയറ്റുമതി

19(* 49) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ഇ. കെ.വിജയൻ :
ശ്രീ. എൽദോ എബ്രഹാം :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായത്തിലെ ഉപോല്പന്നമായ ചകിരിച്ചോർ, കയറ്റുമതി മൂല്യമുള്ളതായി മാറിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ ആവശ്യങ്ങൾക്കാണ് ചകിരിച്ചോർ ഉപയോഗിക്കുന്നതെന്നറിയിക്കുമോ;

(സി) ചകിരിച്ചോർ കയറ്റുമതിയിൽ സംസ്ഥാനത്തിന്റെ സ്ഥാനം എത്രയാണെന്നും സാധ്യതകൾ എത്രത്തോളമാണെന്നും വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കയർ വ്യവസായത്തിലെ ഉപോല്പന്നമായ ചകിരിച്ചോർ കയറ്റുമതി മൂല്യമുള്ളതാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ചകിരിച്ചോറിൽ ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി കൂടുതലായതിനാൽ അവ കയറ്റുമതി യോഗ്യമാക്കാൻ കഴുകി ഉണക്കി കംപ്രസ് ചെയ്തതിനുശേഷം മാത്രമേ കയറ്റി അയക്കാൻ സാധിക്കുകയുള്ളൂ.

(ബി) ചകിരിച്ചോർ സോയിൽ ലെസ് മീഡിയ ആയി കൃഷി ചെയ്യാനും നഴ്സറിയിൽ പോട്ടിംഗ് മിക്സ്ചർ ആയും സോയിൽ കണ്ടീഷണർ ആയും ഉപയോഗിക്കാം. ഇത് പൗൾട്രി ഫാമിൽ ലിറ്ററായും ഉപയോഗിച്ച് വരുന്നു. ചെരുപ്പുകളിൽ ഫില്ലർ മെറ്റീരിയൽ ആയും ഇൻസുലേഷൻ മെറ്റീരിയൽ ആയും ചകിരിച്ചോർ ഉപയോഗിച്ചുവരുന്നു. വെള്ളം കൂടുതലായി ആഗിരണം ചെയ്യുന്നതുകൊണ്ട് ചകിരിച്ചോർ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുമ്പോൾ ജലസേചനം വളരെ കുറച്ചു മതിയാകും.

(സി) ചകിരിച്ചോർ കയറ്റുമതിയിൽ തമിഴ് നാടിന്റെ പിന്നിലായി രണ്ടാം സ്ഥാനത്താണ് കേരളം. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ചകിരിച്ചോറിൽ ഇലക്ട്രിക്കൽ കണ്ടക്റ്റിവിറ്റി വാല്യൂ കൂടുതലാണ്. അത് ശുദ്ധജലത്തിൽ കഴുകി ഉണക്കി കംപ്രസ് ചെയ്ത് മാത്രമേ കയറ്റി അയയ്ക്കാൻ സാധിക്കുകയുള്ളൂ. ഇവ കഴുകി ഉണക്കുന്നത് പരിസ്ഥിതി മലിനീകരണ പ്രശ്നം ഉണ്ടാകുന്നതോടൊപ്പം ചെലവേറിയതുമായതിനാലാണ് കേരളത്തിൽ നിന്നുള്ള കയറ്റുമതി കുറഞ്ഞിരിക്കുന്നത്. കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന ചകിരിച്ചോർ ആഭ്യന്തര വിപണിയിൽ കൃഷി ആവശ്യങ്ങൾക്കായി

കമ്പോസ്റ്റ്ചെയ്ത് ഉപയോഗിച്ചുവരുന്നു. വിദേശ രാജ്യങ്ങളിലേയ്ക്കുള്ള ചകിരിച്ചോർ കയറ്റുമതിയുടെ സാധ്യത വലുതാണെങ്കിലും ചകിരിച്ചോറിന്റെ ആഭ്യന്തര വിപണി വളരെ വിപുലമായതിനാലും ചകിരിച്ചോർ ഉൽപ്പാദനം കേരളത്തിൽ ആനുപാതികമായി കുറവായതിനാലും കേരളത്തിലെ ചകിരിച്ചോറ് ആഭ്യന്തര വിപണിയിൽത്തന്നെ വിറ്റഴിക്കാൻ സാധിക്കുന്നതാണ്.

**സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി**

20(* 50) ശ്രീ. സി. ദിവാകരൻ :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ യഥാർത്ഥ സ്ഥിതി വെളിപ്പെടുത്തുമോ:

(ബി) സംസ്ഥാനത്തിന്റെ വായ്പാപരിധി നിലവിൽ എത്രയാണെന്നും, അതിൽ ഇനി എത്ര ബാക്കി എടുക്കാമെന്നും അറിയിക്കുമോ:

(സി) സംസ്ഥാനം നേരിടുന്നതായി പറയപ്പെടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഏതൊക്കെ തരത്തിലുള്ള മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത് എന്നറിയിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) 2017 ജൂലൈ 1 മുതൽ ചരക്കുസേവന നികുതി നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിന്റെ ഗണ്യമായ പങ്ക് സംഭാവന ചെയ്തിരുന്ന വില്പന നികുതി (ചരക്കുസേവന നികുതി ഉൾപ്പെടെയുള്ള) വരുമാനത്തിന്റെ വളർച്ച മന്ദീഭവിച്ച അവസ്ഥയാണ്. അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള കാലയളവിൽ വില്പന നികുതി (മൂല്യ വർദ്ധിത നികുതി അടക്കം) മുൻവർഷത്തെക്കാൾ 6.36% വളർച്ച രേഖപ്പെടുത്തിയപ്പോൾ ചരക്കുസേവന നികുതി പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള 2017 ആഗസ്റ്റ് മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ വളർച്ച (വില്പന നികുതി +ചരക്കുസേവന നികുതി) 1.33% ആയി ഇടിയുകയുണ്ടായി. 2016-17- ൽ ആയത് യഥാക്രമം 7.04% വും 13.13%-വും ആയിരുന്നു. 2017-18-ൽ 20% വളർച്ച പ്രതീക്ഷിച്ചിരുന്ന വില്പന നികുതി (വാറ്റ്/ജി എസ്ടി. സഹിതം) 2017 നവംബർ 30 വരെ കുറിച്ചിരിക്കുന്ന വർദ്ധനവ് 3.65% മാത്രമാണ്. 2016-17-ൽ ഇത് 10.24%

ആയിരുന്നു. അതേസമയം പ്രസ്തുത നികുതി കഴിച്ചുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ടി കാലയളവിൽ 11.42% വർദ്ധനവ് കൈവരിക്കുകയുണ്ടായി. ചരക്കുസേവന നികുതിയുടെ വരവോടുകൂടി നികുതി വളർച്ചയിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടാകാത്ത പശ്ചാത്തലത്തിലും 2017 നവംബർ 30 വരെയുള്ള കാലയളവിൽ പദ്ധതി ചെലവിൽ മുൻവർഷത്തെക്കാൾ 20.35%-വും ആകെ ചെലവിൽ 21.87% വും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിനെല്ലാം ഉപരിയായി, ചരക്കുസേവന നികുതിയിലെ എസ്.ജി.എസ്.ടി. വിഹിതത്തിന്റെ സിംഹഭാഗവും മാസത്തിന്റെ പകുതിക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും നിർദ്ദിഷ്ട നികുതി നടപ്പിലാക്കുമ്പോഴു ണ്ടാകുന്ന റവന്യൂ വളർച്ചാ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്ക ലുമാണ് ലഭിക്കുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനും അടക്കമുള്ള റവന്യൂ ചെലവിന്റെ ഗണ്യമായ ഭാഗവും നടക്കുന്നത് മാസത്തിലെ ആദ്യ പ്രവർത്തി ദിനങ്ങളിലാണ്. ഇത് സംസ്ഥാനത്തിന്റെ ദൈനംദിന ധനമാനേജ്മെന്റിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാർ 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ വായ്പാപരിധി (തനി) യായി നിശ്ചയിച്ചിരിക്കുന്നത് 20,402 കോടി രൂപയാണ്. അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12,307.01 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8,939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. 2017-18 അവസാന പാദത്തിൽ പൊതുവിപണിയിൽനിന്ന് 6,100 കോടി രൂപ സമാഹരിക്കാനുള്ള അനുമതി കേന്ദ്ര സർക്കാർ നൽകിയിട്ടുണ്ട്. അതിൽ 4,100 കോടി രൂപയുടെ വായ്പ അനുമതി ഇനിയും (20-1-2018 -ൽ) വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്.

(സി) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലവും ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്കുസേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവർത്തി ദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവൃത്തി ദിനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത് 15-ാം തീയതിയാക്കി

കേന്ദ്ര സർക്കാർ പുനഃക്രമീകരിച്ചു. ഇതുകൂടാതെ ചരക്കുസേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടി.-യുടെ ഗണ്യമായ പങ്കം മാസത്തിന്റെ പകുതിക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. ഇത് അതീവ ഗൗരവമായ വെയ്സ് & മീൻസ് ഞെരുക്കം സൃഷ്ടിക്കുന്നു. സംസ്ഥാനത്തിന് ഒഴിവാക്കാനാവാത്ത മേൽ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതുവിപണിയിൽനിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.-യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

## കയർ മേഖലയിലെ പ്രതിസന്ധി

21(* 51) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. ഷാഫി പറമ്പിൽ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത തറികളിൽ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുവാൻ കഴിയാത്തത് കയർ മേഖലയിൽ കടുത്ത പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത കയർ ഉല്പന്നങ്ങളുടെ ആഭ്യന്തര വില്പന ഉയർത്തുന്നതിന് പ്രത്യേക കമ്പനിക്ക് രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ കയർ മേഖലയുമായി ബന്ധമുള്ള വിദഗ്ദ്ധരെ മാത്രം ഉൾപ്പെടുത്തി കമ്പനി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി <u>(ഡോ. ടി. എം. തോമസ് ഐസക്)</u>

(എ) പരമ്പരാഗത തറികളിൽ ഉല്പാദിപ്പിക്കുന്ന കയർ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് ബുദ്ധിമുട്ടുണ്ടാകാറുണ്ട്. പരമ്പരാഗത കയറുൽപ്പന്നങ്ങൾക്ക് വിപണി വിഹിതം കുറയുന്നത് കയർ മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. പരമ്പരാഗത തറികളിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് മെഷീൻ നിർമ്മിത ഉല്പന്നങ്ങളെക്കാൾ ഉല്പാദനചെലവ് കൂടുന്നതിനാലും, പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ

ഉല്പാദന ക്ഷമത കുറവായതിനാലും അവയ്ക്ക് വില കൂടുതലാണ്. അതിനാലാണ് ടി ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുവാൻ കഴിയാതെ വരുന്നത്. ഈ സ്ഥിതിവിശേഷം പരമ്പരാഗത തൊഴിലാളികളുടെ ജോലിയേയും കൂലിയേയും ബാധിക്കരുതെന്നതാണ് സർക്കാർ നയം. ഇതിനായി പരമ്പരാഗത മേഖലയിൽ നിന്നുള്ള കയർ ഉൽപ്പന്നങ്ങൾ പരിധിയില്ലാതെ കയർ കോർപ്പറേഷൻ മുഖാന്തിരം സംഭരിക്കുന്നുണ്ട്.

(ബി&സി) ഉണ്ട്. കയർ ഉൽപ്പന്നങ്ങൾക്ക് വിപണനം കണ്ടെത്തുന്നതിനായി പ്രത്യേക കമ്പനി രൂപീകരിക്കുന്നതിനുള്ള ശിപർശ സർക്കാർ പരിശോധിച്ചുവരുന്നു.

**സാമ്പത്തിക പ്രതിസന്ധി**

22(* 52) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. കെ. സി.ജോസഫ് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോ;

(ബി) സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ വിവിധ ക്ഷേമനിധി ബോർഡുകളിൽനിന്നോ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള കെ.എസ്.എഫ്.ഇ. ചിട്ടി തുകയിൽനിന്നോ സർക്കാർ 2017 ഡിസംബർ മാസത്തിൽ വായ്പ എടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) വിവിധ വകുപ്പുകളുടെ ട്രഷറി സേവിംഗ്സ് അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക മറ്റൊരു അക്കൗണ്ടിലേക്ക് മാറ്റുവാൻ തീരുമാനിച്ചിട്ടുണ്ടോ;എത്ര തുകയാണ് ഇപ്രകാരം മാറ്റിയത്;

(ഡി) വായ്പ എടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നുള്ള തടസ്സം നീക്കുന്നതിനാണോ ഇപ്രകാരം ഫണ്ടുകൾ അക്കൗണ്ടുകളിൽ നിന്നും മാറ്റിയതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നു വന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക

ങ്ങളെക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്കുസേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവൃത്തി ദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവൃത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരിക്കുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനഃക്രമീകരിച്ചു. ഇതുകൂടാതെ ചരക്കുസേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടി.-യുടെ ഗണ്യമായ പങ്കം മാസത്തിന്റെ പകുതിക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap പലപ്പോഴും, റിസർവ് ബാങ്കിന്റെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റിനുള്ള ഉപാധികളായ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി, വെയ്സ് ആന്റ് മീൻസ്, ഓവർ ഡ്രാഫ്റ്റ് എന്നിവ മുഖാന്തരം ശേഖരിക്കാവുന്ന പരിധിക്കും മുകളിലാണ്. സംസ്ഥാനത്തിന് ഒഴിവാക്കാനാകാത്ത മേൽലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.-യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്.

(ബി) ക്ഷേമനിധി ബോർഡുകളിൽനിന്നോ ട്രഷറികളിൽ നിക്ഷേപിച്ചിട്ടുള്ള കെ.എസ്.എഫ്.ഇ. ചിട്ടി തുകയിൽനിന്നോ സർക്കാർ വായ്പ എടുക്കാറില്ല. എന്നാൽ ക്ഷേമനിധി ബോർഡുകളും കെ.എസ്.എഫ്.ഇ. പോലുള്ള സ്ഥാപനങ്ങളും വ്യക്തികളും ട്രഷറിയിൽ സ്ഥിര നിക്ഷേപം നടത്താറുണ്ട്.

(സി&ഡി) വിവിധ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാർ സഞ്ചിത നിധിയിൽ നിന്നും അനുവദിച്ചതും ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിൽ ചെലവഴിക്കുവാൻ സാധിക്കാത്തതുമായ ഫണ്ടുകൾ നഷ്ടപ്പെടാതിരിക്കുവാനായി തങ്ങളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേക്ക് മാറ്റുന്ന പ്രവണത

കാലാകാലങ്ങളായി അനുവർത്തിച്ചുപോന്നിരുന്നു. ഇപ്രകാരം നിക്ഷേപിച്ചതും ചെലവഴിക്കാതെ പബ്ലിക് അക്കൗണ്ടിൽ അവശേഷിച്ചതും അടക്കമുള്ള പബ്ലിക് അക്കൗണ്ടിലെ നീക്കിയിരുപ്പ് കടബാധ്യതയായി കണക്കാക്കി 2016-17-ൽ കേന്ദ്ര സർക്കാർ നിശ്ചയിച്ച് അനുവദിച്ച കടമെടുപ്പ് പരിധി മറികടന്നതായും അപ്രകാരം അധികരിച്ച തുക നടപ്പ് സാമ്പത്തിക വർഷത്തെ (2017-18) കടമെടുപ്പ് പരിധിയിൽ നിന്നും കുറവ് വരുത്തുമെന്നും കേന്ദ്ര സർക്കാർ അറിയിച്ചിരുന്നു. കേന്ദ്ര സർക്കാർ ആദ്യമായിട്ടാണ് ഇത്തരത്തിലൊരു നിലപാട് സ്വീകരിക്കുന്നത്. ഇതുകൂടാതെ ഇങ്ങനെ പണം സൂക്ഷിക്കുന്നത് പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കളിലെത്തിക്കുന്നതിൽ കാലതാമസം വരുത്തുന്നതായും വർഷങ്ങളായി ഫണ്ട് നിലനിർത്തി ചെലവഴിക്കുന്നത് ബജറ്റ് വഴിയുള്ള ധന നിയന്ത്രണങ്ങളെ പ്രതികൂലമായി ബാധിക്കുന്നതായും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽസ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ വൻതോതിൽ ഫണ്ട് സൂക്ഷിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി 14-12-17-ലെ സ.ഉ.(പി) നമ്പർ 156/2017/ധന. പ്രകാരം 5630 കോടി രൂപ ക്രമീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

### ജി.എസ്.ടി.മൂലമുള്ള സാമ്പത്തിക പ്രതിസന്ധി

23(* 53) ശ്രീ. എം. നൗഷാദ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ജെ. മാക്സി :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ ജി.എസ്.ടി നടപ്പാക്കിയതിലെ അനവധാനതയും ആയത് നടപ്പിലാക്കുന്നതു കൊണ്ടുണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള പരിഹാരം യഥാസമയം നൽകാത്തതും സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയിലാക്കിയത് വികസന പദ്ധതികളെ എത്തരത്തിൽ ബാധിച്ചെന്ന് അറിയിക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതുവഴിയുണ്ടായ പ്രതിമാസ റവന്യൂ നഷ്ടമെത്രയെന്ന് കണക്കാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ജി.എസ്.ടി. പ്രാബല്യത്തിലായതോടെ നികുതി നിരക്ക് കുറഞ്ഞെന്ന് പറയുന്നുണ്ടെങ്കിലും വില അമിതമായി വർദ്ധിക്കാനിടയായതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; ഇക്കാര്യത്തിലിടപെടാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ&ബി) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്കുസേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവൃത്തിദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവർത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുന:ക്രമീകരിച്ചു. ഇതുകൂടാതെ ചരക്ക സേവന നികുതിയുടെ ഭാഗമായ എസ്.ജി. എസ്.ടി.-യുടെ ഗണ്യമായ പങ്കം മാസത്തിന്റെ പകുതിക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap അഥവാ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതു വിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.-യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചു കൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചു കൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

ജി.എസ്.ടി. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ എന്ത് പ്രതിഫലനമാണ് ഉളവാക്കിയിട്ടുള്ളതെന്ന് കൃത്യമായി വിലയിരുത്തുവാൻ സമയമായിട്ടില്ല. എന്നിരുന്നാലും അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള കാലയളവിൽ വില്പന നികുതി (മൂല്യവർദ്ധിത നികുതി അടക്കം) മുൻവർഷത്തെക്കാൾ 6.36% വളർച്ച രേഖപ്പെടുത്തിയപ്പോൾ ചരക്കുസേവന നികുതി പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള 2017 ആഗസ്റ്റ് മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ വളർച്ച (വില്പന നികുതി + ചരക്കുസേവന നികുതി) 1.33% ആയി ഇടിയുകയുണ്ടായി. 2016-17-ൽ ആയത് യഥാക്രമം 7.04% വും 13.13% വും ആയിരുന്നു. 2017-18-ൽ 20% വളർച്ച പ്രതീക്ഷിച്ചിരുന്ന വില്പന നികുതി (വാറ്റ്/ജി.എസ്.ടി സഹിതം) 2017 നവംബർ 30 വരെ കുറിച്ചിരിക്കുന്ന വർദ്ധനവ് 3.65% മാത്രമാണ്. എന്നാൽ കേന്ദ്ര സർക്കാർ നൽകുന്ന

നഷ്ട പരിഹാരവും കൂടെ കണക്കിലെടുക്കുമ്പോൾ 14% വർദ്ധനയുണ്ട്. 2016-17-ൽ ഇത് 10.24% ആയിരുന്നു. അതേസമയം പ്രസ്തുത നികുതി കഴിച്ചുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ടി കാലയളവിൽ 11.42% വർദ്ധനവ് കൈവരിക്കുകയുണ്ടായി. ചരക്കുസേവന നികുതിയുടെ വരവോടുകൂടി നികുതി വളർച്ചയിൽ പ്രതീക്ഷിച്ച പുരോഗതി ഉണ്ടാകാത്ത പശ്ചാത്തലത്തിലും 2017 നവംബർ 30 വരെയുള്ള കാലയളവിൽ പദ്ധതി ചെലവിൽ മുൻവർഷത്തെക്കാൾ 20.35%-വും ആകെ ചെലവിൽ 21.87%-വും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കിയതു വഴി ഉണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം നൽകുന്നത് ജി.എസ്.ടി. കോമ്പൻസേഷൻ ആക്ടിന്റെ അടിസ്ഥാനത്തിലാണ്. 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ദ്വൈമാസ കണക്കിൽ നഷ്ട പരിഹാരത്തിന്റെ ആദ്യരണ്ട് ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും പല ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നൽകിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽത്തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ാളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. അടുത്ത പടിയായി 15-11-2017 മുതൽ പ്രാബല്യത്തിൽവന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോ എന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്ത വ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്. ഇന്ധനത്തിന്റെ ദിവസേനയുള്ള വില വർദ്ധനവും ഉല്പന്നങ്ങളുടെ വില വർദ്ധനവിന് കാരണമായിട്ടുണ്ട്.

## വിനോദസഞ്ചാര മേഖലയിലെ കർമ്മപദ്ധതികൾ

24 (* 54) ശ്രീ. എസ്.രാജേന്ദ്രൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. മുകേഷ് :
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാംസ്കാരിക പൈതൃകവും പ്രകൃതിസൗന്ദര്യവും ജൈവവൈവിധ്യവും മുതൽക്കൂട്ടാക്കി കേരളത്തെ ലോക വിനോദസഞ്ചാര മേഖലയിലെ ശ്രദ്ധേയ സാന്നിധ്യമാക്കി മാറ്റാനുതകുന്ന എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ളത്;

(ബി) മുൻവർഷത്തേക്കാൾ എത്ര ശതമാനം വർധനയാണ് ടൂറിസം രംഗത്തു നിന്നുള്ള വരുമാനത്തിൽ ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെയും ആഭ്യന്തര ടൂറിസ്റ്റുകളുടെയും എണ്ണത്തിൽ 2017-18 വർഷത്തിൽ വർധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) കേരളത്തെ ലോക വിനോദസഞ്ചാര മേഖലയിലെ ശ്രദ്ധേയ സാന്നിദ്ധ്യമാക്കി മാറ്റാനുതകുന്ന നിരവധി വികസന പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. ഇതു പ്രകാരമുള്ള പ്രചരണ നടപടികൾ വിദേശ രാജ്യങ്ങളിലും ഇന്ത്യയിലെ പ്രധാന നഗരങ്ങളിലും സംഘടിപ്പിച്ചുവരുന്നു. ഈ വർഷവും കേരള സാംസ്കാരിക പൈതൃകം ഉൾപ്പെടുത്തിയുള്ള ഉത്തരവാദിത്ത ടൂറിസം മുതലായ പ്രചരണ പരിപാടികളും അഡ്വഞ്ചർ ടൂറിസം പോലുള്ള നവീകരണ പ്രചരണ മാർഗ്ഗങ്ങളും വിവിധ മാധ്യമങ്ങളിൽ പ്രചരിപ്പിച്ചുവരുന്നുണ്ട്. വകുപ്പ് സംഘടിപ്പിക്കുന്ന മാർക്കറ്റിംഗ് കാമ്പയിനുകളിലും ഇത്തരം പ്രചരണ മാർഗ്ഗങ്ങളാണ് ഉപയോഗിച്ചു വരുന്നത്. ഇത്തരത്തിൽപ്പെട്ട പ്രധാന കർമ്മപദ്ധതികൾ താഴെ പറയുന്നു :

1. പ്രധാന തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്ര ടൂറിസം മന്ത്രാലയം വിഭാവനം ചെയ്തിട്ടുള്ള 'പ്രസാദ്'എന്ന പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തി.

2. പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നു.

3. ടൂറിസം കേന്ദ്രങ്ങൾ എല്ലാവർക്കും അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നു.

4. അടിസ്ഥാന സൗകര്യ വികസനത്തിലും വിപണന തന്ത്രത്തിലും പ്രത്യേക ശ്രദ്ധയും ഊന്നലും നൽകുന്നു.

5. കിഫ്ബി'-യുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ട്.

6. മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി വരുന്നു.

7. വടക്കൻ കേരളത്തിലെ ജലാശയങ്ങളും അവിടത്തെ കലാരൂപങ്ങളും പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള നദീതട ടൂറിസം പദ്ധതിക്ക് തുടക്കംകുറിച്ചു. ഇതിന്റെ ഭാഗമായി കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 325 കോടി രൂപയുടെ "മലനാട് - മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട് "എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

8. ധർമ്മടം-മുഴപ്പിലങ്ങാട്, കണ്ണൂർ, വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ-വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി-ചിമ്മിനി, കാലടി-മലയാറ്റൂർ-ആതിരപ്പള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി,കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊൻമുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

9. ഉത്തരവാദിത്ത ടൂറിസം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസത്തിനായി പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

10. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വിപുലമാക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു.

11. പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക്'രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഇതിനായി ബോധവത്'കരണ പ്രവർത്തനങ്ങളും ടൂറിസം മേഖലയുമായി ബന്ധപ്പെട്ടുള്ള മറ്റ് പ്രവർത്തനങ്ങളും സ്വീകരിച്ചു വരുന്നു.

12. ബേക്കലിൽ എയർസ്ട്രിപ്പിന് നടപടിയും വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനും തുടക്കം കുറിച്ചു കഴിഞ്ഞു.

13. ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനുമായി ഇതര വകുപ്പുകളുടെ ഏകോപനത്തിനായി ഉന്നതതല സമിതി രൂപീകരണത്തിന് നടപടികൾ സ്വീകരിക്കുന്നതാണ്.

14. ഡി.റ്റി.പി.സി.-കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുനഃസംഘടനയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

15. ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഒരു ദീർഘകാല കരാർ പദ്ധതി ആവിഷ്കരിക്കുന്നുണ്ട്.

16. ഹൗസ്ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്ത ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

17. പൈതൃക ഗ്രാമ സംരക്ഷണമെന്ന നിലയിൽ ബാലരാമപുരം, മാന്നാർ, ആറൻമുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങളെ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

18. ഹൗസ്ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി "ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം "ആവിഷ്കരിച്ചിട്ടുണ്ട്.

19. മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

20. സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "ഗ്രീൻ കാർപ്പറ്റ് "പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യ പ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതിക്ക് സർക്കാർ അനുമതി ലഭ്യമാക്കുകയും നടപടികൾ തുടങ്ങുകയും ചെയ്തിട്ടുണ്ട്.

21. സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിലും കേന്ദ്ര സർക്കാർ ധനസഹായത്തോടെയും തീർത്ഥാടന പൈതൃക ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി വരുന്നു. ശ്രീപത്മാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറന്മുള എന്നീ കേന്ദ്രങ്ങളെയാണ് ഇപ്രകാരം വികസിപ്പിക്കുന്നത്. ശിവഗിരി തീർത്ഥാടന കേന്ദ്രം, മലയാറ്റൂർ തീർത്ഥാടന കേന്ദ്രം എന്നിവയുടെ വികസനത്തിനും പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. പൈതൃകം നിലനിർത്തിക്കൊണ്ടുള്ള രീതിയിലായിരിക്കും വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്.

(ബി) ടൂറിസം രംഗത്തെ വരുമാനം കണക്കാക്കുന്നത് കലണ്ടർ വർഷത്തിൽ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ്. 2017-ൽ കേരളം സന്ദർശിച്ച വിനോദസഞ്ചാരികളുടെ എണ്ണത്തിന്റെ അന്തിമ കണക്ക് ലഭ്യമായിട്ടില്ല. 2015-ൽ ആകെ ടൂറിസം വരുമാനം 26,689.63 കോടി രൂപ ആയിരുന്നത് 2016-ൽ 29,658.56 കോടി രൂപ ആയി വർദ്ധിച്ചിട്ടുണ്ട് (11.12% വർദ്ധനവ്). 2015-ൽ വിദേശ വിനോദ സഞ്ചാരത്തിൽ നിന്നുള്ള വരുമാനം 6949.88 കോടി രൂപ ആയിരുന്നത് 2016-ൽ 7749.51 കോടി രൂപ ആയി വർദ്ധിച്ചതായി കണക്കാക്കപ്പെട്ടിട്ടുണ്ട് (11.51 % വർദ്ധനവ്).

(സി) വിനോദസഞ്ചാരികളുടെ എണ്ണം കണക്കാക്കുന്നത് കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ്. 2017 സെപ്റ്റംബർ വരെയുള്ള കണക്കുകൾ മാത്രമേ തിട്ടപ്പെടുത്തിയിട്ടുള്ളൂ. ആയതിൻപ്രകാരം 2017-ലെ 9 മാസങ്ങളിലെ കണക്കനുസരിച്ച് വിദേശ വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 4.23% വർദ്ധനവും ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 11.03% വർദ്ധനവും ഉണ്ടായി.

## പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണം

25(* 55) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിച്ച് അവയെ സ്വകാര്യവത്ക്കരിക്കുന്നത് കേന്ദ്ര സർക്കാർ നയമായിരിക്കുമ്പോഴും, പൊതുമേഖലാ വ്യവസായങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ഈ സർക്കാർ നടപ്പിലാക്കിയതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിൽ ആയിരുന്ന എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ഇപ്പോൾ ലാഭത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുനരുദ്ധാരണ പദ്ധതിക്കായി ഈ സർക്കാർ എത്ര കോടി രൂപ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം റിയാബ് മുഖേന നടത്തി അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണം, വിപുലീകരണം എന്നീ നടപടികൾ നടപ്പിലാക്കി വരുന്നു. ഇതിനായി മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ പദ്ധതി വിഹിതം നൽകിവരികയും ചെയ്യുന്നു. പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധി പ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015-16 സാമ്പത്തിക വർഷം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക് ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2016-17 സാമ്പത്തിക വർഷം ലാഭത്തിലാണ് പ്രവർത്തിച്ചത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻസാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു.

**കേപ് -ന്റെ കീഴിലുള്ള സ്ഥാപനങ്ങൾ**

26(* 56) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കേപ്'-ന്റെ കീഴിലുള്ള സ്ഥാപനങ്ങളിലെ പഠനനിലവാരം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സ്ഥാപനങ്ങളിലെ വിജയശതമാനം ഉയർത്തുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സ്ഥാപനങ്ങൾക്ക് 'നാക്' അക്രെഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(സി) കേപ്പ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അത് മറികടക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ഡി) കേപ്പിന്റെകീഴിലുള്ള സ്ഥാപനങ്ങളിലെ എൻ.ആർ.ഐ. സീറ്റുകൾ മെരിറ്റ് സീറ്റുകളാക്കി മാറ്റിയതുമൂലം ഉണ്ടായ സാമ്പത്തികനഷ്ടം ഏത് വിധത്തിൽ പരിഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ഇ) കേപ്പിലെ ജീവനക്കാരുടെ നിയമനങ്ങൾ സുതാര്യമാക്കുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) :

(എ) ആറ് മാസത്തിലൊരിക്കൽ സഹകരണ വകുപ്പ് മന്ത്രി/സെക്രട്ടറിയും, മൂന്ന് മാസത്തിലൊരിക്കൽ കേപ്പ് ഡയറക്ടറും പ്രിൻസിപ്പാൾമാരുടെ യോഗം വിളിച്ച് റിസൾട്ട് ഉൾപ്പെടെ കുട്ടികളുടെ പഠന സംബന്ധമായി എല്ലാ കാര്യങ്ങളും അവലോകനം ചെയ്യാൻ തീരുമാനിക്കുകയും നടപ്പാക്കിവരികയും ചെയ്യുന്നു. അതോടൊപ്പം കേപ്പ്-ന്റെ ഡയറക്ടർ എല്ലാ സ്ഥാപനങ്ങളും സന്ദർശിച്ച് വകുപ്പ് തലവന്മാരെ വിളിച്ചുചേർത്ത് അവലോകനം നടത്തിവരുന്നു. സീരീസ് ടെസ്റ്റുകളും മോഡൽ പരീക്ഷകളും നടത്തി കുട്ടികളെ യൂണിവേഴ്സിറ്റി പരീക്ഷ എഴുതാൻ പ്രാപ്തരാക്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പുതിയ ബ്ലോക്കുകളുടെയും വനിതാ ഹോസ്റ്റലുകളുടെയും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലാബുകളുടെയും ലൈബ്രറികളുടെയും വികസനത്തിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം കേപ്പിനു കീഴിലെ കോളേജുകളെ "സെന്റർ ഓഫ് എക്സലൻസ്" ആക്കി മാറ്റുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കേപ്പിന്റെകീഴിൽ വടകര, തൃക്കരിപ്പൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന എഞ്ചിനീയറിംഗ് കോളേജുകൾക്ക് NAAC അക്രഡിറ്റേഷൻ B+ Grade ലഭിച്ചിട്ടുണ്ട്. കേപ്പിന്റെ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും NAAC അക്രഡിറ്റേഷൻ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സഹകരണ വകുപ്പിന്റെകീഴിൽ പ്രവർത്തിക്കുന്ന കേപ്പിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പൊതുഎൻട്രൻസ് പരീക്ഷാ കമ്മീഷണറുടെ ലിസ്റ്റിൽ നിന്നുമാണ് പ്രവേശനം നൽകുന്നത്. വിദ്യാർത്ഥികൾക്കെല്ലാം ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ അനുസരിച്ചുള്ള ഫീസ് ഇളവുകളും നൽകിവരുന്നു. കേപ്പിനു കീഴിലുള്ള സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളിൽ നിന്ന് ലഭിക്കുന്ന ഫീസ് മാത്രമാണ് വരുമാനം. നിലവിൽ മുഴുവൻ സീറ്റും നികത്താൻ കഴയാത്തതുമൂലം വരുമാനത്തിൽ കുറവ് വരുന്നുണ്ട്. ജീവനക്കാർക്ക് ഡി.എ. വർദ്ധനവും ശമ്പള പരിഷ്കരണവും നടപ്പാക്കിയിട്ടുള്ളതിനാൽ റവന്യൂ ചെലവ് വർദ്ധിച്ചിട്ടുണ്ട്. പല സ്ഥാപനങ്ങളുടേയും വരുമാനം ചെലവിനേക്കാൾ കുറവായതും, നിർമ്മാണ പ്രവർത്തനങ്ങളും പശ്ചാത്തല സൗകര്യങ്ങളും എ.ഐ.സി.റ്റി.ഇ മാനദണ്ഡങ്ങൾ അനുസരിച്ച് നടത്തേണ്ടി വരുന്നതുമൂലം മൂലധനച്ചെലവ് കൂടിവരുന്നതും കേപ്പിൽ സാമ്പത്തിക പ്രതിസന്ധി ഉണ്ടാകുന്നുണ്ട്. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് വരുമാനം വർദ്ധിപ്പിക്കുന്നതിനും ചെലവ് ചുരുക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സർക്കാർ പദ്ധതി/പദ്ധതിയേതര ഫണ്ടും പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടും നൽകി കേപ്പിന്റെ സുഗമമായ പ്രവർത്തനം ഉറപ്പാക്കുന്നുണ്ട്.

(ഡി) 2016-17 അദ്ധ്യയന വർഷത്തിൽ 281 എൻ.ആർ.ഐ. സീറ്റുകളിൽ ആകെ 73 സീറ്റുകളിൽ മാത്രമാണ് വിദ്യാർത്ഥികൾ പ്രവേശനം നേടിയത്. ഇക്കാരണത്താലാണ് മൊത്തം സീറ്റിന്റെ 15% ഉള്ള എൻ.ആർ.ഐ. സീറ്റ് ചുരുക്കി 5% ആക്കിയതും ബാക്കി 10% സീറ്റുകൾ മെറിറ്റ് സീറ്റാക്കി മാറ്റിയതും. എന്നാൽ പൊതുവെ എഞ്ചിനീയറിംഗ് പ്രവേശനം കുറഞ്ഞ സാഹചര്യത്തിൽ 2017-18 അദ്ധ്യയന വർഷത്തിൽ കേപ്പിന്റെ എൻ.ആർ.ഐ. സീറ്റ്, മെറിറ്റ് സീറ്റ് ആക്കിയപ്പോൾ ഉണ്ടായ സാമ്പത്തികനഷ്ടം നികത്താനായി സർക്കാരിന്റെ തന്നെ പ്രൊഫഷണൽ എഡ്യൂക്കേഷൻ ഫണ്ടിൽനിന്നും Wipe of loss വകയിലും സർക്കാരിന്റെ ബജറ്റിൽ നിന്ന് നോൺ പ്ലാൻ ഫണ്ട് വകയിലും സാമ്പത്തിക ധനസഹായം നൽകുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

(ഇ) നിയമനങ്ങൾ സുതാര്യമാക്കുന്നതിനും പരാതികൾ ഒഴിവാക്കുന്നതിനുമായി വിവിധ തസ്തികകളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിനുള്ള പരീക്ഷകളുടെ നടത്തിപ്പും ചുരുക്കപ്പട്ടിക തയ്യാറാക്കലും സർക്കാർ അംഗീകൃത ഏജൻസിയെക്കൊണ്ട് മാത്രം ചെയ്യിക്കുവാനും അഭിമുഖം ആവശ്യമെങ്കിൽ വിദഗ്ദ്ധരെ ഉൾപ്പെടുത്തിയുള്ള കമ്മിറ്റിയെ നിയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

**ഈസ് ഓഫ് ഡൂയിങ് ബിസിനസ്**

27(* 57) ശ്രീ. എം. രാജഗോപാലൻ :
ശ്രീ. ബി. സത്യൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഈസ് ഓഫ് ഡൂയിങ് ബിസിനസ്' എന്ന പദ്ധതിയുടെ ഭാഗമായി വ്യവസായ സംരംഭകർക്ക് സമയബന്ധിതമായി ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച് നിയമനിർമ്മാണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പഠനമോ ചർച്ചകളോ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം നിയമങ്ങളിലാണ് ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നത്;

(ഡി) അപേക്ഷകളിന്മേലുള്ള പരിശോധനകളും ഓൺലൈൻ സംവിധാനങ്ങളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് കൊണ്ടുവരാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ):

(എ-ഡി) വ്യവസായ അനുകൂലാന്തരീക്ഷം സംസ്ഥാനത്ത് സംജാതമാക്കുവാനും അതുവഴി നിക്ഷേപവും തൊഴിലവസരങ്ങളും വളർത്താനുമായി വിവിധ വകുപ്പുകളിലായി നിലവിലുള്ള നിയമങ്ങൾ/ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയിൽ മാറ്റങ്ങൾ വരുത്തുന്നതിനായി പഠനം നടത്തിയിരുന്നു. അതനുസരിച്ച് ലഭിച്ച നിർദ്ദേശങ്ങളും പരിഹാര മാർഗ്ഗങ്ങളും അടങ്ങിയ പഠന റിപ്പോർട്ട് ഉന്നതതലങ്ങളിൽ വിവിധ വകുപ്പദ്ധ്യക്ഷൻമാരുടേയും സെക്രട്ടറിതലങ്ങളിലും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ സമർപ്പിക്കപ്പെട്ട പരിഷ്കാര നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി. നടപടിക്രമങ്ങൾ ലളിതവും വേഗത്തിലുമാക്കുന്നതിനായി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ്-2017 വിജ്ഞാപനം ചെയ്യുകയുണ്ടായി. ഇത് ഈ നിയമസഭാ സമ്മേളന കാലയളവിൽ ബിൽ ആയി അവതരിപ്പിക്കുന്നതാണ്. താഴെപ്പറയുന്ന ഏഴ് നിയമങ്ങളിലാണ് ഭേദഗതികൾ വരുത്തിയിട്ടുള്ളത് :

1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994
2. കേരള മുനിസിപ്പാലിറ്റി ആക്ട് - 1994
3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് - 2013
4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002
5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978
6. കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960
7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999.

സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏകജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷകളിന്മേൽ ഫലപ്രദമായും സമയബന്ധിതമായും പരിശോധന നടത്തുന്നതിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPFC)" രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാ തലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിൽ ലഭിക്കുന്നതിനും അവയുടെ പുരോഗതി സംരംഭകർക്ക് വേഗം മനസ്സിലാക്കുവാനും കഴിയും. വ്യവസായം തുടങ്ങുവാനുള്ള അനുമതികൾ കിട്ടുന്നതിനായി ഓൺലൈനിൽക്കൂടി ലഭിക്കുന്ന അപേക്ഷകൾ കാലതാമസമില്ലാതെ പരിഗണിക്കുക, അവയുടെ പുരോഗതി വിലയിരുത്തുക, വിവിധ വകുപ്പുതല പരിശോധനകൾ ഏകോപിപ്പിക്കുക, നിശ്ചിത സമയത്തിനുള്ളിൽ സംരംഭകർക്ക് അനുമതി നൽകുക എന്നിവയിൽ സെൽ സുപ്രധാന പങ്ക് വഹിക്കും.

**സാമ്പത്തിക പ്രതിസന്ധി**

28(* 58) ശ്രീ. ഇ. കെ. വിജയൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി സംബന്ധിച്ച യഥാർത്ഥ ചിത്രം വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനം സാമ്പത്തിക പ്രതിസന്ധിയിലാണെങ്കിൽ ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങളാണ് അവലംബിക്കുന്നതെന്ന് വിശദമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2017-18 നവംബർ 30 വരെയുള്ള കാലയളവിലെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 28,409.12 കോടി രൂപയാണ്. സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ പ്രധാന പങ്ക് വഹിക്കുന്ന മോട്ടോർ വാഹന നികുതി ഇതേ കാലയളവിൽ 21.18%-ഉം സ്റ്റാമ്പ് & രജിസ്ട്രേഷൻ നികുതി 8.48%-ഉം വളർച്ച രേഖപ്പെടുത്തിയപ്പോൾ ജി.എസ്.ടി/വാറ്റ് അടക്കം വിൽപ്പന നികുതിയിലെ വർദ്ധനവ് 3.65% ആയി കുറയുകയുണ്ടായി. ടി കാരണം കൊണ്ട്, സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിലെ വിൽപ്പന നികുതി (ജി.എസ്.ടി/വാറ്റ്) ഒഴികെയുള്ള നികുതികൾ 11.42% വളർച്ച നേടിയപ്പോൾ വിൽപ്പന നികുതിക്ക് (വാറ്റ്/ ജി.എസ്.റ്റി അടക്കം) 5.26% വർദ്ധനവ് മാത്രമേ കൈവരിക്കുവാൻ സാധിച്ചുള്ളൂ. ഈ കാലയളവിൽ തനത് നികുതിയേതര വരുമാനമായി 5817.60 കോടി രൂപ സംസ്ഥാനം സമാഹരിച്ചിട്ടുണ്ട്. ഈ ഇനത്തിലെ വളർച്ച 16.86% ആണ്. അതേസമയം കേന്ദ്ര സർക്കാരിൽനിന്നുള്ള ഗ്രാന്റിൽ 927.40 കോടി രൂപയുടെ ഇടിവുണ്ടായിട്ടുണ്ട്. നിർദ്ദിഷ്ട കാലയളവിൽ പദ്ധതി ചെലവിൽ 20.35%-ന്റെയും പദ്ധതിയേതര ചെലവിൽ 22.16%-ന്റെയും മൂലധന ചെലവിൽ 8.34%-ന്റെയും വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി&സി) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. ചരക്കുസേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവർത്തിദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവർത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനഃക്രമീകരിച്ചു. ഇതുകൂടാതെ ചരക്കുസേവന നികുതിയുടെ ഭാഗമായി എസ്.ജി. എസ്.ടി.-യുടെ ഗണ്യമായ പങ്കം മാസത്തിന്റെ പകുതിക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap പലപ്പോഴും, റിസർവ് ബാങ്കിന്റെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റിനുള്ള ഉപാധികളായ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി, വെയ്സ് ആന്റ് മീൻസ്, ഓവർ ഡ്രാഫ്റ്റ് എന്നിവ മുഖാന്തരം ശേഖരിക്കാവുന്ന പരിധിക്കും മുകളിലാണ്. സംസ്ഥാനത്തിന് ഒഴിവാക്കാനാകാത്ത മേൽ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.-യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

**ഇ-കൊമേഴ്സ് പോർട്ടൽ**

29(* 59) ശ്രീ. പി. കെ. ശശി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സൂക്ഷ്മ -ചെറുകിട വ്യവസായ സംരംഭങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി ഇ- കൊമേഴ്സ് പോർട്ടൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം ഉത്പന്നങ്ങൾക്ക് അന്താരാഷ്ട്ര വിപണി കണ്ടെത്തുന്നതിന് ഇ-കൊമേഴ്സ് പോർട്ടൽ എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ടോ;

(ഡി) പോർട്ടലിൽ പ്രവേശിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) :

(എ&ബി) ഉണ്ട്. കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് അവരുടെ ഉത്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്തുന്നതിനും സംരംഭങ്ങളുടെ വളർച്ചയ്ക്കുമായി എസ്.എം.ഇ. പോർട്ടൽ രൂപീകരിക്കുന്നതിനുമായുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന് കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങൾ മുഖേന എസ്.എം.ഇ. പോർട്ടലിലൂടെ ചെറുകിട വ്യവസായ സംരംഭങ്ങൾ രജിസ്റ്റർചെയ്ത് അവരുടെ ഉൽപ്പന്നങ്ങളേയും സേവനങ്ങളേയും കുറിച്ച് പ്രചരിപ്പിക്കുവാൻ സാധിക്കുക വഴി ഇത്തരം സംരംഭങ്ങൾക്ക് ആഗോളതലത്തിലുള്ള വ്യവസായികൾ/ബയറർ എന്നിവരുമായി ആശയ വിനിമയം നടത്തുവാനും സാധിക്കും.

(സി) ഉണ്ട്.

(ഡി) പോർട്ടൽ താഴെപ്പറയുംപ്രകാരമാണ് വിഭാവനം ചെയ്യുവാൻ ഉദ്ദേശിക്കുന്നത് :

1. സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട സ്ഥാപനങ്ങൾക്കായി വികസിപ്പിച്ചെടുക്കുന്ന എസ്.എം.ഇ. പോർട്ടലിന്റെ ഹോം പേജിൽ പുതിയതായി വരുന്ന കമ്പനികൾക്ക് രജിസ്റ്റർ ചെയ്യാൻ അവസരം ഉണ്ടായിരിക്കുന്നതാണ്.

2. ഒരു സ്ഥാപനം രജിസ്റ്റർ ചെയ്യാനുള്ള സംവിധാനത്തിലെത്തിയാൽ കമ്പനിയുടെ പേര്, മേൽവിലാസം, കോൺടാക്ട് നമ്പർ, ഉൽപ്പന്നത്തിന്റെ വിശദ വിവരം, ടേൺ ഓവർ എന്നിവ ചേർത്ത് രജിസ്റ്റർ ചെയ്യാൻ സാധിക്കും.

3. ഇങ്ങനെ രജിസ്റ്റർ ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേകം യൂസർ ഐഡിയും പാസ് വേഡും ലഭിക്കുന്നതായിരിക്കും.

4. ഈ യൂസർ ഐഡിയും പാസ് വേഡും ഉപയോഗിച്ച് എസ്.എം.ഇ പോർട്ടലിലെ നിശ്ചിത സ്ഥലത്ത് അവരവരുടെ ഉൽപ്പന്നങ്ങളും ടെക്നോളജിയും മറ്റ് സേവനങ്ങളും പ്രദർശിപ്പിക്കുവാൻ അവസരം ഉണ്ടായിരിക്കും.

5. ഇത് ലോകത്തിന്റെ നാനാഭാഗത്തുള്ള ആവശ്യക്കാർക്ക് നേരിൽ കണ്ട് അതത് കമ്പനിയുമായി ബിസിനസ്സ് ഡീലിംഗ് നടത്തുവാൻ സാധിക്കും. വാണിജ്യ കാര്യങ്ങൾ നേരിട്ട് കമ്പനിയും ആവശ്യക്കാരനും തമ്മിൽ നടത്തേണ്ടതാണ്.

**ലോട്ടറി മേഖലയിൽ വരുത്തിയ മാറ്റങ്ങൾ**

30(* 60) ശ്രീ. അനിൽ അക്കര :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോട്ടറി മേഖലയിൽ ഈ സർക്കാർ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണ്; ഇതിലൂടെ ലോട്ടറി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ബി) വ്യാജ ലോട്ടറി തടയുന്നതിനും,ലോട്ടറിയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(സി) നിർമ്മൽ ലോട്ടറി വിജയപ്രദമാണോ; പ്രസ്തുത ലോട്ടറിയിൽനിന്നും ലഭിക്കുന്ന ലാഭം ഏതൊക്കെ പ്രവർത്തനങ്ങൾക്കാണ് വിനിയോഗിക്കുന്നതെന്ന് വിശദമാക്കാമോ?

ധനകാര്യവും കയറും വകുപ്പ് മന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) :

(എ) 15-5-2017-ലെ സ.ഉ.(ആർ.ടി) 389/17/നി.വ.നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 50 രൂപ മുഖവിലയുണ്ടായിരുന്ന പ്രതിവാര ഭാഗ്യക്കുറികളുടെ മുഖവില കൂടി 30 രൂപയാക്കി കുറച്ചുകൊണ്ട് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30 രൂപയാക്കി ഏകീകരിച്ചുകൊണ്ടും അറ്റാദായത്തിൽനിന്നും 5% കുറവ് വരുത്തി പ്രസ്തുത തുകകൂടി സമ്മാനയിനത്തിൽ നൽകിക്കൊണ്ടും സമ്മാനങ്ങളുടെ എണ്ണത്തിൽ വൻവർദ്ധനവ് വരുത്തി എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ 2017 ജൂൺ ആദ്യവാരത്തെ നറുക്കെടുപ്പുകൾ മുതൽ

പ്രാബല്യത്തിൽ വരുത്തി പരിഷ്കരിച്ചിരുന്നു. സംസ്ഥാന സർക്കാർ നേരിട്ട് നടത്തുന്ന ഭാഗ്യക്കുറികൾക്ക് 1-7-2017 മുതൽ 12% ജി.എസ്.ടി ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനെ തുടർന്ന് എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 26.8 രൂപയാക്കി നിജപ്പെടുത്തി, ഇതിന്റെ 12% ജി.എസ്.ടി. കൂടി ചേർത്ത് പരമാവധി വിൽപ്പനവില 30 രൂപയാക്കി നിലനിർത്തിക്കൊണ്ടും, 50 ശതമാനത്തിന് മുകളിൽ സമ്മാനത്തുക നൽകിയും 3 സ്ലാബുകളിലായി (upto 2000-24%, 2001 to 10000-24.5%, above 10,000-25.25%) ഡിസ്കൗണ്ട് അനുവദിച്ചുകൊണ്ടും 15-7-2017 തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരത്തക്കവിധത്തിൽ എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ പരിഷ്കരിച്ചിട്ടുണ്ട്. 12 പരമ്പരകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്കവിധത്തിലാണ് സമ്മാന ഘടന ആവിഷ്കരിച്ചിരിക്കുന്നത്. ലോട്ടറി വിൽപ്പന/ സമ്മാന വിതരണം എന്നിവ കൂടുതൽ കാര്യക്ഷമമാക്കുന്നതിലേക്കായി പുതുതായി 18 ഭാഗ്യക്കുറി സബ് ഓഫീസുകൾ കൂടി ആരംഭിച്ചിട്ടുണ്ട്. ഭാഗ്യക്കുറി മേഖലയിൽ ഈ സർക്കാർ നടപ്പിൽ വരുത്തിയ മാറ്റങ്ങൾക്ക് അനുസൃതമായി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) വ്യാജ ലോട്ടറി ടിക്കറ്റുകൾ തടയുന്നതിനും ലോട്ടറിയുടെ വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനുമായി 23-11-2016-ലെ ജി.ഒ. (ആർ.റ്റി) 910/2016/റ്റിഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച ടെക്നിക്കൽ കമ്മറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Micro letters pattern, Guilloche pattern, Opaque text pattern, Relief pattern, Void pantograph Pattern, Invert Microline pattern എന്നീ സുരക്ഷാ സംവിധാനങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽപ്പറഞ്ഞവ പരിചയപ്പെടുത്തുന്നതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥർക്കും, ലോട്ടറി ഏജന്റുമാർക്കും ജില്ലാ അടിസ്ഥാനത്തിൽ ക്ലാസുകൾ നടത്തിവരുന്നു. ലോട്ടറി അച്ചടിയിലെ സുരക്ഷാ മേൽനോട്ടങ്ങൾ നിർവ്വഹിക്കുന്നതിനായി 22-9-2017-ലെ സ.ഉ. (കൈ) 79/2017/ ടാക്സസ് നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഉന്നതതല സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യാജ ടിക്കറ്റുകൾ ലഭിക്കുന്നുവെങ്കിൽ, ഇക്കാര്യം ബന്ധപ്പെട്ട പോലീസ് അധികാരികളെ അറിയിച്ച് പരാതി രജിസ്റ്റർ ചെയ്തതിന് ശേഷം മാത്രം വകുപ്പിൽ അറിയിച്ചാൽ മതിയാകുമെന്ന് എല്ലാ ഏജന്റുമാർക്കും അറിയിപ്പ് നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ലഭിക്കുന്ന പരാതികൾ പരിശോധനയ്ക്ക് ശേഷം സംസ്ഥാന മോണിറ്ററിംഗ് സെല്ലിനും ജില്ലാതല മോണിറ്ററിംഗ് സെല്ലിനും തുടർ നടപടികൾക്കായി നൽകുന്നു. ഇതിലേക്കായി ഭാഗ്യക്കുറി വകുപ്പിന്റെ ആസ്ഥാന ഓഫീസിൽ C-dit-ന്റെ സാങ്കേതിക സഹായത്തോടെ ഒരു ലോട്ടറി സുരക്ഷാ ലാബ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഒറ്റയക്ക, ഇരട്ടയക്ക, മൂന്നക്ക ലോട്ടറി നടത്തിപ്പിനെതിരെ, ലോട്ടറി റെഗുലേഷൻ ആക്റ്റ് 1998,7(3) പ്രകാരം കേസ്

രജിസ്റ്റർചെയ്ത് തുടർ നടപടി സ്വീകരിക്കാൻ മോണിറ്ററിംഗ് സെല്ലിനെ അധികാരപ്പെടുത്തിയിട്ടുണ്ട്. 2017-2018 സാമ്പത്തിക വർഷത്തിൽ വ്യാജ ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് 23 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വ്യാജ ലോട്ടറി ടിക്കറ്റുകളുടെ മോണിറ്ററിംഗുമായി ബന്ധപ്പെട്ട് സംസ്ഥാനതലത്തിൽ CBCID-യുടെ നേതൃത്വത്തിൽ ഒരു സെൽ രൂപീകരിച്ചിട്ടുണ്ട്.

(സി) 23-8-2016-ലെ G.O.(MS) 85/2016/TD നമ്പർ ഉത്തരവ് പ്രകാരമാണ് എല്ലാ മാസവും ഒന്നാമത്തേയും മൂന്നാമത്തേയും വെള്ളിയാഴ്ചകളിൽ നറുക്കെടുപ്പ് നടത്തത്തക്കവിധത്തിൽ 100 രൂപ മുഖവിലയോടുകൂടി നിർമ്മൽ ബൈവീക്കിലി ലോട്ടറി ആരംഭിച്ചത്. എന്നാൽ Demonetization-നെ തുടർന്ന് ടി ഭാഗ്യക്കുറിക്ക് breakeven point achieve ചെയ്യാൻ സാധിക്കാതെ വന്ന സാഹചര്യത്തിൽ ഏതാനും നറുക്കെടുപ്പുകൾ റദ്ദ് ചെയ്തിരുന്നു. തുടർന്ന് നിർമ്മൽ ഭാഗ്യക്കുറിയെ 30 രൂപ മുഖവിലയോടെ പ്രതിവാര ലോട്ടറി ആക്കിയതിനുശേഷം ലാഭകരമായി നടത്തി വരുന്നു. ശുചിത്വത്തിന്റെ പരസ്യ പ്രചാരണാർത്ഥം ആവിഷ്കരിച്ച് നടപ്പിലാക്കിയ നിർമ്മൽ ഭാഗ്യക്കുറിയുടെ ടിക്കറ്റുകളിൽ ശുചിത്വത്തിന്റെ പരസ്യ പ്രചാരണത്തിനായുള്ള വാചകങ്ങൾ അച്ചടിച്ചുവരുന്നു. പ്രസ്തുത ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം സർക്കാരിന്റെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ലൈഫ് സർട്ടിഫിക്കറ്റ്

1 (399) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാങ്കുകൾവഴി പെൻഷൻ വാങ്ങുന്നവർ വർഷംതോറും നൽകേണ്ട ലൈഫ് സർട്ടിഫിക്കറ്റ് ട്രഷറിയിൽത്തന്നെ നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഇത് പെൻഷൻകാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതിനാൽ പ്രസ്തുത നിർദ്ദേശത്തിൽ മാറ്റം വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 30-112016- 343826/SL-1/16/ധന. നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, ബാങ്ക് അക്കൗണ്ടുകൾ മുഖേന കേരള സ്റ്റേറ്റ് സർവ്വീസ്/ഫാമിലി പെൻഷൻ വാങ്ങുന്നവരുടെ ലൈഫ് സർട്ടിഫിക്കറ്റ് സ്വീകരിക്കണമെന്ന് എല്ലാ ട്രഷറി ആഫീസർമാർക്കും ട്രഷറി ഡയറക്ടറേറ്റിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ബാങ്കുകൾ മുഖേന പെൻഷൻ വാങ്ങിയിരുന്ന കേരള സ്റ്റേറ്റ് സർവ്വീസ്/ഫാമിലി പെൻഷൻകാരുടെ മുഴുവൻ പെൻഷൻ ബുക്കുകളും (PPO), 11-11-2014-ലെ സ.ഉ.(അ) 489/2014/ധന, 16-4-2016-ലെ സ.ഉ.(അ) 50/16/ധന, 21-4-2016-ലെ 215855/SL-3/16/ധന എന്നീ നിർദ്ദേശങ്ങൾ പ്രകാരം തിരിച്ചെടുക്കുകയും പ്രതിമാസ പെൻഷൻ 04/2016 മുതൽ കേന്ദ്രീകൃതമായി ട്രഷറി ഡയറക്ടറേറ്റിൽ പ്രോസ്സസ് ചെയ്ത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ e-kuber പോർട്ടൽ മുഖേന ഓരോരുത്തരുടെയും ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ക്രഡിറ്റ് ചെയ്ത് വരികയുമാണ് ചെയ്തു വരുന്നത്. ട്രഷറി വകുപ്പാണ് നിലവിൽ എല്ലാ കേരളാ സ്റ്റേറ്റ് സർവ്വീസ്/ഫാമിലി പെൻഷനുകളും വിതരണം നടത്തുന്നത്. അതുകൊണ്ടുതന്നെ പെൻഷൻകാരുടെ ലൈഫ് സർട്ടിഫിക്കറ്റ് ട്രഷറിയാണ് സ്വീകരിക്കേണ്ടത്. ബാങ്ക് അക്കൗണ്ടുകൾ മുഖേന പെൻഷൻ വാങ്ങുന്ന കേരള സ്റ്റേറ്റ് സർവ്വീസ്/ഫാമിലി പെൻഷൻകാർക്ക് ലൈഫ് സർട്ടിഫിക്കറ്റ് അവരവർക്ക് സൗകര്യപ്രദമായ കേരളത്തിലെ ഏത് ട്രഷറിയിലും സമർപ്പിക്കാവുന്നതാണ്. കേരളത്തിലെ ഏത് ട്രഷറിയിലും നേരിട്ട് ഹാജരായാൽ മസ്റ്ററിംഗ് നടത്തുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. മാത്രവുമല്ല കേന്ദ്ര ഗവൺമെന്റിന്റെ ഓൺലൈൻ മസ്റ്ററിംഗ് സംവിധാനമായ 'ജീവൻ പ്രമാൺ 'മുഖേന ലഭിക്കുന്ന ലൈഫ് സർട്ടിഫിക്കറ്റ് /മസ്റ്ററിംഗും 13-12-2016-ലെ സ.ഉ.(അ) 180/16/ധന പ്രകാരം ട്രഷറികളിൽ സ്വീകരിച്ചുവരുന്നു. ഈ വിഷയത്തിൽ പെൻഷൻകാർക്ക് സൗകര്യപ്രദമായി ലൈഫ് മസ്റ്ററിംഗ് നടത്തുന്നതിന് എല്ലാ സജ്ജീകരണങ്ങളും വകുപ്പ് ഒരുക്കിയിട്ടുണ്ട്.

## സാമൂഹ്യ സുരക്ഷാ പെൻഷനുമായി ബന്ധപ്പെട്ട ധനകാര്യ വകുപ്പ് സർക്കുലർ

2 (400) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോട് സാമൂഹ്യ സുരക്ഷാ പെൻഷൻ ഡാറ്റാഎൻട്രി മാറ്റിവെച്ചുകൊണ്ടുള്ള നിർദ്ദേശത്തോടെ ധനകാര്യ വകുപ്പ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ആയതിന് ആധാരമായ കാരണമെന്താണെന്ന് വിശദമാക്കാമോ;

(സി) ഇതുകാരണം അർഹതയുണ്ടായിട്ടും പെൻഷൻ അപേക്ഷകൾ സമർപ്പിച്ച് ആനുകൂല്യം ലഭിക്കാൻ സാധിക്കാതെ സാധാരണക്കാർ പ്രയാസപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഈ വിഷയം എന്നത്തേക്ക് പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 25-5-2017 തീയതിയിലെ സർക്കുലർ നമ്പർ460587/2017/ധന. പ്രകാരം പ്രാദേശിക സർക്കാരുകളിലെ ഡാറ്റാ എൻട്രി മാറ്റിവച്ചുകൊണ്ട് നിർദ്ദേശം നൽകിയിരുന്നു.

(ബി) 2011-ലെ ജനസംഖ്യാ കണക്കുകൾ പ്രകാരം 60 വയസ്സിന് മുകളിൽ പ്രായമുള്ള 41.5 ലക്ഷം പേരാണ് സംസ്ഥാനത്തുള്ളത്. എന്നാൽ സാമൂഹ്യ സുരക്ഷാ പെൻഷന്റെ അർഹതാ മാനദണ്ഡങ്ങൾക്കുള്ളിൽനിന്ന് പെൻഷൻ വാങ്ങുന്ന 42.4 ലക്ഷം പേർ സംസ്ഥാനത്തുണ്ട്. ഇത് പരിശോധനയ്ക്ക് വിധേയമാക്കുന്നതിലേക്കും നിലവിലെ പെൻഷൻ ഗുണഭോക്താക്കളുടെ പരാതികളും പ്രശ്നങ്ങളും പരിഹരിക്കുന്നതിലേക്കും നടത്തിയ അദാലത്തിന്റെ ശിപാർശകൾ നടപ്പാക്കുന്നതിലേക്കുമാണ് ഡാറ്റാ എൻട്രി താൽക്കാലികമായി മാറ്റിവച്ചത്.

(സി) ഡാറ്റാ എൻട്രി നടത്തുന്നതിനായി സേവന വെബ്സൈറ്റ് തുറന്നു കൊടുക്കണമെന്ന ആവശ്യമുന്നയിച്ചുകൊണ്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ഡി) പ്രാദേശിക സർക്കാരുകളിൽ ലഭിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളിന്മേൽ അർഹതാ മാനദണ്ഡങ്ങൾ പരിശോധിച്ച് മുൻഗണനാക്രമത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ നടന്നുവരുന്നു.

## തൊഴിലാളി ക്ഷേമനിധി പെൻഷനുകൾ ലഭിക്കാനുള്ള കാലതാമസം

3(401) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കർഷക തൊഴിലാളി,മോട്ടോർ തൊഴിലാളി തുടങ്ങിയ ക്ഷേമ പെൻഷനുകളിൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് അവർ നിശ്ചിത കാലാവധി പൂർത്തിയാക്കിയതിനു ശേഷം അതത് വർഷ ആനുകൂല്യം ലഭിക്കാൻ വളരെയധികം കാലതാമസം നേരിടുന്നെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സാമ്പത്തികമായി വളരെ കഷ്ടത അനുഭവിക്കുന്ന അവർക്ക് ആനുകൂല്യം എത്രയുംപെട്ടന്ന് ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

വിവിധ ക്ഷേമനിധി ബോർഡുകളുടെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്ക് ഭരണ വകുപ്പ് ശിപാർശ ലഭ്യമാക്കിയമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള കർഷക തൊഴിലാളി പെൻഷൻ 2017 നവംബർ മാസംവരെ നൽകുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. മോട്ടോർ തൊഴിലാളി പെൻഷൻ ബോർഡിന്റെ തനത്

ഫണ്ടിൽനിന്നും നൽകിവരുന്നു. അധിവർഷ ആനുകൂല്യം യഥാസമയം നൽകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷേമനിധി ബോർഡുകൾക്ക് അംശാദായം പിരിക്കുവാൻ കഴിയാതെ വരുന്നതുമൂലമാണ് യഥാസമയം ഇത്തരം ആനുകൂല്യങ്ങൾ നൽകാനാകാതെ വരുന്നത്. ഇക്കാര്യം പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ആസ്തി വികസന ഫണ്ട് വകമാറ്റി ചെലവഴിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി

4(402) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റിക്കുകീഴിൽ വരുന്ന പ്രവൃത്തികൾക്ക് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച തുക വക മാറ്റി ചെലവഴിച്ച് തീർത്തത് ശ്രദ്ധയിൻപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു കാരണം പ്രവൃത്തികൾ പൂർത്തീകരിച്ച കരാറുകാർക്ക് തുക മാറി നൽകാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ആസ്തി വികസന ഫണ്ട് വക മാറ്റി ചെലവഴിക്കുന്നത് അനുവദനീയമാണോ; അല്ലെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇതു സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(സി) ആസ്തി വികസന ഫണ്ട് വകമാറ്റി ചെലവഴിക്കുന്നത് അനുവദനീയമല്ല. അത്തരം കാര്യം ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

## മങ്കട നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പദ്ധതികൾ

5(403) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 സാമ്പത്തിക വർഷത്തെ മങ്കട നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടി (എൽ.എ.സി-എ.ആർ)ന്റെ ഭാഗമായി നൽകിയ ശിപാർശകളിൽമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു;

(ബി) നൽകിയ പ്രൊപ്പോസലുകളിൽ എത്ര എണ്ണത്തിൽ ഡി.പി.ആർ. ബന്ധപ്പെട്ട വകുപ്പുകൾ/ഏജൻസികൾ തയ്യാറാക്കി നൽകിയിട്ടുണ്ട്;

(സി) ഡി.പി.ആർ. ലഭിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) മുഴുവൻ പദ്ധതികളുടെയും ഭരണാനുമതി 2018 മാർച്ചിനുള്ളിൽ നൽകുവാൻ സാധിക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ മങ്കട നിയോജക മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിന്റെ ഭാഗമായി എം.എൽ.എ.-യുടെ 197/മങ്കട/2017 നമ്പർ കത്ത് പ്രകാരം 3-11-2017-ന് ലഭിച്ച 18 പ്രോജക്ടുകളുടെ ശിപാർശ 13-11-2017, 20-11-2017, 21-11-2017, 23-11-2017, 29-11-2017 തീയതികളിൽ ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർക്ക് പ്രവൃത്തികളുടെ ഡി.പി.ആർ 10 ദിവസത്തിനകം ലഭ്യമാക്കുന്നതിനായി കത്ത് നൽകിയിട്ടുണ്ട്. കൂടാതെ മേൽപ്രവൃത്തികളിൽ നിർദ്ദേശിച്ച ഒരു പ്രവൃത്തി ഭേദഗതി ചെയ്യുന്നതിന് 9-1-2018-ന് നിർദ്ദേശിക്കുകയും ആയത് 12-1-2018-ന് നിർവ്വഹണ ഉദ്യോഗസ്ഥന് കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. 13 പ്രവൃത്തികളുടെ ഡി.പി.ആർ. ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) ഇതുവരെ ആകെ 5 പ്രോജക്ടുകളുടെ ഡി.പി.ആർ. ലഭ്യമായിട്ടുണ്ട്.

(സി) 12-1-2018-ന് ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. (മേലതിൻപടി മുട്ടുകരി ആലക്കടവ് റോഡ് - മൂർക്കനാട് ഗ്രാമ പഞ്ചായത്ത്- 10 ലക്ഷം). 4 പ്രവൃത്തികളുടെ ഭരണാനുമതി നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ഡി) ഡി.പി.ആർ. ലഭിക്കുന്നമുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ലൈഫ് മിഷൻ പദ്ധതിയിൽ ആസ്തി വികസന നിധിയിൽനിന്നുള്ള വിനിയോഗം

6(404) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈഫ് മിഷൻ പദ്ധതിയിൻകീഴിൽ ഭൂരഹിത-ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്ന പദ്ധതിയിൽ സർക്കാരിന്റേയും തദ്ദേശ സ്ഥാപനങ്ങളുടെയും വിഹിതത്തിനൊപ്പം എം.എൽ.എ.-യുടെ ആസ്തി വികസന നിധിയിൽനിന്നും തുക വിനിയോഗിക്കുന്നതിന് സാധിക്കുമോ;

(ബി) ഇല്ലെങ്കിൽ നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി ഉത്തരവ് ഭേദഗതി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം പ്രസ്തുത ഫണ്ട് മറ്റ് ഫണ്ടുകളുമായി ചേർത്ത് വിനിയോഗിക്കാൻ വ്യവസ്ഥയില്ല. എന്നിരുന്നാലും വിദ്യഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്ന പദ്ധതി, ചലഞ്ച് ഫണ്ട് പദ്ധതി, നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതി എന്നിവയ്ക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ മാനദണ്ഡങ്ങളിൽ ഇളവുവരുത്തി ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ലൈഫ് മിഷൻ പദ്ധതിയിൻകീഴിൽ ഭൂരഹിത ഭവനരഹിത കുടുംബങ്ങൾക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച നൽകുന്ന പദ്ധതിയിൽ സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വിഹിതത്തിനൊപ്പം ആസ്തി വികസന ഫണ്ടിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നൽകിയിട്ടില്ല.

(ബി) പരിശോധിച്ച് തീരുമാനിക്കുന്നതാണ്.

**ആർ.ഐ.ഡി.എഫ്. പദ്ധതി**

7(405) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ എം.എൽ.എ.-മാരുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും 20% തുക ചെലവഴിച്ച് നടപ്പാക്കാവുന്ന പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കാമോ;

(ബി) ഇതിനായുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതികൾക്കായി നിയോജക മണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ.ഉ.(അ) നമ്പർ 160/2017/ധന. തീയതി 29-12-2017 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആർ.ഐ.ഡി.എഫ്. പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവൃത്തികളുടെ അടങ്കൽ തുകയുടെ 80% മുതൽ 95% വരെ നബാർഡ് ലോണായി അനുവദിക്കുന്നു. 5% മുതൽ 20% വരെയുള്ള തുക ആസ്തി വികസന ഫണ്ടിൽനിന്നും വഹിക്കാവുന്നതാണ്. ഇപ്രകാരം ആസ്തി വികസന ഫണ്ടിൽനിന്നും 20% തുക ചെലവഴിച്ച് നടപ്പിലാക്കാവുന്ന പ്രവൃത്തികൾ ഇവയാണ്.

1. ഗ്രാമീണ റോഡുകളുടെ നിർമ്മാണം. (റോഡുകൾക്ക് കുറഞ്ഞത് 6 മീറ്റർ വീതിയും 1 കി.മീ. നീളവും ഉണ്ടായിരിക്കേണ്ടതാണ്).

2. ഗ്രാമീണ മേഖലയിലെ പാലങ്ങളുടെ നിർമ്മാണം.

നബാർഡ് ആർ.ഐ.ഡി.എഫ്. പദ്ധതിയിൻകീഴിൽ അനുവദനീയമായ മറ്റു പ്രവൃത്തികളുടെ ആസ്തി വികസന ഫണ്ട് വിഹിതം 5 ശതമാനമോ 15 ശതമാനമോ ആണ്. വിശദവിവരം അനുബന്ധമായി നൽകുന്നു.*

**എയ്ഡഡ് സ്കൂളുകളിലെ 'ചലഞ്ച് ഫണ്ട്' പദ്ധതി**

8(406) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾക്ക് എം.എൽ.എ. -എസ്.ഡി.എഫ്, എം.എൽ.എ.-എ.ഡി.എസ്. എന്നിവ നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്കാണ് പ്രസ്തുത ഫണ്ടുകൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) എയ്ഡഡ് സ്കൂളുകൾ സർക്കാർ ഫണ്ടും സകൂൾ ഫണ്ടും ഉപയോഗിച്ച് ചലഞ്ച്ഫണ്ട് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ, നടപ്പിലാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ, ഭരണാനുമതി, ഫണ്ട് ഉപയോഗിക്കേണ്ട രീതി എന്നിവ ഉൾപ്പെടെ പ്രസ്തുത പദ്ധതി സംബന്ധിച്ച എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത പദ്ധതിക്കായി പ്രത്യേക ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതുണ്ടോ; എങ്കിൽ ആരുടെ പേരിലാണ് തുറക്കേണ്ടതെന്നും ആയതിന് അനുമതി നൽകേണ്ടത് ആരാണെന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) സ.ഉ.(അ) നമ്പർ 577/2013/ധന. തീയതി 26-11-2013 പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധി ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് റൂം സ്ഥാപിക്കൽ, പാചകപ്പുര, ടോയ്ലെറ്റുകൾ എന്നിവയുടെ നിർമ്മാണം, കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ എന്നിവയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. സ.ഉ.(അ) നമ്പർ 63/2017/ധന. തീയതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

12-5-2017, സ.ഉ.(അ) നമ്പർ 75/2017/ധന. തീയതി 28-5-2017, സ.ഉ.(അ) നമ്പർ 86/2017/ധന. തീയതി 4-7-2017 എന്നിവ പ്രകാരം നിയോജക മണ്ഡല ആസ്തി വികസന ഫണ്ടുപയോഗിച്ച് വിവിധ പ്രവൃത്തികൾക്കും എയ്ഡഡ് സ്കൂളുകളിൽ ടോയ്ലെറ്റുകളും പാചകപ്പുരയും നിർമ്മിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി&ഇ) സ.ഉ.(അ) നമ്പർ 109/2017/ധന. തീയതി 18-8-2017 പ്രകാരം ചലഞ്ച് ഫണ്ട് പദ്ധതിക്കായി നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, മറ്റ് സർക്കാർ സഹായം എന്നിവ ചേർന്ന് പരമാവധി 1 കോടി രൂപ ചലഞ്ച് ഫണ്ട് പദ്ധതിക്കായി ഉപയോഗിക്കാം. പ്രാദേശികമായി സമാഹരിക്കുന്ന ഫണ്ടിന് തുല്യമായ തുക, പരമാവധി 1 കോടി രൂപയായിരിക്കും ഇപ്രകാരം വിനിയോഗിക്കാൻ കഴിയുക. നിയോജക മണ്ഡല ആസ്തി വികസന ഫണ്ട്, സർക്കാർ സഹായം 50:50 എന്ന അനുപാതത്തിൽ ആയിരിക്കും. ചലഞ്ച് ഫണ്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

**മരാമത്ത് പണികളുടെ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം**

9(407) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്ത് കൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ടോ;

(ബി) എം.എൽ.എ.-മാരുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും മരാമത്തു പണികൾ ടെണ്ടർ ചെയ്തുകൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ടായെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; എന്തുകൊണ്ടാണ് ഇത്തരത്തിൽ നിർദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുതലായവ മരാമത്ത് പണികൾ ടെണ്ടർ ചെയ്തുകൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രാക്ടർ മാർക്കുള്ള ലാഭം ഉൾപ്പെടുത്താറുണ്ട്.

(ബി) എം.എൽ.എ-മാരുടെ പ്രാദേശിക വികസന നിധിയിൽ നിന്നും മരാമത്ത് പണികൾ ടെണ്ടർ ചെയ്തുകൊടുക്കുമ്പോൾ എസ്റ്റിമേറ്റിൽ കോൺട്രോക്ടർക്കുള്ള ലാഭം ഉൾപ്പെടുത്തേണ്ട എന്ന് നിർദ്ദേശിച്ചിട്ടില്ല. 27-11-2017-ലെ സർക്കുലർ നമ്പർ.84/17/ധന. പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുടെ കീഴിൽ ശിപാർശ ചെയ്യുന്ന ടെണ്ടർ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് കോൺട്രാക്ടർക്കുള്ള ലാഭം അനുവദനീയമാണ്.

## ആസ്തിവികസന ഫണ്ട് ടെണ്ടർ എക്സസ് അനുവദിക്കുന്നതിലെ മാനദണ്ഡം

10(408) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.എൽ.എ.-മാരുടെ മണ്ഡലം ആസ്തിവികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവർത്തികളിൽ ടെണ്ടർ എക്സസ് അനുവദിക്കുന്നതിലെ മാനദണ്ഡങ്ങളും നടപടി ക്രമങ്ങളും വിശദമാക്കാമോ?

ഉത്തരം

സർക്കുലർ നമ്പർ 97/2013/ധന. തീയതി 4-12-2013 പ്രകാരം നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ അനുമതി നൽകിയ പ്രവൃത്തികളുടെ ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് 9-5-2013-ലെ സ.ഉ.(അ) നമ്പർ 214/2013/ധന-ലെ വ്യവസ്ഥകൾ ബാധകമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 9-5-2013-ലെ ഉത്തരവിന് സ.ഉ.(അ) നമ്പർ 375/2015/ധന. തീയതി 24-8-2015, സ.ഉ.(അ) നമ്പർ 16/2017/ധന. തീയതി 6-2-2017 (പകർപ്പുകൾ അനുബന്ധമായി നൽകുന്നു)* എന്നിവ പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവുകളിലെ മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എം.എൽ.എ.-മാരുടെ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾക്ക് ടെണ്ടർ എക്സസ് അനുവദിക്കുന്നതിന് ബാധകമാണ്.

## മണലൂർ എം.എൽ.എ.-യുടെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ട്

11(409) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ എം.എൽ.എ.-യുടെ 2017-18 വർഷത്തെ ആസ്തി വികസന ഫണ്ടിലേക്ക് ശിപാർശ ചെയ്തിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതികൾ ബന്ധപ്പെട്ട ഓഫീസിൽ ലഭിച്ച തീയതി, അതിന്മേൽ സ്വീകരിച്ച നടപടി എന്നിവ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണത്തിന് ഇതുവരെ ഭരണാനുമതി നൽകുകയുണ്ടായി;

(ഡി) ആസ്തി വികസന ഫണ്ടിലേക്ക് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് എത്ര ദിവസത്തിനകം ഭരണാനുമതി നൽകണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ഇ) അക്രഡിറ്റഡ് ഏജൻസികൾ മുഖേന നടപ്പിലാക്കേണ്ട പദ്ധതികളുടെ എസ്റ്റിമേറ്റ്, പ്രൈസ് സോഫ്റ്റ്‌വെയറിൽ സമർപ്പിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(എഫ്) അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രൈസ് സോഫ്റ്റ്‌വെയർ ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(ജി) ആസ്തി വികസന ഫണ്ടിലേക്ക് ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് മുൻഗണനാക്രമത്തിൽ ഭരണാനുമതി നൽകാൻവേണ്ട നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) 18 പദ്ധതികൾ. വിശദാംശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.*

(ബി) വിശദാംശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്.*

(സി) ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

(ഡി) 4-7-2017 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 86/2017/ ധന. 1-12-2017 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 153/2017/ധന. എന്നീ ഉത്തരവുകൾ പ്രകാരം ശിപാർശകൾ ലഭിച്ച് 30 പ്രവൃത്തി ദിവസത്തിനകം ഭരണാനുമതി നൽകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്. 4-7-2017 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 86/2017/ധന, ഖണ്ഡിക 2.8-ൽ എൽ.എ.സി എ.ഡി.എസ് പ്രകാരമുള്ള പദ്ധതികളുടെ എസ്റ്റിമേറ്റ്, പ്രൈസ് സോഫ്റ്റ്‌വെയറിൽ സമർപ്പിക്കുന്നതിന് വിശദമായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(എഫ്) അക്രഡിറ്റഡ് ഏജൻസികൾ NIC-യിൽ നിന്നും സ്വയമേവ പ്രൈസ് സോഫ്റ്റ്‌വെയർ ലഭ്യമാക്കേണ്ടതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ജി) ആസ്തി വികസന ഫണ്ടിലേക്ക് ശിപാർശ ചെയ്തിട്ടുള്ള പ്രവൃത്തികൾക്ക് മുൻഗണനാക്രമത്തിൽ ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള സമയ പരിധി സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ 4-7-2017 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 86/2017/ധന, 1-12-2017 തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 153/2017/ധന. എന്നീ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. വൈവിധ്യമാർന്ന പ്രവൃത്തികൾ നടപ്പിലാക്കപ്പെടുന്ന ഈ പദ്ധതിയിൽ മുൻഗണനാ ക്രമത്തിൽ ഭരണാനുമതി നൽകുന്നത് പ്രായോഗികമല്ല.

## സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന് നടപടി

12(410) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്തെ ധൂർത്തും അനാവശ്യചെലവുകളും സാമ്പത്തിക പ്രതിസന്ധി ഒരു പരിധിവരെ രൂക്ഷമാക്കുവാൻ കാരണമായിട്ടുണ്ടോ; എങ്കിൽ വിശമാക്കാമോ;

(ബി) സംസ്ഥാനത്തിന്റെ വരുമാനവും ചെലവും തമ്മിലുള്ള അന്തരം വർദ്ധിച്ചു വരുന്നത് കുറയ്ക്കുവാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; അവ ഫലപ്രദമായിട്ടുണ്ടോ;

(സി) ധവളപത്രത്തിൽ പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിലെ വർദ്ധനവ് എത്ര ശതമാനമായിരുന്നു; പ്രസ്തുത വർദ്ധനവ് നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ് വിശദമാക്കാമോ;

(ഡി) ചെലവ് കുറയ്ക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും എന്തൊക്കെ ശക്തമായ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി-ഡി) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുംമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്ക് സേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽനിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ സാരമായി

ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവൃത്തി ദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവൃത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനഃക്രമീകരിച്ചു. ഇതുകൂടാതെ ചരക്ക് സേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടി-യുടെ ഗണ്യമായ പങ്കം മാസത്തിന്റെ പകുതിക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap-ഉം ലിക്വിഡിറ്റി പ്രതിസന്ധിയും പരിഹരിക്കുന്നതിനായി പൊതു വിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചുകൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

ധനദൃഢീകരണം സാധ്യമാകണമെങ്കിൽ വരുന്ന അഞ്ചുവർഷവും നികുതി വരുമാനം 20-25% നിരക്കിൽ വളരേണ്ടതുണ്ടെന്നാണ് ധവളപത്രത്തിൽ വിലയിരുത്തിയിരുന്നത്. എന്നാൽ അപ്രതീക്ഷിതമായി കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ നോട്ട് നിരോധനവും തിടുക്കത്തിലും വേണ്ടമുന്നൊരുക്കത്തോടുകൂടിയുമല്ലാതെ നടപ്പിലാക്കിയ ജി.എസ്.ടി.-യും മേൽപ്രസ്താവിച്ച നികുതി വളർച്ച കൈവരിക്കുവാനുള്ള സർക്കാർ ശ്രമത്തിന് വിഘാതമായിട്ടുണ്ട്. നോട്ട് നിരോധനത്തിന്റെ ഫലമായി ചെറുകിട-അസംഘടിത മേഖലയിലുണ്ടായ മുരടിപ്പ് ഇപ്പോഴും തുടരുന്നതും ചരക്കുസേവന നികുതിയിൽനിന്നും പ്രതീക്ഷിച്ച വളർച്ചയിലുള്ള വരുമാനം ലഭിക്കാതിരിക്കുന്നതും സംസ്ഥാനം നിലവിൽ അഭിമുഖീകരിക്കുന്ന പ്രധാന വെല്ലുവിളിയാണ്. ഈ പരിമിതികൾക്കിടയിലും മുൻഖണ്ഡികയിൽ വിവരിച്ചിരിക്കുന്ന നടപടികളുടെ ഫലമായി 2017-18 നവംബർ 30 വരെയുള്ള കാലയളവിൽ (അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം) പദ്ധതി ചെലവിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 20.35%-ഉം പദ്ധതിയേതര ചെലവിൽ 22.16%-ഉം വളർച്ച നേടുവാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. നിലവിലെ വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിലൂടെ അനാവശ്യ ചെലവുകൾ ഒരു പരിധിവരെ കുറയ്ക്കുവാൻ ശ്രമിക്കുന്നതാണ്. അതേസമയം സാമൂഹ്യക്ഷേമ ചെലവുകളിൽ വെട്ടിക്കുറവോ പിടിച്ചുവയ്ക്കലോ ഉണ്ടാകില്ല.

## സാമ്പത്തിക പ്രതിസന്ധി

13(411) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധിയെ അതിജീവിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ ഒരു പ്രത്യേക സപ്പോർട്ടിംഗ് പാക്കേജ് പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുംമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്ക സേവന നികുതിയിൽ നിന്നുള്ള വരവും കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതത്തിന്റെ കൈമാറ്റവും സംസ്ഥാനത്തിന്റെ ചെലവുകളുടെ ക്രമവും തമ്മിലുള്ള അന്തരം ദൈനംദിന പ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ ശമ്പളവും പെൻഷനുമടക്കമുള്ള റവന്യൂ ചെലവിന്റെ സിംഹഭാഗവും കേന്ദ്രീകരിച്ചിരിക്കുന്നത് മാസത്തിന്റെ ആദ്യ പ്രവൃത്തിദിനങ്ങളിലാണ്. കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം മുൻകാലങ്ങളിൽ എല്ലാമാസവും ആദ്യ പ്രവൃത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്നത് 15-ാം തീയതിയാക്കി കേന്ദ്ര സർക്കാർ പുനഃക്രമീകരിച്ചു. ഇതുകൂടാതെ ചരക്കുസേവന നികുതിയുടെ ഭാഗമായ എസ്.ജി.എസ്.ടി-യുടെ ഗണ്യമായ പങ്കും മാസത്തിന്റെ പകുതിക്കുശേഷവും ഐ.ജി.എസ്.ടി. വിഹിതം മാസാവസാനവും ജി.എസ്.ടി. നടപ്പിലാക്കുന്നത് വഴിയുണ്ടാകുന്ന റവന്യൂ നഷ്ടത്തിനുള്ള നഷ്ടപരിഹാരം 2 മാസത്തിലൊരിക്കലുമാണ് ലഭിച്ചുവരുന്നത്. സംസ്ഥാനത്തിന്റെ വരവും ചെലവും വിഭിന്നമായി ക്രമീകരിക്കപ്പെട്ടിട്ടുള്ളതിന്റെ ഫലമായി ഉടലെടുക്കുന്ന Resource Gap പലപ്പോഴും, റിസർവ് ബാങ്കിന്റെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റിനുള്ള ഉപാധികളായ സ്പെഷ്യൽ ഡ്രോയിംഗ് ഫെസിലിറ്റി, വെയ്സ് ആന്റ് മീൻസ്, ഓവർ ഡ്രാഫ്റ്റ് എന്നിവ മുഖാന്തരം ശേഖരിക്കാവുന്ന പരിധിക്കും മുകളിലാണ്. സംസ്ഥാനത്തിന് ഒഴിവാക്കാനാകാത്ത മേൽ ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.-യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചു കൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിന് അനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചു കൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. നികുതിയേതര വരുമാനം കാലാനുസൃതമായി വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) വരുമാനം വർദ്ധിപ്പിച്ചും സാമ്പത്തിക അച്ചടക്കം പുലർത്തിയും ധനമാനേജ്മെന്റ് നടത്തുക എന്നതാണ് നയം. സാമൂഹ്യക്ഷേമ ചെലവുകളിൽ വെട്ടിക്കുറവോ പിശുക്കോ ഉണ്ടാകില്ല.

## സർക്കാരിന്റെ സാമ്പത്തികസ്ഥിതി

14(412) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ സാമ്പത്തികസ്ഥിതി ആശങ്കാജനകമെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വാസ്തവമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) മുൻ സർക്കാരുകളുടെ ധനധൂർത്ത് രാഷ്ട്രീയം, മോശമായ ധനകാര്യ മാനേജ്മെന്റ് എന്നിവമൂലം സമ്പൂർണ്ണമായ ധനകാര്യ തകർച്ചയിലേക്ക് നീങ്ങി കൊണ്ടിരിക്കുകയാണ് എന്ന ധവളപത്രത്തിലെ പ്രസ്താവന വസ്തുതാപരമാണോ;

(സി) 2021 ആകുമ്പോഴേയ്ക്ക് നിത്യനിദാനച്ചെലവുകൾക്ക് പോലും പണമില്ലാതെ ശമ്പളം, പെൻഷൻ, വായ്പാ തിരിച്ചടവ്, സാമൂഹിക സുരക്ഷാ പെൻഷനുകൾ എന്നിവ മുടങ്ങുമെന്ന ഈ സർക്കാരിന്റെ ധവളപത്രത്തിലെ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ മെച്ചപ്പെട്ട ധനകാര്യ മാനേജ്മെന്റ് നടപ്പാക്കുന്നതിനും റവന്യൂ ചെലവ് കുറയ്ക്കുന്നതിനും റവന്യൂ കമ്മി നിയന്ത്രണവിധേയമാക്കുന്നതിനും ധനധൂർത്ത് ഇല്ലാതാക്കുന്നതിനും ഈ സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇതിലൂടെ ഈ രംഗത്ത് കഴിഞ്ഞ 20 മാസംകൊണ്ട് കൈവരിക്കുവാൻ സാധിച്ച മാറ്റങ്ങൾ വിശദീകരിക്കുമോ?

### ഉത്തരം

(എ) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുംമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്.

(ബി) ഇക്കാര്യങ്ങളുടെ വിലയിരുത്തലാണ് ധവളപത്രം.

(സി&ഡി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ നിശ്ചലാവസ്ഥയി ലായിരുന്ന സമ്പദ്ഘടനയെ പുനരുജ്ജീവിപ്പിക്കാൻ കൈക്കൊണ്ട നടപടികളിൽ പ്രധാനപ്പെട്ടവ ഇവയാണ്:

(i) 1999-ലെ കിഫ്ബി ആക്ട് പരിഷ്കരിച്ചുകൊണ്ട് സെബിയും ആർ.ബി.ഐയും അംഗീകരിച്ചിട്ടുള്ള നൂതന ധന സമാഹരണ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുവാൻ കേരളാ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് ബോർഡിനെ സജ്ജമാക്കുകയും ട്രഷറി ശൃംഖലയ്ക്ക് കോർബാങ്കിംഗ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്തു.

(ii) വായ്പയെടുക്കുന്നതിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി അതിന്റെ പല മടങ്ങ് പണം ബജറ്റിനുപുറത്ത് സമാഹരിച്ച് സർക്കാർ നേതൃത്വത്തിൽ മുതൽ മുടക്കി അതുവഴി സംസ്ഥാനത്തിന്റെ വളർച്ച ത്വരിതപ്പെടുത്തുവാൻ വേണ്ട നടപടികൾ അന്തിമഘട്ടത്തിലാണ്.

(iii) ഗുണഭോക്താക്കളെ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ ലഭ്യമായ വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്യുന്നതിനും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കുടിശ്ശിക തീർത്ത് വീട്ടിലെത്തിക്കുക എന്ന വാഗ്ദാനം പാലിക്കുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ട്.

(iv) 14 ജില്ലാ സഹകരണ ബാങ്കുകളെയും സംസ്ഥാന സഹകരണ ബാങ്കിനെയും സംയോജിപ്പിച്ചുകൊണ്ട് സഹകരണ മേഖലയിൽ കേരള കോ-ഓപ്പറേറ്റീവ് ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(v) വൈദ്യുതി പ്രസരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനും ഊർജ്ജ ഇവാക്വേഷൻ ആവശ്യങ്ങൾ തൃപ്തിപ്പെടുത്തുന്നതിനും വിതരണ-പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

(vi) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന സർക്കാർ വിഹിതം വർദ്ധിപ്പിച്ചു.

(vii) 10-ാം ശമ്പള പരിഷ്കരണ ആനുകൂല്യങ്ങൾ പൂർണ തോതിൽ അനുവദിച്ചു.

(viii) നികുതി ചോർച്ച തടയുന്നതിനും റവന്യൂ പിരിവ് ഊർജ്ജിതമാക്കുന്നതിനും അനാവശ്യ ചെലവുകൾ നിയന്ത്രിക്കുന്നതിനും ധൂർത്ത് ഒഴിവാക്കുന്നതിനും കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുംവേണ്ട നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

ഹ്രസ്വകാല അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ ഫലമായി കാർഷിക-പരമ്പരാഗത മേഖലയിലടക്കം ഒരു ഉണർവ് നൽകുവാൻ സാധിച്ചിട്ടുണ്ട്. എന്നാൽ ദീർഘകാല അടിസ്ഥാനത്തിലുള്ള നടപടികളുടെ ഫലം വരുംവർഷങ്ങളിൽ മാത്രമേ ദൃശ്യമാകുകയുള്ളൂ. അപ്രതീക്ഷിതമായി ഏർപ്പെടുത്തിയ നോട്ട്നിരോധനവും അനവധാനതയോടെ നടപ്പിലാക്കിയ ജി.എസ്.ടി-യും താൽക്കാലികമായെങ്കിലും കുറച്ച് വിഷമതകൾ സൃഷ്ടിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.-ക്ക് പ്രത്യേക പാക്കേജുകൾ

15(413) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിനായി ധനവകുപ്പ് എന്തെങ്കിലും പ്രത്യേക പാക്കേജുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് കെ.എസ്.ആർ.ടി.-സിയ്ക്ക് സർക്കാർ ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്നത്;

(സി) കഴിഞ്ഞ സർക്കാറിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിനായി നൽകിയ സാമ്പത്തികസഹായത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് പഠനം നടത്തിയ പ്രൊഫ.സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗതാഗതവകുപ്പും കെ.എസ്.ആർ.ടി.സി.-യും ധനകാര്യവകുപ്പുമായി ചേർന്ന് ഒരു സമ്പൂർണ്ണ പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-ക്ക് ഈ സാമ്പത്തികവർഷം (2017-18) ഇതുവരെ പദ്ധതിയേതര വിഹിതമായി (ശമ്പളവും പെൻഷനും നൽകുന്നതിനായി) 690 കോടി രൂപയും കെ.എസ്.ആർ.ടി.സി.-യുടെ വർക്ക്ഷോപ്പ് നവീകരണം, അടിസ്ഥാന സൗകര്യ വികസനം, സമ്പൂർണ്ണമായ കംപ്യൂട്ടറൈസേഷൻ- ഇ-ഗവേണൻസ് നടപ്പാക്കൽ, ഡ്രൈവർ-ടെക്നിക്കൽ ഓഫീസർമാർ എന്നിവരുടെ പരിശീലനം, വാഹനവ്യൂഹങ്ങളുടെ നവീകരണം-ഗുണനിലവാരം എന്നിങ്ങനെ പദ്ധതി വിഹിതമായി 44.68 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി-ക്ക് കഴിഞ്ഞ സർക്കാരിന്റെകാലത്ത് മേൽ ചേർത്തിട്ടുള്ള പദ്ധതിയിനത്തിലും പദ്ധതിയേതര വിഹിതത്തിനും നൽകിയ സാമ്പത്തിക സഹായത്തിന്റെ സാമ്പത്തികവർഷം തിരിച്ചുള്ള ഏകദേശ കണക്ക് ചുവടെ ചേർക്കുന്നു :

തുക(കോടിയിൽ)

| സാമ്പത്തിക വർഷം | പദ്ധതിവിഹിതം | പദ്ധതിയേതര വിഹിതം |
|---|---|---|
| 2011-12 | 42 | 140 |
| 2012-13 | 57.07 | 175 |
| 2013-14 | 59 | 425 |
| 2014-15 | 62.85 | 266.42 |
| 2015-16 | 22.12 | 214.4 |
| ആകെ | 243.04 | 1220.82 |

ഇതുകൂടാതെ 2011-12-ൽ മന്ത്രിസഭാ യോഗ തീരുമാന പ്രകാരം ഗ്രാന്റ് ഇനത്തിൽ 32 കോടി രൂപയും നൽകിയിട്ടുണ്ട്.

## പദ്ധതി ചെലവ്

16(414) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-4-2017 മുതൽ 31-12-2017 വരെ വിവിധ വകുപ്പുകളുടെ പദ്ധതി ചെലവ് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത കാലയളവിൽ ത്രിതല പഞ്ചായത്തുകളുടെ പദ്ധതിച്ചെലവ് എത്ര ശതമാനമായിരുന്നു;

(സി) ട്രഷറി നിയന്ത്രണംമൂലം പദ്ധതിച്ചെലവ് സ്തംഭനാവസ്ഥയിലാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വിവിധ വകുപ്പുകളുടെ പദ്ധതി പ്രവർത്തനത്തിന് പണം ചെലവഴിക്കാതെ റ്റി പി. അക്കൗണ്ടിലേയ്ക്ക് തുകമാറ്റി ചെലവ് കാണിക്കുന്ന രീതിക്ക് നിയന്ത്രണം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ) 1-4-2017 മുതൽ 31-12-2017 വരെ വിവിധ വകുപ്പുകളുടെ പദ്ധതിച്ചെലവ് 49 ശതമാനമാണ്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 1-4-2017 മുതൽ 31-12-2017 വരെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതിച്ചെലവ് 33.38 ശതമാനമാണ്.

(സി) മുൻവർഷത്തെ ഇതേ കാലയളവിലെ പദ്ധതി ചെലവിനേക്കാൾ 20.35% ഉയർന്നതാണ് നടപ്പുവർഷത്തെ പദ്ധതി ചെലവ്.

(ഡി) ഉണ്ട്.

## കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ തടയണ നിർമ്മാണത്തിനുള്ള ഫണ്ട്

17 (415) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ കടലുണ്ടി പുഴയിൽ ആനപ്പാറ പൊറ്റമ്മൽ കടവിനുസമീപം ഒരു തടയണ (വി.സി.ബി.) നിർമ്മിക്കുന്നതിന് ധനവകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത വി.സി.ബി. നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പിൽ നിന്ന് ശിപാർശ ലഭിച്ചിട്ടുണ്ടോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ രണ്ട് ബജറ്റ് പ്രസംഗത്തിലും പ്രസ്തുത തടയണക്ക് തുക അനുവദിച്ച് നൽകുന്നതിന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തുക അനുവദിക്കുന്നതിന് ഉണ്ടായ കാലതാമസം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കടലുണ്ടി പുഴ ഉൾപ്പെടെ 20 നദികൾക്ക് കുറുകെ 30 റെഗുലേറ്ററുകൾ കിഫ്ബി ഫണ്ടിൽനിന്നും അനുവദിക്കുമെന്ന് 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കടലുണ്ടി പുഴക്ക് കുറുകെ പുഴങ്കാവിൽ റഗുലേറ്റർ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പ് 17-10-2017-ലെ സ.ഉ.(സാധാ) 859/2017/ ജ.വി.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ വിശദമായ റിപ്പോർട്ട് മാത്രമാണ് കിഫ്ബിയിൽ നാളിതുവരെ ലഭ്യമായിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് കിഫ്ബിയുടെ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കിയിട്ടുണ്ട്.

(സി&ഡി) 2017-18-ലെ ബജറ്റ് പ്രസംഗത്തിലെ 169-ാം ഖണ്ഡികപ്രകാരം കടലുണ്ടിപ്പുഴയുൾപ്പെടെ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനായി കിഫ്ബിയിൽനിന്നും 600 കോടി രൂപ നിക്ഷേപിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ (എ), (ബി) പിരിവുകൾക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ കടലുണ്ടി പുഴക്കുകുറുകെ പുഴങ്കാവിൽ റഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള വിശദമായ റിപ്പോർട്ട് മാത്രമാണ് കിഫ്ബിയിൽ നാളിതുവരെ ലഭ്യമായിട്ടുള്ളത്. ആയതിനാൽ ആനപ്പാറ പൊറ്റമ്മൽക്കടവിനു സമീപം തടയണ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കിഫ്ബിയിൽനിന്നും ധനസഹായം അനുവദിച്ചിട്ടില്ല.

**ഓഖി ചുഴലിക്കാറ്റ് ദുരന്തം**

18 (416) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തുക ഏത് ഹെഡ്സ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ എസ്.ഡി.ആർ.എഫ്.-ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എത്ര തുകചെലവഴിച്ചെന്നും ഇനി എത്ര തുക മിച്ചമുണ്ടെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാന ദുരന്ത നിവാരണ ഫണ്ടിൽ 2016-17 സാമ്പത്തിക വർഷം 194 കോടി രൂപയും (145.50 കോടി -കേന്ദ്ര വിഹിതം, 48.50 കോടി -സംസ്ഥാന വിഹിതം), 2017-18 സാമ്പത്തിക വർഷത്തിൽ 204 കോടി രൂപയും (153 കോടി കേന്ദ്ര വിഹിതം, 51 കോടി - സംസ്ഥാന വിഹിതം) വകയിരുത്തിയിട്ടുണ്ട്. ഇത് കൂടാതെ കഴിഞ്ഞ വർഷം ചെലവഴിക്കാൻ സാധിക്കാതെ surrender ചെയ്ത തുകയും കൂടി ധനകാര്യ വകുപ്പ് 2017-18 സാമ്പത്തിക വർഷത്തിലേയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. ഇതിനുപുറമേ "2245-80-800-80-Other Miscellaneous Relief Expenditure" എന്ന ശീർഷകത്തിൽ സംസ്ഥാന വിഹിതമായി 2016-17 സാമ്പത്തിക വർഷം 7,44,00,000 രൂപയും, 2017-18 സാമ്പത്തിക വർഷം 5,00,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിനുപുറമേ ഓഖി ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 133 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ നേരിട്ട വരൾച്ചയുമായി ബന്ധപ്പെട്ട് 112.50 കോടി രൂപയും, കുടിവെള്ള വിതരണത്തിനായി Special component of National Rural Drinking Water Programme (NRDWP) 14.42 കോടി രൂപയും അനുവദിക്കുന്നതിന് 'അംഗീകാരം നൽകിയിട്ടുള്ളതായി' കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ബി) അനുബന്ധമായി ചേർക്കുന്നു.* (വിവിധ ഹെഡ്സ് ഓഫ് അക്കൗണ്ടുകളിൽ)

(സി) 2016-17 സാമ്പത്തിക വർഷം 15,23,30,22,734 രൂപ ചെലവാക്കുകയുണ്ടായി. 2017-18 സാമ്പത്തിക വർഷം 2,43,60,66,577 രൂപ വിവിധ ശീർഷകങ്ങളിലായി ബന്ധപ്പെട്ട കലക്ടർമാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിലവിൽ 35,83,84,423 രൂപയും (കളക്ടർമാരുടെ കൈവശമുള്ള തുക കിഴിച്ചുള്ള തുക) ഓഖി ദുരിതാശ്വാസത്തിന് അനുവദിച്ച 133 കോടി രൂപയും ബാക്കിയുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വർക്കല മണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

19(417) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല മണ്ഡലത്തിൽ, കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) ആയവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ സാങ്കേതികാനുമതി നൽകിയവ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വർക്കല മണ്ഡലത്തിൽ കിഫ്ബി ഫണ്ടിംഗിനുള്ള അംഗീകാരം നൽകിയ പദ്ധതികൾ :

1. വർക്കല ഗവ. HSS-5 കോടി രൂപ (General Education Dept.)
2. ഇടവ റെയിൽവേ ഓവർ ബ്രിഡ്ജ് - 25.23 കോടി രൂപ (PWD)
3. ശിവഗിരി റിങ് റോഡ് - 13.75 കോടി രൂപ (PWD)
4. മുതലപ്പൊഴി - വെട്ടൂർ വർക്കല നടയറ റോഡ് - 21.43 കോടി രൂപ (PWD)
5. തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം, ഇടവ – 34.26 കോടി രൂപ (Sports & Youth Affairs Dept.)

(സി) മേൽസൂചിപ്പിച്ച പദ്ധതികളുടെ സാങ്കേതികാനുമതി ഇതുവരെയും പുറപ്പെടുവിച്ചിട്ടില്ല.

## വാമനപുരം നിയോജക മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പദ്ധതികൾ

20 (418) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17,2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലായി ഇതുവരെ ഭരണാനുമതി ലഭിച്ച കിഫ്ബി പദ്ധതികളുടെ വിശദവിവരങ്ങൾ നിയോജക മണ്ഡലാടിസ്ഥാനത്തിൽ നൽകാമോ;

(ബി) പ്രസ്തുത കാലയളവിൽ വാമനപുരം നിയോജക മണ്ഡലത്തിൽ അനുവദിച്ച കിഫ്ബി പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി ഇതുവരെ അംഗീകാരം നൽകിയ പദ്ധതികളുടെ നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള വിശദവിവരം അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത കാലയളവിൽ വാമനപുരം നിയോജക മണ്ഡലത്തിൽ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ പുരോഗതി സംബന്ധിച്ച വിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

**കിഫ്ബി**

21(419) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയ്ക്ക് വായ്പയെടുക്കുന്നതിനും ബോണ്ട് പുറപ്പെടുവിക്കുന്നതിനും ഗവൺമെന്റ് ഗ്യാരന്റി നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കേന്ദ്ര സർക്കാരിന്റെയും റിസർവ് ബാങ്കിന്റെയും എസ്.ഇ.ബി.ഐ(സെബി)-യുടെയും അനുവാദം വാങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) കിഫ്ബിയുടെ അക്കൗണ്ടിൽ 2017 ഡിസംബർ 31 വരെ നീക്കിയിരുപ്പ് എത്ര കോടി രൂപയാണെന്ന് അറിയിക്കാമോ;

(ഡി) 2016 മേയ് മാസത്തിനുശേഷം നാളിതുവരെ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; ഇതിൽ എത്ര രൂപയാണ് മൂലധന നിക്ഷേപമായി ചെലവഴിച്ചിട്ടുള്ളത്?

ഉത്തരം

(എ&ബി) കിഫ്ബിക്ക് വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരന്റി ഉണ്ട്. കിഫ്ബി മുഖേന ബോണ്ടുകൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

(സി&ഡി) 2017 ഡിസംബർ 31 വരെ വിവിധ ബാങ്കുകളിലായി 1564.34 കോടി രൂപയും മൂലധന നിക്ഷേപമായി 2498.42 കോടി രൂപ ട്രഷറിയിലും നീക്കിയിരിപ്പുണ്ട്. നാളിതുവരെ 331.95 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി

22 (420) ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ പുതിയ പദ്ധതികളൊന്നും 2018-19-ൽ നിർദ്ദേശിക്കേണ്ട എന്ന് കാണിച്ച് ധനകാര്യ വകുപ്പുമന്ത്രി എം.എൽ.എ മാർക്ക് കത്തയക്കേണ്ട സാഹചര്യം ഉണ്ടായത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളിൽ ഇതിനകം പൂർത്തിയാക്കുവാൻ കഴിഞ്ഞ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; പത്ത് ശതമാനമെങ്കിലും പണി പൂർത്തിയായ പദ്ധതികൾ എത്രയെണ്ണമുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) കിഫ്ബി പദ്ധതിയ്ക്കായി ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ നിന്നും ഇതിനകം വായ്പ ലഭ്യമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വായ്പയുടെ പലിശ നിരക്ക് എത്ര ശതമാനമാണെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗപ്രകാരവും 2017-18-ലെ ബജറ്റ് പ്രസംഗപ്രകാരവും 20,000 കോടി രൂപ വീതമുള്ള മാന്ദ്യവിരുദ്ധ പാക്കേജാണ് പ്രഖ്യാപിച്ചിരുന്നതെങ്കിലും ചുരുങ്ങിയ കാലയളിവിനുള്ളിൽത്തന്നെ 50,000 കോടി രൂപയിൽ കവിഞ്ഞ പദ്ധതി അടങ്കലുള്ള പദ്ധതികൾ കിഫ്ബിയിൽ പരിഗണനയ്ക്കായി ലഭിച്ചിട്ടുണ്ട്. ഇതിൽ 18938.3 കോടി രൂപയ്ക്കുള്ള പ്രോജക്ടുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. 2016-17, 2017-18 ബജറ്റ് പ്രസംഗങ്ങളിൽ പ്രതിപാദിച്ച ബാക്കിയുള്ള പ്രവൃത്തികൾക്ക് വിശദമായ പദ്ധതിരേഖ ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം നൽകുന്നതാണ്. ബജറ്റുകളിൽ പ്രഖ്യാപിച്ചതും അംഗീകരിച്ചിട്ടുള്ളതുമായ പദ്ധതികൾ പൂർണ്ണമായും നടപ്പിലാക്കിയതിനുശേഷം മാത്രമേ ഇവയ്ക്ക് പുറമെയുള്ള പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുള്ളൂ എന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

(ബി) അംഗീകാരം നൽകുന്ന പദ്ധതികൾക്ക് സാങ്കേതികാനുമതിയുടെ അടിസ്ഥാനത്തിൽ ടെൻഡറുകൾ ക്ഷണിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്യുന്നത് ബന്ധപ്പെട്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളാണ്. കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം വിവിധ ഘട്ടങ്ങളിലാണ്.

(സി) കിഫ്ബി പദ്ധതികളുടെ നടപ്പാക്കലിനായി 9.3% പലിശ നിരക്കിൽ 565 കോടി രൂപ നബാർഡിൽ നിന്നും വായ്പയെടുക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആദ്യഘട്ടമായി 100.8 കോടി രൂപ കിഫ്ബി-യിൽ ലഭ്യമായിട്ടുണ്ട്.

## കിഫ്ബി

23 (421) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ഏതെല്ലാം പ്രവൃത്തികൾക്ക് കിഫ്ബി ബോർഡ് പ്രവർത്തനാനുമതി നൽകിയെന്ന് അറിയിക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്നും ഏതെല്ലാം പ്രവൃത്തികളുടെ ഡി.പി.ആർ. തയാറാക്കിയെന്നും വിശദമാക്കാമോ;

(സി) 2016-17, 2017-18 വർഷങ്ങളിലെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തുവാൻ ധനമന്ത്രി പ്രഖ്യാപിച്ച കണ്ണൂർ ജില്ലയിലെ മറ്റ് പ്രവൃത്തികൾ ഏതെല്ലാമെന്നും അതിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്നും വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) കിഫ്ബിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയ കണ്ണൂർ ജില്ലയിലെ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം (എ) ആയി ചേർക്കുന്നു.*

(സി) 2016-17, 2017-18 വർഷങ്ങളിലെ ബജറ്റ് പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ച കണ്ണൂർ ജില്ലയിലെ മറ്റ് കിഫ്ബി പദ്ധതികളുടെ പേരുവിവരം അനുബന്ധം (ബി)ആയി ചേർക്കുന്നു.* അവയുടെ വിശദമായ പദ്ധതി റിപ്പോർട്ട് ചുമതലപ്പെട്ട എസ്.പി.വി.-കൾ തയ്യാറാക്കി വരുന്നു.

## കിഫ്ബിവഴി പൂർത്തിയാക്കിയിട്ടുള്ള പദ്ധതികൾ

24 (422) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി വഴി നാളിതുവരെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; അവയിൽ എത്രയെണ്ണത്തിനാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്;

(ബി) കിഫ്ബിയിൽ ഉൾപ്പെടുത്തിയ എത്ര പദ്ധതികൾക്കാണ് നാളിതുവരെ ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ളത് എന്നറിയിക്കാമോ;

(സി) എത്ര പദ്ധതികളാണ് കിഫ്ബിവഴി നാളിതുവരെ പൂർത്തിയാക്കിയിട്ടുള്ളത്; വിശദവിവരങ്ങൾ പട്ടിക തിരിച്ച് നൽകാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) നാളിതുവരെ 18938.3 കോടി രൂപയുടെ 274 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. കിഫ്ബിയിൽ ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ 67 എണ്ണത്തിനാണ് സാങ്കേതികാനുമതി നൽകിയിട്ടുള്ളത്.

(ബി) കിഫ്ബി പദ്ധതികളുടെ ടെൻഡർ നടപടികൾ സ്വീകരിക്കുന്നത് ബന്ധപ്പെട്ട പദ്ധതി നിർവ്വഹണ ഏജൻസികളാണ്. നാളിതുവരെ ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 64 പദ്ധതികളുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) അവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

## കിഫ്ബി വഴി അംഗീകാരം നൽകിയ പ്രോജക്ടുകൾ

25 (423) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി വഴി 31-12-2017 വരെ എത്ര കോടി രൂപയുടെ പ്രോജക്ടുകൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളത്; വിശദമാക്കാമോ;

(ബി) ഏതൊക്കെ വകുപ്പുകൾക്ക് എത്ര കോടി രൂപ വീതമുള്ള പ്രോജക്ടുകൾക്ക് അംഗീകാരം നൽകി; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 31-12-2017 വരെ 18938.3 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. അവയുടെ വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.*

## കിഫ്ബിവഴി ചെലവഴിച്ച തുകയും നിക്ഷേപങ്ങളും

26 (424) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-ൽ കിഫ്ബി വഴി ആകെ എത്ര ചെലവഴിച്ചുവെന്ന് അറിയിക്കാമോ ;

(ബി) കിഫ്ബിയിൽ ഈ കാലയളവിൽ നിക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം കിഫ്ബിയിൽ അവശേഷിക്കുന്ന തുകയെത്രയെന്ന് വെളിപ്പെടുത്താമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) 2017-ൽ കിഫ്ബി -യിൽ നിന്നും ആകെ 327.86 കോടി രൂപ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(ബി) ഈ കാലയളവിൽ കിഫ്ബിയിൽ നിക്ഷേപങ്ങൾ സമാഹരിച്ചിട്ടില്ല. എന്നാൽ മോട്ടോർ വാഹന നികുതി, പെട്രോളിയം സെസ്സ് എന്നിവയുടെ വിഹിതം സർക്കാർ ഗ്രാന്റ് ഇനത്തിൽ 2016-17-ൽ 729.53 കോടി രൂപയും 2017-18-ൽ 1042.64 കോടി രൂപയും ലഭിച്ചു. നബാർഡിൽനിന്നും NIDA ലോൺ ആയി 100.80 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| സർക്കാർ ഉത്തരവ് നമ്പർ | ശീർഷകം | തുക (കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 448.10 |
| സ.ഉ. (സാധാ.) നമ്പർ 9899/ 16/ ധന. തീയതി 22-12-2016 | 5475-00-800-87- Share of Kerala Infrastructure Invest ment Fund Board (KIIFB) from Motor Vehicle Tax | 28.14 |
| സ.ഉ. (സാധാ.) നമ്പർ 1132/ 16/ധന.തീയതി 11-2-2017 | 5475-00-800-87-Share of KeralaInfrastructure Invest ment Fund Board (KIIFB) from Motor Vehicle Tax | 253.29 |
| സ.ഉ. (സാധാ.) നമ്പർ 4967/ 17/ധന,തീയതി16-06-17 | 5475-00-800-86-Share of Kerala Infrastructure Invest ment Fund Board (KIIFB) from cess on petrol | 165.00 |
| | 5475-00-800-87-Share of Kerala Infrastructure Invest ment Fund Board (KIIFB) from Motor Vehicle Tax | 210.00 |

| (1) | (2) | (3) |
|---|---|---|
| സ.ഉ. (സാധാ.) നമ്പർ 9619/ 17/ധന.തീയതി27-12-17 | 5475-00-800-86-Share of Kerala Infrastructure Invest ment Fund Board (KIIFB) from cess on petrol | 256.19 |
| | 5475-00-800-87-Share of Kerala Infrastructure Invest ment Fund Board (KIIFB) from Motor Vehicle Tax | 411.45 |

(സി) 19-1-2018-ലെ കണക്കുകൾ പ്രകാരം 4062.75 കോടി രൂപ നീക്കിയിരിപ്പുണ്ട്.

**കിഫ്ബിവഴി നടപ്പാക്കുന്ന പ്രവൃത്തികൾ**

27 (425) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിവഴിയുള്ള പ്രവൃത്തികൾ നടപ്പാക്കിയത് എന്നുമുതലാണ്; നടപ്പാക്കുന്ന പ്രവൃത്തികൾ എന്തെല്ലാം ; ആയതിന്റെ വരുമാനസ്രോതസ്സുകളും വിനിയോഗവും എപ്രകാരമാണെന്നും വ്യക്തമാക്കുമോ;

(ബി) 2016-17 വർഷം കിഫ്ബിവഴി നടപ്പാക്കിയ പ്രവൃത്തികൾ എന്തെല്ലാം; 2017-18 വർഷം നാളിതുവരെ പ്രഖ്യാപിച്ച പ്രവൃത്തികൾ എന്തെല്ലാം; ഇതിനായി പ്രതീക്ഷിക്കുന്ന ചെലവ് എത്ര; തുക കണ്ടെത്താനുദ്ദേശിക്കുന്ന സ്രോതസ്സുകൾ ഏതെല്ലാം; എന്നിവ വ്യക്തമാക്കാമോ ;

(സി) ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്ബി വഴിയുള്ള ഏതെല്ലാം പ്രവൃത്തികൾക്ക് നാളിതുവരെ അനുമതി നൽകി ; അവ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള ധനസമാഹരണത്തിനായി സംസ്ഥാന സർക്കാരിന്റെ ധനകാര്യ വകുപ്പിൻകീഴിൽ 1999-ൽ രൂപീകരിക്കപ്പെട്ട ഒരു കേന്ദ്രീകൃത ഏജൻസിയാണ് കിഫ്ബി. സെബിയും ആർ.ബി.ഐ.-യും അംഗീകരിച്ച നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി 1999-ലെ കിഫ് ആക്ട് സമഗ്രമായി ഭേദഗതി ചെയ്ത് 2016-ൽ ഭേദഗതി ചെയ്ത കിഫ്ബി ആക്ട് നിലവിൽവരുകയും കിഫ്ബി മുഖേന പദ്ധതികൾ

നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ 8-8-2016-ലെ സ.ഉ. (കൈ) നമ്പർ 315/16/ധന ഉത്തരവുപ്രകാരം സർക്കാർ പുറപ്പെടുവിക്കുകയും ചെയ്തു. വാർഷിക ബഡ്ജറ്റിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ളതോ സർക്കാർ നിർദ്ദേശിക്കുന്നതോ ആയ പദ്ധതികളാണ് നിലവിൽ കിഫ്ബി മുഖേന നടപ്പിലാക്കി വരുന്നത്. ഭേദഗതിചെയ്ത കിഫ്ബി ആക്ട് നിലവിൽ വന്നതിനുശേഷം 18938 കോടി രൂപ പദ്ധതി അടങ്കലുള്ള 274 പദ്ധതികൾക്ക് നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബിയുടെ വരുമാന സ്രോതസ്സ് ചുവടെ ചേർക്കും പ്രകാരമുള്ള മാർഗ്ഗങ്ങളിലൂടെയാണ്. ഭേദഗതിചെയ്ത കിഫ്ബി ആക്ട് പ്രകാരം, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേക്ക്

(എ) ബോർഡിന് കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവുവഴി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഏതൊരു തുകയും കടമായി വാങ്ങാവുന്നതാണ്.

(ബി) ബോർഡിന് അപ്രകാരം കടം വാങ്ങുന്നതിന്റെ ആവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ അല്ലെങ്കിൽ യുക്തമായ മറ്റേതെങ്കിലും ധനപരമായ പ്രമാണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും ധനപരമായ പ്രമാണം നൽകാവുന്നതും ക്രമീകരിക്കപ്പെട്ട തിരിച്ചടവ് സംവിധാനത്തോടെയുള്ള റവന്യൂ ബോണ്ടുകൾ, ലാൻഡ് ബോണ്ടുകൾ മറ്റേതെങ്കിലും ഉചിതമായ ധനകാര്യ പ്രമാണങ്ങൾ എന്നിവയിലൂടെയോ ബാങ്കുകൾ, മൾട്ടിലാറ്ററൽ ഫണ്ടിംഗ് ഏജൻസികൾ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി അംഗീകരിച്ച സ്ഥാപനങ്ങൾ എന്നിവയിലൂടെയോ ഫണ്ടുകൾ സ്വരൂപിക്കാവുന്നതുമാണ്.

(സി) ബോർഡിന് ഒരു പ്രോജക്ടിനുവേണ്ടിയോ ഒരു കൂട്ടം പ്രോജക്ടുകൾക്കുവേണ്ടിയോ ഉള്ള വിഭവ സമാഹരണം സുഗമമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു സ്പോൺസറായി പ്രവർത്തിക്കാവുന്നതാണ്. ഇതിലേക്കായി അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനത്തിൽ ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ്

ഫണ്ട് (എ.ഐ.എഫ്), ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ട്രസ്റ്റ് (ഇൻവിറ്റ്), മ്യൂച്വൽ ഫണ്ടുകൾ, ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് ഫണ്ട് (ഐ.ഡി.എഫ്.) എന്നിവ ഉൾപ്പെടുന്നതും എന്നാൽ അതിൽ പരിമിതപ്പെടുത്തുന്നതല്ലാത്തതുമാകുന്നു.

(ഡി) ബോർഡ് ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ധനപരമായ പ്രമാണങ്ങളും സെക്യൂരിറ്റികളും സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള രീതിയിൽ പുറപ്പെടുവിക്കുകയോ, കൈമാറ്റം ചെയ്യുകയോ വിടുതൽചെയ്യുകയോ ചെയ്യേണ്ടതാണ്.

(ഇ) ആന്വിറ്റി നൽകുന്നതിനോ മേൽസൂചിപ്പിച്ച പ്രകാരമുള്ള മറ്റ് തിരിച്ചടവ് ബാധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണപരവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും സർക്കാർ സമയാസമയങ്ങളിൽ വാർഷിക ബജറ്റിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്. എന്നാൽ സർക്കാർ മുൻ വർഷം പിരിച്ചെടുത്ത മോട്ടോർ വാഹന നികുതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം നിധിയിലേക്കുള്ള വിഹിതമായി നീക്കിവയ്ക്കേണ്ടതും അപ്രകാരമുള്ള വിഹിതം ആദ്യ വർഷത്തിൽ പത്ത് ശതമാനമായിരിക്കുന്നതും ഇത് ഓരോ വർഷവും വർദ്ധിപ്പിക്കുന്നതും അഞ്ചാമത്തെ വർഷത്തിൽ മോട്ടോർ വാഹന നികുതിയുടെ അൻപതു ശതമാനം വരെ വർദ്ധിപ്പിക്കുന്നതുമാണ്. അതിനുപുറമെ ഓരോ ലിറ്റർ പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലും ചുമത്തപ്പെട്ടു കൊണ്ടിരിക്കുന്ന സെസ്സ് മുൻവർഷക്കാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ്സ് തുകയുടെ അടിസ്ഥാന ത്തിൽ സർക്കാർ കിഫ്ബിയിലേക്ക് നൽകേണ്ടതാണ്. തുടർന്നു വരുന്ന പന്ത്രണ്ടു മാസങ്ങളിൽ ആവശ്യമായ തുകയുടെ കൈമാറ്റം ഒന്നോ അതിലധികമോ തവണകളായി പ്രസ്തുത വർഷത്തിലെ ഡിസംബർ മാസത്തിന്റെ അവസാന പ്രവൃത്തി ദിവസത്തിനു മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

(എഫ്) സർക്കാരിന് സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമംമൂലം യഥാവിധിയുള്ള ധനവിനിയോഗംവഴി ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്.

(ജി) ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും.

(എച്ച്) ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽക്കൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വകകൊള്ളിക്കേണ്ടതാണ്.

മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവ് പ്രകാരം മാനദണ്ഡങ്ങൾ പാലിച്ച് കിഫ്ബിയിൽ സമർപ്പിക്കപ്പെടുന്ന പദ്ധതികൾ അംഗീകരിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട എസ.പി.വി.-കൾ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും, നിയോഗിക്കപ്പെട്ട കോൺട്രാക്ടർമാർ എസ്.പി.വി. മുഖേന സമർപ്പിക്കുന്ന ബില്ലുകൾക്കനുസൃതമായ ചെലവ് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് കിഫ്ബിയിൽ നിന്നും നിക്ഷേപിക്കപ്പെടുകയുമാണ് ചെയ്യുന്നത്.

(ബി&സി) 2016-17 വർഷത്തിൽ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ വിശദ വിവരം അനുബന്ധം (എ)* ആയി ചേർക്കുന്നു. 2017-18 വർഷം നാളിതുവരെ പ്രഖ്യാപിച്ച പ്രവൃത്തികളുടെയും അതിനായി പ്രതീക്ഷിക്കുന്ന ചെലവുകളുടെയും വിശദവിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു.* ഷൊർണ്ണൂർ മണ്ഡലത്തിൽ കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം (സി) ആയി ചേർക്കുന്നു.*

## കിഫ്ബിവഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി

28 (426) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2017-18-സാമ്പത്തികവർഷത്തിൽ കിഫ്ബിവഴി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയ പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് തടസങ്ങളുണ്ടോ; ആയതിന്റെ തുടർപ്രവർത്തനങ്ങൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

2016-ലെ ഭേദഗതിചെയ്ത കിഫ്ബി ആക്ട് നിലവിൽ വന്നതിനുശേഷം നാളിതുവരെ 18938 കോടി രൂപ അടങ്കലുള്ള പദ്ധതികൾ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്. നിലവിലുള്ള കണക്കുകൾ പ്രകാരം ഇവയുടെ നടപ്പാക്കലിനുള്ള ആദ്യഘട്ട ചെലവുകൾ കിഫ്ബിയുടെ നിധിയിൽ നിന്നും അനുവദിക്കുന്നതിന് തടസ്സങ്ങളൊന്നുമില്ല. നിധിയിൽ ഇപ്പോൾ ലഭ്യമായ പണത്തിനു പുറമേയുള്ള പദ്ധതി നടത്തിപ്പിനുള്ള ചെലവ് ആവശ്യം വരുന്നമുറയ്ക്ക് മേൽസൂചിപ്പിച്ച ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന മാർഗ്ഗങ്ങൾ അവലംബിച്ചുകൊണ്ട് ലഭ്യമാകുന്ന പണം കിഫ്ബി നിധിയിലേക്ക് നിക്ഷേപിക്കുന്നതാണ്.

## കിഫ്ബി മുഖേന കോഴിക്കോട് ജില്ലയിൽ അനുമതി നൽകിയ പദ്ധതികൾ

29 (427) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി മുഖേന കോഴിക്കോട് ജില്ലയിൽ എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും ഓരോന്നിനും അനുവദിച്ച തുക എത്ര വീതമാണെന്നും വിശദമാക്കാമോ;

(ബി) ഇവയിൽ എത്ര പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ടെന്നും അവ എതെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കോഴിക്കോട് ജില്ലയിൽ പ്രധാനപ്പെട്ട 24 പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്. അതിൽ നാളിതുവരെ 9 പ്രവൃത്തികൾ ടെൻഡർ ചെയ്തു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബി മുഖേന അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ

30(428) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്താകെ കിഫ്ബിവഴി എത്ര കോടി രൂപയുടെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിക്കഴിഞ്ഞു; ഓരോ വകുപ്പിലും ഭരണാനുമതി നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനായി 2016-17 2017-18 വർഷങ്ങളിൽ പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള പ്രവൃത്തികളുടെ വിശദവിവരം അനുബന്ധം A-ലും നിലവിൽ കിഫ്ബി അംഗീകരിച്ച പദ്ധതികളുടെ വിവരം അനുബന്ധം B- ലും ചേർത്തിരിക്കുന്നു.*

## കിഫ്ബി മുഖാന്തരം വൈപ്പിനിലെ പദ്ധതികൾ

31 (429) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖാന്തരം നടപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് നിലവിൽ അനുവാദം നൽകി കഴിഞ്ഞുവെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ, എസ്.പി.വി. എന്നിവ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖാന്തരം നടപ്പാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ പട്ടിക ഇതോടൊപ്പം (അനുബന്ധം എ) ചേർത്തിരിക്കുന്നു.*

(ബി) നിലവിൽ കിഫ്ബി അംഗീകാരം നൽകിയ പ്രവൃത്തികളുടെ വിശദവിവരം ഇതോടൊപ്പം (അനുബന്ധം ബി) ചേർത്തിരിക്കുന്നു.*

## കിഫ്ബി വർക്കുകൾ

32 (430) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 -17, 2017-18 ബജറ്റിൽ കോതമംഗലം മണ്ഡലത്തിൽനിന്നും ഉൾക്കൊള്ളിച്ചിട്ടുള്ള കിഫ്ബി വർക്കുകൾ ഏതെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) ഇതിൽ ഏതെല്ലാം വർക്കുകൾ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്;

(സി) ഡി.പി.ആർ.-ൽ ഓരോ വർക്കിനുംവേണ്ടി ഉൾക്കൊള്ളിച്ചിരിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) നിലവിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചതും ഏറ്റെടുത്തതുമായ വർക്കുകൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ഇ) ഏറ്റെടുത്ത വർക്കുകൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(എഫ്) കാലതാമസം കൂടാതെ എല്ലാ വർക്കുകളും ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുന്ന പദ്ധതികൾ അനുബന്ധം (എ) ആയി ചേർക്കുന്നു.*

(ബി) ഇതിൽ 8 പ്രവൃത്തികളുടെ ഡി.പി.ആർ. കിഫ്ബിയിൽ ലഭിച്ചിട്ടുണ്ട്

(സി) വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(ഡി) വിശദാംശങ്ങൾ അനുബന്ധം (സി) ആയി ചേർക്കുന്നു.*

(ഇ&എഫ്) കിഫ്ബി ഏറ്റെടുത്ത പദ്ധതികളിൽ പൊതുമരാമത്ത് -ജലവിഭവ വകുപ്പുകളിൻ കീഴിലുള്ള പദ്ധതികൾ അവയുടെ നടപ്പിലാക്കലിന്റെ ആദ്യ ഘട്ടത്തിലാണ്. മറ്റു വകുപ്പുകളിൻകീഴിലുള്ള പദ്ധതികളിന്മേലുള്ള ടെൻഡർ നടപടികൾ ബന്ധപ്പെട്ട എസ്.പി.വി-കൾ സ്വീകരിച്ചുകഴിഞ്ഞു. കിഫ്ബി പദ്ധതികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനായി വകുപ്പ്/എസ്.പി.വി. തലത്തിൽ അവലോകനം നടത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊല്ലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

33(431) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾവഴി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കൊല്ലം മണ്ഡലത്തിൽ വിവിധ വകുപ്പുകളിലായി കിഫ്ബി അംഗീകാരം നൽകിയ പദ്ധതികളുടേയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ്

34(432) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏതൊക്കെ പദ്ധതികൾക്ക് കിഫ്ബി വഴി ധനസഹായം അനുവദിച്ചിട്ടുണ്ട്;

(ബി) ഇതിൽ ഏതെങ്കിലും പദ്ധതിയുടെ നിർവ്വഹണത്തിനായി വകുപ്പുകൾ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണെന്ന് വ്യക്തമാക്കാമോ;

(സി) സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾക്ക് പദ്ധതി നടത്തിപ്പിന് പുറമെ നിന്ന് വിദഗ്ദ്ധ ഉപദേഷ്ടാക്കളെ നിയമിക്കാവുന്നതാണോ; എങ്കിൽ ഇപ്രകാരം ആരെയൊക്കെയാണ് നിയമിച്ചിട്ടുള്ളത്; ഇ-ടെൻഡറിംഗ് വഴിയാണോ ഇവരുടെ നിയമനം നടത്തിയിട്ടുള്ളത്;

(ഡി) ഇതുവരെ എത്ര പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചുവെന്നും അതിൽ എത്ര പദ്ധതികൾ ഇതിനകം പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) 2016-17 ബജറ്റിൽ രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് പ്രകാരം പ്രഖ്യാപിച്ച പദ്ധതികളിൽ കിഫ്ബിയിൽ നിന്ന് ധനസഹായം അനുവദിച്ച പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം (എ) ആയി ചേർക്കുന്നു.* കിഫ്ബി പദ്ധതികൾക്കായി നിയോഗിക്കപ്പെട്ട എസ്.പി.വി-കളുടെ പട്ടിക അനുബന്ധം (ബി) ആയി ചേർക്കുന്നു.*

(സി) കിഫ്ബി പദ്ധതികൾക്ക് എസ്.പി.വി.-യെ നിയമിക്കുന്നത് ബന്ധപ്പെട്ട ഭരണവകുപ്പാണ്. ആവശ്യമെങ്കിൽ എസ്.പി.വി.-കൾക്ക് വിദഗ്ദ്ധ ഉപദേഷ്ടാക്കളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നാളിതുവരെ കിഫ്ബി അംഗീകാരം നൽകിയ പ്രോജക്ടുകളുടെ എസ്.പി.വി.-യെ സംബന്ധിച്ച് വിശദാംശം അനുബന്ധം (സി) ആയി ചേർക്കുന്നു.*

(ഡി) ഇതുവരെ കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധം (സി)-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി പ്രവൃത്തികൾ

35 (433) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിലൂടെ പൂർത്തിയാക്കാൻ അംഗീകാരം ലഭിച്ച എത്ര പ്രവൃത്തികൾ ഉണ്ട്; അവയുടെ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) തത്വത്തിൽ ഭരണാനുമതി നൽകിയ എത്ര പ്രവൃത്തികൾക്ക് ഇനിയും കിഫ്ബി അംഗീകാരം ലഭിക്കാനുണ്ട്; നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആകെ 18938 കോടി രൂപയുടെ 274 പദ്ധതികൾ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്.

(ബി) അതത് ഭരണ വകുപ്പുകൾ തത്വത്തിൽ ഭരണാനുമതി നൽകിയശേഷം നിർദ്ദിഷ്ട SPV-വഴി സമർപ്പിക്കപ്പെടുന്ന വിശദമായ പദ്ധതി റിപ്പോർട്ടുകൾ ഓൺലൈനായി സമർപ്പിക്കപ്പെടുമ്പോൾ മാത്രമേ ഫണ്ടിങ് ഏജൻസി എന്നുള്ള നിലയിൽ KIIFB പദ്ധതികൾ പരിഗണിക്കുന്നുള്ളു. അത്തരത്തിൽ സമർപ്പിക്കപ്പെട്ടിട്ടുള്ള 100 പദ്ധതികളുടെ പരിശോധന KIIFB-ൽ നടന്നുവരികയാണ്.

## കിഫ്ബി അക്കൗണ്ടിലേക്ക് ലഭിച്ച തുക

36 (434) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 സാമ്പത്തിക വർഷത്തെ ബജറ്റിൽ വൻകിട വികസന പദ്ധതികളുടെ നടത്തിപ്പിനായി 5470-00-800-92 (പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തിയിരുന്ന തുക കിഫ്ബി അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ടോ. ഉണ്ടെങ്കിൽ എത്ര തുകയാണ് ഇപ്രകാരം മാറ്റിയതെന്ന് അറിയിക്കുമോ;

(ബി) മോട്ടോർ വാഹന നികുതി, പെട്രോളിയം ഉല്പന്നങ്ങളുടെ സെസ് എന്നീ ഇനത്തിൽ കിഫ്ബി അക്കൗണ്ടിലേക്ക് ഇതിനകം എത്ര തുക ലഭിച്ചു; ഓരോ ഇനത്തിലും ലഭിച്ച തുക വ്യക്തമാക്കുമോ;

(സി) കിഫ്ബി ഫണ്ടിലേക്ക് ധനസമാഹരണം നടത്തുന്നതിനുവേണ്ടി ജനറൽ ഒബ്ളിഗേഷൻ ബോണ്ട്, റവന്യൂ ഒബ്ളിഗേഷൻ ബോണ്ട് എന്നിവ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിലൂടെ എത്ര തുക സമാഹരിക്കുവാൻ കഴിഞ്ഞു;

(ഡി) വാണിജ്യ/സഹകരണ ബാങ്കുകളിൽനിന്നും ടേം ലോൺവഴി തുക സമാഹരിക്കുവാൻ ഉദ്ദേശിച്ചിരുന്നോ; എങ്കിൽ ഇപ്രകാരം എത്ര തുക സമാഹരിച്ചു?

<u>ഉത്തരം</u>

(എ) 2015-16 ബജറ്റ് പ്രസംഗ പ്രകാരം 5475-00-800-92 (പ്ലാൻ) ശീർഷകത്തിൽ നിന്നും വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ നീക്കിയിരുപ്പായ 873.85 കോടി രൂപ കിഫ്ബിയുടെ മൂലധന നിക്ഷേപമായി ട്രഷറിയിൽ നിക്ഷേപിച്ചിട്ടുണ്ട്.

(ബി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗമനുസരിച്ച് മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളുടെ സെസ്സ് എന്നീ ഇനത്തിൽ നാളിതുവരെ കിഫ്ബി അക്കൗണ്ടിൽ 1772.17 കോടി രൂപ ലഭിച്ചു. തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| സർക്കാർ ഉത്തരവ് നമ്പർ | ശീർഷകം | തുക (കോടിയിൽ) |
|---|---|---|
| (1) | (2) | (3) |
| സ.ഉ (സാധാ) നമ്പർ 9899/16/ധന, തീയതി 22-12-1 | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 448.10 |
| | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 28.14 |
| സ.ഉ (സാധാ) നമ്പർ 1132/16/ധന, തീയതി 11-2-2017 | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 253.29 |

| (1) | (2) | (3) |
|---|---|---|
| | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 165.00 |
| സ.ഉ (സാധാ) നമ്പർ 4967/17/ധന, തീയതി 16-6-2017 | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 210.00 |
| സ.ഉ(സാധാ)നമ്പർ 9619/17/ധന, തീയതി 27-12-2017 | 5475-00-800-86-Share of Kerala Infrastructure Investment Fund Board (KIIFB) from cess on petrol | 256.19 |
| | 5475-00-800-87-Share of Kerala Infrastructure Investment Fund Board (KIIFB) from Motor Vehicle Tax | 411.45 |

(സി) നിലവിൽ ഇത്തരം ബോണ്ടുകൾ പുറപ്പെടുവിച്ചിട്ടില്ല. ജനറൽ ഒബ്ളിഗേഷൻ ബോണ്ട് വഴി ഇൻഡ്യൻ മാർക്കറ്റിൽ നിന്ന് 2000 കോടി രൂപ സ്വരൂപിക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരുന്നു.

(ഡി) ബാങ്കുകൾ, ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിലൂടെ ഫണ്ട് സമാഹരിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് ബോർഡ് അനുമതി നൽകിയിട്ടുണ്ട്, നാളിതുവരെ തുകയൊന്നും സമാഹരിച്ചിട്ടില്ല.

**കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേനയുള്ള പദ്ധതികൾ**

37 (435) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബി മുഖേന എത്ര കോടി രൂപയുടെ പദ്ധതികൾക്കുള്ള ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) കോങ്ങാട് മണ്ഡലത്തിൽ കിഫ്ബി മുഖേന എത്ര പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; വിശദവിവരം നൽകുമോ;

(സി) പ്രസ്തുത മണ്ഡലത്തിൽനിന്നും കിഫ്ബിയിലേക്ക് ഭരണാനുമതിക്കായി എത്ര പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്; ആയതിന് എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ കഴിയും;വിശദാംശം നൽകുമോ?

ഉത്തരം

(എ) 18938.3 കോടി രൂപയുടെ പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം നൽകിയിട്ടുള്ളത്. വിശദവിവരം (അനുബന്ധം എ)* ഉള്ളടക്കം ചെയ്യുന്നു.

(ബി&സി) കോങ്ങാട് മണ്ഡലത്തിലെ ഒരു പദ്ധതിക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിൽനിന്നും കിഫ്ബി അംഗീകാരത്തിനായി 3 പദ്ധതികളാണ് സമർപ്പിച്ചിട്ടുള്ളത്. അവയുടെ വിശദാംശം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ**

38 (436) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി ഇതിനോടകം എത്ര കോടി രൂപയുടെ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതികളുടെയും വിശദാംശങ്ങളും ഓരോന്നിനും അനുവദിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ എത്ര പ്രവൃത്തികളുടെ ഡി.പി.ആർ. ഇതിനോടകം തയ്യാറാക്കിയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികളുടെ ടെൻഡർ നടപടികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) കിഫ്ബിയുടെ അംഗീകാരത്തിനായി ലഭിച്ച പദ്ധതികൾക്കായുള്ള വിശദമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആകെ 18938.3 കോടി രൂപയുടെ പ്രോജക്ടുകൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ടത് ബന്ധപ്പെട്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആണ്. SPV തയ്യാറാക്കി സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ട് പരിശോധിച്ച് അംഗീകാരം നൽകുന്ന പ്രവൃത്തിയാണ് കിഫ്ബി ചെയ്യുന്നത്. അംഗീകരിക്കപ്പെട്ട പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കേണ്ടത് നിർദ്ദിഷ്ട സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകളുടെ ചുമതലയാണ്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ ഇതോടൊപ്പം ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കോഴിക്കോട് ജില്ലയിലെ കിഫ്ബി പദ്ധതികൾ

39 (437) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച കോഴിക്കോട് ജില്ലയിലെ പദ്ധതികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതികളിൽ നാളിതുവരെ കിഫ്ബി ഉന്നതതല സമിതി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതെല്ലാം;

(സി) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബി മുഖാന്തരം നടപ്പിലാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധം-എ ആയി ചേർക്കുന്നു.*

(ബി) നാളിതുവരെ കിഫ്ബി ഉന്നതതല സമിതി അംഗീകാരം നൽകിയ പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള പട്ടിക അനുബന്ധം- ബി ആയി ചേർക്കുന്നു.*

(സി) പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് ഇതുവരെ ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ പട്ടിക അനുബന്ധം-സി ആയി ചേർക്കുന്നു.*

## കിഫ്ബിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ

40 (438) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ചെറിയഴീക്കൽ ഗവ. ഹയർസെക്കണ്ടറി സ്കൂൾ , കുഴിത്തറ ഗവ. ഹയർ സെക്കന്ററി സ്കൂൾ, കരുനാഗപ്പള്ളി യു.പി.ജി.എസ്. എന്നിവയ്ക്ക് കെട്ടിടം നിർമ്മിക്കു ന്നതിനായി, തീരദേശ വികസന ഏജൻസി തയ്യാറാക്കിയ ഡി.പി.ആർ. അനുസരിച്ചുള്ള പദ്ധതികൾ കിഫ്ബി പരിഗണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ:

(സി) പുതിയകാവ്-ചക്കുവള്ളി റോഡിൽ ചിറ്റുമൂലയിൽ റെയിൽവേ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതി സംബന്ധിച്ച ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പി ച്ചിട്ടുണ്ടോ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഇവയാണ്.

| | Name of Project | Amount approved by KIIFB | SPV |
|---|---|---|---|
| 1 | Construction of Maliyekkal Bridge | ₹ 35.8 crore | R B DCK |
| 2 | GHSS, Kulasekharapuram | ₹ 3 crore | KITE |
| 3 | Thazhava Govt. AVHS | ₹ 3 crore | KITE |
| 4 | KarunagappallyGovt. V&HSS | ₹ 3 crore | KITE |

(ബി) ടി പദ്ധതികളുടെ ഡി.പി.ആർ. ഇതുവരെ കിഫ്ബിയിൽ ലഭ്യമായിട്ടില്ല.

(സി) ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല.

**ആസ്തി വികസന ഫണ്ട്**

41(439) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബജറ്റിൽ മണ്ഡലം ആസ്തി വികസന ഫണ്ടായി ഓരോ മണ്ഡലത്തിലും എത്ര കോടി രൂപവീതം അനുവദിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ഭരണാനുമതി നൽകിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷം ആസ്തി വികസന ഫണ്ടായി നോമിനേറ്റഡ് എം.എൽ.എ. ഉൾപ്പെടെ ഓരോ നിയോജകമണ്ഡലത്തിനും 5 കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്.

(ബി&സി) 2016-17 സാമ്പത്തിക വർഷത്തെ ആസ്തി വികസന പദ്ധതിക്കായി 705 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആസ്തി വികസന പദ്ധതി 2016-17-ന് കീഴിൽ 141 എം.എൽ.എ.-മാരിൽ നിന്നും 2227 പ്രവൃത്തികൾക്കുള്ള ശിപാർശകൾ ധനകാര്യ വകുപ്പിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും നൽകുന്നതിനുള്ള സമയപരിധി 31-12-2017-ൽ അവസാനിച്ചു. ആയതിന് ശേഷവും ഭരണവകുപ്പിൽനിന്നും ലഭിച്ച ചില പ്രവൃത്തികൾ ഇപ്പോഴും ധനകാര്യ വകുപ്പിന്റെ പരിഗണനയിലുണ്ട്. ആസ്തി വികസന പദ്ധതിയിൻകീഴിലെ പ്രവൃത്തികൾ കൈകാര്യം ചെയ്യുന്നതിനായി വികസിപ്പിച്ചിട്ടുള്ള ഓൺലൈൻ പോർട്ടലിൽ (www.ads.kerala.gov.in) ലഭ്യമായ വിവരം അനുസരിച്ച് ആസ്തി വികസന പദ്ധതി 2016-17-ന കീഴിൽ ഇതിനോടകം 655.48 കോടി രൂപ ആകെ അടങ്കലിൽ 1938 പ്രവൃത്തികൾക്ക് ധനാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾക്കുള്ള ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പുകളാണ്. ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ധനാനുമതി നൽകിയ പ്രവൃത്തികളുടെ കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| പൊതുമരാമത്ത് | - | 336.02 കോടി രൂപ |
| വിദ്യാഭ്യാസം | - | 138.82 കോടി രൂപ |
| ആരോഗ്യം | - | 49.35 കോടി രൂപ |
| വാട്ടർ അതോറിറ്റി | - | 39.84 കോടി രൂപ |

## കാസർഗോഡ് നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

42 (440) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-2013, 2013-2014, 2014-2015, 2015-2016, 2016-2017 സാമ്പത്തിക വർഷങ്ങളിൽ കാസർകോട് അസംബ്ലി നിയോജക മണ്ഡലത്തിൽ ആസ്തി വികസന ഫണ്ടുപയോഗിച്ച് നടത്താൻ എത്ര പ്രൊപ്പോസലുകൾ ഉണ്ടായിരുന്നു എന്ന് വർഷം തിരിച്ചും പ്രവൃത്തികളുടെ പേരുകളും അനുവദിച്ച തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്കെല്ലാം ഭരണാനുമതി നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കാത്ത പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊപ്പോസലുകൾക്ക് ഭരണാനുമതി ലഭിക്കാതെ പോയത് എന്തുകൊണ്ടാണെന്നും ഇനി ഭരണാനുമതി നൽകുമോയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ആസ്തിവികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച്

43(441) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 വർഷത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽനിന്നും ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും ചില പ്രവൃത്തികൾ ആരംഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനു വേണ്ടി ധനവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽനിന്നും ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി (അനുബന്ധം I) ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി 2015 ജൂലൈ 22 തീയതിയിലെ 67/2015/ധന. നമ്പർ സർക്കുലർ പ്രകാരം ഭരണവകുപ്പുകൾക്കും നിർവ്വഹണ ഏജൻസികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സർക്കുലർ അനുബന്ധമായി (അനുബന്ധം II) ചേർക്കുന്നു.*

## ആസ്തിവികസന പദ്ധതിയുടെ കീഴിലുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി

44 (442) <u>ശ്രീ. അനിൽ അക്കര</u>: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2012-2013 മുതൽ 2015-2016 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയിൻകീഴിൽ സമർപ്പിച്ചിട്ടുള്ളതും ഈ സർക്കാരിന്റെ കാലത്ത് ഭരണവകുപ്പിന്റെ ശിപാർശയോടെ സമർപ്പിച്ചിട്ടുള്ളതുമായ ഡി.പി.ആർ കൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

സർക്കുലർ നമ്പർ 69/2017/ധന തീയതി 7-9-2017 പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള സാമ്പത്തിക വർഷങ്ങളിലേക്കായി നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിൻ കീഴിൽ മാർഗ്ഗരേഖയിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ട് എം.എൽ.എ.-മാർ ശിപാർശ ചെയ്തതും എന്നാൽ 31-3-2017-ന് ശേഷം സർക്കാരിലേക്ക് ലഭിച്ചതിനാൽ സമയപരിധി കഴിഞ്ഞുവെന്ന കാരണത്താൽ നിരസിച്ചിട്ടുള്ളതുമായ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി നീട്ടി നൽകിയിരുന്നു. പ്രസ്തുത ശിപാർശകൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31-10-2017 -ൽ അവസാനിച്ചു. സമയപരിധി ഇനിയും ദീർഘിപ്പിച്ചു നൽകുന്നത് പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജി.എസ്.റ്റി -യും കോമ്പൻസേഷൻ തുകയും

45(443) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.റ്റി. നിലവിൽ വന്നശേഷം സംസ്ഥാനത്ത് വരുമാന വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) കോമ്പൻസേഷൻ സ്കീമിൽ ഉൾപ്പെട്ട വ്യാപാരികൾ തെറ്റായി ഉപഭോക്താക്കളിൽനിന്നും നികുതി ഈടാക്കിവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ;

(സി) ജി.എസ്.റ്റി നിലവിൽ വന്നശേഷം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച കോമ്പൻസേഷൻ തുകയെത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ജി.എസ്.റ്റി. ഇനത്തിൽ ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന മുഴുവൻ തുകയും സർക്കാരിലേയ്ക്ക് എത്തുന്നു എന്ന് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല.

(ബി) ഉണ്ട്. സംസ്ഥാനത്തെ കടകളിൽനിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശം ഇല്ല എന്ന് ബോധവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവത്കരണം നടത്തുന്നുണ്ട്.

(സി) ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ഡി) ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനസജ്ജമായിട്ടില്ലാത്തതിനാൽ ജി.എസ്.ടി നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തതിനുശേഷമേ സൂക്ഷ്മ പരിശോധന നടത്തി നികുതി വെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

## നികുതിയേതര വരുമാന സ്രോതസ്സുകൾ

46 (444) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാമ്പത്തിക മേഖലയിലെ നികുതിയേതര വരുമാനം ലഭ്യമാകുന്ന സ്രോതസ്സുകൾ ഏതെല്ലാമെന്നും നടപ്പുസാമ്പത്തികവർഷം ഇവയിൽ ഓരോ മേഖലയിലുംനിന്ന് 2017 ഡിസംബർ വരെ ഓരോ മാസവും പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്ന തുക എത്ര എന്നും പിരിഞ്ഞുകിട്ടിയ തുക എത്ര എന്നും മേഖലകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) വരുമാനത്തിൽ കുറവു വന്ന മേഖലകളിൽ ആയതിനുള്ള കാരണം പരിശോധിച്ചുവോ; എങ്കിൽ എന്ത് എന്നും കുറവുവന്നതിന് ജി.എസ്.ടി നടപ്പാക്കൽ ഒരു കാരണമായി മാറിയോ എന്നും ആയത് ഏതെല്ലാം മേഖലകളിൽ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ നികതിയേതര വരുമാനം സംവന്ധിച്ച് 2017 നവംബർ മാസം വരെയുള്ള കണക്കുകളാണ് അക്കൗണ്ടന്റ് ജനറൽ ഔദ്യോഗികമായി പുറപ്പെടുവിച്ചിട്ടുള്ളത്. ഇതുപ്രകാരം ഓരോ മേഖലയിലും 2017 നവംബർ മാസം വരെ പിരിഞ്ഞ് കിട്ടിയ തുക, നടപ്പ് സാമ്പത്തിക വർഷം പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്ന തുക എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു.*

(ബി) നടപ്പ് സാമ്പത്തിക വർഷം പൂർത്തിയായശേഷം അക്കൗണ്ടന്റ് ജനറലിൽ നിന്ന് ലഭ്യമാകുന്ന കണക്കുകൾ പരിശോധിച്ചാൽ മാത്രമേ നികുതിയേതര വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോ എന്ന് വിലയിരുത്താൻ കഴിയുകയുള്ളൂ. ചരക്ക് സേവന നികുതി നടപ്പാക്കിയത് നികുതിയേതര വരുമാനത്തെ നേരിട്ട് ബാധിക്കുന്നില്ല.

## ലോട്ടറിയിനത്തിലും മദ്യവിൽപ്പന വരുമാനത്തിലും ലഭ്യമായ തുക

47(445) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് 2017-18 സാമ്പത്തിക വർഷത്തിൽ ലോട്ടറിയിനത്തിലും മദ്യവിൽപ്പന വരുമാനത്തിലും ആകെ എത്ര രൂപ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇത് മുൻസാമ്പത്തിക വർഷത്തേക്കാൾ എത്ര അധികമാണെന്ന വിശദാംശം വെളിപ്പെടുത്താമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

2017-18 സാമ്പത്തിക വർഷത്തിൽ (2017-ഏപ്രിൽ മുതൽ ഡിസംബർ വരെ) ലോട്ടറിയിനത്തിലുള്ള വരുമാനം 6679.59 കോടി രൂപയാണ്. മുൻസാമ്പത്തിക വർഷത്തെക്കാൾ 1073.78 കോടി രൂപയുടെ അധിക വരുമാനമാണ് ലോട്ടറി വിൽപ്പനയിലൂടെ ലഭ്യമായിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തിൽ (2017-ഏപ്രിൽ മുതൽ ഡിസംബർ വരെ) മദ്യവിൽപ്പനയിൽ നിന്നുള്ള വിറ്റുവരവ് 9440 കോടി രൂപയാണ്. പ്രസ്തുത കാലയളവിൽ മദ്യവിൽപ്പനയിലൂടെയുള്ള വരുമാനത്തിൽ മുൻസാമ്പത്തിക വർഷത്തെക്കാൾ ഏകദേശം 3% വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

**കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി**

48 (446) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് ചികിത്സ നടത്തിയ ഇനത്തിൽ എത്ര തുക നൽകാനുണ്ടെന്ന് ആശുപത്രികളുടെ പേരും തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) ഫണ്ട് ലഭ്യമാകുന്നത് വൈകുന്ന എന്ന കാരണത്താൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള പല സ്വകാര്യ ആശുപത്രികളും പദ്ധതിയിൽനിന്നും പിൻവാങ്ങുന്നതുമൂലം രോഗികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) പദ്ധതിയുമായി സഹകരിക്കുന്ന പ്രധാന സ്വകാര്യ ആശുപത്രികളെ തുടർന്നും പദ്ധതിയിൽ നിലനിർത്തി ചികിത്സ ലഭ്യമാക്കുന്നതിനും ചില പ്രത്യേക ചികിത്സ നടത്തുന്ന സ്വകാര്യ ആശുപത്രികളടക്കം കൂടുതൽ ആശുപത്രികളെ പദ്ധതിയുടെ ഭാഗമാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രികൾക്ക് നൽകുവാനുള്ള തുകയുടെ വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നിലവിൽ ഫണ്ട് ലഭ്യമാകുന്നത് വൈകുന്ന എന്ന കാരണത്താൽ കാരുണ്യ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള സ്വകാര്യ ആശുപത്രികൾ പദ്ധതിയിൽ നിന്നും പിൻവാങ്ങിയിട്ടില്ല.

(സി) കൂടുതൽ സ്വകാര്യ ആശുപത്രികളെ പദ്ധതിയുടെ ഭാഗമാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## കിഫ്ബി നിക്ഷേപം

49 (447) പ്രൊഫ ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കിഫ്ബിയിലേയ്ക്കുള്ള നിക്ഷേപം എങ്ങനെയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഫണ്ട് ശേഖരണത്തിന് കെ.എസ്.എഫ്.ഇ. ലിമിറ്റഡ് എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) നാളിതുവരെയായി എത്ര നിക്ഷേപം ഇതുവഴി വന്നിട്ടുണ്ട്;

(ഡി) കിഫ്ബിയിലേയ്ക്ക് ധനസമാഹരണത്തിനുവേണ്ടി കുറച്ചുകൂടി പ്രായോഗിക മാർഗ്ഗങ്ങൾ അവലംബിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-ലെ ഭേദഗതിചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബിയിലേക്കുള്ള ധനസമാഹരണമാർഗ്ഗങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു. ഭേദഗതിചെയ്ത കിഫ് ആക്ട് പ്രകാരം, കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധിയിലേക്ക്

(എ) ബോർഡിന് കാലാകാലങ്ങളിൽ, സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടിയും, പൊതുവായതോ പ്രത്യേകമായതോ ആയ ഉത്തരവ് വഴി സർക്കാർ നിശ്ചയിക്കാവുന്ന പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായും ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഏതൊരു തുകയും കടമായി വാങ്ങാവുന്നതാണ്.

(ബി) ബോർഡിന് അപ്രകാരം കടം വാങ്ങുന്നതിന്റെ ആവശ്യങ്ങൾക്കായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, റവന്യൂ ഒബ്ലിഗേഷൻ ബോണ്ടുകൾ അല്ലെങ്കിൽ യുക്തമായ മറ്റേതെങ്കിലും ധനപരമായ പ്രമാണങ്ങൾ എന്നിവ ഉൾപ്പെടെയുള്ള ഏതെങ്കിലും ധനപരമായ പ്രമാണം നൽകാവുന്നതും ക്രമീകരിക്കപ്പെട്ട തിരിച്ചടവ്

സംവിധാനത്തോടെയുള്ള റവന്യൂ ബോണ്ടുകൾ, ലാൻഡ് ബോണ്ടുകൾ മറ്റേതെങ്കിലും ഉചിതമായ ധനകാര്യ പ്രമാണങ്ങൾ എന്നിവയിലൂടെയോ ബാങ്കുകൾ, മൾട്ടിലാറ്ററൽ ഫണ്ടിംഗ് ഏജൻസികൾ അല്ലെങ്കിൽ സർക്കാർ ഇതിലേക്കായി അംഗീകരിച്ച സ്ഥാപനങ്ങൾ എന്നിവയിലൂടെയോ ഫണ്ടുകൾ സ്വരൂപിക്കാവുന്നതുമാണ്.

(സി) ബോർഡിന് ഒരു പ്രോജക്റ്റിനുവേണ്ടിയോ ഒരു കൂട്ടം പ്രോജക്റ്റുകൾക്കുവേണ്ടിയോ ഉള്ള വിഭവ സമാഹരണം സുഗമമാക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഒരു സ്പോൺസറായി പ്രവർത്തിക്കാവുന്നതാണ്. ഇതിലേക്കായി അടിസ്ഥാന സൗകര്യ നിക്ഷേപ സംവിധാനത്തിൽ ആൾട്ടർനേറ്റ് ഇൻവെസ്റ്റ്മെന്റ് ഫണ്ട് (എ.ഐ.എഫ്.), ഇൻഫ്രാസ്ട്രക്ചർ ഇമേവെസ്റ്റ്മെന്റ് ഫണ്ട് (ഇൻവിറ്റ്), മ്യൂച്വൽ ഫണ്ടുകൾ എന്നിവ ഉൾപ്പെടുന്നതും എന്നാൽ അതിൽ പരിമിതപ്പെടുത്തുന്നതല്ലാത്തതുമാകുന്നു.

(ഡി) ബോർഡ് ഈ വകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന ധനപരമായ പ്രമാണങ്ങളും സെക്യൂരിറ്റികളും സർക്കാരിന്റെ നിർദ്ദേശങ്ങൾക്ക് വിധേയമായി ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള രീതിയിൽ പുറപ്പെടുവിക്കുകയോ, കൈമാറ്റം ചെയ്യുകയോ വിടുതൽ ചെയ്യുകയോ ചെയ്യേണ്ടതാണ്.

(ഇ) ആന്വിറ്റി നൽകുന്നതിനോ മേൽസൂചിപ്പിച്ച പ്രകാരമുള്ള മറ്റ് തിരിച്ചടവ് ബാധ്യതകൾ നൽകുന്നതിനോ ഉണ്ടായിട്ടുള്ള ചെലവുകൾ നേരിടുന്നതിനും ബോർഡിന്റെ പ്രവർത്തനപരവും ഭരണപരവുമായി ഉണ്ടാകുന്ന ചെലവുകൾ നേരിടുന്നതിനും സർക്കാർ സമയാസമയങ്ങളിൽ വാർഷിക ബജറ്റിൽ വ്യവസ്ഥ ചെയ്യേണ്ടതാണ്.

എന്നാൽ സർക്കാർ മുൻവർഷം പിരിച്ചെടുത്ത മോട്ടോർ വാഹന നികുതിയുടെ അടിസ്ഥാനത്തിൽ കണക്കാക്കപ്പെട്ട മോട്ടോർ വാഹന നികുതിയുടെ ഒരു ഭാഗം നിധിയിലേക്കുള്ള വിഹിതമായി നീക്കിവക്കേണ്ടതും അപ്രകാരമുള്ള വിഹിതം ആദ്യ വർഷത്തിൽ പത്ത് ശതമാനമായിരിക്കുന്നതും ഇത്

ഓരോ വർഷവും വർദ്ധിപ്പിക്കുന്നതും അഞ്ചാമത്തെ വർഷത്തിൽ മോട്ടോർ വാഹന നികുതിയുടെ അൻപത് ശതമാനംവരെ വർദ്ധിപ്പിക്കുന്നതുമാണ്.

എന്നുമാത്രമല്ല, അതിനുപുറമെ ഓരോ ലിറ്റർ പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലും ചുമത്തപ്പെട്ടുകൊണ്ടിരിക്കുന്ന സെസ്സ് മുൻവർഷക്കാലയളവിൽ പിരിച്ചെടുത്ത പ്രകാരമുള്ള സെസ്സ് തുകയുടെ അടിസ്ഥാനത്തിൽ സർക്കാർ കിഫ്ബിയിലേക്ക് നൽകേണ്ടതാണ്. തുടർന്നു വരുന്ന പന്ത്രണ്ടു മാസങ്ങളിൽ ആവശ്യമായ തുകയുടെ കൈമാറ്റം ഒന്നോ അതിലധികമോ തവണകളായി പ്രസ്തുത വർഷത്തിലെ ഡിസംബർ മാസത്തിന്റെ അവസാന പ്രവൃത്തി ദിവസത്തിനു മുമ്പായി പൂർത്തിയാക്കേണ്ടതാണ്.

(എഫ്) സർക്കാരിന് സംസ്ഥാന നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമംമൂലം യഥാവിധിയുള്ള ധനവിനിയോഗംവഴി ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള നിബന്ധനകളിന്മേലും വ്യവസ്ഥകളിന്മേലും കാലാകാലങ്ങളിൽ ഗ്രാന്റുകളും മുൻകൂർ തുകകളും വായ്പകളും നിധിയിലേക്ക് നൽകാവുന്നതാണ്.

(ജി) ഏതെങ്കിലും സ്ഥാപനം നൽകിയിട്ടുള്ള ഗ്രാന്റുകളും വായ്പകളും അല്ലെങ്കിൽ മുൻകൂർ തുകകളും.

(എച്ച്) ബോർഡിന്റെ വരുമാനങ്ങൾ വർദ്ധിപ്പിക്കുന്നതിനായി മറ്റ് മാർഗ്ഗങ്ങളിൽക്കൂടി ബോർഡ് സമാഹരിച്ച ഏതൊരു തുകയും പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വക കൊള്ളിക്കേണ്ടതാണ്.

(ബി&സി) 2017-18-ലെ ബജറ്റ് പ്രസംഗ പ്രകാരം കിഫ്ബി മുഖേന നടപ്പിലാക്കുന്ന 10,000 കോടി രൂപയുടെ മലയോര തീരദേശ ഹൈവേ ഉൾപ്പെടെ വിവിധ പദ്ധതികൾക്കാവശ്യമായ തുക കെ.എസ്.എഫ്.ഇ ആരംഭിക്കാനിരിക്കുന്ന പ്രവാസി ചിട്ടിയിലൂടെ സമാഹരിക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള രൂപരേഖ പൂർണ്ണമാക്കുന്നതിനുള്ള അന്തിമഘട്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ധന സമാഹരണത്തിനായി സെബിയും ആർ.ബി.ഐ-യും അംഗീകരിച്ചിട്ടുള്ള നൂതന ധനസമാഹരണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനായി 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് ഭേദഗതി ചെയ്ത് നിലവിൽ വന്നിട്ടുണ്ട്. ടി മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണത്തിന് ആവശ്യമായ നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. പ്രസ്തുത ധന സമാഹരണ മാർഗ്ഗങ്ങൾ ഫലപ്രദവും പ്രായോഗികവുമാണ്.

**സംസ്ഥാന പദ്ധതി അടങ്കൽ തുക**

50(448) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തിക വർഷത്തെ ബജറ്റ് അനുസരിച്ച് സംസ്ഥാന പദ്ധതി അടങ്കൽ തുക കേന്ദ്ര വിഹിതമുൾപ്പെടെ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ എസ്.സി./എസ്.റ്റി വിഭാഗത്തിനായി നീക്കിവച്ചിട്ടുള്ളത് എത്രയാണ് ;

(സി) ഇതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എസ്.സി/എസ്.റ്റി മേഖലയ്ക്ക് വേണ്ടി എത്ര തുക ചെലവഴിച്ചുവെന്നും ഇത് ആകെ അനുവദിച്ച തുകയുടെ എത്ര ശതമാനമാണെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ സംസ്ഥാന പദ്ധതി അടങ്കൽ തുക 26500 കോടി രൂപയും കേന്ദ്ര വിഹിതം 8038.95 കോടി രൂപയുമാണ്. ആകെ അടങ്കൽ 34538.95 കോടി രൂപയാണ്.

(ബി) എസ്.സി. വിഭാഗത്തിന് 2599.65 കോടി രൂപയും എസ്.റ്റി. വിഭാഗത്തിന് 751.08 കോടി രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്.

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതി അടങ്കൽ തുക 6227.50 കോടി രൂപയാണ്.

(ഡി) 2016-17 സാമ്പത്തിക വർഷത്തിൽ എസ്.സി. മേഖലയിൽ 1586.77 കോടി രൂപയും (67.4 %) എസ്. റ്റി. മേഖലയിൽ 607.21 കോടി രൂപയുമാണ് (89 %) ചെലവഴിച്ചത്.

## തലശ്ശേരി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ

51 (449) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2016-17 വർഷത്തെ ബജറ്റിൽ തലശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള പ്രവൃത്തികൾ നടപ്പിലാക്കുന്നതിലേക്കായി നിയോജക മണ്ഡലം - ആസ്തി വികസന പദ്ധതിയുടെ കീഴിൽ (LAC-ADS), തലശ്ശേരി നിയോജക മണ്ഡലത്തിനായി 5 കോടി രൂപ 2016-17-ലെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ നിയോജകമണ്ഡലത്തിന്റെ പ്രത്യേക വികസന പദ്ധതിക്കായി 1 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2016-17-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1*ആയി ചേർക്കുന്നു. KIIFB മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.*

## ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

52 (450) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഒറ്റപ്പാലം അസംബ്ളിമണ്ഡലത്തിൽ വികസന പ്രവർത്തനങ്ങൾക്ക് എത്ര തുക അനുവദിച്ചുവെന്ന് വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയ്ക്കും ബജറ്റിൽനിന്നും അനുവദിച്ച തുകയും ആസ്തി വികസന പദ്ധതി പ്രകാരം അനുവദിച്ച തുകയും പ്രത്യേകം പ്രത്യേകം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആസ്തി വികസന പദ്ധതിയുടെകീഴിൽ 5 കോടി രൂപ വീതം 2016-17-ലെയും 2017-18-ലെയും ബജറ്റ് എസ്റ്റിമേറ്റിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിന് വകയിരുത്തിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ടി പദ്ധതിയുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

കീഴിൽ അനുവദിച്ച വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.* പ്രസ്തുത സ്കീമിനു കീഴിലുള്ള 2017-18 സാമ്പത്തിക വർഷത്തേക്കുള്ള വിവിധ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതടക്കമുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട കളക്ടറേറ്റിൽ നടന്നുവരുന്നു. കൂടാതെ നിയോജകമണ്ഡലത്തിന്റെ പ്രത്യേക വികസന പദ്ധതിക്കായി 1 കോടി രൂപ വീതവും ഈ വർഷങ്ങളിൽ ഒറ്റപ്പാലം നിയോജക മണ്ഡലത്തിനായി വകയിരുത്തിയിട്ടുണ്ട്. ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മറ്റ് പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 2 ആയി ചേർക്കുന്നു.* KIIFB മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം3 ആയി ചേർക്കുന്നു.*

## മൂലധനച്ചെലവ്

53 (451) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ അപേക്ഷിച്ച് എത്ര ശതമാനം കൂടുതലായിരിക്കണം എന്നായിരുന്നു ബജറ്റിൽ പ്രതീക്ഷിച്ചിരുന്നത്;

(ബി) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിന്റെ എത്ര ശതമാനം തുക മൂലധനച്ചെലവുണ്ടായി എന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) നടപ്പ് സാമ്പത്തിക വർഷത്തെ മൂലധനച്ചെലവ് മുൻവർഷത്തെ പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 3.53% കൂടുതലായിരിക്കുമെന്നാണ് ബജറ്റിൽ പ്രതീക്ഷിക്കുന്നത്.

(ബി) കഴിഞ്ഞ 2 സാമ്പത്തിക വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന്റെ ആകെ ചെലവിലെ മൂലധന ചെലവിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2015-16 | 8.62 |
| 2016-17 | 9.89 |

(അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം)

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാനത്തിന്റെ പ്രതിമാസ വരവും ചെലവും

54(452) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ പ്രതിമാസ ചെലവും, വരവും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 വർഷം വാർഷിക പദ്ധതിക്കുവേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾ നേരിടാൻവേണ്ടി വകമാറ്റേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 2017 നവംബർ 30 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ വരവ് 5985.46 കോടി രൂപയും ശരാശരി പ്രതിമാസ ചെലവ് 8539.14 കോടി രൂപയുമാണ്.

(ബി) സർക്കാർ എടുക്കുന്ന വായ്പകളുടെ ഒരു ഭാഗം സാധാരണയായി ആവർത്തന ചെലവുകൾക്കുംകൂടി വിനിയോഗിക്കാറുണ്ട്.

## 13-ാം പഞ്ചവത്സര പദ്ധതിയിലെ മുൻഗണനാ വിഷയങ്ങൾ

55(453) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 13-ാം പഞ്ചവത്സര പദ്ധതി കാലത്ത് എത്ര കോടി രൂപയുടെ വികസന പ്രവൃത്തികളാണ് ലക്ഷ്യമിടുന്നത്;

(ബി) പ്രസ്തുത പദ്ധതിയിൽ ഏതൊക്കെ മേഖലകൾക്ക് മുൻഗണന നൽകാനാണ് ഉദ്ദേശിക്കുന്നത്; അതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) 13-ാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയുടെ അടിസ്ഥാനത്തിൽ പദ്ധതിയിനത്തിൽ രണ്ട് ലക്ഷം കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്.

(ബി) വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വാഹന ധൂർത്ത് തടയാൻ നടപടി

56 (454) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും 10 ലക്ഷത്തിലധികം വിലയുള്ള വാഹനങ്ങൾ അനിയന്ത്രിതമായി വാങ്ങുന്നത് തടയാൻ നടപടി സ്വീകരിക്കുമോ;

(ബി) വാഹനങ്ങൾ അനാവശ്യമായി ഉപയോഗിച്ച് ധൂർത്ത് നടത്തുന്നത് സംസ്ഥാനത്തിന്റെ സാമ്പത്തികപ്രശ്നത്തിന് ആക്കംകൂട്ടുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ നിയന്ത്രണം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ചെലവുചുരുക്കൽ നിർദേശങ്ങൾ അവഗണിക്കുന്നവർക്കെതിരെ ഉചിതമായ ശിക്ഷാനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ഡി) തദ്ദേശ സ്ഥാപനങ്ങളുടെ വാഹനങ്ങൾ തദ്ദേശ സ്ഥാപനങ്ങളുടെ പരിധിയിലും ജില്ലാ ആസ്ഥാനത്തേക്കുംമാത്രം ഓടിക്കുന്നതിനുള്ള നിർദ്ദേശം നല്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പൊതുഭരണ വകുപ്പിന്റെ 14-3-2013-ലെ G.O. (Ms) No. 72/13/GAD ഉത്തരവ് പ്രകാരം 10 ലക്ഷം രൂപയിൽ കൂടുതൽ വിലയുള്ള വാഹനങ്ങൾ വാങ്ങുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിൽ പരിശോധിച്ചുവരികയാണ്.

(ബി&സി) ഉണ്ട്. 24-2-2003-ലെ G.O. (Ms) No. 113/2003/Fin. ഉത്തരവ്, 20-5-2010-ലെ G.O.(P No 293/10/Fin. ഉത്തരവ് 2-8-2008-ലെ നമ്പർ 41/2008/ധന. സർക്കുലർ എന്നിവ പ്രകാരം വാഹന ദുരുപയോഗം തടയുന്നതിനുള്ള കർശന നിർദ്ദേശങ്ങളും ആയതിൽനിന്നും വ്യതിചലിച്ചാലുള്ള ശിക്ഷാ നടപടികളും നിഷ്കർഷിച്ചിട്ടുണ്ട്. ധനകാര്യ പരിശോധനാ വിഭാഗം മേൽഉത്തരവുകളുടെ അടിസ്ഥാനത്തിൽ വാഹന പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ബന്ധപ്പെട്ട വകുപ്പുമായി ആലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## സർക്കാർ വായ്പ

57 (455) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപത്രങ്ങൾ വഴിയും മറ്റും എത്ര തുക വായ്പയെടുത്തുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ വായ്പ എടുത്ത തുക കടബാധ്യതകൾ തീർക്കുന്നതിനുവേണ്ടി ചെലവഴിക്കുകയുണ്ടായോ; എങ്കിൽ എത്ര തുക മറ്റാവശ്യങ്ങൾക്കായി ചെലവഴിച്ചുവെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ പുറപ്പെടുവിച്ച ധവളപത്രത്തിൽ കടം എടുത്ത തുക നിത്യനിദാന ചെലവുകൾക്ക് ഉപയോഗിക്കുന്നതിനെ വിമർശിച്ചിട്ടുണ്ടായിരുന്നുവോ;

(ഡി) എങ്കിൽ ധവളപത്രത്തിലൂടെ മുൻസർക്കാരിനെതിരെ നടത്തിയ വിമർശനങ്ങൾ പിൻവലിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം 29,083.54 കോടി രൂപ വായ്പയായി സർക്കാർ സമാഹരിച്ചിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താല്ക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12307.01 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കടപ്പത്രങ്ങൾ മുഖേന നാളിതുവരെ 30,500 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

(ബി) വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിതനിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിതനിധിയിൽ മറ്റു വരുമാനങ്ങൾക്കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. വായ്പയെടുക്കുന്ന തുകയിൽ നോൺ പ്ലാൻ റവന്യൂ അക്കൗണ്ടിലുള്ള കമ്മി നികത്തിയതിനു ശേഷം ബാക്കിയുള്ളത് പദ്ധതി ചെലവുകൾക്കായാണ് ഉപയോഗിക്കുന്നത്. റവന്യൂ കമ്മി ഇല്ലാതാകുന്ന സാഹചര്യത്തിലേ ഈ സ്ഥിതി പൂർണ്ണമായും ഒഴിവാകൂ. കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ 2016-17-ൽ 22,813.25 കോടി രൂപയും 2017-18 നവംബർ 30 വരെ 10,728.06 കോടി രൂപയും പദ്ധതി പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(സി & ഡി) ധവളപത്രം ഇത്തരം സാഹചര്യങ്ങളുടെ വിലയിരുത്തലാണ്.

**കടപ്പത്രങ്ങൾ**

58 (456) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ 1-5-2017 മുതൽ 31-12-2017 വരെ എത്ര തുക കടപ്പത്രങ്ങൾ വഴി സമാഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മുൻവർഷത്തിൽ വായ്പയെടുത്ത തുക എത്രയാണെന്നറിയിക്കാമോ;

(സി) 2017-ൽ സർക്കാരിന്റെ നികുതി വരുമാനം മുൻവർഷത്തെ അപേക്ഷിച്ച് എങ്ങനെയാണ് വ്യത്യാസപ്പെട്ടിരിക്കുന്നതെന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) 1-5-2017 മുതൽ 31-12-2017 വരെയുള്ള കാലയളവിൽ 12,000 കോടി രൂപ കടപ്പത്രങ്ങൾ മുഖാന്തരം സർക്കാർ സമാഹരിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ ഈ ഇനത്തിൽ സർക്കാർ 17,300 കോടി രൂപ വായ്പയെടുത്തിരുന്നു.

(സി) അക്കൗണ്ടന്റ് ജനറലിന്റെ താല്ക്കാലിക കണക്കുകൾ പ്രകാരം 2017-18-ൽ നവംബർ 30 വരെ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 28409.12 കോടി രൂപയാണ്. ഈ ഇനത്തിൽ മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 5.26% വളർച്ച നേടിയിട്ടുണ്ട്. ഈ കാലയളവിലെ സ്റ്റാമ്പ് & രജിസ്ട്രേഷൻ നികുതി 8.48%-ഉം മോട്ടോർ വാഹന നികുതി 4.94%-ഉം വാറ്റ്/ജി.എസ്.റ്റി. ഉൾപ്പെടെയുള്ള വിൽപ്പന നികുതി 3.65%-ഉം വർദ്ധനവ് കൈവരിച്ചു. കേന്ദ്ര നികുതി വിഹിതമടക്കമുള്ള മൊത്ത നികുതി വരുമാനം 9.68%-ഉം വളർച്ച നേടിയിട്ടുണ്ട്. ഇതിനുപുറമേ ജി.എസ്.ടി. കോമ്പൻസേഷനായി 1,205 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

59 (457) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പൊതുകടം എത്രയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്തിന്റെ ധനസ്ഥിതി മോശമാക്കിയ സാഹചര്യങ്ങൾ എന്തൊക്കെയാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഈ വർഷത്തെ ധനക്കമ്മി എത്രയെന്നും എത്ര തുക കടമെടുക്കേണ്ടി വന്നുവെന്നും ആയത്ഏതൊക്കെ സ്രോതസ്സിൽ നിന്നാണെന്നും വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കുന്നതിന് തയ്യാറാകുമോ?

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 30-11-2017 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം 138189.87 കോടി രൂപയാണ്.

(ബി) നോട്ട് നിരോധനത്തെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക അനിശ്ചിതാവസ്ഥയും ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം സംസ്ഥാന നികുതി വരുമാനത്തിലുണ്ടായ കുത്തനെയുള്ള ഇടിവും റവന്യൂ ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവും സാമ്പത്തിക ഞെരുക്കത്തിന് കാരണമായിട്ടുണ്ട്. പതിവിന് വിഭിന്നമായി പബ്ലിക് അക്കൗണ്ട് കൂടി അനുവദനീയ വായ്പാ പരിധിയിൽപ്പെടുത്തി സംസ്ഥാനത്തിന്റെ നടപ്പു സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധിയിൽ കുറവുവരുത്തുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ തീരുമാനം താൽക്കാലിക സാമ്പത്തിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ഇത് പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(സി) 2016-17 സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ ധനക്കമ്മി 26448.35 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷം അവസാനത്തോടുകൂടി മാത്രമേ ഈ വർഷത്തെ ധനക്കമ്മി സംബന്ധിച്ച കണക്കുകൾ ലഭ്യമാവുകയുള്ളൂ. അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 1-4-2017 മുതൽ 30-11-2017 വരെ 21246.31 കോടി രൂപയാണ് കടമായി (തനി) എടുത്തിട്ടുള്ളത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും പൊതുവിപണിയിൽ (കടപ്പത്രം)നിന്നും പ്രോവിഡന്റ് ഫണ്ട്, സ്മോൾ സേവിങ്സ് (NSSF) എന്നിവയിൽനിന്നും എടുത്തിട്ടുള്ള വായ്പയാണ്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## സംസ്ഥാനത്തിന്റെ ധനകമ്മി/ റവന്യൂക്കമ്മി

60(458) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ധനക്കമ്മി/റവന്യൂക്കമ്മി സംബന്ധിച്ച് 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ വിശദാംശം വ്യക്തമാക്കുമോ;

(ബി) മുൻസർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാറിന്റെ പൊതുകടം എത്രയായിരുന്നുവെന്ന് വെളിപ്പെടുത്താമോ; 2017 മാർച്ച് 31-ലെ കണക്ക് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിയും ഇനം തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ ധനകമ്മി/ റവന്യൂ കമ്മി സംബന്ധിച്ച് 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ വിശദാംശം ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| വർഷം | ധനക്കമ്മി | റവന്യൂ കമ്മി |
|---|---|---|
| 2011-12 | 12814.77 | 8034.26 |
| 2012-13 | 15002.46 | 9351.44 |
| 2013-14 | 16944.13 | 11308.56 |
| 2014-15 | 18641.73 | 13795.96 |
| 2015-16 | 17818.39 | 9656.81 |
| 2016-17 അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം | 26448.35 | 15484.59 |

(ബി) 2016 മാർച്ച് 31-ന് സർക്കാരിന്റെ പൊതുകടം 109730.97 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2017 മാർച്ച് 31 -ന് സർക്കാരിന്റെ പൊതുകടം 125882.86 കോടി രൂപയാണ്.

(സി) സംസ്ഥാന വരുമാനത്തിന്റെ മുഖ്യസ്രോതസ് വില്പന നികുതിയും മൂല്യവർദ്ധിത നികുതിയുമായിരുന്നു. എന്നാൽ ചരക്ക് സേവന നികുതി സംവിധാനം നിലവിൽ വന്നതോടുകൂടി നികുതി സമാഹരണത്തിന്മേൽ ഇടപെടാനുള്ള സംസ്ഥാനത്തിന്റെ അധികാരപരിധി പരിമിതമാക്കപ്പെട്ടു. ചരക്ക് സേവന നികുതി സംവിധാനത്തിൽ നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാനത്തിന്റേതായിട്ടുള്ള ക്രിയാത്മകമായ പല നിർദ്ദേശങ്ങളും ചരക്ക് സേവന നികുതി സമിതിയിൽ അവതരിപ്പിച്ചിട്ടുണ്ട്. 2018 ഫെബ്രുവരി മാസത്തിൽ ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി അന്തർ സംസ്ഥാന

വ്യാപാരത്തിന്മേലുള്ള നികുതി ചോർച്ച തടയാനാകുമെന്നും അതിലൂടെ ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ കൂടുതൽ വരുമാനം ലഭ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. സംസ്ഥാനത്തിന്റെ അധികാരപരിധിയിൽ വരുന്ന നികുതി നികുതിയേതര സ്രോതസ്സുകളിൽ നിന്നുമുള്ള ധനസമാഹരണം മെച്ചപ്പെടുത്തുന്നതിന് അതത് വകുപ്പുകൾ മുഖേന പ്രത്യേക വിഭവ സമാഹരണ യജ്ഞങ്ങൾ നടത്തി വരുന്നു. അതിന്റെ ഭാഗമായി റവന്യൂ റിക്കവറിയുടെ വേഗത വർദ്ധിപ്പിക്കുക, അഴിമതി നിർമാർജ്ജനം ചെയ്യുക, ഇന്റേണൽ ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുക, വകുപ്പുകളുടെ സാങ്കേതിക നവീകരണം നടപ്പിലാക്കുക, നികുതി നിയമങ്ങളെക്കുറിച്ചുള്ള ഉപഭോക്തൃ അവബോധം വർദ്ധിപ്പിക്കുക, വ്യാപാരി സൗഹൃദ സമീപനം നടപ്പിലാക്കുക എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. പ്രസ്തുത നടപടികളുടെ ഭാഗമായി വാഹന നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് പ്രത്യേകം ശ്രദ്ധേയമാണ്. ഇതിനുപുറമേ സംസ്ഥാനത്തിന്റെ ധനസ്ഥിതി സംതുലിതമാക്കു ന്നതിന്റെ ഭാഗമായി അനാവശ്യചെലവുകൾ ഒഴിവാക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

(ഡി) 2011 മുതൽ 2016 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെ വാർഷികാടിസ്ഥാനത്തിലുള്ള ഇനം തിരിച്ച കണക്ക് അനുബന്ധമായി ചേർക്കുന്നു.*

## സംസ്ഥാനത്തിന്റെ കടബാധ്യത

61 (459) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ കടബാധ്യത 2017 ഡിസംബർ 31 വരെ എത്രയെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാർ കടപ്പത്രങ്ങൾ മുഖേനയും മറ്റ് മാർഗ്ഗങ്ങളിലൂടെയും എത്ര തുക വായ്പയെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ രണ്ട് മാസമായി ട്രഷറികൾ നിയന്ത്രിച്ചും കർശന സാമ്പത്തിക അച്ചടക്കം പാലിച്ചും ചെലവുകൾ നിയന്ത്രിക്കുന്ന സാഹചര്യം ഉണ്ടായത് എന്തു കൊണ്ടാണെന്ന് വിശദമാക്കാമോ;

(ഡി) ട്രഷറി നിയന്ത്രണംമൂലം സംസ്ഥാനത്ത് വികസന പദ്ധതികൾ മുടങ്ങുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 2017 നവംബർ 30 വരെയുള്ള സംസ്ഥാനത്തിന്റെ കടബാദ്ധ്യത 207700.18 കോടി രൂപയാണ്.

(ബി) അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 1-4-2016 മുതൽ 30-11-2017 വരെ 50329.85 കോടി രൂപയാണ് കടമായി (തനി) എടുത്തിട്ടുള്ളത്. ഇത് ലോക ബാങ്ക്, നബാർഡ് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പൊതുവിപണിയിൽ (കടപ്പത്രം) നിന്നും പ്രോവിഡന്റ് ഫണ്ട്, സ്മോൾ സേവിങ്സ് (NSSF) എന്നിവയിൽ നിന്നും എടുത്തിട്ടുള്ള വായ്പയാണ്.

(സി) നോട്ട് നിരോധനത്തെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക അനിശ്ചിതാവസ്ഥയും ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാന നികുതി വരുമാനത്തിലുണ്ടായ കുത്തനെയുള്ള ഇടിവും റവന്യൂ ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവും സാമ്പത്തിക ഞെരുക്കത്തിന് കാരണമായിരുന്നു. പതിവിൽനിന്നും വിഭിന്നമായി പബ്ലിക് അക്കൗണ്ടിലെ പണംകൂടി അനുവദനീയ കട പരിധിയിൽപ്പെടുത്തി വർഷത്തിലെ കടമെടുപ്പു പരിധിയിൽ കുറവുവരുത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം താൽക്കാലിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. ഇത് പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(ഡി) സാമ്പത്തിക ഞെരുക്കത്തിന്റെ ഭാഗമായി വികസന പദ്ധതി ഉൾപ്പെടെയുള്ള ചെലവുകൾക്ക് താൽക്കാലികമായി ഏർപ്പെടുത്തിയിരുന്ന ട്രഷറി നിയന്ത്രണം പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതിനാൽ വികസന പദ്ധതികൾ മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. മുൻവർഷം ഇതേ കാലയളവിലെ പദ്ധതി ചെലവിനേക്കാൾ 20.35 % അധിക പദ്ധതി ചെലവാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

**കൊണ്ടോട്ടി സബ്ട്രഷറി വിഭജനം**

62 (460) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി ട്രഷറി/സബ്ട്രഷറി എന്നിവ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ അതിനുവേണ്ടി സ്വീകരിച്ച നടപടിക്രമങ്ങൾ വ്യക്തമാക്കാമോ;

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി സബ്ട്രഷറി ജോലി ഭാരംമൂലം ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊണ്ടോട്ടി സബ്ട്രഷറി വിഭജിച്ച് ഒരു പുതിയ സബ്ട്രഷറി പുളിക്കൽ കേന്ദ്രീകരിച്ച് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചന ഉണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കൊണ്ടോട്ടി സബ്ട്രഷറിയിൽ നിലവിലുള്ള സ്റ്റാഫ് പാറ്റേൺ, അധിക തസ്തിക സൃഷ്ടിച്ച് പുതുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് പുതുതായി ട്രഷറികൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കൊണ്ടോട്ടി സബ് ട്രഷറി വിഭജിച്ച് ഒരു പുതിയ ട്രഷറി ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ട്രഷറി വകുപ്പിന്റെ സമഗ്ര പുനഃസംഘടന സംബന്ധിച്ച ചർച്ചകൾ വകുപ്പ് തലത്തിൽ നടന്നുവരുന്നു. പുനഃസംഘടന നടപ്പിലാക്കുമ്പോൾ സ്റ്റാഫ് പാറ്റേണും ജോലിഭാരവും കണക്കിലെടുത്ത് അധിക തസ്തിക സൃഷ്ടിക്കേണ്ട ആവശ്യമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കുന്നതാണ്.

## വിദ്യാഭ്യാസ വായ്പ കുടിശ്ശികയായവർക്കുള്ള സർക്കാർ സഹായം

63 (461) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 മാർച്ച് വരെ വിദ്യാഭ്യാസ വായ്പ കുടിശ്ശികയായവർക്കുള്ള സർക്കാർ സഹായത്തിനായി എത്ര പേർ അപേക്ഷിച്ചുവെന്ന് അറിയിക്കാമോ;

(ബി) എസ്.ബി.റ്റി.-യിൽനിന്ന് വിദ്യാഭ്യാസ വായ്പയെടുത്ത വിദ്യാർത്ഥികൾക്ക്, പ്രസ്തുത ബാങ്കിന്റെ ലയനശേഷം, സർക്കാർ സഹായം ലഭ്യമാകുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) ബാങ്ക് ലയനശേഷം സർക്കാർ സഹായം ലഭ്യമാകുന്നില്ലെങ്കിൽ, അടിയന്തരമായി പരിഹാര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 16-5-2017-ലെ ജി.ഒ(പി) 65/2017/ധന. ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് പദ്ധതി പ്രകാരമുള്ള സഹായത്തിനായി 22-1-2018 വരെ 93685 പേർ രജിസ്റ്റർ ചെയ്യുകയും 68526 പേർ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. (elrs. Kerala.gov.in വെബ്പോർട്ടിലെ കണക്ക് പ്രകാരം)

(ബി&സി) എസ്.ബി.റ്റി, എസ്.ബി.ഐ ലയനശേഷം ബന്ധപ്പെട്ട എസ്.ബി.ഐ ശാഖ മുഖേന സർക്കാർ സഹായം ലഭ്യമാകുന്നതാണ്.

## ബാങ്കുകൾ അധിക തുക ഈടാക്കുന്നതിനെതിരെ നടപടി

64 (462) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ ബാങ്കുകൾ ഉപഭോക്താക്കളിൽനിന്നും ഓൺലൈൻ സേവനത്തിന്റെയും മിനിമം ബാലൻസ് ഇല്ലാത്തതിന്റെയും പേരിൽ തുക ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) ബാങ്കുകളിലെ ജീവനക്കാരുടെ അപര്യാപ്തതമൂലം സാധാരണക്കാരന് യഥാസമയം സേവനം ലഭ്യമാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തു നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൊതുമേഖലാ ബാങ്കുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നത് റിസർവ് ബാങ്കും ഭാരത സർക്കാരുമാണ്. അതുകൊണ്ട് ബാങ്കുകൾ അവരുടെ സേവനങ്ങൾക്ക് ഏകപക്ഷീയമായി ഏർപ്പെടുത്തുന്ന അമിതമായ ഫീസും പിഴയും ഒഴിവാക്കുന്നതിനോ കുറയ്ക്കുന്നതിനോ വേണ്ട നടപടി സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇത്തരം ഫീസുകളിലും ചാർജ്ജുകളിലും വരുത്തിയ വർദ്ധനവ് പിൻവലിക്കാനുള്ള നിർദ്ദേശം നൽകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ പരിധിയിൽ വരുന്ന കാര്യമല്ല. എങ്കിലും ബ്രാഞ്ചുകളുടേയും ജീവനക്കാരുടേയും എണ്ണം കുറയ്ക്കുക എന്ന നയം ബാങ്കുകൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ട്. ഇത് ബാങ്കിംഗ് സേവനങ്ങളെ ദോഷകരമായി ബാധിക്കുന്നുമുണ്ട്.

## എസ്.ബി.റ്റി/എസ്.ബി.ഐ ലയനം

65 (463) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി.ബാലകൃഷ്ണൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ബി.റ്റി./എസ്.ബി.ഐ. ലയനം സംസ്ഥാനത്തിന്റെ വികസന താത്പര്യത്തെ എപ്രകാരം ബാധിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രാദേശിക വികസന താല്പര്യങ്ങൾക്ക് മുൻഗണന നൽകിയിരുന്ന എസ്.ബി.ടി. ദേശീയ താല്പര്യങ്ങൾക്ക് മുൻഗണന കൊടുക്കുന്ന എസ്.ബി.ഐ.-യായി മാറിയതുമൂലം സംസ്ഥാനത്തിന് ഉണ്ടാകുന്ന പ്രശ്നങ്ങൾ നേരിടുവാനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) മിനിമം ബാലൻസ് ഇല്ലായെന്ന പേരിൽ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നവരുടെ അക്കൗണ്ടിൽ നിന്നുപോലും പിഴ ഈടാക്കുകയും പാവപ്പെട്ടവരുടെ താല്പര്യങ്ങൾക്ക് എതിരായി പ്രവർത്തിക്കുന്ന എസ്.ബി.ഐ.-യുടെ നടപടികൾക്കെതിരെ സർക്കാർ ഇടപെടലുകൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ ?

ഉത്തരം

(എ) 2017 ഏപ്രിൽ മാസം 1-ാം തീയതി മുതൽ പ്രാബല്യം നൽകിയാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ അടക്കമുള്ള 5 പൊതുമേഖലാ ബാങ്കുകളെ ഭാരതീയ സ്റ്റേറ്റ് ബാങ്കിൽ ലയിപ്പിക്കുവാൻ കേന്ദ്രസർക്കാർ ഉത്തരവിറക്കിയിരുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക വികസന മേഖലയിൽ ലയനം മൂലമുണ്ടായേക്കാവുന്ന മാറ്റങ്ങൾ വരുംദിനങ്ങളിൽ മാത്രമേ പ്രത്യക്ഷപ്പെട്ട് തുടങ്ങുകയുള്ളൂ. ആയതിനാൽ ഒരു വിലയിരുത്തലിന് സമയമായിട്ടില്ല. സംസ്ഥാന സർക്കാരിന്റെ വിവിധ വികസന-ക്ഷേമ പ്രവർത്തനങ്ങളോട് എസ്.ബി.റ്റി-ക്കുണ്ടായിരുന്ന വൈകാരികമായ അടുപ്പം ലയനശേഷം വേണ്ടത്ര പ്രകടമല്ല എന്നത് യാഥാർത്ഥ്യമാണ്.

(ബി) ബാങ്കുകളുടെ ലയനം നിമിത്തം സംസ്ഥാനത്തിന്റെ വികസന താല്പര്യങ്ങൾക്ക് ഉണ്ടാകാവുന്ന തിരിച്ചടികൾ പരിപൂർണ്ണമായും പരിഹരിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിയുകയില്ല. എന്നിരുന്നാലും ഒരു പരിധിവരെ മേൽപ്രശ്നം പരിഹരിക്കുന്നതിനായി സംസ്ഥാന താൽപ്പര്യങ്ങൾ സംരക്ഷിക്കാനുതകുന്ന തരത്തിൽ സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളെ കൂട്ടിയോജിപ്പിച്ച് ഒരു കേരള ബാങ്ക് എന്ന ലക്ഷ്യംവച്ചുകൊണ്ടുള്ള പ്രവർത്തനം മുന്നോട്ടുനീങ്ങുന്നുണ്ട്.

(സി) ഉണ്ട്. സാമൂഹ്യക്ഷേമ പെൻഷൻ ഗുണഭോക്താക്കൾക്ക് സീറോ ബാലൻസ് അക്കൗണ്ടുകൾ അനുവദിച്ചുനൽകണമെന്ന് സർക്കാർതലത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**കേന്ദ്ര സർക്കാരിൽ സമർപ്പിച്ച പദ്ധതികൾ**

66 (464) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ പ്രത്യേക സാമ്പത്തിക സഹായം അനുവദിച്ചുകിട്ടുന്നതിനായി കേന്ദ്ര സർക്കാരിൽ സമർപ്പിച്ച പദ്ധതികളുടെ വകുപ്പുതിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം പ്രൊപ്പോസലുകൾ കേന്ദ്ര സർക്കാർ പരിഗണിക്കുകയും സഹായം അനുവദിക്കുകയും ചെയ്യുകയുണ്ടായി; വകുപ്പ് തിരിച്ച് ലഭ്യമായ തുകയുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചുവരുന്നു.

**കേന്ദ്രാവിഷ്കൃത പദ്ധതികൾ**

67 (465) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പല വകുപ്പുകളിൽനിന്നും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിനിയോഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നത് കണക്കിലെടുത്ത് പ്രസ്തുത പദ്ധതികളുടെ കേന്ദ്രവിഹിതം യഥാസമയം ലഭ്യമാക്കാനും അവ സമയബന്ധിതമായി വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

കേന്ദ്ര ഗവൺമെന്റ് കേന്ദ്രാവിഷ്കൃത പദ്ധതി/കേന്ദ്ര പദ്ധതികൾക്കായി സംസ്ഥാനങ്ങൾക്ക് നൽകുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുന്നതിനായി ഒരു ഓൺ ലൈൻ സംവിധാനം (പി.എഫ്.എം.എസ്) സംസ്ഥാനങ്ങളിൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പിന്റെ മേൽനോട്ടത്തിൽ സംസ്ഥാനത്തും കേന്ദ്ര സർക്കാരിന്റെ പി.എഫ്.എം.എസ്. ഓൺലൈൻ സംവിധാനം ട്രഷറിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരികയാണ്. ഈ സംവിധാനത്തിലൂടെ കേന്ദ്ര പദ്ധതികൾ പ്രകാരം ലഭിക്കുന്ന ഫണ്ടും അവയുടെ വിനിയോഗവും നിരീക്ഷിക്കുവാൻ കഴിയുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് നിരീക്ഷിക്കുന്നതിനും

യഥാസമയം കേന്ദ്ര സർക്കാരിൽനിന്ന് ഫണ്ട് വാങ്ങിയെടുക്കുന്നതിനുമായി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ കോ-ഓർഡിനേഷൻ സെൽ രൂപീകരിച്ചിട്ടുണ്ട്. ഈ സെൽ വിവിധ വകുപ്പുകളുടെ യോഗങ്ങൾ വിളിച്ചുകൂട്ടുകയും കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ഫണ്ടുകളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കുകയും ഫണ്ട് കേന്ദ്രസർക്കാരിൽ നിന്ന് കാലതാമസം കൂടാതെ വാങ്ങിയെടുക്കുന്നതിനും കൂടുതൽ കേന്ദ്രസഹായം ലഭിക്കുന്നതിനുമുള്ള പദ്ധതികൾ കേന്ദ്രസർക്കാരിലേക്ക് അയച്ചു കൊടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുകയും ചെയ്തുവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രപദ്ധതി വിഹിതം പൂർണ്ണമായി ലഭ്യമാക്കുന്നതിനായി പദ്ധതികൾക്കുള്ള ഭരണാനുമതി നൽകുന്നതിനും സംസ്ഥാന വിഹിതം അനുവദിക്കുന്നതിനുമുള്ള നടപടികൾ ലഘൂകരിച്ചുകൊണ്ടും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് (കോ-ഓർഡിനേഷൻ സെൽ) പുറപ്പെടുവിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം നേടിയെടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിലെ നോഡൽ ഓഫീസർമാരുമായും മറ്റ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായും നിരന്തരം നടത്താറുള്ള അവലോകന യോഗങ്ങളിലെല്ലാം മുൻ വർഷങ്ങളിലെ വിനിയോഗ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചത് സംബന്ധിച്ചുള്ള നിജസ്ഥിതി പരിശോധിക്കുകയും കാലവിളംബം കൂടാതെ അവ സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ 2017-18-ലെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതം പരമാവധി നേടിയെടുക്കുന്നതിലേക്കായി തയ്യാറാക്കിയ കർമ്മ പദ്ധതിയിലെ ഇനം നമ്പർ- 5-ൽ ഓരോ വകുപ്പും 2017 സെപ്റ്റംബർ 30-നു മുൻപായി കേന്ദ്ര വിഹിതത്തിന്റെ ആദ്യ ഗഡു പൂർണ്ണമായും വിനിയോഗിച്ച് തീർക്കാനും ആയതിന്റെ വിനിയോഗ സാക്ഷ്യ പത്രം കേന്ദ്ര മന്ത്രാലയത്തിൽ ലഭ്യമാക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയിനത്തിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കുവാനുള്ള കേന്ദ്രവിഹിതം നേടിയെടുക്കുന്നത് സംബന്ധിച്ച് പ്രധാന വകുപ്പുകളായ പൊതു വിദ്യാഭ്യാസ വകുപ്പ്, ജല വിഭവ വകുപ്പ്, ആരോഗ്യവും കുടുംബ ക്ഷേമവും വകുപ്പ്, പട്ടികജാതി വികസന വകുപ്പ്, തദ്ദേശ സ്വയം ഭരണ വകുപ്പ്, കോ-ഓർഡിനേഷൻ സെൽ, അക്കൗണ്ടന്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ പ്രതിനിധികളുമായി ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി അവലോകന യോഗം നടത്തുകയുണ്ടായിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ വച്ച് റീ ഇംബേഴ്സ്മെന്റായി ലഭിക്കുവാനുള്ള തുക നേടിയെടുക്കുന്നതിലേക്കുള്ള നിർദ്ദേശങ്ങൾ വകുപ്പ് പ്രതിനിധികൾക്ക് നൽകിയിട്ടുണ്ട്.

## ശമ്പളയിനത്തിൽ ചെലവഴിക്കേണ്ടിവരുന്ന തുക

68 (466) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജീവനക്കാർക്കും അധ്യാപകർക്കുമായി 2017-18 വർഷത്തിൽ ശമ്പളയിനത്തിൽ എത്ര തുക ചെലവഴിക്കേണ്ടിവരുന്നുവെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇത് 2016-17 സാമ്പത്തികവർഷത്തേക്കാൾ എത്ര വർദ്ധനവുണ്ടാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തെ ജീവനക്കാർക്കും അധ്യാപകർക്കുമായി ശമ്പളയിനത്തിൽ 31909.91 കോടി രൂപ ചെലവഴിക്കേണ്ടിവരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) സംസ്ഥാനത്തെ ജീവനക്കാർക്കും അധ്യാപകർക്കുമായി ശമ്പളയിനത്തിൽ നടപ്പുസാമ്പത്തിക വർഷം വകയിരുത്തിയ തുക 2016-17 സാമ്പത്തിക വർഷത്തേക്കാൾ 15.02 ശതമാനം കൂടുതലാണ്.

## സാമ്പത്തിക പ്രതിസന്ധി

69 (467) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധി എപ്രകാരം നേരിടുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) സാമ്പത്തിക പ്രതിസന്ധിമൂലം വികസന പ്രവർത്തനങ്ങൾ സ്തംഭിക്കുവാൻ ഇടയായിട്ടുണ്ടോ;

(ഡി) ത്രിതല പഞ്ചായത്തുകളുടെ പദ്ധതി ചെലവ് സർക്കാർ നിശ്ചയിച്ച പ്രകാരം 2017 അവസാനത്തിൽ എത്ര ശതമാനം പൂർത്തിയാക്കേണ്ടതായിരുന്നു എന്നും എത്ര ശതമാനമാണ് പൂർത്തിയായതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കം സംസ്ഥാനത്തെയും ബാധിച്ചിട്ടുണ്ട്. ചരക്കുസേവന നികുതി നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിലുണ്ടായ ഏറ്റ കുറച്ചിലുകൾ സൃഷ്ടിച്ച ലിക്വിഡിറ്റി പ്രതിസന്ധി പരിഹരിക്കുന്നതിനായി പൊതു വിപണിയിൽ നിന്നുള്ള കടമെടുക്കലും, ആർ.ബി.ഐ.-യുടെ ഹ്രസ്വകാല ലിക്വിഡിറ്റി മാനേജ്മെന്റ് ഉപാധികളും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും നിർബന്ധിതമല്ലാത്ത ചെലവുകൾ വരവിനനുസൃതമായി മാറ്റിവച്ചുകൊണ്ടും അനാവശ്യ ചെലവുകൾ നിയന്ത്രിച്ചു കൊണ്ടും ധൂർത്ത് ഒഴിവാക്കിയുമുള്ള ബഹുമുഖ തന്ത്രമാണ് സർക്കാർ നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

(ബി) ധനസ്ഥിതി സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(സി) ഇല്ല. അക്കൗണ്ടന്റ് ജനറലിന്റെ താല്കാലിക കണക്കുകൾ പ്രകാരം 2017 നവംബർ 30 വരെയുള്ള കാലയളവിൽ പദ്ധതി ചെലവിൽ 20.35% ത്തിന്റെ വർദ്ധനവ് മുൻവർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് കൈവരിക്കുവാൻ സാധിച്ചിട്ടുണ്ട്.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ ചെലവഴിക്കാവുന്ന പദ്ധതി വിഹിതം മൊത്തം അടങ്കലിന്റെ 33% ആയി നിജപ്പെടുത്തിയിട്ടുണ്ട്. 2017 ഡിസംബർ 31 വരെ ത്രിതല പഞ്ചായത്തുകൾ തങ്ങളുടെ പദ്ധതി വിഹിതത്തിന്റെ 39.96% ചെലവഴിച്ചിട്ടുണ്ട്.

## സാമ്പത്തിക പ്രതിസന്ധി കാരണം ട്രഷറി നിയന്ത്രണം

70 (468) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പ്രതിസന്ധി കാരണം അടുത്തിടെ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിരുന്നോ; ഏതൊക്കെ ഇടപാടുകൾക്കാണ് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18-ൽ ഇതുവരെ ട്രഷറി വഴിയുള്ള വായ്പ വാങ്ങൽ ഉൾപ്പെടെ എത്ര കോടി രൂപ സംസ്ഥാനം വായ്പയെടുത്തു; അതിൽ കടപ്പത്രം വഴി സമാഹരിച്ചത് എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ;

(സി) വിവിധ വകുപ്പുകൾ ചെലവഴിക്കാതെ ട്രഷറി അക്കൗണ്ടിൽ സൂക്ഷിച്ചിരുന്ന തുകയിൽ എത്ര തുക സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് തിരിച്ചെടുക്കുകയുണ്ടായിയെന്ന് വെളിപ്പെടുത്താമോ;

(ഡി) കരാറുകാർക്ക് കൊടുത്തുതീർക്കുവാനുള്ളത് എത്ര കോടി രൂപയാണെന്ന് വ്യക്തമാക്കാമോ; ആയതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എന്നത്തേയ്ക്ക് പ്രസ്തുത നിയന്ത്രണങ്ങളിൽ ഇളവ് വരുത്തുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബഡ്ജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നും ഇല്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നു പോരുന്ന ഒരു നടപടിക്രമവുമാണ്. ചരക്കുസേവന നികുതി നടപ്പിലാക്കിയതിന്റെ തുടർച്ചയായി ഉടലെടുത്ത ലിക്വിഡിറ്റി പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ 2017 നവംബർ-ഡിസംബർ മാസങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽനിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ 2017 നവംബർ 30 വരെയുള്ള താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തിൽ പൊതുകടം (തനി) മുഖേന 12307.01 കോടി രൂപയും സ്മാൾ സേവിംഗ്സ്, പ്രോവിഡന്റ് ഫണ്ട് മറ്റ് സേവിംഗ്സ് സ്കീം (തനി) മുതലായ ഇനങ്ങളിലായി 8939.30 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്. ടി കാലയളവിൽ കടപ്പത്രം മുഖേന 16,000 കോടി രൂപ സമാഹരിച്ചിട്ടുണ്ട്. ട്രഷറി മുഖാന്തരം സർക്കാർ വായ്പ എടുക്കാറില്ല. എന്നാൽ ക്ഷേമനിധി ബോർഡുകൾ, കെ.എസ്.എഫ്.ഇ. പോലുള്ള സ്ഥാപനങ്ങൾ, വ്യക്തികൾ തുടങ്ങിയവരിൽ നിന്നും ട്രഷറിയിലൂടെ സ്ഥിരനിക്ഷേപം സമാഹരിക്കാറുണ്ട്.

(സി) വിവിധ വകുപ്പുകളും സ്ഥാപനങ്ങളും പദ്ധതി പ്രവർത്തനത്തിനുള്ള പണം സഞ്ചിതനിധിയിൽ നിന്നും മാറ്റി എസ്.റ്റി.എസ്.ബി അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന രീതി കാലങ്ങളായി തുടരുന്നുണ്ട്. ഇങ്ങനെ എസ്.റ്റി.എസ്.ബി. അക്കൗണ്ടുകളിൽ നിക്ഷേപിക്കപ്പെട്ട തുക അനുവദനീയ വായ്പാ പരിധിയിൽപ്പെടുമെന്നും, അതുകൂടി കണക്കാക്കുമ്പോൾ 2016-17-ൽ വായ്പാ പരിധി 18,524 കോടി രൂപയിൽ അധികരിച്ചെന്നുമുള്ള നിലപാട് കേന്ദ്ര സർക്കാർ സ്വീകരിച്ചു. തന്മൂലം 2017-18-ന്റെ അവസാനപാദ വായ്പയായ 6,100 കോടി രൂപ വിപണിയിൽനിന്നും കടമെടുക്കാൻ അനുവദിക്കില്ല എന്നും കേന്ദ്രസർക്കാർ നിലപാടെടുത്തു. നടാടെയാണ് കേന്ദ്ര സർക്കാർ ഇത്തരമൊരു സമീപനം സ്വീകരിക്കുന്നത്. ഈ ബുദ്ധിമുട്ട് മറികടക്കുന്നതിന് 14-12-17-ലെ സ.ഉ.(പി) നമ്പർ 156/2017/ധന പ്രകാരം സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടുകളിൽ ചെലവഴിക്കാതെ സൂക്ഷിച്ചിരുന്ന 5,630 കോടി രൂപ തിരിച്ചു ക്രമീകരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) നടപ്പ് സാമ്പത്തിക വർഷത്തിൽ കോൺട്രാക്ടർമാരുടെ ബിൽ കുടിശ്ശിക തീർക്കുന്നതിനായി മാത്രം 2470.91 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 608.92 കോടി രൂപ കരാറുകാർക്ക് നൽകുവാനുണ്ട്. ബില്ലുകൾ മാറുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുക അനുവദിച്ചുവരുന്നു. സ്റ്റേറ്റ് സീനിയോറിറ്റി പ്രകാരം 2017 സെപ്തംബർ വരെയുള്ള ബില്ലുകളുടെ വിശദാംശങ്ങൾ/ പ്രൊപ്പോസൽ സെക്ഷനിൽ ലഭ്യമായിട്ടുണ്ട്. മേയ് 2017 വരെയുള്ള ബില്ലുകൾക്ക് സ്റ്റേറ്റ് സീനിയോറിറ്റി പ്രകാരം ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. അവശേഷിക്കുന്ന കുടിശ്ശികയും മുൻഗണനാക്രമത്തിൽത്തന്നെ അനുവദിക്കുന്നതാണ്.

## കരാറുകാർക്ക് സർക്കാർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക

71(469) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇറിഗേഷൻ, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് സർക്കാർ കൊടുത്തുതീർക്കാനുള്ള കുടിശ്ശിക ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് എത്രയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ കുടിശ്ശികകൾ കൊടുത്തു തീർക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇറിഗേഷൻ, പി.ഡബ്ല്യു.ഡി തുടങ്ങിയ വകുപ്പുകളിലെ കരാറുകാർക്ക് കൊടുത്തു തീർക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വകുപ്പ് | കുടിശ്ശിക തുക (കോടിയിൽ) |
|---|---|
| പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പ് | 287.84 |
| പൊതുമരാമത്ത് (കെട്ടിടം) വകുപ്പ് | 239.86 |
| ജലവിഭവ വകുപ്പ് | 81.22 |
| ആകെ | 608.92 |

(ബി) ജൂലൈ 2017 വരെ കുടിശ്ശികയായിട്ടുള്ള ബില്ലുകൾ 23-4-2018-ഓടു കൂടി കൊടുത്തു തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പ്രസ്തുത കാലയളവിലെ ബില്ലുകൾക്ക് ബി.ഡി.എസ് സൗകര്യം ലഭ്യമാണ്.

## സംസ്ഥാനത്തിന്റെ ധനസ്ഥിതി

72 (470) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതി വളരെ മോശമാണെന്ന വാർത്തകളുടെ നിജസ്ഥിതി വെളിപ്പെടുത്താമോ;

(ബി) ഈ സാമ്പത്തിക വർഷം പദ്ധതി ചെലവുകൾ വെട്ടിച്ചുരുക്കിയിട്ടുണ്ടോ;

(സി) 2017 ഡിസംബർ 31 വരെ പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനമാണ് ഓരോ വകുപ്പുകളും ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ധനസ്ഥിതി മോശമാകുന്നതിന് എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ; സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റിനുണ്ടായ വീഴ്ചകൾ അന്വേഷിക്കുന്നതിനും പരിഹാരം തേടുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര തുക കടമെടുത്തുവെന്ന് വ്യക്തമാക്കാമോ;

(എഫ്) കേരളീയരുടെ ആളോഹരി കടം നിലവിൽ എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നോട്ട് നിരോധനത്തെ തുടർന്നുണ്ടായിട്ടുള്ള സാമ്പത്തിക അനിശ്ചിതാവസ്ഥയും ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം സംസ്ഥാന നികുതി വരുമാനത്തിലുണ്ടായ കുത്തനെയുള്ള ഇടിവും റവന്യൂ ചെലവിലുണ്ടായ ക്രമാതീതമായ വർദ്ധനവും സാമ്പത്തിക ഞെരുക്കത്തിന് കാരണമായിട്ടുണ്ട്. പതിവിന് വിഭിന്നമായി പബ്ലിക് അക്കൗണ്ടു കൂടി അനുവദനീയ കടമെടുപ്പ് പരിധിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ നടപ്പ് സാമ്പത്തിക വർഷത്തിലെ കടമെടുപ്പ് പരിധിയിൽ കുറവു വരുത്തുന്നതിനുള്ള കേന്ദ്ര സർക്കാരിന്റെ തീരുമാനം താൽക്കാലിക പ്രതിസന്ധി സൃഷ്ടിച്ചിരുന്നു. എന്നാൽ ഇത് പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ഇതുവരെ പദ്ധതി ചെലവുകൾ വെട്ടിച്ചുരുക്കിയിട്ടില്ല.

(സി) 2017 ഡിസംബർ 31 വരെ ഓരോ വകുപ്പുകളും ചെലവഴിച്ചിട്ടുള്ള പദ്ധതി വിഹിതത്തിന്റെ കണക്കുകൾ അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു.*

(ഡി) 'എ' പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

(ഇ) 1-4-2016 മുതൽ 30-11-2017 വരെയുള്ള കാലയളവിൽ 50329.85 കോടി രൂപയാണ് കടം (തനി) എടുത്തിട്ടുള്ളത്.

(എഫ്) 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ ആളോഹരി കടബാധ്യത 54324.73 രൂപയാണ്. നിലവിലെ ആളോഹരി കടം സംബന്ധിച്ച കണക്കുകൾ ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കിഫ്ബി മുഖേന പ്രഖ്യാപിച്ച പദ്ധതികൾ

73(471) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച പദ്ധതികളിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുണ്ട്;

(ബി) ഭരണാനുമതി ലഭിച്ച പദ്ധതികളിൽ എത്ര പദ്ധതികൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ പ്രഖ്യാപിച്ച മങ്കട നിയോജക മണ്ഡലത്തിലെ എത്ര പ്രവൃത്തികൾക്ക് കിഫ്ബി മുഖേന ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്; ഇല്ലെങ്കിൽ ഈ കാലയളവിൽ കിഫ്ബി മുഖേന നടപ്പിലാക്കുവാൻ പ്രഖ്യാപിച്ച പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ കിഫ്ബി മുഖേന പ്രഖ്യാപിച്ച പദ്ധതികളിൽ 278 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാരം നൽകുന്ന പദ്ധതികളുടെ പ്രവൃത്തി പൂർത്തീകരിക്കുന്നതിനനുസരിച്ചാണ് ഫണ്ടിംഗ് നൽകുന്നത്.

(ബി&സി) കിഫ് ബോർഡ് നാളിതുവരെ അനുവദിച്ച ഫണ്ടിന്റെ വിശദാംശങ്ങൾ അനുബന്ധം (എ)* ആയി ചേർക്കുന്നു. 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ മങ്കടയിലെ മക്കരപ്പറമ്പ് സ്കൂളിനും അനുമതി നൽകിയിട്ടുണ്ട്. ബജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ ബന്ധപ്പെട്ട എസ്.പി.വി. വിശദ പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുമ്പോൾ വിശദ പരിശോധന നടത്തിയാണ് അംഗീകാരം നൽകുന്നത്. പ്രഖ്യാപിക്കപ്പെട്ട പദ്ധതികൾക്കെല്ലാം ഈ നടപടിക്രമം വഴി അനുവാദം നൽകുന്നതാണ്. വിശദമായ വിവരം അനുബന്ധം (ബി) ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാന പദ്ധതി അടങ്കൽ

74 (472) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കൽ എത്ര കോടി രൂപ വീതമായിരുന്നുവെന്നും ഇതിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ളത് എത്ര കോടി ആയിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) 2016-17-ലെ പദ്ധതിച്ചെലവ് എ.ജി.യുടെ കണക്കനുസരിച്ച് എത്ര കോടി ആയിരുന്നുവെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ പദ്ധതിച്ചെലവ് എത്രയായിരുന്നുവെന്നും അറിയിക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 എന്നീ സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാന പദ്ധതി അടങ്കൽ തുക യഥാക്രമം 24,000 കോടിയും, 26,500 കോടി രൂപയുമാണ്. ഇതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് യഥാക്രമം 5500 കോടിയും 6227.50 കോടിയും വകയിരുത്തിയിട്ടുണ്ട്.

(ബി) അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്ക് അനുസരിച്ച് 2016-17-ലെ പദ്ധതിച്ചെലവ് 19630.24 കോടി രൂപയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ യഥാർത്ഥ പദ്ധതിച്ചെലവ് 3844.75 കോടി രൂപയാണ്.

## സർക്കാർ വകുപ്പുകൾക്കായി വാഹനം വാങ്ങൽ

75 (473) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാരിലേയ്ക്ക് വാഹനം വാങ്ങുന്നതിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ട്; വർഷംതിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഏതൊക്കെ വകുപ്പുകൾക്കാണ് വാഹനം വാങ്ങാൻ പണം അനുവദിച്ചിട്ടുള്ളതെന്നും ഏതൊക്കെ വാഹനങ്ങൾ വാങ്ങുന്നതിനാണ് പണം അനുവദിച്ചതെന്നും വിശദമാക്കുമോ;

(സി) ക്യാബിനറ്റ് റാങ്കിലുള്ള മന്ത്രിമാർക്കും പ്രതിപക്ഷ നേതാവിനും മറ്റും പുതിയ വാഹനം വാങ്ങാൻ തുകയനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് തുക യനുവദിച്ചതെന്നും എത്ര കോടി രൂപയാണ് അനുവദിച്ചതെന്നും ആർക്കൊക്കെയാണ് അനുവദിച്ചതെന്നും പ്രത്യേകം ഇനംതിരിച്ച് വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ലഭ്യമായ വകുപ്പുതല കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം സർക്കാരിലേക്ക് വാഹനം വാങ്ങുന്നതിനായി 4.96 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം വാഹനം വാങ്ങുന്നതിനായി 2.51 കോടി രൂപ നോൺ പ്ലാൻ ഇനത്തിൽ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രോജക്റ്റുകളുടെ ഭാഗമായി പ്ലാൻ ഇനത്തിൽ നിന്നും തുക ചെലവഴിച്ച് വാങ്ങുന്ന വാഹനങ്ങളുടെ വിവരം ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നില്ല.

(ബി) ഇതു സംബന്ധിച്ച വിശദാംശങ്ങൾ ധനകാര്യ വകുപ്പിൽ സൂക്ഷിക്കുന്നില്ല.

(സി) VVIP കളുടേയും മന്ത്രിമാരുടേയും ഉപയോഗത്തിനായി വാഹനങ്ങൾ നൽകി വരുന്ന ടൂറിസം വകുപ്പിന്റെകീഴിലുള്ള പഴക്കംചെന്നതും അറ്റകുറ്റപ്പണികൾ നടത്തി ഉപയോഗിക്കാനാവാത്തതുമായ 35 വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി തുക അനുവദിക്കണം എന്ന ശിപാർശ ധനകാര്യ വകുപ്പ് പരിശോധിച്ച് ആയതിലേക്കായി 678 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇത് പൂർണ്ണമായും ചെലവഴിച്ചിട്ടില്ല.

**കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയ വർക്കുകൾ**

76(474) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയ എത്ര വർക്കുകൾ പൂർണമായി പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ ;

(ബി) നേമം നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ബജറ്റിൽ ഏതൊക്കെ പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത് ; അതിൽ എത്ര പ്രവൃത്തികൾ ആരംഭിച്ചു ; എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചു ; വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ;

(സി) നേമം നിയോജക മണ്ഡലത്തിൽനിന്നും കിഫ്ബിയിൽ ഏതൊക്കെ പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട് ; പ്രസ്തുത പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികളിൽ പൊതുമരാമത്ത് (നിരത്തുകളും, പാലങ്ങളും) വിഭാഗത്തിനുകീഴിൽ 33 പ്രവൃത്തികളും, പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൻകീഴിൽ 687 പ്രവൃത്തികളും, ദേശീയപാത വിഭാഗത്തിനു കീഴിൽ 47 പ്രവൃത്തികളും, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനുകീഴിൽ 1 പ്രവൃത്തിയും, വനം വകുപ്പിനുകീഴിൽ 237 പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) നേമം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് നിരത്തു വിഭാഗത്തിനു കീഴിൽ 5 പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് |
|---|---|
| 1 | കിള്ളി ആറിന് കുറുകെ<br>കല്ലടിമുഖം പാലത്തിന്റെ നിർമ്മാണം - 500 ലക്ഷം |
| 2 | കരുമം പള്ളത്തുകടവിൽ കരമന നദിക്കു കുറുകെ പാലം നിർമ്മാണം - 850 ലക്ഷം |
| 3 | ആറ്റുകാൽ പാലത്തിന്റെ വലതുഭാഗത്തുള്ള അപ്രോച്ച് റോഡ് ദീർഘിപ്പിക്കൽ - 100 ലക്ഷം |
| 4 | കരമന നദിക്ക് കുറുകെ മുടവൻമുഗളിൽ പാലം നിർമ്മാണം |
| 5 | കോവളം വെള്ളാർ റോഡിൽ കി.മീ. 0/000 മുതൽ 1/000 വരെ ബി.എം.ബി.സി പ്രവൃത്തികൾ - 150 ലക്ഷം |

ഇതിൽ 1 മുതൽ 4 വരെയുള്ള പ്രവൃത്തികൾക്ക് സ്ഥലം ഏറ്റെടുക്കൽ നടപടി നടന്നുവരുന്നതിനാൽ ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. അഞ്ചാമത്തെ പ്രവൃത്തിയുടെ സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്. പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ ഹോമിയോപ്പതി ഡയറക്ടറേറ്റിന് വേണ്ടിയുള്ള കെട്ടിട നിർമ്മാണം ആരംഭിക്കുകയും, തിരുവനന്തപുരം ഹോമിയോ കോളേജിന് നഴ്സിംഗ്/ഫാർമസി കോളേജ് ആരംഭിക്കൽ, ചുറ്റുമതിൽ നിർമ്മാണം, ഹോസ്റ്റൽ നിർമ്മാണം, ഹെർബൽ ഗാർഡൻ നിർമ്മാണം, കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള വികസന ജോലികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. കൂടാതെ ചീഫ് എഞ്ചിനീയർ (ജലസേചനവും, ഭരണവും) മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ നേമം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട കൈതകുളത്തിന് ഹരിത കേരളം പദ്ധതിയിലു ൾപ്പെടുത്തി ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ നേമം നിയോജകമണ്ഡലത്തിൽ കരമന കളിയിക്കാവിള നാലുവരിപ്പാത നിർമ്മാണം ഫേസ് 1 റീച്ച് 1 കരമന മുതൽ പ്രവച്ചമ്പലം വരെയുള്ള പ്രവൃത്തി പൂർത്തീകരിച്ചു.

(സി) കിഫ്ബി മുഖേന പ്രഖ്യാപിച്ചിട്ടുള്ള പ്രവൃത്തികളിൽ നേമം നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന മണക്കാട്- ആറ്റുകാൽ ടെമ്പിൾ റോഡ്, കരമന-നെടുങ്കാട്-കാലടി റോഡ് എന്നിവയും, കാലടി ഗവ.എച്ച്.എസ്-നെ മികവിന്റെ കേന്ദ്രമായി ഉയർത്തലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കാലടി ഗവ. എച്ച്.എസ്-ന്റെ പ്രവർത്തനങ്ങൾക്ക് 12-10-2017-ൽ നടപടിക്രമം പുറപ്പെടുവിച്ചിട്ടുണ്ട്. മറ്റ് രണ്ടു പ്രവൃത്തികളും ആരംഭിച്ചിട്ടില്ല. ബന്ധപ്പെട്ട എസ്.പി.വി-യിൽ നിന്ന് ഡി.പി.ആർ ലഭിച്ച് വിശദ പരിശോധന നടത്തി കിഫ്ബി അംഗീകാരം നൽകുന്നതാണ്.

## ബജറ്റിൽ പ്രഖ്യാപിച്ച റോഡുകളും പാലങ്ങളും

77 (475) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-2017-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ 1475 കോടി രൂപയുടെ 68 പാലങ്ങളും 2800 കോടി രൂപയുടെ 137 റോഡുകളും 2017-2018 ലെ ബജറ്റ് പ്രസംഗത്തിൽ 5628 കോടി രൂപയുടെ 182 റോഡുകളും 2557 കോടി രൂപയുടെ 69 ബ്രിഡ്ജുകളും ഫ്ലൈഓവറുകളും നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നതിൽ പൂർത്തീകരിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രവൃത്തി ആരംഭിക്കുകയോ പൂർത്തികരിക്കുകയോ ചെയ്തിട്ടില്ലെങ്കിൽ ഭരണാനുമതി ലഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്നും ഇനി എപ്പോൾ ഭരണാനുമതി ലഭ്യമാകുമെന്നും വ്യക്തമാക്കാമോ;

(ഡി) 2016-2017-ലെയും 2017-2018-ലെയും ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചത് കൂടാതെ ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസ്തുത വർഷങ്ങളിലെ ബജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച റോഡുകളും പാലങ്ങളും ഏതാണെന്നും അവയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) 2016-17-ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 76 റോഡുകളുടെ പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് G.O.(Rt) No.1192/2016/ PWD, Dated 20-8-2016 പ്രകാരം 1271 കോടി രൂപയുടെയും, കൂടാതെ 58 റോഡുകളുടെ പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് G.O. (Rt)No. 1502/2016/PWD, Dated 1-11-2016 പ്രകാരം 1330 കോടി രൂപയുടെയും, 65 പാലങ്ങൾക്ക് സർക്കാർ ഉത്തരവ്

G.O. (Rt) No. 1496/2016/PWD, Dated. 31-10-2016 പ്രകാരം 1325 കോടി രൂപയുടെയും പ്രവൃത്തികൾക്ക് കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കി പ്രാവർത്തിക മാക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു. *2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 182 റോഡുകളുടെ പ്രവൃത്തികളിൽ 180 റോഡുകളുടെ പ്രവൃത്തികൾക്ക് സർക്കാർ ഉത്തരവ് G.O.(Rt) No.942/2017/PWD, Dated 10-7-2017 പ്രകാരം 5583 കോടി രൂപയുടെയും 69 പാലങ്ങൾക്കും ഫ്ളൈ ഓവറുകൾക്കുമായി 2345 കോടി രൂപയും അനുവദിച്ച് ടി പ്രവൃത്തികൾ കിഫ്ബി മുഖേന പ്രാവർത്തികമാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. (ഇതിന്റെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു.)*

(സി) 2016-17 -ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 137 റോഡുകളുടെ പ്രവൃത്തികളിൽ 136 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിൽ രണ്ട് റിംഗ് റോഡുകൾ എന്ന പ്രവൃത്തിയുടെ സാധ്യതാ പഠന റിപ്പോർട്ട് സമർപ്പിക്കാത്തതിനാൽ ഭരണാനുമതി ലഭിച്ചിട്ടില്ല. 2016-17 -ലെ പുതുക്കിയ ബജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ച 68 പാലങ്ങളിൽ പെരുമ്പളം- പാണാവള്ളി പാലം കുട്ടംവാതുക്കൽ കടവ് പാലം എന്നിവ പ്രായോഗികമല്ലാത്തതിനാൽ അവയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടില്ല. കൂടാതെ 68 പാലങ്ങളുടെ പ്രവൃത്തി പ്രഖ്യാപിച്ചി രുന്നെങ്കിലും പട്ടികയിൽ 67 എണ്ണം മാത്രമാണ് ഉണ്ടായിരുന്നത്. ആയതിനാൽ 68 പാലങ്ങളുടെ പ്രവൃത്തികളിൽ 65 എണ്ണത്തിന്റെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2017-18-ലെ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ചിരുന്നതും ഖണ്ഡിക 156-ൽ ക്രമനമ്പർ 162-ലും 175-ലും പുതുവൽ മങ്ങാട് റോഡ് എന്ന പ്രവൃത്തി ആവർത്തിച്ചു വന്നതിനാൽ ക്രമ നമ്പർ 162 പ്രകാരമുള്ളത് ഒഴിവാക്കുകയും കൂടാതെ ക്രമനമ്പർ 113 കാരേറ്റ് കല്ലമ്പലം റോഡ് എന്ന പ്രവൃത്തിക്കു പകരമായി പുളിമാത്ത്, നഗരൂർ, കരവാരം വില്ലേജുകളിലെ കുടിവെള്ള പദ്ധതി ഉൾകൊള്ളിച്ചു. ആയതിനാൽ ബഡ്ജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ചിരുന്ന 182 റോഡുകൾക്കു പകരം 180 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2017-18 ബജറ്റ് സ്പീച്ചിൽ പ്രഖ്യാപിച്ചിരുന്ന 69 പാലങ്ങളും, ഫ്ലൈ ഓവറുകളിൽ ഖണ്ഡിക 157-ലെ ക്രമനമ്പർ 34, 48 എന്നിവ പ്രകാരമുള്ള കുണ്ടന്നൂർ ഫ്ലൈ ഓവർ വൈറ്റില ഫ്ലൈ ഓവർ എന്നിവയ്ക്ക് സർക്കാർ ഉത്തരവ് G.O (Rt) No. 596/2017/PWD, Dated 4-5-2017, G.O.(Rt) No.616/2017/PWD, dated 10-5-2017 ബാക്കിയുള്ള പ്രവൃത്തികൾക്ക് GO. (Rt) No.942/2017/PWD, Dated 10-7-2017 കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കി പ്രവൃത്തി നടപ്പാക്കുന്നതിനായി ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 2016-17-ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച 10 പാലങ്ങൾക്ക് 31-10-2016-ലെ സ.ഉ (സാധ) നമ്പർ 1496/2016/ പി.ഡബ്ള്യൂ.ഡി പ്രകാരം 110 കോടി രൂപയുടെയും കൂടാതെ 1-11-2016-ലെ സ.ഉ.(സാധ) നമ്പർ 1502/2016/പി.ഡബ്ല്യൂ.ഡി. സർക്കാർ ഉത്തരവ് പ്രകാരം 42 പ്രവൃത്തികൾക്ക് 685.00 കോടി രൂപയുടെയും പ്രവൃത്തികൾ കിഫ്ബി വഴി ഫണ്ട് ലഭ്യമാക്കി പ്രാവർത്തികമാക്കുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്. (ഇതിന്റെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു. 2017-18 ബജറ്റ് മറുപടി പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ഉള്ളടക്കം ചെയ്യുന്നു).* ഇതിൽ പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്ന 40 പ്രവൃത്തികളിൽ 18 പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഭരണാനുമതി ലഭ്യമാക്കുന്നതിനായി സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടെന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിരിക്കുന്നു. ഇതിൽ അമ്പലപ്പുഴ-ചിറക്കോട്-കണിപ്പാറ-എസ്.എൻ.കവല എന്ന ഒരു പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തപ്പെട്ട തുക**

78(476) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തപ്പെട്ട തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ സാമ്പത്തിക വർഷവും പഞ്ചായത്തുകൾ, ബ്ലോക്കുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ വഴി ചെലവഴിക്കാൻ ബജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു;

(സി) പദ്ധതി നിർവ്വഹണം നടന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽമാത്രം ഇവ ഓരോന്നുംവഴി ചെലവഴിച്ച തുക എത്ര വീതം എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ബജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തുക കോടിയിൽ

| നമ്പർ | ഇനം | ബജറ്റ് വിഹിതം | ചെലവഴിക്കപ്പെട്ട തുക |
|---|---|---|---|
| 1 | വികസന ഫണ്ട് | 5654.81 | 3971.97 |
| 2 | സംരക്ഷണ ഫണ്ട് | 1937.79 | വിവരം ശേഖരിച്ച് വരുന്നു |
| 3 | പൊതു ആവശ്യ ഫണ്ട് | 1233.14 | വിവരം ശേഖരിച്ച് വരുന്നു |

2017-18-ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി ബജറ്റിൽ വകയിരുത്തപ്പെട്ട തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

| നമ്പർ | ഇനം | ബജറ്റ് വിഹിതം | ചെലവഴിക്കപ്പെട്ട തുക (2017 ഡിസംബർ വരെ) |
|---|---|---|---|
| 1 | വികസന ഫണ്ട് | 6227.50 | 2384.26 |
| 2 | സംരക്ഷണ ഫണ്ട് | 2183.45 | വിവരം ശേഖരിച്ച് വരുന്നു |
| 3 | പൊതു ആവശ്യ ഫണ്ട് | 1364.66 | വിവരം ശേഖരിച്ച് വരുന്നു |

(ബി) 2016-17 -ൽ പഞ്ചായത്തുകൾ, ബ്ലോക്കുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവവഴി ചെലവഴിക്കാൻ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

| പ്രാദേശിക സർക്കാർ | വികസന ഫണ്ട് | സംരക്ഷണ ഫണ്ട് | പൊതു ആവശ്യ ഫണ്ട് |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 2925.49 | 1065.01 | 828.18 |
| ബ്ലോക്ക് പഞ്ചായത്ത് | 658.59 | 69.59 | 50.22 |
| ജില്ലാ പഞ്ചായത്ത് | 658.59 | 406.70 | 35.30 |
| മുനിസിപ്പാലിറ്റി | 824.42 | 236.32 | 149.05 |
| മുനിസിപ്പൽ കോർപ്പറേഷൻ | 587.71 | 160.17 | 170.39 |

2017-18-ൽ പഞ്ചായത്തുകൾ, ബ്ലോക്കുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവ വഴി ചെലവഴിക്കാൻ ബജറ്റിൽ വകയിരുത്തപ്പെട്ട തുക ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| പ്രാദേശിക സർക്കാർ | വികസന ഫണ്ട് | സംരക്ഷണ ഫണ്ട് | പൊതു ആവശ്യ ഫണ്ട് |
|---|---|---|---|
| ഗ്രാമ പഞ്ചായത്ത് | 3092.23 | 1239.24 | 917.84 |
| ബ്ലോക്ക് പഞ്ചായത്ത് | 792.50 | 70.58 | 54.44 |
| ജില്ലാ പഞ്ചായത്ത് | 792.50 | 464.08 | 38.28 |
| മുനിസിപ്പാലിറ്റി | 876.34 | 240.40 | 169.36 |
| മുനിസിപ്പൽ കോർപ്പറേഷൻ | 673.93 | 169.15 | 184.74 |

(സി) 2016-17-ൽ പദ്ധതി നിർവ്വഹണം നടന്നതിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുക ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

| പ്രാദേശിക സർക്കാർ | വികസന ഫണ്ട് |
|---|---|
| ഗ്രാമ പഞ്ചായത്ത് | 2100.56 |
| ബ്ലോക്ക് പഞ്ചായത്ത് | 470.19 |
| ജില്ലാ പഞ്ചായത്ത് | 467.04 |
| മുനിസിപ്പാലിറ്റി | 560.84 |
| മുനിസിപ്പൽ കോർപ്പറേഷൻ | 373.35 |

2017-18-ൽ പദ്ധതി നിർവ്വഹണം നടന്നതിന്റെ അടിസ്ഥാനത്തിൽ വികസന ഫണ്ടിനത്തിൽ ചെലവഴിച്ച തുക (31-12-2017 വരെയുള്ളത്) ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

| പ്രാദേശിക സർക്കാർ | വികസന ഫണ്ട് |
|---|---|
| ഗ്രാമ പഞ്ചായത്ത് | 1365.21 |
| ബ്ലോക്ക് പഞ്ചായത്ത് | 322.91 |
| ജില്ലാ പഞ്ചായത്ത് | 171.17 |
| മുനിസിപ്പാലിറ്റി | 329.12 |
| മുനിസിപ്പൽ കോർപ്പറേഷൻ | 195.85 |

സംരക്ഷണ ഫണ്ട്, പൊതുആവശ്യ ഫണ്ട് എന്നീ ഇനങ്ങളിലുള്ള ചെലവ് സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു

## 2017-18 -ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ

79(477) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 ലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പുതുതായി പ്രഖ്യാപിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ നാളിതുവരെ ഭരണാനുമതി നൽകിയിട്ടില്ലാത്ത പദ്ധതികൾ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(സി) ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ പദ്ധതികൾ എത്രയെന്ന് വിശദമാക്കാമോ;

(ഡി) ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുകയും നിർവ്വഹണം ആരംഭിക്കാതിരിക്കുകയും ചെയ്ത പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിൽ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി

80(478) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പുതുതായി ആരംഭിച്ച വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിലേക്ക് പ്രിൻസിപ്പൽ, അദ്ധ്യാപകർ, അനദ്ധ്യാപകർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

പുതുതായി ആരംഭിച്ച വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിലേക്ക് താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിന് ധനവകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

അദ്ധ്യാപക തസ്തികകൾ

| | | |
|---|---|---|
| കോമേഴ്സ് | - | 2 |
| മാത്തമാറ്റിക്സ് | - | 2 |

അനദ്ധ്യാപക തസ്തികകൾ

| | | |
|---|---|---|
| സീനിയർ സൂപ്രണ്ട് | - | 1 |
| ഹെഡ് അക്കൗണ്ടന്റ് | - | 1 |
| ക്ലാർക്ക് | - | 2 |
| ലൈബ്രേറിയൻ ഗ്രേഡ് IV | - | 1 |

വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജിൽ അനദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്ന വിഷയം ഉന്നത വിദ്യാഭ്യാസവകുപ്പ് മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. അദ്ധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവാകുകയും ടി നടപടികൾ പുരോഗമിക്കുകയുമാണ്.

**സർക്കാർ വാഹനങ്ങൾ**

81 (479) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ധനകാര്യ വകുപ്പിൽ നിന്നും ഫണ്ട് അനുവദിച്ച് വാങ്ങിയ എത്ര വാഹനങ്ങൾ ഉണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) വകുപ്പ് തിരിച്ച്, ജില്ലാ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ എണ്ണം വിശദമാക്കുമോ;

(സി) 2011 മുതൽ നാളിതുവരെ, സംസ്ഥാനത്ത് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, വിവിധ യൂണിവേഴ്സിറ്റികൾ എന്നിങ്ങനെ വിവിധ സ്ഥാപനങ്ങളിൽ വാഹനം വാടകയ്ക്ക് എടുത്ത് ഓടിക്കുന്ന വകയിൽ ഓരോ വർഷവും ധനകാര്യവകുപ്പ് എത്ര കോടി രൂപ ചെലവഴിക്കുന്നുണ്ടെന്ന് വിശദമാക്കുമോ;

(ഡി) വാടകയ്ക്ക് വാഹനങ്ങൾ എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിശദമായ വിവരം വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## ജി.എസ്.ടി-യിൽ നിന്ന് കേരളത്തിന് പ്രതീക്ഷിച്ചത്ര വരുമാനം ഉണ്ടാകാതിരുന്നതിന്റെ കാരണം

82 (480) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. സമ്പ്രദായം നടപ്പിലായതിനുശേഷം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ;

(ബി) ജി.എസ്.ടി സമ്പ്രദായം നടപ്പിലാക്കിയ കേന്ദ്രസർക്കാർ ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ നടത്തിയില്ല എന്നത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിച്ചിട്ടുണ്ടോ ;

(സി) ജി.എസ്.ടി.-യിൽനിന്ന് കേരളത്തിന് പ്രതീക്ഷിച്ചത്ര വരുമാനം ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല.

(ബി&സി) ജി.എസ്.ടി പൂർണ്ണമായും ഓൺലൈൻ സംവിധാനമാണ്. ജി.എസ്.ടി സോഫ്റ്റ്‌വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചു. ചരക്ക് സേവന നികുതി നിയമപ്രകാരം അന്തർ സംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മ പരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ, ജി.എസ്.ടി.എൻ, പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

## ജി.എസ്.ടി. നടപ്പാക്കിയതിലെ അപാകത പരിഹരിക്കാൻ നടപടി

83(481) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവായിരം കോടി രൂപയുടെ അധികവരുമാനം ജി. എസ്.ടി വഴി സംസ്ഥാനം പ്രതീക്ഷിച്ചെങ്കിലും വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇ-വേ ബിൽ സമ്പ്രദായം നടപ്പാക്കാതെ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയത് നിർബാധമുള്ള കള്ളക്കടത്തിനും നികുതി വെട്ടിപ്പിനും കാരണമാക്കിയതായി കരുതുന്നുണ്ടോ;

(സി) എം.ആർ.പി.-ക്ക പുറമെ ജി. എസ്. ടി നിരക്കുകൂടി ജനങ്ങളിൽനിന്ന് ഈടാക്കി കുത്തക കമ്പനികൾ ലാഭം കൊയ്യുമ്പോഴും സർക്കാർ ഖജനാവ് കാലിയാകുന്നതിന്റെ കാരണമെന്ത്;

(ഡി) ജി. എസ്. ടി. നടപ്പാക്കിയതിലെ വൈകല്യമാണ് ഉദ്ദേശിച്ച ഫലം ലഭിക്കാതിരുന്നതെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല.

(ബി) ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിലുള്ള കടുത്ത ആശങ്ക കേരളത്തെപൊലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും അതിനെത്തുടർന്ന് 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. അതിനാൽ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കാൻ

കഴിയും. ഇത് ഒരു പരിധിവരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും. കള്ളക്കടത്തും നികുതി വെട്ടിപ്പും തടയുന്നതിനുവേണ്ടി ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നൽകിയിട്ടില്ല എന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി നടപ്പിലായ ആദ്യമാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിവഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 15-11-2017 മുതൽ പ്രാബല്യത്തിൽവന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോ എന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്.

(ഡി) ചരക്ക് സേവന നികുതി നിയമപ്രകാരം അന്തർ സംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മപരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ ജി.എസ്.ടി.എൻ പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

## രജിസ്ട്രേഷൻ എടുക്കാതെ ജി.എസ്.ടി. പിരിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി

84 (482) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ എടുക്കാതെ ജി.എസ്.ടി. പിരിക്കുന്ന ഹോട്ടലുകളെ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത്തരം നികുതിവെട്ടിപ്പ് നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ഉപഭോക്താക്കളിൽനിന്ന് നികുതി പിരിക്കുകയും സർക്കാരിൽ തുക അടയ്ക്കാതിരിക്കുകയും ചെയ്യുന്നവർക്കെതിരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സംസ്ഥാനമൊട്ടാകെയുള്ള ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും വ്യാപകമായി പരിശോധന നടത്തി ബില്ലുകൾ ശേഖരിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന് ഇത്തരത്തിൽ രജിസ്ട്രേഷൻ എടുക്കാതെ നികുതി പിരിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്താനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. ജി.എസ്.ടി സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല. ആയതിനാൽ ജി.എസ്.ടി നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തതിനുശേഷമേ സൂക്ഷ്മപരിശോധന നടത്തി ഇത്തരത്തിലുള്ള നികുതിവെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

## ഇ-വേ ബിൽ സംവിധാനം

85 (483) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇ-വേ ബിൽ സംവിധാനം നടപ്പാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ എന്ന് മുതലാണ് ഈ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കു നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലും ഇത് ബാധകമാണ്.

## ജി.എസ്.റ്റി. നടപ്പിലാക്കിയത്

86(484) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.റ്റി. നടപ്പിലാക്കിയതിന് ശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ എന്ത് മാറ്റമാണ് ഉണ്ടായതെന്ന് വിശദമാക്കുമോ;

(ബി) ജി.എസ്.റ്റി .നികുതി സമ്പ്രദായംവഴി റിട്ടേൺ സമർപ്പിക്കുന്നതിന് വ്യാപാരികളെ സഹായിക്കുന്നതിനായി എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി സോഫ്റ്റ്‌വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി വരുമാനവും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ഇതിന് കാലവിളംബം ഉണ്ടായിട്ടില്ല. എന്നാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ബി) ജി.എസ്.ടി. നികുതി സമ്പ്രദായം വഴി റിട്ടേൺ സമർപ്പിക്കുന്നതിന് വ്യാപാരികളെ സഹായിക്കുന്നതിനായി കേരളമൊട്ടാകെ എല്ലാ ജില്ലകളിലും ചരക്കുസേവന നികുതി വകുപ്പിന്റെ എല്ലാ ഓഫീസുകളിലും ഹെൽപ് ഡെസ്കുകൾ പ്രവർത്തിക്കുന്നുണ്ട്.

## ജി.എസ്.റ്റി.

87 (485) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.-യിലൂടെ സംസ്ഥാനത്ത് ഇതുവരെ ലഭിച്ച വരുമാനം കണക്കാക്കിയിട്ടുണ്ടോ, വർധനവ് ഉണ്ടായിട്ടുണ്ടോ, വ്യക്തമാക്കാമോ;

(ബി) വരുമാനനഷ്ടം ഉണ്ടായിട്ടുണ്ടെങ്കിൽ അത് നികത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി. നികുതി വരുമാനം 2017 ആഗസ്റ്റ് മുതൽ നവംബർ വരെ 5786.21 കോടി രൂപയാണ് ആ മാസം ലഭിച്ച എൽ .എൻ. ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ബി) മേല്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നികുതി വരുമാനത്തിൽ 14% വർദ്ധനവ് ലഭിക്കും. എന്നാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

## ജി.എസ്.റ്റി.

88 (486) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി. എസ്. ടി. നടപ്പിലാക്കിയതിനെ തുടർന്ന് 2017 ജൂലൈ ഒന്ന് മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സംസ്ഥാനത്തിന് ഉണ്ടായ റവന്യൂ വരുമാന നഷ്ടം എത്രയാണെന്നാണ് കണക്കാക്കിയിരിക്കുന്നത്;

(ബി) ജി. എസ്. ടി. നടപ്പിലാക്കിയതിനെത്തുടർന്നുണ്ടായ നഷ്ടപരിഹാരമായി ഇക്കാലയളവിൽ കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിന് എത്ര തുക ലഭിക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(സി) ജി. എസ്. ടി. നടപ്പിലാക്കിയതിനെത്തുടർന്നുണ്ടായ നഷ്ട പരിഹാരം കേന്ദ്ര ഗവൺമെന്റിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ടോയെന്നു വ്യക്തമാക്കുമോ;

(ഡി) ഇത്തരം പ്രശ്നങ്ങൾ ജി. എസ്. ടി. കൗൺസിലിൽ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനുള്ള നടപടികൾ ഫലപ്രദമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് നികുതി നഷ്ടം ഉണ്ടായതായി കരുതാനാകില്ല. എന്നാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ബി & സി) ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന് കാലവിളംബം ഉണ്ടായിട്ടില്ല.

(ഡി) ചരക്ക് സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ ജി.എസ്.ടി. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകംതന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽനിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്.

## ജി.എസ്.റ്റി.

89 (487) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയത് എന്നുമുതലാണെന്നും ആയതു പ്രകാരം 2017 ഡിസംബർ വരെ സംസ്ഥാനത്തിനും ഉപഭോക്താക്കൾക്കും ജി.എസ്.ടി നടപ്പാക്കിയതുകൊണ്ടുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഓരോ മാസവും സർക്കാരിന് ലഭ്യമാകേണ്ട ജി.എസ്.ടി വരുമാനം എത്രയെന്നും എത്ര ലഭ്യമായെന്നും വിശദാംശം വ്യക്തമാക്കുമോ;

(സി) 2016-17 വർഷത്തെ നികുതി വരുമാനത്തെ അപേക്ഷിച്ച് ഈ വർഷം എത്ര കുറവ് വന്നിട്ടുണ്ട്; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരത്തിൽ ഉണ്ടായ നികുതി വരുമാനക്കുറവ് പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിച്ചുവരുന്നു എന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയത്. ജി.എസ്.ടി-യിലൂടെ നികുതിക്കുമേൽ നികുതി ഒഴിവാക്കി. അന്തർ സംസ്ഥാന വാങ്ങലിന് ഇൻപുട്ട് ടാക്സ് ലഭ്യമാകുന്ന ചരക്കു സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ചരക്കുസേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകംതന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ പരമാവധി സംരക്ഷിക്കുന്ന തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ജി.എസ്.ടി.-യുടെ തുടക്കത്തിൽ ലഭ്യമായിട്ടില്ലെങ്കിലും 2015-16 ധനകാര്യ വർഷത്തെ അടിസ്ഥാനമാക്കി 14% വാർഷിക വർദ്ധനവ് നിരക്കിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക്

നികുതി വരുമാനക്കുറവിനുള്ള നഷ്ടപരിഹാരം കേന്ദ്രം നൽകുന്നുണ്ട്. നികുതി ഭരണത്തിന്റെ അടിസ്ഥാനശിലയായ ജി.എസ്.ടി. സോഫ്റ്റ്വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകുന്നതിന് മുമ്പ് ജി.എസ്.ടി. നടപ്പിലാക്കിയതാണ് സംസ്ഥാനം പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് ഉണ്ടാകാതിരിക്കാനുള്ള പ്രധാന കാരണം. മാനദണ്ഡങ്ങൾ പാലിക്കാത്ത ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. താമസംവിനാ തുടർ നടപടികൾ ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി. നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം.

(ബി-ഡി) GST നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിന് പാർലമെന്റ് GST Compensation Act പാസ്സാക്കിയിട്ടുണ്ട്. നഷ്ടപരിഹാരം ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നത്. 2015-16-ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ നികുതി വരുമാനമായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ കുറവ് ജി.എസ്.ടി. -യാണ് സംസ്ഥാനത്തിന് ലഭിക്കുന്നതെങ്കിൽ നഷ്ടപരിഹാരം ലഭിക്കും. ദ്വൈമാസക്കണക്കിൽ നഷ്ട പരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ - ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. മേല്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 14% നികുതി വളർച്ച ഉണ്ടാകുന്നതാണ്. നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിച്ച് 20% നികുതി വളർച്ച ഉണ്ടാക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## ജി.എസ്.റ്റി.

90 (488) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പാക്കുമ്പോൾ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് എന്തെല്ലാം സഹായങ്ങൾ വാഗ്ദാനം ചെയ്തിരുന്നു എന്നും ആയതു സംബന്ധിച്ച് എന്തെങ്കിലും സഹായം ലഭ്യമായോ എന്നും എങ്കിൽ എന്തെന്നും വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കുക വഴി സംസ്ഥാനത്തിനുണ്ടായ സാമ്പത്തിക നഷ്ടം എത്ര എന്നും ആയതിന് എന്തെല്ലാം കേന്ദ്രസഹായം ആവശ്യപ്പെട്ടു എന്നും കേന്ദ്രം നാളിതു വരെ എന്തു സഹായം ലഭ്യമാക്കി എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) GST നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിന് GST Compensation Act പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹത തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും എസ്.ജി.എസ്.ടി കളക്ഷനും എസ്.ജി.എസ്.ടി കളക്ഷനുവേണ്ടി ഉപയോഗിച്ച ഐ.ജി.എസ്.ടി ക്രെഡിറ്റും ആ മാസം ലഭിച്ച വാറ്റ് കളക്ഷനും (എൽ.എൻ.ജി. ഒഴികെ) കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. GST നടപ്പിലാക്കിയതിലെ അനവധാനതമൂലം പ്രതീക്ഷിച്ച വരുമാനം GST-യിൽനിന്നും ലഭ്യമായിട്ടില്ല.

**ജി.എസ്.റ്റി.**

91 (489) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. കേന്ദ്രസർക്കാർ നടപ്പാക്കിയതു കാരണം സംസ്ഥാനത്തിന് ഉണ്ടായ നേട്ടങ്ങൾ/കോട്ടങ്ങൾ എന്ത് എന്നു വ്യക്തമാക്കുമോ ;

(ബി) ജി.എസ്.ടി. നടപ്പാക്കിയതുവഴി ഉപഭോക്താക്കൾ നേരിടുന്ന ഗുണങ്ങൾ/ ദോഷങ്ങൾ എന്താണ് എന്ന് വെളിപ്പെടുത്താമോ ;

(സി) ജി.എസ്.ടി. നടപ്പാക്കിയതുമൂലം ചരക്കുകൾ/സേവനങ്ങൾ എന്നിവയിൽ ഉപഭോക്താക്കൾക്ക് വന്നിട്ടുള്ള കുറവ്/കൂടുതൽ (ഇനംതിരിച്ച്) എന്ത് എന്ന് വ്യക്തമാക്കുമോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ജി.എസ്. ടി ഏത് തരത്തിൽ ബാധകമാകുന്നു; മരാമത്ത് പ്രവൃത്തികൾ, രജിസ്ട്രേഷൻ, ഇതര സേവനങ്ങൾ, ഇൻവോയ്സ്, ഉത്ഭവസ്ഥാനത്ത് നികുതി കിഴിക്കൽ (ടി.ഡി.എസ്), റിവേഴ്സ് ചാർജ് എന്നിങ്ങനെ വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയത്. ചരക്കുസേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്.

നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകംതന്നെ നടപ്പിലായതിനാൽ കേരളത്തിന് മാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ജി.എസ്.ടി.-യുടെ തുടക്കത്തിൽ ലഭ്യമായിട്ടില്ലെങ്കിലും പാർലമെന്റ് പാസ്സാക്കിയ കോമ്പൻസേഷൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ 2015-16 ധനകാര്യ വർഷത്തെ അടിസ്ഥാനമാക്കി 14% വാർഷിക വർദ്ധനവ് നിരക്കിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് നികുതി വരുമാന കുറവിനുള്ള നഷ്ടപരിഹാരം കേന്ദ്രം നൽകുന്നുണ്ട്. നികുതി ഭരണത്തിന്റെ അടിസ്ഥാനശിലയായ ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തന ക്ഷമമാകുന്നതിന് മുമ്പ് ജി.എസ്.ടി നടപ്പിലാക്കിയതാണ് സംസ്ഥാനം പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് ഉണ്ടാകാതിരിക്കാനുള്ള പ്രധാന കാരണം.

(ബി) ജി.എസ്.ടി.-യിലൂടെ നികുതിക്കുമേൽ നികുതി ഒഴിവായി. അന്തർ സംസ്ഥാന വാങ്ങലിന് ഇൻപുട്ട് ടാക്സ് ലഭ്യമാക്കുന്ന ചരക്ക സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ശരിയായ രീതിയിൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉപഭോക്താക്കൾക്ക് ലഭ്യമാക്കിയാൽ ഉല്പന്നങ്ങൾക്ക് പൊതുവെ വിലക്കുറവുണ്ടാകേണ്ടതാണ്. നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിനു നല്കിയിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. മാനദണ്ഡങ്ങൾ പാലിക്കാത്ത ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. താമസംവിനാ തുടർ നടപടികൾ ഉണ്ടാകുമെന്നും ഉപഭോക്താക്കൾക്ക് ജി.എസ്.ടി നിയമത്തിന്റെ പൂർണ്ണ ആനുകൂല്യം ലഭ്യമാകുമെന്നും പ്രതീക്ഷിക്കാം.

(സി) വിവിധ മേഖലകളിൽനിന്നുള്ള പ്രശ്നങ്ങളും നികുതി നിരക്കിനെക്കുറിച്ചുള്ള പരാതികളും പരിഗണിച്ച് ഓരോ ജി.എസ്.ടി കൗൺസിൽ മീറ്റിംഗുകളിലും നികുതി നിരക്ക് വ്യത്യാസപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ ജി.എസ്.ടി. ഉപഭോക്താക്കളെ എങ്ങനെ ബാധിച്ചുവെന്ന് ഇനംതിരിച്ച് വിശദമായ പഠനം നടത്താൻ സമയമായിട്ടില്ല.

(ഡി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലുൾപ്പെടെയുള്ള സർക്കാർ കരാർ പണികൾക്ക് തുടക്കത്തിൽ ഉണ്ടായിരുന്ന 18% നികുതിനിരക്ക് 12% ആയി കുറച്ചിട്ടുണ്ട്. എന്നാൽ വാണിജ്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന നിർമ്മാണ പ്രവൃത്തികൾക്ക് തുടർന്നും 18% നികുതി നിരക്കാണ്. ജി.എസ്.ടി. നടപ്പിലാകുന്നതിന് മുൻപ് ഏറ്റെടുത്ത കരാറുകൾ വാറ്റ് നിരക്കിൽ ഉറപ്പിച്ചതിനാൽ ആ നിരക്കിൽ നടപ്പാക്കാൻ ബുദ്ധിമുട്ടാണെന്ന് കാണിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കരാറുകാർ പരാതി നൽകിയിരുന്നു. ആയതിനെപ്പറ്റി ഒരു സമിതിയെക്കൊണ്ട് പരിശോധിപ്പിക്കുകയും അതിൽ കഴമ്പുണ്ടെന്നു കണ്ട ചിലതരം പ്രവൃത്തികൾക്ക് കരാർ തുക പരമാവധി 5% വരെ ഉയർത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സെക്ഷൻ 51 പ്രകാരമുള്ള ടി.ഡി.എസ് രജിസ്ട്രേഷൻ എടുക്കാവുന്നതാണ്. അതിന് പാൻ നിർബന്ധമല്ല. തനതു വില്പനയുണ്ടെങ്കിൽ മാത്രം നോർമൽ രജിസ്ട്രേഷൻ മതിയാകും. ജി.എസ്.ടി -യിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സർക്കാർ സ്ഥാപനങ്ങളായി കണക്കാക്കുന്നു. സർക്കാർ സേവനങ്ങൾ മിക്കതും നികുതി വിമുക്തമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തനതു വില്പനയ്ക്ക് സാധാരണ വ്യാപാരികളെപ്പോലെ ഇൻവോയ്സ് നൽകേണ്ടതാണ്. മാർച്ച് 31 വരെ ടി.ഡി.എസ് ബാധകമല്ല. ടി.ഡി.എസ്. നിരക്ക് 2% (1% എസ്.ജി.എസ്.ടി +1% സി.ജി.എസ്.ടി.) ആണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് റിവേഴ്സ് ചാർജില്ല. പഴയ സാധനങ്ങൾ, സ്ക്രാപ്പ് എന്നിവയുടെ വില്പനയ്ക്ക് വാങ്ങുന്നയാൾ റിവേഴ്സ് ചാർജ് അടയ്ക്കണം.

## ജി.എസ്.റ്റി.-സംസ്ഥാനം നേരിടുന്ന ആഘാതങ്ങളും പ്രത്യാഘാതങ്ങളും

92(490) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി നടപ്പിലാക്കിയത് കാരണം സംസ്ഥാനത്ത് ഉണ്ടായിട്ടുള്ള ആഘാതവും, പ്രത്യാഘാതവും വിലയിരുത്തിയിട്ടുണ്ടോ; ഇത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന് ഉണ്ടാകുന്ന വരുമാന നഷ്ടത്തിന് കേന്ദ്രത്തിൽനിന്ന് എന്തെല്ലാം പരിഹാരമായിരുന്നു വാഗ്ദാനം ചെയ്തത് എന്നത് വിശദമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയത് കാരണം സംസ്ഥാനത്തിനു നേരിടേണ്ടി വന്ന സാമ്പത്തിക പ്രതിസന്ധിയും വരുമാനത്തിലുണ്ടായ ഇടിവും സൂക്ഷ്മമായി വിശദമാക്കാമോ;

(സി) സംസ്ഥാനം നേരിടുന്ന ഈ പ്രശ്നങ്ങളോട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ച നിലപാട് വിശദമാക്കാമോ; കേന്ദ്രത്തിൽനിന്ന് നാളിതുവരെ എന്തെല്ലാം സഹായം സംസ്ഥാനത്തിന് ലഭിച്ചു എന്നത് വിശദമാക്കാമോ?

ഉത്തരം

(എ-സി) ജി.എസ്.ടി. 2017 ജൂലൈ 1 മുതലാണ് നിലവിൽ വന്നത്. ജി.എസ്.ടി-യിൽ നികുതിക്കുമേൽ നികുതി ഒഴിവാക്കി. അന്തർ സംസ്ഥാന വാങ്ങലിന് ഇൻപുട്ട് ടാക്സ് ലഭ്യമാകുന്ന ചരക്ക് സേവന നികുതി പൊതുവെ എല്ലാ വ്യാപാരികൾക്കും ഉപകാരപ്രദമാണ്. ചരക്ക് സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണ ഘടനാപരമായി അധികാരമുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ അതിന്റെ വോട്ടിംഗ് ഘടനയിൽ കേന്ദ്രത്തിന് അപ്രമാദിത്വം ഉള്ളതിനാൽ ആ രീതിയിൽ കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ഇത് ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനുമാത്രമായി ഇതിൽ നിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തിവരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്. GST നടപ്പാക്കുമ്പോൾ സംസ്ഥാനങ്ങൾക്ക് ഉണ്ടാകാവുന്ന വരുമാന നഷ്ടം നികത്തുന്നതിന് GST Compensation Act പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്. 2015-16 -ലെ നികുതി വരുമാനമാണ് ഇതിന് കണക്കാക്കുന്നത്. 2015-16-ലെ നികുതി കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കാക്കി 2017-18-ൽ കേരളത്തിന് അർഹതപ്പെട്ട നികുതി വരുമാനം ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ കുറവ് ജി.എസ്.ടി-യാണ് സംസ്ഥാനം പിരിച്ചെടുക്കുന്നതെങ്കിൽ കേന്ദ്രം നഷ്ടപരിഹാരം നൽകും. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിനുള്ള നഷ്ടപരിഹാരം Goods and Services Tax (Compensation to State) Act, 2017 പ്രകാരം ഉറപ്പ് വരുത്തിയിട്ടുണ്ട്.

## ജി.എസ്.റ്റി.-യുടെ അനന്തര ഫലങ്ങൾ

93 (491) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്തിന് എത്ര തുക ലഭിച്ചു ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് പ്രതീക്ഷിച്ചിരുന്ന വരുമാനം ലഭിച്ചില്ലെന്ന കാര്യം പരിശോധിക്കുമോ;

(സി) സംസ്ഥാനത്തിന് ലാഭം ലഭിക്കുന്നതോടൊപ്പം ജനങ്ങൾക്ക് അമിതഭാരം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്ത് ടെക്സ്റ്റയിൽസ്, മാർജിൻ ഫ്രീ മാർക്കറ്റുകൾ, ഹോട്ടലുകൾ, ജ്വലറികൾ, പെയിന്റ് ഷോപ്പുകൾ, ഇരുമ്പ് കടകൾ, ഇതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ അമിതമായ ചാർജ്ജ് ഈടാക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി. കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ബി&സി) നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന കൈവരിക്കാൻ സാധിച്ചിട്ടില്ല. ചരക്കുസേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണ ത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ

സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ ജി.എസ്.ടി. കുറെയൊക്കെ സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകംതന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽനിന്നും മാറിനിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി കൗൺസിലിനെക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തിവരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്.

(ഡി) പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇത്തരം കാര്യങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

## ജി.എസ്.റ്റി. വരുമാന വ്യത്യാസം

94 (492) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പാക്കിയതിനു ശേഷം മുൻവർഷത്തെക്കാൾ എത്ര വരുമാന വ്യത്യാസം ഉണ്ടായെന്ന് വെളിപ്പെടുത്തുമോ ;

(ബി) വരുമാനത്തിൽ വന്നിട്ടുള്ള കുറവ് നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) 2017 നവംബർ 30 വരെ നികുതി വർദ്ധനവ് 3.65 ശതമാനമാണ്. കേന്ദ്ര കോമ്പൻസേഷനുംകൂടി കണക്കിലെടുത്താൽ വർദ്ധനവ് 14% വരും. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

## ജി.എസ്.റ്റി. വരുമാനം

95 (493) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി നടപ്പിലാക്കിയതോടുകൂടി സംസ്ഥാന ഖജനാവിലേക്ക് നികുതിയിനത്തിൽ എത്ര തുക വരവുണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രതീക്ഷിച്ചിരുന്ന വരുമാന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ജി.എസ്.ടി. നികുതി വരുമാനം നവംബർ വരെ 5786.21 കോടി രൂപയാണ്. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി കുറവ് പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ- ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

## ജി.എസ്.ടി. പ്രതികൂലമായി ബാധിച്ച മേഖലകൾ

96(494) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ ഏതൊക്കെ മേഖലകളിൽ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

2017 ജൂലൈ 1 മുതലാണ് സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയത്. ജി.എസ്.ടി. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ എങ്ങനെ ബാധിച്ചുവെന്ന് മേഖല/ഇനം തിരിച്ച് വിശദമായ പഠനം നടത്തിയിട്ടില്ല. സംസ്ഥാനം പ്രതീക്ഷിച്ച

വരുമാനം ജി.എസ്.ടി.-യുടെ തുടക്കത്തിൽ ലഭ്യമായിട്ടില്ലെങ്കിലും പാർലമെന്റ് പാസ്സാക്കിയ കോമ്പൻസേഷൻ നിയമത്തിന്റെ അടിസ്ഥാനത്തിൽ 2015-16 ധനകാര്യ വർഷത്തെ അടിസ്ഥാനമാക്കി 14% വാർഷിക വർദ്ധനവ് നിരക്കിൽ കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾക്ക് നികുതി വരുമാന കുറവിനുള്ള നഷ്ട പരിഹാരം കേന്ദ്രം നൽകുന്നുണ്ട്.

## ജി.എസ്.റ്റി. ഏർപ്പെടുത്തിയതിനുശേഷം നികുതിയിനത്തിൽ ഉണ്ടായ വർദ്ധനവ്

97 (495) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കുന്നതിനുമുൻപ് വാണിജ്യ നികുതി ഇനത്തിൽ എത്ര തുകയാണ് സർക്കാരിന് ലഭിച്ചുകൊണ്ടിരുന്നത്; ജി.എസ്.ടി ഏർപ്പെടുത്തിയതിനു ശേഷം നികുതിയിനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) നികുതി ഇനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ലെങ്കിൽ ഇത് കോംപൻസേറ്റ് ചെയ്യുന്നതിന് കേന്ദ്രത്തിൽ നിന്ന് ഏതു വിധത്തിലുള്ള സഹായമാണ് ലഭിച്ചിട്ടുള്ളത് ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് 2017-18 വർഷത്തിൽ, ജി.എസ്.ടി വരുമാനം ലഭിക്കുന്നതിനു മുമ്പുള്ള നാലുമാസങ്ങളിലെ (ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ) ശരാശരി വാണിജ്യനികുതി വരുമാനം 1,584.27 കോടി രൂപയാണ്. സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

## ജി.എസ്.ടി.

98 (496) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച കണക്കുകൾ വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി നടപ്പിലാക്കിയതിനുശേഷം ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനരീതി വിശദീകരിക്കാമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം വാണിജ്യനികുതി വകുപ്പിൽ ജോലിഭാരം കുറഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വകുപ്പിലെ ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) കഴിഞ്ഞ ബജറ്റിൽ വിഭാവനംചെയ്ത രീതിയിൽ 25% നികുതി വർദ്ധന കൈവരിക്കുവാൻ സാധിച്ചിട്ടില്ല. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി വരുമാനവും ആ മാസം ലഭിച്ച എൽ.എൻ.ജി ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യരണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി.

(സി) ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിനെത്തുടർന്ന് ചെക്ക് പോസ്റ്റുകളിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി, ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതിക പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ വാറ്റ് ഫയലുകളുടെ നികുതി നിർണ്ണയം നടത്തുന്നതിനും ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തിയിട്ടുണ്ട്.

## ജി.എസ്.ടി.മൂലം നികുതി വരുമാനത്തിൽ ഉണ്ടായ കുറവ്

99(497) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതു മൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) സംസ്ഥാനത്തിന് കോമ്പൻസേഷൻ ഇനത്തിൽ ലഭിക്കേണ്ടുന്ന നികുതി വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ; ആയത് ലഭിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) വരുംവർഷങ്ങളിൽ ഇത്തരം പ്രതിസന്ധി ഉണ്ടാകാതിരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായി നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി. കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ഇതിന് കാലവിളംബം ഉണ്ടായിട്ടില്ല. നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല.

(സി) ചരക്കു സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കുവാനുള്ള അവസരമുണ്ട്. എന്നാൽ ജി.എസ്.ടി. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽനിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി. കൗൺസിലിനെക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തിവരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്.

## ജി.എസ്.ടി. നിയമം

100 (498) ശ്രീ. സി. ദിവാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നിയമപ്രകാരം നികുതിഭാരം കുറഞ്ഞിട്ടും വ്യാപാരികൾ വിലയിൽ കുറവ് വരുത്താതെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിയമത്തിലെ കൊള്ളലാഭം തടയൽ വ്യവസ്ഥ പ്രകാരം സംസ്ഥാനത്ത് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷവും അതിന് മുമ്പുമുണ്ടായിരുന്ന വാങ്ങൽ വിലയും വില്പന വിലയും താരതമ്യം ചെയ്ത് പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ജി.എസ്.ടി. നികുതി ഇളവിന്റെ ആനുകൂല്യം ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) ജി.എസ്.ടി. നിയമത്തിലെ ആന്റി പ്രോഫിറ്ററിംഗ് വകുപ്പുപ്രകാരം പൊതുജനങ്ങളിൽനിന്ന് പരാതിയൊന്നും ലഭിച്ചിട്ടില്ല. എന്നിരുന്നാലും സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് ജി.എസ്.ടി-യുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിനു കൈമാറുന്നുണ്ടോയെന്ന വിവരം ഫീൽഡ് സർവ്വേ വഴിയും ബിൽ ശേഖരണം വഴിയും സംസ്ഥാനമൊട്ടുക്കും വിശദമായ പരിശോധന നടത്തുകയും ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുമുണ്ട്. അടുത്ത പടിയായി 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോ എന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്.

## ജി.എസ്.ടി. ആന്റി പ്രോഫിറ്റീംഗ് അതോറിറ്റി രൂപീകരിക്കാൻ നടപടി

101 (499) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി.-യുടെ മറവിൽ കൊള്ളലാഭം തടയുന്നതിന്റെ ഭാഗമായി ആന്റി പ്രോഫിറ്റിംഗ് അതോറിറ്റി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ജി.എസ്.ടി.-യുടെ മറവിൽ കച്ചവടക്കാർ ഉപഭോക്താക്കളെ ചൂഷണം ചെയ്യുന്നത് തടയാൻ സർക്കാർ തലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ&ബി) ജി.എസ്.ടി നടപ്പിലാക്കിയതിനോടനുബന്ധിച്ച് ഉണ്ടായേക്കാവുന്ന കൊള്ളലാഭം തടയുന്നതിന്റെ ഭാഗമായി ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി കേന്ദ്ര ഗവൺമെന്റും സ്ക്രീനിങ് കമ്മിറ്റി സംസ്ഥാനവും രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി നടപ്പിലായ ആദ്യ മാസത്തിൽ തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിവഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോ എന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നുണ്ട്.

## ജി.എസ്.ടി. മുഖേനയുള്ള നികുതി വെട്ടിപ്പ്

102 (500) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പാക്കിയതിനെത്തുടർന്ന് വ്യാപക നികുതി വെട്ടിപ്പ് നടക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി.-യുടെ ഭാഗമായുള്ള ഓൺലൈൻ സംവിധാനങ്ങൾ കാര്യക്ഷമമാകാതിരിക്കുന്നതുമൂലം കടുത്ത നികുതിവെട്ടിപ്പ് നടക്കുന്നുവെന്നത് യാഥാർത്ഥ്യമാണോ;

(സി) അന്യസംസ്ഥാനങ്ങളിൽനിന്നും ചരക്കുമായി വരുന്ന ലോറികൾ പരിശോധിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്നും ആയത് പര്യാപ്തമാണോയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി. നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം, ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെത്തുടർന്ന് നികുതിവെട്ടിപ്പിന് കാരണമായിട്ടുണ്ട്. ഇതിലുള്ള കടുത്ത ആശങ്ക കേരളത്തെപോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും അതിനെ തുടർന്ന് 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്ക നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് അന്തർ സംസ്ഥാന ചരക്ക നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. ഇത് ഒരു പരിധി വരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്നുണ്ടായിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ സഹായിക്കും.

(സി) ഇ-വേ ബിൽ സമ്പ്രദായം നടപ്പിലായതുകൊണ്ടുമാത്രം നികുതി വെട്ടിപ്പ് തടയാൻ കഴിയുമെന്ന് സർക്കാർ കരുതുന്നില്ല. ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പുവരുത്തുന്നതിനായി ചരക്ക് വാഹനങ്ങളുടെ ഭൗതിക പരിശോധന ആവശ്യമായി വരും. ആയതിനുവേണ്ടി ചെക്ക് പോസ്റ്റിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതിർത്തികളിൽ ക്യാമറ സ്ഥാപിച്ച് വാഹനങ്ങളെ നിരീക്ഷിക്കുവാനുള്ള പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ജി.എസ്.ടി. നടപ്പാക്കിയപ്പോൾ വരുമാനത്തിലുണ്ടായ വ്യത്യാസം

103(501) ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയ ആദ്യത്തെ 6 മാസം നികുതി വരുമാനത്തിൽ ഉണ്ടായിട്ടുള്ള വ്യത്യാസം വ്യക്തമാക്കുമോ;

(ബി) വരുമാനത്തിൽ കുറവുണ്ടായിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(സി) വേണ്ടത്ര പഠനങ്ങൾ നടത്താതെ ധൃതിപിടിച്ച് ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെ ദോഷകരമായി ബാധിച്ചുവെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ സമ്പദ്ഘടനയെ ശരിയായ പാതയിലെത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 ലെ കളക്ഷൻ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേക്ക് 810 കോടി രൂപയും, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നഷ്ടപരിഹാരം ലഭിച്ചതിനാൽ നികുതി നഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25%നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

(സി) ചരക്കുസേവന നികുതി നടപ്പിലാക്കുന്നതിനുമുൻപ് ഉദ്യോഗസ്ഥ മന്ത്രി തലങ്ങളിൽ വിശദമായ ചർച്ചകളും പഠനങ്ങളും നടത്തിയിട്ടുണ്ട്. എന്നാൽ ജി.എസ്.ടി.-യുടെ അടിസ്ഥാനശിലയായ ജി.എസ്.ടി.എൻ. സോഫ്റ്റ് വെയർ പൂർത്തിയാക്കുന്നതിനു മുൻപ് ധൃതിയിൽ ജി.എസ്.ടി. നടപ്പിലാക്കിയതാണ് നിലവിലുള്ള പ്രശ്നങ്ങൾക്ക് കാരണം. ചരക്കുസേവന നികുതി നിയമപ്രകാരം അന്തർ സംസ്ഥാന കൈമാറ്റങ്ങൾക്കും ഇൻപുട്ട് ടാക്സ് ക്രഡിറ്റ് ലഭ്യമാകുന്നതിനാൽ രാജ്യത്തൊട്ടാകെ ലക്ഷക്കണക്കിന് ബില്ലുകളുടെ യഥാസമയമുള്ള സൂക്ഷ്മ പരിശോധന ആവശ്യമാണ്. എന്നാൽ ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ ജി.എസ്.ടി.എൻ പൂർണ്ണമായി പ്രവർത്തനക്ഷമമാകാതെ ധൃതിയിൽ ജി.എസ്.ടി നടപ്പിലാക്കിയത് സംസ്ഥാനങ്ങൾക്കും വ്യാപാരികൾക്കും ഒരുപോലെ ധാരാളം പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇത് ഒരു പരിധിവരെ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പ്രതീക്ഷിച്ച നികുതി ലഭ്യമാകാത്തതിന്റെ പ്രധാന കാരണങ്ങളിലൊന്നാണ്. എന്നാൽ ജി.എസ്.ടി കോമ്പൻസേഷൻ നിയമപ്രകാരം 2015-16 സാമ്പത്തിക വർഷത്തെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി നഷ്ടപരിഹാരം നൽകുന്നുണ്ട്.

(ഡി) ചരക്ക് സേവന നികുതി നിയമ നിർമ്മാണത്തിൽ ഭരണഘടനാപരമായി അധികാരമുള്ള ജി.എസ്.ടി. കൗൺസിലിൽ എല്ലാ സംസ്ഥാന ധനകാര്യ മന്ത്രിമാരും അംഗങ്ങളാണ്. നിയമ നിർമ്മാണത്തെക്കുറിച്ചുള്ള വിശദമായ ചർച്ചകൾ കൗൺസിലിൽ നടക്കുമെന്നതിനാൽ ഓരോ സംസ്ഥാനത്തിനും അവരുടെ വാദഗതികൾ ഉന്നയിക്കാനുള്ള അവസരമുണ്ട്. എന്നാൽ ജി.എസ്.ടി. സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്വാതന്ത്ര്യത്തെ ദുർബലപ്പെടുത്തിയിട്ടുണ്ട്. ഇതിനായുള്ള ഭരണഘടനാ ഭേദഗതി ഇതിനകം തന്നെ നടപ്പിലായതിനാൽ കേരളത്തിനു മാത്രമായി ഇതിൽനിന്നും മാറി നിൽക്കാൻ സാധ്യമല്ല. ഉള്ള അവസരം പ്രയോജനപ്പെടുത്തി ജി.എസ്.ടി. കൗൺസിലിനെക്കൊണ്ട് പരമാവധി സംസ്ഥാനത്തിന്റെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനുള്ള തീരുമാനങ്ങൾ എടുപ്പിക്കാനുള്ള ശ്രമമാണ് കേരളം നടത്തി വരുന്നത്. ഇതിൽ കുറേയൊക്കെ സംസ്ഥാനം വിജയിച്ചിട്ടുണ്ട്.

## ജി.എസ്.ടി. സമ്പ്രദായം

104(502) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാറ്റ് സമ്പ്രദായം നിലനിന്നിരുന്ന കാലത്തെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജി.എസ്.ടി. സമ്പ്രദായത്തിലെ നികുതി വരുമാനത്തിൽ ചോർച്ചയുണ്ടാകുന്നതായി വിലയിരുത്തുന്നുണ്ടോ; വ്യക്തമാക്കാമോ ;

(ബി) വിവിധയിനം ചരക്കുകൾക്കും സേവനങ്ങൾക്കും ജി.എസ്.റ്റി.-യിൽ നികുതി നിരക്കിൽ വർദ്ധനയുണ്ടായിട്ടും , നികുതിവരുമാനത്തിൽ കുറവുണ്ടാകുന്നത് തടയുവാൻ കാര്യക്ഷമമായ ഒരു സംവിധാനം രൂപപ്പെടുത്തുവാൻ കൈക്കൊണ്ട നടപടി വിശദീകരിക്കുമോ?

ഉത്തരം

(എ) വാറ്റ് സമ്പ്രദായം നിലനിന്നിരുന്ന കാലത്തെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി വർദ്ധനവ് ഉണ്ടായിട്ടില്ല. ജി.എസ്.ടി. സോഫ്റ്റ്‌വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി. ഫണ്ട് സെറ്റിൽമെന്റിനെ ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലാക്കിയതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ നികുതി പിരിവിന്റെ 14% വർദ്ധനവ് കണക്കാക്കി 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷൻ കഴിച്ച് ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി. നിരക്ക് പുനർനിർണ്ണയിച്ചതിനെത്തുടർന്ന് സംസ്ഥാനത്ത് 75 ശതമാനത്തോളം നികുതി കിട്ടിക്കൊണ്ടിരുന്ന 14.5% നിരക്കിലുള്ള അനേകം സാധനങ്ങളുടെ നികുതി നിരക്ക് 18% ആക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി 9% ആയി കുറയുകയുണ്ടായി. അതിനാൽ ജി.എസ്.ടി നടപ്പിലാക്കിയതുമൂലം നികുതി നിരക്ക് കുറയുകയാണുണ്ടായത്. ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തന സജ്ജമായിട്ടില്ല. ആയതിനാൽ ജി.എസ്.ടി. നിയമപ്രകാരമുള്ള റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്തതിനുശേഷമേ സൂക്ഷ്മപരിശോധന നടത്തി നികുതി വെട്ടിപ്പ് കണ്ടുപിടിക്കാൻ സാധിക്കുകയുള്ളൂ.

## ജി.എസ്.ടി.

105(503) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാറ്റ് സമ്പ്രദായം നിലവിലുണ്ടായിരുന്ന 2016-17 വരെയുള്ള സാമ്പത്തിക വർഷം സംസ്ഥാനത്ത് വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികൾ എത്രയായിരുന്നു;

(ബി) ജി.എസ്.റ്റി. സമ്പ്രദായം നിലവിൽവന്നശേഷം ജി.എസ്.റ്റി. രജിസ്ട്രേഷൻ എടുത്തിട്ടുള്ള വ്യാപാരികൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2.62 ലക്ഷം

(ബി) 3.06 ലക്ഷം

## ജി.എസ്.ടി. നടപ്പിലാക്കിയതുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി

106(504) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസി.റ്റി. നടപ്പിലാക്കിയതുമൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവും ജനങ്ങളുടെ ജീവിതത്തെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ബി) എതെല്ലാം മേഖലയിലുള്ള ജനങ്ങളെയാണ് ഇത് കൂടുതൽ ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ ഈ പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ എതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ഡി) ജനങ്ങൾക്ക് പൊതുവിൽ ആശ്വാസമാകുന്ന നികുതി ഇളവുകളോ, ഒഴിവാക്കലുകളോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ-സി) വിവിധ വ്യാപാര മേഖലകളിൽ ജി.എസ്.ടി.മൂലം ഉണ്ടായിട്ടുള്ള നികുതി നിരക്കുകൾ സംബന്ധിച്ച സർവ്വേ ചരക്ക് സേവന നികുതി വകുപ്പ് നടത്തുന്നുണ്ട്. വിവിധ മേഖലകളിൽ നിന്നുള്ള പ്രശ്നങ്ങളും നികുതി നിരക്കിനെക്കുറിച്ചുള്ള പരാതികളും

പരിഗണിച്ച് ഓരോ ജി.എസ്.ടി. കൗൺസിൽ മീറ്റിംഗുകളിലും നികുതി നിരക്കിൽ ആവശ്യമായ വ്യത്യാസം വരുത്തിക്കൊണ്ടിരിക്കുകയാണ്. ആയതിനാൽ ജനങ്ങളുടെ ജീവിതത്തെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്നോ, ഏതെല്ലാം മേഖലയിലുള്ള ജനങ്ങളെയാണ് ഇത് കൂടുതൽ ബാധിച്ചിട്ടുള്ളതെന്നോ വിശദമായ പഠനം ആവശ്യമാണ്.

(ഡി) സംസ്ഥാനത്തിന് മാത്രമായി നികുതിയിളവ് നൽകാൻ സാധ്യമല്ല. മിക്ക നിത്യോപയോഗ സാധനങ്ങളുടെയും നികുതി കുറയ്ക്കുന്നതിനുള്ള ആവശ്യം ജി.എസ്.ടി. കൗൺസിലിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്.

**ജി.എസ്.ടി.-യിൽ ഇ-വേ ബിൽ**

107(505) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> :
<u>ശ്രീ. മോൻസ് ജോസഫ്</u> :
<u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജി.എസ്.ടി.യിൽ ഇ-വേ ബിൽ എന്നുമുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ചരക്കുനീക്കം ഓൺലൈനിൽ നിരീക്ഷിക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശംനൽകുമോ;

(സി) നികുതി പരിശോധനയ്ക്കായി ചെക്ക് പോസ്റ്റുകൾ ഏതു രീതിയിലാണ് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; ചെക്ക് പോസ്റ്റുകളുടെ ആവശ്യകത ഇപ്പോൾ ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കേരളത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ 12-1-2018 മുതൽ ഇ-വേ ബിൽ നടപ്പിലാക്കിയിട്ടുണ്ട്. 1-2-2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്കുനീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി കേന്ദ്ര ചട്ടം നിലവിൽ വന്നിട്ടുണ്ട്. കേരളത്തിലും 1-2-2018 മുതൽ ഇത് ബാധകമാണ്. 50,000 രൂപയ്ക്ക് മുകളിൽ മൂല്യമുള്ള എല്ലാ അന്തർ സംസ്ഥാന കൈമാറ്റങ്ങൾക്കും, സംസ്ഥാനത്തിനകത്തുള്ള കൈമാറ്റങ്ങൾക്കും ഇ-വേ ബിൽ ബാധകമാണ്. ഇ-വേ ബിൽ സമ്പ്രദായത്തിലൂടെ ചരക്കു നീക്കം തുടങ്ങുമ്പോൾ തന്നെ ഓൺലൈനായി രജിസ്റ്റർ ചെയ്യപ്പെടുന്നു. ഇതിന്റെ ഫലമായി അന്തർ സംസ്ഥാന ചരക്കു നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദമായ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയുമെന്നതിനാൽ നികുതിവെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെത്തുടർന്ന് ചെക്ക് പോസ്റ്റുകളിൽ വിന്യസിച്ചിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് ഇന്റലിജൻസ് സ്ക്വാഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി, ഇ-വേ ബില്ലിന്റെ സത്യസന്ധത ഉറപ്പു വരുത്തുന്നതിനായി ചരക്കു വാഹനങ്ങളുടെ ഭൗതീക പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ആന്റി-പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരണം

108(506) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം നികുതി പിരിവിൽ വർദ്ധനവ് ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ജി.എസ്.ടി.-യുടെ പേരിൽ ഉപഭോക്താക്കളിൽ നിന്നും വ്യാപാരികൾ അമിതമായി നികുതി ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉണ്ടെങ്കിൽ ഇത്തരം പ്രവർത്തനങ്ങൾ തടയുന്നതിന് ആക്ടിലെ 171-ാം വകുപ്പും ചട്ടങ്ങളിലെ 122-ാം വകുപ്പും പ്രകാരം ആന്റി-പ്രോഫിറ്ററിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത അതോറിറ്റി രൂപീകരിക്കുന്നതിന് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്; ആക്ട് നിലവിൽവന്ന സാഹചര്യത്തിൽ അതോറിറ്റി രൂപീകരിക്കുന്നതിനു വേണ്ട പരമാവധി സമയം എത്രയാണെന്ന് വിശദമാക്കാമോ;

(ഇ) അതോറിറ്റി രൂപീകരിക്കുന്നതിനായി കേന്ദ്രനിർദ്ദേശം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഇല്ല. കോമ്പൻസേഷൻ ആക്ട് പ്രകാരം ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ നികുതി കുറവ് ഉണ്ടായതായി കരുതാനാവില്ല. കോമ്പൻസേഷൻകൂടി കണക്കിലെടുത്താൽ നികുതി വർദ്ധനവ് 14% വരും.

(ബി) ഉണ്ട്. നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്തവ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നല്കിയിട്ടില്ല.

(സി&ഡി) ഉണ്ട്. എന്നാൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റി പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല.

(ഇ) ഇന്ത്യയൊട്ടാകെ ഒരു ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയാണുള്ളത്. ഇത് കേന്ദ്ര ഗവൺമെന്റ് രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്ക്രീനിംഗ് കമ്മിറ്റിയാണുള്ളത്. അതിൽ സി.ജി.എസ്.ടി.-യുടെ മെമ്പറും എസ്.ജി.എസ്.ടി.-യുടെ മെമ്പറും ഉൾപ്പെടുന്നു. ലഭിക്കുന്ന പരാതികൾ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ചശേഷം കഴമ്പുണ്ടെങ്കിൽ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്ക് കൈമാറും തുടർ നടപടി സ്വീകരിക്കുന്നത് ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയാണ്.

## റവന്യൂ/ധനക്കമ്മി കുറയ്ക്കുന്നതിനായി നിർദ്ദേശം

109(507) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ/ധനക്കമ്മി കുറയ്ക്കുന്നതിനായി 14-ാം ധനകാര്യകമ്മീഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് നൽകിയിരുന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതെല്ലാം ഇതിനകം നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) റവന്യൂ കമ്മി 2019-ഓടെ പൂജ്യത്തിലെത്തിക്കുന്നതിനായി ധനകാര്യ കമ്മീഷൻ സംസ്ഥാനത്തിന് പ്രത്യേക ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാനത്തിന്റെ നികുതി വരുമാനം കുറഞ്ഞിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ജി.എസ്.ടി. കൗൺസിൽ അംഗീകരിച്ച പാക്കേജ് പ്രകാരം ആദ്യത്തെ അഞ്ച് വർഷത്തെ നികുതി നഷ്ടം കേന്ദ്രം നികത്തുകയില്ലേയെന്ന് വ്യക്തമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ ഇതുവരെ കേന്ദ്രത്തിൽനിന്നും ലഭിച്ച നഷ്ടപരിഹാര തുക എത്രയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) റവന്യൂ/ധനക്കമ്മി കുറയ്ക്കുന്നതിനായി പതിനാലാം ധനകാര്യ കമ്മീഷൻ പ്രത്യേകിച്ച് നിർദ്ദേശങ്ങളൊന്നും നൽകിയിരുന്നില്ല.

(ബി) റവന്യൂകമ്മി കുറയ്ക്കുന്നതിനായി ധനകാര്യ കമ്മീഷൻ അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു :

| വർഷം | തുക (കോടിയിൽ) |
|---|---|
| 2015-16 | 4640 |
| 2016-17 | 3350 |
| 2017-18 | 1529 |
| 2018-19 | ഇല്ല |
| 2019-20 | ഇല്ല |
| ആകെ | 9519 |

(സി) ജി.എസ്.ടി. സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ എന്ത് പ്രതിഫലനമാണ് ഉളവാക്കിയിട്ടുള്ളതെന്ന് കൃത്യമായി വിലയിരുത്താൻ സാധിച്ചിട്ടില്ല. എന്നിരുന്നാലും അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള കാലയളവിൽ വില്പന നികുതി (മൂല്യവർദ്ധിത നികുതി അടക്കം) മുൻവർഷത്തെക്കാൾ 6.36% വളർച്ച രേഖപ്പെടുത്തിയപ്പോൾ ചരക്ക സേവന നികുതി പ്രാബല്യത്തിൽ വന്നതിനു ശേഷമുള്ള 2017 ആഗസ്റ്റ് മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ വളർച്ച (വില്പനനികുതി+ ചരക്ക സേവന നികുതി) 1.33% ആയി ഇടിയുകയുണ്ടായി. 2016-17-ൽ ആയത് യഥാക്രമം 7.04%വും 13.13%വും ആയിരുന്നു. 2017-18-ൽ 20% വളർച്ച പ്രതീക്ഷിച്ചിരുന്ന വില്പന നികുതി (വാറ്റ്/ജി.എസ്.ടി. സഹിതം) 2017 നവംബർ 30 വരെ രേഖപ്പെടുത്തിയിരിക്കുന്ന വർദ്ധനവ് 3.65% മാത്രമാണ്. 2016-17-ൽ ഇത് 10.24% ആയിരുന്നു. അതേ സമയം പ്രസ്തുത നികുതി കഴിച്ചുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ടി കാലയളവിൽ 11.42% വർദ്ധനവ് കൈവരിക്കുകയുണ്ടായി. ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരംകൂടി കണക്കാക്കുമ്പോൾ ജി.എസ്.ടി. വരുമാനം 14% വളർച്ച നേടുന്നുണ്ട്. ഇത് വാറ്റ് നികുതി വളർച്ചാ നിരക്കിനേക്കാൾ ഉയർന്നതാണ്. എന്നാൽ നാം പ്രതീക്ഷിച്ചതിനേക്കാൾ കുറവുമാണ്.

(ഡി) ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസ്സാക്കിയിട്ടുണ്ട്.

ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18 കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽ നിന്നും എസ്.ജി.എസ്.ടി കളക്ഷനും, എസ്.ജി.എസ്.ടി. കളക്ഷനുവേണ്ടി ഉപയോഗിച്ച ഐ.ജി.എസ്.ടി. ക്രെഡിറ്റും ആ മാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യരണ്ടു ഗഡുക്കളായി ജൂലൈ-ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

**ചരക്ക സേവന നികുതി**

110(508) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി സംസ്ഥാന ചട്ടപ്രകാരം കൊള്ളലാഭമെടുപ്പു തടയുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) ചട്ടപ്രകാരം ആന്റി പ്രോഫിറ്റിംഗ് അതോറിറ്റിക്കും സ്ക്രീനിംഗ് കമ്മിറ്റിക്കും ഉള്ള അധികാരങ്ങൾ എന്തൊക്കെയാണ്; നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) നിയമപരമായി ഉല്പന്നങ്ങളുടെ നിർമ്മാണ വില വെളിപ്പെടുത്തേണ്ടതില്ലാത്തതിനാലും ലാഭപരിധി നിജപ്പെടുത്തിയിട്ടില്ലാത്തതിനാലും അമിത ലാഭം കണ്ടെത്താനുള്ള മാനദണ്ഡം എന്താണ്;

(ഡി) സമിതികളുടെ പ്രവർത്തനം ഫലപ്രദമായിട്ടുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; നികുതി പിരിക്കാൻ അവകാശമില്ലാത്ത രജിസ്റ്റർ ചെയ്യാത്ത വ്യാപാരികളും കോമ്പൗണ്ടിങ് സമ്പ്രദായം സ്വീകരിച്ചവരും വിലയിൽ വർദ്ധനവു വരുത്തി അമിത ലാഭം ഈടാക്കുന്നതു തടയാൻ സാധ്യമാണോ;വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി.-യുടെ മറവിൽ കൊള്ളലാഭം തടയുന്നതിന്റെ ഭാഗമായി ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി. നടപ്പിലായ ആദ്യ മാസത്തിൽത്തന്നെ കേരളം ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി. കൗൺസിലിൽ ശക്തമായി

ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകം തന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ാളം ഉൽപ്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. 15-11-2017 മുതൽ പ്രാബല്യത്തിൽവന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടു ണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്.

(ബി) ജി.എസ്.ടി.-യിൽ ചരക്കു സേവനങ്ങളുടെ ടാക്സ് റേറ്റിൽ ഉണ്ടായ കുറവ് ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്ന് തീരുമാനിക്കുന്നതിനും അങ്ങനെ കൈമാറാത്തവരെ കണ്ടെത്തുന്നതിനും ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്. ഇങ്ങനെ കണ്ടുപിടിക്കപ്പെട്ട കേസുകളിൽ വില കുറയ്ക്കുന്നതിനും അധികമായി ഈടാക്കിയ തുക 18% പലിശ നിരക്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നതിന് ഉത്തരവിടുന്നതിനും, തിരികെ നൽകാത്തപക്ഷം റിക്കവറി നടപടികൾ നടത്തുന്നതിന് ഉത്തരവിടുന്നതിനും ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്. കുറ്റക്കാർക്കുമേൽ പിഴ ചുമത്തുന്നതിനും രജിസ്ട്രേഷൻ റദ്ദാക്കുന്നതിനും ഉത്തരവിടാൻ ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിക്ക് അധികാരമുണ്ട്. സ്റ്റേറ്റ് ലെവൽ സ്ക്രീനിംഗ് കമ്മിറ്റി പൊതുജനങ്ങളിൽ നിന്നും മറ്റും ലഭിക്കുന്ന പരാതികൾ സൂക്ഷ്മ പരിശോധന നടത്തുകയും പരാതിയിൽ കഴമ്പുണ്ടെന്ന് കാണുന്നപക്ഷം നിർദ്ദേശങ്ങളോടുകൂടി തുടർ നടപടികൾക്കായി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് അയച്ചു കൊടുക്കുകയും ചെയ്യുന്നു.

(സി) അമിതലാഭം നിർണ്ണയിക്കാനുള്ള മാനദണ്ഡങ്ങൾ രൂപീകരിക്കേണ്ടത് കേന്ദ്രം രൂപീകരിച്ച ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിയാണ്. ഈ മാനദണ്ഡങ്ങൾ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടില്ല. ഇത് സംബന്ധമായ പരാതി കേരളം 25-ാം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. നികുതി പിരിക്കാൻ അധികാരമില്ലാത്ത വ്യാപാരികൾ, നികുതിയുടെ പേരിൽ വില വർദ്ധിപ്പിക്കുവാൻ പാടില്ലാത്തതാണ്. സംസ്ഥാനത്തെ കടകളിൽനിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശമില്ല എന്ന ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവൽക്കരണം നടത്തുന്നുണ്ട്.

## ചരക്ക സേവന നികുതി

111(509) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയശേഷം ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി വരുമാനത്തിൽ ഉണ്ടായ മാറ്റങ്ങൾ സംബന്ധിച്ച് സർക്കാർ വിശദമാക്കുമോ;

(ബി) ജി.എസ്.ടി. വന്നതിന്ശേഷം സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ചി രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതു പോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം സാരമായി ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇതു സാരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് അടുത്ത 5 വർഷങ്ങളിലുണ്ടായേക്കാവുന്ന നികുതിനഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16 -ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന്റെ ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ദ്വൈമാസ ജി.എസ്.ടി. പിരിവ് 3644 കോടി ലഭിച്ചില്ലെങ്കിൽ ബാക്കി തുകയാണ് നഷ്ടപരിഹാരം ആയി ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യരണ്ടു ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. എന്നാൽ കഴിഞ്ഞ ബജറ്റിൽ വിഭാവനംചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല.

## ജീവൻ രക്ഷാ ഔഷധങ്ങളുടെ നികുതി

112(510) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻ രക്ഷാ ഔഷധങ്ങളുടെ ചരക്കു സേവന നികുതി കുറവ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ജീവൻ രക്ഷാ ഔഷധങ്ങളുടെ എസ്.ജി.എസ്.ടി ഒഴിവാക്കുന്നതിന് കഴിയുമോ; ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ജീവൻ രക്ഷാ ഔഷധങ്ങളുടെ ചരക്കുസേവന നികുതി കുറയ്ക്കണമെന്ന ആവശ്യം സംസ്ഥാന സർക്കാർ ഫിറ്റ്മെന്റ് കമ്മിറ്റിയിലും, ജി.എസ്.ടി. കൗൺസിലിലും ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ജി.എസ്.ടി.-യിൽ നികുതി നിരക്ക് തീരുമാനിക്കുന്നത് ജി.എസ്.ടി. കൗൺസിലാണ്. ഇതിൽ കേന്ദ്ര ധനകാര്യ മന്ത്രി അദ്ധ്യക്ഷനും, എല്ലാ സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും ധനകാര്യ മന്ത്രിമാർ അംഗങ്ങളുമാണ്. സംസ്ഥാനത്തിന് മാത്രമായി ഇക്കാര്യത്തിൽ തീരുമാനമെടുക്കാനാവില്ല.

## വാറ്റ് ആംനസ്റ്റി സ്കീം

113(511) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽനിന്നും എന്തു തുക ലഭിക്കാനുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ചരക്ക് സേവന നികുതി (ജി.എസ്.ടി) നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി വാറ്റ് കുടിശ്ശിക പിഴയും പലിശയും ഒഴിവാക്കി പിരിച്ചെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) വാറ്റ് ആംനസ്റ്റി സ്കീം വഴി എന്തു തുക പിരിച്ചെടുക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വാറ്റ് കുടിശ്ശികയായി വ്യാപാരികളിൽനിന്നും 6,478.48 കോടി രൂപ ലഭിക്കാനുണ്ട്.

(ബി) ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

1. വാറ്റ് വ്യാപാരികൾക്ക് 2005-06 മുതൽ 2010-11 സാമ്പത്തിക വർഷം വരെയുള്ള നികുതി കുടിശ്ശിക പൂർണ്ണമായും അടച്ചാൽ കുടിശ്ശികയുടെ പലിശയും പിഴ തുകയുടെ 70%ഉം പിഴയുടെ പലിശയും ഇളവുചെയ്ത് നൽകുന്നതാണ്.

2. ഒരു വർഷത്തെ എല്ലാ കുടിശ്ശികകളും ഒരുമിച്ചാണ് സെറ്റിൽ ചെയ്യേണ്ടത്.

3. ഈ സ്കീം തെരഞ്ഞെടുക്കുന്നവർ കുടിശ്ശികയുമായി ബന്ധപ്പെട്ട് എല്ലാ ഫോറങ്ങളിലും നൽകിയിട്ടുള്ള കേസുകളും റിവിഷൻ അപ്പീലുകളും പിൻവലിക്കേണ്ടതാണ്.

4. നികുതി കുടിശ്ശികയും പലിശയും അപേക്ഷ തരുന്ന തീയതിവച്ച് കണക്കാക്കുന്നതാണ്.

5. ഈ കാലയളവിൽ കേന്ദ്ര വില്പന നികുതി പ്രകാരമുള്ള കുടിശ്ശികകളും ഈ സ്കീമിൽപ്പെടുത്തി തീർപ്പാക്കും.

(സി) വാറ്റ് ആംനസ്റ്റി സ്കീം വഴി 60.34 കോടി രൂപ പിരിച്ചെടുക്കാൻ കഴിഞ്ഞു.

## വാണിജ്യനികുതി വകുപ്പിൽനിന്ന് സ്ഥലംമാറ്റിയ ഉദ്യോഗസ്ഥർ

114(512) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതോടെ തസ്തിക കുറയ്ക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും ജില്ലയിൽ വാണിജ്യ നികുതി വകുപ്പിൽ നിന്ന് ഉദ്യോഗസ്ഥരെ സ്ഥലംമാറ്റിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും തസ്തികയും ജില്ലാ തിരിച്ച് നൽകാമോ;

(സി) ജില്ലാടിസ്ഥാനത്തിൽ നിയമിച്ചവരെ തസ്തിക റദ്ദ് ചെയ്ത് ജില്ലയ്ക്ക് പുറത്തേയ്ക്ക് നിയമിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) എങ്കിൽ ഇതുമൂലം അത്തരം ജില്ലകൾക്ക് തസ്തികയും ജീവനക്കാരുമാണ് നഷ്ടമാകുന്നതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഇ) താഴെത്തട്ടിൽ അന്വേഷണമോ പഠനമോ നടത്താതെയാണ് ഉദ്യോഗസ്ഥരെ കൂട്ടത്തോടെ ഇതര ജില്ലകളിലേയ്ക്ക് മാറ്റിയതെന്ന ആരോപണം ശരിയാണോ;

(എഫ്) മുകളിൽപ്പറഞ്ഞ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട പരാതികൾ ലഭിച്ചിട്ടുണ്ടോ;

(ജി) എങ്കിൽ ആരൊക്കെയാണ് പരാതികൾ നൽകിയതെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിൽ തസ്തിക കുറയ്ക്കുന്നതിനായി യാതൊരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയതോടെ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകളിൽ ഉണ്ടായിരുന്ന ജീവനക്കാരെ വകുപ്പിൽ പുനർവിന്യസിച്ചിട്ടുണ്ട്.

(ബി) ഇത് സംബന്ധിച്ച വിശദാംശം അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(സി) തസ്തികകൾ റദ്ദ് ചെയ്യിട്ടില്ല. ചെക്ക് പോസ്റ്റ് നിർത്തലാക്കുന്നതിന്റെ ഭാഗമായി ചില ജീവനക്കാരെ പുനർവിന്യസിച്ചതിന്റെ ഭാഗമായി ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റിയിട്ടുണ്ട്.

(ഡി) ജി.എസ്.ടി. നടപ്പിലാക്കിയതോടെ തസ്തികകൾ പുനർവിന്യസിച്ചതിന്റെ ഫലമായി ജില്ലാടിസ്ഥാനത്തിൽ തസ്തികകളുടെ എണ്ണത്തിൽ വ്യത്യാസം വന്നിട്ടുണ്ടെങ്കിലും സംസ്ഥാനതലത്തിൽ ചരക്ക് സേവന നികുതി വകുപ്പിൽ തസ്തികകളൊന്നുംതന്നെ നഷ്ടമായിട്ടില്ല.

(ഇ) ജി.എസ്.ടി.-യിൽ ചെക്ക് പോസ്റ്റുകൾ വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാൽ നിലവിലുണ്ടായിരുന്ന ജീവനക്കാരെ സംസ്ഥാനത്തിന്റെയും വകുപ്പിന്റെയും ഉത്തമ താല്പര്യത്തെ പരിഗണിച്ച് അടിയന്തര നടപടിയെന്ന നിലയിൽ പുനർവിന്യസിക്കുകയാണുണ്ടായത്. ഈ പുനർവിന്യാസത്തിന് മുൻപ് തസ്തികകളുടെ എണ്ണത്തെക്കുറിച്ചുള്ള വിലയിരുത്തലല്ലാതെ ജീവനക്കാരെക്കുറിച്ചുള്ള വ്യക്തിനിഷ്ഠ പഠനം നടത്തിയിട്ടില്ല.

(എഫ്) ഉണ്ട്.

(ജി) പരാതി നൽകിയവരുടെ വിശദാംശങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.* ക്ലർക്ക്, ഓഫീസ് അറ്റൻഡന്റ് തസ്തികകളിലെ ജീവനക്കാർ നൽകിയ പരാതികൾ പരിശോധിച്ച് നിലവിലുള്ള സ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കനുസൃതമായി ജീവനക്കാരുടെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പരാതികൾ പരിഗണിച്ച് അടിയന്തരമായി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് 19-1-2018-ലെ സ.ഉ.(സാധാ)46/2018/നി.വ. പ്രകാരം സംസ്ഥാന നികുതി കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന നികുതി ഓഫീസർമാർ സമർപ്പിച്ച പരാതികൾ പരിശോധിച്ചുവരുന്നു.

## സമാന്തര സ്വർണ്ണ വ്യാപാരം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ

115(513) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സമാന്തര സ്വർണ്ണ വ്യാപാരം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) വാണിജ്യ നികുതി വകുപ്പിന്റെ രജിസ്ട്രേഷനുള്ള എത്ര സ്വർണ്ണക്കടകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ)ഉണ്ട്.

(ബി) സ്വർണ്ണക്കള്ളക്കടത്തും അതിന്റെ വിപണനവും ഫലപ്രദമായി തടയുന്നതിനുവേണ്ടി ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം നിരന്തരമായി പരിശോധനകളും റെയ്ഡുകളും നടത്തിവരുന്നു. കണക്കിൽപ്പെടാത്ത സ്വർണ്ണാഭരണങ്ങൾ ജൂവലറി ഷോപ്പുകളിൽ എത്തുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനായി രഹസ്യാന്വേഷണങ്ങൾ നടത്താറുണ്ട്. കൂടാതെ റെയിൽവേ സ്റ്റേഷൻ, ബസ് സ്റ്റേഷൻ, ട്രാൻസ്പോർട്ട് ബസുകൾ എന്നിവ കേന്ദ്രീകരിച്ചും പരിശോധനകൾ നടത്തി വരുന്നുണ്ട്. ഇത്തരം പരിശോധനകളിൽ രേഖകളില്ലാതെ കടത്തിക്കൊണ്ടുവരുന്ന സ്വർണ്ണാഭരണങ്ങൾ പലപ്പോഴും പിടികൂടുകയും നിയമപ്രകാരമുള്ള നികുതി, പിഴ എന്നിവ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ സാമ്പത്തിക വർഷം നാളിതുവരെ രേഖകളില്ലാതെ കടത്തുവാൻ ശ്രമിച്ച 140.55 കിലോഗ്രാം സ്വർണ്ണം പിടിച്ചെടുത്തിട്ടുള്ളതും ആയതിന്മേലുള്ള നികുതി, പിഴ ഇനത്തിൽ 399.51 ലക്ഷം രൂപ സർക്കാർ ഖജനാവിലേക്ക് അടപ്പിച്ചിട്ടുള്ളതുമാണ്.

(സി) കേരളത്തിൽ രജിസ്ട്രേഷനുള്ള 5565 സ്വർണ്ണക്കടകൾ പ്രവർത്തിക്കുന്നുണ്ട്.

## അധികമായി ജി.എസ്.ടി. പിരിച്ചത്

116(514) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാപാരികളും ഹോട്ടലുകളും ഉപഭോക്താക്കളുടെ പക്കൽ നിന്നും അധികമായി ജി.എസ്.ടി. പിരിച്ചെടുത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി സംസ്ഥാനത്തെ കടകളിൽ നിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശമില്ല എന്ന ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവൽക്കരണം നടത്തുന്നുണ്ട്.

## കേരളത്തിൽ ജി.എസ്.ടി. നടപ്പിലാക്കിയതിന്റെ ഫലങ്ങൾ

117(515) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജി.എസ്.ടി. നടപ്പിലാക്കിയതു വഴി സംസ്ഥാനത്തിന് നികുതിയിനത്തിൽ മുൻ വർഷങ്ങളിൽ ലഭിച്ച നികുതിയുടെ തോതിൽ എന്തെങ്കിലും വ്യത്യാസം വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ എന്തൊക്കെ സാധനങ്ങളുടെ വിലയിൽ കുറവുണ്ടായി, എത്ര രൂപയുടെ കുറവുവീതം ഉണ്ടായിട്ടുണ്ട് എന്ന് ഇനം തിരിച്ച് വിശദമാക്കാമോ;

(സി) ജി.എസ്.ടി യുമായി ബന്ധപ്പെടുത്തി സാധനങ്ങളുടെമേൽ അമിതമായി വിലയീടാക്കി ജനങ്ങളെ കൊള്ളയടിക്കാൻ ഒരു വിഭാഗം വ്യാപാരികൾ ശ്രമം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ശ്രമങ്ങളെ തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ;

(ഡി) ഇത്തരം സംഭവങ്ങളുടെ പേരിൽ ഇതേവരെ എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഇ) സംസ്ഥാന സർക്കാരിന്റെ വരുമാനത്തിൽവന്ന കുറവ് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ ആണ് ഇതേവരെ സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. കേരളത്തിലെ മൊത്തം നികുതി വർദ്ധനവ് 2017 നവംബർ 30 വരെ 3.65 ശതമാനമാണ്. എന്നാൽ കേന്ദ്രത്തിൽ നിന്ന് ലഭിക്കുന്ന നഷ്ടപരിഹാരത്തുകയും കൂടി കണക്കിലെടുത്താൽ 14%വരും. ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തന ക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്.

(ബി) സാധനങ്ങളുടെ നികുതി നിരക്കിൽ നിരന്തരം മാറ്റമുണ്ടാകുന്നതിനാൽ ഇക്കാര്യത്തിൽ സ്ഥിരത ഉണ്ടായിട്ടില്ല. ആയതിനാൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ സാധനങ്ങളുടെ വിലയിലുണ്ടായ വ്യത്യാസം സംബന്ധിച്ച് ഇനം തിരിച്ച് വിശദമായ പഠനം നടത്തുവാൻ സാധിച്ചിട്ടില്ല.

(സി) ഉണ്ട്. നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലായതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താവിന് നല്കിയിട്ടില്ലെന്ന കാര്യം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനുള്ള പരിഹാരമായി നിയമത്തിൽ ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയ ആദ്യ മാസത്തിൽത്തന്നെ കേരളവും ഈ പ്രശ്നം ഗൗരവമായി എടുക്കുകയും ജി.എസ്.ടി കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ നടന്ന 25-ാമത് ജി.എസ്.ടി. കൗൺസിൽ മീറ്റിംഗിലും സംസ്ഥാനം ഈ പ്രശ്നം ശക്തമായി ഉന്നയിച്ചിട്ടുണ്ട്. കൂടാതെ കേരളം ഇതിനകംതന്നെ ഇത്തരം മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ാളം ഉല്പാദകരുടെയും വില്പനക്കാരുടേയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. അടുത്തപടിയായി 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധന നടത്തിയിട്ടുണ്ട്. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്ത വ്യാപാരികളുടെയും വിവരം ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റീറിംഗ് അതോറിറ്റിക്ക് കൈമാറുന്നതാണ്.

(ഡി) കേസ്സെടുത്തിട്ടില്ല.

(ഇ) ജി.എസ്.ടി. നടപ്പിലായതിനെത്തുടർന്ന് സംസ്ഥാനങ്ങൾക്ക് 5 വർഷത്തിലുണ്ടാകുന്ന നികുതി നഷ്ടം പരിഹരിക്കുന്നതിനായി വ്യക്തമായ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് പാർലമെന്റ് പാസാക്കിയിട്ടുണ്ട്. ഇതുപ്രകാരം 2015-16-ലെ കളക്ഷന്റെ 14% വർദ്ധനവ് കണക്കിൽ 2017-18-ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും ജി.എസ്.ടി കളക്ഷനും, ആമാസം ലഭിച്ച എൽ.എൻ.ജി. ഒഴിച്ചുള്ള വാറ്റ് കളക്ഷനും കുട്ടിക്കഴിച്ചുള്ള ബാക്കി തുകയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും, സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. നവംബർ-ഡിസംബർ മാസങ്ങളിലേത് ഉടൻ ലഭ്യമാകും. ആയതിനാൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല.

**ഹോട്ടലുകളിലെ ജി.എസ്.ടി. ചുമത്തൽ**

118(516) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിക്ക ഹോട്ടലുകളിലും ഭക്ഷണപദാർത്ഥങ്ങൾക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെ, ജി.എസ്.ടി. ചുമത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തെല്ലാം നടപടി സ്വീകരിയ്ക്കുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ കടകളിൽനിന്നും വ്യാപകമായി ബില്ലുകൾ ശേഖരിക്കുകയും കോമ്പൗണ്ടിംഗ് രീതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് നികുതി പിരിക്കാൻ അവകാശമില്ല എന്ന് ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. കച്ചവടക്കാരുടെ രജിസ്ട്രേഷൻ സംബന്ധിച്ച് പൊതുജനങ്ങൾ അറിയുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. മാസ് മീഡിയ വഴിയും ഇതിനുവേണ്ട ബോധവൽക്കരണം നടത്തുന്നുണ്ട്.

## നോട്ട് നിരോധനം

119(517) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നോട്ടുനിരോധനം നടപ്പിലാക്കിയതുമൂലം 2017 വർഷത്തിൽ സാമ്പത്തിക മാന്ദ്യം അനുഭവപ്പെട്ടതിലൂടെ സംസ്ഥാനത്തെ റവന്യൂ വരുമാനത്തിൽ എത്ര ശതമാനം കുറവുവന്നിട്ടുണ്ടാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) ജി,എസ്.ടി. നടപ്പിലാക്കിയതുവഴി ലഭ്യമാകും എന്ന് പ്രതീക്ഷിച്ച റവന്യൂ വരുമാനത്തിൽ എത്ര ശതമാനം കുറവുവന്നു എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(സി) റവന്യൂവരുമാനത്തിൽ ഉണ്ടായ കുറവ് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോട്ട് നിരോധനം സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തെ എത്രത്തോളം പ്രതികൂലമായി ബാധിച്ചുവെന്ന കൃത്യമായ കണക്കുകൾ ലഭ്യമല്ല. എന്നിരുന്നാലും 2016-17 ബജറ്റിൽ സംസ്ഥാനത്തിന്റെ തനതുനികുതി വരുമാനമായി പ്രതീക്ഷിച്ചിരുന്നത് 47,613.61 കോടി രൂപയായിരുന്നു. എന്നാൽ 42,176.43 കോടി രൂപ മാത്രമാണ് ഈ ഇനത്തിൽ സർക്കാരിന് ലഭിച്ചത്.

(ബി&സി) കോമ്പൻസേഷൻ നിയമപ്രകാരമുള്ള നഷ്ടപരിഹാരം കൂടി കണക്കിലാക്കുമ്പോൾ ജി.എസ്.ടി. വരുമാനത്തിൽ 14% വർദ്ധനവ് രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ ജി.എസ്.ടി.യിൽ സംസ്ഥാനം പ്രതീക്ഷിച്ച വരുമാനത്തേക്കാൾ കുറവുണ്ടായിട്ടുണ്ട്. അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം ജൂലൈ 31 വരെയുള്ള കാലയളവിൽ വില്പന നികുതി (മൂല്യവർദ്ധിത നികുതി അടക്കം) മുൻവർഷത്തെക്കാൾ 6.36% വളർച്ച രേഖപ്പെടുത്തിയപ്പോൾ ചരക്കു സേവന നികുതി പ്രാബല്യത്തിൽ വന്നതിനുശേഷമുള്ള 2017 ആഗസ്റ്റ് മുതൽ നവംബർ 30 വരെയുള്ള കാലയളവിൽ വളർച്ച (വില്പനനികുതി+ ചരക്കു സേവന നികുതി) 1.33% ആയി ഇടിയുകയുണ്ടായി. 2016-17-ൽ ആയത് യഥാക്രമം 7.04%വും 13.13%വും ആയിരുന്നു. 2017-18-ൽ 20% വളർച്ച പ്രതീക്ഷിച്ചിരുന്ന വില്പനനികുതിയിൽ (വാറ്റ്/ജി.എസ്.ടി. സഹിതം) 2017 നവംബർ 30 വരെ കുറിച്ചിരിക്കുന്ന വർദ്ധനവ് 3.65% മാത്രമാണ്. 2016-17 -ൽ ഇത് 10.24% ആയിരുന്നു. അതേ സമയം പ്രസ്തുത നികുതി കഴിച്ചുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം ടി കാലയളവിൽ 11.42% വർദ്ധനവ് കൈവരിക്കുകയുണ്ടായി. ധനഅച്ചടക്കം പാലിച്ചും വരുമാന വർദ്ധനവ് കൈവരിച്ചും ഈ കുറവ് പരിഹരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

## ട്രെയിനുകളിൽ വിൽക്കുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ ജി.എസ്.ടി. വിഹിതം

120(518) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽക്കൂടി ഓടുന്ന ട്രെയിനുകളിൽ വില്പന നടത്തുന്ന ഭക്ഷണ പദാർത്ഥങ്ങളുടെയും മറ്റും ജി. എസ്. ടി. വിഹിതം സംസ്ഥാനത്തിന് ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

ജി.എസ്.ടി. നിയമമനുസരിച്ച് ട്രെയിനുകളിൽ വില്പന നടത്തുന്നതിനായി കേരളത്തിൽനിന്ന് ട്രെയിനുകളിലേക്ക് കയറ്റുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ നികുതി സംസ്ഥാന സർക്കാരിന് ലഭിക്കേണ്ടതാണ്. ഇത് സംബന്ധമായ കണക്ക് ഇപ്പോൾ ലഭ്യമല്ല.

## ആക്രിസാധനങ്ങൾക്ക് ജി.എസ്.ടി.

121(519) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആക്രിസാധനങ്ങൾക്ക് 15% ജി.എസ്.ടി. ഏർപ്പെടുത്തിയതിനാൽ പാഴ്വസ്തുകളുടെ ശേഖരണം തടസ്സപ്പെടുന്നതായുള്ള പരാതി സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ ആക്രിസാധനങ്ങൾക്ക് 18%, 12% എന്നിങ്ങനെയായിരുന്നു നികുതി. എന്നാൽ പാഴ് വസ്തുക്കളുടെ ശേഖരണം തടസ്സപ്പെടാതിരിക്കുന്നതിനായി കേരളം ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് പരിസ്ഥിതി ആഘാതമുണ്ടാക്കുന്ന ഇ-വേസ്റ്റ്, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവയുടെ നികുതി 5% ആയി കുറച്ചിട്ടുണ്ട്. റീസൈക്ലിംഗ് പ്ലാന്റുകൾക്ക് ഈ നികുതി ഇൻപുട്ട് ടാക്സ് ക്രെഡിറ്റായി ലഭിക്കും.

## സാമ്പത്തികമാന്ദ്യംമൂലമുള്ള ട്രഷറി നിയന്ത്രണം

122(520) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പുസാമ്പത്തികവർഷം സാമ്പത്തികമാന്ദ്യം മൂലം എത്ര തവണ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്; അവ ഏതെല്ലാം തീയതികളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പിൽനിന്നുള്ള ബില്ലുകൾ യഥാസമയം മാറി നൽകാനാകാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

(സി) ബില്ലുകൾ യഥാസമയം മാറിനൽകുന്നതിലേക്കായി പൊതുമരാമത്ത് വകുപ്പിൽനിന്നും ധനകാര്യ വകുപ്പിന് കത്തുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇത്തരമൊരു സ്ഥിതിവിശേഷമുണ്ടാകാൻ കാരണം എന്തെന്നാണ് ധനകാര്യ വകുപ്പ് വിലയിരുത്തിയിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ പ്രതിമാസ വരുമാനം നിശ്ചിതവും എന്നാൽ ചെലവുകൾക്ക് ബജറ്റിലൂടെയുള്ളതല്ലാതെ മറ്റ് നിയന്ത്രണങ്ങളൊന്നുമില്ലാത്തതിനാൽ വരവിനനുസരിച്ച് ട്രഷറി മുഖേനയുള്ള ചെലവുകൾ ക്രമപ്പെടുത്തേണ്ടത് സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അത്യന്താപേക്ഷിതവും കാലാകാലങ്ങളായി തുടർന്നു പോരുന്ന ഒരു നടപടിക്രമവുമാണ്. ചരക്കു സേവന നികുതി നടപ്പിലാക്കിയതിന്റെ തുടർച്ചയായി ഉടലെടുത്ത ലിക്വിഡിറ്റി പ്രതിസന്ധി തരണം ചെയ്യുന്നതിന് ആവശ്യമായ നിയന്ത്രണങ്ങൾ ട്രഷറി വിനിമയങ്ങളിൽ 2017 നവംബർ-ഡിസംബർ മാസങ്ങളിൽ ഏർപ്പെടുത്തിയിരുന്നു. എന്നാൽ നിലവിൽ പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ 5 കോടി രൂപ വരെയുള്ള ബിൽ തുകകൾ ട്രഷറിയിൽ നിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല.

(ബി&സി) ബില്ലുകൾ മാറുന്നതിലേയ്ക്കായി പൊതുമരാമത്ത് വകുപ്പിൽ നിന്നും ലെറ്റർ ഓഫ് ക്രെഡിറ്റ് പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുക അനുവദിച്ചുവരുന്നു. സ്റ്റേറ്റ് സീനിയോരിറ്റി പ്രകാരം 2017 സെപ്റ്റംബർ വരെയുള്ള ബില്ലുകളുടെ വിശദാംശങ്ങൾ/പ്രൊപ്പോസൽ ധനവകുപ്പിൽ ലഭ്യമാക്കിയിട്ടുണ്ട്. മേയ് 2017 വരെയുള്ള ബില്ലുകൾക്ക് സ്റ്റേറ്റ് സീനിയോറിറ്റി പ്രകാരം ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. നിലവിൽ അവശേഷിക്കുന്ന കുടിശികയും മുൻഗണനാക്രമത്തിൽ തന്നെ അനുവദിക്കുന്നതാണ്.

## ട്രഷറികളിൽ എ.റ്റി.എം. സൗകര്യം

123(521) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെങ്കിലും ട്രഷറികളിൽ എ.റ്റി.എം. സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എല്ലാ ജില്ലാ ട്രഷറികളിലും എ.റ്റി.എം. സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ;

(ബി) പെൻഷൻകാരുടെയും വയോജനങ്ങളുടെയും സൗകര്യാർത്ഥം ട്രഷറി കെട്ടിടങ്ങളുടെ ഗ്രൗണ്ട് ഫ്ലോറിൽ പ്രത്യേക കൗണ്ടറുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ?

ഉത്തരം

(എ) നിലവിൽ സംസ്ഥാനത്തെ ഒരു ട്രഷറിയിലും എ.റ്റി.എം. സൗകര്യം ഏർപ്പെടുത്തിയിട്ടില്ല. ട്രഷറികളിൽ എ.റ്റി.എം. സൗകര്യം നടപ്പിലാക്കുന്നതിനുള്ള സാങ്കേതികമായ കാര്യങ്ങൾ ചർച്ചചെയ്തു വരികയാണ്.

(ബി) പെൻഷൻകാരുടെയും വയോജനങ്ങളുടെയും സൗകര്യാർത്ഥം ട്രഷറി കെട്ടിടങ്ങളുടെ ഗ്രൗണ്ട് ഫ്ലോറിൽ തന്നെയാണ് ട്രഷറി പ്രവർത്തിക്കുന്നത്. അല്ലാത്ത ഇടങ്ങളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രത്യേക കൗണ്ടറുകൾ ഗ്രൗണ്ട് ഫ്ലോറിൽ ആരംഭിക്കുന്നത് പരിഗണിക്കുന്നതാണ്.

## കായംകുളം സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

124(522) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം സബ്ട്രഷറി കെട്ടിടം കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിൽ ആണെന്നും പ്രസ്തുത കെട്ടിടത്തിൽ നിലവിൽ മതിയായ സ്ഥലസൗകര്യങ്ങൾ ഇല്ല എന്നുമുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സബ്ട്രഷറിക്കായി ആധുനിക സൗകര്യങ്ങളോടു കൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കായംകുളം സബ്ട്രഷറി കെട്ടിടത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ അടിയന്തര അറ്റകുറ്റപ്പണികൾ കെട്ടിടത്തിൽ നടത്തിയിട്ടുണ്ട്. പ്രസ്തുത സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ആവശ്യകത പരിശോധിച്ച് വരികയാണ്.

## പയ്യന്നൂർ സബ്ട്രഷറി കെട്ടിട നിർമ്മാണം

125(523) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ സബ്ബ് ട്രഷറി കെട്ടിട നിർമ്മാണം ഡി.പി.ആർ. തയ്യാറാക്കാൻ INKEL (ഇൻകെൽ)-നെ ചുമതലപ്പെടുത്തിയോ; എങ്കിൽ അതിന്റെ തുടർ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ. പരിശോധിച്ച് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ;

(സി) സബ്ബ് ട്രഷറി കെട്ടിട നിർമ്മാണത്തിന് ഏത് വിഭാഗത്തിൽ നിന്നാണ് ഫണ്ട് നീക്കിവെച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) പയ്യന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഇൻകെൽ ഡി.പി.ആർ. തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ആയത് രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒന്നാംഘട്ടത്തിൽ ഭരണാനുമതി നൽകിയ കെട്ടിടങ്ങളുടെ സാങ്കേതികാനുമതി നൽകുന്നത് സംബന്ധിച്ച് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ. ഇൻകെൽ സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് TS അനുമതി ലഭ്യമാകുന്ന മുറയ്ക്ക് രണ്ടാംഘട്ടത്തിൽ പരിഗണിക്കുവാൻ സമർപ്പിച്ച പയ്യന്നൂർ സബ്ട്രഷറി കെട്ടിടം സംബന്ധിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിക്കായി (TIDP) '2054-00-095-96 അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തലും എ.റ്റി.എം-ഉം സെൻട്രൽ സെർവർ സംവിധാനം നടപ്പിലാക്കലും (പ്ലാൻ)' എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നുമാണ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി തുക ചെലവഴിക്കുന്നത്.

## പഴയങ്ങാടി സബ്ട്രഷറി കെട്ടിട നിർമ്മാണം

126(524) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 27-1-2011-ൽ ഭരണാനുമതി ലഭിച്ചതും ഇൻകെൽ ഉപേക്ഷിച്ചതുമായ പഴയങ്ങാടി സബ്-ട്രഷറി കെട്ടിടനിർമ്മാണം, 16-7-2017-ലെ പുതിയ ഉത്തരവ് പ്രകാരം ഇൻകെൽ മുഖേന വീണ്ടും നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കെട്ടിടനിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ആദ്യഘട്ടത്തിൽ 10 ട്രഷറികൾക്ക് വേണ്ടി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി 16-7-2017-ലെ G.O (Rt) No.5721/2017/Fin ഉത്തരവ് പ്രകാരം സർക്കാർ നൽകിയിട്ടുണ്ട്. പ്രസ്തുത 10 ട്രഷറികളിലൊരെണ്ണം പഴയങ്ങാടി സബ്ട്രഷറിയാണ്. എന്നാൽ 27-10-2017-ൽ കൂടിയ ടെക്നിക്കൽ കമ്മിറ്റി മീറ്റിംഗിൽ ഇൻകെൽ സമർപ്പിച്ചിട്ടുള്ള ഡി.പി.ആർ. പരിശോധിക്കുകയും പ്രസ്തുത ഡി.പി.ആർ-ൽ സാങ്കേതിക ന്യൂനതകൾ കണ്ടെത്തുകയും ആയത് പരിഹരിക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണാനുമതി ഉൾപ്പെടെ ലഭിച്ചതിനു ശേഷം പുതുക്കിയ ഡി.പി.ആർ സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരം ന്യൂനതകൾ പരിഹരിച്ച പുതുക്കിയ ഡി.പി.ആർ ലഭ്യമാക്കിയിട്ടില്ല.

(ബി) ബാധകമല്ല.

**പെൻഷൻ സബ്ട്രഷറി ഓഫീസിന് കെട്ടിടം**

127(525) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തലശ്ശേരിയിൽ പെൻഷൻ സബ്ട്രഷറി ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ട്രഷറി അടിസ്ഥാന സൗകര്യവികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ തലശ്ശേരി പെൻഷൻ പേമെന്റ് സബ്ട്രഷറി ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാനാവശ്യമായ ഭരണാനുമതി ലഭിച്ചതിനെത്തുടർന്ന് ഇൻകെൽ എഞ്ചിനീയർമാർ തലശ്ശേരി പെൻഷൻ പേമെന്റ് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലം സന്ദർശിക്കുകയും, എന്നാൽ സ്ഥലപരിമിതിമൂലം നിർദ്ദിഷ്ട സ്ഥലത്ത് പ്രസ്തുത ട്രഷറിക്ക് കെട്ടിടം നിർമ്മിക്കാൻ കഴിയില്ലെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലം ഈ വകുപ്പിന് ലഭിക്കുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി

128(526) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ സ്ഥല സൗകര്യങ്ങൾ കുറവായതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) പള്ളുരുത്തി വില്ലേജാഫീസിനു സമീപത്തുള്ള സ്ഥലം സബ്ട്രഷറി സ്ഥാപിക്കുന്നതിനായി ലഭിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പള്ളുരുത്തി സബ്ട്രഷറി ഓഫീസിലെ സ്ഥലസൗകര്യങ്ങൾ കുറവായതിനാൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പള്ളുരുത്തി വില്ലേജ് ഓഫീസിന് സമീപമുള്ളതും രാമേശ്വരം വില്ലേജിൽപ്പെടുന്നതുമായ സർവ്വേ നമ്പർ 1022-ൽപ്പെട്ട 7 സെന്റ് സ്ഥലം ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിനായി കൈമാറ്റം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ എറണാകുളം ജില്ലാ ട്രഷറി ഓഫീസർ, എറണാകുളം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത സ്ഥലം 20 വർഷത്തേക്ക് ലീസിന് നൽകിയിട്ടുള്ളതായും പാട്ടക്കാരൻ ലീസ് വ്യവസ്ഥകൾ ലംഘിച്ചതിനാൽ ഭൂമി തിരിച്ചെടുക്കുന്നത് സംബന്ധിച്ച നടപടിയുമായി ബന്ധപ്പെട്ട് കേസ് നിലവിലുള്ളതിനാൽ കേസിന്റെ നടപടിക്രമവും ലീസ് നടപടിയും റദ്ദ് ചെയ്തതിനുശേഷം മാത്രമേ ഭൂമികൈമാറ്റം സാധ്യമാവുകയുള്ളൂ എന്ന് എറണാകുളം ജില്ലാ കളക്ടർ, എറണാകുളം ജില്ലാ ട്രഷറി ഓഫീസറെ അറിയിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ നടപടി

129(527) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂരിൽ സബ്ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സൗജന്യമായി ഭൂമി ലഭ്യമാക്കിയിട്ടുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ:

(ബി) പ്രസ്തുത ഭൂമിയിൽ സബ്ട്രഷറിയ്ക്കായി കെട്ടിടം നിർമ്മിക്കുവാനുള്ള നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വ്യക്തമാക്കാമോ:

(സി) ട്രഷറി അടിസ്ഥാന സൗകര്യവികസനപദ്ധതിയിൽ ഉൾപ്പെടുത്തി ഇൻകെൽ മുഖേന ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ടിന്റെ രണ്ടാംഘട്ടത്തിലെ പ്രോജക്ട് റിപ്പോർട്ടും ശിപാർശയും ട്രഷറി ഡയറക്ടറേറ്റിൽനിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ചാത്തന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഇൻകെൽ ഡി.പി.ആർ. തയ്യാറാക്കി ലഭ്യമാക്കിയിട്ടുണ്ട്. ആയത് രണ്ടാം ഘട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഒന്നാംഘട്ടത്തിൽ ഭരണാനുമതി നൽകിയ കെട്ടിടങ്ങളുടെ സാങ്കേതികാനുമതി നൽകുന്നത് സംബന്ധിച്ച് ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ച പ്രകാരമുള്ള പുതുക്കിയ ഡി.പി.ആർ. ഇൻകെൽ സമർപ്പിച്ചിട്ടില്ല. ആയതിനാൽ ഒന്നാംഘട്ട പ്രവർത്തനങ്ങൾക്ക് TS അനുമതി ലഭ്യമാകുന്നമുറയ്ക്ക് രണ്ടാംഘട്ടത്തിൽ പരിഗണിക്കുവാൻ സമർപ്പിച്ച ചാത്തന്നൂർ സബ്ട്രഷറി കെട്ടിടം ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

## സർവ്വകലാശാലകളുടെ സാമ്പത്തിക നിയന്ത്രണം

130(528) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാല സ്വന്തംനിലയ്ക്ക് കൈകാര്യം ചെയ്തിരുന്ന പദ്ധതിയേതര വിഹിതത്തിലെ ഇടപാടുകൾ ട്രഷറിവഴി നടത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) സർവ്വകലാശാലകളുടെ സാമ്പത്തിക നിയന്ത്രണം സർക്കാർ ഏറ്റെടുക്കുന്നതിനുണ്ടായ കാരണമെന്താണ്; വിശദമാക്കുമോ;

(സി) സർവ്വകലാശാല നിയമത്തിനും ചട്ടത്തിനും വിരുദ്ധമായ ഈ നീക്കം സർവ്വകലാശാലകളുടെ സ്വയംഭരണാവകാശം ഹനിക്കുന്ന ഒന്നാകയാൽ ഇത് പുനഃപരിശോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്.) നടപ്പിലാക്കിയതിന്റെ ഭാഗമായി ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള കേന്ദ്രീകൃത സംവിധാനവും, റിസർവ് ബാങ്കിന്റെ പേമെന്റ് പോർട്ടലായ ഇ-കുബേർ-മായുള്ള സംയോജനവും സംസ്ഥാന ട്രഷറിയിൽ ഏർപ്പെടുത്തി. അതിന്റെ ഫലമായി നിലവിൽ ബാങ്കുകളിൽ നടക്കുന്ന നൂതനമായ ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ട്രഷറികളിൽ ലഭ്യമാണ്. ടി പശ്ചാത്തലത്തിലും സർക്കാർ ഫണ്ടുകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ അനാവശ്യമായി സൂക്ഷിക്കുന്ന പ്രവണതക്ക് വിരാമമിടുകയെന്ന ലക്ഷ്യത്തിലും സർക്കാർ വകുപ്പ്/ പൊതുമേഖലാ സ്ഥാപനം/ സ്വയംഭരണ സ്ഥാപനം/ ബോർഡ്/ കോർപ്പറേഷൻ/തദ്ദേശ സ്വയംഭരണ സ്ഥാപനം/ യൂണിവേഴ്സിറ്റി എന്നിവയുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സർക്കാർ ഫണ്ട് മാറ്റുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഗുണഭോക്താവിന് പണം കൈമാറുന്നതിന് ടി നിയന്ത്രണം ബാധകമല്ല. പൊതുപണം അതത് സാമ്പത്തിക വർഷത്തിൽത്തന്നെ കാലതാമസം കൂടാതെ അർഹതപ്പെട്ട ഗുണഭോക്താക്കളിലെത്തിക്കുന്നതിനും നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായി വർഷങ്ങളോളം സർക്കാർ ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനുംവേണ്ടിയാണ് മേൽ നടപടി കൈക്കൊണ്ടിട്ടുള്ളത്. മുകളിൽ പ്രതിപാദിച്ച നടപടിയല്ലാതെ സർവ്വകലാശാലകളുടെ സാമ്പത്തിക നിയന്ത്രണം ഏറ്റെടുക്കുകയോ, സർവ്വകലാശാലകൾക്ക് മാത്രമായി പ്രത്യേക സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**ഭാഗ്യക്കുറി സമ്മാനത്തുക നൽകുന്നതിന് കാലതാമസം**

131(529) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒരു ലക്ഷത്തിന് മുകളിലുള്ള ഭാഗ്യക്കുറി സമ്മാനത്തുകകൾ മാസങ്ങൾ പിന്നിട്ടിട്ടും നൽകാത്ത സാഹചര്യം നിലവിലുണ്ടോ;

(ബി) ഓണം ബമ്പർ ഒന്നാം സമ്മാനമായ പത്ത് കോടി രൂപ ഈവിധം മാസങ്ങൾ പിന്നിട്ടിട്ടും നൽകിയില്ലെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ലോട്ടറിയിൽ നിന്നുള്ള വരുമാനം സർക്കാർ വകമാറ്റി ചെലവഴിക്കുന്നതാണ് സമ്മാനത്തുകകൾ നൽകുന്നതിന് താമസമുണ്ടാക്കുന്നതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഭാഗ്യക്കുറിയിൽനിന്ന് ആഴ്ചയിൽ എത്ര കോടി രൂപ സർക്കാരിന് വരുമാനമുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

## ഉത്തരം

(എ) സമ്മാനത്തുക ലഭ്യമാക്കുന്നതിന് ലോട്ടറി നിയമം അനുശാസിക്കുന്ന ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കുന്ന സമ്മാന ടിക്കറ്റുകൾക്ക് നിയമാനുസൃത സമയപരിധിക്കുള്ളിൽ സമ്മാന വിതരണം നടത്തിവരുന്നു.

(ബി) തിരുവോണം ബമ്പറിന്റെ ഒന്നാം സമ്മാനം ലഭിച്ച ടിക്കറ്റ് നിയമപ്രകാരം ആവശ്യമായ രേഖകൾ സഹിതമല്ല സമർപ്പിക്കപ്പെട്ടത്. പ്രസ്തുത രേഖകൾ ലഭിച്ചതിനെത്തുടർന്ന് 22-12-2017-ൽ സമ്മാനാർഹന് പണം നൽകിയിട്ടുണ്ട്.

(സി) ലോട്ടറിയുടെ വിറ്റുവരവ് സംസ്ഥാന സഞ്ചിത നിധിയിലേയ്ക്ക് അടയ്ക്കുകയും ലോട്ടറി സമ്മാനം തുടങ്ങിയ ചെലവുകൾക്ക് അതിനായി പണം വകയിരുത്തിയിരിക്കുന്ന കണക്ക് ശീർഷകത്തിൽനിന്ന് പണം പിൻവലിച്ച് നൽകുകയുമാണ് ചെയ്യുന്നത്. കേന്ദ്ര ലോട്ടറി നിയന്ത്രണ നിയമമനുസരിച്ച് ലോട്ടറി വിറ്റുവരവ് പൂർണ്ണമായും ട്രഷറിയിൽ അടയ്ക്കുകയും ചെലവുകൾക്ക് പ്രത്യേക ബഡ്ജറ്റ് കണക്കിൽ നിന്ന് പണം കണ്ടെത്തുകയും ചെയ്യണം. ഇങ്ങനെയാണ് സംസ്ഥാന ഭാഗ്യക്കുറി പ്രവർത്തിക്കുന്നത്.

(ഡി) ഭാഗ്യക്കുറി ടിക്കറ്റുകളുടെ വിൽപ്പനയിലൂടെ സർക്കാരിന് ആഴ്ചയിൽ ഏകദേശം 180 കോടി രൂപയുടെ വരുമാനം ലഭിക്കുന്നുണ്ട്.

## സംസ്ഥാന ലോട്ടറി വകുപ്പിലെ വിറ്റുവരവ്

132(530) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ലോട്ടറി വകുപ്പിന്റെ 2017 ലെ വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) 2017-ൽ ലോട്ടറി ടിക്കറ്റ് വില്പനയിലൂടെ എത്ര രൂപ ലാഭവിഹിതമായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കാരുണ്യ ചികിത്സാ ധനസഹായം ആയി 2017-ൽ എത്ര രൂപ രോഗികൾക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്എന്ന് വ്യക്തമാക്കുമോ;

(ഡി) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതി വിപുലീകരിച്ച് ജീവിതശൈലി രോഗങ്ങൾക്കുകൂടി ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാന ഭാഗ്യക്കുറി വകുപ്പിന്റെ 2017 ജനുവരി മുതൽ ഡിസംബർ വരെയുള്ള വിറ്റുവരവ് 8468.6 കോടി രൂപയാണ്.

(ബി) 2017-ജനുവരി മുതൽ ഡിസംബർ വരെ ടിക്കറ്റ് വിൽപ്പനയിലൂടെ 1780.39 കോടി രൂപ ലാഭവിഹിതമായി ലഭിച്ചിട്ടുണ്ട്.

(സി) കാരുണ്യ ചികിത്സാ ധനസഹായമായി 2017-ൽ 246.43 കോടി രൂപ രോഗികൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള ചികിത്സാ സഹായ പദ്ധതികൾ കൂട്ടിയോജിപ്പിച്ച് സമഗ്ര ആരോഗ്യ സുരക്ഷാ പരിപാടി നടപ്പിലാക്കുന്ന ഘട്ടത്തിൽ ഇക്കാര്യവും പരിശോധിക്കുന്നതാണ്.

## കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ

133(531) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ഏതെല്ലാം മേഖലകൾക്കാണ് വായ്പ അനുവദിക്കുന്നത് എന്ന് വിശദീകരിക്കാമോ;

(ബി) വായ്പക്ക് സ്വീകരിച്ചുവരുന്ന പലിശ നിരക്കിനെക്കുറിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 1951-ലെ എസ്.എഫ്.സി. ആക്ട് 2 (സി)-യിൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള വ്യവസായ സേവന മേഖലകൾക്കാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ അനുവദിക്കുന്നത്.

(ബി) 1-1-2018 മുതൽ ഉൽപ്പാദന മേഖലയിൽ 10%-ഉം സേവന മേഖലയിൽ 10.5%-ഉം, ക്രഷർ മേഖലയിൽ 11%-ഉം, നിർമ്മാണ മേഖലയിൽ (സി ആർ ഇ) 11.5%-ഉം ആണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ കുറഞ്ഞ വായ്പാനിരക്ക്.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

134(532) <u>ശ്രീ. കെ. എം. മാണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികൾക്ക്,കെ.എസ്.എഫ്.ഇ. ഇപ്പോൾ നടത്തുന്ന എല്ലാ ചിട്ടികളിലും അംഗമാകുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമാണ്;

(ബി) പ്രവാസി ചിട്ടിയെടുക്കുന്നവർക്ക് പെൻഷൻ നൽകുമെന്ന് കെ.എസ്.എഫ്.ഇ. പറയുന്നത് സർക്കാരിന്റെ അനുവാദത്തോടുകൂടിയാണോ; വ്യക്തമാക്കുമോ;

(സി) പ്രവാസികളെ കെ.എസ്.എഫ്.ഇ നടത്തുന്ന ചിട്ടികളിലെ ജി.എസ്.ടി.-യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം അറിയിക്കാമോ?

ഉത്തരം

(എ) പ്രവാസികൾക്ക് കെ.എസ്.എഫ്.ഇ. ചിട്ടികളിൽ അംഗമാകുന്നതിന് നിയമതടസ്സമില്ല.

(ബി) പ്രവാസി ചിട്ടിയിൽ ചേരുന്നവർക്ക് അവരുടെ ചിട്ടി വിളിച്ചെടുക്കുന്ന തുക ലൈഫ് ഇൻഷ്വറൻസ് കമ്പനിയുടെ പെൻഷൻ ഫണ്ടിലേക്ക് മാറ്റി അതുവഴി ഇത് സംബന്ധിച്ച ആവർത്തന പെൻഷൻ കരസ്ഥമാക്കാനുള്ള ഒരു അവസരം നൽകാൻ ഉദ്ദേശിക്കുന്നുണ്ട്. അന്തിമരൂപം ആയിട്ടില്ല, ഇത് ഓപ്ഷൻ പദ്ധതി മാത്രമാണ്.

(സി) പ്രവാസികളെ കെ.എസ്.എഫ്.ഇ. നടത്തുന്ന ചിട്ടികളിലെ ജി.എസ്.ടി-യിൽ നിന്ന് ഒഴിവാക്കിയിട്ടില്ല.

## പ്രവാസി ചിട്ടിയിലൂടെ ധനസമാഹരണം

135(533) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കിഫ്ബിയിലേക്ക് ധനസമാഹരണത്തിന് വിഭാവനംചെയ്ത പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടെങ്കിൽ അതിലൂടെ എത്ര തുക സമാഹരിക്കാൻ സാധിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2017-18-ലെ ബജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇ യുമായി ചേർന്ന് പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ട്. രണ്ടുലക്ഷം മുതൽ 25 ലക്ഷം രൂപ വരെ സലയുള്ള ചിട്ടികളാണ് നിലവിൽ കിഫ്ബിക്കു വേണ്ടി സംസ്ഥാന സർക്കാർ കെ.എസ്.എഫ്.ഇ.-യുമായി

ചേർന്ന് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ആദ്യവർഷംതന്നെ ഒരു ലക്ഷം പ്രവാസികളെയെങ്കിലും ചിട്ടിയിൽ ചേർക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കു ന്നതിനുള്ള പ്രവൃത്തികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

136(534) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികൾ വഴിയാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) കേരളത്തിന് പുറത്തുള്ള ഏതെല്ലാം ആശുപത്രികളെയാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങളെയാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത രോഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഒ. പി. ചികിത്സയ്ക്കുള്ള ഇൻഷ്വറൻസ് പരിധി എത്രയാണെന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി 24-4-2017-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വരുന്നുണ്ടെങ്കിലും ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

137(535) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കാനുദ്ദേ ശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി നടത്തിപ്പിനായി ഏതെല്ലാം ഇൻഷ്വറൻസ് കമ്പനികളാണ് സർക്കാരിനെ സമീപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പദ്ധതി നടത്തിപ്പിനായി ഏതെങ്കിലും ഇൻഷ്വറൻസ് കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി 24-4-2017-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയാക്കി ഇൻഷ്വറൻസ് കമ്പനിയെ തെരഞ്ഞെടുത്ത് കരാർ ഒപ്പിടുന്നമുറയ്ക്ക് പദ്ധതി പ്രാബല്യത്തിൽ വരുന്നതാണ്.

(ബി) സർക്കാർ താല്പര്യപത്രം ക്ഷണിച്ചതിൻ പ്രകാരം ഓറിയന്റ് ഇൻഷ്വറൻസ് കമ്പനി, ദി ന്യൂ ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, യുണൈറ്റഡ് ഇന്ത്യാ ഇൻഷ്വറൻസ് കമ്പനി, റിലയൻസ് ജനറൽ ഇൻഷ്വറൻസ്, ബജാജ് അലൈൻസ് ജനറൽ ഇൻഷ്വറൻസ് എന്നീ കമ്പനികളാണ് മുന്നോട്ടുവന്നിട്ടുള്ളത്.

(സി) ഇല്ല.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

138(536) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഏർപ്പെടുത്തുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ജീവനക്കാർക്കും പെൻഷൻകാർക്കും ഏതൊക്കെ ചികിത്സ ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്നും ഏതൊക്കെ ആശുപത്രികളിലെ ചികിത്സയാണ് ഉൾപ്പെടുത്തുന്നതെന്നും അറിയിക്കാമോ;

(സി) ജീവനക്കാരുടെയും പെൻഷൻകാരുടെയും ഏതൊക്കെ ആശ്രിതർക്കാണ് പദ്ധതിപ്രകാരം അനുകൂല്യം ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി 24-4-2017-ാം തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 54/2017/ധന. പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു. ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ചികിത്സാ ആനുകൂല്യം, ആശുപത്രികൾ, ആശ്രിതർ എന്നിവയെ സംബന്ധിച്ചുള്ള പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ.

## ഇൻഷ്വറൻസ് വകുപ്പിലെ കംപ്യൂട്ടർവൽക്കരണം

139(537) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കംപ്യൂട്ടർവൽക്കരണ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ഇടപാടുകാർക്ക് കൊടുത്തുതീർക്കാനുള്ള ലൈഫ് ഇൻഷ്വറൻസ് പോളിസികൾക്കും തീർപ്പുകൽപ്പിക്കാനുള്ള അപേക്ഷകൾക്കും പരിഹാരമുണ്ടാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലെ കമ്പ്യൂട്ടർവൽകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനാൽ ഉണ്ടാകുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. വകുപ്പിന്റെ പ്രധാന ബിസിനസ്സുകളായ സംസ്ഥാന ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി വിവരങ്ങൾ ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിന് വേണ്ടി കെൽട്രോൺ വികസിപ്പിച്ചെടുത്ത വിശ്വാസ് എന്ന സോഫ്റ്റ് വെയർ പ്രവർത്തനക്ഷമമായി വരുകയാണ്. ഇതിന്റെ ഭാഗമായി ജീവനക്കാരുടെ മുൻകാല പ്രീമിയം അടവ് വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യാനായി ഡി.ഡി.ഒ മാരിൽ നിന്നും വിവരങ്ങൾ ശേഖരിച്ചുവരുന്നു. ഈ പ്രവർത്തനങ്ങൾ പൂർത്തിയാകുന്നതോടുകൂടി വകുപ്പിന്റെ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കിയ വിശ്വാസ് സോഫ്റ്റ് വെയർ പൂർണ്ണതോതിൽ നടപ്പിലാക്കി മേൽപ്പറഞ്ഞ പ്രശ്നങ്ങൾ പരിഹരിക്കുന്നതാണ്. അതോടൊപ്പംതന്നെ വകുപ്പിന്റെ മറ്റു ബിസിനസ്സുകളുടെ കമ്പ്യൂട്ടർവൽകരണവും പൂർണ്ണമായും നടപ്പിലാക്കുന്നതാണ്.

(ബി) ഇടപാടുകാർക്ക് കൊടുത്തുതീർക്കാനുള്ള ലൈഫ് ഇൻഷ്വറൻസ് പോളിസികൾക്കും തീർപ്പു കൽപ്പിക്കാനുള്ള അപേക്ഷകൾക്കും പരിഹാരമുണ്ടാക്കുന്നതിന് ആവശ്യമായ ശിപാർശ സർക്കാരിലേയ്ക്ക് അടിയന്തരമായി സമർപ്പിക്കാൻ ഇൻഷ്വറൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഇൻഷ്വറൻസ് വകുപ്പിന്റെ ഉത്തരവാദിത്വങ്ങളും ചുമതലകളും

140(538) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെയും, അധ്യാപകരുടെയും സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ്ഇൻഷ്വറൻസ് എന്നിവ കൈകാര്യം ചെയ്യുന്ന സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ്ഇൻഷ്വറൻസ് എന്നീ ഇനങ്ങളിൽ ഈടാക്കുന്ന തുക ഏത് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നതെന്നും പ്രസ്തുത അക്കൗണ്ട് ആരാണ് കൈകാര്യം ചെയ്യുന്നതെന്നും വെളിപ്പെടുത്തുമോ;

(സി) ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഗ്രൂപ്പ് ഇൻഷ്വറൻസ് എന്നിവയിൽ ഈടാക്കുന്ന തുക ഉൾപ്പെടെയുള്ള ഓരോ വർഷത്തെയും അക്കൗണ്ട് വിവരങ്ങൾ കൃത്യമായി രജിസ്റ്ററും റെക്കോഡുമാക്കി സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ലഭ്യമാണോ;

(ഡി) ഇല്ലെങ്കിൽ ഇവ ലഭ്യമല്ലാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) സംസ്ഥനത്തെ ഡിഡിഒ മാരും എസ്എൽ,ഐ,ജി,ഐ,എസ് അക്കൗണ്ട് ഹോൾഡർമാരും അവരുടെ വിശദാംശം 31-12-2017-ന് മുൻപ് നൽകണമെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(എഫ്) അവ കൃത്യമായും സൂക്ഷിക്കേണ്ടത് ഡിഡിഒമാരുടെയും അക്കൗണ്ട് ഹോൾഡർമാരുടെയും ചുമതലയാണോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർക്കായി സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി എന്നിവയും സംസ്ഥാന സർക്കാരിന് സാമ്പത്തിക താൽപ്പര്യമുള്ള വിഷയങ്ങളുടെ ജനറൽ ഇൻഷ്വറൻസും നടത്തുന്നതിനുള്ള ഉത്തരവാദിത്വമാണ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിനുള്ളത്. സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പോളിസി/ പാസ് ബുക്ക് അനുവദിക്കുക/ എസ്.എൽ.ഐ പോളിസിയിന്മേൽ വായ്പ അനുവദിക്കുക/ ക്ലെയിമുകൾ തീർപ്പാക്കുക എന്നീ പ്രധാന ചുമതലകൾക്കൊപ്പം എസ്.എൽ.ഐ. പോളിസി സംബന്ധമായ എല്ലാ വിധ സേവനങ്ങളും നൽകുന്നത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പാണ്.

കൂടാതെ ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിലെ അക്കൗണ്ടുകൾ അനുവദിക്കുക, ക്ലെയിം തീർപ്പാക്കുക തുടങ്ങിയ പ്രധാന സേവനങ്ങൾക്കൊപ്പം അക്കൗണ്ട് സംബന്ധമായ എല്ലാ സേവനങ്ങളും നൽകുന്നത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലാണ്. സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് ഗ്രൂപ്പ് ഇൻഷ്വറൻസ്/പദ്ധതികൾ ജീവനക്കാരുടെ സർവ്വീസ് ചട്ടങ്ങൾ പ്രകാരം മേൽ പ്രകാരമുള്ള പോളിസികളിൽ നടപ്പിലാക്കേണ്ട ചുമതല പൂർണ്ണമായും ഇൻഷ്വറൻസ് വകുപ്പിനാണ്.

(ബി) സംസ്ഥാന ലൈഫ് ഇൻഷ്വറൻസ് പദ്ധതികളിൽ ഈടാക്കുന്ന തുക 8011-105-99 എന്ന കണക്ക് ശീർഷകത്തിലും, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ ഈടാക്കുന്ന തുക 8011-107-98, 8011-107-99 എന്നീ കണക്ക് ശീർഷകങ്ങളിലുമാണ് നിക്ഷേപിക്കുന്നത്. ഈ കണക്ക് ശീർഷകങ്ങൾ കൈകാര്യം ചെയ്യുന്നത് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പാണ്.

(സി) നിലവിൽ ലഭ്യമല്ല.

(ഡി) പ്രീമിയം വിശദാംശങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന ജോലി കുടിശ്ശികയായതിനെത്തുടർന്ന് ക്ലെയിമുകൾ യഥാസമയം തീർപ്പാക്കാൻ കഴിയാത്ത സാഹചര്യം സംജാതമായതിനെ തുടർന്ന് താല്ക്കാലിക നടപടിക്രമങ്ങൾ അംഗീകരിച്ച് 1986-ൽ നിർദ്ദേശം നൽകിയിരുന്നു. ഇത് ഇപ്പോഴും തുടരുകയാണ്. ക്ലെയിമുകൾ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് അക്കൗണ്ടന്റ് ജനറലിന്റെ അനുവാദത്തോടുകൂടി 12-5-1986-ലെ 35/86/ധന. നമ്പർ സർക്കാർ സർക്കുലർ പ്രകാരം രജിസ്റ്ററിൽ രേഖപ്പെടുത്തി റെക്കാർഡാക്കി സൂക്ഷിക്കുന്നത് നിർത്തിവച്ചിരിക്കുകയാണ്.

(ഇ) ഉണ്ട്, 28-7-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 97/2017/ധന, 30-11-2017-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 152/2017/ധന നമ്പർ ഉത്തരവുകൾ പ്രകാരം എസ്.എൽ.ഐ/ജി.ഐ.എസ് എന്നിവയിലെ മുൻകാല പ്രീമിയം അടവ് വിവരങ്ങൾ ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർമാർ ഓൺലൈനായി 31-12-2017-ന് മുൻപായി സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ 17-1-2018-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 10/2018/ധന. പ്രകാരം മേൽപ്പറഞ്ഞ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 31-1-2018 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

(എഫ്) എസ്.എൽ.ഐ. ചട്ടം ഖണ്ഡിക 20.23 ജി.ഐ.എസ് ചട്ടം ഖണ്ഡിക 9(4), 16 എന്നിവ പ്രകാരം പ്രതിമാസ വരിസംഖ്യ കിഴിവ് നടത്തി എന്ന് ഉറപ്പുവരുത്തേണ്ടതും കിഴിവ് വരുത്തിയ തുക അവർക്ക് നൽകിയിട്ടുള്ള പാസ് ബുക്കുകളിൽ രേഖപ്പെടുത്തി ശമ്പള വിതരണം നടത്തിയ ഉദ്യോഗസ്ഥനെക്കൊണ്ട് (ഡി.ഡി.ഒ.) സാക്ഷ്യപ്പെടുത്തി കൃത്യമായും സൂക്ഷിക്കേണ്ടത് ഡി.ഡി.ഒ.-മാരുടെയും അക്കൗണ്ട് ഹോൾഡർമാരുടേയും ചുമതലയാണെന്ന് വ്യക്തമാക്കുന്നുണ്ട്.

## കയർ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ പദ്ധതി

141(539) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർപിരി മേഖലയും, ചെറുകിട കയർ ഫാക്ടറി മേഖലയും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്തെല്ലാം; കണ്ടെത്തലുകൾ വ്യക്തമാക്കുമോ; ഇതിന് പരിഹാരം കാണുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയെന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ;

(ബി) ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നേരത്തേ ഉണ്ടായിരുന്ന ചകിരി ഉല്പാദനം പുനഃസ്ഥാപിക്കുവാൻ പ്രായോഗികമായി സ്വീകരിക്കാൻ പോകുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) തെങ്ങ് കൃഷി പ്ലാന്റേഷൻ ഇല്ലാതെ ചകിരി ഉല്പാദനം സാധ്യമല്ലെന്ന് തിരിച്ചറിഞ്ഞിട്ടുണ്ടോ; ഇത് സാദ്ധ്യമാക്കുന്നതിന് കൃഷി വകുപ്പുമായി ചേർന്ന് പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) ചകിരിയുടെ ക്ഷാമമാണ് കയർപിരി മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ചെറുകിട കയർ ഫാക്ടറി മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചുവരുന്നു. ചകരി ക്ഷാമം പരിഹരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം നിലവിലെ പ്രതിസന്ധി തരണംചെയ്യുന്നതിന് കയർഫെഡിന്റെ നേതൃത്വത്തിൽ ആഗോള ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ വിലയ്ക്ക് സംഘങ്ങൾക്ക് ചകിരി നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. പരമ്പരാഗത കയർ ഉൽപ്പന്ന മേഖലയിലെ ചവിട്ടികൾ, (BC1, BC20, ചകരിത്തടുക്ക്) പായ തുടങ്ങിയവ താരതമ്യേന ഉയർന്ന വിലയുള്ള ഉൽപ്പന്നങ്ങളാണ് എന്നതിനാൽ ഇവയ്ക്ക് വേണ്ടത്ര വിപണി കണ്ടെത്താനാകുന്നില്ല എന്ന പ്രശ്നം നിലനിൽക്കുന്നുണ്ട്. പുത്തൻ ഉൽപ്പന്നങ്ങളിലേക്ക് മാറുക എന്നതാണ് ആത്യന്തിക പരിഹാരം. ഇപ്പോൾ ഈ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയറുൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ മുഖാന്തരം സംഭരിക്കുകയാണ് ചെയ്യുന്നത്.

(ബി) പരമ്പരാഗത കയർ വ്യവസായ രംഗത്തെ ചകിരിക്ഷാമം പരിഹരിക്കുന്നതിന് 2017-18 വർഷം 100 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പൊന്നാനി കയർ പ്രോജക്ട് പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30000 തൊണ്ട് ചകിരിയാക്കാനുള്ള രണ്ട് ഡീഫൈബറിംഗ് മെഷീൻ ഉൾപ്പെടുന്ന യൂണിറ്റിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഒരെണ്ണം പ്രവർത്തന സജ്ജമായി. ചകിരി വില ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ ആഗോള ടെണ്ടർ വിളിച്ച് കയർഫെഡുവഴി സംഘങ്ങൾക്ക് ന്യായവിലയ്ക്ക് ചകിരി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ കയർഫെഡ് ചകിരി വിതരണം ചെയ്തുവരുന്നുണ്ട്.

(സി) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരി ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വൻകിട ഉൽപ്പാദനശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും, ചെറുകിട ഇടത്തരം ശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ പൊന്നാനി പ്രോജക്ടിന്റെ പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന ഒരു ഡി.എഫ്. യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. ഈ യൂണിറ്റിന്റെ മൊത്തം ശേഷി തൊണ്ടിന്റെ ലഭ്യതയനുസരിച്ച് 60000 തൊണ്ട് എന്ന നിലയ്ക്ക് ഉയർത്തുന്നതിന് കഴിയുന്നതാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ബേപ്പൂർ ഡിവിഷനിൽ 30000 തൊണ്ടുകൾ ഒരു ഷിഫ്റ്റിൽ സംസ്കരിക്കാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തന സജ്ജമായിട്ടുണ്ട്. കുടുംബശ്രീ സ്വയം സഹായ സംഘങ്ങളുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ചെറുകിട ചകിരി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇപ്രകാരമുള്ള ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അഞ്ച് വർഷം കൊണ്ട് 1000 ചകിരി ഉൽപ്പാദന യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(ഡി) കയർ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ചകിരി ക്ഷാമമാണ്. ഇത് ശാശ്വതമായി പരിഹരിക്കുന്നതിന് ആഭ്യന്തര ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുക എന്നതാണ് മാർഗ്ഗം. അതിനായി കൃഷി വകുപ്പുമായി ചേർന്ന് നൂതന പദ്ധതികൾ ആവിഷ്കരിച്ച് തൊണ്ട് ലഭ്യമാകുന്നിടത്തു വച്ചുതന്നെ സംസ്കരണം നടത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു.

## കയർ തൊഴിലാളി ക്ഷേമനിധി പെൻഷൻ

142(540) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ തൊഴിലാളി ക്ഷേമനിധി പെൻഷൻ വിതരണത്തിൽ കാലതാമസം നേരിടുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ; അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കയർ തൊഴിലാളി ക്ഷേമനിധി പെൻഷൻ വിതരണത്തിന് കാലതാമസം നേരിടുന്നില്ല.

(ബി) തിരിച്ചറിയൽ രേഖകൾ യഥാസമയം സമർപ്പിക്കാത്ത 3000-ത്തോളം വരുന്ന പെൻഷൻകാർക്ക് 2016 നവംബർ മുതലുള്ള പെൻഷൻ നൽകിയിട്ടില്ല. ഇത്തരക്കാർക്ക് തിരിച്ചറിയൽ രേഖകൾ സമർപ്പിക്കുന്നമുറയ്ക്ക് കുടിശിക സഹിതമുള്ള പെൻഷൻ നൽകുന്നതാണ്.

## ചകിരി ഇറക്കുമതി

143(541) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തേക്ക് ചകിരി ഇറക്കുമതി ചെയ്യുന്നതിനായി ആഗോള ടെണ്ടർ വിളിക്കുന്നതിന് നീക്കമുണ്ടോ; വിശദമാക്കുമോ;

(ബി) നാളികേര ഉത്പാദനത്തിന്റെ ഭാഗമായുള്ള ചകിരി, കയർ വ്യവസായത്തിന് ഉപയോഗപ്പെടുത്താത്തത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ചകിരി നിർമ്മാണ യൂണിറ്റുകളുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഉത്തരം

(എ) സംസ്ഥാനത്ത് ചകിരി ദൗർലഭ്യം നേരിടുന്നതിനാൽ ആഗോള ടെണ്ടർ വിളിച്ച് ചകിരി ഇറക്കുമതി ചെയ്ത് സഹകരണ സംഘങ്ങൾക്ക് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിനായി കയർഫെഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്.

(ബി) കേരളത്തിൽ ആഭ്യന്തരമായി ലഭിക്കുന്ന തൊണ്ടിൽനിന്നും ഉൽപ്പാദിപ്പിക്കുന്ന പരമാവധി ചകിരി കയർ വ്യവസായ മേഖലയിൽ ഉപയോഗിച്ചു വരുന്നു. പരമാവധി തൊണ്ട് സംഭരണം നടത്തി ചകിരി ഉൽപ്പാദനം കൂട്ടുന്നതിനുള്ള ബൃഹത്തായ പദ്ധതിയാണ് നടപ്പിലാക്കി വരുന്നത്.

(സി) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ കേരളത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ വടവന്നൂരിൽ ഒരു ഹെവിഡ്യൂട്ടി ഡി.എഫ്. മെഷീൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കണ്ണൂരിലെ അമ്മാനപ്പാറയിൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഡി.എഫ്. യൂണിറ്റിന്റെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവരുടെ സഹകരണത്തോടെ ഈ സാമ്പത്തിക വർഷം 100 ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു.

## ചെറുകിട കയർ ഉൽപ്പാദക സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്ന പദ്ധതി

144(542) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട കയർ ഉൽപാദക സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ചകിരിക്ഷാമം പരിഹരിക്കുന്നതിനായി നടത്തിവരുന്ന പദ്ധതികൾ വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തെ ചകിരിയുടെ ലഭ്യത ഉറപ്പാക്കുന്നതിനുവേണ്ടി വീടുകളിൽ നിന്ന് തൊണ്ട് സംഭരിക്കുന്നതിന് കുടുംബശ്രീയുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് പദ്ധതി രൂപീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ചെറുകിട കയർ ഉല്പാദക സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ന്യായ വില നൽകി കയർ കോർപ്പറേഷൻ സംഭരിച്ച് വിൽപ്പന/കയറ്റുമതി നടത്തുന്നു. കയർ കോർപ്പറേഷൻ ഉല്പന്നങ്ങൾ സംഭരിച്ച് വിൽക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത പരിഹരിക്കുന്നതിന് പി.പി.എസ്.എസ്. പദ്ധതി പ്രകാരം കോർപ്പറേഷന് തുക അനുവദിച്ച് നൽകുന്നു. ചെറുകിട ഉല്പാദക സംഘങ്ങൾക്കാണ് ഇതുവഴി ആത്യന്തിക പ്രയോജനം ലഭിക്കുന്നത്. ചെറുകിട ഉൽപ്പാദക സംഘങ്ങൾക്ക് പി.പി.എസ്.എസ്. പദ്ധതി പ്രകാരം ഉൽപ്പന്ന വിലയുടെ 3% കയർ കോർപ്പറേഷൻ മുഖേന സർവ്വീസ് ചാർജ്ജ് നൽകുന്നു. കയർ കോ-ഓപ്പറേറ്റീവ് സപ്പോർട്ട് സ്കീം പ്രകാരം അർഹരായ സംഘങ്ങൾക്ക് വർക്കിംഗ് ക്യാപ്പിറ്റൽ നൽകുന്നു. അതോടൊപ്പം അടിസ്ഥാന സൗകര്യ വികസന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളും നൽകി വരുന്നു. കയർപിരി സഹകരണ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ പരിധിയില്ലാതെ കയർഫെഡ് സംഭരിക്കുകയാണ്. ഈ സംഘങ്ങളുടെ ആധുനീകരണത്തിന് ഉതകുന്ന പദ്ധതിയാണ് 2-ാം കയർ പുനഃസംഘടന. ഇതിന് തുടക്കമായിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരി ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വൻകിട ഉൽപ്പാദനശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും, ചെറുകിട ഇടത്തരം ശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ പൊന്നാനി പ്രോജക്ടിന്റെ പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30,000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. ഈ യൂണിറ്റിന്റെ മൊത്തം ശേഷി തൊണ്ടിന്റെ ലഭ്യതയനുസരിച്ച് 60,000 തൊണ്ട് എന്ന നിലയ്ക്ക് ഉയർത്തുന്നതിന് കഴിയുന്നതാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ 30,000 തൊണ്ടുകൾ ഒരു ഷിഫ്റ്റിൽ സംസ്കരിക്കാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. കുടുംബശ്രീ സ്വയം സഹായ സംഘങ്ങളുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ചെറുകിട ചകിരി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇപ്രകാരമുള്ള ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വരുന്ന അഞ്ച് വർഷം കൊണ്ട് 1000 ചകിരി ഉൽപ്പാദക യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുണ്ട്.

(സി) കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന ഡി.എഫ്. മില്ലുകളിലേക്ക് വീടുകളിൽ നിന്നും കുടുംബശ്രീ അംഗങ്ങൾ ശേഖരിക്കുന്ന തൊണ്ടുകൂടി ഉപയോഗ പെടുത്തി ചകിരി ഉല്പാദനം വർദ്ധിപ്പിക്കാനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

## മലബാർ മേഖലയിലെ കയർ വ്യവസായം

145(543) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നാളികേര ഉല്പാദനത്തിൽ മുന്നിൽ നിൽക്കുന്ന മലബാർ മേഖലയിൽ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്ന ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) മലബാർ മേഖലയിൽ തൊണ്ട് സംഭരിക്കുന്നതിന് കയർഫെഡ് എന്തെങ്കിലും സംവിധാനം ഒരുക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) മലബാർ മേഖലയിൽ തൊണ്ട് സംഭരിക്കുന്നതിനും കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനുമായി ഭാവിയിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) കയർ വ്യവസായ യൂണിറ്റുകൾ ആധുനികവത്കരിക്കുന്നതുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) മലബാർ മേഖലയിൽ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. ഇതിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ നെന്മാറയിൽ (പൊന്നാനി കയർ പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ട് പ്രതിദിനം ചകിരിയാക്കാൻ കഴിയുന്ന 2 മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള നടപടി പൂർത്തിയായിക്കഴിഞ്ഞു. അതിൽ ഒന്ന് പ്രവർത്തനം ആരംഭിച്ചു. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എറണാകുളം മുതൽ വടക്കോട്ടുള്ള ജില്ലകളിൽ ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഉന്നതതല ചർച്ച നടന്നു വരുന്നു. 4.9 കോടി രൂപ മലബാർ മേഖലയുടെ വികസനത്തിനായി കയർഫെഡിന് അനുവദിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ അമ്മാനപ്പാറയിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ ചകിരി മില്ല് സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) മലബാർ മേഖലയിൽ ചകിരി മില്ലുകൾ കയർഫെഡ് സ്ഥാപിച്ചിട്ടുണ്ട്. ഈ മില്ലുകളിൽ തൊണ്ട് സംഭരണം ശക്തമായി നടപ്പിലാക്കിയിട്ടുണ്ട്.

(സി) മലബാർ മേഖലയിൽ പുതിയ ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനും ഇപ്പോൾത്തന്നെ അമ്മാനപ്പാറയിൽ സ്ഥാപിച്ചിട്ടുള്ള മില്ലുകളിൽനിന്നും ചകിരി ശേഖരിക്കുന്നതിനും കയർഫെഡ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പരമ്പരാഗത രീതിയിൽ കയർ പിരിക്കുന്നതിൽനിന്ന് മാറി ഇലക്ട്രോണിക് റാട്ടുകൾ ഉപയോഗിച്ച് കയർ പിരിക്കുന്നതിലേക്കായി 8000-ാളം റാട്ടുകൾ ഉപയോഗിച്ച് 10 പ്രോജക്ടുകളിലെ വിവിധ സംഘങ്ങൾക്കായി ഉൽപ്പാദന ക്ഷമത കൂട്ടുന്നതിന് ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. ചകിരി ഉൽപ്പാദനത്തിനായി ഹെവി ഡ്യൂട്ടി ഡി.എഫ് മെഷീനുകളും, ഇടത്തരം ഡി.എഫ്. മെഷീനുകളും സ്ഥാപിച്ചുവരുന്നു. ഈ സർക്കാരിന്റെ കാലയളവിൽ 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കയർ വ്യവസായത്തെ സമ്പൂർണ്ണമായി ആധുനീകരിക്കുന്നതിനുള്ള രണ്ടാം കയർ പുനഃസംഘടനാ പദ്ധതി നടപ്പിലായിത്തുടങ്ങിയിട്ടുണ്ട്. ഇതിനാവശ്യമായ അധിക ഫണ്ട് എൻ.സി.ഡി.സി. മുഖേനയാണ് കണ്ടെത്തുന്നത്. ഇതിന് തത്വത്തിൽ അംഗീകാരമായിട്ടുണ്ട്.

**പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാന സ്ഥിരത**

146(544) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാന സ്ഥിരത ഉറപ്പു വരുത്തുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ മേഖലയിൽ എന്തൊക്കെ നേട്ടങ്ങൾ കൈവരിക്കാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഈ മേഖലയിൽ എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത കയർ തൊഴിലാളികളുടെ വരുമാന സ്ഥിരത ഉറപ്പുവരുത്തുന്നതിനായി വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചുനൽകിയിട്ടുണ്ട്. പരമ്പരാഗത മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും പരിധിയില്ലാതെ കയർഫെഡ്, കയർ കോർപ്പറേഷൻ എന്നിവ മുഖാന്തരം സംഭരിക്കുന്നുണ്ട്.

(ബി) പരമ്പരാഗത മേഖലയിലെ കയറും കയർ ഉൽപ്പന്നങ്ങളും പരിധിയില്ലാതെ സംഭരിക്കുന്നതുവഴി പരമാവധി തൊഴിൽ ഉറപ്പാക്കാനാണ് സർക്കാർ പരിശ്രമിക്കുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 26,51,83,457 രൂപ ചെലവഴിച്ചിട്ടുണ്ട്.

**കയർ കേരള**

147(545) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ കേരള നടത്തിപ്പിനായി ഇത്തവണ കേന്ദ്ര സർക്കാർ ഫണ്ട് ലഭിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) ഏത് വർഷം മുതലാണ് കയർ കേരള നടത്തിവരുന്നതെന്നും ഓരോ വർഷവും ലഭിച്ച കേന്ദ്രഫണ്ട് എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഏഴാമത് കയർകേരളയുടെ ചെലവ് എത്രയാണെന്നും ഫണ്ട് ഏത് സർക്കാരാണ് (കേരളം അല്ലെങ്കിൽ കേന്ദ്രം) അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(ഡി) ഏഴാമത് കയർ കേരളയോടനുബന്ധിച്ച് നടത്തിയത് ഏതെല്ലാം പരിപാടികളാണന്നും ഓരോ പരിപാടിക്കും വേണ്ടിവന്ന ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) ദേശീയ-അന്തർദേശീയ സെമിനാറുകൾ കയർകേരളയോടനുബന്ധിച്ച് നടത്തിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ ഈ സെമിനാറുകളിൽ പങ്കെടുത്ത പ്രതിനിധികൾ ആരൊക്കെയായിരുന്നുവെന്നും അതിനുവേണ്ടിവന്ന ചെലവ് എന്തായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ജി) ഏഴാമത് കയർ കേരളയിൽ ഉണ്ടായ പ്രധാന തീരുമാനങ്ങളും പ്രഖ്യാപിച്ച പുതിയ പദ്ധതികളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടില്ല. ഒരു സംസ്ഥാനത്ത് മാത്രമായി നടത്തുന്ന മേളകൾക്ക് ധനസഹായം ലഭ്യമാക്കാനാകില്ല എന്നറിയിച്ചിട്ടുണ്ട്. കേന്ദ്ര സഹായം അഭ്യർത്ഥിച്ച് ധനകാര്യവും കയറും വകുപ്പുമന്ത്രി കേന്ദ്ര വാണിജ്യകാര്യ മന്ത്രിയെ നേരിൽ കാണുകയും നിവേദനം നൽകുകയും ചെയ്തിരുന്നു.

(ബി) കയർ കേരള ഇന്റർനാഷണൽ എക്സിബിഷൻ 2011 മുതൽ നടത്തി വരുന്നു. ഓരോ വർഷവും ലഭിച്ചിരുന്ന കേന്ദ്ര ഫണ്ടിന്റെ വിവരങ്ങൾ താഴെ കൊടുത്തി രിക്കുന്ന പ്രകാരമാണ്.

| കയർ കേരള 2011 | ലഭിച്ചിട്ടില്ല |
|---|---|
| 2012 | 87,21,533 |
| 2013 | 1,45,34,502 |
| 2104 | 1,14,28,000 |
| 2015 | 94,64,000 |
| 2016 | 1,07,88,572 |
| 2017 | ലഭിച്ചിട്ടില്ല |

(സി) ഏഴാമത് കയർ കേരളയുടെ ചെലവിലേയ്ക്കായി 5 കോടി രൂപയുടെ ഭരണാനുമതിയും ആകെ 3,57,24,397 രൂപ ഒന്നാംഘട്ട ധനസഹായവും ലഭ്യമാക്കിയിട്ടുണ്ട്. കയർ കേരളയുടെ ചെലവിനങ്ങൾ വിവിധ കമ്മിറ്റികളിലൂടെയാണ് നടപ്പിലാക്കിയത്. ആയതിന്റെ ചെലവുകളുടെ ഓഡിറ്റ് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. കയർ കേരളയ്ക്ക് ഫണ്ട് അനുവദിച്ചത് കേരള സർക്കാരാണ്. കേന്ദ്ര സഹായം കിട്ടാത്തതിന്റെ പശ്ചാത്തലത്തിൽ സ്പോൺസർഷിപ്പ് മുഖാന്തരം പണം കണ്ടെത്തിയിരുന്നു. ഇതും കേരളാ സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ അക്കൗണ്ട് മുഖാന്തരമാണ് കൈകാര്യം ചെയ്തിട്ടുള്ളത്.

(ഡി) കയർ കേരളയുടെ ചിലവിന്റെ വിശദ വിവരങ്ങൾ വിവിധ കമ്മിറ്റികളിൽ നിന്നും ശേഖരിച്ചുവരുന്നു.

(ഇ&എഫ്) കയർ കേരളയോടനുബന്ധിച്ച് ഒക്ടോബർ 5 മുതൽ 9 വരെ ദേശീയ-അന്തർദേശീയ സെമിനാറുകൾ നടത്തിയിരുന്നു. സെമിനാറുകളിൽ പങ്കെടുത്ത റിസോഴ്സ് പേഴ്സൺസിനെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു :

1. ഡോ. ജാൻ വാൻ ഡാം, നെതർലാൻഡ്
2. ഡോ. രാജേഷ് ആന്ദ്ജിവാല, സി.എസ്.ഐ. ആർ. സൗത്ത് ആഫ്രിക്ക
3. ഡോ. ഗൗതം ബോസ്, എൻ.ഐ.ആർ.ജെ.എ.എഫ്.റ്റി., കൊൽക്കത്ത

4. ഡോ. ജി.വി.റാവു, (റിട്ടയേർഡ് പ്രൊഫസർ) ഐ.ഐ.റ്റി. ഡൽഹി.

5. പ്രൊഫ. വെങ്കിട്ടരാമാൻ (റിട്ടയേർഡ് പ്രൊഫസർ) ഐ.ഐ.റ്റി. ഡൽഹി.

6. ശ്രീ. രാമ സുബ്രമണ്യൻ, സയന്റിസ്റ്റ്, സ്വാമിനാഥൻ ഫൗണ്ടേഷൻ, ചെന്നൈ.

7. ഡോ. ശ്രീനിവാസൻ, പ്രൊഫസർ, ഫൈബർ ഫാഷൻ ടെക്നോളജി, തമിഴ്നാട്.

8. ശ്രീ. അജിത്ത് മത്തായി, കൺസൾട്ടന്റ്, ഡിലോയിറ്റ്

9. ശ്രീ. ശിവരാജ് വിജയൻ, ഐ.എ.എസ്. (റിട്ടയേർഡ്)

സെമിനാറുകൾക്ക് താമസ സൗകര്യം ഒഴികെ 2,64,155 രൂപ ചെലവഴിച്ചിട്ടുണ്ട്. മേൽസൂചിപ്പിച്ച കണക്കുകൾ ഓഡിറ്റ് ചെയ്യപ്പെട്ടവയല്ല. ഓഡിറ്റ് നടപടികൾ പുരോഗമിച്ചുവരുന്നു.

(ജി) കയർ കേരള 2017-ന്റെ ഭാഗമായി പഞ്ചായത്തുകളിൽ കയർ ഭൂവസ്ത്ര പദ്ധതി നടപ്പിലാക്കുന്നതിലേക്ക് 120 കോടി രൂപയുടെ ധാരണാപത്രം പഞ്ചായത്ത് സെക്രട്ടറിമാരും, തൊഴിലുറപ്പ് പദ്ധതിയുടെ ജെ.പി.സി.-മാരും കയർ പ്രോജക്ട് ഓഫീസർമാരും ചേർന്ന് ഒപ്പുവയ്ക്കുകയും, ടി പദ്ധതി സംസ്ഥാനത്തെ 14 ജില്ലകളിലും നടപ്പിലാക്കി വരികയും ചെയ്യുന്നു. ഇതുവഴി പരമ്പരാഗത കയർ വ്യവസായ മേഖലയിലെ തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിന് കഴിയുന്നു. കൂടാതെ കയർ കേരളയിൽ സംഘടിപ്പിച്ച സഹകരണ സെമിനാർ വഴി കയർ മേഖലയുടെ രണ്ടാം പുനഃസംഘടനയ്ക്ക് രൂപംനൽകി. ഇതിലൂടെ പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിച്ചുകൊണ്ട് കയർ മേഖലയിൽ സമ്പൂർണ്ണ ആധുനികവൽക്കരണം, യന്ത്രവൽക്കരണം, നവീകരണം, എന്നിവയ്ക്ക് തുടക്കം കുറിച്ചു. പരമ്പരാഗത കയർ തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് വഴി സംഭരിക്കുകയും ഈ കയർ ഉപയോഗിച്ച് ഉൽപ്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ മുഴുവൻ കയർ കോർപ്പറേഷൻ വഴി സംഭരിക്കുകയും ഡിസ്കൗണ്ട് നൽകി അവ വിറ്റഴിക്കുകയും ചെയ്യുന്നതിലൂടെയാണ് പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിക്കുന്നതിന് കഴിയുന്നത്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത, കയർ സഹകരണ സംഘങ്ങളെ പൂർണ്ണമായും യന്ത്രവൽക്കരിച്ച് ആധുനികവൽക്കരിക്കുകയും, ഉൽപ്പന്ന മേഖലയിലെ വൈവിധ്യവൽക്കരണവും, കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വർദ്ധിച്ച തോതിലുള്ള വിനിയോഗം, കയർ കോമ്പോസിറ്റ് ബോർഡ് പോലുള്ള ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുക, ഇവയെല്ലാം രണ്ടാം പുനഃസംഘടനയുടെ ഭാഗമാണ്.

## കയർ സഹകരണ സംഘങ്ങൾ വഴിയുള്ള കയർ സംഭരണം

148(546) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ സഹകരണ സംഘങ്ങളിൽനിന്നും കയർ വാങ്ങിയ വകയിൽ പ്രസ്തുത സംഘങ്ങൾക്ക് കയർഫെഡ് നൽകാനുണ്ടായിരുന്നത് എത്ര തുകയായിരുന്നുവെന്നും പ്രസ്തുത തുക എന്നാണ് വിതരണം ചെയ്തതെന്നും വ്യക്തമാക്കാമോ ;

(ബി) കയർ സഹകരണ സംഘങ്ങൾവഴി കയർ സംഭരിച്ച് കയർ തൊഴിലാളികൾക്കും സംഘങ്ങൾക്കും വരുമാനം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ കയർഫെഡിന് നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ) കയർഫെഡ് അംഗസംഘങ്ങളിൽനിന്നും സംഭരിക്കുന്ന കയറിനും, കയർ ഉൽപ്പന്നങ്ങൾക്കും മുൻഗണനാക്രമത്തിൽ വാങ്ങൽ വില നൽകുന്ന രീതിയാണ് നിലനിൽക്കുന്നത്. 2017 നവംബർ മാസം വരെ നൽകുവാനുണ്ടായിരുന്ന തുക പൂർണ്ണമായും നൽകിക്കഴിഞ്ഞു. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിൽ സംഭരിച്ച കയറിന് നൽകേണ്ടുന്ന വാങ്ങൽ വിലയായ 3.11 കോടി രൂപ ഉടൻ വിതരണം ചെയ്യുന്നതാണ്.

(ബി) അംഗസംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും സംഭരിച്ച് വിതരണം ചെയ്യുന്നതിനും ആയതിന്റെ വില സംഘങ്ങൾക്ക് നൽകുന്നതിനും കയർഫെഡ് എല്ലാ നടപടിയും സ്വീകരിക്കുന്നുണ്ട്.

## കയർ മേഖലയുടെ ആധുനികവൽക്കരണം

149(547) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. കെ. ദാസൻ :
ശ്രീ. വി. ജോയി :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ഉറപ്പാക്കിക്കൊണ്ടും കയർ മേഖലയെ ആധുനിക വ്യവസായമാക്കി മാറ്റുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) രണ്ടാം കയർ പുനഃസംഘടന പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ മേഖലയിൽ യന്ത്രവൽക്കരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയെ അത് പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കയർപിരി സംഘങ്ങൾക്കാവശ്യമായ ചകിരി സംസ്ഥാനത്ത് തന്നെ ഉത്പാദിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചും മെച്ചപ്പെട്ട സേവന വേതന വ്യവസ്ഥകൾ ഉറപ്പാക്കിക്കൊണ്ടും കയർമേഖലയെ ആധുനിക വ്യവസായമാക്കി മാറ്റാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒരു രണ്ടാം പുനഃസംഘടനയിലൂടെ കേരളത്തിലെ പരമ്പരാഗത കയർ വ്യവസായത്തെ ആധുനികവൽക്കരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. പരമ്പരാഗത കയർ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് സമ്പൂർണ്ണ യന്ത്രവൽക്കരണമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇന്ന് ഈ മേഖല നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി ചകിരിയുടെ ലഭ്യതക്കുറവാണ്. ഇത് പരിഹരിക്കുന്നതിനായി 2017-18-ൽ 100 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൊന്നാനി കയർ പ്രോജക്ട് പരിധിയിലുള്ള വടവന്നൂരിൽ 30000 തൊണ്ട് ചകിരിയാക്കാനുള്ള രണ്ട് ഡീഫൈബറിംഗ് മെഷീൻ യൂണിറ്റിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. 'കയർ ഉദ്യമീയോജന' എന്ന പേരിൽ കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കി വരുന്ന പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് കയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് പ്ലാന്റ്, മെഷിനറി, ബിൽഡിംഗ് എന്നിവയ്ക്ക് 40% സാമ്പത്തിക സഹായം, ടേം ലോണായി 55% ബാങ്കുകളിൽ നിന്നോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ലഭ്യമാകും. 5% ഗുണഭോക്തൃ വിഹിതവുമായിരിക്കും.

(ബി) ഉണ്ട്. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ ഈ സർക്കാർ നടപ്പിലാക്കി വരുന്നു. കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വ്യാപനം പരമാവധി നടത്തുന്നതാണ്. നിലവിൽ തദ്ദേശ ഭരണ വകുപ്പിന്റെ സഹായത്തോടെ എം.ജി.എൻ.ആർ.ഇ. ജി.എസ്-ന്റെ പദ്ധതികളിൽ കൃഷി, മണ്ണ്, ജല സംരക്ഷണം, റോഡ് നിർമ്മാണം, എന്നിവയ്ക്കായി ജിയോ ടെക്സ്റ്റൈൽസ്

ഉപയോഗപ്പെടുത്തി വരുന്നു. കയർ പിരി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ പൂർണ്ണമായും ആഭ്യന്തരമായി വിനിയോഗിക്കുന്നതിന് ഈ നടപടി വഴി സാധിക്കുന്നതാണ്. കയർ ഉൽപ്പന്ന മേഖലയിൽ കയർഫെഡിൽ നിന്നും കയർ വാങ്ങി ഉൽപ്പന്നങ്ങൾ നെയ്യുന്ന ചെറുകിട ഉൽപ്പാദകരുടെ ഉൽപ്പന്നങ്ങൾ മുഴുവൻ ക്രയവില സ്ഥിരതാ പദ്ധതി പ്രകാരം സർക്കാർ കയർ കോർപ്പറേഷനിലൂടെ സംഭരിക്കും. ഡിസ്കൗണ്ട് നൽകി ഇത്തരം ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതാണ്. 2016-17 സാമ്പത്തിക വർഷം ഇപ്രകാരം സംഭരിച്ച ഉൽപ്പന്നങ്ങൾ ആഗസ്റ്റ് 2 മുതൽ സെപ്റ്റംബർ 3 വരെ നീണ്ടുനിൽക്കുന്ന കയർ വിപണന മേളയിലൂടെ 118 വിൽപ്പന കേന്ദ്രങ്ങൾ വഴി 50% കിഴിവിൽ സർക്കാർ വിറ്റഴിച്ചു. ക്രയവില സ്ഥിരതാ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി കയറ്റുമതിക്കാർക്കുള്ള പ്രോത്സാഹന സഹായം വിറ്റുവരവിന്റെ 7.5% ൽ നിന്നും 10%ആയി വർദ്ധിപ്പിച്ചിട്ടുണ്ട്. രണ്ടാം കയർ പുന:സംഘടനയുടെ ഭാഗമായി സംസ്ഥാനത്തെ 412 കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മാനേജീരിയൽ സബ്സിഡിയായി 2,07,15,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. ഉൽപ്പന്ന മേഖലയിലെ വൈവിധ്യവൽക്കരണമാണ് മറ്റൊരു പ്രധാന ഇനം. ഇതിനായി കയർ കോമ്പോസിറ്റ് ബോർഡുകൾ ഉൾപ്പെടെയുള്ള വിവിധ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കയർ കോർപ്പറേഷന്റെ ചേർത്തല കയർ പാർക്ക് ഡിവിഷനിൽ കയറ്റുമതിക്കായുള്ള കോമൺ ഫെസിലിറ്റി സെന്റർ (എക്സ്പോർട്ട് പ്രോസസിംഗ് പാർക്ക്) നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. ഇത്തരം പദ്ധതികളിലൂടെ ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാം.

(സി) സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവൽക്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടു മാത്രമേ യന്ത്രവൽക്കരണം നടപ്പിലാക്കുകയുള്ളൂ. സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ആവശ്യമായ ചകിരി ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത നേടുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി വൻകിട ഉൽപ്പാദന ശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും, ചെറുകിട ഇടത്തരം ശേഷിയുള്ള ഡി.എഫ്. യൂണിറ്റുകളും സംസ്ഥാനത്ത് സ്ഥാപിക്കുകയാണ്. കയർഫെഡിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിൽ പൊന്നാനി പ്രോജക്ടിന്റെ പരിധിയിലുള്ള വടവന്നൂരിൽ പ്രതിദിനം 30000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്. ഈ യൂണിറ്റിന്റെ മൊത്തം ശേഷി തൊണ്ടിന്റെ ലഭ്യതയനുസരിച്ച് 60000 തൊണ്ട് എന്ന നിലയ്ക്ക് ഉയർത്തുന്നതിന് കഴിയുന്നതാണ്. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ 30000 തൊണ്ടുകൾ ഒരു ഷിഫ്റ്റിൽ സംസ്കരിക്കുവാൻ കഴിയുന്ന ഡി.എഫ്. യൂണിറ്റ് പ്രവർത്തനസജ്ജമായിട്ടുണ്ട്.

കുടുംബശ്രീസ്വയംസഹായ സംഘങ്ങളുടെ സഹായത്തോടുകൂടി സംസ്ഥാനത്ത് ചെറുകിട ചകിരി ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി ആയിട്ടുണ്ട്. കണ്ണൂർ ജില്ലയിൽ ഇപ്രകാരമുള്ള ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് വരുന്ന മൂന്നുവർഷംകൊണ്ട് 1000 ചകിരി ഉൽപ്പാദക യൂണിറ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ലക്ഷ്യം വച്ചിട്ടുണ്ട്. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നിലവിലുള്ള എല്ലാ നിയന്ത്രണങ്ങളും എടുത്തു മാറ്റി സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ സഹകരണ മേഖലയിൽ നടപ്പിലാക്കുന്നതാണ്. എന്നാൽ ഈ രംഗത്ത് പ്രവർത്തിക്കുന്ന പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും പൂർണ്ണമായും സംരക്ഷിക്കുന്നതിനായി സംഘങ്ങളിൽ മിനിമം കൂലി ഉറപ്പാക്കി ഇവർ ഉൽപ്പാദിപ്പിക്കുന്ന കയർ മുഴുവൻ കയർഫെഡുവഴി സർക്കാർ സംഭരിക്കുന്നതാണ്.

ആലപ്പുഴയിൽ പ്രവർത്തിക്കുന്ന കയർ മെഷീനറി ഫാക്ടറിയിൽ യന്ത്രവൽക്കരണത്തിനാവശ്യമായ എല്ലാത്തരം മെഷീനറികളും നിർമ്മിക്കുന്നതിന് പൂർണ്ണതോതിൽ സൗകര്യം ഘട്ടംഘട്ടമായി ഏർപ്പെടുത്തുന്നതാണ്. പരമ്പരാഗത മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം മിനിമം 300 രൂപ കൂലി ഉറപ്പാക്കി പരമാവധി വർഷത്തിൽ 200 ദിവസത്തെ ജോലി നൽകിവരുന്നു. പരമ്പരാഗത മേഖലയിൽ ഉൽപ്പാദിപ്പിക്കുന്ന കയറും കയർ ഉൽപ്പന്നങ്ങളും കയർ ഫെഡ്, കയർ കോർപ്പറേഷൻ എന്നിവ മുഖാന്തരം പരിധിയില്ലാതെ സംഭരിച്ചു വരുന്നു.

(ഡി) 1000 പുതിയ ഡി.എഫ് മെഷീനുകൾ സ്ഥാപിച്ച് കയർപിരി സംഘങ്ങൾക്കാവശ്യമായ ചകിരി സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

**കയർ മേഖലയിലെ നൂതന പദ്ധതികൾ**

150(548) ശ്രീ. എ. എം. ആരിഫ് :

ശ്രീ. കെ. ആൻസലൻ :

ശ്രീ. എം. നൗഷാദ് :

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ മേഖലയുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി കൂടുതൽ ചകിരിമില്ലുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ചകിരിമില്ലുകൾ പുതുതായി ആരംഭിക്കുന്നതിന് എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കേണ്ടതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരം മില്ലുകൾ ലാഭത്തിൽ പ്രവർത്തിക്കുന്നതിനായി തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്;

(ഇ) പദ്ധതി പ്രവർത്തനങ്ങളിൽ കുടുംബശ്രീയെ ഉൾപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ചകിരിയുടെ പരാശ്രിതത്വമാണ് വ്യവസായത്തിന്റെ പ്രധാന പരാധീനത. ഇതിന് ശാശ്വത പരിഹാരം കണ്ടെത്താൻ ആധുനിക ചകിരിമില്ലുകൾ വ്യാപകമായി നിർമ്മിക്കാൻ നടക്കുന്ന പരിശ്രമമാണ് ഏറ്റവും പ്രധാനം. കയർ വ്യവസായത്തിന്റെ അടിമുടിയുള്ള ആധുനീകരണമാണ് മറ്റൊരു പ്രധാന നടപടി. ഇത് എൻ.സി.ഡി.സി.-യുടെ സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിക്ക് തത്വത്തിൽ അംഗീകാരമായിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ ആധുനീകരണവും പുനഃസംഘടനയുമാണ് മറ്റൊരു പ്രധാന നടപടി. ഇത് കൂടാതെ കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം നൽകുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
2. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ) നൽകി വരുന്നു.
3. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻമണി വായ്പ നൽകുന്നു.
4. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ സാമ്പത്തിക സഹായം നൽകി വരുന്നു.
5. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
6. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
7. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.
8. കയർ സഹകരണ സംഘങ്ങളിൽ സർക്കാർ ഓഹരി പങ്കാളിത്തം നൽകുന്നു.

9. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.

10. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർത്തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

11. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.

12. യന്ത്രവൽക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

13. കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118-ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കിയിരുന്നു.

(ബി) ഉണ്ട്, അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ആയിരം ചകിരി സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. കേരള കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിയുടെ നേതൃത്വത്തിൽ ഈ പദ്ധതി നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) മെഷീൻ സ്ഥാപിക്കുന്നതിന് 1500 സ്ക്വ.ഫീറ്റിൽ കുറയാത്ത കെട്ടിടം, സംഭരിച്ച തൊണ്ട് സൂക്ഷിക്കുന്നതിനുള്ള ഡംപ് യാർഡ്, റെട്ടിംഗ് ടാങ്ക്, 3 ഫേസ് കണക്ഷൻ, 22 കിലോ വാട്ട്സിൽ കുറയാത്ത കണക്റ്റഡ് ലോഡ്, ജലവിതരണ സംവിധാനം, 7 മീറ്ററിൽ കുറയാത്ത വീതിയിലുള്ള അപ്രോച്ച് റോഡ് എന്നീ അടിസ്ഥാന സൗകര്യങ്ങളാണ് വേണ്ടത്.

(ഡി) തൊണ്ട് സംരക്ഷണം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും നാളികേരത്തിന്റെ ഏകീകൃത വിളവെടുപ്പ്, തൊണ്ട് സംഭരണം എന്നിവ നടത്തുന്നതിന് കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളീകേര പ്രൊഡ്യൂസേഴ്സ് കമ്പനി, ആഗ്രോ സർവ്വീസ് സെന്ററുകൾ എന്നിവരെക്കൂടി ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ഇ) കുടുംബശ്രീ യൂണിറ്റുകളുമായി സഹകരിച്ച് പച്ചത്തൊണ്ട് ചകിരിയാക്കാനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കണ്ണൂർ ജില്ലയിൽ അമ്മാനപ്പാറയിൽ ഇത്തരമൊരു യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

## തൊണ്ട് സംഭരണത്തിന് നടപടി

151(549) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ വ്യവസായത്തിന് ആവശ്യമായ പച്ചത്തൊണ്ട് അന്യസംസ്ഥാനത്തേക്ക് കൊണ്ട് പോയി ചകിരിയാക്കി കേരളത്തിൽ തന്നെ ഉയർന്ന വിലയ്ക്ക് വില്പന നടത്തുന്ന ലോബി പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾക്കാവശ്യമായ തൊണ്ട് സംഭരിച്ച് നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടുത്ത ചകിരി ക്ഷാമം അനുഭവപ്പെടുന്നതായി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) കയർ വ്യവസായത്തേയും തൊഴിലാളികളേയും സംരക്ഷിക്കുന്നതിനായി കുടുംബശ്രീ, കൃഷി വകുപ്പ് എന്നിവരുമായി സഹകരിച്ച് തൊണ്ട് സംഭരിച്ച് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കയർ ജിയോ ടെക്സ്റ്റൈൽസ് കൃഷി-ജല-മണ്ണ് സംരക്ഷണ റോഡ് നിർമ്മാണ പരിപാടികളിൽ എം.ജി.എൻ. ആർ.ഇ.ജി.എസ്-ന്റെ ഭാഗമായി തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുമായി 120 കോടി രൂപയുടെ ധാരണാപത്രം ഒപ്പിട്ട് കയർ ജിയോ ടെക്സ്റ്റൈൽസ് വിരിക്കുന്ന പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കയർ ജിയോ ടെക്സ്റ്റൈൽസിന്റെ വിനിയോഗം വർദ്ധിച്ചത് കയർ യാണിന് ഉയർന്ന ഡിമാന്റ് സൃഷ്ടിച്ചിട്ടുണ്ട്. തൊഴിൽ ശക്തി കേന്ദ്രീകൃതമായ കയർ മേഖലയുടെ പ്രോത്സാഹനത്തിന് മേൽസൂചിപ്പിച്ച പുതിയ പദ്ധതികൾ ഈ സർക്കാർ നടപ്പിലാക്കിവരുന്നു.

## പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് നടപടി

152(550) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത കയർ വ്യവസായത്തെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കയർ തൊഴിലാളികൾ ഈ മേഖല ഉപേക്ഷിച്ചു പോകുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കയറിന് ലഭിക്കുന്ന റിബേറ്റ് തുക നേരിട്ട് തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പരമ്പരാഗത തൊഴിൽ മേഖലയിൽപ്പെട്ട കയർ വ്യവസായത്തെ സംരക്ഷിക്കാൻ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. രണ്ടാം പുനഃസംഘടന പദ്ധതി.
2. എല്ലാ നിയന്ത്രണങ്ങളും എടുത്തുമാറ്റി പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവൽക്കരണം.
3. ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉൽപ്പാദനം.
4. കയർ കോമ്പസിറ്റ് ഉൽപ്പന്നങ്ങളുടെ നിർമ്മാണം.

പുനഃസംഘടനയുടെ ഭാഗമായി പ്രവർത്തനക്ഷമമല്ലാത്ത സംഘങ്ങളെ പ്രവർത്തനക്ഷമമായവയോട് സഹകരണ നിയമപ്രകാരം കൂട്ടിച്ചേർക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. സംഘങ്ങൾക്ക് മാനേജീരിയൽ ഗ്രാന്റ് അനുവദിച്ച് ജി.ഒ. (ആർടി.) 583/2017/ഐഡി. തീയതി 31-3-2017 പ്രകാരം ഉത്തരവായിട്ടുണ്ട്. 2,07,15,000 രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. നിയന്ത്രിത യന്ത്രവൽക്കരണം എന്ന പദ്ധതിയിൽനിന്നും സമ്പൂർണ്ണ യന്ത്രവൽക്കരണം കയർ മേഖലയിൽ നടപ്പിലാക്കുകയാണ്. ഈ നടപടി പരമ്പരാഗത മേഖലയിലെ തൊഴിലാളികളുടെ തൊഴിലിനേയും കൂലിയേയും ബാധിക്കാതിരിക്കാൻ സർക്കാർ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇതിന്റെ ഭാഗമായി സംഘങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കയർ മിനിമം കൂലി ഉറപ്പാക്കി കയർഫെഡ് സംഭരിക്കും. ഈ കയർ ഉപയോഗിച്ച് കയർ ഉൽപ്പന്നങ്ങൾ നെയ്യുന്നവരുടെ ഉൽപ്പന്നങ്ങൾ കയർ കോർപ്പറേഷൻ ക്രയവില സ്ഥിരതാ പദ്ധതി വഴി സംഭരിക്കും. അവ ഡിസ്കൗണ്ട് നൽകി വിറ്റഴിക്കും. 2016-17 വർഷത്തിൽ ബജറ്റ് പ്രകാരം 77 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ വർഷം വില സ്ഥിരത ഫണ്ടിന് 48.7 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ചകിരി ഉൽപ്പാദനം വ്യാപിപ്പിക്കുന്നതിന് ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതാണ്. പാലക്കാട് ജില്ലയിലെ നെന്മാറയിൽ (പൊന്നാനി പ്രോജക്ട്) കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000

തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന രണ്ട് മെഷീനുകൾ ഉൾക്കൊള്ളുന്ന ഫാക്ടറി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. മേൽപ്പറഞ്ഞതിൽ ഒരു മെഷീൻ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനത്തിന് നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) പുതിയ തലമുറ കയർ വ്യവസായത്തിൽ പണിയെടുക്കുന്നതിൽ വിമുഖരാണ്. പഴകിയ സാങ്കേതികവിദ്യയും കുറഞ്ഞ വരുമാനവുമൊക്കെ ഇതിന് കാരണങ്ങളാണ്. കയർ വ്യവസായത്തിന്റെ സമ്പൂർണ്ണ ആധുനീകരണം ഈ തൊഴിൽ മേഖല ആകർഷകമാക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ്. അതേസമയം പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികളുമുണ്ട്. അവരുടെ തൊഴിലും വരുമാനവും സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) കയർ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ കയറും ന്യായമായ വില നൽകി കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി സംഭരിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾക്ക് അവ വിറ്റഴിക്കാൻ കഴിയാതെ വരുന്ന സന്ദർഭത്തിൽ പി.പി.എസ്.എസ്. പദ്ധതി പ്രകാരം കമ്മിറ്റി നിശ്ചയിക്കുന്ന നിരക്കിൽ സബ്സിഡിയായി തുക അനുവദിച്ചു നൽകുന്നുണ്ട്. ആയതിന്റെ ആനുകൂല്യം തൊഴിലാളികൾക്ക് പരോക്ഷമായി ലഭിക്കുന്നുണ്ട്. അതേസമയം വരുമാന ഉറപ്പ് പദ്ധതി പ്രകാരമുള്ള ആനുകൂല്യം പ്രധാനമായും ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ (ഡി.ബി.റ്റി.) വഴിയാണ് നൽകുന്നത്.

## വ്യവസായ മേഖലയിലെ സാമ്പത്തികമാന്ദ്യം

153(551) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനവും ചരക്ക് സേവന നികുതിയുംവഴി ഉണ്ടായ സാമ്പത്തികമാന്ദ്യം വ്യവസായ മേഖലയെ ബാധിച്ചതായി കരുതുന്നുണ്ടോ;

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഏതാനും സ്റ്റീൽ കമ്പനികൾ അടച്ചുപൂട്ടുകയും 45-ഓളം സ്റ്റീൽ കമ്പനികളിലെ ഉൽപ്പാദനം പകുതിയായി കുറയുകയും ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ടോ;

(സി) ചെറുകിട-സ്വകാര്യ-ഇടത്തരം വ്യവസായ സംരംഭങ്ങളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും സംരക്ഷിക്കുന്നതിനും സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും എന്തൊക്കെ നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സാമ്പത്തികമാന്ദ്യം പരമ്പരാഗത വ്യവസായം ഉൾപ്പെടെയുള്ള വ്യവസായ മേഖലയെ ബാധിച്ചിട്ടുണ്ട്.

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ ഏതാനും സ്റ്റീൽ കമ്പനികൾ അടച്ചു പൂട്ടിയിട്ടുണ്ട്. ഡെവലപ്മെന്റ് പ്ലോട്ട് അനന്തപുരത്തെ വാളയാർ സ്റ്റീൽ കമ്പനി താൽക്കാലികമായി പ്രവർത്തനം നിർത്തിവച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ചെറുകിട സ്വകാര്യ-ഇടത്തരം വ്യവസായ സംരംഭങ്ങളേയും പൊതുമേഖലാ സ്ഥാപനങ്ങളേയും സംരക്ഷിക്കുന്നതിനും സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാരിന്റെ ഇ.എസ്.എസ്. സ്റ്റാർട്ട് അപ് സബ്സിഡി പദ്ധതി, ടെക്നോളജി സപ്പോർട്ട് എന്നിവ നല്കി വരുന്നു. വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി ജില്ലാതലത്തിൽ ഏകജാലക സംവിധാനം പ്രവർത്തിക്കുന്നു. വ്യവസായ സാധ്യതകൾ സംരംഭകരിലേക്ക് എത്തിക്കുന്നതിനായി വിവിധ സെമിനാറുകൾ, ടെക്നോളജി ക്ലീനിക്ക്, ഇൻവെസ്റ്റേഴ്സ് മീറ്റ് എന്നിവ സംഘടിപ്പിക്കുകയും കലാലയങ്ങൾ കേന്ദ്രീകരിച്ച് ഇ.ഡി. ക്ലബ്ബുകൾ രൂപീകരിച്ച് സാമ്പത്തിക സഹായം നല്കുകയും ചെയ്തുവരുന്നു. വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ലൈസൻസുകളും അനുമതികളും വേഗത്തിലും സമയബന്ധിതവുമായി ലഭ്യമാക്കുന്നതിനുള്ള ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് പദ്ധതി അന്തിമ ഘട്ടത്തിലാണ്. സംരഭകർക്ക് കൈത്താങ്ങ് സഹായം നല്കുന്നതിന് മിനി ഇൻക്യുബേഷൻ സെന്റർ പ്രവർത്തിച്ചുവരുന്നു. നാനോ സെക്ടർ പ്രമോട്ടു ചെയ്യാൻ ഇന്ററസ്റ്റ് സബ് വെർഷൻ സ്കീം ഫോർ നാനോ ഹൗസ് ഹോൾഡ് ഇൻഡസ്ട്രീസ് പദ്ധതിയും വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ ഇ.പി.എഫ്/ഇ.എസ്.ഐ. വിഹിതത്തിന്റെ 75%റീ-ഇമ്പേഴ്സ് ചെയ്ത് നൽകുന്നതിനുള്ള പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ട്. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നിയമപരമായ അനുമതി ലഭിക്കുന്നതിനുള്ള കടമ്പകൾ ലഘൂകരിക്കുന്നതിന് നിലവിലുള്ള നിയമങ്ങൾ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്-2017" പുറത്തിറക്കിയിട്ടുണ്ട്. 'വ്യവസായ ജാലകം' എന്ന പദ്ധതിവഴി ഒരു ലക്ഷത്തി പതിനായിരത്തിൽപ്പരം വ്യവസായ യൂണിറ്റുകളുടെയും ആയിരത്തോളം വ്യവസായ സ്ഥാപനങ്ങളുടെയും ജിയോ ടാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന തരത്തിൽ സജ്ജീകരിച്ചിട്ടുണ്ട്. സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളുടെയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. വ്യവസായ യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള

വ്യവസായ വികസന ഏരിയ/പ്ലോട്ടുകളുടെ ആധുനികവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, പൊതുസൗകര്യ സേവനങ്ങളുടെ (ഡി.എഫ്.സി) നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിലവിലുണ്ട് (പി.പി.പി). തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ലസ്റ്റർ വികസന പദ്ധതിയുടെ ഡി.എഫ്.സി. രൂപീകരിക്കുന്നതിനും ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തുന്നതിനായി സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ, നിക്ഷേപ സംഗമങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിശീലനം, സംരംഭകത്വ വികസന ക്ലബ്ബുകൾ, സംരംഭകത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കുന്നു. കൂടാതെ സംരംഭകർക്കായി സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.) പി.എം.ഇ.ജി.പി. എന്നീ പദ്ധതികൾ നിലവിലുണ്ട്. കരകൗശല വ്യവസായ സംരംഭങ്ങൾ പ്രോത്സാഹി പ്പിക്കുന്നതിനായി 'ആഷ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ ഈ വർഷം അതിസൂക്ഷ്മ വ്യവസായങ്ങളിൽപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നാനോ, ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പന്ന വികസനത്തിനും ഉല്പാദന പ്രക്രിയ നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതിയും 1-4-2017-ന് ശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ/ഇ.പി.എഫ് അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75% സർക്കാർ നൽകുന്നതിനുള്ള പദ്ധതിയും സർക്കാരിന്റെ പരിഗണനയിലാണ്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് വൈദ്യുതി, ആരോഗ്യം തുടങ്ങിയ വകുപ്പുകളുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയത് വിജയകരമായി മുന്നോട്ടു നീങ്ങുകയാണ്. കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ ഉപക രണങ്ങൾ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നിന്നു തന്നെ വാങ്ങുക എന്നതാണ് ഇതിൽ പ്രധാനം. കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായ ട്രാൻസ്ഫോർമർ, മീറ്റർ, കേബിൾ എന്നിവ ട്രാക്കോ, കെൽ, യുണൈറ്റഡ് ഇലക്ട്രിക്കൽസ്, ടെൽക് എന്നീ സ്ഥാപനങ്ങളിൽനിന്ന് വാങ്ങുന്നതുവഴി പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ സാധിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഓഹരി മൂലധനമായും, വായ്പയായും, ഗ്രാന്റായും ധനസഹായം നൽകിവരുന്നു.

## കെ.എം.എം.എൽ. ഫാക്ടറിയിലേക്കുള്ള റെയിൽവേ ലൈൻ

154(552) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷനെയും കെ. എം.എം.എൽ. ഫാക്ടറിയെയും ബന്ധിപ്പിക്കുന്ന റെയിൽവേ ലൈൻ ഉപയോഗശൂന്യമായി സ്വകാര്യ വ്യക്തികൾ കയ്യേറി നശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി റോഡ് നിർമ്മിക്കുന്നതിന് വിട്ടു നൽകുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആവശ്യം കാണിച്ച് കരുനാഗപ്പള്ളി എം.എൽ.എ. സമർപ്പിച്ച നിവേദനത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി റെയിൽവേ സ്റ്റേഷനേയും കെ.എം.എം.എൽ ഫാക്ടറിയേയും തമ്മിൽ ബന്ധിപ്പിക്കുന്ന റെയിൽവേ ലൈൻ, സ്പെഷ്യൽ തഹസീൽദാർ (എൽ.എ) ഓഫീസിലെ സർവ്വേയർമാരുടെ സഹായത്താൽ അതിർത്തി നിർണ്ണയം നടത്തി അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. അതിർത്തി നിർണ്ണയിക്കുവാൻവേണ്ടി സർവ്വേ നടത്തിയപ്പോൾ ഒരു ഭാഗത്ത് കയ്യേറ്റം ഉണ്ടായെന്ന് സംശയിക്കുന്നു. താലൂക്ക് സർവ്വേ വകുപ്പുമുഖേന വീണ്ടും അളവിന് അപേക്ഷ നൽകിയിട്ടുള്ളതും, കൈയ്യേറ്റം ഒഴിപ്പിക്കുന്നതിനുവേണ്ടി കരുനാഗപ്പള്ളി കോടതി മുഖേന സിവിൽ നടപടി നടത്തിവരികയുമാണ്.

(ബി&സി) കെ.എം.എം.എൽ-ലേക്കുള്ള റെയിൽവേ ലൈൻ പ്രയോജനപ്പെടുത്തി റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് നൽകിയ നിവേദനത്തിൻമേൽ കെ.എം.എം.എൽ. സമർപ്പിച്ച റിപ്പോർട്ട് എച്ച്3/358/2017/വ്യവ. നമ്പർ ഫയലായി സർക്കാർ പരിശോധിച്ചുവരികയാണ്.

## വ്യവസായ മേഖലയിൽ കേന്ദ്ര നിക്ഷേപം

155(553) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് വ്യവസായ മേഖലയിൽ കേന്ദ്രനിക്ഷേപതോത് ഏത് വിധത്തിലായിരുന്നു; ഏതൊക്കെ പദ്ധതികൾക്കാണ് ധനസഹായം ലഭിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മേല്പറഞ്ഞ മേഖലയിൽ ഏതൊക്കെ പുതിയ പദ്ധതികൾക്കാണ് ധനസഹായം ലഭിച്ചതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ക്ലസ്റ്റർ വികസന പദ്ധതികൾക്കായി ധനസഹായമായി 2011-12 വർഷത്തിൽ 1,20,96,000 രൂപയും, 2012-13 വർഷത്തിൽ 52,56,676 രൂപയും, 2013-14 വർഷത്തിൽ 1 കോടി രൂപയും, 2014-15 വർഷത്തിൽ 1,63,44,800 രൂപയും മുള മേഖലയുടെ വികസനത്തിനായി നാഷണൽ ബാംബൂ മിഷനിൽനിന്നും 2013-14 സാമ്പത്തിക വർഷത്തിൽ 96.23 ലക്ഷം രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 109.534 ലക്ഷം രൂപയും ലഭിച്ചു. മെഗാഫുഡ് പാർക്കിനായി 50 കോടി രൂപയും 2015-ൽ ഗ്രാന്റായി അനുവദിക്കുകയും അതിൽ 15 കോടി രൂപ ലഭിക്കുകയും ചെയ്തു. കേന്ദ്ര വുമൺ ആന്റ് ചൈൽഡ് മന്ത്രാലയത്തിൽ നിന്നും 2010-11-ൽ 265 ലക്ഷം രൂപയും 2012-13 ൽ 212 ലക്ഷം രൂപയും 2016-ൽ 97.99 ലക്ഷം രൂപയും കെ.എസ്.ഐ.ഡി.സി.-ക്ക് ലഭിച്ചു. ASIDE സ്കീമിൽ നിന്നും വനിതാ സംരംഭകർക്കായി WE സ്പേസ് ഒരുക്കുന്നതിനായി 2016-17-ൽ 10 കോടി രൂപയും ലഭിച്ചു. കൂടാതെ കേരള ബജറ്റിലൂടെ ഒറ്റത്തവണ അധിക കേന്ദ്ര സഹായമായി സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിക്ക് 2012-13-ൽ 12.21 കോടി രൂപ അനുവദിച്ചിരുന്നെങ്കിലും 5.16 കോടി രൂപ മാത്രമേ ലഭിച്ചുള്ളൂ. നാളീകേര വ്യവസായ പാർക്കിനായി 2015-16-ൽ 7.02 കോടി രൂപ ഇതേ രീതിയിൽ കെ.എസ്.ഐ.ഡി.സി.-ക്ക് അനുവദിച്ചിട്ടുണ്ട്. മുൻ സർക്കാരിന്റെ കാലത്ത് ഇന്റഗ്രേറ്റഡ് ഹാന്റ്ലൂം ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി കൈത്തറി ക്ലസ്റ്ററുകൾക്കായി 1274.71652 ലക്ഷം രൂപ അനുവദിച്ചതിൽ നിന്നും 1033.54535 ലക്ഷം ചിലവഴിക്കുകയും 241.17047 ലക്ഷം രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ സെയിൽ എസ്.സി.എൽ -നിന്നും 2011-12 സാമ്പത്തിക വർഷം 3 കോടി രൂപയും, 2012-13 ൽ 9.71 കോടി രൂപയും, 2014-15 ൽ 3.51 കോടി രൂപയും, 2015-16-ൽ 1.50 കോടി രൂപയും, 2016-17 സാമ്പത്തിക വർഷത്തിൽ 2016 മേയ് മാസത്തിന് മുൻപായി 1 കോടി രൂപയും ലഭിച്ചു.

കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ASIDE സ്കീമിന്റെ നോഡൽ ഏജൻസിയായിരുന്ന കിൻഫ്രയ്ക്ക് 12 വിവിധ പദ്ധതികൾക്കായി 2011-12 സാമ്പത്തിക വർഷം 1852 ലക്ഷം രൂപയും, 2012-13-ൽ 1662 ലക്ഷം രൂപയും, 2013-14-ൽ 2094 ലക്ഷം രൂപയും, 2014-15-ൽ 2094 ലക്ഷം രൂപയും ലഭിച്ചു. 2015-ൽ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ഈ പദ്ധതി നിർത്തലാക്കി.

(ബി) എം.എസ്.ഇ.- സി.ഡി.പി. പദ്ധതിപ്രകാരം 19.68 കോടി രൂപയുടെ അനുമതി ലഭിച്ചു. എന്നാൽ തുക ലഭിച്ചിട്ടില്ല. ക്ലസ്റ്റർ വികസനത്തിനായി 2016-17 സാമ്പത്തിക വർഷം 4,32,28,473 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ

10,13,45,100 രൂപയും ലഭിച്ചു. മാനുഫാക്ചറിംഗ് ഇൻഡസ്ട്രിയൽ സോണിനായി 2016-17-ൽ ബജറ്റിൽ ഉൾപ്പെടുത്തി 8 കോടി രൂപ അനുവദിച്ചു. സ്ത്രീകൾക്കായുള്ള ആശ്രയ പദ്ധതിക്കായി 2017-18-ൽ 80 ലക്ഷം രൂപ ലഭ്യമായി. എൻ.എച്ച്.ഡി.പി പ്രകാരം ബ്ലോക്ക് ലെവൽ ക്ലസ്റ്ററുകൾക്ക് 863.757 ലക്ഷം രൂപ ധനസഹായമായി അംഗീകരിക്കുകയും 285.89 ലക്ഷം രൂപ ആദ്യഗഡുവായി ലഭിക്കുകയും ചെയ്തു. സെയിലിൽ നിന്നും 1.10 കോടി ധനസഹായം ലഭിച്ചു. ഡിഫൻസ് പാർക്ക്, മെഗാഫുഡ് പാർക്ക് എന്നീ പദ്ധതികൾക്കായി കേന്ദ്ര സർക്കാരിൽ നിന്നും യഥാക്രമം 15 കോടി രൂപവീതം ധനസഹായമായി ലഭിച്ചു.

## വ്യവസായ നിക്ഷേപത്തിന് ഏകജാലക ക്ലിയറൻസ് ബോർഡ്

156(554) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂമിശാസ്ത്രപരമായ അനുകൂലഘടകങ്ങളും ഉയർന്ന സാക്ഷരതയും മിതമായ കാലാവസ്ഥയും ഉണ്ടായിട്ടും കേരളം വ്യവസായ നിക്ഷേപത്തിൽ പിന്നോക്കം ആണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) ലോക ബാങ്കും, ഡി.ഐ.പി.പി-യും ചേർന്ന് ആവിഷ്കരിച്ച നിക്ഷേപക സൗഹൃദ മാനദണ്ഡങ്ങൾ പ്രകാരം നിക്ഷേപക-അനുകൂല സാഹചര്യത്തിൽ കേരളത്തിന് ഇന്ത്യയിൽ എത്രാമത്തെ സ്ഥാനമാണുള്ളത്;

(സി) പുതിയ സംരംഭങ്ങൾക്കുള്ള അപേക്ഷകൾ പരിശോധിച്ച് അനുമതി നൽകുവാൻ സംസ്ഥാനത്ത് ഏകജാലക ക്ലിയറൻസ് ബോർഡ് സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) നിക്ഷേപകർക്ക് തടസ്സം നിൽക്കുന്ന നിയമവ്യവസ്ഥകളിൽ കാലോചിതമായ മാറ്റം വരുത്തി സംസ്ഥാനത്തേക്ക് വ്യവസായ നിക്ഷേപകരെ ആകർഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷനാണ് (ഡി.ഐ.പി.പി.) നമ്മുടെ രാജ്യത്തെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കി സംസ്ഥാനങ്ങളുടെ റാങ്കുകൾ നിർണ്ണയിക്കുന്നത്. കെട്ടിട

നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ, ഏകജാലക സംവിധാനം തുടങ്ങി പത്തോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റെയും റാങ്ക് ഡി.ഐ.പി.പി. നിർണ്ണയിക്കുന്നത്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽ നിന്നും സമയബന്ധിതമായി അനുമതി ലഭിക്കേണ്ടതുണ്ട്. അതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ ഡിപ്പാർട്ട്മെന്റുകളിൽ നിന്നും സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ എന്നിവയുള്ള വ്യവസ്ഥ ഇല്ലാത്തത്, എന്നിവ സംസ്ഥാനത്തിന്റെ കുറവുകളായി കണ്ടെത്തിയിരുന്നു. നമ്മുടെ സംസ്ഥാനം ഇപ്പോൾ ഡി.ഐ.പി.പി-യുടെ റാങ്കിംഗിൽ മുൻനിരയിലെത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങൾ പരിഷ്കരിച്ചുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചു. കൂടാതെ ഓൺലൈൻ സംവിധാനവും, സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനുള്ള സെല്ലും രൂപീകരിച്ചു.

(ബി) 2016-ൽ ഡി.ഐ.പി.പി. തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2017-ൽ ഡി.ഐ.പി.പി. നൽകിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ ഇപ്പോൾ വിവിധ സംസ്ഥാനങ്ങളുടെ റാങ്കിംഗ് നടന്നുവരികയാണ്. 2016-ൽ കേരളം 26.97 ശതമാനം മാർക്കാണ് നേടിയത്. 2017-ലെ വിലയിരുത്തലിൽ കേരളം ഇതുവരെ 44 ശതമാനം മാർക്ക് നേടിയിട്ടുണ്ട്. ഡി.ഐ.പി.പി. യുടെ റാങ്കിംഗ് നിർണ്ണയം പൂർത്തിയായാൽ മാത്രമേ 2017 ലെ കേരളത്തിലെ റാങ്കും നേടിയ മാർക്കിന്റെ ശതമാനവും കണക്കാക്കപ്പെടുകയുള്ളൂ.

(സി) സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട് 1999 നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഏകജാലക ക്ലിയറൻസ് ബോർഡ് ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും വ്യവസായ പാർക്കുകളിലും പ്രവർത്തിച്ചുവരുന്നുണ്ട്.

(ഡി) സംസ്ഥാനത്തേക്ക് വ്യവസായ നിക്ഷേപകരെ ആകർഷിക്കുക എന്ന ലക്ഷ്യത്തോടുകൂടി ഈസ് ഓഫ് ഡൂയിംഗ് സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള ഭാഗമായി വിവിധ മേഖലകളിലെ ചട്ടങ്ങളും വ്യവസായ നിയമങ്ങളുമനുസരിച്ച് നവീകരണം നടപ്പാക്കാനാവശ്യമായ പഠനം നടത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാ

നത്തിൽ കേരളത്തിൽ വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടത്തുവാൻവേണ്ടി വിവിധ വകുപ്പുകളിലെ ഏഴ് നിയമങ്ങൾ പരിഷ്കരിച്ച് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുകൂടാതെ കേരളത്തിൽ നിലവിലുള്ള അപേക്ഷാ ഫോറങ്ങൾ പരിഷ്കരിക്കുകയും, വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു എകീകൃത അപേക്ഷാഫോറം (കോമൺ ആപ്ലിക്കേഷൻ ഫോറം) രൂപകല്പന ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് അനായാസം വ്യവസായം ആരംഭിക്കുന്നതിനുള്ള പാരിസ്ഥിതികാവസ്ഥ രൂപപ്പെടുത്തുന്നതിനുള്ള നടപടി ത്വരിതഗതിയിലാണ്.

## പട്ടാമ്പി കമ്പനിപറമ്പ് വിവിധ പൊതു ആവശ്യങ്ങൾക്കായി വിട്ടുകൊടുക്കുന്നതിനുള്ള നടപടി

157(555) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാർ വക സ്ഥലം ഇല്ലാത്തത് ഏറെ ബുദ്ധിമുട്ട് ഉണ്ടാക്കുന്ന സാഹചര്യത്തിൽ വർഷങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന കമ്പനി പറമ്പ് പൊതുവ്യവസായങ്ങൾക്കായി വിട്ടു കൊടുക്കുന്നത് ആയിരിക്കും സ്വകാര്യ സംരഭകർക്ക് നൽകുന്നതിനേക്കാൾ നല്ലത് എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനായി നടപടികൾ സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ ഏറെ കാലമായുള്ള ആവശ്യമായ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു അനുയോജ്യമായ സ്ഥലം ലഭിക്കാത്തത് ഒരു പ്രശ്നമായ സാഹചര്യത്തിൽ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു സ്ഥലം വിട്ടു നൽകാൻ ആവശ്യപ്പെട്ടു എം.എൽ.എ. നൽകിയ നിവേദനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യവസായ സ്ഥാപനങ്ങളോട് ചേർന്നു ഫയർ സ്റ്റേഷൻ ആരംഭിക്കുന്നത് എന്തുകൊണ്ടും നല്ലതാണെന്നിരിക്കെ അതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി നിയോജക മണ്ഡലത്തിലെ കൊപ്പം, കമ്പനിപറമ്പ് പൊതു മേഖലയിലെ വ്യവസായങ്ങൾക്കായി വിട്ടുകൊടുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) പട്ടാമ്പി താലൂക്കിലെ കൊപ്പം വില്ലേജിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഫയർ സ്റ്റേഷനായി വിട്ടുകൊടുക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ടുള്ള എം.എൽ.എ.-യുടെ നിവേദനം റിപ്പോർട്ടിനായി വ്യവസായ വാണിജ്യ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

## പി.എം.ഇ.ജി.പി. വായ്പ

158(556) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.ബി.ടി - എസ്.ബി.ഐ ലയനത്തിനുശേഷം പി.എം.ഇ.ജി.പി. വായ്പ അനുവദിക്കുന്നതിന് എസ്.ബി.ഐ. വരുത്തുന്ന കാലതാമസം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ കാര്യത്തിൽ അപേക്ഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇതു സംബന്ധിച്ച് ബി.എൽ.ബി.സി., ഡി.എൽ.ആർ.സി., എസ്.എൽ.ബി.സി., എസ്.എൽ.എം.സി. തുടങ്ങിയ മീറ്റിംഗുകളിൽ ഇക്കാര്യം വിശദമായി ചർച്ച ചെയ്യുകയും ബാങ്കിന്റെ ഭാഗത്ത് നിന്നുണ്ടായ കാലതാമസം ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഫീൽഡുതല ഉദ്യോഗസ്ഥർ ബാങ്കിന്റെ ബ്രാഞ്ച് തലത്തിൽ നേരിട്ട് ബന്ധപ്പെട്ട് വായ്പ അനുവദിക്കുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. ഇത്തരം വായ്പ അപേക്ഷകളിന്മേൽ കാലതാമസം കൂടാതെ നടപടി സ്വീകരിക്കുന്നതിന് എസ്.ബി.ഐ സെൻട്രൽ പ്രോസസിംഗ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും രണ്ടാഴ്ചയിലൊരിക്കൽ എസ്.ബി.ഐ. ലോക്കൽ ഹെഡ് ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ടെന്നും എസ്.ബി.ഐ ഡെപ്യൂട്ടി ജനറൽ മാനേജർ അറിയിച്ചിട്ടുണ്ട്.

## വയനാട് ജില്ലയിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ

159(557) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിനുകീഴിൽ വയനാട് ജില്ലയിൽ നടപ്പാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷത്തിൽ വ്യവസായ വകുപ്പിന് കീഴിൽ വയനാട് ജില്ലയിൽ സംരംഭകത്വ സഹായ പദ്ധതി പ്രകാരം 30 യൂണിറ്റുകൾക്കായി 113 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം

സമർപ്പിച്ച 143 അപേക്ഷകരിൽ 31 പേരുടെ അപേക്ഷകൾ വിവിധ ബാങ്കുകൾ പാസ്സാക്കുകയുണ്ടായി. മാർജിൻ മണി ഗ്രാന്റ് ഇനത്തിൽ 26 അപേക്ഷകൾക്കായി 46.55 ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. ചെറുകിട ഇടത്തരം വ്യവസായ സംരംഭകർക്കായി സെമിനാറുകൾ, ഇൻവെസ്റ്റ്മെന്റ് മീറ്റ്, സംരംഭകത്വ വികസന പദ്ധതി, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, ടെക്നോളജി ക്ലിനിക്, കൈത്തറിയുടെ പ്രചരണത്തിനായി കോളേജ് തലത്തിൽ സെമിനാർ തുടങ്ങിയ പരിപാടികൾ സംഘടിപ്പിച്ചു. കൈത്തറി മേഖലയിൽ 3193 മീറ്റർ സ്കൂൾ യൂണിഫോം തുണി ഉൽപ്പാദിപ്പിച്ചു. കൂലിയിനത്തിൽ സംഘത്തിനും തൊഴിലാളികൾക്കുമായി 3,37,037 രൂപ വിതരണം ചെയ്തു.

## അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ റോഡുകൾ

160(558) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ റോഡുകളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നമ്മുടെ രാജ്യത്തിനും സംസ്ഥാനത്തിനും കോടികളുടെ നികുതി നൽകുന്നതും അനേകായിരം പേർക്ക് തൊഴിൽ നൽകുന്നതുമായ ഈ മേഖലയുടെ വികസനത്തിന് എന്തെല്ലാം സഹായമാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ റോഡുകൾ എല്ലാം കണ്ടയിനറുകളുടെ ഭാരം താങ്ങാൻ പറ്റുന്ന നിലയിലുള്ള ഹെവി ടൈലുകൾ പാകി സംരക്ഷിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ 10 കോടി രൂപയുടെ പദ്ധതി നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പ്രോജക്ടിന് അനുമതി എത്രയുംവേഗം നേടിയെടുത്ത് നടപ്പിലാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി-ഡി) അരൂർ വ്യവസായ മേഖലയുടെ സമഗ്ര വികസനത്തിനായി കേന്ദ്ര ഗവൺമെന്റിന്റെ MSME-CDP പദ്ധതിയിൽ ഉൾപ്പെടുത്തി 10 കോടി രൂപയുടെ പ്രോജക്ട് തയ്യാറാക്കി. ഇത് സിഡ്ബിയുടെ പരിഗണനയിലാണ്. സിഡ്ബി അധികൃതർ ഒരു തവണ പ്രസ്തുത സ്ഥലം സന്ദർശിച്ച് പരിശോധന നടത്തിയിരുന്നു.

## വ്യവസായ സ്ഥാപനങ്ങളിലെ സുരക്ഷാ സംവിധാനം

161(559) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിരന്തരം അപകടങ്ങൾ ഉണ്ടാകുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യവസായ സ്ഥാപനങ്ങളിലെ സുരക്ഷാ സംവിധാനങ്ങളുടെ കാര്യക്ഷമത സംബന്ധിച്ച് സുരക്ഷാ ആഡിറ്റ് നടത്താറുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായശാലകളിൽ ജോലി സമയത്ത് എത്ര അപകടങ്ങളും ജീവഹാനികളും ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ട്രാവൻകൂർ ടൈറ്റാനിയത്തിൽ നിരന്തരം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അടുത്തകാലത്ത് രണ്ട് അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്.

(ബി) 6-11-2017-ലെ സ.ഉ.(കൈ) 111/2017/വ്യവ. നമ്പർ ഉത്തരവു പ്രകാരം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിന് നടപടി സ്വീകരിക്കും.

(സി) വിവരം ശേഖരിച്ചു വരുന്നു.

## കാസർഗോഡ് ജില്ലയിൽ ഭക്ഷ്യ സംസ്കരണ കശുവണ്ടി സംസ്കരണ വ്യവസായങ്ങൾ

162(560) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഭക്ഷ്യ സംസ്കരണ, കശുവണ്ടി സംസ്കരണ വ്യവസായങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തുതന്നെ ഏറ്റവും അധികം നല്ല കശുവണ്ടി ഉല്പാദിപ്പിക്കുന്ന ഈ ജില്ലയിൽ പൊതുമേഖലയിൽ ഒരു സംസ്കരണ വ്യവസായം തുടങ്ങാൻ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടായിട്ടും ഇതുവരെയും കഴിയാതെ വന്നതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ ഭക്ഷ്യസംസ്കരണ, കശുവണ്ടി സംസ്കരണ വ്യവസായങ്ങൾ നിലവിലുണ്ട്. കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ഒരു കശുവണ്ടി സംസ്കരണ യൂണിറ്റ് ആരംഭിക്കാൻ ലക്ഷ്യമിടുന്നു. ഇതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ച് വരുന്നു.

**വ്യാവസായിക വളർച്ചയ്ക്ക് ഓർഡിനൻസ്**

163(561) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യാവസായിക വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) വ്യാവസായിക വളർച്ചയ്ക്ക് അനുകൂല സാഹചര്യം സൃഷ്ടിക്കുന്നതിന് നിലവിലുള്ള പദ്ധതികൾ മാത്രംപോര എന്നതിനാലാണോ ഓർഡിനൻസ് മുഖേന ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തി വ്യാവസായം തുടങ്ങുന്നതിനുള്ള അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചത്;

(സി) ഓർഡിനൻസിലെ ഏതെങ്കിലും ഭേദഗതിക്കെതിരെ തൊഴിലാളി സംഘടനകൾ രംഗത്ത് വന്നിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(ഡി) തൊഴിലാളി സംഘടനകളുടെ എതിർപ്പിനെത്തുടർന്ന് പ്രസ്തുത ഭേദഗതി നിർദ്ദേശം ഉപേക്ഷിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് സംരംഭത്തെ ആസ്പദമാക്കിയിട്ടുള്ള കേന്ദ്ര ഗവൺമെന്റിന്റെ റാങ്കിംഗിൽ സംസ്ഥാനം വളരെ പിന്നോക്കം നിൽക്കുന്ന സാഹചര്യമാണുള്ളത്. തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിന് നിക്ഷേപകരെ ആകർഷിക്കേണ്ടതുണ്ട്. സ്വകാര്യ മൂലധനത്തെ ആശ്രയിക്കുമ്പോൾ തൊഴിലാളികളുടെ അവകാശം പൂർണ്ണമായും സംരക്ഷിച്ചുകൊണ്ടായിരിക്കണം പദ്ധതികൾ നടപ്പിലാക്കേണ്ടത്. നടപടിക്രമങ്ങൾ ലഘൂകരിച്ചും, വിവിധ വകുപ്പുകളിലായി നിലനിൽക്കുന്ന പല ചട്ടങ്ങളും നിയമങ്ങളും കാലാനുസൃതമായി പരിഷ്കരിക്കുന്നതുവഴി കേരളത്തിൽ അനായാസം വ്യവസായം നടത്താൻ പറ്റുന്ന പാരിസ്ഥിതികാവസ്ഥ

സൃഷ്ടിക്കുന്നതിനു വേണ്ടിയാണ് ഇതു സംബന്ധിച്ച പഠനം നടത്തിയത്. അപ്രകാരം ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഉന്നതതല ചർച്ചകൾക്കുശേഷം സർക്കാർ നിർദ്ദേശങ്ങൾ അംഗീകരിക്കുകയും കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017 വിജ്ഞാപനം ചെയ്യുകയുമുണ്ടായി. 2017-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിൽ താഴെപ്പറയുന്ന ഏഴ് നിയമങ്ങളാണ് ഭേദഗതി വരുത്തിയത് :

| | | | |
|---|---|---|---|
| 1. | കേരള പഞ്ചായത്ത് രാജ് ആക്ട് | - | 1994 |
| 2. | കേരള മുനിസിപ്പാലിറ്റി ആക്ട് | - | 1994 |
| 3. | കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് | - | 2013 |
| 4. | കേരള ഗ്രൗണ്ട് വാട്ടർ ആക്ട് | - | 2002 |
| 5. | കേരള ഹെഡ്ലോഡ് ലോഡ് വർക്കേഴ്സ് ആക്ട് | - | 1978 |
| 6. | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്ള്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് | - | 1960 |
| 7. | കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആകട് | - | 1999 |

കേരളത്തിൽ നിലവിലുള്ള അപേക്ഷാ ഫോറങ്ങൾ പരിഷ്കരിക്കുകയും അവ ഏകീകരിച്ചുകൊണ്ട് ഒരു അപേക്ഷ ഫോറം രൂപകല്പന ചെയ്തുവരുന്നു.

(സി&ഡി) 2017-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിൽ, 1978-ലെ കേരള ഹെഡ്ലോഡ് ലോഡ് വർക്കേഴ്സ് ആക്ടിൽ നിലവിലുള്ള തൊഴിൽ നിയമത്തിൽ കാതലായ യാതൊരു മാറ്റവും വരുത്തിയിട്ടില്ല. പുതുതായി 9A, 9B സെക്ഷനുകൾ ചേർത്തിരിക്കുന്നു. ഇത് സംബന്ധിച്ച് 22-11-2017-ൽ വിവിധ തൊഴിലാളി സംഘടനാ നേതാക്കളുമായി വ്യവസായ വകുപ്പ് മന്ത്രിയുടേയും തൊഴിൽ വകുപ്പുമന്ത്രിയുടേയും നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. തൊഴിലാളി വിരുദ്ധമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. നിയമസഭയിൽ ഇത് ബിൽ ആയി അവതരിപ്പിക്കുമ്പോൾ വിശദമായ ചർച്ചയ്ക്ക് അവസരം ലഭിക്കുന്നതാണ്.

## കാട്ടാക്കട താലൂക്ക് കേന്ദ്രമായി താലൂക്ക് വ്യവസായ ഓഫീസ്

164(562) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട താലൂക്ക് കേന്ദ്രമായി താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വ്യവസായ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സ്റ്റീൽ കമ്പനികളെ സംരക്ഷിക്കുന്നതിന് നടപടി

165(563) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്റ്റീൽ കമ്പനികൾ പലതും പൂട്ടിയതായ വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കുമോ;

(ബി) സ്റ്റീൽ കമ്പനികൾ പൂട്ടിയതുമൂലം എത്ര പേർക്ക് തൊഴിൽനഷ്ടം ഉണ്ടായെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തെ സ്റ്റീൽ കമ്പനികളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സ്വകാര്യ മേഖലയിലെ സ്റ്റീൽ കമ്പനികൾ പൂട്ടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രവർത്തനം നിലച്ചവയിൽ ചില കമ്പനികൾ വീണ്ടും പ്രവർത്തനമാരംഭിക്കുന്നതിന് നടപടി പൂർത്തിയാക്കിയിട്ടുണ്ട്.

(ബി) സ്റ്റീൽ കമ്പനികൾ പൂട്ടിയതുമൂലമുണ്ടായ തൊഴിൽനഷ്ടം കണക്കാക്കി യിട്ടില്ല.

(സി) സ്വകാര്യ മേഖലയിലെ സ്റ്റീൽ കമ്പനികളെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ വ്യവസായ വകുപ്പിന്റെ അധീനതയിൽ സ്റ്റീൽ ഉൽപ്പന്നങ്ങളുമായി ബന്ധപ്പെട്ട മേഖലയിൽ പ്രവർത്തിക്കുന്ന

പൊതുമേഖലാ സ്ഥാപനങ്ങളാണ് സെയിൽ എസ്.സി.എൽ. കേരള ലിമിറ്റഡ്, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ആട്ടോകാസ്റ്റ് ലിമിറ്റഡ് എന്നിവ. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവർത്തന മൂലധന സഹായവും ഉചിതമായ നവീകരണ വിപുലീകരണ പദ്ധതികളും സർക്കാർ സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.

## മിനി ഇൻഡസ്ട്രി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ

166(564) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലുള്ള മിനി ഇൻഡസ്ട്രി സ്വകാര്യവ്യക്തിയുടെ കൈയിൽനിന്നും ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) വ്യവസായ വകുപ്പിന് കീഴിലുള്ള ഈ സ്ഥാപനം ഏറ്റെടുക്കുന്നതിന് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാം എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നെൻമാറ നിയോജക മണ്ഡലത്തിലെ കൊടുവായൂർ ഗ്രാമപഞ്ചായത്തിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെ പ്രവർത്തനരഹിതമായി കിടന്ന 6 ഷെഡ്ഡുകൾ തിരിച്ചെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത ഷെഡ്ഡുകളുടെ പ്രൊപ്രൈറ്റർമാർ ഹൈക്കോടതിയിൽ റിട്ട് ഹർജി ഫയൽ ചെയ്യുകയും കോടതി തൽസ്ഥിതി തുടരാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കേസ് കോടതിയുടെ പരിഗണനയിലായതിനാൽ പ്രസ്തുത ഷെഡ്ഡുകൾ മറ്റ് അപേക്ഷകർക്ക് അനുവദിക്കാൻ സാധ്യമായിട്ടില്ല.

## മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ

167(565) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ വ്യവസായ വകുപ്പ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

<u>ഉത്തരം</u>

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള വ്യവസായ എസ്റ്റേറ്റുകളുടെ ഭൂമി അലോട്ട് ചെയ്യുന്നതും, അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളും അതത് സ്ഥാപനങ്ങളുടെ പൂർണ്ണ അധീനതയിലാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്ഥലവും സൗകര്യവുമുപയോഗിച്ച് വ്യവസായം തുടങ്ങുന്ന കാര്യം പരിഗണനയിലാണ്. വ്യവസായ വകുപ്പിന്റെ പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തനരഹിതമായി കിടന്ന സ്ഥാപനങ്ങൾ പ്രവർത്തനക്ഷമമാക്കുവാൻ നടപടി സ്വീകരിക്കുകയും പ്രവർത്തന രഹിതമായവ തിരിച്ചെടുത്ത് അനുയോജ്യരായ സംരംഭകർക്ക് സീനിയോറിറ്റി ലിസ്റ്റിലെ ക്രമം അനുസരിച്ച് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. യൂണിറ്റുകൾ ആരംഭിക്കുവാൻ താല്പര്യമറിയിച്ച് വരുന്ന സംരംഭകർക്ക് വ്യവസായ വകുപ്പ് വഴി ആവശ്യമായ സഹായങ്ങൾ നൽകിവരുന്നുണ്ട്. വ്യവസായ എസ്റ്റേറ്റുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ യഥാസമയം സംരംഭകരെ അറിയിക്കുന്നതിൽ ശ്രദ്ധ ചെലുത്താറുണ്ട്.

**ചെറുകിട വ്യവസായ മേഖല**

168(566) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ;

(ബി) ഈ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി യുവാക്കൾക്ക് പരിശീലനം നൽകുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

<u>സംരംഭകത്വ സഹായ പദ്ധതി</u> :

1. പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 15% സഹായമായി നൽകുന്നു, പരമാവധി 20 ലക്ഷം രൂപ. വനിതാ സംരംഭങ്ങൾക്കും, പട്ടികജാതി/

പട്ടികവർഗ്ഗ സംരംഭങ്ങൾക്കും, യുവ സംരംഭങ്ങൾക്കും സ്ഥിര മൂലധന നിക്ഷേപത്തിന്റെ 20% സാമ്പത്തിക സഹായം നൽകുന്നു. പരമാവധി 30 ലക്ഷം രൂപ.

2. മുൻഗണനാ വിഭാഗത്തിൽപ്പെട്ട സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായം നൽകും.

3. ഇടുക്കി, വയനാട്, കാസർഗോഡ്, പത്തനംതിട്ട ജില്ലകളിൽ ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം നൽകിവരുന്നു.

4. കേന്ദ്ര/സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതികവിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും.

ഇൻകുബേഷൻ സെന്ററുകൾ :

പുതിയ വ്യവസായ ആശയവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകി അവ യാഥാർത്ഥ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നത്.

ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം :

ഒരേതരത്തിലുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായകരമായ വിധത്തിൽ MSE-CDP പദ്ധതി പ്രകാരം കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ചുവരുന്നു.

ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് -2017 :

സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിനായി നിയമ പരമായ അനുമതികൾ എളുപ്പത്തിൽ ലഭിക്കുന്നതിനുമായി ചുവടെ ചേർത്തിരിക്കുന്ന നിയമങ്ങളിൽ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ് 2017" വിളംബരം ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | കേരള പഞ്ചായത്ത് രാജ് ആക്ട് | - | 1994 |
| 2. | കേരള മുനിസിപ്പാലിറ്റി ആക്ട് | - | 1994 |
| 3. | കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് | - | 2013 |
| 4. | കേരള ഗ്രൗണ്ട് വാട്ടർ ആക്ട് | - | 2002 |
| 5. | കേരള ഹെഡ്ഡ് ലോഡ് വർക്കേഴ്സ് ആക്ട് | - | 1978 |
| 6. | കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് | - | 1960 |
| 7. | കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട് | - | 1999 |

ഇത് ഈ സഭാ സമ്മേളന കാലയളവിൽ നിയമമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

<u>വ്യവസായ ജാലകം പദ്ധതി</u>

എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട് വ്യവസായ ജാലകം എന്ന പദ്ധതി വഴി നിലവിലുള്ള വ്യവസായ യൂണിറ്റുകളുടെയും വ്യവസായ സഹായ സ്ഥാപനങ്ങളുടേയും ജിയോ റ്റാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകർക്ക് ലഭ്യമാക്കുന്നു.

<u>പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട്</u>

സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രാദേശിക അടിസ്ഥാനത്തിൽ ലഭ്യമായിട്ടുള്ള പദ്ധതി വിഭവങ്ങൾ ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ടിൽ തയ്യാറാക്കിയിട്ടുണ്ട്.

<u>നാനോ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി</u>

ചെറുകിടവും, സൂക്ഷ്മവും കടന്ന് അതിസൂക്ഷ്മ സംരംഭങ്ങളാണ് നാനോ വ്യവസായങ്ങൾ. സംസ്ഥാനത്തിന്റെ ഭൂപ്രകൃതിയും സാമൂഹ്യ ചുറ്റുപാടും നാനോ (അതിസൂക്ഷ്മ) വ്യവസായങ്ങൾക്ക് അനുയോജ്യമാണ്. ആയതിനാൽ നാനോ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നാനോ ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി

1-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിൽ അവസര ങ്ങളുടെയും ഇ.എസ്.ഐ./ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75% സർക്കാർ നൽകുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തു വരുന്നു.

പശ്ചാത്തല വികസന പദ്ധതികൾ

വിവിധ ജില്ലകളിലെ വ്യവസായ ഏരിയ/പ്ലോട്ട് എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ തുടർന്നു വരുന്നു. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമിയിൽ അടിസ്ഥാന വികസനത്തിനുള്ള പദ്ധതിയും സർക്കാർ വിഭാവനം ചെയ്തുവരുന്നു. സ്ഥല പരിമിതി നേരിടുന്ന ഒരു സംസ്ഥാനമാണ് കേരളം. ആയതിനാൽ ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

ആഷ പദ്ധതി

കരകൗശല മേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്ന തിനായി ആഷ പദ്ധതി മുഖേന സ്ഥിര നിക്ഷേപത്തിന്റെ 40% (പരമാവധി 2 ലക്ഷം രൂപ) ഗ്രാന്റായി നൽകുന്നു. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ സംരംഭകർ, യുവ സംരംഭകർ എന്നീ പ്രത്യേക വിഭാഗങ്ങൾക്ക് സ്ഥിര നിക്ഷേപത്തിന്റെ 50% (പരമാവധി 3 ലക്ഷം രൂപ) ഗ്രാന്റായി നൽകുന്നു.

മറ്റു പദ്ധതികൾ

ബോധവൽക്കരണ ക്ലാസ്സുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, കൂടാതെ നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തിവരുന്നു. കൂടാതെ ബിസിനസ്സ് ടു ബിസിനസ് മീറ്റ്, സംസ്ഥാനതലത്തിൽ മെഷിനറി എക്സിബിഷൻ തുടങ്ങിയ പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചിട്ടുണ്ട്.

(ബി&സി) യുവ സംരംഭകരെ വളർത്തിയെടുക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും അവരിൽ ആത്മവിശ്വാസം നിറച്ച് വ്യക്തി വികാസത്തിലൂടെ നവ സംരംഭകരായി മാറ്റുക എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ (ഇ.ഡി. ക്ലബ്ബ്) പ്രവർത്തിച്ചു വരുന്നു. കേരള എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (കീഡ്, കളമശ്ശേരി) വഴിയാണ് ക്ലബ്ബ് അംഗങ്ങൾക്കും, കോ-ഓർഡിനേറ്റർമാർക്കും പരിശീലന ശില്പശാലകൾ നടത്തുന്നത്. ഇ.ഡി. ക്ലബ്ബിന് ഒരു വർഷം 12000 രൂപ നിരക്കിൽ ഗ്രാന്റ് അനുവദിച്ച് നൽകുന്നുണ്ട്. ഈ തുക പരിശീലനം നടത്തുന്നതിനും മറ്റും ക്ലബ്ബുകൾക്ക് ഉപയോഗിക്കാവുന്നതാണ്. സാങ്കേതിക/ഗവേഷണ സ്ഥാപനങ്ങളിലൂടെ വിദ്യാർത്ഥികളുടെ ആശയങ്ങൾ ഉൽപ്പന്നങ്ങളായി പരിവർത്തനം ചെയ്യാൻ ഇന്റർവാഴ്സിറ്റി ലിങ്കേജ് പദ്ധതിക്കായി സർക്കാർ ആലോചനകൾ നടത്തിവരുന്നു. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം എന്ന പേരിൽ ഒരു നൈപുണ്യ വികസന പരിപാടി നടത്തുന്നുണ്ട്. സംസ്ഥാനത്തെ 18 മുതൽ 45 വയസ്സിനിടയിലുള്ള അഭ്യസ്തവിദ്യരായ തൊഴിൽ രഹിതർക്ക് അനുയോജ്യമായ മേഖലകളിലാണ് പരിശീലനം നൽകുന്നത്. വിദ്യാർത്ഥികൾക്ക് സംരംഭകത്വ ബോധവൽക്കരണ ക്ലാസ്സുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടത്തി വരുന്നു. കരകൗശല വികസന കോർപ്പറേഷൻ, സുരഭി, കാഡ്കോ, കെൽപാം, ബാംബു കോർപ്പറേഷൻ എന്നിവയ്ക്ക് നൽകുന്ന സർക്കാർ ധനസഹായ വിഹിതം ഉപയോഗപ്പെടുത്തിക്കൊണ്ട് വിവിധ പരിശീലന പരിപാടികൾ നടത്തിവരുന്നുണ്ട്. കൂടാതെ ക്ലസ്റ്റർ വികസന പദ്ധതികൾവഴിയും പരിശീലനം നൽകിവരുന്നുണ്ട്.

## ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

169(567) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; ഇവയ്ക്ക് എന്തെല്ലാം സഹായങ്ങളാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്;

(ബി) കൂടുതൽ ചെറുകിട വ്യവസായ പദ്ധതികൾ വ്യാപിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ?

### <u>ഉത്തരം</u>

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം 48,980 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ഉദ്യോഗ് ആധാർ മുഖേന രജിസ്റ്റർ ചെയ്തിട്ടുണ്ട്. ചെറുകിട വ്യവസായങ്ങളുടെ നടത്തിപ്പിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ സ്വീകരിച്ചുവരുന്നു.

1. ദേശീയതലത്തിൽ മാതൃകാപരമായി എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ വിവര ശേഖരണം സംസ്ഥാനത്ത് പൂർത്തീകരിച്ചിരിക്കുകയാണ്. വ്യവസായ ജാലകം എന്ന ഈ പദ്ധതി വഴി ഒരു ലക്ഷത്തിപതിനായിരത്തിൽപ്പരം വ്യവസായ യൂണിറ്റുകളുടെയും ആയിരത്തോളം വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോ ടാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്ന തരത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.

2. സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളുടെയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

3. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിലവിലുണ്ട്.

4. തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ സി.എഫ്.സി. രൂപീകരിക്കുന്നതിനും ലക്ഷ്യമിടുന്നു.

5. സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തുന്നതിനായി സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ, നിക്ഷേപ സംഗമങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിശീലനം, സംരംഭകത്വ വികസന ക്ലബ്ബുകൾ, സംരഭകത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.

6. സംരംഭകർക്കായി സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി സംരംഭക സഹായ പദ്ധതി (ഇ.എസ്.എസ്.), പി.എം.ഇ.ജി.പി. എന്നീ പദ്ധതികൾ നിലവിലുണ്ട്.

7. പരമ്പരാഗത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ആഷ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

8. ഈ വർഷം അതിസൂക്ഷ്മ വ്യവസായങ്ങളിൽപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നാനോ, ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

9. എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പന്ന വികസനത്തിനും ഉല്പാദന പ്രക്രിയ നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി പരിഗണിച്ചുവരുന്നു.

10. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 1-4-2017 നുശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ/ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75% സർക്കാർ നൽകുന്നതിനുള്ള പദ്ധതിയും പരിഗണിച്ചുവരുന്നു.

11. വ്യവസായ യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള വ്യവസായ വികസന ഏരിയ/ പ്ലോട്ടുകളുടെ ആധുനികവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, പൊതുസൗകര്യ സേവനങ്ങളുടെ (സി.എഫ്.സി) നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## ചെറുകിട വ്യവസായ സംരംഭങ്ങളുടെ പ്രോത്സാഹനം

170(568) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ചെറുകിട സംരംഭങ്ങൾക്കുവേണ്ടി ബാങ്കുകൾ ഈടില്ലാതെ വായ്പ അനുവദിക്കുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് അപ്രകാരം ദേശസാൽകൃത ബാങ്കുകൾ/വാണിജ്യ ബാങ്കുകൾ/സഹകരണ ബാങ്കുകൾ അനുവദിക്കുന്നത്;

(സി) ഇത്തരം ഈടില്ലാ വായ്പ ലഭിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) 2017 വർഷത്തിൽ ഇപ്രകാരം ബാങ്കുകൾ നൽകിയ വായ്പയുടെ കണക്ക് ലഭ്യമാക്കുമോ?

## ഉത്തരം

(എ) ചെറുകിട വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ സ്വീകരിച്ചു വരുന്നു :

1. കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി വളർത്തിയെടുക്കുന്നതിന്, വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള നിയമപരമായ അനുമതി ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ ലഘൂകരിക്കുന്നതിനായി നിലവിലുള്ള നിയമങ്ങൾ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസ്-2017" പുറത്തിറക്കിയിട്ടുണ്ട്.

2. ദേശീയതലത്തിൽ മാതൃകാപരമായി എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട സമഗ്രമായ വിവരശേഖരണം സംസ്ഥാനത്ത് പൂർത്തീകരിച്ചിരിക്കുകയാണ്. 'വ്യവസായ ജാലകം' എന്ന ഈ പദ്ധതിവഴി ഒരു ലക്ഷത്തിപതിനായിരത്തിൽപ്പരം വ്യവസായ യൂണിറ്റുകളുടെയും ആയിരത്തോളം വ്യവസായ സഹായ സ്ഥാപനങ്ങളുടെയും ജിയോ ടാഗ്ഡ് ആയിട്ടുള്ള സമഗ്രമായ വിവരങ്ങൾ സംരംഭകന്റെ വിരൽത്തുമ്പിൽ ലഭ്യമാകുന്നതരത്തിൽ സജ്ജീകരിച്ചിട്ടുണ്ട്.

3. സംസ്ഥാനതലത്തിൽ എല്ലാ ജില്ലകളുടെയും ഇൻഡസ്ട്രിയൽ പൊട്ടൻഷ്യൽ സർവ്വേ റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

4. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനായി ഒരു പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ വ്യവസായ വകുപ്പിന്റെ പങ്കാളിത്തത്തോടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതി നിലവിലുണ്ട്.

5. തദ്ദേശസ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ സി.എഫ്.സി .രൂപീകരിക്കുന്നതിനും ലക്ഷ്യമിടുന്നു.

6. സംസ്ഥാനത്ത് സംരംഭകത്വ സംസ്കാരം വളർത്തുന്നതിനായി സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ, നിക്ഷേപ സംഗമങ്ങൾ, ടെക്നോളജി ക്ലിനിക്കുകൾ, നൈപുണ്യ വികസന പരിശീലനം, സംരംഭകത്വ വികസന ക്ലബ്ബുകൾ, സംരംഭകത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു.

7. സംരംഭകർക്കായി സബ്സിഡിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി സംരംഭക സഹായ പദ്ധതി (ഇ.എസ്. എസ്.), പി.എം.ഇ.ജി.പി. എന്നീ പദ്ധതികൾ നിലവിലുണ്ട്.

8. പരമ്പരാഗത വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി 'ആഷ' പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

9. ഈ വർഷം അതിസൂക്ഷ്മ വ്യവസായങ്ങളിൽപ്പെട്ട നാനോ സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നതിനായി നാനോ, ഗാർഹിക സംരംഭങ്ങൾക്ക് പലിശ സബ്സിഡി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

10. എം.എസ്.എം.ഇ. യൂണിറ്റുകളുടെ ഉല്പന്ന വികസനത്തിനും ഉല്പാദന പ്രക്രിയ നവീകരണത്തിനും ഉതകുന്ന രീതിയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് ഇൻഡസ്ട്രി-വാഴ്സിറ്റി ലിങ്കേജ് പദ്ധതി പരിഗണിച്ചുവരുന്നു.

11. പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 1-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന എല്ലാ പുതിയ തൊഴിലവസരങ്ങളുടെയും ഇ.എസ്.ഐ/ ഇ.പി.എഫ്. അടവിലേക്കുള്ള തൊഴിലുടമയുടെ വിഹിതത്തിന്റെ 75% സർക്കാർ നൽകുന്നതിനുള്ള പദ്ധതിയും പരിഗണിച്ചുവരുന്നു.

12. വ്യവസായ യൂണിറ്റുകൾക്ക് പശ്ചാത്തല സൗകര്യമൊരുക്കുക എന്ന ലക്ഷ്യത്തോടെ ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം, നിലവിലുള്ള വ്യവസായ വികസന ഏരിയ/ പ്ലോട്ടുകളുടെ ആധുനികവൽക്കരണം, അടിസ്ഥാന സൗകര്യ വികസനം, പൊതു സൗകര്യ സേവനങ്ങളുടെ (സി.എഫ്.സി.) നവീകരണം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ഉണ്ട്. മുദ്ര പദ്ധതി വഴി 10 ലക്ഷം രൂപ വരെയുള്ള വായ്പകളും, ക്രെഡിറ്റ് ഗ്യാരന്റി ഫണ്ട് ട്രസ്റ്റ് ഫോർ മൈക്രോ & സ്മാൾ എന്റർപ്രൈസസ് (സി.ജി.റ്റി.എം.എസ്.ഇ) സ്കീം വഴി 2 കോടി രൂപ വരെയുള്ള വായ്പകളും, പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (പി.എം.ഇ.ജി.പി.) പദ്ധതി പ്രകാരം 10 ലക്ഷം രൂപ വരെയുള്ള വായ്പകളും, സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതിയിൽ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കും വനിതകൾക്കും 10 ലക്ഷം രൂപ മുതൽ 1 കോടി രൂപ വരെയുള്ള വായ്പകളും ഈടില്ലാതെ അനുവദിക്കുന്നുണ്ട്.

(സി) നടപ്പാക്കാൻ പോകുന്ന പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടും ബാങ്കുകൾ ആവശ്യപ്പെടുന്ന മറ്റ് അനുബന്ധ രേഖകളും സമർപ്പിച്ച് നിശ്ചിത ഫീസ് അടച്ച് വായ്പ ലഭ്യമാക്കാവുന്നതാണ്. പി.എം.ഇ.ജി.പി പദ്ധതിയിൽ ലഭിക്കുന്ന അപേക്ഷകൾ ജില്ലാതലങ്ങളിൽ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി ഇന്റർവ്യൂ നടത്തി ബന്ധപ്പെട്ട ബാങ്കിലേക്ക് അയക്കുന്നു. സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതി പ്രകാരമുള്ള വായ്പയ്ക്കായി സംരംഭകർക്ക് നേരിട്ട് ബാങ്കിനെ സമീപിക്കുകയോ, സ്റ്റാൻഡ് അപ് ഇന്ത്യ പോർട്ടൽ വഴി ഓൺലൈനായി അപേക്ഷിക്കുകയോ, ലീഡ് ഡിസ്ട്രിക്ട് മാനേജരുടെ ഓഫീസിൽ നേരിട്ട് അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്.

(ഡി) പി.ഇ.എം.ജി.പി. പദ്ധതി പ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം 710 അപേക്ഷകൾക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. 2017-ൽ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ 60 ലക്ഷം രൂപയുടെ രണ്ട് വായ്പകൾ ഈടില്ലാ വ്യവസ്ഥയിൽ അനുവദിച്ചിട്ടുണ്ട്. മുദ്ര സ്റ്റാൻഡ് അപ്പ് ഇന്ത്യ പദ്ധതികൾവഴി നൽകിയ വായ്പകളുടെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

## പൊതുമേഖലാ പ്ലാന്റേഷനുകളിലെ തോട്ടണ്ടി വിൽപ്പന

171(569) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുമേഖലയിലുള്ള പ്ലാന്റേഷനുകളിലെ തോട്ടണ്ടി പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകാൻ വ്യവസായ വകുപ്പിന്റെ ഉത്തരവുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത ഉത്തരവ് പാലിക്കാതെ പൊതുമേഖലാ പ്ലാന്റേഷനുകളിലെ തോട്ടണ്ടി ലേലം ചെയ്തു വിൽപ്പന നടത്താൻ നീക്കം നടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(സി) നാടൻ തോട്ടണ്ടി സ്വകാര്യ കരാറുകാർ വാങ്ങുന്ന സ്ഥിതി ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 30-1-2017 തീയതിയിലെ സ.ഉ.(കൈയ്യെഴുത്ത്)7/2017/വ്യവ പ്രകാരം കഴിഞ്ഞ വർഷത്തെ കശുവണ്ടി സീസണിൽ പൊതുമേഖലയിലുള്ള പ്ലാന്റേഷനുകളിലെ തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സിനും നൽകുന്നതിന് ഉത്തരവായിരുന്നു.

(ബി) കേരളത്തിലെ പൊതുമേഖലയിലുള്ള പ്ലാന്റേഷനുകളിലെ തോട്ടണ്ടി ഈ സീസണിലും കാഷ്യു കോർപ്പറേഷനും കാപെക്സിനും ലഭ്യമാക്കണമെന്ന് ബന്ധപ്പെട്ട വകുപ്പുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

## കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ

172(570) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രവർത്തിച്ചു വരുന്നത്; അവയുടെ വ്യവസായ മേഖല ഉൾപ്പെടെ വിശദ വിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലാഭത്തിലായ പൊതു മേഖലാ സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിൽ പ്രവർത്തിക്കുന്നത്. അവയുടെ വ്യവസായ മേഖല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക്, ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ.

(സി) ഉണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതികവിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടർ ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതികവിദ്യകൾ നടപ്പിൽ വരുത്തുന്നതിനും, ആധുനികവൽക്കരണം വിപുലീകരണ പദ്ധതികൾക്കുമാണ് മുൻതൂക്കം നൽകിയിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചു വരുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ റിയാബ് മുഖേന മാസംതോറും പ്രവർത്തന അവലോകനങ്ങളും നടത്തിവരുന്നു.

## ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ്

173(571) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് പ്രവർത്തനം പുനരാരംഭിക്കാൻ പദ്ധതി തയ്യാറായോ;

(ബി) പ്രവർത്തനം പുനരാരംഭിക്കുന്നതിന് നിലവിൽ എന്തെല്ലാം തടസ്സങ്ങളാണുള്ളത്; ഇത് മറികടക്കാൻ പദ്ധതി തയ്യാറായോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് ഇപ്പോൾ കേന്ദ്ര സർക്കാരിന്റെ ഏറ്റുമാനൂരിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ കീഴിലാണ്. കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി മാത്രമേ സംസ്ഥാന തലത്തിലുള്ള എന്തെങ്കിലും പ്രവർത്തനം നടത്താൻ കഴിയൂ. നിലവിൽ ഒരേക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി എം.എസ്.എം.ഇ. ടൂൾ റൂം, എം.എസ്.എം.ഇ. കോ-ഓർഡിനേഷൻ ഓഫീസ് എന്നീ രണ്ട് പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനം വ്യവസായ വികസനത്തിന് സഹായിക്കുന്ന രീതിയിൽ സംരംഭമാക്കി തീർക്കുന്നതിന് ചർച്ചകൾ നടന്നുവരുന്നുണ്ട്. അന്തിമ തീരുമാനമായിട്ടില്ല.

## ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലം പഞ്ചായത്തിന് കൈമാറി കൊടുക്കുന്നതിന് നടപടി

174(572) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പല്ലശ്ശന ഗ്രാമപഞ്ചായത്തിലുള്ള പനംചക്കര സൊസൈറ്റിയുടെ സ്ഥലം വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉപയോഗശൂന്യമായി കിടക്കുന്ന പ്രസ്തുത സ്ഥലം പഞ്ചായത്തിലേക്ക് കൈമാറി കൊടുക്കുന്നത് സംബന്ധിച്ച അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചത്; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അപേക്ഷ ലഭിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. പാലക്കാട് ജില്ലയിലെ പല്ലശ്ശന പഞ്ചായത്തിലെ മുൻകാലത്ത് പ്രവർത്തിച്ചിരുന്ന പാൽമിറ ജാഗറി പ്രോഡ്യൂസേഴ്സ് സഹകരണ സംഘം ലിമി. നമ്പർ പി.1322 എന്ന സഹകരണ സംഘം സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതായതിനാൽ സഹകരണ നിയമപ്രകാരം മാത്രമേ ആസ്തികളും മറ്റും കൈമാറ്റം ചെയ്യാൻ കഴിയുകയുള്ളൂ എന്നും സംഘത്തിലെ മെമ്പർമാരിൽ ഭൂരിഭാഗവും മരിച്ചുപോയിട്ടുള്ളതിനാൽ പൊതുയോഗത്തിന്റെ അഭിപ്രായം തേടാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതിന് ലിക്വിഡേറ്ററെ ചുമതലപ്പെടുത്തിയിട്ടുള്ളതിനാൽ സംഘം വക സ്ഥലം കൈമാറ്റം ചെയ്യാൻ കഴിയില്ലെന്നും ഖാദി ബോർഡ് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

**റബ്ബർ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ**

175(573) ശ്രീ. പി. കെ. ബഷീർ :
ശ്രീ. പാറക്കൽ അബ്ദുല്ല :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന റബ്ബർ ഉപയോഗിച്ച് മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന റബ്ബർ ഉപയോഗിച്ച് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കാനുള്ള വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്. റബ്ബറിന്റെ മൂല്യ വർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനും, സിയാൽ മാതൃകയിൽ ടയർ ഫാക്ടറി സ്ഥാപിക്കുന്നതിനുമുള്ള വ്യവസായ സാധ്യതകൾ

പഠിക്കുന്നതിന് വിവിധ മേഖലയിലുള്ളവരെ ഉൾപ്പെടുത്തി സമിതി രൂപീകരിക്കാൻ 20-9-2017-ലെ മുഖ്യമന്ത്രി അദ്ധ്യക്ഷനായിരുന്ന യോഗം തീരുമാനമെടുക്കുകയും 23-9-2017-ലെ ജി.ഒ. (ആർ.റ്റി)547/2017/P&EA പ്രകാരം ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരികയാണ്.

## പ്രവാസി തൊഴിൽ സംരംഭങ്ങൾ

176(574) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്തുനിന്നും മടങ്ങിയെത്തുന്ന വിവിധ നൈപുണ്യമുള്ള പ്രവാസികൾക്ക് നാട്ടിൽ വ്യവസായ സംരംഭങ്ങൾ ഉറപ്പിക്കാൻ നിലവിൽ എന്തൊക്കെ പദ്ധതികളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വളരെക്കാലം വിദേശ കമ്പനികളിൽ ജോലിചെയ്ത് നൈപുണ്യം നേടി തിരിച്ചെത്തുന്നവരുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്ന തരത്തിൽ എന്തെങ്കിലും പ്രത്യേക പരിഗണന നൽകി വ്യവസായ സംരംഭങ്ങൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പ്രവാസി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപ താല്പര്യം വർദ്ധിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദേശത്തുനിന്നും മടങ്ങിവരുന്ന പ്രവാസികൾക്കായി പ്രത്യേക പദ്ധതികളൊന്നും നിലവിലില്ല. എന്നാൽ വ്യവസായ വകുപ്പ് വിവിധ സംരംഭകർക്കായി നടപ്പാക്കുന്ന പദ്ധതികൾ ഇവർക്കും പ്രയോജനപ്പെടുത്താവുന്നതാണ്.

(ബി) ഇത്തരത്തിൽ വ്യവസായ വകുപ്പുവഴി സംരംഭങ്ങൾ തുടങ്ങാൻ നിലവിൽ സ്കീമുകളില്ല.

(സി) പ്രവാസി സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നിക്ഷേപ താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് പ്രത്യേകം പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല. എന്നാൽ ജില്ല വ്യവസായ കേന്ദ്രങ്ങൾവഴി ബിസിനസ്സ് ഇൻകുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. പുതിയ വ്യവസായ ആശയവുമായി മുന്നോട്ടു വരുന്ന സംരംഭകർക്ക് അവരുടെ ആശയം പ്രാവർത്തികമാക്കുന്നതിനുള്ള എല്ലാവിധ സഹായങ്ങളും നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഇവ പ്രവർത്തിക്കുന്നത്. എല്ലാ ജില്ലകളിലും നിക്ഷേപ സംഗമം, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം എന്നിവയും സംഘടിപ്പിച്ചു വരുന്നു.

## വ്യവസായ സൗഹൃദമാക്കാൻ നടപടി

177(575) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ച് സംസ്ഥാനത്തെ മറ്റ് മുൻനിര സംസ്ഥാനങ്ങളോടൊപ്പമെത്തിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണ്;

(ബി) ഇക്കാര്യത്തിൽ സംസ്ഥാനം നിലവിൽ രാജ്യത്ത് എത്രാം സ്ഥാനത്താണ്; മുൻ നിരയിലെത്തുന്നതിന് തടസ്സമാവുന്ന പ്രധാന ഘടകങ്ങൾ എന്തൊക്കെയാണ്;

(സി) ഇതിനായി സ്വീകരിച്ച വരുന്ന നടപടികൾ നില മെച്ചപ്പെടുത്തുന്നതിന് സഹായകമായിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കേന്ദ്ര ഗവൺമെന്റിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷനാണ് (ഡി.ഐ.പി.പി.) നമ്മുടെ രാജ്യത്തെ വ്യവസായ നിക്ഷേപ സാധ്യത കണക്കാക്കി സംസ്ഥാനങ്ങളുടെ റാങ്കുകൾ നിർണ്ണയിക്കുന്നത്. കെട്ടിട നിർമ്മാണ അനുമതി, വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ, നികുതി ഒടുക്കൽ, ഏകജാലക സംവിധാനം തുടങ്ങി പത്തോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ആക്ഷൻ പോയിന്റുകൾക്ക് ലഭിക്കുന്ന മാർക്കുകൾക്ക് അനുസൃതമായിട്ടാണ് ഓരോ സംസ്ഥാനത്തിന്റേയും റാങ്ക് ഡി.ഐ.പി.പി. നിർണ്ണയിക്കുന്നത്. വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും സമയബന്ധിതമായി അനുമതികൾ ലഭിക്കേണ്ടതുണ്ട്. അതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ ഡിപ്പാർട്ടുമെന്റുകളിൽനിന്നും സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ എന്നിവയ്ക്കുള്ള വ്യവസ്ഥ ഇല്ലാത്തത്, എന്നിവ സംസ്ഥാനത്തിന്റെ കുറവുകളായി കണ്ടെത്തിയിരുന്നു. നമ്മുടെ സംസ്ഥാനം ഇപ്പോൾ ഡി.ഐ.പി.പി.-യുടെ റാങ്കിംഗിൽ മുൻനിരയിലെത്തുന്നതിനായി ഓർഡിനൻസ് പുറപ്പെടുവിച്ചു കഴിഞ്ഞു. ഓൺലൈൻ സംവിധാനവും സമയബന്ധിതമായി നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിനായി ഒരു സെല്ലും രൂപീകരിച്ചുകഴിഞ്ഞു.

(ബി) 2016-ൽ ഡി.ഐ.പി.പി. തയ്യാറാക്കിയ 340 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ റാങ്ക് 20 ആയിരുന്നു. 2017-ൽ ഡി.ഐ.പി.പി. നൽകിയ 372 ആക്ഷൻ പോയിന്റുകളുടെ അടിസ്ഥാനത്തിൽ വിവിധ സംസ്ഥാനങ്ങളുടെ

റാങ്കിംഗ് ഇപ്പോൾ നടന്നുവരികയാണ്. 2016-ൽ കേരളം 26.97 ശതമാനം മാർക്കാണ് നേടിയത്. 2017-ലെ വിലയിരുത്തലിൽ കേരളം ഇതുവരെ 44 ശതമാനം മാർക്ക് നേടിയിട്ടുണ്ട്. ഡി.ഐ.പി.പി.-യുടെ റാങ്കിംഗ് നിർണ്ണയം പൂർത്തിയായാൽ മാത്രമേ 2017-ലെ കേരളത്തിലെ റാങ്കും നേടിയ മാർക്കിന്റെ ശതമാനവും കണക്കാക്കപ്പെടുകയുള്ളൂ.

(സി) സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിന് കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആന്റ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏര്യ ഡെവലപ്മെന്റ് ആക്ട് 1999 നിലവിലുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഏകജാലക ക്ലിയറൻസ് ബോർഡ് ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും വ്യവസായ പാർക്കുകളിലും പ്രവർത്തിച്ചുവരുന്നുണ്ട്.

## കിൻഫ്ര മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

178(576) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യാവസായിക വളർച്ചക്ക് കിൻഫ്ര നൽകിയ സംഭാവനകൾ എന്തൊക്കെയാണ്എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെകാലത്ത് കിൻഫ്ര മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചുവെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് കിൻഫ്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 22 വ്യവസായ പാർക്കുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പാർക്കുകളിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിന് പാർക്ക്തോറും ഏകജാലക സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 727 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്ക

ന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ നൽകിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഏകദേശം 1400 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും 19964 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(ബി) <u>പുതിയ പദ്ധതികൾ</u> :

1. വ്യവസായ പാർക്ക്, മട്ടന്നൂർ
2. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.
3. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി.
4. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, രാമനാട്ടുകര, കോഴിക്കോട്.
5. അഡ്വാൻസ്ഡ് ടെക്നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ.
6. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാംഘട്ട വികസനം
7. ഐ.ടി/ഐ.ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക് തിരുവനന്തപുരം രണ്ടാംഘട്ട വികസനം
8. ഫാർമാ പാർക്ക്, എറണാകുളം.
9. കിൻഫ്ര പാർക്ക്, കാക്കഞ്ചേരി- രണ്ടാംഘട്ട വികസനം.
10. മെഗാഫുഡ് പാർക്ക്, പാലക്കാട്.
11. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്.
12. ഗ്ലോബൽ ആയുർവേദ വില്ലേജ്, തിരുവനന്തപുരം.
13. ജെം & ജൂവലറി പാർക്ക്, പുഴക്കൽ.
14. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം.
15. പെട്രോകെമിക്കൽ പാർക്ക്, എറണാകുളം.
16. വിവിധോദ്ദേശ സോണുകൾ- കണ്ണൂർ, തൊടുപുഴ, വിഴിഞ്ഞം, കാസർഗോഡ്.

(സി) കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1. മെഗാഫുഡ് പാർക്ക്, പാലക്കാട്.

2. ഇലക്ട്രോണിക് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.

3. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം

4. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്.

ഇവയിൽ മെഗാഫുഡ് പാർക്ക്, ഡിഫൻസ് പാർക്ക്, ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം എന്നീ പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു കഴിഞ്ഞു.

## മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം

179(577) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാർ പരിഗണിച്ചുവരുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഗ്വാളിയർ റയോൺസിന്റെ കൈവശത്തിലുള്ള ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയത്തിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) വ്യവസായ വകുപ്പിന്റെ ഭൂമിയിൽനിന്നും സർക്കാരിന്റെ ഇതര ആവശ്യങ്ങൾക്കായി സ്ഥലം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാവൂരിൽ പുതിയ വ്യവസായ സ്ഥാപനം ആരംഭിക്കുന്നത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും നിലവിലില്ല.

(ബി) ഉണ്ട്. ഗ്വാളിയർ റയോൺസിന് വ്യവസായം ആരംഭിക്കുന്നതിനായി സർക്കാർ 238.41 ഏക്കർ ഭൂമി നൽകിയിരുന്നു. എന്നാൽ അവിടെ നടന്നു വന്നിരുന്ന വ്യവസായ പ്രവർത്തനം 2001-ൽ നിലച്ചുപോയതിനാൽ പ്രസ്തുത ഭൂമി തിരിച്ചെടുക്കുന്നതിന് 10-10-2017-ലെ ജി.ഒ.(എംഎസ്.) 97/2017/വ്യവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ മെ. ഗ്രാസിം ഇൻഡസ്ട്രീസ് ലിമിറ്റഡ് ഫയൽ ചെയ്ത കേസ് (WP(C)33103/2017) ഇപ്പോഴും ഹൈക്കോടതിയുടെ പരിഗണനയിലാണ്. പ്രസ്തുത ഉത്തരവിൻമേൽ ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) ഹൈക്കോടതിയിൽ നിന്നുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യം പരിഗണിക്കാനാകൂ.

## പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ

180(578) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സൗഹൃദമായ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(ബി) ഇല്ലെങ്കിൽ അത്തരം പദ്ധതി രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പ്ലാസ്റ്റിക് വേസ്റ്റ് റീ സൈക്ലിംഗ് യൂണിറ്റ്, ജൈവ വിഘടന സ്വഭാവമുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എന്നിവയ്ക്ക് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി 5% അധിക സബ്സിഡി സംരംഭകത്വ സഹായ പദ്ധതി പ്രകാരം നൽകിവരുന്നു. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായ വികസന ഏരിയകളിലും പ്ലോട്ടുകളിലും 5% പ്ലാസ്റ്റിക് റീസൈക്ലിംഗ് വ്യവസായങ്ങൾക്ക് നീക്കി വെക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ശുചിത്വമിഷനുമായി ചേർന്ന് ഇത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കാൻ പരിപാടിയുണ്ട്.

## ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിന് പദ്ധതി

181(579) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചിയെ സുസ്ഥിര വികസന മേഖലയാക്കുന്നതിനായി 2010-ൽ തയ്യാറാക്കിയ പദ്ധതി നടപ്പിലാക്കുന്നതിൻെറ ഭാഗമായി സാങ്കേതിക പരിശോധനക്കായി കെ.എസ്.ഐ.ഡി.സി.-യും കിൻഫ്രയും സംയുക്തമായി വിദഗ്ധസമിതിയെക്കൊണ്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2010-ൽ ഇൻകെൽ തയ്യാറാക്കിയ പദ്ധതിയുടെ റിപ്പോർട്ടിനെ കുറിച്ച് സമഗ്രമായ ഒരു സാങ്കേതിക പരിശോധന സംയുക്തമായി നടത്താൻ കെ.എസ്.ഐ.ഡി.സി. യേയും കിൻഫ്രയേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച പഠനം പൂർത്തിയായിട്ടില്ല.

## കമ്പനിപറമ്പ് വ്യവസായ സംരംഭകർക്കായി വിട്ടുകൊടുക്കുന്ന നടപടി

182(580) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ, വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള കമ്പനിപറമ്പ് വ്യവസായസംരംഭകർക്കായി വിട്ടുകൊടുക്കുന്നത് ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ്; എത്ര സംരംഭകർക്ക് സ്ഥലം വിട്ടുകൊടുത്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ വർഷങ്ങളായി താമസിക്കുന്നവർക്ക് ആ സ്ഥലം നിയമവിധേയമാക്കി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള വ്യവസായഭൂമി വിവിധ സംരംഭകർക്കായി അനുവദിച്ചു നൽകുന്നത് Rules for Lease of Land in Industrial Development Area and Development Plot for Industrial Purpose-2016 അനുസരിച്ചാണ്. നിലവിൽ ഇവിടെ 7 സംരംഭകർക്ക് വ്യവസായ ഭൂമി അനുവദിച്ചിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടില്ല. ജില്ലയിൽ വ്യവസായഭൂമി പരിമിതമായതിനാലും വ്യവസായ ഭൂമിക്കുള്ള അപേക്ഷകളും സംരംഭകരുടെ മുൻഗണനാ ലിസ്റ്റും നിലവിലുള്ളതിനാലും വ്യവസായ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്ന കാര്യം പരിഗണനയിലില്ല.

## ഗവൺമെന്റ് ഓഫ് ഇന്ത്യ സെക്യൂരിറ്റി പ്രസ്സ്

183(581) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊരട്ടിയിലെ ഗവൺമെന്റ് ഓഫ് ഇന്ത്യാ സെക്യൂരിറ്റി പ്രസ്സുവക സ്ഥലം കൊരട്ടി കിൻഫ്രയുടെ വികസനത്തിന് ലഭ്യമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) കൊരട്ടി കിൻഫ്ര പാർക്കിനോട് ചേർന്നുള്ള കേന്ദ്ര സർക്കാരിന്റെ സെക്യൂരിറ്റി പ്രസ്സിന്റെ അധീനതയിലുള്ള ഭൂമി കിൻഫ്രയുടെ വികസനത്തിന് ലഭ്യമാക്കുന്നതിനായി കേന്ദ്ര നഗര വികസന മന്ത്രാലയവുമായി നിരവധിതവണ ബന്ധപ്പെട്ടിരുന്നുവെങ്കിലും ഇതുവരെ അനുകൂലമായ ഒരു തീരുമാനം ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

**തോന്നയ്ക്കൽ ലൈഫ് സയൻസ് പാർക്ക്**

184(582) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി സ്ഥലം വിട്ടുനൽകിയവർക്ക് നൽകാനുള്ള തുക നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത സ്ഥാപനം നിലവിൽവരുന്നതോടെ എത്ര പേർക്ക് തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്;വ്യക്തമാക്കുമോ ?

ഉത്തരം

(എ) തോന്നയ്ക്കലിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അതിവേഗത്തിൽ പുരോഗമിക്കുകയാണ്. ലഭ്യമായ ഭൂമിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുകയും ഇതിൽ റോഡ്, ഡ്രെയിനേജ് സംവിധാനം, മഴവെള്ള സംഭരണി എന്നിവയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. വൈദ്യുതി, ജലം എന്നിവ ലഭ്യമാക്കുന്നതിലേയ്ക്ക് ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മരുന്നു ഗവേഷണവുമായി ബന്ധപ്പെട്ട് ഒരു കമ്പനി ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള വെറ്ററിനറി & ആനിമൽ സയൻസ് യൂണിവേഴ്സിറ്റിയുടെ റിസർച്ച്-കം-ലേണിംഗ് സെന്റർ, ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനം ആരംഭിക്കും. കൂടാതെ ഏകദേശം 3 ലക്ഷം ചതുരശ്ര അടി വരുന്ന ഇന്നൊവേഷൻ-കം ഇൻകുബേഷൻ സെന്ററിന്റെ നിർമ്മാണവും ആരംഭിക്കുന്നുണ്ട്. കെ.എസ്.ഐ.ഡി.സി.-യും ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയും

ചേർന്ന് ജോയിന്റ് വെഞ്ച്വർ പ്രോജക്ട് ആയ "മെഡിക്കൽ ഡിവൈസസ് പാർക്കും" കേരള സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ് ടെക്നോളജി & എൻവയോൺമെന്റിന്റെ "ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി" എന്നിവയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ 2018-ൽ തന്നെ ആരംഭിക്കുന്നതാണ്.

(ബി) ലൈഫ് സയൻസ് പാർക്കിനുവേണ്ടി ഒന്നാംഘട്ടത്തിൽ 75 ഏക്കറിൽ 70 ഏക്കറോളം ഭൂമി കൈവശമെടുക്കുകയും സ്ഥലം വിട്ടുനൽകിയവർക്ക് സ്ഥലത്തിന്റെ വില നൽകുകയും ചെയ്തു. രണ്ടാംഘട്ടത്തിൽ ഏകദേശം 90 ഏക്കറോളം ഭൂമി വിട്ടു നൽകിയവർക്ക് സ്ഥലത്തിന്റെ വില ട്രഷറിയിലിടുകയും ചെയ്തിട്ടുണ്ട്.

(സി) ലൈഫ് സയൻസ് പാർക്ക് പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാകുമ്പോഴേക്കും ഉദ്ദേശം 3000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## മരണപ്പെട്ട ജീവനക്കാരന്റെ കുടുംബത്തിന് സർക്കാർ സഹായം

185(583) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂലൈ മാസം 21-ന് ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സിൽ നടന്ന അപകടത്തിൽ ദാരുണമായി മരണപ്പെട്ട ജീവനക്കാരനായ എം.പി. ഹരീന്ദ്രനാഥിന്റെ കുടുംബത്തിന് സർക്കാർ സഹായം അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ അനാഥരായ രണ്ടു പെൺമക്കൾ മാത്രമടങ്ങിയ തൊഴിലാളിയുടെ കുടുംബത്തിന് എത്രയുംവേഗം സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ ആവശ്യത്തിനായി വിവിധ ട്രേഡ് യൂണിയനുകൾ 10-8-2017-ൽ സംയുക്തമായി നൽകിയ നിവേദനത്തിൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചത്?

ഉത്തരം

(എ-സി) ഹരീന്ദ്രനാഥിന്റെ രണ്ട് പെൺമക്കളിൽ ഒരാൾക്ക് കമ്പനിയിൽ നിയമനം നൽകുന്നതുവരെ പ്രതിമാസം 30,000 രൂപ (15000 രൂപ വീതം രണ്ടു പേർക്ക്) നൽകുന്നതിനുള്ള കമ്പനിയുടെ ബോർഡിന്റെ നിർദ്ദേശം സർക്കാർ പരിശോധിച്ചു വരികയാണ്. ഹരീന്ദ്രനാഥിന്റെ ഇളയ മകളായ അക്ഷയയുടെ സ്കൂൾ ഫീസ് (ഏപ്രിൽ 2018 വരെ) കമ്പനി നേരിട്ട് ഒടുക്കിയിട്ടുണ്ട്. ഇതുകൂടാതെ ജീവനക്കാരുടെ ഒരു ദിവസത്തെ ശമ്പളത്തിൽനിന്നും സമാഹരിച്ച തുകയായ 7.5 ലക്ഷം രൂപ ഹരീന്ദ്രനാഥിന്റെ മകളുടെ പേരിൽ ടൈറ്റാനിയം ലേബർ സഹകരണ സംഘത്തിൽ സ്ഥിര നിക്ഷേപം നടത്തിയിട്ടുണ്ട്. ടി നിക്ഷേപത്തിന്റെ പലിശയായ 5624 (അയ്യായിരത്തി അറുന്നൂറ്റി ഇരുപത്തിനാല് രൂപ) ടിയാന്റെ മക്കൾക്ക്

ഓരോ മാസവും നൽകുന്നുണ്ട്. കൂടാതെ ഹരീന്ദ്രനാഥിന്റെ രണ്ടു പെൺമക്കൾക്കും 10,000 രൂപ വീതം (ആകെ 20,000 രൂപ) ടൈറ്റാനിയം സോഷ്യൽ വെൽഫയർ ഫണ്ടിൽ നിന്നും നൽകിയിട്ടുണ്ട്. അവകാശ സർട്ടിഫിക്കറ്റ്, ഗാർഡിയൻഷിപ്പ് തുടങ്ങിയവ സംബന്ധിച്ച രേഖകൾ കമ്പനിക്ക് ലഭിക്കുന്നമുറയ്ക്ക് PF, Gratuity, Leave salary, Death Compensation, സർക്കാരിന്റെ Group Personal Accident Insurance Scheme അനുസരിച്ചുള്ള Compansation തുടങ്ങിയവ ഹരീന്ദ്രനാഥിന്റെ കുടുംബത്തിന് എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇക്കാര്യത്തിൽ ലഭ്യമായ നിവേദനങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

## ടി.ടി.പി.യുടെ സുസ്ഥിരമായ നിലനിൽപ്പിനായി പദ്ധതികൾ

186(584) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.ടി.പി.-യുടെ സുസ്ഥിരമായ നിലനിൽപ്പിന് വേണ്ടി പാരിസ്ഥിതിക മലിനീകരണ നിയന്ത്രണ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കൊപ്പറാസ് റിമൂവൽ പ്ലാന്റ് എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ; പ്രസ്തുത പദ്ധതിയുടെ മുതൽമുടക്ക് എത്ര കോടി രൂപയാണ് എന്ന് വ്യക്തമാക്കുമോ ;

(സി) കൊപ്പറാസ് റിക്കവറി പ്ലാന്റ് നടപ്പിലാവുന്നതോടെ ടി.ടി.പി.-യുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കപ്പെടുമോ; ഇല്ലെങ്കിൽ മറ്റെന്തെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പിൽവരുത്തേണ്ടത് എന്ന് വിശദമാക്കാമോ;

(ഡി) ആസിഡ് റിക്കവറി പ്ലാന്റ് ഇല്ലാതെതന്നെ ടി.ടി.പി.-യുടെ മലിനീകരണ പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കുവാൻ സാധിക്കുമോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) പാരിസ്ഥിതിക മലിനീകരണ നിയന്ത്രണത്തിനായി മലിനീകരണ നിയന്ത്രണ ബോർഡിന്റെ അനുമതിയോടെ രണ്ടു പദ്ധതികളാണ് (ന്യൂട്രലൈസേഷൻ പ്ലാന്റ്, കോപ്പറാസ് റിക്കവറി പ്ലാന്റ്) ടി.ടി.പി. നടപ്പിൽവരുത്തുന്നത്. അതിൽ ന്യൂട്രലൈസേഷൻ പ്ലാന്റിന്റെ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. രണ്ടാമത്തെ പ്ലാന്റായ കോപ്പറാസ് റിക്കവറി പ്ലാന്റിന്റെ നിർമ്മാണം സമയബന്ധിതമായി ആരംഭിച്ചുകഴിഞ്ഞു.

(ബി) കോപ്പറാസ് റിക്കവറി പ്ലാന്റ് 2018 ആഗസ്റ്റിൽ കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് കരുതുന്നത്. പ്രസ്തുത പദ്ധതിയുടെ മുതൽ മുടക്ക് 34 കോടി രൂപയാണെന്ന് കണക്കാക്കുന്നു.

(സി) കോപ്പറാസ് റിക്കവറി പ്ലാന്റും ന്യൂട്രലൈസേഷൻ പ്ലാന്റും പ്രവർത്തിക്കുന്നതോടെ ടി.ടി.പി.-യിലെ ജലമലിനീകരണം പൂർണ്ണമായും പരിഹരിക്കാൻ കഴിയും. വായു മലിനീകരണം പൂർണ്ണമായും തടയാൻവേണ്ട സ്ക്രബ്ബറുകൾ നിർമ്മിക്കാൻ കമ്പനി പദ്ധതിയിടുന്നുണ്ട്. ഖര മലിനീകരണം ഒഴിവാക്കാൻ ഖര മാലിന്യങ്ങൾ കൊച്ചിയിലെ പൊതു സംസ്കരണ സംവിധാനത്തിലേക്ക് മാറ്റുന്നുണ്ട്.

(ഡി) ആസിഡ് റിക്കവറി പ്ലാന്റില്ലാതെതന്നെ ടി.ടി.പി.-യിലെ ജല മലിനീകരണ പ്രശ്നങ്ങൾ പരിപൂർണ്ണമായും പരിഹരിക്കാൻ സാധിക്കും. ദിനംപ്രതി 45 ടൺ ടൈറ്റാനിയം ഡയോക്സൈഡ് ഉല്പാദിപ്പിക്കുമ്പോൾ ഉണ്ടാകുന്ന ജല മലിനീകരണം പരിപൂർണ്ണമായും ഇല്ലാതാക്കാൻ ന്യൂട്രലൈസേഷൻ പ്ലാന്റിനും കോപ്പറാസ് റിക്കവറി പ്ലാന്റിനും കൂടി സാധിക്കും.

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിക്കൽ

187(585) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖല സ്ഥാപനങ്ങളുടെ ഓഹരി വിറ്റഴിച്ച് അവയെ സ്വകാര്യവത്ക്കരിക്കുവാനുള്ള നീക്കം ഉണ്ടോ; എങ്കിൽ പ്രസ്തുത നീക്കം സംസ്ഥാനത്തെ തൊഴിലാളികളുടെ താത്പര്യങ്ങൾക്ക് എതിരായി ഭവിക്കുമെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) കൊച്ചിൻ കപ്പൽ നിർമ്മാണശാലയുടെ ഓഹരി വിറ്റഴിക്കുവാനുള്ള കേന്ദ്ര തീരുമാനം പുനഃപരിശോധിക്കണമെന്ന പ്രമേയം 27-10-2016-ൽ കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കി കേന്ദ്രത്തിന് അയച്ചുകൊടുത്തുവെങ്കിലും കേന്ദ്ര സർക്കാർ മുൻ തീരുമാന പ്രകാരം കപ്പൽ നിർമ്മാണശാലയുടെ 25 ശതമാനം ഓഹരികൾ വിറ്റത് സംസ്ഥാന താത്പര്യങ്ങൾക്ക് എതിരായതിനാൽ ഇക്കാര്യത്തിൽ സർക്കാരിനുള്ള എതിർപ്പ് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ;

(സി) എച്ച്എൻ.എൽ.-ന്റെ ഓഹരികൾ വിൽക്കുന്നതിൽനിന്നും പിൻമാറണമെന്നും കമ്പനിയുടെ കടബാധ്യത തീർക്കുവാൻ 100 കോടി രൂപ റവന്യൂ ഗ്രാന്റായി/ലോണായി അനുവദിക്കണമെന്നും സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള പ്രതികരണം എന്തായിരുന്നു; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ ഓഹരി വിറ്റഴിക്കൽ നടപടികൾക്കെതിരെ അതത് സന്ദർഭങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആശങ്കയും അപേക്ഷയും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ പ്രവർത്തിച്ചു വരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളായ ഫാക്ട്, എച്ച്.ഒ.സി.എൽ., ബി.ഇ.എം.എൽ, എച്ച്.എൻ.എൽ., കൊച്ചിൻ കപ്പൽ നിർമ്മാണശാല തുടങ്ങിയ സ്ഥാപനങ്ങളെ പൊതുമേഖലയിൽത്തന്നെ സംരക്ഷിച്ച് നിലനിർത്തുന്നതിനും കൂടുതൽ കേന്ദ്ര നിക്ഷേപം ഉറപ്പു വരുത്തുന്നതിനും സർക്കാർ ശക്തമായ ഇടപെടൽ നടത്തിയിട്ടുണ്ട്. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് പൊതുമേഖലയിൽ തന്നെ നിലനിർത്തണമെന്ന് ആവശ്യപ്പെട്ട് 2017 മാർച്ച് 13-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി അറിയിച്ചിട്ടുണ്ട്. കേരള സർക്കാരിന് കഴിയാവുന്ന എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തിരുന്നതാണ്. പാലക്കാട് ഇൻസ്ട്രുമെന്റേഷൻ യൂണിറ്റ് ഏറ്റെടുക്കാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നത സമിതി കേന്ദ്ര സർക്കാരുമായി നടത്തുന്ന ചർച്ച പൂർത്തിയായിവരുന്നു.

(സി) അറിയിച്ചിട്ടുണ്ട്. എന്നാൽ 9-1-2018 -ലെ കേന്ദ്ര ഗവൺമെന്റിന്റെ കത്തിൽ ഓഹരി വിറ്റഴിക്കൽ നടപടികൾ തുടരുകയാണെന്നും ഇത് ഓപ്പൺ ബിഡ്ഡിംഗ് വഴി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും സംസ്ഥാന ഗവൺമെന്റിനെ ബിഡ്ഡ് പ്രോസസിംഗിനായി ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്.

**വ്യവസായ വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനങ്ങൾ**

188(586) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിനുകീഴിലെ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിലായതെന്ന് വിശദമാക്കുമോ;

(സി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ പൊതുമേഖലാ സ്ഥാപനങ്ങളേയും ലാഭത്തിലാക്കാൻ എന്തെങ്കിലും കർമ്മപദ്ധതി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷാവസാനം വ്യവസായ വകുപ്പിന് കീഴിലുള്ള 13 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (2015-16 സാമ്പത്തിക വർഷം) നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക്, ട്രാകോ കേബിൾ കമ്പനി ലിമിറ്റഡ്, സ്റ്റീൽ & ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് എന്നീ അഞ്ച് സ്ഥാപനങ്ങളാണ് (2016-17 സാമ്പത്തിക വർഷം) ലാഭത്തിലായത്.

(സി) ഉണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഉൾപ്പടെയുള്ളവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികൾ സ്ഥാപനങ്ങളെ അഭിവൃദ്ധി പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുണ്ട്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ നവീന സാങ്കേതികവിദ്യകൾ നടപ്പിൽവരുത്തുന്നതിനും ആധുനികവൽക്കരണ വിപുലീകരണ പദ്ധതികൾക്കുമാണ് മുൻതൂക്കം നൽകിയി രിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് പ്രവർത്തന പുരോഗതി കൈവരിച്ചുവരുന്നു. സ്ഥാപനങ്ങളുടെ ഡയറക്ടർ ബോർഡുകളിൽ വിവിധ മേഖലകളിൽ പ്രാഗത്ഭ്യമുള്ള വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ റിയാബ് മുഖേന മാസംതോറും പ്രവർത്തന അവലോകനങ്ങളും നടത്തി വരുന്നു.

## പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പെട്രോൾ പമ്പ് സ്ഥാപിക്കുന്നതിനുള്ള അനുമതി

189(587) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളാണ് പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതെന്നും ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 23-12-2017-ലെ സ.ഉ.(കൈ) 122/2017/വ്യവ. നമ്പർ ഉത്തരവുപ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പെട്രോൾ പമ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു :

1. കേരള ക്ലേയ്സ് ആന്റ് സിറാമിക്സ് പ്രോഡക്ട്സ് ലിമിറ്റഡ്.
2. സിഡ്കോ.

പെട്രോൾ പമ്പുകൾ തുടങ്ങുന്നതിന് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടില്ല.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

190(588) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ട്;

(ബി) ഇവയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിലായിരുന്ന 5 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി)

| | കമ്പനി | ലാഭം (ലക്ഷത്തിൽ ) |
|---|---|---|
| 1 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 852.52 |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 633.38 |
| 3 | ടെൽക് | 106.27 |
| 4 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് | 151.71 |
| 5 | സ്റ്റീൽ &ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് | 214.46 |

**പൊതുമേഖലയിൽ പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ**

191(589) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര വ്യവസായ സ്ഥാപനങ്ങൾ പോതുമേഖലയിൽ പ്രവർത്തിക്കുന്നു; ലാഭകരമായി പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങൾ എത്രയെണ്ണം; വിശദമായ കണക്ക് ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് എത്ര വ്യവസായ സ്ഥാപനങ്ങൾ ലാഭകരമായി പ്രവർത്തിച്ചിരുന്നു; വിശദാംശങ്ങൾ നൽകാമോ;

(സി) വ്യവസായ സ്ഥാപനങ്ങൾക്കായി കിഫ്ബിവഴി നൽകിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിൽ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനടക്കം 42 പൊതുമേഖലാ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഇവയിൽ 40 പൊതുമേഖലാ സ്ഥാപനങ്ങളെയാണ് അവലോകത്തിനായി പരിഗണിച്ചു വരുന്നത്. 2016-17 സാമ്പത്തിക വർഷാവസാനം 40 പൊതുമേഖലാ സ്ഥാപനങ്ങളിൽ 13 സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിക്കുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് 2015-16 സാമ്പത്തിക വർഷത്തിലെ കണക്കുകൾ പ്രകാരം 8 പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വ്യവസായ സ്ഥാപനങ്ങൾക്കായി കിഫ്ബി വഴി തുകയൊന്നും നൽകിയിട്ടില്ല.

## കിൻഫ്ര പാർക്കിന്റെ വികസനം

192(590) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ ഏക വ്യവസായ പാർക്കായ കിൻഫ്ര പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം കിൻഫ്ര പാർക്കിൽ നിലവിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമാണെന്നും വിശദമാക്കുമോ;

(സി) കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനും സംരംഭകരെ ആകർഷിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലത്ത് കിൻഫ്ര 80 ഏക്കറിൽ സ്ഥാപിച്ച വ്യവസായ പാർക്ക് താഴെപ്പറയുന്ന രീതിയിലാണ് വിഭാവനം ചെയ്തിട്ടുള്ളത്.

| | | |
|---|---|---|
| വ്യവസായ പാർക്ക് | - | 20 ഏക്കർ |
| ഡിഫൻസ് പാർക്ക് | - | 60 ഏക്കർ |

അടിസ്ഥാന സൗകര്യ വികസനങ്ങളായ റോഡുകൾ, വൈദ്യുതി, ജലവിതരണം, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് എന്നിവയുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം പ്രവർത്തനസജ്ജമായിട്ടുണ്ട്. 60 ഏക്കറിൽ സ്ഥാപിക്കുന്ന ഡിഫൻസ് പാർക്കിന്റെ ബഹുനില ഫാക്ടറി കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പ്രതിരോധ മേഖലയിലുള്ള വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ളതാണ് ഈ പദ്ധതി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഒറ്റപ്പാലത്തെ കിൻഫ്ര പാർക്കിൽ നിലവിൽ താഴെപ്പറയുന്ന വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനസജ്ജമാണ് :

| Sl.No | Name of the Party | Area (in Sq.ft) |
|---|---|---|
| 1 | M/s.Blissful Garments Private Limited | 1066.36 |

| Sl.No | Name of the Party | Area (in Acres) |
|---|---|---|
| 1 | Additional Skill Acquisition Programme (ASAP), Department of Higher Education, GOK | 1 |
| 2 | Mr. subin. K.N. | 0.12 |
| 3 | Mr. Vineeth Kumar | 0.05 |
| 4 | Mr. Suresh Kumar. P | 0.05 |
| 5 | Mr. Asif. A | 0.07 |
| 6 | Mr. Abdul Manaf | 0.25 |

(സി) ഒറ്റപ്പാലം വ്യവസായ പാർക്കിൽ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുവാനുള്ള ശ്രമങ്ങൾ കിൻഫ്ര നടത്തിവരുന്നു. സർക്കാർ-സ്വകാര്യ മേഖലയിലുള്ള സംരംഭങ്ങളെ കണ്ടെത്തുന്നതിന് വിവിധ ഏജൻസികളുമായി ചേർന്ന് റോഡ് ഷോ ഉൾപ്പെടെയുള്ള കർമ്മ പദ്ധതികൾ കിൻഫ്ര നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

**ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിലെ പെട്രോകെമിക്കൽ പാർക്ക്**

193(591) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുവാൻ കിൻഫ്ര ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എങ്കിൽ എത്ര ഏക്കർ സ്ഥലമാണ് കിൻഫ്ര ഇതിനായി ഏറ്റെടുക്കുന്നത്;

(സി) പ്രസ്തുത പാർക്കിന്റെ പദ്ധതി ചെലവ് എത്ര കോടി രൂപയായിരുന്നു; എവിടെ നിന്നാണ് ഈ തുക സമാഹരിക്കുക എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഫാക്ടിന്റെ അമ്പലമേട് ഡിവിഷനിൽ പെട്രോകെമിക്കൽ പാർക്ക് സ്ഥാപിക്കുന്നതിന് ഫാക്ടും സംസ്ഥാന സർക്കാരും ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതുപ്രകാരം ഫാക്ടിന്റെ അധീനതയിലുള്ള 470 ഏക്കർ ഭൂമി സംസ്ഥാന സർക്കാരിന് കൈമാറും.

(ബി) 470 ഏക്കർ ഭൂമിയാണ് ഇതിനായി കിൻഫ്ര ഏറ്റെടുക്കുന്നത്.

(സി) പ്രസ്തുത പാർക്കിന്റെ വികസനത്തിന് ഏകദേശം 1800 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. കിഫ്ബി വഴിയാണ് ഈ പദ്ധതിക്കുള്ള ധന സമാഹരണം നടത്തുവാൻ ഉദ്ദേശിക്കുന്നത്.

## പാറ ഉൽപ്പന്നങ്ങൾ അതിർത്തി കടത്തിക്കൊണ്ടുപോകുന്നത് തടയാൻ നടപടി

194(592) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പാറ ഉൽപ്പന്നങ്ങൾ അതിർത്തി കടത്തി കൊണ്ടു പോകുന്നതു തടയാൻ മൈനിങ് & ജിയോളജി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയതോടെ സംസ്ഥാനത്തെ ക്വാറി ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ;

(സി) ജി.എസ്.ടി. നടപ്പാക്കിയതിലൂടെ നിർമ്മാണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

ഉത്തരം

(എ) റോയൽറ്റി ഈടാക്കിയശേഷം, ധാതുക്കൾ സംസ്ഥാനത്തിനു പുറത്തു കൊണ്ടുപോകുന്നതിനോ വിദേശത്തേക്ക് കയറ്റി അയക്കുന്നതിനോ 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമോ, 2015-ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമോ നിലവിൽ തടസ്സമില്ല.

(ബി) നികുതി നിരക്ക് താരതമ്യം നടത്തുമ്പോൾ ജി.എസ്.ടി വന്നതിനുശേഷം നികുതിയിൽ കുറവുവന്നതായിട്ടാണ് കാണുന്നത്. ഈ സാഹചര്യത്തിൽ ജി.എസ്.ടി.മൂലം ക്വാറി ഉൽപ്പന്നങ്ങൾക്ക് വില വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജി.എസ്.ടി നിലവിൽ വന്നതോടെ ധാതുക്കളുടെ വില കൂടി നിർമ്മാണ മേഖലയിൽ പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## റോഡ് നിർമ്മാണ സാമഗ്രികളുടെ ക്ഷാമം

195(593) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് നിർമ്മാണ സാമഗ്രികൾക്ക് വിശിഷ്യാ കരിങ്കല്ലിന് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്ഷാമം പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഇത് വരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ചെറുകിട ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിന് നിയമപരമായ തടസ്സങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരിങ്കൽ ക്ഷാമം പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 2-12-2016 തീയതിയിലെ ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുകയും അതുവഴി കരിങ്കല്ലിനും കരിങ്കല്ല് ഉൽപ്പന്നങ്ങൾക്കും ക്ഷാമം നേരിടുകയും ചെയ്തിട്ടുണ്ട്. 5 ഹെക്ടറോ അതിനുതാഴെയോ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് ജില്ലാ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതികാഘാത നിർണ്ണയ അതോറിറ്റിയിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടത്. 5 ഹെക്ടറിനുമുകളിൽ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയിൽ നിന്നുമാണ് പാരിസ്ഥിതികാനുമതി കരസ്ഥമാക്കേണ്ടത്. ടി അതോറിറ്റികളുടെ പ്രവർത്തനം ദ്രുതഗതിയിലാക്കി പാരിസ്ഥിതികാനുമതി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22-6-2017-ലെ സ.ഉ.(പി)25/2017/ഐ.ഡി. നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമേയുള്ള അതിർത്തിയിൽനിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേക്കുള്ള ദൂരപരിധി 50 മീറ്ററായി പുനഃസ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽനിന്നുള്ള ദൂരപരിധി ഒരു കിലോമീറ്ററായും

നിജപ്പെടുത്തിയിട്ടുണ്ട്. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും, വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ചെറുകിട ക്വാറികൾക്ക് പ്രവർത്തനാനുമതി നൽകുന്നതിന് നിയമപരമായ തടസ്സങ്ങളില്ല. 2015-ലെ കേരള മൈനർ മിനറൽ കൺസെഷൻ ചട്ടങ്ങൾ പ്രകാരമുള്ള അനുമതിപത്രങ്ങൾ ഹാജരാക്കിയാൽ ഖനനാനുമതിക്കുള്ള അപേക്ഷകൾ പരിഗണിക്കുന്നതാണ്.

**കരിമണൽ ഖനന നയം**

196(594) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിമണൽ ഖനനം സംബന്ധിച്ച സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ബി) കരിമണൽ ഖനനവും വ്യവസായവും സ്വകാര്യപങ്കാളിത്തത്തോടെയോ, പൂർണ്ണമായും സ്വകാര്യ മേഖലയിലോ നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ കരിമണൽ ഖനനം ആവശ്യമായ പാരിസ്ഥിതിക സുരക്ഷയും മൂല്യവർദ്ധനവും ഉറപ്പാക്കി പൊതുമേഖലയുടെകീഴിൽ കൊണ്ടുവരാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ധാതുക്കൾ പ്രകൃതി വിഭവങ്ങളാണ്, ആയതിനാൽ അവ അതീവ സൂക്ഷ്മതയോടെ പരിസ്ഥിതിക്ക് കോട്ടംവരാതെ സമൂഹത്തിനാകെ പ്രയോജനപ്പെടുന്ന രീതിയിലായിരിക്കണം ഉപയോഗപ്പെടുത്തേണ്ടത്. ആയതിനാലാണ് ഇത്തരം ഖനന പ്രവർത്തനങ്ങൾ പൊതുമേഖലയിൽ പരിമിതപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

**കരിമണൽ ദീർഘകാലാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് നടപടി**

197(595) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടി.ടി.പി.-യുടെ പ്രവർത്തനത്തിന് ആവശ്യമായ കരിമണൽ ലഭ്യമാക്കുന്നതിന് പ്രതിബന്ധങ്ങൾ അഭിമുഖീകരിക്കുന്നുണ്ടോ;

(ബി) കരിമണൽ ദീർഘകാലാടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ചവറയിലെ ഇന്ത്യൻ റെയർ എർത്ത്സിൽ നിന്നാണ് കരിമണൽ ലഭിക്കുന്നത്. തൊഴിൽസമരമോ മറ്റു പ്രശ്നങ്ങളോ ഉണ്ടാകുമ്പോൾ തടസ്സം നേരിടാറുണ്ട്.

(ബി) ഇന്ത്യൻ റെയർ എർത്ത്സുമായി ദീർഘകാലാടിസ്ഥാനത്തിലുള്ള കരാർ ഉണ്ടാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

**ഡാമുകളിൽ നിന്നുള്ള മണൽ സംഭരണം**

198(596) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2006-11 കാലഘട്ടത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡാമുകളിൽനിന്ന് മണൽ സംഭരിച്ച് വിൽക്കുവാൻ എടുത്ത തീരുമാനമനുസരിച്ച് എത്ര കോടി രൂപയുടെ മണൽ സംഭരിച്ച് വിൽപ്പന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ വരുമാനമാണ് ലക്ഷ്യമിട്ടതെന്ന് വ്യക്തമാക്കുമോ; ലക്ഷ്യമിട്ട വരുമാനം ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) 2006-11 കാലഘട്ടത്തിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഡാമുകളിൽനിന്നും മണൽ സംഭരിച്ച് വിൽക്കുവാൻ തീരുമാനിച്ചതനുസരിച്ച് ഏകദേശം 8.66 കോടി രൂപയുടെ മണൽ സംഭരിച്ച് വിൽപ്പന നടത്തിയിട്ടുണ്ട്.

**കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലമുള്ള തൊഴിൽ പ്രതിസന്ധി**

199(597) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കളിമണ്ണ്, ഓട് വ്യവസായ മേഖലയിലെ അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിൽ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഓട് നിർമ്മാണത്തിനാവശ്യമായ കളിമണ്ണിന്റെ ലഭ്യതക്കുറവ് സംബന്ധിച്ച പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് കളിമണ്ണ് നിക്ഷേപത്തിന്റെ ഭൂരിഭാഗവും ഉള്ളത് നെൽവയലുകളിലാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന

ഭൂമികളിൽനിന്നും കളിമണ്ണ് ഖനനം അസാധ്യമായി. ഇതോടെ നിലവിൽ വന്ന ഡാറ്റ ബാങ്കിൽ ഉൾപ്പെടാത്ത ഭൂമിയിൽനിന്നു മാത്രമേ കളിമൺ ഖനനം അനുവദിക്കാൻ സാധിക്കുകയുള്ളൂ എന്ന അവസ്ഥ സംജാതമായി. കളിമണ്ണിന്റെ ലഭ്യതക്കുറവുമൂലം സംസ്ഥാനത്തെ കളിമൺ പാത്ര നിർമ്മാണം, ഓട് നിർമ്മാണം തുടങ്ങിയ രംഗങ്ങളിൽ നിലനിൽക്കുന്ന പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, 2008-ന് മുമ്പ് (നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിനുമുമ്പ്) നികത്തപ്പെട്ട ഭൂമിയിൽ നിന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാതെ കളിമണ്ണ് ശേഖരിക്കുന്നതിന്റെ സാധ്യതകൾ പഠിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്ററിനെ സർക്കാർ ചുമതലപ്പെടുത്തിയിരുന്നു. ഈ സ്ഥാപനം തൃശ്ശൂർ ജില്ലയിൽ പഠനം പൂർത്തിയാക്കി റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പ്രകാരം കളിമൺ നിക്ഷേപമുള്ള പ്രദേശങ്ങളിൽ ഖനനാനുമതിക്കായി അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കൂടി പഠനം നടത്തുന്നതിന് ഈ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്. ടി ജില്ലകളിൽ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് കണ്ടെത്തുന്ന കളിമൺ നിക്ഷേപങ്ങൾ ഖനനം ചെയ്യുന്നതിന് അനുമതി നൽകുന്നതാണ്. നിലവിലെ സാഹചര്യത്തിൽ കളിമൺ ഖനനത്തിന് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ ചെയർമാനായ ഡിസ്ട്രിക്ട് എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റിയിൽ നിന്നും പാരിസ്ഥിതികാനുമതി സമ്പാദിക്കേണ്ടതുണ്ട്. കൂടാതെ ജില്ലാ കളക്ടർ തന്നെ ചെയർമാനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടറിൽ നിന്നും നിരാക്ഷേപ പത്രവും ആവശ്യമാണ്. പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയ സാഹചര്യത്തിൽ ജില്ലാ കളക്ടറിൽ നിന്നുള്ള നിരാക്ഷേപ പത്രം ആവശ്യമാണെന്ന വ്യവസ്ഥ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കളിമൺ ഖനനത്തിന് പാരിസ്ഥിതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി 2 മീറ്റർ വരെ ആഴത്തിൽ കളിമണ്ണ് ഖനനം ചെയ്യുന്നതിന് 22-6-2017-ലെ സ.ഉ.(പി)25/2017/വ്യവ പ്രകാരം മൈനിംഗ് പ്ലാൻ ഒഴിവാക്കിയിട്ടുണ്ട്. ജില്ലാ തലത്തിൽ പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി തീരുമാനം കൈക്കൊള്ളുന്നതിന് എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഓട് നിർമ്മാണ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് ട്രേഡ് യൂണിയൻ നേതാക്കളുമായും കളിമൺ വ്യവസായ പ്രതിനിധികളുമായും സർക്കാർ 29-11-2017-ന് ചർച്ച നടത്തുകയും കളിമണ്ണ് ലഭ്യമാക്കുന്നതിന് 20-2-2010-ലെ സ.ഉ.(കൈ) നമ്പർ 36/2010/വ്യവ പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഖനനാനുമതി നൽകാവുന്നതാണോ എന്ന് പരിശോധിക്കാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

## ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

200(598) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ മുൻകയ്യെടുത്ത് നിർമ്മാണം പൂർത്തീകരിച്ച ഉദുമ സ്പിന്നിംഗ് മിൽ ഏഴ് വർഷത്തിലധികമായി തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയാതെ വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പത്തു കോടി രൂപ അനുവദിച്ചിട്ടും പ്രസ്തുത സ്ഥാപനം തുറന്നുപ്രവർത്തിപ്പിക്കാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ ; മില്ലിന്റെ പ്രവർത്തനം എന്ന് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനായി 18-11-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 1579/17/വ്യവ പ്രകാരം കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി 942.92 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും മേൽത്തുക ജില്ലാ ഭരണകൂടം കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന് അനുവദിക്കുകയും ചെയ്തു. പ്രസ്തുത തുക ലഭ്യമായാലുടൻ തന്നെ 3 മാസത്തിനകം മില്ലിന്റെ പ്രവർത്തനം പൂർണ്ണതോതിൽ ആരംഭിക്കുന്നതിന് കഴിയുന്നതാണ്.

## കൈത്തറി മേഖലയെ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ

201(599) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയെ സംരക്ഷിക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; കൈത്തറി തൊഴിലാളികൾക്ക് വർഷംമുഴുവൻ ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് യഥാസമയം ശമ്പളം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്പോൾ എത്ര മാസത്തെ ശമ്പളം കുടിശ്ശികയായിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രൊഡക്ഷൻ ഇൻസെന്റീവ് ആനുകൂല്യം കൈത്തറി മേഖലയിൽ ജോലിചെയ്യുന്ന മുഴുവൻ തൊഴിലാളികൾക്കും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും അഭിവൃദ്ധി പെടുത്തുന്നതിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* പ്രസ്തുത പദ്ധതികളിലൂടെ കൈത്തറി തൊഴിലാളികൾക്ക് വർഷം മുഴുവൻ ജോലി ലഭ്യമാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) സ്കൂൾ യൂണിഫോം പദ്ധതിയുമായി ബന്ധപ്പെട്ട് കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് നവംബർ മാസം വരെയുള്ള ശമ്പളം നൽകിയിട്ടുണ്ട്. ഡിസംബർ മാസത്തെ കൂലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടിയിലൂടെ അംഗീകൃത നിബന്ധനകളനുസരിച്ച് അധികമായി ചെയ്യുന്ന ജോലിക്കനുസരിച്ച് അധികമായി ആനുകൂല്യങ്ങൾ നൽകി നെയ്ത്തുകാരുടെയും അനുബന്ധ തൊഴിലാളികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. അർഹരായ തൊഴിലാളികൾക്ക് മാസം പരമാവധി 4000 രൂപ വരെ ആനുകൂല്യം ലഭ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് നടപ്പു സാമ്പത്തികവർഷം 4.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**കൈത്തറി രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികൾ**

202(600) <u>ശ്രീ. ചിറ്റയം ഗോപകുമാർ</u> :
<u>ശ്രീമതി ഗീതാ ഗോപി</u> :
<u>ശ്രീമതി സി. കെ. ആശ</u> :
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി രംഗത്തെ പുനരുജ്ജീവിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രവർത്തിക്കാത്ത കൈത്തറി സഹകരണ സംഘങ്ങളിൽ കാഡ്കോ മുഖേന ആറായിരത്തോളം തറികൾ അറ്റകുറ്റപ്പണി ചെയ്ത് പ്രവർത്തനക്ഷമമാക്കുന്നതിന് നീക്കമുണ്ടോ;

(സി) പദ്ധതിക്കാവശ്യമായ തുണി ലഭ്യമാക്കലും മറ്റ് തയ്യാറെടുപ്പുകളും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) പരമ്പരാഗത വ്യവസായമായ കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൈത്തറിയുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി, നെയ്ത്തുകാർക്കും മറ്റ് അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രോത്സാഹന സഹായ പദ്ധതി, കൈത്തറി സംഘങ്ങളുടെ ആധുനികവൽക്കരണവും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി, വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി തുടങ്ങിയവ ഇതിൽപ്പെടുന്നു. ഈ പദ്ധതികൾക്ക് പുറമേ പ്രതിസന്ധി നേരിടുന്ന കൈത്തറി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കുവാൻവേണ്ടി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ 1 മുതൽ 8 വരെയുള്ള ക്ലാസ്സുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന പുതിയൊരു പദ്ധതി ആവിഷ്കരിച്ചു. ഇതിന്റെ ഭാഗമായി 2017-18 അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിലെ അഞ്ചാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം നടത്തി. 2018-19 അദ്ധ്യയനവർഷം സർക്കാർ സ്കൂളുകളിലെ ഏഴാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾക്കും യൂണിഫോം വിതരണം ചെയ്യും. ആയതിന് ആവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്ത് തയ്യാറാക്കി വരുന്നു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുവാനും അവരുടെ വേതനം വർദ്ധിപ്പിക്കാനും സാധിച്ചു.

(ബി) നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത 6000 തറികൾ കാഡ്കോ മുഖേന അറ്റകുറ്റപ്പണികൾ ചെയ്തുതീർക്കുന്നതിനായി 6 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) സ്കൂൾ കുട്ടികൾക്കുള്ള സൗജന്യ യൂണിഫോം പദ്ധതി പ്രകാരം അടുത്ത അദ്ധ്യയനവർഷം 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് 23 ലക്ഷം മീറ്റർ കൈത്തറി യൂണിഫോം തുണി നെയ്തെടുക്കാനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ നടന്നുവരുന്നു. പ്രസ്തുത തുണി ഹാന്റക്സ്, ഹാൻവീവ് മുഖേന വിതരണം ചെയ്യുന്നതാണ്.

## വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘം

203(601) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ നഗരസഭയിലെ വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ പ്രവർത്തനം ആലംകോട്ട് പുനരാരംഭിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണ്;

(ബി) അടുത്ത അക്കാദമിക വർഷത്തെ യൂണിഫോം നെയ്യുന്നതിന് സ്ഥാപനത്തെ സജ്ജമാക്കാൻ കഴിയുമോ;

(സി) ഇത് സംബന്ധിച്ച് വ്യവസായ കേന്ദ്രം പദ്ധതിരേഖ തയ്യാറാക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ നഗരസഭാ പരിധിയിൽ സ്ഥിതിചെയ്യുന്ന വീക്ഷണം കൈത്തറി നെയ്ത്ത് സഹകരണ സംഘത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 25-9-2017-ൽ ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗ തീരുമാനപ്രകാരം, സംഘത്തിൽവച്ച് നെയ്യുന്നതിന് താത്പര്യമുള്ള തൊഴിലാളികളുടെ യോഗം വിളിക്കുകയും അതിൻപ്രകാരം 10 തൊഴിലാളികൾ സംഘത്തിൽവന്ന് ജോലി ചെയ്യുന്നതിനുള്ള സന്നദ്ധത അറിയിക്കുകയും ചെയ്തിരുന്നു. കൈത്തറി ക്വാളിറ്റി കൺട്രോൾ ഇൻസ്പെക്ടർ സംഘത്തിലെ തറികൾ പരിശോധിച്ച് ആയതിന്റെ അറ്റകുറ്റപ്പണികൾക്ക് വേണ്ടിവരുന്ന തുക കണക്കാക്കിയിട്ടുണ്ട്. സംഘത്തിലെ ഭരണസമിതി തെരഞ്ഞെടുപ്പ് 2018 ജനുവരി 4-ന് നടക്കുകയും പുതിയ ഭരണസമിതി ചുമതല ഏറ്റെടുക്കുകയും ചെയ്തു. തറികളുടെ അറ്റകുറ്റപ്പണികൾ കാഡ്കോ മുഖേന ചെയ്യുന്നതിനായി ഒരു പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിന്റെകൂടി സഹകരണത്തോടെ അടുത്ത അക്കാദമിക വർഷത്തെ യൂണിഫോം നെയ്യുന്നതിന് സ്ഥാപനത്തെ സജ്ജമാക്കുവാൻ കഴിയും.

(സി) സംഘത്തിന്റെ പുതിയ ഭരണസമിതിയുമായി ചർച്ചചെയ്ത് പ്രവർത്തന പദ്ധതി തയ്യാറാക്കിവരുന്നു.

## കൈത്തറി പ്രദർശന വിപണന മേളകളിൽ റിബേറ്റ്

204(602) <u>ശ്രീ. കെ. എൻ. എ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ കൈത്തറി പ്രദർശന വിപണന മേളകളിൽ നൽകിവരുന്ന റിബേറ്റ് നിർത്തലാക്കിയിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രം പുറപ്പെടുവിച്ച നിർദ്ദേശം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇത് നടപ്പിലാക്കിയതുവഴി കൈത്തറി ഉല്പന്നങ്ങളുടെ വില്പന കുറഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ റിബേറ്റ് സ്കീം പ്രകാരം സംസ്ഥാനത്തെ കൈത്തറി പ്രദർശന വിപണന മേളകളിലെ വില്പനയ്ക്ക് നൽകിവരുന്ന 10% കേന്ദ്ര റിബേറ്റ് സ്കീം 1-4-2006 മുതൽ 31-3-2009 വരെ പ്രാബല്യത്തിൽ ഉണ്ടായിരുന്നു.

(ബി) ഇപ്പോൾ പ്രസ്തുത സ്കീം നിലവിലില്ല.

(സി) സംസ്ഥാന സർക്കാർ റിബേറ്റ് തുടർന്ന് അനുവദിച്ചതിനാൽ വില്പനയിൽ കുറവ് വന്നിട്ടില്ല.

## കോഴിക്കോട് കോമൺവെൽത്ത് നെയ്ത്ത് ഫാക്ടറി തൊഴിലാളികൾക്ക് സമാശ്വാസ വേതനം

205(603) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കോമൺവെൽത്ത് നെയ്ത്ത് ഫാക്ടറിയിലെ (കോംട്രസ്റ്റ്) തൊഴിലാളികൾക്ക് മുൻസർക്കാരിന്റെ കാലത്ത് സമാശ്വാസവേതനമായി 5000 രൂപ വീതം നൽകിയിരുന്നോ;

(ബി) പ്രസ്തുത തുക ഇപ്പോൾ നൽകുന്നുണ്ടോ; സമാശ്വാസവേതനം നിർത്തി വയ്ക്കുവാനുള്ള കാരണമെന്താണ്;

(സി) തൊഴിലാളികളുടെ ദയനീയാവസ്ഥ പരിഗണിച്ച് നിർത്തിവച്ച സമാശ്വാസവേതനം അടിയന്തരമായി നൽകുമോ?

<u>ഉത്തരം</u>

(എ) അതെ

(ബി&സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കൊല്ലം പാർവ്വതി മില്ലിന്റെ പ്രവർത്തനം

206(604) <u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കീഴിലുള്ള കൊല്ലം പാർവ്വതി മില്ലിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിന് തടസ്സമായി നിൽക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പാർവ്വതി മിൽ ആധുനികവൽകരിച്ച് പ്രവർത്തനം ആരംഭിക്കുന്നതിന് കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിനോ അല്ലെങ്കിൽ ഭൂമി സർക്കാർ തിരികെ ലഭ്യമാക്കി വ്യവസായ ആവശ്യത്തിന് വിനിയോഗിക്കുന്നതിനോ ഉദ്ദേശി ക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത മില്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ് ; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) പ്രസ്തുത മില്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് കോടതിയിൽ നിലവിലുള്ള കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ സർക്കാരിൽ ലഭ്യമല്ല. നാഷണൽ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ കോയമ്പത്തൂർ ആഫീസ് മുഖേനയാണ് മില്ലിന്റെ ഭരണപരമായ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നത്.

**പരമ്പരാഗത നെയ്ത്തുശാലകൾ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി**

207(605) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരമ്പരാഗത നെയ്ത്തുശാലകൾ അധികവും പൂട്ടിയ അവസ്ഥയിലാണുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്കൂൾ യൂണിഫോം കൈത്തറി ആക്കാൻ തീരുമാനിച്ച സാഹചര്യത്തിൽ പൂട്ടിക്കിടക്കുന്ന നെയ്ത്തുശാലകൾ തുറക്കുന്നതിനുവേണ്ട പ്രത്യേക പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നെയ്ത്തുശാലകൾ ഒരു മണ്ഡലത്തിൽ ഒന്നെങ്കിലും എന്ന തോതിൽ തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിരവധി ചെറുനെയ്ത്തുശാലകൾ ഉണ്ടായിരുന്ന താനൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ നെയ്ത്തുശാലകൾ പുനരുജ്ജീവിപ്പിക്കാൻ എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. പൂട്ടിക്കിടക്കുന്ന നെയ്ത്തുശാലകളിലെ മിക്ക തറികളെയും സ്കൂൾ യൂണിഫോം പദ്ധതിയിൽ കൊണ്ടുവരികയും തറികൾ നന്നാക്കുന്നതിനുള്ള തുക നൽകുകയും സ്കൂൾ യൂണിഫോം പദ്ധതിക്കാവശ്യമുള്ള തുണികൾ നെയ്യുന്നതിനുള്ള

നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പ്രവർത്തിക്കാതെ കിടക്കുന്ന തറികളിൽ അറ്റകുറ്റപ്പണികൾ നടത്തി പ്രവർത്തന സജ്ജമാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ 6000 തറികൾ പ്രവർത്തന സജ്ജമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിലേക്ക് കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷനെ തറികൾ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നെയ്ത്തുശാലകൾ തുടങ്ങാൻ താത്പര്യമുള്ളവർക്ക് എല്ലാ സഹായവും സർക്കാർ നൽകുന്നതാണ്.

(സി) താനൂർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ നെയ്ത്ത് സഹകരണ സംഘങ്ങളിൽ പുതിയ തറികൾ സ്ഥാപിച്ച് യുവവീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ യുവാക്കൾക്ക് പരിശീലനം നൽകി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നതാണ്.

## കുന്നത്തറ ടെക്സ്റ്റൈൽസ് ഏറ്റെടുക്കൽ

208(606) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്നത്തറ ടെക്സ്റ്റൈയിൽസിന്റെ നിലവിലുള്ള ബാധ്യത തിട്ടപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; ആയത് കണക്കാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ കോടിക്കണക്കിന് രൂപ വിലവരുന്ന ഭൂമിയും അനുബന്ധ വസ്തുക്കളും അന്യാധീനപ്പെടുന്നത് തടയാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) കുന്നത്തറ ടെക്സ്റ്റൈൽസ് ഏറ്റെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) കുന്നത്തറ ടെക്സ്റ്റൈൽസ് ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഒഫീഷ്യൽ ലിക്വിഡേറ്ററാണ് ബാധ്യത നിശ്ചയിക്കുന്നത്.

(സി) പരിശോധിക്കാവുന്നതാണ്.

**ടെക്സ്റ്റൈൽ മേഖല**

209(607) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടെക്സ്റ്റൈൽ മേഖല നിലവിൽ ഗുരുതരമായ സ്ഥിതിവിശേഷം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്;

(ബി) ടെക്സ് ഫെഡിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏഴ് സഹകരണമില്ലുകളും രണ്ട് ടെക്സ്റ്റൈൽ മില്ലുകളും ആധുനികവൽക്കരിക്കുന്നതിനും പുനരുദ്ധീകരിക്കുന്നതിനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അധീനതയിലുള്ള കോമളപുരം സ്പിന്നിംഗ് മില്ല്, പ്രഭുറാം മിൽ എന്നിവ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;ഇല്ലെങ്കിൽ അവ തുറന്നുപ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) സൗജന്യ സ്കൂൾ യൂണിഫോമിന് ആവശ്യമുള്ള നൂൽ ഈ മില്ലുകളിൽ ഉല്പാദിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെകീഴിലുള്ള മില്ലുകൾ 2011 മുതൽ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നതുമൂലം വർക്കിംഗ് ക്യാപ്പിറ്റൽ ചോർച്ച ഉണ്ടായതും തത്ഫലമായി അസംസ്കൃത വസ്തു വാങ്ങുന്നതിനും ജീവനക്കാർക്ക് നിയമാനുസൃതമായ ആനുകൂല്യങ്ങൾ നൽകുന്നതിനും മില്ലുകളുടെ കൊമേഴ്സ്യൽ പ്രവർത്തനങ്ങൾക്കും ബുദ്ധിമുട്ട് നേരിട്ടതും ടെക്സ്റ്റൈൽ മേഖലയിലെ പ്രതിസന്ധിക്ക് കാരണമായി. ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളുടെ തുടർച്ചയായ നഷ്ടത്തിന് കാരണമായത്

1. മിൽ ആധുനീകരണം നടത്താതിരിക്കൽ
2. പഴയ മെഷീനുകളുടെ ഉത്പാദനക്ഷമത കുറവ്
3. തൊഴിലാളികളുടെ ഉത്പാദനക്ഷമത കുറവ്
4. നൂലിന്റെ താഴ്ന്ന ക്വാളിറ്റി
5. അസംസ്കൃത വസ്തുവിന്റെ വിലയിലും നൂൽ വിലയിലുമുള്ള കുറഞ്ഞ വിടവ് എന്നിവയാണ്.

പ്രവർത്തന മൂലധനത്തിന്റെ അഭാവംമൂലം കോട്ടൺ സീസണിൽ വാങ്ങാൻ സാധിക്കാത്തതും മില്ലുകളിലെ കൂടിയ പ്രൊഡക്ഷൻ കോസ്റ്റും ഇതിന് കാരണമായ കുറഞ്ഞ ലേബർ പ്രൊഡക്ടിവിറ്റിയും കുറഞ്ഞ മെഷീൻ പ്രൊഡക്ടിവിറ്റിയും ടെക്സ്ഫെഡിന്റെ കീഴിലുള്ള സ്പിന്നിംഗ് മില്ലുകൾ പ്രതിസന്ധിയിലാക്കുന്നതിന്റെ കാരണങ്ങളാണ്. മില്ലുകളിലെ മെഷിനറികളുടെ കാലപ്പഴക്കവും അറ്റകുറ്റപ്പണികളുടെ അഭാവവും കാരണം ഉത്പാദനക്ഷമത കുറവും ഗുണമേന്മയുള്ളതുമായ നൂൽ മാർക്കറ്റിൽ ലഭ്യമാക്കാൻ സാധിക്കാത്തതുംമൂലം മാർക്കറ്റിൽ ഉദ്ദേശിച്ച വില ലഭിക്കാതെയും വരുന്നു. മാർക്കറ്റിൽ നിന്ന് കൂടുതൽ ദൂരത്തായതുകൊണ്ട് കോട്ടൺ വാങ്ങുമ്പോഴും യാൺ വിൽക്കുമ്പോഴുമുള്ള ട്രാൻസ്പോർട്ടേഷൻ ചാർജ് അധികമായി വരുന്ന ചെലവാണ്.

(ബി) സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി മില്ലുകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പുനരുദ്ധാരണത്തിനുമായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ സഹകരണ സ്പിന്നിംഗ് മില്ലുകളുടെ പുനരുദ്ധാരണത്തിനായി 2017-18 ബജറ്റിൽ 27 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ അധീനതയിലുള്ള കോമളപുരം സ്പിന്നിംഗ്&വീവിംഗ് മിൽസ്, പ്രഭുറാം മിൽസ് എന്നിവ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) സൗജന്യ സ്കൂൾ യൂണിഫോമിന് ആവശ്യമുള്ള നൂല് കേരളാ സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെകീഴിലുള്ള പൊതുമേഖലാ മില്ലുകളായ കോമളപുരം സ്പിന്നിംഗ് ആന്റ് വീവിംഗ് മിൽ, പ്രഭുറാം മിൽ എന്നിവയ്ക്ക് പുറമേ ടെക്സ്ഫെഡിന്റെ കീഴിലുള്ള കണ്ണൂർ സഹകരണ സ്പിന്നിംഗ് മിൽ, മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ എന്നിവിടങ്ങളിൽനിന്നും ഉത്പാദിപ്പിച്ച് നൽകിവരുന്നു.

## ഖാദി മേഖലയിലെ പ്രശ്നങ്ങൾ

210(608) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(സി) ഖാദി ഗ്രാമം പദ്ധതിയിലൂടെ കഴിഞ്ഞവർഷം എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) വ്യാജ ഖാദിയുടെ വിപണനം വ്യാപകമാണെന്നതിനാൽ അത് തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഇ) ഒന്ന് മുതൽ എട്ടുവരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുന്നതിനുള്ള പദ്ധതി കഴിഞ്ഞവർഷം പ്രഖ്യാപിച്ച എങ്കിലും സർക്കാർ സ്കൂളുകളിലെ ഒന്ന് മുതൽ അഞ്ച് വരെയുള്ള വിദ്യാർത്ഥികൾക്ക് മാത്രമായി ഇത് നിജപ്പെടുത്തുകയുണ്ടായോ; ഈ പദ്ധതി ഖാദി മേഖലയിലെ തൊഴിലവസരങ്ങളിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റം വിശദമാക്കുമോ;

(എഫ്) ഖാദി മേഖലയിലെ വേതനം പരിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഖാദി മേഖലയിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി ആധുനിക സംവിധാനങ്ങൾ പുതുതായി നടപ്പിലാക്കുന്നതിൽ പരിമിതികൾ ഉണ്ടെങ്കിലും ഗുണമേന്മയുള്ള പഞ്ഞിയിൽനിന്നും കുറ്റമറ്റ നൂലുണ്ടാക്കി അതുപയോഗിച്ച് സൂക്ഷ്മതയോടെ ഊടും പാവും കൃത്യമായി ഉപയോഗിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് കൂടുതൽ ആകർഷകത്വം വരുത്തുന്ന രീതിയിൽ കാലാനുസൃതമായ ഡിസൈനുകളിലൂടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇത് കൂടുതൽ മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ഡിസൈൻ സെന്റർ ആരംഭിക്കുന്ന കാര്യം ബോർഡിന്റെ പരിഗണനയിലുണ്ട്. ഒരു വർഷത്തെ നൂൽ ഉത്പാദനത്തിന് ആവശ്യമായ കോട്ടൺ വർഷാവർഷം വാങ്ങി ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഏറ്റുകുടുക്ക പരുത്തി സംസ്കരണ യൂണിറ്റുവഴി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഖാദി മേഖലയിൽ നിലവിലുള്ള ക്ഷേമനിധി ആനുകൂല്യങ്ങൾക്ക് പുറമെ സംസ്ഥാനത്തെ എല്ലാ മേഖലയിലുമുള്ള ഖാദി തൊഴിലാളികളെ ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെടുത്തി അംഗങ്ങളാക്കുകയും ഇതിലേയ്ക്കുള്ള തൊഴിലാളി വിഹിതം (കൂലിയുടെ 6.5 ശതമാനം) ബോർഡ് വഹിക്കുന്നുമുണ്ട്. എല്ലാ ഖാദി തൊഴിലാളികൾക്കും അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടുള്ള പദ്ധതികൾ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്. ഇവരുടെ കൂലി കോസ്റ്റ് ചാർട്ട് പ്രകാരം 40% മുതൽ 60% വരെ വർദ്ധിപ്പിച്ചിട്ടുണ്ട്. ഖാദി തൊഴിലാളികളുടെ മിനിമം വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സർക്കാർ നിയോഗിച്ച ഉപദേശക സമിതിയുടെ 11-ാം കമ്മിറ്റി നിർദ്ദേശങ്ങളുടെ പ്രാഥമിക വിജ്ഞാപനം (കരട്) തയ്യാറായിട്ടുമുണ്ട്.

(സി) ഖാദി ഗ്രാമം പദ്ധതി 2017-18 വർഷത്തിൽ നടപ്പിലാക്കുന്നതിലേക്കായി ആദ്യ ഗഡുവായി ഒരു കോടി രൂപ ഖാദി ബോർഡിന് അനുവദിച്ചിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ 600 തൊഴിലാളികൾക്ക് നൂല്പ് മേഖലയിലും 400 തൊഴിലാളികൾക്ക് നെയ്ത്ത് മേഖലയിലും തൊഴിൽ നൽകുന്ന തരത്തിൽ ഈ ജില്ലകളിലെ പഞ്ചായത്തുകളുമായി ബന്ധപ്പെട്ട് പദ്ധതി ഖാദി ബോർഡ് നടപ്പിലാക്കി വരുന്നു.

(ഡി) വ്യാജ ഖാദിയുടെ വിപണനം തടയുന്നതിന് കേന്ദ്ര ഖാദി കമ്മീഷനിൽ നിന്നാണ് നടപടികൾ സ്വീകരിക്കേണ്ടത്. ഇക്കാര്യത്തിൽ ഖാദി ബോർഡ് പബ്ലിസിറ്റി ഫണ്ടിൽനിന്നുള്ള തുക ഉപയോഗിച്ച് ദൃശ്യ-പത്ര മാധ്യമങ്ങൾ മുഖേന വ്യാജ ഖാദി തിരിച്ചറിയുന്നതിനുള്ള പരസ്യങ്ങൾ നൽകി ജനങ്ങൾക്ക് ബോധവത്കരണം നടത്തിവരുന്നുണ്ട്.

(ഇ) 2017-18 വർഷം ഒന്നുമുതൽ 5 വരെയുള്ള സർക്കാർ സ്കൂൾ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കാണ് സൗജന്യ കൈത്തറി യൂണിഫോം പദ്ധതി നടപ്പിലാക്കിയത്. 2018-19 അദ്ധ്യയന വർഷം സംസ്ഥാനത്തെ സർക്കാർ മേഖലയിലെ ഒന്നു മുതൽ ഏഴ് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യ കൈത്തറി യൂണിഫോം നൽകുന്നതിനുള്ള പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. കൈത്തറി മേഖലയിൽ ഉത്പാദന വർദ്ധനവിന് അനുസരിച്ച് കൂടുതൽ വിദ്യാർത്ഥികളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് ഖാദി മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ ഉണ്ടായിട്ടില്ല.

(എഫ്) ഖാദി മേഖലയിലെ വേതനം 2-10-2016-ൽ കോസ്റ്റ് ചാർട്ട് പ്രകാരം പരിഷ്കരിച്ചിട്ടുണ്ട്. അതിൻപ്രകാരം നൂൽപ്പ് തൊഴിലാളികൾക്ക് 61%-വും പ്രീ-പ്രോസസിംഗ് തൊഴിലാളികൾക്കും നെയ്ത്ത് തൊഴിലാളികൾക്കും 40%-വും കൂലി വർദ്ധനവ് നടപ്പിലാക്കിയിട്ടുണ്ട്. ഖാദിമേഖലയിൽ മിനിമം വേതനം നടപ്പിലാക്കിയിട്ടുണ്ട്. പൂരക വരുമാന പദ്ധതി പ്രകാരമുള്ള കൂലികൂടി നൽകുന്നുണ്ട്. അത് പരിഷ്കരിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**മൈലാട്ടി പട്ടുനൂൽ ഉത്പാദന കേന്ദ്രം**

211(609) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈലാട്ടി പട്ടുനൂൽ ഉൽപാദന കേന്ദ്രം പ്രവർത്തനം തുടങ്ങിയത് ഏത് വർഷത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേന്ദ്രത്തിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും ഇവർക്ക് ലഭിക്കുന്ന വേതനം എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഇവർക്ക് മുടങ്ങാതെ വേതനം ലഭിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും കുടിശ്ശിക എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) സിൽക്ക് റീലിങ് യൂണിറ്റ് സെറിഫെഡിലേക്ക് കൊണ്ടുവന്നിരുന്നോ; എങ്കിൽ എപ്പോഴാണതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(ഇ) സെറിഫെഡ് പിരിച്ചുവിട്ടിട്ടുണ്ടോ; എങ്കിൽ എപ്പോഴാണ് പിരിച്ചു വിട്ടതെന്നും അതിനുള്ള കാരണം എന്താണെന്നും വ്യക്തമാക്കാമോ; പിരിച്ചുവിട്ടിട്ടുണ്ടെങ്കിൽ തൊഴിലാളികളുടെ ഇപ്പോഴത്തെ അവസ്ഥയും ഭാവിയും എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1993-ൽ.

(ബി) നിലവിൽ 17 തൊഴിലാളികളുണ്ട്. അവരുടെ ദിവസ വേതനം 200 രൂപയാണ്.

(സി) 2016 മാർച്ച് മാസം വരെ വേതനം നൽകിയിട്ടുണ്ട്. സെറിഫെഡിന്റെ ലിക്വിഡേഷനെതിരെയുള്ള കേസിന്റെ വിധിയെത്തുടർന്ന് സെറിഫെഡ് പുനർ രൂപീകരണത്തിന് ഉത്തരവാകുകയും ടി സിൽക്ക് റീലിംഗ് യൂണിറ്റിന്റെ നടത്തിപ്പ് ചുമതല സർക്കാർ ഉത്തരവ് പ്രകാരം ഖാദി ബോർഡിൽനിന്നും സെറിഫെഡിന് 20-1-2016-ൽ കൈമാറുകയും പ്രസ്തുത യൂണിറ്റിന്റെ പ്രവർത്തനം സെറിഫെഡ് ആരംഭിക്കാത്തതിനെത്തുടർന്ന് തൊഴിലാളികൾക്ക് ജോലിയും കൂലിയും ഇല്ലാതായി. 2016 മാർച്ച് മുതൽ 1,46,000 രൂപ കുടിശ്ശികയുണ്ട്.

(ഡി) 1995-ൽ ഖാദി ബോർഡിൽനിന്ന് ടി യൂണിറ്റ് സെറിഫെഡിന് കൈമാറുകയും 2010 ജൂലൈ മാസത്തിൽ സെറിഫെഡ് ലിക്വിഡേറ്റ് ചെയ്ത് സിൽക്ക് റീലിംഗ് യൂണിറ്റിന്റെ പ്രവർത്തന ചുമതല ഖാദി ബോർഡിന് നൽകുകയും ചെയ്തിരുന്നു. കോടതിവിധിയുടെ അടിസ്ഥാനത്തിൽ 5-8-2015 സർക്കാർ ഉത്തരവ് പ്രകാരം സെറിഫെഡിനെ പുനരുജ്ജീവിപ്പിക്കുകയും സിൽക്ക് റീലിംഗ് യൂണിറ്റ് സെറിഫെഡിന് കൈമാറുകയും ചെയ്തു.

(ഇ) 5-8-2015 സർക്കാർ ഉത്തരവ് പ്രകാരം സെറിഫെഡിനെ പുനരുജ്ജീവിപ്പിക്കുകയും തെരഞ്ഞെടുത്ത ഭരണ സമിതി നിലവിലുമുണ്ട്.

## കായിക ക്ഷമതാ മിഷൻ

212(610) ശ്രീ. എം. സ്വരാജ് :
ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജനങ്ങളുടെ ആരോഗ്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കായിക ക്ഷമതാ മിഷൻ രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സ്കൂൾ തലം മുതൽ കുട്ടികളിൽ കായികാഭിരുചി വളർത്തുന്നതിനും കൂടുതൽ വിദ്യാലയങ്ങളിൽ കായിക പരിശീലന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) കായിക താരങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ അന്തർ ദേശീയ തലത്തിൽ മികച്ച വിജയം കൈവരിക്കുന്നവർക്ക് സർക്കാർ ജോലി നൽകുന്ന പദ്ധതി പ്രകാരം മുടങ്ങിക്കിടക്കുന്ന അപേക്ഷകളിൽ തീരുമാനമെടുത്ത് കൂടുതൽ താരങ്ങൾക്ക് ജോലി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമത മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നു. ഇതിന്റെ പ്രാരംഭ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് നഴ്സറിതലം മുതൽ നാലാം ക്ലാസ് വരെയും അഞ്ചാം ക്ലാസ് മുതൽ പത്താംക്ലാസ് വരെയും പ്ലസ് വൺ & പ്ലസ് ടു വിഭാഗം, യൂണിവേഴ്സിറ്റിതലം, യുവജനവിഭാഗം, മുതിർന്ന പൗരൻമാർ എന്നിങ്ങനെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും ആരോഗ്യശീലങ്ങളും ആരോഗ്യത്തെക്കുറിച്ചുള്ള പൊതുബോധവും ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമാണ് പ്രധാനമായും ഈ പദ്ധതിയിൻകീഴിൽ ലക്ഷ്യംവയ്ക്കുന്നത്. വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി കായിക അദ്ധ്യാപകരില്ലാത്ത സ്കൂളുകളിൽ എസ്.എസ്.എ. വഴി കായിക അദ്ധ്യാപകരെ താത്കാലികമായി നിയമിച്ച് പരിശീലനം നൽകുന്നുണ്ട്. 19 കായിക ഇനങ്ങളിൽ സ്കൂൾതലം മുതൽ

മത്സരങ്ങൾ നടത്തിവരുന്നു. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽതന്നെ സ്ഥലവും സൗകര്യങ്ങളും പ്രദാനം ചെയ്യുകവഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി പ്രൈമറി സ്കൂൾതലത്തിൽ പ്ലേ ഫോർ ഹെൽത്ത് എന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൂടാതെ ഓരോ വർഷവും സ്കൂളുകൾക്ക് ആവശ്യമായ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കോച്ചിംഗ് ക്യാമ്പുകൾ നടത്തുന്നതിനും സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു.

(സി) മികച്ച കായികതാരങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജോലി നൽകിവരുന്ന സ്പോർട്സ് ക്വാട്ടാ പദ്ധതിയിൻകീഴിൽ 2010 മുതൽ 2014 വരെ കാലയളവിലുള്ള അപേക്ഷകൾക്ക് നിയമനം നൽകുന്നതിനായി പൊതുഭരണ വകുപ്പിനുകീഴിൽ സ്പെഷ്യൽ സെൽ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## തലശ്ശേരി നിയോജക മണ്ഡലത്തിലെ വികസന പദ്ധതികൾ

213(611) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കായിക വകുപ്പ് എന്തെല്ലാം വികസന പദ്ധതികൾ ആണ് തലശ്ശേരി നിയോജക മണ്ഡലത്തിൽ ചെയ്തിട്ടുള്ളത് ; ആയതിൽ പൂർത്തിയാവാത്ത പ്രവൃത്തിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി എന്തെങ്കിലും പദ്ധതി തലശ്ശേരി നിയോജകമണ്ഡലത്തിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തലശ്ശേരി വി. ആർ. കൃഷ്ണയ്യർ സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് 13.55 കോടി രൂപയുടെ അനുമതി കിഫ്ബി നൽകിയിട്ടുണ്ട്. സ്റ്റേഡിയം നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ നടപ്പ് സാമ്പത്തിക വർഷം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

## സ്കൂൾ വിദ്യാർത്ഥികളുടെ കായിക വികസനം

214(612) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എൽ.പി/യു.പി/ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ കായിക വികസനത്തിനായി കായികവകുപ്പ് ചെയ്ത കാര്യങ്ങൾ വിശദമാക്കുമോ;

(ബി) ഇതിനായി ഓപ്പറേഷൻ ഒളിംപ്യ എന്ന പേരിൽ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രൈമറി സ്കൂൾ വിഭാഗത്തിലെ കായിക വികസനത്തിനായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ;

(ഡി) പ്രൈമറി സ്കൂളുകൾക്കായി പഞ്ചായത്തുതലത്തിൽ കായിക മത്സരങ്ങൾ നടത്താൻ നിലവിൽ സംവിധാനങ്ങളുണ്ടോ; വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) എൽ.പി. സ്കൂളുകളിലെ കുട്ടികളുടെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനും പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാനും ലക്ഷ്യമിട്ട് പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നുണ്ട്. തിരുവനന്തപുരം, കൊല്ലം ജില്ലകളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ ടി പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 25 സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും സാമ്പത്തിക സഹായത്തിനായി അപേക്ഷിച്ച സ്കൂളുകൾക്ക് സാമ്പത്തിക സഹായവും അനുവദിച്ച് വരുന്നു. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം ലക്ഷ്യമാക്കി കേരളാ സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ, വിവിധ ജില്ലകളിൽ വിവിധ കായിക ഇനങ്ങളിലായി 28 കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും കൂടാതെ സ്കൂൾ മാനേജ്മെന്റുകളുടെ സഹകരണത്തോടുകൂടി 26 സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. ടി ഹോസ്റ്റലുകളിൽ നിലവിൽ 3000 കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതോടൊപ്പം പ്രതിദിനം 200 രൂപ ബോർഡിംഗ് ലോഡ്ജിംഗ് ഇനത്തിലും പ്രതിമാസം 100 രൂപ വാഷിംഗ് അലവൻസായും നൽകിവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ സംസ്ഥാനത്ത് വിവിധ കായിക ഇനങ്ങളിലായി 103 ഡേ ബോർഡിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത സെന്ററുകളിലെ കായിക താരങ്ങൾക്ക് ലഘുഭക്ഷണത്തിനായി ദിനംപ്രതി 25 രൂപ നിരക്കിൽ നൽകിവരുന്നു. കൂടാതെ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച കായികക്ഷമതാ മിഷൻ എന്ന പദ്ധതിയിൽ നഴ്സറിതലം മുതൽ യൂണിവേഴ്സിറ്റിതലം വരെയുള്ള വിദ്യാർത്ഥികളെയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇല്ല. 2020, 2024 ഒളിമ്പിക്സുകളിൽ കേരളീയ കായിക താരങ്ങളെ മെഡൽ നേടുന്നതിന് സജ്ജരാക്കുന്നതിന് ആവിഷ്കരിച്ച പരിശീലന പദ്ധതിയാണ് ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി.

(സി) പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽതന്നെ സ്ഥലവും സൗകര്യങ്ങളും പ്രദാനം ചെയ്യുകവഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനായി പ്ലേ ഫോർ ഹെൽത്ത് പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ഡി) കായിക വകുപ്പിന്റെകീഴിൽ നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

**സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം**

215(613) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്കൂൾതലം മുതൽ കുട്ടികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് കേരള കായികക്ഷമതാ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഒളിമ്പിക്സിൽ കായികതാരങ്ങൾ മെഡൽ നേടുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നതിന് ആവിഷ്ക്കരിച്ച ഓപ്പറേഷൻ ഒളിമ്പിയ ആരംഭിച്ചിട്ടുണ്ടോ; ഏതെല്ലാം ഇനങ്ങളിലാണ് പ്രത്യേക പരിശീലനം ഉറപ്പ് വരുത്തിയിട്ടുള്ളത്;

(ഡി) സ്പോർട്സുമായി ബന്ധപ്പെട്ടവരെ സ്പോർട്സ് കൗൺസിലിൽ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങളിൽ നിയമിക്കുകയെന്ന മുൻസർക്കാരിന്റെ നയം സ്പോർട്സിന്റെ വികസനത്തിന് സഹായകരമായിരുന്നു എന്ന് കരുതുന്നുണ്ടോ; എങ്കിൽ അത്തരത്തിലുള്ള നിയമനങ്ങൾ സ്പോർട്സ് കൗൺസിലിന്റെ നേതൃസ്ഥാനത്ത് നടത്തുന്നകാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമത മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച നടപടികൾ നടന്ന് വരുന്നു. ഇതിന്റെ പ്രാരംഭ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന്

നഴ്സറിതലം മുതൽ നാലാം ക്ലാസ് വരെയും അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയും പ്ലസ് വൺ & പ്ലസ് ടു വിഭാഗം, യൂണിവേഴ്സിറ്റിതലം, യുവജനവിഭാഗം, മുതിർന്ന പൗരന്മാർ എന്നിങ്ങനെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും ആരോഗ്യശീലങ്ങളും ആരോഗ്യത്തെക്കുറിച്ചുള്ള പൊതുബോധവും ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമാണ് പ്രധാനമായും ഈ പദ്ധതിയിൻകീഴിൽ ലക്ഷ്യം വയ്ക്കുന്നത്. വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

(സി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ പരിശീലനം 2018 ഏപ്രിൽ 1-ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

1. അത്‌ലറ്റിക്സ്
2. ബോക്സിംഗ്
3. സൈക്ലിംഗ്
4. സ്വിമ്മിംഗ്
5. ഷൂട്ടിംഗ്
6. റസ്‌ലിംഗ്
7. ബാഡ്മിന്റൺ
8. കനോയിംഗ് & കയാക്കിംഗ്
9. ഫെൻസിംഗ്
10. റോവിംഗ്
11. ആർച്ചറി

എന്നീ കായിക ഇനങ്ങളാണ് പ്രത്യേക പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ളത്.

(ഡി) കേരള സ്പോർട്സ് ആക്ട് പ്രകാരമാണ് സ്പോർട്സ് കൗൺസിലിൽ ഭരണ സമിതിയെ തെരഞ്ഞെടുക്കുന്നത്.

## പ്ലേ ഫോർ ഹെൽത്ത് പദ്ധതി

216(614) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടികളിലെ കായിക വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനായി 'പ്ലേ ഫോർ ഹെൽത്ത്' എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഏതൊക്കെ സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തനങ്ങൾ എങ്ങനെയെന്നും ഇതിന്റെ നടത്തിപ്പിനായി എത്ര രൂപ ചെലവ് വരുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 25 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. (സ്കൂളുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*)

(സി) 1 മുതൽ 4 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കായികക്ഷമത ഉറപ്പുവരുത്തുകയാണ് പദ്ധതിയുടെ ലക്ഷ്യം. പ്രൈമറിതലം മുതൽ ഓരോ കുട്ടിയേയും കായിക വിനോദങ്ങളിലേർപ്പെടുത്തുവാൻ അതത് സ്കൂളുകളിൽത്തന്നെ സൗകര്യങ്ങളും സ്ഥലവും പ്രദാനം ചെയ്യുകവഴി കുട്ടികളിൽ കായികാഭിരുചി വളർത്തിയെടുക്കുകയും ഭാവിയിൽ ഓരോ കുട്ടിക്കും അനുയോജ്യമായ കായികയിനം തെരഞ്ഞെടുക്കുന്നതിന് സാഹചര്യമൊരുക്കുകയും ചെയ്യുന്നു. പദ്ധതിക്കായി ഓരോ സ്കൂളിനും 5 ലക്ഷം രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പദ്ധതിക്കായി 125 ലക്ഷം രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്.

## വയനാട് ജില്ലയിലെ പദ്ധതികൾ

217(615) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കായിക വകുപ്പിനുകീഴിൽ വയനാട് ജില്ലയിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കൽപ്പറ്റ നിയോജക മണ്ഡലത്തിൽ കിഫ്ബി മുഖേന നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന ജില്ലാ സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(സി) വയനാട് ജില്ലയിൽ വകുപ്പ് എത്ര ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഇവയുടെ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിൽ ആർച്ചറി അക്കാദമിയിൽ 6 പ്രീ ഫാബ് കെട്ടിടങ്ങളുടെയും ചുറ്റുമതിലിന്റെയും നിർമ്മാണം പൂർത്തിയായിവരുന്നു. കൂടാതെ പ്രീ ഫാബ് കെട്ടിടങ്ങളുടെ സിവിൽ, ഇലക്ട്രിക്കൽ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ ടെണ്ടർ നടപടികൾ പൂർത്തിയായിവരുന്നു. 2020, 2024 ഒളിമ്പിക്സിൽ മെഡൽ നേടുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ആർച്ചറിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ആർച്ചറി അക്കാദമിയിൽ മികച്ച പരിശീലന സൗകര്യങ്ങൾ ലഭ്യമാക്കുന്നതാണ്.

(ബി) വയനാട് ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പഞ്ചായത്ത് സ്റ്റേഡിയത്തിന് കിഫ്ബിയുടെ അനുമതി ലഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുന്ന തരത്തിലുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) 2016-17-ലെ ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന വയനാട് ജില്ല സ്റ്റേഡിയം (സി.കെ.ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം) നിർമ്മിക്കുന്നതിന് 42.19 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കുന്നതിന് കായിക വകുപ്പിന്റെ കിഫ്ബി പദ്ധതിയുടെ എസ്.പി.വി.യായ കിറ്റ്കോ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കായികക്ഷമതാ മിഷൻ**

218(616) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നല്കുമോ;

(ബി) കായികക്ഷമതാ മിഷന്റെ ഘടന വെളിപ്പെടുത്താമോ; ഇത് നടപ്പാക്കുന്നത് ഏതൊക്കെ വകുപ്പുകളുടെ കീഴിലാണ്;

(സി) പദ്ധതി നടപ്പാക്കുന്നതും വ്യാപിപ്പിക്കുന്നതും ഏതൊക്കെ ഏജൻസി മുഖേനയാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാനത്ത് കായികക്ഷമതാ മിഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച പ്രാരംഭ രൂപരേഖ തയ്യാറാക്കിവരുന്നു.

(ബി&സി) കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിന് നഴ്സറിതലം മുതൽ നാലാം ക്ലാസ് വരെയും അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയും പ്ലസ് വൺ & പ്ലസ് ടു വിഭാഗം, യൂണിവേഴ്സിറ്റിതലം, യുവജന വിഭാഗം, മുതിർന്ന പൗരന്മാർ എന്നിങ്ങനെ സംസ്ഥാനത്തെ മുഴുവൻ ജനങ്ങളിലും കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള കായിക പരിശീലന പരിപാടികളും ആരോഗ്യശീലങ്ങളും ആരോഗ്യത്തെക്കുറിച്ചുള്ള പൊതുബോധവും ജീവിതചര്യകളും ഉറപ്പാക്കുന്ന പ്രവർത്തനങ്ങളുമാണ് പ്രധാനമായും ഈ പദ്ധതിയിൻ കീഴിൽ ലക്ഷ്യംവയ്ക്കുന്നത്. വിദ്യാഭ്യാസ, തദ്ദേശസ്വയംഭരണ, ആരോഗ്യ വകുപ്പുകളുടെ സഹകരണത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾ

219(617) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ചേലാട് അന്താരാഷ്ട്ര സ്പോർട്സ് കോംപ്ലക്സിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(സി) പഴയ കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റ് ഒഴിവാക്കി ടെർമിനേറ്റ് ചെയ്യുന്നതിനുവേണ്ട ഫയൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ഡി) സ്റ്റേഡിയം നിർമ്മാണം കിഫ്ബിക്ക് എന്നത്തേക്ക് ഏറ്റെടുക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഇ) നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഇ) 2016-17-ലെ ബജറ്റ് മറുപടി പ്രസംഗത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണത്തിനുദ്ദേശിക്കുന്ന സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം, കായിക വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ-യുടെ പ്രതിനിധികളുമായി ചേർന്ന് സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് പൊതുമരാമത്ത് വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് സ്ഥലം കായിക വകുപ്പിന് കൈമാറുന്നമുറയ്ക്ക് സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്.

## മലപ്പുറത്തെ സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം

220(618) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കായിക സമുച്ചയം എന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറത്ത് സ്ഥാപിക്കുന്ന രാജ്യാന്തര നിലവാരമുള്ള സ്പോർട്സ് കോംപ്ലക്സിന്റെ നിർമ്മാണം ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കിഫ്ബിയിൽ ഉൾപ്പെടുത്തിയാണോ പദ്ധതിക്ക് തുക അനുവദിച്ചിട്ടുള്ളത്; എങ്കിൽ അനുവദിച്ച തുക എത്രയെന്ന് വെളിപ്പെടുത്താമോ;

(ഡി) കായിക സമുച്ചയത്തിൽ എന്തെല്ലാം സൗകര്യങ്ങളാണുണ്ടാവുകയെന്ന് വിശദമാക്കുമോ;

(ഇ) സ്പോർട്സ് കോംപ്ലക്സ് എന്നത്തേക്ക് യാഥാർത്ഥ്യമാകുമെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ-സി) എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും കായിക സമുച്ചയം എന്ന പദ്ധതിയുടെ ഭാഗമായി മലപ്പുറത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന പി.മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയത്തിന് 37.61 കോടി രൂപയുടെ കിഫ്ബി അനുമതി ലഭിച്ചിട്ടുണ്ട്. ഭരണാനുമതിയുടെ പകർപ്പ് * ഉള്ളടക്കം ചെയ്യുന്നു.

(ഡി&ഇ) സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചാലക്കുടി ഗവൺമെന്റ് കോളേജിലെ ഇൻഡോർ സ്റ്റേഡിയം നവീകരണം

221(619) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ ഏകസർക്കാർ കോളേജായ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ ഇൻഡോർ സ്റ്റേഡിയവും ഗ്രൗണ്ടും നവീകരിക്കുന്നതിനും സിന്തറ്റിക് ട്രാക്ക് അടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## ഇടവ സ്റ്റേഡിയം നവീകരണം

222(620) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിലെ ജില്ലാ സ്റ്റേഡിയമായി ഉയർത്തിയ ഇടവ സ്റ്റേഡിയം നവീകരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്നും നവീകരണ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയം നവീകരിക്കുന്നതിന് എത്ര തുകയാണ് ചെലവഴിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വർക്കല മണ്ഡലത്തിലെ ജില്ലാ സ്റ്റേഡിയമായി ഉയർത്തിയ ഇടവ സ്റ്റേഡിയം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് 36.32 കോടി രൂപയുടെ കിഫ്ബി അനുമതി ലഭിച്ചിട്ടുണ്ട്. ഇതിന്റെ സാങ്കേതിക അനുമതി ജനുവരി മാസം അവസാനത്തോടെ നൽകാനാകുമെന്നും പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ നടപ്പുസാമ്പത്തിക വർഷംതന്നെ പൂർത്തിയാക്കുവാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

## പട്ടാമ്പി മൾട്ടിപ്ലെക്സ് ഇൻഡോർ സ്റ്റേഡിയം

223(621) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള മൾട്ടിപ്ലെക്സ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങൾ ഏതു ഘട്ടം വരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടാമ്പി മണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പട്ടാമ്പി കോളേജ് മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയത്തിന് 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ. തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കായിക വകുപ്പിന്റെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം

224(622) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയത്തിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2017-18 വർഷത്തിൽ ബജറ്റിൽ പ്രഖ്യാപിച്ച പയ്യന്നൂർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം, എസ്.പി.വി. ആയ കിറ്റ്കോ-യുടെ പ്രതിനിധികളോടൊപ്പം സന്ദർശിക്കുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിന് കിറ്റ്കോ-യ്ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

(ബി) സ്റ്റേഡിയത്തിന്റെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കായിക യുവജനകാര്യ വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഇൻഡോർ സ്റ്റേഡിയം

225(623) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിൽ ഭഗവതിപ്പടിയിൽ പഞ്ചായത്തുവക സ്ഥലത്ത് ഒരു ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

അപേക്ഷ ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിഗണിക്കുന്നതാണ്.

## കായിക താരങ്ങൾക്ക് ജോലി

226(624) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ 2011 മുതൽ നാളിതുവരെ വിവിധ സ്പോർട്സ് ഇനങ്ങളിൽ എത്ര പുരുഷ ,വനിതാ കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഓരോ വർഷവും വിവിധ സ്പോർട്സ് ഇനങ്ങളിൽ എത്ര പേരെയാണ് നിയമിക്കുന്നത്; വിശദമാക്കുമോ;

(സി) ഇങ്ങനെ തെരെഞ്ഞെടുക്കപ്പെട്ട കായിക താരങ്ങളെ നാളിതുവരെ നിയമിക്കാതെയിരിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) ഏതെങ്കിലും വർഷങ്ങളിൽ സ്പോർട്സ് ക്വാട്ടാ നിയമനം നടത്താതിരുന്നിട്ടുണ്ടോ ; വിശദമാക്കുമോ;

(ഇ) ഏതു കാലഘട്ടത്തിലെ/വർഷത്തെ മാനദണ്ഡം വച്ചാണ് കായിക താരങ്ങളെ നിലവിൽ തെരഞ്ഞെടുക്കുന്നതെന്ന വിശദമാക്കുമോ;

(എഫ്) ഓരോ വർഷവും സർക്കാർ സർവീസിലേക്ക് എടുത്ത കായിക താരങ്ങളുടെ എണ്ണം കുറവാണെന്നത് പരിഗണിച്ച്, ഓരോ ഗെയിമിലും, അത്‌ലറ്റിക്സിലും നിന്നും കായിക താരങ്ങളുടെ എണ്ണം സർക്കാർ സർവീസിൽ കൂട്ടി, നല്ല കായിക തലമുറയെ വാർത്തെടുക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 22-7-2017-ലെ ജി.ഒ(എംഎസ്./) നമ്പർ 235/2017/ജി.എ.ഡി. പ്രകാരം ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണമെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തികകളിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഗെയിംസിൽ ഒളിമ്പിക് നിലവാരം പുലർത്തിയ കായിക താരങ്ങളായ ശ്രീ. സജൻപ്രകാശ്, കുമാരി എലിസബത്ത് സൂസൻ കോശി എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് & പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിലവാരം പുലർത്തിയ മറ്റ് രണ്ട് കായിക താരങ്ങളായ കുമാരി അനിൽഡ തോമസിനും കുമാരി അനു. ആർ-നും വനം-വന്യജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിലെ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർന്യൂമററി തസ്തികയിൽ നിയമനം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) പ്രതിവർഷം 50 ഒഴിവുകളാണ് സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം കായിക താരങ്ങളുടെ നിയമനത്തിനായി നീക്കിവച്ചിട്ടുള്ളത്. ആയതിൽ പ്രതിവർഷം 2 ഒഴിവുകൾവീതം വിഭിന്ന ശേഷിയുള്ള കായിക താരങ്ങൾക്കായും ഒരു ഒഴിവ് വീതം കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ അംഗീകരിച്ച് മൂന്ന് വർഷം പൂർത്തിയായിട്ടുള്ളതും എന്നാൽ ഒളിമ്പിക്സ്/ഏഷ്യൻ ഗെയിംസ് മത്സരങ്ങളിൽ ഉൾപ്പെടാത്തതുമായ കായിക ഇനങ്ങൾക്കായും നീക്കിവച്ചിട്ടുള്ളതുമാണ്.

(സി) സ്പോർട്സ് ക്വാട്ട നിയമന പദ്ധതി പ്രകാരം നിയമനത്തിനായി തെരഞ്ഞെടുക്കപ്പെടുന്ന കായിക താരങ്ങൾക്ക് സമയബന്ധിതമായി നിയമനം നൽകിവരുന്നുണ്ട്.

(ഡി) 2009 വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. 2010-2014 വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ഇ) സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ കാലാകാലങ്ങളിൽ പരിഷ്കരിച്ചുവരുന്നുണ്ട്. 23-7-2014-ലെ ജി.ഒ.(പി)നമ്പർ 206/2014/ജി.എ.ഡി. ഉത്തരവ് പ്രകാരമാണ് സ്പോർട്സ് ക്വാട്ട നിയമനങ്ങൾക്കുള്ള നടപടിക്രമങ്ങൾ അവസാനമായി പരിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെയും തുടർന്നുള്ള ഭേദഗതികളുടെയും അടിസ്ഥാനത്തിലാണ് ഇപ്പോൾ സ്പോർട്സ് ക്വാട്ട നിയമനങ്ങൾ നടത്തിവരുന്നത്.

(എഫ്) നിലവിൽ പരിഗണനയിലില്ല.

## നാഷണൽ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് സർക്കാർ ജോലി

227(625) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-ൽ നടത്തിയ നാഷണൽ ഗെയിംസിലെ മെഡൽ ജേതാക്കൾക്ക് സർക്കാർ ജോലി വാഗ്ദാനം ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതുപ്രകാരം എത്ര പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്;

(സി) ഇനി എത്ര പേർക്ക് ജോലി ലഭിക്കാനുണ്ട്;

(ഡി) ജോലി നൽകുന്നതിന് കാലതാമസം വന്നിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ) കേരളത്തിൽവച്ച് നടന്ന 35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലും നേടിയ നിലവിൽ ജോലി ഇല്ലാത്ത താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്നതിനും ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡൽ കരസ്ഥമാക്കിയവർക്ക് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നതിനും സർക്കാർ ഉത്തരവായിരുന്നു. 35-ാമത് ദേശീയ ഗെയിംസിൽ വ്യക്തിഗത ഇനങ്ങളിൽ സ്വർണ്ണം, വെള്ളി, വെങ്കല മെഡലുകളും ടീം ഇനത്തിൽ സ്വർണ്ണ മെഡലും നേടിയ 68 കായിക താരങ്ങൾക്ക് എൽ.ഡി. ക്ലാർക്കിന്റെ സൂപ്പർന്യൂമററി തസ്തിക സൃഷ്ടിച്ച് വിവിധ വകുപ്പുകളിൽ ജോലി നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഗെയിംസിൽ ഒളിമ്പിക് നിലവാരം പുലർത്തിയ കായിക താരങ്ങളായ ശ്രീ. സജൻ പ്രകാശ്, കുമാരി എലിസബത്ത് സൂസൻ കോശി എന്നിവർക്ക് പോലീസ് വകുപ്പിൽ ആംഡ് & പോലീസ് ഇൻസ്പെക്ടർ തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്. പ്രസ്തുത നിലവാരം പുലർത്തിയ മറ്റ് കായിക താരങ്ങളായ കുമാരി അനിൽഡ തോമസിനും കുമാരി അനു.ആർ.-നും വനം-വന്യജീവി വകുപ്പിൽ സീനിയർ സൂപ്രണ്ട് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

(ബി) നിലവിൽ 72 പേർക്ക് ജോലി നൽകിയിട്ടുണ്ട്.

(സി&ഡി) ടീം ഇനങ്ങളിൽ വെള്ളി, വെങ്കല മെഡലുകൾ നേടിയ 83 കായിക താരങ്ങൾക്ക് പൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നൽകുന്നത് സംബന്ധിച്ച നടപടികൾ പുരോഗമിച്ചുവരുന്നു.

## സ്പോർട്സ് ക്വാട്ട നിയമനം

228(626) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് ക്വാട്ട നിയമനം ഏതു വർഷം വരെയാണ് നടത്തിയിട്ടുള്ളതെന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം വർഷത്തെ നിയമനങ്ങളാണ് നടത്തിയതെന്നും വെളിപ്പെടുത്തുമോ;

(ബി) തുടർന്ന് നടത്താനുദ്ദേശിക്കുന്നത് ഏതു വർഷത്തെ നിയമനങ്ങളാണെന്ന് വ്യക്തമാക്കുമോ;

(സി) കായികതാരങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള ജോലി സമയ ബന്ധിതമായി നൽകുന്നതിന് അടിയന്തര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ-സി) 2009 കലണ്ടർ വർഷം വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങളാണ് നടത്തിയിട്ടുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2010 മുതൽ 2014 വരെയുള്ള സ്പോർട്സ് ക്വാട്ട നിയമനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി പൊതുഭരണ വകുപ്പിൻ കീഴിൽ സ്പെഷ്യൽ സെൽ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

## സ്പോർട്സ് ക്വാട്ട നിയമനം

229(627) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-2014 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമന നടപടികൾ പൂർത്തിയായിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര സ്പോർട്സ് താരങ്ങൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; കായിക താരങ്ങൾക്ക് നിയമനം നൽകുന്നത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) 2010-14 കാലയളവിലെ സ്പോർട്സ് ക്വാട്ട നിയമന നടപടികൾ പൂർത്തിയായിട്ടില്ല. 2010-14 കലണ്ടർ വർഷങ്ങളിലെ 249 ഒഴിവുകളിലേക്ക് സ്പോർട്സ് ക്വാട്ട നിയമനത്തിനായി അപേക്ഷ ക്ഷണിക്കുകയും ആയതുപ്രകാരം ലഭിച്ച അപേക്ഷകൾ വിശദമായി പരിശോധിച്ച് കരട് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പൊതുഭരണ വകുപ്പിനുകീഴിൽ സ്പെഷ്യൽ സെൽ രൂപീകരിച്ച് നിയമന നടപടികൾ സ്വീകരിച്ചുവന്നു.

## വിനിയോഗിക്കുവാൻ കഴിയാത്ത ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് പുതിയ പദ്ധതി

230(628) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ 2016-2017 സാമ്പത്തിക വർഷത്തിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റാൻ ഭരണാനുമതി ലഭിച്ച 5 കോടി രൂപയുടെ പദ്ധതിയിൽ വിനിയോഗിക്കുവാൻ സാധിക്കാത്ത 3.5 കോടി രൂപക്ക് പുതിയ പദ്ധതി ശിപാർശ ചെയ്യുന്നതിന് നിലവിൽ തടസ്സമുണ്ടോ;

(ബി) തടസ്സമില്ലെങ്കിൽ ഇതിനായി സ്വീകരിക്കേണ്ട നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്ന 5,67,75,000 രൂപ എസ്റ്റിമേറ്റ് തുകയായി വരുന്ന പ്രവൃത്തി ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടപ്പാക്കുന്നതിനായി 28-2-2017-ലെ G.O. (Rt) No. 35/2017/PD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിവരികയാണ്. പ്രസ്തുത പദ്ധതിയിൽ അടാട്ട്, കോലഴി, തെക്കുംകര, അവണൂർ, മുളംകുന്നത്തുകാവ്, കൈപ്പറമ്പ്, തോളൂർ എന്നീ 7 ഗ്രാമപഞ്ചായത്തുകളും നഗരസഭയും മെഡിക്കൽ കോളേജുമാണ് ഉൾപ്പെട്ടിട്ടുള്ളത്. സർക്കാർ ഉത്തരവിലെ വ്യവസ്ഥ പ്രകാരം പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിന് ബോർഡും ഇ.ഇ.എസ്.എൽ-ഉം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും യോജിച്ച് ത്രികക്ഷി ഉടമ്പടി വയ്ക്കേണ്ടതാണ്. എന്നാൽ നാളിതുവരെയായി അടാട്ട്, കോലഴി എന്നീ ഗ്രാമപഞ്ചായത്തുകളും തൃശ്ശൂർ മെഡിക്കൽ കോളേജും മാത്രമേ ഉടമ്പടിയിൽ ഒപ്പുവച്ചിട്ടുള്ളു. മറ്റ് പഞ്ചായത്ത് സെക്രട്ടറിമാർക്ക് ഉടമ്പടിയിൽ കക്ഷി ചേരുന്നതിന് നോട്ടീസ് നൽകിയിരുന്നെങ്കിലും ത്രികക്ഷി ഉടമ്പടി വയ്ക്കുന്നതിൽ ഇതുവരെ താത്പര്യം പ്രകടിപ്പിച്ചിട്ടില്ല. ഉടമ്പടി വച്ച പഞ്ചായത്തുകളും മെഡിക്കൽ കോളേജും ഉൾപ്പെട്ട സ്ഥലങ്ങളിൽ തെരുവ് വിളക്കുകൾ മാറ്റുന്നതിനായി ഏകദേശം 1.5 കോടി രൂപ ചെലവ് വരുന്നതാണ്. മറ്റ് പഞ്ചായത്തുകൾ ത്രികക്ഷി ഉടമ്പടി വയ്ക്കാത്തതിനാൽ 3.5 കോടി രൂപ ചെലവഴിക്കാൻ സാധിക്കാത്ത അവസ്ഥയിലാണ്. പദ്ധതിയിൽ ചെലവഴിക്കപ്പെടാത്ത തുകയ്ക്ക് മറ്റ് പദ്ധതികൾ നിർദ്ദേശിക്കാൻ നിയമാനുസൃതമായി കഴിയുമോ എന്നത് പരിശോധിക്കേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകാൻ നടപടി

231(629) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകൾ അടക്കമുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് വാണിജ്യനിരക്കിൽ വൈദ്യുതി നിരക്ക് ഏർപ്പെടുത്തിയിട്ടുള്ളതിനാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ഉണ്ടാകുന്ന വൈഷമ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസസ്ഥാപനങ്ങളുടെ വൈദ്യുതി താരിഫിൽ മാറ്റംവരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ താരിഫ് മാറ്റി ഇളവുകൾ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും എൽ.റ്റി. VI.എ കാറ്റഗറിയിലും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എൽ.റ്റി.VI.എഫ്. കാറ്റഗറിയിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത് വാണിജ്യ നിരക്കല്ല; ജനറൽ കാറ്റഗറി നിരക്കുകളാണ്.

(ബി) ഇല്ല.

## കായംകുളം മണ്ഡലത്തിൽ വൈദ്യുതി ബോർഡ് നടപ്പിലാക്കിയ പദ്ധതികൾ

232(630) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം, കായംകുളം മണ്ഡലത്തിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഇതിലേക്കായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ കായംകുളം നിയോജകമണ്ഡലത്തിൽ ബോർഡിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ (കേന്ദ്രാവിഷ്കൃത പദ്ധതികളായ DDUGJY, IPDS, RAPDRP ഉൾപ്പെടെ) സമ്പൂർണ്ണ വൈദ്യുതീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എന്നിവ യിലായി 18.15 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും 10 ട്രാൻസ്ഫോർമർ

സ്ഥാപിക്കുകയും 37.33 കിലോമീറ്റർ എൽ.റ്റി. ലൈൻ നിർമ്മിക്കുകയും 6.46 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനായി മാറ്റുകയും 30.82 കിലോമീറ്റർ എൽ.റ്റി. ലൈൻ, 1 കിലോമീറ്റർ എച്ച്.റ്റി. ലൈൻ എന്നിവയുടെ ശേഷി വർദ്ധിപ്പിക്കുകയും 2182 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികളിലായി ആകെ 586 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കായംകുളം മണ്ഡലത്തിൽ പ്രസരണ മേഖലയിൽ വൈദ്യുതി ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. IPDS (ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം) പദ്ധതിയിൽ കായംകുളം സബ്സ്റ്റേഷനിൽ 200 ആമ്പിയർ അവറിന്റെ ഒരു ബാറ്ററി സിസ്റ്റം സ്ഥാപിച്ച് കമ്മീഷൻ ചെയ്തു.

   ചെലവഴിച്ച തുക - 8,11,957 രൂപ

2. IPDS പദ്ധതിയിൽ കേടായ മീറ്ററുകൾ (അമ്മീറ്റർ, വോൾട്ട് മീറ്റർ) മാറ്റി സ്ഥാപിച്ചു.

   ചെലവഴിച്ച തുക - 16,671 രൂപ

**കായംകുളം താപവൈദ്യുത നിലയത്തിൽനിന്നുള്ള വൈദ്യുതി**

233(631) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നും ലഭിക്കുന്ന നിരക്കിനേക്കാൾ കുറഞ്ഞ നിരക്കിൽ സംസ്ഥാനത്തിന് പുറത്തുനിന്നും വൈദ്യുതി ലഭിക്കുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ;

(ബി) കായംകുളം താപവൈദ്യുതനിലയത്തിൽനിന്നും കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുന്നുണ്ടോ; വൈദ്യുതി വാങ്ങിയില്ലെങ്കിലും കെ.എസ്.ഇ.ബി. പ്രതിവർഷം ഫിക്സഡ് ചാർജ്ജ് എൻ.റ്റി.പി.സി.-ക്ക് നൽകുവാൻ ബാധ്യസ്ഥരാണോ; നിലവിൽ എന്ത് തുകയാണ് ഫിക്സഡ് ചാർജ് ഇനത്തിൽ നൽകുന്നത്;കരാർ അനുസരിച്ച് ഏത് വർഷം വരെ ഈ തുക നൽകണമെന്ന് വ്യക്തമാക്കുമോ;

(സി) കായംകുളം നിലയം എൽ.എൻ.ജി.-യിലേക്ക് മാറ്റുന്നതിന് ആലോചനയുണ്ടോ; ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ഡി) പ്രകൃതിവാതകം കായംകുളം താപവൈദ്യുതിനിലയത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കായംകുളം താപനിലയത്തിൽ ഉപയോഗിക്കുന്ന നാഫ്ത എന്ന ഇന്ധനത്തിന്റെ വില വളരെ കൂടിവന്ന സാഹചര്യത്തിൽ ടി നിലയത്തിൽനിന്നും ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില കൂടുതലാവുകയും സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞവിലയ്ക്ക് വൈദ്യുതി ലഭ്യമാകുന്ന സാഹചര്യവുമാണ് ഇപ്പോൾ നിലവിലുള്ളത്. എന്നാൽ വളരെ അടിയന്തര സാഹചര്യത്തിൽ ടി നിലയത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കാറുണ്ട്.

(ബി) വളരെ അടിയന്തര സാഹചര്യത്തിൽ കായംകുളം വൈദ്യുതി നിലയത്തിൽനിന്നും കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങാറുണ്ട്. കെ.എസ്.ഇ.ബി. പ്രതിവർഷം എൻ.റ്റി.പി.സി.-ക്ക് ഏകദേശം 207 കോടി രൂപയാണ് ഫിക്സഡ് ചാർജ്ജ് ഇനത്തിൽ നൽകുന്നത്. 2014-19 കാലയളവിലേയ്ക്ക് കേന്ദ്ര വൈദ്യുതി റഗുലേറ്ററി കമ്മീഷൻ (സി.ഇ.ആർ.സി) ശരാശരി ഫിക്സഡ് ചാർജ്ജ് പ്രതിവർഷം 300 കോടി രൂപയായിട്ടാണ് നിശ്ചയിച്ചതെങ്കിലും കെ.എസ്.ഇ.ബി. ഇപ്പോഴും പഴയ നിരക്കായ 207 കോടി രൂപയാണ് നൽകുന്നത്. നിലവിലെ കരാർ 2025 വരെയുള്ള കാലയളവിലേക്കുള്ളതാണ്.

(സി&ഡി) ഉണ്ട്. കായംകുളം നിലയം പ്രകൃതി വാതകത്തിൽ പ്രവർത്തിപ്പിക്കുന്നതിന്റെ വിവിധ സാധ്യതകൾ പരിശോധിക്കുന്നതിനായി GSPC, GAIL എന്നിവരുമായി ചർച്ച നടത്തി ഇറക്കുമതി ചെയ്യുന്ന എൽ.എൻ.ജി.-യുടെ ദീർഘകാല ഓഫർ ലഭ്യമാക്കുകയുണ്ടായി. ഇതുപ്രകാരം വൈദ്യുതി ഉത്പാദന ചെലവ് കണക്കാക്കുമ്പോൾ ഗണ്യമായ നേട്ടം പ്രതീക്ഷിക്കാനാവില്ല. പ്രകൃതിവാതകം കൊച്ചി എൽ.എൻ.ജി. ടെർമിനലിൽനിന്നും കായംകുളം താപവൈദ്യുതി നിലയത്തിൽ എത്തിക്കുന്നതിനുള്ള പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ഏകദേശം 1200 കോടി രൂപയുടെ ചെലവാണ് പ്രാഥമികമായി കണക്കാക്കിയിരിക്കുന്നത്.

## മാവേലിക്കര അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തിക വെട്ടിക്കുറച്ച നടപടി

234(632) ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (ഡിസ്ട്രിബ്യൂഷൻ) കീഴിൽ 2017 നവംബർ വരെ മൂന്ന് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തിക ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാൽ നിലവിൽ ഇത് സീറോ പോസ്റ്റ് എന്ന നിലയിലേക്ക് മാറ്റിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;നിലവിലുള്ള അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർമാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) മുൻപ് ഉണ്ടായിരുന്ന പ്രകാരം മൂന്ന് തസ്തികയാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. Human Resource Information System പ്രകാരം 2 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ (ഇലക്ട്രിക്കൽ) നിലവിലുണ്ട്. കൂടാതെ കെ.എസ്.ഇ.ബി.എൽ-ലെ എല്ലാ ഇലക്ട്രിക്കൽ ഡിവിഷനുകളിലേയ്ക്കും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ തസ്തികകൾ അതത് ഇലക്ട്രിക്കൽ സർക്കിളിലുള്ള പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് വിന്യസിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ-ലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (ഇലക്ട്രിക്കൽ)-ന്റെ മൊത്തം തസ്തികകളുടെ എണ്ണത്തിൽ മാറ്റം വരുത്താതെതന്നെ ഭരണപരമായ ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാറുണ്ട്. ഇതിന്റെ ഭാഗമായാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് പോലുള്ള സംവിധാനങ്ങളും അവയിലെ നിയമനങ്ങളും.

(സി) കെ.എസ്.ഇ.ബി.എൽ-ൽ നിലവിലുള്ള ഓഫീസുകളുടെയും ജോലികളുടെയും പുനഃസംഘടനയുടെ ഭാഗമായാണ് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് രൂപീകരിച്ചത്.

**കെ.എസ്.ഇ.ബി.എൽ.-ലെ ഒഴിവുകൾ**

235(633) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.എൽ. വിവിധ തസ്തികകളിലെ ഒഴിവുകൾ യഥാസമയം പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ മനഃപൂർവ്വമായ കാലതാസം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ബോധപൂർവ്വമായ കാലതാമസം വരുത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ; കഴിഞ്ഞ 6 മാസത്തിനിടയിൽ ഇത്തരത്തിലുള്ള എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) കെ.എസ്.ഇ.ബി.എൽ.-ൽ കാഷ്യർ /സീനിയർ അസിസ്റ്റന്റ് തസ്തികയിൽ ഏറ്റവും ഒടുവിൽ സ്ഥാനക്കയറ്റ ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ ; ഈ തസ്തികയിൽ എത്ര ഒഴിവുകളാണ് സ്ഥാനക്കയറ്റംനൽകി നികത്താൻ ബാക്കിയുള്ളതെന്ന് വെളിപ്പെടുത്താമോ; എന്തുകൊണ്ടാണ് നാളിതുവരെ ഇതിന് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ ;

(സി) ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാതിരിക്കുന്ന നടപടിയിലും യഥാസമയം സ്ഥാനക്കയറ്റം നൽകാതിരിക്കുന്ന നടപടിയിലും സർക്കാർ ഏതെങ്കിലും തരത്തിലുള്ള പരിശോധനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ മന:പൂർവ്വമായ കാലതാമസം വരുത്തിയിട്ടില്ല.

(ബി) 26-2-2014. 370 ഒഴിവുകൾ നിലവിലുണ്ട്. 17-2-2017-ന് തിട്ടപ്പെടുത്തിയ ഒഴിവുകളിൽ പ്രൊമോഷൻ നൽകുന്നതിന് പ്രൊമോഷന് യോഗ്യരായവരുടെ യോഗ്യത (departmental test & account test) പരിശോധിക്കുകയും സീനിയോറിറ്റി ക്രമപ്പെടുത്തി സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(സി) ജോലിഭാരം സംബന്ധിച്ച് പരിശോധിച്ച് ആവശ്യമായ തസ്തികകൾ നിർണ്ണയിച്ച് ഒഴിവുകൾ തിട്ടപ്പെടുത്തുന്നതിനും ആവശ്യമായ മുഴുവൻ തസ്തികകളിലേക്കും നിയമനം നടത്തുന്നതിനും സമയബന്ധിതമായ നടപടികൾ സ്വീകരിച്ചു വരികയാണ്.

**കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ്**

236(634) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്നതിന് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിലെ ഏതെല്ലാം നിർദ്ദേശങ്ങൾ ഇതിനകം നടപ്പിലാക്കി;

(ബി) പ്രസ്തുത റിപ്പോർട്ടിൽ ചില തസ്തികകൾ നിർത്തലാക്കണമെന്നും ചില തസ്തികകളുടെ എണ്ണം കുറയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നോ ; എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഐ.ഐ.എം.-നോട് സപ്ലിമെന്ററി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം ഒരു റിപ്പോർട്ട് ആവശ്യപ്പെട്ടത്;

(ഡി) ബോർഡിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചും, റവന്യൂചെലവ് കുറച്ചും ഈ പൊതുമേഖലാ സ്ഥാപനത്തെ മാതൃകാസ്ഥാപനമായി ഉയർത്തുന്നതിന് എന്തൊക്കെ നടപടികളാണ് ആലോചിക്കുന്നത്?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനമികവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിച്ച് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് ശിപാർശകൾ നൽകുന്നതിനായി ചുമതലപ്പെടുത്തിയ ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ ഹൈലെവൽ കമ്മിറ്റി പ്രസ്തുത നിർദ്ദേശങ്ങൾ പഠിച്ചുവരികയാണ്.

(ബി) നിർദ്ദേശിച്ചിരുന്നു. ഐ.ഐ.എം. സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിച്ച് ശിപാർശ സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയ ഹൈലെവൽ കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ ലഭിക്കുന്നമുറയ്ക്ക് ടി വിഷയത്തിന്മേൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തീരുമാനമെടുക്കുന്നതാണ്.

(സി) ഉണ്ട്. 3-5-2016-ൽ കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനായ കമ്മിറ്റി കോഴിക്കോട് ഐ.ഐ.എം.-മായി ചർച്ച നടത്തുകയും പഠന സംബന്ധമായ ചില വിശദീകരണങ്ങൾ കോഴിക്കോട് ഐ.ഐ.എം.-നോട് ആവശ്യപ്പെടുകയും ചെയ്തു. ഇതിൻപ്രകാരം കോഴിക്കോട് ഐ.ഐ.എം., കെ.എസ്.ഇ.ബി.എൽ ചില തുടർ പഠനങ്ങൾ നടത്തുകയും 7-6-2017-ന് അന്തിമ (സപ്ലിമെന്ററി) റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു.

(ഡി) കോഴിക്കോട് ഐ.ഐ.എം.-ന്റെ പഠന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഹൈലവൽ കമ്മിറ്റി പഠിച്ച് ശിപാർശ ചെയ്യുന്നതനുസരിച്ച് സ്ഥാപനത്തിന് ഗുണപരമായ നിലയിൽ നടപ്പാക്കാവുന്ന നിർദ്ദേശങ്ങൾ കെ.എസ്.ഇ.ബി.എൽ-ൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കെ.എസ്.ഇ.ബി. മസ്ദൂർ തസ്തിക

237(635) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. മസ്ദൂർ തസ്തികയിൽ പാലക്കാട് ജില്ലയിൽ എത്ര ഒഴിവുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ നികത്തുന്നതിന് കെ.എസ്.ഇ.ബി നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ&ബി) നിലവിൽ ഒഴിവുകൾ ഇല്ല.

## വൈദ്യുതി അപകടങ്ങൾ സംഭവിച്ചവർക്കുള്ള ധനസഹായം

238(636) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി അപകടങ്ങളിൽ മരണമടയുകയോ അപകടം സംഭവിക്കുകയോ ചെയ്യുന്നവർക്ക് നൽകിവരുന്ന ധനസഹായത്തിന്റെ വിവരം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ അപകടത്തിൽപ്പെടുന്നവർക്കും മരണമടയുന്നവരുടെ ആശ്രിതർക്കും ലഭിക്കേണ്ട സഹായങ്ങൾ യഥാസമയം ലഭിക്കുന്നില്ലായെന്ന ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിലെ നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(സി) പലപ്പോഴും ഈ ധനസഹായം അപര്യാപ്തമാണെന്ന തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സഹായങ്ങൾ വർദ്ധിപ്പിച്ച് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.ഇ.ബി. ലിമിറ്റഡിന് കീഴിൽ വൈദ്യുതി അപകടങ്ങളിൽ മരണമടയുകയോ അപകടം സംഭവിക്കുകയോ ചെയ്യുന്ന പൊതുജനങ്ങൾ, ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർക്ക് നൽകിവരുന്ന ധനസഹായത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. പൊതുജനങ്ങൾ

അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ എടുക്കു ന്നതിൽ വിമുഖത കാണിക്കുക എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപയും പരുക്കേൽക്കുന്നവർക്ക് അപകടത്തിന്റെ ഫലമായുണ്ടായ സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായി ആശ്വാസ ധനസഹായം (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്നുണ്ട്. കെ.എസ്.ഇ.ബി.എൽ-ന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾമൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽനിന്നും വൈദ്യുതാ ഘാതമേല്ക്കുന്നതുമൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാ വകാശികൾക്ക് 5 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് അപകടത്തിന്റെ ഫലമായുണ്ടായ സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി 5 ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ച് നൽകിവരുന്നു.

2. ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം

1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480 രൂപ മുതൽ 9,14,160 രൂപ വരെ)
2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽനിന്നും ലഭിക്കുവാൻ അർഹതയുണ്ട്.
3. വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽനിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.
4. അപകടമരണം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.
5. ശവസംസ്കാര ചെലവിനായി 7,500 രൂപയ്ക്ക് അർഹതയുണ്ട്.
6. അപകടം സംഭവിക്കുന്ന ജീവനക്കാർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ വ്യവസ്ഥകൾ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.

3. <u>കരാർ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം</u>

മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന മരണാനന്തര നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.

1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480 രൂപ മുതൽ 9,14,160 രൂപ വരെ.
2. ശവസംസ്കാര ചെലവിനായി 5,000 രൂപ.

മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരുടെകീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് ജോലിക്കിടെ അപകടമോ അപകടമരണമോ സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള പൂർണ്ണമായ ഉത്തരവാദിത്വം കരാറുകാരനായിരിക്കും. മൂന്ന് ലക്ഷം രൂപയിൽ കവിയുന്ന അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്ത് നടത്തുന്ന കരാറുകാരൻ അയാളുടെ കീഴിലുള്ള തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതാണ്. അപകടമരണം സംഭവിക്കുന്ന തൊഴിലാളിയുടെ നഷ്ട പരിഹാരത്തുക 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് കണക്കാക്കുകയും പ്രസ്തുത തുക ഇൻഷുറൻസ് ക്ലെയിം/കരാറുകാരൻ കെട്ടിവച്ചിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് കരാറുകാരനിൽനിന്നോ ഈടാക്കി നഷ്ടപരിഹാരം അനുവദിക്കുവാനുള്ള നടപടിക്രമങ്ങൾ പാലിച്ചുവരുന്നു. ഇതിനുപുറമെ എംപ്ലോയീസ് കോമ്പൻസേഷൻ കമ്മിഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര തുകയുടെ 12% പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.

(ബി) വൈദ്യുതി മേഖലയിൽ ജോലിചെയ്യുന്ന ഉദ്യോഗസ്ഥർ, സർവ്വീസ് കാലയളവിനുള്ളിൽ അപകടത്തിൽപ്പെട്ടോ, മറ്റെന്തെങ്കിലും കാരണങ്ങളാലോ മരണമടയുന്നപക്ഷം ആശ്രിതർക്ക് കുടുംബത്തിന്റെ സാമ്പത്തിക അവസ്ഥ, വിദ്യാഭ്യാസ യോഗ്യത, ഒഴിവുകൾ എന്നിവ കണക്കാക്കി അർഹരായവർക്ക് തൊഴിൽ നൽകി വരുന്നുണ്ട്. മറ്റ് ആക്ഷേപങ്ങൾ ഒന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നഷ്ടപരിഹാരം അനുവദിക്കുന്നതിന്റെ അർഹത പരിശോധിക്കുന്നതിന് വേണ്ടതായ രേഖകൾ/

വിവരങ്ങൾ യഥാസമയം ലഭ്യമാക്കാത്തതുകാരണവും ബോർഡിന്റെ അറിവും സമ്മതവുമില്ലാതെ അനധികൃതമായി വൈദ്യുതി ബോർഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്ത് അപകടത്തിൽപ്പെടുന്ന സാഹചര്യങ്ങളിലും, work order, contract of agreement/provisional work order/Employment slip/M-slip എന്നീ രേഖകൾ പ്രകാരം ഔദ്യോഗികമായി ചുമതലപ്പെടുത്താത്ത കരാർ ജോലികൾ കരാർ ജീവനക്കാർ അനധികൃതമായി ചെയ്യുന്ന സാഹചര്യങ്ങളിലും ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കി നഷ്ടപരിഹാരം അതിൽനിന്നും ഈടാക്കേണ്ടുന്നതരം കരാർ ജോലികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ കെ.എസ്.ഇ.ബി. ലിമിറ്റഡ് -ന്റെ ഉത്തരവുകൾ അനുസരിച്ച് എടുക്കാതിരിക്കുന്ന സാഹചര്യങ്ങളിലും നഷ്ടപരിഹാര സംബന്ധമായ കേസുകൾ വിവിധ കോടതികളുടെ പരിഗണനയിൽ നീണ്ടകാലയളവിലേയ്ക്ക് തീരുമാനമെടുക്കുവാൻ താമസംവരുന്ന സാഹചര്യങ്ങളിലും നഷ്ടപരിഹാരം അനുവദിക്കുന്നതിന് കാലതാമസം നേരിടാറുണ്ട്. നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള അർഹത പരിശോധിക്കുന്ന തിനാവശ്യമായ രേഖകൾ ലഭ്യമാക്കുന്നതിനായി കത്തുകളും ഓർമ്മക്കുറിപ്പുകളും അപകടം റിപ്പോർട്ട് ചെയ്തിട്ടുള്ള ഓഫീസിലേയ്ക്കും അപകടം സംഭവിച്ച/ അപകട മരണം സംഭവിച്ചയാളിന്റെ അനന്തരാവകാശികൾക്കും നൽകിവരുന്നു. വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ അപകടം സംഭവിക്കുകയാണെങ്കിൽ നഷ്ടപരിഹാരം ഉറപ്പുവരുത്തുന്നതിലേയ്ക്കായി പാലിക്കേണ്ടുന്ന വ്യവസ്ഥകളും മാനദണ്ഡങ്ങളും ഉൾച്ചേർത്ത് തയ്യാറാക്കിയിട്ടുള്ള പരിപത്രം എല്ലാ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഓഫീസിലും നൽകിയിട്ടുണ്ട്.

(സി) കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായതിനാൽ നഷ്ടപരിഹാരത്തിൽ വർദ്ധനവ് വരുത്തുവാൻ KSEB Ltd-ന് നിയമപരമായി സാധിക്കുകയില്ല. പൊതുജനങ്ങൾ ക്കുണ്ടാകുന്ന അപകടങ്ങൾക്കുള്ള ധനസഹായം പരമാവധി 5 ലക്ഷം രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ അനുവദിച്ചുവരുന്ന ധനസഹായങ്ങൾ വർദ്ധിപ്പി ക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ KSEB Ltd-ന്റെ പരിഗണനയിലില്ല.

## എരമല്ലൂർ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് തുടങ്ങുവാൻ നടപടി

239(637) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ബോർഡ് അംഗീകരിച്ചിട്ടുള്ള മാനദണ്ഡ പ്രകാരം എത്ര ഉപഭോക്താക്കൾ വരെയാണ് ഒരു സെക്ഷൻ ഓഫീസ് പരിധിയിൽ ആകാവുന്നത്;

(ബി) അരൂർ, കുത്തിയതോട്, കുയത്താട് സെക്ഷൻ ഓഫീസുകളുടെ കീഴിലായി എത്ര ഉപഭോക്താക്കളാണ് നിലവിലുള്ളത്;

(സി) ഉപഭോക്താക്കളുടെ എണ്ണവും വിപുലമായ ഏരിയയും കണക്കിലെടുത്ത് ഈ രണ്ട് സെക്ഷനുകളെ വിഭജിച്ച്, എരമല്ലൂർ കേന്ദ്രമാക്കി മൂന്നാമതൊരു ഒരു സെക്ഷൻ ഓഫീസ് കൂടി തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്റർ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്.

(ബി) അരൂർ ഇലക്ട്രിക്കൽ സെക്ഷന്റെകീഴിൽ നിലവിൽ 22088 ഉപഭോക്താക്കളും കുത്തിയതോട് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ നിലവിൽ 23952 ഉപഭോക്താക്കളും ആണുള്ളത്.

(സി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായിവരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല.

**കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ**

240(638) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ കീഴിലുള്ള ഏതെങ്കിലും സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിന് കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം സെക്ഷൻ ഓഫീസുകളാണ് വിഭജിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 20000-ൽ

അധികം ആകുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങളുള്ള തിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിനാൽത്തന്നെ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## ഓഖി ചുഴലിക്കാറ്റ് - കെ.എസ്.ഇ.ബി.-ക്കുണ്ടായ നഷ്ടം

241(639) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് കെ.എസ്.ഇ.ബി.-യ്ക്കുണ്ടായ നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

### ഉത്തരം

ഉണ്ട്. ജില്ലാടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടുകളനുസരിച്ച് വിതരണ മേഖലയിൽ കെ.എസ്.ഇ.ബി.-യുട 8167 എൽ.റ്റി. പോസ്റ്റുകൾക്കും 4886 എച്ച്.റ്റി. പോസ്റ്റുകൾക്കും 3182 k.m. എൽ.റ്റി. ലൈനുകൾക്കും 1378 k.m. എച്ച്.റ്റി. ലൈനുകൾക്കും 51 ട്രാൻസ്ഫോർമറുകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. അതനുസരിച്ച് കെ.എസ്.ഇ.ബി. എൽ.-ന് 13.82 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കുന്നു. ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് പ്രസരണ മേഖലയിൽ ഏകദേശം 71,700 രൂപയുടെ നാശനഷ്ടം ഉണ്ടായി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(i) പത്തനംതിട്ട പ്രസരണ ഡിവിഷന് കീഴിലുള്ള ലൈൻ മെയിന്റനൻസ് സെക്ഷൻ മൂഴിയാറിന്റെ ഭാഗമായ ശബരിഗിരി, ഇടമൺ 220 കെ.വി. ഒന്നാം ഫീഡറിന്റെ 141, 142 ടവറുകൾക്കിടയിലുള്ള ഭാഗത്ത് ലൈനിലേയ്ക്ക് 30-11-2017-ന് വൻമരങ്ങൾ പതിച്ച് പ്രസരണ ലൈനിനും അനുബന്ധ ഉപകരണങ്ങൾക്കും തകരാറുകൾ സംഭവിച്ചു. ഈ അപകടത്തെ തുടർന്ന് പ്രസ്തുത ലൈനിലെ അറ്റകുറ്റ പണികൾക്കായി 51,700 രൂപ ചെലവഴിച്ചു.

(ii) തിരുവനന്തപുരം പ്രസരണ സർക്കിളിന് കീഴിലുള്ള തിരുവനന്തപുരം ഡിവിഷനിലെ കഴക്കൂട്ടം-ടേൾസ് 110 കെ.വി. ലൈൻ പോകുന്ന ടവറുകളിലെ ക്രോസ് ആം ഒടിഞ്ഞു. ഈ അപകടത്തെ തുടർന്ന് പ്രസ്തുത ലൈനിലെ അറ്റകുറ്റപ്പണികൾക്കായി 20,000 രൂപ ചെലവഴിച്ചു.

## പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ

242(640) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ആഫീസുകൾ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) കൊട്ടാരക്കര നിയോജക മണ്ഡലത്തിൽപ്പെടുന്ന കുഴിമതിക്കാട് ആസ്ഥാനമാക്കി പുതിയ സെക്ഷൻ ആഫീസ് ആരംഭിക്കാമെന്ന ശിപാർശ ഉചിതമാർഗേണ ലഭിച്ചിട്ടുണ്ടോ;

(സി) കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ നെടുമൺകാവ് ആസ്ഥാനമാക്കി സബ് എഞ്ചിനീയർ-കം-കളക്ഷൻ ആഫീസ് ആരംഭിക്കാൻ നടപടി എടുക്കണമെന്ന നിർദ്ദേശത്തിൽ കെ.എസ്.ഇ.ബി. സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഉണ്ട്.

(സി) നെടുമൺകാവ് ജംഗ്ഷനിൽ വാടകയില്ലാതെ കെട്ടിടം ലഭ്യമാക്കിയാൽ ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനായി ഒരു കളക്ഷൻ സെന്ററോ ക്യാഷ് ഡെപ്പോസിറ്റ് മെഷീനോ സ്ഥാപിക്കുന്ന കാര്യം കെ.എസ്.ഇ.ബി.എൽ. പരിശോധിച്ചിരുന്നു. എന്നാൽ ഇപ്പോൾ സെക്ഷൻ ഓഫീസുകൾ കൂടാതെ അക്ഷയ കേന്ദ്രങ്ങൾ മുഖേനയും ഓൺലൈനായും (Mobile App, K.S.E.B Online Payment Portal) NACH സംവിധാനം വഴിയും ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജടയ്ക്കാം. മാത്രമല്ല, ബോർഡ് നടപ്പിലാക്കിയ 'ഒരുമ നെറ്റ്' സംവിധാനം വഴി ഏത് സെക്ഷൻ ഓഫീസിലും ഉപഭോക്താക്കൾക്ക് പണമടയ്ക്കാൻ സാധിക്കും.

## ആലംകോട് ഇലക്ട്രിസിറ്റി സബ്-സ്റ്റേഷൻ

243(641) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആലംകോട് കേന്ദ്രമാക്കി ഇലക്ട്രിസിറ്റി സബ്-സ്റ്റേഷൻ ആരംഭിക്കണമെന്ന പ്രൊപ്പോസൽ ഏതു ഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

ആലംകോട് കേന്ദ്രമാക്കി ഇലക്ട്രിസിറ്റി സബ്സ്റ്റേഷൻ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇപ്പോൾ നിലവിലില്ല.

## ചാലക്കുടി, കൊരട്ടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ വിഭജനം

244(642) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാട്ടുകുറ്റിയിലും പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി, അന്നമനട എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് കാട്ടുകുറ്റിയിലും സെക്ഷൻ ഓഫീസുകൾ രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ബോർഡ് പരിശോധിച്ചിരുന്നു. സെക്ഷൻ ഓഫീസിന്റെ നിലവിലുള്ള പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കേ ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുതലായിരിക്കെ ഉപഭോക്താക്കൾ 20000-ൽ അധികമാവുകയോ ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ബോർഡ് അനുവദിക്കുന്നത്. കൂടാതെ പുതിയ ഓഫീസ് ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും പുതിയ ഓഫീസുകൾ അനുവദിക്കുന്നത് നിലവിൽ പ്രായോഗികമല്ല. ഇതിന്റെതന്നെ ചാലക്കുടി സെക്ഷൻ ഓഫീസ് വിഭജിച്ച് പോട്ടയിലും കൊരട്ടി സെക്ഷൻ ഓഫീസ് വിഭജിച്ച് കാട്ടുകുറ്റിയിലും സെക്ഷൻ ഓഫീസുകൾ അനുവദിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

## കുന്ദമംഗലം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് കെട്ടിട നിർമ്മാണം

245(643) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ തറക്കല്ലിട്ട സ്ഥലത്ത് ടി പ്രവൃത്തി നടത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രസ്തുത വർക്ക് ടെൻഡർ ചെയ്തെങ്കിലും എസ്റ്റിമേറ്റിനേക്കാളും ഉയർന്ന തുകയുള്ള ടെൻഡർ ആയതിനാൽ നിലവിലുള്ള ഗവൺമെന്റ് ഉത്തരവുകൾ പ്രകാരം വർക്ക് നൽകാൻ കെ.എസ്.ഇ.ബി.എൽ.-ന് കഴിഞ്ഞില്ല. 110 കെ.വി. കുന്ദമംഗലം സബ്സ്റ്റേഷൻ 220 കെ.വി. ആക്കി ഉയർത്തുന്നതിന്റെ ഭാഗമായുള്ള ടവറിന്റെ സ്ഥാനം പ്രസ്തുത ഓഫീസ് കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ച സ്ഥലത്തായതുകൊണ്ട് ഓഫീസ് കെട്ടിട നിർമ്മാണം തുടങ്ങാൻ സാധിച്ചില്ല. 110 കെ.വി. കുന്ദമംഗലം സബ്സ്റ്റേഷൻ 220 കെ.വി. ആക്കി ഉയർത്തുന്ന ട്രാൻസ്ഗ്രിഡ് പ്രവൃത്തിയിൽ സെക്ഷൻ ഓഫീസ് കെട്ടിടനിർമ്മാണവും ഉൾപ്പെടുത്തി പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കൊയിലാണ്ടി നഗരത്തിൽ കെ.എസ്.ഇ.ബി. സബ്സ്റ്റേഷൻ

246(644) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊയിലാണ്ടി നഗരത്തിൽ മിനി സിവിൽ സ്റ്റേഷന്റെ അടുത്ത് കെ.എസ്.ഇ.ബി. പുതിയ സബ് സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച പദ്ധതിയുടെ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ?

ഉത്തരം

അനുയോജ്യമായ സ്ഥലം കണ്ടെത്തി ഏറ്റെടുത്ത് സബ്സ്റ്റേഷൻ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചില സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ഉടമകളുമായി ചർച്ചകൾ നടന്നുവരുന്നു.

## മാവേലിക്കര മണ്ഡലത്തിൽ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

247(645) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിലെ, മാവേലിക്കര നഗരസഭ, തഴക്കര പഞ്ചായത്തുകൾ ചേർന്ന് പുതിയ കെ.ഏസ്. ഇ. ബി.സെക്ഷൻ ഓഫീസ് വേണം എന്ന ആവശ്യം ശ്രദ്ധയിപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണം ബോർഡ് പരിശോധിച്ചുവരികയാണ്. അതോടൊപ്പം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനുള്ള സംവിധാനങ്ങളും നടപ്പിലാക്കുന്നുണ്ട്.

## മുല്ലശ്ശേരി സബ്-സ്റ്റേഷൻ അപ്പ്ഗ്രേഡ് ചെയ്യാൻ നടപടി

248(646) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി സബ്സ്റ്റേഷൻ അപ്പ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

അപ്പ്ഗ്രേഡ് ചെയ്യുന്നില്ല. എന്നാൽ മുല്ലശ്ശേരി സബ്സ്റ്റേഷനിൽ ഒരു 5 MVA ട്രാൻസ്ഫോർമർകൂടി സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി ഉയർത്തിയിട്ടുണ്ട്.

## മൂവാറ്റുപുഴ വൈദ്യുതി ഭവൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ

249(647) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ വൈദ്യുതി ഭവൻ കെട്ടിടത്തിന്റെ ശോചനീയാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വാടക കെട്ടിടത്തിലാണ് മൂവാറ്റുപുഴ ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഓഫീസ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ മറ്റൊരു വാടക കെട്ടിടം ലഭ്യമാകാത്ത അവസ്ഥയാണ് നിലവിലുള്ളത്. മൂവാറ്റുപുഴ സെക്ഷൻ-1 പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതിചെയ്യുന്ന പുറമ്പോക്ക്ഭൂമി 60 വർഷത്തോളമായി ബോർഡിന്റെ കൈവശത്തിലാണ്. ആധികാരിക രേഖകൾ ലഭിച്ചാൽ ബോർഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിട സമുച്ചയം പണിയുന്നത് ബോർഡിന്റെ പരിഗണനയിലാണ്. സ്ഥലത്തിന്റെ കൈവശാവകാശ രേഖ ലഭിക്കുന്നതിന് റവന്യൂ അധികാരികൾക്ക് അപേക്ഷ നൽകിയിട്ടുണ്ട്. അത് ലഭിക്കുന്ന മുറയ്ക്കും ഫണ്ട് ലഭ്യത ഉറപ്പുവരുത്തുന്നമുറയ്ക്കും കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാട്ടാക്കടയിൽ മിനി വൈദ്യുതി ഭവൻ

250(648) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാട്ടാക്കടയിൽ മിനി വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ എവിടെവരെയായിയെന്ന് വിശദമാക്കാമോ; ആയതിനുള്ള തുടർ നടപടികളെന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

കാട്ടാക്കടയിൽ മിനി വൈദ്യുതി ഭവൻ നിർമ്മിക്കുന്നതിന് 2 കോടി 30 ലക്ഷം രൂപയുടെ ഭരണാനുമതി 15-11-2017-ൽ ബോർഡ് നൽകിയിട്ടുണ്ട്. കെട്ടിടം പണിയുന്നതിന് മുന്നോടിയായുള്ള താഴെപ്പറയുന്ന നടപടികൾ കാട്ടാക്കട ഇലക്ട്രിക്കൽ സർക്കിൾ ഓഫീസ് മുഖേന വളരെവേഗം പുരോഗമിച്ചുവരുന്നു :

1. നിലവിൽ കാട്ടാക്കട ഇലക്ട്രിക്കൽ സെക്ഷനും സബ് ഡിവിഷനും പ്രവർത്തിക്കുന്ന 50 വർഷത്തിലധികം പഴക്കമുള്ള കെട്ടിടം പൊളിച്ചുമാറ്റി പ്രസ്തുത സ്ഥലത്താണ് പുതിയ കെട്ടിടസമുച്ചയം നിർമ്മിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. ഓഫീസുകൾ മാറ്റുന്നതിന് വാടക കെട്ടിടം കണ്ടെത്തിയിട്ടുണ്ട്. മാറ്റുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

2. നിർദ്ദിഷ്ട സ്ഥലത്ത് നിൽക്കുന്ന 16 മരങ്ങൾ മുറിച്ചുമാറ്റുന്നതിന് 25-1-2018-ൽ ലേലം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

3. പ്രസ്തുത സ്ഥലത്ത് കിടന്നിരുന്ന സ്ക്രാപ്പ് വസ്തുക്കൾ മാറ്റുന്നതിനും ഇതോടൊപ്പം പഴയ കെട്ടിടം സർവ്വേ റിപ്പോർട്ട് ചെയ്ത് പൊളിച്ചു മാറ്റുന്നതിനും ടെൻഡർ നടപടി സ്വീകരിച്ചുവരുന്നു.

നിർദ്ദിഷ്ട കെട്ടിട സമുച്ചയത്തിന്റെ ടെൻഡർ ഡ്രോയിംഗും ഡിസൈൻ ഡ്രോയിംഗും അംഗീകരിച്ച ശേഷം ടെൻഡർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ചെറായി 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

251(649) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ബഹു. മന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത യോഗ തീരുമാന പ്രകാരം സ്വീകരിച്ച തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 1. മന്നം-ചെറായി ലൈനിന്റെ നിർമ്മാണം ടേൺകീ സമ്പ്രദായത്തിൽ ചെയ്യുന്നതിനുവേണ്ടിയുള്ള ദർഘാസ് നടപടികൾ 2018 ജനുവരി മാസംതന്നെ ആരംഭിക്കുവാൻ തീരുമാനമായി.

2. ലൈൻ നിർമ്മാണം 2018 ഡിസംബർ മാസത്തിനുള്ളിൽ പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

3. ലൈൻ നിർമ്മാണത്തിന്റെ പുരോഗതി അനുസരിച്ച് ചെറായി സബ്സ്റ്റേഷന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കാൻ തീരുമാനമായി.

(ബി) 1. ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട ജോലികളുടെ ദർഘാസ് നോട്ടീസ് 30-12-2017-ൽ പ്രസിദ്ധപ്പെടുത്തി.

2. പ്രീ ബിഡ്ഡ് മീറ്റിംഗ് 18-1-2018-ൽ കളമശ്ശേരി ട്രാൻസ്മിഷൻ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽവച്ച് നടത്തി.

## 110 കെ.വി. സബ്സ്റ്റേഷൻ

252(650) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചവറ നിയോജകമണ്ഡലത്തിലെ തേവലക്കരയിൽ അനുവദിച്ചിട്ടുള്ള 110 കെ.വി സബ് സ്റ്റേഷന്റെ നിർമ്മാണത്തിനായി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നടപടികളുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

തേവലക്കര വില്ലേജിൽ 194/12, 194/16 സർവ്വേ നമ്പരിൽപ്പെട്ട 55.686 ആർ സ്ഥലം ഏറ്റെടുത്ത് സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു. പ്രസ്തുത സ്ഥലമുടമ മരണപ്പെട്ടതിനാൽ അനന്തരാവകാശികളിൽനിന്നും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 19-10-2017-ൽ കൊല്ലം ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വസ്തുവിന്റെ വില പൂർത്തീകരിക്കുകയും നിയമാനുസൃതമായ അവകാശികൾ സ്ഥലം വിട്ടുനൽകാൻ സമ്മതിക്കുകയും ചെയ്തു. ഇതിലേക്കായി അവകാശികൾ സമ്മതപത്രവും ഓതറൈസേഷനും കളക്ടറേറ്റിൽ എത്തിച്ചിട്ടുണ്ട്.

## മറയൂർ 33 കെ.വി. സസബ്സ്റ്റേഷൻ

253(651) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂർ 33 കെ.വി സബ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എതുവരെയായിയെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഉണ്ടെങ്കിൽ എന്ത് തടസ്സമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ആയതിന്റെ പ്രവർത്തനം എന്ന് തുടങ്ങാനാകുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദേവികുളം നിയോജകമണ്ഡലത്തിലെ മറയൂർ 33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനായുള്ള സ്ഥലത്തുണ്ടായിരുന്ന മരങ്ങൾ വെട്ടിമാറ്റി സ്ഥലം നിരപ്പാക്കുന്ന പ്രവർത്തനം പുരോഗമിക്കുന്നു. മറ്റ് നിർമ്മാണ പ്രവൃത്തികൾക്കുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) തടസ്സങ്ങൾ നിലനിൽക്കുന്നുണ്ട്. നിലവിലുള്ള ഭരണാനുമതി പ്രകാരം പള്ളിവാസൽ പവർ ഹൗസിൽനിന്നും 6 കി.മീ. 66 കെ.വി. ലൈൻവലിച്ച് മൂന്നാറിൽ ടാറ്റാ കമ്പനിയിൽനിന്നും ലഭ്യമാകുന്ന സ്ഥലത്ത് ഒരു 66/33 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുകയും ഈ സബ്സ്റ്റേഷനിൽനിന്നും രണ്ട് 33 കെ.വി. ഫീഡറുകൾ മൂന്നാർ-മറയൂർ റോഡിലൂടെ വലിച്ച് മറയൂർ സബ്സ്റ്റേഷനിൽ എത്തിക്കുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ മൂന്നാറിൽ 66 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമായിട്ടില്ല.

(സി) ടാറ്റാ കമ്പനി 66 കെ.വി. സബ്സ്റ്റേഷന് അനുയാജ്യമായ ലക്ഷ്മി എസ്റ്റേറ്റിൽപ്പെട്ട സ്ഥലം കൈമാറുന്നതിന് ചില സാങ്കേതിക തടസ്സങ്ങളും സുപ്രീം കോടതിയിൽ നിലിവുള്ള ചില വ്യവഹാരങ്ങളും ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

(ഡി) ബാധകമല്ല.

## പുതിയ വൈദ്യുതി നയം

254(652) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ പുതിയ വൈദ്യുതി നയത്തിലൂടെ ഈ മേഖലയിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ വൈദ്യുതി നയത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ഗുണകരമായ നടപടികൾ ഉണ്ടാവുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വൈദ്യുത മേഖലയിലെ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ടും സംസ്ഥാനത്തെ സാഹചര്യങ്ങളെ മുന്നിൽക്കണ്ടും പുതിയ ഊർജ്ജനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കുന്ന നടപടി

255(653) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്; ഇത് പൂർത്തീകരിക്കുവാൻ എത്ര സമയം ആവശ്യമായി വരും; പ്രസ്തുത പദ്ധതി നിർബന്ധിതമായി നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് ആവശ്യമായ തുക കെ.എസ്.ഇ.ബി./തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ / സംസ്ഥാന സർക്കാർ എന്നിവർ സംയുക്തമായിട്ടാണോ കണ്ടെത്തുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് MLA LAD സ്കീം വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ടും കെ.എസ്.ഇ.ബി.എൽ. മുഖാന്തരം വിവിധ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ പൊതുനിരത്തുകളിലെ ബൾബുകൾ എൽ.ഇ.ഡി.യി.-ലേക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മുഴുവനായും വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഒന്നാംഘട്ട പദ്ധതിയും ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് രണ്ടാംഘട്ടം, തിരുവനന്തപുരം കോർപ്പറേഷൻ, വടക്കാഞ്ചേരി നിയോജകമണ്ഡലം, നെന്മാണിക്കര ഗ്രാമപഞ്ചായതത്, മട്ടത്തൂർ ഗ്രാമപഞ്ചായത്ത് തുടങ്ങിയയിടങ്ങളിൽ എൽ.ഇ.ഡി. തെരുവ് വിളക്ക് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റുന്നതിന് 4 വർഷംകൊണ്ട് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്ന ഏകദേശം 538 കോടിയോളം മുതൽമുടക്ക് പ്രതീക്ഷിക്കുന്ന കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച പദ്ധതി പരിശോധിച്ചുവരുന്നു.

(ബി) MLA LAD സ്കീം മുഖാന്തരമുള്ള പദ്ധതികൾ MLA LAD ഫണ്ട് ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. മറ്റ് ചില പദ്ധതികൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് ഫണ്ട് നൽകുന്നുണ്ട്. എന്നാൽ സംസ്ഥാനത്തെ മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്ന പദ്ധതിക്ക് വേണ്ടിവരുന്ന മുതൽമുടക്ക് കണ്ടെത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## വൈദ്യുതി ചാർജ് വർദ്ധനവ്

256(654) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ചാർജ്ജ് നാല് വർഷത്തേക്ക് ഒന്നിച്ച് കൂട്ടുന്ന കാര്യം റഗുലേറ്ററി കമ്മീഷന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഈ നടപടിയിലൂടെ വൈദ്യുതി ബോർഡ് ലക്ഷ്യം വെക്കുന്ന നേട്ടങ്ങളെന്തൊക്കെയാണ്; യൂണിറ്റിന് എത്ര പൈസയാണ് വർദ്ധിപ്പിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(സി) സംസ്ഥാനത്ത് ഇതിനുമുമ്പ് എന്നാണ് വൈദ്യുതി ചാർജ്ജ് വർധിപ്പിച്ചത്; അന്ന് യൂണിറ്റിന് എത്ര പൈസയുടെ വർദ്ധനവാണ് വരുത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) വൈദ്യുതി നിരക്ക് വർദ്ധനവ് എന്ന് പ്രാബല്യത്തിൽ വരുമെന്നും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ;

(ഇ) വ്യവസായങ്ങൾ ഉൾപ്പെടെയുള്ള ഉൽപ്പാദനമേഖലയെയും ഗാർഹിക ഉപഭോക്താക്കളെയും നിരക്ക് വർധനയിൽ നിന്നൊഴിവാക്കുമോ; ഇല്ലെങ്കിൽ ഇവരുടെ കാര്യത്തിൽ എന്തൊക്കെ ഇളവുകൾ ബോർഡിന് നൽകാനാകുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) 18-4-2017-ൽ ടി ഉത്തരവിലൂടെ, ഗാർഹിക ഉപഭോക്താക്കൾക്ക് യൂണിറ്റിന് ശരാശരി 10 പൈസ മുതൽ 50 പൈസ വരെയും ഗാർഹികേതര വിഭാഗങ്ങളിൽ ചില വിഭാഗങ്ങൾക്ക് യൂണിറ്റിന് 20 പൈസ മുതൽ 30 പൈസ വരെയും വർദ്ധനവുണ്ടായി. കൃഷി, വാണിജ്യ ഉപഭോക്താക്കൾക്ക് വർദ്ധനവൊന്നും വരുത്തുകയുണ്ടായില്ല. എൻഡോസൾഫാൻ ദുരിതബാധിതർ അടക്കം ഒട്ടേറെ വിഭാഗങ്ങൾക്ക് പ്രത്യേക ആനുകൂല്യങ്ങളും ഈ ഉത്തരവിലൂടെ അനുവദിക്കുകയുണ്ടായി.

(ഡി &ഇ) ബാധകമല്ല.

**വൈദ്യുതി ഉപയോഗം, ജലവൈദ്യുത പദ്ധതികൾ**

257(655) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റു സംസ്ഥാനങ്ങളിൽനിന്ന് ഒരു ദിവസം 60 മില്യൺ യൂണിറ്റ് കറന്റ് 4 രൂപ 11 പൈസ നിരക്കിൽ കേരളം വാങ്ങിക്കുന്നുണ്ടോ; എങ്കിൽ ഒരു വർഷത്തേക്ക് 9000 കോടി രൂപയാകും.എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2017-ൽ വൈദ്യുതി വാങ്ങാൻ മൊത്തം ചെലവഴിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) പണി തുടങ്ങിയതിനുശേഷം 26 ജലവൈദ്യുത പദ്ധതികൾ മുടങ്ങി കിടക്കുന്നുണ്ടോ; ഈ 26 പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബോർഡ് സാമ്പത്തിക വർഷാടിസ്ഥാനത്തിലാണ് കണക്കുകൾ തയ്യാറാക്കുന്നത്. അതിൻപ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ വൈദ്യുതി വാങ്ങിയ ഇനത്തിൽ 7729.11 കോടി രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെകീഴിൽ പണി തുടങ്ങിയതിനുശേഷം ജലവൈദ്യുത പദ്ധതികളൊന്നും ഇപ്പോൾ മുടങ്ങിക്കിടക്കുന്നില്ല.

## കെ.എസ്.ഇ.ബി.-യുടെ വൈദ്യുതി വിതരണം

258(656) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതി ലൈൻ പൊട്ടിവീണ് അപകടങ്ങൾ ഉണ്ടാകുന്ന സാഹചര്യം ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി ഏതെല്ലാം പുതിയ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിതരണ ലൈനുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന് ആലോചനയുണ്ടോ; എങ്കിൽ ഇതുമൂലമുണ്ടാകുന്ന അധികച്ചെലവ് എത്രയാണെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്ത് മുടക്കമില്ലാതെ 24 മണിക്കൂറും വൈദ്യുതി വിതരണം ചെയ്യുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി എന്നുമുതൽ ആരംഭിയ്ക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മൊബൈൽ ട്രാൻസ്ഫോർമർ എല്ലാ സർക്കിളിലും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; മുടക്കമില്ലാതെ വൈദ്യുതി വിതരണം സാധ്യമാക്കുന്ന തരത്തിൽ മറ്റേതെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകടരഹിതമാക്കാൻ ഉദ്ദേശിച്ച് വിവിധ കർമ്മ പദ്ധതികൾ തയ്യാറായിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലൂമിനിയം കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 11 കെ.വി-യോ അതിന് മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതി ബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. എങ്കിലും ഇത് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനുള്ള പരിശോധനയും സാങ്കേതിക മെച്ചപ്പെടുത്തലുകളും ത്വരിതഗതിയിൽ നടത്തിവരുന്നു. കമ്പി പൊട്ടിവീഴുക മുതലായ അത്യാവശ്യ ഘട്ടങ്ങളിൽ പൊതുജനങ്ങൾക്ക് നേരിട്ട് വിളിച്ചറിയിക്കുന്നതിന് "9496061061" എന്ന നമ്പരിലെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. എൽ.റ്റി./എച്ച്.റ്റി.

വിതരണ ലൈനുകളിൽ ഇപ്പോൾത്തന്നെ പല സ്ഥലങ്ങളിലും സുരക്ഷയെ മുൻനിർത്തി ഏരിയൽ ബഞ്ച്ഡ് കേബിളുകളും ഭൂഗർഭ കേബിളുകളും ഉപയോഗിക്കുന്നുണ്ട്. ജീവനക്കാർക്ക് പരിശീലനം നൽകിയിട്ടുണ്ട്. വൈദ്യുതി ലൈൻ പൊട്ടി വീണ് അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനും ലൈനുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി, പൊട്ടി വീഴാൻ സാധ്യത കൂടിയ അലൂമിനിയം കമ്പികൾ ഘട്ടംഘട്ടമായി മാറ്റി പകരം കൂടുതൽ ശേഷിയുള്ള റീ ഇൻഫോഴ്സ്ഡ് അലൂമിനിയം കമ്പികൾ സ്ഥാപിക്കുക, മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable) ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, കാലപ്പഴക്കംചെന്ന തടി പോസ്റ്റുകൾ മാറ്റി പി.എസ്.സി. പോസ്റ്റ് സ്ഥാപിക്കുക, കേടായ പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുക, പ്രതിഷ്ഠാപനങ്ങൾ (installation) നിശ്ചിത നിലവാരം (standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നതെന്ന് ഉറപ്പുവരുത്തുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു.

2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ 2018-19 മുതൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണംചെയ്ത് നടപ്പിൽ വരുത്താൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വിതരണ ലൈനുകളുടെ നിലവാരം ഉയർത്തുന്ന പ്രവൃത്തികൾ ഉൾപ്പെടെ 2018-21 കാലയളവിൽ നടപ്പിൽ വരുത്തേണ്ട പദ്ധതികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

(സി) ട്രാൻസ്ഫോർമർ കേടാകുന്നതുമൂലമുണ്ടാകുന്ന വൈദ്യുതി തടസ്സം ഒഴിവാക്കുന്നതിനായി സർക്കാരിന്റെ Innovation fund ഉപയോഗിച്ച് സർക്കിൾ തലത്തിൽ മൊബൈൽ ട്രാൻസ്ഫോർമർ (Trolley mounted portable Transformer) ലഭ്യമാക്കാൻ ബോർഡ് തീരുമാനിക്കുകയും ഇതിന് മുന്നോടിയായി ഒരു prototype നിർമ്മിച്ചു നൽകാൻ പൊതുമേഖലാ സ്ഥാപനമായ KEL-ന് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

## കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി നടപടികൾ

259(657) ശ്രീ. കെ. ദാസൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഉപഭോക്താക്കൾക്ക് ലഭിക്കുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും കെ.എസ്.ഇ.ബി.-യെ ലോകോത്തര സ്ഥാപനങ്ങളിലൊന്നായി മാറ്റുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി ജില്ലാ ആസ്ഥാനങ്ങളിൽ വൈദ്യുതി സേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി വിതരണ മേഖലയിലെ പദ്ധതി നിർവ്വഹണത്തിനുവേണ്ടി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഗുണമേന്മ, ലഭ്യത, സുരക്ഷ എന്നീ വിഷയങ്ങളിൽ, 2021-ഓടുകൂടി ലോക നിരവാരത്തിനൊപ്പം സംസ്ഥാനത്തെ വൈദ്യുത ശൃംഖലയെ എത്തിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. വിതരണ ശൃംഖലയുടെ മൊത്തത്തിലുള്ള നവീകരണം മുന്നിൽ കണ്ടുകൊണ്ട് ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ആ സർക്കിളിനു കീഴിൽ എത്ര ഇലക്ട്രിക്കൽ ഡിവിഷൻ ഉണ്ടോ അത്രയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി പ്രത്യേക ടീം (പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്) രൂപീകരിച്ചിട്ടുണ്ട്. ഈ പി.എം. യൂണിറ്റുകളാകും വിതരണ ഗ്രിഡിന്റെ നവീകരണ പദ്ധതികളുടെ മേൽനോട്ടം വഹിക്കുക. 2017-2022-ലെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അടുത്ത നാല് വർഷത്തേയ്ക്ക് വേണ്ടിയുള്ള സമഗ്രമായ ആസൂത്രണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എച്ച്.റ്റി. ശൃംഖല വികസനത്തിനും എൽ.റ്റി. പ്രാദേശിക വിതരണ ലൈനുകളുടെ വികസനത്തിനും പ്രത്യേകം പദ്ധതികൾ തയ്യാറാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 663183 സർവ്വീസ് കണക്ഷനുകൾ നൽകുകയും 2876 കിലോമീറ്റർ 11 കെ.വി. ലൈൻ, 7198 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 3734 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3030 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്ന രീതിയും ഏർപ്പെടുത്തി. ഉപഭോക്തൃ സേവനം മെച്ചപ്പെടുത്തുന്നതിനായി വിവര സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

2. വൈദ്യുതിതടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ-ദൂത്' പദ്ധതി.

3. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ) സംസ്ഥാന മൊട്ടാകെ വ്യാപിപ്പിക്കുന്ന പദ്ധതി.

4. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ (സി.ഡി.എം) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന പദ്ധതി.

5. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈനായി നടപ്പിൽ വരുത്താനുള്ള സംവിധാനം.

6. തിരുവനന്തപുരം, കൊച്ചി, കൊഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തന ക്ഷമമാക്കാനുള്ള പദ്ധതി.

7. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.

8. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്നും ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

9. ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനുംവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനവുമായി ബന്ധപ്പെടാൻവേണ്ടി 1912 എന്ന ടോൾഫ്രീ നമ്പർ സംവിധാനം.

10. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) എന്ന ഇ-വാലറ്റ് വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

11. അപ്നാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

12. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

13. സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ്& ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ്‌വെയർ മുഖേന വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും അതത് ഓഫീസുകളിലും ഉന്നത ഓഫീസുകളിലും വിലയിരുത്തി തുടർനടപടി കൈക്കൊള്ളാനും അപകട സാധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർ നടപടിക്ക് ആരംഭം കുറിക്കാനുമുള്ള സംവിധാനം.

14. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ. ബി.-യിലേയ്ക്ക് വരവുവയ്ക്കുന്ന എൻ.എ.സി.എച്ച് പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക്‌വഴി നടപ്പിലാക്കി.

15. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി.' എന്ന പേരിൽ ഒരു മൊബൈൽ അപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിച്ചു.

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രസരണ മേഖലയിൽ നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുക, ശേഷി വർദ്ധിപ്പിക്കുക, പഴക്കംചെന്ന ഉപകരണങ്ങൾ മാറ്റി

പുതിയവ സ്ഥാപിക്കുക, സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി 19 സബ്സ്റ്റേഷനുകളുടെയും 274.67 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. അതോടൊപ്പം സംസ്ഥാനത്തിനകത്ത് ലഭ്യമാക്കുന്ന വൈദ്യുതി പ്രസരണനഷ്ടം കുറച്ച് വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനും പുറമേനിന്നുള്ള വൈദ്യുതി ഇറക്കുമതി ശേഷി വർദ്ധിപ്പിക്കുന്നതിനുമായി വിപുലമായ ഒരു പ്രസരണ ശൃംഖലാ വികസന പദ്ധതിക്ക് (ട്രാൻസ്ഗ്രിഡ് 2.0) ബോർഡ് രൂപം നൽകിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്ക് ഏകദേശം 10,000 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. വൈദ്യുതിയുടെ ആവശ്യകത വർദ്ധിച്ചുവരുന്നതിന് അനുസരിച്ച് വൈദ്യുതിയുടെ ലഭ്യത ഉറപ്പു വരുത്തുന്നതിന് പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും മുടങ്ങിക്കിടക്കുന്ന പദ്ധതികൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. പുതിയ പദ്ധതികൾ കണ്ടെത്തി നടപ്പാക്കുന്നതിനും ശ്രദ്ധ നൽകുന്നുണ്ട്. സംസ്ഥാനത്തിന് പുറത്തുനിന്ന് കുറഞ്ഞ ചെലവിൽ വൈദ്യുതി വാങ്ങി എത്തിക്കുന്നതിനും ശക്തമായ ഇടപെടൽ നടത്തുന്നുണ്ട്.

(സി) ഉദ്ദേശിക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ ജില്ലാ കേന്ദ്രങ്ങളിൽ ഇത്തരം സേവന കേന്ദ്രങ്ങൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് സംബന്ധിച്ച് ബോർഡിലെ അംഗീകൃത യൂണിയനുകളുമായി ചർച്ചകൾ നടന്നുവരികയാണ്.

## വൈദ്യുതി പ്രതിസന്ധി

260(658) ശ്രീ. എസ്. ശർമ്മ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. പി. വി. അൻവർ :

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി മുടങ്ങിക്കിടന്ന വിവിധ വൈദ്യുത പദ്ധതികൾ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൂടങ്കുളം ആണവ നിലയത്തിൽനിന്നും കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിന് നിർമ്മിക്കുന്ന തിരുനെൽവേലി-ഇടമൺ-ഈസ്റ്റ് കൊച്ചി, മാടക്കത്തറ 400 കെ.വി. ലൈനിന്റെ നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ ഇതിന്റെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൂടങ്കുളം ആണവ നിലയത്തിൽനിന്ന് കേരളത്തിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനുള്ള തിരുനെൽവേലി-ഇടമൺ-ഈസ്റ്റ് കൊച്ചി 400 കെ.വി. ലൈനിന്റെ നിർമ്മാണം 9-3-2017-ന് പുനരാരംഭിച്ചു. നിർമ്മാണ പ്രവൃത്തികൾ സർക്കാരിന്റെ ഇടപെടലുകളിലൂടെ പുരോഗമിക്കുന്നു.

(സി) ഇതിന്റെ നിർമ്മാണം ഡിസംബർ 2018-ാടെ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

## വൈദ്യുതി ഉത്പാദനവും നിരക്കും

261(659) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പ്രതിദിനം ഉപയോഗത്തിന് ആവശ്യമുള്ള വൈദ്യുതി എത്രയാണെന്നും ഉല്പാദനം എത്രയാണെന്നും വ്യക്തമാക്കാമോ; ഏതൊക്കെ മാർഗ്ഗത്തിലാണ് ഉൽപ്പാദിപ്പിക്കുന്നത് എന്ന് അറിയിക്കാമോ ;

(ബി) കേരളത്തിൽ ആവശ്യമായ അധികവൈദ്യുതി ഏതൊക്കെ മാർഗ്ഗത്തിലാണ് ലഭ്യമാക്കുന്നത്;

(സി) കേരളത്തിന് പുറത്തുനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ നിരക്ക് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയേക്കാൾ ലാഭകരമാണോ; വിശദാംശങ്ങൾ നൽകാമോ;

(ഡി) കേരളത്തിലെ താപവൈദ്യുതി നിലയങ്ങൾ ഏതൊക്കെയാണ്; ഇവ ഇപ്പോൾ പ്രവർത്തിക്കാത്തത് എന്തുകൊണ്ടാണ്; വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) 2018 ജനുവരി മാസത്തെ 17-1-2018 വരെയുള്ള പ്രതിദിനം ശരാശരി വൈദ്യുതി ഉപയോഗം 65.6911 ദശലക്ഷം യൂണിറ്റാണ്. ഇതിൽ ശരാശരി 12.1863 ദശലക്ഷം യൂണിറ്റ് ജലവൈദ്യുത പദ്ധതികളിൽനിന്നും 0.646 ദശലക്ഷം യൂണിറ്റ് കാറ്റ്, സൗരോർജ്ജം തുടങ്ങിയ ആഭ്യന്തര ഊർജ്ജ സ്രോതസ്സുകളിലൂടെയും ബാക്കിയുള്ള 52.8587 ദശലക്ഷം യൂണിറ്റ് കേരളത്തിന് പുറത്തുനിന്നും വാങ്ങിയുമാണ് നിറവേറ്റുന്നത്. സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉത്പാദനം 12.73 ദശലക്ഷം യൂണിറ്റാണ്. ജലവൈദ്യുതി നിലയങ്ങളിൽനിന്നും 12.08 ദശലക്ഷം യൂണിറ്റും കാറ്റാടിപ്പാടങ്ങളിൽനിന്നും 0.1478 ദശലക്ഷം യൂണിറ്റും സൗരോർജ്ജം 0.2859 ദശലക്ഷം യൂണിറ്റും ചെറുകിട വൈദ്യുതി നിലയങ്ങൾ 0.1009 ദശലക്ഷം യൂണിറ്റും കോ-ജനറേഷൻ നിലയങ്ങൾ 0.1141 ദശലക്ഷം യൂണിറ്റുമാണ് ഉത്പാദിപ്പിക്കുന്നത്.

(ബി) കേരളത്തിൽ ഉത്പാദിപ്പിക്കുന്നതിന് പുറമേ ആവശ്യമായ അധിക വൈദ്യുതി കേന്ദ്ര വൈദ്യുത നിലയങ്ങളിൽനിന്നും വിവിധ സ്വകാര്യ വൈദ്യുതി ഉത്പാദകരിൽനിന്നും ദീർഘകാല കരാറുകളിലൂടെയാണ് ലഭ്യമാക്കുന്നത്.

(സി) വൈദ്യുതി ഉത്പാദനത്തിന് ഉപയോഗിക്കുന്ന ഇന്ധനം, വൈദ്യുതി നിലയം സ്ഥാപിച്ച കാലയളവ്, ശരാശരി ഒരു വർഷം ഉത്പാദിപ്പിക്കുവാൻ കഴിയുന്ന വൈദ്യുതിയുടെ അളവ്, പദ്ധതിയിലെ മൂലധന മുതൽമുടക്ക് തുടങ്ങി നിരവധി ഘടകങ്ങളെ ആശ്രയിച്ചാണ് വൈദ്യുതിനിരക്ക് നിർണ്ണയിക്കപ്പെടുന്നത്. വിവിധ നിലയങ്ങളുടെ നിരക്ക് കണക്കിലെടുത്ത് ഏറ്റവും ചുരുങ്ങിയ നിരക്കിൽ ലഭ്യമായത് ആദ്യം വാങ്ങുക (Merit order despatch) എന്ന തത്വത്തിലാണ് കേരളം വൈദ്യുതി ഉത്പാദനവും വാങ്ങലും ക്രമീകരിച്ച് അതത് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റിവരുന്നത്. ഈ നിലയ്ക്ക് ക്രമീകരിക്കുമ്പോൾ കേരളത്തിൽ ലഭ്യമായ താപ വൈദ്യുതിയേക്കാൾ കുറവാണ് കേരളത്തിന് പുറത്തുനിന്നും കരാറാക്കിയിട്ടുള്ള വൈദ്യുതിയുടെ നിരക്കുകൾ.

(ഡി) BSES-ന്റെ ഉടമസ്ഥതയിൽ കൊച്ചിയിലുള്ള BKPL താപനിലയവും കാസർഗോഡുള്ള KPCL നിലയവും NTPC-യുടെ അധീനതയിൽ കായംകുളത്ത് സ്ഥിതിചെയ്യുന്ന RGCCPP നിലയവുമാണ് കേരളത്തിൽ കെ.എസ്.ഇ.ബി.-ക്ക് പുറമേയുള്ള താപവൈദ്യുത നിലയങ്ങൾ. ഇതിൽ BKPL-മായുള്ള കരാർ 30-10-2015-ലും KPCL മായുള്ള കരാർ 13-5-2016-ലും അവസാനിച്ചു. കായംകുളം താപനിലയത്തിൽ ഉപയോഗിക്കുന്ന ഇന്ധനമായ നാഫ്തയുടെ വില കൂടുതലായതിനാൽ അവിടെനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വിലയും കൂടുതലാണ്. ആയതിനാൽ അടിയന്തര ഘട്ടങ്ങളിൽ മാത്രമേ ടി നിലയം പ്രവർത്തിപ്പിക്കാറുള്ളൂ. KSEB-യുടെ

ഉടമസ്ഥതയിൽ കേരളത്തിലുള്ള താപവൈദ്യുത നിലയങ്ങളായ കോഴിക്കോട് ഡീസൽ പവർ പ്ലാന്റ് (KDPP), ബ്രഹ്മപുരം ഡീസൽ പവർ പ്ലാന്റ് (BDPP) എന്നിവയിൽനിന്നുമുള്ള വൈദ്യുതിയുടെ നിരക്കുകൾ കൂടുതലായതിനാൽ അടിയന്തര ഘട്ടങ്ങളിൽ മാത്രമേ ടി നിലയങ്ങൾ പ്രവർത്തിപ്പിക്കാറുള്ളൂ.

## സോളാർ വൈദ്യുതി

262(660) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കെട്ടിടങ്ങൾക്ക് മുകളിൽ സോളാർ പാനൽ സ്ഥാപിച്ച് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന പദ്ധതികൾ നിലവിലുണ്ടോ;

(ബി) ഇത്തരം പദ്ധതികൾ വൈദ്യുതി ക്ഷാമത്തിന് പരിഹാരമാകുമോ; എങ്കിൽ ഇവയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) സ്വകാര്യ കെട്ടിടങ്ങളിൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിച്ച് കെ.എസ്.ഇ.ബി.-യ്ക്ക് നൽകുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളതെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സർക്കാർ കെട്ടിടങ്ങളിൽ ആകെ 1.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ 11.87 കോടി രൂപ അനുവദിച്ചത് പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സർക്കാർ കെട്ടിടങ്ങളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ Achievement linked incentive scheme-ൽ 2 മെഗാവാട്ട് ഗ്രിഡ് കണക്ടഡ് പദ്ധതി നടപ്പിലാക്കി വരുന്നു. ശൃംഖലാബന്ധിതമല്ലാത്ത സോളാർ പവർപ്ലാന്റുകളുടെ പദ്ധതി സർക്കാർ കെട്ടിടങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്നുണ്ട്. കൂടാതെ താത്പര്യമുള്ളവർക്ക് RESCO (Renewable Energy Service Company) രീതിയിലും നെറ്റ് മീറ്ററിംഗ് രീതിയിലും സോളാർ റൂഫ് ടോപ്പ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

(ബി) ഇത്തരം പദ്ധതികൾകൊണ്ടുമാത്രം സംസ്ഥാനത്തെ വൈദ്യുതിക്ഷാമത്തിന് പരിഹാരമാകില്ല. എങ്കിലും ഇങ്ങനെ ഉണ്ടാകുന്ന വൈദ്യുതി ഇത്തരം സ്ഥാപനങ്ങളിലെ വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും അതുവഴി വൈദ്യുതി ലഭ്യത വർദ്ധിപ്പിക്കുന്നതിനും സഹായകമാകും. കേരളത്തിന്റെ വൈദ്യുതി ആവശ്യകതയിൽ പ്രധാനഭാഗം സന്ധ്യാസമയത്തെ പീക്ക് ലോഡ് ആവശ്യകതയാണ്. ഇത് പരിഹരിക്കാൻ മറ്റ് സാധ്യതകൾ തേടേണ്ടതുണ്ട്. മറ്റ് സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനോടൊപ്പം സോളാർ പദ്ധതികളെയും നന്നായി പ്രോത്സാഹിപ്പിച്ചുവരുന്നു.

(സി) സ്വകാര്യ കെട്ടിടങ്ങളിൽ സോളാർ വൈദ്യുതി ഉത്പാദിപ്പിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നത് കെ.എസ്.ഇ.ആർ.സി. (കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മിഷൻ)-യുടെ 10-6-2014-ലെയും 15-3-2016-ലെയും റഗുലേഷൻ അനുസരിച്ചാണ്. ഈ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ട് കെ.എസ്.ഇ.ബി.എൽ. 9-9-2016-ൽ ഇറക്കിയ സർക്കുലർ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## സൗരോർജ്ജത്തിൽനിന്നുണ്ടാകുന്ന വൈദ്യുതി ഉപഭോഗം

263(661) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗരോർജ്ജത്തിൽ നിന്നുണ്ടാകുന്ന വൈദ്യുതി ഉപയോഗത്തിനു ശേഷം മിച്ചമുള്ളത് വ്യക്തികളിൽ നിന്ന് കെ.എസ്.ഇ.ബി. ഏറ്റെടുക്കുന്നുണ്ടോ;

(ബി) വൈദ്യതി ഉപഭോഗം മാതൃകാപരമായി കുറയ്ക്കുന്ന സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പ്രോത്സാഹനം നൽകാൻ എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്ന് അറിയിക്കുമോ ?

### ഉത്തരം

(എ) ഒരു കിലോവാട്ട് മുതൽ ഒരു മെഗാവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സൗരവൈദ്യുത നിലയങ്ങൾക്ക് നെറ്റ് മീറ്ററിംഗ് സംബന്ധിച്ച റെഗുലേഷൻ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് ഉത്പാദകന്റെ ഉപയോഗം കഴിഞ്ഞ് അധികം വരുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ഏറ്റെടുക്കുകയും ആവശ്യമുള്ള മറ്റ് സമയങ്ങളിൽ അത് തിരിച്ചുനൽകുകയും ചെയ്യുന്നുണ്ട്.

(ബി) വൈദ്യുതി, ഇന്ധന എണ്ണ എന്നിവയുടെ ഉപഭോഗം കാര്യക്ഷമമാക്കി അവയുടെ ഉപയോഗം കുറയ്ക്കുന്ന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ഊർജ്ജ സംരക്ഷണ അവാർഡ് ഏർപ്പെടുത്തിയിട്ടുണ്ട്.

## കക്കയം ചെറുകിട ജലസേചന പദ്ധതി

264(662) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കക്കയം ചെറുകിട ജലസേചന പദ്ധതി പൂർത്തിയാവുന്നതോടെ എത്ര മെഗാവാട്ട് വൈദ്യുതിയാണ് അധികമായി ഉൽപാദിപ്പിക്കപ്പെടുകയെന്ന് വെളിപ്പെടുത്താമോ; ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കക്കയം ചെറുകിട ജലവൈദ്യുത പദ്ധതി പൂർത്തിയാവുന്നതോടെ 3 MW (മെഗാവാട്ട്), 10.39 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പ്രതിവർഷം അധികമായി ഉത്പാദിപ്പിക്കപ്പെടുന്നത്. ഈ പദ്ധതിയുടെ അടങ്കൽ തുക 30.32 കോടി രൂപയാണ്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി മാർച്ച് 2018-ൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വൈദ്യുത പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ ആക്ഷൻ പ്ലാൻ

265(663) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്കുളം ഓഗ്മെന്റേഷൻ പ്രൊജക്റ്റ് , കക്കാട് പ്രൊജക്റ്റ് എന്നിവപോലെ ടണലുകൾ രണ്ട് വശത്തുനിന്നു തുരന്നു വന്നതിനുശേഷം കൂട്ടിമുട്ടാതെ പോയ എത്ര പ്രോജക്ടുകൾ സംസ്ഥാനത്ത് ഉണ്ട്;

(ബി) ഏകദേശം 2500 കോടി രൂപ സർക്കാർ ഖജനാവിൽനിന്നും ചെലവാക്കിയ 60 മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ സ്കീം 11 വർഷമായിട്ടും പണി പൂർത്തിയാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പണി പൂർത്തിയാക്കുന്നതിന് ഒരു നടപടിയും എന്തുകൊണ്ട് സ്വീകരിക്കുന്നില്ല; എന്ന് വ്യക്തമാക്കാമോ;

(സി) തുരുമ്പുപിടിച്ചു നശിച്ചുകൊണ്ടിരിക്കുന്ന പള്ളിവാസലിലെ മെഷിനറിയുടെയും പെൻസ്റ്റോക്ക് പൈപ്പുകളുടെയും പുനരുദ്ധാരണം എന്ന് തുടങ്ങും;

(ഡി) ഖജനാവിന് ഏറ്റവും കുറഞ്ഞത് 5000 കോടി രൂപയുടെ നഷ്ടം ഉണ്ടാക്കിയ ഈ പ്രോജക്ടുകൾ ഇനിയെങ്കിലും സമയബന്ധിതമായി പൂർത്തിയാക്കാനുള്ള ആക്ഷൻ പ്ലാൻ എന്താണ് ; താമസത്തിനു കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാപരമായ എന്ത് നടപടി സ്വീകരിക്കും;

(ഇ) പ്രസ്തുത 26 പ്രോജക്ടുകൾ പൂർത്തിയാക്കാൻ ശേഷിയില്ലാത്ത കെ.എസ്.ഇ.ബി.എൽ സിവിൽ ടീമിന് 120 മെഗാവാട്ടിന്റെ അതിരപ്പള്ളി പദ്ധതി ഏല്പിച്ചുകൊടുത്താൽ അവർ അത് സമയബന്ധിതമായി, ഗുണനിലവാരത്തോടെ പൂർത്തിയാക്കും എന്ന് ഉറപ്പുണ്ടോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിയുടെ ടണൽ നിർമ്മാണം പൂർത്തിയായിട്ടില്ല. 6710 മീറ്റർ നീളമുള്ള ടണൽ 4 ടണൽമുഖം (Tunnel face) വഴിയാണ് നിർമ്മിക്കുന്നത്. ഇതിൽ ടണൽ എക്സിറ്റ് വഴിയും ആഡിറ്റ് 2 വഴിയും തുരന്നപ്പോൾ കൃത്യമായിത്തന്നെ കൂട്ടിമുട്ടി. ഇതുവരെ 4112 മീറ്റർ തുരങ്ക നിർമ്മാണം പൂർത്തിയായി, ബാക്കിയുള്ള 2598 മീറ്ററിന്റെ നിർമ്മാണം ശരിയായ ദിശയിൽ പുരോഗമിക്കുന്നു. കക്കാട് പദ്ധതിയുടെ നിർമ്മാണം പൂർത്തിയാക്കി 1999 മുതൽ വൈദ്യുതി ഉത്പാദനം നടന്നുവരുന്നു. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ജലവൈദ്യുത പദ്ധതിയുടെ ടണലുകളൊന്നും കൂട്ടിമുട്ടാതെ ഇല്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പള്ളിവാസൽ പദ്ധതിയുടെ നിർമ്മാണം മുടങ്ങിക്കിടക്കുകയായിരുന്നു. പദ്ധതി പുനരാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനകം 75% പണി പൂർത്തിയായിട്ടുണ്ട്. പദ്ധതിക്ക് ആകെ ചെലവിട്ടത് 255.72 കോടി രൂപ മാത്രമാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ അനുയോജ്യമായ പാറയുടെ അഭാവംമൂലം നിലച്ചുപോയ ഇൻടേക്ക്, ബാലൻസ് ടണൽ എന്നീ ഭാഗങ്ങൾ നിലവിലെ കരാറുകാരനിൽനിന്നും എടുത്തുമാറ്റി ബാക്കി നിർമ്മാണ പ്രവർത്തനങ്ങൾ മാത്രമായി 11-4-2017-ൽ തന്നെ പുനരാരംഭിച്ചു.

2. നിലവിലെ കരാറിൽനിന്നും മാറ്റിയ ഇൻടേക്ക്, ബാലൻസ് ടണൽ എന്നിവയുടെ നിർമ്മാണം പ്രത്യേകം ടെൻഡർ വിളിച്ച് പുതിയ കരാറുകാരന് നൽകുകയും ടി പണിയുടെ നിർമ്മാണം തുടങ്ങുന്നതിന് 5-1-2018-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രാരംഭ നടപടികൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്.

(സി) മെഷിനറികളും പെൻസ്റ്റോക്ക് പൈപ്പുകളും നശിക്കാതെ സമയാസമയങ്ങളിൽ ആവശ്യമായ സംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മെഷിനറികളുടെ ബാക്കി ഇറക്ഷൻ ജോലികൾ തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) പള്ളിവാസൽ പദ്ധതിയുടെ 75% പണികൾ പൂർത്തിയായി. ഇതിനായി ഇതുവരെ 255.72 കോടി രൂപയും 61% പണികൾ പൂർത്തിയാക്കിയ ചെങ്കുളം ഓഗ്മെന്റേഷൻ പദ്ധതിക്ക് ഇതുവരെ 63 കോടി രൂപയും ചെലവായിട്ടുണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പള്ളി വാസലിന്റെ നിർമ്മാണം 11-4-2017-ൽ പുനരാരംഭിച്ചു. ചെങ്കുളം ഓഗ്മെന്റേഷന്റെ ബാക്കി ടണലിന്റെ നിർമ്മാണം പുരോഗമിക്കുന്നു. ടി പദ്ധതികൾ ഡിസംബർ 2020-ൽ പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് കാലതാമസം നേരിട്ടത് ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ അനുയോജ്യമായ പാറയുടെ അഭാവംമൂലമാണ്.

(ഇ) സംസ്ഥാനത്തെ വൻകിട ജലവൈദ്യുത പദ്ധതികളായ ഇടുക്കി (780 മെഗാവാട്ട്), ശബരിഗിരി (340 മെഗാവാട്ട്), കുറ്റ്യാടി [225 മെഗാവാട്ട് (75+50+100)] ഉൾപ്പെടെ 2056 മെഗാവാട്ടിന്റെ 37 ജലവൈദ്യുത പദ്ധതികൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സിവിൽ വിഭാഗമാണ് നടപ്പിലാക്കിയത്. 163 മെഗാവാട്ടിന്റെ അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിയും സമയബന്ധിതമായി ഗുണനിലവാരത്തോടെ പൂർത്തിയാക്കുവാൻ കഴിയുമെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

**ജലവൈദ്യുത പദ്ധതികൾ**

266(664) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികളിൽ നിന്നും പ്രതിദിനം എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുതിയതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ;

(സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണ്; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) 2018 ജനുവരി മാസം 16-ാം തീയതി വരെ ജലവൈദ്യുത പദ്ധതികളിൽനിന്നും രേഖപ്പെടുത്തിയ ശരാശരി പ്രതിദിന ഉത്പാദനം താഴെ ചേർക്കുന്നു :

| നിലയം | ലഭ്യമായ ഉത്പാദന ശേഷി (മെഗാവാട്ട്) | പ്രതിദിന ശരാശരി ഉത്പാദനം (ദശലക്ഷം യൂണിറ്റ്) |
|---|---|---|
| ഇടുക്കി | 520 | 4.84 |
| ശബരിഗിരി | 280 | 2.34 |
| ഇടമലയാർ | 68 | 0.76 |
| ഷോളയാർ | 36 | 0.81 |
| പള്ളിവാസൽ | 27 | 0.42 |
| കുറ്റ്യാടി | 190 | 0.75 |
| പന്നിയാർ | 32 | 0.07 |
| നേര്യമംഗലം | 60 | 0.30 |
| ലോവർ പെരിയാർ | 110 | 0.40 |
| പൊരിങ്ങൽകുത്ത് | 43 | 0.45 |
| ചെങ്കുളം | 36 | 0.26 |
| കക്കാട് | 24 | 0.36 |
| കല്ലട | 10 | 0.03 |
| മലങ്കര | 7 | 0.07 |

(ബി) കെ.എസ്.ഇ.ബി.എൽ. പുതിയതായി നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന ജലവൈദ്യുത പദ്ധതികൾ അനുബന്ധം (I)* ആയി ചേർത്തിരിക്കുന്നു. പുതുതായി സ്വകാര്യ സംരംഭകർവഴി ബൂട്ട് (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാനുദ്ദേശിച്ച് അനുവദിച്ചിട്ടുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ ലിസ്റ്റ് അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു.*കൂടാതെ 100 പദ്ധതികൾ ഇത്തരത്തിൽ അനുവദിക്കാൻ വേണ്ട പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കെതിരായി ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ പരിഹരിച്ച് സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്.

**ജലവൈദ്യുത പദ്ധതികൾ**

267(665) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ സർക്കാർ, സ്വകാര്യ ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു;

(ബി) ഇത്തരം പദ്ധതികളിൽനിന്ന് എത്ര യൂണിറ്റ് വൈദ്യുതി കൂടുതലായി ഉൽപ്പാദിപ്പിച്ചു;

(സി) ഇത്തരത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെകീഴിൽ വെള്ളത്തൂവൽ (3.6 MW) പെരുന്തേനരുവി (6 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു. ആകെ (9.6 MW). സ്വകാര്യ മേഖലയിൽ ഇ.എം.സി.യുടെ അധീനതയിൽ പാതംകയം 8MW, കാരിക്കയം രണ്ടാം സ്റ്റേജ് - 4.5 MW എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്.

(ബി) കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള രണ്ട് പദ്ധതികളിൽനിന്നും 9.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുന്നുണ്ട്. ഈ പദ്ധതികളിൽനിന്നും ഡിസംബർ 2017 വരെ 10.3481 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സ്വകാര്യ മേഖലയിലുള്ള രണ്ട് പദ്ധതികളിൽനിന്നും 12.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുന്നുണ്ട്. ഈ പദ്ധതികളിൽനിന്നും ഡിസംബർ 2017 വരെ 21.4353 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് പ്രോത്സാഹനം നൽകുന്നതിനായി 2012-ലെ ചെറുകിട ജലവൈദ്യുത നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതികൾ അനുവദിക്കുന്നതിൽ കാലതാമസം ഒഴിവാക്കി കൂടുതൽ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ഉതകുന്ന രീതിയിൽ 2012-ലെ ചെറുകിട ജലവൈദ്യുത നയം പുതുക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## തിരുവമ്പാടിയിലെ ചെറുകിട ജലവൈദ്യുത പദ്ധതികൾ

268(666) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവമ്പാടി മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളിൽ വൈദ്യുതി ബോർഡ് വിഭാവനം ചെയ്യുന്ന ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിലവിലെ സ്ഥിതിവിവരം വിശദമാക്കുമോ:

(ബി) നിശ്ചിത കാലയളവിൽ കമ്മീഷൻ ചെയ്യേണ്ട പദ്ധതികൾ വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഇത്തരം പദ്ധതികളുടെ അവലോകനത്തിനായി പ്രത്യേക യോഗം ചേരുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവമ്പാടി നിയോജകമണ്ഡലത്തിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിഭാവനം ചെയ്യുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. ഓലിക്കൽ | - | 5 MW |
| 2. പൂവാരംതോട് | - | 3 MW |
| 3. ചെമ്പുകടവ് മൂന്നാംഘട്ടം | - | 7.5 MW |
| 4. മാരിപ്പുഴ | - | 6 MW |
| ആകെ | - | 21.5 MW |

ഈ പദ്ധതികളുടെ പ്രീകൺസ്ട്രക്ഷൻ സർവ്വേ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതികൾക്കുവേണ്ട ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) പദ്ധതിക്കാവശ്യമായ സ്ഥലമേറ്റെടുക്കുന്നതിലുള്ള കാലതാമസമാണ് പദ്ധതികൾ വൈകുന്നതിനുള്ള കാരണം.ചെമ്പുകടവ് മൂന്നാംഘട്ടം പദ്ധതിക്കായുള്ള സ്ഥലമേറ്റെടുക്കാൻ 2013 മാർച്ച് മാസത്തിലും മാരിപ്പുഴ പദ്ധതിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കാൻ 2016 ജൂൺ മാസത്തിലും കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചതാണ്. വിവിധ സമയങ്ങളിൽ കോഴിക്കോട് സ്പെഷ്യൽ തഹസിൽദാർ (എൽ.എ) സ്ഥലം സന്ദർശിച്ചിട്ടുണ്ടെങ്കിലും ഈ രണ്ട് പദ്ധതികൾക്കുവേണ്ടിയുള്ള സ്ഥലത്തിന്റെ അടിസ്ഥാനവില ഇതുവരെ നിശ്ചയിച്ചിട്ടില്ല. ഓലിക്കൽ പദ്ധതിക്കു വേണ്ടി 2585 ഹെക്ടർ സ്വകാര്യ ഭൂമിയും പൂവാരംതോട് പദ്ധതിക്കുവേണ്ടി 2522 ഹെക്ടർ സ്വകാര്യ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. ശേഷിക്കുന്ന സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനായി നടപടികൾ പുരോഗമിക്കുന്നു.

(സി) ഇത്തരം പദ്ധതികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി ഊർജ്ജ വകുപ്പുമന്ത്രി, വകുപ്പ് സെക്രട്ടറി എന്നിവരുടെ അദ്ധ്യക്ഷതയിൽ പ്രത്യേകം പ്രത്യേകം യോഗങ്ങൾ ചേരുന്നുണ്ട്.

## ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബ് നൽകുന്ന പദ്ധതി

269(667) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബ് നൽകുന്ന പദ്ധതി വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) വൈദ്യുതി വകുപ്പിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകുന്നവർക്ക് മാത്രമാണോ എൽ.ഇ.ഡി. ബൾബ് ലഭിക്കുന്നതെന്ന് അറിയിക്കുമോ;

(സി) വൈദ്യുതി വകുപ്പ് ഓഫീസിൽ നേരിട്ട് വരാതെ, ഓൺലൈൻ വഴിയോ മറ്റ് രീതിയിലോ ബില്ലടക്കുന്നവർക്ക് എൽ.ഇ.ഡി. ബൾബ് വീടുകളിൽ എത്തിക്കാൻ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) മീറ്റർ റീഡർമാർവഴി വീടുകളിൽ ബൾബ് വിതരണം നടത്താൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ. എന്ന് കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്സ് എൽ.ഇ.ഡി ബൾബുകൾ വിതരണം

ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾവീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ ഒന്നേകാൽ കോടിയിലേറെ ബൾബുകൾ വിതരണം ചെയ്തുകഴിഞ്ഞു. (1) നോൺ പേയിംഗ് വിഭാഗക്കാർ (2) ബി.പി.എൽ വിഭാഗക്കാർ (1000 വാട്ടിന് താഴെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റിന് താഴെ ഉപഭോഗവുമുള്ള വിഭാഗക്കാർ. യൂണിറ്റിന് 1.50 രൂപ നിരക്കിലാണ് ഈ വിഭാഗക്കാരുടെ കറണ്ട് ചാർജ്) എന്നിവർക്ക് രണ്ട് ബൾബുകൾവീതം സൗജന്യമായാണ് നൽകുന്നത്.

(ബി) വൈദ്യുതി ബില്ലുകളിലൂടെ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി വകുപ്പിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകുന്നവർക്കാണ് എൽ.ഇ.ഡി. ബൾബുകൾ നൽകുന്നത്. ഇപ്രകാരം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള എല്ലാ ഉപഭോക്താക്കൾക്കും ബന്ധപ്പെട്ട അധികാരികൾ അറിയിപ്പുകൾ നൽകിവരുന്നു.

(സി&ഡി) ഇല്ല.

**ഊർജ്ജ സംരക്ഷണം**

270(668) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലായതിനുശേഷം സംസ്ഥാനത്ത് ഊർജ്ജ ഉപഭോഗത്തിൽ എത്രത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി എന്തൊക്കെ പുതിയ പദ്ധതികളാണ് ഇതിനോടകം നടപ്പിലാക്കിയിരിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ലക്ഷ്യമിട്ടത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും മെച്ചപ്പെട്ടതും വൈദ്യുതി ഉപഭോഗം കുറച്ചുമാത്രം ആവശ്യമുള്ള എൽ.ഇ.ഡി. ബൾബുകളും മറ്റും ഉണഭോക്താക്കൾ ഉപയോഗിക്കുന്നത് കാരണവും പ്രസ്തുത പദ്ധതിമൂലം വൈദ്യുത ഉപഭോഗത്തിൽ കാര്യമായ വർദ്ധനവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഊർജ്ജ സംരക്ഷണത്തിനായി താഴെ പറയുന്ന നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്.

1. സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ/സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതിയും പരിഗണനയിലാണ്.

2. വൈദ്യുതി ബോർഡിന്റെ കെട്ടിടങ്ങളിൽ സ്റ്റാർ റേറ്റഡ് ഫാനുകൾ സ്ഥാപിക്കുന്ന പദ്ധതിയിൽ 1000 ഫാനുകൾ വാങ്ങുന്നതിനുള്ള നടപടി പുരോഗമിക്കുന്നു.

3. കുടിവെള്ള പദ്ധതികളിലെ പഴയതും ഊർജ്ജക്ഷമതയില്ലാത്തതുമായ പമ്പിംഗ് സംവിധാനം മാറ്റി ഊർജ്ജക്ഷമതയുള്ള സംവിധാനം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ഈരാറ്റുപേട്ടയിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

4. പഞ്ചായത്തിനുകീഴിലുള്ള സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ ഓഡിറ്റിംഗ് നടപ്പിലാക്കുക, ഊർജ്ജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ വൈദ്യുത ഉപകരണങ്ങൾ സ്ഥാപിക്കുക, കൂടാതെ സ്കൂൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുംവേണ്ടി ഊർജ്ജ സംരക്ഷണ ബോധവത്കരണ പരിപാടികൾ നടത്തിവരുന്നു.

സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്സ് എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ ഒരു കോടിയിലേറെ ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു.

## വൈദ്യുത പ്രതിസന്ധി

271(669) <u>ശ്രീ. പി. കെ. ബഷീർ</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> :
<u>ശ്രീ. കെ. എം. ഷാജി</u> :
<u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വൈദ്യുത പ്രതിസന്ധി നേരിടുന്നുണ്ടോ;

(ബി) സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതി എപ്രകാരം ഉൽപാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സൗരോർജ്ജ പ്ലാന്റുകൾ വഴി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനായി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉപഭോഗത്തിനനുസൃതമായി വൈദ്യുത ലഭ്യത ഉറപ്പാക്കിയിട്ടുള്ളതിനാൽ നിലവിൽ പ്രതിസന്ധിയില്ല.

(ബി) സംസ്ഥാനത്തിന്റെ വൈദ്യുത ആവശ്യകതയുടെ പരമാവധി 30% വരെ മാത്രമേ ആഭ്യന്തര ഉത്പാദനത്തിലൂടെ ഇപ്പോൾ ലഭ്യമാകുന്നുള്ളൂ. അന്യസംസ്ഥാന നിലയങ്ങളിലുള്ള നമ്മുടെ ആശ്രിതത്വം സമീപഭാവിയിൽ മാറുമെന്ന് കരുതാനാവില്ല. എങ്കിൽ തന്നെയും ആഭ്യന്തര സ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. മുടങ്ങിക്കിടക്കുന്നതോ, മന്ദഗതിയിലുള്ളതോ ആയ പദ്ധതികളെ ത്വരിതപ്പെടുത്തുവാൻവേണ്ട നടപടി സ്വീകരിക്കുന്നുണ്ട്. സോളാർ പദ്ധതികൾ ഉൾപ്പെടെയുള്ള പാരമ്പര്യേതര പദ്ധതികൾക്ക് പ്രാമുഖ്യം നൽകുന്നു.

(സി) സൗരോർജ്ജ പ്ലാന്റുകൾ മുഖേന വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി സർക്കാർതലത്തിൽ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലാ പഞ്ചായത്തുകളുടെ (കണ്ണൂർ - 29, കോഴിക്കോട് - 44, മലപ്പുറം - 11 കാസർകോട്- 3) ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മുകളിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതിന് പുറമെ ആറ്റിങ്ങൽ മുനിസിപ്പാലിറ്റി-2, നാഷണൽ സെന്റർ ഫോർ എർത്ത് സ്റ്റഡീസ് സെന്റർ (NCESC)-1, കുര്യോട്ട് മല ബഫല്ലോ ഫാം- 1 തുടങ്ങിയവയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരകളിലും സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ അവസാന ഘട്ടത്തിലാണ്. ഇതു കൂടാതെ സർക്കാർ സ്ഥാപനങ്ങളുടെ അപേക്ഷകൾ പരിഗണിച്ച് സോളാർ പാനൽ സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള സർവ്വേ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കിവരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വ്യക്തികൾക്കായി പദ്ധതികളൊന്നും തന്നെ കെ.എസ്.ഇ.ബി.എൽ. ആവിഷ്ക്കരിച്ചിട്ടില്ല. അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-5000

കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകാനുമുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ഊർജ്ജ സംരക്ഷണത്തിന് നടപടി**

272(670) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യം മുഴുവൻ പരിഹരിക്കുന്ന രീതിയിൽ വൈദ്യുതി ഉൽപ്പാദനം നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വൈദ്യുത പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞുവെന്നും മുടങ്ങിക്കിടക്കുന്ന എത്ര പദ്ധതികൾ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും എത്ര പദ്ധതികൾ കമ്മീഷൻ ചെയ്യാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(സി) ഊർജ്ജ സംരക്ഷണവും സൗരോർജ്ജ ഉൽപാദനവും പ്രോത്സാഹിപ്പിക്കാൻ സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടി എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 ജനുവരി 16-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 65.58 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉത്പാദനം 12.73 ദശലക്ഷം യൂണിറ്റാണ്. സംസ്ഥാനത്തിന്റെ ഊർജ്ജാവശ്യം മുഴുവൻ പരിഹരിക്കുന്നതിനാവശ്യമായ അധിക വൈദ്യുതി സംസ്ഥാനത്തിന് പുറത്തുനിന്നും കേന്ദ്ര വിഹിതമായും ദീർഘകാല കരാർവഴിയും പവർ എക്സ്ചേഞ്ച് വഴിയുമാണ് ലഭ്യമാക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെകീഴിൽ അപ്പർ കല്ലാർ (2 MW) പഴശ്ശി സാഗർ (7.5 MW) എന്നീ പദ്ധതികൾ ആരംഭിക്കുവാൻ കഴിഞ്ഞു. കൂടാതെ മുടങ്ങിക്കിടക്കുന്ന 60 MW-ന്റെ പള്ളിവാസൽ ജലവൈദ്യുത പദ്ധതി, 6 MW-ന്റെ ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി എന്നിവ പുനരാരംഭിക്കുവാനും, വെള്ളത്തൂവൽ (3.6 MW),

പെരുന്തേനരുവി (6 MW) എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്യുവാനും കഴിഞ്ഞു. കൂടാതെ മുടങ്ങിക്കിടന്ന 40 MW-ന്റെ തോട്ടിയാർ പദ്ധതിയുടെ ബാക്കി ജോലികൾക്കായി ടെണ്ടർ ക്ഷണിക്കുകയും വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. സൗരോർജ്ജം സംബന്ധിച്ച് പൂർത്തീകരിച്ച വൈദ്യുത പദ്ധതികളുടെയും നടപ്പിലാക്കിവരുന്ന പദ്ധതികളുടെയും വിവരങ്ങൾ ശേഖരിച്ചുവരുന്നു. പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് 8 MW Wind Farm സ്ഥാപിക്കുവാനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ NHPC-ക്ക് സർക്കാർ നിബന്ധനകൾക്ക് വിധേയമായി അനുവാദം നൽകിയിട്ടുണ്ട്. കൺസൾട്ടൻസി സ്കീമിൽ ആരംഭിക്കുവാൻ കഴിഞ്ഞ പദ്ധതി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെ പറയുന്ന പദ്ധതികൾ അനെർട്ടിന്റെ കൺസൾട്ടൻസി സ്കീമിൽ ഉൾപ്പെടുത്തി ആരംഭിക്കുവാൻ കഴിഞ്ഞു.

1. തിരുവനന്തപുരം ടെക്നോപാർക്കിന്റെ III phase-ൽ ഉള്ള ഗംഗ-യമുന കെട്ടിടങ്ങളുടെ റൂഫ്ടോപ്പിൽ സ്ഥാപിക്കുന്ന 200kwp സോളാർ പവർ പ്ലാന്റ്
2. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ടിന്റെ ഉടമസ്ഥതയിലുള്ള 2 മെഗാവാട്ട് സൗരോർജ്ജ പവർ പ്ലാന്റ് പണി പൂർത്തിയാക്കി കമ്മീഷൻ ചെയ്യുകയുണ്ടായി.
3. തൃശ്ശൂർ ജില്ലയിൽ തൃശ്ശൂർ കോർപ്പറേഷന്റെകീഴിലുള്ള ജയ്ഹിന്ദ് മാർക്കറ്റ് കെട്ടിടങ്ങളുടെ റൂഫ്ടോപ്പിൽ കൺസൾട്ടൻസി സ്കീമിൽ സ്ഥാപിച്ച 200kwp സോളാർ പവർ പ്ലാന്റ് പദ്ധതി.
4. തിരുവനന്തപുരം ജില്ലയിൽ പെരുങ്കടവിള ബ്ലോക്കിന് കീഴിൽ ആനപ്പാറ ആശുപത്രിയിൽ കൺസൾട്ടൻസി സ്കീമിൽ കമ്മീഷൻ ചെയ്ത 15kwp, 10kwp ഓഫ്ഗ്രിഡ് സൗരോർജ്ജ പദ്ധതികൾ.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ മേഖലയിൽ രണ്ട് ചെറുകിട ജലവൈദ്യുത പദ്ധതികൾ (i) 4.5 MW-ന്റെ കാരിക്കയം (രണ്ടാംഘട്ടം) (ii) 8 MW പാതംകയം എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തിട്ടുണ്ട്. കൂടാതെ 1 KW ശേഷിയുള്ള 30 സൂക്ഷ്മ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ഇടുക്കി ജില്ലയിൽ ഈച്ചാം പെട്ടിയിൽ 4 KW സൂക്ഷ്മജല വൈദ്യുത പദ്ധതി ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം കോർപ്പറേഷനുവേണ്ടി എനർജി മാനേജ്മെന്റ് സെന്റർ നിർമ്മിക്കുന്ന 20 KW കാറ്റുവെട്ടി പദ്ധതിയുടെയും നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) ഊർജ്ജ സംരക്ഷണവുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി.എൽ. വഴി സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു : ഊർജ്ജക്ഷമതയുള്ള വൈദ്യുതോപകരണങ്ങൾ ഉപഭോക്താക്കൾക്ക് നൽകുന്നതുവഴിയും ഊർജ്ജ സംരക്ഷണത്തിന്റെ ആവശ്യകത വിവിധ ക്യാമ്പെയിനുകളിൽക്കൂടി ജനസമക്ഷം അറിയിക്കുന്നത് വഴിയും.

1. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഊർജ്ജക്ഷമ തയുള്ള 1.2 കോടി എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തിട്ടുണ്ട്.

2. ആലപ്പുഴ നഗരസഭയിൽ തെരുവ് വിളക്കുകൾ മാറ്റി എൽ.ഇ.ഡി. വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി പൂർത്തീകരിച്ചു.

3. പുതുക്കാട് നിയമസഭാമണ്ഡലത്തിൽ വല്ലച്ചിറ ഒന്നാംഘട്ടം പദ്ധതി പൂർത്തീകരിച്ചു. മട്ടത്തൂർ ഗ്രാമപഞ്ചായത്ത്, നെന്മാണിക്കര ഗ്രാമ പഞ്ചായത്ത്, വല്ലച്ചിറ ഗ്രാമപഞ്ചായത്ത് 2-ാം ഘട്ടം എന്നിവിട ങ്ങളിലെ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്ന തിനുള്ള പ്രാരംഭ നടപടികൾ പുരോഗമിക്കുന്നു.

4. 2016 ഡിസംബർ 14 ഊർജ്ജ സംരക്ഷണ ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം വിവിധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചു.

5. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എനർജി ഓഡിറ്റിംഗ് നടത്തുകയും ഊർജ്ജ സംരക്ഷണത്തിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. കൂടാതെ 4 ഇടങ്ങളിൽ എനർജി ഓഡിറ്റിംഗ് നടന്നുവരുന്നു.

6. നാഷണൽ സർവ്വീസ് സ്കീം, എനർജി കൺസർവേഷൻ സൊസൈറ്റി, വിവിധ റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവരുമായി ഒത്തുചേർന്ന് സംസ്ഥാനത്തുടനീളം നടത്തിയ വിവിധ ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ തുടർപ്രവർത്തനം നടക്കുന്നു.

7. സർക്കാർ പ്രഖ്യാപിച്ച സി.എഫ്.എൽ/സാധാരണ ബൾബുകൾ മാറ്റി എൽ.ഇ.ഡി. ആക്കുന്ന പദ്ധതിയുടെ പ്രാഥമിക നടപടികൾ പുരോഗമിക്കുന്നു. കൂടാതെ സംസ്ഥാനത്തെ തെരുവ് വിളക്കുകൾ മാറ്റി ഊർജ്ജക്ഷമതയുള്ള എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിക്കുന്ന പദ്ധതി പരിശോധിച്ചുവരുന്നു.

8. വടക്കാഞ്ചേരി നിയമസഭാമണ്ഡലത്തിൽ തെരുവ് വിളക്കുകൾ എൽ.ഇ.ഡി. ആക്കി മാറ്റുന്ന പദ്ധതി പുരോഗമിക്കുന്നു.

9. വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജ സംരക്ഷണത്തിനായി പത്തനംതിട്ടയിൽ ഹൈ വോൾട്ടേജ് ഡിസ്ട്രിബ്യൂഷൻ സമ്പ്രദായം (എച്ച്.വി.ഡി.എസ്.) പദ്ധതി പൂർത്തീകരിച്ചുവരുന്നു.

10. വൈദ്യുതി വിതരണ മേഖലയിൽ ഊർജ്ജ സംരക്ഷണത്തിനായി ഇടുക്കി ജില്ലയിൽ അടിമാലി ഡിവിഷനിൽ വിതരണ ട്രാൻസ്ഫോർമർ സ്റ്റേഷനുകളുടെ ഉന്നത സാങ്കേതിക നിലവാരത്തിലെത്തിക്കുന്ന നവീകരണ പദ്ധതി പൂർത്തീകരിച്ചു.

11. ഇടപ്പോൺ സബ്സ്റ്റേഷനിലെ എനർജി ഓഡിറ്റിംഗ് പൂർത്തീകരിച്ചു.

സൗരോർജ്ജ ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

ആർ.ഐ.ഡി.എഫ്., ഐ.പി.ഡി.എസ്. എന്നീ ഫണ്ടുകളിൽനിന്നും വിവിധ സൗരോർജ്ജ പദ്ധതികൾക്കായി ധനസഹായം നൽകുന്നത് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതിയുടെ പേര് | സ്ഥാപിത ശേഷി (മെഗാവാട്ട്) | ഫണ്ട് ടൈപ്പ് |
|---|---|---|---|
| 1 | കൊല്ലങ്കോട് | 1 | ഐ.പി.ഡി.എസ് |
| 2 | പോത്തൻകോട് | 2 | ആർ.ഐ.ഡി.എഫ് |
| 3 | മൂവാറ്റുപുഴ | 1.25 | ആർ.ഐ.ഡി.എഫ് |
| 4 | ഇടയാർ | 1.25 | ഐ.പി.ഡി.എസ് |
| 5 | തലകുളത്തൂർ | 0.65 | ആർ.ഐ.ഡി.എഫ് |
| 6 | ബാണാസുരസാഗർ (ഫ്ലോട്ടിംഗ് സോളാർ) | 0.50 | ആർ.ഐ.ഡി.എഫ് |
| 7 | കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള കെട്ടിടങ്ങളുടെ മേൽക്കൂരയിൽ | 2.49 | ഐ.പി.ഡി.എസ്. |

2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന സോളാർ വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) സ്ഥാപിക്കുന്നതിനായി 16.65 കോടി രൂപയുടെ പദ്ധതിയുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ, സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിന് 11.87 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകാൻ പദ്ധതിയുണ്ട്. 2017-18 സാമ്പത്തിക വർഷം അനെർട്ട് മുഖേന അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ ലഭ്യതാ പരിപാലനം എന്നിവ സംബന്ധമായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ നടത്താൻ പദ്ധതിയുണ്ട്. അക്ഷയ ഊർജ്ജ മേഖല സംബന്ധമായി പോർട്ടൽ സംവിധാനം ഒരുക്കുന്നതിനും ടോൾഫ്രീ നമ്പരിലൂടെ പൊതുജനങ്ങൾക്കുവേണ്ട നിർദ്ദേശങ്ങളും വിവരങ്ങളും ലഭ്യമാക്കുന്നതിനും കോൾ സെന്റർ ഫെസിലിറ്റി നടപ്പിലാക്കുന്നതിനും വിവിധ പ്രചരണ പരിപാടികൾ, സെമിനാറുകൾ, സഞ്ചരിക്കുന്ന പ്രദർശനശാലകൾ എന്നിവ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനും ദൃശ്യ-ശ്രവ്യ-പത്ര മാധ്യമങ്ങളിലൂടെ വേണ്ട പ്രചരണം നൽകുന്നതിനും ഉദ്ദേശിക്കുന്നു.

അനെർട്ട് മുഖേന 2016-17 വർഷത്തെ പദ്ധതിയുടെ ഭാഗമായി 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി-5000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സ്ഥാപിച്ചുനൽകാനും 1 കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള ഓഫ് ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ (ആകെ ശേഷി - 4000 കിലോവാട്ട്) കേന്ദ്ര-സംസ്ഥാന സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ചു നൽകാനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനും നിർമ്മാതാക്കളെ എംപാനൽ ചെയ്യുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉദ്ദേശിക്കുന്നു. കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങൾക്കും സംരംഭകർക്കും ഇൻസെന്റീവ് നൽകി അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വ്യാപകമായി പ്രചരിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ജില്ലാതലത്തിൽ ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും ഇന്റഗ്രേറ്റഡ് റിന്യൂവബിൾ എനർജി കോംപ്ലക്സുകൾ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധിതമാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുള്ള പരമാവധി സബ്സിഡി നൽകിവരുന്നു (50,000 രൂപ). ചെറുകിട വൈദ്യുത ഉപഭോക്താക്കൾക്ക് സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റിംഗ് നടത്തുന്ന പദ്ധതി നിലവിലുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ കേരളത്തിലെ 10 സർക്കാർ കെട്ടിടങ്ങൾ (കളക്ടറേറ്റ്/മെഡിക്കൽ കോളേജ്) സൗജന്യമായി ഊർജ്ജ ഓഡിറ്റ് നടത്താനായി ലക്ഷ്യമിടുന്നു. സർക്കാർ കെട്ടിടങ്ങളിൽ ഊർജ്ജ കാര്യക്ഷമത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി ഈ സാമ്പത്തിക വർഷം 60 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജ് കാമ്പസിലെ എല്ലാ കെട്ടിടങ്ങളിലും ഊർജ്ജ ഓഡിറ്റ് പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ പറഞ്ഞിരിക്കുന്ന ഊർജ്ജ കാര്യക്ഷമത കൂടിയ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന ഊർജ്ജ സംരക്ഷണ നിധിയിൽനിന്നും 1 കോടി രൂപ ചെലവഴിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. ഊർജ്ജ കാര്യക്ഷമത പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ മേഖലകളിലുള്ള സാങ്കേതിക വിദഗ്ദ്ധർക്ക് ശില്പശാലകളും പരിശീലന പരിപാടികളും തുടർച്ചയായി നടത്തിവരുന്നു.

കേരളത്തിൽ ഉപയോഗിക്കുന്ന 60 ഡീസൽ ജനറേറ്റർ സെറ്റുകളിലും 120 ബോയിലറുകളിലും ഊർജ്ജ കാര്യക്ഷമത പഠനം നടത്തുകയുണ്ടായി. തുടർന്ന് ഊർജ്ജ സംരക്ഷണ പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂളുകളിൽ സ്മാർട്ട് എനർജി പ്രോഗ്രാം, വീട്ടമ്മമാർക്കായി ഊർജ്ജ ക്ലിനിക് പരിപാടി, വിവിധ ഊർജ്ജ സംരക്ഷണ ബോധവത്കരണ പരിപാടികൾ എന്നിവ നടപ്പിലാക്കിവരുന്നു.

**ഊർജ്ജമിത്ര അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ**

273(671) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എല്ലാ നിയോജക മണ്ഡലങ്ങളിലും ഓരോ ഊർജ്ജമിത്ര അക്ഷയ ഊർജ്ജസേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ;

(ബി) പ്രസ്തുത സേവന കേന്ദ്രങ്ങളിലൂടെ ജനങ്ങൾക്ക് എന്തൊക്കെ സേവനങ്ങളാണ് നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. എല്ലാ നിയോജകമണ്ഡലങ്ങളിലും ഓരോ ഊർജ്ജമിത്ര അക്ഷയ ഊർജ്ജ സേവന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പദ്ധതി 'അനെർട്ട്' (ANERT)-ന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) 1. പൊതുജനങ്ങൾക്കും സ്ഥാപനങ്ങൾക്കും അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവ സ്ഥാപിക്കുന്നതിനുമുള്ള സാങ്കേതിക സഹായം ലഭ്യമാക്കുക.

2. അനെർട്ടിന്റെ 'സൗരവീഥി' മൊബൈൽ ആപ്പിൽ രജിസ്റ്റർ ചെയ്യുന്ന ഗുണഭോക്താക്കൾ സ്ഥാപിച്ചിട്ടുള്ള അക്ഷയ ഊർജ്ജ ഉപകരണങ്ങൾ ഒരു പ്രാവശ്യം സൗജന്യമായി പരിശോധിച്ച് ആവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുക.

3. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ റിപ്പയറും പരിപാലനവും ഉപഭോക്താക്കൾക്ക് സാധ്യമാക്കുക.

## വയനാട് ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണം പദ്ധതി

274(672) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തിൽ വയനാട് ജില്ലയിൽ ഇതിനകം എത്ര തുക ചെലവഴിച്ചിട്ടുണ്ട്;

(സി) അപ്രകാരം ചെലവഴിച്ച തുകയിൽ കേന്ദ്രസർക്കാർ വിഹിതം, സംസ്ഥാന സർക്കാർ വിഹിതം, എം.എൽ.എ./എം.പി. ഫണ്ട് തുടങ്ങിയ വിവിധ ഇനങ്ങളിൽ ലഭിച്ച തുകയുടെ കണക്ക് ലഭ്യമാക്കുമോ?

ഉത്തരം

(എ) വനംവകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ലാത്തതിനാൽ വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി താലൂക്കിൽപ്പെട്ട ചെട്ട്യാലത്തൂർ, മണിമുണ്ട, പുത്തൂർ, പാമ്പുംകൊല്ലി എന്നീ ആദിവാസി സെറ്റിൽമെന്റുകളിലെ 175 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകാൻ കഴിഞ്ഞിട്ടില്ല. ഇതൊഴികെ വയനാട് ജില്ലയിൽ ഈ പദ്ധതി പ്രകാരം രജിസ്റ്റർചെയ്ത എല്ലാ ഗുണഭോക്താക്കൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) പ്രാഥമിക കണക്കുകൾ പ്രകാരം വയനാട് ജില്ലയിലെ സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി 15.31 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) വിവിധ ഇനങ്ങളിൽ ലഭ്യമായ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | | തുക രൂപയിൽ |
|---|---|---|
| 1 | ഡി.ഡി.യു.ജി.ജെ.വൈ | 8,32,22,577 (കേന്ദ്ര വിഹിതം) |
| 2 | എം.എൽ.എ. ഫണ്ട് | 3,00,00,000 |
| 3 | എൽ.എസ്.ജി.ഡി. | 83,21,700 |
| 4 | എസ്.റ്റി. ഡിപ്പാർട്ട്മെന്റ് | 3,03,19,327 |
| 5 | കെ.എസ്.ഇ.ബി.എൽ. | 12,86,580 |

## വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തൽ

275(673) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനായി വൈദ്യുതി ബോർഡ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) എത്ര വീതം കിലോമീറ്റർ കെ.വി.ലൈനും എൽ.ടി.ലൈനും കൂടുതലായി സ്ഥാപിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ;

(സി) എത്ര നിയോജകമണ്ഡലങ്ങളിൽ സമ്പൂർണ്ണ വൈദ്യുതീകരണം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) വൈദ്യുതി ദുരുപയോഗം തടയുന്നതിനും വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിനായി പുതിയ 11 കെ.വി. ലൈനുകൾ നിർമ്മിക്കുക, ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, നിലവിലുള്ള സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ആക്കി മാറ്റുക, നിലവിലുള്ള കമ്പികൾ മാറ്റി കൂടുതൽ ശേഷിയുള്ള കമ്പികൾ പകരമായി സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി ചെയ്തുവരുന്നു. വൈദ്യുതി തടസ്സങ്ങൾ കുറയ്ക്കാനായി മരച്ചില്ലകൾക്കിടയിലൂടെ കടന്നുപോകുന്ന വൈദ്യുതി കമ്പികൾ ABC (Aerial Bunched Cable)/ ഭൂഗർഭ കേബിളുകൾ ഉപയോഗിച്ച് മാറ്റുക, പ്രതിഷ്ഠാപനങ്ങൾ (installation) നിശ്ചിത നിലവാരം (standards) പാലിച്ചുകൊണ്ടാണ് സ്ഥാപിക്കുന്നതെന്ന് ഉറപ്പുവരുത്തുക എന്നീ നടപടികളും സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 2876 കിലോമീറ്റർ 11 കെ. വി. ലൈൻ, 7198 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 3734 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3030 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ള തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. വൈദ്യുതിയുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും വൈദ്യുതി ശൃംഖല ശക്തിപ്പെടുത്തുന്നതിനുമായി നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുക, ശേഷി വർദ്ധിപ്പിക്കുക, പഴക്കംചെന്ന ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കുക, സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി 19 സബ്സ്റ്റേഷനുകളുടെയും 39 സബ്സ്റ്റേഷനുകളിൽ 274.67 സർക്യൂട്ട് കിലോമീറ്റർ പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. അതോടൊപ്പം സംസ്ഥാനത്തിനകത്ത് ലഭ്യമാകുന്ന വൈദ്യുതി പ്രസരണ നഷ്ടം കുറച്ച് വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനും സംസ്ഥാനത്തിന് പുറമേനിന്നുള്ള വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനുമായി വിപുലമായ ഒരു പ്രസരണ ശൃംഖലാ വികസന പദ്ധതിക്ക് ട്രാൻസ് ഗ്രിഡ് 2.0-ബോർഡ് രൂപം നൽകിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്ക് ഏകദേശം 10000 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

(സി) റവന്യൂ വകുപ്പിന്റെയും വനം വകുപ്പിന്റെയും അനുമതി ലഭിക്കാനുള്ള ഏതാനും ഉണഭോക്താക്കൾ ഒഴിച്ച് സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലുമുള്ള വീടുകൾക്കും വൈദ്യുതി എത്തിക്കാൻ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് വൈദ്യുതി മോഷണം, ദുരുപയോഗം തുടങ്ങിയ ക്രമക്കേടുകൾ കണ്ടെത്തുന്നതിനും തടയുന്നതിനും പ്രത്യേക സംവിധാനമുണ്ട്. ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ അവശ്യംവേണ്ട സജ്ജീകരണങ്ങളോടുകൂടി ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. ഇതിൽ എല്ലാ ജില്ലകളിലും പോലീസുകാർകൂടി ഉൾപ്പെട്ട 14 ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പറുകൾ നിലവിലുണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾകൂടി പരിശോധിച്ച് നടപടി സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് കണ്ടുപിടിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും കവർ ഇളക്കിമാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി മീറ്ററുകൾ സീൽ ചെയ്യുന്നുമുണ്ട്. എ.പി.റ്റി. സ്ക്വാഡുകൾക്ക് വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിന് ആവശ്യമായ ആധുനിക സംവിധാനങ്ങളുള്ള ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

## വൈദ്യുതി മേഖല മെച്ചപ്പെടുത്തൽ

276(674) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിനുശേഷം സംസ്ഥാനത്ത് വൈദ്യുതി ഉപഭോഗത്തിൽ എത്ര ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വൈദ്യുതി മേഖലയെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുകയെന്ന ലക്ഷ്യം കൈവരിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിനൊപ്പം പ്രസരണ ശൃംഖല ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്ത മാക്കാമോ?

<u>ഉത്തരം</u>

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ലക്ഷ്യമിട്ടത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഗാർഹിക ഉപഭോക്താക്കളെ ആണെന്നതിനാലും, മെച്ചപ്പെട്ടതും വൈദ്യുത ഉപഭോഗം കുറച്ചുമാത്രം ആവശ്യമുള്ള LED ബൾബുകളും മറ്റും ഉപഭോക്താക്കൾ ഉപയോഗിക്കുന്നത് കാരണവും പ്രസ്തുത പദ്ധതിമൂലം വൈദ്യുതി ഉപയോഗത്തിൽ കാര്യമായ വർദ്ധനവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി&സി) ഗുണമേന്മ, ലഭ്യത, സുരക്ഷ എന്നീ വിഷയങ്ങളിൽ, 2021-ഓടുകൂടി ലോക നിലവാരത്തിനൊപ്പം സംസ്ഥാനത്തെ വൈദ്യുത ശൃംഖലയെ എത്തിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. വിതരണ ശൃംഖലയുടെ മൊത്തത്തിലുള്ള നവീകരണം മുന്നിൽ കണ്ടുകൊണ്ട് ഓരോ ഇലക്ട്രിക്കൽ സർക്കിളുകളിലും ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറെയും ആ സർക്കിളിനുകീഴിൽ എത്ര ഇലക്ട്രിക്കൽ ഡിവിഷൻ ഉണ്ടോ അത്രയും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെയും ഉൾപ്പെടുത്തി പ്രത്യേക ടീം (പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ്) രൂപീകരിച്ചിട്ടുണ്ട്. ഈ പി.എം. യൂണിറ്റുകളാകും വിതരണ ഗ്രിഡിന്റെ നവീകരണ പദ്ധതികളുടെ മേൽനോട്ടം വഹിക്കുക. 2017-22-ലെ പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ അടുത്ത നാല് വർഷത്തേയ്ക്ക് വേണ്ടിയുള്ള സമഗ്രമായ ആസൂത്രണമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. എച്ച്.റ്റി. ശൃംഖല വികസനത്തിനും എൽ.റ്റി. പ്രാദേശിക വിതരണ ലൈനുകളുടെ വികസനത്തിനും പ്രത്യേകം പദ്ധതികൾ തയ്യാറാക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. വിതരണ മേഖലയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 663183 സർവ്വീസ് കണക്ഷനുകൾ നൽകുകയും 2876 കിലോമീറ്റർ 11 കെ.വി. ലൈൻ 7198 കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവ നിർമ്മിക്കുകയും 3734 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3030 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീഫേസ് ലൈൻ ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. പുതിയ സർവ്വീസ് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കുകയും തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്ന രീതിയും ഏർപ്പെടുത്തി. ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിനായി വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.

2. വൈദ്യുതിതടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി.

3. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാന മൊട്ടാകെ വ്യാപിപ്പിക്കുന്ന പദ്ധതി.

4. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ (സി.ഡി.എം.) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുന്ന പദ്ധതി.

5. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാരുടെ സ്ഥലംമാറ്റം ഓൺലൈനായി നടപ്പിൽവരുത്താനുള്ള സംവിധാനം.

6. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷ മമാക്കാനുള്ള പദ്ധതി.

7. വൈദ്യുതി ബിൽ അടയ്ക്കാനുള്ള സംവിധാനത്തോടെയുള്ള മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിക്കുന്ന പദ്ധതി.

8. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്നും ഓൺ ലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം

9. ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയി ക്കുന്നതിനുംവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനവുമായി ബന്ധപ്പെടാൻ വേണ്ടി 1912 എന്ന ടോൾഫ്രീ നമ്പർ സംവിധാനം.

10. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) എന്ന ഇ-വാലറ്റ് വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

11. അപ്ന സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കാനുള്ള സൗകര്യം.

12. Whats app എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

13. സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ്‌വെയർ മുഖേന വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും അതത് ഓഫീസുകളിലും ഉന്നത ഓഫീസുകളിലും വിലയിരുത്തി തുടർ നടപടി കൈക്കൊള്ളാനും അപകട സാധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്ത് തുടർ നടപടിക്ക് ആരംഭം കുറിക്കാനുമുള്ള സംവിധാനം

14. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽനിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.യി-ലേയ്ക്ക് വരവ്‌വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

15. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി.' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിച്ചു.

കെ.എസ്.ഇ.ബി.-യുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി പ്രസരണ മേഖലയിൽ നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുക, ശേഷി വർദ്ധിപ്പിക്കുക, പഴക്കംചെന്ന ഉപകരണങ്ങൾ മാറ്റി പുതിയവ സ്ഥാപിക്കുക, സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമെന്ന് കാണുന്ന സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു. ഇപ്രകാരം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെയായി 19 സബ്സ്റ്റേഷനുകളുടെയും 274.67 സർക്യൂട്ട് കി.മീ. പ്രസരണ ലൈനുകളുടെയും നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്തു. അതോടൊപ്പം സംസ്ഥാനത്തിനകത്ത് ലഭ്യമാകുന്ന വൈദ്യുതി പ്രസരണനഷ്ടം കുറച്ച് വിവിധ പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനും പുറമേ നിന്നുള്ള വൈദ്യുതി ഇറക്കുമതിശേഷി വർദ്ധിപ്പിക്കുന്നതിനുമായി വിപുലമായ ഒരു പ്രസരണ ശൃംഖലാ വികസന പദ്ധതിക്ക് (ട്രാൻസ്ഗ്രിഡ് 2.0) ബോർഡ്‌രൂപം നൽകിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിക്ക് ഏകദേശം 10,000 കോടി രൂപയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്.

## ആലത്തൂരിൽ സമ്പൂർണ്ണ വൈദ്യുതീകരണം

277(675) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ആലത്തൂർ നിയോജക മണ്ഡലത്തിലെ എത്ര വീടുകൾ വൈദ്യുതീകരിച്ചെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എത്ര തുക ചെലവാക്കിയെന്നും കെ.സ്.ഇ.ബി. എത്ര തുക ചെലവാക്കിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി ആലത്തൂർ നിയോജകമണ്ഡലത്തിലെ വൈദ്യുതീകരിച്ച വീടുകളുടെ എണ്ണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ചെലവാക്കിയ തുകയുടെയും പഞ്ചായത്തുതിരിച്ചുള്ള വിശദാംശവും താഴെ ചേർക്കുന്നു :

| ക്രമ നമ്പർ | പഞ്ചായത്ത് | വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം | ചെലവാക്കിയ തുക (രൂപയിൽ) |
|---|---|---|---|
| 1 | ആലത്തൂർ | 107 | 1,28,740 |
| 2 | എരിമയൂർ | 169 | തുക ലഭ്യമായിട്ടില്ല |
| 3 | കുഴൽമന്ദം | 128 | 2,00,580 |
| 4 | തേങ്കുറിശ്ശി | 305 | 3,30,000 |
| 5 | കിഴക്കാഞ്ചേരി | 207 | 6,85,275 |
| 6 | വണ്ടാഴി | 292 | 5,00,000 |
| 7 | മേലാർക്കോട് | 167 | 2,25,000 |
| | ആകെ | 1375 | 20,69,595 |

കെ.എസ്.ഇ.ബി. ലിമിറ്റഡ് ചെലവാക്കിയ തുക സംബന്ധിച്ച കണക്കുകൾ പരിശോധിച്ചുവരുന്നു.

## സമ്പൂർണ്ണ വൈദ്യുതീകരണം

278(676) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബജറ്റിൽ പ്രഖ്യാപിച്ച പ്രകാരം മാർച്ച് 31-നുമുമ്പ് എല്ലാ വീടുകളും വൈദ്യുതീകരിക്കും എന്നത് യാഥാർത്ഥ്യമാക്കിയോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചു എന്ന് അറിയിക്കുമോ;

(സി) എല്ലാ വീടുകളിലും, പൊതുസ്ഥലങ്ങളിലും ഫിലമെന്റ് സി.എഫ്.എൽ. ബൾബുകൾക്ക് പകരം എൽ.ഇ.ഡി. ബൾബുകൾ നൽകുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ഡി) പൊതുനിരത്തുകളിലെ ബൾബുകൾ എൽ.ഇ.ഡി.യി ലേയ്ക്ക് മാറ്റുന്ന നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുക എന്ന ലക്ഷ്യത്തോടുകൂടി സർക്കാർ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഒരു ലക്ഷത്തി അൻപത്തിരണ്ടായിരത്തോളം ഗുണഭോക്താക്കൾ പദ്ധതിയിൽ രജിസ്റ്റർ ചെയ്യുകയും 150807 വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുകയും ചെയ്തു. റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതും വനംവകുപ്പിന്റെ അനുമതി ലഭിക്കാനുള്ളതുമായ ഏതാനും ഗുണഭോക്താക്കൾ ഒഴിച്ച് സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലത്തിലുമുള്ള വീടുകൾക്കും വൈദ്യുതി എത്തിക്കാൻ ഈ പദ്ധതി പ്രകാരം സാധിച്ചിട്ടുണ്ട്. 29-5-2017-ന് കേരളത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചു.

(ബി) പ്രാഥമിക കണക്കുകൾ പ്രകാരം ഏകദേശം 175 കോടി രൂപ ചെലവഴിച്ചു.

(സി) സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി. മിഷൻ പങ്കാളികളായ ഇ.ഇ.എസ്.എൽ. എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്സ് എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തുവരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ.ഇ.ഡി. ബൾബുകൾവീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ ഒന്നേകാൽ കോടിയിലേറെ ബൾബുകൾ വിതരണംചെയ്തു

കഴിഞ്ഞു. നോൺ പേയിംഗ് വിഭാഗക്കാർ (2) ബി.പി.എൽ വിഭാഗക്കാർ (1000 വാട്ടിന് താഴെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റിനു താഴെ ഉപഭോഗവും ഉള്ള വിഭാഗക്കാർ) എന്നിവർക്ക് രണ്ട് ബൾബുകൾ വീതം സൗജന്യമായാണ് നൽകുന്നത്.

(ഡി) സംസ്ഥാനത്ത് MLA-LAD സ്കീം മുഖാന്തരം കെ.എസ്.ഇ.ബി.എൽ. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിലെ പൊതുനിരത്തുകളിലെ ബൾബുകൾ എൽ.ഇ.ഡി.യിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കി വരുന്നു. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മുഴുവനായും വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഒന്നാംഘട്ട പദ്ധതിയും ഇപ്രകാരം പൂർത്തീകരിച്ചിട്ടുണ്ട്. വല്ലച്ചിറ ഗ്രാമപഞ്ചായത്ത് രണ്ടാം ഘട്ടം, തിരുവനന്തപുരം കോർപ്പറേഷൻ, വടക്കാഞ്ചേരി നിയോജക മണ്ഡലം, നെന്മാണിക്കര ഗ്രാമപഞ്ചായത്ത്, മട്ടത്തൂർ ഗ്രാമപഞ്ചായത്ത് തുടങ്ങിയയിടങ്ങളിൽ എൽ.ഇ.ഡി. തെരുവ് വിളക്ക് പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനത്തെ മുഴുവൻ തെരുവ് വിളക്കുകളും എൽ.ഇ.ഡി. ആക്കി മാറ്റുന്നതിന് നാല് വർഷംകൊണ്ട് പൂർത്തീകരിക്കാനുദ്ദേശിക്കുന്ന ഏകദേശം 538 കോടിയോളം മുതൽമുടക്ക് പ്രതീക്ഷിക്കുന്ന കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച പദ്ധതി പരിശോധിച്ചുവരുന്നു.

## സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

279(677) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പൂർത്തിയാക്കുന്നതിന് എത്ര രൂപ ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രാഥമിക കണക്കുകൾ പ്രകാരം സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി ഏകദേശം 175 കോടി രൂപയാണ് ചെലവാക്കിയത്.

## സമ്പൂർണ്ണ വൈദ്യുതീകരണം

280(678) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സമ്പൂർണ്ണ വൈദ്യുതീകരണ പരിപാടിക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) ഓരോ നിയോജക മണ്ഡലത്തിലും പ്രസ്തുത പദ്ധതിക്കായി നിയമസഭാ സമാജികരും വകുപ്പും എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഏറനാട് നിയോജക മണ്ഡലത്തിൽ ഇനിയും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത പ്രദേശങ്ങളിൽ വൈദ്യുതീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 മേയ് 29-ന് കേരളത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 1. സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്, വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച കണക്കുകൾ ലഭിക്കുന്നതിനുവേണ്ട സംവിധാനങ്ങൾ തയ്യാറാക്കുകയും അപേക്ഷകർ Missed Call നൽകുമ്പോൾ കെ.എസ്.ഇ.ബി.യുടെ " Customer Care Centre" -ലെ ഓപ്പറേറ്റർ ഗുണഭോക്താവിനെ ബന്ധപ്പെട്ട് അപേക്ഷ രജിസ്റ്റർ ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

2. വൈദ്യുത കണക്ഷൻ ലഭിക്കുന്നതിനുള്ള താലതാമസം ഒഴിവാക്കാൻവേണ്ടി സർവ്വീസ് കണക്ഷൻ നടപടി ലഘൂകരിക്കുകയും വെറും രണ്ട് രേഖകൾ ( തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുകയും ചെയ്തു. 100 sq.m. വരെയുള്ള വീടുകൾക്ക് ഉടമസ്ഥാവകാശരേഖ ഒഴിവാക്കിക്കൊണ്ടും 1500 sq.ft. വരെയുള്ള വീടുകൾക്ക് താത്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുത കണക്ഷൻ നൽകുന്നതിനുവേണ്ട നടപടി സ്വീകരിച്ചു.

3. എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി ഉപയോഗിക്കാമെന്നുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കുകയും ആ ഫണ്ട് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലൂടെ വൈദ്യുത വിതരണ ശൃംഖല വിപുലപ്പെടുത്തുന്നതിനായി വിനിയോഗിക്കുകയും ചെയ്തു. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കുവേണ്ടി കെ.എസ്.ഇ.ബി.

വഹിക്കുന്ന തുക കൂടാതെയുള്ള ഫണ്ട് തദ്ദേശസ്വയംഭരണ വകുപ്പ്, പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ, നിയമസഭാംഗങ്ങളുടെ പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട്, സന്നദ്ധ സംഘടനകൾ നൽകുന്ന തുക എന്നിവയിൽനിന്ന് കണ്ടെത്താൻ തീരുമാനിച്ചു.

4. വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോത്പാദനവും വിതരണവും (DDG) വഴി വൈദ്യുതി ലഭ്യമാക്കാൻ ANERT, EMC എന്നീ സ്ഥാപനങ്ങളെ പദ്ധതിയിൽ പങ്കാളികളാക്കി. തങ്ങളുടെ വീട് വയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility-യിൽ പ്പെടുത്തി ആയതിനുള്ള പണം കണ്ടെത്താമെന്ന പ്രതീക്ഷയിൽ വയറിംഗ് പൂർത്തിയാക്കാത്ത BPL, ST കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബി. ഏറ്റെടുത്ത് പൂർത്തിയാക്കി.

5. 1,50,807 കണക്ഷനുകൾ നൽകിയാണ് സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിച്ചത്.

(സി) MLA ഫണ്ട്, ADS, SDF, മറ്റ് ധനസഹായങ്ങൾ, കെ.എസ്.ഇ.ബി.-യുടെ ഫണ്ട് തുടങ്ങി വിവിധ സ്രോതസ്സുകളിൽനിന്നും ധനസമാഹരണം നടത്തിയാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പാക്കിയത്. ഇതുവരെ ലഭ്യമായ തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) ഏറനാട് നിയോജക മണ്ഡലത്തിൽ നിലമ്പൂർ ഇലക്ട്രിക്കൽ സർക്കിളിന് കീഴിൽ വരുന്ന അകമ്പാടം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന അന്നുണ്ട, താന്നിപ്പൊയിൽ, ചൂരത്തോട്, പെരുവമ്പാടം, മാലൊടി എന്നീ പ്രദേശങ്ങളിലെ 11 വ്യക്തികൾക്ക് ഫോറസ്റ്റ് ക്ലിയറൻസ് ലഭ്യമല്ലാത്തതുകാരണം വൈദ്യുതി കണക്ഷൻ നൽകുവാൻ സാധിച്ചിട്ടില്ല. ഫോറസ്റ്റ് ക്ലിയറൻസ് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വൈദ്യുതി നിരക്ക് വർദ്ധന

281(679) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത നാല് വർഷത്തെ വൈദ്യുതി നിരക്ക് വർദ്ധന ഒന്നിച്ച് പ്രഖ്യാപിക്കുവാൻ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇന്ധന സർചാർജ്ജായി യൂണിറ്റിന് എത്ര പൈസവീതം വർദ്ധിപ്പിക്കണമെന്നാണ് വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിട്ടുള്ളത്; ഇതിന്മേൽ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) കഴിഞ്ഞ ഏപ്രിൽ മുതൽ ജൂൺ വരെയുള്ള കാലഘട്ടത്തിൽ ബോർഡ് പുറത്തുനിന്ന് ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങിയിട്ടുണ്ടോ; ആ ഇനത്തിൽ ഉണ്ടായ അധികച്ചെലവ് എത്രയാണ്; ഇത് ഈടാക്കുന്നതിനായിട്ടാണോ ഇന്ധന ചാർജ്ജ് വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) 2017 ഏപ്രിൽ 1 മുതൽ 2017 ജൂൺ 30 വരെയുള്ള കാലയളവിലേയ്ക്ക്, ഇന്ധന സർചാർജ്ജായി 74.60 കോടി രൂപ അനുവദിക്കണമെന്നും ടി തുക യൂണിറ്റിന് 14 പൈസ നിരക്കിൽ ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നതിന് അനുവദിക്കണമെന്നുമാണ് കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് ആവശ്യപ്പെട്ടിട്ടുള്ളത്. കൂടാതെ, 2017 ജൂലൈ 1 മുതൽ 2017 സെപ്റ്റംബർ 30 വരെയുള്ള കാലയളവിലേയ്ക്ക്, 19.74 കോടി രൂപയും ഇന്ധന സർചാർജ്ജായി അനുവദിക്കണമെന്നും ടി തുക യൂണിറ്റിന് 3.98 പൈസ നിരക്കിൽ അനുവദിക്കണമെന്നും വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിട്ടുണ്ട്. ടി ആവശ്യം കമ്മീഷൻ പരിശോധിച്ചു വരുന്നു.

(സി) 2017-18 സാമ്പത്തിക വർഷം (ഏപ്രിൽ-ജൂൺ) കാലയളവിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പുറത്തുനിന്നും വൈദ്യുതി വാങ്ങിയിട്ടുണ്ട്. ഈ കാലയളവിൽ ശരാശരി 3 രൂപ 84 പൈസ നിരക്കിലാണ് വൈദ്യുതി വാങ്ങിയിരിക്കുന്നത്. ഈ ഇനത്തിൽ ഏകദേശം 1884 കോടി രൂപ ചെലവായിട്ടുണ്ട്. 2014-ലെ താരിഫ് റെഗുലേഷന്റെ 88-ാം റെഗുലേഷനിൽ പ്രതിപാദിച്ചിരിക്കുന്ന ഇന്ധന സർചാർജ്ജ് റെഗുലേഷൻ പ്രകാരം കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സ്രോതസ്സുകളിൽനിന്നും വാങ്ങുന്ന വൈദ്യുതിയുടെ ഇന്ധന വിലയിലെ വ്യതിയാനത്തിന്റെ

അധിക ബാധ്യത ഈടാക്കാനാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഇതുപ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 2017-18 സാമ്പത്തിക വർഷത്തിലുണ്ടായ അധിക ബാധ്യതയായ 74.60 കോടി രൂപയുടെ കണക്ക് റെഗുലേറ്ററി കമ്മീഷന് മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വിഷയത്തിന്മേൽ അന്തിമ ഉത്തരവ് കമ്മീഷൻ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല.

## 10 ചെയിൻ മേഖലയിലുള്ളവർക്ക് പട്ടയം

282(680) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ 6 പഞ്ചായത്തുകളുടെ പരിധിയിൽ വരുന്ന 10 ചെയിൻ മേഖലയിൽ ഉള്ളവർക്ക് പട്ടയം നൽകരുതെന്ന് വൈദ്യുതി ബോർഡ് ശിപാർശ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ശിപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത ശിപാർശ വൈദ്യുതി ബോർഡ് നൽകുവാനുണ്ടായ സാഹചര്യം എന്തെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) ജലസംഭരണിയുടെ ജലനിരപ്പിന് മുകളിൽ 10 ചെയിൻ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടക്കുന്നത് മണ്ണൊലിപ്പിനും അതുവഴി ജല സംഭരണിയുടെ ശേഷിക്കുറവിനും കാരണമാകുമെന്നതാണ് ഇത്തരമൊരു ശിപാർശയ്ക്ക് കാരണമായത്. ഇതോടൊപ്പം മുല്ലപ്പെരിയാർ ഡാമിൽനിന്നും കരകവിഞ്ഞൊഴുകുന്ന ജലം സംഭരിക്കുന്നതിനോടൊപ്പം പ്രസ്തുത ഡാമിന് എന്തെങ്കിലും കേടുപാടുകൾ ഉണ്ടായാൽ ഉണ്ടാകുന്ന അധിക ജലപ്രവാഹം ഉൾക്കൊള്ളാനുള്ള ശേഷിയും ഇടുക്കി ജലസംഭരണിയിൽ നിലനിർത്തേണ്ടതുണ്ട്. ഈ പ്രാധാന്യവും ശിപാർശയിൽ കണക്കിലെടുത്തിട്ടുണ്ട്.

## ഹൈഡൽ ടൂറിസം പദ്ധതി ജീവനക്കാർക്ക് ശമ്പള വർദ്ധനവ്

283(681) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈഡൽ ടൂറിസം പദ്ധതിയിലെ ജീവനക്കാർക്ക് ശമ്പള വർദ്ധനവ് സംബന്ധിച്ച് യൂണിയനുമായി ചർച്ചചെയ്ത് എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കി യോയെന്ന് വ്യക്തമാക്കുമോ;

(ബി) നടപ്പിലാക്കിയെങ്കിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടില്ലെങ്കിൽ ഉടൻ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മിനിട്സ് തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടി ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ നടപ്പാക്കേണ്ടതുണ്ട്. അടുത്ത ഗവേണിംഗ് ബോഡി യോഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## ഹൈഡൽ ടൂറിസം ജീവനക്കാർക്ക് സ്ഥാനക്കയറ്റം

284(682) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈഡൽ ടൂറിസം ജീവനക്കാർക്ക്, സംഘടനകളുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ, യോഗ്യതയ്ക്കനുസരിച്ച് സ്ഥാനക്കയറ്റം കൊടുക്കുന്നതിനുള്ള തീരുമാനം നടപ്പിലാക്കിയോയെന്ന് വ്യക്തമാക്കാമോ;

(ബി) ആയത് നടപ്പിലാക്കിയെങ്കിൽ ആർക്കൊക്കെയാണ് സ്ഥാനക്കയറ്റം നൽകിയതെന്നും, എന്ത് യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നൽകിയതെന്നും വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ആയത് എന്ന് നടപ്പിലാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) സംഘടനകളുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ മിനിട്സ് തയ്യാറാക്കിയിട്ടുണ്ട്. അതനുസരിച്ചുള്ള നടപടി ഗവേണിംഗ് ബോഡിയുടെ അംഗീകാരത്തോടെ നടപ്പാക്കേണ്ടതുണ്ട്. അടുത്ത ഗവേണിംഗ് ബോഡി യോഗം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

## ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതി

285(683) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(സി) കാലതാമസം ഒഴിവാക്കി ഹൈഡൽ ടൂറിസം പദ്ധതി ഇടമലയാറിൽ നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന് വനം വകുപ്പിന്റേതടക്കം വിവിധ അനുമതികൾ ലഭ്യമാക്കി പദ്ധതി നടപ്പിലാക്കാൻവേണ്ട നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പെരിങ്ങൽകുത്തിലെ ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ**

286(684) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി മണ്ഡലത്തിലെ പെരിങ്ങൽകുത്തിലെ കെ.എസ്.ഇ.ബി.-യുടെ ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി നവീകരിച്ച് ടൂറിസ്റ്റുകൾക്ക് താമസസൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായി നേരത്തെ നടപ്പിലാക്കിയിരുന്ന ബോട്ടിംഗ് പുനരാരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. പെരിങ്ങൽകുത്തിലെ ഉപയോഗശൂന്യമായ ക്വാർട്ടേഴ്സുകൾ നവീകരിക്കുന്നതിനായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിവരുന്നു.

(ബി) ബോട്ടിംഗിന് വനംവകുപ്പിൽനിന്നുള്ള തടസ്സമുണ്ട്. ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കെ.എസ്.ഇ.ബി. നടപ്പിലാക്കിയ പദ്ധതികൾ**

287(685) ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവരസാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തി വൈദ്യുതിമേഖലയിൽ കെ.എസ്.ഇ.ബി. കഴിഞ്ഞവർഷം നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ഉൽപ്പാദനമേഖലയിൽ കെ.എസ്.ഇ.ബി. ആവിഷ്ക്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്; അതിന്റെ നിലവിലുള്ള അവസ്ഥ വിശദീകരിക്കുമോ ;

(സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ ;

(ഡി) സംസ്ഥാനത്തെ പല മേഖലകളിലും, പ്രത്യേകിച്ച് പല ആദിവാസി മേഖലകളിലും വൈദ്യുതി എത്തിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഇടുക്കി, പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ ഒറ്റപ്പെട്ട രണ്ടായിരത്തോളം വീടുകളെ സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതീകരിക്കും എന്ന പ്രഖ്യാപനം പൂർണ്ണതോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് നടപ്പിലാക്കുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വൈദ്യുതി മേഖലയിൽ കെ.എസ്.ഇ.ബി. കഴിഞ്ഞ വർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് :

1. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി.
2. വൈദ്യുതിതടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന 'ഊർജ്ജ്-ദൂത്' പദ്ധതി.
3. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാന മൊട്ടാകെ വ്യാപിപ്പിക്കുന്ന പദ്ധതി.
4. ക്യാഷ് ഡെപ്പോസിറ്റ് മെഷീനുകൾ (സി.ഡി.എം.) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 5 സ്ഥലങ്ങളിൽ സ്ഥാപിച്ച് പ്രവർത്തന ക്ഷമമാക്കുന്ന പദ്ധതി.
5. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി.

6. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽനിന്ന് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കുവാനുള്ള സംവിധാനം.

7. ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനും അപകടങ്ങളും മറ്റ് അടിയന്തര സാഹചര്യങ്ങളും അറിയിക്കുന്നതിനുംവേണ്ടി 24 മണിക്കൂറും പ്രവർത്തിക്കുന്ന കേന്ദ്രീകൃത ഉപഭോക്തൃ സേവന സംവിധാനവുമായി ബന്ധപ്പെടാൻവേണ്ടി 1912 എന്ന ടോൾഫ്രീ നമ്പർ സംവിധാനം.

8. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ) എന്ന ഇ-വാലറ്റ് വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കുവാനുള്ള സൗകര്യം.

9. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതുസേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

10. Whats app എന്ന സോഷ്യൽ മീഡിയ സംവിധാനം വഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം.

11. സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) സോഫ്റ്റ് വെയർ മുഖേന വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാനും സുരക്ഷാ ഉപകരണങ്ങളുടെ ലഭ്യതയും അവസ്ഥയും അതത് ഓഫീസുകളിലും ഉന്നത ഓഫീസുകളിലും വിലയിരുത്തി തുടർ നടപടി കൈക്കൊള്ളാനും അപകടസാധ്യതയുള്ള വൈദ്യുത പ്രതിഷ്ഠാപനങ്ങളെക്കുറിച്ച് ബോർഡിന്റെ സേഫ്റ്റി ഓഫീസർമാർക്ക് റിപ്പോർട്ടുചെയ്ത് തുടർ നടപടിക്ക് ആരംഭം കുറിക്കാനുമുള്ള സംവിധാനം

12. വൈദ്യുതി ബിൽ തുക ഉപഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിന്നും യഥാസമയം നേരിട്ട് കെ.എസ്.ഇ.ബി.യിലേയ്ക്ക് വരവ് വയ്ക്കുന്ന എൻ.എ.സി.എച്ച്. പദ്ധതി കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ പേമെന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എൻ.പി.സി.ഐ.) നടപ്പാക്കിയ നാഷണൽ ഓട്ടോമേറ്റഡ് ക്ലിയറിംഗ് ഹൗസ് മുഖേന കോർപ്പറേഷൻ ബാങ്ക് വഴി നടപ്പിലാക്കി.

13. മൊബൈൽ നമ്പർ മാത്രം ഉപയോഗിച്ച് വൈദ്യുതി ബിൽ തുക അടയ്ക്കാൻ കഴിയുന്ന 'കെ.എസ്.ഇ.ബി.' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ ഉപഭോക്താക്കൾക്കായി സമർപ്പിച്ചു.

(ബി) വൈദ്യുതി ഉത്പാദന മേഖലയിൽ കെ.എസ്.ഇ.ബി. ആവിഷ്കരിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികളുടെ വിശദാംശങ്ങളും നിലവിലുള്ള അവസ്ഥയും അനുബന്ധം (I), (II)ആയി ചേർക്കുന്നു.*

(സി) അതിരപ്പിള്ളി ജലവൈദ്യുത പദ്ധതിക്കെതിരായി ചില ആശങ്കകൾ ഉയർത്തിക്കൊണ്ട് ചില പരിസ്ഥിതി സംഘടനകളും പ്രക്ഷോഭരംഗത്തുണ്ട്. ഇത്തരം ആശങ്കകൾ അകറ്റി സമവായത്തിലൂടെ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സമ്പൂർണ്ണ വൈദ്യുതീകരണത്തിന്റെ ഭാഗമായി സംസ്ഥാനത്തുള്ള വീടുകൾക്ക് വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ചില ആദിവാസി ഊരുകളിൽ ഫോറസ്റ്റ് അധികൃതരിൽനിന്നുള്ള അനുമതി ലഭിക്കാതിരുന്നത് കാരണവും മറ്റ് ചില തടസ്സങ്ങൾ കാരണവും വൈദ്യുതി എത്തിക്കാൻ സാധിക്കാതിരുന്നിട്ടുണ്ട്. ചില സ്ഥലങ്ങളിൽ സോളാർ പദ്ധതിയിലൂടെ വൈദ്യുതി ലഭ്യമാക്കാൻ ശ്രമിച്ചെങ്കിലും സോളാറിനോടുള്ള ഗുണഭോക്താക്കളുടെ എതിർപ്പുകാരണം വൈദ്യുതി എത്തിക്കാൻ സാധിച്ചില്ല.

(ഇ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ഭാഗമായി അനെർട്ട് ഇതിനകം ഇടുക്കി ജില്ലയിൽ 1625 വീടുകളും പാലക്കാട് ജില്ലയിൽ 681 വീടുകളും വയനാട് ജില്ലയിൽ 16 വീടുകളും സൗരോർജ്ജ സംവിധാനംവഴി വൈദ്യുതീകരിച്ച് കഴിഞ്ഞു.

## കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന സംസ്ഥാന വൈദ്യുത മന്ത്രിമാരുടെ യോഗം

288(686) ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിൽ വച്ച് നടന്ന സംസ്ഥാന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം സ്വീകരിച്ച നിലപാടുകളും ഉന്നയിച്ച ആവശ്യങ്ങളും എന്തൊക്കെയായിരുന്നു;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) വൈദ്യുതി മേഖലയെ വിഭജിക്കണമെന്ന നിർദ്ദിഷ്ട കേന്ദ്ര നിയമഭേദഗതി വഴി വാണിജ്യവത്ക്കരണത്തിനു ആക്കംകൂട്ടി കേരളം പോലെയുള്ള സംസ്ഥാനങ്ങളിൽ നിലനിൽക്കുന്ന പൊതുമേഖലാ വൈദ്യുതി കമ്പനികളെ പ്രതിസന്ധിയിലാക്കാനുള്ള നീക്കത്തിൽനിന്നും പിൻതിരിയാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) വിവിധ തലങ്ങളിൽ മദ്ധ്യവർത്തി കമ്പനികൾ രൂപീകരിക്കണമെന്ന നിർദ്ദേശം പൊതുമേഖലയുടെ മുതൽമുടക്കിൽ സ്വകാര്യ മേഖലയ്ക്ക് ലാഭം കൊയ്യാൻ വേണ്ടിയുള്ള സംവിധാനമയി മാറാനിടയുള്ള കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ മറുപടി എന്തായിരുന്നുവെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ ആഭിമുഖ്യത്തിൽ ന്യൂഡൽഹിയിൽവച്ച് നടന്ന വൈദ്യുതി മന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാനം ഉന്നയിച്ച ആവശ്യങ്ങളിൽ പ്രധാനമായവ താഴെ കൊടുത്തിരിക്കുന്നു :

1. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കുമാത്രം (25 മെഗാവാട്ടിൽ താഴെയുള്ള പദ്ധതികൾക്ക്) നൽകുന്ന ധനസഹായം എല്ലാ പദ്ധതികൾക്കും ലഭ്യമാക്കുക.

2. ഡാമുകൾ, കനാലുകൾ, റിസർവ്വോയറുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾക്ക് മെഗാവാട്ടിന് കുറഞ്ഞത് 2 കോടി രൂപ നിരക്കിൽ സഹായം നൽകുക.

3. വൈദ്യുത സ്മാർട്ട് മീറ്ററുകൾക്കായി ഒരു കേന്ദ്ര പദ്ധതി നടപ്പിലാക്കുക.

4. വൈദ്യുതി-വാഹനങ്ങൾക്കുവേണ്ട ചാർജിംഗ് സ്റ്റേഷൻ നടപ്പിലാക്കുന്നതിന് ധനസഹായം നൽകുക.

5. സമ്പൂർണ്ണ വൈദ്യുതീകരണം നേരത്തേ കൈവരിച്ച എന്ന കാരണത്താൽ അത് ലക്ഷ്യമാക്കി കേന്ദ്ര ഗവൺമെന്റ് പൊതുവേ നടപ്പിലാക്കുന്ന പദ്ധതികളുടെ ആനുകൂല്യങ്ങൾ സംസ്ഥാനത്തിന് നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നത് തടയുക.

6. കേരളത്തിന്റെ വൈദ്യുതി ഇറക്കുമതി ആവശ്യം പരിഗണിക്കുമ്പോൾ പ്രസരണ ഇടനാഴികളുടെ ശേഷി 3500 മെഗാവാട്ട് വേണ്ടിവരുമെന്നതിനാൽ പുതിയ പ്രസരണ ലൈനുകളെക്കുറിച്ചുള്ള തീരുമാനങ്ങളിൽ കേരളം നേരിടുന്ന മേൽപ്പറഞ്ഞ അപര്യാപ്തത പരിഗണിച്ച് വേണ്ട നടപടി സ്വീകരിക്കണം.

7. ഡി.ഡി.യു.ജി.ജെ.വൈ., ഐ.പി.ഡി.എസ്. തുടങ്ങിയ കേന്ദ്ര പദ്ധതികൾ ഡിസംബർ 2018-ന് ശേഷവും നിലനിർത്തണം.

8. വൈദ്യുതി നിയമഭേദഗതി നീക്കത്തിൽനിന്നും പിന്തിരിയുകയും സംസ്ഥാനത്തിന്റെ വൈദ്യുതി ഘടന നിർണ്ണയിക്കാൻ സംസ്ഥാനത്തിന് അധികാരം നൽകുകയും ചെയ്യുക.

(ബി) ഉണ്ട്.

(സി) സംസ്ഥാനത്തുള്ള ചെലവ് കുറഞ്ഞ ജലവൈദ്യുത പദ്ധതികളിൽനിന്നും കേന്ദ്ര പൂളിൽനിന്നും ലഭിക്കുന്ന വൈദ്യുതി ഉപയോഗിച്ചാണ് കെ.എസ്.ഇ.ബി. ലിമിറ്റഡ് സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കും (200 യൂണിറ്റിന് താഴെ), കാർഷിക ഉപഭോക്താക്കൾക്കും അനാഥാലയങ്ങൾക്കും കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നത്. എന്നാൽ സംസ്ഥാനത്ത് ലഭ്യമാക്കുന്ന മേൽപ്പറഞ്ഞ സ്രോതസ്സുകളിൽ നിന്നുള്ള ചെലവ് കുറഞ്ഞ വൈദ്യുതി, ഇന്റർമീഡിയറി കമ്പനിവഴി സ്വകാര്യ, സപ്ലൈ ലൈസൻസികൾക്ക് ലഭിക്കുന്ന പക്ഷം ടി കമ്പനിയിൽ താത്പര്യമുള്ള വൻകിട ഉപഭോക്താക്കൾക്ക് വൈദ്യുതി കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്നതും നിലവിലുള്ള ക്രോസ് സബ്സിഡി ഇല്ലാതാകുന്നതുമാണ്. മേൽപ്പറഞ്ഞ കാരണങ്ങളാൽ സംസ്ഥാനത്ത് ഒരു ഇന്റർമീഡിയറി കമ്പനി ആവശ്യമില്ലെന്ന അഭിപ്രായം കെ.എസ്.ഇ.ബി.എൽ. പാർലമെന്റ് സ്റ്റാന്റിംഗ് കമ്മിറ്റിയെ അറിയിച്ചിട്ടുണ്ട്. ഇതിന് കേന്ദ്ര സർക്കാരിന്റെ മറുപടി ലഭിച്ചിട്ടില്ല.

## വൈദ്യുതി ഉപയോഗിച്ച് ഓടുന്ന വാഹനങ്ങൾ

289(687) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉപയോഗിച്ച് ഓടുന്ന നാലുചക്രവാഹനങ്ങളും ഇരു ചക്രവാഹനങ്ങളും ഉണ്ടോ; വ്യക്തമാക്കുമോ;

(ബി) രാജ്യത്താകമാനം വൈദ്യുതി ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുന്ന കാര്യം വൈദ്യുതി വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച് സംസ്ഥാന വൈദ്യുതി വകുപ്പും ഇലക്ട്രിസിറ്റി ബോർഡും എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വൈദ്യുതി ഉപയോഗിച്ച് വാഹനങ്ങൾ ഓടിക്കുമ്പോൾ ഉപഭോക്താവിന് ലാഭം ഉണ്ടാകുമോ;

(ഇ) കൂടുതൽകാലം വൈദ്യുതി ശേഖരിച്ചുവെക്കാൻ കഴിയുന്ന ബാറ്ററി യൂണിറ്റുകൾ കണ്ടെത്തി സൗരോർജം ഇതിനായി ഉപയോഗപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നിരവധി വാഹന നിർമ്മാണ കമ്പനികൾ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന നാലുചക്ര വാഹനങ്ങളും ഇരുചക്ര വാഹനങ്ങളും വിപണിയിൽ ലഭ്യമാക്കുന്നുണ്ട്.

(ബി&സി) 'ഇലക്ട്രിക് മൊബിലിറ്റി മിഷൻ 2030 ' പ്രകാരം നിലവിലെ IC എഞ്ചിൻ വാഹനങ്ങൾക്ക് പകരമായി വൈദ്യുതി ഉപയോഗിച്ചുള്ളവ നിരത്തിലിറക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കേരള സംസ്ഥാനത്ത് ടി സംരംഭം നടപ്പിലാക്കുന്നതിനായി കേന്ദ്ര റയിൽവേ മന്ത്രിയുടെ മുഖ്യഉപദേഷ്ടാവ് പ്രൊഫസർ ഡോ. അശോക് ജുൻജുൻവാല അദ്ധ്യക്ഷനായുള്ള സമിതി നിലവിലുള്ളതും (e-MobSLTF) ലക്ഷ്യം കൈവരിക്കാൻ വേണ്ടതുമായ തീരുമാനങ്ങൾ സ്വീകരിച്ച് നടപ്പിലാക്കിവരികയാണ്. വൈദ്യുതി ബോർഡും സർക്കാരും സംയുക്തമായി പ്രാരംഭ ഘട്ടമെന്ന നിലയിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ചാർജ്ജിംഗ് സ്റ്റേഷനുകളും വൈദ്യുതി കാറുകളും പൊതുജനങ്ങൾക്കായി നൽകാൻ കഴിയുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ചുവരികയാണ്.

(ഡി) വൈദ്യുത വാഹനോപയോഗംകൊണ്ട് പ്രധാനമായും ലക്ഷ്യമിടുന്നത് അന്തരീക്ഷ മലിനീകരണത്തിന് പരിഹാരമുണ്ടാക്കുക എന്നതിനുപുറമെ വിദേശനാണ്യ ശേഖരം സംരക്ഷിക്കുക എന്നതുകൂടിയാണ്. സാധാരണ വാഹനങ്ങൾക്കുവേണ്ട പെട്രോൾ, ഡീസൽ തുടങ്ങിയ ഇന്ധനങ്ങളുടെ വിലയും വൈദ്യുതി വാഹനങ്ങൾക്കു വേണ്ട വൈദ്യുതി വിലയും മാത്രം താരതമ്യം ചെയ്താൽ വൈദ്യുതി കാറുകളുടെ ഉപയോഗം ലാഭകരമാണ്.

(ഇ) സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിച്ച് ബാറ്ററി യൂണിറ്റുകളിൽ ശേഖരിച്ച് അത് ആവശ്യാനുസൃതമായി പുനരുപയോഗിക്കുവാനുള്ള സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നത് പരിശോധിച്ചുവരുന്നു.

## വൈദ്യുതി തൂണുകൾ മാറ്റുന്നതിന് സമയബന്ധിതമായ നടപടി

290(688) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പ് വീതികൂട്ടി ടാർ ചെയ്ത ഗതാഗതയോഗ്യമാക്കുന്ന റോഡുകളിൽ ഉള്ള വൈദ്യുതി തൂണുകൾ മാറ്റുന്നതിന് ആവശ്യമായ തുക അടച്ചിട്ടും ഇതു മാറ്റിനൽകാൻ സമയബന്ധിതമായ നടപടികൾ സ്വീകരിക്കാൻ കഴിയാത്തതെന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ തുക അടച്ചതിനുശേഷം അതിനുവേണ്ട സാധനസാമഗ്രികൾ ലഭ്യമാക്കുന്നതിന് നേരിയ കാലതാമസം ഉണ്ടാകുന്നതിനാലും വൈദ്യുതി തൂണുകൾ മാറ്റിസ്ഥാപിക്കുന്നതിന് സ്ഥലം നിജപ്പെടുത്താത്ത ഇടങ്ങളിലും അവ മാറ്റി സ്ഥാപിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ വരുന്ന കാലതാമസം പരമാവധി ഒഴിവാക്കാൻ കെ.എസ്.ഇ.ബി.എൽ. നിർദ്ദേശം നൽകിയിട്ടുണ്ട്.

## പട്ടാമ്പിയിലെ പുതിയ വൈദ്യുത സബ്സ്റ്റേഷൻ

291(689) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പട്ടാമ്പിയിൽ ആരംഭിക്കുന്ന വൈദ്യുത സബ്സ്റ്റേഷൻെറ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; സബ്സ്റ്റേഷൻ എന്ന് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

പട്ടാമ്പിയിൽ തിരുമിറ്റക്കോട് ക്ഷേത്രത്തിനുസമീപം ലോഡ് സെന്ററെന്ന് കണ്ടെത്തി സ്ഥലം വാങ്ങി 110 കെ.വി. സബ്സ്റ്റേഷൻ പണിയുന്നതിന് കെ.എസ്.ഇ.ബി.എൽ.-ന് ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലം വാങ്ങുന്ന നടപടി പുരോഗമിക്കുന്നു. 2019-ൽ പണി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

## കേരള ബാങ്ക്

292(690) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് സ്ഥാപിക്കുന്നതിന് നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; റിസർവ് ബാങ്കിന്റെയും കേന്ദ്രസർക്കാരിന്റെയും അനുമതി തേടിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് സ്ഥാപിക്കുവാൻ എന്തെല്ലാം ബുദ്ധിമുട്ടുകളുണ്ടെന്ന് വിശദമാക്കുമോ; അത് പരിഹരിക്കുവാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) കേരള ബാങ്ക് എന്ന് നിലവിൽവരുമെന്നാണ് സർക്കാർ പ്രതീക്ഷി ക്കുന്നത്; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള പ്രാഥമികാനുമതി തേടിയിട്ടുണ്ട്.

(ബി) കേരള സഹകരണ ബാങ്ക് സ്ഥാപിക്കുവാൻ കേരള സഹകരണ സംഘം നിയമത്തിലും ചട്ടങ്ങളിലുമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്. കൂടാതെ ലയനം നടത്തേണ്ട ജില്ലാ സഹകരണ ബാങ്കുകളും സംസ്ഥാന സഹകരണ ബാങ്കും റിസർവ് ബാങ്കിന്റെ ബാങ്കിംഗ് ലൈസൻസുള്ള സഹകരണ സ്ഥാപനങ്ങൾ ആയതിനാൽ റിസർവ് ബാങ്ക് നിഷ്കർഷിക്കുന്ന റഗുലേറ്ററി നോംസും പാലിക്കേണ്ടതുണ്ട്. മേൽ പരാമർശിച്ച നിയമനടപടികൾ പൂർത്തിയാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കേരള സഹകരണ ബാങ്ക് 2018 കലണ്ടർ വർഷത്തിൽ യാഥാർത്ഥ്യമാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**കേരള ബാങ്ക്**

293(691) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള ബാങ്ക് തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിന്റെ പ്രവർത്തനത്തിന് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ കേരള ബാങ്ക് ആരംഭിക്കുന്നതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തെ സഹകരണ മേഖലയിലെ ഏതെല്ലാം ബാങ്കുകളെ ലയിപ്പിച്ചുകൊണ്ടാണ് കേരള ബാങ്ക് യാഥാർത്ഥ്യമാക്കുന്നതെന്ന് വിശദമാക്കുമോ;

(ഇ) ഇതുമായി ബന്ധപ്പെട്ട ഡോ.എം.എസ്.ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന വസ്തുതകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർ ചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു.

(ബി) റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള പ്രാഥമികാനുമതി തേടിയിട്ടുണ്ട്.

(സി) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം മുഖേന ആവർത്തിത/ ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കപ്പെടുകയോ കുറയ്ക്കുകയോ ചെയ്യപ്പെടുന്നത് മുഖേന ഹ്രസ്വകാല വായ്പാ മേഖലയിൽ അംഗങ്ങൾക്കും ഉപഭോക്താക്കൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതിന് സാഹചര്യം ഒരുക്കും. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ്‍വ്യവസ്ഥയ്ക്ക് ഒരു നവ ഉണർവ് നൽകുവാൻ സാധിക്കും. കൂടാതെ പലിശകുറഞ്ഞ വായ്പയുടെ ലഭ്യത മുഖേന കാർഷിക മേഖല, പരമ്പരാഗത തൊഴിൽ മേഖല, സ്വയംതൊഴിൽ മേഖല എന്നിവയുടെ വികസനം സാധ്യമാകും. സംസ്ഥാനത്ത് ധന നിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ടുവരുന്നതിന് ക്രിയാത്മകമായ പങ്ക് വഹിക്കാനാകും. സഹകരണ ബാങ്കുകൾക്ക് നിലവിലുള്ള പല പരിമിതികളും ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കേരള സഹകരണ ബാങ്കിന് മറികടക്കാനാകും. ലയനം മുഖേന നിർദ്ദിഷ്ട ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ ഇതര സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും ആയതിലൂടെ സംസ്ഥാനത്തിന്റെ വികസനത്തിന് ശക്തമായ അടിത്തറ നൽകുവാനും കഴിയും. മറ്റ് വാണിജ്യ ബാങ്കുകളിൽനിന്നും വ്യത്യസ്തമായി സഹകരണ മേഖലയിലുള്ള ഈ ബാങ്ക് സ്വീകരിക്കുന്ന നിക്ഷേപം വായ്പയായി കേരളത്തിൽത്തന്നെ വിതരണം ചെയ്യാൻ കഴിയുമെന്നതിനാൽ ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായകരമാകും.

(ഡി) 14 ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കുമായി ലയിപ്പിച്ചാണ് കേരള സഹകരണ ബാങ്ക് യാഥാർത്ഥ്യമാക്കാൻ ലക്ഷ്യമിടുന്നത്.

(ഇ) പ്രൊഫ. എം. എസ്. ശ്രീറാം കമ്മിറ്റി റിപ്പോർട്ടിലെ പ്രധാന വസ്തുതകൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു :

1. പ്രാഥമിക സഹകരണ കാർഷിക വായ്പാ സഹകരണ സംഘങ്ങളും മറ്റ് പ്രൈമറി സഹകരണ സംഘങ്ങളും ഗണ്യമായ തോതിൽ നിക്ഷേപം സ്വരൂപിക്കുന്നുണ്ട്. ഈ നിക്ഷേപം മുകൾത്തട്ടിലുള്ള സഹകരണ സ്ഥാപനങ്ങളിലാണ് നിക്ഷേപിക്കുന്നത്. മുകൾത്തട്ടിലുള്ള സ്ഥാപനങ്ങളുടെ വായ്പാ നിക്ഷേപ അനുപാതം ഇപ്പോൾ 54% ആണ്. കേരളത്തിലെ സഹകരണ മേഖലയിലുള്ള മിച്ചഫണ്ട് ഫലപ്രദമായി വിനിയോഗിക്കേണ്ടതുണ്ട്. മിച്ചഫണ്ട് അവരുടെ പ്രവർത്തനപരിധിയിൽ മാത്രം വിനിയോഗിക്കാൻ അനുമതിയുള്ള ജില്ലാ സഹകരണ ബാങ്കുകളുടെ പരിമിതി ഏകീകൃത ബാങ്ക് വരുന്നതോടെ പരിഹരിക്കാൻ കഴിയുമെന്നും വായ്പാ പലിശ നിരക്ക് കുറയ്ക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

2. വ്യത്യസ്തമായ ജില്ലാ സഹകരണ ബാങ്കുകൾ അവരുടേതായ CRAR, SLR, CRR മാനദണ്ഡങ്ങൾ പാലിക്കാൻ നിർബന്ധിതമാകുന്നു.

3. വാണിജ്യ ബാങ്കുകളും റീജിയണൽ റൂറൽ ബാങ്കുകളും നൽകുന്ന ആധുനിക ബാങ്കിംഗ് സൗകര്യം നൽകാനായില്ലെങ്കിൽ സഹകരണ ബാങ്കുകളുടെ പ്രാധാന്യം ഭാവിയിൽ നഷ്ടപ്പെടാനുള്ള സാധ്യതയുണ്ട്. ന്യൂജനറേഷൻ ബാങ്കുകളുടെയും സ്മാൾ ഫിനാൻഷ്യൽ ബാങ്കുകളുടെയും പ്രവർത്തനം കാര്യങ്ങൾ സുഗമമല്ലാതാക്കി മാറ്റും.

4. എസ്.ബി.ടി.-യുടെയും എസ്.ബി.ഐ.-യുടെയും ലയനം മുഖേന നഷ്ടമായ തദ്ദേശ ബാങ്കിന്റെ സ്ഥാനം സഹകരണ മേഖലയിലെ ഏകീകൃത ബാങ്കിന്റെ രൂപീകരണത്തോടെ നേടാനാകും.

5. സംയോജിത ബാങ്കിന്റെ ഭരണ സംവിധാനത്തിൽ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കുകയും സഹകരണ ഭരണ സംവിധാനം നഷ്ടപ്പെടാതെ സൂക്ഷിക്കുകയും വേണം.

6. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾ നിയമ പ്രകാരം ചെയ്യാൻ കഴിയുന്ന വായ്പേതര പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവൃത്തികൾ കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാകണം.

7. പ്രാഥമിക സഹകരണ സംഘങ്ങൾക്ക് സേവിംഗ്സ്, സ്ഥിര നിക്ഷേപം ഉൾപ്പെടെയുള്ള എല്ലാത്തരം നിക്ഷേപങ്ങളും അംഗങ്ങളിൽനിന്നും സ്വീകരിക്കാവുന്നതും അംഗങ്ങൾക്ക് എല്ലാത്തരം വായ്പകളും നൽകാവുന്നതുമാണ്. പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്ക് സ്വന്തമായി നടത്താൻ കഴിയാത്ത ബിസിനസ്സുകൾ കേരള സഹകരണ ബാങ്കിന്റെ സഹായത്തോടെ നിർവ്വഹിക്കാവുന്നതാണ്.

8. സംയോജിത ബാങ്ക് എന്ന പ്രത്യേകതയും വർദ്ധിച്ച മൂലധന ശേഷിയും ആധുനിക ബാങ്കിംഗ് സൗകര്യം നൽകാൻ പര്യാപ്തമാക്കും.

9. സഹകരണ സ്ഥാപനങ്ങളുടെ സ്വയംഭരണം ഉറപ്പുവരുത്തുന്ന തിനായി നിർദ്ദിഷ്ട ബാങ്കിന് സർക്കാർ ഒറ്റത്തവണ ഗ്രാന്റ് നൽകേണ്ടതാണ്.

10. ശക്തമായ സാമ്പത്തിക അടിത്തറയുള്ള കേരള സഹകരണ ബാങ്ക് രൂപീകരിക്കുക എന്ന ലക്ഷ്യമുള്ളതിനാൽ ബാങ്കിംഗ് ഇതര വരുമാനം ലഭിക്കുന്ന ആസ്തികളെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) ആയി മാറ്റുകയോ ഘട്ടംഘട്ടമായി വിൽപ്പന നടത്തുകയോ ചെയ്യണം.

11. കേരള സഹകരണ ബാങ്കിന്റെ സോഫ്റ്റ്‌വെയർ സംവിധാന ങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കത്തക്കവിധം പ്രാഥമിക സഹകരണ കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ സോഫ്റ്റ്‌വെയർ പരിഷ്കരിക്കണം.

12. ജീവനക്കാരുടെ സംയോജനം നടപ്പിലാക്കുമ്പോൾ ജില്ലാ സഹകരണ ബാങ്കുകളുടെ സീനിയോറിറ്റിയിലും ശമ്പളഘടനയിലും പാരിറ്റി നടപ്പിലാക്കുമെന്ന ഉറപ്പ് നൽകണം.

13. നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിൽ സർക്കാർ ഓഹരി ഉൾപ്പെടുന്നതുപോലെ എല്ലാവിധ സഹകരണ സംഘങ്ങളും ഓഹരി നൽകേണ്ടതാണ്.

14. നിർദ്ദിഷ്ട സംയോജിത ബാങ്കിന് ശക്തമായ ട്രഷറി ഇടപാടുകൾ ഉണ്ടായിരിക്കേണ്ടതാണ്. പ്രാഥമിക സംഘങ്ങളുടെ മിച്ചധനം ഫലപ്രദമായി വിനിയോഗിക്കുന്നതിന് ഇത് ആവശ്യമാണ്.

15. എല്ലാ ബാങ്കുകൾക്കുമായി ഏകീകൃത അക്കൗണ്ടിംഗ് സംവിധാനം, പ്രോഡക്ട് കോഡ്, എൻ.പി.എ. കണക്കാക്കാവുന്ന സംവിധാനം എന്നിവ ഏർപ്പെടുത്തണം.

16. ഐ.റ്റി. സംയോജനത്തിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തണം.

17. ബാങ്കിംഗ് റെഗുലേഷൻ ആക്ട് പ്രകാരം പ്രാഥമിക സഹകരണ വായ്പാ സംഘങ്ങൾ 'ബാങ്ക്' അല്ലാത്തതിനാൽ നിയന്ത്രണാധി കാരികൾക്ക് സ്വീകാര്യമായ വിധത്തിൽ ആധുനിക ബാങ്കിംഗ് ഇടപാടുകൾ നൽകാൻ കഴിയത്തക്കവിധം കേരള സഹകരണ ബാങ്കുമായി ബന്ധിപ്പിക്കണം.

18. ഐ.റ്റി. രംഗത്ത് സുരക്ഷിതത്വം, സ്റ്റെബിലിറ്റി, ഡിസാസ്റ്റർ റിക്കവറി സിസ്റ്റം എന്നിവ ഉറപ്പുവരുത്തുന്നതിനായി പൊതുവായ സംവിധാനം (കോമൺ പ്ലാറ്റ്ഫോം) ഏർപ്പെടുത്തണമെന്ന് കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്.

19. ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പൊതുമേഖല ബാങ്കുകളിലേതിന് സമാനമായിരിക്കണം.

20. വ്യക്തമായ ബിസിനസ്സ് ടാർജറ്റിന്റെ അടിസ്ഥാനത്തിൽ ജീവനക്കാരുടെ മികവ് പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

21. ഓരോ ജീവനക്കാരനും 2 വർഷത്തിൽ ഒരിക്കൽ ഒരാഴ്ച കാലയളവിലുള്ള ട്രെയിനിംഗ് നേടിയിരിക്കണം.

## കേരള ബാങ്ക് രൂപീകരിക്കുന്നതിനായി ആർ.ബി.ഐ.-ക്കും നബാർഡിനും നൽകിയ അപേക്ഷ

294(692) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ലയിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനായി ആർ.ബി. ഐ.-യ്ക്കും നബാർഡിനും അപേക്ഷ നൽകിയിരുന്നുവോ; എങ്കിൽ വിശദമാക്കുമോ;

(ബി) ആർ.ബി.ഐ-.യും നബാർഡും ഇക്കാര്യത്തിൽ വിശദീകരണം തേടിയിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കേരള ബാങ്ക് രൂപീകരണത്തിനെതിരെ ഹൈക്കോടതിയിൽ കേസ്സ് നിലവിലുണ്ടോ എന്നു വ്യക്തമാക്കുമോ;

(ഡി) കേരള ബാങ്ക് നിലവിൽ വരുമ്പോൾ ജില്ലാ സഹകരണ ബാങ്കുകളുടെ എത്ര ശാഖകൾ പൂട്ടേണ്ടി വരുമെന്നും എത്ര ജീവനക്കാർ അധികമാകുമെന്നുമാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അംഗീകാരത്തിനായി ആർ.ബി.ഐ.-ക്കും നബാർഡിനും അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) വിശദീകരണം തേടിയിട്ടില്ല.

(സി) കേരള സഹകരണ ബാങ്ക് രൂപീകരണത്തിനായി സർക്കാർ റിസർവ് ബാങ്കിന് നൽകിയ അപേക്ഷയ്ക്ക് അനുമതി നൽകരുതെന്ന ആവശ്യമുൾപ്പെടെ ഉന്നയിച്ചുകൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്.

(ഡി) നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ സമ്പൂർണ്ണമായ ഘടന സംബന്ധിച്ച് ഈ ഘട്ടത്തിൽ രൂപരേഖയായിട്ടില്ല.

**കേരള ബാങ്ക് രൂപീകരണം**

295(693) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ബാങ്ക് രൂപീകരണം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് എപ്രകാരം സഹായകരമാകുമെന്ന് വ്യക്തമാക്കുമോ;

(ബി) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ സഹകരണ ബാങ്കുകളിൽ നിലവിലുള്ള ജീവനക്കാരിൽ എത്രപേർ അധികമായി വരുമെന്ന് കണക്ക് എടുത്തിട്ടുണ്ടോ; എങ്കിൽ അവരുടെ സേവനം എപ്രകാരം വിനിയോഗിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം മുഖേന ആവർത്തിത/ ഇരട്ടിപ്പിന്റെ സ്വഭാവമുള്ള പല ചാർജ്ജുകളും ഒഴിവാക്കപ്പെടുകയോ കുറയ്ക്കുകയോ ചെയ്യപ്പെടുന്നതുമൂലം ഹ്രസ്വകാല വായ്പാ മേഖലയിൽ അംഗങ്ങൾക്കും ഉപഭോക്താക്കൾക്കും കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭിക്കുന്നതിന് സാഹചര്യമുണ്ടാകും. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് ഒരു നവ ഉണർവ് നൽകുവാൻ സാധിക്കും. കൂടാതെ പലിശ കുറഞ്ഞ വായ്പയുടെ ലഭ്യത മുഖേന കാർഷിക മേഖല, പരമ്പരാഗത തൊഴിൽ മേഖല, സ്വയം തൊഴിൽ മേഖല എന്നിവയുടെ വികസനത്തിന് കാരണമാകും. സംസ്ഥാനത്ത് ധന നിക്ഷേപങ്ങളും ക്രെഡിറ്റും വളർത്തിക്കൊണ്ടു വരുന്നതിന് ക്രിയാത്മകമായ പങ്ക് വഹിക്കാനാകും. നിലവിലുള്ള പല പരിമിതികളും ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ കേരള സഹകരണ ബാങ്കിന് മറികടക്കാനാകും. ലയനം മുഖേന നിർദ്ദിഷ്ട ബാങ്കിന്റെ ആസ്തി വർദ്ധിക്കുന്നതിനാൽ ബാങ്കിംഗ് മേഖലയിലെ ഇതര സ്ഥാപനങ്ങളുമായി ആരോഗ്യകരമായ മത്സരം നടത്തുവാനും ആയതിലൂടെ സംസ്ഥാനത്തിന്റെ വികസനത്തിന് ശക്തമായ അടിത്തറ നൽകുവാനും കഴിയും. മറ്റ് വാണിജ്യ ബാങ്കുകളിൽനിന്നും വ്യത്യസ്തമായി സഹകരണ മേഖലയിലുള്ള ഈ ബാങ്ക് സ്വീകരിക്കുന്ന നിക്ഷേപം വായ്പയായി കേരളത്തിൽത്തന്നെ വിതരണം ചെയ്യാൻ കഴിയുമെന്നതിനാൽ ആയത് സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് സഹായകരമാകും

(ബി) കേരള ബാങ്ക് രൂപീകരണ സമയത്ത് ഇക്കാര്യം വിശദമായി പരിശോധിക്കുന്നതാണ്.

**കേരള ബാങ്ക് രൂപീകരണം**

296(694) <u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് 'കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള തീരുമാനം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത ബാങ്കിന് റിസർവ് ബാങ്കിന്റെയും നബാർഡിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ; ഇതിനുള്ള അപേക്ഷ എന്നാണ് സമർപ്പിച്ചത്; വ്യക്തമാക്കുമോ;

(സി) റിസർവ് ബാങ്ക് ഇതുസംബന്ധിച്ച് എന്തെങ്കിലും വിശദീകരണം ആരാഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയോഗിച്ച ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ച് പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി&സി) സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് തത്വത്തിലുള്ള അനുമതിക്കായി റിസർവ് ബാങ്കിനും നബാർഡിനും അപേക്ഷ നൽകിയിട്ടുണ്ട്. 31-8-2017 തീയതിയിലെ ചീഫ് സെക്രട്ടറിയുടെ അർദ്ധ ഔദ്യോഗിക കത്ത് മുഖേനയാണ് അപേക്ഷ നൽകിയത്. സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന് പാലിക്കേണ്ട നടപടികൾ റിസർവ് ബാങ്ക് അറിയിച്ചിട്ടുണ്ട്. ഇതിനായി നബാർഡിന്റെ നിർദ്ദേശാനുസരണമുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**കേരള ബാങ്ക് രൂപീകരണത്തിന്റെ പുരോഗതി**

297(695) ശ്രീ. ജെയിംസ് മാത്യു :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരണത്തിന്റെ പുരോഗതി അറിയിക്കാമോ; നിയമപരമായി വേണ്ട അനുമതികൾ ലഭ്യമായിട്ടുണ്ടോ;

(ബി) വാണിജ്യ ബാങ്കുകൾ സംസ്ഥാനത്ത് നിക്ഷേപ പ്രോത്സാഹനത്തിന് വിമുഖത കാണിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനത്തിന് ആക്കംകൂട്ടുന്ന തരത്തിൽ കേരള ബാങ്ക് രൂപീകരിക്കുകയും അതോടൊപ്പം നിലവിൽ ജില്ലാ സഹകരണ ബാങ്കുകൾക്കുണ്ടായിരുന്ന ജനകീയ സ്വഭാവം നിലനിർത്താനും സാധ്യമാകുമോ;

(സി) എല്ലാ ആധുനിക ബാങ്കിംഗ് സൗകര്യങ്ങളും ഏർപ്പെടുത്തി പ്രവർത്തന മേഖല വിപുലീകരിക്കുന്നത് സഹകരണ തത്വങ്ങൾ അടിസ്ഥാനമാക്കിക്കൊണ്ടായിരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയോഗിക്കപ്പെട്ട ടാസ്ക് ഫോഴ്സ് പ്രവർത്തനമാരംഭിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിനും സാമൂഹിക പുരോഗതിക്കും സഹായകമാകുന്ന തരത്തിലായിരിക്കും കേരള സഹകരണ ബാങ്ക് രൂപീകരിക്കപ്പെടുന്നത്. നിലവിൽ ജില്ലാ സഹകരണ ബാങ്കിന്റെയും സംസ്ഥാന സഹകരണ ബാങ്കിന്റെയും ഭരണസമിതികൾക്കുണ്ടായിരുന്ന ജനകീയ സ്വഭാവം നിലനിർത്തിയായിരിക്കും നിർദ്ദിഷ്ട ബാങ്ക് രൂപീകരിക്കുന്നതിന് ആവശ്യമായ നിയമ നടപടി സ്വീകരിക്കുന്നത്.

(സി) നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്ക് ആയിരിക്കും. കേരള സഹകരണ സംഘം നിയമത്തിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടുകൊണ്ടുള്ളതും നിയന്ത്രണാധികാരികൾക്ക് കൂടി സ്വീകാര്യമായ എല്ലാ ആധുനിക സൗകര്യങ്ങളും നൽകാൻ കഴിയുന്ന സംസ്ഥാന തലത്തിലുള്ള ഒരു സഹകരണ ബാങ്ക് രൂപീകരിക്കാനാണ് വിഭാവനം ചെയ്യുന്നത്.

## കേരള ബാങ്ക് രൂപീകരിക്കുന്നതിന് നടപടി

298(696) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഉപഭോക്താവിന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് എന്തെല്ലാം ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) കൂടുതൽ ജനങ്ങളിലേക്ക് സേവനം എത്തിക്കുന്നതിനായി പഞ്ചായത്തുകൾ തോറും പ്രസ്തുത ബാങ്കിന്റെ ശാഖകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയോഗിക്കപ്പെട്ട ടാസ്ക് ഫോഴ്സ് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള പ്രാഥമികാനുമതി തേടിയിട്ടുണ്ട്.

(ബി) ഉപഭോക്താവിന് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ നിയന്ത്രണാധികാരികൾക്കുകൂടി സ്വീകാര്യമായ വിധത്തിൽ ആധുനിക ബാങ്കിംഗ് ഇടപാടുകൾ നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

(സി) ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിൽ പൊതുജനങ്ങളുടെ ആവശ്യങ്ങൾ പരിഗണിക്കുന്നതാണ്.

## കേരളാ ബാങ്ക് രൂപീകരണ നടപടികൾ

299(697) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിക്കുന്നതിന് ആർ.ബി.ഐ.-ക്ക് അപേക്ഷ നൽകിയിട്ടുണ്ടോ;

(സി) കേരളാ ബാങ്കിന്റെ ഘടന എന്തെന്ന് വ്യക്തമാക്കാമോ; നിലവിലെ ബോർഡ്അംഗങ്ങൾക്ക് കേരളാ ബാങ്കിൽ ഏത് രീതിയിൽ പ്രാതിനിധ്യം നൽകാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയോഗിക്കപ്പെട്ട ടാസ്ക് ഫോഴ്സ് പ്രവർത്തനം ആരംഭിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളെ ലയിപ്പിച്ച് കേരള സഹകരണ ബാങ്ക് ആരംഭിക്കുന്നതിനുള്ള തത്വത്തിലുള്ള അനുമതിക്കായി ആർ.ബി.ഐ.-ക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

(സി) നിലവിലുള്ള ത്രിതല ഘടനയ്ക്കുപകരം ദ്വിതല ഘടനയിൽ കേരള സഹകരണ ബാങ്ക് രൂപീകരിക്കാനാണ് ശ്രീറാം കമ്മിറ്റി റിപ്പോർട്ടിൽ ശിപാർശ ചെയ്തിരിക്കുന്നത്. ബാങ്കിന്റെ ഘടന സംബന്ധിച്ച അന്തിമ തീരുമാനമായിട്ടില്ല.

## കേരളാ ബാങ്ക് രൂപീകരണ നടപടികൾ

300(698) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്ക് രൂപീകരണ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് പ്രസ്തുത ബാങ്ക് എന്ന് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ദ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പിലാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയോഗിക്കപ്പെട്ട ടാസ്ക് ഫോഴ്സ് പ്രവർത്തനമാരംഭിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേരള സഹകരണ ബാങ്ക് 2018 കലണ്ടർ വർഷത്തിൽ നിലവിൽവരുമെന്ന് പ്രതീക്ഷിക്കുന്നു.

## കേരളാ ബാങ്ക് രൂപീകരണം

301(699) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്ക് രൂപീകരണത്തിന്റെ പുരോഗതി വിശദമാക്കുമോ;

(ബി) ഏതെല്ലാം ധനകാര്യ സ്ഥാപനങ്ങളെയാണ് കേരളാ ബാങ്കിന്റെ കീഴിൽ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള സാധ്യതകൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പ്രൊഫ. എം. എസ്. ശ്രീറാം ചെയർമാനായി സർക്കാർ 5 അംഗ വിദഗ്ധ സമിതിയെ നിയോഗിച്ചിരുന്നു. വിദഗ്ധ സമിതി 28-4-2017-ന് റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചു. കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ തത്വത്തിൽ അംഗീകരിക്കുകയും കേരള സഹകരണ ബാങ്ക് രൂപീകരണം പ്രായോഗിക തലത്തിൽ നടപ്പാക്കുന്നതിനായി നബാർഡിൽനിന്നും ചീഫ് ജനറൽ മാനേജരായി റിട്ടയർചെയ്ത ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിയോഗിക്കപ്പെട്ട ടാസ്ക് ഫോഴ്സ് പ്രവർത്തനമാരംഭിച്ച് കേരള ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചുവരുന്നു. വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാർ വെബ്സൈറ്റിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരള ബാങ്ക് രൂപീകരണവുമായി ബന്ധപ്പെട്ട് റിസർവ് ബാങ്കിന്റെ അനുമതി വാങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള ത്രിതല ഘടനയ്ക്കുപകരം ദ്വിതല ഘടനയിൽ കേരള സംസ്ഥാന സഹകരണ ബാങ്കിനേയും ജില്ലാ സഹകരണ ബാങ്കുകളേയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

**കേരളാ ബാങ്കിന്റെ ഘടന**

302(700) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്ക് എന്ന് നിലവിൽ വരും എന്നാണ് പ്രതീക്ഷിക്കുന്നത്;

(ബി) കേരളാ ബാങ്കിന് റീജിയണൽ കേന്ദ്രങ്ങൾ വിഭാവനം ചെയ്തിട്ടുണ്ടോ; ജില്ലാ തലത്തിൽ ബാങ്കിന്റെ ഘടന എന്തായിരിക്കുമെന്ന് വിശദമാക്കുമോ;

(സി) നിലവിലുള്ള ജില്ലാ ബാങ്കുകളിലെ ജീവനക്കാരുടെ എണ്ണത്തിൽ കുറവുണ്ടാകുമോ; അതിന്റെ ക്രമീകരണം എപ്രകാരമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സഹകരണ ബാങ്ക് 2018 കലണ്ടർ വർഷത്തിൽ നിലവിൽ വരുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി&സി) നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ ഘടന സംബന്ധിച്ച് ഈ ഘട്ടത്തിൽ രൂപരേഖയായിട്ടില്ല. ബാങ്കിന്റെ പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിൽ, ബാങ്കിംഗ് രംഗത്തെ മത്സരങ്ങൾ നേരിടുന്ന തരത്തിൽ ബാങ്കിന്റെ പ്രവർത്തനം ക്രമീകരിക്കുന്നതാണ്.

## കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡ്

303(701) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ നിയമനത്തിനായി, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് എക്സാമിനേഷൻ ബോർഡിൽ ഇതുവരെ എത്ര തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; തസ്തികയുടെ പേരും എണ്ണവും തരംതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) സഹകരണ സംഘങ്ങൾ ബോർഡിന് ഒഴിവ് റിപ്പോർട്ടുചെയ്ത എല്ലാ തസ്തികകളിലേക്കും നിയമനത്തിനായുള്ള പരീക്ഷാ നോട്ടിഫിക്കേഷൻ പുറത്തിറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്തതായ എല്ലാ തസ്തികകളിലും നിയമനം നടത്തുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ആകെ 4050 തസ്തികകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

| | | |
|---|---|---|
| ജനറൽ മാനേജർ | - | 20 |
| സെക്രട്ടറി | - | 311 |
| മാനേജിംഗ് ഡയറക്ടർ | - | 7 |
| അസിസ്റ്റന്റ് ജനറൽ മാനേജർ | - | 5 |
| അസിസ്റ്റന്റ് സെക്രട്ടറി | - | 38 |
| ഇന്റേണൽ ആഡിറ്റർ | - | 5 |
| ചീഫ് അക്കൗണ്ടന്റ് | - | 9 |
| സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | - | 12 |
| ബ്രാഞ്ച് മാനേജർ | - | 14 |
| മാനേജർ | - | 2 |
| അക്കൗണ്ടന്റ് | - | 5 |
| സീനിയർ ക്ലാർക്ക് | - | 5 |
| ജൂനിയർ സൂപ്പർവൈസർ | - | 5 |

| | | |
|---|---|---|
| ജൂനിയർ ക്ലാർക്ക് | - | 3532 |
| ടൈപ്പിസ്റ്റ് | - | 53 |
| ഡാറ്റാ എൻട്രി ഓപ്പറേറ്റർ | - | 27 |

(ബി&സി) പൊതുതസ്തികകളിലേയ്ക്കുള്ള പരീക്ഷയുടെ വിജ്ഞാപനം പുറപ്പെടുവിച്ചത് 7-11-2017-ലാണ്. അതുവരെ ബാങ്കുകൾ റിപ്പോർട്ടുചെയ്ത ഒഴിവിലേയ്ക്കാണ് പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിനുശേഷം ലഭിച്ച അപേക്ഷകൾ അടുത്ത വിജ്ഞാപനത്തിൽ ഉൾപ്പെടുത്തുന്നതാണ്. Data Entry Operator, System Administrator എന്നീ തസ്തികകളിലേക്കുള്ള വിജ്ഞാപനം 17-1-2018-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

### സഹകരണവകുപ്പിനെ ശക്തിപ്പെടുത്താൻ പദ്ധതികൾ

304(702) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിനെ ശക്തിപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയതെന്ന് വിശദമാക്കാമോ;

(ബി) സഹകരണ മേഖലയെ തകർക്കുന്ന രീതിയിൽ ജീവനക്കാരുടെ ഭാഗത്ത് നിന്നുമുള്ള സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനുള്ളിൽ സാമ്പത്തിക ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന മാനേജർ തസ്തികയിലുള്ള എത്ര ജീവനക്കാരെ തരംതാഴ്ത്തിയിട്ടുണ്ടെന്ന് വിശദാംശം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത ജീവനക്കാരെ സംബന്ധിച്ച വിശദാംശവും അവരെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ചതിന്റെ മാനദണ്ഡങ്ങളും വിശദമാക്കാമോ;

(ഇ) നിലവിൽ പ്രസ്തുത ജീവനക്കാരെ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

#### ഉത്തരം

(എ) സഹകരണ വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ മുഖേന നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. അതിന്റെ ആദ്യഘട്ടമായി രജിസ്ട്രേഷൻ, ബൈല ഭേദഗതി, ഫണ്ട് മാനേജ്മെന്റ്, ഇലക്ഷൻ മാനേജ്മെന്റ് മോഡ്യൂളുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

സഹകരണ വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. അതിനായി ആസ്ഥാന ഓഫീസുകളിലേക്ക് ആവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുകയുണ്ടായി. ജില്ലാ ഓഫീസുകളിലേക്കുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ 'സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് പോർട്ടൽ' മുഖേന സ്വീകരിച്ചുവരുന്നു. സഹകരണ വകുപ്പിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. അതിനായി നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന ആസ്ഥാന ഓഫീസിലെ രണ്ട് സെക്ഷനുകളിൽ ഇ-ഓഫീസ് പദ്ധതി നടപ്പിലാക്കി വരുന്നു. മറ്റ് സെക്ഷനുകളിലേക്ക് ഇ-ഓഫീസ് പദ്ധതി സമയബന്ധിതമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സഹകരണ ആഡിറ്റ് ശക്തിപ്പെടുത്തുന്നതിലേക്കായി സഹകരണ ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിലേക്കുള്ള ഊർജ്ജിത നടപടി കൈക്കൊണ്ടിട്ടുണ്ട്. സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത ഉയർത്തിക്കൊണ്ട് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റേതായ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുകയുണ്ടായി. ഉപരിയായി ഐ.എം.ജി., ഐ.സി.എം., എ.സി.എസ്.റ്റി.ഐ. എന്നീ സ്ഥാപനങ്ങളിൽ ജീവനക്കാർക്കുവേണ്ടി നടത്തിവരുന്ന ട്രെയിനിംഗ് പ്രോഗ്രാമുകളിലും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നുണ്ട്.

വികസന പാതയിലൂടെ അനുദിനം വർദ്ധിച്ചുവരുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിയന്ത്രിക്കുന്നതിനും പര്യാപ്തമായ ഉദ്യോഗസ്ഥരുടെ അഭാവം സഹകരണ വകുപ്പ് നേരിടുന്നതിനാൽ കാലോചിതമായി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെയും പ്രാരംഭഘട്ടത്തിലാണ്. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി ബംഗളൂരു ഐ.ഐ.എം. പ്രൊഫസർ എം.എസ്. ശ്രീറാം ചെയർമാനായ വിദഗ്ദ്ധ സമിതി 28-4-2017-ന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ടയേർഡ് നബാർഡ് ചീഫ് മാനേജർ ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. ജനങ്ങൾക്കും സംസ്ഥാനത്തിനും ഏറെ പ്രയോജനകരമായ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ടാസ്ക് ഫോഴ്സ് ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

(ബി) സഹകരണ മേഖലയെ തകർക്കുന്ന രീതിയിൽ ജീവനക്കാരുടെ ഭാഗത്തുനിന്നുമുള്ള സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിന് സഹകരണ വകുപ്പ് വിശദ പരിശോധന, ആകസ്മിക പരിശോധന, സ്വർണ്ണപ്പണ്ട പരിശോധന, സഹകരണ വിജിലൻസ് പരിശോധന, ആഡിറ്റ് വിഭാഗം നടത്തുന്ന പരിശോധന, വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം, വകുപ്പ് 66 പ്രകാരമുള്ള പരിശോധന എന്നിവ

നടത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68(1) പ്രകാരം അന്വേഷണം നടത്തി വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ സഹകരണസംഘം രജിസ്ട്രാറുടെ 11/79 നമ്പർ സർക്കുലർ പ്രകാരം സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി നടപടി സ്വീകരിക്കുന്നതിനായി പോലീസിന് അയച്ചു കൊടുക്കാറുണ്ട്. ജീവനക്കാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയ്ക്ക് ചട്ടം 198 പ്രകാരം ബന്ധപ്പെട്ട ഭരണസമിതി നടപടികൾ സ്വീകരിക്കാറുണ്ട്.

(സി-ഇ) ആരെയും തരംതാഴ്ത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്, കാഷ്യർ തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റ്

305(703) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്ക് ക്ലാർക്ക്, കാഷ്യർ തസ്തികയിലേക്ക് നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും 2017 നവംബർ,ഡിസംബർ മാസങ്ങളിൽ നിയമനം നൽകിയിട്ടുണ്ടോ;ഇല്ലെങ്കിൽ കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) ഈ റാങ്ക് ലിസ്റ്റിൽനിന്നും നിയമനം ലഭിക്കാത്തതുസംബന്ധിച്ച് എത്ര കേസ്സുകൾ ഹൈക്കോടതിയിൽ നിലവിലുണ്ടെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) വ്യക്തമാക്കാം.

| | |
|---|---|
| തിരുവനന്തപുരം | ഇല്ല, ഒഴിവുകൾ ഇല്ലാത്തതിനാൽ നിയമനം നൽകിയിട്ടില്ല. |
| കൊല്ലം | ഇല്ല, ഒഴിവുകൾ ഇല്ലാത്തതിനാൽ നിയമനം നൽകിയിട്ടില്ല. |
| പത്തനംതിട്ട | ഇല്ല, ഒഴിവുകൾ ഇല്ലാത്തതിനാൽ നിയമനം നൽകിയിട്ടില്ല. |
| ആലപ്പുഴ | നിയമനം നൽകിയിട്ടുണ്ട്. |
| കോട്ടയം | നിയമനം നൽകിയിട്ടുണ്ട്. |
| ഇടുക്കി | ഇല്ല, പി.എസ്.സി.യിൽനിന്നും അഡ്വൈസ് ലഭിക്കാത്തതിനാൽ നിയമനം നൽകിയിട്ടില്ല. |

| | |
|---|---|
| എറണാകുളം | നിയമനം നൽകിയിട്ടുണ്ട്. |
| തൃശ്ശൂർ | ഇല്ല, ഒഴിവുകൾ ഇല്ലാത്തതിനാൽ നിയമനം നൽകിയിട്ടില്ല. |
| പാലക്കാട് | നിയമനം നൽകിയിട്ടുണ്ട്. |
| മലപ്പുറം | ഇല്ല, ഒഴിവുകൾ ഇല്ലാത്തതിനാൽ നിയമനം നൽകിയിട്ടില്ല. |
| കോഴിക്കോട് | നിയമനം നൽകിയിട്ടുണ്ട്. |
| വയനാട് | ഇല്ല, ഒഴിവുകൾ ഇല്ലാത്തതിനാൽ നിയമനം നൽകിയിട്ടില്ല. |
| കണ്ണൂർ | നിയമനം നൽകിയിട്ടുണ്ട്. |
| കാസർഗോഡ് | ഇല്ല, ഒഴിവുള്ള തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പാർട്ട് 2 കാറ്റഗറിയിൽ സംവരണ വിഭാഗം ഉദ്യോഗാർത്ഥികളുടെ അഭാവം കാരണം 9 ഒഴിവുകൾ എൻ.സി.എ. വിജ്ഞാപനത്തിനായി മാറ്റിവച്ചിട്ടുള്ളതായി പി.എസ്.സി. അറിയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) തിരുവനന്തപുരം | 2 |
| കൊല്ലം | 1 |
| പത്തനംതിട്ട | 2 |
| ആലപ്പുഴ | 1 |
| കോട്ടയം | 3 |
| ഇടുക്കി | 2 |
| എറണാകുളം | 4 |
| തൃശ്ശൂർ | 1 |

| | |
|---|---|
| പാലക്കാട് | 2 |
| മലപ്പുറം | 2 |
| കോഴിക്കോട് | - |
| വയനാട് | 1 |
| കണ്ണൂർ | 1 |
| കാസർഗോഡ് | - |

**കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ കെ. പ്രകാശന് നിയമനം നൽകാൻ നടപടി**

306(704) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിൽ അംഗപരിമിതർക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി കിട്ടിയ താല്ക്കാലിക നിയമനം സ്ഥിര നിയമനമാക്കി നൽകിയ വ്യവസ്ഥ പ്രകാരം 17-4-2000 മുതൽ 17-10-2000 വരെ കാസർഗോഡ് ജില്ലാ സഹകരണ ബാങ്കിൽ നിയമനം കിട്ടിയ ശ്രീ. സി. കെ. പ്രകാശന് ഹൈക്കോടതിവിധി ഉണ്ടായിട്ടും നിയമന ഉത്തരവ് നൽകാൻ വൈകുന്നതെന്തുകൊണ്ടാണെന്ന് അറിയിക്കുമോ;

(ബി) ഉത്തരവ് ഇറക്കി നിയമനം എപ്പോൾ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 22-5-2017 തീയതിയിലെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലെ ഡബ്ല്യൂ.പി.(സി) നമ്പർ 14246/2009 (എ), 29324 & 31704/2009, 24930, 31013 & 31331/2013 എന്നീ റിട്ട് പെറ്റീഷനുകളുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നൽകാതിരുന്നത്. വിഷയം ഇപ്പോൾ സാമൂഹ്യനീതി വകുപ്പിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

## കോട്ടയ്ക്കൽ സഹകരണ ആശുപത്രി

307(705) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയ്ക്കൽ സഹകരണ ആശുപത്രിയുടെ കെട്ടിടനിർമ്മാണത്തിനുള്ള അപേക്ഷ നിരസിക്കുവാൻ പറയുന്ന കാരണങ്ങൾ സഹകരണ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;

(ബി) ജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ ചികിത്സ ലഭിക്കുന്ന ഇത്തരം സംരംഭങ്ങളെ, പൊതുആവശ്യങ്ങൾ എന്ന വിഭാഗത്തിൽപ്പെടുത്തുവാൻ ആവശ്യമായ പ്രൊപ്പോസൽ നൽകുവാൻ സഹകരണ രജിസ്ട്രാർ നടപടി സ്വീകരിക്കുമോ ;

(സി) ഇതിനായി, സഹകരണ രജിസ്ട്രാർ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഇല്ല. എന്നാൽ മലപ്പുറം ജില്ലയിൽ കോട്ടയ്ക്കൽ വില്ലേജിൽ 311/6, 310/1,2,3, 4, 309/1 എന്നീ സർവ്വേ നമ്പരിൽ ഉൾപ്പെട്ട 1 ഏക്കർ 86.43 സെന്റ് നിലം പരിവർത്തനപ്പെടുത്തി കോട്ടയ്ക്കൽ സഹകരണ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മിക്കുന്നതിനായുള്ള അപേക്ഷ കൃഷി വകുപ്പ് പരിശോധിക്കുകയും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം ഈ ഭൂമി എല്ലാക്കാലത്തേയ്ക്കും സംരക്ഷിക്കപ്പെടേണ്ടതും പരിരക്ഷിക്കപ്പെടേണ്ടതുമായതിനാൽ അപേക്ഷയിലെ ആവശ്യം 14-11-2016-ലെ സ.ഉ.(ആർറ്റി.) നമ്പർ 957/2016/കൃഷി പ്രകാരം നിരസിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഷയം സഹകരണ വകുപ്പ് പരിശോധിച്ചിട്ടില്ല.

(ബി & സി) ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## സഹകരണമേഖലയിലെ നിയമനങ്ങൾ

308(706) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിലും ആശുപത്രികളിലും എഞ്ചിനീയറിംഗ് കോളേജുകളിലും സഹകരണ ട്രെയിനിംഗ് സ്ഥാപനങ്ങളിലും 2016 ജനുവരി മുതൽ നടന്ന നേരിട്ടുള്ള നിയമനങ്ങൾ സംബന്ധിച്ച് വ്യക്തമാക്കുമോ; പി.എസ്.സി. വഴി അല്ലാതെയുള്ള നിയമനങ്ങൾ ഓരോ സ്ഥാപനത്തിലും എത്രവീതം നടന്നിട്ടുണ്ട്;

(ബി) ഈ നിയമനങ്ങളിൽ സംവരണം പാലിച്ചിട്ടില്ലെന്ന ആക്ഷേപം പരിശോധിക്കുമോ;

(സി) സഹകരണമേഖലയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണ്; പി.എസ്.സി. മുഖേനയല്ലാതെ സഹകരണ ബോർഡ് നടത്തുന്ന നിയമനങ്ങൾ ഏതെല്ലാം സ്ഥാപനങ്ങളിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) പി.എസ്.സി.-യും സഹകരണ ബോർഡും അല്ലാതെ മറ്റ് ഏജൻസികൾ സഹകരണ മേഖലയിലെ എത്ര സ്ഥാപനങ്ങൾക്കുവേണ്ടി പരീക്ഷ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) പി.എസ്.സി. വഴി അല്ലാതെ ഓരോ സ്ഥാപനത്തിലെയും നിയമനങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | സ്ഥാപനം | നിയമനങ്ങളുടെ എണ്ണം |
|---|---|---|
| 1. | അപ്പക്സ് സ്ഥാപനങ്ങൾ | 30 |
| 2. | ജില്ലാ സഹകരണ ബാങ്കുകൾ | 69 |
| 3. | എഞ്ചിനീയറിംഗ് കോളേജുകൾ | 38 |
| 4. | ട്രെയിനിംഗ് സ്ഥാപനങ്ങൾ (സംസ്ഥാന സഹകരണയൂണിയന്റെ നിയന്ത്രണത്തിലുള്ളവ) | 22 |
| 5. | ആശുപത്രി സംഘങ്ങൾ | 599 |
| 6. | മറ്റ് സഹകരണ സ്ഥാപനങ്ങൾ | 2629 |

(ബി) പരാതികൾ ലഭിച്ചാൽ പരിശോധിക്കുന്നതാണ്.

(സി) കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ കൺസ്യൂമർ

ഫെഡറേഷൻ, കേരള സംസ്ഥാന സഹകരണ ഹൗസിംഗ് ഫെഡറേഷൻ, ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയാണ് സഹകരണ മേഖലയിൽ പി.എസ്.സി. വഴി നിയമനം നടത്തുന്ന സ്ഥാപനങ്ങൾ. സംസ്ഥാന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നീ സഹകരണ സ്ഥാപനങ്ങളിൽ നേരിട്ട് നിയമനം നടത്തപ്പെടുന്ന ജൂനിയർ ക്ലർക്ക് മുതൽ മുകളിലേയ്ക്കുള്ള എല്ലാ തസ്തിക കളിലേക്കുമുള്ള നിയമനങ്ങളാണ് സഹകരണ പരീക്ഷ ബോർഡുവഴി നടത്തുന്നത്.

(ഡി) സംസ്ഥാനത്തെ 3629 (മൂവായിരത്തി അറുന്നൂറ്റി ഇരുപത്തിഒമ്പത്) സഹകരണ സ്ഥാപനങ്ങളിലെ ക്ലർക്ക് തസ്തികകൾക്ക് താഴെയുള്ള തസ്തികകളിലെ നിയമനങ്ങളും 8307 സ്ഥാപനങ്ങളിലെ എല്ലാ തസ്തികകളിലെ നിയമനങ്ങളും മറ്റ് ഏജൻസി വഴി ഭരണസമിതി നേരിട്ടാണ് നിയമനം നടത്തിവരുന്നത്.

## കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ

309(707) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികമേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സഹകരണ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) കാർഷിക വായ്പയുടെ പലിശനിരക്കിൽ സർക്കാർ കുറവുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) നെൽ കൃഷിക്ക് ഇപ്പോൾ എത്ര ശതമാനം പലിശനിരക്കിലാണ് വായ്പ നൽകുന്നത്;

(ഡി) നെൽകൃഷിക്ക് പലിശരഹിത വായ്പ നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ:

(ഇ) കാർഷിക വായ്പ കൂടുതലായി നൽകാൻ സഹകരണ സ്ഥാപനങ്ങൾ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഹ്രസ്വകാല വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കിവരുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ

സഹകരണ വകുപ്പിന്റെ നിയന്ത്രണത്തിൽ നെൽകൃഷി വായ്പ കാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്ന നെൽകർഷകർക്കുവേണ്ടി പലിശരഹിത വായ്പാ പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ സഹകരണ വകുപ്പ് മുഖാന്തരം, സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലെ പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങളെ ഉൾപ്പെടുത്തി കർഷക സേവന കേന്ദ്രം പദ്ധതി നടപ്പാക്കുകയും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വിതരണം ചെയ്യുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പയായി വിതരണം ചെയ്യണമെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിന്റെ നിർദ്ദേശ പ്രകാരം ഹ്രസ്വകാല വിള വായ്പകൾ 7% പലിശ നിരക്കിൽ കർഷകർക്ക് നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരവും നെൽകൃഷി പലിശരഹിത വായ്പാ പദ്ധതി പ്രകാരവും പലിശരഹിത വായ്പ നൽകുന്നത് മൂഖേന സഹകരണ സംഘങ്ങൾക്ക് ഉണ്ടാകുന്ന പലിശ ബാധ്യത സർക്കാർ സഹകരണ സംഘങ്ങൾക്ക് തിരികെ നൽകുന്ന വിധത്തിലാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്.

(സി) 7% പലിശ നിരക്കിൽ നെൽകൃഷി വായ്പ നൽകുന്നതിനാണ് സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. മേൽപരാമർശിച്ച പ്രകാരം വായ്പാ കാലാവധിക്കുള്ളിൽ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിതമായാണ് വായ്പ നൽകിവരുന്നത്.

(ഡി) 2010-11 മുതൽ കൃത്യമായി നെൽകൃഷി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് പലിശരഹിതമായാണ് വായ്പ നൽകുന്നത്.

(ഇ) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പയായി നൽകണമെന്നും അതോടൊപ്പം കാർഷികാനുബന്ധ വായ്പകളും നൽകണമെന്നും സഹകരണ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഹലാൽ ഫായിദ സഹകരണ സൊസൈറ്റി

310(708) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇസ്ലാമിക് ബാങ്കിംഗ് മാതൃകയിൽ കണ്ണൂരിൽ ഹലാൽ ഫായിദ സഹകരണ സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആരുടെ നിയന്ത്രണത്തിലാണ് സൊസൈറ്റി ആരംഭിച്ചത്;

(ബി) പ്രസ്തുത സ്ഥാപനം ബാങ്കിംഗ് സഹകരണ നിയമങ്ങളുടെ ലംഘനം ആണെന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയം സംസ്ഥാന സർക്കാരിന്റെ വിശദീകരണം ആരാഞ്ഞിട്ടുണ്ടോ;

(സി) ഇസ്ലാമിക് ബാങ്കിംഗ് വേണ്ടെന്ന് ആർ.ബി.ഐ. വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ സൊസൈറ്റിയായി രജിസ്റ്റർ ചെയ്യലും, കോ-ഓപ്പറേറ്റീവ് രജിസ്ട്രാർ അംഗീകാരം കൊടുത്തതും നിയമപരമായി ശരിയാണോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഇസ്ലാമിക് ബാങ്കിംഗ് മാതൃകയിലുള്ള സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടില്ല. എന്നാൽ ഹലാൽ ഫായിദ കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ക്ലിപ്തം) നമ്പർ സി.2065 എന്ന സ്ഥാപനം 1969-ലെ കേരള സഹകരണ നിയമ (Act 21 of 1969) പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്. സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലാണ് ടി സംഘം ആരംഭിച്ചിട്ടുള്ളത്.

(ബി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇസ്ലാമിക് ബാങ്കിംഗ് മാതൃകയിലുള്ള സൊസൈറ്റി രജിസ്റ്റർ ചെയ്തിട്ടില്ല.

**മുക്കം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ**

311(709) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുക്കം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേടുകൾ അന്വേഷിക്കണമെന്നും ഭരണസമിതി പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; പ്രസ്തുത ക്രമക്കേടുകളുടെ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഉണ്ട്. പ്രസ്തുത നിവേദനത്തിന്മേൽ കോഴിക്കോട് സഹകരണ ജോയിന്റ് രജിസ്ട്രാർ (ജനറൽ) നടത്തിയ പ്രാഥമിക അന്വേഷണത്തിൽ നിവേദനത്തിൽ പറഞ്ഞിട്ടുള്ള നിയമനത്തെ സംബന്ധിച്ച എഴുത്ത് പരീക്ഷ, അഭിമുഖം, സാമ്പത്തിക ഇടപാടുകൾ എന്നിവ സംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്ന് ബോധ്യമായതിനാൽ ഇക്കാര്യത്തിൽ വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ മുഖേന അന്വേഷണം നടത്തുന്നതിന് 27-11-2017-ന് സർക്കാർ വിജിലൻസ് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സംസ്ഥാന സഹകരണ കോൺഗ്രസ്

312(710) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ കോൺഗ്രസ്സ് ഫെബ്രുവരിയിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ടോ. എത്ര തുകയാണ് ഇതിനായി നീക്കിവച്ചിട്ടുള്ളത്;

(ബി) സഹകരണ കോൺഗ്രസ്സിന്റെ ചെലവിനായി സഹകരണ സംഘങ്ങളിൽ നിന്നും വൻതുക നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) നോട്ട് നിരോധനംമൂലം സഹകരണ സ്ഥാപനങ്ങളിൽ ഭൂരിപക്ഷവും നഷ്ടത്തിലായ സാഹചര്യത്തിൽ ഇത്തരം നിർബന്ധിത പിരിവ് നടത്തുന്നത് ഒഴിവാക്കുമോ?

### ഉത്തരം

(എ) 2018 ഫെബ്രുവരി 10, 11, 12 തീയതികളിൽ കണ്ണൂരിൽവച്ച് നടത്താൻ നിശ്ചയിച്ചിട്ടുണ്ട്. ഇതിലേക്ക് തുകയൊന്നും നീക്കിവച്ചിട്ടില്ല.

(ബി) ഇല്ല.

(സി) ബാധകമല്ല.

## അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി

313(711) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണസമിതിയെ അന്വേഷണവിധേയമായി ആറ് മാസത്തേക്ക് സസ്പെന്റ് ചെയ്യുകയും വീണ്ടും ആറ് മാസത്തേക്ക് സസ്പെൻഷൻ ദീർഘിപ്പിക്കുകയും ചെയ്തത് സഹകരണ വകുപ്പിലെ ഏത് ചട്ടത്തിന്റെയും നിയമത്തിന്റെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ നിലവിൽ വോട്ടവകാശമുള്ള എത്ര ഓഹരി ഉടമകൾ ഉണ്ട്; ഇവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം വോട്ടവകാശമുള്ള പുതിയ അംഗങ്ങൾക്ക് ഓഹരി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുവിവരം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ബാങ്കിൽ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നശേഷം വോട്ടവകാശമുള്ള ഏതെങ്കിലും അംഗങ്ങളുടെ അംഗത്വം റദ്ദ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ പേരുവിവരവും റദ്ദ് ചെയ്യാനുള്ള കാരണവും വ്യക്തമാക്കുമോ;

(ഇ) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക് ആവശ്യമായി വന്നിട്ടുള്ള തുക ഇനംതിരിച്ച് വ്യക്തമാക്കുമോ; അഡ്മിനിസ്ട്രേറ്റർ എന്ന ബോർഡ് വച്ച്ബാങ്കിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഈ വാഹനം ബാങ്കിന്റെ പ്രവർത്തനപരിധിക്കപ്പുറത്തേക്ക് ഓടിയിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കുമോ?

ഉത്തരം

(എ) അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതിയെ 12-4-2017-ലെ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ സി.ആർ.പി. 6567/2016 ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും തുടർന്ന് 10-10-2017-ലെ സി.ആർ.പി. 6567/2016 ഉത്തരവ് പ്രകാരം സസ്പെൻഷൻ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തത് കേരള സഹകരണ നിയമം വകുപ്പ് 32-ന്റെ അടിസ്ഥാനത്തിലാണ്.

(ബി) അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കിൽ 2011-12 വർഷം വരെ ആഡിറ്റ് പൂർത്തീകരിച്ച് അംഗീകരിക്കപ്പെട്ട ആഡിറ്റ് റിപ്പോർട്ട് പ്രകാരം 24095 വോട്ടവകാശമുള്ള അംഗങ്ങൾ ഉണ്ടായിരുന്നു. ആഡിറ്റ് റിപ്പോർട്ട് പ്രകാരം വോട്ടവകാശമുള്ള അംഗങ്ങളുടെ പേരുവിവരം ലഭ്യമല്ലാത്തതിനാൽ ഈ വിവരം സമർപ്പിക്കുന്നതിന് സാധിക്കുന്നില്ല. 1-10-2014 മുതൽ ബാങ്കിന്റെ കണക്കുകൾ അതുവരെ ഉപയോഗിച്ചുവന്നിരുന്ന സോഫ്റ്റ്വെയറിൽ മാറ്റംവരുത്തി പുതിയ സോഫ്റ്റ് വെയറിലേയ്ക്ക് മാറ്റുകയുണ്ടായി. ഇങ്ങനെ മാറ്റിയപ്പോൾ ശരിയായ രീതിയിലുള്ള മൈഗ്രേഷൻ നടപടികൾ പൂർത്തിയാക്കിയിരുന്നില്ല. 30-9-2014 വരെയുണ്ടായിരുന്ന ബാങ്കിന്റെ പ്രവർത്തനങ്ങൾ പഴയ സോഫ്റ്റ്വെയറിൽ നിലനിർത്തിയെങ്കിലും പിന്നീട് നടന്ന പരിശോധനയിൽ ഈ സോഫ്റ്റ്വെയർ സംവിധാനത്തിൽ നിന്ന് യാതൊരു കണക്കുകളും ലഭ്യമായിട്ടില്ല. പഴയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഹാർഡ് ഡിസ്കിൽ കൃത്രിമം നടന്നിരുന്നു. പഴയ സോഫ്റ്റ്വെയറിൽനിന്നും കണക്കുകൾ വീണ്ടെടുക്കുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്. 30-9-2014-ന് മുമ്പുള്ള വിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ സംഘം പ്രവർത്തനമാരംഭിച്ചത് മുതൽക്കുള്ള അംഗങ്ങളുടെ രേഖകളും ലിസ്റ്റും കൃത്യമായി തയ്യാറാക്കാൻ കഴിയുകയുള്ളൂ. അടാട്ട് ഫാർമേഴ്സ് സഹകരണ ബാങ്കിലെ കമ്പ്യൂട്ടറിൽ കണക്കുകൾ സൂക്ഷിക്കുമ്പോൾ ബാങ്ക് സഹകരണ ചട്ടപ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ, ലഡ്ജറുകൾ, നാൾവഴി, ഉപനാൾവഴി, ജനറൽ ലഡ്ജർ എന്നിവ പ്രിന്റ് എടുത്ത് സൂക്ഷിച്ചിട്ടില്ല. ബാങ്ക്

ഭരണസമിതി തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അംഗത്വ രജിസ്റ്ററിൽ ക്രമക്കേടുകൾ നടന്നതിനാൽ ടി സഹകരണ സംഘത്തിൽ നിലവിൽ എത്ര യഥാർത്ഥ ഓഹരി ഉടമകൾ ഉണ്ടെന്ന് നിർണ്ണയിക്കാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോൾ നിലവിലുള്ളത്. ടി സഹകരണ ബാങ്കിൽ തൃശ്ശൂർ ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിൽ നിന്നും 9-9-2016 ലെ ഉത്തരവ് പ്രകാരമുള്ള 65-ാം വകുപ്പ് പ്രകാരമുള്ള അന്വേഷണ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ വിഷയങ്ങളിൽ തുടർഅന്വേഷണം നടത്തുന്നതിന് സാധിച്ചിട്ടില്ല.

(സി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം വോട്ടവകാശമുള്ള പുതിയ അംഗങ്ങളെ ചേർത്തിട്ടില്ല.

(ഡി) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി നിലവിൽ വന്നതിനുശേഷം വോട്ടവകാശമുള്ള പുതിയ അംഗങ്ങളുടെ അംഗത്വം റദ്ദ് ചെയ്തിട്ടില്ല.

(ഇ) അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ ഭരണപരമായ ചെലവുകൾക്ക് ആവശ്യമായ തുക ഒന്നും സംഘം ചെലവ് ചെയ്തിട്ടില്ല. അഡ്മിനിസ്ട്രേറ്റർ എന്ന ബോർഡുവച്ച് ബാങ്കിലെ വാഹനങ്ങൾ ഉപയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകിയിട്ടില്ല. ബാങ്കിന്റെ വിവിധങ്ങളായ ആവശ്യങ്ങൾക്കുവേണ്ടി ബാങ്കിന്റെ വാഹനങ്ങൾ ബാങ്കിന്റെ പ്രവർത്തനപരിധിക്ക് പുറത്തേക്ക് ഓടിയിട്ടുണ്ട്.

## കരുനാഗപ്പള്ളി താലൂക്കിലെ സഹകരണസംഘങ്ങൾ

314(712) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുവെന്ന് വിശദീകരിക്കുമോ;

(ബി) കാര്യക്ഷമമായനിലയിൽ പ്രവർത്തിക്കുന്ന എത്ര സംഘങ്ങളുണ്ടെന്ന് വിശദീകരിക്കുമോ; പ്രവർത്തനരഹിതമായ നിലയിലുള്ള സംഘങ്ങൾ എത്രയെന്ന് വിശദീകരിക്കുമോ;

(സി) പ്രവർത്തനക്ഷമമല്ലാത്ത സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) പത്ത് പട്ടികജാതി സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന 5 എണ്ണം കാര്യക്ഷമമായി പ്രവർത്തിക്കുന്നവയാണ്.

1. ക്ലാപ്പന പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.867
2. ഓച്ചിറ പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.877
3. തേവലക്കര പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.884
4. കുലശേഖരപുരം പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ. 906
5. പന്മന പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.871

താഴെപ്പറയുന്നവ പ്രവർത്തനരഹിതമായ സംഘങ്ങളാണ് :

1. തൊടിയൂർ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ എച്ച്.ഡബ്ല്യൂ.49
2. തഴവ പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.835
3. കരുനാഗപ്പള്ളി പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ.836
4. ചവറ പട്ടികജാതി സഹകരണ സംഘം (ഡോർമെന്റ്)
5. ആലപ്പാട് പട്ടികജാതി സഹകരണ സംഘം ക്ലിപ്തം നമ്പർ ക്യൂ. 1340 (ഡോർമെന്റ്)

(സി) നിലവിൽ ഭരണസമിതി ഇല്ലാത്ത പട്ടികജാതി സഹകരണ സംഘങ്ങളിൽ ഭരണസമിതി തെരഞ്ഞെടുപ്പ് നടത്തുന്നതിനും സംഘങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് മതിയായ മൂലധന പര്യാപ്തത ഇല്ലാത്ത സഹകരണ സംഘങ്ങൾക്ക് ഓഹരി നൽകിയും പുനരുദ്ധാരണ പദ്ധതിയും മറ്റ് ധനസഹായങ്ങളും നൽകിയും തനത് ഫണ്ട് സ്വരൂപിച്ചും ഭരണ സമിതിക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയും സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ആലത്തൂർ മണ്ഡലത്തിലെ പട്ടികജാതി സഹകരണസംഘങ്ങൾ

315(713) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ എത്ര പട്ടികജാതി സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

3 (മൂന്ന്).

1. കോട്ടായി പട്ടികജാതി സേവന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 867
2. ആലത്തൂർ താലൂക്ക് പട്ടികജാതി അലക്ക് തൊഴിലാളി സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 890
3. കണ്ണമ്പ്ര പട്ടികജാതി സേവന സഹകരണ സംഘം ക്ലിപ്തം നമ്പർ പി. 853

## സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂമും മറ്റും നിർമ്മിച്ചുനൽകുന്ന സഹകരണ വകുപ്പ് പദ്ധതി

316(714) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം, ഊർജ്ജക്ഷമതയുള്ള അടുപ്പുകൾ എന്നിവ സഹകരണ വകുപ്പ് മുഖാന്തരം നിർമ്മിച്ചു നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(സി) പദ്ധതി ആരംഭിച്ചിട്ടില്ലെങ്കിൽ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ - സി) ഇല്ല. പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടിയായി എല്ലാ ജില്ലകളിൽനിന്നും സ്മാർട്ട് ക്ലാസ് റൂം ആവശ്യമുള്ള സ്കൂളുകളുടെ വിവരങ്ങളും സന്നദ്ധരായ സഹകരണസംഘങ്ങളുടെ വിവരങ്ങളും ശേഖരിച്ചുകഴിഞ്ഞു.

## സഹകരണ ബാങ്കുകൾക്ക് പ്രത്യേക ആദായനികുതി ഇളവ്

317(715) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾക്ക് പ്രത്യേക ആദായനികുതി ഇളവ് നൽകുവാൻ ഉദ്ദേശിക്കുന്നില്ല എന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടുണ്ടോ;

(ബി) ആദായനികുതി നിയമത്തിലെ 80(പി) വകുപ്പ് സഹകരണ ബാങ്കുകൾക്ക് ബാധകമല്ല എന്ന കേന്ദ്ര ധനകാര്യമന്ത്രിയുടെ ലോക്സഭയിലെ പ്രസ്താവന സഹകരണ ബാങ്കുകളെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) ഇളവിനായി വീണ്ടും കേന്ദ്രത്തിനെ സമീപിക്കുന്ന കാര്യം ആലോചിക്കുമോ?

### ഉത്തരം

(എ) ആദായനികുതി നിയമത്തിലെ വകുപ്പ് 80(പി)യിൽ പാർലമെന്റ് 2006-ലെ ഫിനാൻസ് ആക്ട് (ബജറ്റ് 2006) മുഖേന 1-4-2007 മുതൽ പ്രാബല്യത്തോടെ ഭേദഗതി വരുത്തിയിട്ടുണ്ട്. ഈ ഭേദഗതി പ്രകാരം സഹകരണ മേഖലയിൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ (പി.എ.സി.എസ്), പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ (പി.സി.എ.ആർ.ഡി. ബി.കൾ) എന്നിവ ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് അന്നുവരെ ലഭ്യമായിക്കൊണ്ടിരുന്ന ആദായ നികുതി ഇളവ് നിർത്തലാക്കുകയുണ്ടായി. സഹകരണ മേഖലയ്ക്കുണ്ടായിരുന്ന ആദായനികുതി ഇളവ് പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മേൽപരാമർശിച്ച ഫിനാൻസ് ആക്ട് ഭേദഗതി മുഖേന സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, അർബൻ സഹകരണ ബാങ്കുകൾ എന്നിവയ്ക്ക് 1-4-2007 മുതൽ ആദായനികുതി നിയമത്തിലെ വകുപ്പ് 80(പി) പ്രകാരം മുമ്പുണ്ടായിരുന്ന ആദായ നികുതിയിളവ് ലഭിക്കുന്നില്ല. നിലവിൽ ആദായ നികുതി നിയമത്തിലെ വകുപ്പ് 80(പി) പ്രകാരം പ്രാഥമിക സഹകരണ കാർഷിക വായ്പാ സംഘങ്ങൾക്കും (പി.എ.സി.എസ്.) പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾക്കും (പി.സി.എ.ആർ.ഡി.ബി.) അവയുടെ ലാഭത്തിൽനിന്നും ആദായനികുതി നൽകേണ്ടതില്ല എന്ന വകുപ്പ് 80(പി)യിലെ വ്യവസ്ഥ ഒഴിവാക്കിയതായി കേന്ദ്ര സർക്കാരിൽനിന്നും ഔദ്യോഗികമായ അറിയിപ്പുകളൊന്നുംതന്നെ ലഭിച്ചിട്ടില്ല.

(ബി) 2006-ലെ ഫിനാൻസ് ആക്ട് 1-4-2007 മുതൽ പ്രാബല്യത്തോടെ നിലവിൽ വന്നിട്ടുണ്ട്. ഈ ഫിനാൻസ് ആക്ട് ഭേദഗതി പ്രകാരം പി.എ.സി.എസ്., പി.സി.എ.ആർ.ഡി.ബി. ഒഴികെയുള്ള സഹകരണ ബാങ്കുകൾക്ക് ആദായനികുതി നിയമത്തിലെ വകുപ്പ് 80 (പി) പ്രകാരമുള്ള ഇളവ് ലഭ്യമല്ല. നിലവിൽ വകുപ്പ് 80 (പി)-യുടെ ആനുകൂല്യം ലഭിക്കുന്ന പി.എ.സി., എസ്.പി.സി.എ.ആർ.ഡി.ബി. എന്നിവയുടെ ആനുകൂല്യം നഷ്ടമായാൽ ആയത് ടി സഹകരണസംഘങ്ങളുടെ അംഗങ്ങൾക്ക് ലഭിക്കുന്ന ഡിവിഡന്റിൽ കുറവ് വരുത്തുകയും ലാഭത്തിൽനിന്നും വകമാറ്റുന്ന മറ്റു ഫണ്ടുകളെ ദോഷകരമായി ബാധിക്കുകയും ചെയ്യും.

(സി) നിലവിൽ പരിഗണനയിലില്ല.

## ജില്ലാ സഹകരണ ബാങ്കുകൾ

318(716) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം ജില്ലാ സഹകരണ ബാങ്കുകൾ പുതിയ ശാഖകൾ തുടങ്ങുവാൻ അപേക്ഷ നൽകിയിട്ടുണ്ട്;ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകളുടെ ക്ലാസിഫിക്കേഷൻ പരിഷ്കരണം, സ്റ്റാഫ് പാറ്റേൺ പരിഷ്കരണം എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീരുമാനം എടുക്കാത്തതിന്റെ കാരണം വ്യക്താക്കുമോ;

(സി) അഡ്മിനിസ്റ്റേറ്റീവ് കമ്മിറ്റി ഭരണത്തിൽകീഴിലുള്ള ജില്ലാ സഹകരണ ബാങ്കുകളിൽ തെരഞ്ഞെടുപ്പ് നടത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കിന്റെ ജനറൽ ബോഡി യോഗം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ലയനം നടത്തണമെന്നാവശ്യപ്പെട്ട് മൂന്നിൽ രണ്ട് ഭൂരിപക്ഷത്തോടെ തീരുമാനം എടുത്തിട്ടുണ്ടോ;

(ഇ) ഏതെങ്കിലും ജില്ലാ സഹകരണ ബാങ്കിന്റെ ജനറൽ ബോഡി യോഗം ലയന നടപടിക്കെതിരെ തീരുമാനം എടുക്കുകയോ പ്രമേയം പാസ്സാക്കുകയോ ചെയ്തിട്ടുണ്ടോ?

### ഉത്തരം

(എ) കൊല്ലം, എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലാ സഹകരണ ബാങ്കുകൾ പുതിയ ശാഖകൾ തുടങ്ങുവാൻ അപേക്ഷ നൽകിയിട്ടുണ്ട്. കേരള സഹകരണ ബാങ്ക് രൂപീകൃതമാകുന്ന സാഹചര്യത്തിൽ ലയന നടപടി ക്രമങ്ങൾ സങ്കീർണ്ണമാകാതിരിക്കുന്നതിനുവേണ്ടിയും ലയനം സുഗമമായി നടത്തുന്നതിനുമായി പുതിയ ശാഖകൾ ആരംഭിക്കുന്നത് താൽക്കാലികമായി നിർത്തി വയ്ക്കാൻ ബാങ്കുകൾക്ക് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) വിഷയത്തിന്റെ വിവിധ വശങ്ങൾ പരിഗണിച്ച് ഒരു തീരുമാനം കൈക്കൊള്ളുന്നതാണ്.

(ഡി) ഇല്ല.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മരണപ്പെട്ട വായ്പക്കാരന്റെ കുടുംബത്തിന് ഇളവുകൾ**

319(717) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണബാങ്കുകളിൽനിന്നും വായ്പ എടുത്ത് യഥാസമയം തിരിച്ചടവുവരുത്തുന്നതിനിടെ മരണപ്പെട്ട വായ്പക്കാരന്റെ കുടുംബത്തിന് ഏതൊക്കെ തരത്തിലുള്ള ഇളവുകളാണ് പ്രസ്തുത വായ്പയിൽ അനുവദിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) റിസ്ക് ഫണ്ടിൽ ഉൾപ്പെടുത്തി പ്രസ്തുത വായ്പകൾ പൂർണ്ണമായും ഒഴിവാക്കി നൽകാറുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) വായ്പാ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽനിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും, നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ, വായ്പാ കാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെട്ടാൽ നിബന്ധനകൾക്ക് വിധേയമായി ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും എഴുതി തള്ളാൻ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി എന്ന പദ്ധതി നിലവിലുണ്ട്. റിസ്ക് ഫണ്ട് പദ്ധതി പ്രകാരം ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് ആറുമാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കിനിൽക്കുന്ന ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽനിന്നും നൽകും. കൂടാതെ, റിസ്ക് ഫണ്ട് നിയമാവലിയിൽ പരാമർശിച്ചിട്ടുള്ള ഏഴ് മാരക രോഗങ്ങളിൽ ഏതെങ്കിലും ബാധിച്ചവരുടെ വായ്പാ മുതൽ ഇനത്തിൽ 75,000 രൂപ പദ്ധതിയിലെ ഇതര നിബന്ധനകൾക്ക് വിധേയമായി നൽകും. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷയും അനുബന്ധങ്ങളും ബന്ധപ്പെട്ട സഹകരണ സംഘം/ബാങ്കിന് നൽകണം. സംഘം/ബാങ്ക് കമ്മിറ്റി തീരുമാനം കൈക്കൊണ്ട് സഹകരണ

വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശിപാർശയോടെ സഹകരണ വികസന ക്ഷേമനിധി ബോർഡ് സെക്രട്ടറിക്ക് സമർപ്പിക്കണം. വായ്പാക്കാരൻ മരിച്ചുപോയ കേസുകളിൽ മരണസർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിനായി വായ്പ എടുക്കുന്ന സമയത്ത് വായ്പാത്തുകയുടെ 0.35% എന്ന നിരക്കിൽ കുറഞ്ഞത് 100 രൂപയും പരമാവധി 525 രൂപയും ഒറ്റത്തവണ റിസ്ക് ഫണ്ട് പ്രീമിയം/വിഹിതം അടച്ചിരിക്കണം. മരണപ്പെട്ടതോ/മാരകരോഗം പിടിപെട്ടതോ ആയ ആളിന്റെ പേരിലുള്ളതും മരണപ്പെട്ട്/മാരകരോഗം പിടിപെട്ട തീയതിയിൽ 70 വയസ്സിൽ അധികരിക്കാത്തതുമായ വായ്പക്കാരുടെ വായ്പകൾക്ക് മാത്രമാണ് യഥാക്രമം മരണാനന്തര ആനുകൂല്യം /ചികിത്സാ ധനസഹായം ലഭിക്കുക.

(ബി) റിസ്ക് ഫണ്ട് സ്കീമിൽ ഉൾപ്പെടുത്തി വായ്പകൾ പൂർണ്ണമായും ഒഴിവാക്കി നൽകാറില്ല. വായ്പ തുക എത്രയായിരുന്നാലും ഓരോ വായ്പകൾക്കും ഒന്നര ലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയുമാണ് ഒഴിവാക്കി നൽകുന്നത്. ഒരാൾക്ക് ഒന്നിലധികം വായ്പയുണ്ടെങ്കിൽ ടി വായ്പകൾക്ക് സ്കീമിൽ പരാമർശിക്കുന്ന പ്രകാരം പ്രീമിയം/വിഹിതം അടച്ചിട്ടുണ്ടെങ്കിൽ ഓരോ വായ്പയ്ക്കും റിസ്ക് ഫണ്ട് ആനുകൂല്യം ലഭിക്കുന്നതാണ്.

### സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകൾ

320(718) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എത്ര ആയിരുന്നുവെന്നും ഓരോ ജില്ലാ ബാങ്കുകളുടേയും കടം പ്രത്യേകം പ്രത്യേകം അറിയിക്കാമോ;

(ബി) പ്രസ്തുത കിട്ടാക്കടം പിരിച്ചെടുക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളുടെ കിട്ടാക്കടം 2909.362 കോടി ആയിരുന്നു. ഓരോ ജില്ലാ സഹകരണ ബാങ്കുകളുടെയും കിട്ടാക്കടത്തിന്റെ വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കേരള സംസ്ഥാന സഹകരണ ബാങ്ക് | - | 531.84 കോടി |
| തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്ക് | - | 805.60 കോടി |
| കൊല്ലം ജില്ലാ സഹകരണ ബാങ്ക് | - | 0.9419 കോടി |

| | | |
|---|---|---|
| പത്തനംതിട്ട ജില്ലാ സഹകരണ ബാങ്ക് | - | 18.77 കോടി |
| ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് | - | 67.30 കോടി |
| തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് | - | 149.77 കോടി |
| എറണാകുളം ജില്ലാ സഹകരണ ബാങ്ക് | - | 369.67 കോടി |
| ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | - | 87.39 കോടി |
| കോട്ടയം ജില്ലാ സഹകരണ ബാങ്ക് | - | 132.95 കോടി |
| പാലക്കാട് ജില്ലാ സഹകരണ ബാങ്ക് | - | 169.28 കോടി |
| കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് | - | 166.87 കോടി |
| കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് | - | 108.67 കോടി |
| വയനാട് ജില്ലാ സഹകരണ ബാങ്ക് | | 22.83 കോടി |
| കാസർഗോഡ് ജില്ലാ സഹകരണ ബാങ്ക് | - | 86.52 കോടി |
| മലപ്പുറം ജില്ലാ സഹകരണ ബാങ്ക് | - | 190.96 കോടി |

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ കിട്ടാക്കടം പിരിച്ചെടുക്കുന്നതിനായി പ്രത്യേക ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായ "കോ-ബാങ്ക് സാന്ത്വനം 2017" പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളും പ്രത്യേക ഒറ്റത്തവണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. കൂടാതെ ആർബിട്രേഷൻ, സെക്യൂരിറ്റൈസേഷൻ തുടങ്ങിയ നിയമനടപടികളും കിട്ടാക്കടങ്ങൾ പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ചിട്ടുണ്ട്.

## സഹകരണ സ്ഥാപനങ്ങളിലെ അഴിമതി

321(719) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സഹകരണ സ്ഥാപനങ്ങളിൽ ക്രമക്കേട് നടത്തിയതുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ടെന്നും എത്ര സ്ഥാപനങ്ങൾ ഇതിന്റെ അടിസ്ഥാനത്തിൽ നടപടികൾക്ക് വിധേയമായിട്ടുണ്ടെന്നുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ജനോപകാരപ്രദമായി പ്രവർത്തിക്കേണ്ട സഹകരണ സ്ഥാപനങ്ങളിലെ അഴിമതി തുടച്ചുമാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തെ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടിട്ടുള്ള 229 സ്ഥാപനങ്ങൾ നടപടികൾക്ക് വിധേയമായിട്ടുണ്ട്.

(ബി) സഹകരണ സംഘങ്ങളിലെ അഴിമതിയും ക്രമക്കേടും തടയുന്നതിനായി യൂണിറ്റ് ഇൻസ്പെക്ടർമാർ, അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർ, ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർ എന്നിവർ സംഘങ്ങളിൽ മിന്നൽ പരിശോധനയും വിശദ പരിശോധനയും നടത്തിവരുന്നു. യൂണിറ്റ്/കൺകറന്റ് ആഡിറ്റർമാർ കാര്യക്ഷമമായ രീതിയിൽ സഹകരണ സംഘങ്ങളുടെ ആഡിറ്റ് നിർവ്വഹിക്കുകയും ആഡിറ്റിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്കെതിരെ സഹകരണ നിയമ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാറുമുണ്ട്. സംഘത്തിന് സാമ്പത്തികനഷ്ടം ഉണ്ടായതായി കണ്ടെത്തുന്ന ക്രമക്കേടുകളിൽ ഉത്തരവാദികളായവരിൽനിന്ന് സഹകരണ നിയമം ചട്ടം 68(2) പ്രകാരം സർചാർജ്ജ് നടപടികളിലൂടെ ഈടാക്കുകയും ചെയ്യുന്നു. സ്വർണപ്പണയ വായ്പകളിൽ ഈട് നൽകിയിട്ടുള്ള പണയ വസ്തുക്കളുടെ പരിശോധനയും കാലാകാലങ്ങളിൽ നടത്തി വരുന്നുണ്ട്. കൂടാതെ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിച്ചുവരുന്ന സഹകരണ വിജിലൻസ് സംസ്ഥാനത്തെ വിവിധ സഹകരണ സംഘങ്ങളിൽ നടക്കുന്ന ക്രമക്കേടുകളിന്മേൽ ഫലപ്രദമായ രീതിയിൽ അന്വേഷണം നടത്തുകയും സഹകരണ വിജിലൻസിൽ നിന്നും ലഭിക്കുന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

## താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്

322(720) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരികെ ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) നിക്ഷേപകർക്ക് കുടിശ്ശിക ഇനത്തിൽ എത്ര തുക തിരികെ ലഭ്യമാക്കാനുണ്ട്; കുടിശ്ശിക വരുത്തിയവരിൽനിന്നും തുക തിരികെ ഈടാക്കുന്നതിന് സിവിൽ ക്രിമിനൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ;

(സി) ബാങ്കിനെ നിക്ഷേപകർക്ക് പ്രയോജനപ്രദമാവുംവിധം പ്രവർത്തന സജ്ജമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും ?

<u>ഉത്തരം</u>

(എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് പണം തിരികെ ലഭ്യമാക്കുന്നതിനുവേണ്ടി സുതാര്യമായ പുനരുദ്ധാരണ പാക്കേജ് തയ്യാറാക്കി സമയബന്ധിതമായി സമർപ്പിക്കുന്നതിന് കണ്ണൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടി പാക്കേജ് ലഭിക്കുന്നമുറയ്ക്ക് ബാങ്കിലെ നിക്ഷേപകർക്ക് പണം തിരികെ നൽകുന്നത് സംബന്ധിച്ച വിഷയത്തിൽ അന്തിമതീരുമാനം കൈക്കൊള്ളാനാകും. കൂടാതെ, നിലവിൽ ടി ബാങ്കിലെ നിക്ഷേപകർക്ക് മാരകരോഗം, വിവാഹ ആവശ്യം, കുട്ടികളുടെ വിദ്യാഭ്യാസം എന്നിങ്ങനെ മുൻഗണനാ ക്രമത്തിൽ നിക്ഷേപം തിരികെ നൽകിവരുന്നുണ്ട്.

(ബി) ബാങ്കിലെ നിക്ഷേപകർക്ക് മുതലിനത്തിൽ 9,83,00,808 രൂപ തിരികെ നൽകാനായി ബാക്കി നിൽപ്പുണ്ട്. വായ്പാ കുടിശ്ശികകൾ തിരികെ ഈടാക്കുന്നതിന് നിയമാനുസൃതം ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ബാങ്കിൽ കൊല്ലം ജില്ലാ സഹകരണ ബാങ്കിൽനിന്നും യോഗ്യതയുള്ള ഒരു ഉദ്യോഗസ്ഥന്റെ സേവനം ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനും ടി ജില്ലാ സഹകരണബാങ്കിൽനിന്നും പുനർവായ്പ ലഭ്യമാക്കുന്നതിനുമുള്ള തീരുമാനങ്ങൾ കൈക്കൊണ്ട് തുടർ നടപടി സ്വീകരിച്ചിട്ടുണ്ട്.

**നിലമ്പൂർ അർബൻ സഹകരണ ബാങ്കിലെ ക്രമക്കേടുകൾ**

323(721) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സഹകരണ അർബൻ ബാങ്കിനെതിരായി ആരുടെയൊക്കെ പരാതികളാണ് സഹകരണ വകുപ്പിന് ലഭിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) മേൽപരാതികളിൻ മേൽസഹകരണ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ;

(സി) നിലമ്പൂർ സഹകരണ അർബൻ ബാങ്ക് ഭരണസമിതി ക്രമക്കേട് നടത്തിയതായി വകുപ്പ്തല അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ വകുപ്പ് കണ്ടെത്തിയ ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രീ. സി. ജി. ഉണ്ണി, ചൂരക്കാട്ടിൽ ഹൗസ്, നിലമ്പൂർ; ശ്രീ. ഇസ്മായിൽ, എരഞ്ഞിക്കൽ ഹൗസ്, നിലമ്പൂർ എന്നിവരുടെ പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പരാതികളിന്മേൽ അന്വേഷണം നടത്തുന്നതിനായി മലപ്പുറം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും പ്രസ്തുത അന്വേഷണത്തിൽ ക്രമക്കേട് കണ്ടെത്തിയതിനാൽ ഇത് സംബന്ധിച്ച് സഹകരണ നിയമം 65-ാം വകുപ്പ് പ്രകാരമുള്ള വിശദമായ അന്വേഷണ നടപടി പുരോഗമിക്കുന്നു.

(സി) ഉണ്ട്.

(ഡി) ബാങ്കിന്റെ നിലവിലുള്ള കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങളിലും ഭരണാനുമതി വാങ്ങാതെ പൊതുഫണ്ട് ഉപയോഗിച്ച് ഇന്നോവ കാർ വാങ്ങിയതിലും ആയതിന്റെ ഉപയോഗത്തിലും താൽക്കാലിക ഡ്രൈവർ, ബിസിനസ് എക്സിക്യൂട്ടീവ് എന്നീ നിയമനങ്ങളിലും ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

## കാട്ടാക്കട താലൂക്കിൽ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ്

324(722) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്ക് കേന്ദ്രമായി സഹകരണ അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസ് അനുവദിക്കുന്നത് സംബന്ധിച്ച നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

പരിഗണനയിലുണ്ട്.

## സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്നും ഭവന നിർമ്മാണ വായ്പ

325(723) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകളിൽനിന്നും ഭവനനിർമ്മാണവായ്പ എടുത്തിട്ടുള്ളവർക്ക് നിലവിൽ നൽകിവരുന്ന വരുമാന നികുതിയിളവ് പിൻവലിക്കുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ;

(ബി) സ്വകാര്യ ബാങ്കുകളായ എച്ച്.ഡി.എഫ്,സി., ഐ.സി.ഐ.സി.ഐ. എന്നിവയിൽ നിന്നെടുത്തിട്ടുള്ള ഭവന നിർമ്മാണ വായ്പകൾക്ക് പ്രസ്തുത ഇളവ് നൽകുകയും ജനപങ്കാളിത്തമുള്ള സഹകരണ സ്ഥാപനങ്ങൾക്ക് ഇളവ് നിർത്തലാക്കുകയും ചെയ്യുന്നത് ഈ മേഖലയോടുള്ള വിവേചനമായതിനാൽ അത് തിരുത്താൻ കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും സംസ്ഥാന സഹകരണ ബാങ്കിൽനിന്നും ഭവന വായ്പ എടുത്തവർക്ക് ആദായ നികുതി നിയമത്തിലെ വകുപ്പ് 80 സി പ്രകാരവും 80 ഇ.ഇ പ്രകാരവുമുള്ള ഇളവ് പിൻവലിക്കുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കുക്ക് തസ്തികയിലേക്കുള്ള നിയമനം

326(724) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ടൂറിസം വകുപ്പിന്റെയും കെ.റ്റി.ഡി.സി.-യുടെയും കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ കുക്ക് തസ്തികയിലേക്കുള്ള നിയമനത്തിന് നിശ്ചയിച്ചിരിക്കുന്ന യോഗ്യതകൾ എന്തെല്ലാമാണ്; സംസ്ഥാനത്തെ വ്യാവസായിക പരിശീലന കേന്ദ്രങ്ങളിൽനിന്നും ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, ഫുഡ് പ്രൊഡക്ഷൻ എന്നീ ട്രേഡുകളിൽ പരിശീലനം പൂർത്തിയാക്കിയവരെ പ്രസ്തുത തസ്തികയിൽ നിയമനത്തിന് പരിഗണിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

ടൂറിസം വകുപ്പിനുകീഴിൽ കുക്ക് തസ്തികയിലേക്കുള്ള നിയമനത്തിനായി സ്പെഷ്യൽ റൂൾസ് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു :

1. എസ്.എസ്.എൽ.സി. പാസ്സായിരിക്കണം.
2. ഗവൺമെന്റ് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നുള്ള KGCE in food production സർട്ടിഫിക്കറ്റ് അല്ലെങ്കിൽ സർക്കാർ അംഗീകരിച്ചിട്ടുള്ള തത്തുല്യ യോഗ്യത.

നിലവിൽ Kerala Tourism Subordinate Service (Amendment) Special Rules 2011 പ്രകാരം FCI-ൽനിന്നും നിർദ്ദിഷ്ട യോഗ്യതകൾ അല്ലെങ്കിൽ തത്തുല്യ യോഗ്യതകൾ നേടിയവരെ മാത്രമേ കുക്ക് തസ്തികയിലേക്കുള്ള നിയമനത്തിന്

പരിഗണിക്കാവൂ. മറ്റ് സ്ഥാപനങ്ങളിൽനിന്നും പരിശീലനം നേടിയവരെ പരിഗണിക്കണമെങ്കിൽ സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തേണ്ടതുണ്ട്. കെ.റ്റി.ഡി. സി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളിൽ അസിസ്റ്റന്റ് കുക്ക് തസ്തികയിലേക്കാണ് നേരിട്ടുള്ള നിയമനം നടത്തിവരുന്നത്. പ്രസ്തുത തസ്തികയുടെ യോഗ്യതകൾ ചുവടെ ചേർക്കുന്നു :

1. SSLC or its equivalent
2. Certificate in Food Production from FCI/ KIHMS/ IHMCT/ NCVT certificate in Cookery or equivalent qualification obtained from any institute recognized by State/Central Governments

അസിസ്റ്റന്റ് കുക്ക് തസ്തികയിൽ പ്രൊബേഷൻ കാലാവധി പൂർത്തീകരിച്ചവർക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ കുക്ക് തസ്തികയിൽ നിയമനം നൽകുകയാണ് ചെയ്തുവരുന്നത്.

**ബി.ആർ.ഡി.സി.-യുടെ പ്രവർത്തനം**

327(725) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 നവംബറിൽ ടൂറിസം വകുപ്പ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് ജില്ലാ കളക്ടറുടെ ചേംബറിൽ ബി.ആർ.ഡി.സി.-യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നു; വിശദമാക്കുമോ;

(ബി) ഈ തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഇല്ലെങ്കിൽ നടപ്പിലാക്കാതിരിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2017 നവംബറിൽ ടൂറിസം വകുപ്പ് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് ജില്ലാ കളക്ടറുടെ ചേംബറിൽ ബി.ആർ.ഡി.സി.-യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ നടപ്പാക്കിവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബാധകമല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വിനോദസഞ്ചാര പദ്ധതികൾ

328(726) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര വികസനവുമായി ബന്ധപ്പെട്ട് ഏതൊക്കെ പുതിയ പദ്ധതികളാണ് നടപ്പിലാക്കിയത്;

(ബി) പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പദ്ധതികളെ സംബന്ധിച്ച വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭ്യമായിട്ടുള്ള പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

I. 'സ്വദേശ ദർശൻ' സ്കീമിൽ ഉൾപ്പെടുത്തിയുള്ള സ്പിരിച്വൽ ടൂറിസം സർക്യൂട്ടുകളായ

1. ശബരിമല വികസനം (എരുമേലി-പമ്പ -സന്നിധാനം)- 9998.92 ലക്ഷം രൂപ

2. ശ്രീപത്മനാഭ-ആറന്മുള-ശബരിമല ക്ഷേത്രം വികസനം- 9244.26 ലക്ഷം രൂപ.

II. പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം - 4614.20 ലക്ഷം രൂപ.

## ടൂറിസം മേഖലയിലെ പദ്ധതികൾ

329(727) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം മേഖലയുടെ വികസനത്തിന് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഗ്രാമീണ മേഖലയിലെ കൂടുതൽ പ്രദേശങ്ങൾ കേരളത്തിന്റെ ടൂറിസം മാപ്പിൽ ഉൾപ്പെടുത്തിക്കൊണ്ട് ഒരു സർക്യൂട്ട് ടൂറിസം പ്രോജക്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ടൂറിസം മേഖലയുടെ വികസനത്തിന് ഈ സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

(ബി) നിലവിൽ പരിഗണനയിൽ ഇല്ല.

## ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താൻ പദ്ധതി

330(728) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ടൂറിസം കേന്ദ്രങ്ങൾക്ക് സമീപമുള്ള ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ക്ലാസിഫിക്കേഷൻ ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഈ നടപടി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് സഹായകരമാകും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ;

(സി) ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മിതികൾ പരിസ്ഥിതി സൗഹൃദമാക്കുന്നതിനും മലിനീകരണം കുറയ്ക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നതായ എല്ലാ പദ്ധതികളും ടൂറിസം കേന്ദ്രങ്ങളിൽ അത്യാധുനിക രീതിയിലുള്ള മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ വിനോദസഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ്. ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ നൽകുന്ന തരത്തിൽ പരിഗണിക്കുന്നതിനായി വകുപ്പിലെ എംപാനൽഡ് ആർക്കിടെക്ടുമാരുടെ പാനൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഹോട്ടലുകൾക്കുള്ള സ്റ്റാർ ക്ലാസിഫിക്കേഷൻ സ്കീം നടപ്പാക്കുന്നത് കേന്ദ്ര ടൂറിസം മന്ത്രാലയമാണ്. ഹോട്ടലുകൾക്കും റിസോർട്ടുകൾക്കും ക്ലാസിഫിക്കേഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി ഈ വകുപ്പിന്റെ പരിഗണനയിലില്ല.

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളും ശുചിത്വവും സുരക്ഷിതത്വവും പരിസ്ഥിതി സൗഹൃദവും ഉറപ്പുവരുത്തുന്നതിനായി ടൂറിസം വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പാക്കി വരുന്ന നൂതന കർമ്മ പദ്ധതിയാണ് ഗ്രീൻ കാർപ്പറ്റ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, നാഷണൽ സർവ്വീസ് സ്കീം, എൻ.ജി.ഒ.-കൾ തുടങ്ങിയവരുടെ കൂട്ടായ്മയിലൂടെയാണ് ഗ്രീൻ കാർപ്പറ്റ് പദ്ധതി നടപ്പിലാക്കുന്നത്. പ്രധാനമായും താഴെപ്പറയുന്ന പത്തിന പരിപാടികളും അജണ്ടയും അടിസ്ഥാനമാക്കിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

1. വൃത്തിയും ശുചിത്വവുമുള്ള പരിസരം, ഖരമാലിന്യങ്ങളുടെ ശാസ്ത്രീയമായ ശേഖരണവും സംസ്കരണവും
2. മേന്മയേറിയ പൊതു ശുചിമുറികളും അവയുടെ കൃത്യമായ പരിപാലനവും
3. ശുദ്ധമായ കുടിവെള്ളവും ഭക്ഷണവും
4. കേടുപാടുകളില്ലാത്ത നടപ്പാത, ലൈറ്റിംഗ്, സൂചക ബോർഡുകൾ
5. പ്രകൃതിയുടെ സ്വാഭാവികത നിലനിർത്താനുള്ള നടപടികൾ
6. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയുംപെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.
7. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.
8 ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനം - തിരിച്ചറിയൽ കാർഡ്.
9. പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തം.
10. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനെ ഡെസ്റ്റിനേഷൻ മാനേജരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

സർക്കാരിന്റെ പുതിയ ടൂറിസം നയത്തിൽ വിനോദസഞ്ചാര മേഖലകളിലെ മലിനീകരണം ചെറുക്കാൻ ടൂറിസം കേന്ദ്രങ്ങളിൽ താഴെപ്പറയുന്ന ഹരിത പെരുമാറ്റച്ചട്ടം നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

- ടൂറിസം കേന്ദ്രങ്ങൾ പ്ലാസ്റ്റിക് വിമുക്തമാക്കും.
- പാരമ്പര്യേതര ഊർജ്ജ വിനിയോഗം, ശാസ്ത്രീയ മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, മരങ്ങൾ വച്ചുപിടിപ്പിക്കൽ എന്നിവ പ്രോൽസാഹിപ്പിക്കും.
- മാലിന്യ നിർമ്മാർജ്ജനത്തിന് ഓരോ ടൂറിസം പദ്ധതിക്കും മാർഗ്ഗ നിർദ്ദേശം നൽകും. അവ പാലിക്കുന്നുണ്ടോയെന്ന് കർശനമായി നിരീക്ഷിക്കും.

## ഫോർട്ട് വൈപ്പിന്റെ രണ്ടാംഘട്ട സൗന്ദര്യവൽക്കരണം

331(729) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോർട്ട് വൈപ്പിന്റെ ഒന്നാംഘട്ട സൗന്ദര്യവൽക്കരണത്തിനായി അനുവദിച്ച 1.65 കോടി രൂപ ചെലവഴിച്ചിട്ടുള്ളത് കണക്കിലെടുത്ത് രണ്ടാംഘട്ടത്തിനുള്ള തുക അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ച നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## അതിരപ്പിള്ളി ടൂറിസം

332(730) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ടൂറിസം മേഖലയിൽ നടപ്പാക്കുന്ന വികസന പദ്ധതികൾ ഏതെല്ലാമാണെന്നും അവ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ബി) അതിരപ്പിള്ളി ഉൾപ്പെടെയുള്ള ടൂറിസം സർക്യൂട്ട് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) ടൂറിസം പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) അതിരപ്പിള്ളി ടൂറിസം മേഖലയുടെ വികസനത്തിനായി താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ പ്രാരംഭഘട്ട ത്തിലാണ്.

1. യാത്രിനിവാസ് നിർമ്മാണം.
2. ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പാർക്കിംഗ് ഏരിയ, പബ്ലിക് പാർക്ക്, വ്യൂ പോയിന്റ് എന്നിവയുടെ നിർമ്മാണം.
3. തുമ്പൂർമൂഴിയിൽ കർട്ടൻ ഫൗണ്ടൻ, ഡീസൽ ജനറേറ്റർ, ഫൂട്ട് ഓവർ ബ്രിഡ്ജ്, നടപ്പാതകൾ, ഇരിപ്പിടങ്ങൾ, കുട്ടികളുടെ പാർക്കിന്റെ നവീകരണം, കടകൾ മാറ്റി സ്ഥാപിക്കൽ.

(ബി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി 98.93 കോടി രൂപയുടെ അതിരപ്പിള്ളി-മലയാറ്റൂർ-കാലടി-കോടനാട് നാച്ച്വർ സർക്യൂട്ട് എന്ന പ്രൊപ്പോസൽ സംസ്ഥാനം കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അതിരപ്പിള്ളി മലയാറ്റൂർ-കാലടിയുടെ ഫൈനൽ മാസ്റ്റർപ്ലാൻ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) ഇവയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തികൾ വിവിധഘട്ടത്തിലാണ്.

## ചെട്ടിക്കുളങ്ങര തീർത്ഥാടന ടൂറിസം

333(731) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീർത്ഥാടന ടൂറിസം വികസനത്തിനായുള്ള കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി കായംകുളം മണ്ഡലത്തിൽനിന്നും സമർപ്പിച്ചിട്ടുള്ള ചെട്ടിക്കുളങ്ങര തീർത്ഥാടന ടൂറിസം പദ്ധതിയുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കേരളത്തിലെ ഏറെ പ്രശസ്തമായ ആരാധനാലയങ്ങളായ ചെട്ടിക്കുളങ്ങര, ഓച്ചിറ, ഹരിപ്പാട്, മണ്ണാറശ്ശാല, മാവേലിക്കര അടക്കമുള്ളവയെ ഉൾപ്പെടുത്തി തീർത്ഥാടന ടൂറിസം സർക്യൂട്ട് എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ 'പ്രസാദ്' സ്കീമിന്റെ മാർഗ്ഗരേഖയ്ക്ക് അനുസൃതമായോ; 'സ്വദേശി ദർശൻ' പോലുള്ള കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയോ നടപ്പാക്കുന്ന കാര്യം പരിശോധനയിലാണ്.

## ടൂറിസം വികസനം

334(732) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വികസനത്തിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) 2017 വർഷത്തിൽ കേരളം സന്ദർശിച്ച ടൂറിസ്റ്റുകളുടെ എണ്ണം ലഭ്യമാക്കാമോ;

(സി) ഇതിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) 2017 വർഷത്തിൽ കേരളത്തിൽ ടൂറിസ്റ്റുകൾക്കെതിരെ അക്രമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ഇത്തരത്തിൽ എത്ര കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; പ്രസ്തുത കേസുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ടൂറിസം മാർക്കറ്റിംഗ് ലക്ഷ്യമിട്ട് വിദേശരാജ്യങ്ങളിൽ വിവിധ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കേരള ടൂറിസം വിപണി വിപുലീകരിക്കുന്നതിനായി വിദേശ രാജ്യങ്ങളിൽ റോഡ് ഷോകളും ട്രേഡ് ഫെയറുകളും സംഘടിപ്പിച്ചുവരുന്നു. ഉത്തരവാദിത്വ ടൂറിസം പദ്ധതി വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളത്തെ വിവാഹ/MICE ടൂറിസത്തിന്റെ പ്രധാന ലക്ഷ്യസ്ഥാനമായി മാറ്റുന്നതിനുള്ള ഓൺലൈൻ/ഓഫ്‌ലൈൻ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. നവമാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കിവരുന്നു. വിനോദസഞ്ചാരികളെയും കലാസ്വാദകരെയും ആകർഷിക്കുന്നതിനായി കൊച്ചി ബിനാലെ കേരള ടൂറിസത്തിന്റെ സഹകരണത്തോടെ സംഘടിപ്പിച്ചുവരുന്നു. യൂറോപ്പിലെ പ്രധാന ചാനലുകളായ യൂറോ ന്യൂസ്, സ്കൈന്യൂസ് എന്നിവയിലും യൂറോപ്പിലെയും മിഡിൽ ഈസ്റ്റ്, ആഫ്രിക്ക എന്നിവിടങ്ങളിലെയും പ്രധാന ടി.വി. ചാനലായ CNN-ലും കേരള ടൂറിസം പരസ്യം പ്രൈം ടൈമിൽ സംപ്രേക്ഷണം ചെയ്തിട്ടുണ്ട്. വിദേശരാജ്യങ്ങളായ സ്വീഡൻ, യു.കെ., സ്പെയിൻ, ഫ്രാൻസ്, ജർമ്മനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിലെ വിവിധ മാസികകളിൽ കേരള ടൂറിസം പ്രചരണത്തിന്റെ ഭാഗമായി പരസ്യം പ്രസിദ്ധീകരിച്ചു. ആസ്ട്രേലിയയിലും ഈ

സർക്കാർ അധികാരത്തിൽ വന്നശേഷം അച്ചടി മാധ്യമങ്ങളിലും ടെലിവിഷൻ മാധ്യമങ്ങളിലും അവിടുത്തെ ട്രാമുകളിലും കേരള ടൂറിസം പരസ്യ പ്രചരണം നടത്തിയിട്ടുണ്ട്. കൊച്ചി മുസിരിസ് ബിനാലെ ക്യാമ്പയിനിന്റെ ഭാഗമായി വിദേശ രാജ്യങ്ങളിൽ പരസ്യങ്ങൾ നൽകിയിട്ടുണ്ട്. ട്രാമുകളിൽ ഔട്ട് ഓഫ് ഹോം(OOH) ക്യാമ്പയിനിന്റെ ഭാഗമായാണ് പരസ്യ പ്രചരണം നടത്തിയത്.

- പ്രധാന തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കേന്ദ്ര ടൂറിസം മന്ത്രാലയം വിഭാവനം ചെയ്തിട്ടുള്ള 'പ്രസാദ്' പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തി.
- പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കും പൊതുസ്വകാര്യ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികൾക്കും കൂടുതൽ പ്രാധാന്യം നൽകുന്നു.
- ടൂറിസം കേന്ദ്രങ്ങൾ എല്ലാവർക്കും അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നു.
- അടിസ്ഥാന സൗകര്യ വികസനത്തിലും വിപണന തന്ത്രത്തിലും പ്രത്യേക ശ്രദ്ധയും ഊന്നലും നൽകുന്നു.
- കിഫ്ബിയുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് തുടക്കംകുറിച്ചിട്ടുണ്ട്. മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിവരുന്നു.
- വടക്കൻ കേരളത്തിലെ ജലാശയങ്ങളും അവിടത്തെ കലാരൂപങ്ങളും പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള നദീതട ടൂറിസം പദ്ധതി പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തി കൊണ്ട് 325 കോടി രൂപയുടെ "മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്" എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.
- ധർമ്മടം-മുഴപ്പിലങ്ങാട്, കണ്ണൂർ, വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ-വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി-ചിമ്മിനി, കാലടി-മലയാറ്റൂർ-ആതിരപ്പിള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊൻമുടി തുടങ്ങിയ കേന്ദ്രങ്ങളിലെ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

- ഉത്തരവാദിത്വ ടൂറിസം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസത്തിനായി പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ട്.
- പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വിപുലമാക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു.
- പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക്'രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.
- ബേക്കലിൽ എയർസ്ട്രിപ്പിനുള്ള നടപടിയും വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാപഠനത്തിനും തുടക്കം കുറിച്ചിട്ടുണ്ട്.
- ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പാക്കുന്നതിനുമായി ഇതര വകുപ്പുകളുടെ ഏകോപനത്തിനായി ഉന്നതതല സമിതി രൂപീകരണത്തിന് നടപടി സ്വീകരിക്കുന്നതാണ്.
- ഡി.റ്റി.പി.സി.കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുനഃസംഘടനയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.
- ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഒരു ദീർഘകാല കരാർ പദ്ധതി ആവിഷ്കരിക്കുന്നുണ്ട്.
- ഹൗസ് ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്വ ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
- പൈതൃക ഗ്രാമ സംരക്ഷണമെന്ന നിലയിൽ ബാലരാമപുരം, മാന്നാർ, ആറന്മുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങളെ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ നടപടി സ്വീകരിച്ചിട്ടുണ്ട്.
- ഹൗസ് ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി "ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം" ആവിഷ്കരിച്ചിട്ടുണ്ട്.

- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടി ആരംഭിച്ചുകഴിഞ്ഞു.

- സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യ പ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടു ത്തുന്നതിനുള്ള സാധ്യത വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതി തുടങ്ങുന്നതിനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

- സംസ്ഥാന സർക്കാർ ആഭിമുഖ്യത്തിലും കേന്ദ്ര സർക്കാർ ധനസഹായത്തോടെയും തീർത്ഥാടന പൈതൃക ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറന്മുള എന്നീ കേന്ദ്രങ്ങളെയാണ് ഇപ്രകാരം വികസിപ്പിക്കുന്നത്. പൈതൃകം നിലനിർത്തിക്കൊണ്ടുള്ള രീതിയിലായിരിക്കും വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്.

(ബി&സി) കേരളം സന്ദർശിച്ച ടൂറിസ്റ്റുകളുടെ 2017 സെപ്റ്റംബർ മാസം വരെയുള്ള കണക്കുകളാണ് തിട്ടപ്പെടുത്തിയിട്ടുള്ളത്. 2017 സെപ്റ്റംബർ വരെ 1,02,60,111 ആഭ്യന്തര വിനോദസഞ്ചാരികളും 7,69,772 വിദേശ വിനോദസഞ്ചാരികളും കേരളം സന്ദർശിച്ചിട്ടുണ്ട്. പ്രസ്തുത കാലയളവിലെ കണക്കുകൾ മുൻവർഷത്തെ 9 മാസത്തെ സ്ഥിതിവിവര കണക്കുമായി താരതമ്യം ചെയ്യുമ്പോൾ ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ 11.03%ഉം വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 4.23%ഉം വർദ്ധനവുണ്ടായിട്ടുണ്ട്. പ്രസ്തുത കണക്കുകൾ വ്യക്തമാക്കുന്ന പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി & ഇ) 2017 വർഷത്തിൽ ടൂറിസ്റ്റുകൾക്കെതിരെ അക്രമങ്ങൾ റിപ്പോർട്ട് ചെയ്തതായി ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**റാന്നി നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

335(733) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികളായ മണിയാർ, പെരുന്തേനരുവി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഓരോ പദ്ധതിയുടേയും നിർമ്മാണം ഏതുഘട്ടം വരെയായെന്നും ഇനി എന്തൊക്കെ പ്രവൃത്തികളാണ് പൂർത്തിയാക്കാനുള്ളതെന്നും പ്രത്യേകം വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മണിയാർ ഡാം കേന്ദ്രീകരിച്ച് ബൃഹത്തായ ടൂറിസം പ്രോജക്ട് തയ്യാറാക്കുന്ന പ്രവൃത്തി ഏതുഘട്ടംവരെയെത്തിയിട്ടുണ്ട്; എന്തൊക്കെയാണ് ഇവിടെ വിഭാവനം ചെയ്തിരിക്കുന്നത്; എത്ര രൂപയാണ് പദ്ധതിക്കായി കണക്കാക്കിയിട്ടുള്ളത്; ആർക്കാണ് പ്രോജക്ട് തയ്യാറാക്കുന്ന ചുമതല നൽകിയിട്ടുള്ളത്; നിർമ്മാണം എന്ന് ടെൻഡർ ചെയ്യാനാകും; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നി നിയോജക മണ്ഡലത്തിലെ മണിയാർ ഡാം കേന്ദ്രീകരിച്ച് ടൂറിസം പദ്ധതിക്കായി സമർപ്പിക്കപ്പെട്ട പദ്ധതി രേഖയിൽ പ്രായോഗിക സാധ്യതയുള്ള ഘടകങ്ങൾ വകുപ്പിന്റെ തനത് ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു. റാന്നി നിയോജക മണ്ഡലത്തിലെ പെരുന്തേനരുവിയിൽ നിലവിൽ രണ്ട് പദ്ധതികളാണ് പുരോഗമിച്ചുകൊണ്ടിരിക്കുന്നത്. ഇവയുടെ പുരോഗതി വിവരം ചുവടെ ചേർക്കുന്നു :

1. ഇംപ്രൂവ്മെന്റ് ഫെസിലിറ്റീസ് ഇൻ പെരുന്തേനരുവി
   - ചിൽഡ്രൻസ് പാർക്ക് & വെയിറ്റിംഗ് ഫെസിലിറ്റീസ് - 75% പൂർത്തീകരിച്ചിട്ടുണ്ട്.
   - കാർ പാർക്കിംഗ് ഫെസിലിറ്റീസ് 60% പൂർത്തീകരിച്ചിട്ടുണ്ട്.
   - ലൈറ്റിംഗ് ഫെസിലിറ്റീസ്, ഇന്റർലോക് പേവ്മെന്റ് വർക്സ് എന്നിവ തുടങ്ങിയിട്ടില്ല.
2. ഡിസൈനർ & കൺസ്ട്രക്ഷൻ ഓഫ് ഡോർമെറ്ററി-കം-അമിനിറ്റി സെന്റർ
   - നടപ്പാത നിർമ്മാണം
   - ഡോർമെറ്ററി & അമിനിറ്റി സെന്റർ അടിത്തറ നിർമ്മാണം പുരോഗമിക്കുന്നു.

(ബി) മണിയാർ ഡാം കേന്ദ്രീകരിച്ച് കേരള ഇലക്ട്രിക്കൽസ് & അലൈഡ് എഞ്ചിനീയറിംഗ് കമ്പനിയാണ് പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. 42,18,75,573 രൂപയുടെ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾക്കാണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. പദ്ധതി രൂപരേഖയുടെ പ്രായോഗികത പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

**തുഷാരഗിരി വിനോദസഞ്ചാര കേന്ദ്രം**

336(734) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ തുഷാരഗിരി വിനോദസഞ്ചാര കേന്ദ്രത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിക്ക് ഭരണാനുമതി എന്ന് ലഭ്യമാക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ തുഷാരഗിരി വിനോദസഞ്ചാര കേന്ദ്രത്തിന്റെ പദ്ധതികളുടെ ഭാഗമായി അടിസ്ഥാന സൗകര്യം വിനോദസഞ്ചാര വകുപ്പിന്റെ ഗ്രീൻ കാർപ്പറ്റ് പദ്ധതി മുഖേന നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ബി) KEL മുഖാന്തരം പദ്ധതിയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കുടിവെള്ള സൗകര്യം, ഇൻഫർമേഷൻ കൗണ്ടർ, മാലിന്യ നിർമ്മാർജ്ജന സൗകര്യം, ഭിന്നശേഷിക്കാർക്കുള്ള ശൗചാലയം, സി.സി.ടി.വി. ക്യാമറ, നിലവിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ എന്നിവയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) പദ്ധതി പരിഗണനയിലാണ്.

**നിലമ്പൂർ നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതി**

337(735) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ പരിഗണനയിലുള്ളതും നടപ്പാക്കിക്കൊണ്ടിരിക്കുന്നതുമായ ടൂറിസം പദ്ധതികൾ ഏതൊക്കെയാണ്; ഈ പദ്ധതികളുടെ നിർവ്വഹണ ചെലവ് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ:

(സി) മൈസൂർ, ഊട്ടി, വയനാട് എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ഇടത്താവളമെന്ന നിലയ്ക്ക് നിലമ്പൂരിനെ വികസിപ്പിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 1. നിലമ്പൂർ ടൂറിസ്റ്റ് ഹബ് - Phase 1 ₹ 2,00,00,000 (രണ്ട് കോടി രൂപ)

2. പ്രിപ്പറേഷൻ ഓഫ് മാസ്റ്റർപ്ലാൻ നിലമ്പൂർ- ₹42,31,000 (നാല്പത്തി രണ്ട് ലക്ഷത്തി മുപ്പത്തൊന്നായിരം രൂപ)

(ബി) പ്രവൃത്തികൾ പ്രാരംഭഘട്ടത്തിലാണ്.

(സി) പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

**വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വകുപ്പിന് ലഭിക്കുന്ന വരുമാനം**

338(736) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ലെ ഒടുവിലത്തെ കണക്കുകൾ പ്രകാരം കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽനിന്ന് വകുപ്പിന് ലഭിക്കുന്ന വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) വരുമാനത്തിന് ആനുപാതികമായി പ്രസ്തുത പ്രദേശങ്ങളിലെ അടിസ്ഥാന വികസന ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കാൻ ശ്രമിക്കുമോ?

<u>ഉത്തരം</u>

(എ) കലണ്ടർ വർഷം അനുസരിച്ചാണ് വിനോദ സഞ്ചാര വകുപ്പിന്റെ വരുമാനം തിട്ടപ്പെടുത്തുന്നത്. 2017-ലെ വരുമാനം തിട്ടപ്പെടുത്തിയിട്ടില്ല. 2016 വർഷത്തിൽ വിനോദ സഞ്ചാര വകുപ്പിന് ഏകദേശം 29658.56 കോടി രൂപ ലഭ്യമായതായി കണക്കാക്കുന്നു.

(ബി) പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

**ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ**

339(737) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം, ജി.എസ്.ടി., ഓഖി ദുരന്തം എന്നിവ ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ പുതിയ മദ്യനയം ടൂറിസം മേഖലയിൽ നിലനിൽക്കുന്ന മരവിപ്പ് മാറ്റുന്നതിന് ഒരു പരിധിവരെ സഹായകരമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) നോട്ട് നിരോധനം, ജി.എസ്.ടി. എന്നിവ ടൂറിസം മേഖലയിൽ ഉണ്ടാക്കിയ പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഓഖി ദുരന്തം സംബന്ധിച്ച പ്രത്യാഘാതം വിലയിരുത്തിയിട്ടില്ല. നോട്ട് നിരോധനം നിലവിൽ വന്ന നവംബർ 2016-ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 2015 നവംബർ മാസവുമായി താരതമ്യപ്പെടുത്തുമ്പോൾ 0.5% കുറവുണ്ടായിട്ടുണ്ട്. എന്നാൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 6.98% വർദ്ധനവാണുണ്ടായിട്ടുള്ളത്. തുടർന്നുള്ള മാസങ്ങളിൽ ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് വർദ്ധനവാണ് കാണുന്നത്. എന്നാൽ ജി.എസ്.ടി. നിലവിൽവന്ന 7/2017-ലെ കണക്കുകൾ പ്രകാരം ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് 18.52%-ഉം 28.03%-ഉം വർദ്ധനവാണു ണ്ടായിട്ടുള്ളത്. പക്ഷേ, 8/2017, 9/2017-ലെ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം ആഭ്യന്തര വിനോദസഞ്ചാരികളുടെ വർദ്ധനവിന്റെ ശതമാനം 9.12 %-ഉം 5.29%-ഉം ആയി കുറഞ്ഞു. എന്നാൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണം 8/2017, 9/2017 മാസങ്ങളിൽ 9.05%-ഉം 12.62%-ഉം ഇടിവാണ് കാണിക്കുന്നത്. ആയതിനാൽ പുതിയ ജി.എസ്.ടി. നിയമം 8/2017, 9/2017 മാസങ്ങളിൽ വിനോദസഞ്ചാരികളുടെ വർദ്ധനവിലും എണ്ണത്തിലും കുറവ് വരുത്തിയിട്ടുണ്ട്.

(ബി) വിദേശത്തും സ്വദേശത്തും റോഡ്ഷോകളും ഫെയറുകളും സംഘടിപ്പിച്ചും നവമാധ്യമങ്ങളിൽ പ്രചരണം ത്വരിതപ്പെടുത്തിയും ടൂറിസം രംഗത്തുണ്ടായ മാന്ദ്യം പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്.

(സി) 2017 ജൂൺ മാസമാണ് പുതിയ മദ്യനയം നിലവിൽ വന്നത്. ആയതിനാൽ 6/2017 മുതൽ 9/2017 വരെയുള്ള വിനോദസഞ്ചാരികളുടെ കണക്കുകളും 6/2016 മുതൽ 9/2016 വരെയുള്ള കണക്കുകളുടെയും താരതമ്യ വ്യതിയാന പട്ടികകളിൽ നിന്നും ലഭിച്ച സൂചനകൾ പ്രകാരം 6/2017-ൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 15.22%-ഉം 7/2017-ൽ 18.52%-ഉം 8/2017-ൽ 9.12%-ഉം 9/2017-ൽ 5.29%-ഉം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. വിദേശ വിനോദസഞ്ചാരികളുടെ

എണ്ണത്തിൽ 6/2017-ൽ 17.85 %-ഉം 7/2017-ൽ 28.03%-ഉം വർദ്ധനവും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 8/2017-ൽ 9.05%-ഉം 9/2017-ൽ 12.62%-ഉം കുറവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിൽനിന്നും പുതിയ മദ്യനയം വന്ന 6/2017-ലും തുടർന്നുള്ള 7/2017-ലും ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുള്ളതായി കാണുന്നെങ്കിലും തുടർന്ന് ജി.എസ്.ടി. നിരക്കുകൾ നിലവിൽവന്ന 7/2017-ന് ശേഷം 8/2017, 9/2017 മാസങ്ങളിലായി ആഭ്യന്തര വിനോദസഞ്ചാരികളുടെ വളർച്ചാനിരക്ക് കുറയുന്നതായും വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് വരികയും വിനോദസഞ്ചാരികളുടെ എണ്ണം നെഗറ്റീവ് വളർച്ചാ നിരക്കിലേക്ക് പോകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## നെടുമങ്ങാട് വിനോദസഞ്ചാര കേന്ദ്രം സ്ഥാപിക്കുന്നതിന് നടപടി

340(738) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് മണ്ഡലത്തിലെ വെള്ളാണിയ്ക്കൽ പാറ, തമ്പുരാൻ പാറ, തമ്പുരാട്ടിപ്പാറ, കോയിക്കൽ കൊട്ടാരം, പുരാതന ദേശീയ നാണയ ശേഖരം എന്നിവയെ ബന്ധിപ്പിച്ച് കൊണ്ട് ഒരു വിനോദ സഞ്ചാര കേന്ദ്രം നെടുമങ്ങാട് സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുന്ന നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തി വരുന്നു.

## കോതമംഗലം മണ്ഡലത്തിലെ ടൂറിസം വികസനം

341(739) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ടിൽ ടൂറിസം വകുപ്പ് നിലവിൽ പൂർത്തീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദീകരിക്കാമോ;

(ബി) ഈ മേഖലയിലെ ടൂറിസം വികസനത്തിനുവേണ്ടി പുതുതായി എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്എന്ന് വ്യക്തമാക്കുമോ ;

(സി) നിലവിൽ ഇവിടെ ബോട്ട് സർവ്വീസിനായി പ്രദേശവാസികളായ 7 പേർ നൽകിയ അപേക്ഷയിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ഡി) കാലതാമസം ഒഴിവാക്കി ബോട്ട് സർവ്വീസിന് വേഗത്തിൽ അനുമതി നൽകാൻ സാധിക്കുമോ;

(ഇ) നേര്യമംഗലത്ത് ബോട്ട് ജെട്ടി നിർമ്മിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ടൂറിസം വകുപ്പ് എറണാകുളം ഡി.റ്റി.പി.സി. മുഖേന ലാന്റ് സ്കേപ്പിംഗ് ഓഫ് ഭൂതത്താൻ ബോട്ട് ക്ലബ്ബ് എന്ന പദ്ധതി (2,87,03,607 രൂപയുടെ) നടപ്പാക്കിയിട്ടുണ്ട്. ഇതിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ റിവർസൈഡ് പ്രൊട്ടക്ഷൻ, റെയിൻ ഷെൽട്ടർ, ഇൻഡോർ & ഔട്ട്ഡോർ ഏരിയ, ഫുട്ട്പാത്ത് & സോഫ്റ്റ് ലാന്റ് സ്കേപ്പിംഗ്, ഗേറ്റ് കോമ്പൗണ്ട് വാൾ, റോഡ് വർക്ക് & പാർക്കിംഗ് ഏരിയ, ഇറിഗേഷൻ & വാട്ടർ സപ്ലൈ, ചെടികൾ വച്ചുപിടിപ്പിക്കുന്നത്, ഇലക്ട്രിഫിക്കേഷൻ എന്നീ വർക്കുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്. കൂടാതെ ഇറിഗേഷൻ വകുപ്പ് മുഖാന്തരം എയ്റോബിക് കിയോസ്ക്, ഡസ്റ്റ് ബിൻ, ടോയ്ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം, ഡെവലപ്മെന്റ് ഓഫ് പാർക്കിംഗ് ഏരിയ എന്നിവയുടെയും പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) പുതിയ പദ്ധതികളൊന്നും നിലവിലില്ല.

(സി) നിലവിൽ ടൂറിസം വകുപ്പിൽ അപേക്ഷകളൊന്നും ലഭിച്ചിട്ടില്ല. ബോട്ട് സർവ്വീസ് ഇറിഗേഷൻ വകുപ്പിന്റെ പരിധിയിലാണ് വരുന്നത്.

(ഡി) ബോട്ട് സർവ്വീസിന് അനുമതി നൽകുന്നത് ടൂറിസം വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല.

(ഇ) പരിശോധിക്കാവുന്നതാണ്.

## കരുനാഗപ്പള്ളി മണ്ഡലത്തിലെ വിനോദസഞ്ചാര വികസന പദ്ധതികൾ

342(740) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര വികസനവുമായി ബന്ധപ്പെട്ട് കരുനാഗപ്പള്ളി മണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) കായൽ ടൂറിസവുമായി ബന്ധപ്പെട്ട് കന്നേറ്റിക്കായലിന്റെ തീരത്ത് റോഡ് നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോ; ആയത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ശ്രീനാരായണ ട്രോഫി ജലോത്സവം നടക്കുന്ന കന്നേറ്റി കായലും ടി. എസ്. കനാലും ഉൾപ്പെടുന്ന ഭാഗങ്ങളിൽ ബോട്ടിംഗ് ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

(എ) അനുബന്ധമായി ചേർക്കുന്നു.*

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ബോട്ട് റെയിസ് പവലിയനിൽനിന്നും 11-1-2018 മുതൽ വിനോദ സഞ്ചാരികൾക്ക് ഡി.റ്റി.പി.സി.യുടെ ആഭിമുഖ്യത്തിൽ ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

**ചീനവലകളുടെ സംരക്ഷണം**

343(741) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഫോർട്ടുകൊച്ചിയിലെ ചീനവലകൾ സംരക്ഷിക്കുന്നതിനായി 2014 ജൂൺ മാസം ടൂറിസം വകുപ്പ് ഒന്നരക്കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടും പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

നിർമ്മാണത്തിനുതകുന്ന തരത്തിലുള്ള അനുയോജ്യമായ തടി വനം വകുപ്പിൽ നിന്നും ലഭിക്കാതിരിക്കുന്നതിനാലാണ് കാലതാമസമുണ്ടാകുന്നത്. എത്രയുംവേഗം അനുയോജ്യമായ തടി ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. തടി ലഭ്യമാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

### വാമനപുരം നിയോജക മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

344(742) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജക മണ്ഡലത്തിൽ ടൂറിസം രംഗത്ത് നിലവിലെ സർക്കാർ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെല്ലാം നടപ്പിലാക്കി; ഓരോന്നിന്റെയും പുരോഗതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) അനുബന്ധമായി ചേർക്കുന്നു.*

### പുളിമാത്ത് കടലുകാണിപ്പാറ ടൂറിസം പദ്ധതി നവീകരണം

345(743) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത് കടലുകാണിപ്പാറ ടൂറിസം പദ്ധതി നവീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രദേശത്തു മുൻപുനടന്ന നിർമ്മാണ പ്രവൃത്തികളിൽവന്ന അപാകതകൾ സംബന്ധിച്ച അന്വേഷണം പൂർത്തീകരിച്ചോയെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത അന്വേഷണത്തിൽ കാലതാമസം നേരിടുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി & സി) തിരുവനന്തപുരം റീജിയണൽ ജോയിന്റ് ഡയറക്ടർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുകയും അതിൻ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഒറ്റപ്പാലം ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ നവീകരണം

346(744) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ വികസനത്തിനും നവീകരണത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തി ; വിശദമാക്കാമോ;

(സി) 2017-18 വർഷത്തിൽ പാർക്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഡി.റ്റി.പി.സി. പാലക്കാട് വഴി നടപ്പിലാക്കിയത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ശ്രീകൃഷ്ണപുരത്തെ ബാപ്പുജി ചിൽഡ്രൻസ് പാർക്കിന്റെ വികസനത്തിനും നവീകരണത്തിനുമായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാർക്കിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

(സി) 2017-18 വർഷത്തിൽ ഡി.റ്റി.പി.സി. പാലക്കാട് വഴി പാർക്കിൽ പുതിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടില്ല.

## ടൂറിസം വകുപ്പ് പുറത്തിറക്കിയ മൊബൈൽ ആപ്ലിക്കേഷൻ

347(745) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം സന്ദർശിക്കുന്ന ടൂറിസ്റ്റുകൾക്ക് സഹായകരമായവിധത്തിൽ കേരളത്തിലെ ഉത്സവങ്ങളുടെയും, വള്ളംകളി, തെയ്യം തുടങ്ങിയവയുടെയും മൊബൈൽ ആപ്ലിക്കേഷൻ ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത മൊബൈൽ ആപ്ലിക്കേഷൻ തയ്യാറാക്കിയത് ഏത് കമ്പനിയാണ്; അതിനായി എന്ത് തുക ചെലവഴിച്ചുവെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

**ടൂറിസം മേഖലയുടെ സമഗ്ര വികസനം**

348(746) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയുടെ സമഗ്രവികസനത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ/പുതിയ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, കേന്ദ്രത്തിൽനിന്നും ലഭിച്ച തുക, ചെലവഴിച്ച തുക ഇവ സംബന്ധിച്ച വിശദാംശം നൽകുമോ;

(സി) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളെയാണ് സമഗ്രടൂറിസം വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്;വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഏറനാട് മണ്ഡലത്തിലെ ആഢ്യൻ പാറ, അരീക്കോട്-കീഴുപറമ്പ്-മുറിഞ്ഞമാട് പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ചാലിയാർ റിവർ സൈഡ് ടൂറിസം പദ്ധതി ഇവ സമഗ്രടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തെ ലോക വിനോദസഞ്ചാര മേഖലയിലെ ശ്രദ്ധേയ സാന്നിദ്ധ്യമാക്കി മാറ്റാനുതകുന്ന നിരവധി വികസന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഇത്തരത്തിൽപ്പെട്ട പ്രധാന നടപടികൾ താഴെപ്പറയുന്നു :

- പ്രധാന തീർത്ഥാടന ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമാക്കി കേന്ദ്ര ടൂറിസം മന്ത്രാലയം വിഭാവനം ചെയ്തിട്ടുള്ള 'പ്രസാദ്' പദ്ധതിയിൽ ഗുരുവായൂരിനെ ഉൾപ്പെടുത്തി.
- പരിസ്ഥിതി സൗഹൃദ ടൂറിസം പദ്ധതികൾക്കും പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ടൂറിസം പദ്ധതികൾക്കും കൂടുതൽ പ്രാധാന്യം നൽകിവരുന്നു.
- ടൂറിസം കേന്ദ്രങ്ങൾ എല്ലാവർക്കും അനുഭവവേദ്യമാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നു.

- അടിസ്ഥാന സൗകര്യ വികസനത്തിനും വിപണന തന്ത്രത്തിലും പ്രത്യേക ശ്രദ്ധയും ഊന്നലും നൽകുന്നു.

- 'കിഫ്ബി'-യുടെ ധനസഹായത്തോടെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് തുടക്കംകുറിച്ചിട്ടുണ്ട്. മലബാറിന്റെ ടൂറിസം വികസനത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിവരുന്നു.

- വടക്കൻ കേരളത്തിലെ ജലാശയങ്ങളും അവിടത്തെ കലാരൂപങ്ങളും പ്രകൃതി വിഭവങ്ങളും പരിചയപ്പെടുത്തുന്നതിനുള്ള നദീതട ടൂറിസം പദ്ധതി പരിഗണനയിലുണ്ട്. ഇതിന്റെ ഭാഗമായി കാസർഗോഡ്-കണ്ണൂർ ജില്ലകളിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തിക്കൊണ്ട് 325 കോടി രൂപയുടെ "മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്" എന്ന പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

- ധർമ്മടം-മുഴപ്പിലങ്ങാട്, കണ്ണൂർ, വയനാട്, കക്കയം-പെരുവണ്ണാമൂഴി, കാപ്പാട്-ഇരിങ്ങൽ-വടകര, നിള, നെല്ലിയാമ്പതി, പീച്ചി-വാഴാനി-ചിമ്മിനി, കാലടി-മലയാറ്റൂർ-അതിരപ്പള്ളി, പീരുമേട്-കുട്ടിക്കാനം-വാഗമൺ-ഇടുക്കി, അഷ്ടമുടി, കഠിനംകുളം-വർക്കല-കാപ്പിൽ, നെയ്യാർ-പേപ്പാറ-പൊൻമുടി തുടങ്ങിയ കേന്ദ്രങ്ങളിൽ സമഗ്ര ടൂറിസം വികസന പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

- ഉത്തരവാദിത്വ ടൂറിസം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസത്തിനായി പ്രത്യേക മിഷൻ രൂപീകരിച്ചിട്ടുണ്ട്.

- പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യം വിപുലമാക്കുന്നതിന് നടപടി കൈക്കൊണ്ടുവരുന്നു.

- പ്രധാന ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് രഹിത മേഖലയാക്കി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

- ബേക്കലിൽ എയർസ്ട്രിപ്പിനുള്ള നടപടിയും വയനാട്, ഇടുക്കി എന്നിവിടങ്ങളിൽ എയർസ്ട്രിപ്പുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനത്തിനും തുടക്കംകുറിച്ചിട്ടുണ്ട്.

- ടൂറിസം സെന്ററുകളിലെ വികസനത്തിനായി നിലവിലെ സാങ്കേതിക തടസ്സങ്ങൾ ഒഴിവാക്കുന്നതിനും പദ്ധതികൾ യഥാസമയം നടപ്പിലാക്കുന്നതിനുമായി ഇതര വകുപ്പുകളുടെ ഏകോപനത്തിനായി ഉന്നതതല സമിതി രൂപീകരണത്തിന് നടപടി സ്വീകരിക്കുന്നതാണ്.

- ഡി.റ്റി.പി.സി.-കളുടെയും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കമ്മിറ്റികളുടെയും ശാസ്ത്രീയമായ പുനഃസംഘടനയ്ക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

- ഗസ്റ്റ് ഹൗസുകളുടെ ശോചനീയാവസ്ഥയും ന്യൂനതകളും പരിഹരിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുമായി ചേർന്ന് ഒരു ദീർഘകാല കരാർ പദ്ധതി ആവിഷ്കരിക്കുന്നുണ്ട്.

- ഹൗസ്ബോട്ടുകൾ, ആയുർവേദ സെന്ററുകൾ, ഹോംസ്റ്റേകൾ, ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ തുടങ്ങിയ സർവ്വീസ് മേഖലകൾക്ക് ഉത്തരവാദിത്വ ടൂറിസത്തിലൂന്നിയ ക്ലാസിഫിക്കേഷൻ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

- പൈതൃക ഗ്രാമ സംരക്ഷണമെന്ന നിലയിൽ ബാലരാമപുരം, മാന്നാർ, ആറൻമുള, ചെറുതുരുത്തി, പയ്യന്നൂർ, മുത്തങ്ങ തുടങ്ങിയ 10 കേന്ദ്രങ്ങളെ പൈതൃക ഗ്രാമങ്ങളായി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- ഹൗസ് ബോട്ടുകളിലെ സുരക്ഷിതത്വം ലക്ഷ്യമാക്കി "ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം" ആവിഷ്കരിച്ചിട്ടുണ്ട്.

- മുസിരിസ് മാതൃകയിൽ തലശ്ശേരി-ആലപ്പുഴ ഹെറിറ്റേജ് പദ്ധതികൾ നടപ്പാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

- സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന "ഗ്രീൻ കാർപ്പറ്റ്" പദ്ധതിയിൽ ഭിന്നശേഷിക്കാർക്കുകൂടി സൗകര്യപ്രദമായ രീതിയിൽ ടൂറിസം കേന്ദ്രങ്ങളിൽ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള സാധ്യത വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ബാരിയർ ഫ്രീ ടൂറിസം എന്ന പദ്ധതി തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

- സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിലും കേന്ദ്ര സർക്കാർ ധനസഹായത്തോടെയും തീർത്ഥാടന പൈതൃക ടൂറിസം പദ്ധതി ആവിഷ്കരിക്കുന്നതിനുള്ള ശ്രമം തുടങ്ങിയിട്ടുണ്ട്. ശ്രീപത്മനാഭസ്വാമി ക്ഷേത്രം, ഗുരുവായൂർ, ശബരിമല, ആറന്മുള എന്നീ കേന്ദ്രങ്ങളെയാണ് ഇപ്രകാരം വികസിപ്പിക്കുന്നത്. പൈതൃകം നിലനിർത്തിക്കൊണ്ടുള്ള രീതിയിലായിരിക്കും വികസന പദ്ധതികൾ ആവിഷ്കരിക്കുന്നത്.

പുതിയ പദ്ധതികളുടെ വിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.* സംസ്ഥാനത്ത് ടൂറിസം മേഖലയുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ടൂറിസം മന്ത്രാലയം അനുവദിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു :

| നമ്പർ | പദ്ധതി വിവരം | അനുവദിച്ച തുക (ലക്ഷത്തിൽ) | ലഭിച്ച തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | സ്വദേശ് ദർശൻ സ്കീമിലെ സ്പിരിച്വൽ ടൂറിസം പദ്ധതികളായ | | | |
| | (a) ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) | 9998.92 | 1999.78 | 1976.85 |
| | (b) ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം | 9244.26 | 4475.49 | 1702.20 |
| 2 | "പ്രസാദ്" സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം | 4614.2 | 992.84 | 319.52 |

(സി) അരിക്കോട്, തൃക്കളയൂർ ക്ഷേത്രത്തിലെ 1615549 രൂപയുടെ ടൂറിസം പദ്ധതി നടന്നുവരുന്നു.

(ഡി) ഏറനാട് മണ്ഡലത്തിലെ ആഢ്യൻപാറ, അരീക്കോട്-കീഴുപറമ്പ്-മുറിഞ്ഞമാട് പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കുറിഞ്ഞി സീസൺ

349(747) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗസ്റ്റിൽ ആരംഭിക്കുന്ന കുറിഞ്ഞി സീസണിൽ മൂന്നാർ, ഇരവികുളം നാഷണൽ പാർക്ക് എന്നിവിടങ്ങളിൽ സന്ദർശകരുടെ ബാഹുല്യം കണക്കിലെടുത്ത് എന്തെല്ലാം ഒരുക്കങ്ങൾ നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ മൂന്നാറിൽ വാഹനനിയന്ത്രണവും സന്ദർശക നിയന്ത്രണവും ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഇത്തരം നിയന്ത്രണം കൊണ്ടുവരുന്നത് ഏതെങ്കിലും പഠനത്തിന്റെ വെളിച്ചത്തിലാണോ എന്ന് വിശദമാക്കുമോ;

(ഡി) പന്ത്രണ്ടുവർഷത്തിലൊരിക്കൽമാത്രം ഉണ്ടാകുന്ന ഈ പ്രതിഭാസം ലോക ടൂറിസം മാപ്പിൽ ഇടംപിടിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) മൂന്നാറിൽ 12 വർഷം കൂടുമ്പോൾ നീലക്കുറിഞ്ഞി പൂക്കുന്ന സീസണിൽ സന്ദർശകരുടെ തിരക്ക് മുന്നിൽക്കണ്ട് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുന്നതിന് ടൂറിസം വകുപ്പ് നേരത്തെ തന്നെ തീരുമാനിക്കുകയും ടൂറിസം ഡയറക്ടറും ഇടുക്കി ജില്ലാ കളക്ടറും വനം വകുപ്പും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിരുന്നു. 11-10-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും 3-1-2018-ൽ ടൂറിസം, വനം മന്ത്രിമാരുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിലും നീലക്കുറിഞ്ഞി പൂക്കുന്നതിന് മുന്നോടിയായി വിവിധ വകുപ്പുകൾ/ഏജൻസികൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് തീരുമാനമെടുത്തിരുന്നു. വാഹന നിയന്ത്രണമേർപ്പെടുത്തൽ, പാർക്കിംഗ് സൗകര്യം വർദ്ധിപ്പിക്കൽ, മാലിന്യ നിർമ്മാർജ്ജനം, ശുചിമുറി സൗകര്യം വർദ്ധിപ്പിക്കൽ, ദുരന്തങ്ങൾ നേരിടുന്നതിനുള്ള മുന്നൊരുക്കങ്ങൾ, റോഡ് പ്രവൃത്തികൾ/അറ്റകുറ്റപ്പണികൾ, ആശുപത്രി സൗകര്യം വർദ്ധിപ്പിക്കൽ, നീലക്കുറിഞ്ഞി ചെടികളുടെ സംരക്ഷണം എന്നിവയ്ക്ക് നടപടി സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇരവികുളം നാഷണൽ പാർക്കിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പ് മൂന്നാർ വൈൽഡ് ഡിവിഷന് 88 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) നീലക്കുറിഞ്ഞി പൂക്കുന്ന സീസണാകുമ്പോൾ സ്വകാര്യ വാഹനങ്ങൾ മൂന്നാർ ടൗണിൽനിന്നും ഇരവികുളം പാർക്ക് ഭാഗത്തേക്ക് അനുവദിക്കില്ലെന്നും സ്വകാര്യ വാഹനങ്ങളിലെത്തുന്ന സന്ദർശകർ വാഹനങ്ങൾ നിശ്ചിത പാർക്കിംഗ്

ഏരിയയിൽ പാർക്ക് ചെയ്യതിനുശേഷം KSRTC/DTPC വാഹനങ്ങളിൽ ഇരവികുളം പാർക്കിലുള്ള ചെക് പോസ്റ്റിലെത്തുകയും അവിടെ നിന്നും വനം വകുപ്പ് വാഹനങ്ങളിൽ പാർക്കിനുള്ളിലേക്ക് കയറ്റുകയും അതേരീതിയിൽ സന്ദർശകരെ തിരികെ എത്തിക്കാനും തീരുമാനിച്ചിട്ടുണ്ട്.

(സി) മുൻ നീലക്കുറിഞ്ഞി സീസണിലെ സന്ദർശക തിരക്ക് നിലവിൽ മൂന്നാറിലെത്തുന്ന സന്ദർശകരുടെ എണ്ണം എന്നിവ പരിഗണിച്ചാണ് ഇത്തരം നിയന്ത്രണം കൊണ്ടുവന്നത്. നീലക്കുറിഞ്ഞി സീസണുമായി ബന്ധപ്പെട്ട് തീരുമാനിച്ചിട്ടുള്ള വിവിധ പഠനങ്ങൾ ഒറ്റ പഠനമായി നടത്താൻ NATPAC-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ഡി) കുറിഞ്ഞി സീസൺ 2018-ന് ലോക ടൂറിസം മാപ്പിൽ ഇടം ഉറപ്പിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് പ്രചാരണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. വെബ്സൈറ്റിലൂടെയും യു-റ്റ്യൂബ് ചാനലിലൂടെയുമാണ് പ്രധാനമായും പ്രചാരണം നടത്തുക. ടൂറിസം വെബ്സൈറ്റിലേക്കും യു-റ്റ്യൂബ് ചാനലിലേക്കും കുറിഞ്ഞിയെക്കുറിച്ചുള്ള വിവരങ്ങൾതേടുന്ന പത്ത് ലക്ഷം പേരെയെങ്കിലും എത്തിക്കുകയാണ് പ്രചാരണത്തിന്റെ ലക്ഷ്യം. "Campaign for Neelakurinji Season 2018"-ന് വേണ്ടി 64 ലക്ഷം രൂപയുടെ സർക്കാർ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

### വിനോദസഞ്ചാര പദ്ധതികൾ

350(748) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദസഞ്ചാര വകുപ്പ് കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

വിനോദസഞ്ചാര വകുപ്പ് കോഴിക്കോട് നോർത്ത് നിയോജക മണ്ഡലത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. സരോവരം ബയോപാർക്കിന്റെ മാസ്റ്റർപ്ലാൻ
2. കോഴിക്കോട് ബീച്ച് വികസനം
3. ബട്ട് റോഡ് ബീച്ച് വികസനം
4. KTDC സ്റ്റാർ ഹോട്ടൽ നിർമ്മാണം
5. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം
6. യാത്രി നിവാസ് കെട്ടിടത്തിന്റെ നിർമ്മാണം

## പത്തനംതിട്ട ജില്ലയിലെ ടൂറിസം പദ്ധതികൾ

351(749) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ വിനോദസഞ്ചാര മേഖലകളിൽ ആവിഷ്ക്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ എന്തെല്ലാമാണ്എന്ന് വ്യക്തമാക്കുമോ;

(ബി) ജില്ല കേന്ദ്രീകരിച്ച് പിൽഗ്രിം ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടുണ്ടോ;

(സി) ശബരിമലയിൽ എത്തുന്ന തീർത്ഥാടകരെ തീർത്ഥാടനത്തിനുശേഷം ജില്ലയിലെ മറ്റ് വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്കാകർഷിക്കുന്നതിനുള്ള പദ്ധതികൾ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ) 1. കോന്നി-അടവി-എത്തിനോഹബ് ടൂറിസം പദ്ധതി

2. ഇലവുംതിട്ട-മൂലൂർ സ്മാരകം പുനരുദ്ധാരണ പദ്ധതി

3. തിരുവല്ല-സത്രം കോംപ്ലക്സ് പുനരുദ്ധാരണ പദ്ധതി

4. കുളനട-പോളച്ചിറ-അക്വാ അഡ്വഞ്ചർ ടൂറിസം പദ്ധതി

5. അടൂർ-നെടുംകുന്നുമല ടൂറിസം പദ്ധതി

6. ശബരിമല-പുണ്യദർശനം കോംപ്ലക്സ്

(ബി) ആരംഭിച്ചിട്ടില്ല.

(സി) പരിഗണിക്കാവുന്നതാണ്.

## നെല്ലിയാമ്പതി ടൂറിസം പദ്ധതി

352(750) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ച നെല്ലിയാമ്പതി ടൂറിസം പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന നെല്ലിയാമ്പതിയിലെ ടൂറിസം സാദ്ധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനും, വനം വകുപ്പ് ടൂറിസം വകുപ്പിന് കൈമാറിയിരുന്ന സ്ഥലം ഉപയോഗപ്പെടുത്തി വലിയതോതിലുള്ള ടൂറിസം പദ്ധതിക്ക് രൂപം നൽകുന്നതിനും നടപടി സ്വീകരിക്കുമോ;വിശദാംശം അറിയിക്കാമോ ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതിയിൽ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിൽ 25 ഏക്കർ ഭൂമി നിലവിലുണ്ട്. എന്നാൽ നെല്ലിയാമ്പതിയിൽ എത്തുന്ന സഞ്ചാരികൾക്ക് ആവശ്യമായ താമസ സൗകര്യമില്ല എന്നത് ഈ സ്ഥലത്തെ ടൂറിസത്തിനെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ പ്രസ്തുത സ്ഥലത്തെക്കുറിച്ച് വിശദമായ ടൂറിസം പഠനം നടത്തി അനുയോജ്യമായ ടൂറിസം പദ്ധതികളും സഞ്ചാരികൾക്ക് ആവശ്യമായ സൗകര്യങ്ങളും ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

## ഉത്തരമലബാറിന്റെ ടൂറിസം വികസനം

353(751) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരമലബാറിന്റെ ടൂറിസം വികസനത്തിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ക്രൂയിസ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; അതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉത്തര മലബാറിന്റെ ടൂറിസം വികസനത്തിനായി പ്രധാന പദ്ധതികളായി കണ്ണൂർ-കാസർഗോഡ് ജില്ലയിലെ നദികളെയും കായലുകളെയും ഉൾപ്പെടുത്തി മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പ്രോജക്ട് തലശ്ശേരി പൈതൃകവുമായി ബന്ധപ്പെട്ട ഘടകങ്ങളെയും പ്രദേശങ്ങളെയും ഉൾപ്പെടുത്തി തലശ്ശേരി പൈതൃക പദ്ധതി എന്നിവയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പ്രോജക്ട് ചുവടെ ചേർക്കുന്നു :

1. മലബാർ ക്രൂയിസിൻ ക്രൂയിസ്
2. തെയ്യം ക്രൂയിസ്
3. മാൻഗ്രോവ് ക്രൂയിസ്
4. അവയർനസ് ക്രൂയിസ്
5. ഡോക്കുമെന്റേഷൻ
6. ഇന്റഗ്രേറ്റഡ് കോംപ്രിഹെൻസീവ് മോഡേൺ മാർക്കറ്റിംഗ്
7. വെബ്സൈറ്റ് ലോഞ്ചിംഗ് & അദർ നെറ്റ്‌വർക്ക് ഇൻഫ്രാസ്ട്രക്ച്ചർ

മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിക്കായി 120 കോടി രൂപയുടെ പ്രൊപ്പോസലാണ് കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രതിനിധികൾ പ്രസ്തുത പ്രദേശങ്ങളിൽ സന്ദർശനം നടത്തിയിട്ടുണ്ട്. തലശ്ശേരി പൈതൃക പദ്ധതിയെ കണ്ണൂർ, വയനാട് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുള്ള കൺസെപ്റ്റ്, വിശദമായ പദ്ധതി രൂപരേഖ എന്നിവ തയ്യാറാക്കിവരുന്നു.

## തലശ്ശേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള വികസന പദ്ധതികൾ

354(752) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് തലശ്ശേരി നിയോജക മണ്ഡലത്തിൽ എന്തെല്ലാം വികസനപദ്ധതികൾ ആണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയും ഏതാണെന്നും ആയതിന്റെ തുക എത്രയാണെന്നും ഇതിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും തരംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) അനുബന്ധമായി ചേർക്കുന്നു.*

## ബാലുശ്ശേരി മണ്ഡലത്തിലെ വിനോദ സഞ്ചാര പദ്ധതികൾ

355(753) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ അനുമതി നൽകിയിട്ടുള്ള ഏതെല്ലാം വിനോദ സഞ്ചാര പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ;

(ബി) ഈ പദ്ധതികൾ നടപ്പിലാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 1. നമ്പിക്കുളം ഇക്കോ ടൂറിസം പദ്ധതി

2. വയലട റൂറൽ ടൂറിസം പദ്ധതി

3. കണയംകോട്

4. വേസൈഡ് അമിനിറ്റി സെന്റർ, കക്കയം

5. പെരുവണ്ണാമൂഴി-കക്കയം (തോണിക്കടവ്) എന്നീ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്.

(ബി) കാലതാമസം നേരിട്ടിട്ടുണ്ട്. ആയത് നിലവിൽ പരിഹരിച്ചിട്ടുണ്ട്.

**കൊയിലാണ്ടിയിൽ മാരിടൈം ടൂറിസം പദ്ധതി**

356(754) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദ സഞ്ചാര മേഖലയുടെ വികസനം ലക്ഷ്യമാക്കി കൊയിലാണ്ടിയിൽ നടപ്പിലാക്കാൻ വേണ്ടി തയ്യാറാക്കിയ മാരിടൈം ടൂറിസം പദ്ധതി ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചതിനെതുടർന്ന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ അംഗീകാരത്തിനായി ടൂറിസം ഡയറക്ടർ സർക്കാരിലേക്ക് ശുപാർശ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഫിഷറീസ് വകുപ്പുമായി സംയുക്തമായി കൂടിയാലോചിച്ച് പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) ബാധകമല്ല.

**ഉത്തരവാദിത്വ ടൂറിസം പദ്ധതി**

357(755) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിനോദസഞ്ചാര മേഖലകളിലുള്ള തദ്ദേശവാസികൾക്ക് കൂടുതൽ ഫലപ്രദമാകുന്ന രീതിയിലുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഉത്തരവാദിത്വ ടൂറിസത്തിന്റെ ഭാഗമായി വില്ലേജ് ടൂറിസം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഏതെല്ലാം ഗ്രാമങ്ങളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്നും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതി പ്രകാരം നടപ്പാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പ്രാദേശിക ഉൽപ്പാദനം, പ്രാദേശിക സംഭരണം, ടൂറിസം മേഖലയിലെ പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം എന്നിവയാണ് പ്രധാനമായും വിനോദസഞ്ചാര മേഖലകളിലുള്ള തദ്ദേശവാസികൾക്ക് കൂടുതൽ ഫലപ്രദമാകുന്നതിനായി ഉത്തരവാദിത്വ ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രാദേശിക ഉൽപ്പന്നങ്ങളുടെ വിപണനം, ഗ്രാമീണ ടൂറിസം പാക്കേജുകളുടെ വിപണനം, കലാപ്രവർത്തനങ്ങൾ എന്നിവയിലൂടെ ഉത്തരവാദിത്ത ടൂറിസം യൂണിറ്റുകൾക്ക് വരുമാനം ലഭ്യമായിട്ടുണ്ട്. ഉത്തരവാദിത്വ ടൂറിസം മിഷൻ നിലവിൽ വന്നശേഷം 2017 ആഗസ്റ്റ് മുതൽ 2017 ഡിസംബർ 30 വരെയുള്ള കാലയളവിൽ 1,46,69,746 രൂപയുടെ (ഒരു കോടി നാൽപ്പത്തിയാറ് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി എഴുന്നൂറ്റി നാൽപ്പത്തിയാറ് രൂപയുടെ) വരുമാനം വിവിധ ഡെസ്റ്റിനേഷനുകളിൽ ഉത്തരവാദിത്വ ടൂറിസം കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന യൂണിറ്റുകൾക്ക് ലഭിച്ചിട്ടുണ്ട്. കേരളത്തിൽ ഭിന്നശേഷി സൗഹൃദ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപടി സ്വീകരിക്കുന്നുണ്ട്. വനിതകൾ, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർ, ഭിന്നലിംഗക്കാർ, ഭിന്നശേഷിക്കാർ എന്നിവർക്ക് മെച്ചപ്പെട്ട അവസരങ്ങൾ ലഭിക്കുന്നതിനുവേണ്ടി വിവിധ പരിശീലന പരിപാടികൾ മിഷൻ ആരംഭിച്ചിട്ടുണ്ട്. ഈ വിഭാഗങ്ങളുടെ കലാപരിപാടികൾ, സോവനീറുകൾ, മറ്റിതര ഉൽപ്പന്നങ്ങൾ എന്നിവയുടെ വിപണനം ഉറപ്പിക്കുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങളുടെ ഭാഗമായി വില്ലേജ് ടൂറിസം പദ്ധതി, വില്ലേജ് ലൈഫ് എക്സ്പീരിയൻസ് പാക്കേജുകൾ എന്ന പേരിൽ നടപ്പാക്കി വരുന്നു.

(സി) കുമരകം, തേക്കടി, ചെറുവയൽ, കോവളം, നെല്ലാറച്ചാൽ, ചെട്യാലത്തൂർ എന്നിവിടങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി ഈ പ്രവർത്തനം ആദ്യം നടന്നിരുന്നത്. ഇതിന്റെ ഭാഗമായി പരമ്പരാഗത തൊഴിലുകളെ ടൂറിസം ഉൽപ്പന്നങ്ങളാക്കി പാക്കേജുകളാക്കുകയും ആ പാക്കേജുകൾ വിപണനം ചെയ്യുകയും അതിൽനിന്നുള്ള വരുമാനം പാക്കേജിന്റെ ഭാഗമായ വ്യക്തികൾ, സ്ഥാപനങ്ങൾ,

തൊഴിലാളികൾ, വനിതകൾ തുടങ്ങിയവർക്ക് ലഭ്യമാക്കുകയും ചെയ്യുന്ന രീതിയാണ് നടന്നുവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ഗ്രാമീണ ടൂറിസം പാക്കേജുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിലെ കല്യാശ്ശേരി മണ്ഡലത്തിലെ നെയ്ത്തുശാലകൾ, കുന്നമങ്കലത്തെ ബെൽ മെറ്റൽ നിർമ്മാണം, വിവിധ കാവുകളിലെ തെയ്യങ്ങൾ, കൃഷിയിടങ്ങളിലെ സന്ദർശനം, പരമ്പരാഗത മത്സ്യബന്ധന രീതികൾ എന്നിവ കൂട്ടിച്ചേർത്ത് വയനാട്ടിലെ ചെകാടിയിൽ ഗ്രാമയാത്ര എന്ന പേരിൽ പദ്ധതി പാക്കേജ് ആരംഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിലെ തിരുവാർപ്പ് പഞ്ചായത്തിലെ മലരിക്കൽ എന്ന കൊച്ചുഗ്രാമത്തെ മാധ്യമ ശ്രദ്ധ ആകർഷിക്കുംവിധം ഇതിനോടകം ടൂറിസം കേന്ദ്രമായി വില്ലേജ് ടൂറിസത്തിന്റെ ഭാഗമായി ഉയർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ മാതൃക ഉത്തരവാദിത്വ ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതി വില്ലേജ് ടൂറിസത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രദേശങ്ങളിൽ ആരംഭിക്കുന്നതാണ്:

1. വലിയപറമ്പ
2. കോൾതുരുത്തി (ആന്തൂർ മുനിസിപ്പാലിറ്റിയിലെ ദ്വീപ്)
3. പാമ്പുരുത്തി (കോളഞ്ചേരി പഞ്ചായത്ത് ദ്വീപ്)
4. മലപ്പട്ടം
5. തെക്കുംപാട്ട് (മാട്ടൂൽ പഞ്ചായത്ത് ദ്വീപ്)
6. ഏഴോം പഞ്ചായത്ത്
7. തിരുവാർപ്പ് പഞ്ചായത്ത്
8. അയ്മനം പഞ്ചായത്ത്
9. ചെറുതുരുത്തി
10. പെരുവെമ്പ്
11. വെള്ളിനേഴി
12. കാന്തല്ലൂർ
13. ഒളവണ്ണ

## ശ്രീ പരശുരാമ ക്ഷേത്രത്തിൽ ബലിതർപ്പണത്തിന് സ്ഥിരം സംവിധാനം

358(756) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ വർഷവും കർക്കടക വാവിന് തിരുവല്ലം ശ്രീപരശു രാമ ക്ഷേത്രത്തിൽ ബലി തർപ്പണത്തിന് താത്ക്കാലിക സംവിധാനം ഒരുക്കാറുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദിനംപ്രതി ആയിരക്കണക്കിന് ഭക്തജനങ്ങളാണ് പിതൃതർപ്പണത്തിന് ക്ഷേത്രത്തിൽ എത്തുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) മലിനമായ ജലത്തിലാണ് അവർക്ക് ബലിതർപ്പണം നടത്തേണ്ടി വരുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത കടവ് ശുദ്ധിചെയ്ത് മാലിന്യ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ഒരുക്കുന്നതിന് സർക്കാർ തലത്തിൽ സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ?

### ഉത്തരം

(എ&ബി) ഉണ്ട്.

(സി&ഡി) കരമനയാറിൽനിന്നും ഒഴുകിയെത്തുന്ന മലിനജലം ശ്രീ പരശുരാമ ക്ഷേത്രത്തിലെ ബലിക്കടവിൽ കയറാതിരിക്കുന്നതിനായി ഇരുവശങ്ങളിലും ഷട്ടറുകൾ സ്ഥാപിച്ച് പമ്പ് ചെയ്താണ് ബലിതർപ്പണത്തിന് ആവശ്യമായ ജലം ലഭ്യമാക്കി വന്നിരുന്നത്. പ്രസ്തുത ജലവും മലിനമായത് കാരണം തിരുവിതാംകൂർ ദേവസ്വം ബോർഡ് അവിടത്തെ മൂന്ന് കടവുകളിലുമായി നൂറോളം ഷവറുകൾ സ്ഥാപിച്ച് ബലിതർപ്പണത്തിന് എത്തുന്ന ഭക്തജനങ്ങൾക്ക് സ്നാനത്തിനായി സൗകര്യമൊരുക്കിയിട്ടുണ്ട്. ഈ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരത്തിനായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് കൂടിയാലോചനകൾ നടത്തി മാത്രമേ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

## ശബരിമല ഇടത്താവളം

359(757) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലബാർ ദേവസ്വം ബോർഡിനുകീഴിൽവരുന്ന ഏതൊക്കെ ക്ഷേത്രങ്ങളെയാണ് ശബരിമല ഇടത്താവളമായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) ഇപ്രകാരം പ്രഖ്യാപിച്ചിട്ടുള്ള ശബരിമല ഇടത്താവളങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; പ്രസ്തുത അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര എന്ന് വ്യക്തമാക്കാമോ;

(സി) ശബരിമല ഇടത്താവളങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ നിബന്ധനകളുടെ അടിസ്ഥാനത്തിലാണ് ഇതിന് അനുമതി നൽകിയിട്ടുള്ളത്;

(ഡി) ശബരിമല ഇടത്താവളങ്ങൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ദേവസ്വങ്ങളുടെ സ്ഥലം ഏതെങ്കിലും സ്വകാര്യ/പൊതുമേഖല ഏജൻസികൾക്കോ സ്ഥാപനങ്ങൾക്കോ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ദേവസ്വം ബോർഡുകളുടെ അനുമതി ലഭ്യമാക്കിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) പാലക്കാട് ജില്ലയിലെ ചിനക്കത്തൂർ ഭഗവതി ക്ഷേത്രം, ത്രിപ്പല്ലാവൂർ ശിവക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ ശ്രീതത്തല്ലൂർ ശിവക്ഷേത്രം, മലപ്പുറം ജില്ലയിലെ ശ്രീകാടാമ്പുഴ ഭഗവതി ക്ഷേത്രം, ശ്രീകാളികാവ് ഭഗവതി ക്ഷേത്രം ശ്രീ ചമ്രവട്ടം അയ്യപ്പ ക്ഷേത്രം, വയനാട് ജില്ലയിലെ ബത്തേരി ശ്രീ മാരിയമ്മൻ ക്ഷേത്രം, കോഴിക്കോട് ജില്ലയിലെ ശ്രീ പിഷാരിക്കാവ് ദേവി ക്ഷേത്രം, കണ്ണൂർ ജില്ലയിലെ തലശ്ശേരി ശ്രീ തിരുവങ്ങാട് ശ്രീരാമസ്വാമി ക്ഷേത്രം, തളിപ്പറമ്പ് ശ്രീ രാജരാജേശ്വരി ക്ഷേത്രം, കാസർഗോഡ് ജില്ലയിലെ മധൂർ ശ്രീ മദനന്തേശ്വര സിദ്ധിവിനായക ക്ഷേത്രം.

(ബി) തീർത്ഥാടകർക്കായി താമസം, ഭക്ഷണം, വാഹന പാർക്കിംഗ് എന്നീ സൗകര്യങ്ങൾ, ശുചിമുറികൾ എന്നിവ ഒരുക്കാനാണ് വിഭാവനം ചെയ്യുന്നത്. ശബരിമല ഇടത്താവളങ്ങൾ നിർമ്മിക്കുന്ന പ്രവർത്തനങ്ങൾ പ്രാരംഭ ദിശയിലാണ്. ഫണ്ട് അനുവദിച്ചിട്ടില്ല.

(സി) ഉണ്ട്. ഇൻഡ്യൻ ഓയിൽ കോർപ്പറേഷൻ എന്ന പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് ലീസ് &ലൈസൻസ് വ്യവസ്ഥയിൽ ഇടത്താവളം നിർമ്മിക്കുന്നതിനാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

(ഡി) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ശ്രീ കാടാമ്പുഴ ദേവസ്വം, ശ്രീ നെല്ലിയോട്ട് ദേവസ്വം, ശ്രീ തൃത്തല്ലൂർ ശിവക്ഷേത്രം എന്നീ ക്ഷേത്ര അധികാരികൾ എൻ.ഒ.സി. സമർപ്പിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ടി ക്ഷേത്രങ്ങളുടെ ഭൂമിയിൽ ഇടത്താവളങ്ങൾ വികസിപ്പിക്കാൻ അനുമതി നൽകിയത്.

## ദേവസ്വം ബോർഡുകൾക്കുകീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനം

360(758) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളിലെ നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡുവഴി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനത്തിൽ സംവരണതത്വം പാലിക്കേണ്ടതാണ് എന്ന നാഷണൽ പിന്നോക്ക വികസന കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ദേവസ്വം ബോർഡുകളുടെ കീഴിലുള്ള എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

## ദേവസ്വം ബോർഡ് നിയമനങ്ങളിലെ സംവരണം

361(*T 759) ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡ് നിയമനങ്ങളിൽ മുന്നോക്കക്കാരിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തുവാൻ മന്ത്രിസഭായോഗം തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച സർക്കാർ ഉത്തരവ് എന്നാണ് പുറപ്പെടുവിച്ചത്; ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലായെങ്കിൽ മന്ത്രിസഭാ തീരുമാനങ്ങളിൽ 24 മണിക്കൂറിനകം ഉത്തരവ് പുറപ്പെടുവിക്കുന്ന പതിവ് ഇക്കാര്യത്തിൽ ഉണ്ടാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) മന്ത്രിസഭ തീരുമാനമെടുക്കുന്നതിനുമുമ്പ് നിയമ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നോ; ഇല്ലെങ്കിൽ ഉപദേശം തേടാതെ നയപരമായ തീരുമാനം ഇക്കാര്യത്തിൽ എടുക്കുവാൻ ഉണ്ടായ സാഹചര്യം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഇക്കാര്യത്തിൽ 24 മണിക്കൂറിനകം ഉത്തരവ് പുറപ്പെടുവിക്കേണ്ട അടിയന്തര സാഹചര്യം നിലവിലില്ല. നിയമ വകുപ്പിന്റെ അഭിപ്രായം ഉൾപ്പെടെ എല്ലാ വശങ്ങളും കണക്കിലെടുത്ത് മാത്രമേ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുകയുള്ളൂ.

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ ശാന്തി നിയമനം**

362(760) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിൽ ശാന്തിക്കാരെ നിയമിക്കുന്നതിന് പ്രത്യേക നടപടി സ്വീകരിച്ചിട്ടുണ്ടോ;ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ശാന്തി നിയമനങ്ങളിൽ ദളിത് പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണം ഏർപ്പെടുത്തുകവഴി പ്രസ്തുത വിഭാഗത്തിൽപ്പെട്ട എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിൽ ശാന്തിക്കാരെ ഉൾപ്പെടെ നിയമിക്കുന്നതിന് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്.

(ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ക്ഷേത്രങ്ങളിൽ ദളിത് പിന്നോക്ക വിഭാഗങ്ങളിലെ 12 പേർക്ക് ശാന്തിക്കാരായി നിയമനം നൽകിയിട്ടുണ്ട്. മറ്റുള്ള ദേവസ്വം ബോർഡുകളിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്.

**ദേവസ്വം ബോർഡിനുകീഴിൽ കോളേജ്**

363(761) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ ദേവസ്വം ബോർഡിനുകീഴിൽ തൃക്കാഞ്ഞിരപുരത്ത് കോളേജ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി യൂണിവേഴ്സിറ്റിയുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും അനുമതി ലഭ്യമായിട്ടുണ്ടോ;

(ബി) സർക്കാർ ഉത്തരവ് (ഉന്നതവിദ്യാഭ്യാസ വകുപ്പ് നമ്പർ 63/16 1-3-2016) പ്രകാരം ദേവസ്വം ബോർഡിനുകീഴിൽ കഴക്കൂട്ടത്ത് അനുവദിച്ച കോളേജ് ആരംഭിക്കാനായിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത കോളേജ് മറ്റെവിടെയെങ്കിലും ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ എവിടെയാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) തീരുമാനിച്ചിട്ടുണ്ട്. ഇതിനായി യൂണിവേഴ്സിറ്റിയുടെയും വിദ്യാഭ്യാസ വകുപ്പിന്റെയും അനുമതി ലഭ്യമായിട്ടില്ല.

(ബി) കഴക്കൂട്ടത്ത് കോളേജ് ആരംഭിച്ചിട്ടില്ല.

(സി) ഇത് സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡാണ് തീരുമാനം കൈക്കൊള്ളേണ്ടത്.

**ക്ഷേത്ര നിക്ഷേപകങ്ങളുടെ കണക്കെടുപ്പ്**

364(762) <u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളിലെ സ്വർണ്ണം മുതലായ വിലപിടിപ്പുള്ള നിക്ഷേപങ്ങളുടെ കണക്കെടുക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(ബി) ദേവസ്വം ബോർഡിന്റെ ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ ഖജനാവിൽ അടയ്ക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ബോർഡിന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക വിനിയോഗിക്കുവാൻ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) ദേവസ്വം ബോർഡുകളിലെ ക്ഷേത്രങ്ങളിലെ വിലപിടിപ്പുള്ള നിക്ഷേപങ്ങളുടെ കണക്കെടുക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ക്ഷേത്രങ്ങളിലെ സമ്പത്ത് പരിശോധിച്ച് ഡിജിറ്റൽ രേഖകളാക്കി സൂക്ഷിക്കുന്നതിന് 9-1-2018-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) ദേവസ്വം ബോർഡിന്റെകീഴിലുള്ള ക്ഷേത്രങ്ങളുടെ വരുമാനം സർക്കാർ ഖജനാവിൽ അടയ്ക്കുന്നില്ല. ദേവസ്വം ബോർഡുകളുടെ അക്കൗണ്ടിൽ നിക്ഷേപിക്കുന്ന തുക വിനിയോഗിക്കുന്നതിന് സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

**ശബരിമലയിലെ സൗകര്യങ്ങൾ**

365(763) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല അയ്യപ്പക്ഷേത്രത്തിൽ ദർശനത്തിനെത്തുന്ന ലക്ഷക്കണക്കിന് ഭക്തർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിൽ ദേവസ്വം ബോർഡും സർക്കാരും നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ശബരിമലയെ പ്ലാസ്റ്റിക്‌വിമുക്തമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിജയകരമായിരുന്നോ;

(സി) പതിമൂന്നാം കേരളനിയമസഭയിലെ നിയമസഭാ പരിസ്ഥിതി കമ്മിറ്റി സമർപ്പിച്ച ആറാമത് റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ഡി) ശബരിമലയിൽ സ്ത്രീ പ്രവേശനം സംബന്ധിച്ച് കോടതിയിൽ നിലവിലുള്ള കേസിൽ സർക്കാരിന്റെ നിലപാട് അറിയിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) ശബരിമല ക്ഷേത്രത്തിന്റെ പേര് മാറ്റുന്നതിന് ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ഒരു തീരുമാനം എടുക്കുന്നതിന് ഉണ്ടായ സാഹചര്യം വിശദമാക്കുമോ?

ഉത്തരം

(എ) ശബരിമലയിൽ ദർശനത്തിനെത്തുന്ന അയ്യപ്പഭക്തർക്ക് കുടിവെള്ളം, ആഹാരം എന്നിവ ലഭ്യമാക്കുന്നതിനും ആവശ്യാനുസരണം ശുചിമുറി സൗകര്യങ്ങൾക്കും മറ്റെല്ലാ അടിസ്ഥാന സൗകര്യങ്ങൾക്കും ശുചീകരണ പ്രവർത്തനങ്ങൾക്കും മതിയായ സുരക്ഷ ഒരുക്കുന്നതിനും സർക്കാരും ദേവസ്വം ബോർഡും വിവിധ വകുപ്പുകളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും ഏകോപിപ്പിച്ച് ആവശ്യമായ എല്ലാ സേവനങ്ങളും ഇടതടവില്ലാതെ ലഭ്യമാക്കുന്നതിന് എല്ലാ നടപടിയും സ്വീകരിച്ചിട്ടുണ്ട്.

(ബി) വിജയകരമായിരുന്നു.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 2008-ൽ അന്നത്തെ സർക്കാർ നൽകിയ സത്യവാങ്മൂലം പരിഗണിക്കണമെന്ന് സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്.

(ഇ) ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രത്തിന്റെ പേരുമാറ്റി ശബരിമല ശ്രീ അയ്യപ്പസ്വാമി ക്ഷേത്രം എന്ന് നാമകരണംചെയ്ത് ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ സർക്കാർ ദേവസ്വം കമ്മീഷണർക്ക് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബോർഡ് ഉത്തരവ് റദ്ദ് ചെയ്ത് ശബരിമല ശ്രീധർമ്മശാസ്താ ക്ഷേത്രം എന്ന നാമധേയം തന്നെ നിലനിർത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

## ആറ്റുകാൽ ടൗൺഷിപ്പിന്റെ വികസനം

366(764) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് എന്തൊക്കെ ക്രമീകരണങ്ങളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ആറ്റുകാൽ പ്രദേശത്തെ വികസന പ്രവർത്തനങ്ങൾക്കായി ബജറ്റിൽ 100 കോടി വകയിരുത്തിയിട്ടും നാളിതുവരെ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) ആറ്റുകാൽ ടൗൺഷിപ്പിന്റെ വികസനം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; മാസ്റ്റർപ്ലാനിൽ പരാമർശിക്കുന്നതുപോലെ ഒന്നാം ഘട്ടമെങ്കിലും ഉടനെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) 2018-ലെ ആറ്റുകാൽ പൊങ്കാല മഹോത്സവവുമായി ബന്ധപ്പെട്ട് 31 വാർഡുകളിലെയും മരാമത്ത് പണികൾ, കെ.എസ്.ഇ.ബി.-യുടെ തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനുള്ള നടപടികൾ, 2000 തൊഴിലാളികളെ അണിനിരത്തിയുള്ള ശുചീകരണ പ്രവർത്തനങ്ങൾ, ഗ്രീൻ പ്രോട്ടോക്കോൾ നടപ്പാക്കുന്നതിനുള്ള നടപടികൾ, മെഡിക്കൽ ടീമിനെ വിന്യസിക്കുന്നതിനുള്ള നടപടികൾ, പൊങ്കാല നടക്കുന്ന പ്രദേശങ്ങളെ ഉൾപ്പെടുത്തി റൂട്ട് മാപ്പ് തയ്യാറാക്കുന്നതിനുള്ള നടപടികൾ എന്നിവ നഗരസഭ സ്വീകരിച്ചുവരുന്നു. കൂടാതെ 23-1-2018 ന് ദേവസ്വം വകുപ്പുമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുവാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) നടപ്പുസാമ്പത്തിക വർഷത്തിലെ ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല.

(സി) ആറ്റുകാൽ ടൗൺഷിപ്പിന്റെ വികസനം സംബന്ധിച്ച് ഡീറ്റെയിൽഡ് ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കുന്നതിനുള്ള നടപടികൾ ടൗൺ & കൺട്രി പ്ലാനിംഗ് വകുപ്പ് സ്വീകരിച്ചുവരുന്നു.

**ചെട്ടിക്കുളങ്ങര ക്ഷേത്രത്തിലെ ശാന്തി നിയമനം**

367(765) ശ്രീ. ബി. സത്യൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദളിതർ ഉൾപ്പെടെയുള്ള അബ്രാഹ്മണരെ ശാന്തിക്കാരായി നിയമിച്ച് രാജ്യത്തിന് മാതൃകയായ സർക്കാർ നയത്തിനുവിരുദ്ധമായി ചെട്ടികുളങ്ങര ക്ഷേത്രത്തിലെ ശാന്തിനിയമനം തടഞ്ഞുവച്ച തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റിനും ദേവസ്വം കമ്മീഷണർ ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുമെതിരെ സ്വീകരിച്ച നടപടി അറിയിക്കാമോ;

(ബി) ജാതിയുടെമാത്രം പേരിൽ ശാന്തി നിയമനം എതിർത്ത തന്ത്രിയുൾപ്പെടെയുള്ളവരുടെ നടപടി ജാതി വിവേചനം ആയതിനാൽ നിയമനടപടി സ്വീകരിക്കുമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ചില അംഗങ്ങൾ ശാന്തി നിയമനത്തിൽ അഴിമതി നടത്തിയെന്ന വാർത്തയുടെ അടിസ്ഥാനത്തിൽ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ക്ഷേത്ര തന്ത്രിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ചെട്ടിക്കുളങ്ങര ക്ഷേത്രത്തിലെ ശാന്തി നിയമനം റദ്ദ്ചെയ്ത തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉത്തരവ് സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരുത്തി ഇറക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ഉത്തരവാദികളായവർക്കെതിരെ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരം നടപടിയെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

## ക്ഷേത്രങ്ങളിലെ നടവരുമാനം

368(766) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെകീഴിലുള്ള കരുനാഗപ്പള്ളി, മാവേലിക്കര സബ് ഗ്രൂപ്പിൽ ഉൾപ്പെട്ടിട്ടുള്ള ക്ഷേത്രങ്ങൾ ഏതൊക്കെയാണെന്നും,2015-16, 2016-17 എന്നീ വർഷങ്ങളിൽ ഓരോ ക്ഷേത്രത്തിന്റെയും നടവരുമാനം എത്രയായിരുന്നെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ വിലപിടിച്ച വസ്തുക്കളുടെ കണക്കെടുപ്പ്

369(767) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിലെ ക്ഷേത്രങ്ങളിലെ തിരുവാഭരണങ്ങളുടെയും മറ്റ് വിലപിടിച്ച വസ്തുക്കളുടെയും കണക്കെടുക്കുന്നതിന് ദേവസ്വം ബോർഡ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ക്ഷേത്രങ്ങളിലെ കാണിക്ക, രസീത് എന്നീ ഇനത്തിൽ ലഭിക്കുന്ന വരുമാനത്തിലെ ചോർച്ച തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും; വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെകീഴിലുള്ള ക്ഷേത്രങ്ങളിലെ സ്വർണ്ണം മുതലായ വിലപിടിപ്പുള്ള നിക്ഷേപങ്ങൾ സൂക്ഷിക്കുന്ന സ്ട്രോംഗ് റൂം പരിശോധിച്ച് തൂക്കം, മാറ്റ്, കാലപ്പഴക്കം, മൂല്യം എന്നിവ നിർണ്ണയിച്ച് ഡിജിറ്റൽ ഫോട്ടോ എടുത്ത് റിക്കോർഡുകൾ സൂക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സാമ്പത്തിക കാര്യങ്ങളിൽ കർക്കശമായ പരിശോധനകളും സമയ ബന്ധിതമായ നടപടികളും സ്വീകരിക്കുന്നതിലേയ്ക്ക് ഒരു പരിശോധനാ വിഭാഗം (ഫിനാൻസ്) രൂപീകരിച്ചുകൊണ്ട് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**തിരുവിതാംകൂർ ദേവസ്വം ബോർഡ്**

370(768) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻപ്രസിഡന്റും മെമ്പറും വൻ തുക യാത്രാപ്പടി ഇനത്തിൽ കൈപ്പറ്റിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇതുസംബന്ധിച്ച് വിജിലൻസ് & ആന്റികറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തിവരുന്നു.

**കോലധാരികൾക്കും ആചാരസ്ഥാനികർക്കും പെൻഷൻ**

371(769) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലധാരികൾക്കും ആചാരസ്ഥാനികർക്കും നിലവിൽ എത്ര രൂപയാണ് പ്രതിമാസ പെൻഷനായി അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; മറ്റ് ക്ഷേമ പെൻഷനുകൾ 1000-ൽ അധികം രൂപയായി ഉയർത്തിയിട്ടും ഇവർക്കുള്ള പെൻഷൻ വർദ്ധിപ്പിച്ച് നൽകാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പുതുതായി അപേക്ഷ നൽകിയ പ്രസ്തുത വിഭാഗക്കാർക്ക് എപ്പോൾ പെൻഷൻ നൽകാൻ കഴിയുമെന്നും പെൻഷൻ ലഭിക്കാനായി എത്ര അപേക്ഷകൾ നിലവിൽ ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉത്തരമലബാറിലെ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് ആചാരസ്ഥാനികർക്കും കോലധാരികൾക്കും നൽകിവരുന്ന പ്രതിമാസ ധനസഹായ പദ്ധതി പ്രകാരം ആചാര സ്ഥാനികർക്ക് 800 രൂപയും കോലധാരികൾക്ക് 700 രൂപയുമാണ് നൽകിവരുന്നത്. പ്രസ്തുത ധനസഹായം കാലോചിതമായി പരിഷ്കരിക്കുന്നതിനും പുതിയ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനും അനർഹരെ ഒഴിവാക്കുന്നതിനും വ്യക്തമായ മാനദണ്ഡങ്ങൾ തയ്യാറാക്കി ലഭ്യമായ അപേക്ഷകളടക്കം പുനഃപരിശോധന നടത്തി 2018 മാർച്ച് 31-ന് മുമ്പ് പട്ടിക തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ശബരിമല മാസ്റ്റർപ്ലാൻ

372(770) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല മാസ്റ്റർപ്ലാനിലുൾപ്പെടുത്തി ഇതേവരെ എന്തൊക്കെ പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത്; ഓരോ പദ്ധതിക്കും ചെലവഴിച്ച തുക എത്ര വീതമാണ്; ഓരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇനിയും എന്തൊക്കെ പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും ഓരോ പദ്ധതിയുടെയും നിർമ്മാണ പുരോഗതി വിശദാംശങ്ങൾ സഹിതം വ്യക്തമാക്കാമോ;

(സി) ശബരിമലയിലേക്ക് റോപ്-വേ നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പമ്പാനദിയിലെ ജലക്ഷാമത്തിന് ശാശ്വതപരിഹാരം കാണുന്നതിന് എന്തെങ്കിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-I-ൽ ചേർക്കുന്നു.*

(ബി) ശബരിമല മാസ്റ്റർപ്ലാനിലുൾപ്പെടുത്തി നടപ്പിലാക്കേണ്ട പദ്ധതികൾക്ക് കാലാകാലങ്ങളിൽ കൂടുന്ന ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതിയാണ് രൂപംനൽകുന്നത്. 2017-18 ൽ ഏറ്റെടുക്കാനുദ്ദേശിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II*ലും ഇപ്പോൾ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം III-ലും ചേർക്കുന്നു.*

(സി) ശബരിമലയിലേക്ക് റോപ് വേ നിർമ്മിക്കുന്നതിന് ശബരിമല മാസ്റ്റർപ്ലാൻ ഉന്നതാധികാര സമിതി നിർമ്മാണക്കമ്പനികളുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

(ഡി) ഇതിനാവശ്യമായ പദ്ധതിയുടെ സാധ്യത പരിശോധിച്ചുവരുന്നു.

**ശബരിമല തീർത്ഥാടനം**

373(771) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനത്തിന് കാനനപാതയിലൂടെ കാൽനടയായി അയ്യപ്പ ദർശനം നടത്തുന്ന അയ്യപ്പ ഭക്തർക്ക് നടപ്പന്തലിൽ പ്രത്യേക ക്യൂ അനുവദിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ;

(ബി) ഓൺലൈൻ ബുക്കിംഗ് വഴി വരുന്ന അയ്യപ്പ ഭക്തർക്ക് ഏർപ്പെടുത്തിയിരിക്കുന്ന വെർച്വൽ ക്യൂ പോലുള്ള പ്രത്യേക സംവിധാനം പരമ്പരാഗത കാനനപാതയിൽക്കൂടി കാൽനടയായി വരുന്ന അയ്യപ്പ ഭക്തർക്കും ഏർപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കാനനപാതയിൽക്കൂടി കാൽനടയായി വരുന്ന അയ്യപ്പഭക്തർക്ക് വെർച്വൽ ക്യൂ സംവിധാനം ഏർപ്പെടുത്തുന്നതും നടപ്പന്തലിൽ പ്രത്യേക ക്യൂ അനുവദിക്കുന്നതും സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡ് നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരളത്തിലെ ക്ഷേത്രങ്ങളിലെ സമ്പത്ത്

374(772) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷേത്രങ്ങളിലെ സമ്പത്ത് പരിശോധിച്ച് ഡിജിറ്റൽ രേഖകളാക്കി സൂക്ഷിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. കേരളത്തിലെ ക്ഷേത്രങ്ങളിലെ സമ്പത്ത് പരിശോധിച്ച് സ്ട്രോംഗ് റൂമുകളിൽ സൂക്ഷിച്ചിട്ടുള്ള വിലപിടിച്ച വകകൾ തിട്ടപ്പെടുത്തി ഡിജിറ്റൽ രേഖകളാക്കി സൂക്ഷിക്കുന്നതിന് എല്ലാ ദേവസ്വം ബോർഡുകൾക്കും 9-1-2018-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

## തൃത്തല്ലൂരിൽ ശബരിമല തീർത്ഥാടകർക്കായി ഇടത്താവളം

375(773) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പഞ്ചായത്തിലെ തൃത്തല്ലൂരിൽ ശബരിമല തീർത്ഥാടകർക്കായി ഒരു ഇടത്താവളം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

ഇൻഡ്യൻ ഓയിൽ കോർപ്പറേഷന്റെ സഹകരണത്തോടെ ഇടത്താവളം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 a.m]

## II ചെയർമാൻമാരുടെ പാനൽ

മി. സ്പീക്കർ: സർവ്വശ്രീ. മുരളി പെരുനെല്ലി, സി. കെ. നാണു, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങളെ പതിനാലാം കേരള നിയമസഭയുടെ ഒൻപതാം സമ്മേളനത്തിലേയ്ക്ക് ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുന്നു.

## III അടിയന്തരപ്രമേയം

### യു.ഡി.എഫ് ഹർത്താലിനെതിരെ നടന്ന അക്രമങ്ങൾ

മി. സ്പീക്കർ: പെരിന്തൽമണ്ണ നിയോജകമണ്ഡലം മുസ്ലീം ലീഗ് ഓഫീസ് 22-1-2018-ൽ എസ്.എഫ്.ഐ., ഡി.വൈ.എഫ്.ഐ. പ്രവർത്തകർ തല്ലിത്തകർത്തതിൽ പ്രതിഷേധിച്ച് 23-1-2018-ന് യു.ഡി.എഫ്. നടത്തിയ ഹർത്താലിൽ ബോധപൂർവ്വം പ്രകോപനമുണ്ടാക്കി പോലീസ് പെരിന്തൽമണ്ണ നഗരത്തിലും താലൂക്കിന്റെ വിവിധ ഭാഗങ്ങളിലും ഭീകരാന്തരീക്ഷം സൃഷ്ടിക്കുകയും സ്ത്രീകളെയും കുട്ടികളെയും ക്രൂരമായി മർദ്ദിക്കുകയും നിരപരാധികളായ നിരവധിപ്പേർക്ക് പരിക്കേല്ക്കുകയും പ്രദേശമാകെ ഭയാനകമായ സ്ഥിതി സൃഷ്ടിക്കുകയും ക്രമസമാധാനനില തകർക്കുകയും ചെയ്തതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ എം. ഉമ്മർ, എ. പി. അനിൽ കുമാർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ പരിധിയിലുണ്ടായ സംഭവങ്ങൾ പരാമർശിക്കുമ്പോൾ 21-1-2018, 22-1-2018, 23-1-2018 എന്നീ തീയതികളിലുണ്ടായ കാര്യങ്ങളാണ് പ്രതിപാദിക്കേണ്ടി വരുന്നത്. 22-1-2018-ന് പെരിന്തൽമണ്ണ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട അങ്ങാടിപ്പുറം പോളിടെക്നിക് കാമ്പസിലെ ഓഡിറ്റോറിയത്തിൽ രാവിലെ 11.20-ന് ക്യാന്റീൻ ഉദ്ഘാടനം നടന്നുകൊണ്ടിരിക്കവേ യൂത്ത് ലീഗ് ബ്ലോക്ക് പ്രസിഡന്റ് അസ്കർ അലിയുടെ നേതൃത്വത്തിൽ കാമ്പസിന് പുറത്തുനിന്നുള്ള നൂറോളം ആൾക്കാർ മാരകായുധങ്ങളുമായി കാമ്പസിനകത്തേയ്ക്ക് ഓടിക്കയറി ഉദ്ഘാടന യോഗത്തിൽ പങ്കെടുത്തുകൊണ്ടിരുന്ന വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ദേഹോപദ്രവം ഏല്പിക്കുകയും കാമ്പസ് കെട്ടിടങ്ങൾക്ക് കേടുപാടുകൾ വരുത്തുകയും വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും ബൈക്കുകളും രണ്ട് കാറുകളും തകർക്കുകയും ചെയ്തു. ഇക്കാര്യത്തെ സംബന്ധിച്ച് പോളിടെക്നിക് കോളേജ് പ്രിൻസിപ്പൽ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അസ്കർ അലിയെയും മറ്റും പ്രതികളാക്കി ഐ.പി.സി. 143, 147, 148, 149, 324, 447, പി.ഡി.പി.പി. ആക്ട് 3, 2(ഇ) എന്നീ വകുപ്പുകൾ പ്രകാരം പെരിന്തൽമണ്ണ

പോലീസ് സ്റ്റേഷനിൽ ക്രൈം 89/18 ആയി കേസ് രജിസ്റ്റർ ചെയ്തു. അന്നുതന്നെ ഉച്ചയ്ക്ക് 12 മണിയോടെ ഒരുകൂട്ടം വിദ്യാർത്ഥികൾ പെരിന്തൽമണ്ണ മണ്ഡലം മുസ്ലീം ലീഗ് ഓഫീസിലെ ഷട്ടറിന്റെ പൂട്ടുപൊളിച്ച് ഓഫീസിനുള്ളിലേയ്ക്ക് ഓടിക്കയറിയെന്നും സാധനസാമഗ്രികളും നേതാക്കന്മാരുടെ ഛായാചിത്രങ്ങളും നശിപ്പിച്ചുവെന്നും ലീഗ് നിയോജകമണ്ഡലം ജനറൽ സെക്രട്ടറി അഡ്വ. അബ്ദുൾ സലാം പരാതി നൽകുകയുണ്ടായി. ഈ പരാതിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. 143, 147, 148, 149, 427, 452, 380 എന്നീ വകുപ്പുകൾ പ്രകാരം പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ക്രൈം 90/18 ആയി കേസ് രജിസ്റ്റർ ചെയ്തു. 22-1-2018-ന് ഉച്ചയ്ക്ക് ഒരു മണിയോടെ പെരിന്തൽമണ്ണ സി.പി.ഐ. (എം) ഓഫീസിലേയ്ക്ക് കല്ലേറ് നടത്തിയതിൽ ഓഫീസിന് മുന്നിൽവച്ച് പോലീസ് വാഹനത്തിന് കേടുപാടുകൾ സംഭവിച്ചു. ഓഫീസ് ആക്രമണത്തിൽ സി.പി.ഐ. (എം) നേതാക്കളായ അഡ്വ. റ്റി. കെ. സുൾഫിക്കർ അലിക്കും സന്തോഷിനും പരിക്കേറ്റു. അതിലേയ്ക്ക് ഐ.പി.സി. 143, 147, 148, 149, പി.ഡി.പി.പി. ആക്ട് 3, 1, 2 എന്നീ വകുപ്പുകൾ പ്രകാരം പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ക്രൈം 91/18 ആയി കേസ് രജിസ്റ്റർ ചെയ്തു. തുടർന്ന് പെരിന്തൽമണ്ണ ജംഗ്ഷനിൽ യു.ഡി.എഫ്. നേതാക്കളുടെ നേതൃത്വത്തിലും അങ്ങാടിപ്പുറം പോളിടെക്നിക്കിന് മുൻവശം എൽ.ഡി.എഫ്. പ്രവർത്തകരും റോഡ് ഉപരോധിച്ചു. ഇതിന്റെ ഫലമായി വാഹനങ്ങൾക്കും യാത്രക്കാർക്കും മാർഗ്ഗ തടസ്സമുണ്ടായി. ഇതിലേയ്ക്ക് ഇരുവിഭാഗത്തിനുമെതിരെ പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ ഓരോ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. വൈകിട്ട് 7.30-ഓടെ ഒരുകൂട്ടം ലീഗ് പ്രവർത്തകർ മങ്കട പോലീസ് സ്റ്റേഷൻ പരിധിയിലെ മക്കരപറമ്പിലുള്ള സി.പി.ഐ. (എം) ഓഫീസിൽ അതിക്രമിച്ചു കയറി ബൈജു, നിസാർ എന്നീ പ്രവർത്തകരെ ദേഹോപദ്രവം ഏല്പിക്കുകയും ഫർണിച്ചറുകൾക്കും മറ്റും നാശം വരുത്തുകയും ചെയ്തു. പരിക്കേറ്റ നിസാർ ഭിന്നശേഷിക്കാരനായ ചെറുപ്പക്കാരനാണ്. അതിലേയ്ക്ക് ഐ.പി.സി. 143, 147, 148, 149, 324, 427, 448, 458 എന്നീ വകുപ്പുകൾ പ്രകാരം മങ്കട പോലീസ് സ്റ്റേഷനിൽ ക്രൈം 6/18 ആയി കേസ് രജിസ്റ്റർ ചെയ്തു.

22-1-2018-ൽ ഉണ്ടായ സംഭവങ്ങളിൽ പ്രതിഷേധിച്ച് 23-1-2018-ന് പെരിന്തൽമണ്ണ താലൂക്കിൽ യു.ഡി.എഫ്. ഹർത്താലിന് ആഹ്വാനം ചെയ്തു. ഹർത്താലിനിടെ സർക്കാർ ഓഫീസുകൾ, കെ.എസ്.ആർ.ടി.സി. ബസ്സുകൾ, പോലീസ് വാഹനങ്ങൾ എന്നിവയ്ക്കുനേരെ വ്യാപകമായ അക്രമങ്ങൾ നടത്തിയിട്ടുണ്ട്. അത് തടയാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥർക്കുനേരെ അക്രമം അഴിച്ചുവിട്ടിട്ടുള്ളതുമാണ്. സംഭവത്തിൽ രണ്ട് എസ്.ഐ.-മാർ ഉൾപ്പെടെ 13 പോലീസ് ഉദ്യോഗസ്ഥർക്ക് പരിക്കേറ്റു. ഇതിൽ ഗുരുതരമായി പരിക്കേറ്റ സീനിയർ സി.പി.ഒ. രാമദാസ് പെരിന്തൽമണ്ണ

മൗലാനാ ആശുപത്രിയിൽ ചികിത്സ തേടിയിട്ടുണ്ട്. ഹർത്താൽ ദിനത്തിലുണ്ടായ അക്രമങ്ങൾക്കും സർക്കാർ മുതലുകൾക്ക് നാശംവരുത്തിയതിനും പൊതുമുതൽ നശിപ്പിച്ചതിനും നിയമപ്രകാരം കേസ്സെടുത്തിട്ടുണ്ട്. അതോടൊപ്പം പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ചതിന് മുസ്ലീം ലീഗ്, യു.ഡി.എഫ്. പ്രവർത്തകരെ പ്രതികളാക്കി വിവിധ പോലീസ് സ്റ്റേഷനുകളിൽ പത്ത് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതോടൊപ്പം ഇരുവിഭാഗത്തിലും ഉൾപ്പെട്ട 45 പേരെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ട്. മേൽപ്പറഞ്ഞ സംഭവങ്ങളുമായി ബന്ധപ്പെട്ട് അക്രമം നടത്തിയവർക്കെതിരെ പോലീസ് നിയമാനുസരണം ചെയ്യേണ്ട നടപടികൾ മാത്രമാണ് കൈക്കൊണ്ടിട്ടുള്ളത്. കേസ്സുകളുടെ അന്വേഷണം കുറ്റമറ്റരീതിയിൽ നടന്നുവരികയാണ്. സ്ഥലത്തും പരിസരത്തും ഡിവൈ.എസ്.പി.-മാരുടെ നേതൃത്വത്തിൽ ശക്തമായ പോലീസ് സാന്നിദ്ധ്യം ഏർപ്പെടുത്തിയിട്ടുണ്ട്. അക്രമങ്ങൾ ആവർത്തിക്കാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രവർത്തകരെ പോലീസ് അടിച്ചൊതുക്കി ഭീകരാന്തരീക്ഷം സൃഷ്ടിച്ചുവെന്ന അടിയന്തരപ്രമേയ നോട്ടീസിലെ പരാമർശം വാസ്തവവിരുദ്ധവും ദുരുദ്ദേശപരവുമാണ്. ക്രമസമാധാനം സംരക്ഷിക്കുന്നതിനുള്ള നടപടി മാത്രമേ പോലീസ് സ്വീകരിച്ചിട്ടുള്ളൂ. 23-1-2018-ൽ ജില്ലാ കളക്ടർ വിളിച്ചുചേർത്ത സമാധാന യോഗം ആരംഭിക്കുന്നതിനുമുമ്പ് യു.ഡി.എഫ്. കക്ഷിനേതാക്കൾ തങ്ങളുടെ സംസ്ഥാന നേതാക്കളുടെ സന്ദർശനമുള്ളതിനാൽ ഈ യോഗത്തിൽ പങ്കെടുക്കാൻ കഴിയുകയില്ലെന്നുപറഞ്ഞ് പോകുകയാണുണ്ടായത്. സമാധാന ശ്രമങ്ങൾക്ക് അനുകൂലമായ നിലപാടാണ് സ്വീകരിക്കേണ്ടതെന്നാണ് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്. അവിടെ സമാധാനം നിലനിർത്താൽ കഴിഞ്ഞിട്ടുണ്ട്.

<u>ശ്രീ. എം. ഉമ്മർ</u> : സർ, മലപ്പുറം ജില്ല പൊതുവേ രാഷ്ട്രീയ സംഘട്ടനങ്ങളും സാമുദായിക സംഘട്ടനങ്ങളും കുറഞ്ഞ, സമാധാനപരമായി ജീവിക്കാൻ കഴിയുന്ന ഒരു പ്രദേശമാണ്. സ്ഫടികം പോലെ നിൽക്കുന്ന ജലപ്പരപ്പിൽ കല്ലെറിഞ്ഞ് കുളം കലക്കാൻ ഉത്തരവാദപ്പെട്ട ഒരു രാഷ്ട്രീയപാർട്ടിയുടെ യുവജന സംഘടനയെത്തന്നെ കയറൂരിവിടുക എന്നത് വളരെ നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിൽ മുസ്ലീം ലീഗിന്റെ പ്രവർത്തകർ സി.പി.ഐ.(എം.) ഓഫീസിലേയ്ക്ക് കല്ലെറിഞ്ഞപ്പോൾ പരിക്ക് പറ്റിയത് പോലീസുകാർക്കാണെന്ന് പറയുകയുണ്ടായി. സി.പി.ഐ.(എം.) ഓഫീസിലേയ്ക്ക് കല്ലെറിഞ്ഞാൽ പരിക്ക് പറ്റുന്നത് സി.പി.ഐ.(എം.) ഓഫീസിനല്ലേ? പരിക്ക് പറ്റിയത് പോലീസിനാണെന്ന ഒറ്റ വാചകം അദ്ദേഹം പറയുകയുണ്ടായി. അതിൽ നിന്നും, ഈ വസ്തുതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിലുള്ള നിഗൂഢതകൾ വളരെ വ്യക്തമാണ്. ഇവിടെ മുസ്ലീം ലീഗ് വ്യവസ്ഥാപിതമായി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ്. ഞങ്ങൾ ഈ

രാജ്യത്ത് അക്രമമുണ്ടാക്കാൻ ശ്രമിക്കുന്ന പാർട്ടിയല്ല. ഞങ്ങളുടെ പാർട്ടി ഓഫീസിൽ നിന്നും ഒരിക്കലും മാരകായുധങ്ങളും ബോംബുകളും കണ്ടെടുത്തിട്ടില്ല. പക്ഷേ അങ്ങനെയുള്ള പാർട്ടി പ്രവർത്തനം നടത്തുന്ന ഓഫീസിലേയ്ക്ക് സംഘടിതമായി അക്രമം നടത്തിയത്, ഒരു കൂട്ടം വിദ്യാർത്ഥികളും യൂത്ത് മുസ്ലീംലീഗുകാരുമാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അതിന്റെയൊക്കെ കൃത്യമായ സി.ഡി. ഉണ്ട്. ചെറിയവരെന്ന് പറയാൻ പറ്റാത്ത മുതിർന്നവരായ എസ്.എഫ്.ഐ.-യുടെയും ഡി.വൈ.എഫ്.ഐ.-യുടെയും പ്രവർത്തകർ രണ്ട് കിലോമീറ്റർ അപ്പുറത്തുള്ള മുസ്ലീംലീഗ് ഓഫീസിലേയ്ക്ക് മാരകായുധങ്ങളുമായി, പോളിടെക്നിക്കിലെ യൂണിഫോമിട്ട കുട്ടികളോടൊപ്പം ചേർന്ന്, പകൽ പത്തരമണിക്കാണ് പോയത്. പാർട്ടി ഓഫീസ് കുത്തിത്തുറന്ന് പത്തെഴുപതോളം ഗുണ്ടകൾ വിദ്യാർത്ഥികളുടെ രൂപത്തിലെത്തി അക്രമിക്കുക എന്നത് മലപ്പുറം ജില്ലയുടെ ചരിത്രത്തിൽ ആദ്യമാണ്. ഞങ്ങൾ പാർട്ടി ഓഫീസും വീടും പൂട്ടിപ്പോകുന്നത് ഒന്നേകാൽ രൂപയുടെ പൂട്ടിന്റെ ബലത്തിലല്ല, ഈ രാജ്യത്ത് ഒരു ഭരണകൂടമുണ്ടെന്ന വിശ്വാസത്തിന്റെപുറത്താണ്. അതിന്റെ മുന്നിലൂടെ കടന്നുപോയ പോലീസുകാരുടെ വീഡിയോ നമുക്ക് കാണാൻ കഴിയും. പെരിന്തൽമണ്ണ പോലീസ് സ്റ്റേഷനിൽ നിന്നും 300 മീറ്റർ മാത്രം അകലെയുള്ള മുസ്ലീം ലീഗിന്റെ ഓഫീസിലേയ്ക്ക് ആളുകൾ തള്ളിക്കയറി, സാധാരണയുണ്ടാകുന്ന ഒരു പ്രകടനത്തിലാണെങ്കിൽ വികാരപരമായ കല്ലേറ് നടത്തിയാൽ മനസ്സിലാക്കാം. രണ്ട് കിലോമീറ്റർ അപ്പുറത്തുനിന്നും മാരകായുധങ്ങളുമായി കുട്ടികൾ നാഷണൽ ഹൈവേയിലൂടെ വന്നപ്പോൾ തടയാൻ പോലീസിന് കഴിഞ്ഞിട്ടില്ല. അവർ പോലീസിനെ നോക്കിനിൽക്കുന്നത് നമുക്ക് കാണാൻ കഴിയും. അവർക്ക് അകമ്പടി സേവിച്ച് സംരക്ഷണം നൽകാനാണ് പോലീസ് ശ്രമിച്ചത്. അടുത്തകാലത്ത് നവീകരിച്ച മുസ്ലീംലീഗിന്റെ ഓഫീസും അവിടെയുള്ള ഫർണിച്ചറുകളും കംപ്യൂട്ടറും ഫാനും രണ്ട് എ.സി.-യും അടിച്ചു തകർത്തതിനുപുറമേ അവിടെയുള്ള ടോയ്ലെറ്റും തറയോടുകളും നേതാക്കന്മാരുടെ ഫോട്ടോകളും അവർ തകർത്തു. അതിന്റെ skeleton മാത്രമാണ് ഇപ്പോൾ അവശേഷിക്കുന്നത്. ഒരു പ്രകടനമുണ്ടാകുമ്പോൾ കല്ലേറുണ്ടാവുക സ്വാഭാവികമാണ്. ഒരു പാർട്ടി ഓഫീസിലേയ്ക്ക് കയറി ഇത്തരം അതിക്രമം കാണിച്ചതിനെ അതിന്റെ ഗൗരവത്തിൽ കാണാതെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരുകൂട്ടം കുട്ടികളെന്നാണ്, ഒരു കൂട്ടം വിദ്യാർത്ഥികളെന്നാണ് പറയുന്നത്. സത്യം സത്യമായി തന്നെ കാണണ്ടേ? ഇവിടെ തെറ്റ് ചെയ്തത് എസ്.എഫ്.ഐ. ആണെങ്കിൽ അവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനുള്ള ധാർമ്മികമായ ഉത്തരവാദിത്വം ഈ ഗവൺമെന്റിനില്ലേ? എന്നിട്ടും ഉണ്ടായതെന്താണ്? അന്ന് രാവിലെ പത്തരമണി മുതൽ വൈകുന്നേരം വരെ ഒരാളെപ്പോലും കസ്റ്റഡിയിലെടുക്കാൻ പോലീസിന് കഴിഞ്ഞില്ല. ഈ വിദ്യാർത്ഥികൾക്ക് അഭയം നൽകിയത് പെരിന്തൽമണ്ണയിലെ സി.പി.ഐ.(എം) ഓഫീസിലാണ്. അവിടെനിന്നും ഇ.എം.എസ്.-ന്റെ നാമത്തിലുള്ള സഹകരണ

ബാങ്കിൽ കൊണ്ടുപോയി, അതിനുശേഷം ഒരു പരിക്കുംപറ്റാത്ത കുട്ടികളെ ആശുപത്രിയിലാക്കി. എന്നിട്ടും ഒരാളെപ്പോലും കസ്റ്റഡിയിലെടുക്കാൻ പോലീസ് മുന്നോട്ടുവന്നിട്ടില്ല. ഇന്നലെ മുസ്ലീം ലീഗ് കക്ഷിനേതാവായ ഡോ. എം. കെ. മുനീറിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ കാണുകയുണ്ടായി. പെരിന്തൽമണ്ണയിൽ പ്രശ്നമുണ്ടായിട്ടുണ്ട്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടണം, പോലീസ് ഇടപെടണം, കർശന നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിച്ചു. ഞങ്ങൾക്ക് പ്രശ്നമുണ്ടാക്കണമെന്നുണ്ടെങ്കിൽ ഇന്നലെ മുഖ്യമന്ത്രിയെക്കാണേണ്ട കാര്യമുണ്ടോ? ഇന്നലെ മുഖ്യമന്ത്രിയെക്കണ്ട് സമാധാനപരമായ സാഹചര്യമുണ്ടാക്കണമെന്നും പോലീസ് അക്രമങ്ങൾക്കെതിരെ കേസ്സെടുക്കണമെന്നും പറഞ്ഞിട്ട് ഒരു നടപടിയും സ്വീകരിച്ചില്ല. ഇതുവരെയും ആ കേസ്സുമായി ബന്ധപ്പെട്ട് ഒരാളെയും അറസ്റ്റ് ചെയ്തിട്ടില്ല. പ്രശ്നമുണ്ടാക്കാൻ ഒരു രാഷ്ട്രീയപാർട്ടിയുടെ, ഭരിക്കുന്ന പാർട്ടിയുടെ യുവജന സംഘടനയും അതിന് ഒത്താശ ചെയ്യുന്ന പോലീസുമുണ്ടെങ്കിൽ എങ്ങനെയാണ് സമാധാനമുണ്ടാകുന്നത്? പെരിന്തൽമണ്ണയിൽ ഈ അടുത്ത കാലത്തൊന്നും രാഷ്ട്രീയ സംഘട്ടനങ്ങളോ രാഷ്ട്രീയമായ പ്രശ്നങ്ങളോ ഉണ്ടായിട്ടില്ല. പെരിന്തൽമണ്ണ പോളിടെക്നിക്കിൽ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞതുപോലെ പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. പെരിന്തൽമണ്ണ പോളിടെക്നിക്കിന് ഒരു സവിശേഷതയുണ്ട്. എക്കാലത്തും അവിടെ എസ്.എഫ്.ഐ. ആണ് ജയിക്കുക. അതുകൊണ്ടുതന്നെ അവരുടെ ടെറിട്ടറിയാണ്, അവിടെ ആർക്കും കൊടി നാട്ടാനും സംഘടനാ പ്രവർത്തനം നടത്താനും പാടില്ല. മലപ്പുറത്തെ ഒരു പ്രദേശം കണ്ണൂരാക്കി മാറ്റാൻ സാധിക്കുമോ? അവിടെ കൊടി നാട്ടാൻ പാടില്ലേ? പെരിന്തൽമണ്ണയെയും കണ്ണൂരാക്കണോ? കണ്ണൂരിനെക്കുറിച്ച് ഞാൻ പറയാം. ....(ബഹളം)....

<u>മി. സ്പീക്കർ</u>: അങ്ങ്, കണ്ണൂരിനെക്കുറിച്ച് പറയണ്ട. പെരിന്തൽമണ്ണയെക്കുറിച്ച് പറയൂ.

<u>ശ്രീ. എം. ഉമ്മർ</u>: സമാധാനപരമല്ലാത്ത സാഹചര്യം നിലനിൽക്കുമ്പോൾ അതിനെതിരെ കർശനമായ നിയമ നടപടിയെടുക്കുന്നതിന് പകരം, ഉത്തരവാദപ്പെട്ട ജില്ലാ പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലാണ് ഇന്നലെ ഈ അക്രമം നടന്നത്. സ്വാഭാവികമായും ഇതുപോലെ ഒരു അക്രമമുണ്ടായാൽ ഹർത്താലുണ്ടാകും. മലപ്പുറം ജില്ലയിൽ ആദ്യമായി ജില്ലാ യു.ഡി.എഫ്. നേതൃത്വം ഹർത്താൽ പ്രഖ്യാപിച്ചു. പക്ഷേ സംസ്ഥാന യു.ഡി.എഫ്. നേതൃത്വം പറഞ്ഞു അത് മലപ്പുറം ജില്ലയിൽ മുഴുവൻ വേണ്ട, പെരിന്തൽമണ്ണയിൽ മാത്രമായി ഒതുക്കണമെന്ന്. നിങ്ങളായിരുന്നുവെങ്കിൽ കേരളം മുഴുവൻ ഹർത്താൽ ആചരിക്കുമായിരുന്നു. ഞങ്ങൾ അത് പെരിന്തൽമണ്ണ താലൂക്കിൽമാത്രം ഒതുക്കിനിർത്തി. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ അവിടേയ്ക്ക് കയറിവന്ന് വഴിയെ പോകുന്ന നിരപരാധികളായ ആളുകളെ രാവിലെ

മുതൽ പിടിച്ചുകൊണ്ടുപോകുകയാണ്. കേരളത്തിൽ ആദ്യമായാണോ ഹർത്താൽ നടക്കുന്നത്; നിങ്ങൾ ഹർത്താൽ വിരോധികളാണോ? സി.പി.ഐ.(എം) എത്രയെത്ര ഹർത്താലുകളാണ് നടത്തിയിട്ടുള്ളത്? എവിടെയൊക്കെയാണ് കുഴപ്പങ്ങൾ ഉണ്ടാക്കാറുള്ളത്? ഹർത്താൽ നടത്തുന്ന പാർട്ടി പ്രവർത്തകരുടെ വേദന നിങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. നിങ്ങളുടെ പാർട്ടി ഓഫീസിൽ കയറി ഇതുപോലെ സംഹാരതാണ്ഡവമാടിയാൽ എന്താണ് ഉണ്ടാവുക? ഞങ്ങൾക്ക് ഹർത്താൽ ആചരിക്കാൻ അനുവാദമില്ലേ? ഹർത്താലിനുശേഷം വൈകുന്നേരം നടന്ന സമ്മേളനത്തിൽ നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. മഞ്ഞളാംകുഴി അലി, സംസ്ഥാന മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറി ശ്രീ. കെ. പി. എ. മജീദ്, ജില്ലാ മുസ്ലീം ലീഗ് സെക്രട്ടറി അഡ്വ. യു. എ. ലത്തീഫ് എന്നീ നേതാക്കൾ പ്രസംഗിക്കുന്നിടത്താണ് ടിയർ ഗ്യാസ് പൊട്ടിച്ചത്. ടിയർഗ്യാസ് പൊട്ടിക്കാനുള്ള സ്ഥലം മാറിപ്പോയി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ലഭിച്ച റിപ്പോർട്ടുകൾ ശരിയാണെന്ന് ഞാൻ കരുതുന്നില്ല. അദ്ദേഹത്തിന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും പലപ്പോഴും അദ്ദേഹം ഇങ്ങനെ പറയുന്നത്. അദ്ദേഹം ഇതിനുമുമ്പും ഇതുപോലുള്ള തെറ്റായ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ്മെന്റ് നടത്തിയിട്ടുണ്ട്. ഒരിക്കൽ ഡി.ജി.പി. ആയ അഡ്വ. ശ്രീധരൻ നായരുടെ വീടിനുനേരെ ആക്രമണമുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അന്ന് സി.പി.ഐ. (എം) സംസ്ഥാന സെക്രട്ടറിയായിരുന്നു. ശ്രീ. ശിവദാസമേനോന്റെ മരുമകൻ ശ്രീ. ശ്രീധരൻ നായരുടെ വീട്ടിൽ ആക്രമണമുണ്ടായപ്പോൾ അത് മുസ്ലീം ലീഗുകാരാണ് ചെയ്തതെന്ന് അദ്ദേഹം സ്റ്റേറ്റ്മെന്റ് നടത്തുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി. എസ്. അച്യുതാനന്ദനും ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണനുമായിരുന്നു. അന്വേഷണം നടത്തി 8 പ്രതികളെ പിടികൂടി. 8 പ്രതികളും ഡി.വൈ.എഫ്.ഐ. പ്രവർത്തകരായിരുന്നു എന്ന കാര്യം ഓർക്കുക. സ്റ്റേഷനിൽ വച്ച് ആ കേസ് തീർക്കുകയുണ്ടായി. അന്നത്തെ സംസ്ഥാന സെക്രട്ടറി അദ്ദേഹത്തിന് ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പറഞ്ഞതായിരിക്കുമെന്ന് ഞാൻ വിചാരിക്കുകയാണ്. അദ്ദേഹത്തെ തെറ്റിദ്ധരിപ്പിച്ചതാണ്. സി.പി.ഐ.(എം)-ന്റെ യുവജന വിദ്യാർത്ഥി സംഘടനകൾ രാജ്യവ്യാപകമായി നടത്തുന്ന ഈ ഫാസിസ്റ്റ് ആക്രമണരീതി കേരളത്തിലെ ജനങ്ങൾക്ക് വച്ചുപൊറുപ്പിക്കാൻ കഴിയുമോ; .... (ബഹളം).... ഇത് ഫാസിസമല്ല എന്ന് എങ്ങനെയാണ് പറയാൻ കഴിയുക; ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടിയുടെ ഓഫീസിലേയ്ക്ക് മാരകായുധങ്ങളുമായി കയറിച്ചെല്ലുക, മറ്റുള്ളവർക്ക് കൊടി നാട്ടാനുള്ള അവകാശങ്ങൾ നിഷേധിക്കപ്പെടുക ഇതൊക്കെയല്ലേ ഫാസിസമെന്ന് പറയുന്നത്; ഈ ഫാസിസത്തിന് നിങ്ങൾ നൽകേണ്ടത് കനത്ത വിലയാണ്. സി.പി.ഐ.(എം) കൊടിമരത്തിന് പോലീസ് കാവൽ, കണ്ണൂരിലെ ചൊക്ലിയിൽ സി.പി.ഐ.(എം)-ന്റെ ജില്ലാ സമ്മേളനം നടത്തിയ കൊടിമരത്തിന് മൂന്ന് ദിവസമായി ഒരു എ.എസ്.ഐ.-യുടെ നേതൃത്വത്തിൽ രാപ്പകൽ കാവൽനിൽക്കുകയാണ്. അതിനെ മലപ്പുറം ജില്ലയാക്കണോ? മഹാനായ

പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളുടെ വീടിനുമുന്നിൽ സി.പി.ഐ.(എം) ഓഫീസ് നിലനിൽക്കുകയാണ്. അവിടെ സി.പി.ഐ.(എം)-കാരായ പത്താളുകൾ പോലുമില്ല. പക്ഷേ സംസ്ഥാന മുസ്ലീം ലീഗ് പ്രസിഡന്റിന്റെ വീടിന് മുമ്പിൽ സി.പി.ഐ.(എം)-ന്റെ ഓഫീസും കൊടിയും ഭദ്രമാണ്. ഞങ്ങൾ അനുവർത്തിക്കുന്ന രാഷ്ട്രീയമായ സഹിഷ്ണുതയുടെയും വിട്ടുവീഴ്ചയുടെയും ഫലമായിട്ടാണ്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. എം. ഉമ്മർ: സർ, ഞങ്ങൾക്ക് ഇതൊന്നും സാധിക്കില്ലേ; നിങ്ങൾ ചെയ്യുന്നതുപോലെ രണ്ട് കൊടികൾ നശിപ്പിക്കാൻ കഴിയില്ലേ; സി.പി.ഐ.(എം)-ന്റെ ഓഫീസിലേക്ക് അക്രമം നടത്തിയതിൽ പോലീസിന് പരിക്കുപറ്റിയെന്നാണ് പറയുന്നത്. സത്യം തന്നെയാണ് പറയുന്നത്. നിങ്ങൾക്കത് ഭീഷണിയായി തോന്നും. ഭീഷണിയുടെ ഭാഷയും സംസ്കാരവും മാത്രം മനസ്സിലാക്കിയ നിങ്ങൾക്ക് അങ്ങനെ മാത്രമേ തോന്നുകയുള്ളൂ. എനിക്കതിൽ അഭിപ്രായമില്ല. സമാധാനപരമായി നടത്തിയ ഹർത്താലിൽ പോലീസ് പ്രകോപനമുണ്ടാക്കി. ഈ പ്രശ്നങ്ങൾ മുഴുവനും ഉണ്ടാക്കിയത് ജില്ലാ പോലീസ് മേധാവി, ശ്രീ. ലോക്നാഥ് ബെഹ്റയുടെ നേതൃത്വത്തിലുള്ള പോലീസാണ്. പോലീസ് അനാവശ്യമായി പ്രകോപനമുണ്ടാക്കി. വഴിയോരങ്ങളിൽ നിൽക്കുന്ന എത്ര യാത്രക്കാരെയാണ് പോലീസ് പിടിച്ചുകൊണ്ടുപോയത്; നൂറുകണക്കിനാളുകളെ ഇന്നലെ പോലീസ് പിടിച്ചുകൊണ്ടുപോയി. അവർ വഴിയാത്രക്കാരാണ്, നിരപരാധികളാണ്, ലീഗ് പ്രവർത്തകരല്ല. അങ്ങനെയുള്ള ആളുകൾക്കെതിരായി പോലീസ് ഭീകരാന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണ്. ഉത്തരവാദപ്പെട്ട ഒരു പാർട്ടിക്ക് കൊടി നാട്ടുവാൻ അവകാശം നിഷേധിക്കപ്പെടുന്നത് ശരിയാണോ എന്ന് ആലോചിക്കണം. ഇപ്പോൾ രാജ്യത്താകമാനം ബോധപൂർവ്വം കുഴപ്പമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി ചെമ്മാടിൽ ഇന്നലെ ഒരു കാർ കത്തിച്ചു.

മി. സ്പീക്കർ: അങ്ങ് പുതിയ വിഷയത്തിലേയ്ക്ക് പോകരുത്. അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ്...

ശ്രീ. എം. ഉമ്മർ: സർ, ഇതിന്റെ ഭാഗമായി രാജ്യവ്യാപകമായി കുഴപ്പമുണ്ടാക്കി കൊണ്ടിരിക്കുകയാണ്. ക്രമസമാധാനനില തകർന്നിരിക്കുകയാണ്. ജനങ്ങൾക്ക് വഴിനടക്കാൻ പറ്റാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. ഭീകരാന്തരീക്ഷം നിലനിൽക്കുന്ന, ക്രമസമാധാനം തകർന്ന സാഹചര്യത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതിൽ അവിടെയുണ്ടായ പ്രശ്നങ്ങളുടെ യഥാർത്ഥ കാരണം വ്യക്തമായിട്ടുണ്ട്. എനിക്ക് അത് അത്രത്തോളം അറിയില്ലായിരുന്നു. അദ്ദേഹം പറഞ്ഞപ്പോഴാണ്

അതിന്റെ യഥാർത്ഥകാരണം വ്യക്തമായത്. മലപ്പുറം ജില്ല ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന് വലിയ സ്വാധീനമുള്ള ഒരു ജില്ലയാണെന്ന് നമുക്കെല്ലാവർക്കുമറിയാം. അവിടെ ഇത്തരമൊരു പോളിടെക്നിക് ആകാമോ; അതായത് കണ്ണൂരിലാകാം, മലപ്പുറത്ത് ആകാൻ പറ്റുമോ എന്നാണ് അദ്ദേഹം ചോദിച്ചത്; ആ പോളിടെക്നിക്കിൽ ഒരു വിദ്യാർത്ഥി സംഘടനയ്ക്ക് ഭൂരിപക്ഷം ലഭിച്ചിരിക്കുന്നു. അത് എസ്.എഫ്.ഐ.-ക്കാണ്. അതിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെയൊരു സ്ഥാപനം മലപ്പുറം ജില്ലയിൽ ആകാമോ; അവിടെയാണ് അസഹിഷ്ണുതയുടെ പ്രശ്നം വരുന്നത്. ആ ഒരു സ്ഥാപനത്തിൽ എസ്.എഫ്.ഐ. എന്ന വിദ്യാർത്ഥി സംഘടന ഭൂരിപക്ഷം നേടിയതിലുള്ള അമർഷം; ചിലയാളുകൾ, അവർ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ ആളുകളായിരിക്കാം, ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ലീഗിന്റെ സ്വാധീനത്തിന്റെ ഭാഗമായി 'ഇവിടെ ഇതാകാമോ" എന്ന മട്ടിൽ അവിടെ കയറി എന്നാണ് അദ്ദേഹം പറഞ്ഞത്. അങ്ങനെ അവിടെ കയറിയാൽ എസ്.എഫ്.ഐ.-ക്കാരെ മാത്രമല്ലല്ലോ തല്ലുന്നത്; എല്ലാവരും തല്ലുകൊള്ളും. ഒരു പോളിടെക്നിക്കിലും, ഒരു വിദ്യാലയത്തിലും ഏതെങ്കിലുമൊരു പ്രത്യേക രാഷ്ട്രീയ വിഭാഗത്തിൽപ്പെട്ടവർ മാത്രമല്ലല്ലോ പഠിക്കുന്നത്; ഏതെങ്കിലും വിദ്യാർത്ഥി സംഘടനയിൽപ്പെട്ടവർ മാത്രമല്ലല്ലോ പഠിക്കുന്നത്; എല്ലാവരും കൂടിയല്ലേ പഠിക്കുന്നത്; എല്ലാ രാഷ്ട്രീയക്കാരുമില്ലേ; അതിൽ മലപ്പുറം ജില്ലയിലുള്ള ഒരു പോളിടെക്നിക് ആകുമ്പോൾ സ്വാഭാവികമായും അവിടെയുള്ള മുസ്ലീം ലീഗിൽപ്പെട്ട കുടുംബങ്ങളിലെ കുട്ടികളും അവിടെ പഠിക്കുന്നുണ്ടാകും. എല്ലാവരും അവിടെ പഠിക്കുമല്ലോ; അവിടെ കയറി തല്ലുമ്പോൾ എസ്.എഫ്.ഐ. ആണോ അല്ലയോ എന്ന് നോക്കിയിട്ടല്ല തല്ലുന്നത്. അക്കൂട്ടത്തിൽ അദ്ധ്യാപകർ അടക്കമുള്ളവർക്ക് തല്ലുകിട്ടുകയാണ്. അതുണ്ടാക്കിയ ഒരു അടിസ്ഥാനപ്രശ്നം നമ്മൾ കാണാതിരിക്കരുത്. എന്നാൽ അതിന്റെ ഭാഗമായാണോ എന്ന് നിശ്ചയമായും പറയാൻ കഴിയില്ല. അതിനുശേഷമാണ് ഈ സംഭവം നടക്കുന്നത്. കുട്ടികളെല്ലാം ഒന്നിച്ച് ചെല്ലുന്നു, അതിൽ എല്ലാവരും ഉണ്ടാകും. അതാണ് ഞാൻ ഒരു കൂട്ടം വിദ്യാർത്ഥികൾ എന്നുപറഞ്ഞത്. അതിൽ ഏതെങ്കിലുമൊരു സംഘടനയിൽപ്പെട്ടവർ എന്നുമാത്രമല്ല, തല്ലുകൊണ്ടവർ എല്ലാംകൂടി ഇറങ്ങുമല്ലോ;

ഞാൻ പഠിച്ചകാലം ഓർക്കുകയാണ്. ബ്രണ്ണൻ കോളേജിലുള്ള ഒരു വിദ്യാർത്ഥിയെ പാനൂരിൽവച്ച് തല്ലി. പാനൂരിന്റെ കഥ നിങ്ങൾക്ക് അറിയാമായിരിക്കും. അങ്ങനെ തല്ലിയപ്പോൾ ഞങ്ങൾ കെ.എസ്.യു.-ഉം കെ.എസ്.എഫ്-ഉം തമ്മിൽ കടുത്ത ശത്രുതയിലായിരുന്നു. ചേരിതിരിഞ്ഞ് മത്സരിക്കുന്ന കാലമാണ്. പക്ഷെ, ഞങ്ങൾ എല്ലാവരും കൂടിയാണ് പോയത്. എല്ലാവരുംകൂടി അവിടെ പ്രതിഷേധിക്കാൻ പോയി. അതായത്, വിദ്യാർത്ഥികൾ എന്ന നിലയ്ക്ക് ഈ തല്ലിനെതിരായി ഒരുമ ഇവിടെയും ഉണ്ടായിട്ടുണ്ടാകുമല്ലോ? ....(ബഹളം)....

<u>മി. സ്പീക്കർ</u>: പ്ലീസ്... ഇതൊന്നും ഈ സഭയിൽ ഇല്ലാത്ത രീതികളാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുമ്പോൾ ഇങ്ങനെയൊരു സമീപനം ശരിയല്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് വേണമെങ്കിൽ ചോദിക്കാവുന്നതാണ്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, പെരിന്തൽമണ്ണ പോളിടെക്നിക്കിൽ കയറി തല്ലിയപ്പോൾ അതിനെതിരെ വിദ്യാർത്ഥികൾ മൊത്തമായി പ്രതിഷേധിച്ചിട്ടുണ്ടാവും. അതിൽ വിവിധ സംസ്കാരമുള്ളവർ കാണും. ഒരുകാരണവശാലും സംഭവിക്കാൻ പാടില്ലാത്തതാണ് പിന്നീട് സംഭവിച്ചത്. അതായത്, പൂട്ടിയിട്ടിരുന്ന ലീഗ് ഓഫീസിന്റെ പൂട്ട് പൊളിച്ച് അകത്ത് കടന്ന് ഇവിടെ പറയുന്ന തരത്തിൽ നാശനഷ്ടങ്ങൾ വരുത്തിയെന്ന് പറയുന്നത് ഒരുതരത്തിലും ന്യായീകരിക്കാവുന്നതല്ല. അത് അങ്ങേയറ്റം തെറ്റായ നടപടിയാണ്. അക്കാര്യത്തിൽ കർശന നടപടി സ്വീകരിക്കും. അക്കാര്യത്തിൽ ഒരു ആശങ്കയും ഉണ്ടാകേണ്ടതില്ല. ആ നടപടിയെത്തുടർന്ന് പെരിന്തൽമണ്ണ താലൂക്കിൽ മാത്രമായി ഹർത്താൽ ഒതുക്കിയെന്ന് ബഹുമാന്യനായ അംഗം പറയുകയുണ്ടായി. നല്ല കാര്യമാണത്. ലീഗ് നേതൃത്വം നല്ല സമീപനം തന്നെയാണ് അക്കാര്യത്തിൽ സ്വീകരിച്ചത്. വേണമെങ്കിൽ ജില്ലയാകമാനം അല്ലെങ്കിൽ സംസ്ഥാനത്താകമാനം ആകാമായിരുന്നു. അങ്ങനെയൊന്നുമല്ലാത്ത ഒരു നിലപാട് സ്വീകരിച്ചത് സ്വാഗതാർഹമാണ്. പക്ഷേ ഹർത്താലിന്റെ ഭാഗമായി വലിയതോതിലുള്ള അക്രമങ്ങളാണ് അവിടെ നടന്നത്. അതിലാണ് പോലീസിന് സാരമായ പരിക്ക് പറ്റിയത്. മാരകമായി പരിക്കേറ്റ ആളിന് നല്ല ചികിത്സ നൽകേണ്ടിവന്നുവെന്ന് ഞാൻ നേരത്തെ പ്രസ്താവിക്കുകയുണ്ടായി. ഒരുപാട് സംഭവങ്ങൾ മലയാള മനോരമക്കുതന്നെ റിപ്പോർട്ട് ചെയ്യേണ്ടിവന്നല്ലോ; 'യു.ഡി.എഫ്. ഹർത്താലിൽ പരക്കെ അക്രമം' എന്നാണ് മലയാള മനോരമയുടെ ഫ്രണ്ട് പേജിൽ വാർത്ത കൊടുത്തിരിക്കുന്നത്. അതിൽ സംഭവങ്ങൾ എണ്ണിയെണ്ണി പറയുന്നുണ്ട്. അതിനകത്ത് മാധ്യമ പ്രവർത്തകർക്ക് ആക്രമണമേറ്റ സംഭവങ്ങളും ചൂണ്ടിക്കാണിക്കുന്നുണ്ട്. ലീഗ് നേതൃത്വം പെരിന്തൽമണ്ണ താലൂക്കിൽ മാത്രമായി ഹർത്താൽ ഒതുക്കിയെങ്കിലും നേരത്തെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ലീഗിന്റെ പ്രത്യേക സ്വാധീനശക്തി അവിടെയുണ്ടല്ലോ; അതിന്റെ ഭാഗമായുള്ള ഒരുപാട് അക്രമസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എല്ലാ അക്രമ സംഭവങ്ങളുടെയും പടങ്ങൾ ഈ പത്രത്തിൽ കാണുന്നുണ്ട്. ഞാൻ അതുമുഴവനും എടുത്തുപറയാൻ ഉദ്ദേശിക്കുന്നില്ല. ഒരുപാട് സംഭവങ്ങൾ നിങ്ങളും കണ്ടിട്ടുണ്ടാവും. ഒട്ടേറെ അക്രമങ്ങളാണ് നടന്നത്. ഒരു പോളിടെക്നിക്കിൽ കയറി ആക്രമണം നടത്തി, അവിടെനിന്നും ഒരു കൂട്ടം കുട്ടികൾ മറ്റൊരു ആക്രമണം നടത്തി. ഈ രണ്ട് സംഭവങ്ങളും അപലപനീയമാണ്. പോളിടെക്നിക്കിൽ കയറി ആക്രമിച്ചത് ന്യായീകരിക്കാൻ പറ്റുമോ; അത് ന്യായീകരിക്കാനല്ലേ ബഹുമാന്യനായ അംഗം ശ്രമിച്ചത്. അത് അങ്ങേയറ്റം അപലപനീയമാണ്. അതിനുശേഷം ലീഗ് ഓഫീസ് ആക്രമിച്ചുവെന്ന് പറയുന്നതും അപലപനീയമാണ്. അതിനെത്തുടർന്നുള്ള പ്രതിഷേധം സ്വാഭാവികമായും ഉണ്ടാകും.

10.00 a.m]

ഇന്നലെ ബഹുമാന്യനായ മുനീർ സാഹിബിന്റെ നേതൃത്വത്തിലുള്ള മുസ്ലീം ലീഗ് എം.എൽ.എ.-മാരുമായി ഞാൻ സംസാരിച്ചിരുന്നു. നല്ല സമീപനം തന്നെയാണ് അവർ പൊതുവിൽ സ്വീകരിച്ചിട്ടുള്ളത്. അതിനെ ഞാൻ കുറച്ചുകാണുന്നില്ല. ഈ സംഭവത്തെ ഏതെങ്കിലും തരത്തിൽ പെരുപ്പിച്ചുകൊണ്ടുപോകണമെന്ന് ആഗ്രഹിക്കുന്നതായി അവരുടെ സംസാരത്തിൽനിന്ന് എനിക്ക് തോന്നിയിട്ടില്ല. അവിടെ ഹർത്താലാണെങ്കിലും കളക്ടറോട് പറഞ്ഞ് സമാധാന സംഭാഷണത്തിനായി ഒരു യോഗം വിളിക്കുന്നതിനുള്ള നിർദ്ദേശം കൊടുക്കാമെന്നാണ് ഞാൻ അവരോട് പറഞ്ഞിരുന്നത്, അത് അവരും സമ്മതിച്ചു. ആ യോഗം ഇന്നലെ വിളിച്ചുവെങ്കിലും ഫലപ്രാപ്തിയിലെത്തിയില്ലെന്നാണ് മനസ്സിലാകുന്നത്. നമുക്കുണ്ടായ പ്രശ്നങ്ങൾ അതിന്റെ യഥാർത്ഥ രീതിയിൽ മനസ്സിലാക്കി പൂർണ്ണമായി ഒതുക്കിത്തീർക്കുകയാണ് വേണ്ടത്. കൂടുതൽ ആളിപ്പടരലല്ല, കൂടുതൽ അക്രമ സംഭവങ്ങളിലേയ്ക്ക് പോകുകയല്ല വേണ്ടത്. ഉണ്ടായ സംഭവങ്ങളിന്മേൽ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കും. എല്ലാ സംഭവങ്ങളിലും നടപടി സ്വീകരിക്കുമെന്നത് ഉറപ്പാണ്. ബഹുമാന്യനായ അംഗം സംസാരിച്ചപ്പോൾ വേറൊരു കാര്യം ചൂണ്ടി കാണിക്കുകയുണ്ടായി- ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ ഭീകരാന്തരീക്ഷം സൃഷ്ടിക്കുന്നുവെന്നാണ് പറഞ്ഞത്. അത് ഭീകരാന്തരീക്ഷം സൃഷ്ടിക്കലല്ല, അക്രമ പ്രവർത്തനങ്ങൾ നടക്കുമ്പോൾ അത് തടയാൻ സാധാരണഗതിയിൽ പോലീസ് ബാദ്ധ്യസ്ഥരല്ലേ? അതിന് അവിടത്തെ പോലീസ് മേധാവി നേതൃത്വം കൊടുക്കുന്നുണ്ടെങ്കിൽ അദ്ദേഹത്തെയും പോലീസിനെയും ആരും കുറ്റപ്പെടുത്തേണ്ടതില്ല. അതിനെ ആ നിലയ്ക്കാണ് കാണേണ്ടത്. ഇപ്പോൾ ഏതായാലും അവിടെ സമാധാനം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പോലീസിന്റെ ഇടപെടൽകൊണ്ടുമാത്രം സമാധാനം സ്ഥാപിക്കപ്പെട്ടതാണെന്നൊന്നും പറയുന്നില്ല. മുസ്ലീം ലീഗിൽ നല്ലരീതിയിൽ ചിന്തിക്കുന്ന, അക്രമസംഭവങ്ങൾ ഉണ്ടായിക്കൂടെന്ന് ചിന്തിക്കുന്ന ധാരാളം ആളുകളുണ്ട്. മുസ്ലീം ലീഗ് നേതൃത്വവും അതിൽ പങ്കുവഹിച്ചിട്ടുണ്ടാകും. ആ നിലയ്ക്ക് അവിടെ സമാധാനം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഈ നില തുടർന്നുപോകാൻ നമുക്ക് കഴിയണം. ഇതിന്റെ തുടർച്ചയായി അക്രമ സംഭവങ്ങളിലേയ്ക്കല്ല പോകേണ്ടത്. സമാധാനപരമായ അന്തരീക്ഷം സ്ഥാപിക്കാനാവാശ്യമായ നടപടികളാണ് സ്വീകരിക്കേണ്ടത്. സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>മി. സ്പീക്കർ:</u> ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല):</u> സർ, ബഹുമാന്യനായ മുഖ്യമന്ത്രി വസ്തുതകൾ പൂർണ്ണമായും മനസ്സിലാക്കാതെയോ, അതോ മനസ്സിലാക്കിയിട്ടും അത് മറച്ചുവച്ചുകൊണ്ടോ ആണ് സംസാരിച്ചത്. പെരിന്തൽമണ്ണ പോളിടെക്നിക് സി.പി.ഐ.(എം)

പാർട്ടി ഗ്രാമമാക്കാൻ ശ്രമിച്ചതിനെതിരായുള്ള ഒരു പ്രതിഷേധം അവിടെയുണ്ടായി എന്നത് സത്യമാണ്. ഇപ്പോൾ കേരളത്തിലെ കലാലയങ്ങളുടെ സ്ഥിതി എന്താണ്? പല സ്ഥലങ്ങളിലും മറ്റ് വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കാനുള്ള അനുവാദംപോലും കൊടുക്കാതെ ഏകാധിപത്യവും ഫാസിസ്റ്റ് നടപടികളും അരങ്ങേറുകയാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ എസ്.എഫ്.ഐ. ആണെങ്കിൽ എം.ജി. കോളേജിൽ എ.ബി.വി.പി. ആണ്. ഒരു വിദ്യാർത്ഥി സംഘടന മറ്റൊരു വിദ്യാർത്ഥി സംഘടനയെ പ്രവർത്തിപ്പിക്കരുതെന്നുള്ള നിർബന്ധബുദ്ധിയോടുകൂടി, ഫാസിസ്റ്റ് മനോഭാവത്തോടുകൂടി പ്രവർത്തിക്കുന്നതിന്റെ ഫലമായാണ് അങ്ങാടിപ്പുറം പോളിടെക്നിക്കിൽ ഈ സംഭവമുണ്ടായത്. അവിടെ എം.എസ്.എഫ്.-ന്റെ കൊടി നാട്ടാൻ പോയപ്പോഴുണ്ടായ സംഭവമാണ്. അല്ലാതെ അവിടെക്കയറി ആരെയും മർദ്ദിക്കാൻ പോയതല്ല. അവിടെ എം.എസ്.എഫ്.-ന്റെ കൊടിനാട്ടരുതെന്ന നിർബന്ധം എസ്.എഫ്.ഐ.-ക്ക് എന്തിനാണുണ്ടാകുന്നത്? കേരളത്തിലെ കലാലയങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളുടെ ഒരു ചെറിയ രൂപമാണ് അങ്ങാടിപ്പുറം പോളിടെക്നിക്കിൽ നമ്മൾ കണ്ടത്. അവിടെ എം.എസ്.എഫ്.-നെ പ്രവർത്തിക്കാൻ സമ്മതിക്കുന്നില്ലെന്നുള്ള പരാതി നിലനിൽക്കുന്നതുകൊണ്ടാണ് അവർ അവിടെ കൊടിനാട്ടാൻ പോയത്. അതിനെത്തുടർന്നാണ് അവിടെ സംഭവങ്ങളുണ്ടായത്. ബഹുമാന്യനായ മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് വസ്തുതാ വിരുദ്ധമായ കാര്യമാണ്. എല്ലാവരും ചേർന്നല്ല പോയത്. എല്ലാവരും ചേർന്ന് ഒരു പാർട്ടി ഓഫീസ് അടിച്ചുതകർക്കാൻ പോകുമോ? അങ്ങാടിപ്പുറം പോളിടെക്നിക്കിൽ ഒരു സംഭവമുണ്ടായാൽ രണ്ടരക്കിലോമീറ്റർ അപ്പുറത്തുള്ള പാർട്ടി ഓഫീസിലേയ്ക്ക് എല്ലാവരുംകൂടിപ്പോയി അത് അടിച്ചുതകർത്തുവെന്നത് എത്ര വസ്തുതാവിരുദ്ധമാണ്. എല്ലാവരുംകൂടി അവിടെ പോകുമോ? തലശ്ശേരി ബ്രണ്ണൻ കോളേജിലുണ്ടായ സംഭവം പറഞ്ഞ് ഈ സംഭവത്തെ ന്യായീകരിക്കാൻ ശ്രമിച്ചത് തികച്ചും ദൗർഭാഗ്യകരമായിപ്പോയി. അത് ശരിയായ നടപടിയല്ല. അങ്ങാടിപ്പുറം പോളിടെക്നിക്കിൽ ഒരു സംഭവമുണ്ടായാൽ അതിന് പോലീസ് നടപടി എടുക്കട്ടെ. അതിനുപകരം പോലീസ് സ്റ്റേഷന്റെ മുന്നിലുള്ള മുസ്ലീം ലീഗിന്റെ ഓഫീസിലേയ്ക്ക് ഏതാനും ഗുണ്ടകൾ, കുറേ ആളുകൾ ചെന്ന് നടത്തിയ അക്രമപ്രവർത്തനങ്ങളെ എങ്ങനെ ന്യായീകരിക്കാൻ കഴിയും? അധികാരം കയ്യിലുണ്ടെന്ന് കരുതി എന്ത് അഹങ്കാരവും കാണിക്കാമെന്നുള്ള സി.പി.ഐ.(എം.)-ന്റെ ഹുങ്കിന്റെ ഫലമായാണ് പെരിന്തൽമണ്ണയിൽ ഈ സംഭവമുണ്ടായത്. മുസ്ലീം ലീഗ് പോലുള്ള രാഷ്ട്രീയ പ്രസ്ഥാനത്തിന്റെ ഓഫീസിനകത്തുകയറി അവരുടെ നേതാക്കളുടെ ഛായാചിത്രങ്ങൾ തകർക്കുക, ഓഫീസ് മുഴുവൻ അടിച്ചുതകർക്കുക, അവിടെ ഉണ്ടായിരുന്ന സാധനസാമഗ്രികൾ തകർക്കുക, കൊല്ലുന്ന രാജാവിന് തിന്നുന്ന മന്ത്രിയെന്നതുപോലെയാണ് പോലീസ് സി.പി.ഐ.(എം)-ന്റെ എല്ലാ അതിക്രമങ്ങൾക്കും കൂട്ടുനിന്നത്. അത് വളരെ ദൗർഭാഗ്യകരമായിപ്പോയി.

ഇന്നലെ എന്താണ് നടന്നത്? ബഹുമാന്യനായ മുൻമുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി പാലക്കാട് നിന്നും ഇന്നലെ വൈകുന്നേരം പെരിന്തൽമണ്ണയിലെത്തി. അവിടെ ഉണ്ടായ സംഭവം അദ്ദേഹം എന്നോട് വിശദീകരിക്കുകയുണ്ടായി. അവിടെ സ്വാഭാവികമായും ഒരു ഹർത്താൽ ഉണ്ടാകുന്നു. മുസ്ലീം ലീഗിന്റെ പാർട്ടി ഓഫീസ് അടിച്ചുതകർത്താൽ പ്രതിഷേധമുണ്ടാകില്ലേ? ജില്ലാതലത്തിലുള്ള ഹർത്താലാണ് പറഞ്ഞത്. അത് വേണ്ടെന്നും പ്രാദേശികതലത്തിൽ മതിയെന്നും ഞാനാണ് പറഞ്ഞത്. ജനങ്ങളെ ബുദ്ധിമുട്ടിക്കേണ്ടെന്ന് കരുതിയാണ് അങ്ങനെ ചെയ്തത്. അവിടെ പൊതുയോഗം നടന്നുകൊണ്ടിരിക്കുമ്പോൾ, മുസ്ലീം ലീഗിന്റെ സംസ്ഥാന സെക്രട്ടറി ശ്രീ. കെ. പി. എ. മജീദ്, കെ.പി.സി.സി. സെക്രട്ടറി ശ്രീ. അബ്ദുൾ മജീദ്, യു.ഡി.എഫ്. ജില്ലാ ചെയർമാൻ ശ്രീ. അജയ് മോഹനൻ എന്നിവരെല്ലാം സ്റ്റേജിലിരിക്കുമ്പോഴാണ് ഗ്രനേഡ് എറിയുന്നതും കണ്ണീർ വാതകം പ്രയോഗിക്കുന്നതും. ഇതിൽ പല ആളുകൾക്കും ശ്വാസതടസ്സമുണ്ടായി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി ചിത്രങ്ങളെപ്പറ്റി ഇവിടെ പറഞ്ഞല്ലോ? ശ്വാസതടസ്സമുണ്ടായി ആശുപത്രിയിൽ അഡ്മിറ്റ് ചെയ്ത ചിത്രങ്ങൾ അങ്ങ് കാണേണ്ടതായിരുന്നു. അവിടെ എന്തിനാണ് കണ്ണീർവാതക പ്രയോഗമുണ്ടായത്; എന്ത് അക്രമമാണ് പൊതുയോഗത്തിലുണ്ടായത്; ഹർത്താലുമായി ബന്ധപ്പെട്ട് ഒരു പൊതുയോഗം നടത്തുകയെന്നത് പ്രതിഷേധത്തിന്റെ ഭാഗമല്ലേ; ആ പൊതുയോഗം നടക്കുന്നതിനിടയിലാണ് പോലീസ് അനാവശ്യമായി കണ്ണീർവാതക പ്രയോഗം നടത്തുകയും ഗ്രനേഡ് എറിയുകയും ചെയ്തത്. അവിടെ ഉണ്ടായിരുന്ന ശ്രീ. മഞ്ഞളാംകുഴി അലിയുടെ ദേഹത്ത് കല്ലുകൾ പതിച്ചുവെന്ന് അദ്ദേഹം എന്നോട് പറയുകയുണ്ടായി. ഇന്ന് അദ്ദേഹം ഈ സഭയിൽ വരാതെ അവിടെ നിൽക്കുന്നത് അനിഷ്ട സംഭവങ്ങൾ ഒഴിവാക്കാനും സമാധാനം നിലനിർത്താനും ഒരു എം.എൽ.എ. എന്നുള്ള നിലയിൽ ശ്രമിക്കുന്നതിനുവേണ്ടിയാണ്. അവിടെ ശ്രീ. ഉമ്മൻ ചാണ്ടിക്കും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്കും പ്രസംഗിക്കാൻ കഴിഞ്ഞില്ല. ആളുകളെ മുഴുവൻ പോലീസ് അകാരണമായി ചെയ്സ് ചെയ്ത് ഓടിക്കുകയാണ് ചെയ്തത്. പെരിന്തൽമണ്ണയിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചത് പോലീസും സി.പി.ഐ.(എം.)-ഉം ചേർന്നാണെന്നുള്ളത് ബഹുമാന്യനായ മുഖ്യമന്ത്രിയെ അടിവരയിട്ട് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടെ പോലീസിന്റെ ഭാഗത്ത് ഗുരുതരമായ തെറ്റുണ്ടായി. ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ അക്രമം നടത്തിയെന്നല്ല ഞങ്ങൾ പറഞ്ഞത്, അകാരണമായി മുസ്ലീം ലീഗിന്റെ പ്രവർത്തകരെ പിടിച്ചുകൊണ്ടുപോകുകയും പല സ്ഥലത്തുവച്ചും മുസ്ലീം ലീഗിന്റെ പ്രവർത്തകർക്കുനേരെ പോലീസ് ലാത്തിച്ചാർജ് നടത്തുകയും ചെയ്തു. ഒരു പാർട്ടിക്കും കേരളത്തിൽ പ്രവർത്തിക്കാൻ കഴിയില്ലെന്ന നിലപാട് സ്വീകരിക്കുന്നത് ഫാസിസ്റ്റ് മനോഭാവമല്ലേ; കേരളത്തിൽ എല്ലാവർക്കും പ്രവർത്തിക്കാനുള്ള അനുവാദമില്ലേ; എല്ലാ പാർട്ടിക്കാർക്കും പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യമില്ലേ; ആ സ്വാതന്ത്ര്യത്തെ

തടയുന്ന നടപടി ഒരു കാരണവശാലും അംഗീകരിക്കാൻ സാധ്യമല്ല. ഇന്നലെ അവിടെ ഉണ്ടായ സംഭവവികാസങ്ങളുടെ ഒന്നാമത്തെ ഉത്തരവാദി പോലീസാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. 8 തവണയാണ് അങ്ങാടിപ്പുറം പോളിടെക്നിക്കിൽ എം.എസ്.എഫ്.-ന്റെ കൊടി എസ്.എഫ്.ഐ.-ക്കാർ നശിപ്പിച്ചത്. പോളിടെക്നിക്കിൽ അക്രമം നടത്തുകയും മറ്റ് വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കാൻ അവസരം കൊടുക്കാതിരിക്കുകയുമാണ് ചെയ്യുന്നത്. അവിടെ ഉണ്ടാക്കിയ പ്രശ്നങ്ങളുടെപേരിൽ മുസ്ലീം ലീഗിന്റെ ഓഫീസ് അടിച്ചുതകർത്ത നടപടി അങ്ങേയറ്റം പ്രതിഷേധാർഹമാണ്. അതോടൊപ്പംതന്നെ, ഈ സംഭവങ്ങൾ മുഴുവൻ പരിശോധിച്ചാൽ ആദ്യാവസാനം യു.ഡി.എഫ്. സമാധാനത്തിനുവേണ്ടിയാണ് നിലനിന്നതെന്ന് മനസ്സിലാകും. മുസ്ലീം ലീഗിന്റെ പ്രവർത്തകർ പൂർണ്ണമായ ആത്മസംയമനം പാലിച്ചിരുന്നു. ഓഫീസും നേതാക്കളുടെ ഛായാചിത്രങ്ങളും അടിച്ചുതകർത്തിട്ടും ആത്മസംയമനം പാലിച്ച മുസ്ലീം ലീഗിന്റെ പ്രവർത്തകർക്കുനേരെ ഇന്നലെ പോലീസ് നടത്തിയ നരനായാട്ടാണ് ഇവിടെ ഏറ്റവും പ്രധാനം. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, ചൊക്ലിയിൽ സി.പി.ഐ.(എം.)-ന്റെ കൊടിക്ക് മൂന്ന് പോലീസുകാർ സംരക്ഷണം കൊടുക്കുന്ന വാർത്ത ഇന്ന് പത്രങ്ങളിലെല്ലാം വന്നിട്ടുണ്ട്. ജനങ്ങൾക്ക് സംരക്ഷണം കൊടുക്കേണ്ട പോലീസ് പാർട്ടി പതാകയ്ക്ക് സംരക്ഷണം കൊടുക്കുന്നുവെന്നത് ഞാൻ ആദ്യമായാണ് കേൾക്കുന്നത്. ബഹുമാന്യനായ മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്, അവിടെ ഉണ്ടായ സംഭവവികാസങ്ങൾ അതീവ ഗുരുതരമാണ്. സമാധാനാന്തരീക്ഷം നിലനിർത്താനുള്ള ബാധ്യത ഗവൺമെന്റിനുണ്ട്. നിയമ സമാധാനം നിലനിർത്താനുള്ള ഉത്തരവാദിത്വം സർക്കാരിനുണ്ട്. അത് നിലനിർത്താൻ ശ്രമിക്കാതെ പോലീസ് യു.ഡി.എഫ്. പ്രവർത്തകർക്കെതിരെ നടത്തിയ അതിക്രമത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പോളിടെക്നിക്കിൽ നടന്ന സംഭവങ്ങളെ സംബന്ധിച്ച് പറഞ്ഞപ്പോൾ ക്യാന്റീൻ ഉദ്ഘാടനവുമായി ബന്ധപ്പെട്ട് നടന്ന ആക്രമണത്തെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. പോളിടെക്നിക് കാമ്പസിൽ എസ്.എഫ്.ഐ.-യുടേതല്ലാതെ മറ്റൊരു വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെയും കൊടിമരം നാട്ടാൻ അനുവദിക്കില്ല എന്ന ധാർഷ്ട്യമാണ് അവിടത്തെ പ്രധാന പ്രശ്നം. എട്ട് തവണ ശ്രമിച്ചിട്ട് എട്ട് തവണയും ആ കൊടിമരം നശിപ്പിച്ചതിന്റെ ഫലമായി അവിടെ നടന്ന അക്രമത്തിന് എസ്.എഫ്.ഐ. തന്നെയാണ് നേതൃത്വം കൊടുത്തത്. അതുകഴിഞ്ഞ് അങ്ങാടിപ്പുറത്തുനിന്നും രണ്ടരക്കിലോമീറ്റർ അപ്പുറത്തുള്ള പെരിന്തൽമണ്ണയിലെ മുസ്ലീം ലീഗ് ഓഫീസ് തകർക്കാൻ വന്നവരുടെ കൂട്ടത്തിൽ

എസ്.എഫ്.ഐ.-ക്കാർ മാത്രമല്ല മുസ്ലീം ലീഗുകാരും ഉണ്ടായിരുന്നു എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്. ഞങ്ങളുടെ ഓഫീസ് ഞങ്ങൾതന്നെ തകർത്തു എന്നാണ് പറയുന്നത്. ഓഫീസും സാധനസാമഗ്രികളും തകർക്കുക മാത്രമല്ല, നേതാക്കന്മാരുടെ ചിത്രമെടുത്ത് വലിച്ചുകീറുകയും ചെയ്തു. എല്ലാതരത്തിലും ഒരു പാർട്ടിയെ അവഹേളിക്കാൻ പറ്റുന്നതിനപ്പുറം അവിടെ നടന്നുവെന്നത് സത്യമാണ്. ആ സമയത്ത് അവിടെ പോലീസുണ്ട്. പോലീസ് നോക്കിനിൽക്കെയാണ് ഒരു ഓഫീസ് കെട്ടിടം തല്ലിത്തകർത്തത്. ഞങ്ങൾ അങ്ങയെ വന്നുകണ്ടിരുന്നു. അങ്ങയുടേത് നല്ല സമീപനം തന്നെയായിരുന്നു. അങ്ങ് നാല് മണിക്കുള്ള കളക്ടറുടെ യോഗത്തെക്കുറിച്ച് പറഞ്ഞു, അതിന് മുൻപായി ഇതുമായി ബന്ധപ്പെട്ട പ്രധാന പ്രതികളെ അറസ്റ്റ് ചെയ്യണമെന്ന ഒരു അഭ്യർത്ഥനകൂടി ഞങ്ങൾ വച്ചിരുന്നു. പക്ഷേ അതിലൊരു തീരുമാനമായില്ല. നമ്മൾ പ്രഹസനത്തിനു വേണ്ടിയല്ലല്ലോ കളക്ടറേറ്റിൽ കൂടുന്നത്. അതിലൊരു നടപടി ഉണ്ടാകാത്തതിലുള്ള വിഷമവും പ്രയാസവുമാണ് അവിടെ പ്രകടിപ്പിക്കപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ കേരളത്തിൽ ക്രമസമാധാനം പരിപാലിക്കപ്പെടണമെന്ന ആവശ്യം ആദ്യമായി ഉണ്ടാകേണ്ടത് ആഭ്യന്തര വകുപ്പിന്റെകൂടി ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ്. തന്റെ കീഴിലുള്ള വിദ്യാർത്ഥി പ്രസ്ഥാനത്തെയും മറ്റ് സംഘടനകളെയും അക്കാര്യം ബോധ്യപ്പെടുത്തി സമാധാനാന്തരീക്ഷം നിലനിർത്തുന്നതിനുവേണ്ടി അവർക്ക് നിർദ്ദേശം കൊടുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. അതിനുപകരം പോളിടെക്നിക്കിൽ ആക്രമണം നടത്തിയത് എം.എസ്.എഫ്.-ഉം പാർട്ടി ഓഫീസ് തകർത്തത് ഒരുകൂട്ടം വിദ്യാർത്ഥികളുമാണെന്ന് പറയുമ്പോൾ അങ്ങയുടെ നിഷ്പക്ഷതയിൽ ഞങ്ങൾക്ക് സ്വാഭാവികമായും സംശയം വരികയാണ്. അങ്ങ് പത്രങ്ങളായ പത്രങ്ങളെക്കുറിച്ച് പറഞ്ഞല്ലോ; ഈ പത്രത്തിൽ കാണുന്ന ചിത്രം അങ്ങ് നോക്കുക. (പത്രം ഉയർത്തിക്കാണിച്ചു.) ഇത് പോലീസുകാരനാണ്. അദ്ദേഹത്തിന്റെ കയ്യിൽ കല്ലുണ്ട്. പോലീസിന് ഇപ്പോൾ ലാത്തിക്കുപുറമേ കല്ലും കൊണ്ടുനടക്കാനുള്ള അവകാശമുണ്ടോ; പോലീസ് എന്തിനാണ് കയ്യിൽ കല്ല് കരുതുന്നത്? ....(ബഹളം).... ഈ മൊബൈൽ ഞാൻ അങ്ങേയ്ക്ക് തരാം. (മൊബൈൽ ഉയർത്തിക്കാണിക്കുന്നു.) എസ്.എഫ്.ഐ.-ക്കാരും മാർക്സിസ്റ്റുകാരും വിളിക്കുന്ന മുദ്രാവാക്യം വാട്സാപ്പിൽ വന്നിട്ടുണ്ട്. പ്രകോപനപരമായ മുദ്രാവാക്യം കേട്ട് ആരെങ്കിലും മിണ്ടാതിരിക്കുമെന്ന് അങ്ങേയ്ക്ക് തോന്നുന്നുണ്ടോ; ഞങ്ങളുടെ അഭിവന്ദ്യനായ നേതാവ് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളെപ്പോലും പുലഭ്യം പറയുന്ന രീതിയിലുള്ള മുദ്രാവാക്യം വിളിക്കുമ്പോൾ തൊട്ടുമുന്നിൽ യാതൊന്നും ചെയ്യാതെ പോലീസ് കയ്യുംകെട്ടി നോക്കിനിൽക്കുന്നത് ഞങ്ങൾക്ക് കാണാൻ സാധിച്ചു. എസ്.പി. എന്നുപറയുന്നത് സൂപ്രണ്ട് ഓഫ് പോലീസ് ആണ്, അല്ലാതെ സഖാവ് പോലീസല്ല. ഇന്നലെ എ.ആർ. ക്യാമ്പിലുള്ള പോലീസുകാർ ഭക്ഷണം കഴിച്ച് ഉച്ചമയക്കം നടത്തിയത് അങ്ങാടിപ്പുറത്തെ സിപി.ഐ.(എം.) ഓഫീസിലായിരുന്നു

എന്ന് പത്രത്തിൽ വാർത്ത വന്നിരിക്കുന്നു. അവർക്കുള്ള ശമ്പളം പാർട്ടി ഓഫീസിൽ നിന്നല്ലെന്നും ഇവിടത്തെ ജനങ്ങളുടെ നികുതിപ്പണമുള്ള ഖജനാവിൽനിന്നാണ് നൽകുന്നതെന്നും അങ്ങ് അങ്ങയുടെ പോലീസിനോട് പറയണം. ഇവിടെ സമാധാന അന്തരീക്ഷം ഉണ്ടാക്കുന്നതിനുവേണ്ടി ഞങ്ങൾ ഏത് അളവോളം വരാനും തയ്യാറാണ്. ഇന്നലെ അവിടെ നടന്ന യോഗത്തിൽ ആരൊക്കെയാണ് സംബന്ധിച്ചിട്ടുള്ളത്; അവിടെ സമാധാനാന്തരീക്ഷം ഉണ്ടാക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നതെന്ന് അങ്ങയോട് ശ്രീ. മഞ്ഞളാംകുഴി അലി പറഞ്ഞില്ലേ. മുസ്ലീം ലീഗിന്റെ ജനറൽ സെക്രട്ടറി ശ്രീ. കെ. പി. എ. മജീദ്, ജില്ലാ സെക്രട്ടറി അഡ്വ. ലത്തീഫ്, കോൺഗ്രസ്സിലെ ശ്രീ. അജയ് മോഹൻ, ശ്രീ. മജീദ് എന്നിവരെല്ലാം നിൽക്കുമ്പോഴാണ് അവിടെ കണ്ണീർവാതക ഷെൽ പൊട്ടുന്നത്. അവരെല്ലാം ശ്വാസതടസ്സത്തെത്തുടർന്ന് ആശുപത്രിയിലായിരുന്നു. പോലീസ് എന്തിനാണിങ്ങനെ പ്രകോപനം ഉണ്ടാക്കുന്നത്; പോലീസ് അങ്ങേയ്ക്ക് എതിരാണോ എന്നെനിക്ക് സംശയമുണ്ട്. പോലീസ് അങ്ങയുടെ പേര് നശിപ്പിക്കുന്നതിനുവേണ്ടി ക്രമസമാധാനം തകർത്ത് അങ്ങയുടെ പാർട്ടി പ്രവർത്തകരുടെ കൂടെനിന്നുകൊണ്ട് അവരുടെ ദാസന്മാരാണെന്ന് കാണിക്കുന്ന രീതിയിലുള്ള പ്രവർത്തനമാണ് തുടരുന്നതെങ്കിൽ ഞങ്ങൾക്ക് ഒന്നുംചെയ്യാൻ സാധിക്കാത്ത അവസ്ഥയാണ് അവിടെയുള്ളത് എന്നുമാത്രം സൂചിപ്പിക്കുകയാണ്. അങ്ങ് നൽകിയ മറുപടിയിൽ ഞങ്ങൾ വല്ലാത്ത പ്രയാസത്തിലാണ്. കാരണം അങ്ങ് നിഷ്പക്ഷമായി സംസാരിക്കേണ്ട ആളാണ്. അങ്ങ് ആ പാർട്ടിയുടെ മാത്രമല്ല, ഞങ്ങളുടെയുംകൂടി മുഖ്യമന്ത്രിയാണ്. അതുകൊണ്ട് അങ്ങയുടെ മറുപടി തിരുത്തണം. ഒരുകൂട്ടം കുട്ടികൾ ഇപ്പുറത്ത്, അപ്പുറത്ത് എം.എസ്.എഫ്. എന്ന വാക്ക് മാറ്റി ദയവുചെയ്ത് ആരൊക്കെയാണ് ആക്രമണം നടത്തിയതെന്ന് സത്യസന്ധമായി പറയാൻ ഒരു മുഖ്യമന്ത്രി എന്ന നിലയിൽ അങ്ങ് തയ്യാറാകണം. അങ്ങനെ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി: സർ, നിയമ ലംഘനത്തിൽ ഞങ്ങൾ മാത്രമല്ല, ഞങ്ങളുടെ സംഘടനയുടെകൂടെ വേറെ ചില ആളുകളുംകൂടി ഉണ്ടായിരുന്നു എന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സമീപനം ഒരു ന്യായീകരണമാണോ? ഭരണ കക്ഷിയുടെ സംഘടനയായ എസ്.എഫ്.ഐ. അക്രമത്തിനിറങ്ങുമ്പോൾ കൂടെ പലരും വന്നെന്നുവരും. അപ്പോൾ ഞങ്ങൾ മാത്രമല്ല, കൂടെ പലരും ഉണ്ടായിരുന്നു എന്നുപറയുന്നത് ന്യായീകരണമല്ല. ഒരു പാർട്ടി ഓഫീസ് ആക്രമിച്ചതിന് ഒരിക്കലും മാപ്പുകൊടുക്കാൻ കഴിയില്ല. വളരെ ഗുരുതരമായ സംഭവമാണ്. നമ്മളെല്ലാവരും പാർട്ടി ഓഫീസുകളെ മാനിക്കേണ്ടതല്ലേ; പാർട്ടി ഓഫീസുകളിലാണോ ഈ വിക്രിയകളൊക്കെ

കാണിക്കേണ്ടത്; പാർട്ടി ഓഫീസ് അടിച്ചുതകർത്തത് വളരെ നിഷ്ഠൂരമായിപ്പോയി. അത് വളരെ ഗുരുതരമായ കാര്യമാണ്. കുറ്റക്കാരുടെമേൽ മാതൃകാപരമായ നടപടി എടുക്കണം. അത് തന്റെ പാർട്ടിക്കാരാണെന്ന് നോക്കിയിട്ട് കാര്യമില്ല. ജനങ്ങൾക്ക് ബോധ്യപ്പെട്ട രീതിയിലുള്ള ഒരു നടപടി ഉണ്ടാകണം. അങ്ങനെയൊരു സമീപനം ഗവൺമെന്റ് പാലിക്കാത്തതിലും പ്രകടിപ്പിക്കാത്തതിലും പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, അങ്ങാടിപ്പുറം പോളിടെക്നിക്കിൽ കൊടിമരം നാട്ടുന്നതുമായി ബന്ധപ്പെട്ടുണ്ടായ വിഷയമാണ് അവിടത്തെ ക്രമസമാധാനനില തകർച്ചയ്ക്ക് കാരണമായത്. ഇവിടെ സൂചിപ്പിച്ചതുപോലെ, എസ്.എഫ്.ഐ. ഉള്ള സ്ഥലങ്ങളിൽ മറ്റ് വിദ്യാർത്ഥി സംഘടനകൾക്ക് പ്രവർത്തിക്കാനുള്ള സ്വാതന്ത്ര്യം ഇല്ലാതാകുന്നു. അവിടെ എം.എസ്.എഫ്.-ന്റെ കൊടിമരം എട്ടോ ഒൻപതോ പ്രാവശ്യം തകർക്കപ്പെട്ടു. ആ സന്ദർഭങ്ങളിലൊന്നും പോലീസിന്റെ കൃത്യമായ ഇടപെടൽ ഉണ്ടായില്ല. അത് പിന്നീട് സംഘർഷാവസ്ഥയിലെത്തി. ഇവിടെ സൂചിപ്പിച്ചതുപോലെ, പെരിന്തൽമണ്ണയിലെ മുസ്ലീം ലീഗിന്റെ പാർട്ടി ഓഫീസ് തകർക്കുന്നതിനായി സി.പി.ഐ.(എം.) പ്രവർത്തകരടക്കം നാഷണൽ ഹൈവേയിലൂടെ നടന്നു പോകുമ്പോൾ പോലീസ് അകമ്പടി സേവിക്കുന്നു എന്നത് പത്രവാർത്തകളിലൂടെയും ദൃശ്യമാധ്യമങ്ങളിലൂടെയും തെളിയിക്കപ്പെട്ടതാണ്. അത് തടയുന്നതിന് യാതൊരു നടപടിയും പോലീസിന്റെ ഭാഗത്തുനിന്നും ഉണ്ടായില്ല. പ്രകടനക്കാർ മാരകായുധങ്ങളുമായി നടന്നുനീങ്ങുമ്പോൾ അവർ എങ്ങോട്ടാണ് പോകുന്നതെന്നും അവരുടെ ലക്ഷ്യസ്ഥാനം ഏതാണെന്നും എന്തെല്ലാം അനിഷ്ടസംഭവങ്ങളാണ് ഉണ്ടാകാൻ പോകുന്നതെന്നും കൃത്യമായി മുൻകൂട്ടിക്കണ്ട് അവ തടയാനുള്ള നടപടികൾ പോലീസ് സ്വീകരിച്ചില്ല. പോലീസ് അവിടെ നിഷ്ക്രിയമായി. മുസ്ലീം ലീഗിന്റെ ഓഫീസ് തകർക്കപ്പെട്ടു. ഇവിടെ പറഞ്ഞതുപോലെ ഒരു പാർട്ടി ഓഫീസ് തകർക്കുമ്പോൾ സ്വാഭാവികമായും പ്രശ്നങ്ങളുണ്ടാകും. യു.ഡി.എഫ്. സംയമനം പാലിച്ചുകൊണ്ടാണ് ഒരു താലൂക്കിൽമാത്രം ഹർത്താൽ ആചരിക്കുവാൻ തയ്യാറായത്. ഇവിടെ ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കപ്പെടുന്നു, ക്രമസമാധാനനില തകരുന്നു. പോലീസിന് കൃത്യമായ ഇടപെടൽ നടത്താൻ കഴിയുന്നില്ല. ഇന്നലെ ഈ വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നപ്പോൾ ഇതുമായി ബന്ധപ്പെട്ട വ്യക്തികളെ അറസ്റ്റ് ചെയ്യാനുള്ള നടപടികളെങ്കിലും സ്വീകരിച്ചിരുന്നുവെങ്കിൽ ഒരുപക്ഷേ മറ്റുള്ള വിഷയങ്ങൾ ഒഴിവാക്കപ്പെടുമായിരുന്നു. ഇന്നലെ ബഹുമാനപ്പെട്ട ശ്രീ. മഞ്ഞളാംകുഴി അലി അടക്കമുള്ള പ്രധാനപ്പെട്ട നേതാക്കളിരുന്ന വേദിയിലേയ്ക്ക് പോലീസിന്റെ ടിയർ ഗ്യാസ്

പ്രയോഗം ഉണ്ടായി എന്നത് പോലീസിന്റെ നിഷ്ക്രിയത്വം ചോദ്യംചെയ്യപ്പെടുന്നതാണ്. ഈ വിഷയങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ ഈ വാക്കൗട്ടിൽ പങ്കുചേരുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, മറ്റു പാർട്ടികൾക്കും അവരുടെ വിദ്യാർത്ഥി സംഘടനകൾക്കും പ്രവർത്തിക്കാൻ അനുവാദം കൊടുക്കാതെ ശാരീരികമായി മർദ്ദിക്കുകയും, പോലീസ് മർദ്ദകർക്ക് കൂട്ടുനിൽക്കുകയും, എതിരാളികളുടെ പാർട്ടി ഓഫീസുകൾ തല്ലിത്തകർക്കുകയുംചെയ്യു സംഭവങ്ങൾ കണ്ണൂർ രാഷ്ട്രീയത്തിന്റെ ഒരു ഭാഗമായി നമുക്ക് പരിചിതമാണ്. എന്നാൽ ഇപ്പോൾ അവിടെ മാത്രമല്ല, ഏറ്റവും വലിയ ന്യൂനപക്ഷ പാർട്ടിയുടെ മലപ്പുറം ജില്ലയിലെ ഓഫീസുതന്നെ തകർക്കുന്ന സാഹചര്യം ന്യൂനപക്ഷ സംരക്ഷണത്തിന്റെ ചുമതല ഏറ്റെടുത്തിട്ടുള്ള പാർട്ടി ഭരിക്കുമ്പോൾ ഉണ്ടായി എന്നത് ഈ ഫാസിസ്റ്റ് നടപടി അപകടകരമായ രീതിയിൽ വളരുന്നു എന്നാണ് സൂചിപ്പിക്കുന്നത്. ഇത് ശരിയായ രീതിയല്ല, എല്ലാവർക്കും അവരുടേതായ രീതിയിൽ പ്രവർത്തിക്കാനും അഭിപ്രായങ്ങൾ പ്രകടിപ്പിക്കാനും ഓഫീസുകൾ സംരക്ഷിക്കാനും അവകാശമുണ്ടെന്നും, അതിന് വിരുദ്ധമായി പോലീസ് ഒരു റൂളിംഗ് പാർട്ടിയുടെ പിന്നണി പടയാളികളായി പ്രവർത്തിക്കുന്നത് ശരിയായ രീതിയിലുള്ള പോക്കല്ലെന്നും ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ പ്രവേശിച്ചു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) തീരദേശ സുരക്ഷാ പാക്കേജ്

ശ്രീ. എസ്. ശർമ്മ: സർ, സമാനതകളില്ലാത്ത പ്രകൃതിദുരന്തമാണ് ഓഖി കൊടുങ്കാറ്റിനെത്തുടർന്ന് കേരളത്തിന്റെ തീരപ്രദേശങ്ങളിലുണ്ടായത്. വിലപ്പെട്ട നിരവധി ജീവൻ നഷ്ടപ്പെടുകയുണ്ടായി. കടലിൽ പോയവരിൽ ഇനിയും തിരിച്ചുവരാത്തവരെ പ്രതീക്ഷിച്ച് കണ്ണീരോടെ കാത്തിരിക്കുന്ന കടലോര ഗ്രാമമാണ് സംസ്ഥാനത്ത് കാണാൻ കഴിയുന്നത്. ഈ സാഹചര്യത്തെ അതിജീവിക്കുന്നതിനും ഒരു സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന വിധത്തിൽ സാധ്യവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചു എന്നതും അഭിമാനകരമാണ്. സംസ്ഥാന ഗവൺമെന്റ് മാതൃകാപരമായ

ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. ഒരു ഫിഷർമാന് മത്സ്യബന്ധനത്തിനിടെ അപകടമരണം സംഭവിച്ചാൽ, ആ ഫിഷർമാന്റെ കുടുംബാംഗത്തിന് സർക്കാർ ജോലി നൽകുമെന്ന് തീരുമാനിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തത് കേരള ചരിത്രത്തിൽ മാത്രമല്ല ഇന്ത്യയിൽത്തന്നെ ആദ്യമാണ്. എന്റെ അന്വേഷണത്തിൽ ലോക ചരിത്രത്തിൽ ഒരിക്കലും അങ്ങനെയൊന്ന് ഉണ്ടായിട്ടില്ല. അത്രയേറെ മാതൃകാപരമായ നടപടികൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിൽ കേരളതീരത്തിന്റെ സുരക്ഷയും തീരപ്രദേശത്ത് അധിവസിക്കുന്ന ജനസമൂഹത്തിന്റെ സംരക്ഷണവും ദീർഘകാലാടിസ്ഥാനത്തിൽ മുന്നിൽക്കണ്ടുകൊണ്ട് സമഗ്രമായ ഒരു പാക്കേജ് ഗവൺമെന്റ് ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ ശ്രദ്ധക്ഷണിക്കൽകൊണ്ട് ഉദ്ദേശിക്കുന്നത്.

ഓഖി ദുരന്തം ഉണ്ടായതിനുശേഷം സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട പ്രകാരം കേന്ദ്ര സംഘം ദുരന്ത മേഖലകൾ സന്ദർശിച്ചെങ്കിലും ഒരു തീരദേശ സുരക്ഷാ പാക്കേജ് പ്രഖ്യാപിക്കുന്നതിന് കേന്ദ്രം തയ്യാറായിട്ടില്ല. പ്രധാനമന്ത്രി ഉൾപ്പെടെയുള്ളവർ ദുരിതബാധിത പ്രദേശങ്ങൾ സന്ദർശിച്ച് മത്സ്യത്തൊഴിലാളികളുടെ ദുരന്തങ്ങൾക്ക് അടിയന്തര പരിഹാരം ഉണ്ടാക്കുമെന്ന് പ്രഖ്യാപിച്ചെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ദുരന്ത നിവാരണ അതോറിറ്റിയിൽനിന്നും സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട 1843 കോടി രൂപയുടെ അടിയന്തര സഹായ പാക്കേജിന് അനുകൂലമായ ഉത്തരവ് കേന്ദ്രം പുറപ്പെടുവിച്ചിട്ടില്ല എന്നതും പ്രതിഷേധാർഹമാണ്. ഓഖിയുടെ ദുരന്തങ്ങൾ ഏറ്റുവാങ്ങിയ മത്സ്യത്തൊഴിലാളി സമൂഹത്തോടുള്ള കനത്ത വെല്ലുവിളിയാണ് കേന്ദ്ര ഗവൺമെന്റിന്റെ ഈ മാപ്പർഹിക്കാത്ത നടപടിയെന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യൻ മഹാസമുദ്രത്തിലെ തായ്‌ലന്റ് ഉൾക്കടലിൽ രൂപപ്പെട്ട ഓഖി ചുഴലിക്കാറ്റിന്റെ ആഘാതത്തിൽ കടലിൽ അകപ്പെട്ടുപോയ നൂറുകണക്കിന് മത്സ്യത്തൊഴിലാളികളുടെ ജീവനാണ് പൊലിഞ്ഞത്. അവർക്ക് ജീവനും വലകളും വള്ളങ്ങളും കിടപ്പാടങ്ങളും നഷ്ടമായി, തീരദേശ ആവാസ വ്യവസ്ഥ കീഴ്മേൽ മറിഞ്ഞു. തീരദേശ ആവാസ വ്യവസ്ഥയെ പുനരുദ്ധരിച്ച് മത്സ്യത്തൊഴിലാളികളെ പുതിയൊരു ജീവിതത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് സംസ്ഥാന സർക്കാർ ആശ്വാസകരമായ നടപടികളും ഭാവിയിലേയ്ക്കുള്ള പ്രവർത്തനങ്ങൾക്ക് രൂപംകൊടുക്കുന്നതിനുള്ള സമീപനവും സ്വീകരിക്കുന്നുണ്ട്. അതിന് പര്യാപ്തമാകുന്ന വിധത്തിൽ സമഗ്രമായ തീരദേശ സുരക്ഷാ പാക്കേജ് നടപ്പാക്കണമെന്ന് ആവശ്യപ്പെടുകയാണ്. 2006-ലെ എൽ.ഡി.എഫ് ഗവൺമെന്റിന്റെ കാലത്ത് തീരദേശവാസികളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകൃത ഏജൻസിയായ എൻ.ഐ.ആർ.ഡി.-യുടെ സഹായത്തോടെ ഒരു പ്രോജക്ട് തയ്യാറാക്കി പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നുവെങ്കിലും ആ ഗവൺമെന്റിന്റെ കാലാവധി കഴിഞ്ഞതിനുശേഷം പിന്നീട് ഒരു

നടപടിയും സ്വീകരിക്കപ്പെട്ടില്ല. ഇപ്പോഴത്തെ പശ്ചാത്തലത്തിൽ അന്നത്തെ ആ പഠന റിപ്പോർട്ടും സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിന്റെ നിഗമനങ്ങളും പരിശോധിച്ച് കാലത്തിനനുസരിച്ച് മാറ്റംവരുത്തിയാൽ, ഈ സമഗ്ര പാക്കേജിന് രൂപംകൊടുക്കുന്നതിന് സഹായകരമാകും. മാനവ വികസന സൂചികയിലും സാമൂഹ്യ വികസനത്തിലും ഇന്ത്യയ്ക്ക് മാതൃകയായ സംസ്ഥാനമാണ് കേരളം. എന്നാൽ കേരളത്തിന്റെ പൊതു വികസനധാരയിൽനിന്നും തീരദേശ മേഖല പിന്നിട്ടുനിൽക്കുകയാണ്. കേരള വികസന മാതൃകയുടെ പിന്നാമ്പുറങ്ങളിലാണ് മത്സ്യമേഖല. ദാരിദ്ര്യത്തിന്റെ തുരുത്തുകളായി തീരദേശ ഗ്രാമങ്ങൾ ഒറ്റപ്പെട്ടുനിൽക്കുന്നു. ഏതാനും ഉദാഹരണങ്ങൾകൂടി ചൂണ്ടി കാണിച്ചുകൊള്ളട്ടെ. ഇന്ത്യയിൽ ശിശുമരണ നിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. 2016-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് ആയിരം ജനനത്തിന് പത്ത് മരണമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ശിശു മരണത്തിൽ ദേശീയ ശരാശരി കേരളത്തിന്റെ മൂന്നിരട്ടിയിലധികമാണ്, എന്നാൽ മത്സ്യമേഖലയിലെ ശിശുമരണ നിരക്ക് എൺപത്തിയഞ്ചാണ്. ജനിച്ച് ഒരു വർഷത്തിനകമുള്ള മരണമാണ് ശിശുമരണ നിരക്കിന് കണക്കിലെടുക്കുന്നത്. സ്ത്രീ-പുരുഷ അനുപാതത്തിൽ സ്ത്രീകൾക്ക് അനുകൂലമായ സംസ്ഥാനമാണ് കേരളം. ആയിരം പുരുഷന്മാർക്ക് ആയിരത്തിഎൺപത്തിനാല് സ്ത്രീകൾ എന്നതാണ് കണക്ക്. എന്നാൽ മത്സ്യമേഖലയിലെ സ്ത്രീ-പുരുഷ അനുപാതം ഇതിനെതിരാണ്, ആയിരം പുരുഷന്മാർക്ക് തൊള്ളായിരത്തി എഴുപത്തിനാല് സ്ത്രീകളാണ്. സാമൂഹ്യമേഖലയിലെ പിന്നോക്കാവസ്ഥയെ സൂചിപ്പിക്കുന്ന കണക്കാണിത്. കേരളത്തിന്റെ പ്രതിശീർഷവരുമാനം ദേശീയ ശരാശരിയേക്കാൾ വളരെ മുന്നിലാണ്. എന്നാൽ മത്സ്യമേഖലയിലെ പ്രതിശീർഷവരുമാനവും പൊതുസമൂഹത്തിന്റെ വരുമാനവുമായുള്ള അന്തരം വർദ്ധിക്കുകയാണെന്ന് സ്ഥിതിവിവരക്കണക്കുകൾ സൂചിപ്പിക്കുന്നു. മത്സ്യത്തൊഴിലാളികളുടെ പ്രതിശീർഷ വരുമാനം പൊതുസമൂഹത്തിന്റെ വരുമാനത്തിനൊപ്പം എത്തിക്കുന്നതിനുള്ള ഉപജീവന സുരക്ഷാ പദ്ധതികൾ പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് നടപടികൾ സ്വീകരിക്കണമെന്ന് എൻ.ഐ.ആർ.ഡി. റിപ്പോർട്ടിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്ത് കേരളം ഇന്ത്യയ്ക്ക് മാതൃകയാണ്. സ്കൂളിൽ പോകുന്ന വിദ്യാർത്ഥികളിൽ പന്ത്രണ്ട് ശതമാനംവരെ കൊഴിഞ്ഞുപോകുന്നത് മത്സ്യമേഖലയിലാണ്. പൊതുജനാരോഗ്യ രംഗത്ത് കേരളം ഏഷ്യയ്ക്കുതന്നെ മാതൃകയാണ്, പക്ഷേ ആദിവാസി മേഖലപോലെ തീരദേശ മേഖലയിലും രോഗാതുരർ കൂടുതലാണെന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആരോഗ്യ-വിദ്യാഭ്യാസ രംഗങ്ങളിലും സ്ത്രീ-പുരുഷ അനുപാതത്തിലും ശിശുമരണ നിരക്കിലും കേരളത്തിന്റെ മുഖ്യധാരയിൽനിന്നും വളരെ പിന്നിൽ നിൽക്കുന്ന ഒരു ജനസമൂഹം എന്നുള്ള നിലയ്ക്ക്, ഈ ദുരന്തത്തിന്റെ കൂടി പശ്ചാത്തലത്തിൽ അവർക്ക് സഹായകരമായ വിധത്തിൽ ഒരു സമഗ്ര പാക്കേജ് തീരദേശമേഖലയ്ക്കുവേണ്ടി ആവിഷ്കരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് മുൻകയ്യെടുക്കണമെന്ന് ഈ അവസരത്തിൽ പ്രത്യേകം ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, മത്സ്യത്തൊഴിലാളി മേഖലയിലെ ഗൗരവമായ പ്രശ്നങ്ങളാണ് ബഹുമാന്യനായ അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. 'ഓഖി' ചുഴലിക്കാറ്റ് കേരളതീരത്ത് അപ്രതീക്ഷിതമായ നാശംവിതച്ച പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി, കേരളതീരത്തെ അപകടസാധ്യതാ വിശകലനത്തിനും തയ്യാറെടുപ്പുകൾക്കുമായി ഒരു ത്രിമാന ഭൂപടം തയ്യാറാക്കാനാണ് ഉദ്ദേശിക്കുന്നത്. കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളിൽ ജീവൻരക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. രക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കടലിൽ പോകുന്ന മത്സ്യബന്ധന യാനങ്ങളുടെയും തൊഴിലാളികളുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഉടൻ നടപ്പിലാക്കുന്നതാണ്. കടലിൽ പോകുന്ന മത്സ്യത്തൊഴിലാളികളുമായി ആശയവിനിമയം നടത്തുന്നതിനുള്ള പ്രതിബന്ധങ്ങളില്ലാതാക്കാൻ ഐ.എസ്. ആർ.ഒ.-യുടെ ഉപഗ്രഹ സാങ്കേതികവിദ്യ ഉപയോഗിച്ച് 1500 കിലോമീറ്റർവരെ വാർത്താവിനിമയം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട നാവിക് ഉപകരണങ്ങളുടെ ഫീൽഡുതല പരീക്ഷണം പൂർത്തിയായിട്ടുണ്ട്. കടലിൽ അകപ്പെട്ടുപോകുന്ന മത്സ്യത്തൊഴിലാളികളുടെ യഥാർത്ഥ സ്ഥാനം മനസ്സിലാക്കുന്നതിന് റേഡിയോ ബീക്കണുകൾ നാവിക്കിൽ ഘടിപ്പിക്കുന്നതായിരിക്കും. 1500 നാവിക്കുകൾ വൈകാതെ വിതരണം ചെയ്യുന്നതാണ്. മുഴുവൻ മത്സ്യബന്ധന യാനങ്ങൾക്കും ആവശ്യമായ നാവിക് ഉപകരണങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ കെൽട്രോണിൽ ആരംഭിച്ചിട്ടുണ്ട്. കാലാവസ്ഥ സംബന്ധിച്ചും കടലിന്റെ പ്രക്ഷുബ്ധാവസ്ഥ സംബന്ധിച്ചുമുള്ള വിവരങ്ങൾ മുൻകൂട്ടി മത്സ്യത്തൊഴിലാളികളെ അറിയിക്കുന്നതിന് ഹൈദ്രാബാദിലെ INCOIS (Indian National Centre for Ocean Information Services)-മായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. യാനങ്ങളുടെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 215 മത്സ്യബന്ധന ബോട്ടുകളിൽ ഘടിപ്പിച്ചുകഴിഞ്ഞു. കൂടുതൽ ബോട്ടുകളിൽ അവ ഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. മത്സ്യബന്ധനത്തിന് പോകുമ്പോൾ ലൈഫ് ജാക്കറ്റ് നിർബന്ധമായും കൊണ്ടുപോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കടലിൽ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് വൈദ്യസഹായം ലഭ്യമാക്കുന്നതിന് മറൈൻ ആംബുലൻസ് ഏർപ്പെടുത്തുന്നതാണ്. മൂന്ന് ആംബുലൻസുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം, സൗരോർജ്ജത്തെ അടിസ്ഥാനമാക്കിയുള്ള ഡീസാലിനേഷൻ പ്ലാന്റുകൾ, മറൈൻ സ്കിൽ ഡെവലപ്മെന്റ് കേന്ദ്രങ്ങൾ, മറൈൻ ആംബുലൻസുകൾ എന്നിവയുമുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 7340 കോടി രൂപയുടെ ഒരു സമഗ്ര പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തീരദേശ മേഖലയിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച്

സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ ശ്രീ. രമൺ ശ്രീവാസ്തവ അദ്ധ്യക്ഷനായ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി പ്രത്യേക സംവിധാനങ്ങൾ ഒരുക്കുന്നതാണ്. ആ സംവിധാനത്തിൽ മത്സ്യത്തൊഴിലാളികളുടെ പങ്കും ഉറപ്പാക്കും. ഓഖി ദുരന്തവും സർക്കാർ കൈക്കൊണ്ട നടപടിയും സംബന്ധിച്ച് വിശദമായ ഒരു പ്രസ്താവനതന്നെ ആവശ്യമായിട്ടുണ്ട്. ബഹുമാന്യനായ സ്പീക്കർ അനുവദിക്കുകയാണെങ്കിൽ ചട്ടം 300 പ്രകാരം അത്തരത്തിൽ ഒരു പ്രസ്താവന ഈ സഭയുടെ മുമ്പാകെ നടത്താൻ സർക്കാർ സന്നദ്ധമാണ്.

മി. സ്പീക്കർ: അങ്ങ് തയ്യാറാണെങ്കിൽ ചട്ടം 300 പ്രകാരം നാളെ പ്രസ്താവന നടത്താം.

ശ്രീ. എസ്. ശർമ്മ: സർ, വ്യക്തത വരുന്നതിന് ചട്ടം 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് വളരെ നല്ലതാണ്. കാട് ആദിവാസികളുടെ ഒരു ആവാസ സ്ഥലമായിട്ടാണ് വനാവകാശ നിയമം അനുശാസിക്കുന്നത്. തീരപ്രദേശം മത്സ്യത്തൊഴിലാളികളുടെ ആവാസ സ്ഥലമാണ്. വനാവകാശ നിയമത്തിൽ നൽകിയിരിക്കുന്ന സംരക്ഷണംപോലെ നിയമപരമായ ഒരു പരിരക്ഷ തീരപ്രദേശത്തെ ജനങ്ങൾക്കും നൽകുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണ്. മത്സ്യത്തൊഴിലാളികളെ കടലോരത്തുനിന്ന് മാറ്റിക്കൊണ്ടുപോയാൽ അവർക്ക് ജീവിതം മുന്നോട്ടുകൊണ്ടുപോകാൻ വിഷമമാകും. അതുകൊണ്ട് കടലോരത്ത് മത്സ്യ തൊഴിലാളികൾക്ക് പ്രത്യേക പരിരക്ഷ ലഭിക്കേണ്ടതായിട്ടുണ്ട്. അതിന് സംസ്ഥാന സർക്കാർമാത്രം വിചാരിച്ചാൽപോരെങ്കിലും ഇക്കാര്യത്തിൽ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

## (2) വന്യജീവി ആക്രമണം

ശ്രീ. സണ്ണി ജോസഫ്: സർ, കേരളത്തിലെ മലയോര പ്രദേശങ്ങളിലെ ഗുരുതരമായ പ്രശ്നമാണ് വന്യമൃഗശല്യം. ഈ സഭയിലും കഴിഞ്ഞ സഭയിലുമൊക്കെ പലവട്ടം പല അംഗങ്ങളും ഈ പ്രശ്നം വളരെ ഗൗരവത്തിൽ ഉന്നയിക്കുകയും ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തിട്ടുള്ളതാണ്. പക്ഷേ ഇപ്പോഴും വഞ്ചി തിരുനക്കരയിൽത്തന്നെ നിൽക്കുകയാണ്. മനുഷ്യജീവനും സ്വത്തിനും നാശനഷ്ട ങ്ങളുണ്ടാകുന്ന ധാരാളം വാർത്തകൾ ഇന്ന് റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. പ്രാദേശികമായ വാർത്തകൾ ഒരുപക്ഷേ അധികാര കേന്ദ്രങ്ങളിൽ എത്താറില്ല. വനവിസ്തൃതിയുടെ കാര്യത്തിലും വന്യമൃഗ സമ്പത്തിന്റെ കാര്യത്തിലും കേരളം വളരെ മുമ്പന്തിയിൽ നിൽക്കുകയാണ്. കാട്ടാനകളുടേയും കാട്ടുപന്നികളുടെയും വർദ്ധനവിന് ആവശ്യമായ

സംരക്ഷണ നിയമങ്ങളുണ്ട്. പക്ഷേ ഇന്ന് വനാതിർത്തികളിലെ കൃഷിസ്ഥലങ്ങളിലും ജനവാസ കേന്ദ്രങ്ങളിലും മാത്രമല്ല, പട്ടണ പ്രദേശങ്ങളിലുംമറ്റും അവയുടെ ആക്രമണംമൂലം ആളുകൾ മരിക്കുകയും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്യുന്ന സ്ഥിതിയാണുള്ളത്. കൂടാതെ, കൃഷിക്കും സ്വത്തിനുമൊക്കെ നാശനഷ്ടങ്ങൾ വരുത്തുന്ന നിരവധി സംഭവങ്ങളും അവമൂലം ഉണ്ടാകുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രി 24-8-2017-ന് നിയമസഭയിൽ നൽകിയ മറുപടിയിൽ 2016-17 വർഷം സംസ്ഥാനത്ത് 43 പേർക്ക് കാട്ടാനയുടെ ആക്രമണത്തിൽ ജീവൻ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുകയുണ്ടായി. ഈ സംഖ്യ ഇന്ന് വർദ്ധിച്ചിരിക്കുകയാണ്. അതുപോലെതന്നെ കാട്ടുപന്നിയും കാട്ടുകുരങ്ങും കാട്ടാനയുമൊക്കെ ആളുകളെ കൊലപ്പെടുത്തിയ സംഭവങ്ങളും പരിക്കേൽപ്പിച്ച സംഭവങ്ങളും നിരവധിയായിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ ആദിവാസി പുനരധിവാസ മേഖലയിലുൾപ്പെട്ട ആറളം ഫാമിലെ തൊഴിലാളികളുടെ ശമ്പള വർദ്ധനവ് സംബന്ധിച്ച കാര്യം ചർച്ച ചെയ്തപ്പോൾ ഫാം മാനേജ്മെന്റ് അറിയിച്ചത് ഒരു വർഷത്തിൽ ഒരു കോടിയിലധികം രൂപയുടെ നാളികേരം കാട്ടുകുരങ്ങുകൾ നശിപ്പിക്കുന്നുവെന്നാണ്. ഇന്ന് വനാതിർത്തികളിൽ മാത്രമല്ല പട്ടണ പ്രദേശങ്ങളിലും കാട്ടുകുരങ്ങുകൾ എത്താറുണ്ട്. സംസ്ഥാനത്തെ ചില പ്രദേശങ്ങളിൽ മയിലിന്റെ ഉപദ്രവവും ഗുരുതരമായി അനുഭവപ്പെടുന്നുണ്ട്. ഇതിനെല്ലാം പരിഹാരം കാണണമെന്ന ആവശ്യം പലവട്ടം ഉയർന്നുവന്നതാണ്. 1-1-2017 മുതൽ 19-8-2017 വരെ വന്യമൃഗ ആക്രമണങ്ങളുടെ 2676 കേസ്സുകൾ കേരളത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് നിയമസഭയിൽ മന്ത്രി മറുപടി നൽകിയിട്ടുണ്ട്. ഇതിനുള്ള നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന ആവശ്യം ഇവിടെ ശക്തമായി ഉയർന്നുവന്നിട്ടുണ്ടെങ്കിലും അത് വർദ്ധിപ്പിച്ചിട്ടില്ല. കൃഷിക്കാർ ഇതുസംബന്ധിച്ച കേസ് ഫയൽ ചെയ്തപ്പോൾ വന്യമൃഗങ്ങൾ വഴിയുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ഉത്തരവാദിത്വം വഹിക്കാൻ സർക്കാരിന് ബാധ്യതയുണ്ടെന്ന് കേരള ഹൈക്കോടതിയും വ്യക്തമാക്കിയിട്ടുണ്ട്. അക്കാര്യവും ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ സമ്മതിച്ചിട്ടുള്ളതാണ്. കേരളത്തിലും അത്യാവശ്യഘട്ടങ്ങളിൽ ഉപദ്രവകാരികളായ പന്നികളെ വെടിവയ്ക്കുന്നതിനുള്ള ഉത്തരവ് ഇടയ്ക്ക് പുറപ്പെടുവിച്ചിരുന്നു. പക്ഷേ അത് തീർത്തും അപ്രായോഗികമാണെന്ന കാര്യം എല്ലാതലങ്ങളിലും അംഗീകരിക്കപ്പെട്ടതാണ്. അതിന് ഇതുവരെയും ഒരു പരിഹാരമാർഗ്ഗമുണ്ടായിട്ടില്ല. ഈ അടുത്തകാലത്ത് വായിക്കാനിടയായ കാര്യം, ആസ്ട്രേലിയയുടെ ദേശീയമൃഗമാണ് കങ്കാരു. അതിന്റെ അനിയന്ത്രിതമായ വംശ വർദ്ധനവുണ്ടായപ്പോൾ അതിനെ കൊന്ന് ഭക്ഷ്യവസ്തുവായി ഉപയോഗിക്കാൻ നിയമവ്യവസ്ഥയിൽ ഇളവുവരുത്തി എന്നാണ്. കേരളത്തിലും ഇത്തരത്തിൽ നിയമ വ്യവസ്ഥകളിൽ കർശനമായ ഇളവുവരുത്തേണ്ടതുണ്ട്. രാജസ്ഥാനിൽ ഇത്തരത്തിൽ നീലക്കാളയെ ഭക്ഷ്യവസ്തുവായി ഉപയോഗിക്കുന്നുണ്ടെന്ന് പറയുന്നു. വംശവർദ്ധനവ് തടയാനായി, ആസ്ട്രേലിയയിൽ ദേശീയമൃഗത്തെപ്പോലും ഭക്ഷ്യവസ്തുവായി ഉപയോ

ഗിക്കാനുള്ള വ്യവസ്ഥയുണ്ട്. സംസ്ഥാനത്ത് പന്നി, കാട്ടുകുരങ്ങ് തുടങ്ങിയവയുടെ ശല്യം കുറയ്ക്കാനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. ആദിവാസി ജനത അധിവസിക്കുന്ന വനത്തോട് ചേർന്ന പ്രദേശങ്ങളിലാണ് കൂടുതലായും വന്യമൃഗ ശല്യമുണ്ടാകുന്നത്. അതിന് പരിഹാരമുണ്ടാക്കാനാവശ്യമായ ഫണ്ട് ഇന്ന് അനുവദിക്കപ്പെടുന്നില്ല. ഇതിനായി കഴിഞ്ഞ ബജറ്റിൽ കിഫ്ബിയിലുൾപ്പെടുത്തിയ തുച്ഛമായ സംഖ്യപോലും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകളാണ് വനാതിർത്തി പങ്കിടുന്നത്. ഇവിടെ ആറളത്തും കൊട്ടിയൂരുമായി രണ്ട് വന്യജീവി സങ്കേതങ്ങളുണ്ട്. കഴിഞ്ഞ വർഷം നാലുപേർ കാട്ടാനയുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഇപ്പോഴത്തെ മുഖ്യമന്ത്രിയും വനം വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവും മുൻ മുഖ്യമന്ത്രിയും ഉൾപ്പെടെയുള്ളവർ ഇത്തരത്തിൽ മരണപ്പെട്ട ഒരാളുടെ വീട്ടിൽപ്പോയി കുടുംബാംഗങ്ങളുടെ ദുഃഖം നേരിൽകണ്ടതാണ്. ഇന്ന് പ്രതിരോധ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും അവ പൂർണ്ണവും ഫലപ്രദവുമല്ല. നിയമ വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തണം. ഇത് പരിഹരിക്കുന്നതിന് ശാശ്വത നടപടി സ്വീകരിക്കണം. ഇക്കാര്യം ഗവൺമെന്റ് വളരെ ഗൗരവത്തിൽ കാണണമെന്ന് അഭ്യർത്ഥിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, വനമേഖലയിലുള്ള വളരെ പ്രധാനപ്പെട്ട ഒരു വിഷയംതന്നെയാണ് ബഹുമാനപ്പെട്ട അംഗം ഈ സഭയുടെ ശ്രദ്ധ ക്ഷണിച്ചതെന്ന കാര്യത്തിൽ തർക്കമില്ല. വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിലിറങ്ങി കൃഷി നശിപ്പിക്കുന്നതും നാട്ടിലുള്ള വളർത്തുമൃഗങ്ങൾക്കും മനുഷ്യർക്കും ഭീഷണിയാകുന്നതും തടയുന്നതിന് വനംവകുപ്പ് വിവിധ മാർഗ്ഗങ്ങൾ സ്വീകരിച്ചുവരുന്നു. മനുഷ്യജീവനും മൃഗങ്ങൾക്കും കൃഷിക്കും ഏറ്റവും ഭീഷണിയുണ്ടാകുന്നത് കാട്ടാന, കടുവ, പുലി, കാട്ടുപന്നി, കുരങ്ങ്, മയിൽ എന്നിവയിൽ നിന്നാണ്. ജനവാസ മേഖലയിൽ ആനയോ മറ്റു വന്യജീവികളോ കടന്നിട്ടുള്ളതായി അറിഞ്ഞാൽ പ്രദേശവാസികളുടെ മൊബൈൽ ഫോണുകളിലേയ്ക്ക് എസ്.എം.എസ്. മുഖാന്തരം അറിയിപ്പ് നൽകി അപകടം കുറയ്ക്കുന്നതിനുള്ള Early Warning SMS Alert System സംസ്ഥാനത്ത് വന്യജീവി സംഘർഷം രൂക്ഷമായ വനാതിർത്തി പങ്കിടുന്ന 65 ജനവാസ മേഖലകളിൽ നടപ്പാക്കിയിട്ടുണ്ട്. ആറളം, സുൽത്താൻ ബത്തേരി, മണ്ണാർകാട്, മലയാറ്റൂർ, പുനലൂർ തുടങ്ങിയ സ്ഥലങ്ങളിൽ ഇതിനായി കൺട്രോൾ റൂമുകൾ പ്രവർത്തിക്കുന്നുണ്ട്. വന്യജീവികൾ ജനവാസ മേഖലകളിൽ ഇറങ്ങി ജനങ്ങളുടെ ജീവനും സ്വത്തിനും നാശനഷ്ടം വരുത്തുന്ന അടിയന്തര സാഹചര്യം ഉണ്ടാകുമ്പോൾ സംയോജിതമായി പ്രവർത്തിച്ച് വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനും നാട്ടിലിറങ്ങിയ വന്യജീവികളെ കാട്ടിലേയ്ക്ക് തിരികെ എത്തിക്കുന്നതിനും

ദ്രുതകർമ്മ സേന (Rapid Response Team) -യുടെ സേവനം വിനിയോഗിച്ചുവരുന്നു. വനംവകുപ്പിൽ നിലവിൽ എട്ട് ആർ.ആർ.ടി.-കളും ഒരു എലിഫന്റ് സ്ക്വാഡും രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വന്യജീവി സംഘർഷം വർദ്ധിക്കുമ്പോൾ ആ പ്രദേശത്ത് പ്രാദേശികമായി വാഹനം, ഉദ്യോഗസ്ഥർ എന്നിവ പുനർവിന്യസിച്ച് താല്ക്കാലിക ആർ.ആർ.ടി.കൾ രൂപീകരിച്ചുവരുന്നുണ്ട്. മനുഷ്യ-വന്യജീവി സംഘർഷം ജനപങ്കാളിത്തത്തോടുകൂടി ലഘൂകരിക്കുന്നതിനായി പഞ്ചായത്ത് മുനിസിപ്പൽതലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനംവകുപ്പ് ഉദ്യോഗസ്ഥരും അംഗങ്ങളായിട്ടുള്ള 204 ജനജാഗ്രതാ സമിതികൾ സംസ്ഥാനത്താകെ ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനംവകുപ്പ് ജനകീയമായി പ്രവർത്തിച്ച് ജനങ്ങളെ സഹായിക്കുകയും പ്രദേശത്തിന് യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെ കുറിച്ച് ചർച്ചചെയ്ത് നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക, നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റേയ്ഞ്ച് ഓഫീസറെ അറിയിക്കുക, കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക എന്നിവയാണ് സമിതിയുടെ പ്രധാന ചുമതലകൾ. ഇത്തരത്തിലുള്ള സമിതികൾ രൂപീകരിച്ചുതുവഴി ജനങ്ങളുടെയും ജനപ്രതിനിധികളുടെയും പങ്കാളിത്തത്തോടുകൂടി മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനാതിർത്തിയിൽ സൗരോർജ്ജ വൈദ്യുതിവേലി, ആന പ്രതിരോധക്കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിച്ചിട്ടുണ്ട്. 2016-17 വർഷംവരെ നിർമ്മിച്ച സംവിധാനങ്ങളെക്കുറിച്ച് വിശദീകരിക്കാം.

വൈദ്യുതിവേലി -1500 കി.മീറ്റർ, ആന പ്രതിരോധക്കിടങ്ങ് -584 കി.മീറ്റർ, ആനപ്രതിരോധമതിൽ-34 കി.മീറ്റർ, ഇത് അങ്ങയുടെ മണ്ഡലത്തിലാണ്. ജൈവവേലി -42 കി.മീറ്റർ. കൂടാതെ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും വന്യജീവികളെ വനത്തിനുള്ളിൽത്തന്നെ നിലനിർത്താനുമായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ് :

1. സ്ഥിരമായി ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യജീവികളെ മയക്ക് വെടിവച്ചോ, കൂടുകൾ സ്ഥാപിച്ചോ പിടിച്ച് വനവാസ കേന്ദ്രത്തിൽനിന്നും അകലെയുള്ള വന മേഖലകളിലേയ്ക്ക് റീ-ലൊക്കേറ്റ് ചെയ്യൽ.
2. വന്യജീവികളെ ആകർഷിക്കുന്ന കൃഷിരീതികൾ ഒഴിവാക്കുന്നതിനായി കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടി.

3. വന്യജീവി ആക്രമണംമൂലം കൃഷിനാശം അനുഭവപ്പെടുന്ന വനത്തിനകത്തുള്ള സെറ്റിൽമെന്റുകളിൽനിന്നും കുടുംബങ്ങളെ നഷ്ടപരിഹാരം നൽകി അവരുടെ സമ്മതത്തോടെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടി.

4. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിനായി ജലസംഭരണികളും ചെക്കുഡാമുകളും നിർമ്മിക്കുന്നതിനും വനവത്കരണം നടത്തുന്നതിനുമുള്ള നടപടി.

5. ജനവാസമേഖലയിൽ പ്രശ്നങ്ങളുണ്ടാക്കുന്ന കുരങ്ങുകളെ പിടികൂടി മാറ്റാനും നിയമാനുസൃതം വന്ധ്യംകരിക്കാനുമുള്ള നടപടി.

വന്യജീവി ആക്രമണംമൂലം ജീവനും സ്വത്തിനും നേരിടുന്ന നഷ്ടത്തിന് നഷ്ടപരിഹാരം നല്കുന്നതിന് 1980-ൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിലെ ചട്ടപ്രകാരം ജീവൻ നഷ്ടപ്പെടുന്ന അവസരത്തിൽ അഞ്ചുലക്ഷം രൂപയും കൃഷിനാശത്തിന് പരമാവധി 75,000 രൂപയും നഷ്ടപരിഹാരം നല്കിവരുന്നു. നിലവിലെ സാഹചര്യത്തിൽ പ്രസ്തുത നിരക്ക് അപര്യാപ്തമാണെന്ന അഭിപ്രായം നിയമസഭയിലും ഉയർന്നുവന്നിട്ടുണ്ട്. അതുപോലെതന്നെ ഇതിനെക്കുറിച്ച് മറ്റ് പരാതികളും ലഭിച്ചിട്ടുണ്ട്. ദുരിത ബാധിതർക്ക് അല്ലെങ്കിൽ ആശ്രിതർക്ക് മെച്ചപ്പെട്ട സമാശ്വാസം ഉറപ്പുവരുത്തുന്നതിന് പ്രസ്തുത നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണ്. വളരെ പെട്ടെന്നുതന്നെ അതുമായി ബന്ധപ്പെട്ടുള്ള ഉത്തരവുകൾ പുറത്തിറങ്ങുന്നതാണ്. ഒരു മനുഷ്യജീവൻ നഷ്ടപ്പെട്ടാൽ ചട്ടപ്രകാരം ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരം അഞ്ചുലക്ഷം രൂപയാണ്. ഇത് പത്തുലക്ഷം രൂപയായി ഉയർത്താനുള്ള നിർദ്ദേശമാണ് ഗവൺമെന്റിന്റെ മുന്നിലുള്ളത്. അതുപോലെ വനത്തിനകത്തുവച്ച് പാമ്പുകടിയേറ്റ് മരിക്കുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയാണ് ഇപ്പോൾ നൽകുന്ന നഷ്ടപരിഹാരം. അത് രണ്ട് ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനമായിട്ടുണ്ട്. വന്യജീവി ആക്രമണത്തിൽ സ്ഥിരമായ അംഗവൈകല്യം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം രണ്ട് ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കാനുള്ള നിർദ്ദേശമാണ് വനംവകുപ്പിന്റെ മുന്നിലുള്ളത്. അത് അംഗീകരിച്ചുകൊണ്ടുള്ള നടപടികൾ ഉടൻതന്നെ ഉണ്ടാകുന്നതാണ്. അതുപോലെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തിന്റെ തോതും വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം ഉടൻതന്നെ ഒരു ഉത്തരവായി പുറപ്പെടുവിക്കുന്നതാണ്. നിയമസഭയുടെ മുമ്പാകെ അത്തരം ഉത്തരവുകൾ കഴിവതും പെട്ടെന്നുതന്നെ മെമ്പർമാരുടെ ശ്രദ്ധയ്ക്കുവേണ്ടി കൊണ്ടുവരുന്നതാണ് എന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കുവാനുള്ളത്.

ശ്രീ. സണ്ണി ജോസഫ്: സർ, വനംവകുപ്പിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് വലിയ പ്രശ്നമാണ്. പലപ്പോഴും ഫോറസ്റ്റ് ഗാർഡുമാരില്ല എന്നാണ് മറുപടി ലഭിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇപ്പോൾ ഒരു സമരംതന്നെ നടക്കുന്നുണ്ട്. പി.എസ്.സി. ലിസ്റ്റും നിലവിലുണ്ട്. അതുകൊണ്ട് ആവശ്യമായ നിയമനം നടത്തി ഇന്നത്തെ ഒഴിവുകൾ നികത്തി ഈ മേഖലയുടെ പ്രവർത്തനം കാര്യക്ഷമമാക്കുമോ?

ശ്രീ. കെ. രാജു : സർ, നിലവിലുള്ള ലിസ്റ്റിന്റെ കാലാവധി 31-ാം തീയതി അവസാനിക്കുകയാണ്. ഈ 31-ാം തീയതിക്കുമുമ്പ് റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാ വേക്കൻസിയിലേയ്ക്കുമുള്ള നിയമനങ്ങളും പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഇവിടെ സൂചിപ്പിച്ചത് ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ കാര്യമാണ്. 31-ാം തീയതിവരെ വരുന്ന എല്ലാ ഒഴിവുകളും റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

## V സബ്മിഷൻ

### (1) പ്രൊബേഷണറി എസ്.ഐ.യുടെ ആത്മഹത്യ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എറണാകുളം നോർത്ത് പോലീസ് സ്റ്റേഷനിലെ പ്രൊബേഷണറി എസ്.ഐ. ആയിരുന്ന ടി. ഗോപകുമാർ ആത്മഹത്യചെയ്ത സംഭവത്തിൽ സർക്കാർ കാര്യക്ഷമമായ അന്വേഷണം നടത്തേണ്ടതാണ്. കടുത്ത മാനസിക പീഡനംമൂലമാണ് താൻ ഇത് ചെയ്യുന്നതെന്നാണ് ആത്മഹത്യാ കുറിപ്പിൽ എഴുതിവച്ചത്. ഇതിന് രണ്ട് ദിവസം മുമ്പ് മറ്റൊരു പോലീസ് ഉദ്യോഗസ്ഥൻ എറണാകുളത്ത് ആത്മഹത്യ ചെയ്തിരുന്നു. വലിയ തോതിലുള്ള മാനസികപീഡനവും കനത്ത ജോലിഭാരവുമാണ് പോലീസ് ഉദ്യോഗസ്ഥർക്ക് അനുഭവിക്കേണ്ടിവരുന്നതെന്നാണ് ഇതിൽനിന്നും മനസ്സിലാക്കുന്നത്. ഗോപകുമാറിന്റെ ആത്മഹത്യാക്കുറിപ്പിൽ രണ്ട് ഉന്നത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ പരാമർശമുണ്ട്. അവരുടെ പേര് ഞാൻ ഇവിടെ പറയുന്നില്ല. അനുവദനീയമായ ലീവുപോലും നൽകാതെ ഇവർ തന്നെ മാനസികമായി പീഡിപ്പിക്കുകയും അമിത ജോലിഭാരം നൽകുകയും ചെയ്തതിലുള്ള മാനസിക വിഷമംമൂലമാണ് ആത്മഹത്യ ചെയ്തതെന്നാണ് ആത്മഹത്യാക്കുറിപ്പ് സൂചിപ്പിക്കുന്നത്. മൂന്നുമാസംമുമ്പ് കഞ്ചാവ് കേസ്സിലെ പ്രതികളെ പിടികൂടുന്നതിനിടയിൽ വീണ് പരിക്കേറ്റതുമൂലം ഡോക്ടർ നിർദ്ദേശിച്ച വിശ്രമ കാലാവധി പൂർത്തിയാക്കുന്നതിനുമുമ്പ് മേലുദ്യോഗസ്ഥർ തിരിച്ചുവിളിക്കുകയും താങ്ങാവുന്നതിലേറെ ജോലികൾ നൽകി മാനസ്സികമായി തളർത്തുകയും ചെയ്തു എന്നാണ് ഗോപകുമാറിന്റെ ബന്ധുക്കൾ പറയുന്നത്. പി.എസ്.സി. പരീക്ഷയിൽ ഉയർന്ന റാങ്ക് നേടി അഞ്ചോളം സർക്കാർ വകുപ്പുകളിൽ ജോലിചെയ്ത അനുഭവ സമ്പത്തുമായിട്ടാണ് ഗോപകുമാർ എസ്.ഐ. ആയി പ്രവേശിച്ചത്. അദ്ദേഹത്തിന്റെ കഴിവുകൾ നിർഭാഗ്യവശാൽ പോലീസ് വകുപ്പിന് ഉപയോഗിക്കാൻ കഴിഞ്ഞില്ല. ഞാൻ അദ്ദേഹത്തിന്റെ വീട്ടിലെത്തി കുടുംബാംഗങ്ങളെക്കണ്ടു. രണ്ട് പിഞ്ചുകുഞ്ഞുങ്ങളാണ് അദ്ദേഹത്തിനുള്ളത്. എറണാകുളം ഡി.സി.പി. അന്വേഷിക്കുമെന്നാണ് പത്രങ്ങളിൽ വാർത്തകണ്ടത്. എന്നാൽ എറണാകുളത്താണ് ഈ സംഭവം നടക്കുന്നത്. എറണാകുളത്തുള്ള ഉന്നത ഉദ്യോഗസ്ഥരുടെ പേരിലാണ് ആത്മഹത്യാക്കുറിപ്പ്

എഴുതിയിട്ടുള്ളത്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ആവശ്യപ്പെടാനുള്ളത്, ഈ അന്വേഷണം എറണാകുളത്തുനിന്നുമാറ്റി ഉന്നതരായ, അതായത് ഐ.ജി. റാങ്കിലുള്ള അല്ലെങ്കിൽ എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെക്കൊണ്ട് അന്വേഷിപ്പിക്കണം. കേരളത്തിൽ ഒരു പോലീസ് ഉദ്യോഗസ്ഥനും ഇതുപോലൊരവസ്ഥ ഉണ്ടാകാതിരിക്കാനുള്ള സത്വരനടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എറണാകുളം ടൗൺ നോർത്ത് പോലീസ് സ്റ്റേഷനിൽ പ്രൊബേഷനറി സബ് ഇൻസ്പെക്ടറായി ജോലി നോക്കി വന്നിരുന്ന ടി. ഗോപകുമാറിനെ 21-1-2018-ന് താമസിച്ചിരുന്ന ലോഡ്ജ് മുറിയിൽ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയതിനെത്തുടർന്ന് സി.ആർ.പി.സി. 174 വകുപ്പുപ്രകാരം ക്രൈം നമ്പർ 124/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. മരണപ്പെട്ട ഗോപകുമാറിന്റെ ബന്ധുക്കളുടെയും ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും സാന്നിദ്ധ്യത്തിൽ മൃതദേഹത്തിന്റെ ഇൻക്വസ്റ്റ് തയ്യാറാക്കി കളമശ്ശേരി മെഡിക്കൽ കോളേജിൽ പോസ്റ്റ്മോർട്ടം നടത്തിയിട്ടുണ്ട്. ഗോപകുമാർ താമസിച്ചിരുന്ന മുറിയിൽനിന്നും ലഭിച്ച ആത്മഹത്യാക്കുറിപ്പിൽ ചില പോലീസുദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ മാനസിക സമ്മർദ്ദംമൂലം ആത്മഹത്യ ചെയ്യുന്നുവെന്ന് പരാമർശിച്ചിട്ടുണ്ട്. ഗോപകുമാറിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് കൊച്ചി സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിൽ പ്രത്യേകസംഘം വിശദമായ അന്വേഷണം നടത്തിവരികയാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചൂണ്ടിക്കാണിച്ചത്, കൊച്ചി സിറ്റി പോലീസ് ഡെപ്യൂട്ടി കമ്മീഷണറുടെ നേതൃത്വത്തിലുള്ള അന്വേഷണം മറ്റൊരു ഉന്നത ഉദ്യോഗസ്ഥന്റെ, അതായത് ഐ.ജി.യുടെയോ മറ്റോ നേതൃത്വത്തിലാക്കണമെന്നുള്ളതാണ്. ഇപ്പോൾ പുതിയ ഐ.ജി.യാണ് അവിടെയുള്ളത്. അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള അന്വേഷണമെന്ന നിലയിൽ ഇതിനെ മാറ്റാവുന്നതാണ്. ഇക്കാര്യത്തിൽ തികച്ചും സുതാര്യമായ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## (2) പെട്രോളിയം ഉല്പന്നങ്ങളുടെ വില വർദ്ധനവ്

ശ്രീ. പി. കെ. ശശി: സർ, ഇന്ന് സംസ്ഥാന വ്യാപകമായി മോട്ടോർ വ്യവസായ മേഖലയിലെ തൊഴിലാളികൾ പണിമുടക്കുകയാണ്. ബി.എം.എസ്. ഒഴികെയുള്ള എല്ലാ ട്രേഡ് യൂണിയനുകളും ഒരു പ്ലാറ്റ്ഫോമിൽ അണിനിരന്നുകൊണ്ടുള്ള പണിമുടക്കാണ് നടക്കുന്നത്. മോട്ടോർ വ്യവസായ മേഖലയിൽ ഏതാണ്ട് നാലുകോടി തൊഴിലാളികൾ ഇന്ത്യയിലാകെ ജോലി ചെയ്യുന്നുണ്ട്. കേരളത്തിലെ പതിനേഴ ലക്ഷത്തോളം തൊഴിലാളികളുടെ ജീവനോപാധിയാണ് മോട്ടോർ വ്യവസായ മേഖല. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് ഈ രംഗത്തുള്ള തൊഴിലാളികളുടെ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നുവെന്ന് മാത്രമല്ല രാജ്യത്തെ ജനങ്ങളുടെ ജീവിതം കൂടുതൽ ദുരിതപൂർണ്ണമാക്കുകയുമാണ്. ഒരുതരത്തിലും നീതീകരിക്കാനാകാത്ത

കൊള്ളയാണ് കേന്ദ്രസർക്കാർ ജനങ്ങൾക്കെതിരെ നടത്തിക്കൊണ്ടിരിക്കുന്നത്. പെട്രോളിയം ഉല്പന്നങ്ങളുടെ വില സർവ്വകാല റെക്കോർഡിലാണ്. കേന്ദ്രസർക്കാർ ഓരോ ദിവസവും എണ്ണയുടെ വില വർദ്ധിപ്പിച്ച് തീരാദുരിതം സൃഷ്ടിക്കുകയാണ്. ഇന്റർനാഷണൽ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കൂടുമ്പോഴാണ് പെട്രോൾ, ഡീസൽ തുടങ്ങിയവയുടെ വില ഇവിടെ വർദ്ധിക്കുന്നതെന്നാണ് മുമ്പ് പറഞ്ഞിരുന്നത്. ഇന്റർനാഷണൽ മാർക്കറ്റിൽ ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞാലും ഇവിടെ വില വർദ്ധിക്കുന്ന സാഹചര്യമാണുള്ളത്. ഇന്ത്യയിൽ പെട്രോളിന്റെയും ഡീസലിന്റെയും വില കുതിച്ചുകയറുകയാണ്. പെട്രോൾ വില 50 രൂപയാക്കിമാറ്റുമെന്ന പ്രഖ്യാപനം ബി.ജ.പി. നേരത്തെ നടത്തിയിരുന്നു. മൂന്നുവർഷക്കാലം പിന്നിട്ടപ്പോൾ വില 80 രൂപയായി വർദ്ധിക്കുകയാണുണ്ടായത്. മാത്രമല്ല, ഇതുമൂലം പച്ചക്കറികളുടെയും മറ്റ് ഭക്ഷ്യവസ്തുക്കളുടെയുമൊക്കെ വില ഗണ്യമായി വർദ്ധിച്ചിരിക്കുകയാണ്. രാജ്യത്തെ സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ജീവിതം ഏറെ പ്രയാസകരമാണ്. കേരളത്തിലെ മൂന്നുകോടിയോളംവരുന്ന മനുഷ്യരെ കൊള്ളയടിക്കുന്ന കേന്ദ്രസർക്കാർ നയത്തിനെതിരെയുള്ള പ്രതിഷേധം കേന്ദ്രത്തെ അറിയിക്കാൻ നമ്മൾ മുൻകയ്യെടുക്കണം. കക്ഷി-രാഷ്ട്രീയ വ്യത്യാസംമറന്ന് ഒറ്റക്കെട്ടായി ഈ സഭ പ്രതിഷേധിക്കണം. മുൻകാലത്ത് കേന്ദ്രസർക്കാരാണ് എണ്ണയുടെ വില നിശ്ചയിച്ചിരുന്നത്. ആ പതിവ് മാറ്റി, വില നിശ്ചയിക്കാനുള്ള അധികാരം എണ്ണക്കമ്പനികൾക്ക് കൈമാറിയതുമൂലമാണ് ഇത്രയധികം വില വർദ്ധിച്ചത്. ആരാണ് അത് തുടങ്ങിവച്ചതെന്നൊന്നും ഞാൻ ഇപ്പോൾ പറയാൻ ആഗ്രഹിക്കുന്നില്ല. എണ്ണ വില ഇഷ്ടംപോലെ തീരുമാനിക്കാനുള്ള എണ്ണക്കമ്പനികളുടെ അവകാശം പിൻവലിക്കണം. ഇതിനുപുറമേ നരേന്ദ്ര മോദി സർക്കാർ അടിക്കടി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന എക്സൈസ് നികുതി പിൻവലിക്കണം. ജനങ്ങളെ തീരാദുരിതത്തിലേയ്ക്ക് തള്ളിവിടുന്ന കേന്ദ്രസർക്കാരിന്റെ നയത്തിൽ പ്രതിഷേധിക്കേണ്ടതിനുപകരം ചിലർ തരംതാഴ്ന്ന രാഷ്ട്രീയം കളിക്കുകയാണ്. കേന്ദ്രസർക്കാർ നികുതി കുറയ്ക്കണമെന്ന് പറയുന്നതിനോടൊപ്പം സംസ്ഥാന സർക്കാരും നികുതി കുറച്ച് വില കുറയ്ക്കാനാവശ്യമായ നിലപാട് സ്വീകരിക്കണമെന്ന പരാമർശം ശ്രീ. കെ. സി. ജോസഫിന്റെ ഭാഗത്തുനിന്നുമുണ്ടായി. അത് ബി.ജെ.പി.-യെ സഹായിക്കാനാണെന്ന് വിശ്വസിക്കുന്നവനാണ് ഞാൻ. ഇവിടെ പരാമർശിച്ച ശ്രീ. കെ. സി. ജോസഫ് ആണെങ്കിലും മാധ്യമങ്ങളാണെങ്കിലും സംസ്ഥാന സർക്കാർ ഒരിക്കൽപോലും പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതി നിരക്ക് വർദ്ധിപ്പിച്ചിട്ടില്ലെന്ന വസ്തുത മനസ്സിലാക്കണം. യു.ഡി.എഫ്. സർക്കാർ ഏർപ്പെടുത്തിയ സെസ്സ് അല്ലാതെ ഒരു രൂപയുടെ നികുതി വർദ്ധനവുപോലും കേരളത്തിലുണ്ടായിട്ടില്ലെന്ന് മനസ്സിലാക്കണം. എന്നാൽ കേന്ദ്രത്തിൽ നരേന്ദ്ര മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 16 തവണയാണ് സെൻട്രൽ എക്സൈസ് ടാക്സ് വർദ്ധിപ്പിച്ചത്. ക്രൂഡ് ഓയിലിന്റെ വില അന്താരാഷ്ട്ര മാർക്കറ്റിൽ കുറയുമ്പോൾ അതിന്റെ

പ്രയോജനം രാജ്യത്തെ ജനങ്ങൾക്ക് ലഭിക്കേണ്ടതാണ്. പക്ഷേ അത് ഇല്ലാതാക്കുന്നത് നരേന്ദ്ര മോദി സർക്കാരാണ്. നരേന്ദ്ര മോദി സർക്കാർ എക്സൈസ് നികുതി കൂട്ടുകയാണ്. അതുകാരണം ക്രൂഡ് ഓയിലിന്റെ വില അന്താരാഷ്ട്ര മാർക്കറ്റിൽ കുറയുമ്പോൾ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നില്ല. സംസ്ഥാന സർക്കാർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ നികുതിയിനത്തിൽ ഒരു ചില്ലിക്കാശുപോലും വർദ്ധിപ്പിച്ചിട്ടില്ലെന്നിരിക്കെ കേരളം നികുതി കുറയ്ക്കണമെന്ന് ഇവിടെ വാദിക്കുന്നത് ബി.ജെ.പി.-യെ വെള്ളപൂശിക്കാണിക്കാനാണ്. ഇത് നമ്മുടെ നാട്ടിൽ ചെലവാകില്ല. എണ്ണയുടെ വില കുറയ്ക്കാൻ കേന്ദ്രസർക്കാരിന്റെ നയം തിരുത്തണം. വില ഇഷ്ടംപോലെ നിശ്ചയിക്കാനുള്ള എണ്ണക്കമ്പനികളുടെ അവകാശം എടുത്തുകളയണം. നിരന്തരമായി എണ്ണ വില വർദ്ധിപ്പിക്കുന്ന നിലപാട് കേന്ദ്രസർക്കാർ തിരുത്തണം. കേരളത്തിന്റെ ഈ പൊതുവികാരം കേന്ദ്രസർക്കാരിനെ അറിയിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവിന് കാരണം കേന്ദ്രസർക്കാർ എക്സൈസ് നികുതിയിൽ വരുത്തിയ ക്രമാതീതമായ വർദ്ധനവാണ്. 2015-ൽ പെട്രോളിന് കേന്ദ്ര എക്സൈസ് നികുതി ലിറ്ററിന് 11 രൂപ 48 പൈസ ആയിരുന്നു. ഇന്ന് അത് 19 രൂപ 48 പൈസയാണ്. 69 ശതമാനമാണ് വർദ്ധനവ്. ഡീസലിന്റെ കേന്ദ്രനികുതി 4 രൂപ 46 പൈസ ആയിരുന്നത് ഇന്ന് 15 രൂപ 33 പൈസ ആയി. ക്രൂഡ് ഓയലിന്റെ വില അന്താരാഷ്ട്ര മാർക്കറ്റിൽ കുറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ് നമ്മുടെ രാജ്യത്ത് പെട്രോളിന്റെയും ഡീസലിന്റെയും വില കൂടിക്കൊണ്ടിരിക്കുന്നത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലയുടെ നിശ്ചിത ശതമാനമാണ് നികുതിയായി ചുമത്തുന്നത്. അതുകൊണ്ട് പെട്രോളിയം ഉൽപ്പന്നങ്ങൾക്കുണ്ടാകുന്ന വില വർദ്ധനവിന് ആനുപാതികമായി നികുതി തുകയും ഉയരും. ഇപ്പോഴത്തെ കേന്ദ്രസർക്കാർ 2014-ൽ അധികാരത്തിലെത്തുമ്പോൾ പെട്രോളിന്റെ എക്സൈസ് നികുതി 9 രൂപ 20 പൈസ ആയിരുന്നു. ഇത് 2018 ജനുവരി ആയപ്പോൾ 19 രൂപ 48 പൈസയായി. ഡീസലിന്റെ എക്സൈസ് നികുതി 3 രൂപ 46 പൈസയിൽനിന്നും 15 രൂപ 33 പൈസയായി ഉയർത്തി. 2014-ൽ ക്രൂഡ് ഓയിലിന്റെ വില ബാരലിന് 106 ഡോളായിരുന്നു. അത് 2018-ൽ 61 ഡോളറായി കുറയുകയാണ് ചെയ്തത്. രാജ്യാന്തര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില വൻതോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന ഘട്ടത്തിൽ കേന്ദ്രസർക്കാർ ഇന്ധനവില വർദ്ധിപ്പിച്ചത് ന്യായീകരിക്കാവുന്നതല്ല. പെട്രോളിയം കമ്പനികൾക്ക് ലാഭം വർദ്ധിപ്പിക്കാനാണ് വില ഭീമമായി ഉയർത്താൻ അനുവാദം കൊടുത്തിരിക്കുന്നത്. സംസ്ഥാന സർക്കാർ നികുതി വർദ്ധിപ്പിച്ചിട്ടില്ല. യു.ഡി.എഫ്. സർക്കാർ ഏർപ്പെടുത്തിയ സെസ്സ് അല്ലാതെ ഇവിടെ നികുതി

വർദ്ധനവുണ്ടായിട്ടില്ല. അതുകൊണ്ട് പെട്രോൾ, ഡീസൽ വിലക്കയറ്റത്തിന് കാരണം പെട്രോളിയം കമ്പനികളുടെ കൊള്ളയും കേന്ദ്രസർക്കാരിന്റെ നികുതിയും മാത്രമാണ്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിർണ്ണയിക്കാനുള്ള അവകാശം പെട്രോളിയം കമ്പനികൾക്ക് നൽകിയതാണ് ഇന്നത്തെ അനിയന്ത്രിതമായ വിലക്കയറ്റത്തിന് കാരണം. സ്വകാര്യ പെട്രോളിയം കമ്പിനികളെ സഹായിക്കുന്ന യു.പി.എ. സർക്കാരിന്റെ നയമാണ് എൻ.ഡി.എ. സർക്കാരും തുടരുന്നത്. ഈ യാഥാർത്ഥ്യം മറച്ചുവയ്ക്കുന്നതിനു വേണ്ടിയാണ് സംസ്ഥാന സർക്കാരിന്റെ നികുതിയാണ് വിലക്കയറ്റത്തിന് കാരണമെന്ന് പ്രചരിപ്പിക്കുന്നത്. ക്രൂഡ് ഓയിൽ വില ഇടിയുമ്പോഴെല്ലാം എക്സൈസ് നികുതി വർദ്ധിപ്പിച്ച് ആ വിലയിടിവിന്റെ നേട്ടം ജനങ്ങൾക്ക് നിഷേധിച്ച് ഖജനാവിൽ മുതൽക്കൂട്ടുക എന്ന നയമാണ് കേന്ദ്രസർക്കാർ അവലംബിച്ചിട്ടുള്ളത്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റം ഉൾപ്പെടെ ജനങ്ങൾക്ക് ദുരിതങ്ങൾ സൃഷ്ടിക്കും. ഇക്കാര്യങ്ങൾ ഉന്നയിച്ചുകൊണ്ടാണ് ഇന്നത്തെ വാഹനപണിമുടക്ക്. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവുമൂലം ജനങ്ങൾക്കുണ്ടായ ദുരിതങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

11.00 a.m]

## (3) പറമ്പിക്കുളം-ആളിയാർ നദീജല കരാർ

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ഞാൻ വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽക്കൊണ്ടുവരുന്നത്. തമിഴ്നാടിന്റെ പ്രവൃത്തിമൂലം പാലക്കാട് ജില്ലയിൽ പ്രത്യേകിച്ച് ചിറ്റൂർ പ്രദേശത്തെ കൃഷിക്കാർ വല്ലാത്ത പ്രതിസന്ധിയിലാണ്. കൃഷികൊണ്ട് ഉപജീവനം കഴിക്കുന്നവരാണ് അവിടെയുള്ള മിക്കവാറും കുടുംബങ്ങൾ. കൃഷിക്കാരും കർഷകത്തൊഴിലാളികളും എങ്ങനെ ജീവിതം മുന്നോട്ടുകൊണ്ടുപോകുമെന്ന ആശങ്കയിലാണ് ഇന്ന്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് അവിടത്തെ ചീഫ് സെക്രട്ടറിയുമായി ബന്ധപ്പെട്ട് 19-ാം തീയതി ഒരു ചർച്ച നടത്തിയിരുന്നു. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ 400 ക്യുസെക്സ് വെള്ളം ഫെബ്രുവരി 15-ാം തീയതിവരെ തരാമെന്നും ബാക്കിയുള്ള വെള്ളം എങ്ങനെ തരാമെന്നത് സംബന്ധിച്ച് ചർച്ച ചെയ്യാമെന്നും തീരുമാനിച്ചു. അതിനുശേഷം തമിഴ്നാട്ടിലെ കുറേ കൃഷിക്കാർ പി.എ.പി. ഓഫീസിനുമുന്നിൽ സമരം നടത്തിയതിന്റെ പേരിൽ അവിടത്തെ മുഖ്യമന്ത്രി ഇടപെട്ട് ആ കരാർ ലംഘിച്ച് നമുക്ക് നൽകേണ്ട വെള്ളം തടഞ്ഞുവച്ചിരിക്കുകയാണ്. അവർ കരാർ ലംഘിക്കുമ്പോഴൊക്കെ നമ്മൾ നോക്കിയിരിക്കേണ്ട അവസ്ഥയാണുണ്ടാകുന്നത്. ഇന്നലെയുണ്ടായ സംഭവം, ആളിയാർ ഡാമിന് താഴെയുള്ള കൃഷിക്കാർ ഈ തീരുമാനത്തിനെതിരായി നമ്മുടെ കൃഷിക്കാരോടൊപ്പം സമരം നടത്തിയപ്പോൾ ഇന്നലെ രാത്രി 8.00 മണിക്ക്

വെള്ളം ആളിയാറിലേയ്ക്ക് ഒഴുക്കാമെന്ന തീരുമാനമുണ്ടായി. അതിൽ വലിയൊരു ചതികൂടിയുണ്ട്. അപ്പർ ആളിയാറിലെയും കാടമ്പാറ ഡാമിലെയും വെള്ളമെടുത്ത് കൊടുത്തുകൊണ്ട് ആളിയാറിന്റെ താഴെയുള്ള തമിഴ്നാട്ടിലെ കൃഷിക്കാരെമാത്രം സംരക്ഷിക്കാനുള്ള നടപടിയുമായാണ് മുന്നോട്ടുപോകുന്നത്. അപ്പർ ആളിയാറിലെയും കാടമ്പാറ ഡാമിലെയും വെള്ളം ഇപ്പോൾ എടുത്താൽ ഏപ്രിൽ-മേയ് മാസങ്ങളിൽ നമുക്ക് കുടിവെള്ളത്തിന് ബുദ്ധിമുട്ടുണ്ടാകും. ഭാരതപ്പുഴയിലുള്ള 140-ഓളം വരുന്ന കുടിവെള്ള സ്രോതസ്സുകളെ അത് ബാധിച്ചാൽ പാലക്കാടിന്റെ സ്ഥിതി ഭീകരമാകും. അതിന്റെ പ്രത്യാഘാതം ഊഹിക്കാൻ സാധിക്കില്ല. ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കണം. കരാർ പ്രകാരമുള്ള നടപടി സ്വീകരിച്ചാൽ മതി. ഞാൻ 28-ാം തീയതി മുഖ്യമന്ത്രിക്ക് വിശദമായ കത്ത് നൽകിയിരുന്നു. അദ്ദേഹം അത് ജലവിഭവ വകുപ്പുമന്ത്രിക്കും ബന്ധപ്പെട്ട സെക്രട്ടറിക്കും അയച്ചു എന്ന മറുപടിയും എനിക്ക് ലഭിച്ചു. കരാർ പ്രകാരമുള്ള തീരുമാനം നടപ്പാക്കാൻ ശ്രമിച്ചാൽ തന്നെ തമിഴ്നാടിന് ഒന്നുംചെയ്യാൻ സാധിക്കില്ല. അവരിൽ നിന്ന് ആക്രമിച്ചെടുക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. പറമ്പിക്കുളത്ത് വളരെക്കുറച്ച് വെള്ളമേയുള്ളൂ. അതുംകൂടി തമിഴ്നാട് കൊണ്ടുപോയാൽ നമുക്ക് ജലം കിട്ടാത്ത സ്ഥിതി വരും. ഇനി 3.5 ടി.എം.സി. ജലം നമുക്ക് കിട്ടാനുണ്ട്. 3.75 ടി.എം.സി. ജലമേ പറമ്പിക്കുളത്തുള്ളൂ. അത് എടുത്താൽ നമുക്ക് വെള്ളമില്ലാത്ത അവസ്ഥയായിരിക്കും ഉണ്ടാവുക. വെള്ളം ചോദിക്കുമ്പോൾ വെള്ളമില്ലെന്ന് പറഞ്ഞ് കയ്യൊഴിയാനുള്ള അവസരവുമുണ്ടാകും. കേരളത്തിൽനിന്ന് 220 ടി.എം.സി. ജലം തമിഴ്നാട് കൊണ്ടുപോകുന്നുണ്ട്. 12.25- ഉം 7.25-ഉം ടി.എം.സി. ജലം മാത്രമാണ് നമുക്ക് തരുന്നത്. ഇത്രയും വെള്ളം നൽകുന്ന മറ്റൊരു സ്റ്റേറ്റ് ഇല്ല. പറമ്പിക്കുളത്തുനിന്ന് മാത്രം 900 കോടി രൂപയുടെ ഇലക്ട്രിസിറ്റി നമ്മുടെ ജലം ഉപയോഗിച്ച് അവർ കൊണ്ടുപോവുകയാണ്. അതിൽ ഒരു പൈസയും തരുന്നില്ല. മുല്ലപ്പെരിയാറിൽ യൂണിറ്റിന് ചെറിയൊരു തുക തരുന്നുണ്ട്. ഇത്രയും ജലം നൽകിയിട്ടും മോശമായ പെരുമാറ്റമാണ് തമിഴ്നാടിന്റെ ഭാഗത്ത് നിന്നുണ്ടാകുന്നത്. കരാർ പ്രകാരമുള്ള വെള്ളം വാങ്ങാനുള്ള ശക്തമായ നടപടി സ്വീകരിക്കണം. ഇതിന് എന്തെങ്കിലും ലംഘനമുണ്ടായാൽ ഇന്നയിന്ന തടസ്സം ചെയ്യാൻ നിങ്ങൾക്ക് അധികാരമുണ്ടെന്നുള്ള കാമരാജിന്റെ കത്തുണ്ട്. അതെങ്കിലും ഉപയോഗിച്ചാൽ നമുക്ക് അവകാശപ്പെട്ട ജലം ലഭ്യമാക്കാൻ കഴിയും. ആ കരാറിലെ 'അഷ്വേർഡ് ഇറിഗേഷൻ' എന്ന വാചകം നമുക്ക് വെള്ളം തരാൻ മാത്രമുള്ളതാണ്, തമിഴ്നാടിന് എടുക്കാനല്ല. അത് വാങ്ങിക്കാനുള്ള അടിയന്തര നടപടി സ്വീകരിക്കണം. ഇല്ലെങ്കിൽ കതിരായിനിൽക്കുന്ന നെല്ല് കൊയ്തെടുക്കാൻ കഴിയാതെവരും. വിളവെടുക്കാൻ കഴിയാതെ വന്നാൽ അതിന്റെ ദുരന്തം ഭീകരമായിരിക്കും. അതിനാൽ മുഖ്യമന്ത്രി അടിയന്തരമായി ഈ പ്രശ്നത്തിലിടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. ബി. ഡി. ദേവസ്സി: സർ, പറമ്പിക്കുളം-ആളിയാർ കരാർ അനുസരിച്ച് എല്ലാ വർഷവും ഫെബ്രുവരി 1-നും സെപ്റ്റംബർ 1-നും മുൻപായി കേരള ഷോളയാർ, അപ്പർ ഷോളയാർ എന്നിവിടങ്ങളിൽനിന്ന് വെള്ളമെടുത്ത് തമിഴ്നാട് നിറയ്ക്കേണ്ടതാണ്. എന്നാൽ കഴിഞ്ഞ കുറേ വർഷങ്ങളായി ഈ കരാർ പാലിക്കപ്പെടാറില്ല. ഷോളയാറിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിച്ച് പുറത്തേക്കുവിടുന്ന ജലം പെരിങ്ങലിൽ വൈദ്യുതി ഉത്പാദിപ്പിച്ച് പുറത്തേയ്ക്കുവിടുന്നതാണ് ചാലക്കുടി പുഴയുടെ നീരൊഴുക്ക്. ഈ നീരൊഴുക്കാണ് വാഴച്ചാലിലെ മനോഹാരിതയും അതിരപ്പിള്ളി വെള്ളച്ചാട്ടവും. എറണാകുളം തൃശ്ശൂർ ജില്ലകളിലായി അഞ്ച് നിയോജകമണ്ഡലങ്ങളിൽ ജലസേചനത്തിനും കുടിവെള്ളത്തിനും ഉപയോഗിക്കുന്നതും നിരവധി ലിഫ്റ്റ് ഇറിഗേഷനുകൾ, കുടിവെള്ള പദ്ധതികൾ എന്നിവ പ്രവർത്തിക്കുന്നതും ഈ നീരൊഴുക്കുമൂലമാണ്. ഓരുവെള്ളം തടയുന്നതും ഈ നീരൊഴുക്കാണ്. കരാർ പാലിക്കാത്തതിന്റെ ഭാഗമായി വെള്ളം കുറയുമ്പോൾ ചാലക്കുടി പുഴയിലെ നീരൊഴുക്ക് കുറയുകയും നിരവധി ബുദ്ധിമുട്ടുകളുണ്ടാവുകയും ചെയ്യുന്നുണ്ട്. അതുകൊണ്ട് കരാർ പ്രകാരം ഷോളയാർ ഫെബ്രുവരി 1-ന് മുൻപായി നിറയ്ക്കുന്നതിനും കരാർ പുതുക്കി നിശ്ചയിക്കുന്നതിനും ആവശ്യമായ നടപടികളുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, വളരെ ഗൗരവമായ പ്രശ്നമാണ് ബഹുമാന്യരായ രണ്ട് അംഗങ്ങളും ഇവിടെ ചൂണ്ടിക്കാണിച്ചത്. പറമ്പിക്കുളം ആളിയാർ പ്രോജക്ട് കരാർ പ്രകാരം കേരളത്തിന് ഒരു വർഷം മണക്കടവ് വിയറിൽ ചിറ്റൂർ പുഴ പ്രദേശത്തേയ്ക്കുവേണ്ടി 7.25 ടി.എം.സി.എഫ്.റ്റി ജലമാണ് ലഭിക്കേണ്ടത്. എന്നാൽ നടപ്പ് ജലവർഷത്തിൽ 23-1-2018 വരെ 4.725 ടി.എം.സി.എഫ്.റ്റി. ജലമാണ് ലഭിച്ചിട്ടുള്ളത്. 2018 ജൂൺ 30-നകം 2.525 ടി.എം.സി. ജലം ലഭിക്കാനുണ്ട്. ജലവർഷത്തിന്റെ തുടക്കംമുതൽതന്നെ ജലസേചന വകുപ്പും കേരള സർക്കാരും കരാർ പ്രകാരം കേരളത്തിനുള്ള ജലം ലഭ്യമാക്കാൻ പരമാവധി ശ്രമിച്ചുവരികയാണ്. ഇതിനായി ഉദ്യോഗസ്ഥ തലത്തിലും സർക്കാർ തലത്തിലും നിരവധി കത്തുകൾ തമിഴ്നാടിന് അയച്ചിട്ടുണ്ട്. 23-11-2017-ന് ഉദ്യോഗസ്ഥതലത്തിൽ നടന്ന ചർച്ചയിൽ 2017 ഡിസംബർ മാസത്തിൽ കരാർ പ്രകാരമുള്ള ജലം ലഭ്യമാക്കാമെന്ന് സമ്മതിക്കുകയും ഇത് ഏറെക്കുറെ ലഭിക്കുകയും ചെയ്തിട്ടുണ്ട്. 22-12-2017-ലെ JWRD യോഗത്തിൽ PAP കരാർ പ്രകാരം അവകാശപ്പെട്ട ജലം ലഭിക്കുന്നതിന് കേരള സർക്കാർ ശക്തമായി ഇടപെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 19-1-2018-ന് തിരുവനന്തപുരത്തുവച്ച് ഇരു സംസ്ഥാനങ്ങളിലേയും സെക്രട്ടറിമാർ പങ്കെടുത്തുകൊണ്ട് അന്തർസംസ്ഥാന നദീജല വിഷയങ്ങൾ സംബന്ധിച്ച് ഒരു ചർച്ച നടത്തുകയുണ്ടായി. ഈ ചർച്ചയ്ക്ക് സമാന്തരമായി JWRD-യുടെ ഒരു യോഗം ചേരുകയും കേരളത്തിന് ചിറ്റൂർ പുഴ പദ്ധതിയിലേയ്ക്ക് 2018 ഫെബ്രുവരി 15 വരെ 400 ക്യുസെക്സ് എന്നതോതിൽ ജലം മണക്കടവിൽ

ലഭ്യമാക്കാമെന്നും ഇതിനുശേഷമുള്ള ജലവിതരണത്തെപ്പറ്റി 10-2-2018-ന് ചെന്നൈയിൽ ചേരാനിരിക്കുന്ന സെക്രട്ടറിതല യോഗത്തിൽ തീരുമാനിക്കാമെന്നും ധാരണയായിരുന്നു. ഇതിനെത്തുടർന്ന് തമിഴ്നാട്ടിൽ പ്രതിഷേധം ഉയർന്നുവന്നതായി കഴിഞ്ഞ ദിവസം മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് സംസ്ഥാന ചീഫ് സെക്രട്ടറി തമിഴ്നാട് ചീഫ് സെക്രട്ടറിയെ ഫോണിലൂടെ ബന്ധപ്പെടുകയും കേരളത്തിന്റെ ആശങ്ക അറിയിക്കുകയും ചെയ്തിട്ടുണ്ട്. അർഹതപ്പെട്ട ജലവിഹിതം ലഭിക്കാൻ സർക്കാർ തുടർച്ചയായി ഇടപെട്ടതിനെത്തുടർന്ന് ഇന്ന് രാവിലെ, ജനുവരി 19-നുണ്ടാക്കിയ ധാരണ പ്രകാരമുള്ള വെള്ളം ലഭ്യമാക്കുമെന്ന് സംസ്ഥാനത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ തമിഴ്നാട്ടിലെ ഉദ്യോഗസ്ഥർ അറിയിച്ചിട്ടുണ്ട്. പറമ്പിക്കുളം-ആളിയാർ കരാർ ഓരോ 30 വർഷം കൂടുമ്പോഴും ഉഭയകക്ഷി സമ്മതപ്രകാരം പുനരവലോകനം ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടികൾ 1988-ൽതന്നെ കേരളം ആരംഭിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥതലത്തിലും മന്ത്രിതലത്തിലും മുഖ്യമന്ത്രിതലത്തിലും നിരവധി ചർച്ചകൾ നടന്നുവെങ്കിലും കരാറുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരസ്പര ധാരണയിലെത്തിച്ചേരാൻ സാധിക്കാത്തതിനാൽ പുനരവലോകനം യാഥാർത്ഥ്യമായിട്ടില്ല. 19-1-2018-ന് തിരുവനന്തപുരത്ത് നടത്തിയ സെക്രട്ടറിതല യോഗത്തിലും കരാർ പുനരവലോകനം പരാമർശിക്കപ്പെട്ടു. പുനരവലോകന പ്രക്രിയ സജീവമായി മുന്നോട്ടുകൊണ്ടുപോകാനാണ് ചർച്ചയിൽ പൊതുവേ ധാരണയായത്. 10-2-2018-ന് ചെന്നൈയിൽ ചേരാനുദ്ദേശിക്കുന്ന സെക്രട്ടറിതല തുടർ ചർച്ചയിലും ഇക്കാര്യത്തിൽ മുഖ്യപരിഗണന നൽകുന്നതാണ്. കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് തമിഴ്നാടുമായി തുടർചർച്ച നടത്തി മെച്ചപ്പെട്ട ജലവിഹിതം നേടിയെടുത്ത് കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള സാധ്യതകളാണ് കേരളം ആരായുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, എനിക്കൊരു കാര്യം പറയാനുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇത് സബ്മിഷനാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ജോയിന്റ് വാട്ടർ റിലേഷൻ കമ്മീഷന്റെ റിപ്പോർട്ടിനെക്കുറിച്ച് അങ്ങ് പറഞ്ഞു. അതൊരു സ്റ്റാറ്റ്യൂട്ടറി ബോഡിയാണ്. ചീഫ് സെക്രട്ടറി തലത്തിലുള്ള ചർച്ചയെക്കുറിച്ചും അങ്ങ് പറഞ്ഞു. ഉദ്യോഗസ്ഥതലത്തിലുള്ള ചർച്ചകൊണ്ട് ഈ അടിയന്തര സാഹചര്യം പരിഹരിക്കാൻ ബുദ്ധിമുട്ടാണെന്നുള്ളത് പൂർവ്വകാല പ്രവർത്തനംകൊണ്ട് നമുക്കറിയാം. അവിടെ മന്ത്രിതല ചർച്ചയ്ക്കു പോയാൽപ്പോലും പ്രയോജനമുണ്ടാവില്ല. മുഖ്യമന്ത്രി നേരിട്ട് ഇടപെട്ട് മുഖ്യമന്ത്രിതല ചർച്ച നടത്തി പാലക്കാടുള്ള അടിയന്തര സാഹചര്യം പരിഹരിക്കുന്നതിന് ശ്രമിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ നാടിന്റെ പ്രധാനപ്പെട്ട ഒരു പ്രശ്നമെന്ന നിലയിൽ ഇപ്പോഴുള്ള തമിഴ്നാട് മുഖ്യമന്ത്രിയെ ഞാൻ കാണുകയും അദ്ദേഹവുമായി ഇക്കാര്യങ്ങൾ സംസാരിക്കുകയും ചെയ്തിരുന്നു. ഞങ്ങളുണ്ടാക്കിയ അന്നത്തെ ധാരണ സെക്രട്ടറിതല ചർച്ചകൾ നടന്നതിനുശേഷം ആവശ്യമാണെങ്കിൽ പിന്നീട് മറ്റ് ചർച്ചകൾ നടത്താമെന്നാണ്.

(4) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിനുള്ള വരുമാനപരിധി

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, സംസ്ഥാനത്തെ പിന്നോക്ക വിഭാഗമുൾപ്പെടെയുള്ള പാർശ്വവത്കൃത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും സ്കൂൾ/ കോളേജ് പ്രവേശനത്തിനും വിവിധ സ്കോളർഷിപ്പുകൾക്കും തൊഴിലിനും സംവരണം അനുവദിക്കുന്നത് നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ്. മേൽത്തട്ട് പരിധി നിർണ്ണയിക്കുന്നതിനുള്ള വരുമാനം നിലവിൽ 6 ലക്ഷം രൂപയാണ്. എന്നാൽ കേന്ദ്രസർക്കാർ 13-9-2017-ലെ 36033/01/2013/Est. Reservation എന്ന ഓഫീസ് മെമ്മോറാണ്ടം മുഖേന ഈ തുക 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ബന്ധപ്പെട്ട സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശവും നൽകിയിരുന്നു. എന്നാൽ പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഏറെ ഗുണകരമായിരുന്ന ഈ നിർദ്ദേശം നടപ്പിലാക്കാൻ സംസ്ഥാന സർക്കാർ ഇതുവരെ തയ്യാറായിട്ടില്ല. മറ്റു പല സംസ്ഥാനങ്ങളിലും ഇതിനകംതന്നെ 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. സംസ്ഥാന സർക്കാരിന്റെ പിന്നോക്ക ജനവിഭാഗങ്ങളോടുള്ള നിഷേധാത്മക സമീപനമാണ് ഇതിലൂടെ വ്യക്തമാകുന്നത്. ആയതിനാൽ പിന്നോക്ക വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സ്കൂൾ/കോളേജ് പ്രവേശനത്തിനും വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും അവർക്ക് തൊഴിൽ ലഭിക്കുന്നതിനുമായി നിലവിലുള്ള മേൽത്തട്ട് പരിധി 6 ലക്ഷം രൂപയിൽനിന്ന് 8 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, മറ്റ് പിന്നോക്ക വിഭാഗങ്ങൾക്കുള്ള ക്രീമിലെയർ വരുമാനപരിധി 31-1-2014-ലെ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ 6 ലക്ഷം രൂപയാണ്. 13-9-2017-ലെ 36033/01/2013 എന്ന ഓഫീസ് മെമ്മോറാണ്ടം പ്രകാരം കേന്ദ്രസർക്കാർ ക്രീമിലെയർ വരുമാന പരിധി 6 ലക്ഷം രൂപയിൽനിന്ന് 8 ലക്ഷം രൂപയായി വർദ്ധിപ്പിച്ചിരുന്നു. അതിന് 1-9-2017 മുതൽ പ്രാബല്യവും നൽകിയിരുന്നു. എന്നാൽ 2008-ൽ 4.5 ലക്ഷം രൂപയായിരുന്ന വരുമാന പരിധി വർദ്ധിപ്പിച്ചത് ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷന്റെ റിപ്പോർട്ടിന്റെ

അടിസ്ഥാനത്തിലായിരുന്നു. പിന്നീട് 27-5-2013-ലെ ഓഫീസ് മെമ്മോറാണ്ടം പ്രകാരം 6 ലക്ഷം രൂപയായി കേന്ദ്രസർക്കാർ പരിധി വർദ്ധിപ്പിച്ചു. അതിനുശേഷം 31-1-2014-ൽ സംസ്ഥാന സർക്കാർ വരുമാന പരിധി 6 ലക്ഷം രൂപയായി സംസ്ഥാനത്ത് ഏകീകരിച്ചു. ക്രീമിലെയർ വരുമാനപരിധി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് പരിശോധന നടത്തിയെങ്കിലും തത്ക്കാലം വരുമാന പരിധിയിൽ മാറ്റംവരുത്തേണ്ടതില്ലെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(5) മലമ്പുഴ റിസർവോയറിൽനിന്നും ജലം നൽകുന്നതിനുള്ള മുൻഗണന

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, കാലാവസ്ഥാ വ്യതിയാനംമൂലം മഴ കുറയുന്നതും ഭൂഗർഭജലനിരപ്പ് താഴ്ന്നുപോകുന്നതും കാരണം സംസ്ഥാനത്തെ നെല്ലറകളിലൊന്നായ പാലക്കാട് ജില്ല കൊടുംവരൾച്ചയിലേയ്ക്ക് നീങ്ങുകയാണ്. പ്രകൃതിവിഭവങ്ങളുടെ അമിതമായ ചൂഷണവും അശാസ്ത്രീയമായ ജല ഉപഭോഗവും ഈ വരൾച്ചയുടെ കാഠിന്യം വർദ്ധിപ്പിച്ചിട്ടുണ്ട്. കൊടുംവരൾച്ച കാരണം മലമ്പുഴ പ്രദേശത്തെ ക്രിട്ടിക്കൽ സോണിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇപ്പോൾ മലമ്പുഴ മണ്ഡലത്തിൽപ്പെട്ട എലപ്പുള്ളി, മരുത റോഡ്, പുതുശ്ശേരി, പുതുപ്പരിയാരം ഗ്രാമപഞ്ചായത്തുകളിലും മലമ്പുഴ ഡാമിന്റെ മറുകരയിൽ ആദിവാസികൾ തിങ്ങിപ്പാർക്കുന്ന ആനക്കൽ, കവ എന്നിവിടങ്ങളിലും കുടിവെള്ളക്ഷാമം അതിരൂക്ഷമാണ്. കഴിഞ്ഞ വേനൽക്കാലത്ത് വാട്ടർ കിയോസ്കുകൾ സ്ഥാപിച്ച് ഇതിന് താൽക്കാലിക പരിഹാരമുണ്ടാക്കിയതാണ്. കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച 75 കോടി രൂപയുടെ മലമ്പുഴ കുടിവെള്ള പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. മണ്ഡലത്തിൽ കൃഷിഭൂമിയുടെ അളവ് 6937 ഹെക്ടറാണ്. ഇപ്പോൾ രണ്ടാംവിളയിറക്കിയ സമയമാണ്. വിളവെടുപ്പ് സമയത്ത് ജലം ലഭിക്കാത്ത അവസ്ഥയാണ് ഉണ്ടാകാൻ പോകുന്നത്. ജലസേചന കനാലുകളുടെ വാലറ്റ് പ്രദേശങ്ങളിൽ ജലം എത്താത്ത സ്ഥിതിയുമുണ്ട്. കാഡ പദ്ധതി നിർത്തിവച്ചതുകാരണം ജലസേചന കനാൽ വൃത്തിയാക്കൽ സ്തംഭിച്ചിരിക്കുകയാണ്. അതുകൊണ്ടുതന്നെ കനാലുകളിൽ വെള്ളച്ചോർച്ച രൂക്ഷമാണ്. 2016-ലെ രണ്ടാംവിള സമയത്ത് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കൃഷിയിറക്കിയതിൽ 340 ഹെക്ടർ സ്ഥലത്തെ കൃഷി ഉണങ്ങിപ്പോയി. ജലദൗർലഭ്യം രൂക്ഷമായതിനെത്തുടർന്ന് കഴിഞ്ഞ രണ്ടാംവിള സമയത്ത് വിള നിരീക്ഷണ സമിതി മണ്ഡലത്തിലെ 695 ഹെക്ടർ ഭൂമിയിൽ കൃഷിയിറക്കരുതെന്ന് കൃഷിക്കാർക്ക് നിർദ്ദേശം നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ മലമ്പുഴ മണ്ഡലത്തിൽ 1250 കർഷകർക്ക് ഹെക്ടറിന് 6,000 രൂപ നിരക്ക് പ്രകാരം നഷ്ടപരിഹാരത്തുക നൽകുന്നതിനായി കൃഷി വകുപ്പ് സർക്കാരിലേയ്ക്ക് കണക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ഈ സാഹചര്യത്തിലാണ് കേരള വാട്ടർ അതോറിറ്റി വ്യാവസായിക ആവശ്യങ്ങൾക്കായി വെള്ളം ലഭ്യമാക്കുന്നതിനുള്ള കിൻഫ്ര ജലവിതരണ പദ്ധതിയുമായി

മുന്നോട്ടുപോകുന്നത്. 2014-ൽ 25 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പദ്ധതി മലമ്പുഴ റിസർവോയറിൽ നിന്ന് പൈപ്പ് ലൈൻ വലിച്ച് വ്യാവസായിക ആവശ്യത്തിന് ജലം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ളതാണ്. പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിക്കുകയും 4 കോടി രൂപയ്ക്ക് പൈപ്പുകൾ വാട്ടർ അതോറിറ്റി വാങ്ങുകയും ചെയ്തിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. മലമ്പുഴ സംഭരണശേഷിയിൽനിന്ന് കുടിവെള്ളാവശ്യത്തിന് ജലം തികയാതെ വരുമ്പോൾ 10 mm ജലം ദൈനംദിന വ്യാവസായിക ആവശ്യങ്ങൾക്ക് നൽകണമെന്ന തീരുമാനമാണുള്ളതെന്നും അറിയുന്നു. ഈ വിഷയം കഴിഞ്ഞ സഭാ സമ്മേളനത്തിലും ഞാൻ ഉന്നയിച്ചിരുന്നു. മലമ്പുഴ റിസർവോയറിലെ ജലലഭ്യത നിലവിൽ 65 mm ആണ്. 2018 ഫെബ്രുവരി മാസം 8-ാം തീയതി വരെ കാർഷിക ജലസേചനത്തിന് വെള്ളം വിട്ടുകൊടുക്കാനാണ് ഇറിഗേഷൻ വകുപ്പ് തീരുമാനിച്ചിട്ടുള്ളത്. വ്യാവസായിക ആവശ്യത്തിന് ജലം നൽകുന്നതിന് നിർബന്ധിക്കപ്പെട്ട വിഷയം 2017 ഒക്ടോബറിൽ നടന്ന പാലക്കാട് ജില്ലാ വികസന സമിതിയോഗം ചർച്ച ചെയ്യുകയും ആശങ്കകൾ സർക്കാരിനെ അറിയിക്കാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. മണ്ഡലത്തിലെ കർഷകരുടെ ആശങ്കകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് കർഷക സംഘടനകൾ ഇപ്പോൾ പ്രക്ഷോഭത്തിലാണ്. ആയതിനാൽ പാലക്കാട് ജില്ലയിലെ കൊടുംവരൾച്ച കണക്കിലെടുത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും കാർഷിക ജലസേചനത്തിനാവശ്യമായ വെള്ളം ലഭ്യമാക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നും അതിന് മുൻഗണന നൽകി മാത്രമേ വ്യാവസായിക ആവശ്യങ്ങൾക്ക് ജലം നൽകാവൂ എന്നും ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, 1955-ൽ പൂർത്തിയായ മലമ്പുഴ അണക്കെട്ടിന്റെ പൂർണ്ണ സംഭരണശേഷി 226 മില്ല്യൺ $m^3$ ആണ്. 2015-ലെ KERI പഠനത്തിന്റെ അടിസ്ഥാനത്തിൽ അടിഞ്ഞുകൂടിയിട്ടുള്ള സിൽറ്റ് കുറച്ചാൽ നിലവിലുള്ള അണക്കെട്ടിന്റെ സംഭരണശേഷി 197.74 മില്ല്യൺ$m^3$ ആണ്. എന്നാൽ രണ്ടാംവിളയ്ക്ക് ജലസേചനം നടത്തുന്നതിന് മാത്രം 188.328 മില്ല്യൺ$m^3$-ഉം കേരള വാട്ടർ അതോറിറ്റിക്ക് വർഷംതോറും കൊടുക്കുന്ന 21.96 മില്ല്യൺ$m^3$-ഉം ഉൾപ്പെടെ 210.288$m^3$ ജലം ആവശ്യമാണ്. കഴിഞ്ഞ മൂന്നുവർഷമായി പാലക്കാട് ജില്ലയിലെ വരൾച്ച കണക്കിലെടുത്ത് കഠിന വേനൽക്കാലത്ത് ഭാരതപ്പുഴയിൽനിന്ന് കുടിവെള്ളം പമ്പ് ചെയ്യുന്ന പദ്ധതികൾക്ക് ആവശ്യമായ ജലം നൽകാറുണ്ട്. ഈ വർഷവും അണക്കെട്ട് പൂർണ്ണ സംഭരണശേഷിയിൽ എത്തിയിട്ടില്ലാത്തതിനാൽ വളരെ ക്രമീകരിച്ചാണ് ജലവിതരണം നടത്തിവരുന്നത്. 2011-ൽ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം കേരള വാട്ടർ അതോറിറ്റിക്ക് കൊടുക്കേണ്ട 96 mld ജലത്തിൽ നിന്ന് കിൻഫ്രയ്ക്ക് 10 mld ജലം വിട്ടുകൊടുക്കാൻ 31-1-2015 ൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

നിലവിലെ സാഹചര്യത്തിൽ ഒന്നാമത് കുടിവെള്ളത്തിനും രണ്ടാമത് കാർഷിക ആവശ്യത്തിനും മുൻഗണന കൊടുത്തുകൊണ്ട് മാത്രമേ വ്യാവസായിക ആവശ്യത്തിന് ജലം വിട്ടുനൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

(6) റോഡ് റെസ്റ്റോറേഷൻ ചാർജ്

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനായി പി.ഡബ്ല്യു.ഡി. റോഡ് റെസ്റ്റോറേഷൻ ചാർജ് അനുവദിക്കുന്നതിനുള്ള വിഷയമാണ് ഇവിടെ അവതരിപ്പിക്കുന്നത്. എന്റെ മണ്ഡലത്തിലെ അടൂർ നഗരസഭയിലും സമീപത്തെ നിരവധി പഞ്ചായത്തുകളിലും മൂന്നരപതിറ്റാണ്ടിലധികം പഴക്കമുള്ള കാലഹരണപ്പെട്ട ആസ്ബറ്റോസ് സിമന്റ് പൈപ്പുകളാണ് കുടിവെള്ള വിതരണത്തിനായി പ്രധാന പാതയായ കെ.പി. റോഡിന്റെ വശത്തുംമറ്റും ഇട്ടിരിക്കുന്നത്. നിരന്തരമായി ഈ പൈപ്പുകൾ പൊട്ടുന്നതുമൂലമുള്ള കുടിവെള്ള പ്രശ്നവും, വെള്ളപ്പാച്ചിലിൽ റോഡിന്റെ ടാർ ഭാഗങ്ങൾ ഒഴുകുന്നതുമൂലമുള്ള ഗതാഗത പ്രശ്നങ്ങളും സർവ്വസാധാരണമായിരിക്കുകയാണ്. ഇടുക്കി ഡാമിനെപ്പറ്റി മുൻ ജലവിഭവ വകുപ്പുമന്ത്രി ജല ബോംബെന്ന് ആലങ്കാരികമായ പ്രയോഗം നടത്തിയിരുന്നു. എന്നാൽ അടൂരിലെ കുടിവെള്ള പൈപ്പുകൾ യഥാർത്ഥ ജല മൈനുകളായി മാറിയിരിക്കുകയാണ്. പമ്പിംഗ് പ്രഷർ താങ്ങാൻ കഴിയാതെ റോഡിന്റെ വശത്തുള്ള എ.സി. പൈപ്പുകൾ പൊട്ടി ശക്തിയായി ഉയരത്തിലേയ്ക്ക് പ്രവഹിക്കുന്ന വെള്ളപ്പാച്ചിലിൽ ചെറുവാഹനങ്ങളും യാത്രികരും അപകടകരമാംവിധം എടുത്തെറിയപ്പെടുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. അർബൻ വാട്ടർ സപ്ലൈ സ്കീം പ്രകാരം പഴയ പൈപ്പുകൾ മാറ്റിയിടുന്നതിനായി പുതിയ ഡക്റ്റൈൽ അയൺ പൈപ്പുകൾ റോഡിന്റെ വശങ്ങളിൽ സ്റ്റോക്ക് ചെയ്തത് നാളുകളായി അവിടെ കിടക്കുകയാണ്. എന്നാൽ റോഡ് റെസ്റ്റോറേഷൻ ചാർജ് പി.ഡബ്ല്യു.ഡി. വിഭാഗത്തിന് മുൻകൂർ കെട്ടിവയ്ക്കാതെ ഈ പദ്ധതി ആരംഭിക്കാൻ കഴിയില്ല. അഞ്ചര മീറ്റർ നീളവും 30 സെന്റീമീറ്റർ വ്യാസവുമുള്ള പുതിയ കൂറ്റൻ ഡി.ഐ. പൈപ്പുകൾ കെ.പി. റോഡിന്റെ വശത്ത് സ്റ്റോക്ക് ചെയ്തിരിക്കുന്നതുമൂലം റോഡ് ഏറെ അപഹരിക്കപ്പെട്ടിരിക്കുകയാണ്. ഇതുകാരണം അപകടങ്ങൾ പതിവായിരിക്കുകയാണ്. ആകെ 17500 മീറ്റർ നീളത്തിലാണ് പുതിയ പൈപ്പ് ഇടേണ്ടത്. അടങ്കൽ തുകയായ 325 ലക്ഷം രൂപ വേണ്ട ഈ പ്രൊപ്പോസൽ ഉചിതമാർഗ്ഗേന ലഭ്യമാക്കിയിട്ടുള്ളതാണ്. അടിയന്തരമായി തുക വകയിരുത്തി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതോടൊപ്പം അടൂർ നിവാസികളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുന്നതിന് ഗൗരവപൂർവ്വമായി ഈ വിഷയം പരിഗണിക്കണമെന്ന് അങ്ങയോട് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, അടൂർ-കെ.പി. റോഡിലെ കാലപ്പഴക്കംചെന്ന എ.സി. പൈപ്പുകൾ മാറ്റി ഡി.ഐ. പൈപ്പുകൾ സ്ഥാപിക്കുന്നതിന് 2014-ൽ പതിനൊന്ന് കോടി പത്തുലക്ഷം രൂപയുടെ ഭരണാനുമതി

നൽകുകയുണ്ടായി. കേരള വാട്ടർ അതോറിറ്റി ദർഘാസ് ക്ഷണിച്ച് പദ്ധതി കരാറുകാരെ ഏൽപ്പിക്കുകയും ചെയ്തു. കരാറുകാർ കരാർ ഒപ്പുവച്ച് നിർമ്മാണത്തിനാവശ്യമായ പൈപ്പ് ലൈനുകൾ സപ്ലൈ ചെയ്യുകയും കൈപ്പട്ടൂർ മുതൽ ചിറാണിക്കൽ വരെയുള്ള പമ്പിംഗ് ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള പണികൾ പൂർത്തീകരിക്കുകയും ചെയ്തു. ബാക്കി പൈപ്പുകൾ അടൂർ-കെ.പി. റോഡിന്റെ വിവിധ വശങ്ങളിലായി സൂക്ഷിച്ചിരിക്കുകയാണ്. ഈ പ്രവൃത്തികൾക്കായി വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കുമ്പോൾ അന്ന് റോഡുകൾക്കുണ്ടായിരുന്ന നിലവാരം അനുസരിച്ച് റോഡ് റെസ്റ്റോറേഷൻ ചാർജായി അറുപത് ലക്ഷത്തി ഇരുപതിനായിരം രൂപയാണ് ഉൾക്കൊള്ളിച്ചിരുന്നത്. കാലക്രമത്തിൽ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് റോഡുകൾ മാറിയതിനെത്തുടർന്ന് രണ്ട് പ്രവൃത്തികളുടെ നടത്തിപ്പിനായി പി.ഡബ്ല്യൂ.ഡി.-ക്കും കെ.എസ്.ടി.പി.-ക്കുമായി മൂന്നുകോടി ഇരുപത്തിയേഴ് ലക്ഷത്തിലധികം രൂപ കൊടുക്കേണ്ടതായിട്ടുണ്ടെന്ന് പ്രസ്തുത വകുപ്പുകൾ കേരള വാട്ടർ അതോറിറ്റിയെ അറിയിക്കുകയുമുണ്ടായി. ഭരണാനുമതി കൊടുത്ത തുകയിൽ റോഡ് റെസ്റ്റോറേഷന് അറുപത് ലക്ഷം രൂപ മാത്രമാണുള്ളത്. റോഡ് റെസ്റ്റോറേഷൻ ചാർജിനത്തിൽ അറുപത് ലക്ഷത്തി ഇരുപതിനായിരം രൂപയുടെ എസ്റ്റിമേറ്റാണ് വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നത്. ആയതിനാൽ ഇപ്പോൾ കൂടിയ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. വാട്ടർ അതോറിറ്റി കടുത്ത സാമ്പത്തിക പ്രതിസന്ധി യിലൂടെയാണ് കടന്നുപോകുന്നത്. വർഷങ്ങളായി റോഡ് സൈഡിൽ കിടക്കുന്ന പൈപ്പുകൾ മാറ്റി പരിഷ്കരിച്ച തുകയായ മൂന്നുകോടി ഇരുപത്തിയേഴ് ലക്ഷത്തിലധികം തുക കണ്ടെത്താനുള്ള നടപടികൾ വാട്ടർ അതോറിറ്റിയിൽ ആരംഭിച്ചിട്ടുണ്ട്. അത് ഫലപ്രദമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## (7) വെബ്സൈറ്റിന്റെ പ്രവർത്തനം

ശ്രീ. വി. ഡി. സതീശൻ : സർ, നമ്മുടെ സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി വികലാംഗ പെൻഷൻ, അഗതി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വിധവ പെൻഷൻ, അവിവാഹിത പെൻഷൻ തുടങ്ങി അഞ്ച് ക്ഷേമ പെൻഷനുകളാണ് വിതരണം ചെയ്യുന്നത്. സാധാരണക്കാരായ ആളുകൾക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്. പഞ്ചായത്ത് ഭരണ സമിതികൾ പഞ്ചായത്തുതലത്തിലൂടെ അന്വേഷിച്ച് യോഗ്യരായവരെ നിശ്ചയിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തീരുമാനമെടുക്കുകയാണ് സാധാരണ ചെയ്യുന്നത്. അതിനുശേഷം വെബ്സൈറ്റ് മുഖേന സർക്കാരിനെ അറിയിക്കുകയും സർക്കാർ അംഗീകാരം നൽകി പെൻഷൻ കൊടുക്കുകയുമാണ് ചെയ്യുന്നത്. കഴിഞ്ഞ ഒമ്പത് മാസമായി ഇതുമായി ബന്ധപ്പെട്ട സൈറ്റ് പ്രവർത്തിക്കുന്നില്ല. കേരളത്തിൽ മൂന്നും നാലും ലക്ഷത്തിനിടയിലുള്ളവർക്ക് ആയിരത്തിലധികം വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി പെൻഷൻ നൽകാൻ തീരുമാനമെടുത്തിട്ട് ഗവൺമെന്റിനെ അറിയിക്കാൻ പറ്റാത്ത സ്ഥിതിയാണുള്ളത്.

മുമ്പ് പഞ്ചായത്ത്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഭരണ സമിതി തീരുമാനം എടുത്താൽ എത്ര താമസിച്ചാലും അന്നുമുതൽ അവർക്ക് പെൻഷന് അർഹതയുണ്ടായിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പെൻഷൻ കൊടുക്കാൻ തീരുമാനിച്ചാലും അന്നുമുതൽ പെൻഷന് അർഹതയുണ്ടാവില്ലെന്നാണ് ഇപ്പോൾ സർക്കാർ തീരുമാനിച്ചിട്ടുള്ളത്. സർക്കാരിലേയ്ക്ക് അപേക്ഷ ലഭിച്ച് ഗവൺമെന്റ് സെക്രട്ടറി ഡിജിറ്റൽ ഒപ്പിട്ടാൽ മാത്രമേ പെൻഷന് അർഹതയുള്ളൂ എന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ വന്നിരിക്കുകയാണ്. ഈ സർക്കാർ കൗശലത്തോടുകൂടിയാണ് ഇക്കാര്യത്തെ സമീപിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ അതിബുദ്ധിയാണ് കാണിച്ചിരിക്കുന്നത്. ഒരുവശത്ത് പെൻഷന് അപേക്ഷിക്കാനുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവകാശം സൈറ്റ് ഓഫ് ചെയ്തുകൊണ്ട് നിഷേധിച്ചിരിക്കുകയാണ്. മറുവശത്ത്, പാവപ്പെട്ട ഇവരുടെ കുടിശ്ശിക നൽകാതിരിക്കാൻവേണ്ടി ഗവൺമെന്റ് സെക്രട്ടറി ഡിജിറ്റൽ ഒപ്പിട്ടാൽ മാത്രമേ അതിന് അർഹതയുള്ളൂ എന്ന് തീരുമാനിച്ചിരിക്കുന്നു. കഴിഞ്ഞ ഒമ്പത്-പത്ത് മാസക്കാലമായി ഈ പാവപ്പെട്ട ആളുകൾ പെൻഷന് അർഹതയുണ്ടായിട്ടും അത് കിട്ടാതെ കാത്തിരിക്കുകയാണ്. ഇക്കാര്യത്തിൽ ഇത്രയുംനാൾ ഈ സർക്കാർ എന്ത് ചെയ്യുകയായിരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ കൗശലത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് പറയുകയാണ്. സംസ്ഥാനത്ത് മുഴുവൻ പെൻഷനും രണ്ടുവർഷക്കാലം കുടിശ്ശികയുണ്ടായിരുന്ന കാലഘട്ടമുണ്ടായിരുന്നു. കഴിഞ്ഞ ഭരണം അവസാനിച്ചപ്പോൾ ഒരു വർഷത്തെ കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. 2011-ലെ സെൻസസ് പ്രകാരം നമ്മുടെ നാട്ടിൽ 60 വയസ്സ് കഴിഞ്ഞ നാല്പത്തിയൊന്നരലക്ഷം ആളുകളാണുള്ളത്. ഇപ്പോൾ അറുപത് വയസ്സ് കഴിഞ്ഞ ഒരുലക്ഷത്തിൽതാഴെ വരുമാനമുള്ളവർക്കാണ് സാമൂഹിക സുരക്ഷാ പെൻഷൻ കൊടുക്കുന്നത്. അവരുടെ എണ്ണം നാല്പത്തിരണ്ട് ലക്ഷമാണ്. മൂന്നുവർഷം മുമ്പ് 25 ലക്ഷം പേർക്കാണ് പെൻഷൻ കൊടുത്തിരുന്നതെങ്കിൽ ഇപ്പോൾ അത് ഇത്രയുമായി വർദ്ധിച്ചിരിക്കുകയാണ്. ഈ വർദ്ധനവിൽ ക്രമംവിട്ട് അനർഹരായ നിരവധിപ്പേർ കടന്നുകൂടിയിട്ടുണ്ടെന്ന് സർക്കാർ ന്യായമായി ചിന്തിക്കുകയാണ്. ഉദാഹരണത്തിന്, റേഷൻ കാർഡിലെ മുൻഗണനാ വിഭാഗത്തിൽ വന്നിട്ടുള്ള രണ്ടുനില വീടുള്ളവർ, ഓഡി കാറുള്ളവർ, സർക്കാർ ജീവനക്കാർ തുടങ്ങിയവരുടെ എണ്ണമെടുത്താൽ മതി. അറുപത് വയസ്സ് കഴിഞ്ഞ നാല്പത്തിയൊന്ന് ലക്ഷംപേരിൽ സർവ്വീസ് പെൻഷനേഴ്സുണ്ട്. സർക്കാർ ഇത് വളരെ ചിട്ടയായി പരിശോധിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പരിശോധന കഴിയുന്നമുറയ്ക്ക് സൈറ്റ് തുറന്നുകൊടുക്കുന്നതാണ്. അതാണ് ഇപ്പോഴത്തെ തീരുമാനം. നിങ്ങൾ ഭരിച്ചിരുന്ന അഞ്ചുവർഷക്കാലം

1500-2000 കോടി രൂപ കൊടുത്തിരുന്ന സ്ഥാനത്ത് ഇപ്പോൾ 6000 കോടി രൂപയാണ് ഒരു വർഷം പെൻഷൻ നൽകുന്നതിനായി ചെലവഴിക്കുന്നത്. അർഹരായിട്ടുള്ള ആളുകൾക്ക് മാത്രമേ പെൻഷൻ കൊടുക്കാൻ സാധിക്കൂ. ഈ സർക്കാർ രണ്ടുവർഷത്തിനിടയിൽ ഏതാണ്ട് പത്തുലക്ഷത്തിലധികം പേർക്ക് കൂടുതലായി പെൻഷൻ കൊടുത്തിട്ടുണ്ട്. ഇനി പെൻഷൻ കൊടുക്കുന്നതിനുമുമ്പ് വിശദമായ പരിശോധന നടത്തുമെന്നാണ് പറഞ്ഞത്.

### (8) റോഡിന് ഫണ്ട് അനുവദിക്കൽ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, കോഴിക്കോട്-തൃശ്ശൂർ നാഷണൽ ഹൈവേയിലെ ഏറ്റവും കൂടുതൽ ഗതാഗതക്കുരുക്കുള്ള പ്രദേശമാണ് വളാഞ്ചേരി. അതിനിടയ്ക്കാണ് വട്ടപ്പാറ റോഡിലുള്ള അപകടങ്ങളും നടന്നുകൊണ്ടിരിക്കുന്നത്. ഇത് പരിഹരിക്കുന്നതിനാണ് 2012-ൽ കഞ്ഞിപ്പുര മൂടാൽ ബൈപ്പാസിന്റെ സ്ഥലമെടുപ്പ് പ്രവർത്തനങ്ങൾ നടത്തിയത്. പത്തുകോടി രൂപ നൽകിയാണ് അന്ന് ഈ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഏകദേശം ആറ് കിലോമീറ്റർ സ്ഥലമാണ് ഏറ്റെടുക്കാനുള്ളത്. ഏഴ് ബ്ലോക്കുകളിൽ നാല് ബ്ലോക്കുകളിലേയും സ്ഥലം എടുത്തിട്ടുണ്ട്. കഴിഞ്ഞ വർഷം അനുവദിച്ച പത്തുകോടി രൂപ ഉപയോഗിച്ച് ബാക്കിയുള്ള സ്ഥലം എടുത്തുകൊണ്ടിരിക്കുന്നു. അവസാന ബ്ലോക്കിലെ സ്ഥലം ഏറ്റെടുക്കുന്നതിനായി തുക ആവശ്യമുണ്ടെന്ന് അങ്ങേയ്ക്കറിയാം. ഇലക്ട്രിക് പോസ്റ്റുകളും പൈപ്പുകളും മാറ്റി സ്ഥാപിക്കുന്നതിന് തുക ആവശ്യമാണ്. ഈ തുക അനുവദിച്ചാൽ മാത്രമേ ബൈപ്പാസിന്റെ പ്രവൃത്തി പൂർത്തീകരിക്കാൻ സാധിക്കൂ. ഗതാഗതക്കുരുക്കും അപകടങ്ങളും ഒഴിവാക്കുന്നതിനുവേണ്ടി 2012-ൽ ആരംഭിച്ച ഈ പ്രവൃത്തി പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വളാഞ്ചേരിക്ക് സമാന്തരമായ ഒരു ബൈപ്പാസാണിത്. അദ്ദേഹം പറഞ്ഞതുപോലെ യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തെ സംബന്ധിച്ച് ഡോ. കെ. ടി. ജലീലും എന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഈ പ്രവൃത്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതിന് 10 കോടി രൂപയും ബൈപ്പാസ് നിർമ്മാണത്തിനായി 15 കോടി രൂപയും ഉൾപ്പെടെ 25 കോടി രൂപയാണ് ആദ്യം അനുവദിച്ചത്. പിന്നീട് 10 കോടി രൂപകൂടി അനുവദിച്ചു. സ്ഥലം ഏറ്റെടുക്കുന്നതിന് 23 കോടി രൂപയും ഇലക്ട്രിക് പോസ്റ്റുകളും പൈപ്പുകളും മാറ്റിവയ്ക്കുന്നതിന് ഒരു കോടിയില്പരം രൂപയും വേണമെന്ന് പറഞ്ഞിരിക്കുകയാണ്. നാളിതുവരെ ഈ പ്രവൃത്തിക്ക് 35 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആ തുക ചെലവാക്കിയതിന്റെ വിശദാംശങ്ങളെയും പ്രവൃത്തിയുടെ പുരോഗതിയേയും സംബന്ധിച്ച് ഫയൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടിരിക്കുകയാണ്. അത് പരിശോധിച്ച് ആവശ്യമായ തീരുമാനമെടുക്കാം.

ബഹുമാനപ്പെട്ട മെമ്പർമാർ മനസ്സിലാക്കേണ്ടത്, ഇപ്പോൾ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചെലവ് ക്രമാതീതമായി വർദ്ധിക്കുകയാണ്. നേരത്തെ സന്നദ്ധാടിസ്ഥാനത്തിൽ ആളുകൾ ഭൂമി വിട്ടുകൊടുക്കുന്ന സ്ഥിതിയുണ്ടായിരുന്നു. ഇപ്പോൾ ഫലത്തിൽ റോഡ് നിർമ്മാണത്തിന് 15 കോടി രൂപയും സ്ഥലം ഏറ്റെടുക്കുന്നതിന് 40 കോടി രൂപയുമാണ് ചെലവ്. ഇത്തരത്തിൽ ഭൂമിക്ക് വില നൽകിയാൽ ഭൂമി ഏറ്റെടുക്കുന്നതിന് വർഷത്തിൽ ഒരു നിശ്ചിത തുക മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂ. ഏതാനും ഭൂമി ഏറ്റെടുക്കുമ്പോൾ ആ തുക തീരും. പഴയ പാരമ്പര്യ പ്രകാരം കുറച്ച് ഭൂമി സന്നദ്ധാടിസ്ഥാനത്തിൽ വിട്ടുകിട്ടുന്നതിന് അല്ലെങ്കിൽ നെഗോഷ്യേറ്റ് ചെയ്ത് ഭൂമിയുടെ വില കുറയ്ക്കുന്നതിന് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ മുൻകയ്യെടുക്കണം. എന്നാൽ മാത്രമേ ധാരാളം നിർമ്മാണ പ്രവൃത്തികൾക്കുള്ള ഭൂമി ഏറ്റെടുക്കൽ സുഗമമാക്കാൻ സാധിക്കുവെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

(9) ഭിന്നശേഷിക്കാരുടെ സംരക്ഷണം

ശ്രീ. പി. സി. ജോർജ്: സർ, മാനസിക വെല്ലുവിളി നേരിടുന്ന രണ്ടര ലക്ഷത്തോളം ജനങ്ങൾ കേരളത്തിലുണ്ട്. ആരാലും സംരക്ഷിക്കപ്പെടാതെയും ആരുടേയും ശ്രദ്ധ ലഭിക്കാതെയും ഈ പാവങ്ങളുടെ ജീവിതം കടന്നുപോകുന്നു. അടുത്തകാലത്ത് ഈ ജനസമൂഹം തിരുവനന്തപുരം സെക്രട്ടേറിയറ്റിനുമുമ്പിൽ വലിയ സമരം നടത്തുകയുണ്ടായി. 'ഞങ്ങളെ ആര് നോക്കും; ഞങ്ങളെ ആര് സംരക്ഷിക്കും' എന്നായിരുന്നു അവരുടെ മുദ്രാവാക്യം. മാനസിക വെല്ലുവിളി നേരിടുന്ന പതിനയ്യായിരത്തോളംപേരും അവരെ സംരക്ഷിക്കുന്ന പതിനയ്യായിരത്തോളംപേരും ഉൾപ്പെടെ മുപ്പതിനായിരത്തോളം പേരാണ് സെക്രട്ടേറിയറ്റിനുമുന്നിൽ വന്നത്. അടുത്ത ദിവസം തിരുവനന്തപുരത്തെ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (LNCPE) ഗ്രൗണ്ടിൽ മാനസിക വെല്ലുവിളി നേരിടുന്നവരുടെ സ്പോർട്സ് നടക്കുകയുണ്ടായി. അത് കാണാൻ ഞാൻ പോയിരുന്നു. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ജലവിഭവ വകുപ്പുമന്ത്രിയും അവിടെ വന്നിരുന്നു. വേറെ ആരെയും അവിടെ കണ്ടില്ല. മുഖ്യമന്ത്രി അവിടെ വരുമെന്ന് പ്രതീക്ഷിച്ചതാണ്. കാര്യവട്ടം കോംപ്ലക്സിൽ ജനുവരി 11 മുതൽ 14 വരെ സ്പെഷ്യൽ ഒളിമ്പിക്സായിട്ടാണ് ഇത് നടത്തിയത്. പതിനായിരം കുട്ടികളും അവരുടെ മാതാപിതാക്കളും ഉൾപ്പെടെയുള്ളവർ പങ്കെടുത്ത സ്പെഷ്യൽ ഒളിമ്പിക്സായിരുന്നു അത്. ഏഷ്യാ ബുക്ക് ഓഫ് റിക്കാർഡ്സിലും ഗിന്നസ് ബുക്കിലും അവരുടെ പേരുവന്നു. അവർക്ക് 75 ലക്ഷം രൂപ കൊടുക്കുമെന്ന് ഗവൺമെന്റ് പറഞ്ഞെങ്കിലും ഒരു പൈസയും കൊടുത്തില്ല. അതിൽ വലിയ സങ്കടമുണ്ട്. കഴിഞ്ഞ വർഷം 75 ലക്ഷം രൂപ കൊടുക്കാമെന്ന് പറഞ്ഞതിൽ 50 ലക്ഷം രൂപ കൊടുത്തു.

ബാക്കിത്തുക കൊടുത്തില്ല. ഇവർ ഭിന്നശേഷിക്കാരായത് ആരുടെ കുഴപ്പം കൊണ്ടാണ്; അവർ എന്തെങ്കിലും പാപംചെയ്തോ; ഈ കുഞ്ഞുങ്ങൾ നമ്മുടേതല്ലേ? ഈ സഭയിലെ പ്രമുഖരായ രണ്ടുമൂന്ന് അംഗങ്ങളുടെ മക്കളും ഇതുപോലുള്ളവരാണെന്ന് എനിക്കറിയാം, പേര് പറയുന്നില്ല. പലർക്കും അത് അപമാനമായിരിക്കാം, പക്ഷേ അവരും മനുഷ്യരാണെന്നുള്ളത് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ഗവൺമെന്റും മനസ്സിലാക്കണം. ഇത്തരത്തിൽ രണ്ടരലക്ഷത്തോളം പേരുള്ളതിൽ ഇരുപത്തി അയ്യായിരത്തോളം കുട്ടികൾ 251 സ്കൂളുകളിലായാണ് പഠിക്കുന്നത്. 61 ബഡ്സ് സ്കൂളുകളിലും ജനറൽ സ്കൂളുകളിലുമായി ഒരു ലക്ഷത്തോളം കുട്ടികൾ പഠനം നടത്തുന്നു. മാനസിക വെല്ലുവിളി നേരിടുന്നവരിൽ ഓട്ടിസം, ബഹു വൈകല്യം അതായത് ഒന്നിലേറെ വൈകല്യം, സെറിബ്രൽ പാൾസി തുടങ്ങിയ വിഭാഗത്തിൽപ്പെടുന്നവരും ഉൾപ്പെടുന്നുണ്ട്. കേരളത്തിൽ തിരുവനന്തപുരത്ത് മാത്രമാണ് ഇവർക്കായി ഒരു സർക്കാർ സ്ഥാപനമുള്ളത്. ബാക്കിയുള്ള സ്ഥാപനങ്ങളെല്ലാം സ്പെഷ്യൽ സ്കൂളുകളും സന്നദ്ധ സംഘടനകൾ നടത്തുന്നതുമാണ്. 43 ലക്ഷത്തോളം കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകുന്ന കേരള സർക്കാരിന് എന്തുകൊണ്ട് ഈ പാവങ്ങൾക്ക് സൗജന്യ വിദ്യാഭ്യാസം കൊടുക്കാൻ കഴിയുന്നില്ല? അവരെ കുളിപ്പിക്കുന്നവർ, മലമൂത്ര വിസർജ്ജനം നടത്തിയാൽ വൃത്തിയാക്കുന്നവർ ഇവരൊക്കെ സേവനം ചെയ്യുന്നവരാണ്. 3,800 രൂപ മുതൽ 6,900 രൂപ വരെയാണ് അവർക്ക് കൊടുക്കുന്ന ശമ്പളം. കേരളത്തിൽ ഇങ്ങനെ നടക്കുന്നുവെന്ന് പറയാൻ നാണക്കേടില്ലേ? ഇതിൽ മാറ്റം വരുത്തണം. സ്പെഷ്യൽ ഒളിമ്പിക്സിൽ അവരെ സഹായിക്കാനായി ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷനിലെ ഡോ. കിഷോർ, പ്രിൻസിപ്പാൾ, അവിടത്തെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരെല്ലാം ഉണ്ടായിരുന്നു. ഗോകുലം മെഡിക്കൽ കോളേജാണ് അവർക്ക് ആംബുലൻസും ചികിത്സയും കൊടുത്തത്. 678 പേർക്ക് ചികിത്സ കൊടുത്തു. കേരളം രൂപീകൃതമായി 60 വർഷമായിട്ടും മാറിമാറി വരുന്ന യു.ഡി.എഫ്., എൽ.ഡി.എഫ്. സർക്കാരുകൾക്ക് ഈ കുഞ്ഞുങ്ങളുടെ കാര്യം നോക്കാൻ കഴിഞ്ഞില്ലെന്ന് പറയുന്നതിൽ ദു:ഖമുണ്ട്. ഇതിന് പരിഹാരമുണ്ടാകണ്ടേ? ഇതുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ഓഫീസിൽ 27678/R2/2015 നമ്പരായി ഒരു ഫയലുണ്ട്. അങ്ങ് അതൊന്ന് പ്രത്യേകം ശ്രദ്ധിച്ചാൽ കൊള്ളാമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ കുട്ടികളെ കണ്ടാൽ സങ്കടം തോന്നും. അവരെ കാണുന്നത് നമുക്ക് അറപ്പാണ്. ആ അറപ്പുമാറ്റി നമുക്ക് അവരെ രക്ഷിക്കണ്ടേ? അവരുടെതല്ലാത്ത കുറ്റംകൊണ്ടല്ലേ ഓട്ടിസം ബാധിച്ചത്. ഇക്കാര്യത്തിൽ ഒരമ്മയെന്ന നിലയിൽ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുണ്ടാകണമെന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ച്, ചരിത്രം സൃഷ്ടിക്കുന്ന നിലയിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടിയുണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഭിന്നശേഷിക്കാരായ സഹോദരങ്ങൾക്കുവേണ്ടി ചരിത്രംസൃഷ്ടിക്കുന്ന നിലയിലുള്ള ഒട്ടേറെ നടപടികളാണ് ഒന്നേമുക്കാൽ വർഷത്തിനിടയിൽ സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞിട്ടുള്ള ഒട്ടേറെ കാര്യങ്ങൾ വസ്തുതയാണ്. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം ഭിന്നശേഷിക്കാർക്കുവേണ്ടി വളരെ പ്രധാനപ്പെട്ട പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇനിയും കുറെയേറെ ചെയ്യാൻ ശേഷിക്കുന്നുവെന്നുള്ളത് വസ്തുതയാണ്. ഭിന്നശേഷിക്കാർക്കുവേണ്ടി 'അനുയാത്ര' എന്ന ഒരു പദ്ധതി ഗവൺമെന്റ് ആവിഷ്കരിക്കുകയും അതിന്റെ ഭാഗമായി ലൈഫ് സൈക്കിൾ അപ്രോച്ച് സ്വീകരിച്ചുകൊണ്ട് 'Early detection' മുതൽ 'Rehabilitation' വരെയുള്ള ഒരു പദ്ധതിക്കാണ് രൂപംകൊടുത്തത്. ആ പദ്ധതി ഇപ്പോൾ നടന്നുവരികയാണ്. ഭിന്നശേഷി വ്യത്യസ്തതരത്തിലുണ്ട്. പുതിയ ആർ.പി.ഡബ്ല്യു.ഡി ആക്ട് അനുസരിച്ച് ഇപ്പോൾ 21 വിഭാഗത്തിൽപ്പെട്ട ഭിന്നശേഷി അംഗീകരിച്ചിട്ടുണ്ട്. അവർക്കെല്ലാം പ്രത്യേക പരിചരണം കൊടുക്കേണ്ടതായിട്ടുണ്ട്. 'അനുയാത്ര' പദ്ധതിയെക്കുറിച്ച് ഞാൻ മറ്റൊരവസരത്തിൽ വിശദമായി പറയാം. ജനിക്കുന്ന കുഞ്ഞിനെ ഒന്നാംമാസത്തിൽത്തന്നെ പരിശോധിച്ച് കേൾവി, കാഴ്ച, ഭിന്നശേഷി എന്നിവയെല്ലാം മനസ്സിലാക്കി ആവശ്യമെങ്കിൽ ചികിത്സ നൽകുകയും അതല്ല മറ്റേതെങ്കിലും അസിസ്റ്റീവ് ഡിവൈസാണ് ആവശ്യമെങ്കിൽ അതെല്ലാം നൽകുക എന്നതാണ് 'Early detection' എന്ന പദ്ധതിയിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഒരു ഗവൺമെന്റും ഒന്നും ചെയ്തിട്ടില്ലായെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്. എല്ലാം ചെയ്യാൻ തുടങ്ങുകയാണ്, ഇനി അവരെ ഉപേക്ഷിക്കുവാൻ കഴിയില്ല. ആറ് വികസന ബ്ലോക്കുകൾക്ക് ഒന്ന് എന്ന നിലയിൽ 25 മൊബൈൽ യൂണിറ്റുകൾ സംസ്ഥാനത്ത് പ്രയാണം ആരംഭിച്ചിട്ടുണ്ട്. ഫിസിയോതെറാപ്പിസ്റ്റ്, ഡോക്ടർമാർ, സ്റ്റാഫ്, മരുന്ന്, ഉപകരണങ്ങൾ എല്ലാം അടങ്ങിയിട്ടുള്ളതാണ് ഈ മൊബൈൽ യൂണിറ്റുകൾ. ഗ്രാമങ്ങളിലടക്കം പരിശോധന നടത്തി അവർക്ക് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും ഇതുവഴി നൽകിവരികയാണ്. അതുപോലെ റീഹാബിലിറ്റേഷൻ സെന്ററുകളും ബഡ്സ് സ്കൂളുകളും നവീകരിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. അതിന്റെ വിശദാംശങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല.

ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ഒരു കാര്യത്തിന് മറുപടി പറയണമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്. ഇവിടെ സ്പെഷ്യൽ ഒളിമ്പിക്സിന്റെ കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ എൻ.ജി.ഒ.-മാർ മുഖാന്തരമാണ് കാലാകാലങ്ങളായി ഭിന്നശേഷിക്കാരുടെ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്തു വരുന്നത്. അതിൽ ഞാനും അത്ഭുതപ്പെട്ടിട്ടുണ്ട്. ഗവൺമെന്റ് എയ്ഡ് കൊടുക്കുക, ഗ്രാന്റ് കൊടുക്കുക അത് എൻ.ജി.ഒ.-കൾ നടപ്പിലാക്കുക എന്നുള്ള രീതിയാണ് കണ്ടുവരുന്നത്. ഇക്കാര്യത്തിൽ നല്ലരീതിയിലുള്ള തീരുമാനമെടുക്കുന്നതിനെ കുറിച്ച്

ഇപ്പോൾ ആലോചിക്കുന്നുണ്ട്. അതിനെക്കുറിച്ച് ഞാൻ പറയാം. സ്പെഷ്യൽ ഒളിമ്പിക്സ് ഇതുവരെ നടത്തിവന്നത് എൻ.ജി.ഒ.-കളാണ്. അവരെ അത് നടത്താൻ നിയോഗിച്ചിട്ടുള്ളത് കേന്ദ്ര ഗവൺമെന്റാണ്, സംസ്ഥാന ഗവൺമെന്റല്ല. സംസ്ഥാന ഗവൺമെന്റ് ഒരു വിഹിതം നൽകണമെന്നുള്ളതാണ് വ്യവസ്ഥ. അതനുസരിച്ച് കഴിഞ്ഞ പ്രാവശ്യം കൃത്യമായി അവർക്ക് കൊടുക്കേണ്ട തുക കൊടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മെമ്പർ തന്നെ ഇവിടെ പറഞ്ഞു. ഇപ്രാവശ്യം അവർ എന്നെ സമീപിച്ചിരുന്നു. അത് കൊടുക്കാനുള്ള തീരുമാനമായിട്ടുണ്ട്. ഈ തുക സാധാരണയായി ഒളിമ്പിക്സ് കഴിഞ്ഞാലാണ് കൊടുക്കുന്നത്. അതിനുമുൻപ് അഡ്വാൻസ് കൊടുക്കുന്ന ഏർപ്പാടില്ല. ഇത്തവണ കൊടുക്കാനുള്ളത് സംസ്ഥാന ഗവൺമെന്റ് പിടിച്ചുവച്ചിട്ടൊന്നുമില്ല. കൃത്യമായി ആ വിഹിതം കൊടുക്കും. ഒളിമ്പിക്സ് നല്ല പരിപാടിയായിരുന്നു. ആയിരക്കണക്കിന് കുട്ടികൾ പങ്കെടുത്തു. അവിടെ വേറെ കുഴപ്പമൊന്നുമുണ്ടായില്ല; ഞാൻ അവിടെ സന്ദർശിച്ച് കാര്യങ്ങളെല്ലാം പരിശോധിച്ചിരുന്നു. മറ്റു മന്ത്രിമാരും സന്ദർശിച്ചിരുന്നു. ആ കുട്ടികളുടെ ശാരീരിക അവസ്ഥയും മറ്റും കരളലിയിപ്പിക്കുന്നതും വലിയ സങ്കട മുണ്ടാക്കുന്നതുമാണ്. അത് പരിഹരിക്കുന്നതിനായി കഴിയാവുന്നിടത്തോളം കാര്യങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്. ചെയ്തിട്ടുള്ള കാര്യങ്ങളെ സംബന്ധിച്ച് ഞാൻ പിന്നീട് പറയാം. ഭിന്നശേഷിക്കാർ പഠിക്കുന്ന എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരുടെയും ആയമാരുടെയും ക്ഷേമം ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ അവിടെ ജോലി ചെയ്യുന്നവരുടെ പ്രശ്നമെന്ന് പറഞ്ഞാണ് ഈ സബ്മിഷൻ തന്നിരുന്നത്. എന്നാൽ കുട്ടികളുടെ പ്രശ്നമെന്ന നിലയിലാണ് അവതരിപ്പിച്ചത്. അവിടെ ജോലി ചെയ്യുന്നവരുടെ കാര്യം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മീറ്റിംഗ് വിളിച്ച് ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടി ഒരു പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്ന കാര്യംകൂടി അറിയിക്കുകയാണ്. അതിന്റെ ഡ്രാഫ്റ്റ് തയ്യാറാക്കി കഴിഞ്ഞു. ബുദ്ധിപരമായി വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ വിവിധ തരത്തിലാണ് തരംതിരിച്ചിരിക്കുന്നത്. മൈൽഡായിട്ടുള്ള വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ, ഇടത്തരം പ്രശ്നങ്ങളുള്ളവർ, വളരെ ക്രൂഷ്യലായിട്ടുള്ള പ്രശ്നങ്ങൾ അനുഭവിക്കുന്നവർ എന്നിങ്ങനെ തരംതിരിച്ചുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പ്രത്യേകം പ്രത്യേകം കൈകാര്യം ചെയ്യാൻ കഴിയുന്ന രീതിയിൽ സർക്കാർ ഒരു പദ്ധതി തയ്യാറാക്കി പ്രഖ്യാപിക്കുകയാണ്. അതിന്റെ ഭാഗമായി കുട്ടികളുടെ പ്രശ്നവും അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രശ്നവും പരിഹരിക്കാൻ നമുക്ക് കഴിയും. 'ദീൻദയാൽ റീഹാബിലിറ്റേഷൻ സ്കീം' എന്ന പദ്ധതിയിൽനിന്ന് നമുക്ക് കൂടുതലായി പണമൊന്നും കിട്ടുന്നില്ല. 12 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. അത് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ബജറ്റിൽ 13 കോടി രൂപ മാനസികമായി വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായി ഗവൺമെന്റ് വകയിരുത്തിയിരുന്നു.

അതെല്ലാം ചേർത്താണ് സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്. ഇത്തരത്തിൽ നിലവിൽ ആവിഷ്കരിച്ച പദ്ധതി നടപ്പിലാക്കുന്നതോടൊപ്പം മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കായി കൂടുതൽ പദ്ധതികൾ തയ്യാറാക്കാൻ ഗവൺമെന്റ് ഒരുങ്ങുകയാണ്.

മി. സ്പീക്കർ: സഭയിലെ നടപടിക്രമങ്ങളെല്ലാം ഒരുപോലെ കൈകാര്യം ചെയ്യുന്നത് ശരിയല്ലായെന്ന് ചെയർ അറിയിക്കുകയാണ്. ചോദ്യോത്തരവേള, സബ്മിഷൻ, ശ്രദ്ധ ക്ഷണിക്കൽ എന്നിവയെല്ലാം ദീർഘമായ പ്രസംഗങ്ങൾക്കുള്ള സമയമല്ല. ചട്ടം 304 പ്രകാരം സഭയുടെ ശ്രദ്ധയിൽകൊണ്ടുവരേണ്ട പ്രത്യേകമായ ഒരു പ്രശ്നം പരാമർശിക്കാനുള്ള ഒരു അവസരമാണിത്. അതിന്റെ ചോദ്യവും മറുപടിയും ആ നിലയിൽ ക്രമീകരിക്കുന്നതാണ് നമ്മുടെ കീഴ്‌വഴക്കം.

## (10) മന്തുരോഗ വ്യാപനം

ശ്രീ. ഇ. കെ. വിജയൻ: സർ, ഏറെ ഗൗരവമുള്ള ഒരു വിഷയമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുന്നത്. എന്റെ മണ്ഡലത്തിലെ കായക്കൊടി ഗ്രാമപഞ്ചായത്തിൽ ഇതരസംസ്ഥാന തൊഴിലാളികളിൽ 32 പേർക്ക് മന്തുരോഗം ഉണ്ടെന്ന് സ്ഥിരീകരിച്ചിരിക്കുകയാണ്. ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ 400-ഓളം പേരെ പരിശോധിച്ചപ്പോൾ 32 പേരിൽ മന്തുരോഗമുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത്. കായക്കൊടി പഞ്ചായത്തിൽ മാത്രമല്ല, സംസ്ഥാനത്ത് ഒട്ടേറെ മേഖലകളിൽ ഇതര സംസ്ഥാനങ്ങളിലുള്ളവർ താമസിക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനം മന്തുരോഗ നിയന്ത്രണത്തിൽ ഏറെക്കുറെ വിജയിച്ചുനിൽക്കുന്ന സമയമാണ്. അതിനാൽ ഇത് നാട്ടുകാരിൽ വളരെ ഭീതി പടർത്തുകയാണ്. ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്ന് ഇത് ഇല്ലാതാക്കാനുള്ള പരിശ്രമം ഗ്രാമപഞ്ചായത്തിൽ മാത്രമല്ല, സംസ്ഥാനത്താകെ നടത്തേണ്ടിവരുമെന്നാണ് ഇതിലൂടെ ബോദ്ധ്യപ്പെടുന്നത്. ഝാർഖണ്ഡിലെ മാത്രമല്ല, മറ്റ് പല സംസ്ഥാനങ്ങളിലെ തൊഴിലാളികളുമുണ്ട്. അതിന്റെ വ്യാപ്തി എത്രമാത്രമാണെന്ന് പരിശോധനയിലൂടെ മാത്രമേ മനസ്സിലാക്കാൻ കഴിയൂ. ചെറിയ മുറികളിൽ അഞ്ചും പത്തും പേരാണ് താമസിക്കുന്നത്. ഇത് അവർക്കും സമീപവാസികൾക്കും ഒട്ടേറെ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുകയാണ്. ഈ പ്രശ്നത്തിന് ശാശ്വത പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് ഗൗരവപൂർവ്വം ഇടപെടണമെന്ന് ആവശ്യപ്പെടുന്നു. ജനങ്ങളുടെ ആശങ്കയകറ്റാനുള്ള നടപടി വളരെ വേഗത്തിലുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, നമ്മുടെ സമൂഹത്തിൽനിന്നും നിർമ്മാർജ്ജനം ചെയ്തതായി നാം കരുതിയിരുന്ന മന്ത്, കുഷ്ഠം തുടങ്ങിയ രോഗങ്ങൾ പൂർണ്ണമായും നിർമ്മാർജ്ജനം

ചെയ്യാൻ കഴിഞ്ഞിട്ടില്ലെന്നുള്ളത് വസ്തുതയാണ്. കേരളത്തിലും അത്തരത്തിലുള്ള കാര്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത് മനസ്സിലാക്കിക്കൊണ്ട് ആരോഗ്യവകുപ്പ് കുഷ്ഠം, മന്ത്, ക്ഷയം തുടങ്ങിയ രോഗങ്ങളുടെ നിർമ്മാർജ്ജനം Sustainable Development Goal-ന്റെ ഭാഗമായി ഏറ്റെടുക്കുകയും അതിനാവശ്യമായ എക്സ്പെർട്ട് ഗ്രൂപ്പിനെ തയ്യാറാക്കി പരിശീലിപ്പിച്ച് 2020-ഓടുകൂടി ഇത്തരം രോഗങ്ങൾ ഇല്ലാതാക്കി, പുതിയതായി റിപ്പോർട്ട് ചെയ്യപ്പെടാതിരിക്കാനുള്ള ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അക്കൂട്ടത്തിൽ മന്തുരോഗ നിർമ്മാർജ്ജനത്തിനുള്ള പ്രവർത്തനം ഇപ്പോൾ നിയോഗിക്കപ്പെട്ട എക്സ്പെർട്ട് ഗ്രൂപ്പ് വളരെ കൃത്യമായി നടത്തികൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച വിഷയം കോഴിക്കോട് കാണുകയുണ്ടായി. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി താലൂക്കാശുപത്രിക്ക് കീഴിൽ വരുന്ന കായക്കൊടി പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തന മേഖലയിലാണ് ഇത്തരത്തിലുള്ള റിപ്പോർട്ട് ഉണ്ടായത്. 15-12-2017-ന് ആരോഗ്യവകുപ്പിന്റെ മിസ്റ്റ് ടീം (മൊബൈൽ ഇമിഗ്രന്റ് സ്ക്രീനിംഗ് ടീം) നടത്തിയ പരിശോധനയിൽ 48 ആളുകളെ പരിശോധിച്ചതിൽ 6 പേർക്ക് മന്തുരോഗം സ്ഥിരീകരിക്കപ്പെടുകയും ഇവർക്ക് ചികിത്സ ഉറപ്പുവരുത്തുകയും ചെയ്തു. പിന്നീട് 18-1-2018-ന് ദേവർ കോവിൽ വച്ച് കായക്കൊടി പി.എച്ച്.സി. ഫീൽഡ് വിഭാഗം ജീവനക്കാരുടെ നേതൃത്വത്തിൽ 300 പേരുടെ രക്തസാമ്പിളുകൾ പരിശോധിച്ചപ്പോൾ 27 ആളുകൾക്കുകൂടി മന്തുരോഗം സ്ഥിരീകരിച്ചതിന്റെ അടിസ്ഥാനത്തിൽ മിസ്റ്റ് ടീമിന്റെ നേതൃത്വത്തിൽ 116 ആളുകളുടെ രക്തസാമ്പിളുകൾ കൂടി പരിശോധിച്ചു. ഇതിൽ 12 ആളുകൾക്ക് കൂടി രോഗം സ്ഥിരീകരിച്ചു. ഇതുവരെ റിപ്പോർട്ട് ചെയ്യപ്പെട്ട 45 രോഗികളിൽ 43 പേരും ഝാർഖണ്ഡ് സ്വദേശികളും 2 പേർ ബീഹാർ സ്വദേശികളുമാണ്.

ജില്ലാ മെഡിക്കൽ ഓഫീസറുടെയും ജില്ലാ സർവൈലൻസ് ഓഫീസറുടെയും നേതൃത്വത്തിൽ ജില്ലാ ടീം പ്രസ്തുത സ്ഥലം സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി പ്രതിരോധ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

ഇതര സംസ്ഥാന തൊഴിലാളികൾക്കല്ലാതെ തദ്ദേശവാസികൾക്കാർക്കും ഇതുവരെ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്തും സമീപ പ്രദേശങ്ങളിലുമുള്ള മറ്റ് ആളുകളുടെ രക്തസാമ്പിളുകൾ പരിശോധിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്.

രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മന്തുരോഗത്തെപ്പറ്റി ആരോഗ്യ ജാഗ്രത വോളണ്ടിയർമാർക്കും പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും ആശ, കുടുംബശ്രീ, അങ്കണവാടി വർക്കർമാർക്കും ബോധവൽക്കരണ ക്ലാസ് നടത്തി. ഇതിനുപുറമേ ഡി.വി.സി. യൂണിറ്റിന്റെ നേതൃത്വത്തിൽ പ്രസ്തുത സ്ഥലങ്ങളിൽ കൊതുക് സാന്ദ്രതാ പഠനവും രോഗനിരീക്ഷണവും നടത്തിയിട്ടുണ്ട്. ഈ പ്രദേശത്ത് തുടർപ്രവർത്തനങ്ങൾ നടത്തിവരികയാണ്.

സംസ്ഥാനത്ത് ജനുവരി 3 മുതൽ 6 വരെ ഇതര സംസ്ഥാന തൊഴിലാളി കേന്ദ്രങ്ങളിൽ മന്തുരോഗ സമൂഹചികിത്സാ പരിപാടി (എം.ഡി.എ) നടപ്പിലാക്കിയതിനോടനുബന്ധിച്ച് കായക്കൊടി പഞ്ചായത്തിലും സമീപ പഞ്ചായത്തുകളിലും ഇതര സംസ്ഥാന തൊഴിലാളികൾക്ക് മന്തുരോഗത്തിനെതിരായി മരുന്ന് നൽകുകയുണ്ടായി. മന്തുരോഗ സാധ്യത കൂടുതലുള്ള സ്ഥലങ്ങളിൽ തദ്ദേശവാസികൾക്കും ഈ അവസരത്തിൽ മന്തുരോഗത്തിനെതിരെ ഡി.ഇ.സി., ആൽബൻഡസോൾ ഗുളികകൾ നൽകിയിരുന്നു. പോസ്റ്റ് എം.ഡി.എ. സർവൈലൻസിന്റെ ഭാഗമായി രോഗനിരീക്ഷണം, ചികിത്സ എന്നിവ നടത്തിവരുന്നുണ്ട്. ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റിലെ ഉദ്യോഗസ്ഥർ നടത്തുന്ന രാത്രികാല മന്തുരോഗ രക്തപരിശോധനയ്ക്കുപുറമേ കോഴിക്കോട് ബീച്ച് ആശുപത്രിയിൽ എല്ലാ വെള്ളിയാഴ്ചയും രാത്രികാല രക്തപരിശോധനയ്ക്കുള്ള സംവിധാനവും പ്രവർത്തിച്ചുവരുന്നുണ്ട്.

## VI മേശപ്പുറത്തുവച്ച കടലാസുകൾ

### ലിസ്റ്റ് 1 പ്രകാരമുള്ള കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ പേര് വർഷം | നമ്പർ | | ചട്ടം 75(2) പ്രകാ രമുള്ള പത്രിക സഹിതമാണോ യെന്ന് |
|---|---|---|---|---|
| 1 | 2017 | 25 | 2017-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 2 | 2017 | 30 | ദി കേരള ഹൈക്കോർട്ട് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 | അല്ല |

ii. ചട്ടം 166 (1 ) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപന ത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 1017/2005 | ജി.ഒ.(എംഎസ്.) നമ്പർ 6/05/എസ്റ്റിഇഡി. | 4-11-2005 | അതെ |
| 2 | 4/2006 | ജി.ഒ.(എംഎസ്.) നമ്പർ 11/2005/എസ്റ്റിഇഡി | 23-12-2005 | അതെ |
| 3 | 439/2006 | ജി.ഒ.(എംഎസ്.) നമ്പർ 1/2006/എസ്റ്റിഡി. | 7-6-2006 | അതെ |
| 4 | 17/2016 | സ.ഉ. (കൈ) നമ്പർ 01/2016/നോർക്ക | 4-1-2016 | അതെ |
| 5 | 18/2016 | സ.ഉ. (കൈ) നമ്പർ 02/2016/നോർക്ക | 4-1-2016 | അതെ |
| 6 | 19/2016 | ജി.ഒ.(എംഎസ്.) നമ്പർ 04/2016/നോർക്ക | 4-1-2016 | അതെ |
| 7 | 481/2016 | ജി.ഒ.(എംഎസ്.) നമ്പർ 196/2016/ഹോം | 13-7-2016 | അതെ |
| 8 | 801/2016 | ജി.ഒ.(പി.) നമ്പർ 70/2016/ട്രാൻസ്. | 31-12-2016 | അതെ |
| 9 | 81/2017 | ജി.ഒ.(ആർറ്റി.) നമ്പർ 613/2017/ജിഎഡി. | 28-1-2017 | അതെ |
| 10 | 191/2017 | ജി.ഒ.(പി.) നമ്പർ 9/2017/ട്രാൻ. | 23-3-2017 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 11 | 212/2017 | ജി.ഒ.(പി.) നമ്പർ 12/2017/ട്രാൻസ്. | 21-4-2017 | അതെ |
| 12 | 477/2017 | ജി.ഒ.(പി.) നമ്പർ 20/2017/ട്രാൻ. | 21-7-2017 | അല്ല |
| 13 | 497/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2084/2017/ഹോം | 5-8-2017 | അല്ല |
| 14 | 500/2017 | ജി.ഒ.(പി.) നമ്പർ 21/2017/ജിഎഡി. | 8-8-2017 | അല്ല |
| 15 | 501/2017 | ജി.ഒ.(എംഎസ്.) നമ്പർ 168/2017/ഹോം | 5-8-2017 | അല്ല |
| 16 | 504/2017 | ജി.ഒ.(പി.) നമ്പർ 21/2017/ട്രാൻ. | 10-8-2017 | അല്ല |
| 17 | 505/2017 | നമ്പർ 32725/ എസ്എസ്എ 2/2016/ ഹോം | 11-8-2017 | അല്ല |
| 18 | 511/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2072/2017/ഹോം | 4-8-2017 | അല്ല |
| 19 | 512/2017 | ജി.ഒ.(എംഎസ്.) നമ്പർ 171/2017/ഹോം | 9-8-2017 | അല്ല |
| 20 | 517/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2186/2017/ഹോം | 14-8-2017 | അല്ല |
| 21 | 518/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2187/2017/ഹോം | 14-8-2017 | അല്ല |
| 22 | 526/2017 | ജി.ഒ.(പി.) നമ്പർ 10/ 2017/പി&എആർഡി. | 8-8-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 23 | 528/2017 | ജി.ഒ.(പി.) നമ്പർ 23/2017/ജിഎഡി. | 21-8-2017 | അല്ല |
| 24 | 530/2017 | സ.ഉ. (കൈയെഴുത്ത്) നമ്പർ 6/2017/നോർക്ക | 19-8-2017 | അല്ല |
| 25 | 558/2017 | ജി.ഒ.(എംഎസ്.) നമ്പർ 288/2017/ജിഎഡി | 31-8-2017 | അല്ല |
| 26 | 559/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2127/2017/ഹോം | 7-8-2017 | അല്ല |
| 27 | 561/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2281/2017/ഹോം | 23-8-2017 | അല്ല |
| 28 | 569/2017 | ജി.ഒ.(പി.) നമ്പർ 26/2017/വിജ്. | 13-9-2017 | അല്ല |
| 29 | 578/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2481/2017/ഹോം | 22-9-2017 | അല്ല |
| 30 | 596/2017 | നമ്പർ 29780/ എസ് എസ്എ 2/2017/ഹോം | 28-9-2017 | അല്ല |
| 31 | 601/2017 | ജി.ഒ.(എംഎസ്.) നമ്പർ 188/2017/ഹോം | 21-9-2017 | അല്ല |
| 32 | 609/2017 | ജി.ഒ. (ആർറ്റി.) നമ്പർ 1978/2017/ഹോം | 28-7-2017 | അല്ല |
| 33 | 613/2017 | ജി.ഒ.(എംഎസ്.) നമ്പർ 205/2017/ഹോം | 7-10-2017 | അല്ല |
| 34 | 622/2017 | ജി.ഒ.(എംഎസ്.) നമ്പർ 312/2017/ജിഎഡി | 7-10-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 35 | 624/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2467/2017/ഹോം | 19-9-2017 | അല്ല |
| 36 | 626/2017 | ജി.ഒ. (പി.) നമ്പർ 126/2017/ഹോം | 18-8-2017 | അല്ല |
| 37 | 627/2017 | ജി.ഒ. (പി.) നമ്പർ 127/2017/ഹോം | 19-8-2017 | അല്ല |
| 38 | 630/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2086/2017/ഹോം | 5-8-2017 | അല്ല |
| 39 | 631/2017 | ജി.ഒ. (പി.) നമ്പർ 11/2017/പി&എആർഡി | 9-10-2017 | അല്ല |
| 40 | 640/2017 മുതൽ 647/2017 വരെ | ജി.ഒ. (ആർറ്റി.) നമ്പർ 2625/2017/ഹോം | 7-10-2017 | അല്ല |
| 41 | 648/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2659/2017/ഹോം | 11-10-2017 | അല്ല |
| 42 | 650/2017 | ജി.ഒ. (പി.) നമ്പർ 1/2017/നോർക്ക | 21-10-2017 | അല്ല |
| 43 | 655/2017 | ജി.ഒ. (പി.) നമ്പർ 133/2017/ഹോം | 26-10-2017 | അല്ല |
| 44 | 667/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2733/2017/ഹോം | 20-10-2017 | അല്ല |
| 45 | 677/2017 | ജി.ഒ. (പി.) നമ്പർ 134/2017/ഹോം | 31-10-2017 | അല്ല |
| 46 | 680/2017 | ജി.ഒ.(എംഎസ്.) നമ്പർ 218/2017/ഹോം | 27-10-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 47 | 682/2017 | ജി.ഒ.(പി.) നമ്പർ 23/2017/ട്രാൻസ്. | 25-10-2017 | അല്ല |
| 48 | 695/2017 | ജി.ഒ.(എം‌എസ്.) നമ്പർ 326/2017/ജിഎഡി | 2-11-2017 | അല്ല |
| 49 | 697/2017 | ജി.ഒ.(എം‌എസ്.) നമ്പർ 217/2017/ഹോം | 27-10-2017 | അല്ല |
| 50 | 709/2017 | നമ്പർ 60903/ എസ്എസ്എ 2/2016/ ഹോം | 10-11-2017 | അല്ല |
| 51 | 712/2017 | ജി.ഒ.(പി.) നമ്പർ 25/2017/ട്രാൻ. | 10-11-2017 | അല്ല |
| 52 | 748/2017 | ജി.ഒ.(പി.) നമ്പർ 27/2017/ട്രാൻസ്. | 15-11-2017 | അല്ല |
| 53 | 749/2017 | ജി.ഒ.(പി.) നമ്പർ 136/2017/ഹോം. | 13-11-2017 | അല്ല |
| 54 | 753/2017 | ജി.ഒ. (ആർറ്റി.) നമ്പർ 2968/2017/ഹോം | 10-11-2017 | അല്ല |
| 55 | 755/2017 | ജി.ഒ.(എം‌എസ്.) നമ്പർ 224/2017/ഹോം | 5-11-2017 | അല്ല |
| 56 | 756/2017 | ജി.ഒ. (ആർറ്റി.) നമ്പർ 3007/2017/ഹോം | 14-11-2017 | അല്ല |
| 57 | 771/2017 | ജി.ഒ. (ആർറ്റി.) നമ്പർ 1587/2017/ഹോം | 16-6-2017 | അല്ല |
| 58 | 774/2017 | ജി.ഒ. (ആർറ്റി.) നമ്പർ 3054/2017/ഹോം | 18-11-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 59 | 777/2017 | നമ്പർ 61646/ എസ്എസ്എ 2/2015/ ഹോം | 1-12-2017 | അല്ല |
| 60 | 778/2017 | ജി.ഒ.(എംഎസ്.) നമ്പർ 252/2017/ഹോം | 2-12-2017 | അല്ല |
| 61 | 780/2017 | ജി.ഒ. (ആർറ്റി.) നമ്പർ 3121/2017/ഹോം | 24-11-2017 | അല്ല |
| 62 | 791/2017 | ജി.ഒ.(പി.) നമ്പർ 26/2017/ട്രാൻസ്. | 14-11-2017 | അല്ല |
| 63 | 797/2017 | ജി.ഒ.(പി.) നമ്പർ 135/2017/ഹോം. | 7-11-2017 | അല്ല |
| 64 | 802/2017 | ജി.ഒ. (ആർറ്റി.) നമ്പർ 3283/2017/ഹോം | 8-12-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 734/2016 | ജി.ഒ.(പി.) നമ്പർ 30/2016/പി&എആർഡി. | 3-12-2016 |
| 2 | 379/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1544/2017/ഹോം. | 14-6-2017 |
| 3 | 405/2017 | ജി.ഒ.(എംഎസ്.) നമ്പർ 138/2017/ഹോം. | 29-6-2017 |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | 406/2017 | ജി.ഒ.(എംഎസ്.) നമ്പർ 139/2017/ഹോം. | 29-6-2017 |
| 5 | 407/2017 | ജി.ഒ.(എംഎസ്.) നമ്പർ 140/2017/ഹോം. | 29-6-2017 |
| 6 | 420/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1522/2017/ഹോം. | 12-6-2017 |
| 7 | 456/2017 | നമ്പർ വിജ്.സി3/6/2017-I/വിജ്. | 21-7-2017 |
| 8 | 457/2017 | നമ്പർ വിജ്.സി3/6/2017-II/വിജ്. | 21-7-2017 |
| 9 | 458/2017 | നമ്പർ വിജ്.സി3/6/2017-III/ വിജ്. | 21-7-2017 |
| 10 | 459/2017 | നമ്പർ വിജ്.സി3/6/2017-IV/ വിജ്. | 21-7-2017 |
| 11 | 460/2017 | നമ്പർ വിജ്.സി3/32/2017-I/ വിജ്. | 21-7-2017 |
| 12 | 461/2017 | നമ്പർ വിജ്.സി3/32/2017-II/ വിജ്. | 21-7-2017 |
| 13 | 462/2017 | നമ്പർ വിജ്.സി3/32/2017-III/ വിജ്. | 21-7-2017 |
| 14 | 463/2017 | നമ്പർ വിജ്.സി3/32/2017-IV/ വിജ്. | 21-7-2017 |
| 15 | 467/2017 | ജി.ഒ.(എംഎസ്) നമ്പർ 239/2017/ജിഎഡി. | 24-7-2017 |
| 16 | 473/2017 | നമ്പർ 2464/സി3/2017-I/വിജ്. | 22-7-2017 |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | 474/2017 | നമ്പർ 2464/സി3/2017-II/വിജ്. | 22-7-2017 |
| 18 | 475/2017 | നമ്പർ 2464/സി3/2017-III/വിജ്. | 22-7-2017 |
| 19 | 476/2017 | നമ്പർ 2464/സി3/2017-IV/വിജ്. | 22-7-2017 |
| 20 | 488/2017 | ജി.ഒ.(എംഎസ്.) നമ്പർ 153/ 2017/ ഹോം. | 14-7-2017 |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 223/2017 | ജി.ഒ.(ആർറ്റി.) നമ്പർ 566/2017/ നിയമം. | 25-4-2017 | അതെ |
| 2 | 519/2017 | സ. ഉ. (കൈയെഴുത്ത്) നമ്പർ 24/ 2017/ സാം. കാ.വ. | 16-8-2017 | അല്ല |
| 3 | 541/2017 | ജി.ഒ.(പി.) നമ്പർ 8/2017/നിയമം | 29-8-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 617/2017 | ജി.ഒ. (എംഎസ്.)നമ്പർ 124/2017/നിയമം. | 6-10-2017 | അല്ല |
| 5 | 684/2017 | ജി.ഒ.(പി.) നമ്പർ 04/2017/സിഎഡി. | 30-10-2017 | അല്ല |
| 6 | 685/2017 | ജി.ഒ.(എംഎസ്.) നമ്പർ 9/2017/ പിഎഡി. | 1-11-2017 | അല്ല |
| 7 | 686/2017 | ജി.ഒ.(എംഎസ്.) നമ്പർ 10/2017/ പിഎഡി. | 1-11-2017 | അല്ല |
| 8 | 796/2017 | ജി.ഒ.(ആർറ്റി.) നമ്പർ 1443/2017/ നിയമം. | 29-11-2017 | അല്ല |
| 9 | 862/2017 | ജി.ഒ. (പി) നമ്പർ 12/2017/ എസ്‌സി എസ്റ്റിഡിഡി | 30-12-2017 | അല്ല |
| 10 | - | നമ്പർ 2466/ 2017/ കെൽസ | 29-8-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 513/2017 | ജി.ഒ.(എംഎസ്.) നമ്പർ 6/2017/പിഎഡി. | 10-8-2017 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | 514/2017 | ജി.ഒ.(എംഎസ്.) നമ്പർ 7/2017/പിഎഡി. | 10-8-2017 |
| 3 | 515/2017 | ജി.ഒ.(എംഎസ്.) നമ്പർ 8/2017/പിഎഡി. | 10-8-2017 |

III. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസുകൾ റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | 2017 | 41 | 2017-ലെ കേരള നെൽവയൽ- തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് | അല്ല |

ii. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെതീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 455/2017 | ജി.ഒ.(പി.) നമ്പർ 42/2017/ ആർഡി. | 14-6-2017 | അല്ല |
| 2 | 489/2017 | സ.ഉ.(പി) നമ്പർ 54/2017/റവന്യൂ. | 10-7-2017 | അല്ല |
| 3 | 509/2017 | ജി.ഒ.(എംഎസ്.) നമ്പർ 18/2017/ ഹൗസിംഗ്. | 9-8-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 4 | 520/2017 | ജി.ഒ.(പി.) നമ്പർ 58/2017/ആർഡി. | 11-8-2017 | അല്ല |
| 5 | 521/2017 | ജി.ഒ.(പി.) നമ്പർ 59/2017/ആർഡി. | 11-8-2017 | അല്ല |
| 6 | 598/2017 | സ.ഉ.(പി) നമ്പർ 66/2017/റവന്യൂ. | 23-9-2017 | അല്ല |
| 7 | 621/2017 | ജി.ഒ.(പി.) നമ്പർ 60/2017/ആർഡി. | 17-8-2017 | അല്ല |
| 8 | 651/2017 | ജി.ഒ.(പി.) നമ്പർ 67/2017/ആർഡി. | 21-10-2017 | അല്ല |
| 9 | 652/2017 | ജി.ഒ.(പി.) നമ്പർ 68/2017/ആർഡി. | 24-10-2017 | അല്ല |
| 10 | 773/2017 | ജി.ഒ.(എംഎസ്.) നമ്പർ 396/2017/ ആർഡി. | 22-11-2017 | അല്ല |
| 11 | 793/2017 | ജി.ഒ.(പി.) നമ്പർ 74/2017/ആർഡി. | 11-12-2017 | അല്ല |
| 12 | 795/2017 | ജി.ഒ.(പി.) നമ്പർ 71/2017/ആർഡി. | 6-12-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 324/2017 | ജി.ഒ. (പി) നമ്പർ 38/2017/ആർഡി. | 5-6-2017 |

| (1) | (2) | (3) | (4) |
|---|---|---|---|
| 2 | 431/2017 | ജി.ഒ. (പി) നമ്പർ 52/17/ആർഡി. | 10-7-2017 |
| 3 | 432/2017 | ജി.ഒ. (പി) നമ്പർ 53/17/ആർഡി. | 10-7-2017 |
| 4 | 454/2017 | ജി.ഒ. (പി) നമ്പർ 41/17/ആർഡി. | 14-6-2017 |
| 5 | 471/2017 | ജി.ഒ. (പി)നമ്പർ 55/2017/ആർഡി. | 21-7-2017 |
| 6 | 472/2017 | ജി.ഒ. (പി) നമ്പർ 56/17/ആർഡി. | 21-7-2017 |

IV. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി.തോമസ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | വർഷം | നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2017 | 27 | ദി കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 | അല്ല |

ii. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 584/ 2017 | ജി.ഒ. (പി.) നമ്പർ 19/2017/ഡബ്ല്യൂആർഡി. | 23-9-2017 | അല്ല |

V. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): താഴെപ്പറയുന്ന കടലാസുകൾ ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 480/2017 | ജി.ഒ. (പി.) നമ്പർ 92/2017/ ടാക്സസ്. | 26-7-2017 | അല്ല |
| 2 | 535/2017 | ജി.ഒ. (പി.) നമ്പർ 98/2017/ ടാക്സസ്. | 18-8-2017 | അല്ല |
| 3 | 536/2017 | ജി.ഒ. (പി.) നമ്പർ 101/2017/ ടാക്സസ്. | 26-8-2017 | അല്ല |
| 4 | 537/2017 | ജി.ഒ. (പി.) നമ്പർ 102/2017/ ടാക്സസ്. | 26-8-2017 | അല്ല |
| 5 | 542/2017 | ജി.ഒ. (പി.) നമ്പർ 26/2017/ ഐഡി. | 1-8-2017 | അല്ല |
| 6 | 543/2017 | ജി.ഒ. (പി.) നമ്പർ 105/2017/ റ്റിഡി. | 30-8-2017 | അല്ല |
| 7 | 544/2017 | ജി.ഒ. (പി.) നമ്പർ 106/2017/ റ്റിഡി. | 30-8-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 8 | 545/2017 | ജി.ഒ. (പി.) നമ്പർ 107/2017/ ടാക്സസ്. | 30-8-2017 | അല്ല |
| 9 | 564/2017 | ജി.ഒ. (പി.) നമ്പർ 112/2017/ റ്റിഡി. | 18-9-2017 | അല്ല |
| 10 | 565/2017 | ജി.ഒ. (പി.) നമ്പർ 113/2017/ റ്റിഡി. | 18-9-2017 | അല്ല |
| 11 | 566/2017 | ജി.ഒ. (പി.) നമ്പർ 114/2017/ റ്റിഡി. | 18-9-2017 | അല്ല |
| 12 | 567/2017 | ജി.ഒ. (പി.) നമ്പർ 30/2017/ ഐഡി. | 14-9.-2017 | അല്ല |
| 13 | 581/2017 | ജി.ഒ. (പി.) നമ്പർ 115/2017/ ടാക്സസ്. | 25-9-2017 | അല്ല |
| 14 | 606/2017 | ജി.ഒ. (പി.) നമ്പർ 118/2017/ റ്റിഡി. | 3-10-2017 | അല്ല |
| 15 | 607/2017 | ജി.ഒ. (പി.) നമ്പർ 124/2017/ ഫിൻ. | 22-9-2017 | അല്ല |
| 16 | 616/2017 | ജി.ഒ. (പി.) നമ്പർ 119/2017/ ടാക്സസ്. | 9-10-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 17 | 638/2017 | ജി.ഒ. (പി.) നമ്പർ 123/2017/ ടാക്സസ്. | 21-10-2017 | അല്ല |
| 18 | 639/2017 | ജി.ഒ. (പി.) നമ്പർ 124/2017/ ടാക്സസ്. | 21-10-2017 | അല്ല |
| 19 | 656/2017 | ജി.ഒ. (പി.) നമ്പർ 130/2017/ ഫിൻ. | 12-10-2017 | അല്ല |
| 20 | 659/2017 | ജി.ഒ. (പി.) നമ്പർ 131/2017/ ഫിൻ. | 13-10-2017 | അല്ല |
| 21 | 660/2017 | ജി.ഒ. (പി.) നമ്പർ 132/2017/ ഫിൻ. | 15-10-2017 | അല്ല |
| 22 | 661/2017 | ജി.ഒ. (പി.) നമ്പർ 125/2017/ റ്റിഡി. | 24-10-2017 | അല്ല |
| 23 | 671/2017 | ജി.ഒ. (പി.) നമ്പർ 131/2017/ ടാക്സസ്. | 31-10-2017 | അല്ല |
| 24 | 702/2017 | ജി.ഒ. (പി.) നമ്പർ 133/2017/ ടാക്സസ് | 9-11-2017 | അല്ല |
| 25 | 703/2017 | ജി.ഒ. (പി.) നമ്പർ. 134/2017/ ടാക്സസ് | 9-11-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 26 | 704/2017 | ജി.ഒ. (പി.) നമ്പർ 135/2017/ ടാക്സസ് | 9-11-2017 | അല്ല |
| 27 | 705/2017 | ജി.ഒ. (പി.) നമ്പർ 136/2017/ ടാക്സസ് | 9-11-2017 | അല്ല |
| 28 | 706/2017 | ജി.ഒ. (പി.) നമ്പർ 137/2017/ ടാക്സസ് | 9-11-2017 | അല്ല |
| 29 | 707/2017 | ജി.ഒ. (പി.) നമ്പർ 138/2017/ ടാക്സസ് | 9-11-2017 | അല്ല |
| 30 | 708/2017 | ജി.ഒ. (പി.) നമ്പർ 139/2017/ ടാക്സസ് | 9-11-2017 | അല്ല |
| 31 | 715/2017 | ജി.ഒ. (പി.) നമ്പർ 140/2017/ റ്റിഡി | 14-11-2017 | അല്ല |
| 32 | 716/2017 | ജി.ഒ. (പി.) നമ്പർ 141/2017/ ടാക്സസ് | 14-11-2017 | അല്ല |
| 33 | 717/2017 | ജി.ഒ. (പി.) നമ്പർ 142/2017/ ടാക്സസ് | 14-11-2017 | അല്ല |
| 34 | 718/2017 | ജി.ഒ. (പി.) നമ്പർ 143/2017/ ടാക്സസ് | 14-11-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 35 | 720/2017 | ജി.ഒ. (പി.) നമ്പർ 144/2017/ ടാക്സസ് | 15-11-2017 | അല്ല |
| 36 | 721/2017 | ജി.ഒ. (പി.) നമ്പർ 145/2017/ ടാക്സസ് | 15-11-2017 | അല്ല |
| 37 | 722/2017 | ജി.ഒ. (പി.) നമ്പർ 146/2017/ ടാക്സസ് | 15-11-2017 | അല്ല |
| 38 | 723/2017 | ജി.ഒ. (പി.) നമ്പർ 147/2017/ ടാക്സസ് | 15-11-2017 | അല്ല |
| 39 | 724/2017 | ജി.ഒ. (പി.) നമ്പർ 148/2017/ ടാക്സസ് | 15-11-2017 | അല്ല |
| 40 | 725/2017 | ജി.ഒ. (പി.) നമ്പർ 149/2017/ ടാക്സസ് | 15-11-2017 | അല്ല |
| 41 | 726/2017 | ജി.ഒ. (പി.) നമ്പർ 150/2017/ ടാക്സസ് | 15-11-2017 | അല്ല |
| 42 | 727/2017 | ജി.ഒ. (പി.) നമ്പർ 151/2017/ ടാക്സസ് | 15-11-2017 | അല്ല |
| 43 | 728/2017 | ജി.ഒ. (പി.) നമ്പർ 152/2017/ ടാക്സസ് | 15-11-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 44 | 729/2017 | ജി.ഒ. (പി.) നമ്പർ 153/2017/ ടാക്സസ് | 15-11-2017 | അല്ല |
| 45 | 730/2017 | ജി.ഒ. (പി.) നമ്പർ 154/2017/ ടാക്സസ് | 15-11-2017 | അല്ല |
| 46 | 731/2017 | ജി.ഒ. (പി.) നമ്പർ 155/2017/ ടാക്സസ് | 15-11-2017 | അല്ല |
| 47 | 732/2017 | ജി.ഒ. (പി.) നമ്പർ 156/2017/ ടാക്സസ് | 15-11-2017 | അല്ല |
| 48 | 733/2017 | ജി.ഒ. (പി.) നമ്പർ 157/2017/ ടാക്സസ് | 15-11-2017 | അല്ല |
| 49 | 734/2017 | ജി.ഒ. (പി.) നമ്പർ 158/2017/ ടാക്സസ് | 15-11-2017 | അല്ല |
| 50 | 735/2017 | ജി.ഒ. (പി.) നമ്പർ 159/2017/ ടാക്സസ് | 15-11-2017 | അല്ല |
| 51 | 736/2017 | ജി.ഒ. (പി.) നമ്പർ 160/2017/ ടാക്സസ് | 15-11-2017 | അല്ല |
| 52 | 737/2017 | ജി.ഒ. (പി.) നമ്പർ 161/2017/ ടാക്സസ് | 15-11-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 53 | 738/2017 | ജി.ഒ. (പി.) നമ്പർ 162/2017/ ടാക്സസ് | 15-11-2017 | അല്ല |
| 54 | 739/2017 | ജി.ഒ. (പി.) നമ്പർ 163/2017/ ടാക്സസ് | 15-11-2017 | അല്ല |
| 55 | 740/2017 | ജി.ഒ. (പി.) നമ്പർ 164/2017/ ടാക്സസ് | 15-11-2017 | അല്ല |
| 56 | 741/2017 | ജി.ഒ. (പി.) നമ്പർ 165/2017/ ടാക്സസ് | 15-11-2017 | അല്ല |
| 57 | 742/2017 | ജി.ഒ. (പി.) നമ്പർ 166/2017/ ടാക്സസ് | 15-11-2017 | അല്ല |
| 58 | 743/2017 | ജി.ഒ. (പി.) നമ്പർ 167/2017/ ടാക്സസ് | 15-11-2017 | അല്ല |
| 59 | 744/2017 | ജി.ഒ. (പി.) നമ്പർ 168/2017/ ടാക്സസ് | 15-11-2017 | അല്ല |
| 60 | 745/2017 | ജി.ഒ. (പി.) നമ്പർ 169/2017/ ടാക്സസ് | 15-11-2017 | അല്ല |
| 61 | 746/2017 | ജി.ഒ. (പി.) നമ്പർ 170/2017/ ടാക്സസ് | 15-11-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 62 | 747/2017 | ജി.ഒ. (പി.) നമ്പർ 171/2017/ ടാക്സസ് | 15-11-2017 | അല്ല |
| 63 | 750/2017 | ജി.ഒ. (പി.) നമ്പർ 173/2017/ റ്റിഡി | 20-11-2017 | അല്ല |
| 64 | 751/2017 | ജി.ഒ. (പി.) നമ്പർ 174/2017/ റ്റിഡി | 20-11-2017 | അല്ല |
| 65 | 769/2017 | ജി.ഒ. (പി.) നമ്പർ 176/2017/ ടാക്സസ് | 27-11-2017 | അല്ല |
| 66 | 770/2017 | ജി.ഒ. (പി.) നമ്പർ 177/2017/ ടാക്സസ് | 27-11-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു.

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി |
|---|---|---|---|
| 1 | 441/2017 | ജി.ഒ. (പി) നമ്പർ 90/2017/റ്റിഡി. | 19-7-2017 |
| 2 | 442/2017 | ജി.ഒ. (പി) നമ്പർ 91/2017/റ്റിഡി. | 19-7-2017 |
| 3 | 452/2017 | ജി.ഒ. (പി) നമ്പർ 88/2017/ഫിൻ. | 11-7-2017 |
| 4 | 470/2017 | ജി.ഒ. (പി) നമ്പർ 93/2017/ ടാക്സസ്. | 27-7-2017 |
| 5 | 487/2017 | ജി.ഒ. (പി) നമ്പർ 94/2017/ടാക്സസ്. | 29-7-2017 |

VI ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ഓർഡിനൻസുകൾ :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ വർഷം | നമ്പർ | പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2017 | 21 | ദി കേരള പ്രൊഫഷണൽ കോളേജസ് (റഗുലറൈസേഷൻ ഓഫ് അഡ്മിഷൻ ഇൻ മെഡിക്കൽ കോളേജസ്) ഓർഡിനൻസ്, 2017 | അല്ല |
| 2 | 2017 | 34 | ദി കേരള പ്രൊഫഷണൽ കോളേജസ് (റഗുലറൈസേഷൻ ഓഫ് അഡ്മിഷൻ ഇൻ മെഡിക്കൽ കോളേജസ്) ഓർഡിനൻസ്, 2017 | അല്ല |

ii. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 580/2015 | ജി.ഒ. (പി.) നമ്പർ 55/2015/എസ് ജെഡി. | 3-9-2015 | അതെ |
| 2 | 109/2016 | ജി.ഒ. (പി.) നമ്പർ 14/2016/എച്ച് &എഫ്ഡബ്ല്യൂഡി. | 3-2-2016 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 226/2017 | ജി.ഒ. (പി.) നമ്പർ 17/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 24-4-2017 | അതെ |
| 4 | 522/2017 | ജി.ഒ. (പി.) നമ്പർ 49/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 19-8-2017 | അല്ല |
| 5 | 552/2017 | ജി.ഒ. (പി.) നമ്പർ 17/2017/എസ്ജെഡി. | 31-8-2017 | അല്ല |
| 6 | 593/2017 | ജി.ഒ. (പി.) നമ്പർ 19/2017/എസ്ജെഡി | 27-9-2017 | അല്ല |
| 7 | 662/2017 | ജി.ഒ. (പി.) നമ്പർ 69/2017/ എച്ച്&എഫ്ഡബ്ല്യൂഡി. | 27-10-2017 | അല്ല |
| 8 | 669/2017 | ജി.ഒ. (പി.) നമ്പർ 20/2017/ എസ്ജെഡി. | 30-10-2017 | അല്ല |
| 9 | 786/2017 | ജി.ഒ. (പി.) നമ്പർ 73/2017/എച്ച്&എഫ്ഡബ്ല്യൂഡി. | 7-12-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി |
|---|---|---|---|
| 1 | 397/2017 | ജി.ഒ. (പി) നമ്പർ 29/2017/എച്ച്&എഫ്ഡബ്ല്യൂഡി. | 6-7-2017 |
| 2 | 408/2017 | ജി.ഒ. (പി) നമ്പർ 30/2017/എച്ച്&എഫ്ഡബ്ല്യൂഡി. | 6-7-2017 |
| 3 | 409/2017 | ജി.ഒ. (പി) നമ്പർ 32/2017/എച്ച്&എഫ്ഡബ്ല്യൂഡി. | 7-7-2017 |
| 4 | 419/2017 | ജി.ഒ. (പി) നമ്പർ 35/2017/എച്ച്&എഫ്ഡബ്ല്യൂഡി. | 12-7-2017 |
| 5 | 445/2017 | ജി.ഒ. (പി) നമ്പർ 13/2017/എസ്ജെഡി. | 21-7-2017 |
| 6 | 492/2017 | ജി.ഒ. (പി) നമ്പർ 43/2017/എച്ച്&എഫ്ഡബ്ല്യൂഡി. | 3-8-2017 |
| 7 | 498/2017 | ജി.ഒ. (പി) നമ്പർ 44/2017/എച്ച്&എഫ്ഡബ്ല്യൂഡി. | 4-8-2017 |
| 8 | 503/2017 | ജി.ഒ. (പി) നമ്പർ 47/2017/എച്ച്&എഫ്ഡബ്ല്യൂഡി. | 10-8-2017 |

VII. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 53/2016 | ജി.ഒ.(പി)നമ്പർ 2/2016/പിഡബ്ല്യൂഡി. | 14-1-2016 | അതെ |

| (1) | (2) | (4) | (5) | (6) |
|---|---|---|---|---|
| 2 | 395/2016 | ജി.ഒ.(പി)നമ്പർ 21/2016/പിഡബ്ല്യൂഡി. | 18-5-2016 | അതെ |
| 3 | 711/2016 | ജി.ഒ.(പി)നമ്പർ 60/2016/പിഡബ്ല്യൂഡി. | 18-11-2016 | അതെ |
| 4 | 532/2017 | ജി.ഒ.(പി)നമ്പർ 99/2017/റ്റിഡി. | 25-8-2017 | അല്ല |
| 5 | 533/2017 | ജി.ഒ.(പി)നമ്പർ 100/2017/റ്റിഡി. | 25-8-2017 | അല്ല |
| 6 | 678/2017 | ജി.ഒ.(പി)നമ്പർ 132/2017/റ്റിഡി. | 31-10-2017 | അല്ല |
| 7 | 752/2017 | ജി.ഒ.(പി)നമ്പർ 172/2017/നിവ. | 18-11-2017 | അല്ല |
| 8 | 776/2017 | ജി.ഒ.(പി) നമ്പർ 178/2017/റ്റിഡി. | 29-11-2017 | അല്ല |

VIII. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ :

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 38 | ദി അബ്കാരി (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 | അല്ല |

ii. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 37/2017 | ജി.ഒ.(പി) നമ്പർ 2/2017/എൽബി ആർ. | 19-1-2017 | അതെ |
| 2 | 344/2017 | ജി.ഒ.(പി) നമ്പർ 53/2017/റ്റിഡി. | 23-6-2017 | അല്ല |
| 3 | 464/2017 | ജി.ഒ.(പി)നമ്പർ 70/2017/എൽബി ആർ. | 16-7-2017 | അല്ല |
| 4 | 485/2017 | ജി.ഒ.(പി) നമ്പർ 73/2017/എൽബി ആർ. | 22-7-2017 | അല്ല |
| 5 | 495/2017 | ജി.ഒ.(പി) നമ്പർ 77/2017/എൽബി ആർ. | 1-8-2017 | അല്ല |
| 6 | 502/2017 | ജി.ഒ.(പി) നമ്പർ 97/2017/റ്റിഡി. | 4-8-2017 | അല്ല |
| 7 | 508/2017 | ജി.ഒ.(പി)നമ്പർ 71/2017/എൽബി ആർ. | 20-7-2017 | അല്ല |
| 8 | 524/2017 | ജി.ഒ.(പി) നമ്പർ 81/2017/എൽബി ആർ. | 17-8-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | 525/2017 | ജി.ഒ.(പി) നമ്പർ 82/2017/എൽബി ആർ. | 17-8-2017 | അല്ല |
| 10 | 538/2017 മുതൽ 540/2017 വരെ | ജി.ഒ.(പി) നമ്പർ 80/2017/എൽബി ആർ. | 3-8-2017 | അല്ല |
| 11 | 549/2017 | ജി.ഒ.(പി)നമ്പർ 103/2017/റ്റിഡി. | 30-8-2017 | അല്ല |
| 12 | 550/2017 | ജി.ഒ.(പി) നമ്പർ 104/2017/റ്റിഡി. | 30-8-2017 | അല്ല |
| 13 | 551/2017 | ജി.ഒ.(പി) നമ്പർ 108/2017/റ്റിഡി. | 31-8-2017 | അല്ല |
| 14 | 556/2017 | ജി.ഒ.(പി) നമ്പർ 83/2017/എൽബി ആർ. | 28-8-2017 | അല്ല |
| 15 | 557/2017 | ജി.ഒ.(പി)നമ്പർ 84/2017/എൽബി ആർ. | 29-8-2017 | അല്ല |
| 16 | 580/2017 | ജി.ഒ.(പി) നമ്പർ 88/2017/എൽബി ആർ. | 16-9-2017 | അല്ല |
| 17 | 583/2017 | ജി.ഒ.(പി) നമ്പർ 90/2017/എൽബി ആർ. | 19-9-2017 | അല്ല |
| 18 | 591/2017 | ജി.ഒ.(പി) നമ്പർ 89/2017/എൽബി ആർ. | 16-9-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 19 | 595/2017 | ജി.ഒ.(പി) നമ്പർ 117/2017/റ്റിഡി. | 28-9-2017 | അല്ല |
| 20 | 597/2017 | ജി.ഒ.(എം.എസ്.) നമ്പർ 77/2017/ എൽബിആർ. | 22-9-2017 | അല്ല |
| 21 | 615/2017 | ജി.ഒ.(പി) നമ്പർ 91/2017/എൽബി ആർ. | 27-9-2017 | അല്ല |
| 22 | 618/2017 | ജി.ഒ.(എം.എസ്.) നമ്പർ 78/2017/ എൽബിആർ. | 27-9-2017 | അല്ല |
| 23 | 619/2017 | ജി.ഒ.(എം.എസ്.) നമ്പർ 82/2017/ എൽബിആർ. | 30-9-2017 | അല്ല |
| 24 | 620/2017 | ജി.ഒ.(പി) നമ്പർ 92/2017/എൽബി ആർ. | 5-10-2017 | അല്ല |
| 25 | 625/2017 | സ.ഉ. (അച്ചടി) നമ്പർ 93/2017/ തൊഴിൽ. | 6-10-2017 | അല്ല |
| 26 | 653/2017 | ജി.ഒ.(പി) നമ്പർ 126/2017/റ്റിഡി. | 25-10-2017 | അല്ല |
| 27 | 654/2017 | സ.ഉ. (അച്ചടി) നമ്പർ 99/2017/ തൊഴിൽ. | 20-10-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 28 | 657/2017 | ജി.ഒ.(പി) നമ്പർ 127/2017/റ്റിഡി. | 27-10-2017 | അല്ല |
| 29 | 658/2017 | ജി.ഒ.(പി) നമ്പർ 128/2017/റ്റിഡി. | 27-10-2017 | അല്ല |
| 30 | 666/2017 | ജി.ഒ.(പി) നമ്പർ 95/2017/എൽബി ആർ. | 11-10-2017 | അല്ല |
| 31 | 668/2017 | ജി.ഒ.(പി) നമ്പർ 130/2017/റ്റിഡി. | 30-10-2017 | അല്ല |
| 32 | 670/2017 | ജി.ഒ.(പി) നമ്പർ 101/2017/എൽബി ആർ. | 30-10-2017 | അല്ല |
| 33 | 683/2017 | ജി.ഒ. (പി.) നമ്പർ 129/2017/റ്റിഡി. | 30-10-2017 | അല്ല |
| 34 | 693/2017 | ജി.ഒ.(പി)നമ്പർ 96/2017/എൽബി ആർ. | 13-10-2017 | അല്ല |
| 35 | 701/2017 | ജി.ഒ.(എംഎസ്.) നമ്പർ 95/2017/ റ്റിഡി. | 9-11-2017 | അല്ല |
| 36 | 711/2017 | ജി.ഒ.(പി) നമ്പർ 102/2017/എൽബി ആർ. | 31-10-2017 | അല്ല |
| 37 | 719/2017 | ജി.ഒ.(പി) നമ്പർ 103/2017/എൽബി ആർ. | 5-11-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 38 | 758/2017 | ജി.ഒ.(പി) നമ്പർ 105/2017/എൽബിആർ. | 10-11-2017 | അല്ല |
| 39 | 765/2017 | ജി.ഒ.(പി)നമ്പർ 104/2017/എൽബിആർ. | 9-11-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ് .ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 428/2017 | ജി.ഒ. (പി) നമ്പർ 54/2017/എൽബിആർ. | 8-6-2017 |
| 2 | 434/2017 | ജി.ഒ. (പി) നമ്പർ 55/2017/എൽബിആർ. | 8-6-2017 |
| 3 | 451/2017 | ജി.ഒ. (പി) നമ്പർ 69/2017/എൽബിആർ. | 14-7-2017 |
| 4 | 468/2017 | ജി.ഒ. (പി) നമ്പർ 72/2017/എൽബിആർ. | 22-7-2017 |
| 5 | 469/2017 | ജി.ഒ. (പി) നമ്പർ 74/2017/എൽബിആർ. | 22-7-2017 |
| 6 | 506/2017 | ജി.ഒ. (പി) നമ്പർ 75/2017/എൽബിആർ. | 29-7-2017 |

IX. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ :

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 592/2017 | ജി.ഒ. (പി.) നമ്പർ 5/2017/സിഎഡി. | 20-9-2017 | അല്ല |
| 2 | 800/2017 | ജി.ഒ. (പി.) നമ്പർ 6/2017/സിഎഡി. | 18-12-2017 | അല്ല |
| 3 | - | 1802934/ഡി1/2017/എഫ്&സിഎസ്ഡി | 3-10-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്.ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി |
|---|---|---|---|
| 1 | 423/2017 | ജി.ഒ. (പി) നമ്പർ 4/2017/ സിഎഡി | 11-7-2017 |

X. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ വർഷം | ഓർഡിനൻസിന്റെ നമ്പർ | ഓർഡിനൻസിന്റെ പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 1 | 2017 | 23 | ദി ട്രാവൻകൂർ- കൊച്ചിൻ ഹിന്ദു റിലീജിയസ് ഇൻസ്റ്റിറ്റ്യൂഷൻസ് (അമെന്റ്മെന്റ്) ഓർഡിനൻസ് ,2017 | അല്ല |
| 2 | 2017 | 31 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെന്റ്മെന്റ്) ഓർഡിനൻസ് , 2017 | അല്ല |
| 3 | 2017 | 39 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (സെക്കന്റ് അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 | അല്ല |

ii. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 1106/2010 | ജി.ഒ.(പി.) നമ്പർ 203/2010/കോ-ഓപ്. | 24-11-2010 | അതെ |
| 2 | 62/2011 | ജി.ഒ.(പി.) നമ്പർ 13/2011/കോ-ഓപ്. | 20-1-2011 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 86/2016 | ജി.ഒ.(പി.) നമ്പർ 7/2016/കോ-ഓപ്. | 14-1-2016 | അതെ |
| 4 | 336/2016 | ജി.ഒ.(പി.) നമ്പർ 44/2016/കോ-ഓപ്. | 25-4-2016 | അതെ |
| 5 | 115/2017 | ജി.ഒ.(പി.) നമ്പർ 14/2017/കോ-ഓപ്. | 9-3-2017 | അതെ |
| 6 | 117/2017 | ജി.ഒ.(പി.) നമ്പർ 15/2017/കോ-ഓപ്. | 9-3-2017 | അതെ |
| 7 | 277/2017 | ജി.ഒ.(പി.) നമ്പർ 25/2017/കോ-ഓപ്. | 8-5-2017 | അതെ |
| 8 | 483/2017 | ജി.ഒ.(പി) നമ്പർ 41/2017/കോ-ഓപ്. | 25-7-2017 | അല്ല |
| 9 | 493/2017 | ജി.ഒ.(പി) നമ്പർ 57/2017/ആർഡി. | 3-8-2017 | അല്ല |
| 10 | 494/2017 | ജി.ഒ.(പി) നമ്പർ 42/2017/കോ-ഓപ്. | 31-7-2017 | അല്ല |
| 11 | 527/2017 | ജി.ഒ.(പി) നമ്പർ 43/2017/കോ-ഓപ്. | 7-8-2017 | അല്ല |
| 12 | 531/2017 | ജി.ഒ.(പി) നമ്പർ 46/2017/കോ-ഓപ്. | 24-8-2017 | അല്ല |
| 13 | 534/2017 | ജി.ഒ.(പി) നമ്പർ 62/2017/ആർഡി. | 22-8-2017 | അല്ല |
| 14 | 546/2017 | ജി.ഒ.(പി) നമ്പർ 37/2017/കോ-ഓപ്. | 13-7-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 15 | 547/2017 | ജി.ഒ.(പി) നമ്പർ 40/2017/കോ-ഓപ്. | 21-7-2017 | അല്ല |
| 16 | 548/2017 | ജി.ഒ.(പി) നമ്പർ 45/2017/കോ-ഓപ്. | 21-8-2017 | അല്ല |
| 17 | 554/2017 | ജി.ഒ.(പി) നമ്പർ 48/2017/കോ-ഓപ്. | 31-8-2017 | അല്ല |
| 18 | 560/2017 | ജി.ഒ.(പി) നമ്പർ 44/2017/കോ-ഓപ്. | 14-8-2017 | അല്ല |
| 19 | 571/2017 | ജി.ഒ.(പി) നമ്പർ 54/2017/കോ-ഓപ്. | 22-9-2017 | അല്ല |
| 20 | 579/2017 | ജി.ഒ.(പി) നമ്പർ 47/2017/കോ-ഓപ്. | 26-8-2017 | അല്ല |
| 21 | 599/2017 | ജി.ഒ.(പി) നമ്പർ 53/2017/കോ-ഓപ്. | 22-9-2017 | അല്ല |
| 22 | 600/2017 | ജി.ഒ.(പി)നമ്പർ 57/2017/കോ-ഓപ്. | 23-9-2017 | അല്ല |
| 23 | 604/2017 | ജി.ഒ.(പി) നമ്പർ 49/2017/കോ-ഓപ്. | 13-9-2017 | അല്ല |
| 24 | 608/2017 | ജി.ഒ.(പി) നമ്പർ 56/2017/കോ-ഓപ്. | 22-9-2017 | അല്ല |
| 25 | 623/2017 | ജി.ഒ.(പി) നമ്പർ 59/2017/കോ-ഓപ്. | 30-9-2017 | അല്ല |
| 26 | 634/2017 | ജി.ഒ.(പി) നമ്പർ 62/2017/കോ-ഓപ്. | 10-10-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 27 | 636/2017 | ജി.ഒ.(പി) നമ്പർ 63/2017/കോ-ഓപ്. | 17-10-2017 | അല്ല |
| 28 | 649/2017 | ജി.ഒ.(പി) നമ്പർ 55/2017/കോ-ഓപ്. | 22-9-2017 | അല്ല |
| 29 | 663/2017 | ജി.ഒ.(പി) നമ്പർ 58/2017/കോ-ഓപ്. | 27-9-2017 | അല്ല |
| 30 | 664/2017 | ജി.ഒ.(പി) നമ്പർ 61/2017/കോ-ഓപ്. | 10-10-2017 | അല്ല |
| 31 | 665/2017 | ജി.ഒ.(പി) നമ്പർ 64/2017/കോ-ഓപ്. | 20-10-2017 | അല്ല |
| 32 | 710/2017 | ജി.ഒ.(പി) നമ്പർ 65/2017/കോ-ഓപ്. | 31-10-2017 | അല്ല |
| 33 | 759/2017 | ജി.ഒ.(പി) നമ്പർ 69/2017/കോ-ഓപ്. | 15-11-2017 | അല്ല |
| 34 | 775/2017 | ജി.ഒ.(പി) നമ്പർ 70/2017/കോ-ഓപ്. | 15-11-2017 | അല്ല |
| 35 | 801/2017 | ജി.ഒ.(പി)നമ്പർ 76/2017/കോ-ഓപ്. | 11-12-2017 | അല്ല |
| 36 | 854/2017 | ജി.ഒ.(ആർറ്റി.) നമ്പർ 5575/2017/ആർഡി. | 25-12-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് .ആർ . ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി |
|---|---|---|---|
| 1 | 79/2017 | ജി.ഒ.(പി) നമ്പർ 08/2017/കോ-ഓപ്. | 23-1-2017 |
| 2 | 438/2017 | ജി.ഒ.(പി) നമ്പർ 35/2017/കോ-ഓപ്. | 4-7-2017 |
| 3 | 486/2017 | ജി.ഒ.(പി) നമ്പർ 39/2017/കോ-ഓപ്. | 19-7-2017 |

XI. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ വർഷം | നമ്പർ | പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| 1 | 2017 | 22 | ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് , 2017 | അല്ല |
| 2 | 2017 | 35 | ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ്, 2017 | അല്ല |
| 3 | 2017 | 36 | 2017-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ഓർഡിനൻസ് | അല്ല |

ii. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| 1 | 268/2016 | ജി.ഒ. (പി.) നമ്പർ 05/2016/ഐഡി. | 4-3-2016 | അതെ |
| 2 | 389/2016 | ജി.ഒ. (പി.) നമ്പർ 13/2016/ഐഡി. | 23-5-2016 | അതെ |
| 3 | 390/2016 | ജി.ഒ. (പി.) നമ്പർ 14/2016/ഐഡി. | 23-5-2016 | അതെ |
| 4 | 523/2017 | ജി.ഒ. (പി.) നമ്പർ 28/2017/ഐഡി. | 10-8-2017 | അല്ല |
| 5 | 529/2017 | ജി.ഒ. (പി.) നമ്പർ 29/2017/ഐഡി. | 22-8-2017 | അല്ല |
| 6 | 637/2017 | ജി.ഒ. (പി.) നമ്പർ 31/2017/ഐഡി. | 9-10-2017 | അല്ല |
| 7 | 763/2017 | സ.ഉ. (അച്ചടി) നമ്പർ 4/2017/കാ.വ.യു | 20-11-2017 | അല്ല |

XII. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 1 | 510/2017 | ജി.ഒ. (പി.) നമ്പർ 20/2017/എഫ്&പി ഡി. | 17-7-2017 | അല്ല |
| 2 | 516/2017 | ജി.ഒ. (പി.) നമ്പർ 21/2017/എഫ്&പി ഡി. | 4-8-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | തീയതി |
|---|---|---|---|
| 1 | 465/2017 | സ.ഉ.(അച്ചടി) നമ്പർ 18/2017/മ. ഇ.വ. | 12-7-2017 |

XIII. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ വർഷം | നമ്പർ | പേര് | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 2017 | 20 | ദി കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 2017 | 24 | 2017-ലെ കോഴിക്കോട് സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ഓർഡിനൻസ് | അല്ല |
| 3 | 2017 | 26 | ദി ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി ഓഫ് സാൻസ്ക്രിറ്റ് (അമെന്റ്മെന്റ്) ഓർഡിനൻസ്, 2017 | അല്ല |
| 4 | 2017 | 28 | 2017- ലെ എ. പി. ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല (ഭേദഗതി) ഓർഡിനൻസ് | അല്ല |
| 5 | 2017 | 37 | ദി കേരള സ്റ്റേറ്റ് ഹയർ എഡ്യുക്കേഷൻ കൗൺസിൽ (അമെന്റ്മെന്റ്) ഓർഡിനൻസ് , 2017 | അല്ല |
| 6 | 2017 | 40 | ദി കേരള യൂണിവേഴ്സിറ്റി (അമെന്റ്മെന്റ്) ഓർഡിനൻസ് , 2017 | അല്ല |

ii. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 696/2017 | ജി.ഒ. (പി.) നമ്പർ 33/2017/എച്ച്. ഇഡിഎൻ. | 7-11-2017 | അല്ല |
| 2 | 698/2017 | ജി.ഒ. (പി.) നമ്പർ 16/2017/ജി .ഇഡിഎൻ. | 7-11-2017 | അല്ല |

XIV. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 299/2016 | ജി.ഒ.(എംഎസ്.)നമ്പർ 18/2016/എഫ്&ഡബ്ല്യൂ എൽഡി. | 31-3-2016 | അതെ |
| 2 | 348/2016 | ജി.ഒ.(പി.)നമ്പർ 6/2016/എഫ്&ഡബ്ല്യൂഎ ൽഡി. | 27-4-2016 | അതെ |
| 3 | 479/2017 | ജി.ഒ.(പി.)നമ്പർ 6/2017/എഫ്&ഡബ്ല്യൂ എൽഡി. | 15-7-2017 | അല്ല |
| 4 | 576/2017 | ജി.ഒ.(പി.)നമ്പർ 7/2017/എഫ്&ഡബ്ല്യൂ എൽഡി. | 17-9-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 5 | 699/2017 | ജി.ഒ.(പി.)നമ്പർ 9/2017/എഫ്&ഡബ്ല്യൂഎൽഡി. | 4-11-2017 | അല്ല |
| 6 | 700/2017 | ജി.ഒ.(പി.)നമ്പർ 10/2017/എഫ്&ഡബ്ല്യൂ എൽഡി. | 4-11-2017 | അല്ല |
| 7 | 781/2017 | ജി.ഒ.(എംഎസ്.)നമ്പർ 46/2017/എഫ്&ഡബ്ല്യൂ എൽഡി. | 25-10-2017 | അല്ല |

XV. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ഓർഡിനൻസുകൾ

| ക്രമ നമ്പർ | ഓർഡിനൻസിന്റെ | | | ചട്ടം 75(2) പ്രകാരമുള്ള പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | വർഷം | നമ്പർ | പേര് | |
| 1 | 2017 | 29 | ദി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് ദി സർവ്വീസസ് അണ്ടർ ദി വഖഫ് ബോർഡ്) ഓർഡിനൻസ്, 2017 | അല്ല |
| 2 | 2017 | 32 | 2017-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ഓർഡിനൻസ് | അല്ല |
| 3 | 2017 | 33 | 2017-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ഓർഡിനൻസ് | അല്ല |

ii. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | 1149/2008 | ജി.ഒ. (പി.) നമ്പർ 131/2008/എൽഎസ് ജിഡി. | 9-5-2008 | അതെ |
| 2 | 34/2011 | സ.ഉ. (അ.) നമ്പർ 17/2011/തസ്വഭവ | 14-1-2011 | അതെ |
| 3 | 35/2011 | സ.ഉ. (അ.) നമ്പർ 18/2011/തസ്വഭവ | 14-1-2011 | അതെ |
| 4 | 84/2011 | സ.ഉ. (അ.) നമ്പർ 24/2011/തസ്വഭവ. | 25-1-2011 | അതെ |
| 5 | 127/2011 | ജി.ഒ. (എംഎസ്.) നമ്പർ 41/2011/ എൽഎസ്ജിഡി. | 14-2-2011 | അതെ |
| 6 | 166/2011 | ജി.ഒ. (എംഎസ്.) നമ്പർ 64/2011/ എൽഎസ്ജിഡി. | 26-2-2011 | അതെ |
| 7 | 277/2011 | ജി.ഒ. (എംഎസ്.) നമ്പർ 87/2011/ എൽഎസ്ജിഡി. | 16-4-2011 | അതെ |
| 8 | 435/2012 | സ.ഉ. (അച്ചടി) നമ്പർ 152/2012/തസ്വഭവ. | 8-6-2012 | അതെ |
| 9 | 612/2016 | ജി.ഒ. (പി.) നമ്പർ 20/2016/ജിഎഡി. | 27-9-2016 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 10 | 695/2016 | ജി.ഒ. (പി.) നമ്പർ 34/2016/എൽഎസ് ജിഡി. | 16-10-2016 | അതെ |
| 11 | 696/2016 | ജി.ഒ. (പി.) നമ്പർ 35/2016/എൽഎസ് ജിഡി. | 22-10-2016 | അതെ |
| 12 | 772/2016 | സ. ഉ. (അച്ചടി) നമ്പർ 49/2016/ത.സ്വ.ഭ. വ. | 17-12-2016 | അതെ |
| 13 | 50/2017 | ജി.ഒ. (പി.) നമ്പർ 50/2016/എൽഎസ് ജിഡി. | 23-12-2016 | അതെ |
| 14 | 51/2017 | ജി.ഒ. (പി.) നമ്പർ 52/2016/എൽഎസ് ജിഡി. | 31-12-2016 | അതെ |
| 15 | 342/2017 | ജി.ഒ. (പി.) നമ്പർ 41/2017/എൽഎസ് ജിഡി. | 21-6-2017 | അല്ല |
| 16 | 499/2017 | ജി.ഒ. (പി.) നമ്പർ 51/2017/എൽഎസ്ജി ഡി. | 4-8-2017 | അല്ല |
| 17 | 507/2017 | ജി.ഒ. (പി.) നമ്പർ 44/2017/എൽഎസ് ജിഡി. | 28-6-2017 | അല്ല |
| 18 | 572/2017 | ജി.ഒ. (പി.) നമ്പർ 42/2017/എൽഎസ് ജിഡി. | 16-6-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 19 | 573/2017 | ജി.ഒ. (പി.) നമ്പർ 47/2017/എൽഎസ് ജിഡി. | 1-8-2017 | അല്ല |
| 20 | 574/2017 | ജി.ഒ. (പി.) നമ്പർ 49/2017/എൽഎസ് ജിഡി. | 2-8-2017 | അല്ല |
| 21 | 575/2017 | ജി.ഒ. (പി.) നമ്പർ 50/2017/എൽഎസ് ജിഡി. | 2-8-2017 | അല്ല |
| 22 | 585/2017 | ജി.ഒ. (പി.) നമ്പർ 48/2017/എൽഎസ് ജിഡി. | 1-8-2017 | അല്ല |
| 23 | 587/2017 | ജി.ഒ. (പി.) നമ്പർ 54/2017/എൽഎസ് ജിഡി. | 23-8-2017 | അല്ല |
| 24 | 588/2017 | ജി.ഒ. (പി.) നമ്പർ 55/2017/എൽഎസ് ജിഡി. | 25-8-2017 | അല്ല |
| 25 | 589/2017 | ജി.ഒ. (പി.) നമ്പർ 58/2017/എൽഎസ് ജിഡി. | 30-8-2017 | അല്ല |
| 26 | 590/2017 | ജി.ഒ. (പി.) നമ്പർ 59/2017/എൽഎസ് ജിഡി. | 30-8-2017 | അല്ല |
| 27 | 603/2017 | സ.ഉ.(അച്ചടി) നമ്പർ 65/2017/ത.സ്വ.ഭ.വ. | 20-9-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 28 | 610/2017 | ജി.ഒ. (പി.) നമ്പർ 60/2017/എൽഎസ് ജിഡി. | 14-9-2017 | അല്ല |
| 29 | 611/2017 | ജി.ഒ. (പി.) നമ്പർ 53/2017/എൽഎസ് ജിഡി. | 23-8-2017 | അല്ല |
| 30 | 633/2017 | സ. ഉ. (അച്ചടി) നമ്പർ 74/2017/ത.സ്വ.ഭ. വ. | 10-10-2017 | അല്ല |
| 31 | 635/2017 | ജി.ഒ. (എംഎസ്.) നമ്പർ 198/2017/ എൽഎസ്ജിഡി. | 12-10-2017 | അല്ല |
| 32 | 687/2017 | ജി.ഒ. (പി.) നമ്പർ 66/2017/എൽഎസ് ജിഡി. | 28-9-2017 | അല്ല |
| 33 | 688/2017 | ജി.ഒ. (പി.) നമ്പർ 67/2017/എൽഎസ് ജിഡി. | 29-9-2017 | അല്ല |
| 34 | 689/2017 | ജി.ഒ. (പി.) നമ്പർ 69/2017/എൽഎസ് ജിഡി. | 6-10-2017 | അല്ല |
| 35 | 690/2017 | ജി.ഒ. (പി.) നമ്പർ 70/2017/എൽഎസ് ജിഡി. | 6-10-2017 | അല്ല |
| 36 | 691/2017 | ജി.ഒ. (പി.) നമ്പർ 71/2017/എൽഎസ് ജിഡി. | 9-10-2017 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 37 | 692/2017 | ജി.ഒ. (പി.) നമ്പർ 72/2017/എൽഎസ് ജിഡി. | 9-10-2017 | അല്ല |
| 38 | 865/2017 | ജി.ഒ. (പി.) നമ്പർ 92/2017/എൽഎസ് ജിഡി. | 27-11-2017 | അല്ല |
| 39 | 866/2017 | ജി.ഒ. (പി.) നമ്പർ 96/2017/എൽഎസ് ജിഡി. | 8-12-2017 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ് .ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ നമ്പർ | വിജ്ഞാപനത്തിന്റെ തീയതി |
|---|---|---|---|
| 1 | 481/2017 | ജി.ഒ.(പി) നമ്പർ 39/2017/എൽഎസ്ജിഡി. | 16-6-2017 |

XVI. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

i. ചട്ടം 166(1) പ്രകാരമുള്ള കടലാസുകൾ

| ക്രമ നമ്പർ | എസ്. ആർ .ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 285/2017 | ജി.ഒ.(എംഎസ്.) നമ്പർ 12/2017/ പിഡി. | 24-5-2017 | അതെ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 2 | 496/2017 | ജി.ഒ.(പി.) നമ്പർ 4/2017/പിഡി. | 27-7-2017 | അല്ല |
| 3 | 582/2017 | ജി.ഒ.(പി.) നമ്പർ 6/2017/പിഡി. | 18-9-2017 | അല്ല |
| 4 | 612/2017 | ജി.ഒ.(പി.) നമ്പർ 7/2017/പിഡി. | 26-9-2017 | അല്ല |
| 5 | 681/2017 | ജി.ഒ.(പി.) നമ്പർ 8/2017/പവർ. | 26-10-2017 | അല്ല |
| 6 | - | നമ്പർ 702/ ഡിഡി(റ്റി)/ ടെക്നോപാർക്ക്/ 2017/കെഎസ്ഇആർ സി | 16-5-2017 | അതെ |
| 7 | - | നമ്പർ 1007/ എഫ്&റ്റി/ കെഎസ്ഇആർ സി/2016 | 28-6-2017 | അതെ |
| 8 | - | നമ്പർ 2114/ എഡിഎൽ/ കെഎസ്ഇആർ സി/2014 | 19-10-2017 | അല്ല |
| 9 | - | നമ്പർ 442/ സിറ്റി/2015/ കെഎസ്ഇആർസി | 2-11-2017 | അല്ല |

XVII. നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, നിയമസഭ പാസ്സാക്കിയ ബില്ലുകളിൽ രാഷ്ട്രപതി/ഗവർണർ എന്നിവരുടെ അംഗീകാരം ലഭിച്ച താഴെപ്പറയുന്ന ആക്ടുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| 1 | 2017 | 12 | ദി ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് (കേരള അമെന്റ്മെന്റ്) ആക്റ്റ്, 2017 |
| 2 | 2017 | 13 | ദി കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ (അമെന്റ്മെന്റ്) ആക്റ്റ്, 2017 |
| 3 | 2017 | 14 | ദി കേരള കോ- ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ആക്റ്റ്, 2017 |
| 4 | 2017 | 15 | 2017-ലെ കേരള മെഡിക്കൽ വിദ്യാഭ്യാസം (സ്വകാര്യ മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള പ്രവേശനം ക്രമപ്പെടുത്തലും നിയന്ത്രിക്കലും) ആക്റ്റ് |
| 5 | 2017 | 16 | 2017- ലെ കേരള മാരിടൈം ബോർഡ് ആക്റ്റ് |
| 6 | 2017 | 17 | 2017-ലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സംബന്ധിച്ച കൂടുതൽ ചുമതലകൾ) ആക്റ്റ് |
| 7 | 2017 | 18 | 2017- ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് |
| 8 | 2017 | 19 | 2017- ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് |
| 9 | 2017 | 20 | ദി കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ആക്റ്റ് , 2017 |
| 10 | 2017 | 21 | 2017-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ആക്റ്റ്. |
| 11 | 2017 | 22 | ദി കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ (അമെന്റ്മെന്റ്) ആക്റ്റ്, 2017 |
| 12 | 2017 | 23 | ദി മിനിമം വേജസ് (കേരള അമെന്റ്മെന്റ്) ആക്റ്റ്, 2017 |

## ലിസ്റ്റ് 2 - ചട്ടം 47(2) അനുസരിച്ചുള്ള കടലാസുകൾ

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

   പതിമൂന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിലെ 6148, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 27, 188, 1420, 1435, 1452, 1464, 1554, 2851, 5442, 5476, 5548, പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 3, 25, 32, 43, 64, 85, 95, 105, 116, 117, 120, 121, 124, 140, 150, 154, 155, *176, *177, 185, 1639, 1641, 1643, 1645, 1648, 1658, 1667, 1671, 1673, 1674, 1677, 1680, 1682, 1683, 1685, 1687, 1691, 1708, 1713, 1715, 1717, 1726, 1728, 1736, 1738, 1739, 1743, 1748, 1750, 1752, 1754, 1760, 1764, 1768, 1770, 1775, 1784, 1785, 1786, 1790, 1795, 1799, 1800, 1801, 1802, 1803, 1807, 1808, 1810, 1815, 3289, 3291, 3299, 3300, 3303, 3306, 3307, 3319, 3337, 3341, 3345, 3349, 3352, 3419, 3436, 3440, 3442, 3461 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

   പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4458, പതിമൂന്നാം സമ്മേളനത്തിലെ 2837, പതിനാലാം സമ്മേളനത്തിലെ 3907, പതിനാറാം സമ്മേളനത്തിലെ 1178, പതിനാലാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 6010, അഞ്ചാം സമ്മേളനത്തിലെ 3862, 5080, ഏഴാം സമ്മേളനത്തിലെ 1246, 1268, 1299 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

3. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1276, ഏഴാം സമ്മേളനത്തിലെ 1498, 1526, 3083, 3098, 3107, 3144, 3160 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

4. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ.സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2351, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 1877, ഏഴാം സമ്മേളനത്തിലെ 3699 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

5. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 994, പതിനൊന്നാം സമ്മേളനത്തിലെ 2642, പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 1167 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

6. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 3094, 5660, ഏഴാം സമ്മേളനത്തിലെ 292, 1857, 3486, 3498, 3515, 3545 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

7. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 2276, 2281, 3657, ഏഴാം സമ്മേളനത്തിലെ 2679 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

8. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 1674, പതിനാറാം സമ്മേളനത്തിലെ 2958, 2998, പതിനാലാം കേരളനിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1025, 2299, അഞ്ചാം സമ്മേളനത്തിലെ 2575, 3849 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

9. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിനാലാം കേരള നിയമസഭയുടെ ഏഴാം സമ്മേളനത്തിലെ 2297 എന്ന നമ്പരിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അത് യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

10. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ ഒമ്പതാം സമ്മേളനത്തിലെ 3794, പതിനൊന്നാം സമ്മേളനത്തിലെ 2164, 2165, പതിനാലാം സമ്മേളനത്തിലെ 4687, പതിനഞ്ചാം സമ്മേളനത്തിലെ 1878, പതിനാറാം സമ്മേളനത്തിലെ 3186, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1562, അഞ്ചാം സമ്മേളനത്തിലെ 1765, 1792, ഏഴാം സമ്മേളനത്തിലെ 3655, 3670, 3676 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവ യഥാസമയം നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

# VII റിപ്പോർട്ട് സമർപ്പണം

## (1) കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

## (2) കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെൻറ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പ്രത്യേക റിപ്പോർട്ട്

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, വ്യവസായവും ധാതുക്കളും സംബന്ധിച്ച വിഷയനിർണ്ണയ സമിതി IV-ന്റെ ചെയർമാനായ ഞാൻ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ), കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെംഡൽ) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സമർപ്പിക്കുന്നു.

## (3) 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ റിപ്പോർട്ട്

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ആരോഗ്യവും കുടുംബക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XII-ന്റെ ചെയർപേഴ്സണായ ഞാൻ 2017-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള ബില്ലും സമർപ്പിക്കുന്നു.

## (4) പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ 55 മുതൽ 63 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. സി. ദിവാകരൻ: സർ, പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 55 മുതൽ 63 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VIII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ ഒൻപതാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

12.00 noon]

## IX നിയമനിർമ്മാണകാര്യം

### ക്രമപ്രശ്നം

(i) ഓർഡിനൻസുകൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. വി. ഡി. സതീശൻ: സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിന്റെ ആദ്യത്തെ ഓർഡിനൻസ് ഇറങ്ങുന്നത് 2017 ഒക്ടോബർ 20-നാണ്. ഏഴ് ആക്ടുകളുടെ ഭേദഗതിയാണ് ഈ ഓർഡിനൻസിലുള്ളത്. അതിൽ അഞ്ച് ആക്ടുകളുടെയും ഒറിജിനൽ ആക്ട് മലയാളത്തിലാണ്. രണ്ട് ആക്ടുകൾ മാത്രമാണ് ഇംഗ്ലീഷിലുള്ളത്. 2017 ഒക്ടോബർ 20-ന് ഇറക്കിയ ഓർഡിനൻസിൽ മലയാളത്തിലുള്ള അഞ്ച് നിയമങ്ങളുടെയും ഭേദഗതികൾ ഇംഗ്ലീഷിലാണ് നൽകിയിട്ടുള്ളത്. അങ്ങനെ ഒരിക്കലും ചെയ്യാറില്ല. മലയാളത്തിലുള്ള നിയമങ്ങളുടെ ഭേദഗതികളുടെ ഓർഡിനൻസ് ഇംഗ്ലീഷിൽ ഇറക്കിയത് അനൗചിത്യമാണ്. അങ്ങനെ ചെയ്യാറില്ല, അങ്ങനെ ചെയ്ത പ്രീസിഡന്റില്ല. അതിനുശേഷം 2017 ഡിസംബർ 20-ന് ഈ ഓർഡിനൻസ് re-promulgate ചെയ്തപ്പോൾ അതിലെ തെറ്റ് മനസ്സിലാക്കി. രണ്ട് രീതിയിലായി ഓർഡിനൻസ് മാറി. പക്ഷേ നാല് നിയമങ്ങൾ മാത്രമാണ് മലയാളത്തിൽ ഇറക്കിയത്. അപ്പോഴും മലയാളത്തിലുള്ള 2002-ലെ കേരള ഭൂജല നിയന്ത്രണ ആക്ട് വീണ്ടും ഇംഗ്ലീഷിൽ ഇറക്കി. ഒരു പ്രാവശ്യമല്ല, തെറ്റ് ആവർത്തിച്ചിരിക്കുന്നത്, രണ്ടാമതും തെറ്റ് ആവർത്തിച്ചിരിക്കുന്നു. ഇത്രയും അനാദരവോടും അശ്രദ്ധയോടുംകൂടി ഓർഡിനൻസ് ഇറക്കുന്നത് അത്ര പരിചിതമല്ല. ഒരിക്കലും സംഭവിക്കാത്ത കാര്യങ്ങളാണ്. മലയാളത്തിലുള്ള ഒറിജിനൽ നിയമങ്ങളുടെ ഭേദഗതികൾ ഓർഡിനൻസായി ഇറക്കുന്നത് മലയാളത്തിൽ ആയിരിക്കണം. ഒരു തെറ്റ് സംഭവിച്ചു, അത് മനസ്സിലാക്കിയശേഷം വീണ്ടും ആവർത്തിച്ചിരിക്കുകയാണ്.

ഇത് വളരെ ശ്രദ്ധിക്കേണ്ട വിഷയമാണ്. നിയമനിർമ്മാണ കാര്യത്തിലുള്ള അശ്രദ്ധ ഒരു കാരണവശാലും വച്ചുപൊറുപ്പിക്കാൻ പാടില്ല. ഈ ഓർഡിനൻസ് വായിച്ച് അഭിപ്രായം പറയേണ്ടതാണ്, ഓർഡിനൻസ് നിരാകരണ പ്രമേയം വരുന്നുണ്ട്. ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യാണ് ബിൽ കൊണ്ടുവരുന്നത്. ഇത്രയും അശ്രദ്ധയോടുകൂടി ഓർഡിനൻസ് ഇറക്കുന്ന ആളുകൾക്കെതിരെ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുന്നു.

(ii) വ്യത്യസ്ത സബ്ജക്ട് കമ്മിറ്റികളിൽ ചർച്ച ചെയ്യേണ്ട ബിൽ ഒരു സബ്ജക്ട് കമ്മിറ്റിയിൽ മാത്രം ചർച്ച ചെയ്യുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, കേരള നിയമസഭയുടെ നടപടിക്രമങ്ങളും കൃത്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232(2) പ്രകാരം ഓരോ സബ്ജക്ട് കമ്മിറ്റിയും അഞ്ചാം പട്ടികയിൽ അതിനെതിരെ കാണിച്ചിരിക്കുന്ന വിഷയങ്ങളോ അവയെ സംബന്ധിക്കുന്ന കാര്യങ്ങളോ കൈകാര്യം ചെയ്യേണ്ടതാണ് എന്നും ചട്ടം 237(1) പ്രകാരം 'ബില്ലുകൾ സംബന്ധിച്ച് കമ്മിറ്റിയുടെ അധികാരത്തെക്കുറിച്ച് പറയുന്നിടത്ത് ഒരു ബിൽ ആ വിഷയവുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ വിശദമായ പരിശോധനയ്ക്ക് അയച്ചുകൊടുക്കേണ്ടതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇന്ന് സഭ മുമ്പാകെ വരുന്ന 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിൽ അഞ്ച് വ്യത്യസ്ത നിയമങ്ങൾക്കാണ് ഭേദഗതികൾ കൊണ്ടുവരുന്നത്. കേരള നിയമസഭയുടെ നടപടിക്രമങ്ങളും കൃത്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ച് ഈ അഞ്ച് നിയമങ്ങളും വ്യത്യസ്ത സബ്ജക്ട് കമ്മിറ്റികൾ ചർച്ച ചെയ്യേണ്ടതും റിപ്പോർട്ട് സഭയുടെ മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ വ്യത്യസ്തങ്ങളായ നിയമങ്ങളുടെ ഭേദഗതികൾ ഒരു ബില്ലിലൂടെ കൊണ്ടുവന്നതിനാൽ നിലവിലുള്ള ചട്ടപ്രകാരം ഏതെങ്കിലും ഒരു സബ്ജക്ട് കമ്മിറ്റിയിൽ മാത്രമാണ് ഇത് ചർച്ച ചെയ്യാൻ കഴിയുന്നത്. മാത്രമല്ല, ഏത് സബ്ജക്ട് കമ്മിറ്റിയിലാണ് ഇത് ചർച്ച ചെയ്യുന്നത്; ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന അഞ്ച് നിയമങ്ങൾ നാല് സബ്ജക്ട് കമ്മിറ്റികളിലാണ് ഉൾപ്പെടുന്നത്. റൂൾസ് ഓഫ് പ്രൊസീഡ്യുവർ പ്രകാരം ഇത്തരം ഒരു ബിൽ എങ്ങനെയാണ് ചർച്ച ചെയ്യാൻ കഴിയുന്നത്; ബില്ലിന്മേൽ എത്ര അംഗങ്ങൾക്ക് വിയോജനക്കുറിപ്പ് രേഖപ്പെടുത്തി സംസാരിക്കാൻ സാധിക്കും; ഇത് ഒരോ സബ്ജക്ട് കമ്മിറ്റിയും പ്രത്യേകം ചർച്ച ചെയ്തിരുന്നുവെങ്കിൽ, കൂടുതൽ അംഗങ്ങൾക്ക് അഭിപ്രായം രേഖപ്പെടുത്താൻ അവസരം ലഭിക്കുമായിരുന്നു. നിയമനിർമ്മാണ പ്രക്രിയയുടെ സാങ്കേതിക വശങ്ങളെല്ലാം വിസ്മരിച്ച് വെറും കീഴ്‌വഴക്കങ്ങളുടെ മാത്രം പിൻബലത്തിൽ ഇത്തരം ബില്ലുകൾ കൊണ്ടുവരുന്നത് ആശാസ്യമല്ല. ഇതുമായി ബന്ധപ്പെട്ടുള്ള ഒരു റൂളിംഗ് വളരെ പ്രസക്തമാണ്. 1987 ജൂൺ 8-ാം തീയതി കേരള

നിയമസഭയിൽ ചർച്ചയ്ക്കുവന്ന ഒരു ബില്ലിൽ നാല് നിയമങ്ങൾ ഒരുമിച്ച് ഭേദഗതി ചെയ്യാൻ തീരുമാനിച്ചു. ഇതുസംബന്ധിച്ച് ഇ. അഹമ്മദ് സാഹിബ് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയും അന്നത്തെ സ്പീക്കർ വർക്കല രാധാകൃഷ്ണൻ ഇതുസംബന്ധിച്ച് ഒരു റൂളിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. അത് വളരെ പ്രസിദ്ധമാണ്. ടൗൺ പ്ലാനിംഗ് ആക്ട്, മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ട്, കേരള മുനിസിപ്പാലിറ്റീസ് ആക്ട്, കേരള സ്റ്റേറ്റ് റൂറൽ ഡെവലപ്മെന്റ് ആക്ട് തുടങ്ങിയവ ഒരു മന്ത്രിതന്നെ കൈകാര്യം ചെയ്യുന്ന, സമാന സ്വഭാവമുള്ള നാല് ബില്ലുകളാണെന്നിരിക്കെ ഇങ്ങനെയൊന്ന് കൊണ്ടുവന്ന സാഹചര്യത്തിൽ അത് ശരിയായ നടപടിയല്ലായെന്ന് ചൂണ്ടിക്കാണിച്ചപ്പോൾ വർക്കല രാധാകൃഷ്ണൻ നടത്തിയ റൂളിംഗ് വളരെ പ്രസക്തമാണ്. അതിന്റെ പ്രസക്തഭാഗം ഞാൻ വായിക്കാം. "വിവിധ സ്വഭാവത്തിലുള്ള നിയമങ്ങൾക്കുള്ള ഭേദഗതികൾ കൂട്ടിച്ചേർത്ത് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്ന രീതി അഭിലഷണീയമല്ല. It is an unhealthy practice. മേലിൽ ഇപ്രകാരമുള്ള കൂട്ടിച്ചേർക്കലുകൾ ഒഴിവാക്കണം. I would also request the Government to advice the Law Department not to embark upon such practices hereafter." ഈ റൂളിംഗിനെയും ഇവിടെ വിസ്മരിച്ചിരിക്കുകയാണ്. ഈ ബില്ലിലൂടെ മറ്റൊരു ബില്ലിന്റെ പേരുതന്നെ മാറ്റിയെടുക്കുകയാണ്. യഥാർത്ഥത്തിൽ ഇത് ഒരു ബില്ലിന്റെ ഭേദഗതിയാണോ; ഒരു ഒറിജിനൽ ബില്ലാണോ; അമെന്റ്മെന്റ് ബില്ലാണോ; കൺസോളിഡേറ്റഡ് ബില്ലാണോ? ഈ ബില്ലിന്റെ പേര് പരിശോധിക്കുമ്പോൾ ഒരു പുതിയ ബില്ലായാണ് തോന്നുന്നത്. പക്ഷേ അതിന്റെ ഉള്ളടക്കത്തിൽ അഞ്ച് ബില്ലുകൾ ഒരുമിച്ച് ഭേദഗതി ചെയ്യുകയാണ്. അത് ഒരിക്കലും അനുവദിക്കാൻ പാടില്ല. നാല് മന്ത്രിമാരാൽ കൈകാര്യം ചെയ്യപ്പെടേണ്ടതാണ് അഞ്ച് ബില്ലുകൾ. എന്നാൽ നാല് മന്ത്രിമാരും അതുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളും ഒരൊറ്റ മന്ത്രിയാണ് കൈകാര്യം ചെയ്യാൻ പോകുന്നത്. ഇപ്പോൾ പഞ്ചായത്ത്‌രാജ് ആക്ടും ഇറിഗേഷൻ ഡിപ്പാർട്ട്മെന്റുമായി ബന്ധപ്പെട്ട നിയമവും ഭേദഗതി ചെയ്യുകയാണ്. അതുമായി ബന്ധപ്പെട്ട മന്ത്രാലയങ്ങളും മന്ത്രിയും, ഇതുമായി ബന്ധപ്പെട്ട ഭേദഗതികൾ, ഇതുമായി ബന്ധപ്പെട്ട ബില്ലുകൾ വരുമ്പോൾ സ്വാഭാവികമായി ആ ഭേദഗതി ആ ബില്ലിൽ അടിച്ചുവരും. ഇവിടെ ഈ ഒരൊറ്റ പർപ്പസിനുവേണ്ടി ഒരു ബിൽ പുതിയതായി കൊണ്ടുവരുന്നു വെന്ന വ്യാജേന ഒരു ഭേദഗതി കൊണ്ടുവരികയാണ്. ഇത് ഒരിക്കലും ആശാസ്യമല്ല. ബഹുമാനപ്പെട്ട സ്പീക്കർ, മുൻസ്പീക്കർ നടത്തിയിട്ടുള്ള കീഴ്‌വഴക്കങ്ങൾ അനുസരിച്ച് ശക്തവും വ്യക്തവുമായ റൂളിംഗ് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2017 ഒക്ടോബർ 20-ന് പുറപ്പെടുവിച്ച കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ്

ഫെസിലിറ്റേഷൻ ഓർഡിനൻസ് വഴി, നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ ഏഴ് ആക്ടുകൾക്കാണ് ഭേദഗതി വരുന്നത്. ദി കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് 1960, ദി കേരള ഹെഡ്ലോഡ് വർക്കേഴ്സ് ആക്ട് 1978, ദി കേരള പഞ്ചായത്ത്രാജ് ആക്ട് 1994 ദി കേരള മുനിസിപ്പാലിറ്റി ആക്ട് 1994, ദി കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആന്റ് ഇൻഡസ്ട്രിയൽ ഠൗൺഷിപ് ഏരിയ ഡെവലപ്മെന്റ് ആക്ട് 1999, ദി കേരള ഗ്രൗണ്ട്വാട്ടർ കൺട്രോൾ ആന്റ് റെഗുലേഷൻ ആക്ട് 2002, ദി കേരള ലിഫ്റ്റ്സ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് 2013 തുടങ്ങിയ ഏഴ് ആക്ടുകൾക്കുള്ള ഭേദഗതികളാണ് ഈ രണ്ട് ബില്ലുകളിലൂടെ കൊണ്ടുവരുന്നത്. ഈ ബില്ലിനെ അടിസ്ഥാനമാക്കി രണ്ട് ഓർഡിനൻസുകളാണ് ഉണ്ടായത്. പ്രസ്തുത ഓർഡിനൻസുകൾ പുറപ്പെടുവിച്ചത് ഇംഗ്ലീഷിലായിരുന്നു എന്നുള്ളത് സത്യമാണ്. അടിയന്തര ഘട്ടങ്ങളിൽ ഓർഡിനൻസ് ഇംഗ്ലീഷിൽ പുറപ്പെടുവിക്കാറുണ്ട്. അത് ബഹുമാനപ്പെട്ട സ്പീക്കർക്ക് മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇപ്പോൾ സഭയിൽ അവതരിപ്പിക്കുന്ന ബില്ലുകളിൽ ഇംഗ്ലീഷിലുള്ള പ്രധാന ആക്ടുകളുടെ ഭേദഗതി ഇംഗ്ലീഷിലും മലയാളത്തിലുള്ള പ്രധാന ആക്ടുകളുടെ ഭേദഗതി മലയാളത്തിലുമാണ് നൽകിയിട്ടുള്ളത്. അതുകൊണ്ട് സഭയിൽ അവതരിപ്പിക്കുന്ന രണ്ട് ബില്ലുകളും ക്രമപ്രകാരമുള്ളതാണ്. ഒരു ക്രമപ്രശ്നത്തിനും അടിസ്ഥാനമില്ല. മേല്പറഞ്ഞ സാഹചര്യത്തിൽ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നവുമായി ബന്ധപ്പെട്ട വിഷയമാണിത്. 1994-ലെ കേരള പഞ്ചായത്ത്രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 1999-ലെ കേരള വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകളും വ്യവസായ നഗര പ്രദേശങ്ങളും വികസന ആക്ട്, 2002-ലെ കേരള ഭൂജലം ആക്ട്, 2013-ലെ കേരള ലിഫ്റ്റുകളും എസ്കലേറ്ററുകളും ആക്ട് മുതലായ ആക്ടുകളുടെ ലൈസൻസ്, അനുവാദം, അംഗീകാരം, ക്ലിയറൻസ് എന്നിവ സംബന്ധിച്ച വ്യവസ്ഥകൾക്ക് ഭേദഗതി കൊണ്ടുവരുന്നതിനാണ് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലുകൾ അവതരിപ്പിക്കുന്നത്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 232(2)-ാം ചട്ടപ്രകാരം പ്രസ്തുത ചട്ടത്തിലെ 5-ാം പട്ടികയിൽ കാണിച്ചിരിക്കുന്ന വിഷയങ്ങളെ സംബന്ധിച്ച് അതിനുനേരെ കാണിച്ചിരിക്കുന്ന സബ്ജക്ട് കമ്മിറ്റി പ്രസ്തുത വിഷയം കൈകാര്യം ചെയ്യണമെന്നു മാത്രമേ വ്യവസ്ഥ ചെയ്യുന്നുള്ളൂ. പ്രസ്തുത ചട്ടങ്ങളിലെ ക്ലിപ്തനിബന്ധനപ്രകാരം സബ്ജക്ട് കമ്മിറ്റിക്ക് അലോക്കേറ്റ് ചെയ്യുന്ന വിഷയങ്ങളിൽ സ്പീക്കർക്ക് സഭാനേതാവുമായി കൂടിയാലോചിച്ചശേഷം

അതിന്റെ ഭേദഗതി വരുത്താവുന്നതാണ്. കൂടാതെ ബഹുമാനപ്പെട്ട മെമ്പർ വ്യക്തമാക്കിയ 1987 ജൂൺ 29-ാം തീയതിയിലെ സ്പീക്കറുടെ റൂളിംഗിനുശേഷം വ്യത്യസ്ത ആക്ടുകളിൽ ഭേദഗതി ചെയ്തുകൊണ്ട് 2000-ൽ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ട് നിയമസഭ പാസ്സാക്കുകയും 12-5-2000-ൽ ആക്ടായി അസാധാരണ ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്. 34 നിയമങ്ങളാണ് ഈ ഒറ്റ ആക്ടിന്റെ ഭാഗമായി അന്ന് ഭേദഗതി ചെയ്തിട്ടുള്ളത്. അതും ഒരു നിയമസഭാ സബ്ജക്ട് കമ്മിറ്റി തന്നെയാണ് പരിശോധിച്ചിട്ടുള്ളത്. ഇതിനുപുറമേ 16-1-2017-ന് ആക്ടായി പ്രസിദ്ധീകരിച്ച കേരള ചരക്കുസേവന നികുതി ആക്ട്, 1957-ലെ കേരള നികുതികളിന്മേലുള്ള സർചാർജ് ആക്ട്, 1957-ലെ കേരള പൊതുവില്പന നികുതി ആക്ട്, 1954-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, 2003-ലെ മൂല്യവർദ്ധിത നികുതി ആക്ട് എന്നീ ആക്ടുകളിലെ വ്യവസ്ഥകൾക്ക് ഭേദഗതി കൊണ്ടുവരികയുണ്ടായി. കൂടാതെ ധനകാര്യ ആക്ടുകളിലും വ്യത്യസ്ത ആക്ടുകളാണ് ഭേദഗതി കൊണ്ടുവരുന്നതെന്ന് കാണാവുന്നതാണ്. കേന്ദ്ര ആക്ടായ 2013-ലെ ലോക്പാൽ (ലോകായുക്ത) ആക്ട്, 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട്, 1980-ലെ പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ട്, 1973-ലെ ക്രിമിനൽ നടപടി നിയമ സംഹിത ആക്ട് എന്നിവയിലും ഭേദഗതി വരുത്തുകയുണ്ടായി. അതുകൊണ്ട് ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നില്ല. ഇതിനുപുറമേ നിയമസഭാ സബ്ജക്ട് കമ്മിറ്റികൾ പരിശോധിക്കണമെന്ന വിഷയത്തിൽ അങ്ങേയ്ക്ക് തീരുമാനം എടുക്കാവുന്നതാണെന്ന് ഞാൻ പറഞ്ഞു. സംയുക്തമായി ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനും വിരോധമില്ല.

മി. സ്പീക്കർ: രണ്ട് അംഗങ്ങളും ഉന്നയിച്ച വിഷയങ്ങൾ പ്രസക്തമാണ്. 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മറും ഓർഡിനൻസ് പ്രഖ്യാപിച്ചതിലെ അപാകത സംബന്ധിച്ച് ശ്രീ. വി. ഡി. സതീശനും ചട്ടം 303 പ്രകാരം ഉന്നയിച്ച ക്രമപ്രശ്നങ്ങളിന്മേൽ റൂളിംഗ് ആവശ്യമാണെന്നാണ് തോന്നുന്നത്.

## റൂളിംഗ്

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ എന്ന പേരിൽ രണ്ട് ബില്ലുകളാണ് ഇന്ന് സഭ പരിഗണിക്കുന്നത്. 2017-ലെ 35, 36 ഓർഡിനൻസുകൾക്ക് പകരമായുള്ള ഈ ബില്ലുകൾ തയ്യാറാക്കിയതിലും അവതരി പ്പിക്കുന്നതിലും സബ്ജക്ട് കമ്മിറ്റി പരിഗണിക്കുന്ന കാര്യത്തിലും അപാകതയും ചട്ടങ്ങളുടേയും കീഴ്വഴക്കങ്ങളുടേയും ലംഘനവും ഉണ്ടെന്നാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഇവിടെ ഉന്നയിച്ചത്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഗവൺമെന്റിന്റെ വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്.

വ്യത്യസ്തങ്ങളായ മൂലനിയമങ്ങൾ ഭേദഗതി ചെയ്യേണ്ടിവരുന്ന സാഹചര്യത്തിൽ അവ ക്ലബ്ബ് ചെയ്ത് പുതിയൊരു പേരിൽ സഭയിൽ അവതരിപ്പിച്ച് പാസ്സാക്കുന്ന രീതി നിരവധി സന്ദർഭങ്ങളിൽ നമ്മുടെ സഭയിൽ മുമ്പും ഉണ്ടായിട്ടുണ്ട്. തദ്ദേശഭരണം, റവന്യൂ, ഫിഷറീസ്, ആരോഗ്യം, ഇറിഗേഷൻ, വിദ്യാഭ്യാസം, ഭൂനികുതി തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട 30 നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 1979 മാർച്ച് 7-ന് സഭ പാസ്സാക്കിയ 1979-ലെ കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ട്, അതുപോലെ വ്യത്യസ്തങ്ങളായ 34 ആക്ടുകൾക്ക് ഭേദഗതി വരുത്തിക്കൊണ്ട് 2000 മാർച്ച് 31-ന് സഭ പാസ്സാക്കിയ 2000-ലെ കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ട് എന്നിവ ഇന്ന് ഇവിടെ അവതരിപ്പിക്കുന്ന ഇതേ ഗണത്തിൽപ്പെടുന്ന നിയമ നിർമ്മാണങ്ങൾ തന്നെയായിരുന്നു. മാത്രവുമല്ല, അതത് വർഷത്തെ ബജറ്റ് നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട നിയമങ്ങളിൽ മാറ്റം ആവശ്യമായി വരുന്ന സന്ദർഭങ്ങളിൽ നിയമനിർമ്മാണ പ്രക്രിയ കൂടുതൽ സൗകര്യപ്രദവും കാര്യക്ഷമവുമായി നിർവ്വഹിക്കപ്പെടുന്നതിനായി ധനകാര്യ ബില്ലുകൾ അവതരിപ്പിച്ച് പാസ്സാക്കുന്ന രീതി നമ്മുടെ സഭയിൽ 1983 മുതൽ നിലനിൽക്കുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ 1987 ജൂൺ 29-ാം തീയതി അന്നത്തെ സ്പീക്കർ, ഇത്തരത്തിൽ വ്യത്യസ്ത മൂലനിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ ക്ലബ്ബ് ചെയ്യുന്ന രീതി ആശാസ്യമല്ലെന്ന ഒരു നിരീക്ഷണം നടത്തിയിരുന്നുവെന്നത് ശരിയാണ്. എന്നാൽ നിയമനിർമ്മാണ രംഗത്ത് പൊതുവായി ഉയർന്നുവന്ന പുതിയ പ്രവണതകൾ, പ്രായോഗികത തുടങ്ങിയവ പരിശോധിച്ച് നമ്മുടെ സഭയിൽ ഈ രീതി തുടർന്നുവരുന്നുണ്ട്. അതാണ് ഞാൻ നേരത്തേ സൂചിപ്പിച്ചത്, 1987-ലെ റൂളിംഗിനുശേഷം 2000-ൽ പാസ്സാക്കിയ ബിൽ ഇന്നത്തെ രീതിയിലായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് 34 മൂലനിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ട് 2000 മാർച്ച് 31-ന് കേരള ഡീസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ട് നമ്മുടെ സഭ പാസ്സാക്കിയത്. ധനകാര്യ ബില്ലുകളുടെ കാര്യത്തിലെന്നപോലെ ഇന്ന് പരിഗണിക്കുന്ന ബില്ലുകളുടെ കാര്യത്തിലും മൂലനിയമത്തിലെ വ്യവസ്ഥകൾ വിശദമായി പരിഗണിക്കുന്നതിലേയ്ക്കായി പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളുടെ സംയുക്ത പരിഗണനയ്ക്കായിട്ടാണ് ഈ ബില്ലുകൾ റഫർ ചെയ്യാനുദ്ദേശിക്കുന്നത്. നിയമനിർമ്മാണപ്രക്രിയ ദൈർഘ്യമേറിയതും സാങ്കേതികവുമായ രീതിയിൽ ആകാതെ വേഗതയിൽ ആകുന്നതിനുവേണ്ടിയുള്ള ഒരു കീഴ്വഴക്കമെന്ന രീതിയിൽ നമ്മൾ അത് തുടർന്നുകൊണ്ടിരിക്കുകയാണ്. ആകയാൽ ഇവിടെ ഉന്നയിക്കപ്പെട്ടതുപോലെ നമ്മുടെ നിയമസഭാ ചട്ടങ്ങളുടെയോ നടപടി ക്രമങ്ങളുടെയോ കീഴ്വഴക്കങ്ങളുടെയോ യാതൊരു തരത്തിലുള്ള ലംഘനങ്ങളും ഈ ബില്ലിന്റെ കാര്യത്തിൽ ഉണ്ടായിട്ടില്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

എന്നാൽ ബഹുമാനപ്പെട്ട അംഗം ശ്രീ. വി. ഡി. സതീശൻ ഇവിടെ ഉന്നയിച്ചത് പരിഹരിക്കപ്പെടേണ്ട ഒരു ആക്ഷേപം തന്നെയാണ്. ഇക്കാര്യം സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി കാര്യങ്ങൾ വിശദീകരിക്കുകയുണ്ടായി. അത് വ്യക്തവുമാണ്. മലയാളത്തിലുള്ള മൂലനിയമങ്ങൾ ഭേദഗതി ചെയ്യുന്നതിനായി ഓർഡിനൻസ് പുറപ്പെടുവിക്കുമ്പോൾ മലയാളത്തിൽത്തന്നെ പുറപ്പെടുവിക്കുന്നതിനുപകരം പ്രസ്തുത ഓർഡിനൻസുകൾ ആദ്യം ഇംഗ്ലീഷിൽ പുറപ്പെടുവിക്കുകയും തുടർന്ന് പിശക് തിരുത്തിക്കൊണ്ട് 2017 ഡിസംബറിൽ അതേ ഓർഡിനൻസ് വീണ്ടും പുറപ്പെടുവിച്ചപ്പോൾ മലയാളത്തിലുള്ള ഒരു മൂലനിയമത്തിനുള്ള ഭേദഗതി വീണ്ടും ഇംഗ്ലീഷിൽ പുറപ്പെടുവിച്ചതായും കാണുന്നു. ഇതുമൂലം ഓർഡിനൻസിന് പകരമുള്ള ബില്ലുകൾ തയ്യാറാക്കിയപ്പോൾ അതുസംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കുവാൻ ചില അംഗങ്ങൾക്ക് ബുദ്ധിമുട്ട് നേരിട്ടിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു. എന്നാൽ സഭയിൽ അവതരിപ്പിച്ച രീതി സംബന്ധിച്ച് മന്ത്രി നൽകിയ വിശദീകരണം വ്യക്തമാണ്, അത് അംഗീകരിക്കാവുന്നതാണ്, അത് ശരിയുമാണ്. ഏതായാലും അംഗങ്ങൾക്കുള്ള ബുദ്ധിമുട്ട്, ഈ സാഹചര്യം ഒഴിവാക്കപ്പെടാമായിരുന്നു. മേലിൽ ഓർഡിനൻസുകളും അതിനുപകരമുള്ള ബില്ലുകളും തയ്യാറാക്കുന്ന സന്ദർഭങ്ങളിൽ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഭാഷാപരമായ ബുദ്ധിമുട്ടുകൾ ഉണ്ടാകാത്ത തരത്തിൽ ആയിരിക്കേണ്ടതും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുമാണെന്ന് ചെയർ നിർദ്ദേശിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ : സർ, ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച ഒരു സംശയം, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ ആക്ടാവുമ്പോൾ ഈ പേരിൽ ഒരു ആക്ട് ഉണ്ടാകുമോ എന്നതാണ്. വേറെ ഏത് നിയമങ്ങളിലാണ് ഭേദഗതി വരുത്തുന്നത്; ഇങ്ങനെയൊരു ആക്ട് ഇത് പാസ്സായിക്കഴിയുമ്പോൾ ഉണ്ടാകുമോ; അതിനൊരു ക്ലാരിഫിക്കേഷൻ ഉണ്ടാകേണ്ടതാണ്.

മി. സ്പീക്കർ: ഏഴ് ബില്ലുകളെയും കൺസോളിഡേറ്റ് ചെയ്തുകൊണ്ട് അവതരിപ്പിക്കുകയാണ്. അതിൽ വ്യക്തത വരുത്താം.

## താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

### (i) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ

മി. സ്പീക്കർ: ബഹുമാനപ്പെട്ട വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രിക്ക് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കാവുന്നതാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച VII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുമായിചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് വ്യവസായവും ധാതുക്കളും സംബന്ധിച്ച IV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേരളത്തിലെ സംരംഭങ്ങൾ, നിക്ഷേപങ്ങൾ, വ്യവസായങ്ങൾ എന്നീ രംഗങ്ങളിൽ നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗൗരവമായ പ്രശ്നങ്ങൾ സഭ പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് നിക്ഷേപങ്ങൾ വരുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും തടസ്സമുണ്ടാക്കുന്നത് ഇവിടെത്തെ നിരവധി നിയമങ്ങളുടെ ഭാഗമായുണ്ടാകുന്ന കാലതാമസമാണ്. പലപ്പോഴും നമ്മൾ അത് സംബന്ധിച്ച് ഗൗരവമായി ചർച്ച ചെയ്യാറുമുണ്ട്. ഒരു സംരംഭം തുടങ്ങാനുദ്ദേശിക്കുന്ന വ്യക്തി എല്ലാ സാഹചര്യങ്ങളും ഒരുങ്ങിവരുമ്പോൾ, അനാവശ്യമായി ഉണ്ടാകുന്ന ഈ കാലതാമസങ്ങളുടെ ഭാഗമായി അതിൽനിന്നും പിന്മാറേണ്ടിവരുന്ന അവസ്ഥയുണ്ടാകുന്നു. കേരളത്തിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് അനാവശ്യ പ്രതിബന്ധങ്ങളുണ്ടാകുന്നുവെന്ന വിമർശനങ്ങൾ പലപ്പോഴും ഉയർന്നു വന്നിട്ടുണ്ട്. അതിൽ ചില വസ്തുതകളുണ്ടെന്ന കാര്യം നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. നമ്മുടെ സംസ്ഥാനത്ത് വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി കേന്ദ്ര ഗവൺമെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആന്റ് പ്രൊമോഷൻ റാങ്കിംഗ് നടത്തിയപ്പോൾ കേരളം 20-ാം സ്ഥാനത്താണെന്ന് കണ്ടെത്തി. സ്വാഭാവികമായും നല്ല മനുഷ്യവിഭവശേഷി, സാങ്കേതിക വൈദഗ്ദ്ധ്യം, പ്രകൃതി വിഭവങ്ങളുടെ സാധ്യതകൾ ഇതെല്ലാം ഉണ്ടായിട്ടും കേരളത്തിൽ വേണ്ടത്ര വ്യവസായ സംരംഭങ്ങൾ ഉണ്ടാകുന്നില്ല എന്നുള്ളത് ഗൗരവമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഇവിടെ

സംഘടിപ്പിച്ച 'ലോക കേരള സഭ'യിൽ പ്രവാസികളായ മലയാളികളുൾപ്പെടെ കേരളത്തിൽ സംരംഭങ്ങൾ തുടങ്ങുന്നതിന് അനുഭവിക്കുന്ന പ്രയാസങ്ങൾ നമ്മുടെ മുമ്പിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. Ease of doing business-ന്റെ ഭാഗമായി ഇന്ത്യൻ സംസ്ഥാനങ്ങളിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിലും വളരെ വേഗത്തിൽ സംരംഭങ്ങൾ ആരംഭിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ രൂപപ്പെടുത്തിയെടുക്കാൻ വേണ്ടി, നിയമത്തിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് സമയബന്ധിതമായി ലൈസൻസും ക്ലിയറൻസും അതിന്റെ പുതുക്കലുകളും നടത്താനുള്ള പ്രവർത്തനങ്ങൾ അതിവേഗത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആ സാഹചര്യത്തിലേയ്ക്ക് കേരളത്തിന്റെ വ്യവസായ അന്തരീക്ഷവും നിക്ഷേപവും ഉയർത്തിക്കൊണ്ടുവരാൻ കഴിയണം. പുതിയ തൊഴിലവസരങ്ങൾ ഇതിന്റെ ഭാഗമായി കേരളത്തിൽ സൃഷ്ടിക്കാൻ കഴിയണം. കേരള സംസ്ഥാനം മനുഷ്യവിഭവശേഷി കയറ്റി അയയ്ക്കുന്നതിന്റെ പ്രതിസന്ധി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഇപ്പോൾ ഉയർന്നുവരുന്നുണ്ട്. പുതിയ തലമുറയ്ക്ക് പുതിയ സംരംഭങ്ങൾ ആരംഭിക്കാനും അവരെ സംരംഭകരാക്കാനും അവർ തുടങ്ങുന്ന സംരംഭങ്ങളിലൂടെ കേരളത്തിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുംവിധം വേഗത്തിലുള്ള നടപടി ആവശ്യമാണെന്നുള്ളതുകൊണ്ടാണ് നേരത്തെ പറഞ്ഞ വ്യത്യസ്ത വകുപ്പുകളുടെ ആക്ടുകളിലുള്ള ഭേദഗതി കൊണ്ടുവരുന്നത്. ഈ ആക്ടിന്റെ ഭാഗമായി വരുന്നത് രണ്ട് കാര്യങ്ങൾ മാത്രമാണ്. ഒന്ന്, Shops and Commercial Establishment Act-ലെ വ്യവസ്ഥകളിലെ, 'സമയബന്ധിതമായി രജിസ്ട്രേഷൻ നടക്കണ'മെന്നുള്ള ഭേദഗതിയാണ്. നിയമപ്രകാരമുള്ള രേഖകൾ സമർപ്പിച്ചാൽ ആ ദിവസംതന്നെ നിശ്ചിത ഫോറത്തിൽ ലൈസൻസ് നൽകുന്നുവെന്ന ഭേദഗതി മാത്രമാണുള്ളത്. ആ ദിവസംതന്നെ കൊടുക്കണം. അല്ലാതെ അതിൽ മറ്റു ഭേദഗതികളില്ല. ഇതുപോലെതന്നെ പഞ്ചായത്തിരാജ് ആക്ടുമായി ബന്ധപ്പെട്ട് തുടർന്നുവരുന്ന കാര്യങ്ങളിലാണ്. അത്തരം കാര്യങ്ങളിലെല്ലാം സമയബന്ധിതമായി കാര്യങ്ങൾ നടക്കണം. ഏതെങ്കിലും ഒരു വകുപ്പിലെ ഉദ്യോഗസ്ഥരോ മറ്റാരെങ്കിലുമോ ഉണ്ടാക്കുന്ന കാലതാമസം ഒഴിവാക്കാൻ ഒരു നിശ്ചിത ദിവസത്തിനകം അവർക്ക് ലഭ്യമാകാനുള്ള എല്ലാ ക്ലിയറൻസും ലൈസൻസും ലഭ്യമാക്കുന്നതിന് ഉറപ്പുണ്ടാക്കണമെന്നുള്ളതാണ് ഈ നിയമ ഭേദഗതിയുടെ ഭാഗമായി ഉദ്ദേശിക്കുന്നത്. വ്യത്യസ്ത വകുപ്പുകളുമായി ആലോചിച്ചതിന്റെ ഭാഗമായാണ് ഇതിനാവശ്യമായ സംവിധാനമുണ്ടാക്കുന്നത്. ഏകജാലക ക്ലിയറൻസ് ബോർഡിന്റെ പ്രവർത്തനം മുൻകാലങ്ങളിൽ ഉണ്ടായിരുന്നുവെങ്കിലും ഈ നിയമത്തിലുള്ള കടമ്പകളുടെ ഭാഗമായി പലപ്പോഴും നിശ്ചിത സമയത്തിനകം നമുക്ക് നൽകാൻ കഴിഞ്ഞിരുന്നില്ല. ഈ നിയമം അക്കാര്യം ഉറപ്പുവരുത്തുകയാണ് ചെയ്യുന്നത്. ബന്ധപ്പെട്ട എല്ലാ വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും വ്യവസായാടിസ്ഥാനത്തിലുമുള്ള ഏരിയകളിൽ സമിതികളുണ്ടാക്കി വളരെ പെട്ടെന്ന് ഒരു സിംഗിൾ വിൻഡോ ക്ലിയറൻസിലൂടെ നിയമാനുസൃതമായ

രേഖകളൊക്കെ സമർപ്പിച്ചാൽ 30 ദിവസം കൊണ്ടെങ്കിലും ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള സമയക്രമം ക്ലിപ്തപ്പെടുത്തുകയാണ് ഇതിലൂടെ ചെയ്യുന്നത്. വളരെ വേഗത്തിൽ ലൈസൻസുകളും മറ്റ് കാര്യങ്ങളും ലഭ്യമാക്കുകയെന്ന ആശയത്തിലൂന്നിയാണ് ഇതിന്റെ വ്യത്യസ്ത വകുപ്പുകളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നത്. ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇതിന്റെ ഏറ്റവും ഗൗരവമായ വിഷയമെന്ന് പറയുന്നത്, തൊഴിലാളി സംഘടനകൾക്കിടയിൽ ഇതിലെ നിയമ ഭേദഗതിയെ സംബന്ധിച്ചുണ്ടായ ഉത്കണ്ഠയും ആശങ്കയുമാണ്. കേരളത്തിലെ ഹെഡ്‌ലോഡ് ജനറൽ വർക്കേഴ്സുമായി ബന്ധപ്പെട്ട നിയമത്തിൽ ചുമട്ടുതൊഴിലാളിയെ സ്ഥാപനമുടമയ്ക്ക് സാധനങ്ങൾ കയറ്റുന്നതിനും ഇറക്കുന്നതിനും സ്വന്തമായി നിശ്ചയിക്കാമെന്നുള്ള ഭേദഗതി ഇതിന്റെ ഭാഗമായി വന്നപ്പോൾ അത് നിലവിലുള്ള തൊഴിലാളികളെ ബാധിക്കുമോ എന്നുള്ള ഒരു ആശങ്ക സ്വാഭാവികമായും കേരളത്തിലെ എല്ലാ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും ഒരുമിച്ച് ഉയർത്തിയിട്ടുണ്ട്. കോടതിയിലൊക്കെ പോയാൽ സ്പെഷ്യൽ ഇക്കണോമിക് സോണിലൊക്കെ അനുമതി കൊടുക്കുന്നുണ്ട്. ചുമട്ടുതൊഴിലാളികളുടെ പ്രശ്നം ഗൗരവമേറിയ സാമൂഹ്യപ്രശ്നം തന്നെയാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഈ ബില്ലിന്റെ അനന്തരഘട്ടങ്ങളിൽ ആവശ്യമായ ചർച്ചകൾ നടത്തി തൊഴിൽ സംരക്ഷണം ഉറപ്പുവരുത്താനും തൊഴിലാളിവിരുദ്ധ സമീപനം സ്വീകരിക്കുന്ന ഒരു ബിൽ അല്ല ഇതെന്ന് വ്യക്തമാക്കാനും നടപടി സ്വീകരിക്കാമെന്നുകൂടിയാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇതിന്റെ മറ്റ് വിശദാംശങ്ങളെക്കുറിച്ച് ഇനിയും സംസാരിക്കാൻ അവസരമുണ്ടാകും എന്നുള്ളതുകൊണ്ട് ഞാൻ എന്റെ സംസാരം ചുരുക്കുന്നു.

മി. സ്പീക്കർ: വ്യാവസായിക മേഖലയിൽ ശ്രദ്ധേയമായ ഒരു നിയമ നിർമ്മാണത്തിന്റെ ഭാഗമായാണ് ഈ ബിൽ വരുന്നത്. അനുകൂലമാണെങ്കിലും പ്രതികൂലമാണെങ്കിലും കേരളത്തെ സംബന്ധിച്ച് നിലനിൽക്കുന്ന ആശങ്കകളുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ ഒരു നിയമനിർമ്മാണ പ്രക്രിയയാണ് ഇത്. അതുകൊണ്ട് ഇതിൽ പങ്കെടുക്കുന്ന അംഗങ്ങൾക്ക് വിശദമായി സംസാരിക്കണമെന്ന് ആഗ്രഹമുണ്ടാകും. അതിൽ തെറ്റില്ല. രണ്ട് ബില്ലുകളിലായി 8 അംഗങ്ങളാണ് സംസാരിക്കേണ്ടത്. Brief is beautiful എന്ന് മാത്രമാണ് ഞാൻ സൂചിപ്പിക്കുന്നത്. Content is more beautiful, if it is brief too.

ശ്രീ. സി. മമ്മൂട്ടിക്ക് 2017-ലെ Kerala Investment Promotion and Facilitation Ordinance നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്. 10 മിനിട്ടുവീതം സംസാരിക്കാമെന്ന ധാരണയിലെത്തിയാൽ നന്നായിരുന്നു.

Shri C. Mammutty : Sir, I move that- "This House resolves to disapprove The Kerala Investment Promotion and Facilitation Ordinance, 2017 (Ordinance No. 35 of 2017)."

കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയ തലമുറയോടും പുതിയ സമൂഹത്തോടും നാടിനോടും ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ കാര്യം, നമ്മുടെ സംസ്ഥാനത്തുള്ള വിഭവങ്ങളെ ഉപയോഗപ്പെടുത്തി പുതിയ തലമുറയെ മുന്നിൽ കണ്ടുകൊണ്ട് അവരുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന്, നമ്മുടെ നാടിന്റെ വളർച്ചയ്ക്ക് നിദാനമായിട്ടുള്ള അവസരങ്ങൾ ഒരുക്കിക്കൊടുത്തുകൊണ്ട് ഈ നാട്ടിലേയ്ക്ക് പരമാവധി ഇൻവെസ്റ്റ്മെന്റ് കൊണ്ടുവരണം എന്നുള്ളതാണ്. ഇത് അവതരിപ്പിച്ചതിൽ ഏതായാലും എനിക്ക് സന്തോഷമുണ്ട്. കാരണം, ഒരു കാലത്ത് ബൂർഷ്വകളെന്നും പെറ്റി ബൂർഷ്വകളെന്നുമൊക്കെ പറഞ്ഞ് ഇൻവെസ്റ്റ്മെന്റ് ഇങ്ങോട്ട് കടന്നുവരാതെ തടഞ്ഞുനിർത്തിക്കൊണ്ടുള്ള ഒരു സമീപനം സ്വീകരിച്ചതിന്റെ പാപഭാരമാണ് നമ്മൾ ഇപ്പോൾ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. ഏതായാലും മൈൻഡ് മാറിയതിൽ സന്തോഷമുണ്ട്. അതിനനുസരിച്ച് മൈൻഡ്സെറ്റുകൂടി മാറാൻ സമീപനമുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. സി.പി.ഐ.(എം.)-ന്റെ ആ മൈൻഡ് മാറി. ഇനി സി.പി.ഐ.(എം.) ആ മൈൻഡ്സെറ്റുകൂടി മാറ്റണം. കാരണം, ഒരുപാട് ദുരനുഭവങ്ങൾ കൊണ്ടാണ് ഇവിടെ ഇൻവെസ്റ്റ്മെന്റ് വരാത്തതെന്ന് നമുക്കറിയാം. നമ്മുടെ നാട്ടിലുള്ളവർ തൊട്ടടുത്ത സംസ്ഥാനങ്ങളിൽ പോയാൽ ഇഷ്ടംപോലെ ഇൻവെസ്റ്റേഴ്സിനെ കാണാൻ സാധിക്കും. നമ്മുടെ നാട്ടിൽനിന്നും വിദേശത്ത് പോയാണ് വൻകിട സംരംഭങ്ങൾ ആരംഭിക്കുകയും വമ്പിച്ച വിജയത്തിലേയ്ക്ക് കുതിക്കുകയും ചെയ്യുന്നത്. പണം ഇല്ലാത്തതുകൊണ്ടോ, പണം മുടക്കാൻ അവർ തയ്യാറാകാത്തതുകൊണ്ടോ, സൗകര്യങ്ങൾ ഇല്ലാത്തതു കൊണ്ടോ അല്ല, മറിച്ച് രാഷ്ട്രീയമായ കാരണങ്ങളാൽ അവർ ഇവിടെ ഇൻവെസ്റ്റ് ചെയ്യാൻ ഭയപ്പെടുന്നു. ഒരു ഇൻവെസ്റ്റർ എന്ന നിലയ്ക്ക് തന്റെ ഇൻവെസ്റ്റ്മെന്റ് സുരക്ഷിതമാണോ; തനിക്ക് ലാഭകരമായി കൊണ്ടുപോകാൻ കഴിയുമോ; തനിക്ക് ഇതുകൊണ്ട് എന്തെങ്കിലും മെച്ചമുണ്ടാക്കാൻ കഴിയുമോ; എന്നൊക്കെ നോക്കിയാണ് ഏത് സംരംഭകനും ഇൻവെസ്റ്റ്മെന്റ് നടത്തുന്നത്. ഇവിടെ അനുകൂലമായ ഒരു നിയമം കൊണ്ടുവന്നാൽ ഇൻവെസ്റ്റേഴ്സ് വരുമോ; ഇല്ല, ഒരിക്കലുമില്ല. അവർക്ക് സൗഹൃദമായ ഒരു അന്തരീക്ഷം ഇവിടെ ഉണ്ടാക്കിക്കൊടുക്കണം. തീർച്ചയായും അങ്ങനെ ഒരു സാഹചര്യം ഉണ്ടായാൽ മാത്രമേ നമുക്ക് അവരെ കൂടുതലായി ഇങ്ങോട്ട് ആകർഷിക്കാൻ കഴിയുകയുള്ളൂ. നമ്മുടെ നാട്ടിലെ 40 ലക്ഷത്തോളം ആളുകൾ വിദേശത്ത് പ്രവാസികളായി തുടരുകയും അവരുടെ സമ്പാദ്യംകൊണ്ട് നാട് സമ്പന്നമാകുകയും ചെയ്തതുകൊണ്ട് നാം വളരെ നല്ലനിലയിൽ മുന്നോട്ട് പോകുകയാണ്. ഈ സംസ്ഥാനത്ത് കാര്യമായ വ്യവസായങ്ങളുണ്ടോ; ഒന്നാമതായി

വ്യാവസായികമായ ഒരു സംസ്കാരം നമുക്കില്ല. കൃഷിയും ചെറുകിട സംരംഭങ്ങളും കച്ചവടങ്ങളുമൊക്കെയാണ് നാമിവിടെ നടത്തുന്നത്. ഒരു പ്രൊഡക്ഷൻ യൂണിറ്റ് ഇല്ലാത്തതിനാൽ അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുകയാണ്. കേരളം ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന് അറിയപ്പെടുന്നതുതന്നെ നമ്മൾ ഉത്പാദിപ്പിക്കാത്തവ വാങ്ങുന്നതുകൊണ്ടാണ്. ഇവിടെ വിദ്യാസമ്പന്നർ ഇല്ലാത്തതുകൊണ്ടല്ലല്ലോ; വിദ്യാഭ്യാസ രംഗത്ത് നമ്മുടെ സമൂഹത്തിലും ഈ നാട്ടിലും വമ്പിച്ച മുന്നേറ്റം ഉണ്ടായിട്ടുണ്ട്. പക്ഷെ അതനുസരിച്ച് പഠിച്ച് വരുന്നവർക്ക് നമ്മുടെ സംരംഭത്തിന് അനുസൃതമായ വിദ്യാഭ്യാസം കൊടുക്കാൻ ഒരു ഫിനിഷിംഗ് സ്കൂളിന്റെ അഭാവം കേരളത്തിനുണ്ട്. ഇവിടെ ബിരുദവും ബിരുദാനന്തര ബിരുദവും നേടിയവരുണ്ട്. പക്ഷെ ഫിനിഷിംഗ് സ്കൂൾ ഇല്ലാത്തതുകൊണ്ട് അവർ പഠിക്കുന്നതിന്റെ വൈദഗ്ധ്യം അല്ലെങ്കിൽ പഠനം പൂർണ്ണമായും ഇത്തരം ചെറുകിട സംരംഭത്തിലോ മറ്റ് രീതിയിലോ ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. ഈ അടുത്തകാലത്ത് എഞ്ചിനീയറിംഗ് കോളേജുകളും പ്രൊഫഷണൽ കോളേജുകളും നിരവധി ഉണ്ടായിട്ടുണ്ട്. അവിടെനിന്നും 27 ശതമാനത്തോളം പേരാണ് പഠനം പൂർത്തിയാക്കി പുറത്തുവരുന്നതെന്നാണ് റിപ്പോർട്ടുകൾ കാണിക്കുന്നത്. പക്ഷെ ജയിച്ചുവരുന്നവരിൽത്തന്നെ, വ്യവസായ മേഖലയിലേയ്ക്ക് ആകർഷിക്കാൻ പാകത്തിലുള്ള കോമ്പീറ്റൻസി അവർക്കില്ലായെന്നുള്ളത് ഏറ്റവും വലിയ പരിതാപകരമായ അവസ്ഥയാണ്. അതുകൊണ്ട് ഒരു ചെറുകിട സംരംഭം തുടങ്ങുന്നതിനാവശ്യമായ കോമ്പീറ്റൻസിയുള്ള, ക്വാളിഫൈഡായിട്ടുള്ള ആളുകളെ നമ്മുടെ നാട്ടിൽ കിട്ടാനില്ല. ഈ ഒരു സാഹചര്യത്തിൽ അതിനുംകൂടി ഒരു സംവിധാനം ഒരുക്കൽ ആവശ്യമാണ്. നമ്മുടെ നാട്ടിലെ മാതൃകയായ, നല്ലൊരു വ്യവസായിയാണ് ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളി. എന്താണ് അദ്ദേഹത്തിന് സംഭവിച്ചത്; അദ്ദേഹം ഇൻവെസ്റ്റ്മെന്റ് നടത്തി മനോഹരമായി മുന്നോട്ടുപോകുകയാണ്. നേരത്തെ ബിൽ അവതരിപ്പിച്ചു കൊണ്ട് അങ്ങ് ഇവിടെ പറഞ്ഞ പരാമർശത്തെ സംബന്ധിച്ചുള്ള വിഷയമാണത്. അദ്ദേഹത്തെ സാധനങ്ങൾ ഇറക്കാൻ സമ്മതിച്ചില്ല. അവസാനം അദ്ദേഹവും ഭാര്യയും മക്കളുംകൂടി സാധനങ്ങളിറക്കുന്ന പരിതാപകരമായ ഒരവസ്ഥയിലേക്ക് എത്തി. ഇങ്ങനെയുള്ള സാഹചര്യത്തിൽ ആര് ഇവിടെ ഇൻവെസ്റ്റ് ചെയ്യും? ഇവിടെ നല്ല വ്യവസായം ആരംഭിച്ച് വിജയകരമായി മുന്നോട്ടുപോകുകയും വളർച്ച പ്രാപിക്കുകയും ധാരാളം ആളുകൾക്ക് തൊഴിൽ കൊടുക്കുകയും ചെയ്ത കേരളീയനും ഈ നാടിനോട് കൂറും പ്രതിബദ്ധതയുമുള്ള ആളുമായ ശ്രീ. കൊച്ചൗസേപ്പ് ചിറ്റിലപ്പള്ളിയുടെ അനുഭവം ഇതാണെങ്കിൽ ആരെങ്കിലും ഇങ്ങോട്ട് വരുമോ? ഇത്തരം സംഭവങ്ങൾ ഇല്ലാതാക്കേണ്ടതാണ്.

പപ്പടം കിട്ടാത്തതിന് പപ്പട സമരം നടത്തിയ നാടാണിത്. ട്രാക്ടർ വന്നപ്പോൾ അതിനെതിരെ സമരം നടത്തി. കുട്ടനാട്ടിൽ കൊയ്ത്തുയന്ത്രവും മെതിയന്ത്രവും വന്നപ്പോൾ അതിനെതിരെയും സമരം നടത്തി. മഴപെയ്ത് കൃഷി വെള്ളത്തിൽ

മുങ്ങിയിട്ടും ആർക്കും ഒരു മനസ്സാക്ഷിക്കുത്തും പ്രയാസവുമുണ്ടായില്ല. കഴിഞ്ഞു പോയവ സംബന്ധിച്ച് ചർച്ച ചെയ്ത് അവ ആവർത്തിക്കാതിരിക്കാൻ ശ്രമിക്കണം. അനുഭവസമ്പത്താണ് ഏറ്റവും വലിയ അദ്ധ്യാപകൻ. ചരിത്രം പഠിച്ചെങ്കിൽ മാത്രമേ രാജ്യത്തിന്റെ പുതിയ കാലത്തെക്കുറിച്ച് വിഭാവനം ചെയ്യാൻ സാധിക്കുകയുള്ളൂ. ഇനി ഇത്തരം അനുഭവങ്ങൾ കേരളത്തിൽ ഉണ്ടാകാതിരിക്കുന്നതിന് ശ്രദ്ധിക്കണം. സൗഹാർദ്ദപരമായ അന്തരീക്ഷം ഉണ്ടാക്കാൻ കഴിഞ്ഞാൽ ഇൻവെസ്റ്റ്മെന്റുണ്ടാകും. അതുകൊണ്ടുതന്നെ നിക്ഷേപകരുടെ ഭീതിഅകറ്റി അവർക്കാവശ്യമായ ഭൗതിക സൗകര്യങ്ങൾ ഒരുക്കണം.

കേരളത്തിലെ ഗതാഗത സൗകര്യങ്ങളെ സംബന്ധിച്ച് നമുക്കറിയാം. കേരളത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തെത്താൻ വളരെയധികം സമയമെടുക്കും. ഈ ഒരു സാഹചര്യത്തിൽ ആരെങ്കിലും ഇവിടെവന്ന് ഇൻവെസ്റ്റ്മെന്റ് നടത്തുമോ; കേരളത്തിൽ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്തേക്ക് ഒരു പ്രാവശ്യമെങ്കിലും പോയിവരാൻ കഴിയുമോ? അതിനനുസരിച്ചുള്ള വിപുലവും വിശാലവുമായ സൗകര്യങ്ങളുള്ള റോഡുകളുണ്ടാകണം. 2001-ൽ നമ്മൾ എക്സ്പ്രസ് ഹൈവേയെ സംബന്ധിച്ച് ചർച്ച ചെയ്തു. പക്ഷേ അതിനെതിരെ വമ്പിച്ച പ്രക്ഷോഭമുണ്ടായി. അന്ന് അത് വന്നിരുന്നു എങ്കിൽ ഇന്ന് നാല് മണിക്കൂർകൊണ്ട് കാസർഗോഡുനിന്ന് തിരുവനന്തപുരത്ത് എത്താമായിരുന്നു. ഭാവിയിൽ വരാൻ പോകുന്ന കാര്യങ്ങൾ മുൻകൂട്ടി കാണാനും അടുത്ത തലമുറയെ അഭിമുഖീകരിക്കുന്നതിനുംവേണ്ടി ഇപ്പോൾത്തന്നെ തയ്യാറെടുത്താൽ മാത്രമേ ഇതൊക്കെ ഒരുക്കാൻ കഴിയുകയുള്ളൂ. ഈ രൂപത്തിലുള്ള സൗകര്യങ്ങൾ നമ്മുടെ നാട്ടിലുണ്ടാകണം.

നമ്മുടെ നാട്ടിൽ വമ്പിച്ച ഗ്രോത്തുണ്ടെങ്കിലും തൊഴിലവസരങ്ങൾ കുറവാണ്. ഗ്രോത്തിനനുസരിച്ച് ഇവിടെ തൊഴിലവസരങ്ങൾ ഉണ്ടാകുന്നില്ല. പുതിയ തലമുറയ്ക്ക് ക്വാളിറ്റി എഡ്യൂക്കേഷൻ നൽകുന്നതിനാവശ്യമായ സംവിധാനം ഒരുക്കണം. അതുപോലെ, ചെറുകിട സംരംഭങ്ങൾ കൂടുതലായി ആരംഭിക്കണം. വൻകിട വ്യവസായങ്ങൾ കേരളത്തിൽ ഇപ്പോൾ പ്രായോഗികമല്ല. കാരണം കേരളത്തിന്റെ ഒരു ഭാഗത്ത് കടലോരവും മറുഭാഗത്ത് മലയോരവുമാണ്. പിന്നെ വളരെ കുറഞ്ഞ പ്രദേശമാണ് നമുക്കുള്ളത്. അതിൽതന്നെ പ്രകൃതിപരമായും പരിസ്ഥിതിപരമായുമുള്ള പ്രശ്നങ്ങൾ ധാരാളമുണ്ട്. അവ ഏതൊക്കെയെന്ന് ഞാൻ ആവർത്തിക്കുന്നില്ല. പരിമിതമായ സ്ഥലത്തുവേണം നമുക്കിത് ആരംഭിക്കാൻ. ലാൻഡ് പ്രൊക്വയർ ചെയ്യാൻ കഴിയുന്നില്ല എന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ലാൻഡിന് അമിതമായ വിലയാണ്. 45 കോടി രൂപ കൊടുത്ത് ഭൂമി വാങ്ങിയിട്ട് 2 കോടി രൂപയാണ് നിർമ്മാണ ചെലവിനായി വേണ്ടിവരുന്നതെന്ന് നേരത്തെ പറയുകയുണ്ടായി. ഒരു സംരംഭകനെ സംബന്ധിച്ചിടത്തോളം സൗകര്യങ്ങൾക്ക്

അനുസരിച്ചുള്ള സംവിധാനങ്ങൾ ഒരുക്കാൻ നമ്മൾ തയ്യാറാകണം. ഭൂമി ലഭ്യമാകാതെ അവർക്ക് എങ്ങനെ ഇൻവെസ്റ്റ് ചെയ്യാൻ കഴിയും; എങ്ങനെ വ്യവസായം ആരംഭിക്കാൻ സാധിക്കും? നമ്മുടെ കാലാവസ്ഥയ്ക്കും പ്രകൃതിക്കും ഇണങ്ങുന്ന ചെറുകിട സംരംഭങ്ങൾ മാത്രമേ കേരളത്തിൽ പ്രായോഗികമാകുകയുള്ളൂ. അത്തരം സംരംഭങ്ങൾ വരുമ്പോൾ അതിനെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനം വേണം.

നമ്മുടെ നാട്ടിൽ വിദ്യാസമ്പന്നരായ ധാരാളം കുട്ടികളുണ്ട്. അങ്ങനെയുള്ള കുട്ടികൾ വരുമ്പോൾ അവർക്ക് സാമ്പത്തിക സഹായം കൊടുക്കാൻ നമുക്കൊരു ഫൈനാൻസിംഗ് ഏജൻസി വേണം. കേരളത്തിൽ അങ്ങനെയൊരു ഏജൻസിയുണ്ട്, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (കെ.എഫ്.സി.). ശ്രീ. രാജു എബ്രഹാം ഇവിടെ ഇരിപ്പുണ്ട്. കെ.എഫ്.സി.യിൽനിന്ന് ലോണെടുത്ത ഒരാളുടെ കഥ ഞങ്ങൾ കഴിഞ്ഞ ദിവസം ചർച്ച ചെയ്തതാണ്. തിരുവനന്തപുരത്തുകാരനായ ശ്രീ. ധ്വരരാജ് ജീപ്പ് വാങ്ങാനായി കെ.എഫ്.സി.യിൽനിന്ന് 1984-ൽ 40,000 രൂപ ലോണെടുത്തു. അതിന്റെ പലിശയടക്കം 50,000 രൂപയായി. ലോണടവ് രണ്ട് തവണ തെറ്റിയപ്പോൾ ജപ്തി ചെയ്തു. അദ്ദേഹം അത് അടച്ചോളാമെന്ന് പറഞ്ഞു. ഒരു ഗവൺമെന്റ് ഉദ്യോഗസ്ഥൻ ഗ്യാരണ്ടി നിന്നു. പക്ഷേ അത് മാത്രം പോരെന്ന് പറഞ്ഞു. അദ്ദേഹത്തിന്റെ 6 ഏക്കർ 80 സെന്റ് സ്ഥലംകൂടി ജാമ്യം കൊടുത്തു. ഇപ്പോൾ എന്തായി; ഇവർ ജീപ്പ് ലേലം വിളിച്ച് വിറ്റു. ബാക്കി 18,000 രൂപ അദ്ദേഹം അടയ്ക്കുകയും ചെയ്തു. പിന്നെ 6,000 രൂപ ബാക്കിയുണ്ട്. ആ തുക ഈടാക്കുന്നതിനായി അദ്ദേഹത്തിന്റെ 6 ഏക്കർ 80 സെന്റ് സ്ഥലം തുച്ഛമായ വിലയ്ക്ക് കെ.എഫ്.സി. വിറ്റു. അദ്ദേഹം ഇപ്പോൾ വാടകവീട്ടിൽ താമസിക്കുകയാണ്. അദ്ദേഹം സമിതിയിൽവന്ന് സങ്കടം പറഞ്ഞപ്പോൾ ഞങ്ങൾ കെ.എഫ്.സി. അധികൃതരെ വിളിച്ച് ചോദിച്ചു. കൊടുക്കേണ്ടത് എത്രയാണ്; 25,000 രൂപയ്ക്കുതാഴെ. അതിനുവേണ്ടി 6 ഏക്കർ 80 സെന്റ് സ്ഥലം തുച്ഛമായ വിലയ്ക്ക് വിറ്റ് അവർ മുതൽക്കൂട്ടാക്കി. ഇതുപോലെയാണെങ്കിൽ ആരെങ്കിലും സംരംഭവുമായി മുന്നോട്ടുപോകുമോ; ഇത്തരം ദുരനുഭവമുള്ളതുകൊണ്ട് ചെറിയ പലിശയ്ക്ക് വായ്പ കൊടുക്കാനും അവയെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കണം. കെ.എഫ്.സി.യെ ഉടച്ചുവാർക്കണം.

എല്ലാവരും വിദ്യാസമ്പന്നരാണ്. പക്ഷേ അവർക്ക് സംരംഭങ്ങൾ തുടങ്ങാനുള്ള സംവിധാനമില്ല. വലിയ കൊള്ളപ്പലിശയുള്ള, ബ്ലേഡ് കമ്പനിയെപ്പോലെയുള്ള സ്ഥാപനങ്ങളിൽനിന്ന് ലോണെടുത്ത് സംരംഭം തുടങ്ങാൻ ആരെങ്കിലും മുന്നോട്ടു വരുമോ; ഇത്തരം സാഹചര്യങ്ങളിൽ നമ്മൾ ഒരു നിയമം കൊണ്ടുവന്നാൽ മാത്രം മതിയോ; സംരംഭകർക്ക് ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കണം. നമ്മെ സംബന്ധിച്ചിടത്തോളം ലിമിറ്റഡ് എമൗണ്ടാണുള്ളത്. പെൻഷനും ശമ്പളവും വികസന പ്രവർത്തനങ്ങൾക്കുള്ള തുകയും കൊടുത്താൽ പണം തീരും. പിന്നെ

കേന്ദ്രം സഹായിക്കണം. അത് അടുത്ത കാലത്തൊന്നും പ്രതീക്ഷിക്കണ്ട. അവിടെ നിന്ന് ഒരു സഹായവും ഇങ്ങോട്ട് വരില്ല. നമ്മൾ പണം ഇവിടെനിന്നുതന്നെ ജനറേറ്റ് ചെയ്യണം. അങ്ങനെ ജനറേറ്റ് ചെയ്യണമെങ്കിൽ ഇവിടെ അതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കണം. എക്കോ ഫ്രണ്ട്ലി ആയിട്ടുള്ള നമ്മുടെ ഇപ്പോഴുള്ള സംവിധാനങ്ങൾ ഉപയോഗപ്പെടുത്തണം. ഉദാഹരണത്തിന് നമുക്ക് സമൃദ്ധമായ നദികൾ ധാരാളമുണ്ട്. മനോഹരമായ പ്രകൃതിയും കാലാവസ്ഥയുമുണ്ട്. എല്ലാംകൊണ്ടും ആകർഷകമാണ്. അതിനനുസൃതമായ സംവിധാനങ്ങൾ ഒരുക്കിക്കൊണ്ടാണ് പുതിയ ചെറുകിട സംരംഭങ്ങൾ കൊണ്ടുവരേണ്ടത്.

സ്കൂൾ എക്സിബിഷനുകളിൽ കുട്ടികൾ വളരെ പ്രതീക്ഷയേകുന്ന ഒട്ടേറെ കണ്ടുപിടിത്തങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിലായി നടന്ന എക്സിബിഷനുകളിലെല്ലാം വളരെയധികം പ്രകീർത്തിക്കപ്പെടേണ്ട ധാരാളം വിഭവങ്ങൾ ബുദ്ധിവൈദഗ്ധ്യംകൊണ്ട് അവർ നമുക്കുമുന്നിൽ കാഴ്ചവച്ചിട്ടുണ്ട്. അവയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാടിന് ഗുണകരമായ രൂപത്തിൽ ഉപയോഗപ്പെടുത്തണം. അതിനുവേണ്ടിയുള്ള സംവിധാനങ്ങൾ ഒരുക്കിക്കൊടുക്കണം.

കാർഷികോല്പന്നങ്ങളിലധിഷ്ഠിതമായ ചെറുകിട സംരംഭങ്ങൾ ഉണ്ടാകേണ്ടതുണ്ട്. കൊറിയയിലൊക്കെ വെളിച്ചെണ്ണ ഉപയോഗിച്ച് സെന്റ് പോലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട്. ഇവിടെ വെളിച്ചെണ്ണ ഭക്ഷണത്തിന് മാത്രം ഉപയോഗിക്കുക എന്നതിലപ്പുറത്തേയ്ക്കൊന്നുമില്ല.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുരളി പെരുനെല്ലി)

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ചുമട്ടുതൊഴിലാളി സേവനം ഏർപ്പെടുത്തൽ എന്ന ഒരു ആക്ടാണ് ഇതിൽ ഭേദഗതി ചെയ്യുന്നത്. അതായത് ഒരു സംരംഭം തുടങ്ങുന്ന ആൾക്ക്, സ്വന്തംനിലയ്ക്ക് അയാൾക്കോ അയാളുടെ ജോലിക്കാർക്കോ അവിടെ സാധനങ്ങൾ കയറ്റാനും ഇറക്കാനുമൊക്കെയുള്ള അധികാരമുണ്ട്. അവിടത്തെ ചുമട്ടുതൊഴിലാളികൾ അതിൽ ഇടപെടാൻ പാടില്ലെന്നാണ് പറയുന്നത്. ഇത് ഇവിടത്തെ ചുമട്ടുതൊഴിലാളികളുടെയും തൊഴിലാളി സംഘടനകളുടെയും സമ്മതത്തോടു കൂടി പ്രാവർത്തികമാക്കണം. ഇങ്ങനെയുള്ള ഒരു നിയമം ഇപ്പോൾത്തന്നെയുണ്ട്. എന്നിട്ടുപോലും പലയിടത്തും അത് വലിയ തൊഴിൽ തർക്കങ്ങൾക്ക് ഇടവരുത്തുന്നുണ്ട്. നോക്കുകൂലിപോലുള്ള സംവിധാനങ്ങൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. നിയമത്തിന്റെ പോരായ്മ കൊണ്ടല്ല. ഇത് കർശനമായും നടപ്പാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഇതുകൊണ്ട് പ്രയോജനമുള്ളൂ എന്ന് അങ്ങേയ്ക്ക് അഭിപ്രായമുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: സർ, നോക്കുകൂലിപോലുള്ള ദുഃസ്വഭാവങ്ങൾ ഒഴിവാക്കാത്തിടത്തോളം അനാരോഗ്യപരമായ സംഭവവികാസങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കും. അത് ഇവിടെ പല പ്രതികൂല സാഹചര്യങ്ങളും സൃഷ്ടിക്കുമെന്ന് നമുക്കറിയാം. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

സാംസ്കാരിക ടൂറിസം, പിൽഗ്രിം ടൂറിസം, ഹെൽത്ത് ടൂറിസം പോലെയുള്ള മേഖലകളിൽ പ്രകൃതിക്ക് വിരുദ്ധമല്ലാത്ത, പരിസ്ഥിതിക്ക് ഇണങ്ങുന്ന രൂപത്തിൽ ധാരാളം സംവിധാനങ്ങൾ ഒരുക്കാൻ സാധിക്കും. അതുപോലെയുള്ള സംരംഭങ്ങൾക്ക് പുറത്തുനിന്ന് ഇൻവെസ്റ്റ് ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കിയെടുക്കാൻ കഴിയും. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ, സൗഹൃദപരമായ സാഹചര്യം ഒരുക്കിക്കൊണ്ട് മാത്രമേ അവരെ ആകർഷിക്കാൻ കഴിയുകയുള്ളൂ. ധാരാളം ദുരനുഭവങ്ങൾ നമുക്കുണ്ട്. അവ ഉണ്ടാകാതിരിക്കാൻ പ്രതിജ്ഞാബദ്ധമായി മുന്നോട്ടുപോകാനും ഇപ്പോഴുണ്ടാകുന്ന മാറ്റം പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകാനും ഒരു നിയമംകൊണ്ട് മാത്രം സാധ്യമല്ല. ഞാൻ മേൽസൂചിപ്പിച്ച ആ ഒരു സാഹചര്യംകൂടി ഒരുക്കാൻ അങ്ങ് പ്രത്യേകം ശ്രദ്ധിക്കണം. അതിനുള്ള സംവിധാനം ഒരുക്കണമെന്ന് അടിവരയിട്ട് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. ചെയർമാൻ: ശ്രീ. കെ. എസ്. ശബരീനാഥന് പ്രസ്തുത പ്രമേയത്തെ പിന്താങ്ങി സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഈ നിരാകരണ പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ബില്ലിന്റെ കാര്യങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മിനിസ്റ്റർ തുടങ്ങിയപ്പോൾ തന്നെ ആന്റിസിപ്പേറ്ററി ബെയ്ൽ എടുത്ത ലക്ഷണമുണ്ട്. തൊഴിലാളികളുടെ കാര്യങ്ങളും മറ്റ് പ്രധാനപ്പെട്ട കാര്യങ്ങളും ഈയൊരു ബില്ലിന്റെ പ്രോസസ്സിലൂടെ നമുക്ക് ചർച്ച ചെയ്യാമെന്നാണ് അദ്ദേഹം പറഞ്ഞത്. ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഡസ്ട്രിയൽ പോളിസി ആൻഡ് പ്രൊമോഷൻ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളത്തിന് ഇരുപതാമത്തെ റാങ്ക് കൊടുത്തതാണ് ഈ ബിൽ വരാനുള്ള പ്രധാനപ്പെട്ട കാരണമായിപറഞ്ഞത്. പക്ഷേ 2015-ൽ 18-ാം സ്ഥാനമായിരുന്നത് 2016-ൽ 20-ാം സ്ഥാനത്തേക്കും 2017-ൽ മറ്റ് സംസ്ഥാനങ്ങളൊന്നുമില്ലാത്തതിനാൽ ഏറ്റവുംതാഴെ 27-ാം സ്ഥാനത്തേക്കും കേരളം കൂപ്പുകുത്തി നിൽക്കുകയാണെന്നാണ് ലേറ്റസ്റ്റ് വാർത്ത. ഡി.ഐ.പി.പി. റാങ്കിംഗിൽനിന്നും പല പ്രസക്തമായ കാര്യങ്ങളും പഠിക്കേണ്ടതാണ്. വിശ്വവിഖ്യാതരായ ആളുകൾവന്ന് ഗുജറാത്ത് മോഡലിനെ കുറിച്ച് സംസാരിക്കാറുണ്ട്, ആ ഗുജറാത്ത് സംസ്ഥാനം 3-ാം റാങ്കിൽ നിന്നും 9-ാം

റാങ്കിലേയ്ക്ക് പോയിരിക്കുകയാണ്. ഒഡീഷ പോലുള്ള ചെറു സംസ്ഥാനങ്ങൾ 11-ാം റാങ്കിൽനിന്നും മൂന്നാം റാങ്കിലേയ്ക്ക് എത്തിയിരിക്കുകയാണ്. തെലുങ്കാന എന്ന സംസ്ഥാനം ഒന്നാം റാങ്കിലേയ്ക്കും എത്തിയിരിക്കുന്ന സ്ഥിതിവിശേഷത്തെക്കുറിച്ചാണ് നാം സംസാരിക്കുന്നത്. നേരത്തേ ശ്രീ. സി. മമ്മൂട്ടി സംസാരിച്ചതുപോലെ കൂടുതൽ നിക്ഷേപംവരേണ്ടത് നമ്മുടെ ആവശ്യമാണ്. കേരളത്തിലെ യുവാക്കൾക്കും അഭ്യസ്തവിദ്യർക്കും തൊഴിലവസരങ്ങൾക്കുവേണ്ടി മറ്റ് സംസ്ഥാനങ്ങളിലേക്കും മറ്റ് രാജ്യങ്ങളിലേക്കും പോകേണ്ട സ്ഥിതിയാണുള്ളത്. നിതാഖത്തും നാഷണലൈസേഷനുംമൂലം ധാരാളംപേർ തിരികെവരുന്ന സാഹചര്യത്തിൽ കൂടുതൽ യുവാക്കൾക്ക് നമ്മുടെ സംസ്ഥാനത്തുതന്നെ തൊഴിൽ നൽകേണ്ടതായിവരും. പക്ഷേ ഈയൊരു ബിൽ വരുന്നതോടെ കാര്യങ്ങൾ ശരിയാകുമോ എന്ന സംശയമാണ് പ്രകടിപ്പിക്കാൻ ഉദ്ദേശിക്കുന്നത്.

പ്രൊഡക്ഷനെക്കുറിച്ച് സംസാരിക്കുമ്പോൾ, ഉത്പാദനത്തിനുള്ള പ്രധാനപ്പെട്ട കണ്ണികളായി കാണുന്നത്, ലാൻഡ്, ലേബർ, ക്യാപ്പിറ്റൽ, എന്റർപ്രെണർഷിപ്പ് എന്നിവയാണ്. ലാൻഡ് എന്നാൽ ഭൂമി, ലേബർ എന്നാൽ തൊഴിൽ, ക്യാപ്പിറ്റൽ എന്നാൽ മൂലധനം, എന്റർപ്രെണർഷിപ്പ് എന്നാൽ സംരഭകത്വം. ഇതിനെല്ലാം കഴിയുന്ന മാറ്റങ്ങളാണോ ഇപ്പറഞ്ഞ ഏഴ് ബില്ലുകളിലൂടെ നടക്കുന്നതെന്ന കാര്യത്തിൽ സംശയമുണ്ട്. പ്രധാനപ്പെട്ട ഏഴ് ബില്ലുകളാണ് ഭേദഗതി ചെയ്യുന്നത്. പഞ്ചായത്ത് രാജ് നിയമം, മുനിസിപ്പാലിറ്റി ആക്ട്, ഭൂഗർഭജല നിയന്ത്രണ നിയമം, ഷോപ്പ് ആൻഡ് കമേർഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, ലിഫ്റ്റ് ആൻഡ് എസ്കലേറ്റർ ആക്ട്, ഏകജാലക നിയമം, കേരള ചുമട്ടുതൊഴിലാളി നിയമം എന്നിവയും പത്ത് പ്രധാനപ്പെട്ട റൂൾസുമാണ് നമ്മൾ ഭേദഗതി ചെയ്യുന്നത്. ഇതിലെ പ്രധാന പ്രശ്നം രണ്ടാമത്തെ ബില്ലിൽ പറയുന്ന ത്രിതല പഞ്ചായത്തുകളുടെ സംവിധാനമാണ്. കാലാകാലങ്ങളായി ത്രിതല പഞ്ചായത്തുകളെ ശാക്തീകരിക്കുന്ന പ്രവണതയാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ ഫണ്ടും പ്രോജക്ടുകളും അപ്രൂവ് ചെയ്യാനും നിരാകരിക്കാനുമുള്ള ശക്തിയുള്ളത് ത്രിതല പഞ്ചായത്തുകൾക്കാണ്. ഈയൊരു പുതിയ ബിൽ വരുന്നതോടുകൂടി ജനപ്രതിധികൾക്കുള്ള എല്ലാ അധികാരവും അവരിൽനിന്നും മാറ്റി സെക്രട്ടറിയിലേയ്ക്കും സെക്രട്ടറി നിയമിക്കുന്ന ഒരാളിലേയ്ക്കും പോകുന്ന അവസ്ഥയാണ് വരാൻപോകുന്നത്. കേരളം ഏറ്റവും കൂടുതൽ ഡെമോക്രാറ്റിക് റൈറ്റ്സുള്ളതായി അറിയപ്പെടുന്ന നാടാണ്. ഈ മേഖലയിൽ ഏറ്റവും കൂടുതൽ നിയമനിർമ്മാണം നടന്നിട്ടുള്ളതും കേരള നിയമസഭയിലാണ്. അത്തരത്തിലുള്ള നിയമനിർമ്മാണങ്ങൾ നടത്തിയ ഈ സഭയിൽത്തന്നെ പഞ്ചായത്ത് പ്രസിഡന്റിനും പഞ്ചായത്ത് അംഗങ്ങൾക്കും ഒരു ശക്തിയുമില്ലാത്ത രീതിയിൽ, അവരുടെ ശക്തിചോർത്തുന്ന നിയമത്തിലേക്കാണ് നമ്മൾ പോകുന്നത്. ഈയടുത്തകാലത്ത് എന്റെ നിയോജകമണ്ഡലത്തിന്റെ

തൊട്ടടുത്തുള്ള പാലോട്, മെഡിക്കൽ ട്രീറ്റ്മെന്റ് പ്ലാന്റ് വരുന്നതിനെതിരായി പ്രശ്നങ്ങളുണ്ടായിരുന്നു. ഞാനും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും അവിടെ പോയതാണ്. അവിടെയുള്ള എം.എൽ.എ.-യും പഞ്ചായത്ത് ജനപ്രതിനിധികളും പ്രദേശവാസികളും ആ പ്ലാന്റ് അവിടെ വേണ്ടെന്ന് ഒറ്റക്കെട്ടായി തീരുമാനമെടുത്തു. നാളെ ഇതുപോലൊരു സംഭവം എന്റെ മണ്ഡലത്തിലോ കേരളത്തിൽ എവിടെയെങ്കിലുമോ ഉണ്ടായാൽ ഏതെങ്കിലുമൊരു പഞ്ചായത്ത് പ്രസിഡന്റിന് അതിനെ ശക്തമായി എതിർക്കുവാനുള്ള വകുപ്പ് ഈയൊരു ബിൽ വരുന്നതോടെ ഇല്ലാതാകുകയാണ്. ഇതാണ് ഈ ബില്ലിലെ ഏറ്റവും പ്രസക്തമായ കാര്യമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ത്രിതല പഞ്ചായത്തുകളെ കൂടുതൽ ശാക്തീകരിക്കുന്നതിന് പകരം അവരുടെ അധികാരം ചോർത്തിയെടുത്ത് സെക്രട്ടറിക്കും സെക്രട്ടറിയുടെ പ്രതിനിധിക്കും കൊടുക്കുന്ന ബില്ലിലെ ഈയൊരു മാറ്റം സബ്ജക്ട് കമ്മിറ്റി എത്രയും പെട്ടെന്ന് തിരുത്തപ്പെടണമെന്നാണ് എന്റെ പ്രധാനപ്പെട്ട അഭ്യർത്ഥന.

രണ്ടാമത്തെ കാര്യം, ഇന്ന് രാവിലെ മാതൃഭൂമി പത്രത്തിൽവന്ന ഒരു വാർത്തയാണ്. ഭൂഗർഭ ജലത്തിന്മേലുള്ള പിടിയയച്ച ഓർഡിനൻസ് എന്നാണ് പത്രം വിശേഷിപ്പിച്ചിരിക്കുന്നത്. ഫീസ് അടച്ചാൽ എത്രവേണമെങ്കിലും വെള്ളമൂറ്റാമെന്നാണ് വാർത്തയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. പാലക്കാട് ജില്ലയിൽ വൻകിട കമ്പനികളടക്കം ഏകദേശം 35 കമ്പനികളുണ്ടാക്കുന്ന പ്രശ്നങ്ങൾ കാരണം ജനങ്ങളും പഞ്ചായത്തുകളുമൊക്കെ അതിനെതിരെ പ്രവർത്തിക്കുമ്പോൾ, ഈ ഓർഡിനൻസ് പാസ്സാകുന്നതോടുകൂടി പിഴയും അഡീഷണൽ കോസ്റ്റും കൊടുത്താൽ ഭൂഗർഭജലം എത്രവേണമെങ്കിലും ഊറ്റാമെന്ന സ്ഥിതിവരും. ഇവിടെയാണ് വീണ്ടും പാരിസ്ഥിതിക പ്രശ്നങ്ങൾ വരുന്നത്. Ease of doing business എന്നത് പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണം തടയിടുന്നു എന്ന പരാതിയാണ് നമ്മുടെ നാട്ടിലും മറ്റ് സംസ്ഥാനങ്ങളിലും ഉയർന്നുവരുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ഇക്കാര്യത്തിൽ കേന്ദ്ര ബിൽ നേരത്തേയുണ്ട്, അത് സംസ്ഥാനങ്ങളുടെ അഭിപ്രായമാരായുന്നതിന് അയച്ചുകൊടുത്തിട്ടുമുണ്ട്. അങ്ങനെ വരുമ്പോൾ ആ ബിൽ മാത്രമേ നിലനിൽക്കുകയുള്ളൂ എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, ഞാൻ പറഞ്ഞുവന്നത് ഭൂഗർഭജല വിനിയോഗത്തെക്കുറിച്ചാണ്. അതുപോലെ നാം ശ്രദ്ധിക്കാതെ പോകുന്ന കാര്യമാണ് വേസ്റ്റ് പ്രശ്നം. വൈറ്റ് ഇൻഡസ്ട്രീസിനും ബ്ലൂ ഇൻഡസ്ട്രീസിനും അവരുടെ സെൽഫ് ഡിക്ലറേഷനുണ്ടെങ്കിൽ എല്ലാ തരത്തിലുമുള്ള അപ്രൂവലും നൽകാമെന്നാണ് പറയുന്നത്. ഏത് തരത്തിലുള്ള ഇൻഡസ്ട്രിയാണെങ്കിലും അതിന് അപ്പോൾത്തന്നെ

സ്വയംപ്രഖ്യാപിത ലൈസൻസ് കൊടുക്കുകയാണെങ്കിൽ അവയുടെ നിർമ്മാണ സമയത്തുണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് സംസാരിക്കുവാനോ എതിർക്കുവാനോ അതിനെതിരെ നടപടിയെടുക്കുവാനോ കഴിയുന്ന തരത്തിലുള്ള നിയമം ഇത് വരുന്നതോടെ ഇല്ലാതാകും. ഭൂഗർഭ ജലമടക്കമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ വൈറ്റ് ഇൻഡസ്ട്രീസും ബ്ലൂ ഇൻഡസ്ട്രീസുമായി മാറ്റുന്ന കേന്ദ്ര നിയമത്തിന് ചുവടുപിടിച്ചുള്ള കാര്യങ്ങളിലും ഒരു വ്യക്തത ഉണ്ടാക്കണം.

ആയിരം സ്ക്വയർ മീറ്റർ പ്ലിന്ത് ഏരിയയിൽ കൂടുതലുള്ളതും പതിനഞ്ച് മീറ്റർ ഹൈറ്റുള്ളതുമായ സ്ഥാപനങ്ങൾക്ക് മാത്രം ഡിപ്പാർട്ട്മെന്റ് ഓഫ് ഫയർ ആൻഡ് റെസ്ക്യൂ സർവ്വീസസ്സിന്റെ എൻ.ഒ.സി. മതിയെന്നുള്ളതാണ് പ്രധാനപ്പെട്ട മറ്റൊരു വിഷയം. ഡിസംബർ 24-ാം തീയതി മുംബയിലെ ഒരു പ്രധാന കമേഴ്സ്യൽ സ്ഥാപനത്തിൽ നടന്നതെന്താണെന്ന് നമുക്കറിയാം. ആയിരം സ്ക്വയർ മീറ്റർ പ്ലിന്ത് ഏരിയയിൽ കുറവുള്ള കമല മിൽസ് എന്ന പഴയ ഫാക്ടറിയിലെ ഭക്ഷണശാല അനധികൃത കൺസ്ട്രക്ഷനായിരുന്നു, അവിടെ തീപ്പിടിത്തം ഉണ്ടായപ്പോൾ 22 വയസ്സിനു താഴെയുള്ള പതിനഞ്ചോളം യുവാക്കളാണ് വെന്തുമരിച്ചത്. ഇത്തരത്തിലുള്ള നിയമം കൊണ്ടുവരുമ്പോൾ ഇതുപോലുള്ള പ്രശ്നങ്ങളെ അഭിമുഖീകരിച്ച് മറുപടി നൽകേണ്ടതാണ്. ഏതൊരു ഇൻഡസ്ട്രിയും വളരണമെങ്കിൽ ലാൻഡ് ആവശ്യമാണ്. ഇതിൽ നിലവുമായി ബന്ധപ്പെട്ട ഒരു ആക്ടിന്റെ പരാമർശംപോലുമില്ല. ഇന്ന് കേരളത്തിൽ കമ്പനികൾ വരാൻ വിസമ്മതിക്കുന്നതിനുള്ള പല കാരണങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്ഥലപരിമിതിയാണ്. കേരളം മറ്റ് സംസ്ഥാനങ്ങളെപ്പോലെയല്ല, ഗുജറാത്തിലും കർണ്ണാടകയിലും മദ്ധ്യപ്രദേശിലുമുള്ള ഒരു ബിൽ അതുപോലെ കോപ്പിയടിച്ച് കേരളത്തിൽ കൊണ്ടുവരുമ്പോൾ കേരളത്തിന്റെ സവിശേഷതകളും ബുദ്ധിമുട്ടുകളും ഭൂശാസ്ത്രവുമൊക്കെ വ്യത്യസ്തമാണെന്ന് മനസ്സിലാക്കണം. നേരത്തേ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതുപോലെ വളരെ ലാക്സിറ്റിയോടുകൂടി ചർച്ച ചെയ്യാതെ കൊണ്ടുവന്നതാണ് ഈ ബിൽ.

ഈ ബില്ലിലെ ഒരു പ്രധാനപ്പെട്ട വിഷയം ചുമട്ടുതൊഴിലാളികളുടെ കാര്യമാണ്, ഞാൻ തൊഴിലാളി മേഖലയിൽ പ്രവർത്തിച്ച ആളല്ലെങ്കിലും ഇത് വായിച്ചപ്പോൾ വളരെയധികം വിഷമം തോന്നി. കാരണം അതിൽ പറയുന്ന ചില വാക്കുകൾ ഇംഗ്ലീഷിന്റെ തർജ്ജമയായതുകൊണ്ടായിരിക്കാം ശരിയല്ലെന്ന് തോന്നി, " ഈ ആക്ടിലെ മറ്റ് ഏതെങ്കിലും വ്യവസ്ഥയിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, യാതൊരു തൊഴിലുടമയ്ക്കും, തൊഴിലുടമയോ ഉടമസ്ഥൻ സ്വയമോ അല്ലെങ്കിൽ അയാളുടെ സ്വന്തം ജോലിക്കാരെക്കൊണ്ടോ ഏതെങ്കിലും യന്ത്രസാമഗ്രി മുഖേനയോ ഏതെങ്കിലും വാഹനത്തിലേക്കോ യാനത്തിലേക്കോ മറ്റ് ഏതെങ്കിലും കണ്ടെയ്നറുകളിലേക്കോ ഏതെങ്കിലും വസ്തുക്കൾ കയറ്റുകയോ ഇറക്കുകയോ ചെയ്യുന്നതുമായി

ബന്ധപ്പെട്ട ജോലികളിൽ ചുമട്ടുതൊഴിലാളികളെ ജോലിക്കായി നിയോഗിക്കണമെന്ന ബാധ്യതയില്ലാത്തതാകുന്നു." ബാധ്യത എന്നുള്ളത് obligation എന്നതിന്റെ മലയാള വിവർത്തനമാണെങ്കിലും ഇടതുപക്ഷ സർക്കാർ ഇങ്ങനെയൊരു ബിൽ ഡ്രാഫ്റ്റ് ചെയ്യുമ്പോൾ ബാധ്യത എന്ന വാക്ക് ലേബർ റിലേറ്റഡ് നിയമത്തിൽ പറയുന്നത് ശരിയല്ല എന്നാണ് പറയാനുള്ളത്. ഇതിൽ ബിസിനസ്സുകാരെക്കുറിച്ചും കോർപ്പറേറ്റുകളെകുറിച്ചുമെല്ലാം നല്ലരീതിയിൽ പറയുന്നുണ്ട്, അതിൽ തെറ്റില്ല, അവർക്ക് നല്ലരീതിയിൽ നിക്ഷേപങ്ങൾ നടത്തുവാനുള്ള അവസരങ്ങൾ ഇതിൽ കൊണ്ടുവരുന്നുണ്ട്. സി.ഐ.ടി.യു. ആയാലും ഐ.എൻ.ടി.യു.സി. ആയാലും മറ്റ് സ്ഥാപനങ്ങളിലും സംഘടനകളിലുമുള്ള സാധാരണക്കാരായ ലക്ഷക്കണക്കിന് ചുമട്ടു തൊഴിലാളികളുടെ വികാരങ്ങൾക്ക് എതിരെയുള്ള ബാധ്യത എന്ന വാക്ക് ഈയൊരു നിയമത്തിൽ കൊണ്ടുവന്നതിനെ ഞാൻ ശക്തമായി അപലപിക്കുകയാണ്. എന്തായാലും നിയമം വന്നതുകൊണ്ട് കേരളത്തിൽ പുതിയ ഇൻവസ്റ്റ്മെന്റ് വരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം. പ്രധാനപ്പെട്ട പ്രശ്നങ്ങൾ ഇത് മാത്രമല്ല, ഇന്ത്യയിൽ ഇന്ന് എല്ലാ സംസ്ഥാനങ്ങളും Ease of doing business കൊണ്ടുവരുന്നുണ്ട്, ഇന്ത്യയുടെ സ്ഥാനം ഇന്ന് 120 ആണെന്നാണ് മനസ്സിലാക്കുന്നത്. നല്ലൊരു നിക്ഷേപ സൗഹൃദ സംസ്ഥാനമുണ്ടാകണമെങ്കിൽ ഈ ബില്ലിലുള്ള കാര്യങ്ങളും അതോടൊപ്പംതന്നെ കൂടുതൽ സ്ഥലം ഏറ്റെടുക്കുവാൻ സഹായകരമായ കാര്യങ്ങളും ചെയ്യണം. ഇവിടെയുള്ള യുവാക്കളെ ട്രെയിൻ ചെയ്ത് അവർക്ക് ഈ പറഞ്ഞ ഫാക്ടറികളിൽ വർക്ക് ചെയ്യാനുള്ള സ്കിൽ ഡെവലപ്മെന്റ് നൽകേണ്ടതുണ്ട്. സ്കിൽ ഇന്ത്യ, മെയ്ക്ക് ഇൻ ഇന്ത്യ എന്നുപറഞ്ഞുകൊണ്ട് കേന്ദ്രസർക്കാരിന്റെ വെറുംപാക്കേജുകളായി മാറുകയാണ്. എത്രമാത്രം ആളുകൾക്ക് കഴിഞ്ഞ മൂന്നുവർഷംകൊണ്ട് കേന്ദ്രസർക്കാരിന് ജോലി കൊടുക്കാൻ കഴിഞ്ഞുവെന്നതും ഒരു വലിയ ചോദ്യമാണ്. എന്തായാലും കേന്ദ്രസർക്കാരിന്റെ ആ പാഴ്വാക്കുപോലെ പേരിനുവേണ്ടിയുള്ള ഒരു നിയമമായി ഇത് മാറാതെ, കൂടുതൽ പഠിച്ച് നേരത്തെപറഞ്ഞ തൊഴിലാളികളുടെ പ്രശ്നങ്ങളിലും ഫയർ ആൻഡ് റസ്ക്യൂ മേഖല പോലുള്ളവയിലും കൂടുതൽ ശ്രദ്ധപതിപ്പിച്ചുകൊണ്ട് മുന്നോട്ടുള്ള നാളുകളിൽ ഇത് കൊണ്ടുപോകണമെന്ന് പറഞ്ഞുകൊണ്ട് നിർത്തുന്നു.

മി. ചെയർമാൻ: ശ്രീ. വി. ഡി. സതീശന് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ഗവൺമെന്റ് ഇത്തരമൊരു ബിൽ നിയമസഭയിൽ കൊണ്ടുവന്നത് അത്ഭുതകരമാണ്. കാരണം, ഇതിന് മുമ്പുള്ള നിയമസഭകളിൽ എൽ.ഡി.എഫ്. ഗവൺമെന്റ് ഇത്തരം കാര്യങ്ങളിൽ എടുത്തിരുന്ന നിലപാടിന് വിരുദ്ധമായ ഒരു പുതിയ സമീപനമാണ് ഈ ഗവൺമെന്റ് ഇക്കാര്യത്തിൽ കാണിക്കുന്നത്. ഇതിലെ ചില പ്രൊവിഷനുകളോട് ഞങ്ങൾക്ക് എതിർപ്പുള്ളത് നിലനിർത്തിക്കൊണ്ടുതന്നെ ഈ ബില്ലിനെ ഞങ്ങൾ തത്വത്തിൽ അംഗീകരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ബില്ലിനെ പൊതുവായി അംഗീകരിക്കുകയും അതേ അവസരത്തിൽ ചില പ്രൊവിഷൻസിൽ ഞങ്ങൾക്കുള്ള ഉത്കണ്ഠയും സംശയവും പങ്കുവയ്ക്കുകയുമാണ്. ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്താണ് ഇതുപോലൊരു ബിൽ കൊണ്ടുവന്നിരുന്നതെങ്കിൽ നിങ്ങൾ എന്തെല്ലാം പറയുമായിരുന്നുവെന്ന് ഒരു നിമിഷം ഞാൻ ആലോചിച്ചുപോയി. ഇതൊരു തൊഴിലാളിവിരുദ്ധ ബില്ലാണ്, മുതലാളിത്ത പ്രോത്സാഹന ബില്ലാണ്, ജനവിരുദ്ധ ബില്ലാണ്, അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ ഇടപെടലുകൾ ഇതിനകത്തുണ്ട്, ഡൊണാൾഡ് ട്രംപിന്റെ സ്വാധീനം ഇതിലുണ്ട് എന്നൊക്കെ നിങ്ങൾ പറയുമായിരുന്നുവെന്ന കാര്യത്തിൽ സംശയമില്ല. പിന്നെ സംഘർഷം, തൊഴിലാളി മാർച്ച്, ചുമട്ടുതൊഴിലാളി മാർച്ച്, സെക്രട്ടേറിയറ്റിന് മുന്നിലുള്ള മാർച്ച്, ഇന്ന് ഈ ബിൽ സഭയിൽ അവതരിപ്പിക്കുന്ന ദിവസംതന്നെ ഇടതുപക്ഷത്തൊഴിലാളി സംഘടനകളുടെ നിയമസഭാ മന്ദിരത്തിലേയ്ക്കുള്ള മാർച്ച് തുടങ്ങി എന്തെല്ലാം കാണേണ്ടിവരുമായിരുന്നു എന്നതൊക്കെ ഒരു നിമിഷം ഞാൻ വിഷ്വലൈസ് ചെയ്തു. അതൊന്നും ഞങ്ങളുടെ ഭാഗത്തുനിന്നുമുണ്ടായില്ല. യഥാർത്ഥത്തിൽ കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റണമെന്നുള്ള നിലപാടാണ് ഞങ്ങൾക്കുള്ളത്. അതിന് തൊഴിലാളിവിരുദ്ധ നിലപാടുകൾ സ്വീകരിക്കേണ്ടതില്ല. തൊഴിലാളികളുടെ അവകാശങ്ങളും ന്യായമായ ആവശ്യങ്ങളും സംരക്ഷിച്ചുകൊണ്ട് കാര്യങ്ങൾ നടത്തണം. സങ്കീർണ്ണമായ നടപടിക്രമങ്ങളെ ലഘൂകരിക്കാനുള്ള തീരുമാനങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. 1991-ൽ നരസിംഹറാവു പ്രധാനമന്ത്രിയായതിനുശേഷം ഡോ. മൻമോഹൻ സിംഗിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിയ പുതിയ സാമ്പത്തിക നയത്തിന്റെ ഏറ്റവും പ്രഖ്യാപിതമായ നയം, നമ്മുടെ രാജ്യത്ത് നിലനിന്നിരുന്ന ലൈസൻസ്‌രാജ് സമ്പ്രദായത്തെ അവസാനിപ്പിക്കുക എന്നതായിരുന്നു. പ്രസ്തുത ലൈസൻസ്‌രാജ് ബിസിനസ്സ് നടത്തിക്കൊണ്ടുപോകുന്നതിന് ധാരാളം തടസ്സങ്ങളുണ്ടാക്കിയിരുന്നു. അത് കേരളത്തിലും നിലനിൽക്കുമ്പോൾ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി കൊണ്ടുവന്ന നടപടിക്രമങ്ങളെ ലഘൂകരിക്കുന്നതിന് ലൈസൻസ് സമ്പ്രദായത്തിലടക്കമുള്ള മാറ്റങ്ങളാണ് ഇവിടെ കൊണ്ടുവന്നിരിക്കുന്നത്. എല്ലാ വർഷവും ലൈസൻസ് പുതുക്കുന്നതിനുപകരം അഞ്ചുവർഷം കൂടുമ്പോൾ ലൈസൻസ് പുതുക്കുക, പണം അടച്ചുകഴിഞ്ഞാൽ ആട്ടോമാറ്റിക്കായി ലൈസൻസ് പുതുക്കിക്കിട്ടുക തുടങ്ങിയ ധാരാളം നടപടിക്രമങ്ങൾ അതിലുൾപ്പെട്ടിട്ടുണ്ട്.

നമ്മുടെ സംസ്ഥാനത്ത് എൽ.റ്റി. കണക്ഷനുകളുടെ അടിസ്ഥാനത്തിൽ 135591 മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. അല്ലാതെ ഇതുസംബന്ധിച്ച കൃത്യമായ കണക്ക് നമ്മുടെ കൈവശമില്ല. ലോ ടെൻഷൻ കണക്ഷൻ എടുത്തതിന്റെ അടിസ്ഥാനത്തിലുള്ള കണക്കാണിത്. വ്യവസായ വകുപ്പിന്റെ കൈവശംപോലും കൃത്യമായ കണക്കുണ്ടെന്ന് തോന്നുന്നില്ല. കേരളത്തിൽ എത്രമാത്രം ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുണ്ടെന്നുള്ളതിന്റെ കണക്ക് ഇതുവരെ സൂക്ഷിച്ചിട്ടില്ല. ഞാൻ ഈ ഗവൺമെന്റിനെ കുറ്റപ്പെടുത്തി പറയുകയല്ല. കേരളം ഭരിച്ച ഒരു ഗവൺമെന്റിനും എത്ര ചെറുകിട-ഇടത്തരം വ്യവസായങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടെന്നുള്ള കണക്കെടുക്കാൻ സാധിച്ചിട്ടില്ല. ഏകദേശം ഒന്നര ലക്ഷത്തിനടുത്തുള്ള ചെറുകിട-ഇടത്തരം വ്യവസായങ്ങൾ കേരളത്തിലുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ജി.എസ്.ടി. വന്നതോടുകൂടി ചെറുകിട-ഇടത്തരം വ്യവസായങ്ങൾ ഇന്ന് വലിയ പ്രതിസന്ധി നേരിടുകയാണ്. കാരണം, വലിയ കോർപ്പറേറ്റുകൾ നടത്തുന്ന വൻകിട സംരംഭങ്ങളുടെ പ്രോഡക്ടുകളുമായി കോംപീറ്റ് ചെയ്യേണ്ട ഒരു ഘട്ടത്തിലേയ്ക്ക് ഇപ്പോൾ എത്തിയിരിക്കുകയാണ്. ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് കിട്ടിക്കൊണ്ടിരിക്കുന്ന പല ആനുകൂല്യങ്ങളും, സംസ്ഥാന ഗവൺമെന്റുകൾക്ക് അവരുടെ ബജറ്റിൽ കൊടുക്കാമായിരുന്ന സഹായങ്ങൾ അല്ലെങ്കിൽ പിന്തുണ, ടാക്സുകൾ തമ്മിലുള്ള വ്യത്യാസം ഇതൊന്നും ഇപ്പോൾ കൊടുക്കാൻ സാധിക്കാതെ വൻകിട പ്രോഡക്ടുകളും ചെറുകിട സംരംഭങ്ങളുണ്ടാക്കുന്ന പ്രോഡക്ടുകളും ഒരുപോലെ മാർക്കറ്റിൽ കോംപീറ്റ് ചെയ്യേണ്ട ഒരു സ്ഥിതിവിശേഷം വന്നിരിക്കുകയാണ്. ആ അവസരത്തിൽ ഈ ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയെന്നത് സമൂഹത്തിന്റെയും ഗവൺമെന്റിന്റെയും ചുമതലയാണ്.

ഞാൻ അതിന്റെ വകുപ്പുകളിലേയ്ക്ക് കടക്കുകയാണ്. ഇപ്പോൾ ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറിൽ നിന്നുള്ള എൻ.ഒ.സി. നിരസിച്ചിരിക്കുകയാണ്. അതായത്, ആശുപത്രികൾ, ക്ലിനിക്കുകൾ, ലാബുകൾ, ഫാർമ സ്ഥാപനങ്ങൾ എന്നിവയ്ക്ക് മാത്രമായി ലഘൂകരിച്ചു. അതിലൊരു ന്യായമുണ്ട്. ഏത് കാര്യത്തിനും ഡി.എം.ഒ.-യുടെ ലൈസൻസ് വേണമെന്ന് പറയുന്നതിൽ യുക്തിയില്ല. ജില്ലാ മെഡിക്കൽ ഓഫീസർക്ക് അവരുമായി ബന്ധപ്പെടാത്ത വ്യവസായ സ്ഥാപനങ്ങളുടെ സർട്ടിഫിക്കറ്റുപോലും അവരുടെ കയ്യിൽനിന്ന് വാങ്ങുന്ന ഒരു സംവിധാനം നിലവിലുണ്ട്. അത് കുറയ്ക്കുന്നത് നല്ലതു തന്നെയാണ്. മനുഷ്യരിൽ ആരോഗ്യ പ്രശ്നങ്ങളുണ്ടാക്കുന്ന സ്ഥാപനങ്ങൾ തുടങ്ങുന്നതിനുമുമ്പ് ഏത് ഏജൻസിയാണ് സർട്ടിഫിക്കറ്റ് കൊടുക്കേണ്ടത്? ചില സംരംഭങ്ങൾ നടപ്പിലാക്കുമ്പോൾ ആരോഗ്യ പ്രശ്നങ്ങളുണ്ടാകുന്നു; ഗ്യാസ് വരുന്നു, സ്മോക്ക് വരുന്നു, ശ്വാസംമുട്ടലുണ്ടാകുന്നു, സ്കിൻ ഡിസീസസുണ്ടാകുന്നു. അത്തരം സംരംഭങ്ങൾ തുടങ്ങുമ്പോൾ ജില്ലാ മെഡിക്കൽ ഓഫീസർ അല്ലാതെ വേറെ ഏത് ഏജൻസിയാണ് ഇതുമായി

ബന്ധപ്പെട്ട കാര്യങ്ങൾ കൈകാര്യം ചെയ്യേണ്ടതെന്നതിന് കുറച്ചുകൂടി ക്ലാരിറ്റി ഉണ്ടായാൽ വളരെ നന്നായിരുന്നുവെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ലൈസൻസ്/ പെർമിറ്റ് നൽകുന്നതിനോ നിരാകരിക്കുന്നതിനോ കൃത്യമായി കാലാവധി, അപേക്ഷിച്ച് 15 ദിവസം കഴിയുമ്പോഴും ലൈസൻസ് കിട്ടാതെ വന്നാൽ - ഡീംഡ് ലൈസൻസ് കിട്ടുന്നതൊക്കെ വളരെ സ്വാഗതാർഹമായ കാര്യങ്ങളാണ്. ഇതൊക്കെ ഇതിലെ പ്രൊവിഷൻസാണ്. പ്രധാനപ്പെട്ട ഒരു കാര്യം, തൊഴിലുടമയ്ക്ക് കയറ്റിറക്ക് ജോലിക്കായി സ്വന്തം തൊഴിലാളികളെയോ മെഷിനറികളെയോ ഉപയോഗിക്കാം. ഹെഡ് ലോഡ് വർക്കേഴ്സിനെയും ഈ ജോലിക്ക് നിയമിക്കുന്നതിന് നിയമ തടസ്സമില്ല. മിനിമം വേജസ് അവർക്ക് ഗ്യാരണ്ടി ചെയ്യുന്നു. മന്ത്രിയുടെ ആമുഖ പ്രസംഗത്തോടുകൂടി ആ നിലപാടിൽനിന്ന് സർക്കാർ പിന്നോക്കം പോകുകയാണ്. ട്രേഡ് യൂണിയനുകളുടെ ഭാഗത്തുനിന്ന് അതിശക്തമായ എതിർപ്പുകളുണ്ട്. ചുമട്ടുതൊഴിലാളികൾ ഉൾപ്പെടെയുള്ള കയറ്റിറക്ക് തൊഴിലാളികൾ തൊഴിൽ ചെയ്യാൻ പോകുമ്പോൾ അതൊരു നോക്കുകൂലിയുടെ ലെവലിലേയ്ക്ക് പോകാൻ പാടില്ല. പ്രതിപക്ഷത്തിനും അക്കാര്യത്തിൽ നിർബന്ധമുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അക്കാര്യത്തിൽ വളരെയധികം നിർബന്ധമുള്ള ആളാണ്. ചുമട്ടുതൊഴിലാളി നിയമത്തിനകത്ത് ഓരോ ഉല്പന്നങ്ങളും കയറ്റിറക്ക് ചെയ്യുന്നതിനുള്ള കൃത്യമായ കാര്യങ്ങൾ പറയുന്നുണ്ട്. ഒരു ലോഡ് ഇറക്കുന്നതിനും കയറ്റുന്നതിനും എത്ര തുകയാണ് വാങ്ങുന്നത്? ഇത്തരത്തിൽ ഓരോ മെറ്റീരിയലിനും പ്രത്യേകം തുക നിശ്ചയിക്കുന്നുണ്ട്. ഇപ്പോൾ അതുകൂടാതെ അതിന്റെ അഞ്ചും പത്തും ഇരട്ടി തുക ഈടാക്കുകയാണ്. ഒരു ഓർഗനൈസ്ഡ് ഗുണ്ടായിസംപോലെ പല സ്ഥലത്തുമായി മാറുകയാണ്. നോക്കുകൂലി ലെവലിലേയ്ക്ക് പോകുന്ന ഒരു ചുമട്ടുതൊഴിലാളിയുടെ കാര്യത്തിൽ കേരളത്തിലെ പൊതുസമൂഹ ത്തിൽനിന്ന് അതിശക്തമായ എതിർപ്പാണുണ്ടായിട്ടുള്ളത്. അതേ അവസരത്തിൽ ചുമട്ടുതൊഴിലാളികൾക്ക് നിയമപരമായി കിട്ടിക്കൊണ്ടിരിക്കുന്ന ജോലി നഷ്ടപ്പെടാനുള്ള ഒരു സാഹചര്യമുണ്ടാകരുത്. ഇതിന്റെ രണ്ടിന്റെയുംകൂടിയുള്ള ഒരു ബാലൻസാണ് വേണ്ടത്. നിലവിലെ പോയിന്റ് എന്താണ്? ഒരാൾ ഒരു ബിസിനസ്സ് തുടങ്ങിയാൽ അവിടെ ട്രേഡ് യൂണിയനുകളിലെ അംഗങ്ങൾ വരുന്നു. ഉടമ ഉടനെ ഹൈക്കോടതി യിൽപ്പോയി പോലീസ് പ്രൊട്ടക്ഷൻ ആവശ്യപ്പെടും. ആ യൂണിയനുകളുടെ ആളുകളെ മുഴുവൻ റെസ്പോണ്ടൻസാക്കി അവർ പോലീസ് പ്രൊട്ടക്ഷൻ ചോദിച്ചാൽ കോടതി പോലീസ് പ്രൊട്ടക്ഷൻ കൊടുക്കുകയാണ്. ഇത്തരത്തിൽ പതിനായിര കണക്കിന് കേസ്സുകൾ വരുന്നു. ഞാൻ വക്കീലായി പ്രാക്ടീസ് ചെയ്യുമ്പോൾപോലും ഇത്തരം കേസ്സുകൾ ധാരാളമായി വന്നിട്ടുണ്ട്. എത്രയോ വർഷങ്ങളായി അത് തുടരുകയാണ്. ഏത് വ്യവസായ സംരംഭം തുടങ്ങുന്ന ആളും നേരിട്ട് കോടതിയെ സമീപിച്ച് പോലീസ് പ്രൊട്ടക്ഷൻ വാങ്ങിവരികയാണ്. ഇഷ്ടമുള്ള ആളുകളെ കയറ്റിറക്ക് ജോലിക്ക് നിയമിക്കാനുള്ള അവകാശം എംപ്ലോയർക്കുണ്ട്. അതിനെ തടസ്സപ്പെ

ടുത്തിയാൽ പോലീസ് പ്രൊട്ടക്ഷൻ കൊടുക്കണമെന്ന് പോലീസ് സൂപ്രണ്ടിനും സർക്കിൾ ഇൻസ്പെക്ടറിനും ഹൈക്കോടതി ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. ഒരുവശത്ത് ലീഗലായ ഒരു വാലിഡിറ്റി, ഇഷ്ടത്തിനനുസരിച്ചുള്ള ജോലിക്കാരെ നിയമിക്കാനുള്ള അവകാശം കോടതികൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ഗവൺമെന്റ് താഴെപ്പറയുന്ന കാര്യങ്ങൾ പരിശോധിക്കണം :

1. നോക്കുകൂലിയുടെ ലെവലിലേയ്ക്ക് പോകരുത്.
2. നിയമസഭ ഒരു നിയമനിർമ്മാണം നടത്തി ചുമട്ടുതൊഴിലാളികൾ ഉൾപ്പെടെയുള്ളവർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ഒരു ജോലി നഷ്ടപ്പെടുത്താനുള്ള സാഹചര്യമുണ്ടാക്കരുത്.
3. ഇതുസംബന്ധിച്ച് ഇതുവരെ കോടതികൾ എടുത്തിരിക്കുന്ന നിലപാട്. ഈ കാര്യങ്ങൾ പരിശോധിച്ചുകൊണ്ടുവേണം തീരുമാനമെടുക്കേണ്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഒരു ലൈസൻസിന് അപേക്ഷിച്ച് നിശ്ചിത സമയം കഴിഞ്ഞിട്ടും ലൈസൻസ് കിട്ടിയില്ലെങ്കിൽ ആ ലൈസൻസ് കിട്ടിയതായി പരിഗണിക്കും. ഇക്കാര്യം എത്രമാത്രം പ്രായോഗികമാണെന്ന കാര്യം നമ്മൾ പരിശോധിക്കേണ്ടതല്ലേ? ഞാൻ ലൈസൻസിന് അപേക്ഷിച്ചിരുന്നു. 15 ദിവസമായിട്ടും അത് കിട്ടാത്തതുകൊണ്ട് എനിക്ക് ലൈസൻസ് കിട്ടിയതായി പരിഗണിക്കണമെന്ന് പറഞ്ഞാൽ ലൈസൻസ് ഹാജരാക്കേണ്ട വ്യക്തിക്കുമുമ്പിൽ അത് മതിയാകുകയില്ല. അതിന് മറ്റൊരു പരിഹാരമാർഗ്ഗം കാണേണ്ടതല്ലേ; അങ്ങനെ ഒരു അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ലൈസൻസ്‌രാജ് എന്നുപറയുന്നത്, നമ്മൾ ഒരു സംരംഭത്തിന് അപേക്ഷിക്കുന്നു. 15 ദിവസത്തിനകം ലൈസൻസ് ഹാജരാക്കണമെന്ന് പറയുന്നു. അപേക്ഷിച്ച് 15 മാസം കഴിഞ്ഞാലും ലൈസൻസ് കിട്ടുന്നില്ല. അയാൾക്ക് ആ സംരംഭം തുടങ്ങാൻ കഴിയുന്നില്ല. അപ്പോൾ ലൈസൻസ് സ്വമേധയാ കിട്ടിയതായി കണക്കാക്കും, ഡീംഡ് ലൈസൻസാണ് കിട്ടുന്നത്. സർക്കാരുമായി ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളിൽ ഈ നിയമത്തിന്റെ പിൻബലത്തോടുകൂടി അത് മതിയാകും. അല്ലാത്ത സ്ഥലങ്ങളിൽ അത് മതിയാകില്ല. കാരണം, സർക്കാർ ഇങ്ങനെ ഒരു നിയമം പാസ്സാക്കിയിട്ടുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ, ലൈസൻസിന് അപേക്ഷിച്ച് 15 ദിവസംകഴിഞ്ഞും കിട്ടാത്തതുകൊണ്ട് എനിക്ക് ലൈസൻസ് കിട്ടിയതിന് തുല്യമാണെന്ന് നിയമം പറയുന്നുണ്ട്. ഇവിടെ നിയമപരമായ പിൻബലമുണ്ട്. ഇതുമായി ബന്ധപ്പെട്ട റൂൾസ് വരുമ്പോൾ ബഹുമാനപ്പെട്ട അംഗം ശ്രീ. എൻ. ഷംസുദ്ദീൻ ഉന്നയിച്ച റൂൾസിൽ വ്യക്തത വരുത്തി കുറച്ചുകൂടി കൃത്യമായി ചെയ്യാൻ സാധിക്കും. ആക്ടിൽ ഈ പ്രൊവിഷൻ ഉൾപ്പെടുത്തിക്കഴിഞ്ഞാൽ

15 ദിവസത്തിനകംതന്നെ അവർ ലൈസൻസ് കൊടുക്കാൻ നിർബന്ധിതരായിത്തീരും. അല്ലെങ്കിൽ സ്കൂട്ടിനി നടന്നില്ല എന്നുള്ള പ്രശ്നത്തിൽ ബന്ധപ്പെട്ട ലൈസൻസ് ഇഷ്യൂ ചെയ്യേണ്ട അധികാരസ്ഥാനത്തിരിക്കുന്ന ഓഫീസർക്ക് റെസ്പോൺസിബിലിറ്റിയുണ്ടാകും.

1.00 p.m]

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ പ്രസംഗത്തിനിടയിൽ ഉണ്ടായ 'ഓർഗനൈസ്ഡ് ഗുണ്ടകൾ' എന്ന ചുമട്ടുതൊഴിലാളികളെക്കുറിച്ചുള്ള പദപ്രയോഗം ശരിയാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു കാര്യം സംസാരിക്കുമ്പോൾ അതിന്റെ സ്പിരിറ്റ് എന്താണെന്ന് മനസ്സിലാക്കിയിട്ടുവേണം അതിൽ ഇടപെടേണ്ടത്. ഒരുതരത്തിലും ഓർഗനൈസ്ഡ് ഗുണ്ടായിസത്തിലേക്ക് പോകരുതെന്നാണ് ഞാൻ സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരസ്യപ്രസ്താവന വന്നിട്ടുപോലും സി.ഐ.ടി.യു.-ന്റെ നേതൃത്വത്തിൽ ഈ സംസ്ഥാനത്ത് നടന്നിരിക്കുന്ന ഓർഗനൈസ്ഡ് ഗുണ്ടായിസത്തെക്കുറിച്ചുള്ള റിപ്പോർട്ട് എന്നെക്കൊണ്ട് പറയിപ്പിക്കണോ? എന്റെ കൈവശം റിപ്പോർട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവന വന്നതിനുശേഷവും എത്രയോ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി പറയട്ടെ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി താക്കീതിന്റെ സ്വരത്തിൽ സംസാരിച്ചിട്ടുപോലും എത്രയോ കാര്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നുണ്ട്. തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടാതെ, ഓർഗനൈസ്ഡ് ഗുണ്ടായിസത്തിലേക്ക് പോകാതെ അതിനൊരു ബാലൻസ് വേണമെന്നാണ് ഞാൻ പറഞ്ഞത്. തൊഴിലാളിവിരുദ്ധ നിലപാടായിട്ടല്ല സംസാരിച്ചത്. തൊഴിലാളിവിരുദ്ധ നിലപാട് ഈ ബില്ലിലാണുള്ളത്. അതാണ് ബഹുമാനപ്പെട്ട മന്ത്രി ആമുഖ പ്രസംഗത്തിൽ പറഞ്ഞത്, അത് ഞങ്ങൾ പരിശോധിക്കുമെന്ന്. ബില്ലിൽ എഴുതി വച്ചിരിക്കുന്നത് ആരോട് ചോദിച്ചിട്ടാണ്? തൊഴിലാളിവിരുദ്ധ നിലപാടാണ് ബില്ലിൽ എഴുതിവച്ചിരിക്കുന്നത്. ഞങ്ങൾ അതൊന്നും പറഞ്ഞില്ല. ഞങ്ങൾ ഗവൺമെന്റിനെ പിന്തുണയ്ക്കുകയാണ്. മനസ്സിലാക്കിയിട്ട് സംസാരിക്കുക.

സ്റ്റോപ് മെമ്മോ കൊടുക്കാനുള്ള ലോക്കൽ ബോഡീസിന്റെ അധികാരം എടുത്തുകളഞ്ഞു. സാങ്കേതിക വിഭാഗത്തിന്റെ റിപ്പോർട്ട് വേണം, അത് കറക്ടാണ്. ഓരോ വ്യവസായവും ഓരോ രീതിയിലാണ്. ടെക്നിക്കലായി എന്ത് പ്രോബ്ലമാണുള്ളതെന്ന് ഒരു പഞ്ചായത്തിന് തീരുമാനിക്കാൻ സാധിക്കാത്ത സാഹചര്യംവരും. അത് ഒരു നിശ്ചിത സമയമെടുത്ത്, അതായത് 15 ദിവസത്തെ സമയത്തിനുള്ളിൽ ഒരു ടെക്നിക്കൽ റിപ്പോർട്ട് വാങ്ങിയതിനുശേഷം മാത്രമേ സ്റ്റോപ് മെമ്മോ കൊടുക്കാൻ സാധിക്കുകയുള്ളൂ. ശ്രീ. ശബരീനാഥ് ഉന്നയിച്ച സംശയം ഞാനും ചോദിക്കുകയാണ്. ഈ അധികാരം എന്തിനാണ് സെക്രട്ടറിക്ക് ട്രാൻസ്ഫർ ചെയ്തുകൊടുക്കുന്നത്? അത്

ലോക്കൽ ബോഡിക്കല്ലെ കൊടുക്കേണ്ടത്? പഞ്ചായത്ത് എന്ന് എഴുതിയ സ്ഥലത്ത് പഞ്ചായത്ത് രാജ് ആക്ടിലും നഗരസഭ എന്ന് എഴുതിയ സ്ഥലത്ത് ആ ആക്ടിലും ഇപ്പോൾ സെക്രട്ടറിയെന്ന് മാറ്റിയിരിക്കുകയാണ്. ഒരു നിയമം ഉണ്ടാക്കിയിട്ട് സെക്രട്ടറിക്ക് കൈക്കൂലി വാങ്ങാൻ അവസരം ഉണ്ടാക്കാമോ? അപ്പോൾ യഥാർത്ഥത്തിൽ ഇതിന്റെ Intention of Legislation എന്താണ്? ബിസിനസ്സ് തുടങ്ങാനുദ്ദേശിക്കുന്ന ആളിന് തടസ്സമില്ലാതെ, പ്രയാസപ്പെടുത്താതെ, അനാവശ്യമായ കാരണങ്ങളുടെ പേരിൽ സ്റ്റോപ് മെമ്മൊ കൊടുത്ത് അയാളെ ബുദ്ധിമുട്ടിക്കാതെ പരിശോധന നടത്തി ബിസിനസ്സ് തുടരാൻ അനുവദിക്കാതിരിക്കുക അല്ലെങ്കിൽ തുടരാൻ അനുവാദം കൊടുക്കുക എന്നുള്ള ഒരു തീരുമാനമുണ്ടാക്കണം.

<u>മി. ചെയർമാൻ</u>: ഇനി എത്ര സമയമെടുക്കും?

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, 10 മിനിട്ടുകൂടി വേണം. ഇടപെടലുണ്ടാകരുതെന്നുള്ള ഡയറക്ഷൻ ബഹുമാനപ്പെട്ട ചെയറിൽനിന്ന് വേണം.

<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: സർ, സ്റ്റോപ്പ് മെമ്മോ കൊടുക്കാനുള്ള അധികാരം സെക്രട്ടറിക്ക് നൽകണമെന്ന് അങ്ങ് പറഞ്ഞു. ഇപ്പോൾ സ്റ്റോപ്പ് മെമ്മോ കൊടുത്തുകൊണ്ടിരിക്കുന്നത് ആരാണ്?

<u>ശ്രീ. വി. ഡി സതീശൻ</u>: സർ, സ്റ്റോപ്പ് മെമ്മോ കൊടുക്കാനുള്ള അധികാരം സെക്രട്ടറിക്കാണെങ്കിലും അതിന്മേൽ ലോക്കൽ ബോഡിയുടെ ഭരണ സമിതിക്ക് ഒരു നിയന്ത്രണമുണ്ട്. ഇപ്പോൾ പഞ്ചായത്ത് എന്ന് എഴുതിവച്ചിരിക്കുന്ന സ്ഥലത്ത് സെക്രട്ടറി എന്ന് എഴുതിവയ്ക്കുമ്പോൾ വളരെ ക്ലിയറാണ്, നിങ്ങൾ ഈ കാര്യം അന്വേഷിക്കേണ്ട എന്നുള്ള കൃത്യമായ, സ്പെസിഫിക്കായിട്ടുള്ള ഡയറക്ഷനാണ്. നമ്മുടെ സെക്രട്ടറിമാർ ഇത്തരം കാര്യങ്ങൾ ഇന്റർപ്രെട്ട് ചെയ്യാൻ മിടുക്കരാണ്. ഞാൻ പറഞ്ഞത് സർക്കാർ എന്താണോ ഈ കാര്യത്തിൽ ഉദ്ദേശിക്കുന്നത് ആ കാര്യത്തിൽ വ്യക്തത വരുത്തണം. ഒന്നുകിൽ ഇവിടെ വ്യക്തത വരുത്തണം, അല്ലെങ്കിൽ റൂൾസിൽ വ്യക്തത വരുത്തണം. അല്ലാത്തപക്ഷം അതെല്ലാം ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യതയുണ്ട്. ഇത് നിയമസഭയിൽ പറയാവുന്നതാണ്. ഈ ബില്ലിൽ സ്വാഗതാർഹമായ ധാരാളം കാര്യങ്ങളുണ്ട്. സമയക്കുറവുകൊണ്ട് അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഇതുപോലെ പ്രധാനപ്പെട്ട കാര്യം 2002-ലെ ഭൂജല (നിയന്ത്രണവും ക്രമീകരണവും) ആക്ടിൽ വരുത്തുന്ന ഭേദഗതിയാണ്. അതിൽ പുതിയതായി ചേർക്കുന്ന വകുപ്പ് ഇതാണ്. 'എന്നാൽ സംസ്ഥാനത്ത് വിവിധ മേഖലകൾക്കായി ഓരോ മേഖലയിലെയും ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ഭൂജല അതോറിറ്റി വ്യക്തമാക്കിയിട്ടുള്ള നിരപ്പിലും താഴെനിന്നും ഭൂജലം എടുക്കുന്നതിന് യാതൊരു അനുവാദവും ആവശ്യമില്ല.' അതായത് ആഴത്തിൽ നമുക്ക് ഭൂഗർഭജലം

എടുക്കുന്നതിന് ലിമിറ്റുണ്ട്. വീണ്ടും അതിന്റെ താഴെനിന്നും വെള്ളമെടുക്കുന്നതിന് ഒരു പരിധിയുമില്ല. ഫീസടച്ചുകഴിഞ്ഞാൽ എത്ര വേണമെങ്കിലും എടുക്കാം. ഇന്നത്തെ മാതൃഭൂമി പത്രത്തിന്റെ ആദ്യപേജിൽ 'ഫീസടച്ചാൽ എത്രവേണമെങ്കിലും വെള്ളം ഊറ്റാം' എന്നാണ് എഴുതിയിട്ടുള്ളത്. ഭൂഗർഭജലത്തിന്റെ പ്രാധാന്യം അറിഞ്ഞുകൊണ്ടുവേണം ഈ ഭേദഗതി കൊണ്ടുവരേണ്ടത്. കാരണം ഉപരിതലത്തിലുള്ള ജലം മുഴുവൻ മലീമസമായി കിടക്കുന്ന ഒരു നാടാണ് കേരളം. ഉപരിതലത്തിലെ ജലം കോളിഫോം ബാക്ടീരിയ നിറഞ്ഞതാണ്. ശുദ്ധമായ ജലം ഭൂഗർഭജലമാണ്. അങ്ങനെയുള്ള ഭൂഗർഭജലം പല കാരണങ്ങൾകൊണ്ടും മലിനീകരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണിത്. നമുക്ക് ഏറ്റവും പ്രെഷ്യസായിട്ടുള്ള സമ്പത്താണ് ഭൂഗർഭജലം. ആ ഭൂഗർഭജലം ചൂഷണം ചെയ്യാൻ ഒരാളെയും അനുവദിക്കരുത്. പാലക്കാട് പ്ലാച്ചിമടയിലെ കൊക്കക്കോള പ്ലാന്റുമായി ബന്ധപ്പെട്ട സമരത്തിന്റെ അടിസ്ഥാനമെന്താണ്? അവിടെ ഒരു വലിയ കുഴൽക്കിണർ സ്ഥാപിച്ച് വെള്ളം ഊറ്റി എടുക്കുന്നു. വെള്ളത്തിന്റെ പേരിലുള്ള പ്രക്ഷോഭങ്ങളുടെയും കർഷക പ്രക്ഷോഭങ്ങളുടെയും അടിത്തറ ഇതാണ്. കോർപ്പറേറ്റ് സ്ഥാപനങ്ങൾ അന്നത്തെ ഫ്യൂഡൽ വ്യവസ്ഥ പിന്തുടർന്ന് കുഴൽക്കിണർ കുഴിച്ച് വെള്ളം ചൂഷണം ചെയ്യുമ്പോൾ സമീപ പ്രദേശങ്ങളിലെ മൊത്തം കിണറുകളിലെയും ജലസ്രോതസ്സുകളിലെയും ജലവിതാനം താഴേയ്ക്കുപോകുകയാണ്. ഭൂഗർഭജലത്തിന്റെ അമിതമായ ചൂഷണം ജലദൗർലഭ്യമുണ്ടാക്കും. പാലക്കാട് പോലുള്ള ജില്ലകളിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. ഒരുകാരണവശാലും അത് അനുവദിച്ചുകൂടാ. ഗ്രൗണ്ട് വാട്ടർ ആക്ട് നിലവിലുണ്ട്. ആ ആക്ട് കൊണ്ടുവന്നതുതന്നെ ഭൂഗർഭജലത്തിന്റെ അനിയന്ത്രിതമായ ചൂഷണം നിയന്ത്രിക്കാൻ വേണ്ടിയാണ്. ഈ ഭേദഗതി ഗ്രൗണ്ട് വാട്ടർ ആക്ടിൽ ചേർത്താൽ ആ ആക്ടിന്റെ അന്തസ്സത്തതന്നെ ഇല്ലാതാകും. സംസ്ഥാനമൊട്ടാകെ വ്യാപകമായി ഭൂഗർഭജലം ചൂഷണം ചെയ്യപ്പെടുന്നു എന്നുള്ള നിരന്തരമായ പരാതികളുടെയും നിരവധി കമ്മീഷനുകളുടെ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് ഗ്രൗണ്ട് വാട്ടർ ആക്ടുണ്ടാക്കിയത്. ആ ആക്ടുതന്നെ ഇല്ലാതായിപ്പോകുന്ന ഭേദഗതിയാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഈ ഭേദഗതി നിർദ്ദേശം സർക്കാർ പിൻവലിക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നു.

ഹസാഡസ് കാറ്റഗറിയിൽ വരുന്ന സ്ഥാപനങ്ങളെ ഫാക്ടറീസ് ആക്ടിന്റെ പരിധിയിൽ കൊണ്ടുവന്നു. അത് നമ്മുടെ ജനസാന്ദ്രതയുള്ള സംസ്ഥാനത്ത് ദുരുപയോഗം ചെയ്യാനുള്ള സാധ്യതകളുണ്ട്, അതുകൂടി പരിശോധിക്കണം. അത് പിൻവലിക്കണമെന്നല്ല പറയുന്നത്, അത് കുറച്ചുകൂടി നല്ലരീതിയിൽ നിയമമാക്കി മാറ്റാൻ കഴിയുമോ എന്ന് ആലോചിക്കണം. രണ്ടുമൂന്ന് കാര്യങ്ങൾ നിർദ്ദേശങ്ങളായി പറയുകയാണ്. കഴിയുമെങ്കിൽ കൂട്ടിച്ചേർക്കണം. കെട്ടിട നികുതിയുമായി ബന്ധപ്പെട്ട് ചെറുകിട/ഇടത്തരം വ്യവസായ സംരംഭങ്ങളെ മുഴുവൻ ബിൽഡിംഗ് ടാക്സിൽ നിന്നും

ഒഴിവാക്കിയിട്ടുണ്ട്. പക്ഷേ റവന്യൂ വകുപ്പ് ഇപ്പോഴും ചെറുകിട/ഇടത്തരം സംരംഭകരോട് അസസ്സ്മെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. വ്യവസായ വകുപ്പും റവന്യൂ വകുപ്പും തമ്മിൽ കോ-ഓർഡിനേഷനുണ്ടാകണം. നിയമമനുസരിച്ച് കെട്ടിട നികുതിയിൽ നിന്നും പ്രസ്തുത വകുപ്പുകളെ ഒഴിവാക്കിയിരിക്കുകയാണ്. പക്ഷേ റവന്യൂ വകുപ്പ് ഇപ്പോഴും അസസ്സ്മെന്റ് ഓർഡറുകൾ നൽകിക്കൊണ്ടിരിക്കുകയാണ്. റവന്യൂ, വ്യവസായം എന്നീ വകുപ്പുകൾ തമ്മിൽ കോ-ഓർഡിനേഷൻ ഉണ്ടാക്കി അത് അവസാനിപ്പിക്കാനുള്ള ശ്രമം നടത്തണം. ടൗൺ പ്ലാനിംഗ് ആക്ട് അനുസരിച്ച്, ടോയ്ലെറ്റുകളുടെ എണ്ണം പറയുന്നുണ്ട്. ഒരു സംരംഭം ആരംഭിച്ചാൽ അവിടെ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രൊപ്പോർഷൻ അനുസരിച്ചാണ് ടോയ്ലെറ്റുകളുടെ എണ്ണം പറയുന്നത്. ഉദാഹരണമായി, 300 പേർ അല്ലെങ്കിൽ 100 പേർ ജോലി ചെയ്യുന്നുണ്ടെങ്കിൽ അവർക്ക് ഇത്ര ടോയ്ലെറ്റ് വേണം എന്നാണ് പറയുന്നത്. ഇപ്പോഴത്തെ പ്രശ്നം എന്താണെന്നുവച്ചാൽ എണ്ണം കണക്കാക്കുന്നതിനുപകരം ഷിഫ്റ്റാണ് കണക്കാക്കുന്നത്. അതായത്, 100 പേർ ജോലി ചെയ്യുന്ന ഒരു സ്ഥാപനത്തിൽ മൂന്ന് ഷിഫ്റ്റ് ആകുമ്പോൾ 300 പേരുണ്ടാകും. ഈ 300 പേരെ അടിസ്ഥാനമാക്കിയാണ് എത്ര ടോയ്ലെറ്റ് വേണമെന്ന് ലോക്കൽ ബോഡി ആവശ്യപ്പെടുന്നത്. എന്തെങ്കിലും ഒരു സംരംഭം ആരംഭിച്ചാൽ ആ പ്രിമൈസ് മുഴുവൻ ടോയ്ലെറ്റുകൊണ്ട് നിറയ്ക്കേണ്ടി വരും. യഥാർത്ഥത്തിൽ ഒരേ സമയത്ത് 100 പേർക്ക് എത്ര ടോയ്ലെറ്റ് വേണമെന്ന് നോക്കിയാണ് ടോയ്ലെറ്റ് അനുവദിക്കേണ്ടത്. മൂന്ന് ഷിഫ്റ്റിൽ പണിയെടുക്കുന്ന 300 പേരെ കണക്കാക്കി ടോയ്ലെറ്റ് പറയുമ്പോൾ 5 ടോയ്ലെറ്റിനു പകരം 15 ടോയ്ലെറ്റ് അല്ലെങ്കിൽ 10 ടോയ്ലെറ്റിനുപകരം 30 ടോയ്ലെറ്റ് നിർമ്മിക്കേണ്ടിവരും. നിയമത്തിൽ അതിനാവശ്യമായ ഭേദഗതി വരുത്തണം. ഹസാഡസ് എന്നുള്ള വാക്ക് ഈ നിയമത്തിന്റെ പല സ്ഥലത്തും പരാമർശിക്കുന്നുണ്ട്. ടൗൺ പ്ലാനിംഗ് ആക്ട്, നാഷണൽ ബിൽഡിംഗ് കോഡ്, പൊല്യൂഷൻ കൺട്രോൾ ബോർഡ് ആക്ട്, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ആക്ട് എന്നീ നാല് നിയമത്തിലും ഇതിന്റെ ഡെഫനിഷൻ നാല് രീതിയിലാണ്. ടൗൺ പ്ലാനിംഗ് ആക്ടിൽ ഗ്രീൻ എന്നു പറയുന്നത് പൊല്യൂഷൻ കൺട്രോൾ ബോർഡ് ആക്ടിനുകീഴിൽ വരുമ്പോൾ റെഡ് ആകുകയാണ്. ഈ നാല് നിയമങ്ങളിലെയും ഹസാഡസ് എന്നുള്ള വാക്കിന്റെ നിർവചനം വ്യത്യസ്തമായതുകൊണ്ട് പല ഏജൻസികളും ഈ വിഷയങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ഒരു ഏജൻസിയിൽ റെഡ് കാറ്റഗറിയിലുള്ള ബിസിനസ്സ് മറ്റൊരു ഏജൻസിയുടെ മുന്നിൽ ചെല്ലുമ്പോൾ ഗ്രീൻ കാറ്റഗറിയായി മാറുകയാണ്. ഇതിലൊരു ഏകോപനം വന്നില്ലെങ്കിൽ ബുദ്ധിമുട്ടുണ്ടാകും. പണ്ടൊക്കെ ഹയർ പർച്ചേസ് സ്കീം പ്രകാരമാണ് വ്യവസായ മേഖലയിൽ പ്ലോട്ടുകൾക്ക് അനുമതി നൽകിയിരുന്നത്. അവർ പണമടച്ചാൽ കണ്ടീഷണലായുള്ള പട്ടയം അനുവദിക്കും. ഇൻഡസ്ട്രിയൽ പർപ്പസ്സിനല്ലാതെ പ്രസ്തുത പ്ലോട്ടുകൾ ഉപയോഗിക്കാൻ പാടില്ലെന്നായിരുന്നു

അന്നത്തെ പട്ടയത്തിന്മേലുള്ള കണ്ടീഷൻ. ഇപ്പോഴത്തെ പ്രശ്നം, അന്ന് അങ്ങനെ പട്ടയം ലഭിച്ച ആളുകൾ മൈനറായിട്ടുള്ള ചില മാറ്റങ്ങൾ വരുമ്പോൾ, ചിലപ്പോൾ ഒരു പ്രോഡക്ടിന് മാറ്റംവരുത്തി പുതിയൊരു പ്രോഡക്ട് കൊണ്ടുവരികയോ അല്ലെങ്കിൽ പാർട്ട്ണർഷിപ്പ് ചെയ്ഞ്ച്ചെയ്യുകയോ ചെയ്യുമ്പോൾ, ഡിപ്പാർട്ട്മെന്റിനെ സമീപിച്ചാൽ ഡിപ്പാർട്ട്മെന്റ് അത് നടത്തിക്കൊടുക്കുന്നതിനുപകരം അവരുടെ പട്ടയം റദ്ദുചെയ്ത് ഇപ്പോഴുള്ള 30 വർഷത്തെ ലീസ് പിരീഡ് എന്നാക്കി മാറ്റുകയാണ്. സർക്കാരിന്റെ പോളിസി അനുസരിച്ച് പുതുതായിവരുന്ന ആളുകൾക്ക് 30 വർഷത്തെ ലീസ് കൊടുത്താൽ മതി. പക്ഷേ, വർഷങ്ങളായി അവിടെ പ്രവർത്തിക്കുന്ന പട്ടയം ലഭിച്ച ആളുകൾ പഴയകാല സർക്കാരുകളുടെ പോളിസി അനുസരിച്ച് പട്ടയം കൊടുത്തിരിക്കുന്ന കേസ്സുകൾ നിസ്സാര കാരണങ്ങൾക്കുവേണ്ടി വകുപ്പിനെ സമീപിക്കുമ്പോൾ ആ പട്ടയം റദ്ദുചെയ്ത് അവർക്ക് ലഭിച്ചിരിക്കുന്ന ഓണർഷിപ്പും ടൈറ്റിലും കണ്ടീഷണലാണെങ്കിൽപ്പോലും അത് ലീസാക്കി മാറ്റുന്ന നടപടിക്രമം ശരിയല്ല. അതിന് പരിഹാരമുണ്ടാകണം. നേരത്തെ 150 കെ.വി.എ. ആയിരുന്ന ലോ ടെൻഷൻ (എൽ.ടി.) ലിമിറ്റ്. സമീപ കാലത്ത് റെഗുലേറ്ററി അതോറിറ്റി അത് 100 കെ.വി.എ. ആക്കി മാറ്റി. അതായത്, 101 കെ.വി.എ. ആയിക്കഴിഞ്ഞാൽ ഹൈടെൻഷൻ ഉപഭോക്താവായി ചെറുകിട വ്യവസായ സംരംഭവും മാറുകയാണ്. അവർക്ക് ഹ്യൂജായിട്ടുള്ള എസ്റ്റാബ്ലിഷ്മെന്റ്/ഇൻവെസ്റ്റ്മെന്റ് അവിടെ വരികയാണ്. അതുകൊണ്ട് ഇതിൽ സർക്കാരല്ല തീരുമാനമെടുക്കേണ്ടത്. സർക്കാർ വീണ്ടും റെഗുലേറ്ററി അതോറിറ്റിയിൽ ശിപാർശ നൽകി ചെറുകിട ഇടത്തരം സംരംഭങ്ങളുടെ എൽ.ടി. കണക്ഷനുകളുടെ ലിമിറ്റ് 150 കെ.വി.എ. ആക്കി മാറ്റാൻ ശ്രമിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ദുരുപയോഗം ചെയ്യുമെന്ന് സംശയം പറഞ്ഞ കാര്യത്തിൽ സബ്ജക്ട് കമ്മിറ്റിയിലോ മറ്റ് തലങ്ങളിലോ കൃത്യമായ പരിശോധന നടത്തി സർക്കാർ ആവശ്യമായ മാറ്റങ്ങൾ വരുത്തി സംസ്ഥാനത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റണമെന്നുള്ള നിർദ്ദേശം വച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഡി. കെ. മുരളിക്കുവേണ്ടി <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u>: സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള ഒട്ടേറെ നടപടികൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയിൽ കൈക്കൊണ്ടിട്ടുണ്ട്. കഴിഞ്ഞ രണ്ട് ബഡ്ജറ്റുകളിൽ വന്നിട്ടുള്ള നിർദ്ദേശങ്ങൾ, അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും റോഡുകൾ, പാലങ്ങൾ എന്നിവ പുതുതായി നിർമ്മിക്കുന്നതും നിലവിലുള്ളവ ഏറ്റവും നല്ല രീതിയിലാക്കുന്നതിനുമൊക്കെയുള്ള നടപടിയുടെ പ്രാരംഭഘട്ടമാണിത്. അതോടൊപ്പം കേരളത്തിൽ

വന്ന് ഏറ്റവും എളുപ്പത്തിൽ അനുമതിപത്രങ്ങൾ ലഭ്യമാക്കി ഒരു സംരംഭം തുടങ്ങാനാകുമെന്നുള്ള വിശ്വാസം ആളുകൾക്ക് ഉണ്ടാകേണ്ടതായിട്ടുണ്ട്. 'Ease of doing business'-ന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് കേരളത്തെ മാറ്റിയെടുക്കുക എന്നതാണ് 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിക്കലും സുഗമമാക്കലും ബിൽകൊണ്ട് ഉദ്ദേശിക്കുന്നത്. നേരത്തെ ശ്രീ. കെ. എസ്. ശബരീനാഥൻ സൂചിപ്പിച്ചതുപോലെ, ഒരു സൗഹൃദ സംസ്ഥാനം എന്ന നിലയിൽ സംരംഭങ്ങൾ ആരംഭിക്കുന്ന കാര്യത്തിൽ 2015-ൽ കേരളത്തിന്റെ സ്ഥാനം 18-ാമത് ആയിരുന്നുവെങ്കിൽ 2016 ആയപ്പോഴേയ്ക്കും അത് 20-ലേയ്ക്ക് മാറി. ഒട്ടേറെ ഏജൻസികളും വകുപ്പുകളും സംരംഭക സൗഹൃദമല്ലാതെ പ്രവർത്തിക്കുന്നതാണ് കേരളത്തിന്റെ ഈ പിന്നോട്ടടിക്ക് കാരണമെന്ന അഭിപ്രായം വ്യാപകമായി ഉയർന്നുവന്നു. ഒട്ടനവധി വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള സമ്മതപത്രം ലഭിക്കേണ്ടതായിട്ടുണ്ട്. അതെല്ലാം സമയബന്ധിതമായി നടപ്പാക്കുക എന്നുള്ളതാണ് ഈ ബില്ലിലെ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. അതായത്, ഏതെങ്കിലും വകുപ്പിന്റെ നിലവിലുള്ള അധികാരം ഈ ബിൽ കവരുന്നില്ല. അതാണ് സുപ്രധാനമായ കാര്യം. നിലവിൽ ഏത് വകുപ്പിന്റെ അനുമതി വേണമോ ആ വകുപ്പിന്റെയെല്ലാം അനുമതി ഇപ്പോഴും വേണ്ടതായിട്ടുണ്ട്. പക്ഷേ അത് അനന്തമായി താമസിപ്പിച്ചുകൊണ്ടുപോകാൻ പറ്റില്ല എന്നുള്ളതാണ് ഈ ബിൽ കൊണ്ട് ഉദ്ദേശിക്കുന്നത്. 30 ദിവസത്തിനകം അനുമതി ലഭിച്ചില്ലെങ്കിൽ അത് ലഭിച്ചതായി പരിഗണിക്കപ്പെടുകയും ആ സംരംഭം ആരംഭിക്കാൻ സംരംഭകന് അനുമതി നൽകുകയും ചെയ്യുന്നതാണ് ഈ ബിൽ. എല്ലാ അപേക്ഷകളും ഓൺലൈനിൽ കൊടുക്കാനുള്ള അവസരമുണ്ട്. അത് ഒരുതരത്തിലും താമസിപ്പിക്കാൻ പറ്റില്ല. ഇവിടെപ്പറയുന്ന എല്ലാ അധികാരസ്ഥാനങ്ങളുടെയും അനുമതി ഇതിനകം ലഭിച്ചിരിക്കണം. ഏതെങ്കിലും കാര്യത്തിൽ അനുമതിപത്രം വേണ്ടെന്ന് ഈ ബില്ലിൽ പറയുന്നില്ല. അനുമതിപത്രം വേണം, അത് ഒരു മാസത്തിനകം കൊടുത്തുതീർക്കണം. ഒരു മാസത്തിനകം സമ്മതപത്രം കൊടുത്തില്ലെങ്കിൽ തീർച്ചയായും അത് കിട്ടിയതായി പരിഗണിച്ച് വ്യവസായ സംരംഭം തുടങ്ങാൻ സംരംഭകനെ അനുവദിക്കുന്നുവെന്നതാണ് ഈ ബില്ലിന്റെ ഭേദഗതിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിനുവേണ്ടി ഏഴ് നിയമങ്ങൾ ഭേദഗതി ചെയ്യുകയാണ്. ഇനിയും ചില നിയമങ്ങൾ ഭേദഗതി ചെയ്യാനുണ്ട്. അങ്ങനെ ഭേദഗതി ചെയ്തുകൊണ്ട് 'ease of doing business' കാറ്റഗറിയിൽ നമ്മുടെ സ്ഥാനം ഉയരാനും ഏറ്റവും സൗഹൃദമായി നിക്ഷേപകരെ സ്വീകരിക്കുന്ന ഒരു സംസ്ഥാനമായി മാറാനും കഴിയണം. കേരളം ജനസാന്ദ്രതകൂടിയ പ്രദേശമാണെന്ന് നമുക്കറിയാം. അതുപോലെ സ്ഥലമെടുക്കുന്നതിന്റെ പരിമിതി ഈ സംസ്ഥാനത്ത് വളരെയധികമുണ്ട്. ഈ രണ്ട് കാര്യങ്ങൾകൊണ്ട് പരിസ്ഥിതി സൗഹാർദ്ദപരമായ വ്യവസായങ്ങൾ മാത്രമേ കേരളത്തിൽ കൊണ്ടുവരാനാകൂ എന്ന ഒരു സ്ഥിതി ഇന്നുണ്ട്. അതായത്, വലിയതോതിൽ മലിനീകരണമുണ്ടാക്കുന്ന വ്യവസായശാലകൾക്ക്

കേരളത്തിൽ ഇനി പ്രസക്തി വളരെ കുറവാണെന്നുള്ള യാഥാർത്ഥ്യം അംഗീകരിച്ചേ മതിയാകൂ. വ്യവസായ കരട് രേഖയിൽ കേരളത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് ആരംഭിക്കാൻ കഴിയുന്ന വ്യവസായങ്ങൾ ഏതൊക്കെയാണെന്നുള്ള കാര്യങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അത്തരം മേഖലകളിലെ സംരംഭകരെ സ്വീകരിക്കുകയും നിക്ഷേപം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നുള്ള നയമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്.

കേരളം പലകാര്യങ്ങളിൽ ഇന്ത്യക്ക് മാതൃക കാണിച്ചിട്ടുണ്ട്. ടെക്നോപാർക്ക് ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ്. അതുപോലെ കെൽട്രോൺ, ഇന്ത്യയിലെ ആദ്യത്തെ സംരംഭമാണ്. ഇതെല്ലാം ഇന്ത്യക്ക് മാതൃക കാണിച്ചുകൊടുത്തിട്ടുള്ള വ്യവസായ സംരംഭങ്ങളാണ്. 1980-1990 കാലഘട്ടങ്ങളിൽ കേരളത്തിന്റെ വളർച്ചാ നിരക്ക് ഉയർന്ന രീതിയിലായിരുന്നു. അതെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. പിന്നെ അതെങ്ങനെയാണ് താഴേയ്ക്കുവന്നത്? കേരളത്തിന്റെ ഏതെങ്കിലും പ്രശ്നം കൊണ്ടാണോ? കേരളം തൊഴിലാളി സമരങ്ങളുടെ നാടാണ്. തൊഴിൽ കുഴപ്പങ്ങൾകൊണ്ട് ഇവിടെ വ്യവസായം തുടങ്ങാൻ കഴിയില്ലെന്നതൊക്കെ ഇന്ന് പഴങ്കഥയാണ്. കേരളത്തിന്റെ തൊഴിൽകുഴപ്പങ്ങൾമൂലം വ്യവസായ സ്ഥാപനങ്ങൾ പൂട്ടിയിട്ടതും തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ടതും ഇന്ന് വളരെ ചെറിയ ഒരു ശതമാനത്തിലേയ്ക്കുമാറി. അത്തരത്തിലുള്ളകാര്യംകൊണ്ട് കേരളത്തിൽ വ്യവസായ സംരംഭങ്ങൾ വരാതിരിക്കുന്ന പ്രശ്നമില്ല. ആഗോള-ഉദാരവത്കരണ സമീപനംമൂലം നമ്മുടെ ചെറുകിട ഇടത്തരം വ്യവസായങ്ങളെല്ലാം പ്രതിസന്ധിയിലായതാണ്. അവർക്ക് പിടിച്ചുനിൽക്കാൻ കഴിയാതെയായി. അവർ ഉത്പ്പാദിപ്പിച്ചിരുന്ന സാധനങ്ങളാണ് ചുങ്കമില്ലാതെ നമ്മുടെ നാട്ടിലേയ്ക്ക് ഇറക്കുമതി ചെയ്തതും ആ സ്ഥാപനങ്ങൾക്ക് ഒരുതരത്തിലും മുന്നോട്ടു പോകാൻ കഴിയാത്ത സ്ഥിതിവന്നതും, അതിന്റെ ഫലമായിവന്ന പ്രതിസന്ധിയാണ്. പുതിയ മേഖലയിലേയ്ക്ക് നമുക്ക് നിക്ഷേപം വരാതിരുന്നു. നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്നത് ആഗോള-ഉദാരവത്കരണ സമീപനംമൂലമല്ലേ? എച്ച്.എൻ.എൽ., എന്റെ നാട്ടിലെ, കേരളത്തിലെതന്നെ പ്രധാനപ്പെട്ട പൊതുമേഖലാ സ്ഥാപനമാണ്. എന്റെ ജില്ലയിൽ പ്രവർത്തിക്കുന്ന വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയിൽ ഉത്പാദിപ്പിക്കുന്ന ന്യൂസ് പ്രിന്റിനെക്കാൾ ചുങ്കംകുറച്ച് ന്യൂസ് പ്രിന്റ് ഇറക്കുമതി ചെയ്യുന്ന സ്ഥിതിവന്നു. ഒരുതരത്തിലും മാർക്കറ്റിൽ പിടിച്ചുനിൽക്കാൻ കഴിയാത്ത സ്ഥിതിയായി. അതിന്റെ പേരുപറഞ്ഞ് ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അത് സ്വകാര്യമേഖലയ്ക്ക് തീറെഴുതി കൊടുക്കുകയാണ്. ലാഭത്തിൽ പ്രവർത്തിക്കുന്ന കേരളത്തിന്റെ അഭിമാനമായ പൊതുമേഖലാ സ്ഥാപനമായ ഷിപ്പ്യാർഡ് സ്വകാര്യവത്കരിക്കുകയാണ്. ഇങ്ങനെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ സ്വകാര്യവത്കരിക്കുകയാണ്. ഇവയെല്ലാം ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ, ലാഭത്തിൽ പ്രവർത്തിക്കുന്നവയെങ്കിൽ ലാഭത്തിലാണെന്നും നഷ്ടത്തിൽ

പ്രവർത്തിക്കുന്നവയാണെങ്കിൽ നഷ്ടത്തിലാണെന്നും പറഞ്ഞ് സ്വകാര്യവത്കരിക്കുകയാണ്. ഇങ്ങനെയുള്ള പരിതസ്ഥിതിയിലാണ് കേരളത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനുള്ള നയം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ശ്രീ. എ. സി. മൊയ്തീൻ-ന്റെ നേതൃത്വത്തിൽ കേരളത്തിലെ വ്യവസായ വകുപ്പിൽ നടന്ന സുപ്രധാനമായ കാര്യം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന 13 പൊതുമേഖലാ സ്ഥാപനങ്ങൾ ഈ വർഷം ലാഭത്തിലേയ്ക്കുവന്നു എന്നതാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് 12 വർഷമായി നഷ്ടത്തിലായിരുന്ന സ്ഥാപനമായ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ഇത്തവണ ലാഭമുണ്ടാക്കിയത്. ഞാൻ അതിന്റെ ലിസ്റ്റ് മുഴുവൻ വായിക്കുന്നില്ല. കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ, ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ്, മലബാർ സിമന്റ്സ് തുടങ്ങി 13 സ്ഥാപനങ്ങൾ വലിയ ലാഭമുണ്ടാക്കുന്ന സ്ഥിതിയിലേയ്ക്കുവന്നു എന്നതും മറ്റ് സ്ഥാപനങ്ങൾ ലാഭത്തിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നുള്ളതും ഏറ്റവും അഭിമാനകരമാണ്. വിദ്യാഭ്യാസമുള്ള ചെറുപ്പക്കാരും, കേരളത്തിന്റെ സാക്ഷരതാ നിലവാരം ഏറ്റവും കൂടുതലാണെന്നുള്ളതും സ്കിൽ ഡെവലപ്മെന്റിൽ നമുക്ക് മറ്റെല്ലാ സംസ്ഥാനങ്ങളെക്കാളും മുമ്പിലെത്താമെന്നുള്ളതും നമ്മുടെ ഏറ്റവും വലിയ അനുകൂല ഘടകങ്ങളിൽ ഒന്നാണ്. അതുപോലെ നമുക്ക് മൂന്ന് എയർപോർട്ടുകളുണ്ട്. കണ്ണൂർ എയർപോർട്ട് വരാൻ പോകുന്നു. പ്രധാനപ്പെട്ട രണ്ട് തുറമുഖങ്ങളുണ്ട്. വിഴിഞ്ഞംപോർട്ട് അടുത്തുതന്നെ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാകും. ഈ കാര്യങ്ങളെല്ലാം കയറ്റുമതി കേന്ദ്രീകൃതമായ വ്യവസായങ്ങൾ കേരളത്തിൽ തുടങ്ങാൻ അനുകൂലമായ സാഹചര്യം ഉണ്ടാക്കിയിട്ടുണ്ടെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. ഇന്ത്യയിലെ ഏതു സംസ്ഥാനത്തെക്കാളും കുറഞ്ഞ പവർ താരിഫാണ് വ്യവസായങ്ങൾക്ക് കേരളം ഈടാക്കുന്നത്. ഒരു സംരംഭകൻ വന്നാൽ അലഞ്ഞുതിരിഞ്ഞുനടക്കുന്ന സ്ഥിതിയുണ്ടാകരുതെന്നുള്ളത് കണക്കിലെടുത്തുകൊണ്ടാണ് 30 ദിവസത്തിനകം അനുമതി നൽകണമെന്ന് പറഞ്ഞിട്ടുള്ളത്. ഏതെങ്കിലും വിധത്തിൽ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾകൊടുത്ത് അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാനും നടപടിയെടുക്കാനുമുള്ള സംവിധാനമുണ്ട്. അഞ്ചുലക്ഷം രൂപയാണ് പിഴയായി നിശ്ചയിച്ചിരിക്കുന്നത്. തെറ്റിദ്ധരിപ്പിച്ച് അനുമതി വാങ്ങിയിട്ടുണ്ടെങ്കിൽ അഞ്ചുലക്ഷം രൂപവരെ പിഴ ഒടുക്കണം. അങ്ങനെയല്ലാതെ സർവ്വതന്ത്ര സ്വതന്ത്രമായി ആരുവന്നാലും ഏതു വ്യവസായം എങ്ങനെയും തുടങ്ങാനുള്ള അനുമതി കൊടുക്കുന്ന ബിൽ അല്ല ഇത്. ഞാൻ നേരത്തെ പറഞ്ഞത് വീണ്ടും ആവർത്തിക്കുകയാണ്. നേരത്തെയുള്ള ഒരു സ്ഥാപനത്തിന്റെയും അധികാരം കവരാതെ സമയബന്ധിതമായി അനുമതി കൊടുക്കണമെന്ന് പറയുന്നതാണ് ഈ ബില്ലിന്റെ പ്രത്യേകത.

ചുമട്ടുതൊഴിലാളികളെ സംബന്ധിച്ച് പറയുകയാണെങ്കിൽ, കേരളത്തിലെ ഹെഡ് ലോഡ് വർക്കേഴ്സ് ആക്ടിന്റെ പ്രസക്തിയില്ലാതാകുമോ എന്ന സംശയം ബന്ധപ്പെട്ട കേന്ദ്രങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ചുമട്ടുതൊഴിലാളികൾ നമ്മുടെ സമൂഹത്തിലെ ഏറ്റവും സാധാരണക്കാരും പാവങ്ങളും വിദ്യാഭ്യാസം ഏറ്റവും കുറഞ്ഞവരുമാണ്. ചുമട്ടുതൊഴിലാളി നിയമം വന്നതിന്റെ ഫലമായി ആ മേഖലയ്ക്ക് കൃത്യമായ രൂപരേഖവന്നു. ഓരോ പ്രദേശത്തും തൊഴിലാളിക്ക് ബാഡ്ജ് കൊടുത്ത് അവർക്ക് പ്രവർത്തിക്കാനുള്ള മേഖല തിരിച്ചു.

ശ്രീ. ആർ. രാജേഷ്: സർ, ഒരു ചുമട്ടുതൊഴിലാളി ഡോക്ടറേറ്റ് എടുത്തുവെന്ന പത്രവാർത്ത അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നു മാത്രമല്ല നമ്മുടെ നാട്ടിലെ ചുമട്ടുതൊഴിലാളികളുടെ മക്കളിൽ പലരും മെഡിക്കൽ കോളേജിൽ പഠിക്കുന്നുണ്ട്. ചുമട്ടുതൊഴിലാളികളുടെ ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്ക് അനുമോദനവും പാരിതോഷികവും കൊടുക്കുന്ന ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിന്റെ യോഗത്തിൽ മൂന്നുനാല് വർഷംമുൻപ് ഞാൻ പങ്കെടുത്തിരുന്നു. അന്ന് ഗവൺമെന്റ് മെഡിക്കൽ കോളേജിൽ മെറിറ്റിൽ അഡ്മിഷൻ കിട്ടി പഠിക്കുന്ന രണ്ടുമൂന്ന് പെൺകുട്ടികളുണ്ടായിരുന്നു. അതെല്ലാം സാധിതമായത് ചുമട്ട് തൊഴിലാളി നിയമം വരികയും ക്ഷേമനിധി ബോർഡിൽനിന്നും വായ്പ കിട്ടാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായാണ്. അതേസമയം അനാശാസ്യകരമായ പ്രവണതകൾ അവിടെയുണ്ട്. നോക്കുകൂലിപോലുള്ള കാര്യങ്ങൾ വ്യാപകമായി പല സ്ഥലത്തുമുണ്ട്. അതെല്ലാം ഇല്ലാതാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ ഇക്കാര്യങ്ങളിൽ ശ്രദ്ധചെലുത്തുകയും ഈ മേഖലയിൽ വന്നിട്ടുള്ള ആശങ്ക ഇല്ലാതാക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തെ സംബന്ധിച്ച് ഒരു പ്രത്യേക കാര്യത്തിനുവേണ്ടി ഏഴ് നിയമങ്ങൾ ഒന്നിച്ച് ഭേദഗതി ചെയ്യുക എന്നത് അപൂർവ്വമായിട്ടുള്ള കാര്യമാണ്. അത് ഈ ഗവൺമെന്റിന്റെ രാഷ്ട്രീയ ഇച്ഛാശക്തിയെയാണ് കാണിക്കുന്നത്. ഈ നാട്ടിൽ വ്യവസായം തുടങ്ങുന്നതിന് വ്യവസായ സംരംഭകർക്ക് യാതൊരുതരത്തിലുള്ള പ്രതിസന്ധിയും പാടില്ലെന്നുള്ള രാഷ്ട്രീയ ഇച്ഛാശക്തിയോടുകൂടിയുള്ള സമീപനത്തിന്റെ ഫലമായാണ് ഈ ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് തയ്യാറായത്. അതിന് ഞാൻ ഈ ഗവൺമെന്റിനെയും വ്യവസായ വകുപ്പുമന്ത്രിയായ ശ്രീ. എ. സി. മൊയ്തീനെയും നാടിനുവേണ്ടി ഹൃദയംനിറഞ്ഞ് അഭിനന്ദിക്കുന്നു. കേരളത്തിന്റെ ഇതര പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കുവാനും പ്രതിസന്ധി അനുഭവിക്കുന്ന ഇടത്തരം ചെറുകിട വ്യവസായ സംരംഭകർക്ക് സംരക്ഷണം നൽകാനും പുതിയ സംരംഭകരെ ഈ മേഖലയിലേയ്ക്ക് ആകർഷിക്കാനും ഇടയാക്കുന്ന നയസമീപനങ്ങളുമായി വ്യവസായ വകുപ്പ് മുന്നോട്ടുപോകുകയാണ്.

അതിന്റെ നോഡൽ ഏജൻസിയായി ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ പ്രവർത്തിക്കുന്നുണ്ട്. അതിലെ ഉദ്യോഗസ്ഥർ എല്ലാ സഹായവും സംരംഭകർക്ക് നൽകുന്ന സ്ഥിതിയുണ്ട്. അവർക്കെല്ലാം പിന്തുണകൊടുക്കുന്ന ബിൽ എന്ന നിലയ്ക്ക് ഈ ബിൽ സ്വാഗതാർഹമാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ) : സർ, ഇവിടെ, അവതരിപ്പിക്കപ്പെട്ട ഈ ബില്ലിനെക്കുറിച്ചും ഇനി അവതരിപ്പിക്കാൻ പോകുന്ന ബില്ലിന്റെ ഉള്ളടക്കത്തെക്കുറിച്ചുമുള്ള ചർച്ച നടക്കുകയുണ്ടായി. നമ്മുടെ നാടിന്റെ താല്പര്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പോസിറ്റീവായ അഭിപ്രായങ്ങളാണ് പൊതുവിൽ എല്ലാ ഭാഗത്തുനിന്നും ഉയർന്നു വന്നിട്ടുള്ളത്. അതിനെ സ്വാഗതം ചെയ്യുന്നു. ക്ലാരിറ്റിയുടെയും അതുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളൊക്കെ ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ചിട്ടുണ്ട്. സബ്ജക്ട് കമ്മിറ്റിയിലും നിയമനിർമ്മാണ ഘട്ടത്തിലും ആ പ്രശ്നങ്ങളെല്ലാം സമഗ്രമായി പരിശോധിക്കാൻ അവസരമുണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. ഇവിടെ അവതരിപ്പിക്കപ്പെട്ട ബില്ലിൽവന്ന പ്രശ്നത്തിൽ ഒന്ന്, ചുമട്ടുതൊഴിലാളി നിയമത്തിൽ വരുത്തിയ ഒരു ഭേദഗതിയുമായി ബന്ധപ്പെട്ടുള്ളതാണ്. ഞാൻ ആമുഖത്തിൽതന്നെ സൂചിപ്പിച്ചു, ആ മേഖലയിൽ ഇങ്ങനെയൊരു ഭേദഗതി വന്നാൽ നിലവിലുള്ള തൊഴിലിനെ ബാധിക്കുമോയെന്ന് ആരായാൻ സംസ്ഥാനതലത്തിൽ യോഗം വിളിച്ചുചേർത്തിരുന്നു, അതിൽ അവർ അവരുടെ അഭിപ്രായം പ്രകടിപ്പിച്ചിട്ടുണ്ട്. തൊഴിലാളിവിരുദ്ധ സമീപനമല്ല ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഒരു സംരംഭകന്/നിക്ഷേപകന് ഇന്നുള്ള സ്വാതന്ത്ര്യമുണ്ടാകണം, എന്നാൽ നിലവിലുള്ള തൊഴിലാളികളുടെ തൊഴിൽ നഷ്ടപ്പെടരുത്. ആ രീതിയിൽ ചുമട്ടുതൊഴിലാളി മേഖലയിലെ എല്ലാ ട്രേഡ് യൂണിയനുകളുടെയും ഉത്കണ്ഠ സബ്ജക്ട് കമ്മിറ്റി യോഗം ചേരുമ്പോൾ പരിഗണിച്ച് ആ പ്രശ്നത്തിന് ക്ലാരിറ്റിയുണ്ടാക്കാമെന്നുള്ളതാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കുവാനുള്ളത്.

മറ്റൊന്ന്, ഇവിടെ പരാമർശിച്ച ഭൂഗർഭജലത്തിന്റെ പ്രശ്നവുമായി ബന്ധപ്പെട്ട കാര്യമാണ്. തൊട്ടടുത്ത ബില്ലിൽ വരുന്നതാണെങ്കിലും മിക്കവാറും എല്ലാപേരും അക്കാര്യം പരാമർശിക്കുകയുണ്ടായി. കാലാകാലങ്ങളിൽ ഭൂജലത്തിന്റെ ലഭ്യത കണക്കാക്കി ഓരോ പ്രദേശങ്ങളെയും സേഫ്, ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ, ഓവർ എക്സ്പ്ലോയിറ്റഡ് എന്നിങ്ങനെ ബ്ലോക്കുകളായി ഭൂജല അതോറിറ്റി തരംതിരിച്ചിട്ടുണ്ട്. സേഫ് ബ്ലോക്കിൽ മാത്രമാണ് പെർമിറ്റ് എടുക്കേണ്ടതില്ലെന്ന് നമ്മൾ ഉദ്ദേശിക്കുന്നത്. ഒരുപക്ഷേ കാലംകഴിയുമ്പോൾ ആ മേഖല സേഫ് അല്ലതായിത്തീരും, ആ സമയത്ത് പരിശോധനയുടെ ഭാഗമായി തിരുത്തലുകൾ നമുക്ക് ആവശ്യമായിവരും. സേഫ് ബ്ലോക്കിൽനിന്നും വെള്ളമെടുക്കുന്നതിന് ഭൂജല അതോറിറ്റിയുടെ നിയമത്തിൽ ഒരു നിശ്ചിത അളവ് നിഷ്കർഷിച്ചിട്ടുണ്ട്. ആ അളവിൽ മാത്രമാണ് വെള്ളം എടുക്കുക.

എത്ര വെള്ളമെടുക്കുമെന്നുള്ളതിന് സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സർട്ടിഫിക്കറ്റ് നൽകണം. ഭേദഗതിയുടെ ഭാഗമായി അതുകൂടി ചിലപ്പോൾ ഉൾപ്പെടുത്തേണ്ടിവരും. മൂന്നാമത്തെ കാര്യം, വെള്ളം ഒരു അസംസ്കൃത വസ്തുവാണ്. ഉപയോഗിക്കുന്ന വെള്ളം പുനരുപയോഗിക്കാൻ കഴിയുന്ന സംവിധാനം ഉണ്ടാക്കണമെന്ന് വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. സ്വാഭാവികമായും വെള്ളത്തിന്റെ ഉപയോഗം കുറയ്ക്കാൻ കഴിയുന്ന; ഉപയോഗിച്ച വെള്ളംതന്നെ പുനരുപയോഗിക്കാൻ കഴിയുന്ന ഭേദഗതികൾകൂടി ഈ നിയമത്തിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. അതിലും വ്യക്തതയുണ്ടാക്കേണ്ട എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അവ പരിശോധിച്ച് മുന്നോട്ടുപോകാമെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഡീംഡ് ലൈസൻസ് എങ്ങനെ സാധ്യമാകുമെന്നുള്ള പ്രശ്നം ഇവിടെ ഉന്നയിക്കുകയുണ്ടായി. എല്ലാ രേഖകളും സഹിതമാണ് 30 ദിവസത്തിനകം അപേക്ഷ നൽകുന്നത്. ഈ രേഖകൾ പരിശോധിക്കുന്നത് ജില്ലാതലത്തിൽ കളക്ടർ ചെയർമാനും ലൈസൻസ് നൽകേണ്ട വകുപ്പുദ്യോഗസ്ഥർ അംഗങ്ങളുമായുള്ള സമിതിയാണ്. അവരുടെ സാന്നിദ്ധ്യത്തിൽ ആവശ്യമായ രേഖകൾ പരിശോധിക്കുകയും ഓൺലൈനായി അപേക്ഷ സമർപ്പിച്ചാൽ, 30 ദിവസത്തിനകം ഓൺലൈനായി രേഖകൾ ലഭിക്കാൻ കഴിയുന്ന തരത്തിലുള്ള സൗകര്യമൊരുക്കണമെന്നാണ് ആഗ്രഹിക്കുന്നത്. അത് നിയമത്തിൽ പറയേണ്ടതില്ല, ചട്ടങ്ങൾ രൂപപ്പെടുത്തുമ്പോൾ അത്തരം സൗകര്യമുണ്ടാകും. അതിന്റെ ഭാഗമായി ആ രംഗത്ത് വ്യക്തതയുണ്ടാക്കിയെടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്.

പഞ്ചായത്തുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങളെക്കുറിച്ച് ഇവിടെ ഉന്നയിക്കുകയുണ്ടായി. പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 233, 233(3) എന്നീ വകുപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുള്ള അധികാരത്തിൽ മാറ്റവും വരുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് തന്നെയാണ് പൂർണ്ണ അധികാരം. സെക്രട്ടറിക്കോ അദ്ദേഹം നിയോഗിച്ച ഉദ്യോഗസ്ഥനോ അപേക്ഷ സ്വീകരിക്കാനും റിപ്പോർട്ടുകൾ വാങ്ങാനുമുള്ള അധികാരമാണ് ഇതിന്റെ ഭാഗമായി കൊടുത്തിട്ടുള്ളത്. പഞ്ചായത്ത്/മുനിസിപ്പൽ കൗൺസിലിൽ സ്വീകരിക്കുന്ന തീരുമാനം ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം. അത് അനന്തമായി ദീർഘിപ്പിക്കരുതെന്നുള്ള കാര്യമുൾപ്പെടെ ഈ നിയമത്തിന്റെ ഭാഗമായി പറഞ്ഞിട്ടുണ്ട്. ഒരു സ്റ്റോപ്പ് മെമ്മോ കൊടുക്കുന്നതിനും പെട്ടെന്ന് ഒരു വ്യവസായ സ്ഥാപനം അടച്ചുപൂട്ടുന്നതിനും വിദഗ്ദ്ധ ഉപദേശം വേണം. അതിനും സമയം നിശ്ചയിച്ചിട്ടുണ്ട്, അനന്തമായി നീണ്ടുപോകരുത്. നേരത്തെ ശ്രീ. കെ. സുരേഷ് കുറുപ്പ് പറഞ്ഞതുപോലെ ഒരു നിശ്ചിത സമയത്തിനുള്ളിൽ വ്യവസായസംരംഭകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സമയബന്ധിതമായി തീരുമാനമുണ്ടാകണമെന്നാണ് ഈ ഭേദഗതിയിലൂടെ ഉറപ്പുവരുത്തിയിട്ടുള്ളത്.

ഫയർ ക്ലിയറൻസിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് ആക്ടിൽ പറഞ്ഞിട്ടുള്ള വിഷയമല്ല, റൂളിൽ ആലോചിക്കേണ്ട കാര്യങ്ങളിലൊന്നാണ്. ശ്രീ. വി. ഡി. സതീശൻ വ്യവസായ രംഗത്തെ കണക്കെടുപ്പിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അത് തുടങ്ങിക്കഴിഞ്ഞു. ഒരു ലക്ഷത്തിപതിനായിരം ജിയോ ടാഗിംഗ് വഴി വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥർ ഓരോ പ്രദേശത്തും നേരിട്ടുപോയി കണക്കെടുക്കുന്ന പണി ഇപ്പോൾ ഏകദേശം പൂർത്തിയായിട്ടുണ്ട്. ഇനി വിഭവങ്ങളുടെ ഒരു ഭൂപടം കൂടിയുണ്ടാക്കേണ്ടതുണ്ട്. എന്തൊക്കെ സംരംഭം ഏതൊക്കെ സ്ഥലത്ത് തുടങ്ങാൻ സാധ്യതകളുണ്ട്; ഏതൊക്കെ വിഭവങ്ങളുണ്ട് എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാകുമെന്നുള്ളതാണ് അതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

അഗ്നിരക്ഷാസേനയിലെ ഉദ്യോഗസ്ഥർ ലൈസൻസ് കൊടുക്കുന്ന സമിതികളിലുണ്ട്. അവർക്ക് പരിശോധിക്കാനുള്ള അവകാശമുണ്ട്. ആ അവകാശങ്ങൾ എടുത്തുകളയുന്ന ഒരു നടപടിയും ഇതിന്റെ ഭാഗമായി സ്വീകരിച്ചിട്ടില്ല. നിക്ഷേപവും സംരംഭവുമൊക്കെ ആരംഭിക്കുവാൻ സാധ്യതയുള്ള പശ്ചാത്തലസൗകര്യങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അക്കാര്യങ്ങളിലൊന്നും അഭിപ്രായവ്യത്യാസമുണ്ടാകേണ്ടതില്ല. 1957-ലെ ഗവൺമെന്റ് വ്യവസായങ്ങൾ കേരളത്തിലേയ്ക്ക് കൊണ്ടുവരുന്നതിന് തുടക്കംകുറിച്ച ഗവൺമെന്റല്ലേ? കേരള സംസ്ഥാനത്ത് പുതിയ തൊഴിലവസരങ്ങളുണ്ടാകണം. കേരളത്തിന്റെ കാർഷിക വിഭവങ്ങളും കേരളത്തിന്റെ പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിൽ വിഭവങ്ങളെ പ്രയോജനപ്പെടുത്തിയിട്ടുള്ള കൂടുതൽ തൊഴിലവസരങ്ങളും നമുക്കുണ്ടാകണം. അതു തന്നെയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നിലപാട്. അതിനാവശ്യമായ ഭൗതിക പശ്ചാത്തലമുണ്ടാകണം. നേരത്തെ പറഞ്ഞ ലാന്റിന്റെ പ്രശ്നമുണ്ട്. പുതിയ വ്യവസായ കോറിഡോറിനുവേണ്ടി 3500 ഏക്കർ ഭൂമി അക്വയർ ചെയ്യാൻ കേന്ദ്ര ഗവൺമെന്റിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. അക്കാര്യത്തിൽ ഭൗതിക പശ്ചാത്തലങ്ങൾ മെച്ചപ്പെടുത്താൻവേണ്ടിയുള്ള സൗകര്യങ്ങളൊരുക്കുകയാണ്.

ഗെയിലുമായി ബന്ധപ്പെട്ട് എൽ.എൻ.ജി. പൂർത്തീകരിച്ചാൽ ചെലവുകുറഞ്ഞ, ഉപയോഗക്ഷമതയുള്ള ഒരു ഇന്ധനം കൂടി നമുക്ക് കിട്ടുകയാണ്. അത് പുതിയ വ്യവസായ സംരംഭങ്ങൾ കേരളത്തിലുണ്ടാക്കാൻ കഴിയുന്ന സാഹചര്യം രൂപപ്പെടുത്തുകയാണ്. കാർഷിക ഉല്പന്നങ്ങളുടെ വാല്യൂ ആഡഡ് പ്രോഡക്ട്സ് വൻതോതിൽ ഉണ്ടാക്കാൻ കഴിയുന്ന ടെക്നോളജി അറിയാവുന്ന ധാരാളം ചെറുപ്പക്കാർ ഇന്ന് ഈ രംഗത്തേയ്ക്ക് കടന്നുവരുന്നുണ്ട്. അവരെ നമ്മൾ പ്രോത്സാഹിപ്പിക്കണം. അക്കാര്യത്തിന് ആവശ്യമായ ഭൗതിക പശ്ചാത്തല സൗകര്യങ്ങളൊരുക്കാൻ കഴിയണം.

വകുപ്പുകളുടെ ഏകോപനത്തെ സംബന്ധിച്ച് ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിച്ചു. ഡി.എം.ഒ. ലൈസൻസുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പറഞ്ഞത്, പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ അനുമതി സൂക്ഷ്മതയ്ക്ക് വിധേയമായി പരിശോധിച്ച കേസുകളിൽത്തന്നെ ഡി.എം.ഒ.-യുടെ സർട്ടിഫിക്കറ്റ് എന്നത് അധികമാണ്. അത് ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ക്ലിനിക്കുകൾ തുടങ്ങിയവയ്ക്ക് പരിമിതപ്പെടുത്തുക. ഏതെങ്കിലും ഘട്ടത്തിൽ ഡി.എം.ഒ.-ക്ക് പരിശോധിക്കാനുള്ള അവകാശം എടുത്തുകളയുന്നില്ല. ഒരു ആപത്കരമായ വ്യവസായ സ്ഥാപനം തുടങ്ങുന്നു, അത് പരിസ്ഥിതിക്ക് പ്രശ്നങ്ങളുണ്ടാക്കുന്നുവെന്ന് തോന്നുമ്പോൾ നിലവിൽ എന്തൊക്കെ പരിശോധിക്കാനുള്ള അവകാശമുണ്ടോ ആ അവകാശത്തിന്മേലൊന്നും കൈകടത്തുന്ന സമീപനം സ്വീകരിച്ചിട്ടില്ല. ഏതെങ്കിലും വകുപ്പിന്റെ അധികാരങ്ങളിൽ കൈകടത്തി അതിനെ കവരുക എന്നുള്ളതല്ല, നിലവിലുള്ള നിയമങ്ങളിൽ ഉദ്യോഗസ്ഥന്മാരുടെയോ പ്രത്യേക സാഹചര്യങ്ങളുടെയോ ഭാഗമായുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കി സമയബന്ധിതമായി സംരംഭം തുടങ്ങാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണമെന്നുള്ള രീതിയിലാണ് ഈ വിഷയങ്ങളെ കണ്ടിട്ടുള്ളത്. ഇവിടെ വച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടെയുള്ള മറ്റു കാര്യങ്ങൾക്കൊന്നും ഞാൻ ഇപ്പോൾ മറുപടി പറയുന്നില്ല. അതൊക്കെ നമുക്ക് സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാം.

മി. സ്പീക്കർ: ശ്രീ. സി. മമ്മൂട്ടി, അങ്ങ് അവതരിപ്പിച്ച 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബില്ലിനെ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ? (നോട്ട് ഇൻ ദി സീറ്റ്)

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച നിരാകരണപ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ, അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ? (നോട്ട് ഇൻ ദി സീറ്റ്)

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച '1 എ' ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സുരേഷ് കുറുപ്പ്, അങ്ങയുടെ '2 ബി' ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. സുരേഷ് കുറുപ്പ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-മായി സംയുക്തമായി പരിഗണിക്കുന്നതിന് വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ........

പ്രതികൂലിക്കുന്നവർ.......

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ഉം വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ഉം തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ഉം ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

Shri Thiruvanchoor Radhakrishnan: Sir. I move that-

" This House resolves to disapprove The Kerala Investment Promotion and Facilitation (No.2) Ordinance, 2017 (Ordinance No.36 of 2017)" .

അങ്ങ് ഒരു കാര്യത്തെക്കുറിച്ച് റൂൾ ചെയ്തിരുന്നു, അതിനെ ചോദ്യം ചെയ്യുന്നില്ല. ഈ നിയമം മറ്റ് പല മന്ത്രിമാരുടെയും വകുപ്പുകളുമായി ബന്ധപ്പെട്ടതാണ്. ബിൽ മൂവ് ചെയ്തുകഴിയുമ്പോൾ അതിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ ആർക്കെന്ന

ചോദ്യമുണ്ടാകും. ഇപ്പോൾ മറ്റ് മന്ത്രിമാരുടെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ വ്യവസായ വകുപ്പിന്റെകീഴിൽ വരികയാണ്. ബിൽ അവതരിപ്പിക്കുന്ന മന്ത്രിക്കാണ് തുടർന്നുള്ള അഡ്മിനിസ്ട്രേഷന്റെ അധികാരം വരുന്നത്. അതുകൊണ്ട് സ്വാഭാവികമായും ഇതുമായി ബന്ധപ്പെട്ട ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിനെ സംബന്ധിച്ചും എൽ.എസ്.ജി.ഡി.-യെ സംബന്ധിച്ചും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ കാര്യങ്ങളിലും അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ വ്യവസായ വകുപ്പിലേയ്ക്ക് വരികയാണ്. ഞാൻ അതിനെ സ്വാഗതം ചെയ്യുകയാണ്. അങ്ങനെയൊരു discrepancy ഇതിനകത്ത് വരുന്നുണ്ടെന്നുള്ളത് ചൂണ്ടിക്കാണിക്കുകയാണ്. ഏകദേശം രണ്ടും ഒരേ രൂപത്തിലുള്ള ബില്ലുകളാണ്. അങ്ങ് ഇവിടെ സംസാരിച്ചപ്പോൾ പുതിയ ചില സംശയങ്ങൾകൂടി ഉണ്ടാകുകയാണ്. അനുവാദം ലഭിക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥന് അപേക്ഷ കൊടുത്താൽ പ്രസ്തുത സ്ഥലത്തുവച്ചുതന്നെ പരിശോധിക്കണമെന്നാണ് അങ്ങ് ഇവിടെ സൂചിപ്പിച്ചത്. 'സ്ഥലത്തുവച്ച്' എന്ന് ഉദ്ദേശിക്കുന്നത് ഓഫീസിൽനിന്ന്

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ)

ആയിരിക്കാമെന്ന് ഞാൻ മനസ്സിലാക്കുന്നു. അദാലത്ത് നടത്തുന്ന സ്ഥലത്താണോ എന്നും എനിക്കറിയില്ല. അത് കളക്ടർ പരിശോധിക്കണമെന്ന് അങ്ങ് ഇവിടെ സൂചിപ്പിച്ചു. കളക്ടർ പരിശോധിക്കണമെന്ന് ബില്ലിനകത്ത് ഒരിടത്തും പറയുന്നില്ല. പഞ്ചായത്തിന്റെ അധികാരം സെക്രട്ടറിയിലേയ്ക്ക് പോകുന്നതിനെക്കുറിച്ച് അങ്ങ് ഇവിടെ ക്ലാരിഫിക്കേഷൻ നൽകുകയുണ്ടായി. 1994-ൽ പഞ്ചായത്തീരാജ് നിയമം നമ്മുടെ നിയമസഭയിൽ വന്നതാണ്. 72, 73 ഭരണഘടനാ ഭേദഗതി വന്നപ്പോഴാണ് അത് വന്നത്. ആ ഭരണഘടനാ ഭേദഗതിയിൽ 29 ഇനങ്ങൾ അതത് സംസ്ഥാനങ്ങൾക്കുതന്നെ തീരുമാനിക്കാമെന്ന് പാർലമെന്റ് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ സംസ്ഥാനത്തെ ചുമതലപ്പെടുത്തിയിരുന്നതാണ്. അങ്ങനെയാണ് 1994-ലെ പഞ്ചായത്തീരാജ് നിയമവും മുനിസിപ്പാലിറ്റി നിയമവും ഭേദഗതി ചെയ്തതും അതിലെ ബന്ധപ്പെട്ട 29 വകുപ്പുകളെ സംബന്ധിച്ച് നമ്മുടെ സംസ്ഥാനം തീരുമാനമെടുത്തതും. അങ്ങനെ തീരുമാനമെടുത്തതിന്റെ ഫലമായി ഭരണഘടനയുടെ ഭാഗമായി മാറുകയാണ്. അത് ഭരണഘടനാ ഭേദഗതിയാണ്. 72, 73 ഭരണഘടനാ ഭേദഗതിയുടെ ഭാഗമായി 29 വകുപ്പുകളെ സംബന്ധിച്ച് നമ്മൾ എടുത്ത തീരുമാനംകൂടിയുണ്ട്. ഭരണഘടനാ ഭേദഗതിയിലൂടെവന്ന കാര്യത്തിൽ നമ്മൾ പെട്ടെന്ന് തീരുമാനമെടുത്ത് അതിൽനിന്ന് വിത്ഡ്രോ ചെയ്യുമ്പോഴുണ്ടാകുന്ന നിയമ പ്രശ്നംകൂടി പരിശോധിക്കണം. ഡീസെൻട്രലൈസേഷനുവേണ്ടി ഏറ്റവും കൂടുതൽ യത്നിച്ചിട്ടുള്ളത് നമ്മൾ ഇരുകൂട്ടരുമാണ്. നായനാർ ഗവൺമെന്റിന്റെ അവസാന കാലത്ത് ജനകീയാസൂത്രണം കൊണ്ടുവന്നു. പ്രതിപക്ഷത്താണെന്നുള്ളതുകൊണ്ട്

എല്ലാറ്റിനെയും ഞങ്ങൾ എതിർക്കുന്നില്ല. അതിൽ ചില നല്ല കാര്യങ്ങളുണ്ടായിരുന്നു. ഡീസെൻട്രലൈസേഷന്റെ സ്പിരിറ്റ് തകർത്തുകൊണ്ടാണ് പഞ്ചായത്തുകൾക്ക് കൊടുത്ത അധികാരം സെക്രട്ടറിക്കാക്കി മാറ്റിയത്, അത് അങ്ങ് പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം. ക്ലാരിഫിക്കേഷനിൽ അങ്ങ് പറഞ്ഞത്, പഞ്ചായത്ത് സെക്രട്ടറിക്കല്ലേ അധികാരം കൊടുക്കുന്നതെന്നാണ്. പഞ്ചായത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെന്ന നിലയിൽ പഞ്ചായത്ത് സെക്രട്ടറിക്ക് അധികാരം നൽകുന്നതും ഒരു നിയമം പാസ്സാക്കി ഇതിന്റെ അധികാരം പഞ്ചായത്ത് സെക്രട്ടറിക്ക് ആണെന്ന് പറയുന്നതും രണ്ടാണ്. പഞ്ചായത്ത് സെക്രട്ടറി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ എന്ന നിലയിലാണ് പ്രവർത്തിക്കുന്നത്. അതേസമയം പഞ്ചായത്തിനോട് ആലോചിക്കാതെ തന്നെ സെക്രട്ടറിക്ക് വേണമെങ്കിൽ ഇതിന്മേൽ തീരുമാനമെടുക്കാം. കാരണം ഇതിന്റെ അധികാരം നിൽക്കുന്നത് പഞ്ചായത്ത് സെക്രട്ടറിയിലാണ്. ഞാൻ നേരത്തേ സൂചിപ്പിച്ച ജനകീയാസൂത്രണംപോലുള്ള കാര്യങ്ങളിൽനിന്നും നാം സ്വീകരിച്ചിട്ടുള്ള നിഗമനങ്ങളുണ്ട്. ആ നിഗമനത്തിന് വിരുദ്ധമായാണ് അധികാര കേന്ദ്രീകരണത്തിലേയ്ക്ക് പോകുന്നത്. അധികാര കേന്ദ്രീകരണത്തിന്റെ ഭാഗമായി വരുമെന്നുള്ളതാണ് ഇതിന്റെ പ്രശ്നം. ലൈസൻസ് കൊടുക്കുന്നതിന് 15 ദിവസം എന്നാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. സെക്രട്ടറിക്ക് കൊടുത്ത അപേക്ഷയിന്മേൽ 15 ദിവസംകൊണ്ട് തീരുമാനം എടുക്കുന്നില്ലെങ്കിൽ we presume that it has been sanctioned. ആ രീതിയിൽ സാങ്ഷൻ കിട്ടിയതായി കണക്കാക്കി അപേക്ഷ കൊടുത്ത വ്യക്തി മുന്നോട്ടു പോവുകയും ചെയ്യും. പ്രസ്തുത അപേക്ഷയിന്മേൽ എന്തെങ്കിലും അപാകതയുണ്ടെങ്കിൽ അത് പരിശോധിക്കേണ്ടതും സെക്രട്ടറിയാണ്. അപേക്ഷയിന്മേൽ 15 ദിവസത്തിനുള്ളിൽ തീരുമാനമെടുക്കാതെ സെക്രട്ടറിയുടെ കാലവിളംബത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വ്യക്തിക്ക് ലൈസൻസ് കിട്ടിയെന്ന് presume ചെയ്ത് മുന്നോട്ട് പോകുമ്പോൾ അവിടെ എന്തെങ്കിലും പോരായ്മ ഉണ്ടോയെന്ന് പരിശോധിക്കുന്നതും ഈ സെക്രട്ടറി തന്നെയാണ്. അവിടെയാണ് ശ്രീ. കെ. സുരേഷ് കുറുപ്പ് സൂചിപ്പിച്ചതുപോലെ 5 ലക്ഷം രൂപ ഫൈൻ അടയ്ക്കാനുള്ള അധികാരം സെക്രട്ടറിക്ക് ലഭിക്കുന്നത്. നിഷേധിക്കുന്നതും ശിക്ഷിക്കുന്നതും സെക്രട്ടറിയാണ്. ഇത് രണ്ടുംകൂടി എങ്ങനെയാണ് കൂടിച്ചേർന്ന് പോകുന്നത്? നിഷേധിച്ചതുകൊണ്ടാണ് ലൈസൻസ് കിട്ടിയെന്ന് presume ചെയ്ത് മുന്നോട്ടുപോകുന്നത്. അതിൽ ശിക്ഷിക്കുന്നത് ആരാണ്; അങ്ങനെ ശിക്ഷിക്കുന്നതിനാധാരമായ രൂപത്തിൽ തെളിവെടുക്കുന്നത് ആരാണ്? അദ്ദേഹം തന്നെ വിദഗ്ദ്ധോപദേശം തേടുന്നു, അദ്ദേഹംതന്നെ അഭിപ്രായത്തിൽ എത്തുന്നു; അദ്ദേഹം തന്നെ വിധികൽപ്പിക്കുന്നു; ഫൈൻ ഈടാക്കാൻ അധികാരം നൽകുന്നതോടെ ശിക്ഷകനും രക്ഷകനും ഒരാളായി മാറുകയല്ലേ? അങ്ങനെ വന്നാൽ ആ നിയമത്തിൽ ഒരുപാട് contradiction ഉണ്ടാകും. ഒരേ നിയമത്തിൽത്തന്നെ contradictory ആയിട്ടുള്ള സ്റ്റാന്റാണ് എടുത്തിട്ടുള്ളത്. അങ്ങ് ഇക്കാര്യം പരിശോധിച്ച് തീരുമാന

മെട്ടക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട സമിതി എന്നും മുകളിലാണ്. ആ സമിതിക്ക് മുകളിലായി ഒരു ഉദ്യോഗസ്ഥനെ പ്രതിഷ്ഠിക്കുന്നത് ശരിയല്ല. തെരഞ്ഞെടുക്കപ്പെട്ട സമിതിക്കുള്ള അധികാരം ചില സൗകര്യങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റിക്കൊടുക്കുന്നത് തുടർന്നുവരുന്ന നടപടിക്രമത്തിന് എതിരാകുമെന്ന് ഓർമ്മിപ്പിക്കുകയാണ്. വ്യവസായം ആരംഭിക്കുന്നതിന് പ്രധാന പ്രശ്നം ഭൂമിയാണ്. ഭൂമി എടുക്കുന്നതിന് വലിയ ചെലവാണ്. വ്യവസായ സംരംഭത്തിന് മുടക്കാൻ കിട്ടുന്ന തുകയുടെ അളവ് വളരെ കുറവാണ്. 50 കോടി രൂപയ്ക്ക് വ്യവസായം തുടങ്ങാൻ തീരുമാനമെടുത്താൽ 35 കോടിയോളം രൂപ ഭൂമിക്കുവേണ്ടി ചെലവാകുകയാണ്. 15 കോടിയോളം രൂപ (30 ശതമാനം തുക) മാത്രമേ വ്യവസായത്തിനുവേണ്ടി ഉപയോഗിക്കാൻ കഴിയൂ. പുതിയ കൺസെപ്റ്റ് വേണമെന്ന അഭിപ്രായമുണ്ട്. ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂമിയുടെ ഉടമസ്ഥരെക്കൂടി വ്യവസായത്തിന്റെ ഷെയർ ഹോൾഡേഴ്സാക്കണം. സ്ഥലം ഏറ്റെടുക്കുമ്പോൾ മാർക്കറ്റ് വില അനുസരിച്ച് മാക്സിമം വിലയാണ് ഭൂമിക്ക് കൊടുത്തുകൊണ്ടിരുന്നത്.

2.00 p.m]

പത്തുവർഷം കഴിഞ്ഞ് ഈ വ്യവസായം വളർന്നുകഴിഞ്ഞാൽ ഈ പറയുന്ന തുക തുച്ഛമല്ലേ? വികസനത്തിന്റെ ഭാഗമായി തുച്ഛമായ തുകയും വാങ്ങി സ്വന്തം കിടപ്പാടം വിറ്റ് അവർ ഏതെങ്കിലും ഉൾപ്രദേശത്തുപോയി ജീവിക്കണം. വികസനത്തിന്റെ ഭാഗമായി ഈ ഭൂവുടമയെക്കൂടി മാറ്റേണ്ടതല്ലേ? ഭൂവുടമയാണ് ഈ നിക്ഷേപത്തിന്റെ after effect-ലെ ഏറ്റവും പ്രധാനി. അവരിൽതന്നെ road frontage ഉള്ളവരും അല്ലാത്തവരും എന്നിങ്ങനെ രണ്ട് തരമുണ്ട്. അതിനൊക്കെ ഗവൺമെന്റ് പ്രത്യേക നിബന്ധനകൾ കൊണ്ടുവന്നിട്ടുണ്ട്. ഫെയർ വാല്യു തീരുമാനിക്കുന്ന സമയത്ത് ഇങ്ങനെയുള്ള ചില തരംതിരിവുകൾ ഇപ്പോൾ റവന്യൂ വകുപ്പിലുണ്ടെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ സ്ഥലത്തിന്റെ ഉടമയെക്കൂടി വ്യവസായ സംരംഭത്തിലെ ഷെയർ ഹോൾഡേഴ്സാക്കി മാറ്റിയാൽ അക്വിസിഷനുവേണ്ടി അനാവശ്യമായി സമയം കളഞ്ഞ് വ്യവസായം വരാത്ത സ്ഥിതിയുണ്ടാകില്ല.

കെ.എഫ്.സി. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ഒരു ധനകാര്യ സ്ഥാപനമാണ്. ഒരു പ്രോജക്ടുണ്ടാക്കി അതിന്റെ എല്ലാ റെക്കാർഡുകളും തയ്യാറാക്കി കെ.എഫ്.സി.-യിൽ സമർപ്പിച്ചാൽ തുക ലഭിക്കാനായി മിനിമം അഞ്ചുവർഷമെങ്കിലും വേണ്ടിവരും. 5-ാം വർഷത്തിന്റെ അവസാനത്തിൽ തുക ലഭിക്കുകയും പ്രസ്തുത തുക തിരിച്ചടയ്ക്കാതെ 19 ശതമാനം പലിശ കൊടുക്കേണ്ടി വരികയും ചെയ്താൽ കേരള സംസ്ഥാനത്ത് ഏതെങ്കിലുമൊരു വ്യവസായം ആരംഭിക്കാൻ കഴിയുമോ? സംസ്ഥാനത്ത് എന്തുകൊണ്ട് വ്യവസായമുണ്ടാകുന്നില്ല എന്നത് സംബന്ധിച്ച് നമ്മൾ ആലോചിക്കണം. ബേസിക് ഇഷ്യൂസാണ് നമ്മുടെ സംസ്ഥാനത്ത് വ്യവസായം ഉണ്ടാകാതിരിക്കാനുള്ള പ്രധാന

കാരണം. ആ ബേസിക് ഇഷ്യൂസിന് പരിഹാരമുണ്ടാക്കാൻ കഴിയണ്ടേ? അവരെ ഷെയർ ഹോൾഡേഴ്സാക്കിയാൽ അവരുടെ മക്കളുടെ പഠനാവശ്യങ്ങൾക്കും വിവാഹ സംബന്ധമായ കാര്യങ്ങൾക്കും മറ്റും ഈ ഷെയർ വിൽക്കാൻ സാധിക്കുമോ? ഷെയർ ട്രാൻസ്ഫർ ചെയ്യാനുള്ള അധികാരം അവർക്ക് കൊടുക്കണം. പത്ത് ഏക്കർ സ്ഥലത്തിന് പത്തോ മുപ്പതോ ഭൂവുടമകളുണ്ടെങ്കിൽ അവരെക്കൂടി ഈ വ്യവസായത്തിന്റെ ഷെയർ ഹോൾഡേഴ്സാക്കിയാൽ അതിൽ ഏതെങ്കിലും ഷെയർഹോൾഡർക്ക് ഷെയർ പണമാക്കി മാറ്റണമെങ്കിൽ അയാൾക്ക് മറ്റൊരു വ്യക്തിക്ക് അത് വിൽക്കാം. അങ്ങനെ വിറ്റുകഴിഞ്ഞാൽ വ്യവസായം നടക്കും. ജോയിന്റ് വെഞ്ച്വർ സിസ്റ്റമെന്നു പറഞ്ഞ്, നമ്മുടെ നാട്ടിലിപ്പോൾ ചില ഫ്ലാറ്റ് സമുച്ചയങ്ങൾ ഉയരുന്നില്ലേ; ഇതിൽ ഭൂമിയുടെ ഉടമസ്ഥൻ പങ്കാളിയാകുകയാണ്. അതിന്റെ സിസ്റ്റം വേറെയാണ്. ഞാൻ പറയുന്ന സിസ്റ്റത്തിന് കുറച്ചുകൂടി വ്യത്യാസമുണ്ട്. നമ്മുടെ സംസ്ഥാനത്ത് പുതിയ വ്യവസായം ആരംഭിക്കുന്നതിനാവശ്യമായ ഏറ്റവും പ്രധാനപ്പെട്ട ഘടകം ലാൻഡിന്റെ ലഭ്യതയാണ്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ലാൻഡ് അവയിലബിളാക്കണമെങ്കിൽ ഭൂവുടമയെക്കൂടി ഇതിന്റെ ഭാഗമാക്കിമാറ്റണം. അങ്ങനെ നിക്ഷേപം മുടക്കുന്ന വ്യക്തിയും ഭൂവുടമകളുംകൂടി ചേർന്നാൽ വളരെ വേഗത്തിൽ വ്യവസായം നമ്മുടെ നാട്ടിൽ കൊണ്ടുവരുന്നതിന് സാധിക്കും. ആ സാധ്യതയെക്കുറിച്ച് ഗവൺമെന്റ് പരിശോധിക്കണമെന്നാണ് എന്റെ അഭിപ്രായം.

ഇതിനുവേണ്ടിയുള്ള സാമ്പത്തികസ്ഥിതിയാണ് രണ്ടാമത്തെ പ്രശ്നം. ഒരു ലോണിന് അപേക്ഷ കൊടുത്താൽ 15 ദിവസത്തിനുള്ളിൽ പെർമിറ്റ് കൊടുക്കണമെന്നുണ്ട്. ഒരു ധനകാര്യ സ്ഥാപനത്തിൽ ലോണിന് അപേക്ഷ കൊടുത്താൽ അതിന്മേൽ ഇപ്രകാരം തീരുമാനമുണ്ടാക്കുന്നതിനുള്ള നടപടിയുണ്ടാകണം. എല്ലാ ധനകാര്യ സ്ഥാപനങ്ങളിലും ഇങ്ങനെയുള്ള തീരുമാനമെടുക്കാൻ ഗവൺമെന്റിന് കഴിയില്ല. കാരണം നാഷണലൈസ്ഡ് ബാങ്കുകൾക്ക് ബാങ്കേഴ്സ് അസോസിയേഷനുമായും മറ്റ് പല സ്ഥാപനങ്ങളുമായും ആലോചിക്കേണ്ടിവരും. ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള കെ.എഫ്.സി., കെ.എസ്.എഫ്.ഇ. തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുക്കുന്ന സന്ദർഭത്തിലെങ്കിലും, 15 ദിവസമെന്ന് ഞാൻ പറയുന്നില്ല, 30 ദിവസത്തിനുള്ളിൽ വായ്പ ലഭിക്കുമോ ഇല്ലയോ എന്ന് അറിയിക്കണം. വായ്പ ലഭിക്കുമെങ്കിൽ എത്രയുംവേഗം അത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. അങ്ങനെ ചെയ്താൽ അപേക്ഷകർ ഓഫീസുകൾ കയറിയിറങ്ങേണ്ട സാഹചര്യം ഒഴിവാക്കാൻ സാധിക്കും. നമ്മൾ പുതിയ യുഗത്തിലാണ് ജീവിക്കുന്നത്. തടസ്സങ്ങളെന്താണെന്ന് മനസ്സിലാക്കി അവ മറികടക്കാനുള്ള ബുദ്ധിപരമായ സമീപനമുണ്ടാകണം. ഭൂമിയുടെ അവയിലബിലിറ്റിയും ഫിനാൻഷ്യൽ സപ്പോർട്ടും ലഭ്യമായാൽ നമ്മുടെ നാട്ടിൽ വ്യവസായം ആരംഭിക്കുന്നതിന് വളരെ സൗകര്യമാകും.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, വ്യവസായത്തിനുവേണ്ടി ഭൂമി എടുക്കുമ്പോൾ ആ ഭൂവുടമകളെക്കൂടി വ്യവസായത്തിന്റെ ഷെയർ ഹോൾഡേഴ്സാക്കണമെന്ന് അങ്ങ് പറഞ്ഞു. ഗവൺമെന്റ് ഭൂമി ഏറ്റെടുത്ത് വ്യവസായികൾക്ക് കൊടുക്കുകയാണ്. ആ സാഹചര്യത്തിൽ ഭൂവുടമകളെ എങ്ങനെയാണ് ഇതിൽ ചേർക്കാൻ കഴിയുക?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 100 കോടി രൂപയുടെ വ്യവസായം ആരംഭിക്കണമെങ്കിൽ അതിനാവശ്യമായ സ്ഥലമുണ്ടാകണം. കിട്ടുന്ന തുക വാങ്ങി സ്ഥലം കൊടുത്തിട്ട് ഭൂവുടമകൾ പോകണമെന്ന് പറഞ്ഞാൽ ആരും സ്ഥലം നൽകാൻ തയ്യാറാകില്ല. രണ്ടാമത്, അതിന് ലിറ്റിഗേഷനും ഡിലേയുമുണ്ടാകും. ആ ഡിലേ ഒഴിവാക്കുന്നതിനുവേണ്ടി ഭൂവുടമകളുമായി സംസാരിച്ച് അവരുടെ താല്പര്യമെന്താണെന്ന് അറിഞ്ഞ് അത് പരിഗണിച്ച് നിശ്ചിത ശതമാനം ഷെയർ അവർക്ക് കൊടുക്കണം. ഷെയർ വാല്യുവും ഷെയറുകളുടെ എണ്ണവും തീരുമാനിക്കണം. ഭൂ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ അവർക്ക് ഷെയർ കൊടുക്കുന്നതിന് തീരുമാനമെടുക്കണം. ഇന്നുവരെ അനുഷ്ഠിച്ചുവന്ന നടപടിക്രമങ്ങളിൽനിന്ന് വളരെ വ്യത്യസ്തമാണിത്. ഈ പുതിയ രീതി സ്വീകരിച്ചാൽ നടപടിക്രമം വേഗത്തിലാക്കാൻ സാധിക്കും. വ്യവസായത്തിനായി 29 വർഷമായി ഭൂമി ഏറ്റെടുക്കാതിരിക്കുന്ന ചില സംരംഭകരെ എനിക്ക് നേരിട്ടറിയാം. ഞാൻ റവന്യൂ വകുപ്പ് കൈകാര്യം ചെയ്തതിനാൽ അക്കാര്യം കൃത്യമായി അറിയാൻ സാധിച്ചിട്ടുണ്ട്. പത്തുമുപ്പതും വർഷമായിട്ടും ഭൂമി ലഭിക്കാത്തതുകാരണം സംരംഭം ആരംഭിക്കാൻ കഴിയാത്ത അവസ്ഥയുണ്ട്. ഇത്തരത്തിൽ ഗവൺമെന്റിന്റെതന്നെ സംരംഭങ്ങളുണ്ട്. ഭൂമി നൽകുന്നവരുടെ താല്പര്യം കൂടി സംരക്ഷിക്കപ്പെടണം. ഭൂമി നൽകുന്നവർ വെറുതെ കൊടുക്കുകയോ അല്ലെങ്കിൽ കിട്ടുന്ന പണം വാങ്ങി പോകുകയോ ചെയ്യുന്നു. പുതിയ സംരംഭംമൂലമുണ്ടാകുന്ന മുന്നേറ്റത്തിൽ ഭൂമി കൊടുത്തവർക്കുകൂടി അതിൽ പരിഗണന ലഭിക്കണം. അങ്ങനെ പരിഗണന ലഭിക്കത്തക്കവിധത്തിലുള്ള നിലപാട് സ്വീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

ധനകാര്യ സ്ഥാപനങ്ങളുടെ കാര്യമാണ് രണ്ടാമത്തെ പ്രശ്നം. ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പകൾ നൽകുന്നതിലുള്ള തടസ്സങ്ങൾ നീക്കിയേ മതിയാകു. വിദേശത്തുപോയി കുറച്ച് പണം കൊണ്ടുവന്ന് ഇവിടെ ഏതെങ്കിലും പുതിയ സംരംഭമുണ്ടാക്കുന്നവർ മാത്രമാണ് നിക്ഷേപകരെന്ന് വിശ്വസിക്കുന്നത് ശരിയല്ല. നാട്ടിലുള്ള പാവപ്പെട്ട, അഭ്യസ്തവിദ്യരായ ആളുകളുടെ കയ്യിൽ പണമില്ലെങ്കിലും അവരിൽ നല്ല സംരംഭകരുണ്ട്. നമ്മുടെ നാട്ടിൽ സ്റ്റാർട്ട് അപ്പ് സംരംഭംപോലുള്ള നല്ല കണ്ടുപിടിത്തങ്ങൾ നടത്തുന്ന കുട്ടികളുണ്ടെന്ന് അങ്ങ് പറയുകയുണ്ടായി. അവർക്ക് ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് പണമാണ് പ്രശ്നം. അതിനുവേണ്ടി അവർ അപേക്ഷിച്ചാൽ ഈ ബില്ലിൽ പറഞ്ഞിട്ടുള്ളതുപോലെ ഒരു നിശ്ചിത സമയത്തിനുള്ളിൽ

തീരുമാനമുണ്ടാകണം. അതുകൊണ്ട് ഇക്കാര്യത്തിലും ചില നിബന്ധനകൾകൊണ്ടു വരണമെന്നാണ് എന്റെ അഭിപ്രായം. അങ്ങ് ലാൻഡിനെക്കുറിച്ച് പറഞ്ഞു. ഞാൻ ലാൻഡിനെക്കുറിച്ച് ഒരു പരാമർശം നടത്തി.

വെള്ളത്തിന്റെ കാര്യം- ഗ്രൗണ്ട് വാട്ടറും വാട്ടർ റിസോഴ്സസ് വകുപ്പിന്റെകീഴിലാണ് വരുന്നത്. വ്യവസായ വകുപ്പുമായി ബന്ധപ്പെട്ടതല്ല. നാളെ ഇത് നിയമമാകുമ്പോൾ ഇതിന്റെ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ അങ്ങയുടെ കയ്യിൽത്തന്നെയാകും. ഞാൻ അതിനെ എതിർക്കുന്നില്ല. ഇവിടെയുള്ള 156 ബ്ലോക്കുകളിൽ മോസ്റ്റ് ക്രിട്ടിക്കൽ, ക്രിട്ടിക്കൽ, സെമി ക്രിട്ടിക്കൽ അങ്ങനെയുള്ള നിരവധി പ്രശ്നങ്ങളുണ്ട്. സമുദ്ര നിരപ്പിൽനിന്ന് വളരെ താഴോട്ട് വാട്ടർ ടേബിൾ പോകുകയാണെന്ന് ഗ്രൗണ്ട് വാട്ടറുമായി ബന്ധപ്പെട്ട ആളുകൾക്കെല്ലാമറിയാം. വാട്ടർ ടേബിൾ വളരെ വേഗത്തിൽ താഴോട്ടുപോകുകയാണ്. അതാണ് പുതുശ്ശേരി പഞ്ചായത്തിലെ വലിയ സമരത്തിന് കാരണം. ചിറ്റൂർ താലൂക്കിലെ വാട്ടർ ടേബിൾ വളരെ വേഗത്തിൽ താഴ്ന്നുപോകുകയാണ്. ഇപ്പോൾ നിബന്ധനകളൊന്നുമില്ലാതെ വെള്ളം ഊറ്റുന്നതിനുവേണ്ടിയുള്ള നടപടിയിലേയ്ക്ക് പോയാൽ ചിറ്റൂർ താലൂക്കിലുണ്ടായ അതേ വിഷമങ്ങൾ മറ്റുപല പ്രദേശങ്ങളിലുമുണ്ടാകും. ചിറ്റൂർ താലൂക്കിലെ ചില ബ്ലോക്കുകളിലും മറ്റുചില സ്ഥലങ്ങളിലുമാണ് ഇത് വന്നുപെട്ടിരിക്കുന്നത്. കേരളത്തിൽ വെള്ളമെടുക്കുന്നത് എവിടെവരെ ആകാമെന്നു ള്ളതിനെക്കുറിച്ച് പരിശോധിക്കണം. കഴിഞ്ഞ ബില്ലിനകത്ത് അങ്ങ് മറുപടി പറഞ്ഞപ്പോൾ ലഭ്യതയനുസരിച്ച് മാത്രമേ വെള്ളമെടുക്കാൻ അനുവദിക്കുകയുള്ളൂ വെന്ന് പറഞ്ഞു. കുറച്ചുകഴിയുമ്പോൾ ലഭ്യതയെക്കുറിച്ചൊന്നും നോട്ടമുണ്ടാകില്ല. 13 മോട്ടോറുകൾ പ്രവർത്തിപ്പിച്ച് വെള്ളമെടുത്തുകൊണ്ടിരുന്ന ഒരു സംരംഭത്തെ കുറിച്ച് ഈ നിയമസഭയിൽ ചർച്ച ചെയ്തിട്ടുള്ളതാണ്. നമ്മൾ എത്ര കർക്കശമായ കാര്യങ്ങൾ പറഞ്ഞാലും അതൊന്നും നിയമത്തിനുമുന്നിൽ നിൽക്കുമെന്ന് എനിക്ക് വിശ്വാസമില്ല. വെള്ളൂർ ന്യൂസ് പ്രിന്റ് പ്രോജക്ട് സ്വകാര്യ വ്യക്തികൾക്ക് കൈമാറാൻ പോകുന്നുവെന്നാണ് കേട്ടത്. സംസ്ഥാന ഗവൺമെന്റ് അവർക്ക് ക്യാപ്റ്റീവ് പ്ലാന്റേഷനുള്ള ഭൂമി ഉൾപ്പെടെ എല്ലാം കൊടുത്തെങ്കിലും അവർ അങ്ങോട്ട് പോകുകയാണ്. അവർക്ക് വെള്ളം നമ്മൾ സൗജന്യമായി കൊടുത്തു.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ആ ചുറ്റുവട്ടത്ത് ജീവിക്കുന്നവർക്ക് കുടിവെള്ളംപോലും ഇല്ലാത്ത അവസ്ഥയുണ്ടായി. വ്യവസായം പൂട്ടണമെന്ന് ഞാൻ പറയുന്നില്ല, വ്യവസായം നിലനിർത്തണം. അതോടൊപ്പം അവിടെ ജീവിക്കുന്നവരുടെ താല്പര്യംകൂടി പരിഗണിക്കണം. സോഷ്യൽ റെസ്പോൺ സിബിലിറ്റിയെക്കുറിച്ച് ഇവിടെ പരാമർശിക്കാതെ പോകുന്നത് ശരിയല്ല. ഇവിടെ ഇങ്ങനെ വരുന്ന സംരംഭങ്ങൾക്കുള്ള സോഷ്യൽ റെസ്പോൺസിബിലിറ്റിയിൽനിന്ന് അവരെ പുറകോട്ടുപോകാൻ അനുവദിക്കരുത്. സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചയ്ക്ക് വരുന്ന സമയത്ത് ഇതിനെക്കുറിച്ചുകൂടി ആലോചിക്കണം.

ഒരു പ്രധാനപ്പെട്ട കാര്യം, ഇൻഡസ്ട്രിയൽ ഏരിയ വരുന്നതിനെക്കുറിച്ച് എന്റെ സ്നേഹിതൻ ശ്രീ. സുരേഷ് കുറുപ്പ് നേരത്തെ ഇവിടെ പറഞ്ഞിരുന്നു. ഇൻഡസ്ട്രിയൽ ഏരിയ വരുന്ന സമയത്ത് അവർക്ക് പട്ടയം കൊടുക്കാറുണ്ട്. ഇപ്പോൾ അത് കൊടുക്കുന്നില്ല. പലകാരണങ്ങൾകൊണ്ട് അത് പിടിച്ചുവച്ചിരിക്കുകയാവും. ആ കാരണങ്ങൾ പരിശോധിക്കണം. എന്റെ നിയോജകമണ്ഡലത്തിലെ പൂവൻതുരുത്ത് വ്യവസായ കേന്ദ്രമാണ്. അവർക്കും പട്ടയം കൊടുക്കുന്നില്ല. പട്ടയം കൊടുക്കുന്നതിനുവേണ്ടി എല്ലാവരും പ്രയത്നിച്ചു. പക്ഷെ, ഫലമുണ്ടായിട്ടില്ല. അതിനെക്കുറിച്ച് അങ്ങ് ആലോചിക്കണം. അവരുടെ ഭൂമിയിലെ ഉടമസ്ഥാവകാശ പട്ടയം അവർക്ക് കൊടുക്കണം. എങ്കിൽ മാത്രമേ പുതിയൊരു സംരംഭത്തിലേയ്ക്ക് അവർക്ക് പോകാൻ സാധിക്കു. വ്യവസായം ഒരിക്കൽ തുടങ്ങിയാൽ മതിയോ; മോഡണൈസേഷൻ വേണ്ടേ? മോഡണൈസേഷനില്ലാതെ കോമ്പീറ്റ് ചെയ്ത് നിൽക്കാൻ സാധിക്കുമോ? നമ്മൾ ഒരു വ്യവസായം തുടങ്ങി പത്തുപതിനഞ്ച് കൊല്ലം കഴിയുമ്പോൾ സ്വാഭാവികമായും അത് കോമ്പറ്റീഷൻ നേരിടേണ്ടി വരും. അപ്പോൾ മോഡണൈസേഷനിലേയ്ക്ക് പോകേണ്ടിവരും. മോഡണൈസേഷനിലേയ്ക്ക് പോകുമ്പോൾ അവർക്ക് ഫിനാൻഷ്യൽ സപ്പോർട്ട് വേണ്ടിവരും. പട്ടയം പോലുമില്ലാത്ത ഭൂമിയിലെ സ്ഥാപനത്തിന് ആരെങ്കിലും പണം കൊടുക്കുമോ? അതുകൊണ്ട് പട്ടയം കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ചുമട്ടുതൊഴിലാളികളുടെ കാര്യം പറഞ്ഞു. പാവപ്പെട്ട ചുമട്ടുതൊഴിലാളികളെ പരമാവധി പ്രൊട്ടക്ട് ചെയ്യണം. പക്ഷെ, മുഖ്യമന്ത്രി പറഞ്ഞാലും കേൾക്കാത്ത ചിലരുണ്ട്. ഇന്നത്തെ മലയാള മനോരമയിൽ (പത്രം ഉയർത്തിക്കാട്ടി) 'മുഖ്യമന്ത്രിയുടെ ഉറപ്പ് മറികടന്നും തടസ്സപ്പെടുത്തൽ, ടെക്നോസിറ്റി നിർമ്മാണം പ്രതിസന്ധി' അദ്ദേഹം ശ്രദ്ധിച്ചിട്ടുണ്ടാകും. ഇതുകൂടി മനസ്സിൽ വച്ചായിരിക്കാം അങ്ങ് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞതെന്ന് ഞാൻ വിചാരിക്കുകയാണ്. നോക്കുകൂലിക്കെതിരായി നാമെല്ലാം ഒരുപോലെ പറഞ്ഞു. എന്നാലും അത് തീരുന്നില്ലെന്നാണ് ഈ വാർത്തയിൽനിന്ന് ഞാൻ മനസ്സിലാക്കുന്നത്. അതുപോലുള്ള അനഭലഷണീയമായ കാര്യങ്ങൾ അവസാനിപ്പിക്കുന്നതിനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അതോടൊപ്പം ഒരു ഏരിയായിൽ അല്ലെങ്കിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒരു ഡിസ്പ്യൂട്ട് ഉണ്ടായാൽ അവിടെ പരിഹരിക്കാൻ മാർഗ്ഗമുണ്ടോ എന്ന് നോക്കണ്ടേ; അതിനുവേണ്ടി ചെറിയ ഒരു സമിതി നിശ്ചയിക്കാൻ എന്ത് തടസ്സമാണുള്ളത്? വ്യവസായ പ്രതിനിധികളും തൊഴിലാളി പ്രതിനിധികളും എല്ലാവരുംകൂടി ചേർന്ന് കൂടിയാലോചനയ്ക്കുവേണ്ടി ഒരു ചെറിയ സമിതി വയ്ക്കുന്നതുകൊണ്ട് എന്താണ് തകരാറ്? SEZ ഉള്ള മേഖലകളിൽ ഇതുപോലുള്ള കമ്മിറ്റികളുണ്ടല്ലോ; അവിടെ കൂടിയാലോചനയ്ക്കുവേണ്ടി ഒരു സമിതിയുണ്ടല്ലോ; ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ

എന്തുകൊണ്ട് അത് ചെയ്തുകൂടാ? ഒരു ജില്ലയിൽ അതുപോലൊരു ഇഷ്യു വരികയാണെങ്കിൽ ആ കാര്യങ്ങൾ ചർച്ച ചെയ്യാൻ ജില്ലാതലത്തിൽ ഒരു സമിതി ഉണ്ടായിക്കൂടേ? വളരെ വിപുലമാണെന്നുവരികിൽ സംസ്ഥാനതലത്തിലും ഗവൺമെന്റിന് ആലോചിക്കാവുന്നതാണ്. ഡിസ്പ്യൂട്ട് ഉണ്ടാക്കുന്നതിലല്ല, ഡിസ്പ്യൂട്ട് പരിഹരിക്കുന്നതിലാണ് ഒരു അഡ്മിനിസ്ട്രേഷന്റെ ടാലന്റ് എന്നാണ് എന്റെ വിശ്വാസം. അതുകൊണ്ട് ഡിസ്പ്യൂട്ട് ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി ശ്രമിക്കുകയും ഡിസ്പ്യൂട്ട് ഉണ്ടായാൽ അത് തൃപ്തികരമായി വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. ഈ ബില്ലിന്റെ ആദ്യത്തെ രൂപമായതുകൊണ്ട് ഇതിൽ മാറ്റത്തിന് നിരവധി സാധ്യതകളുണ്ട്. ആ മാറ്റം ഉണ്ടാകുമെന്ന് ഞാൻ വിശ്വസിക്കുന്നു. നിശ്ചയമായും അങ്ങനെയുള്ള കൂടിയാലോചനാ സമിതികൾ എല്ലായിടത്തുമുണ്ടാകണം. രണ്ട് കാര്യങ്ങൾ ഗവൺമെന്റ് ആലോചിക്കേണ്ടതുണ്ട്. ഒന്നാമത്, മിന്നൽ പണിമുടക്ക്. മിന്നൽ പണിമുടക്കിനെതിരായി ഗവൺമെന്റ് നേരത്തെ കുറേ നിലപാട് സ്വീകരിച്ചിരുന്നു. എന്നാലും മിന്നൽ പണിമുടക്ക് ഉണ്ടാവുകയാണ്. ശ്രീ. കടകംപള്ളി സുരേന്ദ്രൻ തലകുലുക്കി ഇല്ലായെന്ന് പറയുന്നുണ്ട്. ഉണ്ടല്ലോ; തിരുവനന്തപുരത്തു തന്നെ ഉണ്ടായല്ലോ. കേരളത്തിൽ പല സ്ഥലങ്ങളിലും ഉണ്ടാകുന്നുണ്ടല്ലോ. അങ്ങനെയൊരു സാഹചര്യത്തിലാണ് ഈ കൂടിയാലോചന സമിതിയുടെ പ്രാധാന്യത്തെക്കുറിച്ച് ഞാൻ പറയുന്നത്. തൊഴിലാളിക്ക് സ്വാഭാവികമായും വിഷമങ്ങളുണ്ടാകും. പെട്ടെന്നുള്ള വിഷമത്തിന്റെ അടിസ്ഥാനത്തിൽ ഒരു തീരുമാനമെടുത്തുവെന്ന് വരാം. അങ്ങനെ ഉണ്ടാകാൻ പാടില്ല. മിന്നൽ പണിമുടക്കു പോലെയുള്ള സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടി, തൊഴിലാളി പറയുന്നതെല്ലാം നമ്മൾ നിഷേധിക്കണമെന്നല്ല അതിനർത്ഥം. എനിക്ക് ആ അഭിപ്രായമില്ല. അവർ പറയുന്ന കാര്യം ന്യായമാണെന്നുവരികിൽ ആ ന്യായത്തോടൊപ്പം നിൽക്കാം. പഴയ കാര്യങ്ങളുടെ പ്രശസ്തി പറഞ്ഞല്ലേ നമ്മളിരിക്കുന്നത്. ചരിത്രം പരിശോധിച്ചാലറിയാം കെൽട്രോൺ ഉണ്ടായിട്ട് എത്ര വർഷമായെന്ന്? കെൽട്രോൺതന്നെ ഇപ്പോൾ താഴോട്ടുപോകുകയാണ്. മറ്റു പലയിടത്തുനിന്നും കൊണ്ടുവരുന്ന സാധനങ്ങൾ അസംബിൾ ചെയ്യുന്ന രൂപത്തിലേയ്ക്ക് പോകുകയാണ്. ഉല്പാദനത്തിൽ വ്യതിയാനം വരികയാണ്. കെൽട്രോൺ മാത്രമല്ല, കെൽട്രോണിന്റെ കാലഘട്ടത്തിൽ ഇൻഡ്യയിൽ ആരംഭിച്ച മറ്റ് വ്യവസായ സംരംഭങ്ങളെല്ലാം വളരെ വേഗത്തിൽ ഉയർന്നുപോയി. നമ്മുടെ അഭിമാനമായിരുന്ന കെൽട്രോൺ തകർന്നുപോയി. തകർന്നുവെന്നുള്ള വാക്ക് ശരിയല്ല, പക്ഷെ നമ്മൾ ആഗ്രഹിച്ച ഡെവലപ്മെന്റ് ഉണ്ടായിട്ടില്ല. അതുമാത്രമല്ല നമ്മൾ ഇപ്പോൾ പഴയ വ്യവസായസംരംഭങ്ങളെക്കുറിച്ച് പറയുന്നു. പുതിയ വ്യവസായ സംരംഭങ്ങളുടെ അവസ്ഥ എന്താണെന്നതാണ് എന്റെ ചോദ്യം; നമ്മൾ അങ്ങോട്ടും ഇങ്ങോട്ടും കുറ്റപ്പെടുത്തുന്നു. നിങ്ങളുടെ അഞ്ച് കൊല്ലക്കാലത്ത് വ്യവസായ സംരംഭങ്ങൾ ഉണ്ടായോ എന്ന് ഞങ്ങൾ ചോദിക്കുമ്പോൾ അതിനു

മുമ്പുള്ള നിങ്ങളുടെ അഞ്ച് കൊല്ലക്കാലത്ത് വ്യവസായ സംരംഭങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് നിങ്ങൾ ചോദിക്കും. അങ്ങനെ അങ്ങോട്ടുമിങ്ങോട്ടും അസ്ത്രം എയ്യുന്നത് അവസാനിപ്പിച്ച് കേരളത്തിന്റെ വ്യാവസായിക പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്തണം. അവിടെ രാഷ്ട്രീയത്തിന്റെ അതിപ്രസരം ഗുണം ചെയ്യില്ലെന്നാണ് എന്റെ അഭിപ്രായം. കേരളത്തിലെ മൂന്നരക്കോടി ജനങ്ങളെയാണ് നാം കാണേണ്ടത്. ഇവിടെ ഇരിക്കുന്നവരെ മാത്രം കണ്ടാൽപോര. കേരളത്തിലെ മൂന്നരക്കോടി ജനങ്ങൾക്കുവേണ്ടി പുതിയതായി എന്ത് ചെയ്യാൻ സാധിക്കുമെന്നും അവരുടെ ജീവിതം ഉറപ്പാക്കിക്കൊടുക്കുന്നതിനും ക്ഷേമഐശ്വര്യം ഉണ്ടാക്കുന്നതിനും വേണ്ടി അവരുടെ കഴിവുകൾ വിനിയോഗിച്ച് അവർ ജനിച്ച ഈ മണ്ണിൽ ജീവിക്കാൻ കഴിയത്തക്കവിധത്തിലുള്ള സാഹചര്യമുണ്ടാക്കാൻ നമുക്കെന്ത് സംഭാവന ചെയ്യാൻ സാധിക്കുമെന്നതാണ് പ്രധാനം. ഇവിടെ ഇപ്പോൾ ലോക കേരള സഭാ സമ്മേളനം നടത്തി. ലോക കേരള സഭ വിളിച്ചുകൂട്ടിയത് വലിയ കാര്യമായി പറയുന്നുണ്ട്. പക്ഷെ ലോക കേരള സഭാ സമ്മേളനത്തിൽ ബഹുമാനപ്പെട്ട സ്പീക്കറെ പുറകിലിരുത്തിയത് മോശമായിപ്പോയി. ലോക കേരള സഭ എന്ന കൺസെപ്റ്റിനോട് എനിക്ക് അത്ര യോജിപ്പില്ലാത്തതുകൊണ്ട് ഞാൻ ആ യോഗത്തിൽ പങ്കെടുത്തില്ല. എന്നാൽ, അതിൽ പരസ്യപ്രസ്താവന നടത്തി ബഹളത്തിനൊന്നും ഞാൻ പോയില്ല. നിങ്ങൾ ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തോ, വിളിച്ച് ആദരിക്കുന്നവരെ ആദരിച്ചോ; പക്ഷെ നിയമസഭയുടെ കോംപ്ലക്സിനകത്ത് നടത്തുന്ന ഒരു സംരംഭത്തിൽ ബഹുമാനപ്പെട്ട സ്പീക്കറെ പുറകിലിരുത്തിയത് ഔചിത്യമാണോ എന്നത് ഗവൺമെന്റ് പിന്നെ ആലോചിച്ചാൽ മതി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ബാലൻ</u>): സർ, ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സഭയെ മിസ്‌ലീഡ് ചെയ്യരുത്. തെറ്റായ കാര്യങ്ങൾ പ്രതിപാദിക്കാതിരിക്കാൻ ബഹുമാനപ്പെട്ട മെമ്പർ ശ്രദ്ധിക്കണം. ബഹുമാനപ്പെട്ട സ്പീക്കർ അന്ന് പ്രിസീഡിയത്തിലുണ്ടായിരുന്നു. പ്രിസീഡിയം നിയന്ത്രിച്ചത് ബഹുമാനപ്പെട്ട സ്പീക്കറാണ്. രണ്ടുദിവസവും നടപടിക്രമങ്ങൾ പരിപൂർണ്ണമായും നിയന്ത്രിച്ചത് ബഹുമാനപ്പെട്ട സ്പീക്കറാണ്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> അങ്ങയുടെ ശുഭാപ്തി വിശ്വാസത്തിൽ എനിക്ക് അഭിപ്രായവ്യത്യാസമില്ല. നമ്മൾ തമ്മിലുള്ള വാശിയിൽ പറയുന്നതല്ല. ഞാൻ എന്റെ ഒബ്സർവേഷൻ പറയുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ സഭയുടെ പൊതുസ്വത്താണ്. അതുകൊണ്ട് നിങ്ങൾക്കും അതിനോട് യോജിക്കാവുന്നതാണ്. നിങ്ങൾ അതിനോട് വിയോജിക്കേണ്ട കാര്യമില്ല. ഞാൻ കണ്ട യോഗത്തിനകത്ത് മുമ്പിൽ മൂന്നുനാല് പ്രമുഖരായ ആളുകൾ, അവർ മുമ്പിലിരിക്കേണ്ടവർ തന്നെയാണ്.

അവരെ ആരെയും കുറച്ചുകാണാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ജനാധിപത്യത്തിൽ അവർ മുമ്പിൽത്തന്നെ ഇരിക്കണം. പക്ഷെ ബഹുമാനപ്പെട്ട സ്പീക്കർ പുറകിലിരിക്കുന്നതാണ് ഞാൻ കണ്ടത്. ബഹുമാനപ്പെട്ട രാജ്യസഭാ ഉപാദ്ധ്യക്ഷനെ നിലത്തിരുത്തിയില്ലേ; അങ്ങനെ ചെയ്യാമോ; കേരളത്തിൽ തെരഞ്ഞെടുക്കപ്പെട്ട എം.എൽ.എ.-മാർക്ക് വന്നുകയറാൻ അധികാരപ്പെട്ട സ്ഥലത്ത് അവരെ 92, 93, 94 എന്നീ നമ്പർ സീറ്റുകളിലല്ലേ ഇരുത്തിയത്; ശ്രീ. എൻ. ഷംസുദ്ദീൻ 251-ാം നമ്പർ സീറ്റിലാണ് ഇരുന്നത്. അങ്ങനെയാണോ ചെയ്യേണ്ടത്; ജനാധിപത്യത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ വലിയ ആളുകളല്ലേ; ലോക കേരള സഭയിൽ പങ്കെടുത്ത ആളുകൾക്ക് നാട്ടിൻപുറങ്ങളിൽ സ്വീകരണം കൊടുക്കുന്നുണ്ട്. പ്രവാസി എം.എൽ.എ., എൻ.ആർ.ഐ. എം.എൽ.എ എന്നൊക്കെ പറഞ്ഞ് ഫ്ലക്സും വച്ചരിക്കുന്നത് ഞാൻ കണ്ടു. അവർക്ക് ബാൻഡ് മേളത്തോടുകൂടി നല്ല സ്വീകരണം കൊടുത്തോട്ടെ, കഴിയുമെങ്കിൽ അവരെ പഞ്ചവാദ്യത്തോടുകൂടി നന്നായി അലങ്കരിച്ചുകൊണ്ടുപോട്ടെ, പാവങ്ങൾ അവർ നന്നായി കഷ്ടപ്പെട്ടവരാണ്. സ്വന്തം നാട്ടിൽ നല്ലൊരു സ്വീകരണം നൽകുന്നതിൽ എനിക്ക് എതിർപ്പോ അസംതൃപ്തിയോ ഇല്ല. കേരള നിയമസഭയ്ക്കകത്ത് എം.എൽ.എ.-മാരെ അപമാനിക്കാമോ; ഒരു ഉദാഹരണം പറയാം, ലോക തമിഴ് സമ്മേളനം മധുരയിൽ നടത്തി. ആ സമ്മേളനം കാണാൻ ഞാൻ പോയിരുന്നു. ലോകത്തുള്ള തമിഴ് ചിന്തയുള്ള ആളുകളെയെല്ലാം വിളിച്ച് തമിഴ് പാരമ്പര്യത്തെയും ഭാഷയെയും കുറിച്ചൊക്കെ പറഞ്ഞ് ഒരാഴ്ചക്കാലം നീണ്ടുനിന്ന വലിയൊരു സമ്മേളനമായിരുന്നു അത്. അവിടെ ജനപ്രതിനിധികളെ പുറകിലിരുത്തിയത് ഞാൻ കണ്ടില്ല. ഇവിടെ അങ്ങനെ സംഭവിച്ചു. അതുപോട്ടെ, ഇനിയെങ്കിലും അത് ശ്രദ്ധിക്കണം. ഞാൻ പറഞ്ഞതുകൊണ്ട് വേണമെങ്കിൽ എന്നെ ചുരുട്ടിക്കെട്ടിക്കളയാമെന്ന മട്ടിൽ ചോദ്യം ചോദിക്കാം, ശ്രീ. കെ. വി. അബ്ദുൾ ഖാദറിനും ചോദിക്കാം. പക്ഷെ അതുകൊണ്ട് ഈ പ്രശ്നം അവസാനിക്കുമോ; ഈ പ്രശ്നത്തിന് പരിഹാരമാകുമോ; അപമാനിച്ചത് തെറ്റായിപ്പോയി.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രവാസികളെ പ്രത്യേകമായി വിളിച്ച് ലോക കേരള സഭ നടത്തിയത് അങ്ങ് തെറ്റായി ചിത്രീകരിക്കുന്നത് സങ്കടകരമാണ്. കാരണം സഭയിൽ ഏറ്റവും പഴക്കമുള്ള ആൾ എന്ന നിലയ്ക്ക് അങ്ങ് ഇങ്ങനെ പറയുന്നത് വിഷമമാണ്. ലോക കേരള സഭയിൽ നിയമസഭാംഗങ്ങളെ താഴ്ത്തിക്കെട്ടിയൊന്നുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ബഹുമാനപ്പെട്ട സ്പീക്കറുമാണ് ഒരേ നിരയിലിരുന്നത്. ബഹുമാനപ്പെട്ട സ്പീക്കറെ പുറകിലിരുത്തിയിട്ടില്ല. അങ്ങ് സംഭവങ്ങളെ വളച്ചൊടിക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഞാൻ പറഞ്ഞതൊന്നും അങ്ങ് കേട്ടില്ലെന്ന് എനിക്കിപ്പോൾ മനസ്സിലായി. ഈ സമ്മേളനം നടത്തിയത് തെറ്റായെന്ന് ഞാൻ പറഞ്ഞോ; എന്റെ അക്കൗണ്ടിൽ ലോക പ്രവാസികളെ കൈകാര്യം ചെയ്യാൻ

ശ്രമിക്കുന്നതാണ് ഇതെന്ന് എനിക്കറിയാം. പക്ഷെ അത് എന്റെ അക്കൗണ്ടിൽ വേണ്ട. കാരണം ഞാൻ അത് പറഞ്ഞിട്ടില്ല. പ്രവാസികൾ എല്ലാവരും കമ്മ്യൂണിസ്റ്റ് കൊടിപിടിച്ച് നടക്കുന്നവരല്ല. കേരളത്തിന്റെ മുഴുവൻ സമ്പത്ത് ഇങ്ങോട്ട് തരുന്നതിനുവേണ്ടി ഏറ്റവും കൂടുതൽ യത്നിച്ച ആളുകളല്ലേ; അവരെ വിളിച്ച് ആദരിക്കുന്നതിൽ ആർക്കെങ്കിലും തകരാറുണ്ടോ; ഞാൻ അക്കാര്യത്തിൽ രണ്ടുമൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളേ ചോദിച്ചുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളെ മുമ്പിലിരുത്തുന്നതുകൊണ്ട് എന്തെങ്കിലും തെറ്റുണ്ടോ; അത് ചെയ്തത് ശരിയായില്ല, ഒരു ഔചിത്യത്തിന്റെ പോരായ്മയുണ്ടായി എന്നുതന്നെയാണ് എന്റെ വിശ്വാസം. അങ്ങേയ്ക്ക് അത് ഉചിതമാണെന്ന് തോന്നുന്നുണ്ടെങ്കിൽ അതൊരു ആദരവായി അങ്ങേയ്ക്ക് എടുക്കാം. എന്തായാലും ഞങ്ങളുടെ അഭിപ്രായം വ്യത്യസ്തമാണ്, അത് ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഇക്കാര്യത്തിൽ കരുതിക്കൂട്ടി എന്തെങ്കിലും തരത്തിലുള്ള വീഴ്ച ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ബഹുമാനപ്പെട്ട അങ്ങ് എന്തോ മനസ്സിൽവച്ച് പറയുന്നതാണ്. ഏത് സംഭവവും ആദ്യം നടത്തുമ്പോൾ ചില അപാകതകളുണ്ടാകും. അങ്ങ് ദേശീയ ഗെയിംസ് നടത്തിയില്ലേ; അതിന്റെ ഭാഗമായി അന്നത്തെ ചീഫ് സെക്രട്ടറി ജിജി തോംസൺ അങ്ങയെപ്പറ്റി പറഞ്ഞത് ഓർമ്മയുണ്ടോ? സാധാരണ നിലയിൽ ഏത് പരിപാടി നടത്തുമ്പോഴും എന്തെങ്കിലും തരത്തിലുള്ള തെറ്റുകളുണ്ടാകും, ആ രൂപത്തിലുള്ള തെറ്റ് താങ്കൾക്കും സംഭവിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എന്നാൽ ശ്രീ. ജിജിതോംസന് ആ പണി നടത്താൻ പാടില്ലായിരുന്നോ; അന്ന് അദ്ദേഹം ഡൽഹിയിലാണ്. അവിടെ നിന്നും കേരളത്തിൽ വന്ന പിറ്റേ ദിവസം ഇതൊക്കെ വേറെ രൂപത്തിലാണെന്ന് പറഞ്ഞാൽ ആര് കേൾക്കും; അത് ആര് മൈന്റ് ചെയ്യാനാണ്; ഞാൻ അതിന് ഒരു പേപ്പറിന്റെ വിലപോലും കൊടുത്തിട്ടില്ല, കൊടുക്കുകയുമില്ല. കാരണം ഒൻപത് കൊല്ലക്കാലമായി കേരളത്തിലെ രണ്ട് ഗവൺമെന്റുകൾ കഷ്ടപ്പെട്ട് ഏറ്റവും അവസാനം നടത്തിയ ഇന്ത്യയിലെ മഹാസംരംഭമാണ് അത്. ആ മഹാസംരംഭത്തിൽ ആരെങ്കിലും ഒരു കറുത്ത പൊടി ഇടാൻ ശ്രമിച്ചാൽ ഞാൻ അതിനെ മൈന്റ് ചെയ്യുന്ന പ്രശ്നമേയില്ല. അതുകൊണ്ട് അങ്ങയുടെ ചോദ്യം പ്രസക്തമാണെന്ന് എനിക്ക് തോന്നിയിട്ടില്ല.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, അങ്ങ് ബഹുമാനപ്പെട്ട സ്പീക്കറെപ്പറ്റി നടത്തിയ നിരീക്ഷണം, അങ്ങ് ആ സദസ്സ് മനസ്സിൽ ഒന്നുകൂടെ റീക്രിയേറ്റ് ചെയ്തുനോക്കൂ. ബഹുമാനപ്പെട്ട സ്പീക്കർ മധ്യത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഉപാദ്ധ്യക്ഷനായ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും സൈഡിലുമാണ് ഇരുന്നത്. ഇരുവരും സൈഡിലാണ് ഇരുന്നത്. എം.എൽ.എ.-മാരെ വേണമെങ്കിൽ ഒരു സൈഡിൽ മുഴുവനായി ഇരുത്താമായിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഇതാണ് ഞാൻ പറഞ്ഞത്. അപ്പോൾ ക്യാബിനറ്റ് എടുത്ത തീരുമാനമല്ലല്ലോ അത്; ക്യാബിനറ്റ് എടുത്ത തീരുമാനമാണെങ്കിൽ ശ്രീ. ജി. സുധാകരൻ വ്യത്യസ്ത അഭിപ്രായം പറയില്ലായിരുന്നു. ഞാൻ അങ്ങയുടെ അഭിപ്രായത്തോട് യോജിക്കുകയാണ്. ഇതൊക്കെ പറയേണ്ടിവന്നതുകൊണ്ട് പറഞ്ഞുവെന്നേയുള്ളൂ. ചെയറിൽ ഇപ്പോൾ ബഹുമാനപ്പെട്ട സ്പീക്കറായിരുന്നുവെങ്കിൽ ഞാൻ ഇത് പറയില്ലായിരുന്നു. കാരണം അദ്ദേഹത്തെ ഇരുത്തിക്കൊണ്ട് ഇക്കാര്യം പറയുന്നത് ശരിയല്ല. ഞങ്ങളുടേതായ അഭിപ്രായം പറഞ്ഞുവെന്നേയുള്ളൂ. എന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള നടപടികൂടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ അമെന്റ്മെന്റ് മൂവ് ചെയ്യുന്നു.

ശ്രീ. അബ്ദുൽ ഹമീദ്. പി-ക്കുവേണ്ടി <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: സർ, 2017-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ഓർഡിനൻസ് നിരാകരിക്കണമെന്ന ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ഇവിടെ പലരും സൂചിപ്പിച്ചതുപോലെ, 36-ാം നമ്പർ ഓർഡിനൻസിലെ അഞ്ച് മൂലനിയമങ്ങൾക്കുള്ള ഭേദഗതികൾ നിർദ്ദേശിക്കപ്പെട്ടിരിക്കുകയാണ്. അഞ്ച് നിയമങ്ങളും വെവ്വേറെ വകുപ്പുകൾ കൈകാര്യം ചെയ്യുന്നവയാണ്. ഓരോ മൂലനിയമത്തിലുമുള്ള ഭേദഗതികൾ പ്രത്യേകമായി കൊണ്ടുവരേണ്ടതും പ്രത്യേക ബില്ലുകൾ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റി ശിപാർശയോടെ സഭ പാസ്സാക്കേണ്ടതുമാണ്. നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിൽ ഒരു വാക്ക് ഭേദഗതി ചെയ്യുന്നതിനുപോലും സഭയിൽ ബിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റിക്ക് അയച്ച് പാസ്സാക്കിയെടുക്കുന്ന പാരമ്പര്യവും കീഴ്വഴക്കവുമാണ് ഈ സഭയ്ക്കുള്ളത്. പല നിയമങ്ങളുടെയും കാതലായ ഭേദഗതികൾ രണ്ട് ഓർഡിനൻസുകളിലൂടെ പുറപ്പെടുവിക്കുകയും അതിലെ വകുപ്പുകൾ സ്പ്ലിറ്റ് ചെയ്ത് ബിൽ അവതരിപ്പിക്കുകയും ചെയ്ത അസാധാരണമായ നടപടിയാണ് ഇപ്പോൾ ഇവിടെ ഉണ്ടായിരിക്കുന്നത്. ഈ വിഷയത്തിൽ ഓർഡിനൻസ് പുറപ്പെടുവിക്കേണ്ട ഒരു അടിയന്തര സാഹചര്യവുമില്ല എന്നതാണ് എന്റെ അഭിപ്രായം. കാരണം, ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിക്ക് സമഗ്രമായ ഒരു വ്യവസായ നയം ഈ സഭയിൽ ഒരു ബില്ലായി അവതരിപ്പിച്ച് പാസ്സാക്കിയെടുക്കാമായിരുന്നു. നിയമസഭയെ നോക്കുകുത്തിയാക്കുന്ന ഓർഡിനൻസ് രാജ് ഒരുതലത്തിലും ഗവൺമെന്റിന് ഭൂഷണമല്ല. ഇവിടെ പലരും സംസാരിച്ചപ്പോൾ ലൈസൻസ് ഇഷ്യു ചെയ്യുന്നതിനെക്കുറിച്ച് പറഞ്ഞു, 15 ദിവസത്തിനുള്ളിൽ ലൈസൻസ് കൊടുക്കുമെന്നാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. നിലവിലുള്ള വ്യവസായങ്ങൾ പൂട്ടുകയാണ്. അവയുടെ ലിസ്റ്റ് ഞാൻ വായിക്കുന്നില്ല. ഇരു ഗവൺമെന്റുകളുടെയും ഭരണകാലങ്ങളിൽ കമ്പനികൾ പൂട്ടിയിട്ടുണ്ട്. ഇപ്പോഴും

അത് തുടർന്നുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഒരു ബിൽ അവതരിപ്പിച്ചതുകൊണ്ടുമാത്രം നിക്ഷേപമുണ്ടാകുമോ? ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങളെപ്പറ്റി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഉൾപ്പെടെയുള്ളവർ ഇവിടെ സംസാരിച്ചു. ഭൂമിയാണ് ഇവിടത്തെ ഏറ്റവും വലിയ പ്രശ്നം. നമ്മുടെ എസ്റ്റേറ്റുകളുടെയെല്ലാം പ്രവർത്തനങ്ങൾ താറുമാറായിരിക്കുകയാണ്. ഇപ്പോൾ ലോക കേരള സഭയുടെ പ്രചോദനം ഉൾക്കൊണ്ടുകൊണ്ടാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇങ്ങനെയൊരു ബിൽ കൊണ്ടുവന്നിരിക്കുന്നത്. അവരെക്കൂടി ഇതിലൊക്കെ പങ്കാളികളാക്കണമെന്നുണ്ടാകാം. പക്ഷെ, വ്യവസായം ആരംഭിക്കാൻ അവർ കേരളത്തിൽ വന്നാൽ പത്ത് സെന്റ് സ്ഥലംപോലും കൊടുക്കാൻ കഴിയാത്ത സാഹചര്യമാണ് ഇപ്പോഴുള്ളത്.

കേരളീയർ നിരാകരിച്ചുകഴിഞ്ഞ ഒരു സംഗതിയാണ് പുകക്കുഴൽ വ്യവസായങ്ങൾ. ബഹുമാനപ്പെട്ട മന്ത്രിക്ക് അത് നന്നായിട്ടറിയാം. പുകക്കുഴൽ വ്യവസായങ്ങൾ കേരളത്തിൽ ഇനി വരില്ലെന്ന് പറഞ്ഞാൽ ഒരിക്കലും അത് പ്രോത്സാഹിപ്പിക്കാൻ കഴിയില്ല. അങ്ങ് പലപ്പോഴും മാവൂർ റയോൺസിന്റെ ഓരത്തുകൂടി കടന്നു പോയിട്ടുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ വലിയ വ്യവസായ സ്ഥാപനം അമേരിക്കയിലെ സീറോ ഗ്രൗണ്ട് പോലെ കിടക്കുന്ന ഒരു സ്ഥിതിയാണുള്ളത്. അങ്ങ് സൂചിപ്പിച്ചതുപോലെ, 1957-ൽ ഇ.എം.എസ്.-ന്റെ കാലത്ത് താൽപ്പര്യമെടുത്ത് ഒരു വിലപോലും നിശ്ചയിക്കാതെ ഈറ്റയും മുളയും മറ്റ് അസംസ്കൃത സാധനങ്ങളുമൊക്കെ കൊടുത്ത് ബിർലയ്ക്ക് ഒരു വ്യവസായം തുടങ്ങാൻ അനുവദിച്ചതാണ് ഗ്വാളിയർ റയോൺസ്. ആ ഗ്വാളിയർ റയോൺസിൽ ആയിരക്കണക്കിന് തൊഴിലാളികളാണ് പ്രത്യക്ഷമായും പരോക്ഷമായും ജോലി ചെയ്തിരുന്നത്. അത് പൂട്ടുന്നതിനെ അവിടത്തെ ജനങ്ങൾ ഒന്നടങ്കം അനുകൂലിച്ചു. തൊഴിലാളികൾക്കും കാര്യമായി ചെറുത്തുനിൽക്കാൻ സാധിച്ചില്ല. ഇന്ന് അതൊരു സീറോ ഗ്രൗണ്ടാണ്. അപ്പോൾ പുകക്കുഴൽ വ്യവസായങ്ങളെ സംബന്ധിച്ച് കേരളത്തിന്റെ മൈൻഡ് സെറ്റ് മാറിയിരിക്കുന്നു. കഴിഞ്ഞ പത്തിരുപത് വർഷക്കാലമായി അത്തരത്തിലുള്ള വ്യവസായങ്ങൾ കേരളത്തിലെ ജനങ്ങളുടെ മൈൻഡ് സെറ്റിൽ ഇല്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട വിഷയം. അപ്പോൾ നിക്ഷേപം പ്രോത്സാഹിപ്പിക്കാൻ ആധുനിക സങ്കേതങ്ങൾ നമ്മൾ ഉപയോഗിക്കണം. ഇപ്പോൾ ഏറ്റവും പ്രധാനപ്പെട്ട സംഗതികളായ റോബോട്ടിക്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയവയിലധിഷ്ഠിതമായ സംരംഭങ്ങൾ വ്യവസായ രംഗത്തുതന്നെ വിപ്ലവം സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അതുപോലെ കൂടുതൽ യുവ സംരംഭകർ രംഗത്തേയ്ക്കുവരുന്ന ഇലക്ട്രോണിക്സ് - വൈദ്യശാസ്ത്രം തുടങ്ങിയ മേഖലകളിൽ സ്റ്റാർട്ട്-അപ്പ് സംരംഭങ്ങളുണ്ടാകണം, അതിന് അധികം സ്ഥലവും ജലവും ആവശ്യമില്ല, മാലിന്യങ്ങളുമില്ല. അതുകൊണ്ട് ജനങ്ങൾക്ക്

എതിർപ്പുണ്ടാവില്ല. ഇപ്പോൾ ഐ.ടി.ഐ.-കളിൽ നിന്നും ഐ.ഐ.എം.-കളിൽ നിന്നും റെക്കോർഡ് മാർക്കോടുകൂടി പാസ്സാകുന്ന കുട്ടികൾക്ക് ഏതെങ്കിലും കമ്പനികളിൽ ജോലിക്കുപോകാനല്ല ആഗ്രഹം. അവർക്ക് സംരംഭകരായി പത്തുപേർക്ക് തൊഴിൽ നൽകാനുള്ള ആഗ്രഹമാണുള്ളത്. അത് വളർത്തിയെടുക്കാൻ നമുക്ക് സാധിക്കണം. അത് നമ്മുടെ സംസ്ഥാനത്തിന്റെ ഏറ്റവും വലിയ നേട്ടമാക്കി മാറ്റാൻ സാധിക്കണം. ഇന്ത്യയിൽത്തന്നെ ആദ്യത്തെ സംരംഭവും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കളമശ്ശേരിയിൽ ആരംഭിച്ചതുമായ സ്റ്റാർട്ട്-അപ് വില്ലേജിൽ അങ്ങ് പോയിട്ടുണ്ടാകുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. ആ സ്റ്റാർട്ട്-അപ്പ് വില്ലേജിൽ ആന്ധ്രയിലെ മുഖ്യമന്ത്രിയും മറ്റിതര സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാർവരെ വന്ന്, അത് കണ്ടുപഠിച്ചിട്ടാണ് അവരുടെ സംസ്ഥാനങ്ങളിൽ ഇന്ന് സ്റ്റാർട്ട് അപ് വില്ലേജുകൾ ആരംഭിച്ചത്. അതെല്ലാം കേരളത്തിലെ സ്റ്റാർട്ട്-അപ്പുകളെ മറികടക്കുന്ന രീതിയിൽ വളരെ മുന്നോട്ടുപോയി കഴിഞ്ഞിരിക്കുന്നുവെന്ന വസ്തുത നമ്മൾ മനസ്സിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കളമശ്ശേരിയിലുള്ള കിൻഫ്ര ഹൈടെക് പാർക്ക് ടെക്നോളജി ഇന്നവേഷൻ സോണിൽ സ്റ്റാർട്ട്-അപ് മിഷന് കീഴിൽ പ്രവർത്തിക്കുന്ന മേക്കർ വില്ലേജുണ്ട്. ആ മേക്കർ വില്ലേജിലെ സ്റ്റാർട്ട്-അപ് കമ്പനികൾക്ക് മെച്ചപ്പെട്ട ഇൻഫ്രാസ്ട്രക്ചർ കൊടുക്കാൻ നമുക്ക് സാധിച്ചിട്ടില്ല. അവിടെ ചെറുപ്പക്കാരായ പുതിയ സംരംഭകർ വരണമെങ്കിൽ മെച്ചപ്പെട്ട ഇൻഫ്രാസ്ട്രക്ചർ കൊടുക്കണം. അതുപോലെ ഗവൺമെന്റ് കെ.എസ്.ഐ.ഡി.സി.-യുടെയും സ്റ്റാർട്ട്-അപ് മിഷന്റെയും ആഭിമുഖ്യത്തിൽ ഇൻക്യുബേഷൻ സെന്റർ ആരംഭിച്ചിട്ടുണ്ട്. അവിടെയും ഇതാണ് സ്ഥിതി. അവിടെ ഇൻഡസ്ട്രീസിന് സ്പെസിഫിക്കായ ഇൻഫ്രാസ്ട്രക്ചർ സംവിധാനം കൊണ്ടുവരാൻ മുൻകയ്യെടുക്കണം. സ്റ്റാർട്ട്-അപ് സംരംഭങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വർഷംതോറും വർദ്ധിച്ചുവരുകയാണ്. കഴിഞ്ഞ ബിൽ അവതരിപ്പിച്ചുകൊണ്ട് ease of doing business-ന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. Ease of doing business-ൽ മറ്റ് സംസ്ഥാനങ്ങൾ കേരളത്തെ അപേക്ഷിച്ച് ഒരുപാട് മുന്നോട്ടുപോയിട്ടുണ്ട്. സംരംഭകർക്ക് ആവശ്യമായ സപ്പോർട്ട് സിസ്റ്റം ഇല്ലാത്തതുകൊണ്ടാണ് അക്കാര്യത്തിൽ കേരളം പിന്നിലാകാൻ കാരണം. ഉദാഹരണത്തിന്, ഹാർഡ്‌വെയർ ഇൻഡസ്ട്രിക്ക് ആവശ്യമായ ഉപകരണങ്ങളും അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമല്ല. സോഫ്റ്റ്‌വെയറിന്റെ കാര്യത്തിൽ കേരളം കുറച്ച് മെച്ചമാണ്. ഒന്നുകിൽ അന്യ സംസ്ഥാനങ്ങളിൽ നിന്നോ മറ്റ് രാജ്യങ്ങളിൽ നിന്നോ ഇറക്കുമതി ചെയ്യേണ്ടി വരുന്നു. അനാവശ്യമായ കാലതാമസവും ചെലവുകളും വർദ്ധിക്കുന്നതാണ് ഇൻഡസ്ട്രി ഡെവലപ് ചെയ്യാത്തതിന് കാരണം. ഹാർഡ്‌വെയർ ഇൻഡസ്ട്രി ശക്തിപ്പെടുത്തുക എന്നതാണ് കേരളത്തിലെ വ്യവസായ രംഗത്ത് കരണീയമായി നമ്മൾ ചെയ്യേണ്ടത്. ഒപ്പംതന്നെ സ്റ്റാർട്ടപ്പ് സംസ്കാരം കേരളത്തിൽ വളർന്നുവരണം. അതൊരു സംസ്കാരമായി

മാറണം. കേരളത്തിന് ഇൻഡസ്ട്രിയൽ കൾച്ചറില്ല എന്ന് ഇവിടെ നേരത്തേ സൂചിപ്പിച്ചു. അത് ഒരു പരിധിവരെ ശരിയാണ്. പക്ഷേ അതിന്റെ കാലം കഴിഞ്ഞു. നിർഭാഗ്യവശാൽ നമുക്കത് വളർത്തിയെടുക്കാൻ സാധിച്ചില്ല. ഇനി സ്റ്റാർട്ടപ്പ് കൾച്ചർ നാം വളർത്തി യെടുക്കേണ്ടതുണ്ട്. നമ്മുടെ സംരംഭകർക്ക്, പ്രത്യേകിച്ച് യുവാക്കളും വിദ്യാർത്ഥികളുമായ സംരംഭകർക്കിടയിലെ പരാജയഭീതിയാണ് അതിന് പ്രധാന തടസ്സം. പരാജയ ഭീതി അകറ്റിയെടുക്കാൻ നമ്മുടെ കലാശാലകളെയും മറ്റ് സംവിധാനങ്ങളെയും ശക്തിപ്പെടുത്തണം. നേരത്തേ ശ്രീ. സി. മമ്മൂട്ടി സംസാരിച്ചപ്പോൾ നമ്മുടെ ഫിനിഷിംഗ് സ്കൂളുകളെക്കുറിച്ച് പറയുകയുണ്ടായി. അത് സജീവമാക്കണം. കൊല്ലത്തും കൊച്ചിയിലുമൊക്കെ ഫിനിഷിംഗ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. നല്ല റിസൾട്ടാണ് അവിടെ ഉണ്ടാകുന്നത്. ബി.ടെക്-ഉം എം.ബി.എ.-യും കഴിഞ്ഞ കുട്ടികൾക്ക് ബിസിനസ് ഇൻഡസ്ട്രിയിലേയ്ക്ക് കടന്നുവരുന്നതിനാവശ്യമായ എല്ലാ പരിശീലനങ്ങളും ഫിനിഷിംഗ് സ്കൂളിൽനിന്നും ലഭിക്കുന്നുണ്ട്. ഫിനിഷിംഗ് സ്കൂളുകൾ കൂടുതൽ കൊണ്ടുവരാൻ ശ്രമിക്കണം. നമ്മുടെ സംസ്ഥാനം 100 ശതമാനം സാക്ഷരത നേടി, 100 ശതമാനം ഡിജിറ്റലാണ് എന്നൊക്കെ പറയുമെങ്കിലും നമ്മുടെ വിദ്യാർത്ഥികളുടെ എംപ്ലോയബിലിറ്റി വളരെ മോശമാണ്. അത് ഉയർത്തിക്കൊണ്ടുവരാനുള്ള ഒരു സംവിധാനം വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കേണ്ടിയിരിക്കുന്നു. സംസ്ഥാനത്ത് കൂടുതൽ നിക്ഷേപം ആകർഷിക്കാനായി മുൻകാലങ്ങളിൽ വളരെ വിജയകരമായി ഒരുപിടി പദ്ധതികൾ സംഘടിപ്പിച്ചിരുന്നു. അത് കഴിഞ്ഞ ഗവൺമെന്റ് ചെയ്തതാണെന്ന് ആക്ഷേപിച്ച് തള്ളുന്നത് ശരിയല്ല. 100 വ്യവസായങ്ങൾ കൊണ്ടുവരാൻ ശ്രമിക്കുമ്പോൾ 10 വ്യവസായങ്ങളെങ്കിലും പ്രാവർത്തികമാക്കാൻ സാധിക്കും. അതിൽ 5 വ്യവസായമെങ്കിലും വിജയിച്ചാൽ അതുതന്നെ ഈ സംസ്ഥാനത്തിന് ഏറ്റവും വലിയ നേട്ടമാകും. അതിൽ പ്രധാനപ്പെട്ടതായ GIM, Emerging Kerala, Young Entrepreneur Summit (YES) എന്നീ പേരുകളിൽ ചെറുപ്പക്കാരെ സംഘടിപ്പിച്ചു കൊണ്ട് നടത്തിയ പദ്ധതികൾ ഈ ഗവൺമെന്റ് തുടരണം. കഴിഞ്ഞ ഗവൺമെന്റാണ് അത് കൊണ്ടുവന്നത്, മറ്റുള്ളവർക്കാണ് അതിന്റെ ക്രെഡിറ്റ് വരുന്നതെന്നുള്ള ദുരഭിമാനം ഈ ഗവൺമെന്റ് പുലർത്തരുതെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പ്രവാസികളുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രവാസികൾക്ക് ഇവിടത്തെ നിക്ഷേപത്തിൽ വലിയ താല്പര്യമുണ്ട്. എല്ലാവരും സൂചിപ്പിച്ചതുപോലെ അതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഇവിടെ ഇല്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട സംഗതി. ലോക കേരള സഭ നടത്തിയതുകൊണ്ട് മാത്രം അവർ ഇങ്ങോട്ട് വരണമെന്നില്ല. കാരണം ലോക കേരള സഭയിൽ പങ്കെടുത്തത് വളരെ ചുരുങ്ങിയ ആളുകളാണ്. ലക്ഷക്കണക്കിന് മലയാളികൾ നമ്മുടെ രാജ്യത്തിനുപുറത്തുണ്ട്. അവരാണ് യഥാർത്ഥത്തിൽ ശരിയായ എന്റർപ്രണേഴ്സ്. അവരെ കൊണ്ടുവരാൻ

ശ്രമിക്കണം. ഞാൻ കൂടുതൽ ദീർഘിപ്പിക്കുന്നില്ല. കീഴ്വഴക്കങ്ങൾ ലംഘിച്ചുകൊണ്ടും നടപടിക്രമങ്ങൾ പാലിക്കാതെയുമാണ് ഈ ബിൽ അവതരിപ്പിച്ചതെന്ന് ഇവിടെ എല്ലാവരും സൂചിപ്പിച്ചു. ശ്രീ. വി. ഡി. സതീശൻ, ശ്രീ. സി. മമ്മൂട്ടി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർ പറഞ്ഞതുപോലെ ഈ ഓർഡിനൻസിലും സഭയിൽ അവതരിപ്പിച്ച ബില്ലിലും ദുരൂഹതകളുണ്ട് എന്നതുകൊണ്ട് ഈ ഓർഡിനൻസ് ഒരു ശരിയായ നിയമനിർമ്മാണത്തിന് അവസരമൊരുക്കുന്നില്ല. അതുകൊണ്ട് ഈ ഓർഡിനൻസ് പിൻവലിച്ച് സമഗ്രമായ, വ്യവസായ നയത്തിലധിഷ്ഠിതമായ ഒരു നിയമം അങ്ങ് കൊണ്ടുവന്ന് പാസ്സാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഈ നിരാകരണ പ്രമേയത്തെ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-3-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇന്നത്തെ സാഹചര്യത്തിൽ കേരളത്തിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കണമെന്നതിൽ ആർക്കും തർക്കമില്ല. വിശേഷിച്ച്, ഗൾഫ് രാജ്യങ്ങളിലുള്ള മലയാളികളിൽപലരും ജോലി നഷ്ടപ്പെട്ട് സംസ്ഥാനത്തേയ്ക്ക് തിരിച്ചുവരുമ്പോൾ അവരെ റീഹാബിലിറ്റേറ്റ് ചെയ്യാനും അവർക്ക് തൊഴിലവസരങ്ങളുണ്ടാക്കാനും കൂടുതൽ സംരംഭങ്ങൾ കേരളത്തിൽ ആരംഭിക്കണം. പ്രത്യേകിച്ച്, ചെറുകിട വ്യവസായങ്ങൾക്കാണ് കേരളത്തിൽ എക്കാലത്തും നല്ല ഫൗണ്ടേഷനുണ്ടായിരുന്നത്. വൻകിട വ്യവസായങ്ങൾ ഒരിക്കലും കേരളത്തിന്റെ മുഖമുദ്രയായിരുന്നില്ല. ചെറുകിട വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായിട്ടാണ് വ്യവസായ സംരംഭകരെ കൂടുതൽ encourage ചെയ്യുക എന്ന ലക്ഷ്യത്തോടെ ഈ ബിൽ കൊണ്ടുവന്നത്. പക്ഷേ നേരത്തെ ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് സൂചിപ്പിച്ചതുപോലെ ഇതൊരു സമഗ്ര നിയമമായി കൊണ്ടുവരുന്നതായിരുന്നു കൂടുതൽ ഉചിതം. ഒരു ഓർഡിനൻസ് കൊണ്ടുവന്ന് അത് നിയമമാക്കുന്നതിനെക്കാൾ നല്ലത്, പ്രവാസികളുമായുള്ള നിരന്തരമായ ചർച്ചകളുടെയും എല്ലാ രാഷ്ട്രീയ പാർട്ടികളുമായിട്ടുള്ള കോ-ഓർഡിനേഷന്റെയുമൊക്കെ അടിസ്ഥാനത്തിൽ വിപുലമായ സംവിധാനമുള്ള ഒരു നിയമം കൊണ്ടുവന്നാൽ അത് തീർച്ചയായും കേരളത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് സഹായകരമാകുമെന്ന കാര്യത്തിൽ സംശയമില്ല. ഈ നിയമം കൊണ്ടുമാത്രം ഇവിടെ വ്യവസായ സംരംഭങ്ങൾ ഉണ്ടാകില്ല. ലോക കേരള സഭയിൽ വന്ന ആക്ഷേപത്തെക്കുറിച്ച് ഞാൻ പത്രത്തിൽ വായിച്ചു. അവരുടെ ആക്ഷേപം പരിഹരിക്കുന്നതിനുവേണ്ടിയുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ ഈ നിയമത്തിലില്ല. ലോക്കൽ ബോഡി സ്ഥാപനങ്ങളിൽ സെക്രട്ടറിക്ക് കൂടുതൽ അധികാരങ്ങൾ നൽകുന്നതിനെക്കുറിച്ച് മാത്രമാണ് ഈ ബില്ലിൽ വന്നിട്ടുള്ളത്. അങ്ങനെയൊന്നുമില്ല,

ലോക്കൽ ബോഡിക്ക് തന്നെയാണ് അവകാശം എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. പക്ഷേ ഇതിലെ ചില വാചകങ്ങൾ, 'ഗ്രാമപഞ്ചായത്ത് ' എന്ന വാക്കിനുപകരം 'സെക്രട്ടറി ' എന്ന വാക്ക് ചേർക്കേണ്ടതാണ് എന്നുപറയുമ്പോൾ ഗ്രാമപഞ്ചായത്തുകളിലെയും നഗരസഭകളിലെയും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെക്കാൾ ഉദ്യോഗസ്ഥർക്ക് കാര്യങ്ങൾ തീരുമാനിക്കാനുള്ള അവകാശം വന്നുചേരുന്നു. ഏത് ലോക്കൽ ബോഡിയിൽ ഏത് പാർട്ടി ഭരിച്ചാലും ഒരു വ്യവസായ സംരംഭം വരുമ്പോൾ അതിന്റെ ഗുണദോഷങ്ങൾ ചർച്ച ചെയ്ത് amicable ആയ തീരുമാനമാണ് ഏത് ഭരണസമിതിയാണെങ്കിലും കൈക്കൊള്ളുന്നത്. അതിന് രാഷ്ട്രീയമില്ല. നിർദ്ദേശിക്കുന്ന വ്യവസായങ്ങൾ ആ പ്രദേശത്തിന് ചേർന്നതാണോ, അതുകൊണ്ട് എന്തെങ്കിലും ഗുണമോ ദോഷമോ ഉണ്ടാകുമോ എന്നൊക്കെ സവിസ്താരം ചർച്ച ചെയ്യേണ്ട ബോഡി തദ്ദേശഭരണ സ്ഥാപനങ്ങളാണ്. സെക്രട്ടറിക്ക് അവകാശം കൊടുത്താൽ അദ്ദേഹത്തിന്റെ ഇഷ്ടത്തിനനുസരിച്ചായിരിക്കും കാര്യങ്ങൾ നടക്കുന്നത്. തിരുവനന്തപുരം കോർപ്പറേഷൻ കേരളത്തിലെ ഏറ്റവും വലിയ തദ്ദേശഭരണ സ്ഥാപനമാണ്. 100 അംഗങ്ങളുള്ള കോർപ്പറേഷനാണ്. ഈ കോർപ്പറേഷനിലെ 100 അംഗങ്ങളെക്കാൾ സെക്രട്ടറി കാര്യങ്ങൾ തീരുമാനിച്ചാൽ, നമ്മൾ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട് വന്നവരാണ്; നഗരസഭാംഗങ്ങളും പഞ്ചായത്ത് മെമ്പർമാരും തെരഞ്ഞെടുപ്പിലൂടെ വന്നവരാണ്, അങ്ങനെയുള്ളവരുടെ അവകാശങ്ങൾക്കുമേൽ സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥർ കൈകടത്തുമെന്നുള്ള ഭയമാണ് ഇവിടെ പല അംഗങ്ങളും പ്രകടിപ്പിച്ചത്.

പക്ഷെ, അതിന് ചില ഭേദഗതികളും പറയുന്നുണ്ട്. ഇനി അഥവാ എന്തെങ്കിലും മിസ്റ്റേക്ക് വന്നാൽ ഉടനെ തിരിച്ച് ലോക്കൽ ബോഡിക്ക് വരണം. ഉദ്യോഗസ്ഥർ ചെയ്ത പിഴവിനെക്കുറിച്ച് മാത്രം ചർച്ച ചെയ്തതുകൊണ്ട് കാര്യമില്ല. അതേസമയം, കൗൺസിലിന്റെ അംഗീകാരത്തോടുകൂടിയാണ് അല്ലെങ്കിൽ പഞ്ചായത്തിന്റെ അംഗീകാരത്തോടുകൂടിയാണ് ഒരു വ്യവസായ സംരംഭം ആരംഭിക്കുന്നതെങ്കിൽ അതിന് ജനങ്ങളുടെ സപ്പോർട്ടുണ്ടാകും. പലപ്പോഴും നമ്മൾ കാണുന്ന പ്രവണത, വ്യവസായ സംരംഭം വരുമ്പോൾ അതിനെതിരായി പ്രാദേശികമായുള്ള സമരങ്ങളും വികാരങ്ങളും ഉണ്ടാകുന്നുണ്ട്. നേരേമറിച്ച് ലോക്കൽ ബോഡിയാണ് ഇത് തീരുമാനിക്കുന്നതെങ്കിൽ അങ്ങനെ ഒരു ഡിസ്പ്യൂട്ട് ഉണ്ടാകാനുള്ള സാധ്യതയില്ല. നാളെ കൂടുതൽ വ്യവസായങ്ങൾ വരാനാണ് നമ്മൾ ആഗ്രഹിക്കുന്നതെങ്കിൽ, തദ്ദേശഭരണ സ്ഥാപനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ട്, ചർച്ചചെയ്ത് അവരുടെ അംഗീകാരത്തോടുകൂടി കാര്യങ്ങൾ നടപ്പാക്കിയാൽ അത് സംരംഭകർക്ക് കൂടുതൽ സഹായകരമാകും. വരുന്ന സംരംഭകൻ ഏത് തരക്കാരനാണെന്ന് നമുക്ക് ഇതിലൂടെ തിരിച്ചറിയാനും സാധിക്കും. ചിലത് ഒറിജിനലായിരിക്കും ചിലത് വ്യാജമായിരിക്കും. വ്യാജന്മാരെ കണ്ടുപിടിക്കാൻ തീർച്ചയായും ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട

ഭരണസമിതി തന്നെയാണ് സഹായിക്കുക. ഇവിടെ ഭൂമിയുടെ കാര്യം പറഞ്ഞത് ഞാൻ ആവർത്തിക്കുന്നില്ല. അതൊരു പ്രധാന ഘടകമാണ്. തിരുവനന്തപുരം നഗരത്തിലെ കാര്യങ്ങൾ എനിക്കറിയാം. സർക്കാരിന്റെ ഭൂമി വർഷങ്ങളായി പല മാന്യന്മാരും കൈവശം വച്ചിരിക്കുകയാണ്. ഏത് സർക്കാർ അധികാരത്തിൽ വന്നാലും കയ്യേറിയ സർക്കാർ ഭൂമി സ്വന്തം അധീനതയിൽവയ്ക്കുന്ന പലരും നമ്മുടെ സംസ്ഥാനത്തുണ്ട്. അവരുടെ തറവാട് സ്വത്തുപോലെയാണ് ഇപ്പോഴും അവരത് കൈകാര്യം ചെയ്യുന്നത്. ഒരു വികസനം വരുന്നതിന് സ്ഥലം വിട്ടുതരില്ലെന്ന് പറയും, രേഖ പരിശോധിക്കുമ്പോൾ അത് സർക്കാർ ഭൂമിയായിരിക്കും. ഒരു വ്യവസായം തുടങ്ങുന്നതിനുള്ള ഭൂമി പ്രത്യേകിച്ച് നഗരങ്ങളിൽ കണ്ടെത്താൻ വളരെ പ്രയാസമാണ്.

രണ്ടാമത്തെ പ്രശ്നം, ഇതിനായി വായ്പ അനുവദിക്കുമ്പോഴുള്ളതാണ്. പല വായ്പകളും കടലാസ്സിൽ മാത്രമേയുള്ളൂ. വിദ്യാഭ്യാസ ലോൺ നാഷണലൈസ്ഡ് ബാങ്കുകൾ കൊടുക്കുന്നുവെന്നാണ് വയ്പ്. ഒരു ജനപ്രതിനിധിയായ എനിക്കറിയാം, നാഷണലൈസ്ഡ് ബാങ്കിൽ ചെന്നാൽ എങ്ങനെ വായ്പ കൊടുക്കാമെന്നല്ല, എങ്ങനെ കൊടുക്കാതിരിക്കാമെന്നാണ് ഗവേഷണം നടത്തുന്നത്. കെ.എഫ്.സി., കെ.എസ്. എഫ്.ഇ. പോലുള്ള സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥാപനങ്ങളിൽ വായ്പയുടെ പലിശ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ കുറെക്കൂടി ഉദാരമായ സമീപനം സ്വീകരിച്ചാൽ മാത്രമേ കൂടുതൽ ആളുകളെ നമ്മുടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കാൻ കഴിയുകയുള്ളൂ. ഇതിനെല്ലാം ഉപരിയായി, ചില യാഥാർത്ഥ്യങ്ങൾ കാണാതെ പോകരുത്. ഇന്ന് കേരളത്തിലേയ്ക്ക് പലരും വരാൻ മടിക്കുന്നത് എന്തുകൊണ്ടാണ്? അടിക്കടിയുണ്ടാകുന്ന ഹർത്താലുകൾ കാരണം നമ്മുടെ സംസ്ഥാനത്ത് വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ പലരും തയ്യാറാകുന്നില്ല. നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലനറിയാം, കഴിഞ്ഞ നിയമസഭയിൽ ആഭ്യന്തര വകുപ്പുമന്ത്രിയായിരുന്ന ഇന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തല ഒരു ഹർത്താൽ നിയന്ത്രണ ബിൽ സഭയിൽ കൊണ്ടുവന്നത്. ഒരു ഭരണകക്ഷി അംഗമായിരുന്നിട്ടുപോലും ആ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് ഈ സഭയിൽ പ്രമേയം കൊണ്ടുവന്നത് ഞാനാണ്. ഞാൻ പറഞ്ഞത്, ഇത് ഭരിക്കുന്ന കക്ഷിയുടെ ഭൂരിപക്ഷമനുസരിച്ച് പാസ്സാക്കേണ്ടതല്ല, സഭയുടെ പൊതു അംഗീകാരത്തോടുകൂടി നിയമമാക്കണമെങ്കിൽ ഇതൊരു സെലക്ട് കമ്മിറ്റിക്ക് വിട്ട് തെളിവെടുപ്പ് നടത്തി ഈ നിയമം സഭ ഒരുമിച്ച് പാസ്സാക്കുന്ന ഒരു അന്തരീക്ഷമുണ്ടാകണം എന്നാണ്. അതിന് സെലക്ട് കമ്മിറ്റി രൂപീകരിക്കുകയും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെല്ലാം സിറ്റിംഗ് നടത്തുകയും ചെയ്തു. സിറ്റിംഗ് കഴിഞ്ഞപ്പോൾ ഇലക്ഷൻ പ്രഖ്യാപിക്കേണ്ട സമയമായി. ബഹുമാനപ്പെട്ട ഇന്നത്തെ നിയമ വകുപ്പുമന്ത്രിതന്നെയാണ് അന്ന് എന്നോട് സൂചിപ്പിച്ചത്, നിങ്ങൾ ഭൂരിപക്ഷത്തിന്റെ രീതിയിൽ പാസ്സാക്കുകയാണെങ്കിൽ

പാസ്സാക്കിക്കൊള്ളൂ, പക്ഷെ ഒരു കൺസൻസസ്സാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഇത് മാറ്റിവയ്ക്കുകയാണ് നല്ലതെന്ന്. ആ നിർദ്ദേശം അംഗീകരിച്ചുകൊണ്ട് അന്ന് അത് സംബന്ധിച്ച തുടർനടപടികൾ നിർത്തിവച്ചു. ഹർത്താലിന് അവകാശമില്ലെന്ന് ഞാൻ പറയുന്നില്ല. ഇന്ന് വാഹന പണിമുടക്കാണ്. ഭരണകക്ഷിയും പ്രതിപക്ഷവും ഒരുമിച്ചാണ് ഇന്നത്തെ വാഹന പണിമുടക്ക് നടത്തുന്നത്. ചില സാഹചര്യങ്ങളിൽ ഏത് രാഷ്ട്രീയ പാർട്ടിക്കും ഹർത്താൽ നടത്തേണ്ടിവരും. പക്ഷെ, ഇവിടത്തെ അവസ്ഥയെന്താണ്; അഖിലേന്ത്യാതലത്തിൽ ഒരു ഹർത്താൽ പ്രഖ്യാപിച്ചാലും അത് ബാധിക്കുന്ന ഒരേയൊരു സംസ്ഥാനം കേരളം മാത്രമയുള്ളൂ. ഉത്തരേന്ത്യയിലും മറ്റ് സംസ്ഥാനങ്ങളിലുമൊക്കെ ചെന്നാൽ ഇങ്ങനെ ഒരു ഹർത്താൽ നടക്കുന്നുണ്ടെന്നുപോലും തോന്നില്ല. ഡൽഹിയിൽ ചെന്നാൽ ഹർത്താലിന്റെ ഒരു പ്രതീതിയും കാണില്ല. പക്ഷെ, ഹർത്താൽ എന്ന വാക്ക് അടുത്തുകൂടി പോയാൽ അത് ഏറ്റവും ബാധിക്കുന്ന ഒരു സംസ്ഥാനം കേരളമാണ്. അതിനൊരു നിയന്ത്രണം വേണമെന്നാണ് കഴിഞ്ഞ സഭയിൽ കൊണ്ടുവന്ന പ്രമേയം. അല്ലാതെ ഹർത്താൽ നിരോധനമല്ല, ഹർത്താൽ നിയന്ത്രണ ബില്ലാണ്. തീർച്ചയായും, ഹർത്താൽ പ്രഖ്യാപിക്കുമ്പോൾ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത രീതിയിൽ കുറച്ച് നേരത്തെ പ്രഖ്യാപിക്കണം. അങ്ങനെ ചില നിയമങ്ങളുണ്ടായിരുന്നു. അപ്പുറത്തു നിന്നും ഇപ്പുറത്തേക്ക് സീറ്റ് മാറിയെങ്കിലും എന്റെ അഭിപ്രായം മാറിയിട്ടില്ല. ഹർത്താലിന് നിയന്ത്രണം വേണമെന്നുള്ള അഭിപ്രായംതന്നെയാണ് അന്നും ഇന്നും എനിക്കുള്ളത്. അക്കാര്യംകൂടി ചർച്ച ചെയ്ത് നിയമമാക്കിയാൽ മാത്രമേ സംരംഭകർ വരികയുള്ളൂ. അല്ലെങ്കിൽ നമുക്കിങ്ങനെ പ്രമേയം പാസ്സാക്കാം.

ലോക കേരള സഭയിൽ വന്ന ചർച്ചകളെക്കുറിച്ചൊക്കെ ഞാൻ പത്രത്തിൽ വായിച്ചതാണ്. ഇവിടെ വന്നാൽ ഉദ്യോഗസ്ഥരെചെന്ന് കണ്ട് ചെരിപ്പ് തേയുന്നു, നല്ല സൗകര്യങ്ങളില്ല, ചുവപ്പ്നാടയിൽ കുരുങ്ങിക്കിടക്കുന്നു, ഹർത്താലിന് ഒരു നിയന്ത്രണം ഏർപ്പെടുത്തിക്കൂടേ തുടങ്ങിയ ചർച്ചകളായിരുന്നു പ്രധാനമായും വന്നത്. നമ്മൾ ഒരു നിയമം പാസ്സാക്കുമ്പോൾ അതിന്റെ ഗുണം നാളെ ലഭിക്കണമെന്നുണ്ടെങ്കിൽ തീർച്ചയായും ഒരു സമഗ്ര നിയമംതന്നെ നിർമ്മിക്കേണ്ടതാണ്. ഒരു ഓർഡിനൻസിലൂടെ പെട്ടെന്ന് കൊണ്ടുവന്ന് ഈയൊരു ബിൽ പാസ്സാക്കിയതുകൊണ്ട് വ്യവസായ സംരംഭങ്ങൾ കേരളത്തിലേയ്ക്ക് വരുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നില്ല. അതുകൊണ്ട് ഒരു സമഗ്രമായ നിയമം നമുക്കിവിടെ പാസ്സാക്കിയെടുക്കണം. ലോക കേരള സഭയെക്കുറിച്ച് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ചില കാര്യങ്ങൾ പറഞ്ഞു. ഞാൻ അതിന്റെ മറ്റ് കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. അദ്ദേഹം പറഞ്ഞതിനോടൊക്കെ പരസ്യമായി യോജിപ്പ് പ്രകടിപ്പിച്ചിട്ടുള്ള ഒരാളാണ് ഞാൻ. പ്രവാസികളുടെ സംഗമം നടത്തുന്നതിൽ തെറ്റില്ല. അതിന്റെ ഘടനയും രൂപവുമൊന്നും ശരിയായില്ല.

ഞാൻ വരാതിരുന്നത് അതുകൊണ്ടല്ല. ഒരു ലിസ്റ്റ് കണ്ടു. ലിസ്റ്റിൽ എന്റെ സീറ്റ് നമ്പർ 402 ആയിരുന്നു. സഭയിൽ നോമിനേറ്റഡ് അംഗം ഉൾപ്പെടെ 141 അംഗങ്ങളെയുള്ളൂ. 141-ാം നമ്പർ സീറ്റായിരുന്നെങ്കിലും എനിക്ക് പ്രയാസമില്ലായിരുന്നു. കാരണം നമ്മളൊക്കെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ട് വന്നവരാണ്. അഡീഷണലായി വരുന്ന കുറേ ആളുകൾക്കിടയിൽ 402-ാം നമ്പർ സീറ്റിൽ ഇരിക്കണ്ടെന്ന് മാത്രമേ ഞാൻ വിചാരിച്ചുള്ളൂ.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ലോക കേരള സഭയിൽ എം.എൽ.എ.-മാരെ മുഴുവൻ ഒരു ദിശയിലാണ് ഇരുത്തിയിരുന്നത്. പ്രവാസികൾ എതിർ ദിശയിലാണ് ഇരുന്നത്. എന്തോ ഒരു തെറ്റിദ്ധാരണ വന്നിട്ടുണ്ടെന്ന് തോന്നുന്നു. എം.എൽ.എ.-മാർക്കെല്ലാം ഒരേ ദിശയിലായിരുന്നു സീറ്റ്. അവരുടെ മുമ്പിൽ എം.പി.മാരും മന്ത്രിമാരും മാത്രമേയുള്ളൂ.

ശ്രീ. കെ. മുരളീധരൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ ആദ്യദിവസം ഇറങ്ങിപ്പോയതുതന്നെ അദ്ദേഹത്തെ പലരുടെയും പിന്നിൽ ഇരുത്തിയെന്നുള്ള പരാതിമൂലമാണ്. അത് ഒന്നാമത്തെ തെറ്റ്. രണ്ട്, നമ്മളൊക്കെ ഈ സഭയിലെ അംഗങ്ങളല്ലേ; നമ്മളൊക്കെ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടുവന്ന് ഈ സഭയിൽ ഭരണഘടന തൊട്ട് സത്യം ചെയ്തവരല്ലേ; നമ്മളെക്കൊണ്ട് വീണ്ടുമൊരു സത്യപ്രതിജ്ഞ ചെയ്യിക്കുന്നതിന്റെ ആവശ്യമെന്തായിരുന്നു? പിന്നീട് അത് പിൻവലിച്ചു. സഭാദ്ധ്യക്ഷനോടും നിയമ വകുപ്പുമന്ത്രിയോടുമാണ് അത് സംബന്ധിച്ച് എനിക്ക് ചോദിക്കാനുള്ളത്. ഒരിക്കലും ഒരു കോൺസ്റ്റിറ്റ്യൂഷണൽ സഭയിലെ അംഗങ്ങളെ ഒരു അൺകോൺസ്റ്റിറ്റ്യൂഷണൽ സഭയിലെ അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്യിക്കുന്നതുപോലെയുള്ള ഒരാലോചനയേ വരാൻ പാടില്ലായിരുന്നു. അങ്ങനെ ഒരു ചിന്തപോലും ഉണ്ടാകരുതായിരുന്നു. അവിടെ സത്യപ്രതിജ്ഞയുടെ ആവശ്യമെന്താണ്? ഗവൺമെന്റ് ക്ഷണിച്ച ആളുകൾ ക്ഷണക്കത്തുമായി വരുന്നു. ഇങ്ങനെയൊക്കെയുള്ള അപാകതകൾ നിസ്സാരമല്ലല്ലോ; സത്യപ്രതിജ്ഞയെന്ന് പറയുന്നത് നിസ്സാരമായ കാര്യമാണോ; അതുപോലെതന്നെയാണ് സീറ്റിന്റെ ക്രമീകരണവും. സാധാരണഗതിയിൽ ഒരു പ്രവാസിയുടെ അടുത്ത് നമ്മളെ ഇരുത്തിയാൽ നമുക്ക് സന്തോഷമേയുള്ളൂ. കാരണം, അവരുടെ വരുമാനം കൊണ്ടാണ് നമ്മൾ ഇവിടെ സുഖമായി ജീവിക്കുന്നത്. അവരുടെ ജോലി സ്ഥലത്ത് പോയാൽ എത്രമാത്രം സ്നേഹത്തോടുകൂടിയാണ് അവർ നമ്മളെ സ്വീകരിക്കുന്നത്. അതിലൊക്കെ നമുക്ക് സന്തോഷവും അഭിമാനവുമേയുള്ളൂ. പക്ഷെ, ഇത് അതല്ലല്ലോ; ഇവിടെ നമ്മുടെ മുമ്പിൽ ഇരുത്തിയിട്ടുള്ളത് ആരെയൊക്കെയാണെന്ന് എല്ലാവർക്കുമറിയാം. അതൊന്നും ഞാൻ പറയുന്നില്ല. നല്ല കാര്യത്തിനുവേണ്ടി ഒരു സംവിധാനം ചേരുമ്പോൾ അതിന്റേതായ ഡിഗ്നിറ്റി പാലിക്കണമെന്ന് മാത്രമേ പറയുന്നുള്ളൂ. അല്ലാതെ

പ്രവാസികൾക്കുവേണ്ടി എന്തുകാര്യം ചെയ്താലും അതിന് പ്രതിപക്ഷത്തിന്റെ പൂർണ്ണ പിന്തുണ ഉണ്ടാകുമെന്നുള്ളതിന്റെ ഉദാഹരണമാണ് ഇങ്ങനെയെല്ലാം സംഭവിച്ചിട്ടും ഒരു ബഹിഷ്കരണവുമുണ്ടാകാഞ്ഞത്. അതുകൊണ്ട് ഈയൊരു കൺസൻസസ്സിൽ നല്ലൊരു വ്യവസായ നയം കൊണ്ടുവരാൻ ഗവൺമെന്റ് മുൻകയ്യെടുത്താൽ തീർച്ചയായും എല്ലാവരുടെയും പൂർണ്ണ സഹായസഹകരണങ്ങളുണ്ടാകും. ഇതിനായി ഒരു സമഗ്ര നിയമം കൊണ്ടുവരണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. ആർ. രാജേഷ്</u>: 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. കേരളത്തിൽ ഒരു പുതിയ വ്യവസായ അന്തരീക്ഷം ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഏഴ് ആക്ടുകളിൽ ഭേദഗതികൾ വരുത്തി രണ്ട് ബില്ലുകളായി ഇന്ന് സഭയിൽ അവതരിപ്പിച്ചിട്ടുള്ളത്. വളരെ തുറന്ന സമീപനമാണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. കേരളത്തിൽ ഒരു പുതിയ വ്യാവസായിക അന്തരീക്ഷം ഉണ്ടാക്കുന്നുവെന്ന് മാത്രമല്ല, നൂറ് ശതമാനം സാക്ഷരത കൈവരിച്ച നമ്മുടെ സംസ്ഥാനത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ ഒരു നയംകൂടിയാണ് വ്യവസായ വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. വളരെ തുറന്ന സമീപനമാണ് ഭരണപക്ഷത്തിനുള്ളതെന്ന് പ്രതിപക്ഷംതന്നെ ഇവിടെ ചൂണ്ടിക്കാണിച്ചു. കേരളത്തിന്റെ വ്യവസായ മേഖലയിലേയ്ക്ക് നിക്ഷേപകർക്കും സംരംഭകർക്കും വാതിൽ തുറന്നുകൊടുക്കുന്ന ഒരു സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത്തരമൊരു അന്തരീക്ഷം കേരളത്തിൽ ഉണ്ടാകണമെന്നത് നമ്മുടെ ദീർഘകാലമായ ആവശ്യമാണ്. നമുക്ക് വലിയ പൊതുമേഖലാ സ്ഥാപനങ്ങൾ മാത്രം പോര. പ്രാദേശികമായി കൂടുതൽ ആളുകൾക്ക് തൊഴിൽ നൽകാൻ കഴിയുന്ന ചെറുകിട ഇടത്തരം സംരംഭങ്ങൾ നമ്മുടെ നാട്ടിൽ ആരംഭിക്കുന്നതിന് നിലനിൽക്കുന്ന പ്രതിസന്ധികൾ വേഗത്തിൽ മറികടക്കാൻ കഴിയുന്ന ഒരു നിയമമാണിത്. വ്യവസായങ്ങൾ വളരെ വേഗത്തിൽ ആരംഭിക്കേണ്ടത് തന്നെയാണ്. Ease of doing business-ന്റെ ഭാഗമായി കേരളം ഇന്ത്യയിൽ വളരെ പുറകിൽ നിൽക്കുന്ന ഒരു സംസ്ഥാനമാണ്. നീതി ആയോഗിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Ease of doing business-ൽ രാജ്യത്തിന്റെ ശരാശരി 118 ദിവസമാണ്. എന്നാൽ കേരളത്തിൽ 214 ദിവസമാണ്. രാജ്യത്തിന്റെ ശരാശരിയെക്കാൾ ഇരട്ടിയിലാണ് നമ്മുടെ സംസ്ഥാനം നിൽക്കുന്നത്. നമ്മുടെ തൊട്ടടുത്തുള്ള തമിഴ്നാടിന്റെ ശരാശരി 63 ദിവസമാണ്. ആന്ധ്ര പ്രദേശിൽ 67 ആണ്. 30 മുതൽ 60 ദിവസം വരെയാണ് നമ്മൾ തീരുമാനിച്ചതെങ്കിലും അത് 214 ആയി എന്നത് ഒരു യാഥാർത്ഥ്യമാണ്.

കെട്ടിട നിർമ്മാണ അനുമതി കൊടുക്കുന്നതിന് ഹിമാചൽ പ്രദേശിൽ 9 ദിവസമാണ് ശരാശരിയായി കണക്കാക്കിയിട്ടുള്ളത്. കേരളത്തിൽ അത് 134 ദിവസമാണ്. ആ യാഥാർത്ഥ്യബോധത്തോടുകൂടിയാണ്, ആ പ്ലാറ്റ്ഫോമിൽ നിന്നുകൊണ്ടാണ് ഇന്ന് ഇങ്ങനെയൊരു ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ആ യാഥാർത്ഥ്യം ഉൾക്കൊണ്ടുകൊണ്ട് ease of doing business-ൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും മുന്നിലേയ്ക്ക് വരാൻ എങ്ങനെയാണ് കഴിയുക എന്ന ആലോചനയുടെ ഭാഗമായാണ് ഇത്തരമൊരു നിയമം ഇവിടെ നിർമ്മിക്കാൻ തീരുമാനിച്ചത്.

നിക്ഷേപകരും സംരംഭകരും കേരളത്തിലേയ്ക്ക് കടന്നുവരുമ്പോൾ നമ്മുടെ ഉദ്യോഗസ്ഥരുടെ സമീപനത്തിൽ ഉണ്ടാകേണ്ട മാറ്റംകൂടി ഇതിൽ വളരെ പ്രാധാന്യമർഹിക്കുന്നു. നമ്മുടെ എക്സിക്യൂട്ടീവിന്റെ മുൻപിലേയ്ക്ക് കടന്നുവരുന്ന ഏതൊരാൾക്കും എങ്ങനെയാണ് കാര്യങ്ങൾ ചെയ്തുകൊടുക്കേണ്ടത് എന്നതിനെക്കുറിച്ച് ആലോചിക്കുകയും അത്തരം നിക്ഷേപകർക്ക്/സംരംഭകർക്ക് എത്രയുംവേഗം സംരംഭങ്ങൾ ആരംഭിക്കാൻ ആവശ്യമായ അനുവാദം കൊടുക്കാൻ കഴിയുന്നതിനെക്കുറിച്ചുമാണ് ഈ ബില്ലിൽ വളരെ പ്രാധാന്യം കൊടുത്തിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

<u>ശ്രീ. രാജു എബ്രഹാം</u>: സർ, കേരളത്തിന്റെ വ്യവസായ രംഗത്ത് വളരെ വിപ്ലവകരമായ മാറ്റംകൊണ്ടുവരാൻ കഴിയുന്ന ഒരു പ്രധാനപ്പെട്ട നിയമനിർമ്മാണത്തിന്റെ ചർച്ചയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഉദ്യോഗസ്ഥരുടെ സമീപനത്തെ പറ്റിയാണ് അങ്ങിവിടെ സൂചിപ്പിച്ചത്. കേരളത്തിൽ 40 ഏക്കർ സ്ഥലം വാങ്ങി ഫാക്ടറി നിർമ്മിക്കാൻവന്ന ഒരു പ്രവാസി അദ്ദേഹത്തിന്റെ അനുഭവകഥ ലോക കേരള സഭയിൽ പറയുകയുണ്ടായി. അദ്ദേഹം രണ്ടുവർഷം ഓഫീസുകൾ കയറിയിറങ്ങിയിട്ടും ലൈസൻസ് കിട്ടിയില്ല. ഒടുവിൽ സ്ഥലംവിറ്റ് ഡൽഹിയിൽ പോയി അദ്ദേഹം യൂണിറ്റ് തുടങ്ങി. എന്റെ മണ്ഡലത്തിൽ ഒരു ലൈസൻസിന്റെ പിരീഡ് തീരുന്നതിന് മൂന്ന് മാസംമുൻപ് അപേക്ഷ കൊടുത്തിട്ട് പുതുക്കി കൊടുത്തില്ല. ആ സ്ഥാപനം നിർത്തിവച്ചിട്ട് ഒരു മാസം കഴിഞ്ഞു. ഇങ്ങനെയുള്ള വളരെ ഗുരുതരമായ തെറ്റുകൾ ചെയ്യുന്ന ആളുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ഒരു പീനൽ പ്രൊവിഷൻ ഇവിടെ കൊടുത്തിട്ടില്ല. പോലീസ് ഡിപ്പാർട്ട്മെന്റിൽ ഗുരുതരമായ അച്ചടക്കലംഘനം നടത്തുന്നവരെ പിരിച്ചുവിടും. അതുപോലെ സർക്കാരിന്റെ നയങ്ങളെ അട്ടിമറിക്കുന്ന ഏതെങ്കിലും ഉദ്യോഗസ്ഥരുണ്ടെങ്കിൽ അവർക്കെതിരെ പിരിച്ചുവിടൽ ഉൾപ്പെടെയുള്ള വിവിധതരത്തിലുള്ള ശിക്ഷാനടപടികൾ ഈ നിയമത്തിൽ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. ആർ. രാജേഷ്: സർ, വളരെ പ്രധാനപ്പെട്ട ഒരു നിർദ്ദേശമാണ് അങ്ങ് മുന്നോട്ടുവച്ചിട്ടുള്ളത്. ശ്രീ. കെ. മുരളീധരൻ ചൂണ്ടിക്കാണിച്ചത്, ജനപ്രതിനിധികളെ മറികടന്ന് ഉദ്യോഗസ്ഥർക്ക് മാത്രമായി പ്രത്യേക അധികാരം കൊടുക്കുന്നതിനെ കുറിച്ചാണ്. മുൻപും അങ്ങനെയാണ്. അത്തരം നിർമ്മാണത്തിന് ആവശ്യമായ പെർമിറ്റ് കൊടുക്കാനും സ്റ്റോപ്പ് മെമ്മോ കൊടുക്കാനും ലൈസൻസ് കൊടുക്കാനും ആവശ്യമായ അധികാരം മുൻപും ചുമതലപ്പെടുത്തിയിട്ടുള്ളത് സെക്രട്ടറിയിൽ തന്നെയാണ്. ആ നിക്ഷിപ്ത അധികാരം സെക്രട്ടറിക്കാണ്. പ്രത്യേക അധികാരം ഈ ബില്ലിന്റെ ഭാഗമായി സെക്രട്ടറിക്ക് കൊടുക്കുന്നില്ല. അതിന്റെ പരിപൂർണ്ണമായ അധികാരം സെക്രട്ടറിക്ക് തന്നെയാണ്. അത്തരം ഉദ്യോഗസ്ഥർ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ, പ്രവർത്തിക്കാത്ത ഉദ്യോഗസ്ഥരെ എന്താണ് ചെയ്യാനാവുക എന്നാണ് ബഹുമാനപ്പെട്ട റാന്നി എം.എൽ.എ. ചോദിച്ച പ്രധാനപ്പെട്ട വിഷയം. നിക്ഷേപകർ ലൈസൻസിനുള്ള അപേക്ഷ കൊടുക്കുമ്പോൾ ഉദ്യോഗസ്ഥർ അതിന്മേൽ സമയബന്ധിതമായി കാര്യങ്ങൾ തീർപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കുകയും സമയബന്ധിതമായി അത്തരം കാര്യങ്ങൾ ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ ആവശ്യമായ ഒരു പ്രൊവിഷൻകൂടി ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതുമാണ്. അക്കാര്യം ഗവൺമെന്റ് പരിശോധിക്കണമെന്ന് പറയുകയാണ്.

ലോക കേരള സഭയിൽ ആ പ്രവാസി പറഞ്ഞ അനുഭവങ്ങൾ നേരിട്ടുകേട്ട ഒരാൾകൂടിയാണ് ഞാൻ. ലോക കേരള സഭയിൽ നമ്മൾ ഏത് സീറ്റിലിരുന്നു എന്നുള്ളതിനെ അളവുകോലാക്കേണ്ടതില്ല. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. കെ. മുരളീധരനുമൊക്കെ കുറച്ചുകൂടി മുൻപിലിരിക്കേണ്ടവരാണ് എന്ന അഭിപ്രായമാണ് ഞങ്ങൾക്കുള്ളത്. അവരുടെ അഭിപ്രായങ്ങളെ വിലകുറച്ച് കാണുന്നില്ല. അനുഭവസമ്പത്തും പാരമ്പര്യവുമുള്ള കോൺഗ്രസ്സിലെ ആളുകളാണ് അവർ. പ്രവാസികളുടെ പണം ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള നാടിന്റെ വികസനത്തെക്കുറിച്ച് നമ്മൾ ആലോചിക്കുമ്പോൾ അവരെ ആദരിക്കേണ്ടത് നമ്മൾ അവിടെ പോയിട്ടല്ല. പ്രവാസികൾ നമ്മെ ഇവിടെ നിന്ന് വിളിച്ചുകൊണ്ടുപോയി അവിടെ നൽകുന്ന ഒരു ആതിഥേയത്വമുണ്ട്. അവർ നമ്മളെ സ്വീകരിച്ചുകൊണ്ടുപോയി അവിടെ എങ്ങനെയാണോ ട്രീറ്റ് ചെയ്തത് അതുപോലെയുള്ള മര്യാദ അവർ ഇവിടെ വരുമ്പോൾ നമ്മളും കാണിക്കേണ്ടതുണ്ട്. ആ മര്യാദയാണ് കേരളത്തിലെ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഏതെങ്കിലുമൊരു പ്രവാസിയെ ഒരു എം.എൽ.എ.യുടെയും മുമ്പിലിരുത്തിയിട്ടില്ല. പ്രവാസികൾ വെറുതെ വന്നവരല്ല. നമ്മുടെ ക്ഷണം സ്വീകരിച്ച് എത്തിയവരാണ്. അവരെ അതിഥി ദേവോ ഭവ: എന്നുപറയുന്നതുപോലെ ആദരിക്കേണ്ടതുണ്ട്. കേരളത്തിന്റെ

വികസനത്തിൽ പങ്കാളികളായിമാറേണ്ട അവർ ലക്ഷക്കണക്കിന് വരുന്ന വിദേശ മലയാളികളുടെ പ്രതിനിധികളാണ്. കേരളത്തിനും ഇന്ത്യയ്ക്കും പുറത്ത് ജോലി ചെയ്യുന്ന പ്രവാസികളുടെ പ്രതിനിധികളാണ്. ആ പ്രവാസി സമൂഹത്തെയാണ് കേരള സർക്കാർ ആദരിച്ച് മുന്നിലിരുത്തിയിട്ടുള്ളത്.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, പ്രവാസികളെ ഒരു നിക്ഷേപത്തിനു വേണ്ടി വിളിച്ചുകൊണ്ടുവരിക എന്ന രീതിയിലുള്ള ഒരു സഭയായിരുന്നില്ല അത്. കേരളത്തിന് പുറത്തും ഇന്ത്യയ്ക്കുപുറത്തും മലയാളം തീർക്കുന്ന, മലയാളത്തിന്റെ മഹത്തായ സംസ്കാരം പ്രസരിപ്പിക്കുന്ന ആളുകളെ ഇത്തരത്തിൽ വിളിച്ചുചേർത്ത ഒരു സംവിധാനം നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഉൾപ്പെടെ അംഗീകരിച്ച കാര്യമാണത്. ഈ സഭയിൽ വ്യത്യസ്തമായ സ്വരങ്ങൾ വന്നുവെന്നത് ശരിയാണ്. എം.എൽ.എ.-മാരേക്കാൾ പ്രാധാന്യം എന്ന രീതിയിൽ അവിടെ വന്നിട്ടില്ല. യഥാർത്ഥത്തിൽ എം.എൽ.എ.-മാരെയും എം.പി.-മാരെയും ഒരേ ദിശയിൽ ഇരുത്തുകയും പ്രവാസികൾ അതേസഭയിൽ ഇവിടെ ഇരിക്കുന്നതുപോലെയുമാണ് ഇരുന്നിട്ടുള്ളത്. പ്രവാസികളുടെ കോൺട്രിബ്യൂഷൻ അംഗീകരിക്കുകയും അവർ നമ്മുടെ സമൂഹത്തിന് നൽകുന്ന സംഭാവനകളെ ആദരിക്കുകയുമാണ് എം.എൽ.എ.-മാരായ നമ്മൾ ചെയ്യേണ്ടത്. വ്യത്യസ്തമായ അഭിപ്രായത്തിന് യാതൊരു പ്രസക്തിയുമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

3.00 p.m]

ശ്രീ. ആർ. രാജേഷ്: സർ, ഒരു സംരംഭകൻ ലൈസൻസിന് അപേക്ഷ കൊടുത്താൽ മുപ്പത് ദിവസത്തിനുള്ളിൽ ലൈസൻസ് കൊടുക്കണമെന്നുള്ളതാണ് ഇതിലെ വ്യവസ്ഥ. അദ്ദേഹം സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അത് അഞ്ച് ദിവസത്തിനുള്ളിൽ അറിയിക്കണം. പതിനഞ്ച് ദിവസം കഴിഞ്ഞാൽ ഡീംഡ് ലൈസൻസ് ഓൺലൈനായി കൊടുക്കണമന്ന് ഇതിൽ പറയുന്നുണ്ട്. അപേക്ഷകൻ സ്വയം സാക്ഷ്യപ്പെടുത്തി നൽകുന്ന അപേക്ഷ തെറ്റാണെങ്കിൽ അത് ഓൺലൈനായി സമർപ്പിക്കാൻ കഴിയുമോ? അപേക്ഷയിലെ വിവരങ്ങൾ തെറ്റാണെന്ന് കാണിച്ചുകൊണ്ട് അഞ്ച് ദിവസത്തിനുള്ളിൽ അപേക്ഷകന് മറുപടി കൊടുക്കാതെ മുപ്പത് ദിവസത്തിനുശേഷം അത് പരിശോധിച്ച് തെറ്റ് കണ്ടെത്തുമ്പോൾ ഡീംഡ് ലൈസൻസ് ലഭ്യമാകും. പിന്നീട് അഞ്ചുലക്ഷം രൂപ സംരംഭകനിൽനിന്ന് പിഴ ഈടാക്കുന്നത് ശരിയല്ല. അതുകൊണ്ട് സ്വയം സാക്ഷ്യപ്പെടുത്തിയ അപേക്ഷയിൽ തെറ്റുണ്ടെങ്കിൽ യഥാസമയം അത് കണ്ടെത്തി സംരംഭകനെ ബോധ്യപ്പെടുത്തുകയും അത് തിരുത്തിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യണം. ഇക്കാര്യങ്ങൾ

അടിയന്തരമായി ചെയ്യുന്നുണ്ടെന്ന് ഇതിനകത്ത് ഉറപ്പുവരുത്തേണ്ടതുണ്ട്. ഒരു ലൈസൻസ് കൊടുക്കുന്നതിന് മുൻപായി ഡി.എം.ഒ. സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് വേണ്ടതില്ല എന്നാണ് ബില്ലിനകത്ത് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. പാരിസ്ഥിതിക-മാലിന്യ-ആരോഗ്യ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കാനാവശ്യമായ തുടർ നടപടികൾ ഈ ബില്ലിനകത്ത് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിന്റെ ഒന്നാം ഭാഗം പൈലറ്റ് ചെയ്തുകൊണ്ട് വകുപ്പുമന്ത്രി അവതരിപ്പിച്ചപ്പോൾ രണ്ടാമത്തെ ഭാഗം പരാമർശിച്ചിരുന്നു, അന്ന് പറഞ്ഞതും ഈ ബില്ലിൽ പറഞ്ഞതും തമ്മിൽ വ്യത്യാസമുള്ളത് ഭൂഗർഭജലം എടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യമാണ്. അത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. "എന്നാൽ സംസ്ഥാനത്തെ വിവിധ മേഖലകൾക്കായി ഓരോ മേഖലയിലെയും ഭൂജല ലഭ്യതയുടെ അടിസ്ഥാനത്തിൽ കാലാകാലങ്ങളിൽ ഭൂജല അതോറിറ്റി വ്യക്തമാക്കിയിട്ടുള്ള നിരപ്പിലും താഴെനിന്ന് ഭൂജലമെടുക്കുന്നതിന് യാതൊരു അനുവാദവും ആവശ്യമുള്ളതല്ല" എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങ് ഇവിടെ ബിൽ അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത് ഭൂഗർഭജല നിരപ്പിന് സമാനമായി ജലമെടുക്കുന്നതിന് അനുവാദം ആവശ്യമില്ല എന്നായിരുന്നു. എന്നാൽ ഇപ്പോൾ ബില്ലിൽ പറഞ്ഞിരിക്കുന്നത്, "വ്യക്തമാക്കിയിട്ടുള്ള നിരപ്പിനും താഴെനിന്ന് ഭൂജലമെടുക്കുന്നതിൽ യാതൊരു അനുവാദവും ആവശ്യമില്ല" എന്നാണ്. ഇത് ഗൗരവമായി പരിശോധിക്കേണ്ട പ്രശ്നമാണ്. ഈ വർഷവും കൃത്രിമ മഴ പെയ്യിക്കുന്നതിനെക്കുറിച്ച് അലോചിക്കുന്നു എന്നാണ് ഇന്ന് മാധ്യമങ്ങളിലൂടെ നമുക്കറിയാൻ കഴിഞ്ഞത്. നിലവിലുള്ള കേരളത്തിന്റെ അവസ്ഥ ഇതാണ്, വരൾച്ച രൂക്ഷമാകുകയാണ്. ഇത്രയധികം മഴ പെയ്തിട്ടും ഭൂഗർഭജലം വല്ലാത്ത നിലയിൽ താഴ്ന്നുപോകുകയാണ്. ഒരു വ്യവസായി ഒരു സംരംഭം ആരംഭിച്ചാൽ സ്വാഭാവികമായും ലാഭം പ്രതീക്ഷിക്കും. ഭൂഗർഭജലം ഉപയോഗപ്പെടുത്തേണ്ട വ്യവസായമാണെങ്കിൽ എത്ര താഴേക്ക് ജലം എടുക്കാൻ കഴിയുമെന്ന് പരിശോധിക്കും. ആയതിനാൽ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബന്ധപ്പെട്ട ക്ലോസ് ഗൗരവമായി ഗവൺമെന്റ് പരിശോധിക്കണം. അത് നമ്മുടെ പാരിസ്ഥിതിക വിഷയത്തെ ബാധിക്കുന്നതാണ്. 2002-ലെ കേരള ഭൂജല നിയന്ത്രണവും ക്രമീകരണവും ബില്ലിന്റെ ഭാഗമായി ഒരു ഭേദഗതികൂടി ഗവൺമെന്റ് ഏർപ്പെടുത്താൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. വ്യവസായ സ്ഥാപനങ്ങളിൽനിന്നും പുറന്തള്ളുന്ന മലിനജലം ബന്ധപ്പെട്ടവർ ഏതെങ്കിലും വയലിലേയ്ക്കോ ജലാശയത്തിലേയ്ക്കോ ഒഴുക്കുന്നത് ഇന്ന് സാധാരണമാണ്. വ്യവസായ സ്ഥാപനം നിൽക്കുന്ന പ്രദേശത്തെയും പരിസര പ്രദേശങ്ങളിലേയും വയലും തോടും കിണറുമുൾപ്പെടെയുള്ള ജലാശയങ്ങളെ ഇത് ബാധിക്കും. ഒരു വ്യവസായം ആരംഭിച്ചാൽ ആ സ്ഥാപനം പുറന്തള്ളുന്ന മലിനജലം റീസൈക്കിൾ ചെയ്യണമെന്നുള്ള ഭേദഗതി ഇതിനൊപ്പം ഉൾപ്പെടുത്തിയത് അഭിനന്ദാർഹമാണ്. ഇനി ആരംഭിക്കാൻ പോകുന്ന എല്ലാ വ്യവസായ സ്ഥാപനങ്ങൾക്കും ഇത്തരം റീസൈക്കിളിംഗ് സംവിധാനമുണ്ടോ,

ആരാണ് ഇത് പരിശോധിക്കേണ്ടത്, ഇവയൊക്കെ ഉറപ്പുവരുത്തുന്നുണ്ടോ എന്നുള്ള കാര്യങ്ങളൊക്കെ സബ്ജക്ട് കമ്മിറ്റി ഗൗരവമായി പരിശോധിക്കേണ്ടതാണ്. അഞ്ച് വർഷക്കാലം കൂടുമ്പോൾ നമ്മൾ എന്തു ചെയ്തു, എന്തുനേടി എന്നതിനെക്കുറിച്ച് പരിശോധിക്കേണ്ടതില്ല എന്നുപറയുന്നതിൽ അർത്ഥമില്ല. 2006-2011 കാലഘട്ടം കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായിരുന്നു. ആ ലാഭവിഹിതംകൊണ്ട് കൂടുതൽ പൊതുമേഖലാ സ്ഥാപനങ്ങൾ ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സാധിച്ചു. എന്നാൽ 2011 മുതൽ 2016 വരെയുള്ള കാലഘട്ടം നാല്പത് പൊതുമേഖലാ സ്ഥാപനങ്ങളെയും നഷ്ടത്തിലാക്കിയ കാലഘട്ടമായിരുന്നു. എന്നാൽ ഇപ്പോൾ ആ നാല്പത് പൊതുമേഖലാ സ്ഥാപനങ്ങളും തിരിച്ചുവരവിന്റെ പാതയിലാണ്. ഒരു പൊതുമേഖലാ സ്ഥാപനവും വീണ്ടും നഷ്ടത്തിലേക്ക് പോകുന്നില്ല. ഈ സാമ്പത്തിക വർഷം പതിമൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ നെറ്റ് പ്രോഫിറ്റ് മുപ്പത്തിനാല് കോടി രൂപയാണെന്നുള്ളത് കേരളത്തിലെ വ്യവസായ വകുപ്പിനെയും ഗവൺമെന്റിനെയും സംബന്ധിച്ച് അഭിമാനകരമാണ്. അഞ്ചുവർഷം പൂർത്തീകരിക്കുമ്പോൾ ഈ നാല്പത് പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലേയ്ക്കെത്തിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്ന ഒരു ഗവൺമെന്റ് മുന്നോട്ടുകൊണ്ടുവന്ന ബില്ലാണിത്. നോട്ട് നിരോധനം, ജി.എസ്.ടി., ഗ്ലോബലൈസേഷൻ തുടങ്ങിയ നിരവധി വിപത്തുകൾ സമൂഹം നേരിട്ടുകൊണ്ടിരിക്കുകയാണ്. നവ ഉദാരവത്കരണ നയങ്ങൾ വളരെ തീവ്രതയോടെ നടപ്പിലാക്കുന്ന ഒരു സെൻട്രൽ ഗവൺമെന്റാണ് നമ്മുക്കുള്ളത്. അവർ രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം വിറ്റുതുലയ്ക്കുകയാണ്. അൻപതിനായിരം കോടി രൂപയുടെ ആസ്തിമൂല്യമുള്ള ഭാരത് എർത്ത് മൂവേഴ്സ് ലിമിറ്റഡിനെ കേവലം അഞ്ഞൂറ് കോടി രൂപയ്ക്ക് വിൽക്കാൻ തീരുമാനിക്കുകയാണ്. അത്തരമൊരു വല്ലാത്ത കാലത്താണ് സംസ്ഥാന ഗവൺമെന്റ് വ്യാവസായിക മേഖലയുടെ പുരോഗതിക്കായി ശ്രമിക്കുന്നത്.

മൈഗ്രേഷൻ വളരെ പ്രധാനപ്പെട്ട വിഷയമാണ്. ഗൾഫ് രാജ്യങ്ങളിൽ മാത്രമായി ഏതാണ്ട് നാൽപ്പത് ലക്ഷത്തോളം മലയാളികളുണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഗൾഫ് യുദ്ധകാലത്തുണ്ടായ പ്രതിസന്ധി താൽക്കാലികമായിരുന്നു, അത് യുദ്ധകാല പ്രതിസന്ധി മാത്രമായിരുന്നു. എന്നാൽ ഇപ്പോൾ അതല്ല സ്ഥിതി. ഗൾഫ് സമ്പത്തിന്റെ അടിത്തറ എണ്ണ ഉല്പാദനവും വിതരണവുമാണ്. അമേരിക്കയാണ് ലോകത്ത് ഏറ്റവുമധികം എണ്ണയെ ആശ്രയിക്കുന്ന രാജ്യം. അവർ ഇപ്പോൾ ഷെൽ ഓയിൽ കണ്ടുപിടിച്ചതോടെ ഗൾഫിൽ നിന്നുള്ള എണ്ണയുടെ ഉപയോഗവും വാങ്ങലും പരിമിതപ്പെടുത്തിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഗൾഫിലുണ്ടാകുന്ന സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമായി കേരളത്തെ ബാധിക്കാൻ പോകുകയാണ്. ഇത് കുവൈറ്റ് യുദ്ധകാലത്തുണ്ടായതുപോലുള്ള ഇടക്കാല സാമ്പത്തിക പ്രതിസന്ധിയല്ല,

ലോംഗ് ടേം ക്രൈസിസാണ്. വലിയനിലയിൽ പ്രവാസികൾ കേരളത്തിലേയ്ക്ക് തിരികെവരാൻ പോകുകയാണ്. അങ്ങനെ തിരികെ വരുന്നവർക്ക് നമ്മുടെ ടൂറിസം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിലും കാർഷികാധിഷ്ഠിത വ്യവസായങ്ങളിലും മറ്റ് വ്യവസായങ്ങളിലും നിലവിലുള്ള വ്യവസ്ഥകളിൽ ഇളവുകൊടുത്തുകൊണ്ട് വളരെ വേഗത്തിൽ വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ചൊക്കെ ലോക കേരള സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. അതെല്ലാം പരിശോധിച്ച് ഈ ബിൽ സമ്പുഷ്ടമായ ഒരു നിയമമാക്കി മാറ്റി, നമ്മുടെ സംസ്ഥാനത്തെ ഇന്ത്യയിലെ വ്യാവസായികാന്ത രീക്ഷമുള്ള ഏറ്റവും നല്ല ഒരു സ്റ്റേറ്റാക്കി മാറ്റുന്നതിന് കേരളത്തിലെ ഗവൺമെന്റ് ഇച്ഛാശക്തിയോടെ പ്രവർത്തിക്കുകയാണ്. ആ ഗവൺമെന്റ് അവതരിപ്പിച്ച ഈ ബില്ലിനെ പിന്തുണച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഈ ബില്ലിന്റെ അവതരണവേളയിൽ ക്രമപ്രശ്നങ്ങളും മറ്റും ഉന്നയിക്കുകയുണ്ടായി. അത് സംബന്ധിച്ച് ഗവൺമെന്റ് വിശദീകരണം നടത്തുകയും ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗും നൽകുകയുമുണ്ടായി. ഈ ബില്ലിന്റെ അവതരണത്തിൽ ദുരൂഹതയുണ്ടെന്നുള്ള വാദഗതികൾ നിരർത്ഥകമാണ്. അത്തരമൊരു ദുരൂഹതയൊന്നും ഈ ബില്ലിന്റെ അവതരണത്തിന് പുറകിലില്ല. സ്ഥായിയായ വ്യവസായ വളർച്ചയ്ക്കും നിക്ഷേപ സൗഹൃദ അന്തരീക്ഷമുണ്ടാക്കുന്നതിനും തടസ്സമായി നിൽക്കുന്ന ചില ഘടകങ്ങളിൽ സമയബന്ധിതമായി മാറ്റമുണ്ടാക്കണം. അതിലൊന്ന് ലൈസൻസ് നൽകുന്നതിലുള്ള കാലതാമസമാണ്. ഓരോവർഷവും അതിന്റെ കാലാവധി നീട്ടണമെന്ന കാര്യം തികച്ചും അപ്രായോഗികമാണ്. അനാവശ്യമായി സ്റ്റോപ്പ് മെമ്മോ കൊടുത്ത് സ്ഥാപനങ്ങൾ പൂട്ടിക്കുന്ന നിലപാടിൽ മാറ്റമുണ്ടാകണം. നിരവധി വകുപ്പുകളുടെ നിയമങ്ങൾ വിവിധ തടസ്സങ്ങളുണ്ടാക്കുമ്പോൾ അത് പരിഹരിക്കുന്നതിനായി ഒരു ഏകജാലക ക്ലിയറൻസ് ബോർഡ് ഫലപ്രദമായി പ്രവർത്തിക്കണം. അതിലൂടെ വ്യവസായം തുടങ്ങാൻ എത്തുന്നവർക്ക് കാലതാമസമില്ലാതെ വ്യവസായം ആരംഭിക്കാനുള്ള സാഹചര്യമുണ്ടാകണം. ശ്രീ. ആർ. രാജേഷ് മറ്റ് സംസ്ഥാനങ്ങളിലെ കണക്കുകൾ പറഞ്ഞതിനടുത്തേയ്ക്കെങ്കിലും എത്താൻ സാധിച്ചാൽ നന്നായിരിക്കും. അനുകൂലമായിട്ടുള്ള നിരവധി സാഹചര്യങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ/ സംരംഭക രംഗത്ത് മുന്നോട്ടുപോകാൻ സാധിക്കത്തക്കരീതിയിലുള്ള കാര്യങ്ങളാണ് ഈ ഓർഡിനൻസിലൂടെ കൊണ്ടുവന്നിട്ടുള്ളത്. അത് ഇപ്പോൾ നിയമസഭയുടെ പരിശോധനയ്ക്ക് വയ്ക്കുകയാണ്. സബ്ജക്ട് കമ്മിറ്റികൾ ഇത് മുഴുവൻ പരിശോധിക്കുമെന്ന് ഇവിടെ വ്യക്തമാക്കിയിട്ടുണ്ട്. ആദ്യം അവതരിപ്പിച്ച ബിൽ രണ്ട് സബ്ജക്ട് കമ്മിറ്റികളുടെ പരിശോധനയ്ക്ക് വിടുകയാണ്. ഈ ബില്ലും നാല് സബ്ജക്ട് കമ്മിറ്റികൾ സംയുക്തമായി പരിശോധിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. സബ്ജക്ട് കമ്മിറ്റികളുടെ അവകാശത്തി

ന്മേലുള്ള കടന്നുകയറ്റം ഇതിന്റെ ഭാഗമായിട്ടില്ല. ഇത് ആദ്യത്തെ സംഭവവുമല്ല. 2000-ലെ ബില്ലിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ബഹുമാന്യനായ ചന്ദ്രശേഖരൻ നായർ ഡീസെൻട്രലൈസേഷൻ ആക്ടിന്റെ 34 നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള ബിൽ അവതരിപ്പിച്ച് സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് ഈ സഭയിൽ പാസ്സാക്കിയിട്ടുള്ളത് നമ്മൾ കണ്ടതാണ്. ദുരൂഹതയോ മുമ്പ് നടക്കാത്തതോ കീഴ്വഴക്കങ്ങളില്ലാത്തതോ ആയ ഒരു കാര്യവും ഈ ബില്ലിന്റെ ഭാഗമായിവന്നിട്ടില്ല. തികച്ചും സദുദ്ദേശപരമായ ഒരു സമീപനമാണിത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബില്ലിലെ പല വകുപ്പുകളും പല മന്ത്രിമാർ കൈകാര്യം ചെയ്യുന്ന വകുപ്പുകളിൽപ്പെട്ടതാണ്. ഇത് പാസ്സാക്കിക്കഴിയുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് കൺട്രോൾ വരുന്നത് വ്യവസായ വകുപ്പിൽത്തന്നെയല്ലേ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, വ്യവസായ വകുപ്പിന് ലൈസൻസ് കൊടുക്കാനും കാലാവധി ദീർഘിപ്പിക്കാനും കാലതാമസമൊഴിവാക്കാനുമുള്ള ഭേദഗതികളാണ് അതാത് വകുപ്പിന്റെ നിയമത്തിൽ വരുത്തിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അവകാശങ്ങൾ കവരുന്നതിനെക്കുറിച്ച് ഇവിടെ പലരും സംസാരിക്കുകയുണ്ടായി. ഞാൻ അത് നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പഞ്ചായത്ത് രാജ് ആക്ടാണ് ഇപ്പോൾ എന്റെ കൈവശമുള്ളത്. ഇതിലെ സെക്ഷൻ 233, 233(3) എന്നീ വകുപ്പുകൾ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള അധികാരത്തിൽ ഒരു മാറ്റവും വരുത്താൻ ഉദ്ദേശിച്ചിട്ടില്ല. പൂർണ്ണ അധികാരം പഞ്ചായത്ത് സമിതികൾക്കുതന്നെയാണ് നൽകിയിട്ടുള്ളത്. ഇവിടെ ദിവസത്തെക്കുറിച്ചുള്ള ഒരു സംശയം ഉന്നയിക്കുകയുണ്ടായി. 30 ദിവസവും 15 ദിവസവും എന്ന രീതിയിൽ തർക്കം നടന്നു. 30 ദിവസം, ലൈസൻസ് ലഭ്യമാകുന്നതിനുള്ള പരമാവധി കാലാവധിയാണ്. 15 ദിവസം, ഏതെങ്കിലും വ്യവസായ സ്ഥാപനമുണ്ടാക്കുന്ന ശല്യത്തിന്റെ ഭാഗമായിട്ടുള്ള പരാതിയിന്മേൽ 15 ദിവസത്തിനുള്ളിൽ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടുണ്ടാകണമെന്നുള്ളതാണ്. രണ്ടും രണ്ട് വിഷയമാണ്. രണ്ട് സെക്ഷനിൽ രണ്ട് നിയമഭാഗത്തുണ്ടായ ഭേദഗതികളാണ്. ഇതിനെ രണ്ടിനെയും പരസ്പരം കൂട്ടിക്കുഴയ്ക്കേണ്ടതില്ല. ഒരു വകുപ്പിന്റേയും അഡ്മിനിസ്ട്രേറ്റീവ് പവർ വ്യവസായവകുപ്പ് എടുക്കുന്നില്ല. ലൈസൻസ് കൊടുക്കാനുള്ള ഏകജാലക ക്ലിയറൻസ് ബോർഡിൽ വരുന്ന പ്രതിനിധികളുടെ പ്രാതിനിധ്യം നോക്കിയാൽ നിങ്ങൾക്കറിയാൻ കഴിയും. പഞ്ചായത്തിന്റെ കാര്യമെടുക്കാം. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ ക്ലിയറൻസ് ബോർഡിൽ തദ്ദേശ സ്ഥാപനത്തിനുള്ള ലൈസൻസ് ആവശ്യമായിവരുന്ന സംഗതികളിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റ് അല്ലെങ്കിൽ ബന്ധപ്പെട്ട മുനിസിപ്പാലിറ്റിയുടെ ചെയർപേഴ്സൺ മുനിസിപ്പൽ കോർപ്പറേഷന്റെ മേയർ, ഈ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ, ആ

സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്മാരുടെ പൂർണ്ണമായ അവകാശം സംരക്ഷിച്ചുകൊണ്ടാണ് ഈ ഏകജാലക ക്ലിയറൻസ് ബോർഡ് വന്നിരിക്കുന്നത്. ഏത് പഞ്ചായത്തിലാണോ ഏത് കോർപ്പറേഷനിലാണോ ഏത് മുനിസിപ്പാലിറ്റിയിലാണോ അതുൾപ്പെടെയാണ്. ഞാൻ ബില്ലിന്റെ ഉള്ളടക്കത്തിലേയ്ക്ക് പോയില്ല. കാരണം, അതിനെക്കുറിച്ച് ചർച്ച ചെയ്യാൻ നമുക്ക് ഇനിയും അവസരമുണ്ടാകും. എക്സിക്യൂട്ടീവ് ഓഫീസർ എന്നുള്ള നിലയ്ക്ക് സെക്രട്ടറിക്ക് അപേക്ഷ കൊടുക്കുന്നതിനുപുറമേ സെക്രട്ടറി ഇല്ലെങ്കിൽ അപേക്ഷ വാങ്ങാൻ ഒരാൾ വേണ്ടേ? അതിന് അധികാരപ്പെടുത്തുന്ന ഒരാൾ കൂടിവേണം. അങ്ങനെയുള്ള ഭേദഗതികളാണ് ഇതിന്റെ ഭാഗമായി വന്നിട്ടുള്ളത്. ഏതെങ്കിലും അധികാരം വ്യവസായ വകുപ്പ് കയ്യാളുകയല്ല, ഏകജാലക സംവിധാനം ഈ വകുപ്പുകളിലുണ്ടാകുന്ന ഭേദഗതികൾക്ക് വിധേയമായി ലൈസൻസുകൾ സമയ ബന്ധിതമായി കൊടുക്കാനും അത് പുതുക്കുന്നതിനുള്ള കാലാവധി വർദ്ധിപ്പിക്കാനും ഉൾപ്പെടെ നാം സ്വീകരിച്ച സമീപനം വേഗത്തിലാക്കാനുള്ള നടപടികളാണ് ഇതിന്റെ ഭാഗമായിട്ടുള്ളത്. ബഹുമാന്യരായ വി. കെ. ഇബ്രാഹിം കുഞ്ഞും തിരുവഞ്ചൂർ രാധാകൃഷ്ണനും ഉൾപ്പെടെയുള്ളവർ മെച്ചപ്പെട്ട വ്യവസായ സൗഹൃദ അന്തരീക്ഷമുണ്ടാക്കിയെടുക്കുന്നതിനും സംരംഭങ്ങൾ വരുന്നതിനുവേണ്ടിയും മുന്നോട്ടുവച്ച നിർദ്ദേശങ്ങളൊക്കെ വിലപ്പെട്ടതാണ്. ശ്രീ. ആർ. രാജേഷ് ഉൾപ്പെടെയുള്ള ആളുകൾ ചില നിർദ്ദേശങ്ങൾ ഇവിടെ മുന്നോട്ടുവച്ചിട്ടുണ്ട്. അതൊക്കെ ഗൗരവപൂർവ്വം പരിശോധിച്ച് തികച്ചും പോസിറ്റീവായ സമീപനം സ്വീകരിച്ച് മുന്നോട്ടുപോകും. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് വരുന്ന വിലനിശ്ചയം എങ്ങനെയാകാമെന്ന് ശ്രീ. വി. കെ. സി. മമ്മത് കോയ ഉൾപ്പെടെയുള്ളവർ സംശയം ഉന്നയിച്ചു. അതൊക്കെ ഭാവിയിൽ ചർച്ചചെയ്ത് പരിഹാരം കാണേണ്ട വിഷയമാണ്. ലോണിന്റെ കാര്യത്തിൽ കെ.എഫ്.സി.-യെ സംബന്ധിച്ച് ഉയർന്നുവന്ന വിമർശനം കറക്ടാണ്. ഏകജാലക ക്ലിയറൻസ് ബോർഡിൽ ജില്ലയിലെ ലീഡ് ബാങ്ക് പ്രതിനിധിയായി വരണമെന്ന് നമ്മൾ ആഗ്രഹിക്കുന്നത് അതുകൊണ്ടാണ്. വ്യവസായ സംരംഭകർക്ക് സമയബന്ധിതമായി ലോൺ ലഭ്യമാക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകണം. പലിശയുടെ കാര്യങ്ങളൊക്കെ വീണ്ടും വിശദമായി ചർച്ച ചെയ്യേണ്ടതാണ്. നിയമത്തിന്റെ ഭാഗമായി വരേണ്ടതല്ല. ആ വിഷയങ്ങളൊക്കെ പരിഗണിക്കേണ്ടതാണ്. ഓരോ പ്രദേശത്തുമുള്ള ബേസിക് ഇഷ്യൂസ് വ്യത്യസ്തമാണ്. അവ പരിഹരിക്കാൻ വ്യവസായ മേഖലയെ അടിസ്ഥാനപ്പെടുത്തി ഉണ്ടാകേണ്ട സമിതികളെക്കുറിച്ചും ഇവിടെ നിർദ്ദേശമുണ്ടായിട്ടുണ്ട്. അക്കാര്യത്തിൽ സർക്കാർ ഇപ്പോൾ നടപടി സ്വീകരിച്ചുതുടങ്ങിയിട്ടുണ്ട്. അത് ശക്തിപ്പെടുത്തി മുന്നോട്ടുപോകാൻ കഴിയുന്നതാണ്. മുമ്പ് ലഭിച്ചിരുന്ന ഭൂമിയുടെ പട്ടയത്തെ സംബന്ധിച്ച് ശ്രീ. വി. ഡി. സതീശനും നേരത്തെ ഉന്നയിച്ചിരുന്നു.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, എല്ലാ വിഷയത്തിലും എല്ലാ വകുപ്പിന്റെയും ആളുകളുണ്ട്. എന്നാൽ വ്യവസായികളുടെ ഭാഗത്തുനിന്ന് കാര്യങ്ങൾ പറയാൻ ആരാണിതിലുള്ളത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, ഇത് ക്ലിയറൻസ് കൊടുക്കാനും ലൈസൻസ് കൊടുക്കാനും പുതുക്കി നൽകാനുമൊക്കെയുള്ള ഒരു സമിതിയാണ്. അതിൽ ജനപ്രതിനിധികളും പഞ്ചായത്ത് തെരഞ്ഞെടുത്ത സ്ഥാപനങ്ങളുടെ പ്രതിനിധികളും അടങ്ങുന്നുണ്ട്. വ്യവസായികളുടെ പരാതികൾ കേൾക്കാൻ മറ്റ് നിരവധി സംവിധാനങ്ങളുണ്ട്. ആ സംവിധാനത്തിന്റെ ഭാഗമായി പരാതികൾ കേൾക്കുക എന്നല്ലാതെ ലൈസൻസ് അനുവദിക്കുന്നതിൽ അത്തരം സംഘടനകളുടെ പ്രതിനിധികളെക്കൂടി ഉൾക്കൊള്ളിക്കുക എന്നുള്ള കാര്യം ഇപ്പോൾ ഉദ്ദേശിച്ചിട്ടില്ല. പട്ടയത്തിന്റെ കാര്യത്തിൽ, നിലവിലുള്ള സ്ഥിതി തുടർന്ന് വ്യവസായം നടക്കണമെന്നാണ് സർക്കാരിന്റെ ആഗ്രഹം. അത് വ്യവസായ ആവശ്യത്തിൽനിന്ന് മാറ്റിക്കൊണ്ടുപോകാനാകില്ല. അതിന് ഇപ്പോൾ ചില പ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഒരു പാർട്ട്ണറെവെച്ച് മോഡണൈസേഷനിലേയ്ക്ക് പോകുമ്പോഴുണ്ടാകുന്ന തടസ്സങ്ങളൊക്കെ സർക്കാരിന് മുന്നിൽവന്നിട്ടുണ്ട്. ഒരു ഗവൺമെന്റ് എന്ന നിലയ്ക്ക് ആ കാര്യങ്ങളൊക്കെ പരിശോധിച്ചുപോകാം. 30 വർഷത്തെ ലീസ് എന്നത് തന്നെയാണ് ഈ ഗവൺമെന്റിന്റെ കാലത്തും കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും സ്വീകരിച്ച നയം. പട്ടയങ്ങളുടെ കാര്യത്തിൽ അവർ ആവശ്യപ്പെടുന്ന വിഷയം, അത് വ്യവസായ ആവശ്യത്തിനുതന്നെ പങ്കാളിയെ ചേർക്കാൻ, മോഡണൈസേഷനുവേണ്ടി, ഇത്തരം കാര്യങ്ങൾക്കൊക്കെ പ്രയോജനപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഉപയോഗപ്രദമാകണമെന്നുള്ളതാണ്. അക്കാര്യം ഗവൺമെന്റ് ഗൗരവപൂർവ്വം പരിഗണിക്കും.

നോക്കുകൂലി പ്രശ്നം നേരത്തെയും ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. നമ്മളാരും ആഗ്രഹിക്കുന്നതല്ല, ഏതെങ്കിലും പ്രത്യേക പ്രദേശത്തിന്റെ മാത്രം കുഴപ്പമായി ഞാൻ അതിനെ കാണുന്നില്ല. അനഭിലഷണീയമായ ചില പ്രവണതകൾ ചില സ്ഥലങ്ങളിലുണ്ടെന്ന് നാമെല്ലാം പൊതുവിൽ അംഗീകരിക്കുന്നതാണ്. ആ പ്രവണതകൾക്കെതിരായി കൂട്ടായ പ്രയത്നമുണ്ടാകണം, ഗവൺമെന്റ് ഇടപെടലുണ്ടാകണം. അക്കാര്യത്തിൽ തീർച്ചയായും ഗവൺമെന്റ് ഇടപെടലുണ്ടാകും. മിന്നൽപ്പണിമുടക്കും ഹർത്താലും ഉൾപ്പെടെയുള്ള വിഷയങ്ങളും ഇവിടെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ അതിനെക്കുറിച്ച് അദ്ദേഹത്തിന്റെ ഒരു

അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി. അക്കാര്യത്തിൽ ഏതൊക്കെ ആകാം, ഏതൊക്കെ ഒഴിവാക്കാം എന്നത് ഒരു പൊതുഅഭിപ്രായത്തിലേയ്ക്കെത്തണം. വ്യവസായ ലോകത്തെ നിക്ഷേപകരും സംരംഭകരുമൊക്കെ വളരെ ഗൗരവപൂർവ്വമാണ് കാണുന്നത്. ആ വിഷയം ആ അടിസ്ഥാനത്തിൽ കാണാനും അതിന് ഒരു പൊതുസമവായമുണ്ടാക്കി ഓരോ വില്ലേജിലും ഓരോ താലൂക്കിലും എന്നൊക്കെയുള്ള അവസ്ഥ മാറണമെന്നുമുള്ള പൊതുകാഴ്ചപ്പാട് രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് കഴിഞ്ഞാൽ സുഗമമായി ബിസിനസ്സ് നടത്തിക്കൊണ്ടുപോകാനുള്ള സാഹചര്യമുണ്ടാകും. എല്ലാം ഉപേക്ഷിക്കണം എന്നല്ല.

പുതിയ റോബോട്ടിക്, സ്റ്റാർട്ട് അപ്പുകൾ തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ധാരാളം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ലൈഫ് സയൻസ് പാർക്ക് തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. ഹാർഡ്‌വെയർ രംഗവും ഇലക്ട്രോണിക്സ് രംഗത്തെ സാധ്യതകളെ സംബന്ധിച്ച അഭിപ്രായങ്ങളും ഈ മേഖലയിൽ വന്നിട്ടുണ്ട്. അതൊക്കെ നിർദ്ദേശങ്ങളാണ്. അവയൊക്കെ വ്യവസായ വളർച്ചയ്ക്കും സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്കും നാളത്തെ നമ്മുടെ ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ നൽകാനുള്ള ക്രിയാത്മക നിർദ്ദേശങ്ങളായി ഗൗരവപൂർവ്വം കാണുകയാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഗ്രൗണ്ട് വാട്ടർ ആക്ടിനകത്ത് ഭേദഗതി കൊണ്ടുവന്നാൽ അതിന്റെ പർപ്പസ് ഡിഫീറ്റഡ് ആകുകയില്ലേ? കാരണം അനിയന്ത്രിതമായ ഭൂഗർഭജലചൂഷണം തടയുന്നതിനു വേണ്ടിയാണ് ആ ആക്ട് നിലവിൽ വന്നത്. ഭേദഗതി കൊണ്ടുവന്നുകഴിഞ്ഞാൽ ആളുകൾക്ക് യാതൊരു ലൈസൻസുമില്ലാതെ ഒരു അതോറിറ്റിയെയും സമീപിക്കാതെ എത്ര വേണമെങ്കിലും വെള്ളമെടുക്കാമെന്നുള്ള നിലയിലേയ്ക്കുവരും. അത് അപകടകരമാകില്ലേ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അങ്ങ് ഉന്നയിച്ച വിഷയത്തിനുള്ള സർക്കാരിന്റെ സമീപനം നേരത്തെ സൂചിപ്പിച്ചതാണ്. എന്നാൽ വീണ്ടും അതിൽ ഉത്കണ്ഠ നിലനില്ക്കുകയാണ്. ഈ വിഷയം ഗൗരവമായി സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്ത് ആശങ്കയുണ്ടാകാത്ത രീതിയിൽ പ്രശ്നം പരിഹരിക്കുന്നതാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇത് ഗൗരവമുള്ള കാര്യമാണെന്നുള്ളതിൽ തർക്കമില്ല. കേരളത്തിന്റെ ഭാവി ജലലഭ്യതയുമായി ബന്ധപ്പെട്ട വിഷയം ഗൗരവപൂർവ്വം കാണുകയും അതിനാവശ്യമായ പദ്ധതികൾ തയ്യാറാക്കുകയും ചെയ്യണം. ജലം

അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങളെ ഒഴിവാക്കണം. കുപ്പിവെള്ള കമ്പനികൾ, സോഫ്റ്റ് ഡ്രിംഗ്സ് നിർമ്മിക്കുന്ന കമ്പനികൾ തുടങ്ങിയവയെ അംഗീകരിക്കുവാൻ സാധിക്കില്ല. അതുപോലെ സേഫ് സോണിന് ക്ലാരിറ്റി ഉണ്ടാക്കണം. സേഫ് സോൺതന്നെ ഒരു കാലഘട്ടം കഴിയുമ്പോൾ പ്രത്യേക അവസ്ഥയിലേയ്ക്കെത്തിയെന്ന് വരാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ ഭേദഗതി നിലവിൽ വന്നുകഴിഞ്ഞാൽ ഭൂഗർഭജലം എടുക്കുന്നതിന് ആരെയും നിയന്ത്രിക്കാൻ പറ്റില്ല. ഗ്രൗണ്ട് വാട്ടർ ആക്ടിൽ വേറെ പ്രൊവിഷനൊന്നുമില്ല. ഈ ഭേദഗതി വരുന്നതോടുകൂടി ഗ്രൗണ്ട് വാട്ടർ ആക്ട് ഇല്ലാതാകും. അതോടുകൂടി കൃഷി ആവശ്യത്തിനും കുപ്പികമ്പനികൾ കോളകമ്പനികൾ തുടങ്ങി ആർക്കുവേണമെങ്കിലും കുഴൽക്കിണർ കുഴിച്ച് വെള്ളമെടുക്കാൻ സാധിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) : സർ, വളരെ ഗൗരവപൂർവ്വം ആലോചിക്കേണ്ട ഒരു കാര്യമാണിത്. ഇപ്പോൾത്തന്നെ കുടിവെള്ളം കിട്ടാത്ത സ്ഥിതിവിശേഷമാണുള്ളത്. വാട്ടർബെഡ് താഴോട്ടുപോകുന്ന കാലമാണിത്. അപ്പോൾ എല്ലാവർക്കും ഇങ്ങനെ ഒരധികാരം കൊടുത്താൽ കുടിവെള്ളക്ഷാമം കൂടുതൽ രൂക്ഷമാകും. അതുകൊണ്ട് അതിന് ചില നിയന്ത്രണങ്ങൾ വയ്ക്കാതെ ഒറ്റയടിക്ക് ആര് പണം കൊടുത്താലും ഭൂഗർഭജലം ഉപയോഗിക്കാമെന്ന് പറയുന്നത് ഭാവിയിൽ ആപത്താകില്ലേ എന്ന് അങ്ങ് ആലോചിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്):സർ, ജലവിഭവ വകുപ്പുകൂടി ചർച്ച ചെയ്തിട്ടാണ് ഈ ബില്ലിന്റെ കരട് തയ്യാറാക്കിയത്. ഇനിയും കുറേ ആശയങ്ങൾകൂടി ഉൾപ്പെടുത്താനുണ്ട്. ആർക്കും യഥേഷ്ടം ഭൂഗർഭജലം എക്സ്ട്രാക്ട് ചെയ്യാനുള്ള അധികാരമൊന്നും ഈ ബില്ലിൽ കൊടുക്കാൻ ഉദ്ദേശിച്ചിട്ടില്ല. ഓരോ പ്രത്യേക സോണിലും സേഫായിട്ടുള്ള ഒരു ലെവൽ തീരുമാനിച്ചാൽ ആ ലെവലിനുള്ളിൽ നിന്നുകൊണ്ട് വെള്ളമെടുക്കുന്നതിന് ലൈസൻസ് വേണ്ടെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിലും കൂടുതൽ മുൻകരുതലുകൾ ആവശ്യമുണ്ടെങ്കിൽ അതുംകൂടി ഉൾപ്പെടുത്താം.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യാമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഭൂജല അതോറിറ്റി വ്യക്തമാക്കിയിട്ടുള്ള നിരപ്പിന് താഴെനിന്ന് ഭൂജലം എടുക്കുന്നതിന് യാതൊരു അനുവാദവും ആവശ്യമില്ല.

ശ്രീ. മാത്യു ടി. തോമസ്: സർ, ലെവൽ എന്നുപറയുന്നത് ഭൂമിയുടെ മേൽനിരപ്പിൽ നിന്ന് താഴേയ്ക്കെടുക്കുന്നതാണ്. ഭൂമിയുടെ മുകളിൽനിന്നും താഴേയ്ക്കെടുക്കുമ്പോൾ അതിലുംതാഴെ, അതായത് സേഫായിട്ടുള്ളതിനും മുകളിലാണ് വരുന്നത്. Below the level എന്നു പറയുന്നത് നിരപ്പിൽ നിന്നും നമ്മൾ 100 മീറ്റർ സേഫാണെന്ന് വിചാരിക്കുക, അപ്പോൾ 90-ൽ നിന്നെടുക്കുന്നതിന് തടസ്സമില്ല എന്നാണ് പറഞ്ഞത്. ഇത് പരിശോധിച്ചശേഷമാണ് പറഞ്ഞത്. ഇതിന്റെ ലെവൽ എന്നുപറയുന്നത് ഭൂമിയുടെ മേൽനിരപ്പിൽനിന്ന് താഴേയ്ക്കുള്ള ലെവലാണ്. അതിനുള്ളിൽനിന്നും വെള്ളമെടുക്കുന്നതിന് അനുവാദം വേണ്ട എന്നാണ് പറഞ്ഞത്. അതിൽക്കൂടുതൽ സൂക്ഷ്മത ആവശ്യമുണ്ടെങ്കിൽ ജലവിഭവ വകുപ്പ് ഒന്നുകൂടി പരിശോധിക്കുന്നതാണ്.

ശ്രീ. എ. സി. മൊയ്തീൻ: സർ, സബ്ജക്ട് കമ്മിറ്റിയിൽ വ്യക്തതയുണ്ടാകുന്ന രീതിയിൽ ഈ പ്രശ്നം പരിശോധിക്കാം.

മി. സ്പീക്കർ : സബ്ജക്ട് കമ്മിറ്റിയിൽ പരിശോധിക്കാമെന്ന് പറഞ്ഞിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സബ്ജക്ട് കമ്മിറ്റിയിലെ അംഗങ്ങൾക്കല്ലേ അതിന് സാധിക്കൂ.

ശ്രീ. എ. സി. മൊയ്തീൻ: സർ, സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തതിനുശേഷം വീണ്ടും സഭയിൽ ചർച്ച ചെയ്യുന്നതാണ്. അപ്പോൾ എല്ലാവർക്കും പറയാനുള്ള അവസരം ലഭിക്കും.

മി. സ്പീക്കർ: ഈ വിഷയത്തിന്റെ ഗൗരവം പ്രതിപക്ഷനേതാവുൾപ്പെടെ ശ്രദ്ധയിൽപ്പെടുത്തിക്കഴിഞ്ഞു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് സഭയിലെ ന്യൂനപക്ഷ- ഭൂരിപക്ഷ പ്രശ്നമോ ഭരണ-പ്രതിപക്ഷ പ്രശ്നമോ അല്ല. കേരളത്തിന്റെ ഭൂജലത്തെ സംബന്ധിച്ച് വ്യാപകമായ ചർച്ചകൾ നടക്കുകയാണ്. 156 ബ്ലോക്കുകളിലും ശാസ്ത്രീയമായ പഠനം നടത്താതെ most critical area-യിലുള്ള ചില സ്ഥലങ്ങൾ മാത്രമാണ് ഐഡന്റിഫൈ ചെയ്തത്. സേഫ് എന്നുപറയുന്ന സ്ഥലംപോലും വളരെ ക്രിട്ടിക്കൽ ഏരിയയായി മാറുകയാണ്. സമുദ്രതലത്തിലെ ജലത്തിന്റെ ലെവൽ താഴ്ന്നുപോകുകയാണ്. ഗ്രൗണ്ട് വാട്ടർ ബെഡുതന്നെ താഴ്ന്നുപോകുകയാണെന്ന് പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞു.

ഈ വർഷം കാണുന്നതല്ല അടുത്ത വർഷം കാണുന്നത്. ഒരു ശാസ്ത്രീയ പഠനം നടത്തുന്നതിനുവേണ്ടിയാണ് ഗവൺമെന്റ് ആദ്യം ശ്രമിക്കേണ്ടത്. അതിനുശേഷം ഇത് ഐഡന്റിഫൈ ചെയ്യണം. കേരളം വറ്റിവരളാൻ പോകുന്ന സാഹചര്യമാണുള്ളത്. അതൊഴിവാക്കുന്നതിനുവേണ്ടി ഒരു നിയമംകൊണ്ട് അതിനെ സപ്പോർട്ട് ചെയ്യരുത്.

ശ്രീ. മാത്യു ടി. തോമസ്: സർ, കേരളത്തിലെ ബ്ലോക്കുകളെ നാലായി തരംതിരിച്ചിട്ടുണ്ട്. Over exploited ആയി ഭൂഗർഭജലം കണ്ടിരിക്കുന്ന ബ്ലോക്കിലാണ് ചിറ്റൂർ ഉൾപ്പെടുന്നത്. അതുപോലെ ക്രിട്ടിക്കലായി കണ്ടെത്തിയിരിക്കുന്ന രണ്ട് ബ്ലോക്കുകളാണ് കാസർഗോഡും മലമ്പുഴയും. പിന്നീട് സെമി ക്രിട്ടിക്കൽ, സേഫ് എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. ഈ ഗവൺമെന്റ് ഭൂഗർഭജലം ആരും യഥേഷ്ടം എടുത്തുകൊണ്ടുപോകുന്ന ഒരു നിയമ നടപടിക്ക് തയ്യാറാവില്ല. തീർച്ചയായും അക്കാര്യത്തിൽ നിയന്ത്രണമുണ്ടാകും. അതിൽ വ്യവസായവകുപ്പും ജലവകുപ്പും തമ്മിൽ ഒരു തർക്കവുമില്ല. കൂടുതൽ വ്യക്തത ആവശ്യമുള്ള കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്ത് സഭയിൽ കൊണ്ടുവരും.

ശ്രീ. എ. സി. മൊയ്തീൻ: സർ, ഈ ബില്ലിന്റെ നിലപാടിനെ പോസിറ്റീവായി കണ്ട സമീപനമാണ് ഈ സഭ ആദ്യം മുതൽ സ്വീകരിച്ചത്. ഏതെങ്കിലും ഭേദഗതിയിൽ വ്യക്തത വരുത്തണമെന്നുണ്ടെങ്കിൽ അത് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ചചെയ്ത് വ്യക്തത വരുത്താം.

ഈ ബില്ലിന്റെ ഭാഗമല്ലെങ്കിലും ലോക കേരള സഭയുടെ പ്രശ്നങ്ങളും ചർച്ചയുവന്നു. ലോക കേരള സഭയിൽ ബഹുമാന്യനായ പ്രതിപക്ഷനേതാവുംകൂടി പങ്കെടുത്തതാണ്. നമ്മുടെ പ്രവാസികളായ സുഹൃത്തുക്കളിലെല്ലാവരെയും നമുക്ക് ക്ഷണിക്കാനായില്ല. എന്നാൽ അതിൽ ഏതെങ്കിലും ഒരു വിഭാഗത്തിലുള്ള ആളുകൾ മാത്രമായിരുന്നില്ല പങ്കെടുത്തത്. താഴെത്തട്ടിലുള്ള തൊഴിലാളി മുതൽ വലിയ വ്യവസായിവരെയുള്ളവർ ലോക കേരള സഭയെ സ്വാഗതം ചെയ്തു, ലോകമാകെ സ്വാഗതം ചെയ്തു. പ്രതിപക്ഷ നേതാവുൾപ്പെടെ ആ വികാരം പ്രകടിപ്പിച്ചതാണ്. ഞാനും അതിൽ പങ്കെടുത്തു. അവർ പ്രകടിപ്പിച്ച ആശങ്കകളെ സംബന്ധിച്ച് ശ്രീ. കെ. മുരളീധരൻ ഇവിടെ സൂചിപ്പിച്ചു. അവർ അനുഭവിക്കുന്ന ആശങ്കകൾ പറയാൻ ഒരു വേദി ലഭിച്ചു എന്നുള്ള സന്തോഷമാണുണ്ടായത്. അതൊരു തുടക്കമാണ്. ആ തുടക്കത്തിന് എന്തെങ്കിലും പ്രശ്നമുണ്ടോ എന്നുള്ളത് ചർച്ചചെയ്ത് പരിഹാരം കാണാൻ ശ്രമിക്കുന്നതാണ്. മലയാളഭാഷയുമായി ബന്ധപ്പെട്ട്

ലോകത്ത് എവിടെച്ചെന്നാലും കേരളത്തോടുള്ള ഒരു സമീപനം, അതൊക്കെ പ്രയോജനപ്പെടുത്താനുള്ള ഒരു വേദി ഉണ്ടായല്ലോ എന്നുള്ള സന്തോഷമാണ്. നമ്മൾ കാണുന്ന അധികാരത്തിന്റെയും, ജനപ്രതിനിധികളുടെയും അപ്പുറത്ത് അങ്ങനെ ഒരു വികാരം സൃഷ്ടിക്കാൻ ലോക കേരള സഭയ്ക്കായി. അത് കേരളത്തിന്റെ പൊതു വളർച്ചയ്ക്ക് സഹായകമാകും. ഒരുപാട് ശേഷിയും നൈപുണ്യവും പ്രവൃത്തിപരിചയവുമുള്ള, വിദേശത്തുള്ള വ്യവസായികൾ വിജയകരമായി പരീക്ഷിച്ച അനുഭവസമ്പത്ത് കേരളത്തിന് പ്രയോജനപ്പെടുത്തണം. നേരത്തെ പറഞ്ഞതുപോലെ വിദ്യാർത്ഥികൾക്ക് സ്കിൽ ഉണ്ടാകണം. സർവ്വകലാശാലകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും പഠനം പൂർത്തിയാക്കിയവർക്ക് ജോലി ചെയ്യുന്നതിനുള്ള വൈദഗ്ദ്ധ്യം വേണം എന്നതുൾപ്പെടെയുള്ള കാര്യങ്ങൾ ഗൗരവപൂർവ്വം ഉന്നയിക്കപ്പെടാൻ, അതിന്റെ ഭാഗമായിട്ടുള്ള പ്രശ്നങ്ങൾ നമുക്കുകൂടി മനസ്സിലാക്കാൻ സഹായകരമായിരുന്നു എന്നുള്ള പോസിറ്റീവ് ആംഗിളിൽ ആ പ്രശ്നം പ്രതിപക്ഷം ഉൾപ്പെടെ കാണണം. അങ്ങനെ കണ്ടിട്ടുണ്ടെന്നാണ് പ്രതിപക്ഷനേതാവിന്റെ പ്രതികരണത്തിൽനിന്നും എനിക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളത്. അത്തരമൊരു സമീപനമാണ് അതിൽ ഉണ്ടാകേണ്ടത്. ഈ ബില്ലിന്റെ കാര്യത്തിൽ സബ്ജക്ട് കമ്മിറ്റിയിൽ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകാൻ കഴിയും എന്നുള്ളതുകൊണ്ട് ഞാൻ നിർത്തുന്നു.

മി. സ്പീക്കർ : ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. തിരുവഞ്ചൂർ രാധകൃഷ്ണൻ : സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അങ്ങയുടെ '1 എ' ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ : സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ് : സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ബിൽ ജലവിഭവം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III, വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മി VII, തദ്ദേശ സ്വയം ഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ഉം ചേർന്ന് സംയുക്തമായി പരിഗണിക്കുന്നതിന് വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ..........

പ്രതികൂലിക്കുന്നവർ........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. സ്പീക്കർ : ഓർഡർ.... ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജനുവരി 25-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 3.30 -ന് പിരിഞ്ഞു.)

# അനുബന്ധം

## 23-1-2018-ൽ അനുവദിക്കപ്പെട്ടിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

## (i) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### പുതിയ ഡയാലിസിസ് യൂണിറ്റുകൾ

1 (*1) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ കൂടുതൽ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഡയാലിസിസ് യൂണിറ്റുകൾ ഇതുവരെ ആരംഭിച്ചിട്ടില്ലാത്ത താലൂക്ക് ആശുപത്രികളിൽ അവ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നിലവിൽ KIIFB പദ്ധതിയിലുൾപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമായ 44 വിവിധ ആശുപത്രികളിൽ ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖാന്തരം നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. (പട്ടിക അനുബന്ധമായി ചേർക്കുന്നു.)* ഇതിൽ താഴെപ്പറയുന്ന 19 ആശുപത്രികളിൽ ഡയാലിസിസ് സെന്ററിന്റെ പണി പൂർണ്ണമായും പൂർത്തിയാക്കി പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം, ആലപ്പുഴ

താലൂക്ക് ആശുപത്രി, ചാലക്കുടി, തൃശ്ശൂർ

ജനറൽ ആശുപത്രി , തലശ്ശേരി, കണ്ണൂർ

താലൂക്ക് ആശുപത്രി, ഫറോക്ക്, കോഴിക്കോട്

ജില്ലാ ആശുപത്രി, നെടുമങ്ങാട്, തിരുവനന്തപുരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

താലൂക്ക് ആശുപത്രി, പാറശ്ശാല, തിരുവനന്തപുരം

ജില്ലാ ആശുപത്രി, അടൂർ

ജില്ലാ ആശുപത്രി, മാവേലിക്കര

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചെങ്ങന്നൂർ

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ, എറണാകുളം

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പിറവം, എറണാകുളം

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരൂരങ്ങാടി

താലൂക്ക് ആശുപത്രി, ബാലുശ്ശേരി

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം, പാലക്കാട്

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, മണ്ണാർക്കാട്

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൂത്തുപറമ്പ്, കണ്ണൂർ

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഫോർട്ട് കൊച്ചി

താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പെരുമ്പാവൂർ

ഇതുകൂടാതെ സംസ്ഥാന സർക്കാരിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നെടുങ്ങോലം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ഹരിപ്പാട് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, വർക്കല താലൂക്ക് ആശുപത്രി, കട്ടപ്പന താലൂക്ക് ആശുപത്രി, അടിമാലി താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ താലൂക്ക് ആശുപത്രി എന്നിവിടങ്ങളിലും ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഒപ്പം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡയാലിസിസ് സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) അനുവദിക്കപ്പെട്ട ഡയാലിസിസ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമല്ലാത്ത ആശുപത്രികളിൽ സൗകര്യപ്രദമായ കെട്ടിടം, തടസ്സം കൂടാതെയുള്ള വൈദ്യുതിലഭ്യത, സാങ്കേതിക ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നീ നടപടികൾ പൂർത്തിയാക്കി ഈ വർഷംതന്നെ പ്രവർത്തന സജ്ജമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**ലോക കേരള സഭ**

2 (*2) ശ്രീ. പി. വി. അൻവർ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകമെമ്പാടുമുള്ള കേരളീയരുടെ വേദി എന്ന നിലയിൽ രൂപംനൽകിയിരിക്കുന്ന ലോക കേരള സഭയുടെ പ്രവർത്തനവും ലക്ഷ്യവും പ്രവർത്തനരീതിയും വിശദമാക്കാമോ;

(ബി) സാമ്പത്തിക, സാംസ്കാരിക രംഗങ്ങളിൽ ഏത് തരത്തിലുള്ള ഇടപെടലാണ് പ്രസ്തുത സഭകൊണ്ട് ലക്ഷ്യമിടുന്നത്;

(സി) പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞുവന്ന മുഖ്യമായ ആശയങ്ങളും നിർദ്ദേശങ്ങളും എന്തെല്ലാമെന്നും ഇവ പരിഗണിക്കുന്നതിനായി സർക്കാരിന്റെ ഇടപെടൽ ഏത് വിധത്തിലായിരിക്കുമെന്നും വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ കേരളീയരുടെ പൊതുവേദിയായി വിഭാവന ചെയ്തുകൊണ്ടാണ് ലോക കേരള സഭ രൂപീകരിച്ചിട്ടുള്ളത്. ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനുവേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം. കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക-സാമ്പത്തിക വികസനത്തെയും സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവരുടെ എന്നപോലെ പുറത്തുള്ള കേരളീയരുടെയും അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ ലോക കേരള സഭ നിർണ്ണായക പങ്ക് വഹിക്കുന്നതാണ്. ലോക കേരളത്തിന്റെ നന്മയെ മുൻനിർത്തിയുള്ള ആശയങ്ങളും പ്രായോഗിക പ്രവർത്തന പരിപാടികളും അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും

പൊതുസമ്മതമായ തീരുമാനങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിനും ലോക കേരള സഭ അവസരമൊരുക്കുന്നതാണ്. കേരളത്തിന്റെ താൽപ്പര്യവൃത്തത്തിൽ വരുന്ന വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും ഇന്ത്യൻ ഭരണഘടനയ്ക്കും ആതിഥേയ രാജ്യങ്ങളിലെ ഭരണ വ്യവസ്ഥകൾക്കും അന്താരാഷ്ട്ര കരാറുകൾക്കും ഉഭയകക്ഷി ഉടമ്പടികൾക്കും വിരുദ്ധമാകാത്തതും പൊതുസമ്മതവുമായ തീരുമാനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നതിനും അനുഭാവപൂർണ്ണമായ നടപടികൾ ശിപാർശ ചെയ്യുന്നതിനും ലോക കേരള സഭ പ്രയത്നിക്കുന്നതാണ്. ലോക കേരള സഭയുടെ സമയം ഏറ്റവും കാര്യക്ഷമമായി ഉപയോഗിക്കുന്നതിലേയ്ക്കായി സഭയുടെ നടപടിക്രമവും സഭയിൽ അവതരിപ്പിക്കുന്ന രേഖകളും മുൻകൂട്ടി തയ്യാറാക്കി സഭാംഗങ്ങൾക്ക് നൽകുന്നതാണ്. ഐകകണ്ഠ്യേന തീരുമാനമെടുക്കുന്ന രീതിയായിരിക്കും ലോക കേരള സഭ പൊതുവിൽ സ്വീകരിക്കുന്നത്. അഭിപ്രായ സമന്വയം സ്വീകരിക്കുവാൻ അംഗങ്ങളും സഭാ നേതൃത്വവും സെക്രട്ടേറിയറ്റും പരിശ്രമിക്കുന്നതാണ്.

സഭാ നടപടികൾ നിയന്ത്രിക്കുന്നത് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ ഏഴ് അംഗങ്ങളുള്ള പ്രസീഡിയം ആണ്. സഭാനേതാവ് നിർദ്ദേശിക്കുന്ന ഒരു പാർലമെന്റ് അംഗം, ഒരു നിയമസഭാംഗം, ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഒരംഗം, ഗൾഫ് രാജ്യങ്ങളിൽനിന്ന് ഒരംഗം, യൂറോപ്പിൽനിന്ന് ഒരംഗം, മറ്റ് രാജ്യങ്ങളിൽനിന്ന് ഒരംഗം എന്നിവർ ഉൾപ്പെടുന്നതാണ് പ്രസീഡിയം.

(ബി) സാമ്പത്തിക, സാംസ്കാരിക രംഗത്തേത് ഉൾപ്പെടെ കേരളത്തിന്റെ വികസന പ്രശ്നങ്ങൾ എന്തൊക്കെ നിലയിലുള്ളതാണെന്നും അവയുടെ പരിഹാരത്തിന് പ്രവാസികൾക്ക് ഇനിയും എന്തൊക്കെ നിലയിൽ പങ്കാളികളാകാൻ സാധിക്കുമെന്നും ചർച്ച ചെയ്തുകൊണ്ട് സഭയിൽ ഉയർന്നുവരുന്ന കാഴ്ചപ്പാടുകൾ പ്രായോഗിക തലത്തിൽ കൊണ്ടുവരുന്ന നിലയിലുള്ള ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

(സി) ലോക കേരള സഭയുടെ പ്രഥമ സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു :

1. വിദേശത്തുള്ള പ്രവാസി വ്യവസായ -വാണിജ്യ സംരംഭകരുമായി സജീവബന്ധം പുലർത്തുന്നതിനുവേണ്ടി ഓരോ വിദേശമേഖലയ്ക്കും പ്രത്യേക ചേംബറുകൾ എന്ന നിലയിൽ പ്രവാസി വാണിജ്യ ചേംബറുകൾക്ക് രൂപംനൽകുക.

2. ഇവരും കേരളത്തിൽ ഫലപ്രദമായി പ്രവർത്തിക്കുന്ന ചേംബറുകളും തമ്മിൽ സൗഹൃദബന്ധം വളർത്തിയെടുത്ത് ആഗോളതലത്തിലെ മലയാളികളായ വ്യവസായ-വാണിജ്യ സംരംഭക കൂട്ടുകെട്ട് ഉറപ്പാക്കുക.

3. എല്ലാ രാജ്യങ്ങളിലും പ്രവാസി പ്രൊഫഷണൽ സമിതികൾ രൂപീകരിക്കുക.

4. പ്രൊഫഷണലുകളുടെ സേവനം കേരളത്തിലെ ഗവേഷണ സ്ഥാപനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭ്യമാക്കുക. അതുവഴി കേരളത്തിന്റെ ശാസ്ത്ര സാങ്കേതിക വൈജ്ഞാനിക മേഖലയിൽ വികസനം സാധ്യമാക്കുക.

5. വിദേശത്ത് ജോലി ചെയ്യുന്നവരും തിരിച്ചുവന്നവരും മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്നവരുമായ മുഴുവൻ മലയാളികൾക്കും വേണ്ടി പ്രത്യേക വിഭാഗങ്ങൾ നോർക്കയിൽ രൂപീകരിക്കുക, വിദേശത്ത് ജോലിചെയ്യുന്ന പ്രവാസികൾക്കുവേണ്ടി പ്രത്യേക മേഖലാ ഉപവകുപ്പുകളും ഉണ്ടാക്കുക. ഇതിന്റെ ചുമതല പ്രൊഫഷണലുകളെ ഏൽപ്പിക്കുക.

6. കേരള വികസന നിധി രൂപീകരിക്കുക, നിശ്ചിത തുകയ്ക്കുള്ള ഡെപ്പോസിറ്റ് പ്രഖ്യാപിത പ്രവാസി സംരംഭങ്ങളിൽ ഓഹരിയായി നിക്ഷേപിക്കാൻ തയ്യാറുള്ള പ്രവാസികൾക്ക്, പ്രവാസം മതിയാക്കി മടങ്ങിയെത്തുമ്പോൾ യോഗ്യതയ്ക്കനുസൃതമായ തൊഴിൽ ഏതെങ്കിലും ഒരു സ്ഥാപനത്തിൽ നേടുന്നതിനുള്ള അവകാശം ഉണ്ടായിരിക്കും. ഗൾഫിൽനിന്ന് മടങ്ങി വരുമ്പോൾ നാട്ടിൽ ഒരു തൊഴിൽ ഉറപ്പു വരുത്താനുള്ള നിക്ഷേപം എന്ന നിലയിൽ ഈ സംരംഭം ഈ രംഗത്തെ പുതുമയുള്ള കാൽവയ്പായിരിക്കും.

7. പ്രവാസികൾക്ക് സംരംഭം ആരംഭിക്കുന്നതിനായി പ്രത്യേക വായ്പാ സൗകര്യങ്ങൾ ഉറപ്പാക്കുക.

8. സംരംഭകരാകാൻ തയ്യാറാകുന്നവരുമായി, പ്രത്യേകിച്ച് പ്രൊഫഷണലുകളുമായി നാട്ടിലേക്കുള്ള മടക്കത്തിന് മുൻപുതന്നെ ആശയ വിനിമയം നടത്തുവാൻ ഒരു ഏജൻസി സ്ഥാപിക്കുക.

9. നിക്ഷേപകർക്ക് ഏകജാലക സംവിധാനത്തിലൂടെ ആവശ്യമായ അനുവാദം നൽകുക.

10. പ്രവാസി സംഘടനകളെ ഏകോപിപ്പിച്ചുകൊണ്ട് രോഗബാധിതർക്കും അപകടം സംഭവിക്കുന്നവർക്കും തൊഴിൽ നഷ്ടമാകുന്നവർക്കുമെല്ലാം സംരക്ഷണം നൽകാൻ ഉതകുന്ന സ്കീം രൂപീകരിക്കുക.

## ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾ

3 (*3) ശ്രീ. എൻ. വിജയൻ പിള്ള :
ശ്രീ. ബി. സത്യൻ :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തഫലമായി സംസ്ഥാനത്തുണ്ടായ നാശനഷ്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് കേന്ദ്ര സംഘത്തിന്റെ പരിശോധന റിപ്പോർട്ടിലെ കണ്ടെത്തലുകൾ എന്തെല്ലാമാണ് ;

(ബി) അടിയന്തര ദുരിതാശ്വാസത്തിനായി സർക്കാർ നടപ്പാക്കിയ കാര്യങ്ങൾ വിശദമാക്കാമോ;

(സി) ദുരന്തത്തിൽ വീടും ഉപജീവനോപാധികളും നഷ്ടപ്പെട്ടവരെ സത്വരമായി സഹായിക്കാനായി നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) തുടർച്ചയായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളിൽനിന്ന് തീരദേശവാസികൾക്ക് സംരക്ഷണം നൽകാൻ പദ്ധതി തയ്യാറാക്കുന്നുണ്ടോ; സംസ്ഥാന സർക്കാർ തയ്യാറാക്കിയ ദീർഘകാല പുനരധിവാസ പദ്ധതിയോട് കേന്ദ്ര സർക്കാരിന്റെ പ്രതികരണം എന്താണെന്ന് വെളിപ്പെടുത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) വിലയിരുത്തിയിട്ടുണ്ട്. കേന്ദ്ര സംഘത്തിന്റെ പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) 30-11-2017-ന് ഉച്ചക്കുശേഷം 3.00 മണിക്ക് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദുരന്ത നിവാരണ അതോറിറ്റിയുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും അടിയന്തരയോഗം ചേർന്ന് രക്ഷാപ്രവർത്തനം ഏകോപിപ്പിച്ചു. രണ്ട് മന്ത്രിമാർക്ക് പ്രത്യേകം ചുമതല നൽകി. തീര സംരക്ഷണ സേനയോട് ഓഖി ദുരന്തത്തിൽ കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുവാൻ സഹായം നൽകണമെന്ന് ആവശ്യപ്പെട്ടു. ചുഴലിക്കാറ്റ് Severe Cyclonic Storm എന്ന സ്ഥിതിയിൽ എത്തിയാലുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ വ്യക്തമായ നിർദ്ദേശം ജില്ലകൾക്കും പത്ര മാധ്യമങ്ങൾക്കും നൽകി. ഉച്ചയ്ക്ക് ഒരുമണിക്ക് Standard Operating Procedures പ്രകാരം Army, Navy, Air Force, Fire & Rescue Services, Coast Guard എന്നിവരെ ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങളും ഏകോപനവും ഉറപ്പുവരുത്തി. 6 വായുസേനാ വിമാനങ്ങൾ, 2 ഹെലികോപ്റ്റർ, 2 കോസ്റ്റ് ഗാർഡ് കപ്പലുകൾ, 1 കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ, 4 നേവി വിമാനങ്ങൾ എന്നിവ 30-11-2017-ന് രക്ഷാ

പ്രവർത്തനം ആരംഭിച്ചു. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗുമായി ബന്ധപ്പെട്ട് കടലിൽ യാത്ര ചെയ്യുന്ന എല്ലാ വാണിജ്യ കപ്പലുകൾക്കും ഉൾക്കടലിൽ അപകട ത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുവാനുള്ള നിർദ്ദേശം നൽകുവാൻ അഭ്യർത്ഥിച്ചു. തീരദേശത്തെ 100m പ്രദേശത്തെ കെട്ടുറപ്പില്ലാത്ത വീടുകൾ ഒഴിപ്പിക്കുവാൻ ആവശ്യമായതും Standard Operating Procedures പ്രകാരമുള്ളതുമായ നടപടി സ്വീകരിച്ചു. ഓരോ താലൂക്കിലും പ്രത്യേകം കൺട്രോൾ റൂം സജ്ജീകരിച്ച് ദുരിതാശ്വാസ പ്രവർത്തനം ഏകോപിപ്പിച്ചു. ജില്ലയിൽ വിവിധ കേന്ദ്രങ്ങളിലായി 18 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും 261 കുടുംബങ്ങളെ മാറ്റിപാർപ്പിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുവാൻ എല്ലാ സർക്കാർ ആശുപത്രികൾക്കും നിർദ്ദേശം നൽകി. Operation Synergy- യുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തിരുവനന്തപുരം എയർപോർട്ടിൽ റവന്യൂ, പോലീസ്, ഫിഷറീസ്, വായു സേന, നേവി, കോസ്റ്റ് ഗാർഡ് എന്നിവരുടെ സംയുക്ത കൺട്രോൾ റൂം ആരംഭിച്ചു. തീരദേശ താലൂക്കുകളിലും കൺട്രോൾ റൂം ആരംഭിച്ചു.

1-12-2017-ന് കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തര സഹായമായി കൂടുതൽ കപ്പലുകളും വിമാനങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. ലക്ഷദ്വീപിലെത്തിയ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുവാൻ ലക്ഷദ്വീപ് സർക്കാരിനോട് അഭ്യർത്ഥിച്ചു. കൊച്ചി കേന്ദ്രീകരിച്ച് ഒരു കൺട്രോൾ റൂം ആരംഭിച്ച് പ്രാദേശിക പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. ഗുജറാത്ത്, മഹാരാഷ്ട്ര, ഗോവ, തമിഴ്നാട്, കർണ്ണാടക സർക്കാരുകളോട് അതത് സ്ഥലത്തെത്തുന്ന മലയാളികളായ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചു. ഓഖി ചുഴലിക്കാറ്റ് ഒരു ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ച് 3-12-2017-ന് പ്രാഥമിക മെമ്മോറാണ്ടം സമർപ്പിച്ചു. 3-12-2017-വരെ ഫിഷറീസ് വകുപ്പ് പ്രാദേശിക മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കൊച്ചിയിൽ നിന്നും വലിയ മത്സ്യബന്ധന ബോട്ടിൽ തിരച്ചിൽ നടത്തി. ദുരന്ത ബാധിതരായ, Savings cum Relief Scheme-ൽ അംഗങ്ങളായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 2,000 രൂപ വീതം നൽകുവാൻ ഉത്തരവായി. ദുരന്തത്തിൽ മരണ മടഞ്ഞവരെ തിരിച്ചറിയുന്നതിനായി സൗജന്യ DNA ടെസ്റ്റ് നടത്തുവാൻ തീരുമാനിച്ചു. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണ്ണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2500 രൂപ വീതവും നൽകുവാൻ ടി സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. തമിഴ്നാട്ടിൽ നിന്നും മത്സ്യബന്ധനത്തിന് വരികയും കേരള തീരത്ത് അകപ്പെടുകയുംചെയ്ത മത്സ്യത്തൊഴിലാളികൾക്ക് സഹായമായി 17.75 ലക്ഷം രൂപ അനുവദിച്ചു. മറ്റ് രാജ്യങ്ങളിൽ എത്തിയിട്ടുള്ള മത്സ്യത്തൊഴിലാളികളെ തിരികെ

എത്തിക്കുവാൻ ഈ രാജ്യങ്ങളിലെ നാവിക സേനയുടെ സഹായം കേന്ദ്ര സർക്കാർ മുഖാന്തരം അഭ്യർത്ഥിച്ചു. 1843 കോടി രൂപയുടെ പുനരധിവാസ പാക്കേജ് 7-12-2017-ൽ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും കേന്ദ്രസേന തെരച്ചിൽ തുടരണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. 10-12-2017 മുതൽ 14-12-2017 വരെ 'Operations Synergy' എന്ന പേരിൽ രക്ഷാപ്രവർത്തനം നടത്തി. കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുവാൻ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ തീരങ്ങളിൽനിന്നും 18-12-2017-ന് മത്സ്യബന്ധന ബോട്ടുകളിൽ തിരച്ചിൽ നടത്തി.

(സി) ഓഖി ചുഴലിക്കാറ്റിൽ ഗുരുതരമായി പരിക്കേൽക്കുകയും മത്സ്യബന്ധനത്തിൽ ഏർപ്പെടാൻ കഴിയാത്ത ആരോഗ്യസ്ഥിതിയിലുമായ മത്സ്യത്തൊഴിലാളികൾക്ക് ബദൽ ജീവനോപാധിയായി ഓരോ കുടുംബത്തിനും 5 ലക്ഷം രൂപയുടെ ധനസഹായം ഫിഷറീസ് വകുപ്പിൽനിന്നും അനുവദിക്കുന്നതിന് ഉത്തരവായി. ദുരന്ത ബാധിതരായ Savings cum Relief Scheme-ൽ അംഗങ്ങളായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 2000 രൂപ വീതം നൽകാൻ ഉത്തരവായി. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുവഴി 5,000 രൂപ വീതം അനുവദിച്ചു. ദുരന്തത്തിനിരയായ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുള്ള 15 കിലോഗ്രാം അരി കൂടാതെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഫണ്ട് വിനിയോഗിച്ച് ഒരു മാസത്തെ സൗജന്യ റേഷൻകൂടി അനുവദിച്ചും ഉത്തരവായി. ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധനോപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്കുണ്ടായ നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് ഫിഷറീസ് വകുപ്പിന് നിർദ്ദേശം നൽകി ഉത്തരവായിട്ടുണ്ട്. ഓഖി ദുരന്തത്തിന് ഇരയായ മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ നൽകി വരുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് പഠിച്ച് കാലോചിതമായി പരിഷ്കരിക്കുന്നതിന് ശിപാർശ നൽകാൻ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഫിഷറീസ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തി. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യബന്ധനത്തിന് ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി കളിൽനിന്നും റിക്രൂട്ട്മെന്റ് നടത്തി പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കു ന്നതിന് ആഭ്യന്തര വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഓഖി ചുഴലിക്കൊടുങ്കാറ്റിന് ഇരയായവർക്കുള്ള ദുരിതാശ്വാസം അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് അനുബന്ധമായി ചേർത്തിട്ടുണ്ട്.* (ജി.ഒ. (കൈ) നമ്പർ 1/2017/ഡി.എം.ഡി. തീയതി 6-12-2017)

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ പ്രകൃതിക്ഷോഭങ്ങളിൽനിന്ന് തീരദേശ വാസികൾക്ക് സംരക്ഷണം നൽകുന്നതിനായി 7340.45 കോടി രൂപയുടെ പുനരധിവാസ പാക്കേജ് തയ്യാറാക്കി 19-1-2018-ന് ബഹുമാനപ്പെട്ട പ്രധാനമന്ത്രിക്ക് നൽകിയിട്ടുണ്ട്. പാക്കേജിന്റെ പൂർണ്ണരൂപം അനുബന്ധം 2 ആയി ചേർത്തിട്ടുണ്ട്.* ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ പ്രതികരണം ലഭ്യമായിട്ടില്ല.

**ഓഖി ദുരന്തബാധിതർക്കുള്ള ധനസഹായം**

4 (*4) ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി സി. കെ. ആശ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തത്തിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തെല്ലാം സഹായങ്ങളാണ് നല്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ദുരന്തംമൂലം കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുമെന്ന് വിശദമാക്കുമോ;

(സി) വള്ളവും വലയും നഷ്ടപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങൾ ലഭ്യമാക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഓഖി ദുരന്തത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് ജോലി നല്കുമോ എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഓഖി ചുഴലിക്കാറ്റിൽ മരിച്ച മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ പ്രഖ്യാപിച്ച 10 ലക്ഷം രൂപയും (4 ലക്ഷം രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 5 ലക്ഷം രൂപയും ബദൽ ജീവനോപാധിക്കായി ഫിഷറീസ് വകുപ്പിൽനിന്നും 5 ലക്ഷം രൂപയും ഉൾപ്പെടെ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ മരണപ്പെട്ട കുടുംബങ്ങൾക്ക് അടിയന്തര സഹായമായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും 10,000 രൂപവീതവും Saving Cum Relief Scheme-ൽ അംഗങ്ങളായ എല്ലാവർക്കും 2000 രൂപവീതവും അനുവദിച്ചിട്ടുണ്ട്. മരണമടയുന്നതും കാണാതാകുന്നതുമായ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ സൗജന്യ വിദ്യാഭ്യാസം/തൊഴിൽ പരിശീലനം ഉൾപ്പെടെ നൽകുന്നതിനുള്ള നടപടി പൊതു വിദ്യാഭ്യാസം/ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ചുവരുന്നു. കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനത്തിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണമെന്നും ഇപ്രകാരം നിയമനം നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യ തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും 6-12-2017-ലെ സ.ഉ. (കൈ) നമ്പർ 01/17/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) ഓഖി ദുരന്തത്തിൽപ്പെട്ട് മരിച്ച മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന അതേ ആനുകൂല്യങ്ങൾ കാണാതായവർക്കും നൽകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിലേക്ക് നിലവിലുള്ള നിയമ വ്യവസ്ഥകളിൽ ഇളവ് നൽകുന്ന കാര്യത്തിൽ അടിയന്തര ശിപാർശകൾ സമർപ്പിക്കുന്നതിന് റവന്യൂ, ആഭ്യന്തരം വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറിമാരെയും ഫിഷറീസ് വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയേയും ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി കൈക്കൊള്ളുന്നതാണ്.

(സി) വള്ളവും വലയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ തുക നഷ്ട പരിഹാരം അനുവദിക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധന യാനങ്ങളെ ആധുനികവത്കരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

(ഡി) കേരളത്തിലെ വിഴിഞ്ഞം, നീണ്ടകര, കൊച്ചി, പൊന്നാനി, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളോട് ചേർന്ന് പ്രത്യേക പോലീസ് സംവിധാനം ആരംഭിക്കുന്നതിന് ആഭ്യന്തര വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രത്യേക പോലീസ് സംവിധാനത്തിലേക്കുള്ള റിക്രൂട്ട്മെന്റ് മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളിൽ നിന്നായിരിക്കണമെന്നും ഇപ്രകാരം നിയമനം നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബാംഗങ്ങൾക്ക് (ആശ്രിതർക്ക്) മുൻഗണന നൽകേണ്ടതാണെന്നും 6-12-2017-ലെ സ.ഉ. (കൈ) നമ്പർ 01/17/ഡി.എം.ഡി. നമ്പർ സർക്കാർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിശ്ചിത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ആശ്രിതർക്ക് മത്സ്യഫെഡുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ പരിഗണനയിലാണ്.

## റേഷൻ കാർഡ് വിതരണത്തിലെ ക്രമക്കേടുകൾ

5 (*5) ശ്രീ. രാജു എബ്രഹാം :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണന മുൻഗണനേതര റേഷൻ കാർഡുകൾ വിതരണം ചെയ്തതിൽ വ്യാപകമായി ഉണ്ടായ ക്രമക്കേടുകൾ സമയബന്ധിതമായി പരിഹരിച്ച് അർഹരായവർക്ക് സൗജന്യ നിരക്കിൽ ഭക്ഷ്യധാന്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ നടത്തിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ;

(ബി) കാർഡിൽ ഉണ്ടായ തെറ്റുകൊണ്ടും പുതിയ കാർഡുകൾ നൽകാത്തതുകൊണ്ടും ചികിത്സാ ആനുകൂല്യം, ഭവനപദ്ധതി എന്നിവ മുടങ്ങുന്നത് പരിഹരിക്കുന്നതിനായി അടിയന്തരമായി ഇടപെടുമോ;

(സി) റേഷൻ വിതരണത്തിലെ തിരിമറി ഒഴിവാക്കുന്നതിനായി നടപ്പാക്കിയ ആധുനിക സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ഇവ എത്രമാത്രം ഫലപ്രദമായി നടക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തിലെ ഉപഭോക്താക്കളെ കണ്ടെത്തുന്നതിന് പ്രീ-പോപ്പുലേറ്റഡ് ഫോറത്തിൽ കാർഡുടമകൾ നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ കരട് മുൻഗണന പട്ടിക തയ്യാറാക്കുകയും 1-11-2016 മുതൽ പ്രസ്തുത പട്ടിക പ്രകാരം റേഷൻ വിതരണം ആരംഭിക്കുകയും ചെയ്തു. ഈ കരട് പട്ടികയിന്മേൽ ലഭിച്ച പരാതികൾ പഞ്ചായത്ത് സെക്രട്ടറി ചെയർമാനും റേഷനിംഗ് ഇൻസ്പെക്ടർ കൺവീനറും വില്ലേജ് ഓഫീസർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ എന്നിവരടങ്ങുന്ന കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത തീരുമാനത്തിൽ ആക്ഷേപമുള്ളവരുടെ പരാതി അപ്പീൽ കമ്മിറ്റി പരിശോധിച്ച് തീരുമാനം കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതല റീ-റാങ്കിംഗ് നടത്തി അന്തിമ പട്ടിക പ്രസിദ്ധീകരിക്കുകയും 1-6-2017 മുതൽ പ്രസ്തുത പട്ടികയുടെ അടിസ്ഥാനത്തിൽ റേഷൻ വിതരണം തുടർന്നുവരികയും ചെയ്യുന്നു. അന്തിമ ലിസ്റ്റ് പരിശോധിച്ചപ്പോൾ മുൻഗണന പട്ടികയിൽ ധാരാളം അപാകതകൾ ഉള്ളതായും ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന

സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 7,42,278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 5,67,009 അപേക്ഷകൾ റേഷൻകട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളത് ഇരട്ടിപ്പുള്ള അപേക്ഷകളും നേർക്കാഴ്ചയ്ക്ക് ഹാജരാകാത്തവയുമാണ്. അനർഹരെ ഒഴിവാക്കുന്നതിനായി നടത്തിയ തീവ്രപരിശ്രമത്തിന്റെ ഭാഗമായി സർവ്വീസ് പെൻഷൻകാരും സർക്കാർ ജീവനക്കാരും ഉൾപ്പെടെ 91,169 റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. വകുപ്പ് നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ രേഖകളുടെയും അടിസ്ഥാനത്തിൽ അനർഹരായ സർക്കാർ ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ 2,62,675 അനർഹരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. ഈ പ്രക്രിയ തുടർന്നുകൊണ്ടിരിക്കുകയാണ്. 2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണന പട്ടിക ക്രമമായ കാലയളവിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ബി) അത്യാവശ്യ സാഹചര്യങ്ങളിൽ താൽക്കാലിക റേഷൻകാർഡുകൾ നൽകിവരുന്നുണ്ട്. തെറ്റുകൾ തിരുത്തി നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി 31-3-2018-നകം ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം ' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചുവരുന്നു. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർ വൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തിരം തയ്യാറാക്കിവരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ്. സന്ദേശം നൽകി വരുന്നു. കൂടാതെ പത്രപരസ്യവും നൽകിവരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപരിയായി പൊതുവിതരണ സമ്പ്രദായത്തിനെ സോഷ്യൽ ആഡിറ്റിംഗിന് വിധേയമാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## ആർദ്രം പദ്ധതി

6 (*6) ശ്രീ. സി. കെ. ശശീന്ദ്രൻ :

ശ്രീ. ബി. ഡി. ദേവസ്സി :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ മേഖലയുടെ സമഗ്ര പുരോഗതിക്കും സ്വകാര്യ കോർപ്പറേറ്റ് ആധിപത്യം കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്ന ആർദ്രം പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) സർക്കാർ ആശുപത്രികളിൽ ഉയർന്ന നിലവാരത്തിലുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ആശുപത്രികളിൽ രോഗീസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനുമുള്ള പരിപാടിയുടെ വിശദവിവരം നൽകുമോ;

(സി) പ്രാഥമികതലത്തിൽ രോഗനിർണ്ണയം സാധ്യമാക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളും അതിനുവേണ്ട ലബോറട്ടറി സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിന് എത്ര മാത്രം സാധ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ) :

(എ) 1. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിൽ വിഭാവനം ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, ഡോക്ടർ, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ ആകെക്കൂടി 830 തസ്തികകൾ സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്ക് ആശുപത്രിയും ജില്ലാ മാനദണ്ഡപ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി ആരോഗ്യ വകുപ്പിൽ മൂന്ന് വർഷംകൊണ്ട് 5257 തസ്തികകൾ സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. അതിൻപ്രകാരം ജില്ല/താലൂക്ക്/ജനറൽ ആശുപത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

2. പ്രസ്തുത പദ്ധതിക്കുള്ള ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽനിന്നും G.O (Rt) 773/17/H&FWD dated 22-3-2017 സർക്കാർ ഉത്തരവ് പ്രകാരം 12.92 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്.

3. എല്ലാ മെഡിക്കൽ കോളേജുകളിലെയും ഒ.പി.-കൾ രോഗി സൗഹൃദമാക്കി മാറ്റുന്നതിനുള്ള കരാർ നൽകിക്കഴിഞ്ഞു.

4. രോഗികൾക്ക് online appointment എടുത്ത് കൺസൾട്ടേഷൻ നടത്താനുള്ള software തയ്യാറായിക്കഴിഞ്ഞു.

(ബി) 1. ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം നൽകുക.

2. ജില്ല-താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.

3. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക.

4. രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സാ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക.

5. ഒ.പി. വിഭാഗത്തിലെ തിരക്ക് കുറയ്ക്കുന്നതിനായി ആധുനികവത്കരിച്ച രജിസ്ട്രേഷൻ, ടോക്കൺ സംവിധാനങ്ങൾ, രോഗികളുടെ സ്വകാര്യത ഉറപ്പുവരുത്തുന്ന കൺസൾട്ടേഷൻ റൂമുകൾ എന്നിവ ലക്ഷ്യമിടുന്നു. ആദ്യഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും ഒ.പി. ട്രാൻസ്ഫർമേഷൻ നടപ്പിലാക്കുക.

6. വിവിധ വിഭാഗം ആശുപത്രികളിലെ ഡോക്ടറടക്കമുള്ള തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും വ്യത്യസ്ത സൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന ജില്ല/താലൂക്കുതല ആശുപത്രികളിൽ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ചികിത്സ സൗകര്യങ്ങൾ പുനഃക്രമീകരിക്കാനും ആർദ്രം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

7. മെഡിക്കൽ കോളേജിലെ online appointment നൽകി നിശ്ചിത സമയത്ത് രോഗികളെ പരിശോധിക്കുക.

8. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനും മാതൃ-ശിശു ആരോഗ്യ കാര്യങ്ങൾക്കും പകർച്ചവ്യാധി പ്രതിരോധത്തിനുമൊപ്പം രക്തസമ്മർദ്ദം, പ്രമേഹം ഉൾപ്പെടെയുള്ള

ജീവിതശൈലീ രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ഊന്നൽ നൽകുന്നവയായി ഇവ മാറ്റുന്നതിനും രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നതും വാർഡുതല ആരോഗ്യ ശുചിത്വ സമിതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ ഉയർന്നതലത്തിലുള്ള പങ്കാളിത്തത്തോടെ നടപ്പിലാക്കുക എന്നിവയാണ് ആർദ്രം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(സി) തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ലബോറട്ടറി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 170 ലാബ് ടെക്നീഷ്യൻമാരുടെയും 150 ഫാർമസിസ്റ്റുമാരുടെയും തസ്തിക സൃഷ്ടിക്കുകയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെസ്റ്റിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇതിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം

7 (*7) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ ആരുടെയും ഔദാര്യമല്ലെന്നും ഈ സർക്കാരിന്റെ കാലത്ത് പെൻഷനുവേണ്ടി സമരം ചെയ്യേണ്ടിവരികയില്ലെന്നും മുഖ്യമന്ത്രി പ്രഖ്യാപിച്ചിരുന്നോയെന്ന് അറിയിക്കാമോ ;

(ബി) പെൻഷൻകാർക്ക് നിലവിൽ എത്ര മാസത്തെ കുടിശ്ശികയാണ് ഉള്ളത്;

(സി) 2017 നവംബർ മുതലുള്ള രണ്ട് വർഷത്തേക്കുള്ള പെൻഷൻ വിതരണം പൂർണ്ണമായും സർക്കാർ ഏറ്റെടുക്കുമെന്നും നാല് മാസത്തെ പെൻഷൻ കുടിശ്ശിക ഘട്ടംഘട്ടമായി നൽകുമെന്നും ധനകാര്യ വകുപ്പുമന്ത്രി ഉറപ്പ് നൽകിയിരുന്നോ; പ്രസ്തുത ഉറപ്പ് പാലിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ നൽകുവാൻ പണം അനുവദിക്കുവാൻ സർക്കാരിന് ബാധ്യതയില്ലെന്ന് ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ;

(ഇ) ദുരിതത്തിലായ കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനുള്ള അധികാരി ഭരണസമിതിയാണ്. കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനായി 685 കോടി രൂപ ഈ സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചിട്ടുണ്ട്. കൂടാതെ, കെ.റ്റി.ഡി.എഫ്.സി.-യിൽനിന്നും സഹകരണ ബാങ്കുകളിൽനിന്നും വായ്പ എടുക്കുന്നതിനുള്ള സർക്കാർ ഗ്യാരന്റിയും അനുവദിച്ചിട്ടുണ്ട്.

(ബി) 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10,000 രൂപയിലധികം വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യാനുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പെൻഷൻ മുടക്കംകൂടാതെ നൽകുന്നതിനാണ് സർക്കാർ പരിശ്രമിക്കുന്നത്.

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും വിതരണം ചെയ്യേണ്ടത് കോർപ്പറേഷന്റെതന്നെ വരുമാനത്തിൽ നിന്നാണ്. ഇക്കാര്യത്തിൽ സർക്കാരിന് പ്രത്യക്ഷ ബാദ്ധ്യതയില്ലാതിരുന്നിട്ടും ശമ്പളവും പെൻഷനും വിതരണം ചെയ്യുന്നതിനുള്ള പരമാവധി സഹായം ചെയ്തുവരികയാണ്. ടി വിവരം ഹൈക്കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ കെ.എസ്.ആർ.ടി.സി. പെൻഷൻകാരുടെ കാര്യത്തിൽ അനുഭാവപൂർവ്വമായ നിലപാടാണ് സ്വീകരിച്ചു വരുന്നത്.

**ഓഖി ദുരന്തം**

8 (*8) ശ്രീ. വി. ജോയി :
ശ്രീ. എസ്. ശർമ്മ :
ശ്രീ. എം. നൗഷാദ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കാനായി സർക്കാരിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ചുഴലിക്കാറ്റ് സംബന്ധിച്ച് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ വകുപ്പ് നൽകിയ മുന്നറിയിപ്പ് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ ;

(സി) ഓഖി ചുഴലിക്കാറ്റിന്റെ കാര്യത്തിലുൾപ്പെടെ മിക്കപ്പോഴും ശരിയായ മുന്നറിയിപ്പ് നൽകാതിരിക്കുകയോ അല്ലെങ്കിൽ തെറ്റായ മുന്നറിയിപ്പ് നൽകുകയോ ചെയ്യുന്ന ഈ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ആധുനികവത്ക്കരിക്കാനും സംസ്ഥാനങ്ങൾക്ക് ഫലപ്രദമായ രീതിയിൽ മുന്നറിയിപ്പ് നൽകാനും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ഡി) നിക്ഷിപ്ത താത്പര്യക്കാർ ചില ദൃശ്യമാധ്യമങ്ങളുടെയും ദിനപത്രങ്ങളുടെയും സഹായത്തോടെ ദുരന്ത നിവാരണ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ നടത്തിയ ഇടപെടലിനെക്കുറിച്ച് അന്വേഷിച്ച് ഭാവിയിൽ ഇത്തരം ശ്രമങ്ങൾ ആവർത്തിക്കാതിരിക്കാൻ വേണ്ട ജാഗ്രത പുലർത്തുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) 30-11-2017-ന് ഉച്ചയ്ക്ക് 3.00 മണിക്ക് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ദുരന്തനിവാരണ അതോറിറ്റിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പങ്കെടുത്ത് അടിയന്തര യോഗം ചേർന്നു. രണ്ട് മന്ത്രിമാർക്ക് പ്രത്യേകം ചുമതലകൾ നൽകി പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു. അന്നുതന്നെ തീരസംരക്ഷണ സേനയോട് ദുരന്തത്തിൽ കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുവാൻ സഹായം നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. Standard Operating Procedures പ്രകാരം Army, Navy, Air Force, Fire & Rescue Services, Coast Guard എന്നിവരെ ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങളും ഏകോപനവും ഉറപ്പുവരുത്തി. ആധുനിക വിമാനങ്ങളും കപ്പലുകളും തിരുവനന്തപുരം തീരത്ത് എത്തുവാൻ ശ്രമിച്ചെങ്കിലും 30-11-2017-ലെ പ്രതികൂല കാലാവസ്ഥ കാരണം രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുവാൻ സാധിച്ചില്ല. 6 വായു സേനാ വിമാനങ്ങൾ, 2 ഹെലികോപ്റ്റർ, 2 കോസ്റ്റ് ഗാർഡ് കപ്പലുകൾ, 1 കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ, 4 നേവി വിമാനങ്ങൾ എന്നിവ രക്ഷാ പ്രവർത്തനം ആരംഭിച്ചു. ചീഫ് സെക്രട്ടറി ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗുമായി ബന്ധപ്പെട്ട് കടലിൽ യാത്ര ചെയ്യുന്ന എല്ലാ വാണിജ്യ കപ്പലുകൾക്കും ഉൾക്കടലിൽ അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുവാൻ നിർദ്ദേശം നൽകുവാൻ അഭ്യർത്ഥിച്ചു. ഓരോ താലൂക്കിലും പ്രത്യേകം കൺട്രോൾ റൂം സജ്ജീകരിച്ച് ദുരിതാശ്വാസ പ്രവർത്തനം ഏകോപിപ്പിക്കുകയും ചെയ്തു. വൈകിട്ട് നാല് മണിക്ക് തിരുവനന്തപുരം ജില്ലയിൽ വിവിധ കേന്ദ്രങ്ങളിലായി 18 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും 261 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്തു. മത്സ്യത്തൊഴിലാളികൾക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുവാൻ എല്ലാ സർക്കാർ ആശുപത്രികൾക്കും നിർദ്ദേശം നൽകി. 'Operation Synergy' എന്ന പേരിൽ നടത്തിയ രക്ഷാപ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തിരുവനന്തപുരം എയർപോർട്ടിൽ റവന്യൂ, പോലീസ്, ഫിഷറീസ്, വായുസേന, നേവി, കോസ്റ്റ് ഗാർഡ് എന്നിവരുടെ സംയുക്ത കൺട്രോൾ റൂം ആരംഭിക്കുകയും ചെയ്തു. തീരദേശ താലൂക്കുകളിലും കൺട്രോൾ റൂം

ആരംഭിച്ചു. കേന്ദ്ര പ്രതിരോധ സെക്രട്ടറി, എയർ ചീഫ് മാർഷൽ എന്നിവരുമായി ബന്ധപ്പെട്ട് അടിയന്തര സഹായമായി കൂടുതൽ കപ്പലുകളും വിമാനങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. ലക്ഷദ്വീപിൽ എത്തിയ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുവാൻ ലക്ഷദ്വീപ് സർക്കാരിനോട് അഭ്യർത്ഥിച്ചു. കൊച്ചി കേന്ദ്രീകരിച്ച് ഒരു കൺട്രോൾ റൂംകൂടി ആരംഭിച്ചു. പ്രാദേശിക പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കി. ഗുജറാത്ത്, തമിഴ്നാട്, ലക്ഷദ്വീപ്, മഹാരാഷ്ട്ര, ഗോവ, കർണ്ണാടക സർക്കാരുകളോട് അതത് സ്ഥലത്തെത്തുന്ന മലയാളികളായ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചു. ഫിഷറീസ് വകുപ്പ് പ്രാദേശിക മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കൊച്ചിയിൽ നിന്നും വലിയ മത്സ്യബന്ധന ബോട്ടിൽ തിരച്ചിൽ നടത്തി. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണ്ണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2500 രൂപ വീതവും നൽകാൻ അതാത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. രക്ഷാ പ്രവർത്തനത്തിന്റെ മുഖ്യ ഏകോപന കേന്ദ്രം കൊച്ചിയിലെ നേവിയുടെ Joint Operations Command-ലേയ്ക്ക് മാറ്റി. തമിഴ്നാട്ടിൽനിന്നും മത്സ്യബന്ധനത്തിന് വരികയും കേരള തീരത്ത് അകപ്പെട്ടുകയുംചെയ്ത മത്സ്യത്തൊഴിലാളികൾക്ക് സഹായമായി 17.75 ലക്ഷം രൂപ അനുവദിച്ചു. മറ്റ് രാജ്യങ്ങളിൽ എത്തിയിട്ടുള്ള മത്സ്യത്തൊഴിലാളികളെ തിരികെ എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചു. കേന്ദ്ര സേനകൾ അവരുടെ അന്വേഷണം തുടരണമെന്നും 7340.45 കോടി രൂപയുടെ പുനരധിവാസ പാക്കേജ് ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. കാണാതായ മത്സ്യ തൊഴിലാളികളെ കണ്ടെത്തുവാൻ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ തീരങ്ങളിൽനിന്നും മത്സ്യബന്ധന ബോട്ടുകളിൽ തിരച്ചിൽ നടത്തി.

(ബി) കേന്ദ്ര കാലാവസ്ഥാ വകുപ്പ് 30-11-2017-ന് രാവിലെ 5.30-നാണ് ഒരു ബുള്ളറ്റിൻ പുറപ്പെടുവിക്കുന്നത്. ഇതിൽ കേരളത്തിന് ചുഴലിക്കാറ്റ് മാനദണ്ഡ പ്രകാരമുള്ള Pre-Cyclone Watch, Cyclone Alert, Cyclone Warning എന്നീ മുന്നറിയിപ്പുകൾ ഉണ്ടായിരുന്നില്ല. കേരളത്തിൽ ചുഴലിക്കാറ്റിന്റെ ആഘാതം ഉണ്ടാകുമെന്ന് ആദ്യമായി അറിയിച്ചത് 30-11-2017-ന് ഉച്ചയ്ക്ക് 12.00 മണിക്ക് മാത്രമാണ്. 30-11-2017-ന് രാവിലെ 6.20- നുള്ള Deep Depression over Comorin area and neighbourhood- ബംഗാൾ ഉൾക്കടലിൽ ശ്രീലങ്കയിൽ കന്യാകുമാരിയിൽ നിന്നും 210 കി.മീ. ദൂരെ ഒരു തീവ്ര ന്യൂനമർദ്ദം വടക്ക് പടിഞ്ഞാറ് ദിശയിൽ നീങ്ങി അടുത്ത 12 മണിക്കൂറിൽ ചുഴലിക്കാറ്റായി മാറുവാൻ സാധ്യതയുണ്ടെന്നും തെക്കൻ കേരള തീരത്ത് 45-55 കി.മീ. വേഗത്തിലും ചിലപ്പോൾ 65 കി.മീ. വേഗത്തിലും കാറ്റ് ഉണ്ടാകുമെന്നും തെക്കൻ കേരള തീരത്ത് മത്സ്യത്തൊഴിലാളികൾ അടുത്ത 36 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണമെന്ന് ഉപദേശിക്കണമെന്നുമുള്ള അറിയിപ്പ് ഫാക്സ് ആയി രാവിലെ 8.38-ന് ലഭിച്ചു. 30-11-2017-ന് കേന്ദ്ര ആഭ്യന്തര

മന്ത്രാലയത്തിന്റെ കൺട്രോൾ റൂമിൽനിന്നും രാവിലെ 9.10-ന് പുറപ്പെടുവിച്ച Bulletin No. 6 ഫാക്സ് ആയി രാവിലെ 9.17-ന് ലഭിച്ചു. Deep Depression over Comorin area & Cyclone Alert for Lakshadweep Islands-എന്ന ഈ ബുള്ളറ്റിനിൽ അടുത്ത 12 മണിക്കൂറിൽ ചുഴലിക്കാറ്റായി മാറുവാൻ സാധ്യതയുണ്ടെന്ന് അറിയിപ്പ് നൽകി. കേരളത്തിൽ ചുഴലിയുടെ ആഘാതത്തെ കുറിച്ച് പരാമർശിക്കാതെ, ലക്ഷദ്വീപിന് ചുഴലി മുന്നറിയിപ്പ് (Cyclone Alert) നൽകുകയാണ് ഉണ്ടായത്. ഇവിടെയും തെക്കൻ കേരള തീരത്ത് 55-65 കി.മീ. വേഗത്തിലും ചിലപ്പോൾ 75 കി.മീ. വേഗത്തിലും കാറ്റുണ്ടാകുമെന്നും തെക്കൻ കേരള തീരത്ത് മത്സ്യത്തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണമെന്ന് ഉപദേശിക്കണം എന്നുമുള്ള അറിയിപ്പാണ് നൽകിയത്.

30-11-2017-ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്നും ഉച്ചയ്ക്ക് 12.30-ന് പുറപ്പെടുവിച്ച Bulletin No. 7 ഫാക്സായി ഉച്ചയ്ക്ക് 2.21-ന് ലഭിച്ചു. Cyclone Storm 'OCKHI' over Comorin area & Cyclone Warning for South Kerala, adjoining districts of south Tamil Nadu and Lakshadweep Islands-ORANGE message എന്ന ഈ ബുള്ളറ്റിനിൽ മാത്രമാണ് ചുഴലിക്ക് 'ഓഖി' എന്ന പേര് നൽകിയത്. ഈ ബുള്ളറ്റിനിൽ മാത്രമാണ് കേരളത്തിൽ ചുഴലിക്കാറ്റിന്റെ ആഘാതം ഉണ്ടാകുമെന്നും ചുഴലിക്കാറ്റ് മുന്നറിയിപ്പ് ചട്ടത്തിലെ Cyclone Warning-Orange Alert കേരളത്തിന് നൽകുന്നതും. ഈ സാഹചര്യത്തിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് 'കേരളത്തിലെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതിൽനിന്നും തടയണം' (Total Suspension of Fishing) എന്ന് ചട്ടപ്രകാരം നിർദ്ദേശിച്ചിട്ടില്ല. 1-12-2017-ന് കേന്ദ്ര കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിൽനിന്ന് രാവിലെ 8.30-ന് പുറപ്പെടുവിച്ച Severe Cyclonic Storm 'OCKHI' over Southeast Arabian Sea and Cyclone Warning for Kerala and Lakshadweep Islands- RED message എന്ന Bulletin No. 14- ഇ-മെയിൽ മുഖേന 9.55- ന് ലഭിച്ചു.

(സി) കാലാവസ്ഥാ വ്യതിയാനത്തിനെക്കുറിച്ച് യഥാസമയം വിവരം ലഭ്യമാക്കുവാൻ ശാസ്ത്രീയ സംവിധാനം രാജ്യത്തുണ്ടാക്കണമെന്ന കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഓഖി ദുരന്ത ബാധിത പ്രദേശങ്ങളിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ സാധ്യമായ എല്ലാ രീതിയിലും വിവിധ സർക്കാർ വകുപ്പുകൾ മുഖേനയും സന്നദ്ധ സംഘടനകളും മത-സാമൂഹിക സംഘടനകളും നടത്തിയിട്ടുണ്ട്. നിക്ഷിപ്ത താല്പര്യക്കാർ ദുരന്ത നിവാരണ പ്രവർത്തനം തടസ്സപ്പെടുത്താൻ ഇടപെടലുകൾ നടത്തിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരായ പ്രചരണം

9 (*9) ശ്രീ. കെ. വി. വിജയദാസ് :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരെ നടത്തുന്ന അശാസ്ത്രീയ പ്രചരണം തടയാൻ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) വൈകല്യങ്ങളില്ലാതെയുള്ള ജനനവും ജീവിതവും കുട്ടികളുടെ മൗലികാവകാശമായതിനാൽ, പ്രതിരോധ കുത്തിവയ്പ്പുകൾ എതിർക്കുന്നവരെ ബോധവത്കരിക്കാൻ ശ്രമിക്കുന്നതിനോടൊപ്പം കർശന നിയമ നടപടികളും സ്വീകരിക്കുമോ;

(സി) മീസൽസ് റൂബെല്ലാ വാക്സിനേഷൻ യജ്ഞം വിജയിച്ചുവോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പ്രതിരോധ കുത്തിവയ്പ്പുകൾക്കെതിരെ നടത്തുന്ന അശാസ്ത്രീയ പ്രചരണം തടയുന്നതിനായി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വാക്സിനേഷൻ നടത്തുന്നതിന്റെ ആവശ്യകത ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്തു :

1. നിശ്ചിത ഇടവേളകളിൽ പത്രവാർത്തകൾ നൽകി.
2. വിവിധ പത്രങ്ങളിൽ ബോധവൽക്കരണത്തിനും അശാസ്ത്രീയ പ്രചരണം തടയുന്നതിനുമായി പരസ്യങ്ങൾ നൽകി.
3. പത്രത്തിലൂടെയും ദൃശ്യ ശ്രവ്യ മാധ്യമങ്ങളിലൂടെയും സാമൂഹ്യ മാധ്യമങ്ങളിലൂടെയും സന്ദേശങ്ങളും അഭിമുഖങ്ങളും വാർത്തകളും തുടരെത്തുടരെ നൽകുകയുണ്ടായി.
4. ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ കളക്ടർ തുടങ്ങിയവർ വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് യോഗം കൂട്ടുകയും വാക്സിനേഷൻ ഫലപ്രദമായി നടത്തുന്നതിനുമായി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. വാക്സിൻ വിരുദ്ധ പ്രവർത്തകർക്കെതിരെ നിയമ നടപടി സ്വീകരിക്കുന്നതിനുവേണ്ടി ദേശീയ

ആരോഗ്യ ദൗത്യം സ്റ്റേറ്റ് മിഷൻ ഡയറക്ടറും ആരോഗ്യ വകുപ്പ് ഡയറക്ടറും പോലീസ് അധികാരികൾക്ക് പരാതി നൽകി. നവ മാധ്യമങ്ങളിലൂടെ പ്രതിരോധ കുത്തിവയ്പിന് അനുകൂലമായി വ്യാപകമായ പ്രചരണങ്ങൾ നടത്തി. വാക്സിൻ വിരുദ്ധ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് നവമാധ്യമങ്ങളിലൂടെ മറുപടി നൽകി. ആരോഗ്യ വകുപ്പിലെയും ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സിലെയും ഇന്ത്യൻ മെഡിക്കൽ അസോസിയേഷനിലെയും ഡോക്ടർമാർ വാക്സിൻ വിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തി. ആരോഗ്യ വകുപ്പിലെ ഫീൽഡുതല ജീവനക്കാരും അങ്കണവാടി-ആശാ പ്രവർത്തകരും ഗ്രാമതലത്തിലും നഗര-പഞ്ചായത്ത് വാർഡ് തലങ്ങളിലും വിപുലമായ പ്രവർത്തനങ്ങൾ നടത്തി. സ്കൂളുകളിൽ പി.റ്റി.എ. മീറ്റിംഗുകൾ സംഘടിപ്പിക്കുകയും സമൂഹത്തിലെ പ്രമുഖ വ്യക്തികളെയും മതനേതാക്കളെയും ഉൾപ്പെടുത്തി പ്രതിരോധ കുത്തിവയ്പ്പിനെതിരെ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

(ബി) പ്രതിരോധ കുത്തിവയ്പ്പിനെതിരെ അശാസ്ത്രീയ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുന്നതിനായി പോലീസിൽ പരാതി നൽകുകയുണ്ടായി.

(സി) മീസൽസ്- റൂബെല്ല വാക്സിനേഷൻ യജ്ഞം സംസ്ഥാനത്തെ, 9 മാസം പൂർത്തിയായതുമുതൽ 15 വയസ്സ് വരെയുള്ള 88% കുട്ടികൾക്ക് നൽകി. വാക്സിനേഷനെടുത്ത കുട്ടികൾക്ക് മീസൽസ്-റൂബെല്ല എന്നീ അസുഖങ്ങൾ തടയാൻ കഴിയുമെന്നതിനാൽ ഈ യജ്ഞം വിജയകരമായിരുന്നു.

**നെല്ലുസംഭരണം**

10 (*10) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ നിശ്ചയിച്ച താങ്ങുവിലയിൽ സംഭരണം നടത്തി, അരിയാക്കി മാറ്റി സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ ന്യായവില ഷോപ്പുകൾ വഴി വിറ്റഴിക്കുന്ന, സഹകരണ പൊതുമേഖലാ മില്ലുടമകൾക്ക് നെല്ല് സംഭരണത്തിനായി മാറ്റിവയ്ക്കുന്ന സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) നെല്ലുസംഭരണ പദ്ധതിയുടെ കൈകാര്യച്ചെലവ് കേന്ദ്രസർക്കാർ നൽകുന്നുണ്ടോ; വിശദമാക്കുമോ;

(സി) നെല്ലുസംഭരണ പ്രക്രിയയിൽ കഴിഞ്ഞ സീസണിൽ സംഭരിച്ചതിനെക്കാൾ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്തിന് പുറത്തുനിന്നും നെല്ല് കൊണ്ടുവന്ന് സംഭരണ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കരിനിലങ്ങളിൽ സംഭരിക്കുന്ന നെല്ലിനും, കീടശല്യംമൂലം ഗുണനിലവാരം മോശമായ നെല്ലിനും കർഷകർക്ക് നൽകുന്ന സംഭരണ തുകയിൽ അന്യായമായ കിഴിവ് മില്ലുടമകൾ പിടിച്ചുവാങ്ങുന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) നെല്ല് സംഭരണ പദ്ധതി പ്രകാരം നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സംവിധാനത്തിലൂടെ വിതരണത്തിനായി കേന്ദ്രപൂളിലേയ്ക്ക് നൽകുന്ന പ്രക്രിയയിലാണ് സംസ്ഥാന പ്രോത്സാഹന ബോണസ് നൽകുന്നത്. ന്യായവില ഷോപ്പുകൾവഴി അരി വിറ്റഴിക്കുന്ന സഹകരണ/പൊതുമേഖലാ മില്ലുകൾക്ക് സബ്സിഡി നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ബി) ഉണ്ട്. നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി കേന്ദ്ര പൂളിലേയ്ക്ക് പൊതുവിതരണത്തിനായി തിരികെ നൽകുന്ന അരിക്ക് കൈകാര്യച്ചെലവ് ഉൾപ്പെടെ കിലോഗ്രാമിന് 29.26 രൂപ കേന്ദ്രസർക്കാർ അനുവദിക്കുന്നുണ്ട്.

(സി) 2016-17 സീസണിൽ സംസ്ഥാനത്തുനിന്നും ആകെ 4.52 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിരുന്നു. 2017-18 സീസണിൽ നാളിതുവരെ 1.4 ലക്ഷം മെട്രിക് ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. ടി സീസൺ കേന്ദ്ര സർക്കാരിന്റെ മാനദണ്ഡ പ്രകാരം 2018 ജനുവരി 31-നാണ് അവസാനിക്കുന്നത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) സംഭരണം നടത്തുന്ന സന്ദർഭങ്ങളിൽ ചിലയിടങ്ങളിൽ ഈ പരാതികൾ ഉയർന്നുവരാറുണ്ട്. അപ്പോഴെല്ലാം യഥാസമയം ഇടപെടൽ നടത്തി പരിഹാരം കാണാറുണ്ട്.

## ദേശീയ മെഡിക്കൽ കമ്മീഷൻ

11 (*11) ശ്രീ. കെ. ബാബു :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കൗൺസിലിന് പകരം ദേശീയ മെഡിക്കൽ കമ്മീഷൻ രൂപീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള നാഷണൽ മെഡിക്കൽ കമ്മീഷൻ ബില്ലിന്റെ ഉള്ളടക്കം പരിശോധിച്ചിരുന്നോ; സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് ഹിതകരമല്ലാത്ത പ്രത്യാഘാതം ഉണ്ടാക്കാനിടയുള്ള വ്യവസ്ഥകൾ ഭേദഗതി വരുത്തുകയോ ഒഴിവാക്കുകയോ ചെയ്യണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ;

(ബി) ഉദ്യോഗസ്ഥ സ്വഭാവം മാത്രമുള്ള കമ്മീഷനിൽ സംസ്ഥാനങ്ങളുടെ താല്പര്യം പരിരക്ഷിക്കുന്നതിന് ആവശ്യമായ മാറ്റത്തെക്കുറിച്ച് നിർദ്ദേശം നൽകുന്ന കാര്യം പരിശോധിക്കുമോ;

(സി) മറ്റ് വൈദ്യശാസ്ത്ര സമ്പ്രദായം പഠിച്ച് ചികിത്സകരായിരിക്കുന്നവർക്ക് അലോപ്പതി സമ്പ്രദായ പ്രകാരമുള്ള ചികിത്സ അനുവർത്തിക്കാൻ അനുമതി നൽകുന്ന അശാസ്ത്രീയ രീതിയോട് വിയോജിപ്പ് അറിയിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ-സി) 2017-ലെ ദേശീയ മെഡിക്കൽ കമ്മീഷൻ ബില്ലിന്റെ ഉള്ളടക്കം പരിശോധിച്ചുവരുന്നു. സംസ്ഥാനത്തെ ആരോഗ്യരംഗത്തെ പ്രതികൂലമായി ബാധിക്കുന്ന വ്യവസ്ഥകൾ സംബന്ധിച്ച അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിക്കുന്നതാണ്. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ പ്രസ്തുത ബില്ലിന്റെ ഉള്ളടക്കം പരിശോധിക്കുകയും ബില്ലിന്റെ വ്യവസ്ഥകളോടുള്ള കൗൺസിലിന്റെ വിയോജിപ്പ് ബന്ധപ്പെട്ടവരെ അറിയിക്കാനും തീരുമാനിച്ചിട്ടുണ്ട്.

## രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും

12 (*12) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും വർദ്ധിച്ചുവരുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) രാഷ്ട്രീയ സംഘട്ടനങ്ങളും കൊലപാതകങ്ങളും തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സാധാരണക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും ക്രമസമാധാനം പാലിക്കാനും പോലീസുസേന നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കണക്ക് പരിശോധിക്കുമ്പോൾ 2015-ൽ 15 കൊലപാതകങ്ങൾ ഉണ്ടായിരുന്നതായും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016-ൽ 10 രാഷ്ട്രീയ കൊലപാതകങ്ങൾ ഉണ്ടായതായും 2017-ൽ അത് 5 ആയി കുറഞ്ഞതായുമാണ് കാണുന്നത്. (രാഷ്ട്രീയ സംഘട്ടനങ്ങളിൽ നേരിയ വർദ്ധനവുണ്ടായിട്ടുണ്ട്.)

(ബി) രാഷ്ട്രീയ കൊലപാതകങ്ങളും സംഘട്ടനങ്ങളും തടയുന്നതിനായി രഹസ്യാന്വേഷണ വിഭാഗത്തിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്. എല്ലാ പോലീസ് സ്റ്റേഷൻ പരിധിയിലും ആവശ്യമായ ജാഗ്രത പുലർത്താനും എന്തെങ്കിലും അനിഷ്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ കുറ്റക്കാർക്കെതിരെ നിയമ നടപടി സ്വീകരിക്കാനും രാഷ്ട്രീയ അതിക്രമങ്ങൾ ഉണ്ടാകുവാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പോലീസ് പട്രോളിംഗും പോലീസ് പിക്കറ്റിംഗും ശക്തമാക്കാനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, രാഷ്ട്രീയ സംഘർഷങ്ങൾ സംബന്ധിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികളേയും വിളിച്ചുചേർത്ത് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും പ്രാദേശികതലത്തിലും ഉഭയകക്ഷി ചർച്ചകളും സർവ്വകക്ഷി യോഗങ്ങളും കൂടുകയും രാഷ്ട്രീയ കൊലപാതകങ്ങളും രാഷ്ട്രീയ സംഘർഷങ്ങളും ഭാവിയിൽ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുവാനും സംഘർഷാവസ്ഥ നിലനിൽക്കുന്ന പ്രദേശങ്ങളിൽ ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കുവാനുംവേണ്ട നിർദ്ദേശം നൽകാൻ എല്ലാ രാഷ്ട്രീയ പാർട്ടികളോടും അഭ്യർത്ഥിക്കുകയും അപ്രകാരം തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് സംഘർഷമുണ്ടായ സമയത്തെല്ലാം സമാധാനം പുലർത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾക്ക് എല്ലാ രാഷ്ട്രീയ നേതൃത്വത്തിന്റെയും പിന്തുണയും യോജിച്ചുള്ള നടപടികളും ലഭിച്ചിട്ടുണ്ട്.

(സി) പോലീസ് സേന നിഷ്പക്ഷമായി പ്രവർത്തിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തിക പ്രതിസന്ധി

13 (*13) ശ്രീമതി സി. കെ. ആശ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തികസ്ഥിതി സംബന്ധിച്ച യഥാർത്ഥ ചിത്രം വ്യക്തമാക്കാമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിലെ സാമ്പത്തികപ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(സി) വിരമിച്ച ജീവനക്കാർക്ക് യഥാസമയം പെൻഷൻ ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) പെൻഷൻ തുക നൽകുന്നതിന് പ്രത്യേക ഫണ്ടോ പദ്ധതിയോ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ ):

(എ) കെ.എസ്.ആർ.ടി.സി.-യുടെ ശരാശരി വരവും ചെലവും ചുവടെ ചേർക്കുന്നു :

| വരവ് | (തുക കോടി രൂപയിൽ) |
|---|---|
| പ്രതിമാസ വരുമാനം | 170 |

| ചെലവ് | (തുക കോടി രൂപയിൽ) |
|---|---|
| (1) | (2) |
| ഡീസൽ ലൂബ്രിക്കന്റ് | 94 |
| ശമ്പളവും വേതനവും | 86 |
| പെൻഷൻ | 60 |

| (1) | (2) |
|---|---|
| പെൻഷൻ ആനുകൂല്യങ്ങൾ | 6 |
| വായ്പാതിരിച്ചടവുകൾ | 87 |
| ടയറും സ്പെയറുകളും വാങ്ങുന്നതിന് | 10 |
| മറ്റിനങ്ങൾ | 10 |
| ആകെ | 353 |
| പ്രതിമാസ വരവ്-ചെലവ് അന്തരം | 183 |

കെ.എസ്.ആർ.ടി.സി.-യുടെ വരവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത ഗുരുതരമായ സാമ്പത്തിക അന്തരമാണുള്ളത്. കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ തുടങ്ങിയ കാലംമുതൽ റവന്യൂ വരുമാനത്തിൽ നിന്നുമാണ് നൽകിവരുന്നത്. എന്നാൽ റവന്യൂ അക്കൗണ്ടിൽ ടി ആവശ്യത്തിന് പണം ലഭ്യമല്ലാതിരുന്നതിനാൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും പലിശയ്ക്ക് കടം വാങ്ങേണ്ടതായി വന്നിരുന്നു. ടി കടവും അതിന്റെ തിരിച്ചടവും വർദ്ധിച്ചുവരികയും ചെയ്യുന്നു. ഇപ്പോൾ കടത്തിന്റെ തിരിച്ചടവും ദൈനംദിന ചെലവും കഴിച്ചാൽ റവന്യൂ വരുമാനത്തിൽനിന്നും മിച്ചം ഒന്നുംതന്നെ ഇല്ല എന്നതാണ് വസ്തു. അതിനാൽ പെൻഷനു മാത്രമല്ല ശമ്പളത്തിനു പോലും സർക്കാരിനേയോ വായ്പയെയോ പൂർണ്ണമായും ആശ്രയിക്കേണ്ടുന്ന അവസ്ഥയാണ് കഴിഞ്ഞ നാലഞ്ച് വർഷമായി നിലനിൽക്കുന്നത്. കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഡീസലിന്റെ വിലയിൽ ഒരു ലിറ്ററിന് 7 രൂപയിലധികം വർദ്ധനവുണ്ടായി. ഇതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം 10 കോടി രൂപയുടെ അധിക ചെലവാണ് ഉണ്ടാകുന്നത്. 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10,000 രൂപയിലധികം പെൻഷൻ വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യുവാനുണ്ട്. എന്നാൽ എല്ലാ മാസവും കെ.എസ്.ആർ.ടി.സി.-ക്ക് നൽകുമെന്ന് ഗവൺമെന്റ് സമ്മതിച്ചിട്ടുള്ള പെൻഷൻ കോൺട്രിബ്യൂഷൻ തുകയിലും അധികം തുക സർക്കാർ ഇതിനകം നൽകിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനായി കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ സർക്കാർ ഉത്തരവ് G.O.(Rt) No.367/2016/Trans

തീയതി 24-9-2016 പ്രകാരം വിശദപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെടുത്തുകയും അദ്ദേഹം പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിനും കാര്യക്ഷമമായ പ്രവർത്തനത്തിനും ഉതകുന്ന രീതിയിൽ സമഗ്ര പുനരുദ്ധാരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും ചെയ്തു. എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും ആയതിന്റെ ഭാഗമായി ഓഫീസർമാരുടെയും മിനിസ്റ്റീരിയൽ ജീവനക്കാരുടെയും പ്രവൃത്തിസമയം രാവിലെ 10:00 മണി മുതൽ വൈകുന്നേരം 5:00 മണിവരെ ആയിരുന്നത് രാവിലെ 9:30 മുതൽ വൈകുന്നേരം 05:30 മണിവരെയായും ഓരോ വിഭാഗം ജീവനക്കാരുടെയും ജോലി സമയം ഉചിതമാംവണ്ണം പുനഃക്രമീകരിക്കുകയും ചെയ്തു. വർക്ക്ഷോപ്പുകളുടെ പ്രവർത്തനം, ടയർ റീട്രെഡിംഗ്, എൻജിൻ റികണ്ടീഷനിംഗ്, വാഹന ഉപയോഗ നിരക്ക് എന്നീ കാര്യങ്ങളിൽ ദേശീയ ശരാശരിക്ക് ഒപ്പമെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇന്ധന ഉപയോഗക്ഷമത (KMPL) ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിനും കൂടുതൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവ് നൽകുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. ഇത്തരത്തിൽ പരീക്ഷണാർത്ഥം നടപ്പിൽ വരുത്തിയ പുനഃക്രമീകരണങ്ങളിലൂടെ ജീവനക്കാരുടെ ജോലിയിലും കോർപ്പറേഷന്റെ വരുമാനത്തിലും സാരമായ മാറ്റങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കോർപ്പറേഷന്റെ നിലവിലെ പരിതാപകരമായ അവസ്ഥ മാറ്റിയെടുക്കേണ്ടത് തൊഴിലാളികളുടെ ആവശ്യകതയാണെന്ന് ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതിനാൽ പുനരുദ്ധാരണ പദ്ധതികളിൽ തൊഴിലാളികളുടെ പങ്കാളിത്തം ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക പുനഃക്രമീകരണത്തിന്റെ ഭാഗമായി ഇപ്പോൾ കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുള്ള വായ്പകൾ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേക്ക് മാറ്റുവാനുള്ള നടപടികൾ പുരോഗമിക്കുന്നു

(സി) കെ.എസ്.ആർ.ടി.സി.-യുടെ ചെലവിലെ ഒരു പ്രധാനപ്പെട്ട ഇനം കടത്തിന്റെ തിരിച്ചടവാണ്. ടി തിരിച്ചടവിൽ മാറ്റം വരുത്തുന്നതിനായി കൂടിയ പലിശ നിരക്കിലും ഹ്രസ്വകാലാവധിയുള്ളതുമായ വായ്പകളെ കുറഞ്ഞ പലിശനിരക്കിലും കൂടിയ കാലാവധിയുള്ളതുമായ വായ്പകളാക്കി മാറ്റുന്നതിനായി ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് വായ്പകളുടെ പുനഃക്രമീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്. വായ്പാ പുനഃക്രമീകരണം നടപ്പിലാക്കിയാൽ പെൻഷൻ മുടക്കം കൂടാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) പരിശോധിച്ചുവരുന്നു.

## ദുരന്ത നിവാരണ അതോറിറ്റി

14 (*14) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ ഘടന എപ്രകാരമാണ്;

(ബി) പ്രസ്തുത അതോറിറ്റിയിൽ വിദഗ്ധരായ അംഗങ്ങളുടെ അഭാവം കാരണം ഓഖി ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നിർവ്വഹിക്കാൻ കഴിഞ്ഞില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനം ഫലപ്രദമാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) 2005-ലെ ദുരന്ത നിവാരണ ആക്ട് (കേന്ദ്ര ആക്ട്) സെക്ഷൻ 14 പ്രകാരവും 2007 -ലെ കേരള സ്റ്റേറ്റ് ഡിസാസ്റ്റർ മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരവും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചെയർമാൻ മുഖ്യമന്ത്രിയും വൈസ് ചെയർമാൻ റവന്യൂ മന്ത്രിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ചീഫ് സെക്രട്ടറിയുമാണ്. ചെയർമാനെ കൂടാതെ 9 അംഗങ്ങളെ പാടുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൃഷി വകുപ്പുമന്ത്രി, അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, ഹെഡ് (സയന്റിസ്റ്റ്) സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻ സെന്റർ എന്നിവരാണ് നിലവിലെ മറ്റ് അംഗങ്ങൾ. ചിഫ് സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തര വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ & ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ്, അഡീഷണൽ ചീഫ് സെക്രട്ടറി ആരോഗ്യ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് എന്നിവർ അംഗങ്ങളായ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിക്കാണ് ദുരന്ത നിവാരണ നിയമം അനുശാസിക്കുന്ന പ്രകാരമുള്ള ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള ചുമതല.

(ബി) ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 18 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ചുമതലകൾ നിർവ്വചിക്കപ്പെട്ടിട്ടുണ്ട്. ഈ ചുമതലകൾ നിർവ്വഹിക്കുന്നതിൽ അതോറിറ്റിക്ക് വീഴ്ച ഉണ്ടായിട്ടില്ല. ആവശ്യാനുസരണം വിദഗ്ദ്ധരുടെ സേവനം അതോറിറ്റിക്ക് ലഭ്യമാണ്. 22-12-2017-ന് കേന്ദ്ര ആഭ്യന്തര

മന്ത്രി പാർലമെന്റ് സമ്മേളനത്തിൽ നടത്തിയ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടുന്നത്, ചുഴലിക്കാറ്റ് എന്ന് കേന്ദ്ര സർക്കാർപോലും മനസ്സിലാക്കുന്നത് 30-11-2017-ന് രാവിലെ 5.30- ന് മാത്രമാണ്. ചുഴലിക്കാറ്റ് മുന്നറിയിപ്പ് നൽകിയത് 30-11-2017-ന് ഉച്ചയ്ക്ക് 11.55-ന് മാത്രമാണ് എന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. എന്നാൽ 30-11-2017-ന് പകൽ 8.30-ന് ലക്ഷദ്വീപിന് Standard Operating Procedure പ്രകാരം ചുഴലി മുന്നറിയിപ്പ് (Cyclone Alert) കേന്ദ്ര കാലാവസ്ഥാ വകുപ്പ് പുറപ്പെടുവിച്ചിരുന്നു. Deep Depression over Comorin area & Cyclone Alert for Lakshadweep Islands- ഈ ബുള്ളറ്റിനിൽ ആണ് ആദ്യമായി ചുഴലിക്കാറ്റാണ് ഈ പ്രതിഭാസം എന്ന അറിയിപ്പ് നൽകുന്നത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ പ്രവചനം പരിശോധിച്ചാൽ വ്യക്തമാകുന്നത് 30-11-2017-ന് വൈകിട്ട് 5.30-ന് മാത്രമേ ഇത് ചുഴലിക്കാറ്റായി മാറുകയുള്ളൂ എന്നാണ്. ഇവിടെ തെക്കൻ കേരള തീരത്ത് 45-55 കി.മീ. വേഗത്തിലും ചിലപ്പോൾ 65 കി.മീ. വേഗത്തിലും കാറ്റ് ഉണ്ടാകും. അതിനാൽ മത്സ്യത്തൊഴിലാളികൾ അടുത്ത 48 മണിക്കൂർ കടലിൽ പോകുന്നത് ഒഴിവാക്കണം എന്ന് ഉപദേശിക്കണം എന്നുമുള്ള അറിയിപ്പാണ് ഉണ്ടായിരുന്നത്. ഇതോടൊപ്പം നൽകിയിരിക്കുന്ന ദിശാ സൂചനാ ഭൂപടത്തിൽ നൽകിയിരിക്കുന്നത് കേരള തീരത്ത് എത്താതെ ലക്ഷദ്വീപിലേക്ക് പോകുവാൻ സാദ്ധ്യതയുള്ള ഒരു ചുഴലിയാണ് ഇത് എന്നതാണ്. ലക്ഷദ്വീപിന് നൽകിയ മുന്നറിയിപ്പ് സൂചന ലഭിച്ചത് മുതൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി Standard Operating Procedure പ്രകാരം നടപടികൾ ആരംഭിച്ചു. കേരളത്തിൽ ചുഴലിക്കാറ്റിന്റെ ആഘാതം ഉണ്ടാകും എന്ന് ആദ്യമായി പ്രതിപാദിക്കുന്നത് 30-11-2017-ന് ഉച്ചയ്ക്ക് 12.00 മണിക്കാണ്.

(സി) 11-12-2017-ലെ സ.ഉ. (സാധാ) നമ്പർ 84/2017/ഡി.എം.ഡി. പ്രകാരം 10 ഹസാർഡ് അനലിസ്റ്റുകളെ 10 ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ 6-12-2017-ലെ സ.ഉ. (കൈ)നമ്പർ 1/2017/ ഡി.എം.ഡി. പ്രകാരം ശ്രീ. രമൺ ശ്രീവാസ്തവ (റിട്ട. ഡി.ജി.പി), അഡീഷണൽ ചീഫ് സെക്രട്ടറി റവന്യൂ, അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം, പ്രിൻസിപ്പൽ സെക്രട്ടറി ഫിഷറീസ്, ഡോ. അഭിലാഷ്, അസിസ്റ്റന്റ് പ്രൊഫസർ, കാലാവസ്ഥാ നിരീക്ഷണ വകുപ്പ്, (കുസാറ്റ്), മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എന്നിവർ ഉൾപ്പെടുന്ന ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

## സുരക്ഷിത രക്തദാനം

15 (*15) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുരക്ഷിതമായ രക്തദാനം ഉറപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിദഗ്ദ്ധസമിതി സർക്കാരിന് സമർപ്പിച്ചിരുന്നുവോ; എങ്കിൽ അതനുസരിച്ച് ന്യൂക്ലിക് ആസിഡ് ടെസ്റ്റ് നടത്തി എച്ച്.ഐ.വി. അണുബാധ ഇല്ലെന്ന് ഉറപ്പാക്കിയശേഷമേ രക്തം നൽകാവൂ എന്ന് നിർദ്ദേശിച്ചിരുന്നുവോ;

(ബി) രക്തദാനത്തിനുമുമ്പ് ഈ ടെസ്റ്റ് നിർബന്ധമാക്കാൻ കർശന നിർദ്ദേശം നൽകുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ആർ.സി.സി.-യിൽ രക്തം സ്വീകരിച്ച ഒരു കുട്ടിക്ക് എച്ച്.ഐ.വി. ബാധയുണ്ടായെന്ന പരാതിയെത്തുടർന്ന് ആരോഗ്യ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിൽ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ന്യൂക്ലിക് ആസിഡ് ടെസ്റ്റ് നടത്തിയതിനുശേഷം രക്തം നൽകുന്നതിലൂടെ എച്ച്.ഐ.വി. അണുബാധ ഗണ്യമായി കുറയ്ക്കുവാൻ കഴിയുമെന്ന് സമിതി ശിപാർശ ചെയ്തിരുന്നു.

(ബി) ന്യൂക്ലിക് ആസിഡ് ടെസ്റ്റ് ചെലവേറിയതും നാലാം തലമുറയിലെ എലിസാ ടെസ്റ്റ് ഫലപ്രദമെന്നും കണ്ടെത്തിയതിനാലും നാക്കോ (National Aids Control Organization) നൽകുന്ന എലിസാ ടെസ്റ്റ് നാലാം തലമുറയിലേയ്ക്ക് ഉയർത്തുന്നതിന് NACO-യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## സപ്ലൈകോ ഗുണനിലവാര പരിശോധന

16 (*16) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016-17 കാലയളവിൽ സപ്ലൈകോ ഡിപ്പോകളിൽ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) താലൂക്കുകളിൽ സി.എം.ആർ. അരി വിതരണം നടത്തിയത് സംബന്ധിച്ച് വിശദമാക്കുമോ;

(സി) താലൂക്ക് ഡിപ്പോകളിൽ ഗുണനിലവാര പരിശോധന നടത്തിയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; പരിശോധനയിൽ ഗുണനിലവാരക്കുറവ് കണ്ടെത്തിയിട്ടുണ്ടോ;

(ഡി) മോശമായ അരി വിതരണംചെയ്ത മില്ലുകൾ ഏതൊക്കെയാണ്; ആയവയ്ക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വിശദമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) ഉണ്ട്. ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമപ്രകാരമാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയതിനുശേഷമാണ് സ്വീകരിക്കുന്നത്. ആവശ്യമായ സന്ദർഭങ്ങളിൽ ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലും കോന്നിയിലുള്ള CFRD ലാബിലും പരിശോധന നടത്താറുണ്ട്. പരിശോധനയിൽ ഗുണനിലവാരം ഇല്ലെന്ന് കണ്ടെത്തുന്ന ഭക്ഷ്യ വസ്തുക്കൾ സ്വീകരിക്കാറില്ല.

(ബി) 2016-17 കാലഘട്ടത്തിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലെ എല്ലാ താലൂക്കുകളിലും സി.എം.ആർ. അരി വിതരണം നടത്തിയിട്ടുണ്ട്. ആഗസ്റ്റ് മാസത്തിൽ മലപ്പുറം ജില്ലയിലെ എല്ലാ താലൂക്കുകൾക്കും കൂടി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| 2016 ജൂൺ മുതൽ 2016 ഡിസംബർ | 222188.6 MT |
| ജനുവരി 2017 | 10000 MT |
| ഫെബ്രുവരി 2017 | 35000 MT |
| മാർച്ച് 2017 | 25000 MT |
| ഏപ്രിൽ 2017 | 30000 MT |
| മേയ് 2017 | 40000 MT |

| | |
|---|---|
| ജൂൺ 2017 | 25000 MT |
| ജൂലൈ 2017 | 30000 MT |
| ആഗസ്റ്റ് 2017 | 45000 MT |
| സെപ്റ്റംബർ 2017 | 29000 MT |
| ഒക്ടോബർ 2017 | 38890.85 MT |

(സി) മില്ലുകളിൽ ഗുണനിലവാര പരിശോധന നടത്തിയതിനുശേഷമാണ് ഭക്ഷ്യധാന്യങ്ങൾ സ്വീകരിക്കുന്നത്.

(ഡി) പള്ളിക്കൽ അഗ്രോ മിൽസ്, ഡയമണ്ട് ഫുഡ് പ്രൊഡക്ട്സ്, അന്ന അഗ്രോ മിൽസ്, ചിറക്കൽ ഫുഡ് പ്രൊഡക്ട്സ്, കീർത്തി അഗ്രോ മിൽസ്, ജെ.എം.ജെ മോഡേൺ റൈസ് മിൽ എന്നിവയാണ് മോശമായ അരി വിതരണം ചെയ്ത മില്ലുകൾ. കീർത്തി അഗ്രോ മിൽസ്, ചിറക്കൽ ഫുഡ് പ്രൊഡക്ട്സ് എന്നീ മില്ലുകൾ സപ്ലൈകോ വിജിലൻസ് ഓഫീസർ പരിശോധിക്കുകയും പ്രോസസ്സിംഗ് ചാർജ് കണ്ടുകെട്ടുവാൻ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. പരിശോധനയിൽ മോശമായ അരി കണ്ടെത്തിയതിനെത്തുടർന്ന് ജെ.എം.ജെ. മോഡേൺ റൈസ് മില്ലിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മറ്റ് മില്ലുകളോട് സ്വന്തം ചെലവിൽ റീപ്രോസസ്സ് ചെയ്ത് നൽകുവാൻ ആവശ്യപ്പെടുകയും പ്രസ്തുത മില്ലുകൾ റീപ്രോസസ്സ് ചെയ്ത് മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്.

**പ്രതിരോധ കുത്തിവയ്പുകൾക്കെതിരെയുള്ള കുപ്രചരണങ്ങൾ**

17 (*17) ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. ആർ. രാജേഷ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിരോധ കുത്തിവയ്പുകൾക്കെതിരെ കുപ്രചരണങ്ങളും എതിർപ്പുകളും നടക്കുന്നതായ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ജനങ്ങളിൽ അനാവശ്യ ഭീതി ഉണർത്തുന്ന ഇത്തരം നടപടികൾക്കെതിരെ പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴി ആവശ്യമായ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതിന് കൂടുതൽ വിമുഖത പ്രകടിപ്പിക്കുന്ന പ്രദേശങ്ങളിൽ ആരോഗ്യ കുടുംബശ്രീ പ്രവർത്തകർ നേരിട്ടെത്തി ബോധവല്ക്കരണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) ഉണ്ട്.

(ബി) സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ പത്രങ്ങളിൽ ബോധവൽക്കരണത്തിനും അശാസ്ത്രീയമായ പ്രചരണം തടയുന്നതിനുമായി പരസ്യങ്ങളും നിശ്ചിത ഇടവേളകളിൽ പത്രവാർത്തകളും നൽകി. ആരോഗ്യ വകുപ്പുമന്ത്രി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ സന്ദേശങ്ങളും അഭിമുഖവും വാർത്തകളും നൽകി. നവമാധ്യമങ്ങളിലൂടെയും പ്രതിരോധ കുത്തിവയ്പുകൾക്ക് അനുകൂലമായി പ്രചരണങ്ങൾ നടത്തി. ഇതിനുപുറമെ ഏതാനും വാർത്താ ചാനലുകളും ദൃശ്യമാധ്യമങ്ങളും പ്രതിരോധ കുത്തിവയ്പുകളുടെ ആവശ്യകതയും ഗുണദോഷങ്ങളും സംബന്ധിച്ച് ബോധവൽക്കരണത്തിനുതകുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്. വാക്സിൻ വിരുദ്ധ പ്രവർത്തകരുടെ ചോദ്യങ്ങൾക്ക് നവ മാധ്യമങ്ങളിലൂടെ മറുപടി നൽകിയിട്ടുണ്ട്.

(സി) ആരോഗ്യ കുടുംബക്ഷേമ പ്രവർത്തകർ, ആശ-അങ്കണവാടി പ്രവർത്തകർ എന്നിവരെക്കൂടി ഉൾപ്പെടുത്തി ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തിവരുന്നുണ്ട്.

**പുതിയ റേഷൻ കാർഡുകൾ**

18 (*18) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗണനാ റേഷൻ കാർഡുകൾ സംബന്ധിച്ച പരാതികളിന്മേൽ തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ റേഷൻ കാർഡുകൾക്കായുള്ള അപേക്ഷകൾ വീണ്ടും സ്വീകരിക്കുന്നത് ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ചികിത്സാ ധനസഹായങ്ങൾ, ആരോഗ്യ ഇൻഷ്വറൻസ്, പാചകവാതക കണക്ഷൻ, ക്ഷേമ പെൻഷനുകൾ, സ്കോളർഷിപ്പുകൾ മുതലായവയ്ക്ക് റേഷൻ കാർഡുകൾ നിർബന്ധമായതിനാൽ പുതിയ കാർഡുകൾ അനുവദിക്കുന്നത് ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ ):

(എ) സംസ്ഥാനത്ത് ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടിക പരിശോധിച്ചപ്പോൾ ധാരാളം അപാകതകൾ ഉള്ളതായും ഈ ലിസ്റ്റിൽ ഉൾപ്പെടേണ്ടിയിരുന്ന സമൂഹത്തിലെ ചില ദുർബല വിഭാഗങ്ങൾ ഒഴിവാക്കപ്പെട്ടിട്ടുള്ളതായും സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടതിന്റെ അടിസ്ഥാനത്തിൽ നേരത്തെ അംഗീകരിച്ച മാനദണ്ഡങ്ങൾ പുനഃക്രമീകരിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണന പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി 742278 അപേക്ഷകൾ ലഭിച്ചിരുന്നു. ഇതിൽ 567009 അപേക്ഷകൾ റേഷൻ കട അടിസ്ഥാനത്തിൽ അദാലത്ത് നടത്തി തീർപ്പാക്കിയിട്ടുണ്ട്. ബാക്കിയുള്ളത് ഇരട്ടിപ്പുള്ള അപേക്ഷകളും നേർക്കാഴ്ചയ്ക്ക് ഹാജരാകാത്തവയുമാണ്. അനർഹരെ ഒഴിവാക്കുന്നതിനായി നടത്തിയ തീവ്ര പരിശ്രമത്തിന്റെ ഭാഗമായി സർവ്വീസ് പെൻഷൻകാരും സർക്കാർ ജീവനക്കാരും ഉൾപ്പെടെ 91,169 റേഷൻ കാർഡുകൾ സറണ്ടർ ചെയ്തിട്ടുണ്ട്. വകുപ്പ് നടത്തിയ അന്വേഷണത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ രേഖകളുടെയും അടിസ്ഥാനത്തിൽ സർക്കാർ ജീവനക്കാരുടെ എണ്ണം ഉൾപ്പെടെ 262675 അനർഹരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്. അനർഹരെ കണ്ടെത്തുന്ന പ്രക്രിയ തുടർന്നുവരികയാണ്. 2015-ലെ പി.ഡി.എസ്. കൺട്രോൾ ഓർഡർ ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടിക ക്രമമായ കാലയളവിൽ പുനഃപരിശോധനയ്ക്ക് വിധേയമാക്കാറുണ്ട്.

(ബി) പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനുള്ള നടപടികൾ പുനരാരംഭിക്കുന്നതാണ്.

(സി) സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

**കാതോരം പദ്ധതി**

19(*19) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ബി. സത്യൻ :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുട്ടികളിലെ ശ്രവണ സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി പരിഹരിക്കുന്നതിന് കാതോരം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) നവജാത ശിശുക്കളുടെ കേൾവി പരിശോധന നടത്തുന്നതിന് നിലവിൽ സർക്കാർ ആശുപത്രികളിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത്;

(സി) ശ്രവണ വൈകല്യം സ്ഥിരീകരിക്കുന്ന കുഞ്ഞുങ്ങൾക്ക് അനുയോജ്യമായ ഓഡിറ്ററി വെർബൽ തെറാപ്പിയും രക്ഷിതാക്കൾക്ക് പരിശീലനവും നൽകുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) ഏതെല്ലാം സ്ഥാപനങ്ങളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കുട്ടികളിലെ ശ്രുവണ സംബന്ധമായ വൈകല്യങ്ങൾ മുൻകൂട്ടി കണ്ടെത്തി പരിഹരിക്കുന്നതിനായി അനുയാത്ര പദ്ധതിയുടെ ഭാഗമായി കാതോരം പദ്ധതി നടപ്പാക്കിവരുന്നു.

(ബി) ഒരു കുഞ്ഞ് ജനിച്ചുകഴിഞ്ഞാൽ 1,3,6,18,42 മാസങ്ങളിൽ ആവശ്യമായ ഇടപെടലുകൾ നടത്തി കുട്ടി സ്കൂളിൽ പോകുന്നതിനുമുൻപ് കേഴ്വി സംബന്ധമായ വൈകല്യം ഉണ്ടെങ്കിൽ ആയത് പരമാവധി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സാമൂഹ്യ സുരക്ഷാ മിഷൻ അനുയാത്രയുടെ ഭാഗമായി കാതോരം പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി നവജാത ശിശുക്കളുടെ കേഴ്വി പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ 66 സർക്കാർ ഡെലിവറി പോയിന്റുകളിൽ OAE Screening (ഓട്ടോ അക്വിസ്റ്റ് എമിഷൻ സ്ക്രീനിംഗ്) സംവിധാനം ഏർപ്പെടുത്തുന്നതാണ്. നിലവിൽ 40 സർക്കാർ ഡെലിവറി പോയിന്റുകളിൽ ഈ സംവിധാനം ലഭ്യമാണ്. ബാക്കി 26 കേന്ദ്രങ്ങളിൽ കൂടി ഈ സംവിധാനം ലഭ്യമാക്കുന്നതിനുള്ള OAE മെഷീനുകൾ KMSCL (Kerala Medical Services Corporation Limited) മുഖേന വാങ്ങിയിട്ടുണ്ട്. 2018 ജനുവരി അവസാനത്തോടെ 66 കേന്ദ്രങ്ങളിലും കാതോരത്തിന്റെ ഭാഗമായ നവജാത ശിശുക്കളുടെ ശ്രുവണ പരിശോധനാ സംവിധാനം നിലവിൽ വരുന്നതാണ്. സർക്കാർ ഡെലിവറി പോയിന്റുകൾക്ക് പുറത്ത് (സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെ) ജനിക്കുന്ന കുട്ടികൾക്കും ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്. ഈ സൗകര്യം സ്വകാര്യ ആശുപത്രികളിലും ലഭ്യമാക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. കേഴ്വി പരിശോധനാഫലം രേഖപ്പെടുത്തുന്നതിനും തുടർ പ്രവർത്തനങ്ങൾ നടത്തേണ്ട മറ്റ് സ്ഥാപനങ്ങളുമായി ഷെയർ ചെയ്യുന്നതിനുമുള്ള ഒരു സോഫ്റ്റ്‌വെയറും കാതോരത്തിന്റെ ഭാഗമായി തയ്യാറാക്കിയിട്ടുണ്ട്. നവജാത ശിശുക്കളിൽ കണ്ടെത്തുന്ന മറ്റ് വൈകല്യങ്ങളും ഈ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി തുടർനടപടി സ്വീകരിക്കാനായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ എത്തിക്കാവുന്നതാണ്. പ്രാഥമിക സ്ക്രീനിംഗിൽ കേഴ്വി പ്രശ്നങ്ങൾ കണ്ടെത്തുന്ന കുട്ടികൾക്ക് അവ സ്ഥിരീകരിക്കുന്നതിനായി BERA (Brainstem Evoked

Response Audiometry) സംവിധാനം എല്ലാ ജില്ലകളിലും ഏർപ്പെടുത്തുന്നതാണ്. ഇതിനായി 14 BERA മെഷീനുകൾക്ക് KMSCL-ന് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ ഇവ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കൂടാതെ നാഷണൽ പ്രോഗ്രാം ഫോർ പ്രിവെൻഷൻ & കൺട്രോൾ ഓഫ് ഡെഫ്നെസ്സ് (എൻ.പി.പി.സി.ഡി) എന്ന പ്രോഗ്രാം നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ചെവിയും കേൾവിയുമായി ബന്ധപ്പെട്ട രോഗങ്ങളെ നിർണ്ണയിക്കുവാനുള്ളതാണ്. ഈ പ്രോഗ്രാം കേന്ദ്ര സംസ്ഥാന ഗവൺമെന്റ് ഫണ്ട് ഉപയോഗിച്ച് പ്രവർത്തിച്ചു വരുന്നു. എല്ലാ ജില്ലകളിലും തെരഞ്ഞെടുക്കപ്പെട്ട ഒരു ജനറൽ ഹോസ്പിറ്റലിലോ ഒരു ഡിസ്ട്രിക്ട് ഹോസ്പിറ്റലിലോ ഈ പ്രോഗ്രാം പ്രവർത്തിച്ചു വരുന്നു. 14 കേന്ദ്രങ്ങളിലും നാഷണൽ പ്രോഗ്രാം ഫോർ പ്രിവെൻഷൻ & കൺട്രോൾ ഓഫ് ഡെഫ്നെസ്സ് എന്ന പ്രോഗ്രാമിനുവേണ്ടി നിയമിതരായ ഉദ്യോഗസ്ഥരുണ്ട്. ചെവിയുടെ ശസ്ത്രക്രിയാ വിദഗ്ധരായ ഒരു ഇ.എൻ.ടി. സ്പെഷ്യലിസ്റ്റ് ഡോക്ടറും 3 ഓഡിയോളജിസ്റ്റ് സ്റ്റാഫുകളും എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ഉണ്ട്. ഈ പ്രോഗ്രാമിന്റെ ശരിയായ പ്രവർത്തനത്തിനു വേണ്ടിയുള്ള ഉപകരണങ്ങൾ എൻ.എച്ച്.എം. മുഖേന നൽകിയിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഇ.എൻ.ടി. വിഭാഗം, ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ, മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ, NIPMR എന്നിവയുടെ സഹകരണത്തോടെ ശ്രവണ വൈകല്യം സ്ഥിരീകരിക്കുന്ന കുഞ്ഞുങ്ങൾക്ക് അനുയോജ്യമായ ഓഡിറ്ററി വെർബൽ തെറാപ്പിയും രക്ഷിതാക്കൾക്ക് പരിശീലനവും നൽകുന്നതിനാണ് കാതോരം പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്.

(ഡി) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലെ ഇ.എൻ.ടി. വിഭാഗം, ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ, ദേശീയ ആരോഗ്യ ദൗത്യം, നിഷ്, NIPMR (National Institute of Physical Medicine and Rehabilitation), NPPCD (National Programme for Prevention and Control of Deafness) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയാണ് കാതോരം പദ്ധതി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നത്.

**ചുഴലിക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ്**

20 (*20) ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ തീരക്കടലിൽ ചുഴലിക്കാറ്റ് രൂപപ്പെടുവാനുള്ള സാധ്യത സംബന്ധിച്ച് നവംബർ 27 മുതൽ ഹൈദരാബാദിലെ ഇൻകോയിസ് എന്ന സ്ഥാപനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് രേഖാമൂലം മുന്നറിയിപ്പ് നൽകിയിരുന്നോ ;

(ബി) നവംബർ 27, 28, 29 എന്നീ തീയതികളിൽ ഇൻകോയിസ് എത്ര മുന്നറിയിപ്പുകളാണ് നൽകിയത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഈ മുന്നറിയിപ്പുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ഡി) ഒരു നടപടിയും സ്വീകരിച്ചില്ലായെങ്കിൽ അതിനുള്ള കാരണമെന്തായിരുന്നു എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ചുഴലിക്കാറ്റ് സംബന്ധിച്ച് ഒരു മുന്നറിയിപ്പും INCOIS എന്ന സ്ഥാപനം 27-11-2017, 28-11-2017, 29-11-2017 എന്നീ തീയതികളിൽ നൽകിയിട്ടില്ല. എന്നാൽ നവംബർ 29-ന് പ്രസ്തുത സ്ഥാപനത്തിൽനിന്നും ശ്രീലങ്കൻ തീരത്തെ ന്യൂനമർദ്ദവും കടൽസ്ഥിതി സംബന്ധിച്ചുള്ള രണ്ട് ബുള്ളറ്റിനുകളുമാണ് ലഭിച്ചത്. ഇവ രണ്ടും ചുഴലിക്കാറ്റ് സംബന്ധിച്ച അറിയിപ്പല്ല.

(ബി-ഡി) 29-11-2017-ന് INCOIS-ൽ നിന്ന് ശ്രീലങ്കൻ തീരത്തെ ന്യൂനമർദ്ദവും കടൽസ്ഥിതിയും സംബന്ധിച്ചുള്ള രണ്ട് ബുള്ളറ്റിനുകളാണ് ലഭിച്ചത്. ആദ്യബുള്ളറ്റിൻ 3.05 PM -നും രണ്ടാമത്തേത് 5.43 PM നുമാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്ക് ലഭിച്ചത്. അവ ലഭിച്ചതുപോലെതന്നെ മാധ്യമങ്ങൾ ഉൾപ്പെടുന്ന സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നടത്തുന്ന WhatsApp Group മുഖാന്തരം നൽകിയിരുന്നു. അതോടൊപ്പം കേന്ദ്ര കാലാവസ്ഥാ വകുപ്പ്, INCOIS എന്നിവരിൽ നിന്നും ലഭിച്ച SMS സന്ദേശവും ഇപ്രകാരം നൽകിയിരുന്നു. ഡിപ്രഷൻ, ഉയർന്ന തിരമാല എന്നിവ 30-7-2015-ലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം ദുരന്തമായി അംഗീകരിക്കുന്നില്ല. ചുഴലിക്കാറ്റ് മാത്രമാണ് ദുരന്തം. ഡിപ്രഷൻ എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ സ്വീകരിക്കാൻ സംസ്ഥാനങ്ങളോട് നിർദ്ദേശിക്കുന്നില്ല. ഡീപ് ഡിപ്രഷൻ എന്ന സ്ഥിതിയിൽപ്പോലും മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണമെന്നുള്ള ഉപദേശം നൽകണമെന്ന അറിയിപ്പ് നൽകുക മാത്രമാണ് ചെയ്യേണ്ടത്. കേന്ദ്ര കാലാവസ്ഥാ വകുപ്പാണ് ചുഴലിക്കാറ്റിന്റെ മുന്നറിയിപ്പ് നൽകാനുള്ള നോഡൽ വകുപ്പ്. ആധുനിക പ്രവചന നിരീക്ഷണ സംവിധാനങ്ങളുള്ള കേന്ദ്ര കാലാവസ്ഥാ വകുപ്പിനുപോലും ചുഴലിക്കാറ്റാണെന്ന് തിരിച്ചറിയാൻ കഴിഞ്ഞത് 30-11-2017-ന് മാത്രമാണ്. അതേ സമയം 30-11-2017-ന് രാവിലെ 8.30-ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് ലക്ഷദ്വീപിന് ചുഴലിക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് (Cyclone Alert) നൽകിയിരുന്നു. കേരളത്തിൽ ചുഴലിക്കാറ്റിന്റെ ആഘാതമുണ്ടാകുമെന്ന് ആദ്യമായി അറിയിപ്പ് കിട്ടുന്നത് അന്ന് ഉച്ചയ്ക്ക് 12 മണിക്കാണ്.

## ലോക കേരള സഭ

21 (*21) ശ്രീ. കെ. എം. ഷാജി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക കേരള സഭയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഈ സഭയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണെന്ന് വിശദീകരിക്കുമോ;

(സി) ഇതിന് ചെലവായ തുക എത്രയാണ്;

(ഡി) ഇതുമൂലം സംസ്ഥാനത്തുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) കേരളത്തിനകത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും ഇന്ത്യക്ക് പുറത്തും വസിക്കുന്ന ഇന്ത്യൻ പൗരൻമാരായ കേരളീയരുടെ പൊതുവേദിയായി വിഭാവന ചെയ്തുകൊണ്ടാണ് ലോക കേരള സഭ രൂപീകരിച്ചിട്ടുള്ളത്. ലോകത്താകെയുള്ള കേരളീയരുടെ കൂട്ടായ്മയും പരസ്പര സഹകരണവും പ്രോത്സാഹിപ്പിക്കുകയും കേരള സംസ്കാരത്തിന്റെ പുരോഗമനപരമായ വികസനത്തിനുവേണ്ടി പ്രവർത്തിക്കുകയുമാണ് ലോക കേരള സഭയുടെ ലക്ഷ്യം. കേരളീയരുടെ പൊതു സംസ്കാരത്തെയും സാമൂഹിക-സാമ്പത്തിക വികസനത്തെയും സംബന്ധിച്ച് തീരുമാനങ്ങളെടുക്കുന്നതിൽ സംസ്ഥാനത്തിന് അകത്തുള്ളവരുടെ എന്നപോലെ പുറത്തുള്ള കേരളീയരുടെയും അർത്ഥവത്തായ പങ്കാളിത്തം ഉറപ്പാക്കുന്നതിൽ ലോക കേരള സഭ നിർണ്ണായക പങ്ക് വഹിക്കുന്നതാണ്. കേരളത്തിന്റെ നന്മയെ മുൻനിർത്തിയുള്ള ആശയങ്ങളും പ്രായോഗിക പ്രവർത്തന പരിപാടികളും അവതരിപ്പിക്കുന്നതിനും ചർച്ച ചെയ്യുന്നതിനും പൊതുസമ്മതമായ തീരുമാനങ്ങളിലേക്ക് എത്തിച്ചേരുന്നതിനും ലോക കേരള സഭ അവസരമൊരുക്കുന്നതാണ്.

(ബി) ലോക കേരള സഭയിലേയ്ക്ക് നിയമസഭാംഗങ്ങളും പാർലമെന്റ് അംഗങ്ങളും ഒഴികെയുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണ്. ഓരോ സംസ്ഥാനത്തെയും രാജ്യത്തെയും കേരളീയരുടെ എണ്ണം, ഭൂപ്രദേശങ്ങളുടെ പ്രാതിനിധ്യം, നിർദ്ദേശിക്കപ്പെടുന്നവർ പൊതുസമൂഹത്തിന് നൽകിയ സംഭാവനകൾ തുടങ്ങിയ പരിഗണനകൾ മുൻനിർത്തിയാണ് തെരഞ്ഞെടുക്കുന്നത്. ഇതിനായി സർക്കാർ നിയോഗിച്ച സമിതി തയ്യാറാക്കിയ പാനലിൽ നിന്നാണ് അംഗങ്ങളെ നിശ്ചയിച്ചത്.

(സി) ചെലവുകൾ കണക്കാക്കി വരുന്നതേയുള്ളൂ.

(ഡി) പ്രശസ്തരായ പ്രവാസി കേരളീയരുടെയും മറ്റ് വിശിഷ്ട വ്യക്തികളുടെയും വിവിധ മേഖലകളിലെ അറിവും കഴിവുകളും വൈദഗ്ധ്യവും കേരള സംസ്ഥാനത്തിന്റെ വികസനത്തിനും പ്രശ്നപരിഹാരത്തിന് ഉതകുന്നതിനും കൂടാതെ സഭ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ നയരൂപീകരണത്തിൽ മാർഗ്ഗനിർദ്ദേശിയാകും എന്നതുമാണ് ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന നേട്ടം.

**സന്നദ്ധസേന രൂപീകരണം**

22 (*22) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആപത്ഘട്ടങ്ങളിൽ ശാസ്ത്രീയമായി രക്ഷാപ്രവർത്തനം നടത്താൻ വിദഗ്ധ പരിശീലനം ലഭിച്ച സന്നദ്ധസേനയ്ക്ക് (സിവിൽ ഡിഫൻസ്) രൂപം നല്കുന്നതിനെ കുറിച്ച് ആലോചിക്കുന്നുണ്ടോ;

(ബി) പ്രസ്തുത സേനാ രൂപീകരണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) ഏതൊക്കെ തരത്തിലുള്ള പരിശീലനമാണ് സിവിൽ ഡിഫൻസ് അംഗങ്ങൾക്കായി നല്കുകയെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ഉണ്ട്. സംസ്ഥാനത്ത് സിവിൽ ഡിഫൻസ് ഫോഴ്സ് രൂപീകരിക്കുന്ന കാര്യം പരിഗണിച്ചുവരുന്നു.

(ബി) പ്രകൃതിദുരന്തങ്ങൾമൂലമുള്ള ദോഷഫലങ്ങൾ/പ്രത്യാഘാതങ്ങൾ അനുഭവിക്കേണ്ടിവരുന്നത് ദുരന്തബാധിത പ്രദേശങ്ങളിലെ ജനങ്ങൾ തന്നെയാകയാൽ ദുരന്ത നിവാരണ രംഗത്ത് സമൂഹത്തിലെ ജനങ്ങളെ കൂടുതലായി പങ്കെടുപ്പിക്കേണ്ടത് ഇന്നത്തെ കാലത്തിന്റെ ഒരു ആവശ്യകതയാണ്. ഏത് ദുരന്തങ്ങളിലും ആദ്യം പ്രതികരിക്കേണ്ടതും ഒരു പരിധിവരെയുള്ള രക്ഷാപ്രവർത്തനങ്ങൾ തുടങ്ങി വയ്ക്കേണ്ടതും ദുരന്തമുഖങ്ങളിലെ ജനങ്ങൾ തന്നെയാണ്. എങ്കിൽ മാത്രമേ ദുരന്തങ്ങൾമൂലം സംഭവിക്കാൻ സാധ്യതയുള്ള ആൾനാശവും സ്വത്തുനാശവും പോലെയുള്ള നഷ്ടങ്ങൾ പരമാവധി കുറയ്ക്കാൻ സാധിക്കുകയുള്ളൂ. ഇതിനായി ജനങ്ങൾക്ക് ദുരന്ത

നിവാരണ രംഗത്തെ പ്രധാന കാര്യങ്ങളായ പ്രിവൻഷൻ, പ്രിപ്പറേഷൻ, മിറ്റിഗേഷൻ എന്നിവയും റെസ്ക്യൂ, റിലീഫ്, റിഹാബിലിറ്റേഷൻ എന്നിവയും സംബന്ധിച്ച ശാസ്ത്രീയമായ അറിവ് പകർന്ന് നൽകേണ്ടതായിട്ടുണ്ട്. ഇത്തരം കാര്യങ്ങളിൽ വിവിധ ജനവിഭാഗങ്ങളിൽനിന്നും പ്രാദേശിക അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന സന്നദ്ധ സേവകരെ പങ്കെടുപ്പിച്ചുകൊണ്ട് ദുരന്ത നിവാരണം നടത്തുകയാണ് സിവിൽ ഡിഫൻസ് ഫോഴ്സിന്റെ ഉദ്ദേശ്യലക്ഷ്യം.

(സി) സിവിൽ ഡിഫൻസ് അംഗങ്ങൾക്കായി നൽകുന്ന പരിശീലനം സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ**

23 (*23) ശ്രീ. എം. സ്വരാജ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ പകർച്ചവ്യാധികൾ പടരുന്നത് ഫലപ്രദമായി തടയുന്നതിന് എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പകർച്ചപ്പനിയെക്കുറിച്ച് ജനങ്ങളിൽ കൃത്യമായ ബോധവത്കരണം നടത്തുന്നതിനും പകർച്ചപ്പനി നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി എല്ലാ ജില്ലകളിലും മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി ദ്രുതകർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) മുൻവർഷം (2017)-ൽ പകർച്ചവ്യാധികൾ പടരുന്നത് ഫലപ്രദമായി തടയുന്നതിന് "പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മപരിപാടി" എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കി. മഴക്കാലപൂർവ്വ ശുചീകരണം, കൊതുകുറവിട നശീകരണം, കുടിവെള്ള സ്രോതസ്സുകളുടെ ക്ലോറിനേഷൻ, രോഗ നിരീക്ഷണം,

കൊതുകുനിരീക്ഷണം, ബോധവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയത്. കൂടാതെ പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന അവസരങ്ങളിൽ വിവിധ തലങ്ങളിലുള്ള ദ്രുതകർമ്മ സേനകൾ സ്ഥലം സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി രോഗം നിയന്ത്രണവിധേയമാക്കുവാൻ നടപടി സ്വീകരിച്ചു. 2018-ൽ പകർച്ചവ്യാധികൾ തടയുന്നതിനായി 2017 ഒക്ടോബർ മാസം മുതൽ തയ്യാറെടുപ്പുകൾ ആരംഭിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ആരോഗ്യ വകുപ്പുമന്ത്രി തുടങ്ങിയവരുടെ നേതൃത്വത്തിൽ 'ആരോഗ്യജാഗ്രത' എന്ന ഒരുവർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. ആരോഗ്യ വകുപ്പ്, ആർദ്രം മിഷൻ, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വമിഷൻ , ഹരിത കേരള മിഷൻ, കുടുംബശ്രീ തുടങ്ങിയ വകുപ്പുകൾ/ഏജൻസികളുമായി സംയുക്തമായി വാർഡ് കർമ്മസേനയുടെ സഹായത്തോടെ രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഈ പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം ജനുവരി 1-ന് ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി നിർവ്വഹിച്ചു. തുടർന്ന് ഓരോ ജില്ലയ്ക്കും ചാർജ്ജുള്ള മന്ത്രിമാരുടെ നേതൃത്വത്തിൽ ജില്ലാതല യോഗങ്ങൾ നടത്തി. ജനുവരി 17, 18 തീയതികളിൽ തദ്ദേശസ്ഥാപന ജനപ്രതിനിധികൾക്കും തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും ആരോഗ്യജാഗ്രത സംബന്ധിച്ച് അവബോധം നൽകി. ജനുവരി 21-ന് ജനപ്രിനിധികളുടെ നേതൃത്വത്തിൽ വാർഡുതല ആരോഗ്യകർമ്മ സേന വീടുകൾ സന്ദർശിച്ച് ബോധവൽക്കരണ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിന് വിവിധ ദൃശ്യ-ശ്രവ്യ - പത്രമാധ്യമങ്ങളിലൂടെ വിവിധ തലങ്ങളിൽ ആരോഗ്യ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സംസ്ഥാന, ജില്ലാ നഗരസഭ, പഞ്ചായത്ത്, സബ്സെന്റർ, വാർഡുതലങ്ങളിലായി പൊതുജനങ്ങൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ, അങ്കണവാടികൾ, സന്നദ്ധ പ്രവർത്തകർ, തൊഴിലുറപ്പുകാർ, ഇതരസംസ്ഥാന തൊഴിലാളികൾ, തുടങ്ങിയവർക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുന്നുണ്ട്. വിവിധ പ്രദേശങ്ങളിൽ റിപ്പോർട്ട് ചെയ്യുന്ന പകർച്ചവ്യാധികൾ ജില്ലാ മെഡിക്കൽ ഓഫീസുകളിൽ പ്രവർത്തിച്ചുവരുന്ന ഐ.സി.ഡി.എസ്.പി. സെൽ മുഖാന്തരം മോണിറ്റർ ചെയ്യുകയും പ്രവർത്തനങ്ങൾ കൂടുതൽ ഏകോപിപ്പിക്കുകയും ചെയ്യുന്നുണ്ട്. 2017-ൽ പകർച്ചവ്യാധികൾ കൂടുതലായ സമയത്ത് പകർച്ചപ്പനി നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഓരോ ജില്ലയിലും ജില്ലാ മെഡിക്കൽ ഓഫീസിലും എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജരുടെ ഓഫീസിലും മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിച്ചിരുന്നു. 2018-ൽ ഇത്തരം മോണിറ്ററിംഗ് സെല്ലുകൾ ആവശ്യാനുസരണം രൂപീകരിക്കുന്നതാണ്.

(സി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ മെഡിക്കൽ ഓഫീസുകളിലും പ്രധാന സർക്കാർ ആശുപത്രികളിലും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിലും ദ്രുതകർമ്മസേന (റാപ്പിഡ് റെസ്പോൺസ് ടീം-ആർ.ആർ.റ്റി)

രൂപീകരിച്ചിട്ടുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്ന പ്രദേശങ്ങളിൽ ഉടൻ സന്ദർശിച്ച് കാര്യകാരണ വിശകലനം നടത്തി രോഗം നിയന്ത്രണവിധേയമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. രോഗ നിരീക്ഷണം, ചികിത്സ, നിയന്ത്രണം, ബോധവൽക്കരണം തുടങ്ങിയ കാര്യങ്ങൾ കാര്യക്ഷമമാക്കുവാൻ പ്രാദേശികമായോ കാലാനുസൃതമായോ എന്തെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോ എന്ന് സംസ്ഥാനതല ദ്രുതകർമ്മ സേനാ യോഗങ്ങളിൽ ആലോചിച്ച് നടപ്പിൽവരുത്തുകയും ചെയ്യുന്നുണ്ട്. പുതിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോഴും രോഗങ്ങൾ പൊട്ടിപ്പുറപ്പെടുമ്പോഴും ദ്രുതകർമ്മസേന യോഗം ചേരുകയും ഇൻവെസ്റ്റിഗേഷൻ നടത്തുകയും നിയന്ത്രണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്നുണ്ട്. ജില്ലാതല ദ്രുത കർമ്മസേന പകർച്ചവ്യാധി മരണങ്ങൾ ആഡിറ്റ് ചെയ്യുകയും ചെയ്യുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധി

24 (*24) ശ്രീ. ആന്റണി ജോൺ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെൻഷൻകാർക്ക് യഥാസമയം പെൻഷൻ നൽകാൻ സാധിക്കാത്ത വിധം കെ.എസ്.ആർ.ടി.സി. നേരിടുന്ന ഗുരുതര സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാനുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണുദ്ദേശിക്കുന്നത്;

(ബി) ദീർഘകാലാടിസ്ഥാനത്തിൽ സ്ഥാപനത്തിന്റെ സുസ്ഥിര വികസനം സാധ്യമാക്കുന്നതിനായി നടത്താൻ ഉദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സർക്കാർ മുൻപ് പ്രഖ്യാപിച്ച സമ്പൂർണ്ണ പുനരുദ്ധാരണ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ; തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ ചെലവിലെ ഒരു പ്രധാനപ്പെട്ട ഇനം കടത്തിന്റെ തിരിച്ചടവാണ്. ടി തിരിച്ചടവിൽ മാറ്റംവരുത്തുന്നതിനായി കൂടിയ പലിശ നിരക്കിലും ഹ്രസ്വകാലാവധിയുള്ളതുമായ വായ്പകളെ കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലാവധിയുള്ളതുമായ വായ്പകളാക്കി മാറ്റുന്നതിനായി ബാങ്കുകളുടെ

കൺസോർഷ്യം രൂപീകരിച്ച് വായ്പകളുടെ പുനഃക്രമീകരണത്തിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. വായ്പാ പുനഃക്രമീകരണം നടപ്പിലാക്കിയാൽ ശമ്പളവും പെൻഷനും മുടക്കംകൂടാതെ നൽകാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സമഗ്ര പുനരുദ്ധാരണ പാക്കേജ് സർക്കാർ പരിശോധിച്ചുവരികയാണ്. തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്.

**ക്രമസമാധാനപാലനം**

25 (*25) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കവർച്ചയും കൊലപാതകങ്ങളും ആവർത്തിക്കുമ്പോൾ പോലീസ് നിഷ്ക്രിയമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടുത്തടുത്ത ദിവസങ്ങളിൽ ചീമേനിയിൽ റിട്ടയേർഡ് അദ്ധ്യാപികയെ കഴുത്തറുത്ത് കൊലപ്പെടുത്തിയശേഷം നടത്തിയ മോഷണവും, തൃപ്പൂണിത്തുറയിൽ ദമ്പതികളെ കെട്ടിയിട്ട് കവർച്ച നടത്തിയ സംഭവവും തെളിയിക്കുന്നതിൽ പോലീസിനുണ്ടായതായി പറയപ്പെടുന്ന വീഴ്ച, ക്രമസമാധാനപരിപാലന രംഗത്തെ ആലസ്യം വെളിവാക്കുന്നതാണെന്ന് കരുതുന്നുണ്ടോ;

(സി) സംസ്ഥാനത്തെ ക്രമസമാധാനം വിലയിരുത്തുവാൻ ജില്ലാ പോലീസ് മേധാവികളുടെ യോഗം പോലീസ് ആസ്ഥാനത്ത് ചേരുന്ന പതിവുണ്ടോ; അവസാനമായി യോഗം ചേർന്നതെന്നാണ്;

(ഡി) എസ്.ഐ. മുതൽ എസ്.പി.-മാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് ആർക്കും മേലുദ്യോഗസ്ഥരോട് വിധേയത്വം ഇല്ലാത്ത അവസ്ഥ പോലീസ് സേനയിൽ സംജാതമായിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് ക്രമസമാധാനനില സംരക്ഷിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും ഉറപ്പുവരുത്തുന്നതിനും ഉതകുന്ന ഒരു പോലീസ് സംവിധാനം സാധ്യമാക്കുവാൻ അടിയന്തര നടപടി കൈക്കൊള്ളുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കരുതുന്നില്ല. ചീമേനിയിൽ റിട്ടയേർഡ് അദ്ധ്യാപികയെ കൊലപ്പെടുത്തി നടത്തിയ മോഷണം തെളിയിക്കുന്നതിനായി കാസർഗോഡ് ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പരിചയസമ്പന്നരും അന്വേഷണ വൈദഗ്ദ്ധ്യമുള്ളവരുമായ 25 അംഗ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം രൂപീകരിച്ച് അന്വേഷണം നടത്തി വരികയാണ്. പ്രതിയെ കണ്ടെത്തുന്നതിൽ കാലതാമസം നേരിടുന്ന എന്നല്ലാതെ പോലീസിന് വീഴ്ചസംഭവിച്ചിട്ടില്ല. തൃപ്പൂണിത്തുറയിൽ ദമ്പതികളെ കെട്ടിയിട്ട് കവർച്ച നടത്തിയ സംഭവത്തിൽ കൊച്ചി റേഞ്ച് ഐ.ജി.-യുടെ നേതൃത്വത്തിൽ വിപുലമായ ഒരു സ്പെഷ്യൽ ടീം രൂപീകരിച്ച് സംസ്ഥാനത്തിനകത്തും പുറത്തും ഓരോ ടീം അംഗങ്ങളെ നിയോഗിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ നൽകി പരമ്പരാഗതവും ആധുനികവും ശാസ്ത്രീയവുമായ അന്വേഷണമാർഗ്ഗങ്ങൾ അവലംബിച്ച് പോലീസ് സേനയ്ക്ക് അഭിമാനാർഹമായ രീതിയിൽ കേസ് തെളിയിക്കുകയും 3 പ്രതികളെ ഡൽഹിയിൽനിന്നും അറസ്റ്റ് ചെയ്തിട്ടുള്ളതുമാണ്. അപ്രകാരമുള്ള കുറ്റകൃത്യങ്ങൾ ആവർത്തിക്കാതിരിക്കാൻ കരുതൽ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. 29-12-2017-ലാണ് അവസാനമായി യോഗം ചേർന്നത്.

(ഡി) എസ്.ഐ. മുതൽ എസ്.പി.-മാർ വരെയുള്ള ഉദ്യോഗസ്ഥർക്ക് ആർക്കും മേലുദ്യോഗസ്ഥരോട് വിധേയത്വം ഇല്ലാത്ത അവസ്ഥ ഇപ്പോൾ പോലീസ് സേനയിൽ നിലവിലില്ല.

(ഇ) സംസ്ഥാനത്ത് ക്രമസമാധാനനില സംരക്ഷിക്കുന്നതിനും ജനങ്ങളുടെ ജീവനും സ്വത്തിനും ഉറപ്പുവരുത്തുന്നതിനും ഉതകുന്ന രീതിയിലുള്ള ഒരു പോലീസ് സംവിധാനമാണ് സംസ്ഥാനത്ത് ഇപ്പോൾ നിലവിലുള്ളത്.

## സ്ത്രീ സുരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

26 (*26) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. ആന്റണി ജോൺ :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ സന്ദർഭങ്ങളിൽ വനിതകൾക്ക് നേരിടേണ്ടിവരുന്ന അതിക്രമ സാഹചര്യങ്ങൾ തിരിച്ചറിയുന്നതിനും അത്തരം സന്ദർഭങ്ങളെ നേരിടുന്നതിനും അവരെ പ്രാപ്തരാക്കുന്നതിന് സ്വയം പ്രതിരോധ പരിശീലന പരിപാടി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ പരിപാടിയുടെ ഭാഗമായി ജില്ലാതല പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി ആരുടെയെല്ലാം സഹകരണത്തോടെയാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീകളുടെ സുരക്ഷയ്ക്കായി കേരളാ പോലീസ് പിങ്ക് പട്രോൾ, പിങ്ക് ബീറ്റ്, വനിതാ സ്വയം പരിശീലന പരിപാടി, പഞ്ചായത്ത് ബീറ്റ്, സ്ത്രീ സൗഹൃദ ഓട്ടോ (പിങ്ക് ഓട്ടോ, ഷീ ഓട്ടോ), പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക്, വനിതാ ഹെൽപ്പ്ലൈൻ (1091), സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്തുതല അദാലത്തുകൾ, വനിതാ വോളണ്ടിയർമാരെ ഉൾപ്പെടുത്തി രൂപീകരിച്ച നിർഭയ പദ്ധതി എന്നിവ ഇപ്പോൾ നടപ്പാക്കിവരുന്നു. ഇതിനുപുറമേ ജനമൈത്രി, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയുടെ പ്രവർത്തന ഭാഗമായും സ്ത്രീ സുരക്ഷാ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. കൂടാതെ പരാതി പരിഹാരത്തിനായി സംസ്ഥാന ജില്ലാ വനിതാ സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. ഇതോടൊപ്പം സാമൂഹ്യനീതി വകുപ്പ് പോലീസിന്റെ ഉൾപ്പെടെ സഹകരണത്തോടെ മിത്ര 181 എന്ന ഹെൽപ്പ് ലൈൻ നമ്പരും പ്രവർത്തിപ്പിച്ചുവരുന്നു.

(ബി) നടപ്പാക്കിയിട്ടുണ്ട്. വനിതകൾക്കും കുട്ടികൾക്കുമെതിരെ ഉണ്ടാകുന്ന അതിക്രമ സാഹചര്യങ്ങളെ നേരിടുന്നതിന് അവരെ കായികവും, മാനസികവുമായി പ്രാപ്തരാക്കുന്നതരത്തിൽ സ്വയം പ്രതിരോധ പരിശീലനം, പോലീസ് സേനയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനത്തൊട്ടാകെ നടത്തിവരുന്നു. ഇതിനായി കേരളത്തിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും തെരഞ്ഞെടുക്കപ്പെട്ട വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് മാസ്റ്റർ ട്രെയിനർ പരിശീലനം നൽകിക്കഴിഞ്ഞു. ഈ മാസ്റ്റർ ട്രെയിനർമാരുടെ നേതൃത്വത്തിൽ 2016-17-ൽ ഒരു ലക്ഷത്തിലേറെ വനിതകൾക്ക് സ്വയം പ്രതിരോധ പരിശീലനം നൽകിയിട്ടുണ്ട്. സ്ത്രീ സുരക്ഷ, സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാനുള്ള നിയമ പരിരക്ഷ എന്നിവ അടങ്ങിയ ലഘുലേഖകളും കൈപ്പുസ്തകങ്ങളും വിതരണം ചെയ്തുവരുന്നു.

(സി) ആരംഭിച്ചിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട ജില്ലകളിലെ സ്കൂൾ, കോളേജ്, കുടുംബശ്രീ യൂണിറ്റുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സന്നദ്ധ സംഘടനകൾ, ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്.

## രക്തദാനം സുരക്ഷിതമാക്കുന്നതിനുള്ള മാർഗ്ഗരേഖ

27 (*27) ശ്രീ. എം. നൗഷാദ് :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ജോയി :
ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രക്തദാനം കൂടുതൽ സുരക്ഷിതമാക്കുന്നതിന് പുതിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനായി ഉന്നതതല സംഘത്തെ നിയോഗിച്ചിട്ടുണ്ടോ;

(സി) രക്തദാനത്തിനുമുമ്പ് എച്ച്.ഐ.വി. ബാധ കണ്ടെത്തുന്നതിനുള്ള ന്യൂക്ലിക് ആസിഡ് ടെസ്റ്റ് (നാറ്റ്) നടത്തുന്നതിന് സംസ്ഥാനത്ത് നിലവിൽ സംവിധാനങ്ങളുണ്ടോ;

(ഡി) ഇല്ലെങ്കിൽ നാറ്റ് ലബോറട്ടറികൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ രക്തബാങ്കുകളുടെ പ്രവർത്തനത്തെ സംബന്ധിച്ച് എന്തെങ്കിലും പരിശോധന നടത്താറുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) നാഷണൽ എയ്ഡ്സ് നിയന്ത്രണ ഓർഗനൈസേഷനും നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും പുറപ്പെടുവിച്ചിട്ടുള്ള നാഷണൽ ബ്ലഡ് പോളിസി പ്രകാരമാണ് നിലവിൽ സംസ്ഥാനത്തെ രക്തബാങ്കുകൾ പ്രവർത്തിക്കുന്നത്.

(ബി) ഉണ്ട്.

(സി) ചില സ്വകാര്യ രക്ത ബാങ്കുകൾ ലഭ്യമാണ്.

(ഡി) World Health Organisation-നിൽനിന്നും ലഭ്യമായ വിദഗ്ധാഭിപ്രായം വളരെ വില കൂടിയ NAAT-ൽ നിന്നും ലഭ്യമാകുന്നതിനു തുല്യമായ സുരക്ഷിതത്വം താരതമ്യേന ചെലവ് കുറഞ്ഞ നാലാം തലമുറയിലെ ELISA Test വഴി ലഭ്യമാണെന്നാണ്. ആയതിനാൽ നാലാം തലമുറയിലെ ELISA Test-കൾ ലഭ്യമാക്കാൻ NACO (National AIDS Control Organisation) യോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ) ഉണ്ട്.

**വിലക്കയറ്റം തടയുന്നതിന് നടപടി**

28 (*28) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിലക്കയറ്റം തടയുന്നതിന് നടപ്പുസാമ്പത്തിക വർഷം എന്തെല്ലാം കരുതൽ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടപ്പുസാമ്പത്തിക വർഷം അരി ഇറക്കുമതി ചെയ്തുവോ; എങ്കിൽ ഏത് നിരക്കിലാണ് അരി ഇറക്കുമതി ചെയ്തത് എന്നറിയിക്കാമോ;

(സി) ഇപ്രകാരം അരി ഇറക്കുമതി ചെയ്തത് ഇ-ടെൻഡർ മുഖേനയാണോ; വ്യക്തമാക്കുമോ;

(ഡി) അരി ഇറക്കുമതി ചെയ്യാൻ ഇടനിലക്കാരുടെ സഹായം തേടിയിരുന്നോ എന്ന് വെളിപ്പെടുത്താമോ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ):

(എ) സബ്സിഡി നിരക്കിൽ 14 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ ശരാശരി 20 മുതൽ 50% വരെ വിലക്കുറവിലും 28 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീസെയിൽ സബ്സിഡി നിരക്കിലും പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു. തേയില, കാപ്പി, കറിപൗഡറുകൾ, കായം, വാളൻപുളി, ഏലം, അപ്പം പൊടി, പുട്ടുപൊടി എന്നിവ പൊതുവിപണിയിലേതിനേക്കാൾ 20 ശതമാനം വരെ വിലക്കുറവിൽ "ശബരി" ബ്രാൻഡിലും എം.ആർ.പി. യേക്കാൾ ശരാശരി 5 മുതൽ 30 ശതമാനം വരെ വിലക്കുറവിൽ FMCG (Fast Moving Consumer Goods) സാധനങ്ങളും ലഭ്യമാക്കിവരുന്നു. പൊതുവിപണിയിലെ അരിയുടെ വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി

നിലവിലുള്ള ഇ-ടെണ്ടർ പർച്ചേസിന് പുറമെ, ആന്ധ്രയിൽനിന്നും നേരിട്ട് ജയ അരി സംഭരിക്കുകയും കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി ഇടപെടൽ നടത്തി വിലക്കയറ്റം പിടിച്ചുനിർത്താൻ സാധിച്ചതിനുപുറമെ കൂടുതൽ വിൽപ്പനശാലകൾ ആരംഭിച്ചും നിലവിലുള്ള വിൽപ്പനശാലകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും സപ്ലൈകോയുടെ സേവനം കൂടുതൽ ഉപഭോക്താക്കളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ആന്ധ്രയിലെ മില്ലുടമകളിൽ നിന്നും 51650 ക്വിന്റൽ അരി 34.48/Kg എന്ന നിരക്കിൽ സംഭരിച്ചിട്ടുണ്ട്.

(സി) ആന്ധ്രയിലെ മില്ലുടമകളിൽനിന്നും അരി സംഭരിച്ചത് ഇ-ടെണ്ടർ മുഖേനയല്ല. ആന്ധ്രാപ്രദേശിൽനിന്ന് നേരിട്ട് അരി ലഭ്യമാക്കുന്നതിന്റെ ഭാഗമായി ഒരു ഉന്നതതല സംഘം ആന്ധ്രാപ്രദേശ് സന്ദർശിച്ച് സർക്കാർതലത്തിൽ ചർച്ച നടത്തുകയും ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ മദ്ധ്യസ്ഥതയിൽ മില്ലുടമകളിൽനിന്ന് അരി സംഭരിക്കുകയുമാണ് ചെയ്തത്. ഇതിനായി പ്രത്യേകം സർക്കാർ ഉത്തരവ് സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്.

(ഡി) ഇടനിലക്കാരുടെ സഹായം തേടാതെ ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന മില്ലുടമകളിൽ നിന്നുമാണ് അരി ഇറക്കുമതി ചെയ്തത്.

## ഏകീകൃത ആരോഗ്യ നിയമം

29 (*29) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ഏകീകൃത ആരോഗ്യനിയമം രൂപീകരിക്കാത്തതുമൂലം ഉണ്ടായ പ്രായോഗിക ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള മലബാർ പബ്ലിക് ഹെൽത്ത് ആക്ടിൽ പബ്ലിക് ഹെൽത്ത് ബോർഡ് രൂപീകരിക്കുന്നതിനായി മദ്രാസ് നിയമസഭയിൽ നിന്നും മൂന്ന് അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്ന വ്യവസ്ഥ നിലനിൽക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം നിലവിലുള്ള അംഗങ്ങൾ ആരെല്ലാമെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത നിയമത്തിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കുന്നതിന് സർക്കാർതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) പരിശോധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പഴയ ട്രാവൻകൂർ കൊച്ചി ഭാഗങ്ങളിൽ ട്രാവൻകൂർ പബ്ലിക് ഹെൽത്ത് ആക്ടും മലബാർ പ്രദേശങ്ങളിൽ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടുമാണ് നിലവിലുള്ളത്. ഏറെക്കാലം മുമ്പ് രൂപീകരിച്ച നിയമങ്ങളായതുകൊണ്ട് നിയമ ലംഘനത്തിന് ചുമത്തുന്ന പിഴകൾ ചെറിയ തുകകളാണ്. പുതിയ പല പൊതുജനാരോഗ്യ പ്രശ്നങ്ങളും പരിഹരിക്കാൻ പ്രസ്തുത നിയമങ്ങളിലെ വ്യവസ്ഥകൾ പര്യാപ്തമല്ല.

(ബി) സംസ്ഥാനത്തെ മലബാർ പ്രദേശങ്ങളിൽ നിലവിലുള്ള മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടിന്റെ 4-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പ് (സി) പ്രകാരം മദ്രാസ് നിയമസഭയിലെ 3 അംഗങ്ങളെ നോമിനേറ്റ് ചെയ്യുന്ന വ്യവസ്ഥ നിലവിലുണ്ട്. 2000-ാമാണ്ട് കേരള അധികാര വികേന്ദ്രീകൃത ആക്ട് പ്രകാരം 1939 മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടിലെ 4-ാം വകുപ്പിന്റെ 1-ാം ഉപവകുപ്പിലുള്ള 'മദ്രാസ്' എന്ന വാക്ക് എടുത്ത് കളഞ്ഞിട്ടുണ്ട്. എന്നാൽ 4(1) പ്രകാരം അംഗങ്ങളുടെ ലിസ്റ്റിൽ ഭേദഗതി വരുത്തിയിട്ടില്ല.

(സി) പ്രസ്തുത ആക്ടിന്റെ 4-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുള്ള അംഗങ്ങൾ താഴെ പറയും പ്രകാരമാണ് :

1. പബ്ലിക് ഹെൽത്ത് മന്ത്രി
2. ലോക്കൽ അഡ്മിനിസ്ട്രേഷൻ മന്ത്രി.
3. മദ്രാസ് നിയമസഭയിലെ 3 അംഗങ്ങൾ (ഗവൺമെന്റ് നോമിനേറ്റ് ചെയ്യുവർ)
4. മദ്രാസ് ഗവൺമെന്റിന്റെ സർജൻ ജനറൽ
5. പബ്ലിക് ഹെൽത്ത് ഡയറക്ടർ.
6. സാനിട്ടറി എഞ്ചിനീയർ.

എന്നാൽ കേരളത്തിൽ പ്രസ്തുത ആക്ട് പ്രകാരം ഒരു പബ്ലിക് ഹെൽത്ത് ബോർഡ് രൂപീകരിച്ചിട്ടില്ല.

(ഡി) 1955-ലെ ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ടും 1939-ലെ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ടും ഏകീകരിച്ചുകൊണ്ടും പ്രസ്തുത ആക്ടിലെ കാലഹരണപ്പെട്ട വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ടും സംസ്ഥാനത്ത് ഒരു ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനായി ഒരു ഡ്രാഫ്റ്റിംഗ് കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റി സർക്കാരിൽ സമർപ്പിച്ച കരട് പൊതുജനാരോഗ്യ ബിൽ സർക്കാരിലെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിശോധനയിലാണ്.

## അപകടത്തിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ

30 (*30) ശ്രീമതി ഗീതാ ഗോപി :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടത്തിൽപ്പെടുന്നവർക്ക് 48 മണിക്കൂർ അടിയന്തര ചികിത്സ നൽകുന്നതിനുള്ള ചെലവ് സർക്കാർ വഹിക്കുമെന്ന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സ്വകാര്യ ആശുപത്രികളെ പദ്ധതിയുടെ ഗൗരവവും പ്രാധാന്യവും ബോധ്യപ്പെടുത്തി സഹകരിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ):

(എ) കേരളത്തിൽ കഴിഞ്ഞ കുറെ കാലങ്ങളായി കൂടുതലാളുകൾ മരണത്തിനും ഗുരുതര ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡപകടങ്ങൾ വർദ്ധിച്ചു വരികയായിരുന്നു. എന്നാൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ മുൻ വർഷങ്ങളിലേതിനേക്കാൾ അപകടമരണ നിരക്ക് കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. എന്നിരുന്നാലും റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കണ്ടുകൊണ്ട് ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-11-2017-ൽ ചേർന്ന യോഗത്തിൽ, റോഡപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി നടപടി എടുക്കുമെന്ന തിരുമാനം എടുത്തിരുന്നു. മേൽപദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷ്വറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്ട് വിഭാവന ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ-സ്വകാര്യ ആശുപത്രികളും ഇൻഷ്വറൻസ് കമ്പനികളും റോഡ് സുരക്ഷാ വിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽവരുത്തുന്നതിന് താൽപ്പര്യമുള്ള ഇൻഷ്വറൻസ് കമ്പനിയോ കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റോഡപകട

ങ്ങളിൽപ്പെടുന്നവരിൽ കൂടുതലും മരണപ്പെടുന്നത് തലയ്ക്കേൽക്കുന്ന ക്ഷതംമൂലമാണ്. അത്തരക്കാരുടെ ജീവൻ രക്ഷിക്കുന്നതിൽ ആദ്യമണിക്കൂർ (Golden Hour) നിർണ്ണായകമായതിനാൽ സർക്കാർ ആശുപത്രികൾക്ക് പുറമെ ട്രോമാകെയർ സംവിധാനമുള്ള സ്വകാര്യ ആശുപത്രികളുടെ കൂടി സഹകരണത്തോടെ കുറ്റമറ്റ ചികിത്സയും GSP നിരീക്ഷണത്തോടെ നിലവാരമുള്ള ആംബുലൻസുകളുടെ ശ്രേണിയും പരിശീലനം സിദ്ധിച്ച ജീവനക്കാരെയും സന്നദ്ധ പ്രവർത്തകരെയും ഉൾപ്പെടുത്തി ആദ്യത്തെ 48 മണിക്കൂറിലെ ചികിത്സാ ചെലവുകൾ ഇൻഷ്വറൻസ് കമ്പനികളുടെ സഹകരണത്തോടെ അതത് ആശുപത്രികൾക്ക് നൽകിക്കൊണ്ടും സമഗ്രമായ ട്രോമാകെയർ സംവിധാനം നടപ്പിൽ വരുത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ ആദ്യപടി എന്ന നിലയിൽ GSP നിയന്ത്രിത ആംബുലൻസ് സർവ്വീസ് ഏർപ്പെടുത്തുന്നതിന് താൽപ്പര്യമുള്ള വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും താലപ്പര്യപത്രം ക്ഷണിക്കുന്നതിന് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ സർക്കാരിന്റെ അക്രഡിറ്റേഷൻ ഉള്ളവയും സ്പെഷ്യാലിറ്റി സൂപ്പർ സ്പെഷ്യാലിറ്റി സംവിധാനങ്ങൾ ഉള്ളവയും ഉൾപ്പെടുന്നുണ്ട്. ദേശീയ പാതയോരത്തും സംസ്ഥാന പാതകളിലും സ്ഥിതിചെയ്യുന്നതും അപകട ത്തിൽപ്പെടുന്നവരുടെ പരിചരണത്തിന് വേണ്ടുന്ന ചികിത്സാ സംവിധാനങ്ങൾ നൽകാൻതക്ക സംവിധാനങ്ങളും വിദഗ്ദ്ധ ഡോക്ടർമാരും ഉൾപ്പെട്ട സ്വകാര്യ ആശുപത്രികളെക്കൂടി ഇതിന്റെ ഭാഗമാക്കാൻ നിശ്ചയിച്ചിട്ടുണ്ട്. അതിനായി സ്വകാര്യ ആശുപത്രികളുമായി ധാരണയിലെത്തി ചികിത്സയ്ക്ക് ചെലവാക്കിയ തുക മടക്കി നൽകുന്നതിനായി ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതായിട്ടുണ്ട്. ഇതിനായി അപകടത്തിൽപ്പെടുന്ന വാഹനങ്ങൾ ഇൻഷ്വർ ചെയ്ത കമ്പനികളിൽ നിന്നും തുക ഈടാക്കി അപകടത്തിൽപ്പെട്ട വ്യക്തിയുടെ ആശുപത്രി ചെലവുകൾ തീർക്കേണ്ടതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന വാഹനത്തിന്റെ നിജസ്ഥിതി മനസ്സിലാക്കാൻ സാധിക്കാതെ വന്നാൽ സർക്കാർ ഫണ്ടിൽ നിന്നോ റോഡ് സേഫ്റ്റി അതോറിറ്റിയിൽനിന്നോ നഷ്ടപരിഹാരത്തുക ഈടാക്കി നൽകുന്ന തിനുള്ള നടപടി സ്വീകരിക്കുന്നതും സമഗ്ര ആക്സിഡന്റ് ഇൻഷ്വറൻസ് പ്രോഗ്രാമിൽ ഇതിനെ ഉൾപ്പെടുത്തേണ്ടതായും ഉണ്ട്. ഇതുസംബന്ധിച്ച് കൂടുതൽ കൂടിയാലോച നകൾക്കായി ഇൻഷ്വറൻസ് കമ്പനികളുടെ ഒരു Expression of Interest ക്ഷണിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മന്ത്രിമാർ ഉൾപ്പെടെയുള്ളവരുടെ ചികിത്സാച്ചെലവ്

31 (1) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മന്ത്രിസഭയിലെ മന്ത്രിമാർ, മുഖ്യമന്ത്രിയുടെ ഉപദേശകർ, എന്നിവർക്ക് 2017-ൽ ചികിത്സാ ചെലവ് ഇനത്തിൽ റീ ഇംബേഴ്സ്മെന്റായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ;

(ബി) ഇതിൽ എത്ര മന്ത്രിമാരും ഉപദേശകരും സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ടെന്നുള്ള വിശദ വിവരങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാന മന്ത്രിസഭയിലെ മന്ത്രിമാർക്ക് 2017-ൽ ചികിത്സാച്ചെലവ് ഇനത്തിൽ റീ-ഇംബേഴ്സ്മെന്റായി അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-I ആയി ചേർത്തിരിക്കുന്നു.* മുഖ്യമന്ത്രിയുടെ ഉപദേശകർ ചികിത്സാ ചെലവ് റീ ഇംബേഴ്സ് ചെയ്യുന്നതിനായി ഈ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടില്ല.

(ബി) 2017-ൽ 9 മന്ത്രിമാർ സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.*

### എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി

32 (2) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 218/2013 ആയുള്ള എൽ.ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നുവരെയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്ന് ഇതുവരെ നടന്ന നിയമനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ;

(സി) മുൻ സർക്കാർ കഴിഞ്ഞ എൽ. ഡി. ക്ലാർക്ക് റാങ്ക് ലിസ്റ്റിന്റെ അവസാനകാലത്ത് സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ആ റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തിയതിനാൽ, ആദ്യത്തെ 5 മാസത്തെ ഒഴിവുകൾ ഇപ്പോഴത്തെ റാങ്ക് ലിസ്റ്റിലെ ഉദ്യോഗാർത്ഥികൾക്ക് നഷ്ടമായിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 30-3-2018 - ന് 3 വർഷ കാലാവധി പൂർത്തിയാകും.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) മുൻസർക്കാർ, 21-3-2015-ൽ നിലവിലുണ്ടായിരുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് നിയമനം നൽകുന്നതിനുവേണ്ടി, 2015 മാർച്ച് 30-നകം വിവിധ വകുപ്പുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്ന 2015 ഏപ്രിൽ, മേയ്, ജൂൺ എന്നീ 3 മാസത്തെ പ്രതീക്ഷിത എൽ.ഡി.ക്ലാർക്ക് ഒഴിവുകൾക്ക് തത്തുല്യമായ എണ്ണം സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിക്കുവാനും എണ്ണം വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുവാനും പ്രസ്തുത സൂപ്പർ ന്യൂമററി തസ്തികകളിലേയ്ക്ക് യഥാർത്ഥത്തിൽ ഒഴിവു വരുന്ന തീയതിക്കുശേഷം മാത്രം നിയമനം നടത്തുവാനും നിയമനം നടക്കുന്ന മുറയ്ക്ക് സൂപ്പർ ന്യൂമററി തസ്തിക ഇല്ലാതാകുന്നതായി രജിസ്റ്ററിൽ രേഖപ്പെടുത്തുവാനും വകുപ്പു മേധാവികൾക്കും നിയമനാധികാരികൾക്കും 21-3-2015-ലെ സ.ഉ.(അ)13/2015/ ഉഭപവ മുഖേന നിർദ്ദേശം നല്കിയിരുന്നു. റാങ്ക് ലിസ്റ്റുകളുടെ കാലാവധി സർക്കാർ ശിപാർശ പ്രകാരം 6 മാസം കൂടി നീട്ടാൻ പി.എസ്.സി. തീരുമാനിച്ചിരുന്നെങ്കിലും പുതിയ എൽ.ഡി.സി.(വിവിധം) റാങ്ക് ലിസ്റ്റ് 2015 ഏപ്രിൽ 1-ന് നിലവിൽ വന്ന സാഹചര്യത്തിൽ 2012-ൽ നിലവിൽ വന്ന റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-3-2015-ന് അവസാനിച്ചിരുന്നു. അതിനാൽ പുതിയ റാങ്ക് ലിസ്റ്റ് നിലവിൽവന്ന് ആദ്യ 3 മാസത്തെ ഒഴിവുകളിൽ, മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഴയ ലിസ്റ്റിൽനിന്ന് നിയമനം നടന്നിട്ടുള്ളതാണ്. പുതിയ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം ത്വരിതപ്പെടുത്താൻ സർക്കാർ ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി.(വിവിധം), എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽ നിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്ന മുറയ്ക്ക് തന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധി കാരികൾക്കും 13-12-2017-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പി.എസ്.സി. നടത്തിയ ലബോറട്ടറി ടെക്നോളജി അസിസ്റ്റന്റ് പരീക്ഷ

33 (3) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പി.എസ്.സി. നടത്തിയ ലബോറട്ടറി ടെക്നോളജി അസിസ്റ്റന്റ് (റബ്ബർ ടെക്നോളജി) കാറ്റഗറി നമ്പർ 121/2014 എന്ന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഈ ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു എന്നറിയിക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടാവുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഈ ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കും എന്നറിയിക്കാമോ; ഇപ്പോൾ നിലവിലുള്ള ഒഴിവുകൾ ഏതൊക്കെ ജില്ലകളിലാണ്; അവ ഏതെല്ലാം എന്നറിയിക്കാമോ?

ഉത്തരം

(എ) 30-5-2017-ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആർക്കും നിയമന ശിപാർശ നൽകിയിട്ടില്ല.

(ബി) 2019 മാർച്ച് വരെ ഈ തസ്തികയിൽ ഒഴിവുകൾ ഒന്നും പ്രതീക്ഷിക്കുന്നില്ല. ലിസ്റ്റിന്റെ കാലാവധി കുറഞ്ഞത് ഒരു വർഷവും പരമാവധി മൂന്ന് വർഷവുമാണ്. ഒരു വർഷത്തിനുശേഷം പ്രസ്തുത തസ്തികയിലേയ്ക്ക് പുതിയ ഒരു ലിസ്റ്റ് നിലവിൽവരുന്ന പക്ഷം നിലവിലെ ലിസ്റ്റിന് പ്രാബല്യം ഇല്ലാതാകും. മൂന്ന് വർഷക്കാലയളവ് (29-5-2020) വരെ ഒരാളെപ്പോലും നിയമിക്കാത്തപക്ഷം ലിസ്റ്റിൽ നിന്നും ഒരാളെയെങ്കിലും നിയമിക്കുന്നതുവരെ അല്ലെങ്കിൽ ഒരു വർഷം (ഏതാണോ ആദ്യം വരുന്നത്) കൂടി ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിന് വ്യവസ്ഥയുണ്ട്. നിലവിൽ ഒഴിവുകൾ ഒന്നുംതന്നെയില്ല.

## ദേവികുളം നിയോജകമണ്ഡലത്തിലുള്ള പുതിയ തസ്തികകൾ

34 (4) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലത്തിൽ വിവിധ വകുപ്പുകളിലായി എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ തസ്തികകൾ സൃഷ്ടിച്ചിരിക്കുന്നത് ഏതൊക്കെ വകുപ്പുകളി ലാണെന്നുള്ള വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**പിന്നോക്ക വിഭാഗങ്ങളുടെ മേൽത്തട്ട് പരിധി**

35 (5) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗങ്ങളുടെ മേൽത്തട്ട് പരിധി ആറ് ലക്ഷം രൂപയിൽ നിന്നും എട്ട് ലക്ഷം രൂപയായി കേന്ദ്ര പേഴ്സണൽ മന്ത്രാലയം ഉയർത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന് മുതലാണ് പ്രസ്തുത ഉത്തരവ് പ്രാബല്യത്തിൽ വന്നിട്ടുള്ളത്;

(ബി) ഈ പരിധി വർദ്ധനവ് തല്ക്കാലം കേരളത്തിൽ നടപ്പിലാക്കേണ്ട എന്ന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) മെഡിക്കൽ എഞ്ചിനീയറിംഗ് പ്രവേശനം, ജോലി സംവരണം, വിവിധ സ്കോളർഷിപ്പുകൾ, സമാശ്വാസ തൊഴിൽ പദ്ധതി എന്നിവയ്ക്കെല്ലാം മേൽത്തട്ട് പരിധി ബാധകമാണെന്നിരിക്കെ സംസ്ഥാനത്ത് പരിധി ആറ് ലക്ഷമായി നില നിർത്തുന്നത് പിന്നോക്ക വിഭാഗങ്ങൾക്ക് ദോഷകരമാകുമെന്നതിനാൽ മേൽത്തട്ട് പരിധി എട്ട് ലക്ഷമായി ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. 1-9-2017 മുതൽ ഇതിന് പ്രാബല്യമുണ്ട്.

(ബി) നിലവിലെ നിരക്കിൽ തൽക്കാലം മാറ്റം വരുത്തേണ്ടതില്ലെന്നാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

36 (6) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി.-ക്ക് വിട്ടതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പൊതുമേഖലാ സ്ഥാപനത്തിലും എത്ര പേർക്കുവീതം തൊഴിൽ നല്കുവാൻ കഴിഞ്ഞു എന്ന വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരമേറ്റശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് പവർ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഫിനാൻസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾ സ.ഉ.(എംഎസ്) നമ്പർ 18/2016/ഉഭപവ. പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (കൺസൾട്ടേഷൻ ബൈ കോർപ്പറേഷൻസ് ആന്റ് കമ്പനീസ്) റൂൾസ് 1971-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## താൽക്കാലിക/ദിവസവേതന/കരാർ നിയമനങ്ങൾ

37 (7) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമ വിരുദ്ധമായി നടത്തിയിട്ടുള്ള താൽക്കാലിക/ദിവസവേതന/കരാർ നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നത് തടയുവാനുള്ള കർമ്മപദ്ധതികൾ നടപ്പാക്കുമോ;

(ബി) ക്രമവിരുദ്ധമായി നടത്തിയിട്ടുള്ള താൽക്കാലിക/കരാർ/ ദിവസവേതന നിയമനങ്ങൾ ക്രമപ്പെടുത്തി സ്ഥിര നിയമനം നൽകുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന ബഹു. സുപ്രീംകോടതിയുടെ 2006-ലെ ഭരണഘടനാ ബഞ്ചിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഡൽഹി കേരള ഹൗസിലെ അനധികൃത നിയമനങ്ങൾ സ്ഥിരപ്പെടുത്തിയ മുൻസർക്കാർ ഉത്തരവ് ഈ സർക്കാർ റദ്ദ് ചെയ്തുവെങ്കിലും കൃഷി, വനം, തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി എന്നീ വകുപ്പുകളിലെ താല്ക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തി ഈ സർക്കാർ ഇറക്കിയ ഉത്തരവുകൾ പുനഃപരിശോധിക്കുമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) താൽക്കാലിക/കരാർ/ദിവസവേതന അടിസ്ഥാനത്തിലുള്ള ക്രമവിരുദ്ധ നിയമനങ്ങൾ സ്ഥിരപ്പെടുത്തുന്നത് ഭരണഘടനാ വിരുദ്ധവും സുപ്രീംകോടതി വിധിയുടെ ലംഘനവും തദ്വാര കോടതി അലക്ഷ്യവുമാകയാൽ ഇത്തരം നിയമനങ്ങൾ എല്ലാക്കാലത്തേയ്ക്കുമായി തടയുന്നതിന് സമഗ്രമായ നിയമനിർമ്മാണം നടത്തുമോ;

(ഡി) ഇത്തരത്തിലുള്ള സ്ഥിരപ്പെടുത്തലുകൾ റദ്ദാക്കുന്ന സർക്കാർ ഉത്തരവുകൾ സ്റ്റേ ചെയ്യുന്നതിനുള്ള ഹൈക്കോടതികൾക്കുള്ള അധികാരത്തിനുപോലും നിയന്ത്രണങ്ങളുണ്ടെന്നുള്ള സുപ്രീം കോടതി ഉത്തരവ് മറികടന്ന് കീഴ്കോടതികൾ സ്റ്റേ നൽകുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നിലവിലുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുവാനും സർക്കാർ അഡ്വക്കേറ്റ് ജനറലിന് അടിയന്തര നിർദ്ദേശം നൽകുമോ;

(ഇ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 2006-ലെ സെക്രട്ടറി സ്റ്റേറ്റ് ഓഫ് കർണാടക VS ഉമാദേവി കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ ഭരണഘടനയുടെ 162-ാം അനുച്ഛേദപ്രകാരം സംസ്ഥാനത്തിന്റെ നിർവ്വാഹകാധികാരത്തിന്റെ പരിധിയിൽ നിന്നും പ്രസ്തുത താൽക്കാലിക നിയമനങ്ങൾ സ്ഥിരപ്പെടുത്തുവാനുള്ള അധികാരം സാധ്യമല്ലാത്ത സാഹചര്യത്തിൽ ടി വസ്തുതകൾ മറച്ചുവച്ചുകൊണ്ട് സർക്കാരിന് കോടതിയലക്ഷ്യ നടപടികൾ നേരിടേണ്ടിവരുന്ന ഇത്തരം നിയമനങ്ങൾ ശിപാർശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക /ശിക്ഷണ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഇ) വിവരം ശേഖരിച്ചുവരുന്നു.

## അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തിക റാങ്ക് ലിസ്റ്റ്

38 (8) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാറ്റഗറി നമ്പർ 222/2015 പ്രകാരമുള്ള മലപ്പുറം ജില്ലയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെയും, മലപ്പുറം ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലേക്കുമുള്ള ഷോർട്ട് ലിസ്റ്റ്, റാങ്ക് ലിസ്റ്റ് എന്നിവ പ്രസിദ്ധീകരിച്ചോ: ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

കാറ്റഗറി നമ്പർ 222/2015 ആയി വിജ്ഞാപനം ചെയ്ത മലപ്പുറം ജില്ലയിലെ അസിസ്റ്റന്റ് സെയിൽസ്മാൻ തസ്തികയുടെ സാധ്യതാ പട്ടിക 13-10-2017-ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. മലപ്പുറം ജില്ലയിലെ യു.പി.എസ്.എ. തസ്തികയുടെ ചുരുക്കപ്പട്ടിക പ്രസിദ്ധീകരിക്കാനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

39 (9) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപീകരിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സാമുദായിക പ്രാതിനിധ്യവും മെരിറ്റും 50:50 എന്ന അനുപാതം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എ.എസ്.-ലെ സ്ട്രീം 2, സ്ട്രീം 3 റിക്രൂട്ട്മെന്റുകൾക്ക് സാമുദായിക സംവരണം ബാധകമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. നേരിട്ട് നിയമനം നടത്തുന്ന രണ്ടാം ഗസറ്റഡ് തസ്തികയായ ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ ഓഫീസർ തസ്തികയിൽ ഓപ്പൺ കാറ്റഗറിയിലും ഡിപ്പാർട്ട്മെന്റ് ക്വാട്ടയിലും സംവരണതത്വം പാലിച്ച് നിയമനം നടത്തുന്ന മാതൃക കെ.എ.എസ്.-ലും പിന്തുടരാത്തതിൽ ഭരണഘടന ഉറപ്പ് നൽകുന്ന തുല്യതാ അവകാശത്തിന്റെ ലംഘനമുണ്ടോയെന്ന് പരിശോധിക്കുമോ;

(ഡി) കെ.എ.എസ്.-ലെ സംവരണ മാതൃക എല്ലാ ഡിപ്പാർട്ട്മെന്റ് ക്വാട്ട പി.എസ്.സി. നിയമനങ്ങളിലും പിന്തുടരാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യം സംബന്ധിച്ച നയമെന്തെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നേരിട്ടുള്ള നിയമനത്തിൽ (സ്ട്രീം 1) സംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടാണ് നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടുള്ളത്.

(ബി) ബൈ ട്രാൻസ്ഫർ മുഖേന ജീവനക്കാരിൽനിന്നും നിയമനം നടത്തുന്ന സ്ട്രീം 2, സ്ട്രീം 3 എന്നീ വിഭാഗങ്ങൾക്ക് സാമുദായിക സംവരണം ബാധകമല്ല.

(സി) ഭരണഘടനാപരമായ കാര്യങ്ങൾ പരിശോധിച്ചശേഷമാണ് ചട്ടങ്ങൾ രൂപീകരിച്ചത്.

(ഡി) നിലവിൽ പരിഗണനയിലില്ല.

## ദേശീയ പുരസ്കാരം

40 (10) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭരണരംഗത്തെ മികവിന് അടുത്തകാലത്ത് സംസ്ഥാനത്തിന് എന്തെങ്കിലും ദേശീയ പുരസ്കാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പുരസ്കാരത്തിനായി കേരളത്തിന്റെ എന്തൊക്കെ നേട്ടങ്ങളാണ് പരിഗണിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്രമസമാധാന പാലനത്തിൽ ഇന്ത്യയിലെ മികച്ച സംസ്ഥാനമായി കേരളത്തെ ഇന്ത്യാ ടുഡേ തെരഞ്ഞെടുക്കുകയുണ്ടായി. കോപ്സ് ടുഡേ ഇന്റർനാഷണലിന്റെ പോലീസ് എക്സ്സലൻസ് അവാർഡ് കേരളാ പോലീസ് കരസ്ഥമാക്കി. വയോജന സംരക്ഷണത്തിനുള്ള 'വയോമിത്രം' പരിപാടിക്ക് കേന്ദ്ര സർക്കാരിന്റെ പുരസ്കാരം ലഭിച്ചു. പബ്ലിക് അഫയേഴ്സ് സെന്റർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ, പൊതുകാര്യ സൂചികയിൽ കേരളം, രാജ്യത്തെ മറ്റ് സംസ്ഥാനങ്ങളേക്കാൾ മുന്നിലാണ്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

41 (11) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആയതിനുള്ള വിജ്ഞാപനം എന്നത്തേക്ക് പുറപ്പെടുവിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിന് സർക്കാർ സർവീസിലെ ജീവനക്കാർക്ക് അപേക്ഷിക്കുവാൻ സാധിക്കുമോ; ടി ജീവനക്കാർ പ്രൊബേഷൻ പൂർത്തിയാക്കണമെന്ന് നിർബന്ധമുണ്ടോ; സർവീസ് റഗുലറൈസ് ചെയ്തവരെ പ്രസ്തുത വിഭാഗത്തിൽ പരിഗണിക്കുമോ; എങ്കിൽ വിശദമാക്കാമോ ;

(സി) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് എത്ര ശതമാനമാണ് നേരിട്ടുള്ള നിയമനത്തിനായി പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ നിയമനം ലഭിക്കുന്നവർ എത്ര എണ്ണം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എല്ലാ തസ്തികകളിലേയ്ക്കും ഒന്നിച്ച് നിയമനം നടത്തുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ഡി) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിലെ നിയമനത്തിന് നിലവിലുള്ള സംവരണ സമ്പ്രദായമാണോ പരിഗണിക്കുന്നത്; അല്ലെങ്കിൽ സംവരണം ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച സ്പെഷ്യൽ റൂൾസ് 29-12-2017-ലെ G.O.(P) No.12/2017/P&ARD പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് നിയമനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സാധിക്കും. ടി ജീവനക്കാർ പ്രൊബേഷൻ പൂർത്തിയാക്കണമെന്ന് നിർബന്ധമില്ല. സർവ്വീസ് റഗുലറൈസ് ചെയ്ത സർക്കാർ ഉദ്യോഗസ്ഥരെ സ്ട്രീം 2 വിഭാഗത്തിൽ പരിഗണിക്കുന്നതാണ്. സ്ട്രീം 3-ൽ അപേക്ഷിക്കുന്ന ഒന്നാം ഗസറ്റഡ് തസ്തികയിലും അതിനുമുകളിലുള്ള തസ്തികയിലുമുള്ള ജീവനക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്.

(സി) 1/3 ഭാഗം ഒഴിവുകളിലാണ് നേരിട്ടുള്ള നിയമനത്തിന് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എണ്ണം കണക്കാക്കിയിട്ടില്ല.

(ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളുടെ കാര്യത്തിൽ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തസ്തികമാറ്റ നിയമത്തിന് ഇത് ബാധകമല്ല.

**സോളാർ അഴിമതി**

42 (12) ശ്രീ. എം. സ്വരാജ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ അഴിമതിയെക്കുറിച്ച് മുൻസർക്കാർ നിയമിച്ച ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ കുറ്റക്കാരെന്ന് കണ്ടെത്തിയവരെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) അഴിമതി ആരോപിതർക്കെതിരെ ക്രിമിനൽ നിയമപ്രകാരവും അഴിമതി നിരോധന നിയമപ്രകാരവും കേസ്സെടുക്കുന്ന കാര്യത്തിൽ നിയമോപദേശം തേടിയിരുന്നോ; വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) സോളാർ തട്ടിപ്പും അനുബന്ധ സാമ്പത്തിക ഇടപാടുകളെയും കുറിച്ച് അന്വേഷിക്കുന്നതിനായി നിയമിച്ച ജസ്റ്റിസ് (റിട്ട.) ശിവരാജൻ അന്വേഷണ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷന്റെയും മുൻസുപ്രീം കോടതി ജഡ്ജി ജസ്റ്റിസ് അരിജിത്ത് പസായത്തിന്റെയും നിയമോപദേശത്തിന്റെകൂടി അടിസ്ഥാനത്തിൽ സോളാർ കുറ്റകൃത്യങ്ങളിലെ ആരോപണവിധേയർക്കെതിരെ ക്രിമിനൽ നടപടി സംഹിത, അഴിമതി നിരോധന നിയമം, ഇന്ത്യൻ ശിക്ഷാ നിയമം, മറ്റ് ബാധകമായ നിയമങ്ങൾ എന്നിവ അനുശാസിക്കുന്ന രീതിയിൽ അന്വേഷണം നടത്തുവാൻ 8-11-2017-ലെ സ.ഉ.(കൈ)നമ്പർ 231/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ആയതിലേയ്ക്കായി കേരള പോലീസ് ആക്റ്റ് 21 2(ബി) വകുപ്പ് പ്രകാരം ഉത്തരമേഖല ഡി.ജി.പി. ശ്രീ. രാജേഷ് ദിവാൻ അന്വേഷണ സംഘം തലവനായി പ്രത്യേക അന്വേഷണ സംഘത്തേയും പ്രസ്തുത ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുണ്ട്. നിയമോപദേശത്തിന്റെ പകർപ്പും ഉത്തരവിന്റെ പകർപ്പും ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സംസ്ഥാന സർവ്വീസിൽ ജോലിചെയ്യുന്ന ആകെ ജീവനക്കാർ

43 (13) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർവ്വീസിൽ ജോലിചെയ്യുന്ന ആകെ ജീവനക്കാർ എത്ര എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സർവ്വീസിൽ ഇപ്പോൾ ഉൾപ്പെട്ട സർക്കാർ വകുപ്പുകൾ ഏതെല്ലാം ; ശേഷിക്കുന്ന വകുപ്പുകൾ ഏതെല്ലാം; ശേഷിക്കാത്ത ഏതെങ്കിലും വകുപ്പുകൾ കൂടി ഉൾപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ നയപരമായ തീരുമാനങ്ങൾക്കെതിരെ കെ.എ.എസ്.-മായി ബന്ധപ്പെട്ട് സമരമാർഗ്ഗങ്ങൾ സ്വീകരിച്ച് ജോലിക്ക് ഹാജരാകാതെ ശമ്പളം കൈപ്പറ്റിയ ജീവനക്കാർക്കതിരെ സർക്കാർ എന്ത് നടപടി നാളിതുവരെ സ്വീകരിച്ചു; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർവ്വീസിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ എണ്ണം- 509282

(ബി) വകുപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.* നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) വിവരം ശേഖരിച്ചുവരുന്നു.

## സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം

44 (14) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഫയലുകളിന്മേൽ സെക്രട്ടേറിയറ്റ് മാന്വൽ അനുശാസിക്കുംവിധം കൃത്യസമയത്ത് തീർപ്പുകൾ കല്പിക്കുന്നതിനും, ഉദ്യോഗസ്ഥർ പ്രവർത്തന സമയങ്ങളിൽ ഓഫീസിലുണ്ട് എന്ന് ഉറപ്പുവരുത്താനുമായി ഈ സർക്കാർ എന്ത് നടപടി നാളിതുവരെ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സമയനിഷ്ഠ ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ച പഞ്ചിംഗ് ഉൾപ്പെടെയുള്ള നടപടികൾ ധിക്കരിക്കുന്ന ജീവനക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുവാനും സമയനിഷ്ഠയും, മാന്വൽ പ്രകാരമുള്ള പ്രവർത്തനങ്ങളും ഉറപ്പുവരുത്തുന്നതിനും ഈ സർക്കാർ എന്ത് തുടർനടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(സി) നിയമസഭാ സാമാജികർവഴി നല്കുന്ന അപേക്ഷകളിന്മേലുള്ള മറുപടികൾ യഥാസമയം ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സെക്രട്ടേറിയറ്റിലെ ഫയൽ നീക്കം കാര്യക്ഷമമാക്കുന്നതിനും സെക്രട്ടേറിയറ്റ് മാന്വൽ അനുശാസിക്കും പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ഫയലുകൾ തീർപ്പാക്കുന്നതിനുമായി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥർ കൃത്യസമയത്ത് ഓഫീസിൽ ഹാജരാകുന്നത് ഉറപ്പിക്കുന്നതിനായി ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സ്ഥാപിച്ചിട്ടുണ്ട്.

(ബി) സെക്രട്ടേറിയറ്റ് ജീവനക്കാരുടെ സമയനിഷ്ഠ ഉറപ്പുവരുത്തുന്നതിനായി 1-1-2018 മുതൽ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) കാര്യക്ഷമമാക്കി ശമ്പളവിതരണ സോഫ്റ്റ്‌വെയറായ സ്പാർക്കുമായി ബന്ധിപ്പിച്ചുവരുന്നു. ജീവനക്കാരുടെ അവധി ഇപ്പോൾ കൃത്യമായി നിരീക്ഷിച്ചുവരികയാണ്.

(സി) നിയമസഭാ സാമാജികർ വഴി നൽകുന്ന അപേക്ഷകൾക്ക് അടിയന്തര പ്രാധാന്യം നൽകി സർക്കാർ തീർപ്പ് കൽപ്പിച്ചുവരുന്നു.

**വാടക കെട്ടിടങ്ങളിലെ സർക്കാർ ഓഫീസുകൾ**

45 (15) <u>ശ്രീമതി ഗീതാ ഗോപി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര സർക്കാർ ഓഫീസുകളാണ് ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര രൂപയാണ് പ്രതിമാസം വാടക ഇനത്തിൽ നൽകുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ പൂട്ടി കിടക്കുന്ന സർക്കാർ സ്കൂളുകളിലേക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

## സംസ്ഥാന സർക്കാരിന്റെ ഉപദേശകരുടെ ചെലവുകൾ

46 (16) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ നിലവിലെ ഉപദേശകർക്കായി ശമ്പളയിനത്തിലും മറ്റ് ആനുകൂല്യങ്ങൾക്കുമായി നാളിതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഉപദേശകർക്കായി പുതിയ വാഹനം വാങ്ങിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെണ്ണം ; അതിനായി ചെലവാക്കിയ തുക എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ നിലവിലെ ഉപദേശകനുള്ള ശമ്പള ഇനത്തിലും മറ്റ് ആനുകൂല്യങ്ങൾക്കുമായി നാളിതുവരെ 13,34,632 രൂപ (പതിമൂന്ന് ലക്ഷത്തി മുപ്പത്തിനാലായിരത്തി അറുന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) ചെലവാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

## സ്വകാര്യ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഔദ്യോഗിക വാഹനങ്ങൾ

47 (17) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി ഏതെല്ലാം വകുപ്പുകളിൽ, എത്രപേർ ഔദ്യോഗിക വാഹനങ്ങൾ സ്വകാര്യാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്; ഇപ്രകാരം എത്രപേർക്ക് അനുമതി നൽകിയിട്ടുണ്ട്;

(ബി) അനുമതി ലഭിച്ചവരിൽ എത്രപേർ ഇത്തരത്തിൽ വാഹനങ്ങൾ ഉപയോഗിച്ചുവരുന്നു; അവരിൽ നിന്ന് വാടക ഇനത്തിൽ എത്ര തുക ലഭിച്ചു; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) വാടക നിരക്ക് എത്രയാണ്; ഇവ ഓരോ തരം വാഹനങ്ങൾക്കും വ്യത്യസ്തമാണോ; വിശദവിവരം നൽകുമോ?

(ഡി) ഔദ്യോഗികവാഹന ഉപയോഗം നിയന്ത്രണം പാലിക്കാത്തത് താഴെത്തട്ടിലുള്ളവർക്കും ദുരുപയോഗം നടത്തുന്നതിന് വഴിയൊരുക്കുമെന്നത് കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

## തീർപ്പാകാത്ത ഫയലുകൾ സംയുക്ത സിറ്റിംഗ് നടത്തി തീർപ്പാക്കുന്നതിന് നടപടി

48 (18) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ സംബന്ധിച്ച് സംസ്ഥാന, ജില്ലാ, താലൂക്ക് തലങ്ങളിൽ കണക്ക് എടുത്തിട്ടുണ്ടോ ; വിശദമാക്കാമോ:

(ബി) താഴെ തലങ്ങളിലുള്ള ഓഫീസുകളിൽനിന്ന് സമയബന്ധിതമായി റിപ്പോർട്ട് ലഭിക്കാത്തതുകൊണ്ടുമാത്രം സെക്രട്ടേറിയറ്റിൽ വിവിധ വകുപ്പുകളിൽ തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ എത്രയെണ്ണം ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത ഫയലുകൾ, പരാതികൾ എന്നിവ ജില്ല, താലൂക്ക് തലങ്ങളിൽ സംയുക്ത സിറ്റിങ് നടത്തി തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സെക്രട്ടേറിയറ്റ് വകുപ്പുകൾ/വിവിധ സർക്കാർ വകുപ്പുകൾ/ ജില്ലാ കളക്ടർമാർ മൂന്നു മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകമായി നീക്കിവയ്ക്കുകയും അന്നേ ദിവസം മേലുദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കേണ്ടതാണെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകളിൽ ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കിവരുന്നുണ്ട്.

## ഭരണനിർവ്വഹണം കാര്യക്ഷമമാക്കുവാൻ നടപടി

49 (19) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിനുണ്ടാകുന്ന കാലതാമസംമൂലം ഭരണ നിർവ്വഹണം കാര്യക്ഷമമാകുന്നില്ലെന്ന പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഭരണ നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും ഫയലുകളിൽ കാലതാമസംകൂടാതെ തീർപ്പുകൽപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) സെക്രട്ടേറിയറ്റിലും മറ്റ് വകുപ്പുകളിലും കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീർപ്പുകൽപ്പിക്കുന്നതിന് അദാലത്തുകൾ സംഘടിപ്പിക്കുമോ; വിശദമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കെട്ടിക്കിടക്കുന്ന ഫയലുകളിൽ തീരുമാനമുണ്ടാകാൻ സെക്രട്ടേറിയറ്റ് ഓഫീസ് മാനുവലിലെ വ്യവസ്ഥകളും വിവിധ സർക്കാർ നിർദ്ദേശങ്ങളും നിലവിലുണ്ട്. മൂന്നുമാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി പ്രത്യേകം നീക്കിവയ്ക്കാനും പഞ്ചദിന ചട്ടം നിർബന്ധമായും പാലിക്കാനുമുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യ E-office സംവിധാനത്തിലൂടെ ഏർപ്പെടുത്തി വകുപ്പുകളിൽ ഫയൽനീക്കം ത്വരിതഗതിയിലാക്കി വരുന്നു. കൂടാതെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഫയലുകൾ തീർപ്പ് കൽപ്പിക്കുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ട്.

(സി) സെക്രട്ടേറിയറ്റിലും മറ്റ് വകുപ്പുകളിലും കെട്ടിക്കിടക്കുന്ന ഫയലുകളിൽ അദാലത്തുകൾ നടത്തി സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പുകളിൽ ഫയൽ അദാലത്തുകൾ നടത്തി ഫയലുകൾ തീർപ്പാക്കിവരുന്നുണ്ട്.

## ഓൾ കേരള ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ സമർപ്പിച്ച നിവേദനം

50 (20) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓൾ കേരള ലൈറ്റ് ആന്റ് സൗണ്ട് വെൽഫെയർ അസോസിയേഷൻ ഭാരവാഹികൾ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് 17-9-2017-ൽ G-170806164 എന്ന ഫയൽ നമ്പരിലും 22-12-2017-ൽ G-171203845 എന്ന ഫയൽ നമ്പരിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിവേദനങ്ങളിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) 17-9-2017-ലെ G 170806164 നമ്പർ നിവേദനം ലേബർ കമ്മീഷണർ പരിശോധിച്ചുവരുന്നു. 22-12-2017-ലെ G-171203845-നമ്പർ നിവേദനം സംസ്ഥാന പോലീസ് മേധാവി പരിശോധിച്ചുവരുന്നു.

(ബി) 17-9-2017-ലെ നിവേദനത്തിൽ 9 ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ആയവ പരിശോധിച്ചതിൽ 6-ാമത്തെ ആവശ്യം ഉച്ചഭാഷിണി മേഖലയിലുള്ളവർക്ക് സ്വതന്ത്ര സ്വഭാവത്തിലുള്ള ക്ഷേമനിധി ബോർഡ് ഏർപ്പെടുത്തണം എന്നതാണ്. വളരെ കുറച്ചുപേർമാത്രം തൊഴിൽ ചെയ്യുന്ന ഈ മേഖലയ്ക്ക് മാത്രമായി ഒരു പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നത് പ്രായോഗികമല്ല. നിലവിൽ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ മറ്റ് ക്ഷേമനിധികളിൽ അംഗമല്ലാത്ത തൊഴിലാളികൾക്ക് അംഗത്വമെടുക്കുന്നതിന് അവസരമുണ്ട്. ഈ വിഭാഗം തൊഴിലാളികൾക്കും ആയത് പ്രയോജനപ്പെടുത്താവുന്നതാണ്. ഉച്ചഭാഷിണി മേഖലയിലുള്ളവരെ ഇ.എസ്.ഐ. പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. 22-12-2017-ലെ നിവേദനം ഉച്ചഭാഷിണി ഉപയോഗിക്കുന്നതിനുള്ള അനുമതി സംബന്ധിച്ചാണ്. സംസ്ഥാന പോലീസ് മേധാവിയുടെ റിപ്പോർട്ട് ലഭിച്ചശേഷം തുടർനടപടി സ്വീകരിക്കുന്നതാണ്.

## സോളാർ കമ്മീഷൻ റിപ്പോർട്ട്

51 (22) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് എന്നാണ് ലഭിച്ചത് ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സർക്കാർ അഡ്വക്കേറ്റ് ജനറലിന്റെയും പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിന്റെയും നിയമോപദേശം തേടിയിരുന്നോ; നിയമോപദേശത്തിന്റെ വിശദാംശം നൽകുമോ;

(സി) ഇവരുടെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണോ റിപ്പോർട്ട് സഭയിൽ വയ്ക്കുന്നതിന് മുമ്പ് മുഖ്യമന്ത്രി പത്രസമ്മേളനം നടത്തി നടപടികൾ വിശദീകരിച്ചത്;

(ഡി) ഈ റിപ്പോർട്ട് സംബന്ധിച്ച് സുപ്രീംകോടതി മുൻജഡ്ജി അരിജിത് പസ്സായത്തിന്റെ നിയമോപദേശം തേടിയിരുന്നോ;

(ഇ) ശ്രീ. അരിജിത് പസ്സായത്തിന്റെ നിയമോപദേശം സർക്കാരിന് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിയമോപദേശം അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന് ഘടകവിരുദ്ധമാണോ; വിശദാംശം നൽകുമോ;

(എഫ്) ഈ റിപ്പോർട്ടിന്മേൽ നിയമവകുപ്പിന്റെ ഉപദേശം ആരാഞ്ഞിരുന്നോ; എങ്കിൽ നിയമവകുപ്പ് നൽകിയ ഉപദേശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 26-9-2017-ന്

(ബി) നിയമോപദേശം തേടിയിരുന്നു. ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) അല്ല.

(ഡി&ഇ) മുൻ സുപ്രീംകോടതി ജഡ്ജി അരിജിത്ത് പസ്സായത്തിൽനിന്നും ലഭിച്ച നിയമോപദേശത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(എഫ്) ഇല്ല.

**ജനസമ്പർക്ക പരിപാടി ചെലവ്**

52 (23) <u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് നടത്തപ്പെട്ട ജനസമ്പർക്ക പരിപാടിയുടെ നടത്തിപ്പിനായി സർക്കാർ ഖജനാവിൽനിന്നും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ;

(ബി) ഓരോ പരിപാടിയിലും എത്ര തുകയുടെ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തതെന്ന് അറിയിക്കുമോ;

(സി) ജനസമ്പർക്ക പരിപാടിയുടെ പരസ്യത്തിന് മാത്രമായി ചെലവഴിച്ച തുക എത്രയാണെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.*

(ബി) അനുബന്ധം II-ൽ ചേർത്തിരിക്കുന്നു.*

(സി) വിവര പൊതുജന സമ്പർക്ക വകുപ്പ് മുഖേന 2,42,86,963 രൂപയും ജില്ല കളക്ടറേറ്റുകൾ മുഖേന 6,00,618 രൂപയും നാളിതുവരെ ചെലവഴിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ

53 (24) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ആംഗ്ലോ ഇന്ത്യൻ സമൂഹം നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനായി 24-1-2017-ൽ ചേർന്ന യോഗത്തിൽ ആംഗ്ലോ ഇന്ത്യൻ പ്രതിനിധിയായ എം.എൽ.എ.-യുടെയും എം.പി.-യുടെയും ഫണ്ടിൽനിന്നും നിശ്ചിത ശതമാനം തുക സോഷ്യൽ മാപ്പിംഗിലൂടെ ആംഗ്ലോ ഇന്ത്യൻ ഗുണഭോക്താക്കളുടെ ക്ഷേമത്തിനായി ലഭ്യമാക്കണമെന്ന ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## ഐ.എ.എസ്. ഉദ്യോഗസ്ഥർ

54 (25) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഇപ്പോൾ എത്ര ഐ.എ.എസ്. ഉദ്യോഗസ്ഥരാണ് സേവനമനുഷ്ഠിക്കുന്നത് എന്നറിയിക്കാമോ?

(ബി) ഇതിൽ യു.പി.എസ്.സി. മുഖേന നേരിട്ട് നിയമനം ലഭിച്ചവർ എത്രപേരാണ്;

(സി) ഐ.എ.എസ്. കൺഫേഡ് ചെയ്യപ്പെട്ട എത്രപേർ ഇപ്പോൾ കേരളത്തിൽ ജോലി ചെയ്യുന്നു; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) കൺഫർ ചെയ്യപ്പെട്ടതിൽ ഒ.ബി.സി, എസ്.സി., എസ്.ടി. വിഭാഗങ്ങൾ എത്രയുണ്ട്; വിശദമാക്കാമോ;

(ഇ) ഐ.എ.എസ് കൺഫർ ചെയ്യുന്നതിന് ഏതെങ്കിലും തരത്തിലുള്ള സംവരണ തത്വങ്ങളോ, നിയമങ്ങളോ സ്വീകരിക്കാറുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) കേരള കേഡറിൽ ആകെ 149 ഐ.എ.എസ്. ഉദ്യോഗസ്ഥരുണ്ട്.

(ബി) ആകെയുള്ള ഐ.എ.എസ്. ഉദ്യോഗസ്ഥരിൽ 111 പേർ നേരിട്ട് (റഗുലർ റിക്രൂട്ട്മെന്റ്) നിയമനം ലഭിച്ചവരാണ്.

(സി) സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിൽ പ്രൊമോഷൻ വഴി ഐ.എ.എസ്. ലഭിച്ച 29 പേരും നോൺ സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിൽ സെലക്ഷൻ വഴി ഐ.എ.എസ്. ലഭിച്ച 9 പേരും ചേർത്ത് ആകെ 38 ഐ.എ.എസ്. കൺഫർ ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ കേരള കേഡറിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. (ഉദ്യോഗസ്ഥരുടെ ലിസ്റ്റ് അനുബന്ധമായി ഇതോടൊപ്പം ഉൾക്കൊള്ളിച്ചിട്ടുണ്ട്).*

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ഐ.എ.എസ്. പ്രൊമോഷൻ നൽകുന്നത് Indian Administrative Service (Appointment by Promotion) Regulations, 1955 പ്രകാരവും നോൺ സ്റ്റേറ്റ് സിവിൽ സർവ്വീസ് വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥർക്ക് ഐ.എ.എസ്. സെലക്ഷൻ നൽകുന്നത് Indian Administrative Service (Appointment by Selection) Regulations, 1997 പ്രകാരവുമാണ്. ഐ.എ.എസ്. കൺഫർ ചെയ്യുന്നതിന് സംവരണ വ്യവസ്ഥകൾ മാനദണ്ഡമാക്കുന്നില്ല.

## മിശ്രവിവാഹിതർക്കുള്ള ധനസഹായം

55 (26) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിശ്രവിവാഹിതർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നല്കി വരുന്നത് ;

(ബി) മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിന് ഈ സർക്കാർ എത്ര തുക ചെലവഴിച്ചു ; എത്ര അപേക്ഷകൾ ഈ ഇനത്തിൽ ഈ വർഷം ലഭിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ഈ വർഷം എത്ര മിശ്രവിവാഹങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്?

### ഉത്തരം

(എ) പട്ടികജാതിക്കാരിൽ 1,00,000 രൂപ വരെ വാർഷിക വരുമാനമുള്ള മിശ്രവിവാഹിതരായ ദമ്പതികൾക്ക് വിവാഹത്തെ തുടർന്നുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളെ അതിജീവിക്കാനും തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനുമായി വിവാഹശേഷം ഒരു വർഷം കഴിഞ്ഞ് മൂന്നുവർഷത്തിനകം അപേക്ഷ നൽകുന്ന പക്ഷം 75,000 (എഴുപത്തി അയ്യായിരം രൂപ) ഗ്രാന്റായി നൽകിവരുന്നു. മിശ്രവിവാഹം ചെയ്തതുമൂലം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗക്കാർക്ക് ജീവനോപാധി പ്രവർത്തനങ്ങൾക്കായി 50,000 രൂപ ധനസഹായം പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും അനുവദിച്ച് നൽകിവരുന്നുണ്ട്. മിശ്രവിവാഹിതരാകുന്ന ദമ്പതികളുടെ മക്കൾക്ക് എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകിവരുന്നുണ്ട്. കൂടാതെ മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ കുടുംബത്തിന് പട്ടികജാതി പട്ടികവർഗ്ഗത്തിനുള്ള ആനുകൂല്യങ്ങൾക്കുള്ള അർഹതയുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി 11,14,10,000 രൂപയും പട്ടികവർഗ്ഗത്തിൽപ്പെട്ട മിശ്രവിവാഹിതർക്ക് ധനസഹായം അനുവദിക്കുന്നതിനായി 20 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 2384 അപേക്ഷകൾ ഈ വർഷം ലഭിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് മിശ്രവിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതുമായി മാത്രം ബന്ധപ്പെട്ട് പ്രത്യേക രേഖകൾ സൂക്ഷിക്കുന്നില്ല.

## നിയോജകമണ്ഡല വികസന സമിതി

56 (27) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ വികസന സമിതിയുടെ മാതൃകയിൽ അതത് എം.എൽ.എ. അദ്ധ്യക്ഷനായി നിയോജകമണ്ഡല വികസന സമിതി രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) നിയോജകമണ്ഡല അടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പ് കാര്യക്ഷമമായി വിലയിരുത്തുന്നതിന് പ്രസ്തുത സമിതിയുടെ രൂപീകരണം സഹായകമാകുമെന്നതിനാൽ ഇതിനായി അടിയന്തര നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. ഇക്കാര്യം പരിശോധിക്കുന്നതാണ്.

## കാസർഗോഡ് വികസന പാക്കേജ്

57 (28) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയുടെ സമഗ്ര വികസനം മുൻനിർത്തി വിഭാവനംചെയ്ത് നടപ്പിലാക്കിവരുന്ന കാസർഗോഡ് വികസന പാക്കേജിന് കേന്ദ്ര സർക്കാർ സഹായം ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

## നാറ്റ്പാകിലെ അനധികൃത നിയമനം

58 (30) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1426 പുസ്തകങ്ങൾ മാത്രമുള്ള നാട്പാക്കിലെ ലൈബ്രറിയിൽ ലൈബ്രറി സയന്റിസ്റ്റ് തസ്തിക സൃഷ്ടിക്കാനുള്ള ആവശ്യകത എന്തായിരുന്നു ; പ്രസ്തുത തസ്തികയ്ക്ക് സയന്റിസ്റ്റ്-ബിയുടെ ശമ്പള സ്കെയിൽ നിശ്ചയിച്ചതിനു പിന്നിലെ ഉദ്ദേശ്യം എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) നാട്പാക്കിലെ ലൈബ്രറിയിൽ എത്ര അംഗങ്ങൾ ഉണ്ട് ; ഒരു ദിവസം ശരാശരി എത്ര പുസ്തകങ്ങൾ പ്രസ്തുത ലൈബ്രറിയിൽ നിന്നും സർക്കുലേറ്റ് ചെയ്യപ്പെടുന്നു എന്ന് വ്യക്തമാക്കുമോ ; 2017-ലെ ലൈബ്രറി പുസ്തകങ്ങളുടെ മൂവ്മെന്റ് രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) നാട്പാക്കിൽ ഇപ്പോഴുള്ള ലൈബ്രറി സയന്റിസ്റ്റ് തസ്തിക പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ; പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ടയാൾ നാളിതുവരെ അനധികൃതമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നാറ്റ്പാക് ദേശീയതലത്തിൽ ഗതാഗത ഗവേഷണ പഠന പരിശീലന രംഗങ്ങളിൽ ഏറ്റവും മുന്നിലുള്ള സ്ഥാപനങ്ങളിൽ ഒന്നാണ്. നാറ്റ്പാക്കിന്റെ പ്രവർത്തന മികവിന്റെ ഒരു ഘടകം ഗതാഗത രംഗത്തുള്ള എല്ലാ കാര്യങ്ങളേയും കുറിച്ചുള്ള നിലവിലെ വ്യക്തമായ വിവരമാണ്. ഇതിനായി വിവിധ സംഘടനകളുടെ പ്രസിദ്ധീകരണങ്ങൾ, യൂണിവേഴ്സിറ്റികൾ, സർക്കാർ, സർക്കാരിതര ഏജൻസികൾ എന്നിവയുടെ പ്രസിദ്ധീ കരണങ്ങൾ, റിപ്പോർട്ടുകൾ, ജേർണലുകൾ എന്നിവ വരുത്തുകയും ചംക്രമണം ചെയ്യുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. അത്തരത്തിൽ താഴെ പറയുന്നവ വായനശാല മുഖേന സൂക്ഷിച്ചുവരുന്നു.

1426 പുസ്തകങ്ങൾക്കുപുറമെ നാറ്റ്പാകിൽ താഴെ പറയുന്ന ജേർണൽസ്, കോഡ്സ് മുതലായവയും ഉണ്ട്.

i ജേർണൽസ് - ആകെ 18

* നാഷണൽ - 10

*ഇന്റർനാഷണൽ - 8

ii ഇന്ത്യൻ റോഡ്സ് കോൺഗ്രസ് കോഡ്സ് - 400 പുസ്തകങ്ങൾ (2016 വരെ ഉള്ളത് വായനശാലയിൽ ലഭ്യമാണ്)

iii നാറ്റ്പാക് നാളിതുവരെയായി തയ്യാറാക്കിയിട്ടുള്ള പഠന റിപ്പോർട്ടുകൾ - 2000 എണ്ണം (ഏകദേശം)

നാറ്റ്പാക്-ൽ ലൈബ്രറി സയന്റിസ്റ്റ് എന്ന ഒരു തസ്തിക ഇല്ല. ലൈബ്രറി സയൻസ് മേഖലയിൽനിന്നും നിയമിച്ചിട്ടുള്ള ഒരു ജൂനിയർ സയന്റിസ്റ്റ്/സയന്റിസ്റ്റ് ബി ആണുള്ളത്. 14-2-2007 & 15-2-2007 തീയതികളിൽ നടന്ന ഏഴാം നാറ്റ്പാക് റിസർച്ച് കൗൺസിൽ മീറ്റിംഗിൽ നാറ്റ്പാക്കിൽ ഒരു ഡോക്കുമെന്റേഷൻ ഓഫീസർ തസ്തികയുടെ ആവശ്യമുണ്ടെന്ന് തീരുമാനിക്കുകയും പ്രസ്തുത ആവശ്യം അംഗീകരിക്കുകയും ചെയ്തു. നിലവിലെ നിയമപ്രകാരം തസ്തിക സൃഷ്ടിക്കേണ്ടതാണെന്നും തീരുമാനിച്ചു. (റിസർച്ച് കൗൺസിൽ മീറ്റിംഗിന്റെ മിനിട്ട്സ് അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*). എന്നാൽ ഈ തീരുമാനം നടപ്പിലാക്കിയില്ല എന്നും നാറ്റ്പാകിന്റെ ലൈബ്രറി വിഭാഗം ശക്തിപ്പെടുത്തുന്നതിനായി ഈ മേഖലയിൽ വൈദഗ്ദ്ധ്യംനേടിയ ഒരു സയന്റിസ്റ്റിനെ അടിയന്തരമായി നിയമിക്കേണ്ടതാണെന്നും ഡോക്കുമെന്റേഷൻ ഓഫീസർ എന്ന ഒരു തസ്തിക സെന്ററിന്റെ കോർ സ്റ്റാഫ് സ്ട്രെങ്തിൽ ഇല്ലാത്തതിനാൽ പകരം എൻട്രി ലെവലിൽ (സയന്റിസ്റ്റ്-ബി) ഒരു സയന്റിസ്റ്റിനെ നിലവിലെ നിയമപ്രകാരം നാറ്റ്പാക് ലൈബ്രറിയിൽ നിയമിക്കണമെന്നും അപേക്ഷിച്ച് കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ അനുമതിക്കായി 17-11-2011 തീയതി ഒരു കത്ത് നാറ്റ്പാക് കൗൺസിലിന് നൽകിയിരുന്നു. (പകർപ്പ് അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്തിരിക്കുന്നു.*). ഇതിന്റെ അടിസ്ഥാനത്തിൽ 5-3-2012-ലെ കൗൺസിൽ കത്ത് നമ്പർ 4139/സി/2011/കെ.എസ്.സി.എസ്.ടി.ഇ. പ്രകാരം നാറ്റ്പാകിന്റെ ലൈബ്രറി ഇൻഫർമേഷൻ ഡിവിഷനിൽ ഒരു സയന്റിസ്റ്റിനെ നിയമിക്കുവാനുള്ള അനുമതി കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ നിന്നും നാറ്റ്പാക് ഡയറക്ടർക്ക് നൽകി (കത്തിന്റെ പകർപ്പ് അനുബന്ധം-4 ആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു.*).

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നാറ്റ്പാക്കിലെ എല്ലാ ഉദ്യോഗസ്ഥരും നാറ്റ്പാക് വായനശാലയിലെ അംഗങ്ങളാണ്. ഇതിനും പുറമെ നാറ്റ്പാക്കിൽ പ്രോജക്ട് ചെയ്യാൻ വരുന്ന അനവധി വിദ്യാർത്ഥികൾ, ട്രെയിനികൾ മുതലായവർ വായനശാല ഉപയോഗിക്കാറുണ്ട്. ഇഷ്യു രജിസ്റ്ററിൽ നാറ്റ്പാക്കിലെ ഉദ്യോഗസ്ഥർ എടുക്കുന്ന പുസ്തകങ്ങൾ മാത്രമെ രേഖപ്പെടുത്താറുള്ളൂ. ശരാശരി 10-15 പുസ്തകങ്ങൾവരെ വിദ്യാർത്ഥികൾ ഒരു ദിവസം റഫർ ചെയ്യാറുണ്ട്. ഇഷ്യു രജിസ്റ്ററിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*.

(സി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽനിന്നും നിയമനാംഗീകാരം ലഭിച്ച സയന്റിസ്റ്റ്-ബി (ലൈബ്രറി സയൻസ്) തസ്തിക പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ട സാഹചര്യം ഉള്ളതായി കാണുന്നില്ല. നാറ്റ്പാക് ലൈബ്രറിയിൽ ഉള്ള സയന്റിസ്റ്റ് താഴെ പറയുന്ന കടമകൾ നിർവ്വഹിക്കുന്നുണ്ട്.

i. <u>ദൈനംദിന ലൈബ്രറി കാര്യനിർവ്വഹണ മേൽനോട്ടം</u>

1. ബുക്ക് സെലക്ഷൻ
2. അക്സെഷനിംഗ്
3. ബുക്ക് ക്ലാസിഫിക്കേഷൻ & കാറ്റലോഗിംഗ്
4. ജേർണൽ സബ്സ്ക്രിപ്ഷൻ
5. ഡാറ്റാബേസ് ലൈബ്രറി സോഫ്റ്റ്വെയറിൽ രേഖപ്പെടുത്തുക.

ii. <u>ഡോക്കുമെന്റേഷൻ ജോലികൾ</u>

1. നാറ്റ്പാക്കിന്റെ വാർഷിക പതിപ്പുകൾ തയ്യാറാക്കുക.
2. അഡ്മിനിസ്ട്രേറ്റീവ് റിപ്പോർട്ട്സ്, ന്യൂസ് ലെറ്റേഴ്സ് തയ്യാറാക്കുക.

നാറ്റ്പാക് നടത്തിയിട്ടുള്ള നിരവധി പഠനങ്ങൾ ശാസ്ത്രീയമായി ക്രമീകരിച്ച് സൂക്ഷിക്കുന്നതിനും വിവിധ പ്രസിദ്ധീകരണങ്ങൾ തയ്യാറാക്കുന്ന പ്രവൃത്തിക്കും ലൈബ്രറി സയൻസിൽ ഉന്നത വിദ്യാഭ്യാസ നിലവാരത്തിലുള്ള സയന്റിസ്റ്റിന്റെ സേവനം ആവശ്യമായിട്ടുണ്ട്. പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം ചട്ടപ്രകാരം നടത്തിയിട്ടുള്ളതാണ്. ആയതിനാൽ നാറ്റ്പാക് ലൈബ്രറിയിൽ സയന്റിസ്റ്റ് ആവശ്യമായതിനാൽ ടി തസ്തിക പുനഃപരിശോധനയ്ക്ക് വിധേയമാക്കേണ്ടതില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## വീട് നിർമ്മാണത്തിനുള്ള പെർമിറ്റ്

59 (31) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന അതോറിറ്റിയിൽ വീട് നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് രണ്ട് വർഷമോ അതിലധികമോ പഴക്കമുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കോഴിക്കോട് ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിൽ നിന്നായി സമർപ്പിക്കപ്പെട്ട എത്ര അപേക്ഷകൾ ഇപ്രകാരം തീരദേശ പരിപാലന അതോറിറ്റിയിൽ തീർപ്പാകാതെ അവശേഷിക്കുന്നുണ്ട്;

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് അടിയന്തരമായി തീർപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോഴിക്കോട് ജില്ലയിലെ വിവിധ നിയോജക മണ്ഡലങ്ങളിൽ നിന്നായി 2017 ഏപ്രിലിനുമുമ്പ് പൂർണ്ണമായ വിവരങ്ങളോടെ ലഭിച്ച എല്ലാ അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. പൂർണ്ണമല്ലാത്ത അപേക്ഷകളിൽ, അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ അപേക്ഷകർക്ക് കത്തയച്ചിട്ടും നാളിതുവരെയും മറുപടി ലഭ്യമാകാത്ത അപേക്ഷകളാണ് തീർപ്പാക്കാൻ അവശേഷിക്കുന്നത്. പ്രസ്തുത അപേക്ഷകളുടെ എണ്ണം കൃത്യമായി കണക്കാക്കാൻ സാധിച്ചിട്ടില്ല. ആവശ്യപ്പെട്ട അധികവിവരങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത അപേക്ഷകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

## കനോലി കനാൽ മലിനീകരണം

60 (32) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലൂടെ ഒഴുകുന്ന കനോലി കനാൽ എന്ത് കാരണത്താലാണ് മലിനമാകുന്നതെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) മലിനീകരണം തടയുന്നതിനാവശ്യമായ എന്തെല്ലാം നടപടിയാണ് ബോർഡ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ;

(ഡി) ഇതുമായി ബന്ധപ്പെട്ട് സർവേ നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ?

ഉത്തരം

(എ&ബി) കനോലി കനാൽ മലിനമാകുന്നതിന്റെ പ്രധാന കാരണങ്ങൾ കനാലിൽ എത്തിച്ചേരുന്ന മലിനജലവും ഖര മാലിന്യവുമാണെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് കണ്ടെത്തിയിട്ടുണ്ട്.

(സി&ഡി) വ്യവസായ ശാലകൾ, ആശുപത്രികൾ, ഉത്തുംഗ പാർപ്പിട സമുച്ചയങ്ങൾ തുടങ്ങിയവയിൽ മലിനജല സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് നിഷ്കർഷിക്കുകയും, അവയുടെ പ്രവർത്തനങ്ങൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിരീക്ഷിക്കുകയും ചെയ്യുന്നു. കനോലി കനാലിന്റെ പുനരുദ്ധാരണ പദ്ധതിയുമായി ബന്ധപ്പെട്ട് കനോലി കനാലിന്റെ മലിനീകരണ നിയന്ത്രണത്തിനായി ബോർഡിന്റെ കോഴിക്കോട് ഓഫീസ് ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു. അനധികൃത ഡിസ്ചാർജുകൾ തടയുക, വികേന്ദ്രീകൃത സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ ഏർപ്പെടുത്തുക, വാണിജ്യ സ്ഥാപനങ്ങൾ, വീടുകൾ, ചേരിപ്രദേശങ്ങൾ എന്നിവിടങ്ങളിൽ നിന്നുണ്ടാകുന്ന ഖര-ദ്രവ മാലിന്യങ്ങൾ ശുദ്ധീകരിച്ച്/സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക, ചാലുകൾ കനാലിലേയ്ക്ക് ചേരുന്ന ഭാഗങ്ങളിൽ delay pond ഏർപ്പെടുത്തുക, ചാലുകൾ ചേരുന്ന ജംഗ്ഷനിൽ ബാർ സ്ക്രീൻ/ഇന്റർസെപ്റ്ററുകൾ ഏർപ്പെടുത്തുക, തോട് കൃത്യമായ സമയങ്ങളിൽ വൃത്തിയാക്കുക, കനാലിന് ഇരുവശവും vertical screen ഏർപ്പെടുത്തുക തുടങ്ങിയവയാണ് ആക്ഷൻ പ്ലാനിലെ പ്രധാന നിർദ്ദേശങ്ങൾ.

## പൊല്യൂഷൻ കൺട്രോൾ ബോർഡിലെ നിയമനങ്ങൾ

61 (33) പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ടോ;

(ബി) നിലവിലുള്ള കമ്പനി/ബോർഡ്/കോർപ്പറേഷൻ റാങ്ക് ലിസ്റ്റിൽ നിന്നും ബോർഡിലേയ്ക്ക് നിയമനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോ;

ഉത്തരം

(എ) 26-12-2015-ലെ 23308/ലെഗ്.എഫ്2/2012/നിയമം നമ്പർ വിജ്ഞാപന പ്രകാരം കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് നൽകിയിട്ടുണ്ട്.

(ബി) ഇല്ല. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ നിയമനങ്ങൾക്കായുള്ള നിയമന ചട്ടങ്ങൾ സർക്കാർ രൂപീകരിച്ചുവരികയാണ്.

## മെഡിക്കൽ മാലിന്യ സംസ്കരണശാല

62 (34) ശ്രീ. വി. ടി. ബൽറാം :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ പാലക്കാട് പ്രവർത്തിക്കുന്ന മെഡിക്കൽ മാലിന്യ സംസ്കരണശാല പാരിസ്ഥിതിക മലിനീകരണ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്ലാന്റ് അഗസ്ത്യവനം ബയോസ്ഫിയർ റിസർവ്വിലെ വന്യമൃഗ സങ്കേതവും ജൈവ വൈവിധ്യ പ്രദേശവുമായ പെരിങ്ങമ്മല ഇലവുപാലം മേഖലയിലേക്ക് മാറ്റിസ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) മെഡിക്കൽ മാലിന്യ സംസ്കരണശാലയ്ക്ക് സർക്കാരിന്റെയും മലിനീകരണ നിയന്ത്രണ ബോർഡിന്റെയും അനുമതി ലഭിച്ചിട്ടുണ്ടോ;

(ഡി) പശ്ചിമഘട്ടത്തിലെ ജൈവ വൈവിധ്യ മേഖലയിലേക്ക് മാലിന്യ പ്ലാന്റ് മാറ്റി സ്ഥാപിക്കുന്നതിനെതിരെയുള്ള ജനരോഷം കണക്കിലെടുത്ത് ഇക്കാര്യം പുനഃപരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പാലക്കാട് ജില്ലാ ഓഫീസ്, കോഴിക്കോട് മേഖലാ ഓഫീസ്, കേന്ദ്ര ഓഫീസ് എന്നിവിടങ്ങളിൽ നിന്നും ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ പാലക്കാടുള്ള മെഡിക്കൽ മാലിന്യ സംസ്കരണശാലയിൽ പരിശോധന നടത്തിവരുന്നു. പരിശോധനയിൽ ടി സ്ഥാപനത്തിൽ കാണുന്ന വീഴ്ചകൾക്ക് അപ്പപ്പോൾ നിർദ്ദേശം നൽകിവരുന്നുണ്ട്. കൂടാതെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ പ്രസ്തുത വിഷയത്തിൽ ഹിയറിംഗ് നടത്തുകയും ടി യൂണിറ്റിൽ പരമാവധി സംസ്കരിക്കാവുന്ന ബയോമെഡിക്കൽ മാലിന്യത്തിന്റെ അളവ് നിജപ്പെടുത്തി നൽകുകയും ആയത് മാത്രമേ സംസ്കരിക്കാവൂ എന്ന കർശന നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ടി സ്ഥാപനം അധിക മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തി, സംസ്കരണശേഷി വർദ്ധിപ്പിച്ചതിനെത്തുടർന്ന് 30-6-2018 വരെ സാധുതയുള്ള പ്രവർത്തനാനുമതി പുതുക്കി നൽകിയിട്ടുണ്ട്.

(ബി-ഡി) ഇല്ല. പാലക്കാട് ജില്ലയിൽ സ്ഥിതിചെയ്യുന്ന മെഡിക്കൽ മാലിന്യ സംസ്കരണശാലയ്ക്ക് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് 30-6-2018 വരെ സാധുതയുള്ള പ്രവർത്തനാനുമതി പുതുക്കി നൽകിയിട്ടുണ്ട്. തെക്കൻ ജില്ലയിലെ മാലിന്യം സംസ്കരിക്കുന്നതിനായി പുതിയൊരു പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള അനുമതിക്കായി IMA അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## ഭാരതപ്പുഴയിലെ മലിനീകരണം

63 (35) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭാരതപ്പുഴയിലെ മലിനീകരണം തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത കുടിവെള്ള സ്രോതസ്സിൻെറ പ്രാധാന്യം കണക്കിലെടുത്ത് പുഴയിൽ മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ സാധിക്കുമോ;

(ബി) പട്ടാമ്പി ഭാഗത്ത് ഭാരതപ്പുഴയുടെ കരകളിൽ സൗന്ദര്യവല്ക്കരണം നടത്തി മലിനീകരണം കുറയ്ക്കുവാൻ സാധിക്കുമെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; അതിനുള്ള ഫണ്ട് പുഴ സംരക്ഷണ ഫണ്ടിൽ നിന്നും ഉപയോഗിക്കുവാൻ സാധിക്കുമോ?

### ഉത്തരം

(എ) ഭാരതപ്പുഴയിലെ മലിനീകരണം സംബന്ധിച്ച് ദേശീയ ഹരിത ട്രിബ്യൂണലിന്റെ OA No.16 of 2016-ലെ 23-5-2016 ഉത്തരവ് പ്രകാരം ഭാരതപ്പുഴയുടെ മലിനീകരണം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേയ്ക്കായി അഞ്ചംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് ഉത്തരവായി. ടി കമ്മിറ്റിയിൽ കേന്ദ്രമലിനീകരണ നിയന്ത്രണ ബോർഡ്, ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്, പരിസ്ഥിതി ഡയറക്ടറേറ്റ്, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജി, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെട്ടിട്ടുണ്ട്. ടി കമ്മിറ്റി ഭാരതപ്പുഴയുടെ മലിനീകരണ പ്രശ്നങ്ങൾ പഠിച്ച് മലിനീകരണം തടയുന്നതിനും നദിയുടെ പുനരുജ്ജീവനത്തിനും ഉതകുന്ന നടപടികൾ ശിപാർശ ചെയ്യണമെന്ന് ബഹുമാനപ്പെട്ട ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവിൽ പറഞ്ഞതിൻ പ്രകാരം ടി കമ്മിറ്റിയിലേയ്ക്ക് പ്രതിനിധികളെ ബന്ധപ്പെട്ട വകുപ്പുകൾ നിയോഗിക്കുകയും, കമ്മിറ്റി ഭാരതപ്പുഴയുടെ പ്രാന്തപ്രദേശങ്ങളും പരിശോധിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ഗാർഹിക മാലിന്യങ്ങളും ചെറുകിട ഹോട്ടലുകളിൽനിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള മലിനജലവും മറ്റും നദിയിലെത്തിച്ചേരുന്നത് മലിനീകരണത്തിന് പ്രധാന കാരണമായതിനാൽ ഭാരതപ്പുഴയുടെയും കൈവഴികളുടെയും

തീരത്തുള്ള പാലക്കാട്, ഒറ്റപ്പാലം, ഷൊർണ്ണൂർ, പട്ടാമ്പി മുനിസിപ്പാലിറ്റികളുടെയും പുതുശ്ശേരി, തൃത്താല, കുറ്റിപ്പുറം പഞ്ചായത്തുകളുടെയും കൽപ്പാത്തി വില്ലേജിലെയും സെക്രട്ടറിമാർക്ക്, ഇത്തരം സ്ഥാപനങ്ങൾ മലിനജലം ശുദ്ധീകരിക്കാതെ കനാലിലേയ്ക്ക് നേരിട്ട് വിടുന്നത് തടയണമെന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഷൊർണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്നുള്ള മലിനജലം ഒഴുക്കുന്നത് തടയാനും മലിനജല ശുദ്ധീകരണ പ്ലാന്റ് സ്ഥാപിക്കാനും നിർദ്ദേശങ്ങൾ നൽകിയിരുന്നു. പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള രൂപരേഖ തയ്യാറാക്കി വരികയാണ്. കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് തൃത്താല ഗ്രാമപഞ്ചായത്ത്, പട്ടാമ്പി നഗരസഭ, ഒറ്റപ്പാലം നഗരസഭ, കുറ്റിപ്പുറം ഗ്രാമപഞ്ചായത്ത്, ഷൊർണ്ണൂർ നഗരസഭ ഉൾപ്പെടെയുള്ളവരുമായി കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ചേർന്ന യോഗ തീരുമാനപ്രകാരം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് മലിനജല ശുദ്ധീകരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ചില വ്യവസായശാലകൾ ബോർഡിന്റെ പ്രവർത്തനാനുമതിയിലെ നിബന്ധനകൾ പാലിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇക്കാര്യത്തിൽ ടി വ്യവസായ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും സ്ഥാപനങ്ങൾ നിർദ്ദേശങ്ങൾ പാലിച്ചതായി തുടർ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളതുമാണ്. പുഴയിൽ മാലിന്യം തള്ളുന്നവരെ കണ്ടെത്തുന്നതിനായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുക എന്നത് പ്രായോഗികമല്ല.

(ബി) പ്രസ്തുത വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## പി.എസ്.സി. നിയമനം

64 (36) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന വിവിധ വകുപ്പുകളിലായി നാളിതുവരെ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 30-11-2017 വരെ ആകെ 59872 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പി.എസ്.സി. നിയമനം

65 (37) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എസ്.സി. വഴി നിയമനം ലഭിച്ചവരുടെ കണക്ക് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ് നിയമനം ലഭിച്ചതെന്നതിന്റെ വിശദാംശം നൽകുമോ;

(സി) ഒഴിവുകൾ അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 30-11-2017 വരെ ആകെ 59872 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) നിയമനം ത്വരിതപ്പെടുത്താൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കാലാവധി പൂർത്തിയാക്കുന്ന എൽ.ഡി.സി.(വിവിധം) എൽ.ജി.എസ്.(വിവിധം) റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനം നടത്തുന്നതിലേയ്ക്കായി മുഴുവൻ ഒഴിവുകളും ഉണ്ടാവുന്നമുറയ്ക്കുതന്നെ യാതൊരു കാലതാമസവും കൂടാതെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിച്ച് എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും 13-12-2017-ലെ ഉപസി3/428/17/ഉഭപവ സർക്കുലർ മുഖേന സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം വിവിധ വകുപ്പുകളിൽ ദ്രുത പരിശോധന നടത്തി റിപ്പോർട്ട് ചെയ്യപ്പെടാത്ത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പി.എസ്.സി. വഴിയുള്ള നിയമനം

66 (38) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് പി.എസ്.സി. വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ഡിസംബർ 31 വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി വഴി ജോലി നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) കൂടുതൽ ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകുന്നതിനും കൂടുതൽ തസ്തികകളിലേക്ക് നിയമനം നൽകുന്നതിനും പി.എസ്.സി. എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്; എങ്കിൽ വിശദാംശം നൽകാമോ ?

ഉത്തരം

(എ) മുൻസർക്കാരിന്റെ കാലത്ത് 1,54,386 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റ 25-5-2016 മുതൽ 30-11-2017 വരെ ആകെ 59872 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയിട്ടുണ്ട്. 2018 ഡിസംബർ മാസത്തെ വിവരം പി.എസ്.സി. ക്രോഡീകരിച്ച് വരുന്നതേയുള്ളൂ.

(സി) ഉദ്യോഗാർത്ഥികളുടെ അപേക്ഷാസമർപ്പണം മുതൽ നിയമന ശിപാർശ വരെയുള്ള പ്രവർത്തനങ്ങളിൽ വേഗത, കൃത്യത എന്നിവ ഉറപ്പുവരുത്താനും തെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ വേഗത്തിലാക്കാനുമായി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ വജ്ര ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി 2016 വരെയുള്ള കുടിശിക തീർപ്പാക്കൽ എന്ന ലക്ഷ്യം മുൻനിർത്തി കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

## എൻ.വി.റ്റി. ഫിസിക്സ് ജൂനിയർ അദ്ധ്യാപകരുടെ അഡ്വൈസ് മെമ്മോ

67 (39) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എൻ.വി.റ്റി. ഫിസിക്സ് ജൂനിയർ അധ്യാപകരുടെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ പി. എസ് സി. നിയമന ശുപാർശ നൽകുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ;

(സി) റിപ്പോർട്ടു ചെയ്ത ഒഴിവുകളിൽ നിയമന ശിപാർശ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിൽ എൻ.വി.റ്റി ഫിസിക്സ് ജൂനിയർ തസ്തികയിലേയ്ക്ക് 3 ഒഴിവുകൾ (2 Fresh + 1 NJD) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിനുപുറമെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് പ്രകാരം താൽക്കാലികമായി 20 ഒഴിവുകൾക്കൂടി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ നിയമന ശിപാർശ നൽകുന്നതിന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സമയബന്ധിതമായി നടപടി സ്വീകരിച്ചു വരുന്നു. രണ്ട് fresh ഒഴിവുകളിൽ നിയമന ശിപാർശ അംഗീകരിച്ചിട്ടുണ്ട്. ഒരു NJD ഒഴിവിലേയ്ക്കുള്ള നിയമന ശിപാർശ നടപടി പുരോഗമിക്കുന്നു. താൽക്കാലികമായി റിപ്പോർട്ട് ചെയ്ത 20 ഒഴിവുകളിലേയ്ക്ക് ട്രിബ്യൂണലിന്റെ അന്തിമ ഉത്തരവിന് വിധേയമായി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## മലപ്പുറം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് ലിസ്റ്റിലെ നിയമനം

68 (40) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-3-2015-ന് നിലവിൽവന്ന മലപ്പുറം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് (കാറ്റഗറി നമ്പർ 218/2013) റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) എൻ.ജെ.ഡി. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) 2018 വർഷത്തിൽ മലപ്പുറം ജില്ലയിൽ എൽ.ഡി.ക്ലാർക്ക് തസ്തികയിൽ പ്രതീക്ഷിത ഒഴിവുകളുടെ എണ്ണമെത്രയാണ്; പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) പുതുതായി സൃഷ്ടിച്ച നഗരസഭകൾ, ഐ.ടി.ഐ.-കൾ എന്നിവിടങ്ങളിലെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) നാളിതുവരെ എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത വകുപ്പുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എഫ്) പുതുതായി എൽ.ഡി.ക്ലാർക്ക് തസ്തികകൾ സൃഷ്ടിക്കുവാൻ ഇപ്പോൾ പദ്ധതിയുണ്ടോ;

(ജി) മലപ്പുറം ജില്ലയിൽ ഇപ്പോൾ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ എത്ര പേർക്ക് നിയമനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മലപ്പുറം ജില്ലയിലെ എൽ.ഡി.ക്ലാർക്ക് തസ്തികയിലേയ്ക്ക് നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും 819 പേരെ നിയമന ശിപാർശ ചെയ്തു.

(ബി) എൻ.ജെ.ഡി. ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യാൻ കാലാകാലങ്ങളിൽ എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുന്നുണ്ട്. 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് നിഷ്കർഷിക്കുന്ന 16-8-2017-ലെ AdvC3/304/2017/P&ARD നമ്പർ സർക്കുലർ ഖണ്ഡിക (ix) മുഖേനയും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്.

(സി) 2018-ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് 16-8-2017-ലെ സർക്കുലർ നമ്പർ AdvC3/304/2017/P&ARD മുഖേന എല്ലാ വകുപ്പദ്ധ്യക്ഷന്മാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി-എഫ്) വിവരം ശേഖരിച്ചുവരുന്നു.

(ജി) മലപ്പുറം ജില്ലയിലെ എൽ.ജി.എസ്. തസ്തികയിലേയ്ക്ക് നിലവിലുള്ള റാങ്ക് പട്ടികയിൽനിന്നും 680 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

## പുതുതായി സൃഷ്ടിച്ച തസ്തികകൾ

69 (41) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി അനുവദിച്ച ഓഫീസുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ പുതുതായി സൃഷ്ടിച്ച തസ്തികകൾ എത്രയാണെന്ന് വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഫീസുകളിൽ പ്രവർത്തനം ആരംഭിച്ചവ ഏതൊക്കെയാണെന്നും, മറ്റുള്ളവ ആരംഭിക്കാത്തതിനുള്ള കാരണം എന്താണെന്നും അറിയിക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

## സർക്കാർ സർവ്വീസുകളിൽ ഒഴിവുള്ള തസ്തികകൾ

70 (42) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ സർവ്വീസുകളിൽ ഒഴിവുള്ള തസ്തികകൾ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ടു ചെയ്യപ്പെട്ട ഒഴിവിലേയ്ക്ക് നിയമനങ്ങൾ വേഗത്തിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാതിരിക്കുകയും പ്രസ്തുത ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തുകയും ചെയ്യുന്നതായ പരാതിയുണ്ടായിട്ടുള്ള വകുപ്പുകളിലും ഓഫീസുകളിലും ത്വരിതാന്വേഷണം നടത്തുവാനും കുറ്റക്കാർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകുമോ?

ഉത്തരം

(എ&ബി) സർക്കാർ സർവ്വീസിൽ നിന്ന് ജീവനക്കാർ വിരമിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിരന്തരം നിർദ്ദേശം നൽകി വരുന്നു. പ്രസ്തുത നിർദ്ദേശം പൂർണ്ണമായും നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനായി സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിന്റെ നേതൃത്വത്തിൽ ത്വരിത പരിശോധനകളും നടത്തിവരുന്നുണ്ട്. കൂടാതെ ഏതാനും ചില റാങ്ക് പട്ടികകളുടെ കാലാവധി അവസാനിക്കാറായ

സാഹചര്യത്തിൽ, ഉദ്യോഗാർത്ഥികളുടെ പരാതികളുടെ അടിസ്ഥാനത്തിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ, എല്ലാ ജില്ലകളിലും വേക്കൻസി റിപ്പോർട്ടിംഗ് ക്യാമ്പയിൻ നടത്തിവരികയാണ്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ചവരുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയടക്കമുള്ള ശിക്ഷാനടപടി സ്വീകരിക്കാവുന്നതാണ്.

## അഗ്രികൾച്ചറൽ അസിസ്റ്റന്റ് റാങ്ക് ലിസ്റ്റ്

71 (43) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 444/16 ആയി പബ്ലിക് സർവ്വീസ് കമ്മീഷൻ അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിലേക്ക് നടത്തിയ പരീക്ഷയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ആയത് എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പരീക്ഷയിൽ പങ്കെടുത്ത വി.എച്ച്.എസ്.ഇ അഗ്രികൾച്ചർ, ഡിപ്ലോമ ഇൻ അഗ്രികൾച്ചർ, ബി.എസ്.സി അഗ്രികൾച്ചർ എന്നീ ബിരുദധാരികൾക്ക് വെവ്വേറെ കട്ട് ഓഫ് മാർക്കാണോ നിശ്ചയിച്ചിട്ടുള്ളത്; ഏകീകൃത കട്ട് ഓഫ് മാർക്ക് നിശ്ചയിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പ്രസ്തുത തസ്തികയിൽ നിലവിലെ ഒഴിവുകളുടെ എണ്ണം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഇല്ല. ടി തസ്തികയുടെ സാധ്യതാ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ബി) നിലവിലുള്ള നിയമ പ്രകാരം കൃഷി അസിസ്റ്റന്റ് തസ്തികയിലെ വിവിധ യോഗ്യതകൾക്ക് ഏകീകൃത കട്ട് ഓഫ് മാർക്ക് നിശ്ചയിക്കുന്നതിന് കഴിയുകയില്ല.

(സി) അഗ്രികൾച്ചറൽ അസിസ്റ്റന്റ് തസ്തികയിൽ 60 ഒഴിവുകൾ നിലവിലുണ്ട്.

## ഡ്രൈവർ ഗ്രേഡ് II, എൽ.ഡി.വി. പരീക്ഷയുടെ ലിസ്റ്റ്

72 (44) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 016/2014 പ്രകാരം ഡ്രൈവർ ഗ്രേഡ് II എൽ.ഡി.വി തസ്തികയിലേക്ക് നടന്ന പി.എസ്.സി പരീക്ഷയുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിലുള്ള കാലതാമസം എന്താണെന്നറിയിക്കാമോ;

(സി) ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന നടപടിക്രമങ്ങൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാലക്കാട്, വയനാട്, കാസർഗോഡ് ജില്ലകളിൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി&സി) ഡ്രൈവർ ഗ്രേഡ് II എൽ.ഡി.വി. തസ്തികയുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ തിരുവനന്തപുരം, എറണാകുളം ബഞ്ചുകളിലും, കേരള ഹൈക്കോടതിയിലും ഫയൽ ചെയ്തിട്ടുള്ള ഹർജികളിന്മേലുള്ള അന്തിമ ഉത്തരവിന് വിധേയമായി മാത്രമേ ശേഷിക്കുന്ന ജില്ലകളിലെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനും, റാങ്ക് പട്ടിക നിലവിൽവന്ന ജില്ലകളിൽ നിയമന ശിപാർശ തുടരുന്നതിനും കഴിയുകയുള്ളൂ.

## വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിലെ റാങ്ക് പട്ടിക

73 (46) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 267/14-ാം കാറ്റഗറി നമ്പറായി പി.എസ്.സി വിജ്ഞാപനം ചെയ്ത വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയിലെ അന്തിമ റാങ്ക് പട്ടിക എന്നത്തേക്ക് പ്രസിദ്ധപ്പെടുത്തും എന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികയിൽ നിലവിലെ ഒഴിവുകളുടെ എണ്ണം ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 267/14-ാം കാറ്റഗറി നമ്പറായി വിജ്ഞാപനം ചെയ്ത വൊക്കേഷണൽ ഇൻസ്ട്രക്ടർ ഇൻ അഗ്രികൾച്ചർ തസ്തികയുടെ അന്തിമ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള അടിയന്തര നടപടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത തസ്തികയിൽ 43 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സംസ്ഥാന അടിസ്ഥാനത്തിലുള്ള നിയമനമായതിനാൽ ജില്ലാ അടിസ്ഥാനത്തിൽ ഒഴിവുകളുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല.

## പി.എസ്.സി. പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധി

74 (47) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധിയിൽ വിധവകൾക്ക് 5 വർഷം ഇളവ് അനുവദിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പി.എസ്.സി. പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള പ്രായപരിധിയിൽ വിധവകൾക്ക് 5 വർഷം ഇളവ് അനുവദിക്കുന്നതിന് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസിൽ ഭേദഗതി വരുത്തുന്നതിനുള്ള കരട് വിജ്ഞാപനം നിയമസഭാ വിഷയനിർണ്ണയ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. സമിതിയുടെ അംഗീകാരം ലഭിച്ചാലുടൻ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

**ആശ്രിത നിയമന വ്യവസ്ഥ**

75 (48) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശ്രിത നിയമന വ്യവസ്ഥയിൽ സർക്കാർ ജോലിക്ക് അപേക്ഷിക്കുന്നവർക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ച് ജോലി ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ടോ;

(ബി) ആശ്രിത നിയമന വ്യവസ്ഥയിൽ ജോലിക്ക് അപേക്ഷിക്കുന്നവർക്ക് പ്രൊഫഷണൽ ബിരുദം ഉണ്ടെങ്കിൽ അതിനനുസൃതമായ തരത്തിലുള്ള ജോലി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ സാധിക്കുമോ; ഈ കാര്യം പരിഗണന യിലുണ്ടോ;

(സി) ആശ്രിത നിയമന വ്യവസ്ഥയിൽ ഏതൊക്കെ തസ്തികകളിലാണ് ജോലി നൽകിവരുന്നത്; ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ ഏതൊക്കെയാണ്; അവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

<u>ഉത്തരം</u>

(എ) നിലവിലില്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) 24-5-1999-ലെ G.O.(P) No.12/99/P&ARD നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് സംസ്ഥാനത്ത് ആശ്രിത നിയമനം നടത്തിവരുന്നത്. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക 16 പ്രകാരം ക്ലാസ്സ് III, IV തസ്തികകളിലാണ് നിയമനം നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ആശ്രിതനിയമനം

76 (49) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വീസിലിരിക്കെ മരണമടഞ്ഞ നോർത്ത് പറവൂർ ജോയിന്റ് ആർ.ടി.ഒ., കെ. എക്സ്. തോമസിന്റെ മകൾ ശ്രീമതി ലക്ഷ്മി. കെ. റ്റി. ആശ്രിത നിയമനത്തിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) 2011-ൽ മരണമടഞ്ഞ തോമസിന്റെ മകൾക്ക് ആശ്രിത നിയമനം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) സർവ്വീസിലിരിക്കെ മരണമടഞ്ഞ നോർത്ത് പറവൂർ ജോയിന്റ് ആർ.ടി.ഒ. കെ. എക്സ്. തോമസിന്റെ മകൾ ശ്രീമതി ലക്ഷ്മി കെ.റ്റി. ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിച്ചത് നിശ്ചിത സമയപരിധിയേക്കാളും മൂന്ന് വർഷത്തിലധികം കാലതാമസം വരുത്തിയിരുന്നു. അതിനാൽ പ്രസ്തുത അപേക്ഷ നിരസിക്കുകയും അതിൻപ്രകാരം അപേക്ഷകയ്ക്ക് മറുപടി നൽകുകയും ചെയ്തു.

## സിവിൽ സർവ്വീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ

77 (50) ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സർവ്വീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ജനസൗഹൃദ മാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ഫയലും ഒരു ജീവിതമാണെന്ന മുഖ്യമന്ത്രിയുടെ പരാമർശം ജീവനക്കാർക്ക് ജനങ്ങളോടുള്ള മനോഭാവത്തിൽ ക്രിയാത്മകമായ മാറ്റം വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) സ്ഥലംമാറ്റത്തിൽ വ്യക്തവും സുതാര്യവും നിർണ്ണയിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സർക്കാർ ജീവനക്കാരുടെയും, അദ്ധ്യാപകരുടെയും പൊതുസ്ഥലംമാറ്റ വ്യവസ്ഥകൾ പരിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) സ്ഥലംമാറ്റത്തിനുള്ള മാനദണ്ഡങ്ങൾ കൃത്യമായും പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) ജീവനക്കാരുടെ സ്ഥലംമാറ്റങ്ങളിൽ ഭരണാനുകൂല സംഘടനകൾ അമിതമായ കൈകടത്തൽ നടത്തുന്നുവെന്ന ആക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഇത്തരം ആക്ഷേപങ്ങൾ ഇല്ലാതാക്കി സുതാര്യത ഉറപ്പുവരുത്തുന്നതിന് ശക്തമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അഴിമതിയോട് വിട്ടുവീഴ്ച ഇല്ലാത്തതും ജനസൗഹൃദവുമായ ഒരു സിവിൽ സർവ്വീസാണ് സർക്കാർ വിഭാവന ചെയ്യുന്നത്. ഇതിനായി താഴെ പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

1. സർക്കാർ സർവ്വീസിൽ സ്ഥലംമാറ്റങ്ങൾക്ക് വ്യക്തവും സുതാര്യവും നിർവ്വചിക്കപ്പെട്ടതുമായ മാനദണ്ഡങ്ങൾ ഏർപ്പെടുത്തി.

2. സംസ്ഥാന സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് നടപടിയെടുത്തുവരുന്നു.

3. പ്രഗത്ഭരും പ്രാപ്തരുമായ പുതുതലമുറയെ പബ്ലിക് സർവ്വീസുകളിലേയ്ക്ക് ആകർഷിക്കുക, കാര്യക്ഷമത മെച്ചപ്പെടുത്തുക എന്നീ ഉദ്ദേശ്യങ്ങളോടുകൂടി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിന് രൂപംനൽകി.

4. ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനുതകുംവിധം പുതിയ പരിശീലന നയത്തിന് രൂപം നൽകി.

5. ഇ-ഗവേണൻസ്, പഞ്ചിംഗ് എന്നീ സംവിധാനങ്ങൾ എല്ലാ ഓഫീസുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

6. ഭരണഭാഷ മലയാളമാക്കാനുള്ള നടപടി ത്വരിതപ്പെടുത്തി.

7. ജനസൗഹൃദ സിവിൽ സർവ്വീസ് ലക്ഷ്യംവച്ച് ആവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ ഭരണ പരിഷ്കാര കമ്മീഷൻ രൂപീകരിച്ചു.

(ബി) ഫയലുകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ജീവനക്കാരെ പ്രാപ്തമാക്കുന്നതിനുള്ള ഫലപ്രദമായ നടപടി സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്. സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റവും നിയമനവും സംബന്ധിച്ച് പരിഷ്കരിച്ച മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അംഗീകരിച്ച് 25-2-2017-ലെ സ.ഉ.(പി) നമ്പർ 3/2017/ഉഭപവ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ തന്നെ പൊതുസ്ഥലംമാറ്റ നടപടി പൂർത്തിയാക്കുന്നതിനുള്ള നിശ്ചിത സമയപരിധി നിർദ്ദേശിച്ചിട്ടുണ്ട്. ഇത് കൂടാതെ പൊതുസ്ഥലംമാറ്റ നടപടിക്രമങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ത്വരിതപ്പെടുത്തി നിശ്ചിത സമയ പരിധിക്കുള്ളിൽ നടത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുവാൻ എല്ലാ വകുപ്പ് മേധാവികൾക്കും സർക്കാർതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സർക്കാർ ഉദ്യോഗസ്ഥർക്ക് പരിശീലനം**

78 (51) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് എന്തെല്ലാം പരിശീലന പരിപാടികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) സർവ്വീസിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയ ശേഷം മാത്രം ചുമതലകൾ എൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഉദ്യോഗസ്ഥർക്ക് നിലവിൽ ഏഴ് തരം പരിശീലനങ്ങളാണ് ഐ.എം.ജി.-യിൽ നിന്നും ലഭ്യമാക്കുന്നത്.

1. സ്റ്റേറ്റ് ട്രെയിനിംഗ് പ്രോഗ്രാം (STP)
2. ഇൻഡക്ഷൻ ട്രെയിനിംഗ് (IND)
3. ഗവൺമെന്റ് ഓഫ് ഇൻഡ്യ ഫണ്ട് മുഖാന്തിരമുള്ള പരിശീലനം (GOI)
4. IAS (ഇൻഡ്യൻ അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്), IFS (ഇൻഡ്യൻ ഫോറസ്റ്റ് സർവ്വീസ്) ട്രെയിനികൾക്കുള്ള പരിശീലനം.
5. വിവരാവകാശ നിയമപ്രകാരമുള്ള പരിശീലനം (RTI)

6. സേവനാവകാശ നിയമപ്രകാരമുള്ള പരിശീലനം (RTS)

7. വിവിധ വകുപ്പുകളിൽനിന്ന് ഫണ്ട് സ്വീകരിച്ച് നടത്തുന്ന പരിശീലനം (OSP) കൂടാതെ, TNA (പരിശീലന ആവശ്യ നിർണ്ണയ ശിബിരങ്ങൾ) ശിൽപ്പശാലകൾ മുതലായവ.

(ബി) 13-7-2017-ലെ സ.(അച്ചടി) നമ്പർ 9/2017/ഉഭപവ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പരിഷ്കരിച്ച സംസ്ഥാന പരിശീലന നയത്തിന്റെ ഖണ്ഡിക 5-ൽ പുതിയതായി സർവ്വീസിൽ എത്തുന്നവർക്ക് നിർബന്ധമായി ഇൻഡക്ഷൻ പരിശീലനം നൽകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളുടെ പരിശീലന പദ്ധതി വെവ്വേറെ ആകുമെങ്കിലും സംസ്ഥാനത്തെ അപ്പെക്സ് പരിശീലന സ്ഥാപനമായ ഐ.എം.ജി. പൊതുസ്വഭാവത്തിലുള്ള കാറ്റഗറികൾക്ക് പ്രത്യേക മോഡ്യൂളുകൾ പൊതുവായി രൂപകൽപ്പന ചെയ്യാൻ നിയുക്തമാകുന്നതാണെന്നും ഈ മോഡ്യൂളുകൾ ഇതര പരിശീലന സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

## ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കാൻ ബയോമെട്രിക് പഞ്ചിംഗ് സംവിധാനം

79 (52) ഡോ. എൻ. ജയരാജ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റിൽ ജീവനക്കാരുടെ ഹാജർ നിരീക്ഷിക്കാൻ ബയോമെട്രിക് പഞ്ചിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം ഡയറക്ടറേറ്റുകൾ അടക്കം സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ;

(ബി) പഞ്ച് ചെയ്തശേഷം ഓഫീസ് വിട്ടുപോകുന്നത് നിരീക്ഷിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഓഫീസ് വിട്ടു പോകുന്നത് ഒഴിവാക്കുവാൻ ലഞ്ച് ടൈമിനുശേഷം ഓഫീസിൽ പ്രവേശിക്കുമ്പോഴും പഞ്ചിങ് ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിയമസഭ ചേരുന്നവേളയിലും മറ്റ് അടിയന്തര സാഹചര്യത്തിലും നിശ്ചിത ജോലിസമയത്തിന് പുറമേ സമയം ജോലി ചെയ്യേണ്ടി വരുന്നവരിൽ ആർക്കെല്ലാമാണ് നിലവിൽ ഓവർടൈം അലവൻസ് അനുവദിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അലവൻസ് ഇങ്ങനെ ജോലിചെയ്യുന്ന എല്ലാവർക്കും ബാധകമാക്കുന്നതിന് എന്താണ് തടസമെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്, ബയോമെട്രിക് പഞ്ചിംഗ് സംവിധാനം സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) സെക്രട്ടേറിയറ്റിൽ നിലവിൽ ഓഫീസിൽ വരുമ്പോഴും ഓഫീസിൽ നിന്നു പോകുമ്പോഴും കൃത്യമായി പഞ്ച് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നിയമസഭ ചേരുന്നവേളയിൽ മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷ നേതാവ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ അംഗങ്ങൾക്കും ഓവർടൈം അലവൻസ് അനുവദിക്കാറുണ്ട്. കൂടാതെ ധനകാര്യവകുപ്പിൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ജോലിയിൽ ഏർപ്പെടുന്നവർക്ക് നിശ്ചിത ജോലി സമയത്തിനുപുറമേ ജോലി ചെയ്യേണ്ടിവരുന്നതിനാൽ ഒരു നിശ്ചിത കാലത്തേയ്ക്ക് കോമ്പൻസേറ്ററി അലവൻസ് നൽകിവരുന്നു. അലവൻസ് ആവശ്യമുന്നയിച്ച് അപേക്ഷ ലഭിക്കുന്ന പക്ഷം പരിശോധിച്ച് ഇക്കാര്യത്തിന്മേൽ തീരുമാനമെടുക്കുന്നതാണ്.

**കെ.എ.എസ്.-ലെ സംവരണം**

80 (53) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എ.എസ്. നടപ്പിലാക്കുന്നതിന് അന്തിമതീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ബി) പിന്നോക്ക വിഭാഗങ്ങൾക്ക് ഭരണഘടന ഉറപ്പുനൽകുന്ന സംവരണം കെ.എ.എസ് നടപ്പിലാക്കുമ്പോൾ എങ്ങനെയാണ് നടപ്പിലാക്കുന്നത്; എത്ര ശതമാനം സംവരണമാണ് ഓരോ വിഭാഗത്തിലുമായി ലഭിക്കുന്നത്; ആയത് കെ.എ.എസ്.-നായി കണ്ടെത്തിയ മൊത്തം ഒഴിവിന്റെ എത്ര ശതമാനമാണ്; വിശദാംശം വെളിപ്പെടുത്താമോ;

(സി) സംവരണവിഭാഗങ്ങൾക്കുണ്ടാകുന്ന അപരിഹാര്യമായ നഷ്ടം ഒഴിവാക്കുന്നതിന് രണ്ടും, മൂന്നും സ്കീമിൽ സംവരണം ഏർപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംഘടനകളിൽനിന്നും വ്യക്തികളിൽ നിന്നും മറ്റും നിവേദനങ്ങൾ ലഭിച്ചിരുന്നോ; എങ്കിൽ ആയതിൽ സ്വീകരിച്ച നടപടികൾ, പരാതിയുടെ പകർപ്പുകൾ ഉൾപ്പെടെ ലഭ്യമാക്കാമോ;

(ഡി) കെ.എ.എസ് വിഷയത്തിൽ പി.എസ്.സി. നൽകിയ അഭിപ്രായം എന്തായിരുന്നു; സംവരണ വിഷയം പുനഃപരിശോധിക്കണമെന്ന് പി.എസ്.സി നിർദ്ദേശം നൽകിയിരുന്നോ; പി.എസ്.സി.-യുടെ അഭിപ്രായത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(ഇ) മൂന്ന് സ്കീമിലായി നടപ്പിലാക്കുന്ന കെ.എ.എസ്-ൽ രണ്ടാം സ്കീമിൽ നേരിട്ടുള്ള നിയമന രീതിയായിരുന്നോ ആദ്യം ഉൾപ്പെടുത്തിയിരുന്നത്; എങ്കിൽ എന്ത് കാരണത്താലാണ് പിന്നീട് രണ്ടാം സ്കീമിനെ ബൈട്രാൻസ്ഫർ ആക്കി സംവരണം ഇല്ലാതാക്കിയത്; എങ്കിൽ വിശദമാക്കാമോ;

(എഫ്) മൊത്തം ഒഴിവിന്റെ 50% സംവരണം നൽകണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെവിധി നിലവിലുണ്ടോ; എങ്കിൽ കെ.എ.എസ്.-ൽ ഒരു വിഭാഗത്തിൽ മാത്രം സംവരണം നൽകുമ്പോൾ മൊത്തം ഒഴിവിന്റെ 50% എന്നത് ലഭിക്കാത്ത തിനാൽ ആയത് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിക്കെതിരാകുമോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

(ജി) പി.എസ്.സി നടത്തിയ ഡി.ഇ.ഒ (ജില്ലാ വിദ്യാഭ്യാസ ഓഫീസർ) പരീക്ഷയിൽ ബൈട്രാൻസ്ഫർ തസ്തികയിലടക്കം സംവരണം നൽകിയിരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പൂർണ്ണ വിശദാംശം നൽകാമോ; എങ്കിൽ സമാനമായ രീതി പിന്തുടരുന്ന കെ.എ.എസ്-ൽ രണ്ടും, മൂന്നും സ്കീമിൽ സംവരണം ഒഴിവാക്കിയതുമൂലം സംവരണ വിഭാഗങ്ങൾക്കുണ്ടാകുന്ന നഷ്ടം, ഇക്കാര്യത്തിലെ അവരുടെ ആശങ്ക, അവരുടെ പ്രാതിനിധ്യ കുറവ് ഇവ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 1-1-2018 മുതൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പ്രാബല്യത്തിൽ വരുത്തിക്കൊണ്ട് 29-12-2017-ലെ G.O(P)No.12/2017/P&ARD ഉത്തരവ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ മൂന്ന് വിഭാഗങ്ങളിലായി നടത്തുന്ന നിയമനങ്ങളിൽ സ്ട്രീം 1-ൽ പൊതുസംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്. സ്ട്രീം 2, സ്ട്രീം 3 എന്നിവ ബൈ ട്രാൻസ്ഫർ മുഖേന ജീവനക്കാരിൽ നിന്നുമുള്ള നിയമനമാണ്. സ്ട്രീം 2-ൽ SC/ST, OBC വിഭാഗങ്ങൾക്ക് പ്രായപരിധിയിൽ നിയമാനുസൃതമുള്ള ഇളവനുവദിച്ചിട്ടുണ്ട്. നിയമനത്തിനായി നീക്കിവയ്ക്കപ്പെടുന്ന മൊത്തം തസ്തികകളുടെ 1/3 ഭാഗം ഓരോ വിഭാഗത്തിനുമായി നീക്കിവച്ചിട്ടുണ്ട്.

(സി) ലഭിച്ചിരുന്നു. വിവിധ മാനദണ്ഡങ്ങൾ പരിശോധിച്ച് ആയതിനൊടുവിൽ സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയതിനുശേഷമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത്. നിവേദനങ്ങളുടെ പകർപ്പ് അനുബന്ധം 1 ആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) പി.എസ്.സി.-യുടെ 6-11-2017-ലെ AV(2)654/17/GW നമ്പർ കത്തിന്റെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു.*

(ഇ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച വിശേഷാൽ ചട്ടങ്ങൾക്ക് അന്തിമമായി അംഗീകാരം നൽകിയത് 29-12-2017-ലെ G.O.(P)No. 12/2017/P& ARD പ്രകാരമാണ്. സ്കീം 2-ൽ ബൈ ട്രാൻസ്ഫർ മുഖേനയാണ് നിയമനം നടത്തുവാൻ വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(എഫ്) നേരിട്ടുള്ള നിയമനത്തിന് നിയമാനുസൃതമായ സംവരണം പാലിച്ചു കൊണ്ടാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്കുള്ള നിയമന രീതിക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

(ജി) പി.എസ്.സി. നടത്തുന്ന ജില്ലാ വിദ്യാഭ്യാസ ഓഫീസർ തസ്തികയുടെ നിയമനരീതി താഴെപ്പറയും പ്രകാരമാണ്.

<u>നിയമന രീതി - നേരിട്ടുള്ള നിയമനം</u>

1. ഓപ്പൺ മാർക്കറ്റ് ഉദ്യോഗാർത്ഥികളിൽ നിന്നും
2. അസിസ്റ്റന്റ് എഡ്യൂക്കേഷണൽ ഓഫീസർമാർ, ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിലെ ടീച്ചിംഗ് സ്റ്റാഫ് എന്നിവരിൽ നിന്നും.

പ്രസ്തുത തസ്തികയിലേയ്ക്ക് ബൈ ട്രാൻസ്ഫർ നിയമനം വ്യവസ്ഥ ചെയ്തിട്ടില്ല. മറിച്ച് രണ്ട് വിഭാഗങ്ങളിലും നേരിട്ടുള്ള നിയമനമാണ് നിഷ്കർഷിച്ചിരിക്കുന്നത്. രണ്ട് വിഭാഗങ്ങളിലേയ്ക്കും സംവരണതത്വങ്ങൾ പാലിച്ചാണ് നിയമനം നടത്തുന്നത്.

## കെ.എ.എസ്. സ്പെഷ്യൽ റൂൾസ്

81 (54) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.എസ്. സ്പെഷ്യൽ റൂൾസ് പ്രകാരം നിയമനങ്ങൾ നടത്തുമ്പോൾ സംവരണതത്വം പാലിക്കപ്പെടുകയില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെഷ്യൽ റൂൾസിന് സബ്ജക്റ്റ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(സി) സെക്രട്ടേറിയറ്റിലെ എത്ര തസ്തികകളാണ് കെ.എ.എസ്.-നായി മാറ്റിവയ്ക്കാൻ ഉദ്ദേശിക്കുന്നത്; സെക്രട്ടേറിയറ്റിതര സ്ഥാപനങ്ങളിലെ എത്ര തസ്തികകൾ ഇതിനായി കണ്ടെത്തിയിട്ടുണ്ട് ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) നേരിട്ടുള്ള നിയമനത്തിന് സംവരണതത്വം പാലിക്കുന്നുണ്ട്.

(ബി) ഇല്ല. അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സ്പെഷ്യൽ റൂൾസിലെ ഷെഡ്യൂൾ II-ൽ ഉൾപ്പെടുത്തിയിട്ടുള്ള സെക്രട്ടേറിയറ്റിലേത് ഉൾപ്പെടെയുള്ള തസ്തികകളുടെ 10 ശതമാനമാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേയ്ക്ക് മാറ്റിവച്ചിട്ടുള്ളത്. തസ്തികകളുടെ കണക്കുകൾ അടങ്ങിയ സ്പെഷ്യൽ റൂൾസിലെ ഷെഡ്യൂൾ II അനുബന്ധമായി ചേർക്കുന്നു.*

## കെ.എ.എസ്. നടപ്പിലാക്കൽ

82 (55) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എ.എസ്. നടപ്പിലാക്കുന്നതിനായി സ്പെഷ്യൽ റൂൾസിൽ പരാമർശിച്ചിരിക്കുന്ന രീതിയിൽ അധികം തസ്തികകൾ സൃഷ്ടിക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ജൂനിയർ ടൈം സ്കെയിലിൽ എത്ര തസ്തിക സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ നിലവിലെ വകുപ്പുകളിൽ നിന്നും പ്രസ്തുത തസ്തികകൾ കണ്ടെത്തുമോയെന്ന് വിശദമാക്കാമോ;

(ബി) കെ.എ.എസ്.ലേക്ക് ഉൾപ്പെടുത്തുവാൻ ഒരു തസ്തികയെങ്കിലും ലഭ്യമല്ലാത്ത വകുപ്പുകളിൽ (10 എണ്ണത്തിൽ താഴെ തസ്തികകൾ മാത്രം ഉള്ളപ്പോൾ) എപ്രകാരം തസ്തിക കണ്ടെത്തുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) ഒരു തസ്തികയെങ്കിലും ഇല്ലാത്ത വകുപ്പുകളിൽ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിനായി ആവശ്യമെങ്കിൽ തസ്തികകൾ അധികമായി സൃഷ്ടിക്കുവാൻ സ്പെഷ്യൽ റൂൾ വ്യവസ്ഥ ചെയ്യുന്നു.

## കെ.എ.എസ്.-ൽ സംവരണം

83 (56) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി രൂപീകരിച്ച കെ.എ.എ.സ്.-ന് എൻട്രി കേഡറിലെ തസ്തികകൾ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കെ.എ.എസ്.-നായി രൂപീകരിച്ച സ്പെഷ്യൽ റൂൾസ് ശിപാർശ ചെയ്തിരുന്ന സംവരണരീതി പ്രകാരം സാമുദായിക പ്രാതിനിധ്യവും മെരിറ്റും 50:50 എന്ന അനുപാതം ഉറപ്പാക്കുമോ; വ്യക്തമാക്കുമോ;

(സി) കെ.എ.എസ്.-ലെ സംവരണം സംബന്ധിച്ച് എന്തെങ്കിലും നിയമോപദേശം സ്വീകരിച്ചിരുന്നുവോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഉന്നത തസ്തികകളിലെ സാമുദായിക പ്രാതിനിധ്യം സംബന്ധിച്ച് എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഇ) ഒരിക്കൽ സംവരണത്തിലൂടെ സർക്കാർ ഉദ്യോഗം ലഭിച്ചവർക്ക് രണ്ടാമതും സംവരണം നൽകാൻ പാടില്ലെന്ന് എന്തെങ്കിലും നിയമമോ കോടതിവിധികളോ ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) എൻട്രി കേഡറിൽ ഉൾപ്പെട്ട തസ്തികകളുടെ എണ്ണം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) നേരിട്ടുള്ള നിയമനം വ്യവസ്ഥ ചെയ്യുന്ന സ്ട്രീം 1-ൽ പൊതുസംവരണ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടായിരിക്കും നിയമനം നടത്തുന്നത്.

(സി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പായി നിയമ വകുപ്പും കേരള പബ്ലിക് സർവ്വീസ് കമ്മീഷനും പരിശോധിക്കുകയും ആയതിന് അംഗീകാരം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ചുകൊണ്ടാണ് നിയമനം നടത്തുന്നത്.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

84 (57) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്കുള്ള നിയമന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലായി എത്ര തസ്തികകളാണ് കെ.എ.എസ്.-ന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇതിലേക്കുള്ള നിയമന രീതികൾ എപ്രകാരമാണെന്നും വിശദമാക്കാമോ;

(സി) ഓരോ നിയമന രീതിയിലും സംവരണതത്വം ഉറപ്പാക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച് 29-12-2017 ലെ G.O(P)No.12/2017/P&ARD ഉത്തരവ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം നിയമന നടപടി സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുവാൻ കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) സ്പെഷ്യൽ റൂളിലെ ഷെഡ്യൂൾ II -ൽ ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളുടെ 10 ശതമാനമാണ് KAS-ന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഷെഡ്യൂൾ II, നിയമന രീതികൾ വിശദീകരിക്കുന്ന ചട്ടം 12 എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നേരിട്ട് നിയമനം നടത്തുന്ന സ്കീം 1 ൽ പൊതുസംവരണതത്വങ്ങൾ പാലിച്ചാണ് നടത്തുന്നത്. തസ്തികമാറ്റ നിയമനങ്ങൾക്ക് ഇത് ബാധകമല്ല.

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്**

85 (58) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ (കെ.എ.എസ്) പിന്നാക്ക-പട്ടികവിഭാഗങ്ങൾക്കുള്ള സംവരണാനുപാതം വ്യക്തമാക്കുമോ;

(ബി) കെ.എ.എസ്.-ൽ സംവരണാനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടോ; എങ്കിൽ അവ പരിശോധിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(സി) സംവരണം നൽകുന്നതിന് സർവ്വീസ് ചട്ടങ്ങളിൽ എതിരുണ്ടെങ്കിൽ ആവശ്യമായ ഭേദഗതികൾ വരുത്തുവാനും ഭരണഘടന അനുശാസിക്കുന്ന സംവരണം നൽകി അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുവാനും നടപടികൾ സ്വീകരിക്കുമോ;

(ഡി) സംവരണ വിഷയത്തിൽ വ്യക്തത ആവശ്യപ്പെട്ട് പി.എസ്.സി. സർക്കാരിന് കത്തയച്ചിട്ടുണ്ടോ; എങ്കിൽ അതിന് നൽകിയ മറുപടിയും ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

ഉത്തരം

(എ) നേരിട്ടുള്ള നിയമനം നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുള്ള സ്കീം 1-ൽ പൊതുസംവരണ തത്വങ്ങൾ അനുസരിച്ചാണ് നിയമനം നടത്തുന്നത്.

(ബി) സംവരണാനുകൂല്യം നഷ്ടപ്പെടുന്ന സാഹചര്യം നിലവിലില്ല.

(സി) ചട്ടങ്ങളുടെ ഭരണഘടനാപരമായ സാധുത സംബന്ധിച്ച് നിയമോപദേശം തേടിയശേഷമാണ് ചട്ടങ്ങൾക്ക് രൂപംനൽകിയിട്ടുള്ളത്.

(ഡി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ്

86 (59) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിവും പ്രതിബദ്ധതയുമുള്ള ഉദ്യോഗസ്ഥർക്ക് ഉന്നതതലത്തിലുള്ള ഭരണകാര്യങ്ങളിൽ കൂടുതൽ അവസരം നൽകണമെന്ന ഉദ്ദേശ്യത്തോടുകൂടിയാണോ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് ആരംഭിച്ചത്;

(ബി) കെ.എ.എസ്.-ന്റെ വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിവിധ വിഭാഗങ്ങളിൽ നിന്നുള്ള റിക്രൂട്ട്മെന്റിന്റെ വിശദാംശം വ്യക്തമാക്കുമോ;

(സി) കെ.എ.എസ്.-ലേക്കുള്ള മുഴുവൻ തസ്തികയിലേക്കും സംവരണം ഉറപ്പു വരുത്തണമെന്ന് പി.എസ്.സി നിർദ്ദേശിച്ചിരുന്നോ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നേരിട്ടുള്ള നിയമനങ്ങളിൽ മാത്രം സംവരണം നൽകിയാൽ മതി എന്ന് തീരുമാനിച്ചത് ഏത് സാഹചര്യത്തിലാണ് എന്ന് വിശദീകരിക്കാമോ;

(ഇ) മുഴുവൻ സംവരണ വിഭാഗങ്ങൾക്കും കൂടി കെ.എ.എസ് തസ്തികകളിലെ 16.5 ശതമാനം തസ്തികകൾ മാത്രം നീക്കിവച്ചതിലൂടെ സാമൂഹ്യനീതി എപ്രകാരം ഉറപ്പിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അതെ.

(ബി) കെ.എ.എസ്.-ന്റെ വിശേഷാൽ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. റിക്രൂട്ട്മെന്റ് സംബന്ധിച്ച കാര്യങ്ങൾ അടങ്ങിയ സ്പെഷ്യൽ റൂളിന്റെ പ്രസക്ത ഭാഗം അനുബന്ധമായി ചേർക്കുന്നു.*

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) നേരിട്ട് നിയമനം നടത്തുന്ന തസ്തികകളിലേയ്ക്ക് നിലവിലുള്ള സംവരണ തത്വങ്ങൾ പാലിച്ച് നിയമനം നടത്തുന്നതിനാൽ സാമൂഹ്യനീതി ഉറപ്പുവരുത്താൻ കഴിയും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് - സംവരണതത്വം

87 (60) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) വകുപ്പുതല പ്രൊമോഷൻ നൽകി നിയമനം നൽകുമ്പോൾ സംവരണതത്വം പാലിക്കപ്പെടുമോ; ആയത് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 29-12-2017-ലെ G.O(P)No.12/2017/P&ARD ഉത്തരവ് പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) വകുപ്പുതല നിയമനങ്ങൾക്ക് സംവരണതത്വം ബാധകമല്ല. വകുപ്പുതല പ്രൊമോഷൻ നിയമനങ്ങളിൽ സംവരണതത്വം ബാധകമല്ല.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണം

88 (61) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. കെ. എൻ. എ ഖാദർ</u> :
<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലെ സംവരണം നേരിട്ടുള്ള നിയമനത്തിന് മാത്രമായി പരിമിതപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ എന്നറിയിക്കാമോ ;

(ബി) പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്ക സമുദായ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ഗവൺമെന്റ് സർവ്വീസിൽനിന്നും നിയമിക്കപ്പെടുന്നവർക്കുകൂടി സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) നേരിട്ടുള്ള നിയമനത്തിനാണ് സംവരണ വ്യവസ്ഥകൾ ബാധകം.

(ബി) പരിഗണനയിലില്ല.

## കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ സംവരണം

89 (62) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരിൽനിന്ന് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലേക്ക് നിയമനം ലഭിക്കുന്ന രണ്ടും മൂന്നും സ്കീമുകളിൽ നിന്ന് സംവരണ വ്യവസ്ഥ പൂർണ്ണമായും ഒഴിവാക്കിയ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ. എ. എസ്.-ന്റെ സ്കീം രണ്ടിന്റെ കരടിൽ സർക്കാർ നേരത്തെ സംവരണത്തിന് വ്യവസ്ഥ ചെയ്തശേഷം അന്തിമ ഉത്തരവിൽ നിന്നും പിന്നീടത് ഒഴിവാക്കപ്പെട്ട സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ചില വകുപ്പുതല സ്ഥാനക്കയറ്റത്തിന്റെ കാര്യത്തിലും സംവരണം ഉറപ്പാക്കുന്ന രീതിയാണ് പി.എസ്.സി. മുൻകാലങ്ങളിൽ സ്വീകരിച്ചിട്ടുള്ളതെന്ന കാര്യം പരിശോധിക്കുമോ;

(ഡി) എങ്കിൽ ഒരു പുതിയ കേഡർ ആയിട്ടുപോലും കെ.എ.എസ്.-ലേക്ക് സർക്കാർ സർവ്വീസിൽ നിന്നുള്ള നിയമനത്തിന് സംവരണ വ്യവസ്ഥ പാലിക്കാത്തതിന്റെ സാഹചര്യമെന്തെന്ന് വ്യക്തമാക്കുമോ;

(ഇ) എങ്കിൽ ഇക്കാര്യം സർക്കാർ പുനഃപരിശോധിക്കുമോ; സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

### ഉത്തരം

(എ) ജീവനക്കാരിൽനിന്നും തസ്തികമാറ്റം വഴിയുള്ള നിയമനങ്ങൾക്ക് സംവരണ വ്യവസ്ഥ ബാധകമല്ല.

(ബി) വിശദമായ പരിശോധനകൾക്കും കൂടിയാലോചനകൾക്കും സർവ്വീസ് സംഘടനകളുമായി നടത്തിയ ചർച്ചകൾക്കും ഒടുവിൽ നിർണ്ണയിക്കപ്പെട്ട വസ്തുതകളുടെ അടിസ്ഥാനത്തിലാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.

(സി-ഇ) KAS-ൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളുടെ കാര്യത്തിൽ സംവരണത്തിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്.

## പി.എസ്.സി. പരീക്ഷകളുടെ ചോദ്യപേപ്പറുകൾ

90 (63) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. നടത്തുന്ന പല പരീക്ഷകളുടെയും ചോദ്യപേപ്പറുകൾ ഏതെങ്കിലും ഗൈഡുകളിൽനിന്നും പകർത്തിയെടുക്കുന്നതാണെന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഡിസംബർ 19-ന് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് നടത്തിയ എഴുത്ത് പരീക്ഷയുടെ ചോദ്യങ്ങളിൽ 55 എണ്ണം ഡൽഹിയിലെ ഒരു കോച്ചിംഗ് സ്ഥാപനത്തിന്റെ ഗൈഡിൽ നിന്നും പകർത്തിയതാണെന്ന പരാതി ലഭിച്ചിട്ടുണ്ടോ; ഇതിന്മേൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. നടത്തുന്ന പരീക്ഷകളുടെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് നിയോഗിക്കപ്പെടുന്നവരെ എപ്രകാരമാണ് തെരഞ്ഞെടുക്കുന്നത്;

(ഡി) ചോദ്യപേപ്പർ തയ്യാറാക്കുമ്പോൾ ഗൈഡിൽനിന്നും പകർത്തി ചോദ്യ പേപ്പർ തയ്യാറാക്കുന്നവരെ പ്രസ്തുത ജോലിയിൽ നിന്നും സ്ഥിരമായി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) 2015-ന് ശേഷം ഇത്തരം ആരോപണങ്ങൾ തെളിഞ്ഞതിനെ തുടർന്ന് എത്ര പേരെ ചോദ്യപേപ്പർ തയ്യാറാക്കുന്നതിൽ നിന്നും ഒഴിവാക്കിയെന്ന് അറിയിക്കുമോ?

### ഉത്തരം

(എ&ബി) പരീക്ഷാ നടത്തിപ്പ്, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം എന്നിവ പി.എസ്.സി.-യുടെ മാത്രം അധികാര പരിധിയിൽ വരുന്ന കാര്യങ്ങളാണ്. ചില ചോദ്യങ്ങൾ നിശ്ചിത ഗൈഡിൽ നിന്നും പകർത്തിയതാണെന്നത് സംബന്ധിച്ച് ലഭിച്ച പരാതി പി.എസ്.സി. പരിശോധിച്ചുവരികയാണ്.

(സി) രഹസ്യാത്മക സ്വഭാവം ഉള്ളതിനാൽ വിവരം വെളിപ്പെടുത്തുവാൻ നിർവ്വാഹമില്ല.

(ഡി) ചില ചോദ്യങ്ങൾ നിശ്ചിത ഗൈഡിൽനിന്നും പകർത്തിയതാണെന്ന പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പി.എസ്.സി. പരിശോധിച്ചു വരികയാണ്.

(ഇ) 2015-ന് ശേഷം ഗൈഡിൽ നിന്നും ചോദ്യങ്ങൾ പകർത്തി തയ്യാറാക്കി എന്ന ആരോപണത്തിന്മേൽ ആരെയും പാനലിൽനിന്നും പുറത്താക്കിയിട്ടില്ല.

## അയൽ സംസ്ഥാന തൊഴിലാളികളുടെ വോട്ടവകാശം

91 (64) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയതോ ദീർഘനാളുകളായി താമസിക്കുന്നതോ ആയ അയൽ സംസ്ഥാന തൊഴിലാളികൾക്ക്, വോട്ടവകാശം സംസ്ഥാനത്ത് വിനിയോഗിക്കുന്നതിന് ആവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇത്തരത്തിൽ സ്ഥിരതാമസമാക്കിയവരെ വോട്ടർപട്ടികയിൽ ഉൾപ്പെടുത്തുന്നതിനോ വോട്ടവകാശം നൽകുന്നതിനോ എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഇവരെ വോട്ടർപട്ടികയിൽ ചേർക്കുന്നതിന് ഉദ്യോഗസ്ഥർ വിമുഖത കാണിക്കുന്നത്;

(സി) സംസ്ഥാനത്ത് സ്ഥിരതാമസമാക്കിയതോ ദീർഘനാളുകളായി താമസിക്കുന്നതോ ആയ അന്യസംസ്ഥാന തൊഴിലാളികൾക്ക് സംസ്ഥാനത്ത് വോട്ടവകാശം വിനിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ-സി) വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിന് അയൽ സംസ്ഥാന തൊഴിലാളികൾക്ക് ജനപ്രാതിനിധ്യ നിയമം/ചട്ടങ്ങൾ, തെരഞ്ഞെടുപ്പ് കമ്മീഷന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവയിൽ അനുശാസിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിച്ച് അപേക്ഷകൾ നൽകാവുന്നതും പരിശോധിച്ചശേഷം വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും സംസ്ഥാനത്ത് വോട്ടവകാശം വിനിയോഗിക്കുന്നതിനും സാധിക്കുന്നതുമാണ്. കേരള പഞ്ചായത്ത് രാജ് ആക്ടിലെയും കേരള മുനിസിപ്പാലിറ്റി ആക്ടിലെയും വ്യവസ്ഥകൾ പ്രകാരം യോഗ്യരാണെങ്കിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് വോട്ടവകാശം നൽകുന്നതിന് തടസ്സങ്ങളില്ല. എന്നാൽ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 19-ാം വകുപ്പും കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 75-ാം വകുപ്പും പ്രകാരം യാതൊരാൾക്കും ഏതെങ്കിലും നിയോജക മണ്ഡലങ്ങളിലേയ്ക്കുള്ള വോട്ടർ പട്ടികയിൽ ഒന്നിലധികം പ്രാവശ്യം രജിസ്റ്റർ ചെയ്യപ്പെടുവാൻ അവകാശമുണ്ടായിരിക്കുന്നതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതിനാൽ സ്വന്തം സംസ്ഥാനത്ത് വോട്ടർപട്ടികയിൽ പേരുണ്ടെങ്കിൽ അത് റദ്ദാക്കിയാൽ മാത്രമേ ഇവിടെ വോട്ടർ പട്ടികയിൽ പേര് ചേർക്കുവാൻ കഴിയുകയുള്ളൂ. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിയമാനുസൃതമായ ചുമതല വഹിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**കോഴിക്കോട് ജനസേവന കേന്ദ്രം**

92 (65) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിലെ ജനസേവന കേന്ദ്രത്തിൽ ഏതെല്ലാം വകുപ്പുകളുമായി ബന്ധപ്പെട്ട സേവനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ:

(ബി) ഏതെല്ലാം വകുപ്പുകളിൽ നിന്നായി എത്ര ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(സി) ഒരു ദിവസം ശരാശരി എത്ര ബില്ലുകൾ പ്രസ്തുത ജനസേവന കേന്ദ്രത്തിൽ അടയ്ക്കുന്നുണ്ട്;

(ഡി) പ്രസ്തുത ജനസേവന കേന്ദ്രത്തിൽ എത്ര ഷിഫ്റ്റുകളായി എത്ര ജീവനക്കാർ വീതം ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരത്തിലെ ജനസേവന കേന്ദ്രത്തിൽ താഴെ പറയുന്ന വകുപ്പുകളുമായി ബന്ധപ്പെട്ട സേവനങ്ങളാണ് നൽകിവരുന്നത് :

1. കെ.എസ്.ഇ.ബി.എൽ.
2. വാട്ടർ അതോറിറ്റി
3. കോർപ്പറേഷൻ
4. യൂണിവേഴ്സിറ്റി
5. മോട്ടോർ വെഹിക്കിൾ
6. ബി.എസ്.എൻ.എൽ.
7. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്
8. കൾച്ചറൽ വെൽഫെയർ ബോർഡ്

(ബി) താഴെപ്പറയുന്ന വകുപ്പുകളിൽ നിന്നുമായി അഞ്ച് ജീവനക്കാരാണ് ഇവിടെ ജോലി ചെയ്യുന്നത് :

| | | |
|---|---|---|
| യൂണിവേഴ്സിറ്റി | - | 1 |
| മോട്ടോർ വെഹിക്കിൾ | - | 2 |
| കോർപ്പറേഷൻ | - | 1 |
| വാട്ടർ അതോറിറ്റി | - | 1 |

(സി) ഒരു ദിവസം ശരാശരി 500-ോളം ബില്ലുകൾ ജനസേവന കേന്ദ്രത്തിൽ അടയ്ക്കുന്നുണ്ട്.

(ഡി) കോഴിക്കോട് ജന സേവന കേന്ദ്രത്തിൽ പ്രോജക്ട് മാനേജർ ഒഴികെയുള്ള നാല് ജീവനക്കാർ രണ്ട് ഷിഫ്റ്റുകളായാണ് ജോലി ചെയ്യുന്നത്. ഒരു ഷിഫ്റ്റിൽ രണ്ടുപേർ വീതമാണ്.

## ഡാറ്റാ സെന്റർ

93 (66) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന്റെ ഡാറ്റാ സെന്ററിന്റെ നടത്തിപ്പ് പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിൽനിന്ന് മാറ്റി സ്വകാര്യ കമ്പനിയെ ഏല്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ബി) ഇതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; ഏതൊക്കെ കമ്പനികളാണ് അപേക്ഷ നൽകിയത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സർക്കാരിന്റെകീഴിൽ രണ്ട് ഡാറ്റാ സെന്ററുകളാണ് പ്രവർത്തിച്ചു വരുന്നത്. ഡാറ്റാ സെന്റർ-I, II എന്നിവയുടെ പ്രവർത്തനത്തിന്റെയും പരിപാലനത്തിന്റെയും ചുമതല യഥാക്രമം കെൽട്രോണും സിഫി ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡുമാണ് നിർവ്വഹിച്ചുവരുന്നത്. രണ്ട് ഡാറ്റാ സെന്ററുകളുടെയും ഓപ്പറേറ്റർമാരുടെ പ്രവർത്തന കാലാവധി അവസാനിച്ചമുറയ്ക്ക് ഭരണ നിർവ്വഹണ സൗകര്യാർത്ഥം രണ്ട് ഡാറ്റാ സെന്ററുകൾക്കുംകൂടി ഒരു പൊതു ഓപ്പറേറ്ററെ തെരഞ്ഞെടുക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. കെൽട്രോൺ, വിപ്രോ ടെക്നോളജീസ്, സിഫി ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ് എന്നീ കമ്പനികളാണ് ടെണ്ടറിൽ പങ്കെടുത്തത്. ഡാറ്റാ സെന്റർ നടത്തിപ്പിനാവശ്യമായതും കേന്ദ്ര സർക്കാർ ഏജൻസിയായ സി-ഡാക് തയ്യാറാക്കിയതുമായ ടെണ്ടർ നിബന്ധന പ്രകാരമുള്ള സാങ്കേതിക പരിചയത്തിന്റെ അപര്യാപ്തത കാരണം കെൽട്രോണിന്റെ ടെണ്ടർ പരിഗണിക്കാൻ കഴിഞ്ഞില്ല. സാങ്കേതിക യോഗ്യതയുള്ള മറ്റ് രണ്ട് കമ്പനികളിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ സിഫി ടെക്നോളജീസ് എന്ന കമ്പനിക്ക് വർക്ക് ഓർഡർ നൽകുന്നതിനുള്ള നിർദ്ദേശം സർക്കാർ പരിശോധിച്ചുവരുന്നു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

94 (67) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുമുള്ള ധനസഹായ പദ്ധതിയിലേയ്ക്ക് അപേക്ഷിച്ചവരുടെ ഏറിയഭാഗം ഫയലുകളും റവന്യൂ വകുപ്പ് സെക്രട്ടറിയുടെ ഓഫീസിൽ നീണ്ട കാലമായി നടപടിയില്ലാതെ കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം സമയബന്ധിതമായി ലഭിക്കാൻ ഓൺലൈൻ സംവിധാനമുണ്ടാക്കിയിട്ടും സഹായധനം അനുവദിച്ചുകിട്ടാൻ ഏറെ വൈകുന്ന കാര്യം അടിയന്തരമായി പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായത്തിന് അർഹതയുള്ളതും പൂർണ്ണവുമായ അപേക്ഷകളുടെ മുൻഗണനയും അടിയന്തര സ്വഭാവവും കണക്കിലെടുത്ത് തുക അനുവദിച്ചുവരുന്നുണ്ട്. ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ധനം ലഭിക്കാൻ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഓഖി ദുരന്തം

95 (69) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> :
<u>ശ്രീ. സി. മമ്മൂട്ടി</u> :
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൽ സംസ്ഥാനത്തിനുണ്ടായ നാശനഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത് ദേശീയ ദുരന്തമായി പ്രഖ്യാപിക്കുവാൻ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നോ;

(സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി എത്ര കോടി രൂപയുടെ ധനസഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നത്;

(ഡി) കേന്ദ്രസഹായമായി എന്ത് തുക ലഭിച്ചു;

(ഇ) ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് പ്രകാരം മരണമടഞ്ഞവരുടേയും കാണാതായവരുടെയും ആശ്രിതരിൽ എത്രപേർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(എഫ്) വള്ളം, വല മറ്റ് ജീവനോപാധികൾ എന്നിവ നഷ്ടപ്പെട്ടവർ ഉൾപ്പെടെ എല്ലാവർക്കും സാമ്പത്തിക സഹായം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓഖി ചുഴലിക്കാറ്റ് ദുരന്തത്തിൽ 431 കോടിയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തകർന്ന ബോട്ടുകൾ | : | 384 |
| പൂർണ്ണമായും തകർന്ന വീടുകൾ | : | 248 |
| വാസയോഗ്യമല്ലാതായ വീടുകൾ | : | 3253 |
| തകർന്ന കുടിലുകൾ | : | 270 |
| കൃഷി നഷ്ടം | : | 7817.38 ഹെക്ടർ |

(ബി) ആവശ്യപ്പെട്ടിരുന്നു.

(സി) ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി കേന്ദ്ര ദുരന്ത പ്രതികരണനിധിയിൽ നിന്നും 431 കോടി രൂപയുടെ അടിയന്തര സഹായവും ഓഖി ചുഴലിക്കാറ്റിന്റെ പശ്ചാത്തലത്തിൽ പ്രകൃതിക്ഷോഭങ്ങളിൽനിന്ന് തീരദേശവാസികൾക്ക് സംരക്ഷണം നൽകുന്നതിനായി 7340.45 കോടി രൂപയുടെ ദീർഘകാല പുനരധിവാസ പാക്കേജും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) 'അടിയന്തര ദുരിതാശ്വാസത്തിനായി' ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും മുൻകൂറായി 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. കേന്ദ്ര സംഘത്തിന്റെ സന്ദർശന റിപ്പോർട്ട് പരിഗണിച്ച് ദേശീയ ദുരന്ത നിവാരണ സമിതി കേരളത്തിന് അർഹമായ ആകെ ധനസഹായം നിർണ്ണയിക്കുമ്പോൾ ഈ 133 കോടി രൂപ ക്രമീകരിക്കുന്നതാണ്.

(ഇ) ഗവൺമെന്റ് പ്രഖ്യാപിച്ച പാക്കേജ് പ്രകാരം മരണമടഞ്ഞ/കാണാതായ 32 പേരുടെ ആശ്രിതർക്ക് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട് (തിരുവനന്തപുരം-28, കൊല്ലം-2, കണ്ണൂർ-1, കാസർഗോഡ്-1).

(എഫ്) 6-12-2017-ലെ സ.ഉ.(കൈ) നമ്പർ 1/2017/ഡി.എം.ഡി. പ്രകാരം ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് ബോട്ട്, മത്സ്യബന്ധനോപകരണങ്ങൾ എന്നിവ നഷ്ടപ്പെട്ട തൊഴിലാളികൾക്ക് നേരിട്ട നഷ്ടത്തിന് ഏകദേശം തത്തുല്യമായ നഷ്ടപരിഹാരം നൽകുന്നതിന് ഫിഷറീസ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**ഓഖി ദുരന്തം**

96 (70) <u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തെക്കൻ തീരദേശ മേഖലയെ ബാധിച്ച ഓഖി ദുരന്തത്തിൽ കാണാതായവരെക്കുറിച്ചുള്ള കണക്കിൽ ആശയക്കുഴപ്പം നിലനിൽക്കുന്നുണ്ടോ;

(ബി) കേന്ദ്രമന്ത്രി ലോക്സഭയിൽ നൽകിയ കണക്കും, സംസ്ഥാനത്തെ ഫിഷറീസ് വകുപ്പുമന്ത്രി നൽകിയ കണക്കും, ലത്തീൻസഭയുടെ കണക്കും, റവന്യൂ വകുപ്പിന്റെ കണക്കും തമ്മിൽ അന്തരം വന്നതെന്തുകൊണ്ടാണ്; വിശദീകരിക്കാമോ;

(സി) കാണാതായതായി റിപ്പോർട്ട് ചെയ്തിട്ടുള്ള എത്രപേരെ സംബന്ധിച്ച് എഫ്. ഐ. ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇവരുടെ ആശ്രിതർക്ക് ഇതിനകം എത്ര തുകയാണ് വിതരണം ചെയ്തത്;

(ഡി) കാണാതായവരുടെ ആശ്രിതർക്ക് മരണമടഞ്ഞവരുടെ ആശ്രിതർക്ക് നൽകുന്ന അതേതോതിലുള്ള ആനുകൂല്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) കാണാതായവരുടെ ആശ്രിതർക്കുള്ള ധനസഹായം സ്ഥിര നിക്ഷേപമായി ഇട്ട് അതിന്റെ പലിശ മാത്രമേ നൽകുകയുള്ളൂവെന്ന് തീരുമാനമെടുത്തിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) ഓഖി ദുരന്തത്തിൽ കാണാതായവരെക്കുറിച്ച് ആശയക്കുഴപ്പം നിലനിൽക്കുന്നില്ല.

(സി) 20/01/2018 വരെ ഓഖി ദുരന്തത്തിൽപ്പെട്ട് ഇനിയും കണ്ടെത്താനുള്ള 104 മത്സ്യത്തൊഴിലാളികളെ സംബന്ധിച്ച് എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ട്. കാണാതായ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിന് സർക്കാർ പ്രഖ്യാപിച്ച ധനസഹായം ലഭിക്കുന്നതുവരെ പ്രതിമാസം നൽകാൻ തീരുമാനിച്ചിട്ടുള്ള 10,000 രൂപ വീതം മുടക്കംകൂടാതെ നൽകിവരികയാണ്.

(ഡി) ഓഖി ദുരന്തത്തിൽപ്പെട്ട് കാണാതായ എല്ലാ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും മരണമടഞ്ഞവരുടെ ആശ്രിതർക്ക് നൽകുന്ന അതേതോതിലുള്ള ആനുകൂല്യം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ഇ) ഇത് സംബന്ധിച്ച് പുറപ്പെടുവിച്ച 21-12-2017-ലെ സ.ഉ.(സാധാ) നമ്പർ 114/2017/DMD ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ഓഖി ദുരന്തം**

97 (72) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്ത മുന്നറിയിപ്പ് നൽകുന്നതിൽ കേന്ദ്ര ഏജൻസികൾക്ക് വീഴ്ച സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ നൽകുമോ;

(ബി) ഓഖി ദുരിതബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള സഹായ പദ്ധതികളുടെ വിശദാംശം നല്കുമോ;

(സി) എത്ര കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട് എന്നറിയിക്കാമോ?

ഉത്തരം

(എ) 22-12-2017-ന് കേന്ദ്ര ആഭ്യന്തര മന്ത്രി പാർലമെന്റ് സമ്മേളനത്തിൽ നടത്തിയ പ്രസ്താവനയിൽ, അത്യപൂർവ്വമായ ചുഴലിക്കാറ്റായിരുന്ന "ഓഖി" എന്നും ഇതിനാൽതന്നെ ന്യൂനമർദ്ദത്തിൽനിന്നും അതിവേഗത്തിൽ, 6 മണിക്കൂറിനുള്ളിൽ ചുഴലിക്കാറ്റായ ഓഖി സംബന്ധിച്ച് മാനദണ്ഡ പ്രകാരമുള്ള മുന്നറിയിപ്പുകൾ 30-11-2017-ന് മുൻപ് നൽകുവാൻ സാധിക്കില്ലായിരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടിയിരുന്നു. കൂടാതെ ചുഴലിക്കാറ്റ് മുന്നറിയിപ്പ്, കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയത് 30-11-2017-ന് രാവിലെ 11.55-ന് മാത്രമാണെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. ചുഴലിക്കാറ്റ് സംബന്ധിച്ച് കേന്ദ്ര കാലാവസ്ഥാ വകുപ്പ് 30-11-2017-ന് രാവിലെ 5.30-ന് പുറപ്പെടുവിച്ച bulletin-ൽപ്പോലും കേരളത്തിന് മാനദണ്ഡ പ്രകാരമുള്ള Pre-Cyclone Watch, Cyclone Alert, Cyclone Warning എന്നിവ ഉണ്ടായിരുന്നില്ല. ഒരു സാഹചര്യത്തിലും കേന്ദ്ര കാലാവസ്ഥാ വകുപ്പ് കേരളത്തിലെ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നതിൽ നിന്നും തടയണമെന്ന് (Total Suspension of Fishing) ചട്ടപ്രകാരം നിർദ്ദേശിച്ചിരുന്നില്ല. കേരളത്തിൽ ചുഴലിക്കാറ്റിന്റെ ആഘാതം ഉണ്ടാകുമെന്ന് ആദ്യമായി പ്രതിപാദിക്കുന്നതും ചുഴലിക്ക് പേര് നൽകിയതും 30-11-2017-ന് ഉച്ചയ്ക്ക് 12.00-മണിക്കുള്ള ബുള്ളറ്റിനിൽ മാത്രമാണ്. കേരളതീരത്ത് ഇതിനുമുമ്പ് ചുഴലി നാശംവിതച്ചിരുന്നു. ഇത്തരം വിവരങ്ങൾ കൈമാറുന്നതിന് കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ വ്യക്തവും നിയമപരവുമായ മുന്നറിയിപ്പ് ചട്ടം നിലവിൽ ഉണ്ട് (Cyclone Warning in India - Standard Operation Procedure, 2013). എന്നാൽ ഉപദേശ രൂപേണയുള്ള അറിയിപ്പുകൾ മാത്രമാണ് കേന്ദ്ര കാലാവസ്ഥാ വകുപ്പ് നൽകിയത്.

(ബി) 6-12-2017-ലെ സ.ഉ.(കൈ) നമ്പർ 1/2017/ഡി.എം.ഡി. ഉത്തരവ് പ്രകാരം ഓഖി ദുരിത ബാധിതർക്ക് ആശ്വാസ നടപടികൾ പ്രഖ്യാപിച്ചിരുന്നു. (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*) ദുരന്ത ബാധിതരായ, Savings

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

cum Relief Scheme-ൽ അംഗങ്ങളായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 2,000 രൂപ വീതം നൽകാൻ ഉത്തരവായി. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡുവഴി 5,000 രൂപവീതം അനുവദിച്ചു.

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 35,83,10,100 രൂപ (മുപ്പത്തിയഞ്ച് കോടി എൺപത്തി മൂന്ന് ലക്ഷത്തി പതിനായിരത്തി ഒരുന്നൂറ് രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ മുൻകൂറായി അനുവദിച്ച 133 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ വകയിരുത്തിയിട്ടുണ്ട്.

**ഓഖി ദുരന്തസഹായ നിധി**

98 (74) ഡോ. എം. കെ. മുനീർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. എം. ഉമ്മർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തസഹായ നിധിയിലേയ്ക്ക് എത്ര തുക സംഭാവനയായി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിൽനിന്നും ദുരിതാശ്വാസത്തിനല്ലാതെ മറ്റേതെങ്കിലും കാര്യങ്ങൾക്ക് തുക ചെലവഴിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) ഓഖി ദുരന്തം അന്വേഷിക്കുവാൻ എത്തിച്ചേർന്ന കേന്ദ്ര സംഘവുമായുള്ള കൂടിക്കാഴ്ചയ്ക്ക് വേണ്ടി മുഖ്യമന്ത്രി തൃശ്ശൂരിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് സ്വകാര്യ ഹെലികോപ്റ്ററിൽ യാത്ര ചെയ്തതിന്റെ ചെലവ് എത്രയാണ്;

(ഡി) ഈ ആവശ്യത്തിനായി പ്രതിരോധ വകുപ്പിന്റെ ഹെലികോപ്റ്റർ ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിരുന്നുവോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്നറിയിക്കാമോ;

(ഇ) യാത്രാച്ചെലവ് ഏത് ഫണ്ടിൽനിന്നുമാണ് വഹിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 19-1-2018 വരെ 94,46,27,879 രൂപ (തൊണ്ണൂറ്റി നാല് കോടി നാൽപ്പത്തിയാറ് ലക്ഷത്തി ഇരുപത്തേഴായിരത്തി എണ്ണൂറ്റിഎഴുപത്തൊൻപത് രൂപ) ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) 8 ലക്ഷം രൂപ ചെലവായിട്ടുണ്ട്. ഈ തുക പൊതുഭരണ വകുപ്പിന്റെ "2052-090-99-03-0E4-other items" എന്ന ശീർഷകത്തിൽ നിന്നാണ് ചെലവ് ചെയ്യുന്നത്.

(ഡി) ഇല്ല.

(ഇ) പൊതുഭരണവകുപ്പിന്റെ "2052-090-99-03-0E4-other items" എന്ന ശീർഷകത്തിൽ നിന്നുമാണ് ചെലവ് വഹിക്കുന്നത്.

## ഓഖി ദുരന്തത്തെത്തുടർന്ന് ചെല്ലാനം പഞ്ചായത്തിൽ ഉണ്ടായ നാശനഷ്ടങ്ങൾ

99 (75) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തത്തെ തുടർന്ന് കൊച്ചി നിയോജക മണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിൽ ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് എത്ര പേർക്ക് സാമ്പത്തികസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്;

(സി) പ്രഖ്യാപിച്ച സഹായധനം ഇനിയും ലഭിച്ചിട്ടില്ലെന്ന് ആരെങ്കിലും പരാതി നൽകിയിരുന്നോ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തെ തുടർന്ന് കൊച്ചി നിയോജകമണ്ഡലത്തിലെ ചെല്ലാനം പഞ്ചായത്തിൽ 58,00,000 (അമ്പത്തിയെട്ട് ലക്ഷം രൂപ മാത്രം) രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും എറണാകുളം ജില്ലയിൽ ആകെ 8540 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000 രൂപ വീതം ആകെ 1,70,80,000 (ഒരു കോടി എഴുപത് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയും കാണാതായ മത്സ്യത്തൊഴിലാളികളെ കണ്ടെത്തുന്നതിനായി തിരച്ചിൽ നടത്തുന്നതിന് 1,04,00,000 (ഒരു കോടി നാല് ലക്ഷം രൂപ മാത്രം) രൂപയും ഫിഷറീസ് വകുപ്പിന് നൽകിയിട്ടുണ്ട്. അടിയന്തര സാഹചര്യം നേരിടുന്നതിന് 15 ലക്ഷം രൂപ കൊച്ചി തഹസീൽദാർക്കും, ദുരിതാശ്വാസ പ്രവർത്തനത്തിന്റെ ഭാഗമായി അടിയന്തര സാഹചര്യം നേരിടുന്നതിന് 2.5 ലക്ഷം രൂപ ജില്ലാ മെഡിക്കൽ ഓഫീസർക്കും 1 ലക്ഷം രൂപ ഫിഷറീസിനും, 3,44,350 രൂപ ശുചിത്വമിഷനും 1,48,900 രൂപ തഹസീൽദാർമാർക്കും അനുവദിച്ചിട്ടുണ്ട്.

(സി) നിലവിൽ പരാതികളൊന്നും ലഭിച്ചതായി കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

## ഓഖി ദുരിതാശ്വാസ ഫണ്ട്

100 (76) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരിതാശ്വാസ ഫണ്ടിലേക്ക് നാളിതുവരെയായി എത്ര തുക ലഭിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 19-1-2018 വരെയുള്ള കണക്കുപ്രകാരം 94,46,27,879 രൂപ (തൊണ്ണൂറ്റി നാല് കോടി നാൽപ്പത്തിയാറ് ലക്ഷത്തി ഇരുപത്തേഴായിരത്തി എണ്ണൂറ്റിഎഴുപത്തൊൻപത് രൂപ) ലഭിച്ചിട്ടുണ്ട്.

(ബി) ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

## ഓഖി ദുരിതാശ്വാസം

101 (77) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശ പുനരധിവാസമടക്കം എത്ര തുകയുടെ സാമ്പത്തിക സഹായം അനുവദിക്കണമെന്നാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്; പ്രസ്തുത തുക എന്തൊക്കെ കാര്യങ്ങൾക്കാണ് ആവശ്യപ്പെട്ടതെന്ന് വിശദമാക്കാമോ;

(ബി) നഷ്ടപരിഹാരമായി എത്ര തുകയാണ് ഉടൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടത്; ഏതൊക്കെ കാര്യങ്ങൾക്കായാണ് ഈ തുക ആവശ്യപ്പെട്ടത്;

(സി) അടിയന്തര ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ ഇതിനകം എത്ര തുക അനുവദിച്ചു; പ്രസ്തുത തുക പര്യാപ്തമാണോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ആകെ 7340.45 കോടി രൂപയുടെ തീരദേശ പുനരധിവാസ പാക്കേജാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്. പാക്കേജിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) നഷ്ടപരിഹാരം ആവശ്യപ്പെട്ടിട്ടില്ല. 'ദുരിതാശ്വാസ പ്രവർത്തനങ്ങൾ'ക്കായി 431 കോടി രൂപ ആവശ്യപ്പെട്ടു. അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായാണ് പ്രസ്തുത തുക ആവശ്യപ്പെട്ടത്.

(സി) 'അടിയന്തര ദുരിതാശ്വാസത്തിനായി' ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുൻകൂറായി 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. കേന്ദ്ര സംഘത്തിന്റെ സന്ദർശന റിപ്പോർട്ട് പരിഗണിച്ച് ദേശീയ ദുരന്ത നിവാരണ സമിതി കേരളത്തിന് അർഹമായ ആകെ ധനസഹായം നിർണ്ണയിക്കുമ്പോൾ ഈ 133 കോടി രൂപ ക്രമീകരിക്കുന്നതാണ്. ഓഖി ദുരന്തത്തിനിരയായ വിവിധ വിഭാഗങ്ങളിൽപ്പെട്ടവർക്ക് 'ധനസഹായം നൽകുന്നതിന് പ്രസ്തുത തുക പര്യാപ്തമല്ല.

## ഓഖി ദുരിതാശ്വാസം

102 (78) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് എത്ര തുക നാളിതുവരെ ലഭിച്ചിട്ടുണ്ട്; ഏതെല്ലാം ആവശ്യങ്ങൾക്കായി എത്ര തുക വീതം ചെലവഴിച്ചു എന്നതിന്റെ ഇനംതിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) കേന്ദ്ര സർക്കാർ ഓഖി ദുരിതാശ്വാസത്തിന് എത്ര തുക വാഗ്ദാനം ചെയ്തു; അതിൽ എത്ര തുക നാളിതുവരെ ലഭിച്ചു;

(സി) ലഭിച്ച തുകയിൽ ഇതുവരെ എത്ര തുക ഏതെല്ലാം ആവശ്യങ്ങൾക്കായി ചെലവഴിച്ചുവെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 19-1-2018 വരെ രൂപ 94,46,27,879 (തൊണ്ണൂറ്റിനാല് കോടി നാൽപ്പത്തിയാറ് ലക്ഷത്തി ഇരുപത്തേഴായിരത്തി എണ്ണൂറ്റിഎഴുപത്തൊൻപത് രൂപ) ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 24,53,20,000 രൂപ (ഇരുപത്തിനാല് കോടി അമ്പത്തിമൂന്ന് ലക്ഷത്തി ഇരുപതിനായിരം രൂപ) ഓഖി ദുരന്തത്തിനിരയായവർക്ക് നൽകുന്നതിനായി ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുണ്ട്.

(ബി) 'അടിയന്തര ദുരിതാശ്വാസത്തിനായി' ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും മുൻകൂറായി 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. കേന്ദ്ര സംഘത്തിന്റെ സന്ദർശന റിപ്പോർട്ട് പരിഗണിച്ച് ദേശീയ ദുരന്ത നിവാരണ സമിതി കേരളത്തിന് അർഹമായ ആകെ ധനസഹായം നിർണ്ണയിക്കുമ്പോൾ ഈ 133 കോടി രൂപ ക്രമീകരിക്കുന്നതാണ്.

(സി) പ്രധാനമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ലഭിച്ച തുകയിൽ 66 ലക്ഷം രൂപ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് വിതരണത്തിനായി നൽകിയിട്ടുണ്ട്.

## ഓഖി ദുരിതാശ്വാസം - സർക്കാർ ജീവനക്കാരുടെ സംഭാവന

103 (79) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരിതാശ്വാസ നിധിയിലേക്ക് സർക്കാർ ജീവനക്കാരിൽനിന്നും സംഭാവനയായി എത്ര തുകയാണ് ലഭിച്ചത് എന്ന് വ്യക്തമാക്കുമോ;

(ബി) ആകെ ജീവനക്കാരിൽ രണ്ട് ദിവസത്തെ വേതനം നൽകിയ എത്ര പേരുണ്ടെന്ന് വിശദമാക്കുമോ;

(സി) മുഴുവൻ സർക്കാർ ജീവനക്കാരും രണ്ട് ദിവസത്തെ വേതനം നൽകിയാൽ ലഭിക്കുമായിരുന്ന തുക സംബന്ധിച്ച വിശദാംശം നൽകുമോ?

ഉത്തരം

(എ) ഓഖി ദുരന്ത സഹായ നിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരിൽനിന്നും 19-1-2018 വരെയുള്ള കണക്കുപ്രകാരം 35,01,45,287 രൂപ (മുപ്പത്തിയഞ്ച് കോടി ഒരു ലക്ഷത്തി നാൽപ്പത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത്തേഴ് രൂപ മാത്രം) സംഭാവനയായി ലഭിച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## ഓഖി ചുഴലിക്കാറ്റ്

104 (80) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ചുഴലിക്കാറ്റിൽപ്പെട്ട് കടലിൽ കാണാതായ മത്സ്യത്തൊഴിലാളികളെ രക്ഷിക്കുവാൻ തക്കസമയത്ത് ഊർജ്ജിതമായ ഇടപെടൽ നടത്താതെ സർക്കാർ അനാസ്ഥ കാണിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡിസംബർ 3-ാം തീയതി വിഴിഞ്ഞം തീരപ്രദേശം സന്ദർശിക്കുവാൻ എത്തിയ മുഖ്യമന്ത്രിയുടെ വാഹനം മത്സ്യത്തൊഴിലാളികൾ തടഞ്ഞിട്ട സംഭവം ഉണ്ടായിട്ടുണ്ടോ;

(സി) ജനരോഷത്തെത്തുടർന്ന് പ്രസ്തുത ദിവസം മുഖ്യമന്ത്രി പൂന്തുറ സന്ദർശനം ഒഴിവാക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചുഴലിക്കാറ്റിൽപ്പെട്ട് അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിന് യഥാസമയംതന്നെ ഊർജ്ജിതമായ രക്ഷാപ്രവർത്തനം നടത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) പ്രസ്തുത ദിവസം പൂന്തുറ സന്ദർശിക്കാൻ ഉദ്ദേശിച്ചിരുന്നില്ല.

**ഓഖി ചുഴലിക്കാറ്റ് ദുരന്തം**

105 (81) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 നവംബർ 29, 30 തീയതികളിൽ 'ഓഖി ചുഴലിക്കാറ്റ് കേരള തീരത്ത് നാശം വിതയ്ക്കുമെന്ന് അറിയിച്ച് കേന്ദ്ര സർക്കാരിൽ നിന്നുള്ള മുന്നറിയിപ്പ് എന്ന്, എപ്പോൾ, ഏതു വകുപ്പിലാണ് സംസ്ഥാന സർക്കാരിൽ ലഭിച്ചത് എന്ന് അറിയിക്കുമോ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നുമുള്ള മുന്നറിയിപ്പ് ഏതൊക്കെ വകുപ്പുകൾക്ക് കൈമാറിയെന്ന് വ്യക്തമാക്കുമോ;

(സി) വിവരം ലഭിച്ചിട്ടും ആവശ്യമായ മുൻകരുതലും തയ്യാറെടുപ്പുകളും നടത്തി വൻ ദുരന്തം ഒഴിവാക്കുന്നതിൽ വകുപ്പുകൾ വീഴ്ചവരുത്തിയതായി കരുതുന്നുണ്ടോ; എങ്കിൽ പ്രസ്തുത വകുപ്പുകൾക്കെതിരെയും ഉദ്യോഗസ്ഥർക്കെതിരെയും ജുഡീഷ്യൽ അന്വേഷണം നടത്തി കുറ്റക്കാർക്കെതിരെ ശിക്ഷാനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ;

(ഡി) ഓഖി ദുരന്തം നേരിടാൻ വിവിധ വകുപ്പുകൾ എന്തെല്ലാം പ്രവൃത്തികൾ നടത്തിയെന്നും തന്മൂലം എത്രപേരെ രക്ഷിക്കാനായെന്നും വിശദമാക്കുമോ;

(ഇ) രക്ഷിച്ച് തീരത്ത് എത്തിച്ചവരെ ഏതെല്ലാം ആശുപത്രികളിലാണ് ചികിത്സയ്ക്കായി പ്രവേശിപ്പിച്ചതെന്നും അതിൽ എത്രപേർ ആശുപത്രികളിൽ പ്രവേശിപ്പിച്ചശേഷം മരണമടഞ്ഞുവെന്നും അവർ ആരൊക്കെയെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ചുഴലിക്കാറ്റ് ഉണ്ടാകാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര സർക്കാർ NDMA Guidelines-Management of Cyclones, 2008, Cyclone Warning in India-Standard Operation Procedure, 2013 പ്രകാരം ഒരു മുന്നറിയിപ്പും 29-11-2017-ന് ലഭിച്ചിരുന്നില്ല. Cyclonic Storm 'OCKHI' over

Comorin area & Cyclone Warning for South Kerala, adjoining districts of south Tamil Nadu and Lakshadweep Islands - ORANGE message എന്ന 30/11/2017-ലെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്നും 12.30-നുള്ള സന്ദേശം ഫാക്സ് മുഖേന ചീഫ് സെക്രട്ടറിയുടെ ഓഫീസിൽ ഉച്ചയ്ക്ക് 2.21-ന് ലഭിച്ചു.

(ബി) 29-11-2017-ന് ലഭിച്ച കാലാവസ്ഥാ മുന്നറിയിപ്പ് എല്ലാ ജില്ലാ കളക്ടർമാർക്കും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിക്കും ഇ-മെയിൽ മുഖാന്തരം നൽകി. 30-11-2017-ന് കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച ചുഴലി മുന്നറിയിപ്പ് പ്രധാനപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും മാധ്യമങ്ങൾക്കും മെസ്സേജ് സർവ്വീസ് മുഖാന്തരം നൽകി. ചുഴലി മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് Orange Alert പുറപ്പെടുവിച്ചു.

(സി) 30-11-2017-ന് ഉച്ചയ്ക്ക് 2.21 -ന് മാത്രമാണ് കേരളത്തിന് ചുഴലിക്കാറ്റ് സംബന്ധിച്ച മുന്നറിയിപ്പ് ലഭിച്ചത്. ഇതിനു മുൻപായി ചുഴലി നാശം വിതച്ചിരുന്നു. ചട്ടമനുസരിച്ചുള്ള മുന്നറിയിപ്പ് ലഭിച്ചയുടൻ എല്ലാ വകുപ്പുകളും ഒരുമിച്ച് ഊർജ്ജിതമായ രക്ഷാ പ്രവർത്തനം തുടങ്ങി.

(ഡി) Standard Operating Procedures പ്രകാരം ദുരന്ത നിവാരണ വകുപ്പ് Army, Navy, Air Force, Fire & Rescue Services, Coast Guard, കേന്ദ്ര സർക്കാർ എന്നിവിടങ്ങളിൽ ബന്ധപ്പെട്ട് രക്ഷാപ്രവർത്തനത്തിന് ആവശ്യമായ സഹായം അഭ്യർത്ഥിച്ചു. റവന്യൂ, പോലീസ്, ഫിഷറീസ്, വായുസേന, നേവി, കോസ്റ്റ്ഗാർഡ് എന്നിവരുടെ സംയുക്ത കൺട്രോൾ റൂം ആരംഭിച്ച് Operation Synergy എന്ന പേരിൽ രക്ഷാ പ്രവർത്തനം നടത്തി. കൂടാതെ ആരോഗ്യവകുപ്പ്, ആഭ്യന്തര വകുപ്പ്, പൊതുവിതരണ വകുപ്പ് മുഖേനയും രക്ഷാപ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.* 17-1-2018-ലെ കണക്കുപ്രകാരം ആയിരത്തി ഒരുന്നൂറ്റി പതിനാറ് പേരെ (1116) രക്ഷപ്പെടുത്തിയിട്ടുണ്ട്.

(ഇ) രക്ഷിച്ച് തീരത്ത് എത്തിച്ചവരെ തിരുവനന്തപുരം മെഡിക്കൽ കോളേജ്, ജനറൽ ആശുപത്രി, ഗവൺമെന്റ് ഫോർട്ട് ആശുപത്രി, പൂന്തുറ ഗവൺമെന്റ് ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, ആലപ്പുഴ ജില്ലയിലെ ചെട്ടിക്കാട് റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, ചേർത്തല താലൂക്ക് ആശുപത്രി, കായംകുളം താലൂക്ക് ആശുപത്രി, കണ്ണൂർ ജില്ലയിലെ തലശ്ശേരി ജനറൽ ആശുപത്രി, പയ്യന്നൂർ പി.എച്ച്.സി., കോഴിക്കോട് ബീച്ച് ആശുപത്രി, കാസർഗോഡ് ഗവൺമെന്റ് ആശുപത്രി, കർണ്ണാടകയിലെ മംഗലാപുരം മുതലായ ആശുപത്രികളിലാണ് ചികിത്സയ്ക്കായി പ്രവേശിപ്പിച്ചത്. ആശുപത്രിയിൽ പ്രവേശിപ്പിച്ചശേഷം രതീഷ് ഡി. (S/o ഡേവിഡ്), ഇരയിമ്മൻ തുറ പുരയിടം, പുല്ലുവിള പി.ഒ., കരുംകുളം എന്നയാൾ മരണമടഞ്ഞിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഓഖി ചുഴലിക്കാറ്റിലെ നാശനഷ്ടം

106 (82) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്രതീക്ഷിതമായി സംസ്ഥാനത്തെ തെക്കൻ ജില്ലകളിൽ വീശിയടിച്ച ഓഖി ചുഴലിക്കാറ്റിൽ എത്ര കോടി രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ബി) എത്ര പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്;

(സി) എത്ര പേരെ ഇനിയും കണ്ടെത്താനുണ്ട്; മരണപ്പെട്ടവരുടെ ആശ്രിതർക്കും, ദുരിതമനുഭവിക്കുന്നവർക്കുമായി എന്തെല്ലാം ആശ്വാസ നടപടികളാണ് ഇതുവരെ സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) കേന്ദ്ര ഗവൺമെന്റിൽനിന്നും ഇതുവരെ എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓഖി ചുഴലിക്കാറ്റിൽ 431 കോടി രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

(ബി) 23-1-2018-ലെ കണക്ക് പ്രകാരം ഓഖി ദുരന്തത്തിൽപ്പെട്ട് മലയാളികളായ 50 പേർ കടലിൽവച്ചും 8 പേർ കരയിൽവച്ചും മരണപ്പെട്ടു.

(സി) 23-1-2018-ലെ കണക്ക് പ്രകാരം 104 മലയാളികളെ കാണാതായിട്ടുണ്ട്. 6-12-2017-ലെ സ.ഉ.(എംഎസ്.)നമ്പർ1/2017/ഡി.എം.ഡി. ഉത്തരവ് പ്രകാരം ഓഖി ദുരന്തത്തിന് ഇരയായവർക്ക് അടിയന്തര ആശ്വാസ നടപടികൾ സ്വീകരിച്ച് ഉത്തരവായിരുന്നു. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*) ദുരന്ത ബാധിതരും Savings cum Relief Scheme-ൽ അംഗങ്ങളായവരുമായ എല്ലാ മത്സ്യത്തൊഴി ലാളികൾക്കും 2,000 രൂപ വീതം നൽകുവാൻ തീരുമാനിച്ചു. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണ്ണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2,500 രൂപ വീതവും നൽകുവാൻ അതാത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും അടിയന്തര ധനസഹായമായി 10,000 രൂപവീതം അനുവദിച്ചു. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5,000 രൂപ വീതം അനുവദിച്ചു നൽകി.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും അടിയന്തര സഹായമായി 431 കോടി രൂപ ആവശ്യപ്പെടുന്ന മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രം മുൻകൂറായി 133 കോടി രൂപ ലഭ്യമാക്കി. കേന്ദ്ര സംഘത്തിന്റെ സന്ദർശന റിപ്പോർട്ട് പരിഗണിച്ച് ദേശീയ ദുരന്ത നിവാരണ സമിതി കേരളത്തിൽ അർഹമായ ധനസഹായം നിശ്ചയിക്കുമ്പോൾ ഈ 133 കോടി രൂപ ക്രമീകരിക്കുന്നതാണ്. കൂടാതെ മരണപ്പെട്ട 33 പേർക്ക് 2 ലക്ഷം രൂപ നിരക്കിൽ 66 ലക്ഷം രൂപ പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഇതുവരെ ലഭ്യമാക്കിയിട്ടുണ്ട്.

## ഓഖി ദുരന്തബാധിതർക്ക് തീരദേശ പോലീസ് സേനയിൽ ആശ്രിത നിയമനം

107 (83) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 ഡിസംബർ 6-ലെ സർക്കാർ ഉത്തരവിൽ പ്രഖ്യാപിച്ച പ്രകാരം തീരദേശ പോലീസ്സേനയിൽ പുതുതായി റിക്രൂട്ട്മെന്റ് നടത്തുമ്പോൾ ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്ക് മുൻഗണന നൽകുന്നതിനായി ചട്ടങ്ങളും നിബന്ധനകളും പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത ചട്ടങ്ങൾ എന്ന് പുറപ്പെടുവിക്കുമെന്ന് വിശദമാക്കുമോ;

(ബി) തീരദേശപോലീസ് സേനയിൽ എത്ര ശതമാനം സീറ്റാണ് മേൽപ്പറഞ്ഞവർക്കായി നീക്കിവയ്ക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(സി) കേരളത്തിലെ തുറമുഖങ്ങളോടുചേർന്ന് ആരംഭിക്കുന്ന പ്രത്യേക പോലീസ് സംവിധാനം സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കുമോ; പ്രസ്തുത സേനയിലെ റിക്രൂട്ട്മെന്റ് സംബന്ധിച്ച മുൻഗണന മാനദണ്ഡങ്ങൾ എപ്രകാരമായിരിക്കും; വിശദമാക്കുമോ?

### ഉത്തരം

(എ-സി) ഡിസംബർ 6-ാം തീയതിയിലെ ഉത്തരവിലെ 18-ാം നമ്പർ തീരുമാനമനുസരിച്ചുള്ള സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ഓഖി ദുരിതാശ്വാസത്തിന് കേന്ദ്ര സഹായം

108 (84) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്തബാധിതരെ സഹായിക്കുന്നതിനും പുനരധിവസിപ്പിക്കുന്നതിനും തീരദേശ മേഖലയുടെ പുനർനിർമ്മാണത്തിനും കൃഷിനാശം സംഭവിച്ചവരും വീട് തകർന്നവരുമായ കർഷകരെ സംരക്ഷിക്കുവാനുമായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു ;ഇതിനായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് എന്തെല്ലാം സഹായം,എത്ര മാത്രം നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ;

(ബി) ദുരന്തവുമായി ബന്ധപ്പെട്ട് എന്തെല്ലാം ആവശ്യങ്ങളാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ മുൻപിൽ സമർപ്പിച്ചത്എന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൻമേൽ കേന്ദ്രസർക്കാരും പ്രധാനമന്ത്രിയും സ്വീകരിച്ച നടപടി എന്തൊക്കെയെന്നും എത്ര രൂപയുടെ സഹായം നാളിതുവരെ കേന്ദ്രത്തിൽനിന്ന് സംസ്ഥാനത്തിന് ലഭിച്ചുവെന്നും വെളിപ്പെടുത്താമോ;

(ഡി) ഓഖി ചുഴലിക്കാറ്റ് ദേശീയ ദുരന്തമായി പ്രഖ്യാപിക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യം കേന്ദ്രം പരിഗണിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 6-12-2017-ലെ സ.ഉ.(എംഎസ്.)നമ്പർ 1/2017/ഡി.എം.ഡി. ഉത്തരവ് പ്രകാരം ഓഖി ദുരന്തത്തിന് ഇരയായവർക്ക് അടിയന്തര ആശ്വാസ നടപടികൾ സ്വീകരിച്ച് ഉത്തരവായിരുന്നു. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*) ബാധിതരും Savings cum Relief Scheme-ൽ അംഗങ്ങളായ എല്ലാ സമുദ്ര മത്സ്യത്തൊഴിലാളികൾക്കും 2,000 രൂപവീതം നൽകുവാനും തീരുമാനിച്ചു. കൃഷി നാശം സംഭവിച്ച കർഷകർക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡപ്രകാരം ആശ്വാസ ധനസഹായം അനുവദിച്ചു. ഓഖി ദുരന്തത്തിൽ മരണമടഞ്ഞ മത്സ്യ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും അടിയന്തര ധനസഹായമായി 10,000 രൂപ വീതം അനുവദിച്ചു. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5,000 രൂപ വീതം അനുവദിച്ചു നൽകി. ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും മുൻകൂറായി 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. കേന്ദ്ര സംഘത്തിന്റെ സന്ദർശന റിപ്പോർട്ട് പരിഗണിച്ച് ദേശീയ ദുരന്ത നിവാരണ സമിതി കേരളത്തിന് അർഹമായ ആകെ ധനസഹായം നിർണ്ണയിക്കുമ്പോൾ ഈ 133 കോടി രൂപ ക്രമീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ 7340.45 കോടി രൂപയുടെ 'തീരദേശ പുനരധിവാസ പാക്കേജ് ' കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. കൂടാതെ ദേശീയ ദുരന്ത പ്രതികരണ നിധിയിൽനിന്നും ദുരിതാശ്വാസ പ്രവർത്തനത്തിനായി 431 കോടി രൂപയും ആവശ്യപ്പെട്ടു.

(സി) 'അടിയന്തര ദുരിതാശ്വാസത്തിനായി' ദേശീയ ദുരന്ത പ്രതികരണ നിധിയിൽ നിന്നും മുൻകൂറായി 133 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചു. കേന്ദ്ര സംഘത്തിന്റെ സന്ദർശന റിപ്പോർട്ട് പരിഗണിച്ച് ദേശീയ ദുരന്ത നിവാരണ സമിതി കേരളത്തിന് അർഹമായ ആകെ ധനസഹായം നിർണ്ണയിക്കുമ്പോൾ ഈ 133 കോടി രൂപ ക്രമീകരിക്കുന്നതാണ്.

(ഡി) 14-ാം ധനകാര്യ കമ്മീഷന്റെ ശിപാർശ അനുസരിച്ചാണ് രാജ്യത്തെ ദുരന്തങ്ങൾ നിർവ്വചിച്ചിരിക്കുന്നതെന്നും, ഇത് പ്രകാരം ദേശീയ ദുരന്തം എന്ന ഒരു നിർവ്വചനം ഇല്ലെന്നും ആയതിനാൽ ഓഖിയെ ദേശീയ ദുരന്തമായി പ്രഖ്യാപിക്കുവാൻ സാധിക്കില്ലെന്നും കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി 22-12-2017-ലെ പാർലമെന്റ് സമ്മേളനത്തിൽ നടത്തിയ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി.

## ഓഖി ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരം

109 (85) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തത്തിൽപ്പെട്ട് മരണമടഞ്ഞ 25 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് മാത്രമാണ് നിലവിൽ 20 ലക്ഷം രൂപവീതം നഷ്ടപരിഹാരം വിതരണം ചെയ്തതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മരണമടഞ്ഞ മറ്റുള്ളവരുടെ കുടുംബത്തിന് എന്നത്തേയ്ക്ക് നഷ്ടപരിഹാരം വിതരണം ചെയ്യുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിലുള്ള എത്രപേർക്ക് നഷ്ടപരിഹാരം നൽകുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) മരണം നിയമാനുസൃതം സ്ഥിരീകരിച്ച്, പിൻതുടർച്ചാ അവകാശികളെ നിയമാനുസൃതം സ്ഥിരീകരിച്ച് വേണം ദുരിതാശ്വാസ സഹായം വിതരണം ചെയ്യേണ്ടത് എന്നുള്ളതിനാൽ നടപടികൾ പൂർത്തീകരിക്കപ്പെട്ട 25 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ ധനസഹായമായ 2 ലക്ഷം രൂപ ഉൾപ്പെടെ 22 ലക്ഷം രൂപ ധനസഹായം നൽകിയിട്ടുണ്ട്. ബാക്കിവരുന്ന കേസ്സുകളിൽ സമയബന്ധിതമായി ധനസഹായം നൽകുന്നതാണ്.

**ഓഖി ദുരിതബാധിതർക്കായി സഹായം**

110 (86) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരിതബാധിതർക്കായി സർക്കാർ എന്തെല്ലാം സഹായ നടപടികളാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓഖി ദുരിതബാധിതർക്കായി കേന്ദ്രസർക്കാരിന്റെ എന്തെല്ലാം സഹായമാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) ഇത്തരം ദുരന്തങ്ങൾ ലഘൂകരിക്കാൻ ദീർഘകാലാടിസ്ഥാനത്തിലുള്ള എന്തെങ്കിലും പദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 6-12-2017-ലെ സ.ഉ.(കൈ)നമ്പർ 1/2017/ഡി.എം.ഡി. ഉത്തരവ് പ്രകാരം ഓഖി ദുരന്തത്തിന് ഇരയായവർക്ക് ആശ്വാസ നടപടികൾ പ്രഖ്യാപിച്ചിരുന്നു. (ഉത്തരവ് അനുബന്ധമായി ചേർക്കുന്നു.*). ദുരന്തബാധിതരായ, Savings-cum-Relief Scheme-ൽ അംഗങ്ങളായ എല്ലാ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും 2,000 രൂപവീതം നൽകി. അപകടത്തിൽപ്പെട്ട് ആശുപത്രിയിൽ ചികിത്സയിലായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴി 5,000 രൂപ വീതം അനുവദിച്ചു.

(ബി) ഓഖി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ദേശീയ ദുരന്ത നിവാരണ ഫണ്ടിൽനിന്നും അടിയന്തര സഹായമായി 431 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം സമർപ്പിച്ചിട്ടുണ്ട്. പ്രധാനമന്ത്രിയുടെ സന്ദർശനത്തെ തുടർന്ന് മുൻകൂറായി 133 കോടി രൂപയും പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 66 ലക്ഷം രൂപയും ലഭിച്ചു. കേന്ദ്ര സംഘത്തിന്റെ സന്ദർശന റിപ്പോർട്ട് പരിഗണിച്ച് ദേശീയ ദുരന്ത നിവാരണ സമിതി കേരളത്തിന് അർഹമായ സഹായം നിശ്ചയിക്കുമ്പോൾ മുൻകൂറായി ലഭിച്ച 133 കോടി രൂപ ക്രമീകരിക്കുന്നതാണ്.

(സി) ഭാവിയിൽ ഇത്തരം ദുരന്തങ്ങളുണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച ശ്രീ. രമൺ ശ്രീവാസ്തവ (റിട്ട.ഡി.ജി.പി.) അദ്ധ്യക്ഷനായ സമിതിയുടെ റിപ്പോർട്ട് അടിസ്ഥാനമാക്കിയാകും തുടർ നടപടി സ്വീകരിക്കുക (സ.ഉ.(കൈ)നമ്പർ 1/2017/ ഡി.എം.ഡി. തീയതി 6-12-2017).

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഓഖി ദുരിതാശ്വാസനിധിയിലേയ്ക്ക് സർക്കാർ ജീവനക്കാരുടെ വിഹിതം

111 (87) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തിരുവനന്തപുരം അടക്കമുള്ള തെക്കൻ ജില്ലകളിൽ ദുരിതം വിതച്ച ഓഖി ചുഴലിക്കാറ്റുമൂലം ദുരിതം അനുഭവിക്കുന്നവരെ സഹായിക്കുന്നതിനുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അദ്ധ്യാപകരും ജീവനക്കാരും അടങ്ങുന്ന അഞ്ചര ലക്ഷത്തോളം സർക്കാർ ജീവനക്കാർ എത്ര കോടി രൂപ നൽകിയിട്ടുണ്ട്;

(ബി) ഇതിൽ സെക്രട്ടേറിയറ്റ് ജീവനക്കാരുടെ വിഹിതം എത്രയാണ്; സബോർഡിനേറ്റ് ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ജില്ലതിരിച്ചുള്ള വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് അദ്ധ്യാപകരിൽനിന്നും സർക്കാർ ജീവനക്കാരിൽനിന്നും 19-1-2018 വരെ 35,01,45,287 രൂപ (മുപ്പത്തിയഞ്ച് കോടി ഒരു ലക്ഷത്തി നാൽപ്പത്തിയയ്യായിരത്തി ഇരുന്നൂറ്റി എൺപത്തിയേഴ് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്.

(ബി) ഓഖി ദുരന്തവുമായി ബന്ധപ്പെട്ട് ഗവൺമെന്റ് സെക്രട്ടേറിയറ്റ് ധനകാര്യ വകുപ്പിലെ ജീവനക്കാരുടെ വിഹിതമായി 20-1-2018 വരെ 5,83,829 രൂപയും (അഞ്ച് ലക്ഷത്തി എൺപത്തി മൂവായിരത്തി എണ്ണൂറ്റി ഇരുപത്തി ഒൻപത് രൂപ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് നിയമ വകുപ്പിലെ ജീവനക്കാരുടെ വിഹിതമായി 2,09,458 രൂപയും, (രണ്ട് ലക്ഷത്തി ഒൻപതിനായിരത്തി നാന്നൂറ്റി അൻപത്തെട്ട് രൂപ) ഗവൺമെന്റ് സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിന്റെ വിഹിതമായി 24,58,855 രൂപയും (ഇരുപത്തിനാല് ലക്ഷത്തി അമ്പത്തെട്ടായിരത്തി എണ്ണൂറ്റി അൻപത്തഞ്ച് രൂപ)യും ചേർത്ത് മൊത്തം 32,52,142 രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി നൂറ്റി നാൽപത്തിരണ്ട് രൂപ) ലഭിച്ചിട്ടുണ്ട്. സർക്കാർ ജീവനക്കാരുടെ വിഹിതം പ്രത്യേകമായി ആരംഭിച്ച സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്യുന്നത്. ഈ അക്കൗണ്ടിൽ 19-1-2018 വരെ മൊത്തം 35,01,45,287 രൂപ (മുപ്പത്തിയഞ്ച് കോടി ഒരു ലക്ഷത്തി നാൽപ്പത്തയ്യായിരത്തി ഇരുന്നൂറ്റി എൺപത്തേഴ് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്. സബോർഡിനേറ്റ് ജീവനക്കാരുടേയും, അദ്ധ്യാപകരുടേയും ജില്ലതിരിച്ചുള്ള വിഹിതം ലഭ്യമല്ല.

## ഓഖി കൊടുങ്കാറ്റിനെക്കുറിച്ചുള്ള മുന്നറിയിപ്പ്

112 (88) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി കൊടുങ്കാറ്റിനെക്കുറിച്ച് മത്സ്യത്തൊഴിലാളികൾക്ക് മുന്നറിയിപ്പ് നൽകാത്തതും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ 24 മണിക്കൂർ നിഷ്ക്രിയമായതും ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കാനും മരണസംഖ്യ കൂട്ടാനുമിടയായി എന്ന ആരോപണത്തിൽ എത്രത്തോളം വസ്തുതയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്ര കാലാവസ്ഥാവകുപ്പ്, ദേശീയ സമുദ്രവിവര വിനിമയ കേന്ദ്രം എന്നീ ഏജൻസികൾ നവംബർ 29-ന് കൊടുങ്കാറ്റിന്റെ ആവിർഭാവം, പ്രതീക്ഷിക്കുന്ന വേഗത, കടൽക്ഷോഭം എന്നിവയെ സംബന്ധിച്ച് മുന്നറിയിപ്പ് നൽകിയിരുന്നോ;

(സി) ഓഖി കൊടുങ്കാറ്റിന് മുൻപ് അത് സംബന്ധിച്ച് മറ്റേതെങ്കിലും കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നോ ഏജൻസികളിൽ നിന്നോ മുന്നറിയിപ്പ് ലഭിച്ചിരുന്നോ; 2017 നവംബർ 29-നും 30-ാം തീയതി വെളുപ്പിന് 1.30-നും 5.30-നും ഏതെങ്കിലും ഏജൻസികളിൽനിന്നും അറിയിപ്പ് ലഭിച്ചിരുന്നോ;

(ഡി) പ്രസ്തുത അറിയിപ്പുകളിൽ തീവ്ര ന്യൂനമർദ്ദമുണ്ടാകുമെന്ന മുന്നറിയിച്ച് നൽകിയിരുന്നോ; എങ്കിൽ അത് വിശകലനം ചെയ്ത് ബന്ധപ്പെട്ടവരെ യഥാസമയം അറിയിക്കുന്നതിനും മുൻകരുതൽ എടുക്കുന്നതിനും ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥർക്ക് വീഴ്ചയുണ്ടായിട്ടുണ്ടോ;

(ഇ) എങ്കിൽ വീഴ്ചവരുത്തിയവർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേന്ദ്ര കാലാവസ്ഥാ വകുപ്പ് നിലവിലുള്ള മാനദണ്ഡങ്ങളനുസരിച്ച് ചുഴലി മുന്നറിയിപ്പ് നൽകാത്തതിനാൽ ഇത് സംബന്ധിച്ച് SOP പ്രകാരം ഒരു തരത്തിലുള്ള മുന്നറിയിപ്പും നൽകുവാൻ നിർവ്വാഹമില്ലായിരുന്നു. സംസ്ഥാനത്ത് ചുഴലിക്കാറ്റ് ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര സർക്കാർ NDMA Guidelines-Management of Cyclones, 2008, Cyclone Warning in India-Standard Operation Procedure, 2013 മാനദണ്ഡപ്രകാരം ഒരു മുന്നറിയിപ്പും 30-11-2017-ന് ഉച്ചയ്ക്ക് മുൻപായി നൽകിയിരുന്നില്ല.

(ബി) 29-11-2017-ന് ഉച്ചയ്ക്ക് രണ്ടരയ്ക്ക് INCOIS-ൽനിന്നും ഒരു ന്യൂനമർദ്ദ ബുള്ളറ്റിനും കേന്ദ്ര കാലാവസ്ഥാ വകുപ്പ്, INCOIS എന്നിവരിൽനിന്നും ലഭിച്ച മഴയും, കടൽസ്ഥിതിയും സംബന്ധിച്ച് SMS-ഉം ലഭിച്ചിരുന്നു. എന്നാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ്, ദേശീയ സമുദ്രവിവര വിനിമയ കേന്ദ്രം എന്നീ ഏജൻസികളിൽ നിന്നും ചുഴലിക്കാറ്റ് സംബന്ധിച്ച് ചട്ടപ്രകാരമുള്ള യാതൊരു മുന്നറിയിപ്പും 29-11-2017-ന് സംസ്ഥാനത്തിന് ലഭിച്ചിരുന്നില്ല.

(സി&ഡി) ഓഖി കൊടുങ്കാറ്റിനുമുമ്പ് അത് സംബന്ധിച്ച് കേന്ദ്ര മന്ത്രാലയങ്ങളിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ മുന്നറിയിപ്പ് ലഭിച്ചിരുന്നില്ല. 2017 നവംബർ 29-നും 30-ാം തീയതി വെളുപ്പിന് 1.30-നും 5.30-നും ഏജൻസി കളിൽനിന്നും 'ചുഴലി അറിയിപ്പ് ' ലഭിച്ചിരുന്നില്ല. 30-11-2017-നു രാവിലെ 5.30-നുള്ള പ്രവചനത്തിൽ കന്യാകുമാരിയിൽനിന്ന് 210 കി.മി. ദൂരെ ഒരു തീവ്ര ന്യൂനമർദ്ദം എന്ന് പറഞ്ഞിരുന്നു. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ 2013-ലെ ചുഴലിക്കാറ്റ് Standard Operating Procedure പ്രകാരം Depression എന്ന സ്ഥിതിയിൽ പ്രത്യേക നടപടികൾ ശിപാർശ ചെയ്യുന്നില്ല. Deep Depression എന്ന സ്ഥിതിയിൽ മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് ഒഴിവാക്കണം (Fishermen Advised not to venture into sea) എന്നുള്ള ഉപദേശം നൽകണം എന്ന അറിയിപ്പ് നൽകുക മാത്രമാണ് ശിപാർശ. Cyclonic storm എന്ന നിലയിൽ മാത്രമാണ് 'മത്സ്യ തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' (Total suspension of fishing) എന്ന നിർദ്ദേശമുള്ളത്. എന്നാൽ ഇത്തരത്തിൽ 'മത്സ്യത്തൊഴിലാളികൾ കടലിൽ പോകുന്നത് തടയണം' (Total suspension of fishing) എന്ന നിർദ്ദേശം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും ഒരു സാഹചര്യത്തിലും കേരളത്തിന് ലഭിച്ചിട്ടില്ല.

(ഇ) ബാധകമല്ല.

**ഓഖി രക്ഷാപ്രവർത്തനങ്ങൾക്കായി ഇന്ത്യൻ നേവിയുടെ സഹായം**

113 (89) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ചുഴലിക്കാറ്റിനെ തുടർന്ന് രക്ഷാപ്രവർത്തനങ്ങൾക്കായി ഇന്ത്യൻ നേവിയുടെ സഹായം അഭ്യർത്ഥിച്ചത് ഏത് സർക്കാർ വകുപ്പിൽ നിന്നാണെന്ന് തീയതിയും സമയവും സഹിതം വ്യക്തമാക്കുമോ;

(ബി) നേവിയുടെ സഹായം ദുരന്ത മേഖലയിൽ രക്ഷാപ്രവർത്തനങ്ങൾക്ക് ലഭ്യമായ തീയതിയും സമയവും വിശദമാക്കുമോ;

(സി) നേവിയുടെ സഹായം കൃത്യസമയത്ത് ലഭിച്ചിരുന്നെങ്കിൽ ദുരന്തത്തിന്റെ ആഘാതം കുറയുമായിരുന്നുവെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാർ നിഗമനം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ദുരന്ത നിവാരണ അതോറിറ്റിയുടെ സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്ററിൽനിന്ന് 30-11-2017-ന് രാവിലെ 9 മണിക്കുശേഷം ഇന്ത്യൻ നേവിയുടെ സഹായം അഭ്യർത്ഥിച്ചു.

(ബി-ഡി) സഹായാഭ്യർത്ഥന ലഭിച്ച ഉടനെ നേവിയുടെ കപ്പലുകൾ പുറപ്പെട്ടിരുന്നു. കൂടാതെ 6 വായുസേന വിമാനങ്ങൾ, 2 ഹെലികോപ്റ്ററുകൾ, 4 നേവി വിമാനങ്ങൾ എന്നിവ പ്രവർത്തനസജ്ജമായിരുന്നെങ്കിലും 30-11-2017-ലെ പ്രതികൂല കാലാവസ്ഥ കാരണം വൈകിട്ടും രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുവാൻ സാധിച്ചില്ല. നേവിയുടെ വലിയ കപ്പലുകൾ ചുഴലി വീശുമ്പോൾ അപകടത്തിൽപ്പെടുന്ന യാനങ്ങളുടെ 50-60 കിലോമീറ്റർ ചുറ്റളവിൽ ഉണ്ടെങ്കിൽ മാത്രമേ പെട്ടെന്നുള്ള രക്ഷാപ്രവർത്തനത്തിലൂടെ ദുരന്തത്തിന്റെ ആഘാതം കുറയ്ക്കാൻ കഴിയുമായിരുന്നുള്ളൂ. ഇത്തരത്തിൽ രക്ഷാപ്രവർത്തനത്തിന് അനുയോജ്യമായ വലിയ കപ്പലുകളുള്ള നേവിയുടെ സ്ഥിരം സംവിധാനം നിലവിൽ കൊച്ചിയിൽ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

## സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ധനസഹായം

114 (90) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ ആശുപത്രികളിൽ ചികിത്സ ചെയ്തവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്വകാര്യ ആശുപത്രികളിൽ നടത്തിയിട്ടുള്ള ചികിത്സയ്ക്കാണ് സഹായത്തിന് അർഹതയുള്ളത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടാമ്പി മണ്ഡലത്തിൽ ഈ ഇനത്തിൽ എത്ര തുക ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സ്വകാര്യ ആശുപത്രികളിൽനിന്നും ചികിത്സ നേടിയവർക്ക് ധനസഹായം നൽകാറുണ്ട്. അംഗീകൃത ഡോക്ടറിൽനിന്നും ആറ് മാസത്തിനകം എടുത്ത ഒറിജിനൽ മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം നൽകുന്ന അപേക്ഷകൾ മാത്രമേ നിലവിൽ ചികിത്സാ ധനസഹായത്തിനായി പരിഗണിക്കുകയുള്ളൂ.

(സി) നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## ജനസാന്ത്വന ഫണ്ടിൽ നിന്നുള്ള ധനസഹായം

115 (91) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ജനസാന്ത്വന ഫണ്ടിൽനിന്നും 2016 ജനുവരി മുതൽ നാളിതുവരെ എത്ര തുക ധനസഹായമായി അനുവദിച്ചിട്ടുണ്ട്;

(ബി) ഏതെല്ലാം ഇനങ്ങളിലായി എത്ര തുകയാണ് ധനസഹായമായി അനുവദിച്ചത്;

(സി) മലപ്പുറം ജില്ലയിൽനിന്നും നാളിതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും എത്ര തുക ധനസഹായമായി അനുവദിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ-സി) ജനസാന്ത്വന പദ്ധതിയിൽനിന്നും ധനസഹായവുമായി ബന്ധപ്പെട്ട് തുക അനുവദിച്ചിട്ടില്ല. ടി പദ്ധതിയുടെ ഉത്തരവ് പുനഃക്രമീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ദുരിതാശ്വാസ നിധിയിൽനിന്ന് ദേവികുളത്ത് അനുവദിച്ച തുക

116 (92) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജക മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഈ സർക്കാരിന്റെ ഭരണകാലത്ത് എത്ര തുകയാണ് ചികിത്സയ്ക്കും മറ്റും അനുവദിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷ ലഭിച്ചതിൽ ഇനിയും ദുരിതാശ്വാസ നിധിയിൽനിന്നും തുക അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നത് ഏതൊക്കെ വില്ലേജുകളിലുള്ള അപേക്ഷകർക്കാണെന്ന വിശദാംശം നൽകുമോ;

(സി) കാലതാമസം ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

(ബി&സി) കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ധനസഹായ വിതരണം കഴിയുന്നത്ര വേഗത്തിലാക്കാൻ തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഇപ്പോൾ സർക്കാരിൽനിന്നും നൽകിവരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന് ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

## ദുരിതാശ്വാസ നിധിയിൽനിന്നുള്ള ധനസഹായം

117 (93) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച തുക അപേക്ഷകന് ലഭിക്കുന്നതിൽ ഉണ്ടായിരുന്ന കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത തുക അപേക്ഷകന് ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് സ്വീകരിച്ച നടപടിയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ&ബി) ധനസഹായ വിതരണത്തിലെ കാലതാമസം ഒഴിവാക്കാൻ ഇപ്പോൾ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തുക അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് നൽകുന്നതിനോടൊപ്പം ബന്ധപ്പെട്ട തഹസിൽദാർമാർക്കും ഓൺലൈനായി ഇപ്പോൾ സർക്കാരിൽനിന്നും നൽകിവരുന്നു. അനുവദിക്കപ്പെട്ട ധനസഹായം അടിയന്തരമായി വിതരണം ചെയ്യുന്നതിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. അനുവദിക്കുന്ന തുക അപേക്ഷകന് ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു.

## ദുരന്തനിവാരണ അതോറിറ്റിക്ക് ലഭിച്ച തുക

118 (94) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിക്ക് കഴിഞ്ഞവർഷം കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഇതിനോടകം എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകുമോ;

(സി) ഓഖി ദുരന്തനിവാരണത്തിനൊഴികെ മറ്റ് എന്തൊക്കെ കാര്യങ്ങൾക്കായാണ് ഈ തുക വിനിയോഗിച്ചത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ദുരന്തനിവാരണ അതോറിറ്റിക്ക് Strengthening State Disaster Management & District Disaster Management Authority Project-ലേയ്ക്കായി 39,39,000 (മുപ്പത്തിയൊമ്പത് ലക്ഷത്തി മുപ്പത്തിയൊമ്പതിനായിരം രൂപ മാത്രം) രൂപയാണ് കേന്ദ്ര സഹായമായി ലഭിച്ചത്.

(ബി) ലഭിച്ച തുക മുഴുവൻ ചെലവഴിച്ചു.

(സി) ഈ തുക Strengthening State Disaster Management & District Disaster Management Authority Project-ന് വേണ്ടി നൽകിയതാണ്.

**ദുരന്തനിവാരണ അതോറിറ്റിയുടെ നവീകരണം**

119 (95) ശ്രീ. എ. എം. ആരിഫ് :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപ്രതീക്ഷിതമായുണ്ടായ ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ദുരന്തനിവാരണ അതോറിറ്റിയെ, ദ്രുതഗതിയിൽ ഇടപെടാൻ കഴിയും വിധം ആധുനീകരിക്കാനും നവീകരിക്കാനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) മത്സ്യബന്ധനത്തിൽ എർപ്പെട്ടിരിക്കുന്നവർക്ക് ശാസ്ത്രീയമായ മുന്നറിയിപ്പ് സംവിധാനം എർപ്പെടുത്താനും, അത്യാവശ്യഘട്ടങ്ങളിൽ വേണ്ട സുരക്ഷാ സംവിധാനങ്ങൾ മത്സ്യബന്ധനയാനത്തിൽ ഉറപ്പു വരുത്താനും സാധിക്കുമോ ;

(സി) തീരസുരക്ഷാ സേന ഉൾപ്പെടെയുള്ള സുരക്ഷാ ഏജൻസികൾക്ക് സുരക്ഷാ പ്രവർത്തനം നടത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ നൽകുന്നതിനുള്ള പദ്ധതിയുണ്ടോ; പുതിയതായി ആരംഭിക്കുന്ന എമർജൻസി ഓപ്പറേഷൻ സെന്ററിനെക്കുറിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവിധ വകുപ്പുകളുടെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ guidelines പുറപ്പെടുവിക്കുക, ദുരന്ത സമയത്ത് വിവിധ വകുപ്പുകളുടെ ഏകോപനം, വിവരശേഖരണം എന്നിവ നടത്തുക, ജില്ലാ അതോറിറ്റികൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുക എന്നിവയാണ് ദുരന്ത നിവാരണ നിയമ പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രധാന ചുമതല. അംഗീകൃത ദുരന്ത സംബന്ധിയായ

പ്രവചനം ലഭിക്കുന്ന മുറയ്ക്ക് അവയുടെ ദുരന്ത സാധ്യതകൾ വിശകലനം ചെയ്ത് ദുരന്ത പ്രതികരണ പ്രവർത്തനങ്ങളും മുന്നൊരുക്കങ്ങളും നടത്തുക എന്നതാണ് അതോറിറ്റിയുടെ ജോലി. സർക്കാർ വകുപ്പുകളുടെയും, നിലവിലുള്ള പ്രതികരണ സേനകളുടെയും ശേഷി ഉപയോഗിച്ചാണ് ദുരന്ത നിവാരണ അതോറിറ്റി പ്രവർത്തിക്കുന്നത്. 11-12-2017-ലെ സ.ഉ.(സാധാ) നമ്പർ 84/2017/ഡി.എം.ഡി. പ്രകാരം 10 ഹസാർഡ് അനലിസ്റ്റുകളെ 10 ജില്ലകളിലായി നിയമിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം ദുരന്തങ്ങൾ ഉണ്ടായാൽ നേരിടുന്നതിനുള്ള മാർഗ്ഗങ്ങൾ വിശദമായി പഠിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കാൻ 6-12-2017-ലെ സ.ഉ.(കൈ)നമ്പർ 1/2017/ഡി.എം.ഡി. പ്രകാരം ശ്രീ. രമൺ ശ്രീവാസ്തവ (റിട്ട.ഡി.ജി.പി.) അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. ആവശ്യമെങ്കിൽ ഇപ്പോൾ നിലനിൽക്കുന്ന സംവിധാനങ്ങൾ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായി പരിഷ്കരിക്കുന്നതാണ്. ഭാവിയിൽ മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന സമയത്ത് മുഴുവൻ മത്സ്യത്തൊഴിലാളികളും ഫിഷറീസ് വകുപ്പ് ഏർപ്പെടുത്തുന്ന സംവിധാനത്തിൽ രജിസ്റ്റർ ചെയ്യണമെന്നും, ബോട്ടുകളിൽ ജി.പി.എസ്. സംവിധാനവും, മത്സ്യത്തൊഴിലാളികളുടെ മൊബൈൽ ഫോണുകളും സാറ്റലൈറ്റ് സംവിധാനങ്ങളും, കാലാവസ്ഥ സംബന്ധിച്ച സന്ദേശം നൽകാനുള്ള ക്രമീകരണവും ഒരുക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാന ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിരുന്നു.

(ബി) മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്നവർക്ക് ശാസ്ത്രീയമായ മുന്നറിയിപ്പ് നൽകുന്നതിനുവേണ്ടി ഐ.എസ്.ആർ.ഒ. വികസിപ്പിച്ചെടുത്ത 'നാവിക്' എന്ന ഉപകരണം വിതരണം ചെയ്യുന്നതിനാവശ്യമായ നടപടികൾ അന്തിമ ഘട്ടത്തിലാണ്. 1-1-2018-ലെ സ.ഉ.(സാധാ)നമ്പർ 4/2018/ഡി.എം.ഡി. കടലിൽ 1500 കിലോ മീറ്റർ അകലെ വരെ സന്ദേശങ്ങളെത്തിക്കാൻ കഴിയുമെന്നാണ് ഇതിന്റെ ഉപജ്ഞാതാക്കളായ ഐ.എസ്.ആർ.ഒ. അറിയിച്ചിട്ടുള്ളത്. കടലിൽപ്പെട്ടുപോകുന്ന മത്സ്യത്തൊഴിലാളികളുടെ സ്ഥാനം നിർണ്ണയിക്കാൻ സഹായകമായ റേഡിയോ ബിക്കണുകൾ നാവിക്-ൽ ഉൾപ്പെടുത്തുന്നതാണ്. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അപകടമുണ്ടായാൽ രക്ഷപ്പെടുന്നതിനായി ഉപയോഗിക്കേണ്ടുന്ന ഉപകരണങ്ങൾ അടങ്ങിയ സുരക്ഷ കിറ്റ് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത കിറ്റ് മത്സ്യബന്ധനത്തിന് പോകുമ്പോൾ യാനത്തിൽ സൂക്ഷിക്കുന്നതിന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ യാനത്തിന്റെ സഞ്ചാരപാത കരയിലിരുന്ന് മനസ്സിലാക്കാൻ കഴിയുന്ന ഓട്ടോമാറ്റിക് വെസൽ ട്രാക്കിംഗ് സംവിധാനം 215 മത്സ്യബന്ധന ബോട്ടുകളിൽ ഇതിനകം ഘടിപ്പിച്ചിട്ടുണ്ട്. കൂടുതൽ ബോട്ടുകളിൽ ഇവ ഘടിപ്പിക്കുന്നതാണ്.

ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ് എന്നിവ മത്സ്യബന്ധനത്തിന് പോകുമ്പോൾ നിർബന്ധമായും കൊണ്ടുപോകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മത്സ്യബന്ധന യാനങ്ങളിൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന നടപടികളും ദ്രുതഗതിയിൽ നടന്നു വരുന്നു.

(സി) നിലവിൽ പ്രത്യേക പദ്ധതിയില്ല. സംസ്ഥാന അടിയന്തരഘട്ട കാര്യ നിർവഹണ കേന്ദ്രത്തിനായി പ്രത്യേക സംവിധാനങ്ങളുള്ള ഒരു 1850 sq.m. കെട്ടിടം നിർമ്മാണം തിരുവനന്തപുരത്ത് പൂർത്തിയാക്കിവരുന്നു. ഈ സംവിധാനത്തിനുള്ള കേന്ദ്രീകൃത Decision Support System കെൽട്രോൺ നടപ്പാക്കിവരുന്നു. മേൽ സംവിധാനം പൂർണ്ണമായും പുതിയ കെട്ടിടത്തിൽ പ്രവർത്തിച്ചുതുടങ്ങുന്നമുറയ്ക്ക് വിവിധ വകുപ്പുകളുടെ ഓരോ ഉദ്യോഗസ്ഥർ ഇരുപത്തിനാല് മണിക്കൂറും ഇതിൽ പ്രവർത്തിക്കുന്നതാണ്.

## ചുഴലിക്കാറ്റ് മുന്നറിയിപ്പ്

120 (96) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചുഴലിക്കാറ്റ് ഉണ്ടാകുവാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പ് സംസ്ഥാന റവന്യൂ വകുപ്പിനെ നവംബർ 29-ന് രേഖാമൂലം അറിയിപ്പ് നൽകിയിരുന്നോ;

(ബി) പ്രസ്തുത മുന്നറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ക്രൈസിസ് മാനേജ്മെന്റ് ടീം നവംബർ 29-ന് യോഗം ചേർന്നിരുന്നോ;

(സി) മുന്നറിയിപ്പിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ടീം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്?

### ഉത്തരം

(എ) 29-11-2017-ന് മുന്നറിയിപ്പ് നൽകിയിരുന്നില്ല.

(ബി) 29-11-2017-ന് ചേർന്നിട്ടില്ല.

(സി) 30-11-2017-ന് കേന്ദ്ര കാലാവസ്ഥാ വകുപ്പിൽനിന്നും ചുഴലിക്കാറ്റ് മുന്നറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഉച്ചയ്ക്ക് 1.30-ന് ചേർന്ന Crisis Management Group യോഗത്തിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾക്കും, മത്സ്യബന്ധനത്തൊഴിലാളികൾക്കും മലയോര മേഖലയിലെയും, തീരമേഖലയിലെയും വിനോദസഞ്ചാര കേന്ദ്രങ്ങൾക്കും പൊതുജനങ്ങളുടെ ശ്രദ്ധയ്ക്കും വിശദമായ നിർദ്ദേശങ്ങൾ

നൽകി. 2005-ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ട് സെക്ഷൻ 18(3) പ്രകാരം കേന്ദ്ര സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ചെയർമാനിൽ നിക്ഷിപ്തമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിന് അംഗീകാരം നൽകുകയും ചുഴലിക്കാറ്റ് Severe Cyclonic Storm എന്ന സ്ഥിതിയിൽ എത്തിയാലുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ വ്യക്തമായ നിർദ്ദേശം ജില്ലകൾക്കും പത്ര മാധ്യമങ്ങൾക്കും നൽകി. തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി 30-11-2017-ന് തന്നെ തീരസംരക്ഷണ സേനയോട്, രക്ഷാപ്രവർത്തനത്തിന് സഹായം അഭ്യർത്ഥിക്കുകയും Standard Operating Procedures പ്രകാരം Army, Navy, Air Force, Fire & Rescue Services, Coast Guard എന്നിവരെ ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങളും ഏകോപനവും ഉറപ്പ് വരുത്തി. ആധുനിക വിമാനങ്ങളും, കപ്പലുകളും തിരുവനന്തപുരം തീരത്ത് എത്തുവാൻ ശ്രമിച്ചെങ്കിലും 30-11-2017-ലെ പ്രതികൂല കാലാവസ്ഥാ സ്ഥിതിയിൽ രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുവാൻ സാധിച്ചില്ല. 6 വായുസേനാ വിമാനങ്ങൾ, 2 ഹെലികോപ്റ്ററുകൾ, 2 കോസ്റ്റ്ഗാർഡ് കപ്പലുകൾ, 1 കോസ്റ്റ് ഗാർഡ് ഹെലികോപ്റ്റർ, 4 നേവി വിമാനങ്ങൾ എന്നിവ രാത്രിയോടുകൂടി രക്ഷാപ്രവർത്തനം ആരംഭിച്ചു. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനെ ചീഫ് സെക്രട്ടറി ബന്ധപ്പെട്ട് കടലിൽ യാത്രചെയ്യുന്ന എല്ലാ വാണിജ്യ കപ്പലുകൾക്കും ഉൾക്കടലിൽ അപകടത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളെ രക്ഷിക്കുവാൻ സഹായം അഭ്യർത്ഥിച്ചു. ഓരോ താലൂക്കിലും പ്രത്യേകം കൺട്രോൾ റൂം സജ്ജീകരിക്കുകയും 18 ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും 261 കുടുംബങ്ങളെ മാറ്റി പാർപ്പിക്കുകയും ചെയ്തു. ദുരിതബാധിതർക്ക് ചികിത്സ പൂർണ്ണമായും സൗജന്യമായി നൽകുവാൻ നിർദ്ദേശിച്ചു. റവന്യൂ, പോലീസ്, ഫിഷറീസ്, വായുസേന, നേവി, കോസ്റ്റ്ഗാർഡ് എന്നിവരുടെ സംയുക്ത കൺട്രോൾ റൂം ആരംഭിച്ച് Operation Synergy എന്ന പേരിൽ രക്ഷാപ്രവർത്തനം നടത്തി. തീരദേശ താലൂക്കുകളിലും കൺട്രോൾ റൂം ആരംഭിച്ചു. കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് അടിയന്തര സഹായമായി കൂടുതൽ കപ്പലുകളും, വിമാനങ്ങളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടു. ലക്ഷദ്വീപിൽ എത്തിയ മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ സഹായം നൽകുവാൻ പ്രസ്തുത സർക്കാരിനോട് അഭ്യർത്ഥിച്ചു. കൊച്ചി കേന്ദ്രീകരിച്ച് ഒരു കൺട്രോൾ റൂം ആരംഭിച്ചു. ഫിഷറീസ് വകുപ്പ് പ്രാദേശിക മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി കൊച്ചിയിൽനിന്നും വലിയ മത്സ്യബന്ധന ബോട്ടിൽ തെരച്ചിൽ നടത്തി. മഹാരാഷ്ട്ര, ഗോവ, ഗുജറാത്ത്, കർണ്ണാടക തീരങ്ങളിലെത്തിയ മലയാളികൾക്ക് ആവശ്യമായ ഇന്ധനവും 2500 രൂപവീതവും നൽകുവാൻ അതാത് സംസ്ഥാനങ്ങളോട് അഭ്യർത്ഥിച്ചു. രക്ഷാപ്രവർത്തനത്തിന്റെ മുഖ്യ ഏകോപന കേന്ദ്രം കൊച്ചിയിലെ നേവിയുടെ Joint Operations Command-ലേയ്ക്ക് മാറ്റി. കേന്ദ്ര സേനകൾ അവരുടെ അന്വേഷണം തുടരണമെന്നും മറ്റ് രാജ്യങ്ങളിലെത്തിപ്പെട്ട മത്സ്യത്തൊഴിലാളികളെ തിരിച്ചെത്തിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും 7340.45 കോടി രൂപയുടെ പുനരധിവാസ പാക്കേജ് ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

121 (98) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും തലശ്ശേരി നിയോജക മണ്ഡലത്തിൽ എത്രപേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയതിന്റെ മൊത്തം തുകയുടെ വില്ലേജ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

മണ്ഡലം തിരിച്ചുള്ള കണക്കും വില്ലേജ് തിരിച്ചുള്ള കണക്കും സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

122 (99) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും എത്രപേർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്;

(ബി) എത്ര തുകയാണ് ഇതിനായി വിനിയോഗിച്ചത്;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒറ്റപ്പാലം അസംബ്ളി മണ്ഡലത്തിലെ എത്രപേർക്ക് ആനുകൂല്യം ലഭിച്ചിട്ടുണ്ട്; എത്ര തുക നല്കുകയുണ്ടായി; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽവന്ന് നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും 1,72,456 പേർക്ക് ആകെ 247,01,99,342 രൂപ ആനുകൂല്യം നല്കിയിട്ടുണ്ട്.

(സി) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

123 (100) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും എത്ര തുക വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ആകെ ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 1,72,456 പേർക്കായി ആകെ 247,01,99,342 രൂപ വിതരണം ചെയ്തിട്ടുണ്ട്.

## ദുരിതാശ്വാസ നിധിയിൽനിന്നും നിലമ്പൂരിൽ അനുവദിച്ച തുക

124 (101) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നിലമ്പൂർ മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഇതുവരെ എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്ന തുകയുടെ മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ചികിത്സാ ധനസഹായം

125 (102) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്നതിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ ആശുപത്രികളിൽ ഏതെല്ലാം രോഗങ്ങൾക്ക് ചികിത്സയിലുള്ളവർക്കാണ് ധനസഹായം അനുവദിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂവാറ്റുപുഴ നിയോജക മണ്ഡലത്തിൽ നാളിതുവരെ ആകെ എത്ര പേർക്ക് എത്ര തുക ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) മാരക രോഗങ്ങൾക്ക് ചികിത്സാ ധനസഹായം, അപകട മരണങ്ങൾക്ക് ഇരയായവരുടെ ആശ്രിതർക്ക് ധനസഹായം, ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത വീടുകൾക്കും ചെറുകിട കച്ചവട സ്ഥാപനങ്ങൾക്കും തീപിടുത്തത്തിൽ നാശനഷ്ടം ഉണ്ടായാൽ ധനസഹായം, കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപാധികൾ

നഷ്ടപ്പെട്ടവർക്ക് ധനസഹായം തുടങ്ങിയവയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പ്രധാനമായും നൽകിവരുന്നത്. ധനസഹായത്തിന് അപേക്ഷ നൽകുന്നതിനുള്ള അപേക്ഷകന്റെ വാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ ആണ്. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകളായ 6 മാസത്തിനകം എടുത്ത മെഡിക്കൽ സർട്ടിഫിക്കറ്റ്, അപകടമരണം സംബന്ധിച്ച കേസ്സുകളിൽ പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ., മരണ സർട്ടിഫിക്കറ്റ് തുടങ്ങിയവയും ഹാജരാക്കേണ്ടതാണ്. അപകടമരണം നടന്ന് ഒരു വർഷത്തിനുള്ളിൽ അപേക്ഷ നൽകിയിരിക്കണം.

(ബി) എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിൽ നിന്നും ചികിത്സ നേടിയിട്ടുള്ള ക്യാൻസർ, വൃക്ക, കരൾ തുടങ്ങിയ മാരക രോഗബാധിതർ, തീവ്രപരിചരണം ആവശ്യമായി വരുന്ന മറ്റു രോഗികൾ എന്നിവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ ധനസഹായം അനുവദിച്ചുവരുന്നു.

(സി) നിയോജക മണ്ഡലം തിരിച്ചുള്ള കണക്കുകൾ സൂക്ഷിക്കാറില്ല.

## ഉഡാൻ വിമാനയാത്രാ പദ്ധതി

126 (103) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാധാരണക്കാർക്ക് ആഭ്യന്തര വിമാനയാത്ര സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ഉഡാൻ വിമാനയാത്രാ പദ്ധതിയിൽ പങ്കാളിയാകാൻ സംസ്ഥാനം കേന്ദ്രവുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്തെ ഏത് വിമാനത്താവളത്തിൽ നിന്നുമാണ് ഉഡാൻ പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ഉണ്ട്. എയർലൈൻ ഓപ്പറേറ്റർമാരുടെ സഹായത്തോടെ ആഭ്യന്തര വിമാനയാത്രയെ പ്രോത്സാഹിപ്പിക്കുന്നതിനായി കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ, എയർലൈൻ ഓപ്പറേറ്റർമാർ എന്നിവർ സംയുക്തമായി സഹകരിച്ച് ആഭ്യന്തര റൂട്ടുകളിൽ ചെലവ് കുറഞ്ഞ വിമാനയാത്ര സാധ്യമാക്കുന്നതിന് വേണ്ടിയുള്ള സ്കീമാണ് റീജിയണൽ കണക്ടിവിറ്റി സ്കീം (ആർ.സി.എസ്.സ്കീം-ഉഡാൻ). 27-12-2017-ൽ കേന്ദ്ര വ്യോമയാന മന്ത്രാലയവുമായും എയർപോർട്ട് അതോറിറ്റിയുമായും ആർ.സി.എസ്. സ്കീമിന്റെ മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് ഒപ്പുവച്ചിട്ടുണ്ട്.

(ബി) കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി റീജിയണൽ സർവ്വീസ് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കുമ്പഴ-കല്ലേലി വിമാനത്താവളം

127 (104) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുമ്പഴ-കല്ലേലി വിമാനത്താവളത്തെ സംബന്ധിച്ച് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ്;

(ബി) ഓരോരുത്തരും നൽകിയ പ്രൊപ്പോസലുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതുസംബന്ധിച്ച് നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് ഇനംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) UNIWDE Engineers and Contractors Pvt. Ltd. എന്ന കമ്പനി പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ഇ) ആയതിന്റെ നിലിവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ-ഇ) ഇതുസംബന്ധിച്ച് വിവിധ നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. ശബരിമലയുമായി ബന്ധപ്പെട്ട് തീർത്ഥാടകരുടെ സൗകര്യാർത്ഥം കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ഏജൻസികളിൽനിന്നും അംഗീകാരവും ക്ലിയറൻസും ലഭിക്കണമെന്ന വ്യവസ്ഥയിൽ ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് 21-2-2017-ലെ ഉത്തരവ് പ്രകാരം തത്വത്തിൽ അംഗീകാരം നൽകുകയും സാധ്യതാ പഠനത്തിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എസ്.ഐ.ഡി.സി.) നെ ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും പരിസ്ഥിതി ആഘാത പഠനത്തിനായും കൺസൾട്ടന്റായി M/s. ലൂയിസ് ബർഗർ കൺസൾട്ടിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെ തെരഞ്ഞെടുത്തിട്ടുണ്ട്. നിർദ്ദിഷ്ട എയർപോർട്ടിനായുള്ള ഭൂമിയുടെ വിസ്തീർണ്ണം, തിരുവനന്തപുരം, കൊച്ചി തുടങ്ങിയ നഗരങ്ങളിൽ നിന്നുമുള്ള ദൂരം, തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേയ്ക്കുള്ള ദൂരം, സ്ഥലത്തിന്റെ ഭൂപ്രകൃതി, ഗതാഗത സൗകര്യം, റിസർവ് വനത്തിന്റെ സാന്നിദ്ധ്യം മറ്റ് വികസന സാധ്യതകൾ എന്നീ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി ഉദ്യോഗസ്ഥ സംഘം പ്രാഥമിക പരിശോധന നടത്തിയ പത്തനംതിട്ട, കോട്ടയം ജില്ലകളിലെ 6 സ്ഥലങ്ങളിൽ കല്ലേലി-കുമ്പഴ എസ്റ്റേറ്റുകളും ഉൾപ്പെട്ടിരുന്നു. മുൻഗണനാക്രമത്തിൽ തയ്യാറാക്കിയ പട്ടികയിൽനിന്നും ശബരിമല വിമാനത്താവള പദ്ധതിക്കായി ചെറുവള്ളി എസ്റ്റേറ്റ് എന്നറിയപ്പെടുന്ന ഹാരിസൺ മലയാളം പ്ലാന്റേഷനെ തെരഞ്ഞെടുത്തുകൊണ്ട് 21-7-2017-ലെ ജി.ഒ. (എംഎസ്) 60/2017/ഗതാ. നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

128 (105) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിലെ റൺവേ, പാസഞ്ചർ ടെർമിനലുകൾ, പാർക്കിംഗ് ഏര്യ തുടങ്ങിയവയുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതുമായി ബന്ധപ്പെട്ട് പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;

(ബി) വിവിധ പ്രവൃത്തികളുടെ നിർമ്മാണ പൂർത്തീകരണം കഴിഞ്ഞ് സർവസജ്ജമായ കണ്ണൂർ വിമാനത്താവളത്തിന്റെ സുരക്ഷാ പരിശോധനകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) വിമാനത്താവളത്തിന്റെ ആരംഭഘട്ടത്തിൽ ഏതെല്ലാം ആഭ്യന്തര സർവ്വീസുകളും ഏതെല്ലാം വിദേശ സർവ്വീസുകളും ആരംഭിക്കുവാനാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം വിമാന കമ്പനികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) റൺവെയും ഏപ്രണും (വിമാന പാർക്കിംഗ് ഏരിയ) 100% പൂർത്തിയായി. 07 RE Wall-ഉം അനുബന്ധ പ്രവൃത്തികളായ ചുറ്റുമതിൽ, സ്റ്റാറ്റിക് വാട്ടർ ടാങ്ക്, ലോക്കലൈസർ ഹട്ട്, ലോക്കലൈസർ ആന്റിന, പെരിമീറ്റർ ലൈറ്റിംഗ്, ഇലക്ട്രിക്കൽ വർക്ക്സ് മുതലായ പ്രവൃത്തികൾ 2018 ഫെബ്രുവരി അവസാനത്തോടുകൂടി പൂർത്തിയാകും. പാസഞ്ചർ ടെർമിനൽ ബിൽഡിംഗും അനുബന്ധ പ്രവൃത്തികളും 95% പൂർത്തിയായി. പാസഞ്ചർ ടെർമിനൽ ബിൽഡിംഗ് പ്രവൃത്തി (ടെസ്റ്റിംഗും കമ്മീഷനിംഗും ഉൾപ്പെടെ) 2018 ജനുവരി 31 -നകം പൂർത്തിയാകും.

(ബി) സെക്യൂരിറ്റി കമ്മിറ്റി 2017 ഏപ്രിൽ 20-നും 21-നും യോഗം ചേരുകയും സി.ഐ.എസ്.എഫ്. എത്ര ഉദ്യോഗസ്ഥരെ നിയമിക്കണമെന്നും തീരുമാനിച്ചിട്ടുണ്ട്. ഡി.ജി.സി.എ., ബി.സി.എ.എസ്., എയർപോർട്ട് അതോറിറ്റി തുടങ്ങിയ ഏജൻസികളുടെ അന്തിമ സംയുക്ത സുരക്ഷാ പരിശോധന 2018 ഏപ്രിലിൽ തന്നെ പൂർത്തിയാകും.

(സി) കൊമേഴ്സ്യൽ ഓപ്പറേഷൻ ആരംഭിക്കുന്ന കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഉഡാൻ സ്കീമിൽ ഉൾപ്പെടുത്തി റീജിയണൽ സർവ്വീസ് ആരംഭിക്കും. ഇൻഡിഗോ, സ്പൈസ് ജെറ്റ് മുതലായ വലിയ വിമാനക്കമ്പനികൾ തിരുവനന്തപുരം, ഗോവ, ചെന്നൈ, ബാംഗ്ലൂർ, ഹിൻഡൻ (ഗാസിയാബാദ്), കൊച്ചി, ന്യൂഡൽഹി എന്നീ നഗരങ്ങൾ ഉൾപ്പെടെ ഏകദേശം പത്തോളം റൂട്ടുകളിലായി ഇരുപതോളം വിമാന സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. അവ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| 1. | ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - സ്പൈസ് ജെറ്റ് |
| 2. | ചെന്നൈയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - ഇൻഡിഗോ |
| 3. | ഹിൻഡനിൽ (ഗാസിയാബാദ്) നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - ഇൻഡിഗോ |
| 4. | ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - സ്പൈസ് ജെറ്റ് |
| 5. | ബാംഗ്ലൂരിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - ഇൻഡിഗോ |
| 6. | ഹുബ്ലിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - ഇൻഡിഗോ |
| 7. | ഡൽഹിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - സ്പൈസ് ജെറ്റ് |
| 8. | ഗോവയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - ഇൻഡിഗോ |
| 9. | കൊച്ചിയിൽ നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - ഇൻഡിഗോ |
| 10. | തിരുവനന്തപുരത്ത് നിന്ന് കണ്ണൂരിലേയ്ക്കും തിരിച്ചും | - ഇൻഡിഗോ |

2 ഇൻഡ്യൻ വിമാന കമ്പനികൾക്ക് അതായത്, ജെറ്റ് എയർവേയ്സിനും, ഗോ എയറിനും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും യഥാക്രമം, ദമാമിലേയ്ക്കും, അബുദാബിയിലേയ്ക്കും തിരിച്ചും സർവ്വീസ് നടത്തുന്നതിന് അന്താരാഷ്ട്ര വ്യോമ ഗതാഗത അനുമതി ലഭിച്ചിട്ടുണ്ട്. എയർ ഇന്ത്യ എക്സ്പ്രസ് ആറ് ഗൾഫ് രാജ്യങ്ങളിലേയ്ക്കായി ഫ്ലൈറ്റുകൾ സർവ്വീസ് നടത്തുന്നതിനായി പ്ലാൻ ചെയ്തിട്ടുണ്ട്. എയർ ഇൻഡ്യ, എമിറേറ്റ്സ്, ഖത്തർ എയർവേയ്സ്, ഇത്തിഹാദ്, ഒമാൻ എയർ, എയർ ഏഷ്യ, ഫ്ലൈ ദുബൈ, എയർ അറേബ്യ, ഗൾഫ് എയർ, ശ്രീലങ്കൻ എയർവേയ്സ്, ടൈഗർ എയർവേയ്സ് മുതലായ വിമാന കമ്പനികളും കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിൽനിന്നും സർവ്വീസ് നടത്താനുള്ള അന്തിമ ചർച്ച നടന്നുവരികയാണ്.

## അന്താരാഷ്ട്ര വിമാനത്താവളം

129 (106) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമലയ്ക്കടുത്ത് അന്താരാഷ്ട്ര വിമാനത്താവളം എന്ന പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കാമോ;

(ബി) ഇതിനായി ഏതൊക്കെ സ്ഥലങ്ങളാണ് അന്തിമ പട്ടികയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ; എന്തൊക്കെ നടപടികളാണ് ഇനി പൂർത്തിയാക്കാനുള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) വിമാനത്താവളത്തിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ പൂർത്തിയാക്കി എന്ന് ആരംഭിക്കാനാകുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം ഒരു ഗ്രീൻ ഫീൽഡ് എയർപോർട്ട് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും, ഇതിലേയ്ക്ക് ഒരു ആധികാരിക ഏജൻസി മുഖേന സാധ്യതാ പഠനം നടത്തുന്നതിന് 21-2-2017-ലെ സ.ഉ.(കൈ) 13/2017/ഗതാഗതം ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ (കെ.എസ്.ഐ.ഡി.സി.) ചുമതലപ്പെടുത്തുകയും ചെയ്തു. ടെക്നോ ഇക്കണോമിക് ഫീസിബിലിറ്റി പഠനത്തിനായും, പരിസ്ഥിതി ആഘാത പഠനത്തിനായും ഒരു ആധികാരിക ഏജൻസിയെ തെരഞ്ഞെടുക്കുന്നതിനായി കെ.എസ്.ഐ.ഡി.സി. ഒരു താൽപ്പര്യപത്രം പ്രസിദ്ധപ്പെടുത്തുകയും, സുതാര്യമായ തെരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ Louis Berger Consulting Pvt. Ltd. എന്ന സ്ഥാപനത്തെ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും ചെയ്തു. 25-9-2017-ലെ 76/2017/ഗതാ നമ്പർ സർക്കാർ ഉത്തരവിലൂടെ ആയതിന് വ്യവസ്ഥകൾക്ക് വിധേയമായി സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത കൺസൾട്ടന്റുമായി കെ.എസ്.ഐ.ഡി.സി. ധാരണാപത്രം ഒപ്പിടുകയും കൺസൾട്ടന്റ് പഠനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ധാരണാപത്രം പ്രകാരം പഠനം ആരംഭിച്ച് നാല് മാസത്തിനുള്ളിൽ പഠന റിപ്പോർട്ടും 9 മാസത്തിനുള്ളിൽ പാരിസ്ഥിതിക അനുമതിയും ലഭ്യമാക്കേണ്ടതുണ്ട്.

(ബി) റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗസ്ഥ സംഘം പ്രാഥമിക പരിശോധന നടത്തിയ 6 സ്ഥലങ്ങളുടെ പേരുവിവരം മുൻഗണനാക്രമത്തിൽ തയ്യാറാക്കി സമർപ്പിച്ചത് താഴെപറയും പ്രകാരമാണ്.

| ക്രമ നമ്പർ | സ്ഥലങ്ങളുടെ പേരുവിവരം |
|---|---|
| (1) | (2) |
| 1 | ഹാരിസൺ മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് (ചെറുവള്ളി എസ്റ്റേറ്റ്) |
| 2 | ട്രാവൻകൂർ റബ്ബേഴ്സ് ക്ലിപ്തം കോട്ടയം (പ്രൊപ്പോസ് എസ്റ്റേറ്റ്) |

| (1) | (2) |
|---|---|
| 3 | ട്രോപ്പിക്കൽ പ്ലാന്റേഷൻ കോട്ടയം (വെള്ളനാടി എസ്റ്റേറ്റ്) |
| 4 | ളാഹ എസ്റ്റേറ്റ്, റാന്നി, പത്തനംതിട്ട |
| 5 | കല്ലേലി എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട |
| 6 | കുമ്പഴ എസ്റ്റേറ്റ്, കോന്നി, പത്തനംതിട്ട |

21-7-2017-ലെ 60/2017/ഗതാഗതം നമ്പർ സർക്കാർ ഉത്തരവിലൂടെ ചെറുവള്ളി എസ്റ്റേറ്റിനെ ശബരിമല വിമാനത്താവള പദ്ധതിക്കനുയോജ്യമായ സ്ഥലമായി തെരഞ്ഞെടുത്ത് ഉത്തരവായിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട കൺസൾട്ടന്റിന്റെ പഠനം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ.

**കൊച്ചി മെട്രോ**

130 (107) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മെട്രോ തൃപ്പൂണിത്തുറ വരെ നീട്ടുന്നതിന്റെ ഭാഗമായുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം ഉണ്ടാകുന്നുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; നിർമ്മാണം എപ്പോൾ പൂർത്തിയാകും എന്ന് അറിയിക്കുമോ;

(ഡി) കൊച്ചി മെട്രോ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടിയാൽ, ലഭ്യമാകുന്ന പാർക്കിംഗ് സൗകര്യം, കൂടുതൽ മെട്രോ യാത്രക്കാർ എന്നിങ്ങനെയുള്ള കാര്യങ്ങൾ പരിഗണിച്ച് ആയതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊച്ചി മെട്രോയുടെ Phase I A-യുടെ ഭാഗമായി തൃപ്പൂണിത്തുറ പേട്ട മുതൽ എസ്.എൻ. ജംഗ്ഷൻ വരെയുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളതും, ഇതിന്റെ ഭാഗമായുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നിയമപരമായ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലതാമസം നേരിടുന്നുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു. ഡിസംബർ 2021-ൽ നിർമ്മാണം പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) Phase III -യുടെ ഭാഗമായി കൊച്ചി മെട്രോ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ നീട്ടുന്നതിനുള്ള വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

**പറമ്പിക്കുളം - ആളിയാർ കരാർ**

131 (108) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം നമ്മുടെ സംസ്ഥാനത്തിന് അർഹതപ്പെട്ട ജലം ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

(ബി) പ്രസ്തുത കരാർ പ്രകാരം ഈ വർഷം ജലം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) പറമ്പിക്കുളം -ആളിയാർ കരാർ പുതുക്കി നിശ്ചയിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ;

(ഡി) ഈ കരാർ പ്രകാരം നമുക്ക് ലഭിക്കുന്ന ജലം ഏതെല്ലാം മേഖലകളിലേക്കാണ് വിതരണം നടത്തുന്നത് എന്നും ഏത് അളവിലാണ് ഓരോ പ്രദേശത്തേക്കും വിതരണം നടത്തുന്നത് എന്നും വിശദമാക്കുമോ?

ഉത്തരം

(എ) നടപ്പ് (2017-18) ജല വർഷത്തിന്റെ തുടക്കംമുതൽതന്നെ പറമ്പിക്കുളം ആളിയാർ പദ്ധതി (പി.എ.പി.)-യിൽനിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം പരമാവധി നേടിയെടുത്ത് ജലക്ഷാമം പരിഹരിക്കാനുള്ള ശക്തമായ നടപടി സ്വീകരിച്ചുവരുന്നു. ഈ വിഷയത്തിൽ കേരള സർക്കാരും, ജലസേചന വകുപ്പും, കേരള വൈദ്യുതി ബോർഡും ശക്തമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. പി.എ.പി. കരാർ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കേരളത്തിന് അർഹതപ്പെട്ട ജലം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഉദ്യോഗസ്ഥ തലത്തിലും, ഗവൺമെന്റ് തലത്തിലും തമിഴ്നാടിന് ഈ ജലവർഷത്തിൽ നിരവധി കത്തുകൾ അയയ്ക്കുകയുണ്ടായി. 23-11-2017-ന് ജോയിന്റ് ഡയറക്ടർ, ജെ.ഡബ്ല്യു.ആർ. ഡിവിഷൻ, പാലക്കാട്, തമിഴ്നാടിന്റെ പറമ്പിക്കുളം ആളിയാർ ബേസിൻ സർക്കിൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുമായി

നടത്തിയ ചർച്ചയിൽ, 20-12-2017-ന് മുമ്പായി 500 എം.സി.എഫ്.ടി. ജലം പറമ്പിക്കുളം ഡാമിൽനിന്നും ആളിയാർ ഡാമിൽ എത്തിക്കാമെന്ന് തമിഴ്നാട് സമ്മതിച്ചിരുന്നു. ഇതനുസരിച്ച് 24-11-2017-ന് ആളിയാർ ഡാമിലേയ്ക്ക് വെള്ളമെത്തിക്കുന്നത് തുടങ്ങുകയും 20-12-2017-ന് മുമ്പായിത്തന്നെ ജലം പറമ്പിക്കുളം ഡാമിൽനിന്നും ആളിയാർ ഡാമിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. ഡിസംബർ മാസത്തിലെ രണ്ട് ദ്വൈവാരങ്ങളിലും മണക്കടവ് വിയറിൽ കരാർ പ്രകാരം (ആകെ 1020 എം.സി.എഫ്.ടി) വെള്ളം ലഭ്യമാക്കാമെന്ന് ചർച്ചയിൽ തമിഴ്നാട് സമ്മതിച്ചിരുന്നു. ഈ ജലം ഏറെക്കുറെ മണക്കടവ് വിയറിൽ ലഭ്യമാക്കിയിട്ടുണ്ട്. ചിറ്റൂർ പുഴ പദ്ധതിയിലെ രണ്ടാം വിള നെൽകൃഷിക്ക് വേണ്ട ജലം ലഭ്യമാക്കുന്നത് സംബന്ധിച്ച് 19-1-2018-ന് ഇരു സംസ്ഥാനങ്ങളിലേയും ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിലുള്ള ഒരു യോഗം തിരുവനന്തപുരത്തുവച്ച് ചേർന്നു. അതിനോടനുബന്ധിച്ച് ചേർന്ന, ഇരു സംസ്ഥാന ങ്ങളുടേയും സംയുക്ത ജല ക്രമീകരണ ബോർഡ് (JWRB) യോഗത്തിൽ 2017 ഫെബ്രുവരി 15-ാം തീയതി വരെ 400 ക്യൂസെക്സ് ജലം കേരളത്തിന് മണക്കടവ് വിയറിൽനിന്ന് ലഭ്യമാക്കാമെന്ന് തമിഴ്നാട് സമ്മതിച്ചിട്ടുണ്ട്. തുടർന്നുള്ള ദിവസങ്ങളിലെ, അതായത് ഫെബ്രുവരി 15-നുശേഷം വിട്ടുനല്കുന്ന ജലത്തിന്റെ അളവ് ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ ഫെബ്രുവരി രണ്ടാം വാരത്തിൽ സെക്രട്ടറിതല ചർച്ച ചെന്നൈയിൽ ചേരുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം അതായത് ജൂലൈ 1 മുതൽ ജൂൺ 30 വരെ മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.യുമാണ് കേരളത്തിന്റെ ജല വിഹിതം. കൂടാതെ ഒക്ടോബർ 1 മുതൽ ജനുവരി 31 വരെയുള്ള അപ്പർ നീരാറിലെ തനത് നീരൊഴുക്കും കേരളത്തിന് അവകാശപ്പെട്ടതാണ്. ഇത് കേരളത്തിന് ലഭിക്കുന്നുണ്ട്. എന്നാൽ കരാർ പ്രകാരം ഇതിന്റെ അളവ് നിജപ്പെടുത്തിയിട്ടില്ല. ഇതിനു പുറമെ പറമ്പിക്കുളം വ്യൂഹം (പറമ്പിക്കുളം, തൂണക്കടവ്, പെരുവാരിപ്പള്ളം) ഡാമുകളുടെയും ലോവർ നീരാർ ഡാമിന്റെയും തനതുനീരൊഴുക്ക് 16350 എം.സി.എഫ്.ടി. കവിയുകയാണെങ്കിൽ അധികമായി വരുന്ന ജലത്തിൽ 2500 എം.സി.എഫ്.ടി. ജലം കേരളത്തിലെ ചിറ്റൂർ പ്രദേശത്തെ ജലസേചനത്തിനും, ശേഷിക്കുന്ന ജലം ചാലക്കുടി പുഴയിലേയ്ക്കും വിടേണ്ടതാണ്. എന്നാൽ നടപ്പ് ജല വർഷത്തിൽ തനത് നീരൊഴുക്ക് 16350 എം.സി.എഫ്.ടി. എന്ന പരിധി കടന്നിട്ടില്ല. നടപ്പ് ജല വർഷത്തിൽ (2017-18) കരാർ പ്രകാരം മണക്കടവ് വിയറിൽ 2017 ജൂലൈ 1 മുതൽ 2018 ജനുവരി 15 വരെ 5200 എം.സി.എഫ്.ടി. ജലമാണ് ലഭിക്കേണ്ടത്. എന്നാൽ ഈ കാലയളവിൽ 4494 എം.സി.എഫ്.ടി. ജലമേ കിട്ടിയിട്ടുള്ളൂ. കൂടാതെ കേരള ഷോളയാറിലെ ജലവിതാനം 2017 സെപ്റ്റംബർ 1-ന് പൂർണ്ണ ജലനിരപ്പായ (ഫുൾ റിസർവോയർ ലെവൽ) 2663 അടിയിൽ തമിഴ്നാട് എത്തിച്ചിട്ടില്ല. കേരള

ഷോളയാറിലെ ജലവിതാനം 2017 സെപ്റ്റംബർ 1-ന് 2651.60 അടിമാത്രമായിരുന്നു. പി.എ.പി.യിൽ നിന്ന് കേരളത്തിന് അവകാശപ്പെട്ട ജലം നേടിയെടുത്ത് ചിറ്റൂർപുഴ പദ്ധതി പ്രദേശത്തെ നിലവിലെ ജലക്ഷാമം പരിഹരിക്കാനുള്ള ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു.

(സി) പറമ്പിക്കുളം ആളിയാർ പദ്ധതിക്കരാറിന്റെ കാലാവധിയെ സംബന്ധിച്ച് കരാറിൽ പരാമർശിച്ചിട്ടില്ല. എന്നാൽ കരാറിന്റെ ഖണ്ഡിക 5(സി) അനുസരിച്ച് ഉഭയകക്ഷി സമ്മതപ്രകാരം കരാറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ ഓരോ മുപ്പത് വർഷത്തെയും അനുഭവത്തിന്റെ വെളിച്ചത്തിൽ പുനരവലോകനം ചെയ്യാമെന്ന് വ്യവസ്ഥയുണ്ട്. ഇതനുസരിച്ച് കരാറിലെ വ്യവസ്ഥകൾ പുനരവലോകനം ചെയ്യുവാനുള്ള കാലാവധി 1988 നവംബർ 9-ന് തികഞ്ഞിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കരാർ പുനരവലോകനം ചെയ്യുന്നതിനുള്ള നടപടി കേരളം 1988-ൽ തന്നെ ആരംഭിക്കുകയുണ്ടായി. പക്ഷെ ഇതുവരെ കേരളവും തമിഴ്നാടും പരസ്പരധാരണയിൽ എത്തിച്ചേരാത്തതിനാൽ കരാർ പുനരവലോകനം യാഥാർത്ഥ്യമായിട്ടില്ല. കേരളവും തമിഴ്നാടും തമ്മിലുള്ള വിവിധ അന്തർ സംസ്ഥാന ജല വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ 19-1-2018-ന് ഇരു സംസ്ഥാനങ്ങളിലേയും ബന്ധപ്പെട്ട സെക്രട്ടറിമാർ തമ്മിലുള്ള ഒരു യോഗം തിരുവനന്തപുരത്തുവച്ച് ചേരുകയും പ്രസ്തുത യോഗത്തിൽ പി.എ.പി. കരാർ പുനരവലോകനം നടത്താമെന്ന് ധാരണയായിട്ടുണ്ട്.

(ഡി) പി.എ.പി. കരാർ പ്രകാരം ഒരു ജലവർഷം മണക്കടവ് വിയറിൽ 7250 എം.സി.എഫ്.ടി.-യും കേരള ഷോളയാർ സംഭരണിയിൽ 12300 എം.സി.എഫ്.ടി.യുമാണ് കേരളത്തിന്റെ ജല വിഹിതം. മണക്കടവ് വിയറിൽ ലഭിക്കുന്ന ജലം ചിറ്റൂർപ്പുഴ പദ്ധതി പ്രദേശത്തേയ്ക്കും, കേരള ഷോളയാർ സംഭരണിയിൽ ലഭിക്കുന്ന ജലം ചാലക്കുടിപ്പുഴ പദ്ധതി പ്രദേശത്തേയ്ക്കുമാണ് മുഖ്യമായും ലഭ്യമാക്കുന്നത്. പറമ്പിക്കുളം - ആളിയാർ കരാർ പ്രകാരം തമിഴ്നാട് ഷോളയാറിൽനിന്നും കേരള ഷോളയാറിലേയ്ക്ക് ഒരു ജല വർഷത്തിൽ 12.30 TMC ft വെള്ളമാണ് ലഭിക്കേണ്ടത്. കേരള ഷോളയാറിൽ നിന്നും പൊരിങ്ങൽകുത്ത് ഹൈഡ്രോ ഇലക്ട്രിക് പ്രോജക്ടിൽ നിന്നും ലഭിക്കുന്ന വെള്ളം തുമ്പൂർമൂഴി വിയറിൽ സംഭരിച്ച് ചാലക്കുടി റിവർ ഡൈവേർഷൻ സ്കീമിലെ ചാലക്കുടി, പുതുക്കാട്, കൊടുങ്ങല്ലൂർ, ഇരിങ്ങാലക്കുട, അങ്കമാലി എന്നീ നിയോജകമണ്ഡലങ്ങളിലെ കോടശ്ശേരി, പരിയാരം, കൊടകര, മറ്റത്തൂർ, ആളൂർ, മുരിയാട്, പറപ്പൂക്കര, വേളൂക്കര, മാള, മേലൂർ, കൊരട്ടി, കാടുകുറ്റി, കറുകുറ്റി, മൂക്കന്നൂർ, പാറക്കടവ്, അയ്യമ്പുഴ, കാലടി, മഞ്ഞപ്ര, തുറവൂർ, അന്നമനട എന്നീ പഞ്ചായത്ത് പ്രദേശങ്ങളിലും അങ്കമാലി, ചാലക്കുടി എന്നീ മുനിസിപ്പൽ പ്രദേശങ്ങളും ഉൾപ്പെടെ 14142 ഹെക്ടർ സ്ഥലത്ത് ജലവിതരണം നടത്തുന്നു.

## ക്യാബിനറ്റ് തീരുമാനങ്ങൾ

132 (110) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുഖ്യമന്ത്രി ക്യാബിനറ്റ് തീരുമാനങ്ങൾ പത്രസമ്മേളനം വഴി വിശദീകരിക്കുന്ന കീഴ്‌വഴക്കം വേണ്ടെന്ന് വച്ചിരുന്നുവോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) 2017-ൽ മുഖ്യമന്ത്രി ഏതെങ്കിലും ക്യാബിനറ്റ് തീരുമാനങ്ങൾ പത്രസമ്മേളനം വഴി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ ദിവസങ്ങളിലെന്ന് പറയുമോ ;

(സി) പ്രസ്തുത ദിവസങ്ങളിൽ മുഖ്യമന്ത്രിതന്നെ പതിവിന് വിപരീതമായി ക്യാബിനറ്റ് തീരുമാനങ്ങൾ പത്രസമ്മേളനം വഴി അറിയിക്കുവാനുണ്ടായ പ്രത്യേക സാഹചര്യം എന്തായിരുന്നുവെന്നറിയിക്കുമോ?

ഉത്തരം

(എ) മന്ത്രസഭായോഗ തീരുമാനങ്ങൾ പത്രസമ്മേളനം വഴി വിശദീകരിക്കണമെന്ന് നിയമപ്രകാരം വ്യവസ്ഥ ചെയ്തിട്ടില്ല.

(ബി&സി) മന്ത്രിസഭാ തീരുമാനങ്ങളുടെ പ്രാധാന്യം, പത്രസമ്മേളനം നടത്താനുള്ള സമയലഭ്യത, തുടങ്ങിയവ പരിഗണിച്ചാണ് പത്രസമ്മേളനം നടത്താറുള്ളത്. പത്രസമ്മേളനം നടത്താത്ത സന്ദർഭങ്ങളിൽ മന്ത്രിസഭാ തീരുമാനങ്ങൾ ഉചിതമാർഗ്ഗേണ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയാണ് പതിവ്.

## പ്രവാസി വോട്ടവകാശം

133 (111) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവാസികൾക്ക് വോട്ടവകാശം ലഭിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രവാസി വോട്ടവകാശം യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) അടുത്ത തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ പ്രവാസികൾക്കുകൂടി വോട്ടവകാശം ലഭിക്കത്തക്കവിധത്തിൽ വോട്ടർ പട്ടിക തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ഡി) രാജ്യത്ത് ഏറ്റവും കൂടുതൽ പ്രവാസികളുള്ള സംസ്ഥാനമെന്നനിലയ്ക്ക് ഈ വിഷയത്തിൽ പ്രവാസികൾക്ക് അനുകൂലമായ തീരുമാനം കൈക്കൊള്ളുന്ന തരത്തിൽ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 20-എ പ്രകാരം പ്രവാസി ഭാരതീയർക്ക് വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തി വോട്ടവകാശം വിനിയോഗിക്കാവുന്നതാണ്.

**പ്രവാസികളുടെ പുനരധിവാസം**

134 (112) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം കർശനമായി നടപ്പിലാക്കിയതുമൂലം ജോലി നഷ്ടപ്പെട്ട് തിരികെ എത്തുന്ന മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക-റൂട്സ് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനരധിവാസ പദ്ധതി പ്രകാരം ഇതിനകം എത്ര അപേക്ഷകൾ ലഭിച്ചുവെന്നും ഇതിൽ എത്രപേർക്ക് വായ്പ അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) അപേക്ഷകൾ തീർപ്പാക്കുന്നതിൽ നോർക്ക-റൂട്സ് അലംഭാവം കാണിക്കുന്നുവെന്നും വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകൾ കാലതാമസം വരുത്തുന്നുവെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ശക്തമായ ഇടപെടൽ നടത്തി പ്രവാസികളുടെ പുനരധിവാസം വേഗത്തിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സൗദി അറേബ്യയിൽ സ്വദേശിവൽക്കരണം നടപ്പിലാക്കിയതുമൂലം ജോലി നഷ്ടപ്പെട്ട് തിരികെ എത്തുന്നവരുൾപ്പെടെ തിരിച്ചുവരുന്ന മറ്റ് പ്രവാസികൾക്കുകൂടി ബാധകമാകുന്ന രീതിയിൽ പുനരധിവാസത്തിനായി നോർക്ക വകുപ്പ് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺസ് എമിഗ്രന്റ് (NDPREM) എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് സ്വയം തൊഴിൽ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച്

ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുന്ന പദ്ധതിയാണിത്. രണ്ട് വർഷമോ അതിലധികമോ വിദേശത്ത് ജോലി ചെയ്തതിനുശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്ന സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നൽകി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

NDPREM പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ ചേർക്കുന്നു :

1. തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗ നിർദ്ദേശം നൽകുകയും മൂലധന സബ്സിഡി നൽകുകയും ചെയ്യുക.

2. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈത്താങ്ങൽ നൽകുക.

3. തിരികെയെത്തിയ പ്രവാസികളുടെ ജീവിത മാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക മാതൃക വികസിപ്പിക്കുക.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23749 പേർ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിക്കായി നോർക്ക-റൂട്ട്സ് വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്തിരുന്നു. ഇതിൽ ബാങ്ക് വായ്പയെടുത്ത 664 ഉപഭോക്താക്കൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സബ്സിഡി അനുവദിച്ചിട്ടുണ്ട്. പൂർണ്ണമായ കണക്കുകൾ ബാങ്കുകളിൽ നിന്ന് ശേഖരിച്ചുവരുന്നു.

(സി) അപേക്ഷകരുടെ വ്യക്തിപരമായ രേഖകളും മറ്റ് നിബന്ധനകളുമനുസരിച്ചുള്ള രേഖകളും പരിശോധിക്കുന്ന കാര്യത്തിൽ നോർക്ക-റൂട്ട്സിന്റെ ഭാഗത്തു നിന്നും അലംഭാവം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ സമർപ്പിക്കുന്ന പ്രോജക്ടുകളുടെ അസ്വീകാര്യത, കാര്യക്ഷമതയില്ലായ്മ എന്നിവകൊണ്ടും ബാങ്കുകളുടെ ചില നിബന്ധനകൾ കാരണവും വായ്പകൾ അനുവദിക്കുന്നതിൽ ബാങ്കുകളുടെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിനായി നിരന്തരം ബാങ്കുകളുമായി കത്തിടപാടുകൾ നടത്തുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതി കൂടുതൽ ആകർഷകവും മികവുറ്റതുമാക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നു.

**ലോക കേരള സഭ**

135 (113) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2018 ജനുവരി 12, 13 തീയതികളിൽ നടന്ന ലോക കേരള സഭയിലേക്ക് ക്ഷണിക്കപ്പെട്ട വ്യക്തികളുടെയും സംഘടനകളുടെയും പേരുവിവരം വ്യക്തമാക്കാമോ; അവരിൽ പങ്കെടുത്തവർ ആരെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ലോക കേരള സഭയിൽ പങ്കെടുത്തവരുടെ ചെലവ് വഹിച്ചത് സർക്കാരാണോ; എങ്കിൽ ചെലവായ തുക ഇനംതിരിച്ച് വ്യക്തമാക്കാമോ;

(സി) ലോക കേരള സഭ സംഘടിപ്പിക്കാൻ ആകെ എത്ര തുക ചെലവായെന്ന് അറിയിക്കുമോ; തുകയുടെ കണക്ക് ഇനംതിരിച്ച് നൽകുമോ;

(ഡി) ലോക കേരള സഭ സംഘടിപ്പിച്ചതിലൂടെ കേരളത്തിനുണ്ടാകാൻ പോകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്;

(ഇ) ലോക കേരള സഭയുടെ ആദ്യ സമ്മേളനത്തിൽ പ്രവാസികൾക്കായി പ്രഖ്യാപിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണ്; പ്രസ്തുത പദ്ധതികളുടെ ആനുകൂല്യം പ്രവാസികൾക്ക് എപ്പോൾ അനുഭവവേദ്യമാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2018 ജനുവരി 12, 13 തീയതികളിൽ നടന്ന ലോക കേരള സഭയിലേക്ക് വ്യക്തികളെ തെരഞ്ഞെടുത്തത് സംഘടനാടിസ്ഥാനത്തിലല്ല. ഓരോ സംസ്ഥാനത്തെയും രാജ്യത്തെയും പ്രവാസികളുടെ എണ്ണം, ഓരോ ഭൂപ്രദേശങ്ങളിലെയും പ്രവാസികളുടെ പ്രാതിനിധ്യം, നിർദ്ദേശിക്കപ്പെടുന്നവർ പൊതുസമൂഹത്തിന് നൽകിയ സംഭാവനകൾ തുടങ്ങിയ പരിഗണനകൾ മുൻനിർത്തിയാണ് ഇതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ ശിപാർശ പ്രകാരം ലോക കേരള സഭയുടെ അംഗങ്ങളെ സംസ്ഥാന സർക്കാർ നിശ്ചയിച്ചത്. പ്രഥമ ലോക കേരള സഭയിൽ അംഗങ്ങൾ എന്ന നിലയിൽ പങ്കെടുക്കുന്നതിന് ക്ഷണിക്കപ്പെട്ടവരുടെയും ഐഡന്റിറ്റി കാർഡ് വിതരണം ചെയ്തവരുടെയും പേര് വിവരം അനുബന്ധമായി ചേർക്കുന്നു.* പാർലമെന്റ്-നിയമസഭാംഗങ്ങൾ ഉൾപ്പെടെ ഏതാനും പേർക്ക് സഭയിൽ എത്തിച്ചേരുവാൻ സാധിച്ചിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി&സി) ലോക കേരള സഭയിൽ പങ്കെടുത്തവർക്ക് താമസ സൗകര്യവും ആവശ്യപ്പെട്ടവർക്ക് യാത്രാ ചെലവും വഹിച്ചത് സർക്കാരാണ്. ലോക കേരള സഭ സംഘടിപ്പിച്ച വകയിൽ ചെലവായ ആകെ തുക തിട്ടപ്പെടുത്തി വരുന്നതേയുള്ളൂ. ഇത് സംബന്ധിച്ച അന്തിമ കണക്ക് പൂർത്തിയാകുമ്പോൾ മാത്രമേ വിവിധ ഇനങ്ങളിൽ ചെലവായ തുക ഇനംതിരിച്ച് വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(ഡി) പ്രശസ്തരായ പ്രവാസി കേരളീയരുടെയും മറ്റ് വിശിഷ്ട വ്യക്തികളുടെയും വിവിധ മേഖലകളിലെ അറിവും കഴിവുകളും വൈദഗ്ദ്ധ്യവും കേരള സംസ്ഥാനത്തിന്റെ വികസനത്തിനും പ്രശ്ന പരിഹാരത്തിനും ഉപയോഗിക്കാൻ കഴിയും. കൂടാതെ സഭ നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പ്രവാസികളുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള സർക്കാർ നയരൂപീകരണത്തിൽ മാർഗ്ഗനിർദ്ദേശിയാകും എന്നതുമാണ് ഇതുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന പ്രധാന നേട്ടം.

(ഇ) ലോക കേരള സഭയുടെ ആദ്യ സമ്മേളനത്തിൽ പ്രവാസികൾക്കായി പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സഭയിലും 15 ഉപവേദികളിലും നടന്ന ചർച്ചയുടെ വെളിച്ചത്തിൽ ഉയർന്നുവന്ന ക്രിയാത്മക നിർദ്ദേശങ്ങൾ മുൻ നിർത്തിയുള്ള കർമ്മ പരിപാടികൾ തയ്യാറാക്കാനും ഇതിനായി ആഗോളതലത്തിൽ കേരളീയരായ പ്രവാസികളെയാകെ കൂട്ടിയോജിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ രൂപപ്പെടുത്താനും സർക്കാർ ഉദ്ദേശിക്കുന്നു.

**ലൗ ജിഹാദ് കേസ്സുകൾ**

136 (114) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ലൗ ജിഹാദുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ സർക്കാർ എൻ.ഐ.എ.- യ്ക്ക് കൈമാറിയിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) വിവാഹത്തിനായി എത്ര മതപരിവർത്തനങ്ങൾ 2010-നുശേഷം കേരളത്തിൽ നടന്നിട്ടുണ്ട്എന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ സർക്കാർ അംഗീകൃത മതപരിവർത്തന കേന്ദ്രങ്ങൾ ഏതൊക്കെയാണ് ; 'സത്യസരണി ' സർക്കാർ അംഗീകാരമുള്ള മതപരിവർത്തന കേന്ദ്രമാണോ ;

(ഡി) മതപരിവർത്തന കേന്ദ്രങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## സ്ത്രീ പീഡനക്കേസ്സുകൾ

137 (115) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെകാലത്ത് 2017 ഡിസംബർ 31 വരെ എത്ര സ്ത്രീ പീഡനക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നറിയിക്കുമോ;

(ബി) പ്രസ്തുത കേസ്സുകളിൽ ഇനിയും എത്ര പ്രതികളെ കണ്ടെത്താനുണ്ട്;

(സി) പ്രസ്തുത കാലയളവിൽ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട എത്ര സ്ത്രീകൾ പീഡിപ്പിക്കപ്പെട്ടുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

## ഡോഗ് ട്രെയിനിംഗ് സ്കൂൾ

138 (116) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാമവർമ്മപുരം പോലീസ് അക്കാദമിയിലെ സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിൽ പ്രതിവർഷം എത്ര പോലീസ് നായകൾക്ക് പരിശീലനം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഡോഗ് ട്രെയിനിംഗ് സ്കൂളിൽ നായകളുടെ ചികിത്സയ്ക്കായി വെറ്ററിനറി ഡോക്ടർ ഉൾപ്പെടെ യാതൊരു സൗകര്യങ്ങളുമില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ വെറ്ററിനറി ഡോക്ടറെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 വർഷത്തിൽ 19 നായകൾക്കും 2016-17 വർഷത്തിൽ 7 നായകൾക്കും പരിശീലനം നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) 50 നായകൾക്ക് പരിശീലനം നൽകാനുള്ള സൗകര്യം കേരളാ പോലീസ് അക്കാദമി സ്റ്റേറ്റ് ഡോഗ് ട്രെയിനിംഗ് സ്കൂളിൽ നിലവിലുണ്ട്. വെറ്ററിനറി ഡോക്ടറുടെ സേവനം ആവശ്യപ്പെടുന്നമുറയ്ക്ക് ലഭ്യമാക്കാറുണ്ട്.

(സി) കേരളാ പോലീസ് അക്കാദമിയിൽ വെറ്ററിനറി ഡോക്ടറുടെ അംഗീകൃത തസ്തിക നിലവിലില്ലാത്തതിനാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡോക്ടറെ നിയമിക്കുവാനുള്ള നടപടി സ്വീകരിക്കാൻ നിർവ്വാഹമില്ല.

## പുതിയ പോലീസ് സ്റ്റേഷനുകൾ

139 (117) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പുതുതായി എത്ര പോലീസ് സ്റ്റേഷനുകൾ ആരംഭിച്ചു എന്ന് അറിയിക്കുമോ;

(ബി) ഇവ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി എവിടെയെല്ലാം പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ ആലോചിക്കുന്നു എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി പോലീസ് സ്റ്റേഷനുകളൊന്നും ആരംഭിച്ചിട്ടില്ല. എന്നാൽ 14 പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 4-8-2017 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 2057/2017/ ആഭ്യന്തരം പ്രകാരം കൊച്ചി മെട്രോ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 22-9-2017 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 2487/2017/ ആഭ്യന്തരം പ്രകാരം താഴെപ്പറയുന്ന 7 പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട് :

1. അച്ചൻകോവിൽ (കൊല്ലം റൂറൽ)
2. കൈപ്പമംഗലം (തൃശ്ശൂർ റൂറൽ)
3. കൊപ്പം (പാലക്കാട്)
4. തൊണ്ടർനാട് (വയനാട്)
5. നഗരൂർ (തിരുവനന്തപുരം റൂറൽ)
6. പിണറായി (കണ്ണൂർ)
7. പുതൂർ (പാലക്കാട്)

26-10-2017 തീയതിയിലെ സ.ഉ. (കൈ) നമ്പർ 216/2017/ആഭ്യന്തരം പ്രകാരം താഴെപ്പറയുന്ന 6 പോലീസ് സ്റ്റേഷനുകൾ പുതുതായി ആരംഭിക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്.

1. മട്ടന്നൂർ എയർപോർട്ട് (കണ്ണൂർ)
2. ഉടുമ്പഞ്ചോല (ഇടുക്കി)
3. കണ്ണനല്ലൂർ (കൊല്ലം സിറ്റി)
4. ഇലവുംതിട്ട (പത്തനംതിട്ട)
5. പന്തീരങ്കാവ് (കോഴിക്കോട് സിറ്റി)
6. മേൽപ്പറമ്പ് (കാസർഗോഡ്)

(സി) ഇപ്പോൾ പരിഗണനയിലില്ല.

## പോലീസ് സേനയുടെ നവീകരണം

140 (118) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിന് ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്റ്റേഷൻ ഹൗസ് ഓഫീസർമാരുടെ ചുമതല എസ്.ഐ.മാരിൽ നിന്നും മാറ്റി സി.ഐ.മാർക്ക് നൽകിയിട്ടുണ്ടോ;

(സി) കുറ്റാന്വേഷണവും ക്രമസമാധാന പരിപാലനവും രണ്ടായി തിരിച്ച് പോലീസ് സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ഡി) ന്യായമായ കാര്യങ്ങൾക്ക് സമരം ചെയ്യുന്ന സ്ത്രീകളുടെയും കുട്ടികളുടെയും നേരെ പോലീസ് പലപ്പോഴും അനാവശ്യ ബലപ്രയോഗം നടത്തുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മനുഷ്യത്വരഹിതമായി പെരുമാറുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി അത്യന്താധുനിക ക്യാമറകൾ, ആയുധങ്ങൾ, റോഡ് സുരക്ഷാ ഉപകരണങ്ങൾ, റയട്ട് കൺട്രോൾ ഉപകരണങ്ങൾ, ആധുനിക ബോഡി പ്രൊട്ടക്ടീവ് ഗിയറുകൾ, Body worn cameras, Unmanned Aerial Vehicles, Speed Radar, Speed Detection Cameras, CCTV Cameras, ക്യാമറ സജ്ജീകരണത്തോടുകൂടിയ ട്രാഫിക് സിഗ്നൽ ലൈറ്റുകൾ തുടങ്ങിയവ വിവിധ പോലീസ് യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പോലീസ് സേനയുടെ ശാക്തീകരണവും ആധുനികവത്കരണവുമായി ബന്ധപ്പെട്ട് 4700 ലക്ഷം രൂപ 2017-18 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന പദ്ധതികളും പോലീസ് സേനയുടെ നവീകരണ പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ശാസ്ത്രീയ കുറ്റാന്വേഷണ സംവിധാനം വികസിപ്പിക്കുക, സൈബർ കുറ്റാന്വേഷണത്തിന്റെ സാങ്കേതിക മേഖല വികസിപ്പിക്കുക, മൂന്ന് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ, പോലീസ് സ്റ്റേഷനുകളിൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയറും ഫർണിച്ചറും വാങ്ങുക, സ്റ്റേഷനുകളിലെ സ്ഥല സൗകര്യം വർദ്ധിപ്പിക്കുക, നാലു ജില്ലകളിൽ ജില്ലാ കൺട്രോൾ റൂം നിർമ്മിക്കുക, ഇന്റലിജൻസ് സംവിധാനത്തിന്റെ ശാക്തീകരണം.

(ബി) ഉണ്ട്. 21-10-2017 തീയതിയിലെ സ.ഉ. (കൈ)നമ്പർ 211/2017/ ആഭ്യന്തരം ഉത്തരവ് പ്രകാരം 196 പോലീസ് സ്റ്റേഷനുകളിൽ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി സി.ഐ മാരെ നിയമിച്ചിട്ടുണ്ട്.

(സി) ക്രമസമാധാനനില ഭദ്രമാക്കുന്നതിനും കുറ്റാന്വേഷണം കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി സംസ്ഥാനത്ത് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെകീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സംഭവം ശ്രദ്ധയിൽപ്പെട്ടാൽ അതിന് ഉത്തരവാദികളാകുന്നവരുടെ പേരിൽ ശക്തമായ നിയമനടപടി സ്വീകരിക്കുന്നതാണ്.

**പോലീസ് ക്വാർട്ടേഴ്സ്**

141 (119) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകരയിൽ 2015-16-ൽ ഉദ്ഘാടനം കഴിഞ്ഞതും ഫ്ലാറ്റ്മോഡലിൽ നിർമ്മിച്ചതുമായ ക്വാർട്ടേഴ്സ് പോലീസുകാർക്ക് താമസിക്കുന്നതിന് നാളിതുവരെയും തുറന്നുനൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ക്വാർട്ടേഴ്സ് നിർമ്മിച്ച സ്ഥലത്ത് മുൻപുണ്ടായിരുന്ന ക്വാർട്ടേഴ്സുകളിൽ വൈദ്യുതി കുടിശ്ശിക ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വൈദ്യുതി കുടിശ്ശിക അടയ്ക്കാൻ കഴിയാത്തതിന് കാരണം വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി. പോലീസ് അധികാരികൾക്ക് കത്ത് നൽകിയിട്ടുണ്ടോ;

(സി) പൊളിച്ച് മാറ്റിയ പോലീസ് ക്വാർട്ടേഴ്സിൽ നിലവിൽഎത്ര രൂപ വൈദ്യുതി കുടിശ്ശിക ഉണ്ടെന്ന് വിശദമാക്കാമോ;

(ഡി) വൈദ്യുതി കുടിശ്ശിക അടച്ച് തീർത്ത് പുതിയ പോലിസ് ക്വാർട്ടേഴ്സിന് വൈദ്യുതി കണക്ഷൻ എടുത്തു 2018 -മാർച്ചിനു മുൻപ് തുറന്നുനൽകാൻ കഴിയുമോ;

(ഇ) ക്വാർട്ടേഴ്സ് തുറക്കുന്നതിന് വൈദ്യുതി കുടിശ്ശിക അടയ്ക്കാൻ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് എം,എൽ.എ 3-1-2018-ൽ ഡി.ജി.പി.-ക്ക് നൽകിയ പരാതിയിൽ നടപടി സ്വീകരിച്ചോ?

ഉത്തരം

(എ-സി) ഉണ്ട്. പുതിയ ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി പൊളിച്ചുമാറ്റിയ പഴയ ക്വാർട്ടേഴ്സിന്റെ വൈദ്യുതി കുടിശ്ശിക തുകയായ 8,89,334 രൂപ അടച്ച് തീർത്താൽ മാത്രമേ പുതിയ ക്വാർട്ടേഴ്സിന് വൈദ്യുതി കണക്ഷൻ നൽകാൻ കഴിയു കയുള്ളൂവെന്ന് കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുള്ളതിനാലാണ് പുതിയ ക്വാർട്ടേഴ്സ് നൽകാൻ കഴിയാത്തത്. നെയ്യാറ്റിൻകരയിൽ എ.ആർ. ക്യാമ്പ് നിലവിലുണ്ടായിരുന്നപ്പോഴുള്ള കുടിശ്ശികയാണെന്നും വ്യക്തികൾ അടയ്ക്കാനുള്ള കുടിശ്ശിക അല്ലായെന്നും പ്രസ്തുത കുടിശ്ശിക ഏത് കാലം മുതലാണെന്നും, തുക അടയ്ക്കാൻ മുടക്കം വന്നിട്ടും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കാതിരുന്നതിന്റെ കാരണം ആരാഞ്ഞുകൊണ്ടും വിശദമായ പരിശോധന നടത്തി ടി തുക പുനർനിർണ്ണയിക്കണമെന്നും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന് കത്ത് നൽകിയിട്ടുള്ളതുമാണ്.

(ഡി&ഇ) സംസ്ഥാന പോലീസ് മേധാവി തലത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

## പോലീസ് ലാത്തിച്ചാർജ്ജ്

142 (120) <u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് 2017 ഡിസംബർ 31 വരെ എത്ര പോലീസ് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്;

(ബി) മുന്നറിയിപ്പ് നൽകാതെ നടത്തിയ ലാത്തിച്ചാർജ്ജുകൾ എത്രയെന്നറിയിക്കുമോ;

(സി) സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് നേരെ ഇക്കാലത്ത് എത്ര ലാത്തി ചാർജ്ജുകൾ നടന്നിട്ടുണ്ട്;

(ഡി) പ്രസ്തുത ലാത്തിച്ചാർജ്ജുകളിൽ എത്ര പേർക്ക് പരിക്കേറ്റു എന്നറിയിക്കുമോ;

(ഇ) പ്രസ്തുത ലാത്തിച്ചാർജ്ജുകളെ തുടർന്ന് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഇതിൽ പോലീസിന്റെ അതിക്രമം നടന്നതായുള്ള എത്ര കേസ്സുകളിൽ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് 2017 ഡിസംബർ 31 വരെ 12 പോലീസ് ലാത്തിച്ചാർജ്ജുകൾ നടന്നിട്ടുണ്ട്.

(ബി) മുന്നറിയിപ്പ് നൽകാതെ ലാത്തിച്ചാർജ്ജുകളൊന്നും നടത്തിയിട്ടില്ല.

(സി) പോലീസിന്റെ നിർദ്ദേശം മറികടന്ന് അക്രമാസക്തരായി സമരം ചെയ്ത സ്കൂൾ കോളേജ് വിദ്യാർത്ഥികളെ പിരിച്ചുവിടുന്നതിന്റെ ഭാഗമായി പോലീസ് നിയമാനുസൃതമായ ബലപ്രയോഗം നടത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് 3 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത സംഭവങ്ങളിൽ 13 പോലീസുകാർക്കും 12 സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കും പരിക്കേറ്റിട്ടുണ്ട്.

(ഇ) 14 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(എഫ്) പോലീസിന്റെ അതിക്രമം നടന്നതായുള്ള കേസ്സുകളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**നഗരൂർ പോലീസ് സ്റ്റേഷൻ**

143 (121) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിൽ പുതുതായി അനുവദിച്ച നഗരൂർ പോലീസ് സ്റ്റേഷന്റെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തടസ്സം വിശദമാക്കുമോ?

ഉത്തരം

(എ&ബി) 22-9-2017 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 2487/2017/ആഭ്യന്തരം പ്രകാരം നഗരൂർ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഗസറ്റ് നോട്ടിഫിക്കേഷൻ, മതിയായ അംഗബലം എന്നിവ സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസലുകൾ സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

**പൂന്തുറ പോലീസ് സ്റ്റേഷൻ എസ്.ഐ.യ്ക്കെതിരെ നടപടി**

144 (122) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 നവംബർ മാസം തിരുവനന്തപുരത്ത് പൂന്തുറ പോലീസ് സ്റ്റേഷൻ പരിസരത്ത് ഏറെ രോഗബാധയുള്ള ഷംനാദ് എന്ന യുവാവിനെ സ്ഥലം എസ്.ഐ. ക്രൂരമായി മർദ്ദിച്ചവശനാക്കി എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചില മാഫിയ സഹായത്തിന്റെ ധാർഷ്ട്യത്തിൽ ടിയാനെ മർദ്ദിച്ചപ്പോൾ അയാൾ ബോധരഹിതനായി വീഴുകയുണ്ടായോ;

(സി) മർദ്ദനമേറ്റ വ്യക്തിയുടെ ഭാര്യ ഇതുസംബന്ധമായി സ്റ്റേഷനിൽ എന്തെങ്കിലും പരാതി നൽകിയിരുന്നോ;

(ഡി) എങ്കിൽ പരാതിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം;

(ഇ) ടിയാനെ മർദ്ദിച്ച എസ്.ഐ.യ്ക്കെതിരെ എന്തെങ്കിലും തരത്തിലുള്ള അന്വേഷണത്തിന് ഗവൺമെന്റ് നിർദ്ദേശം നൽകിയിരുന്നോ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പൂന്തുറ പോലീസ് സ്റ്റേഷനിൽ ഷംനാദ് എന്നയാൾ തന്റെ മൊബൈൽ ഫോൺ ടിയാന്റെ കൊച്ചാപ്പ കേടാക്കി എന്ന പരാതിയുമായി സ്റ്റേഷനിലെത്തുകയും തുടർന്ന് എസ്.ഐ. ഇരുകക്ഷികളെയും വിളിപ്പിച്ച് പരാതി സംഗതിയെക്കുറിച്ച് സംസാരിക്കവേ ഇദ്ദേഹം പരസ്പരവിരുദ്ധമായി സംസാരിക്കുകയും ആയതിനാൽ എസ്.ഐ. ഇദ്ദേഹത്തോട് പുറത്തിറങ്ങി നിൽക്കാൻ ആവശ്യപ്പെടുകയും പുറത്തിറങ്ങിയ ഷംനാദ്, പുറത്തിറങ്ങി നിൽക്കാൻ ആവശ്യപ്പെട്ടതിലുള്ള വിഷമത്താൽ, അപസ്മാരത്തിന്റെ ചികിത്സ 16 വയസ്സുമുതൽ നടത്തിവരുന്ന ഷംനാദ് ആയതിന്റെ

കാഠിന്യത്താൽ, അപസ്മാര ലക്ഷണങ്ങൾ പ്രകടിപ്പിക്കുകയും തുടർന്ന് പോലീസ് പാർട്ടി പ്രാഥമിക ചികിത്സ നൽകിയശേഷം സ്റ്റേഷൻ ജീപ്പിൽ ഹോസ്പിറ്റലിൽ കൊണ്ടുപോവുകയും ബ്ലഡ് ഷുഗർ കൂടി അപസ്മാരം ഉണ്ടായതാണെന്ന് ഡോക്ടർ പറയുകയും രണ്ട് മണിക്കൂറോളം ഒബ്സർവേഷൻ മുറിയിൽ കിടത്തിയശേഷം വീട്ടിലേയ്ക്ക് വിട്ടയച്ചിട്ടുള്ളതുമാണ്.

(സി) ഷംനാദിന്റെ ഭാര്യ പൂന്തുറ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക്, എസ്.ഐ.-ക്കെതിരെ പരാതി നൽകിയിട്ടുണ്ട്.

(ഡി&ഇ) പ്രസ്തുത പരാതി സംബന്ധിച്ച് സർക്കിൾ ഇൻസ്പെക്ടർ നടത്തിയ അന്വേഷണത്തിൽ പരാതിക്കാസ്പദമായ സംഭവം നടന്നിട്ടില്ല എന്ന് വെളിവായി ട്ടുള്ളതിനാൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

**ഫിംഗർപ്രിന്റ് സെർച്ചർ തസ്തിക**

145 (123) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫിംഗർ പ്രിന്റ് ബ്യൂറോയിലെ ഫിംഗർ പ്രിന്റ് സെർച്ചർ തസ്തികയ്ക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികയിലേക്ക് യോഗ്യതയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് തസ്തികമാറ്റം വഴി സംവരണം അനുവദിക്കാമോ?

<u>ഉത്തരം</u>

(എ) ഫിസിക്സിലോ കെമിസ്ട്രിയിലോ ഉള്ള ബി.എസ്സി. ബിരുദവും നല്ല കാഴ്ച ശക്തിയും ഉണ്ടായിരിക്കണം.

(ബി) നിലവിൽ വ്യവസ്ഥയില്ല.

**ഇന്ത്യാ റിസർവ് ബറ്റാലിയൻ റഗുലർ വിംഗ്**

146 (124) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇന്ത്യാ റിസർവ് ബറ്റാലിയൻ റഗുലർ വിംഗിന്റെ ട്രെയിനിംഗ് പീരിയഡ് സർവ്വീസ് കാലഘട്ടമായി പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

(ബി) കേരളത്തിലെ മറ്റ് സേനാവിഭാഗവും ഇന്ത്യൻ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗും തമ്മിൽ ട്രെയിനിംഗിലും ഡ്യൂട്ടിയിലുമുള്ള വ്യത്യാസങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ഇന്ത്യൻ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് കേരളാ പോലീസിലെ സേനാംഗങ്ങളിൽ നിന്നും വ്യത്യസ്തമായി എന്തെല്ലാം സാമ്പത്തിക ആനുകൂല്യങ്ങൾ നൽകുന്നുണ്ട്; ഇല്ലെങ്കിൽ മറ്റ് സേനാംഗങ്ങൾക്ക് നൽകുന്നതുപോലെ സാമ്പത്തിക ആനുകൂല്യം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇന്ത്യൻ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗിൽ സേവനമനുഷ്ഠിച്ചു വരുന്നവർക്ക് എത്ര കാലം നിർബന്ധിത സേവനം പ്രസ്തുത സേനയിൽ തുടരേണ്ടതുണ്ട് എന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത സേനാംഗങ്ങൾക്ക് ലോക്കൽ പോലീസ് സ്റ്റേഷനിലേക്ക് സേവനം മാറ്റിനൽകുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പ്രസ്തുത സേനാംഗങ്ങൾ ലോക്കൽ പോലീസ് സേനയിലേക്ക് പ്രവേശിക്കുമ്പോൾ സീനിയോറിറ്റി കണക്കാക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇന്ത്യാ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗിന്റെ ട്രെയിനിംഗ് പീരിയഡ് സർവ്വീസ് കാലഘട്ടമായി പരിഗണിച്ചിട്ടില്ല. പ്രസ്തുത സേനാംഗങ്ങളുടെ സർവ്വീസ് വ്യവസ്ഥകൾ അടങ്ങിയ സമഗ്രമായ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേരളത്തിലെ മറ്റ് പോലീസ്സേനാ വിഭാഗങ്ങൾക്ക് 9 മാസമാണ് ട്രെയിനിംഗ് പിരീഡ്. എന്നാൽ ഇന്ത്യാ റിസർവ് ബറ്റാലിയന് 9 മാസം വീതമുള്ള രണ്ട് ഘട്ട ട്രെയിനിംഗ് ഉൾക്കൊള്ളിച്ചുകൊണ്ട് ആകെ 18 മാസത്തെ ട്രെയിനിംഗാണുള്ളത്. അതിൽ രണ്ടാം ഘട്ട ട്രെയിനിംഗ് കേരളത്തിന് പുറത്തുള്ള സെൻട്രൽ പാരാ മിലിട്ടറി ഫോഴ്സുകളിൽ അറ്റാച്ച് ചെയ്തുകൊണ്ട് പരിശീലനം നൽകുകയാണ് ചെയ്യുന്നത്. മറ്റ് സായുധ പോലീസ് സേനാംഗങ്ങൾ ചെയ്യുന്ന ഡ്യൂട്ടികളോടൊപ്പം തീവ്രവാദ വിധ്വംസക പ്രവർത്തനങ്ങൾ ചെറുക്കുന്നതിനുള്ള ഡ്യൂട്ടികൂടി ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങൾ ചെയ്തുവരുന്നു.

(സി) ഇന്ത്യാ റിസർവ് ബറ്റാലിയൻ റെഗുലർ വിംഗ് സേനാംഗങ്ങൾക്ക് കേരളാ പോലീസിലെ സേനാംഗങ്ങൾക്ക് നൽകുന്നതുപോലെ സാമ്പത്തിക ആനുകൂല്യങ്ങൾ നൽകിവരുന്നു.

(ഡി) 10 വർഷക്കാലം.

(ഇ) ലോക്കൽ പോലീസ് സ്റ്റേഷനിലേക്ക് സേവനം മാറ്റി നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. ഇന്ത്യാ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങൾക്ക് 10 വർഷം പൂർത്തിയാക്കുന്നമുറയ്ക്ക് അവരുടെ ജില്ലാ പോലീസ് സായുധ സേനയിലേയ്ക്ക് സ്ഥലം മാറ്റമായി പോകാവുന്നതാണെന്ന് 27-2-2009 തീയതിയിലെ ജി.ഒ. (ആർ.റ്റി.)/24/09/ആഭ്യ. നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്.

(എഫ്) ജില്ലാ പോലീസ് സായുധ സേനയിലേയ്ക്ക് ട്രാൻസ്ഫറിന് സീനിയോറിറ്റി പി.എസ്.സി. അഡ്വൈസ് ചെയ്ത തീയതി അനുസരിച്ച് ലഭിക്കുമെന്നാണ് 27-2-2009 തീയതിയിലെ ജി.ഒ. (ആർ.റ്റി)/24/09/ആഭ്യ. നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്നത്.

## മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ

147 (125) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ;

(ബി) സ്റ്റേഷനിലേക്ക് ആവശ്യമായ ജീവനക്കാരുടെ പുനർവിന്യാസം പൂർത്തിയായിട്ടുണ്ടോ;

(സി) സ്റ്റേഷനുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 17-5-2014-ലെ സ.ഉ. (കൈ) നമ്പർ 101/2014/ആഭ്യന്തരം ഉത്തരവു പ്രകാരം മലപ്പുറം വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തനം ആരംഭിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) നിലവിലുള്ള മലപ്പുറം വനിതാ സെല്ലിന്റെ മുകളിലായി വനിതാ പോലീസ് സ്റ്റേഷൻ പ്രവർത്തിപ്പിക്കുന്നതിന് 21-4-2015-ലെ എസ്.ആർ.ഒ. നമ്പർ 235/2015 വിജ്ഞാപനം (10-4-2015-ലെ സ.ഉ. (സാധാ)നമ്പർ 894/2015/ ആഭ്യന്തരം) പുറപ്പെടുവിച്ചിട്ടുണ്ട്. ഔദ്യോഗിക ഉദ്ഘാടനത്തിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവിതലത്തിൽ സ്വീകരിച്ചുവരുന്നു.

## ജനമൈത്രി പോലീസ്

148 (126) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനമൈത്രി പോലീസ് രൂപീകരിച്ചപ്പോൾ സർക്കാർ ലക്ഷ്യംവച്ച ഗുണഫലങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ലക്ഷ്യം നേടാൻ കഴിഞ്ഞിട്ടില്ലെങ്കിൽ കാരണങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എന്തൊക്കെയാണ് കണ്ടെത്തിയ വസ്തുതകളെന്ന് വ്യക്തമാക്കുമോ;

(സി) പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കാൻ എന്തെല്ലാം നടപടികളാണ് പുതുതായി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ) ഉണ്ട്. സ്ത്രീകൾ, കുട്ടികൾ, ആദിവാസികൾ, വൃദ്ധസദനങ്ങൾ, മത്സ്യതൊഴിലാളികൾ എന്നിവരുടെ പ്രവർത്തനങ്ങൾ മനസ്സിലാക്കി പരിഹാരം കാണാൻ ജനമൈത്രി സംവിധാനത്തിലൂടെ കഴിഞ്ഞിട്ടുണ്ട്. ജനമൈത്രി പോലീസിന്റെ ഭാഗമായി ഭവന സന്ദർശനങ്ങളും റസിഡന്റ്സ് അസോസിയേഷനുമായി ബന്ധപ്പെട്ട ജനമൈത്രി പോലീസിന്റെ പ്രവർത്തനങ്ങളും, ജനങ്ങളുടെ പ്രശ്നങ്ങളിലേയ്ക്കും ആവലാതികളിലേയ്ക്കും നേരിട്ട് ഇടപെടാൻ പോലീസിനെ സഹായിക്കുന്നുണ്ട്.

(ബി) ബാധകമല്ല.

(സി) ജനമൈത്രി പോലീസിന്റെ ഭാഗമായി ഭവന സന്ദർശനം നടത്തുന്നതിലൂടെ ഓരോ വീടുകളിലെയും മുതിർന്നവരുടെയും കുട്ടികളുടെയും വിവരങ്ങൾ ശേഖരിച്ചു വരുന്നു. കൂടാതെ പോലീസിനെ കൂടുതൽ ജനസൗഹൃദമാക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

1. Janamaithri Night Patrolling Project
2. Co-ordinating private security guards
3. Building up infrastructure for security
4. Stranger check programme

5. Protection of senior citizens
6. Security and welfare of women and children
7. Crime stopper system
8. Traffic warden system
9. Blood donation programme
10. School/College Jagratha samithis
11. Vanitha Jagratha samithis
12. Security for Taxi/Auto drivers & other labour
13. Anti Drug/Liquor programme
14. Complaint box
15. Disaster mitigation voluntary committee
16. Victim support cell
17. Environmental friendly Samithi
18. Tribal Janamaithri project
19. Women Self Defence Training Programme
20. She Autos
21. Lahari Virudha Kaval Koottam (Anti drug vigilance team)
22. Kadalora Jagratha Samithi (Coastal Vigilance Committee)

(ഡി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളും ഇപ്പോൾ ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്. പോലീസ് സ്റ്റേഷനുകളിലെ അവശ്യംവേണ്ട അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ച് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്.

## അയിരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

149 (127) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല മണ്ഡലത്തിലെ അയിരൂർ പോലീസ് സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്ന വാടക കെട്ടിടത്തിൽ നിന്നും മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) അയിരൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വർക്കല താലൂക്കിൽ അയിരൂർ വില്ലേജിൽ റീസർവ്വേ ബ്ലോക്ക് 3-ൽ റീസർവ്വേ നമ്പർ 227-ൽ ഉൾപ്പെട്ട 8.50 ആർ റവന്യൂ ഭൂമി (സർക്കാർ വക) പോലീസ് വകുപ്പിന് കൈമാറുന്നതിനും ആയതിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) അയിരൂർ പോലീസ് സ്റ്റേഷന് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് സംസ്ഥാന പോലീസ് മേധാവി കണ്ടെത്തിയ ടി സ്ഥലത്തിന് ഉപയോഗാനുമതി ലഭിക്കുന്നതിനുള്ള നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

## ഡ്യൂട്ടിസമയത്ത് പരിക്കേറ്റ ഗ്രേഡ് എസ്.ഐ.-യുടെ കുടുംബത്തിന് ജോലി

150 (128) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ പരിയാരം പോലീസ് സ്റ്റേഷനിൽ ഗ്രേഡ് എസ്. ഐ. ആയി ജോലി ചെയ്തുവരവെ ഡ്യൂട്ടി സമയത്ത് 16-5-2015-ന് മണൽ മാഫിയയുടെ ആക്രമണത്തിൽ തലയ്ക്കും കണ്ണിനും കഴുത്തിനും ഗുരുതരമായി പരിക്കേറ്റ് ഇപ്പോഴും ചികിത്സയിൽ കഴിയുന്ന ശ്രീ. കെ. എം. രാജന് എന്തൊക്കെ സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് പറയാമോ ;

(ബി) മറ്റ് കാര്യങ്ങളൊന്നും ചെയ്യാൻ കഴിയാതെ, ഗുരുതരാവസ്ഥയിൽ കഴിയുന്ന ശ്രീ. കെ. എം. രാജന്റെ കുടുംബത്തിൽ ആർക്കെങ്കിലും ജോലി നൽകുന്നതിന് അനുകൂല നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) ശ്രീ. കെ. എം. രാജൻ അപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുന്ന സമയം ടിയാന് G.O (Rt.) No.1852/2015/ആഭ്യന്തരം പ്രകാരം 7,56,680 രൂപയും G.O (Rt.) No. 1189/2016/ആഭ്യന്തരം പ്രകാരം 5,67,856 രൂപയും കൂടാതെ കേരള പോലീസ് വെൽഫെയർ & അമിനിറ്റി ഫണ്ടിൽനിന്നും 3,00,000 രൂപ തിരിച്ചടവില്ലാത്ത ഗ്രാന്റ് ഇനമായും 1,00,000 രൂപ പലിശരഹിത വായ്പയായും അനുവദിച്ച് നൽകിയിട്ടുള്ളതും ടി വായ്പയുടെ തിരിച്ചടവ് പൂർത്തിയായിട്ടുള്ളതുമാണ്. ടിയാന്റെ ചികിത്സയ്ക്കായി ചെലവായ 1,66,431 രൂപ റീഇമ്പേഴ്സ് ചെയ്യുന്നതിനുള്ള അപേക്ഷ പരിഗണനയിലാണ്.

(ബി) പരിശോധിച്ചുവരുന്നു.

**കസ്റ്റഡി മരണങ്ങൾ**

151 (129) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2017 ഡിസംബർ 31 വരെ എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ പോലീസിനെ കണ്ട് ഓടിയ എത്ര പേർ ആറ്റിലോ, കുളത്തിലോ, കിണറ്റിലോ വീണ് മരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കാലയളവിൽ പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച എത്ര പേർ വിട്ടയയ്ക്കപ്പെട്ട് ഒരാഴ്ചയ്ക്കുള്ളിൽ മരിക്കുകയോ, മാരകമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിക്കപ്പെടുകയോ, ആത്മഹത്യ ചെയ്യുകയോ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ടു പോകപ്പെട്ട എത്ര പേർ തൂങ്ങി മരിക്കുകയോ, ഹൃദയസ്തംഭനംമൂലം മരിക്കുകയോ, പോലീസ് സ്റ്റേഷനുകളിൽവച്ച് മറ്റുകാരണങ്ങളാൽ മരിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ കാലയളവിൽ കസ്റ്റഡി മരണം സംബന്ധിച്ച് എത്ര പോലീസുകാരെ സസ്പെൻഡ് ചെയ്തുവെന്നും എത്ര പേർക്കെതിരെ കൊലക്കുറ്റത്തിന് കേസ്സെടുത്തുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മൂന്ന് പേരുടെ മരണം ഉണ്ടായിട്ടുണ്ട്. ഇവ പോലീസ് മർദ്ദനംമൂലമല്ല.

(ബി) ഒരാൾ ആറ്റിൽ വീണും രണ്ടുപേർ കിണറ്റിൽ വീണും മരിച്ചിട്ടുണ്ട്.

(സി) പോലീസ് ചോദ്യം ചെയ്ത് വിട്ടയച്ച രണ്ട് പേർ ഒരാഴ്ചയ്ക്കുള്ളിൽ ആത്മഹത്യ ചെയ്തിട്ടുണ്ട്. ആരെയും മാരകമായ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടില്ല.

(ഡി) പോലീസ് സ്റ്റേഷനിൽ പിടിച്ചുകൊണ്ട് പോയവരിൽ ഒരാൾ തൂങ്ങിമരിക്കുകയും രണ്ട് പേർ ഹൃദയസ്തംഭനംമൂലം മരിക്കുകയും ഒരാൾ മറ്റ് കാരണങ്ങളാൽ പോലീസ് സ്റ്റേഷനിൽ വച്ച് മരിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) അഞ്ച് പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. ആരുടെയും പേരിൽ കൊലക്കുറ്റത്തിന് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല.

## അറസ്റ്റ് ചെയ്യുമ്പോൾ പാലിച്ചിരിക്കേണ്ട കാര്യങ്ങൾ

152 (130) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഒരാളെ അറസ്റ്റ് ചെയ്യുമ്പോൾ പാലിച്ചിരിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശം നല്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഈ നിർദ്ദേശങ്ങൾ എല്ലാ പോലീസ് സ്റ്റേഷന് മുമ്പിലും വ്യക്തമായി പ്രദർശിപ്പിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണോ അറസ്റ്റ് നടക്കുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഡി) മലപ്പുറം ജില്ലയിലെ താനൂർ പോലീസ് സ്റ്റേഷനിൽ അടുത്തിടെ നടന്ന അറസ്റ്റുകളിൽ ഈ നിർദ്ദേശങ്ങൾ പാലിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ ;

(ഇ) അറസ്റ്റ് ചെയ്ത പ്രതികളിൽ ആരെങ്കിലും പോലീസ് മർദ്ദിച്ചുവെന്ന് പരപ്പനങ്ങാടി മജിസ്ട്രേറ്റിനോട് പരാതിപ്പെട്ടിരുന്നോ; പ്രതികളെ മർദ്ദിച്ച പോലീസുകാർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നൽകിയിട്ടുണ്ട്. പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പ്രദർശിപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത നിർദ്ദേശങ്ങൾക്ക് അനുസൃതമായിട്ടാണ് അറസ്റ്റുകൾ നടത്താറുള്ളത്.

(ഡി) താനൂർ പോലീസ് സ്റ്റേഷനിൽ നടന്നിട്ടുള്ള അറസ്റ്റുകളെല്ലാം തന്നെ പ്രസ്തുത നിർദ്ദേശങ്ങൾ പാലിച്ചാണ് നടന്നിട്ടുള്ളത്.

(ഇ) ഇതുസംബന്ധിച്ച പരാതികളൊന്നും പോലീസ് വകുപ്പിൽ ലഭിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ

153 (131) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജനമൈത്രി പോലീസ്സ്റ്റേഷനുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാറുണ്ടോ; എങ്കിൽ ആയത് വിവരിക്കുമോ;

(ബി) എത്ര ജനമൈത്രി പോലീസ്സ്റ്റേഷനുകളാണ് നിലവിലുള്ളതെന്നും നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്റ്റേഷനുകൾ ജനമൈത്രി പോലീസ്സ്റ്റേഷനുകളാക്കി പുനർനാമകരണം ചെയ്തുവെന്നും വെളിപ്പെടുത്തുമോ;

(സി) ജനമൈത്രി പോലീസ്സ്റ്റേഷൻ പരിധിയിലെ മയക്കുമരുന്നുപയോഗം തടയുന്നതിന് ജനകീയ സ്ക്വാഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ജനമൈത്രി പോലീസ് സ്റ്റേഷനുകളിലെ പ്രവർത്തനം വിലയിരുത്തുന്നതിന്റെ ഭാഗമായി കൃത്യമായ ഇടവേളകളിൽ സ്റ്റേഷൻ ഇൻസ്പെക്ഷൻ നടത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. പോലീസ് ജില്ലകളിൽ നിന്നും പ്രതിവാര/പ്രതിമാസ ബീറ്റ് അവലോകന റിപ്പോർട്ടുകൾ ശേഖരിക്കുന്നു. ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന ജനകീയ പ്രവർത്തനങ്ങളെ സംബന്ധിച്ച് ലഭിക്കുന്ന റിപ്പോർട്ടുകളും ഫോട്ടോകളും മുൻഗണനാ ക്രമത്തിൽ ജനമൈത്രി പോലീസിന്റെ ഫെയ്സ്ബുക്ക് പേജിലും മുഖമാസികയായ വാർത്താപത്രികയിലും പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) എല്ലാ ലാ ആന്റ് ഓർഡർ പോലീസ് സ്റ്റേഷനുകളും നിലവിൽ ജനമൈത്രി പോലീസ് സ്റ്റേഷനുകളാണ്. സർക്കാർ അധികാരത്തിൽ വരുന്നതുവരെ 267 സ്റ്റേഷനുകൾ ജനമൈത്രി പോലീസ് സ്റ്റേഷനുകളായിരുന്നു. ഈ സർക്കാർ അധികാരമേറ്റ ശേഷം കേരളത്തിലെ മുഴുവൻ സ്റ്റേഷനുകളിലേയ്ക്കും ജനമൈത്രി സംവിധാനം വ്യാപിപ്പിച്ചു.

(സി) മദ്യത്തിന്റേയും മയക്കുമരുന്നിന്റേയും ഉപയോഗം തടയുന്നതിനും ബോധവൽക്കരണത്തിനുമായി 'ലഹരി വിരുദ്ധ കാവൽക്കൂട്ടം' എന്ന പേരിൽ പ്രത്യേകം പരിശീലനം ലഭിച്ച Community Relations Officer (സി.ആർ.ഒ. മാർ), ബീറ്റ് ഓഫീസർമാർ, എൻ.ജി.ഒ., സ്കൂൾ ഹെൽത്ത് നഴ്സ്, എക്സൈസ് ഉദ്യോഗസ്ഥർ, ജനമൈത്രി സമിതി അംഗങ്ങൾ എന്നിവർ അടങ്ങുന്ന ഒരു കൂട്ടായ്മ പ്രവർത്തിച്ചു വരുന്നു. ഇവരുടെ നേതൃത്വത്തിൽ കോളേജുകൾ, സ്കൂളുകൾ, ഓട്ടോ സ്റ്റാന്റുകൾ, ബസ് സ്റ്റേഷനുകൾ, ലൈബ്രറികൾ, റസിഡന്റ് അസോസിയേഷനുകൾ തുടങ്ങിയ ഇടങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനുമെതിരെ ബോധവൽക്കരണ ക്ലാസുകൾ എടുക്കുകയും ലഘുലേഖകൾ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

## ആലത്തൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

154 (132) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(ബി) പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത് നിലവിൽ കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലത്ത് തന്നെയാണോ എന്ന് വ്യക്തമാക്കാമോ;

(സി) അല്ലെങ്കിൽ കെട്ടിട നിർമ്മാണത്തിനുള്ള പുതിയ സ്ഥലം എവിടെയാണെന്നറിയിക്കാമോ?

ഉത്തരം

(എ) ഫണ്ട് അനുവദിച്ചിട്ടില്ല.

(ബി&സി) ആലത്തൂർ ഡിവൈ.എസ്.പി. ഓഫീസിന്റെ പരിസരത്ത്, ഉപയോഗശൂന്യമായ പഴയ ക്വാർട്ടേഴ്സുകൾ നിലനിൽക്കുന്ന പോലീസ് വകുപ്പിന്റെ അധീനതയിലുള്ള 71.09 സെന്റ് സ്ഥലത്ത് ആലത്തൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുവാനാണ് നിലവിൽ സംസ്ഥാന പോലീസ് മേധാവി തലത്തിൽ തീരുമാനിച്ചിട്ടുള്ളത്.

## പോലീസിൽ ഡിവൈ.എസ്.പി. റാങ്കിലെ ഒഴിവുകൾ

155 (133) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസിൽ ഡി.വൈ.എസ്.പി. റാങ്കിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി നിലവിൽ ഡിവൈ.എസ്.പി. റാങ്കിലേക്ക് പരിഗണിക്കേണ്ട ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റ് നിലവിലുണ്ടോ: ടി ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഡിവൈ.എസ്.പി.-മാരായി പ്രൊമോഷൻ നടത്തുന്നതിന് സാങ്കേതിക തടസ്സം ഏതെങ്കിലുമുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഡിവൈ.എസ്.പി. റാങ്കിൽ 17 ഒഴിവുകൾ നിലവിലുണ്ട്. ഡിവൈ.എസ്.പി. റാങ്കിലേക്ക് പരിഗണിക്കേണ്ട ഉദ്യോഗസ്ഥരുടെ സെലക്ട് ലിസ്റ്റ് നിലവിലില്ല.

(ബി) സീനിയോറിറ്റി പുനഃക്രമീകരണത്തിനായി മുൻസർക്കാരിന്റെ കാലത്ത് നിയോഗിച്ച ഷെഫീൻ അഹമ്മദ് കമ്മിറ്റി സീനിയോറിറ്റി തർക്കത്തിലുൾപ്പെട്ട എല്ലാ വിഭാഗം ജീവനക്കാരെയും കേൾക്കാതെ പരിഷ്കരിച്ച് പുറത്തിറക്കിയ സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് (ജനറൽ എക്സിക്യൂട്ടീവ്)-ന്റെ സ്റ്റേറ്റ് വൈഡ് കംബൈൻഡ് സീനിയോറിറ്റി ലിസ്റ്റ് നിയമപരമായി നിലനിൽക്കുന്നതല്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ സ്വാഭാവിക നീതി ഉറപ്പാക്കി ബന്ധപ്പെട്ടവരെ നേരിൽ കേട്ടശേഷം തീരുമാനമെടുക്കണമെന്നും ട്രൈബ്യൂണൽ വിധി ന്യായം പുറപ്പെടുവിക്കുകയുണ്ടായി. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23-8-2017-ലെ ഒ.എ. നമ്പർ 2356/2016 ഉത്തരവിനെത്തുടർന്ന് ഡിവൈ.എസ്.പി. തസ്തികയിലേയ്ക്കുള്ള സെലക്ട് ലിസ്റ്റും സീനിയോറിറ്റി ലിസ്റ്റും അസ്ഥിരപ്പെട്ടിട്ടുള്ളതാണ് പ്രൊമോഷൻ നടത്തുന്നതിനുള്ള സാങ്കേതിക തടസ്സമായിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## താമരശ്ശേരി പോലീസ് സ്റ്റേഷൻ പിരിധിയിലെ എരഞ്ഞോണ അബ്ദുൾ കരീം വധക്കേസിലെ പ്രതിപ്പട്ടിക

156 (134) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീം വധക്കേസിൽ ആരെയെല്ലാമാണ് പ്രതിപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ:

(ബി) പ്രതികൾക്ക് ജാമ്യം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ജാമ്യവ്യവസ്ഥകൾ എന്തെല്ലാമാണ്;

(സി) ജാമ്യത്തിലിറങ്ങിയ പ്രതികൾ സാക്ഷികളെ ഭീഷണിപ്പെടുത്തുകയും കൊല്ലപ്പെട്ട അബ്ദുൾ കരീമിന്റെ മാതാവ് കൈകാര്യം ചെയ്യുന്ന സ്വത്തുകൾ കയ്യേറി അവകാശം സ്ഥാപിക്കാൻ ശ്രമിച്ചതായും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) സ്വന്തം പിതാവിനെ വധിച്ച കേസിൽ പ്രതികളാവുകയും സാക്ഷികളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന പ്രതികളുടെ ജാമ്യം റദ്ദാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) താമരശ്ശേരി പോലീസ് സ്റ്റേഷൻ പരിധിയിൽ എരഞ്ഞോണ അബ്ദുൾ കരീം വധക്കേസ്സിൽ നാളിതുവരെ അന്വേഷണത്തിൽ പ്രതിപ്പട്ടികയിൽ ഉൾപ്പെട്ടവരുടെ വിവരം ചുവടെ ചേർക്കുന്നു :

1. മിഥ് ലാജ് (24/14, S/o അബ്ദുൾ കരീം)
2. ഫിർദൗസ് (22/14, S/o അബ്ദുൾ കരീം)
3. മൈമുന ഫായിദ് (43/14, W/o അബ്ദുൾ കരീം)
4. മുഹമ്മദ് ഫായിസ് (32/14, S/o മൊയ്ദീൻ ഹാജി)
5. റഫീഖ് (26/14, S/o സെയ്ഫുദ്ദീൻ)

(ബി) ഉണ്ട്. ജാമ്യവ്യവസ്ഥകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. പരാതിക്കാരനെ നേരിൽക്കണ്ട് അന്വേഷിച്ചതിൽ ഇപ്പോൾ പ്രശ്നങ്ങളൊന്നുമില്ലാത്തതിനാൽ പ്രസ്തുത പരാതിയിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല.

(ഡി) മേൽപ്രസ്താവിച്ച പരാതിയല്ലാതെ പരാതിക്കാരനെ നിരന്തരം ഭീഷണിപ്പെടുത്തിക്കൊണ്ടിരിക്കുന്നതായ പരാതികളൊന്നുംതന്നെ നിലവിലില്ല. ഇത്തരം പരാതികൾ ലഭിച്ചാൽ ആവശ്യമായ നടപടികളെടുത്ത് പ്രസ്തുത കേസ്സിലെ പ്രതികളുടെ ജാമ്യം റദ്ദാക്കുന്നത് അടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

## മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ പേഴക്കാപള്ളി കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ

157 (135) <u>ശ്രീ. എൽദോ എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സേനയിൽ വരുത്തിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ സംസ്ഥാനത്ത് എത്ര പോലീസ് സ്റ്റേഷനുകൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) മൂവാറ്റുപുഴ നിയോജക മണ്ഡലത്തിലെ പേഴക്കാപള്ളി കേന്ദ്രമാക്കി പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കുന്ന കാര്യത്തിലെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പോലീസ് സേനയിൽ വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങൾ ചുവടെ ചേർക്കുന്നു :

1. എല്ലാ പോലീസ് സ്റ്റേഷനുകളിലും ജനമൈത്രി പദ്ധതി വ്യാപിപ്പിച്ചു.
2. വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ച് കൂടുതൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചു.
3. 196 പോലീസ് സ്റ്റേഷനുകളുടെ ചുമതല 1-1-2018 മുതൽ ഇൻസ്പെക്ടർമാർക്ക് നൽകി.
4. എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും സി.യു.ജി. സിം കാർഡ് നൽകി.
5. ഓൺലൈനായി പരാതികൾ സ്വീകരിക്കുവാനും പോലീസ് സ്റ്റേഷനുകളിൽ കുറ്റാന്വേഷണവും ക്രമസമാധാനവും രണ്ട് വിഭാഗങ്ങളായി തിരിച്ച് പോലീസ് സംവിധാനം കാര്യക്ഷമ മാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചു.
6. സ്ത്രീകൾക്കും കുട്ടികൾക്കും സെൽഫ് ഡിഫൻസ് ട്രെയിനിംഗ് നൽകുന്നതിനായി സ്കൂളുകൾ, കോളേജുകൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് സെൽഫ് ഡിഫൻസ് ട്രെയിനിംഗ് ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു.
7. എല്ലാ പഞ്ചായത്തുകളിലും ഓരോ വനിതാ പോലീസ് ഉദ്യോഗസ്ഥയെ ബീറ്റ് ഓഫീസറായി നിയമിക്കുകയും അവർ നിശ്ചിത ദിവസങ്ങളിൽ പഞ്ചായത്തുകൾ സന്ദർശിച്ച് സ്ത്രീകളിൽ നിന്ന് പരാതികൾ സ്വീകരിച്ച് പരിഹാര നടപടി സ്വീകരിക്കു കയും ചെയ്യുന്നു.
8. സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് പട്രോളിംഗ് നടപ്പിലാക്കി.
9. കുട്ടികളുടെ സുരക്ഷ മുൻനിർത്തി ശിശു സൗഹൃദ പോലീസ് സ്റ്റേഷൻ ആരംഭിച്ചു.
10. പോലീസ് സ്റ്റേഷനുകളിൽ പി.ആർ.ഒ., പിങ്ക് ബീറ്റ് സിസ്റ്റം എന്നീ സംവിധാനങ്ങൾ ഏർപ്പെടുത്തി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 14 പുതിയ പോലീസ് സ്റ്റേഷനുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) സർക്കാർതലത്തിൽ പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ**

158 (136) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പുതിയ പോലീസ് സ്റ്റേഷനുകൾ എവിടെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും ആയത് തുടങ്ങുന്നതിനുള്ള നടപടികൾ ഏതുവരെയായെന്നും വിശദമാക്കാമോ;

(സി) ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാവും എന്നും വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) കാസർഗോഡ് ജില്ലയിൽ മേൽപ്പറമ്പ് എന്ന സ്ഥലത്ത് പുതുതായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 26-10-2017 തീയതിയിലെ സ.ഉ. (കൈ) നമ്പർ 216/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവിതലത്തിൽ സ്വീകരിച്ചുവരുന്നു.

**പാണ്ടിക്കാട് ആർ.ആർ.എഫ് ക്യാമ്പ്**

159 (137) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ പാണ്ടിക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആർ.ആർ.എഫ്. ക്യാമ്പ് മാറ്റിസ്ഥാപിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ക്യാമ്പ് മാറ്റി സ്ഥാപിക്കുന്നതിനുള്ള അടിസ്ഥാന കാരണം എന്താണെന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച നിർദ്ദേശം ഏത് തലത്തിലാണ് കൈക്കൊണ്ടതെന്നറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് കേരളാ പോലീസ് അക്കാഡമിയുടെ ട്രെയിനിംഗ് സെന്റർ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിലും സമീപപ്രദേശങ്ങളിലുമുള്ള മാവോയിസ്റ്റ് സാന്നിധ്യം പരിഗണിച്ച് പ്രസ്തുത ആർ.ആർ.എഫ്. ക്യാമ്പ് പാണ്ടിക്കാട്തന്നെ നിലനിർത്തുന്നതിനായി നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആർ.ആർ.എഫ്. ക്യാമ്പ് മാറ്റി സ്ഥാപിക്കുന്നതിന് സംസ്ഥാന പോലിസ് മേധാവി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി&സി) മലപ്പുറം ജില്ലയിലെ പാണ്ടിക്കാട് പോലീസ് ക്യാമ്പിൽ കേരള പോലീസ് അക്കാഡമിയുടെ കീഴിൽ ഒരു Anti Insurgency & Counter Terrorism പോലീസ് ട്രെയിനിംഗ് സ്കൂൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നതിനാൽ ഇപ്പോൾ പാണ്ടിക്കാട് പോലീസ് ക്യാമ്പിൽ പ്രവർത്തിക്കുന്ന മറ്റ് യൂണിറ്റുകൾ മലപ്പുറം ജില്ലയിലെ ക്ലാരി ക്യാമ്പിലേയ്ക്ക് മാറ്റിസ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം സംസ്ഥാന പോലീസ് മേധാവിതലത്തിൽ നൽകിയിട്ടുണ്ട്.

(ഡി) കേരള പോലീസ് അക്കാഡമിയുടെ Anti Insurgency & Counter Terrorism ട്രെയിനിംഗ് സ്കൂളിന് പാണ്ടിക്കാട്ടുള്ള ആർ.ആർ.എഫ്.-ന്റെ നിലവിലെ ക്യാമ്പ് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ടി സ്ഥലത്ത് പ്രസ്തുത ക്യാമ്പ് നിലനിർത്തുവാൻ നിർവ്വാഹമില്ല. എന്നിരുന്നാലും മലപ്പുറം ജില്ലയിലും സമീപ പ്രദേശങ്ങളിലുമുള്ള മാവോയിസ്റ്റ് സാന്നിദ്ധ്യം പരിഗണിച്ച് പ്രസ്തുത ക്യാമ്പ് മലപ്പുറം ജില്ലയിൽതന്നെയുള്ള മലബാർ സ്പെഷ്യൽ പോലീസിന്റെ ക്ലാരി ക്യാമ്പിലേയ്ക്ക് മാറ്റുവാനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവിതലത്തിൽ സ്വീകരിച്ചു വരുന്നു.

**കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ അക്രമണം**

160 (138) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്തുപറമ്പ് പോലീസ് സ്റ്റേഷനിൽ അറസ്റ്റ് ചെയ്യപ്പെട്ട ക്രിമിനലുകളെ മോചിപ്പിക്കുന്നതിനായി ആർ.എസ്.എസ്. നടത്തിയ ബോംബേറുമായി ബന്ധപ്പെട്ട് ബോംബ് സ്ക്വാഡും, പോലീസും നടത്തിയ അന്വേഷണത്തിന്റെ വിശാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇത്തരം അക്രമസംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൂത്തുപറമ്പ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 835/2017 കേസ്സിലെ 1-ാം പ്രതി പ്രേംജിത്ത്, രണ്ടാം പ്രതി നിധീഷ്, 6-ാം പ്രതി ശ്രീനിലേഷ് എന്നിവരെ കസ്റ്റഡിയിലെടുത്ത് കൂത്തുപറമ്പ് സ്റ്റേഷനിൽ കൊണ്ടുവന്നിട്ടുള്ളതും

സംഭവമറിഞ്ഞ് ഒരുകൂട്ടം ബി.ജെ.പി. പ്രവർത്തകർ സ്റ്റേഷൻ പരിസരത്ത് തടിച്ചുകൂടുകയും സ്റ്റേഷൻ കോമ്പൗണ്ടിനോട് ചേർന്നുള്ള വസ്തുവകകൾക്ക് നാശനഷ്ടമോ ആളപായമോ വരുത്തണമെന്നുള്ള ഉദ്ദേശ്യത്തോടും കരുതലോടുംകൂടി ബോംബെറിഞ്ഞ് സ്ഫോടനം നടത്തിയിട്ടുള്ളതാണ്. ടി സംഭവത്തിന് കൂത്തുപറമ്പ് പി.എസ്. ക്രൈം നമ്പർ 1028/2017 U/s. 3 & 5 of ES Act ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളെ കണ്ടെത്തുന്നതിനായി സംഭവസ്ഥലത്തെ വിവിധ മൊബൈൽ ടവറുകളിൽ നിന്നുള്ള കോൾ വിവരങ്ങൾ ശേഖരിച്ചും സാക്ഷികളെ ചോദ്യം ചെയ്തും സയന്റിഫിക് അസിസ്റ്റന്റിന്റെ സഹായത്താൽ സംഭവസ്ഥലത്ത് കാണപ്പെട്ട ബോംബിന്റെ അവശിഷ്ടങ്ങൾ ബന്തവസ്സിലെടുത്ത് പരിശോധനയ്ക്ക് അയച്ചിട്ടുള്ളതുമാകുന്നു.

(ബി) കുറ്റക്കാരെ കണ്ടെത്തുന്നതിനുള്ള അന്വേഷണം ഊർജ്ജിതമായി നടത്തിവരുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കുന്നതാണ്.

## കാട്ടാക്കടയിൽ ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കാൻ നടപടി

161 (139) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

താലൂക്ക് ആസ്ഥാനമായ കാട്ടാക്കട കേന്ദ്രമായി ഡിവൈ.എസ്.പി ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കാമോ?

ഉത്തരം

കാട്ടാക്കടയിൽ ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## വെഞ്ഞാറമൂട് ഡിവൈ.എസ്.പി. ഓഫീസ്

162 (140) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെഞ്ഞാറമൂട് ഡിവൈ.എസ്.പി. ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി; വിശദമാക്കാമോ;

(ബി) വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂർ കേന്ദ്രീകരിച്ച് പോലിസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് ശിപാർശ ലഭിച്ചിട്ടില്ല.

(ബി) സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പോലീസ് സ്റ്റേഷനുകളുടെ മുൻഗണനാ പട്ടികയിൽ പനവൂർ എന്ന സ്ഥലവും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ ഇത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തിയിട്ടില്ല.

**ഗുണ്ടാ നിയമം**

163 (142) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണ്ടാനിയമം പ്രാബല്യത്തിൽ വന്നശേഷം 2017 ഡിസംബർ 31 വരെ എത്രപേരെ കരുതൽതടങ്കലിൽ വച്ചിട്ടുണ്ട്;

(ബി) പ്രസ്തുത നിയമപ്രകാരം കസ്റ്റഡിയിൽ വയ്ക്കേണ്ടവരിൽ ഇനിയും എത്രപേരെ പിടികിട്ടാനുണ്ട്;

(സി) അറസ്റ്റുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പോലിസിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചമൂലം ഇത്തരത്തിൽ കസ്റ്റഡിയിൽ എടുത്തവരിൽ എത്രപേർ ജയിൽ മോചിതരായിട്ടുണ്ട് എന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 1425 പേർ.

(ബി) 37 പേർ.

(സി) 2 പേർ.

**ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനം**

164 (143) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുണ്ടാ സംഘങ്ങളുടെ പ്രവർത്തനം ഉന്മൂലനം ചെയ്യുന്നതിന് ദീർഘകാല പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) പ്രോസിക്യൂട്ടറുമായി കൂടിയാലോചിച്ച് കൃത്യമായ കുറ്റപത്രം തയ്യാറാക്കുന്നതിനും, മാതൃകാപരമായ ശിക്ഷ വാങ്ങിക്കൊടുക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യാനായി ശക്തമായ പോലീസ് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ഈ സർക്കാരിന്റെ കാലത്ത് ഗുണ്ടാവിരുദ്ധ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതും ടി സ്ക്വാഡ് കാര്യക്ഷമമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ഓപ്പറേഷൻ സുരക്ഷാ പദ്ധതി മുഖേന സമൂഹത്തിൽ ജനങ്ങളുടെ സുരക്ഷയും ക്രമസമാധാനവും ഉറപ്പാക്കിവരുന്നു. ഗുണ്ടാസംഘങ്ങളുടെ പ്രവർത്തനം ഉന്മൂലനം ചെയ്യുന്നതിന് തുടർച്ചയായി ക്രമ സമാധാന പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരെ റൗഡി ഹിസ്റ്ററി ഷീറ്റിൽ ഉൾപ്പെടുത്തി നിരീക്ഷണങ്ങൾ നടത്തിയും സി.ആർ.പി.സി. സെക്ഷൻ 107, 109, 110 പ്രകാരം സമാധാന സംരക്ഷണത്തിന് ജാമ്യം വാങ്ങിക്കുന്നതിനുള്ള നടപടി സ്വീകരിച്ചും കേരള ആന്റി സോഷ്യൽ ആക്ടിവിറ്റീസ് (പ്രിവൻഷൻ) ആക്ട് 2007 സെക്ഷൻ 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിച്ചും സെക്ഷൻ 15(1) പ്രകാരം ജില്ലകളിൽനിന്നും നാടുകടത്തിയും നടപടി സ്വീകരിച്ചുവരുന്നു.

(ബി) കേസിന്റെ സ്വഭാവം അനുസരിച്ച് നിയമോപദേശം ആവശ്യമുള്ള കേസ്സുകളിൽ പ്രോസിക്യൂട്ടറുമായി കൂടിയാലോചിച്ച് കുറ്റമറ്റരീതിയിൽ കുറ്റപത്രം തയ്യാറാക്കി നൽകി പരമാവധി ശിക്ഷ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**ദേവാലയ മോഷണങ്ങൾ**

165 (144) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് 2017 ഡിസംബർ 31 വരെ എത്ര ദേവാലയ മോഷണങ്ങൾ നടന്നിട്ടുണ്ടെന്ന് തരംതിരിച്ച് അറിയിക്കുമോ;

(ബി) ഓരോ വിഭാഗത്തിൽപ്പെട്ട ദേവാലയങ്ങളിലെയും മോഷണങ്ങൾമൂലം എത്ര രൂപയുടെ വസ്തുവകകൾ നഷ്ടപ്പെട്ടിട്ടുണ്ട്;

(സി) ദേവാലയ മോഷണങ്ങളുമായി ബന്ധപ്പെട്ട കേസ്സുകളിൽ എത്ര പ്രതികളെയാണ് ഇനിയും പിടികിട്ടാനുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെകാലത്ത് 2017 ഡിസംബർ 31 വരെ നടന്ന ദേവാലയ മോഷണങ്ങൾ തരംതിരിച്ചുള്ള വിവരം ചുവടെ കൊടുക്കുന്നു :

| ഹിന്ദു ദേവാലയങ്ങൾ | ക്രിസ്ത്യൻ ദേവാലയങ്ങൾ | മുസ്ലീം ദേവാലയങ്ങൾ |
|---|---|---|
| 351 | 96 | 36 |

കൂടാതെ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗം രണ്ട് കേസുകൾ അന്വേഷിച്ചു വരുന്നു.

(ബി) ഹിന്ദു ദേവാലയങ്ങളിൽനിന്നും 3 പവൻ സ്വർണ്ണവും 89,59,994 രൂപയുടെ വസ്തുവകകളും ക്രിസ്ത്യൻ ദേവാലയങ്ങളിൽനിന്നും 9,76,102 രൂപയുടെ വസ്തുവകകളും മുസ്ലീം ദേവാലയങ്ങളിൽനിന്നും 5,87,693 രൂപയുടെ വസ്തുവകകളും നഷ്ടപ്പെട്ടിട്ടുണ്ട്. ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിക്കുന്ന കേസിൽ 21,79,450 രൂപയുടെ ആഭരണങ്ങൾ കാണാതായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ദേവാലയ മോഷണങ്ങളുമായി ബന്ധപ്പെട്ട കേസുകളിൽ 155 പ്രതികളെ ഇനിയും പിടികിട്ടാനുണ്ട്. ക്രൈംബ്രാഞ്ച് വിഭാഗം അന്വേഷിക്കുന്ന കേസുകളിലെ പ്രതികളെ നാളിതുവരെ തിരിച്ചറിഞ്ഞിട്ടില്ല.

**ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം**

166 (145) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തര വകുപ്പിൽ വർദ്ധിച്ച രീതിയിൽ കണ്ടുവരുന്ന ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പൊതുസമൂഹത്തിന്റെ ശ്രദ്ധയിൽപ്പെടാതിരിക്കാൻ പലപ്പോഴും ഇത്തരം വാഹനങ്ങൾ ബോർഡ് ഒഴിവാക്കി സ്വകാര്യ ആവശ്യങ്ങൾക്ക് വ്യാപകമായി ദുരുപയോഗം ചെയ്യുന്നത് തടയാൻ എന്തൊക്കെ നടപടികൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) ആഭ്യന്തര വകുപ്പിൽ ഇത്തരത്തിൽ ഔദ്യോഗിക വാഹനങ്ങൾ ദുരുപയോഗം ചെയ്യുന്ന സംഗതി പ്രകടമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത്തരം സാഹചര്യങ്ങൾ സംജാതമാകുന്ന വേളയിൽ സർക്കുലർ നമ്പർ 41/2008/Fin, തീയതി 2-8-2008-ൽ നിർദ്ദേശിക്കും പ്രകാരം നടപടികൾ അനുവർത്തിക്കുവാൻ എല്ലാ ജില്ലാ/യൂണിറ്റ് മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മാത്രമല്ല നിയമാനുസൃതമല്ലാതെ ഡിപ്പാർട്ട്മെന്റ് വാഹനം സ്വകാര്യ ആവശ്യത്തിന് ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ കർശനമായ അച്ചടക്ക നടപടി സ്വീകരിക്കുന്നതുമാണ്.

## വിധ്വംസക പ്രവർത്തനങ്ങൾ തടയാൻ നടപടി

167 (146) ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. ഐ. ബി. സതീഷ് :

ശ്രീ. ആർ. രാജേഷ് :

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സി. പി. ഐ. (എം.) പ്രവർത്തകർക്കും ഓഫീസുകൾക്കും നേരെ ആക്രമണം അഴിച്ചു വിടുകയും തത്സമയംതന്നെ ജനാധിപത്യ സംവിധാനത്തിൽ അവിശ്വാസം പ്രകടിപ്പിച്ചുകൊണ്ട് ഗവർണ്ണറെ കണ്ട് ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ഗവൺമെന്റിനെ അട്ടിമറിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന ആർ. എസ്. എസ്.-ന്റെ വിധ്വംസക പ്രവർത്തനങ്ങൾ തടയാൻ ശക്തമായ നടപടി സ്വീകരിക്കാൻ സാധ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) പോലീസ് സ്റ്റേഷന് നേരെ ബോംബാക്രമണം നടത്തിയിട്ടുള്ള സംഘപരിവാറിനെതിരെ ശക്തമായ നടപടി സ്വീകരിച്ച് ക്രമസമാധാനം ഉറപ്പാക്കാൻ പോലീസ് സേനയ്ക്ക് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ;

(സി) സി.ബി.ഐ.-യെ രാഷ്ട്രീയ പകപോക്കലിനുള്ള ഉപകരണം മാത്രമായി അധഃപതിപ്പിക്കുന്നത് ഉണ്ടാക്കാനിടയുള്ള ഭവിഷ്യത്ത് കണക്കിലെടുത്ത് ഇത്തരം തെറ്റായ ഇടപെടലുകൾ തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആക്രമണം നടത്തുന്നവർക്കെതിരെയും വിധ്വംസക പ്രവർത്തനങ്ങൾ അഴിച്ചുവിടുന്നവർക്കെതിരെയും കേസ്സുകൾ രജിസ്റ്റർചെയ്ത് ശക്തമായ നിയമ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ജനങ്ങളുടെ സ്വൈര്യജീവിതവും ക്രമസമാധാനവും ഉറപ്പുവരുത്തുന്നതിന് പോലീസിന് ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ക്രമസമാധാനം ഉറപ്പുവരുത്തുക എന്നത് പോലീസിന്റെ കർത്തവ്യമാണ്. അതിനുള്ള ശക്തമായ നടപടി പോലീസ് സ്വീകരിച്ചുവരുന്നുണ്ട്.

(സി) തീരുമാനം കൈക്കൊണ്ടിട്ടില്ല.

## കുട്ടികളെ തട്ടിക്കൊണ്ടുപോകൽ അമർച്ച ചെയ്യാൻ നടപടി

168 (147) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിക്ഷാടനത്തിനും അവയവത്തിനുംവേണ്ടി കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന മാഫിയ സംഘം കേരളത്തിൽ പ്രവർത്തിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഈ വിഷയത്തിൽ എത്ര കേസുകൾ രജിസ്റ്റർ ചെയിതിട്ടുണ്ട്;

(സി) ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഡി) ഭിക്ഷാടനത്തിനും അവയവത്തിനും വേണ്ടി കുട്ടികളെ തട്ടിക്കൊണ്ടു പോകുന്ന സംഘങ്ങളെ അമർച്ചചെയ്യാൻ എന്തെങ്കിലും കർമ്മ പരിപാടി ആലോചനയിൽ ഉണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

(എ) മാഫിയ സംഘം പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഭിക്ഷാടനത്തിനുവേണ്ടി കുട്ടികളെ തട്ടിക്കാണ്ടുപോകുന്നതുമായി ബന്ധപ്പെട്ട് തൃശ്ശൂർ സിറ്റി പോലീസ് 1 കേസ്സും റെയിൽവേയിൽ 3 കേസ്സുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഭിക്ഷാടനവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളിൽ കുറ്റക്കാരെ കണ്ടെത്തി അറസ്റ്റ് ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കാണാതാകുന്ന കുട്ടികളെ ദ്രുതഗതിയിൽ കണ്ടെത്തുന്നതിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനുമായി 'ഓപ്പറേഷൻ വാത്സല്യ' എന്ന കർമ്മ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## സംസ്ഥാനത്ത് നിന്നും കാണാതായവർ

169 (150) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2017 ഡിസംബർ 31 വരെ സംസ്ഥാനത്ത് നിന്നും എത്രപേരെ കാണാതായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ സ്ത്രീകളെത്ര, പുരുഷന്മാരെത്രയെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തു നിന്ന് കാണാതായവരിൽ എത്ര പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ശേഷിക്കുന്നവരെ സംബന്ധിച്ച കേസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 2017 ഡിസംബർ 31 വരെ സംസ്ഥാനത്തുനിന്നും 14875 പേരെ കാണാതായിട്ടുണ്ട്.

(ബി) ഇവരിൽ 9883 പേർ സ്ത്രീകളും 4992 പേർ പുരുഷന്മാരുമാണ്.

(സി) സംസ്ഥാനത്തുനിന്ന് കാണാതായവരിൽ 13765 പേരെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

(ഡി) 1110 പേരെ ഇനിയും കണ്ടെത്താനുണ്ട്. ഇവരെ കണ്ടെത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സംസ്ഥാനത്തെ ക്രമസമാധാനനില**

170 (151) <u>ശ്രീ. റ്റി. വി. രാജേഷ്</u> :
<u>ശ്രീ. കെ. ബാബു</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ക്രമസമാധാനനില ശക്തമാക്കുന്നതിനായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ക്രമസമാധാനനില ഭദ്രമാക്കുന്നതിനും കുറ്റാന്വേഷണം കൂടുതൽ ഫലപ്രദമാക്കുന്നതിനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്;

(സി) ഗുണ്ടകളെയും ക്രിമിനലുകളെയും അറസ്റ്റ് ചെയ്യുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ഡി) ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്യുവർക്കും എതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാന വ്യാപകമായി സ്പെഷ്യൽ ഡ്രൈവ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ ക്രമസമാധാനനില ശക്തമാക്കുന്നതിനും കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളുടെ പശ്ചാത്തല വികസനത്തിനും സാങ്കേതിക സംവിധാനം മെച്ചപ്പെടുത്തുന്നതിനും നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഇതിന്റെ

ഭാഗമായി സംസ്ഥാനത്ത് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെകീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. ആധുനിക വൽക്കരണത്തിന്റെ ഭാഗമായി കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും ജനറൽ ഡയറി രേഖപ്പെടുത്തുന്നതിനും സി.സി.ടി.എൻ.എസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ ഐ.ആപ്പ് സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്യാവുന്നതും, അവർക്ക് കിയോസ്കുകൾ വഴി നിജസ്ഥിതി അറിയുന്നതിന് സാധിക്കുന്നതുമാണ്. എഫ്.ഐ.ആറുകൾ പൊതുജനങ്ങൾക്ക് കേരളാ പോലീസിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ നേരിട്ട് വരാതെ തന്നെ പെറ്റീഷനുകൾ ഇ-മെയിൽ മുഖാന്തരം അയയ്ക്കാവുന്നതാണ്. കേസ്സന്വേഷണം സുഗമമാക്കുന്നതിനായി എല്ലാ പോലീസുദ്യോഗസ്ഥർക്കും സി.യു.ജി. സിം കാർഡുകൾ നൽകിയിട്ടുണ്ട്. പോലീസുദ്യോഗസ്ഥർക്ക് പരസ്പരം സൗജന്യമായി വിളിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള സിം കാർഡ് കേസ്സന്വേഷണത്തിനും മറ്റും നല്ല രീതിയിൽ പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും ഉപകരിക്കുന്നുണ്ട്. സ്റ്റേഷനിൽ വരുന്നവരുടെ പരാതിയും മറ്റും സ്വീകരിക്കുന്നതിനായി പി.ആർ.ഒ. സംവിധാനം സ്റ്റേഷനുകളിൽ നടപ്പിൽ വരുത്തിയിട്ടുണ്ട്, സ്റ്റേഷൻ ജീപ്പുകളിൽ ജി.പി.എസ്. സംവിധാനം സ്ഥാപിച്ചിട്ടുണ്ട്. കുറ്റകൃത്യം നടന്ന സ്ഥലങ്ങളെ ക്രൈം മാപ്പിംഗ് സൈറ്റിൽ രേഖപ്പെടുത്തുന്ന സംവിധാനം നിലവിലുണ്ട്. പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം, ജനമൈത്രി പോലീസ്, സീനിയർ സിറ്റിസൺ ഫ്രണ്ട്‌ലി ഓഫീസർ, വനിതാ ഹെൽപ് ഡസ്ക്, ഐ ആപ്പ് പെറ്റിഷൻ സംവിധാനം എന്നീ പദ്ധതികളുടെ പ്രവർത്തനഫലമായി മെച്ചപ്പെട്ട സേവനം നൽകിവരുന്നുണ്ട്. സൈബർ സെൽ ജില്ലാതലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. സൈബർ സെല്ലിന്റെ സേവനമുപേയാഗിച്ച് പല കേസ്സുസുകളുടെയും അന്വേഷണം കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നുണ്ട്.

(ബി) ക്രമസമാധാനനില ഭദ്രമാക്കുന്നതിനും കുറ്റാന്വേഷണം കൂടുതൽ ഫലപ്രദമാക്കുന്നതിനുമായി സംസ്ഥാനത്ത് ഇൻസ്പെക്ടർമാരെ സ്റ്റേഷൻ ഹൗസ് ഓഫീസർമാരായി നിയമിക്കുന്ന സംവിധാനം ആരംഭിക്കുകയും അവരുടെ കീഴിൽ ക്രമസമാധാന പരിപാലനത്തിനും കുറ്റാന്വേഷണത്തിനുമായി ഓരോ സബ് ഇൻസ്പെക്ടർമാരുടെ നേതൃത്വത്തിൽ രണ്ട് വിഭാഗങ്ങളായി പ്രവർത്തിച്ചുവരികയും ചെയ്യുന്നു. കൂടാതെ പോലീസ് പട്രോളിംഗ് ശക്തമാക്കി പോലീസ് സാന്നിധ്യം കൂടുതൽ വ്യാപിപ്പിച്ചും ജനമൈത്രി പോലീസ് പദ്ധതി പോലുള്ള പദ്ധതികളിലൂടെ പോലീസ് പൊതുജനബന്ധം ശക്തമാക്കി പൊതുജനങ്ങളെ കൂടുതൽ വിശ്വാസത്തി

ലെടുത്ത് കുറ്റകൃത്യങ്ങളെക്കുറിച്ചും ക്രമസമാധാന പ്രശ്നങ്ങളെക്കുറിച്ചും ശരിയായ വിവരങ്ങൾ ശേഖരിച്ചും വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ കേസന്വേഷണം കാര്യക്ഷമമാക്കിയും കുറ്റാന്വേഷണവും ക്രമസമാധാന പരിപാലനവും ഫലപ്രദമായി നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്.

(ഡി) ഗുണ്ടകൾക്കും സാമൂഹ്യവിരുദ്ധർക്കും ഗുരുതര കുറ്റകൃത്യങ്ങൾ ചെയ്യുവർക്കും എതിരെയുള്ള നടപടികളുടെ ഭാഗമായി സംസ്ഥാനത്ത് പോലീസ് ജില്ലകളിൽ നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ്

171 (152) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റ് അനുവദിക്കുന്നതിന് 2017 ഫെബ്രുവരി 2-ന് തിരുവനന്തപുരം റൂറൽ എസ്.പി.-ക്ക് എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പോലീസ് എയ്ഡ് പോസ്റ്റ് ആരംഭിക്കുന്നതിന് അടിയന്തര നടപടി ആവശ്യപ്പെട്ടുകൊണ്ട് എം.എൽ.എ. ഡി.ജി.പി. 3-1-2018-ൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ 2017 ജനുവരി മുതൽ 2017 ഡിസംബർ വരെ ജീവനക്കാർക്കും രോഗികൾക്കുമെതിരെ എതെങ്കിലും തരത്തിൽ അക്രമങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്നും എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ?

### ഉത്തരം

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പോലീസ് എയ്ഡ് പോസ്റ്റിൽ അംഗസംഖ്യ അനുവദിക്കുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് സംസ്ഥാന പോലീസ് മേധാവിതലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. നെയ്യാറ്റിൻകര പോലീസ് സ്റ്റേഷന്റെ അംഗസംഖ്യ കുറവായതിനാലും അടിയന്തര ലാ ആന്റ് ഓർഡർ ഡ്യൂട്ടി, കോടതി ഡ്യൂട്ടി, ട്രാഫിക് ഡ്യൂട്ടി ഉൾപ്പെടെയുള്ള മറ്റ് അത്യാവശ്യ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ദൈനംദിന ഡ്യൂട്ടിക്ക് പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കേണ്ടതായിട്ടുള്ളതിനാൽ തുടർച്ചയായി എയ്ഡ് പോസ്റ്റ് ഡ്യൂട്ടിക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാൻ സാധിച്ചിട്ടില്ല. എന്നാൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് മുന്നിലായി ട്രാഫിക്/എയ്ഡ് ഡ്യൂട്ടിക്കായി എല്ലാ ദിവസവും പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നുണ്ട്.

(ബി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയുടെ എയ്ഡ് പോസ്റ്റിൽ അംഗബലം അനുവദിക്കാൻ നെയ്യാറ്റിൻകര ഡിവൈ.എസ്.പി.-ക്ക് സംസ്ഥാന പോലീസ് മേധാവി തലത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡ്യൂട്ടി ഡോക്ടറുടെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരുത്തിയതിനും ആശുപത്രി സെക്യൂരിറ്റി ജീവനക്കാരനെ ദേഹോപദ്രവം ഏൽപ്പിച്ചതിനും 2017 ജനുവരി മുതൽ ഡിസംബർ വരെ 160/17, 2240/17 എന്നീ രണ്ട് ക്രൈം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒന്നാമത്തെ കേസിൽ 9 പ്രതികളേയും രണ്ടാമത്തെ കേസിൽ ഒരു പ്രതിയേയും അറസ്റ്റ് ചെയ്ത് നിയമനടപടി സ്വീകരിച്ചിട്ടുള്ളതും കുറ്റപത്രം കോടതി മുൻപാകെ സമർപ്പിച്ചിട്ടുള്ളതുമാണ്.

## 2017 ഡിസംബർ 31 വരെ നടന്ന കൊള്ളകൾ

172 (153) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് 2017 ഡിസംബർ 31 വരെ എത്ര കൊള്ളകൾ നടന്നിട്ടുണ്ട്;

(ബി) ഈ കൊള്ളകളിൽ പകൽനടന്ന കൊള്ളകൾ എത്രയെന്നറിയിക്കുമോ; പ്രസ്തുത കൊള്ളകളിൽ പൊതുസ്ഥലത്തുവച്ച് നടന്നവയെത്ര എന്നറിയിക്കുമോ;

(സി) പ്രസ്തുത കൊള്ളകളിൽ ഒരു വീട്ടിൽ നിന്നുതന്നെ ഒന്നിലധികം കൊള്ളകൾ നടന്നിട്ടുണ്ടെങ്കിൽ ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2017 ഡിസംബർ 31 വരെ 1463 എണ്ണം നടന്നിട്ടുണ്ട്.

(ബി) പകൽ 883 സംഭവങ്ങളും പൊതുസ്ഥലത്തുവച്ച് 982 സംഭവങ്ങളും നടന്നിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന കൊടുംക്രിമിനലുകൾ**

173 (154) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന കൊടുംക്രിമിനൽ പശ്ചാത്തലമുള്ള ചിലർ കേരളത്തിൽ വൻമോഷണവും, കൊലപാതകത്തിൽ ചെന്നെത്തുന്ന കവർച്ചകളും നടത്തുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നാട്ടിൽ കുറ്റകൃത്യങ്ങളിലേർപ്പെട്ടശേഷം സുരക്ഷിത താവളം തേടി കേരളത്തിലെത്തുന്ന ഇതരസംസ്ഥാനക്കാർ ഇവിടെ ലഹരിമരുന്ന് വില്പനയും കള്ളനോട്ട് വിതരണവുമായി ജീവിതം നയിക്കുന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(സി) എങ്കിൽ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലെത്തുന്ന ക്രിമിനൽ സംഘങ്ങളുടെ വേരറുക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ചില ജില്ലകളിൽ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്.

(സി) ഇത്തരം ക്രിമിനൽ പശ്ചാത്തലമുള്ളവർ ഇതര സംസ്ഥാന തൊഴിലാളികളുടെ കൂടെ താമസിക്കുകയാണെങ്കിൽ അവരെ തിരിച്ചറിയാനും നിയമത്തിനുമുന്നിൽ കൊണ്ടുവരാനും സംവിധാനങ്ങൾ നിലവിലുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളെ നിരീക്ഷിക്കുന്നതിന് എല്ലാ SHO മാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ e-rekha എന്ന (Mobile App) സോഫ്റ്റ്‌വെയർ മുഖാന്തരം ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ ജനമൈത്രി പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് അപ്‌ലോഡ് ചെയ്യാൻ സാധിക്കുന്നതരത്തിലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ക്രിമിനൽ സ്വഭാവം ഉള്ളവരുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി സൂക്ഷിക്കുകയും സംശയം തോന്നുന്നവരുടെ വിവരങ്ങൾ അതത് സംസ്ഥാനങ്ങളിലെ പോലീസ് സ്റ്റേഷനിൽ അയച്ച് പരിശോധന നടത്തുകയും ഇവരുടെ വാസസ്ഥലങ്ങളും ജോലിസ്ഥലങ്ങളും പ്രത്യേകം നിരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. ഇതുവഴി ക്രിമിനൽ പശ്ചാത്തലമുള്ള ഇതര സംസ്ഥാനക്കാർക്കിടയിൽ പോലീസിന്റെ ശ്രദ്ധയും നിരീക്ഷണവും ഉറപ്പാക്കിവരുന്നു. ആധുനിക സാങ്കേതിക വിദ്യയുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ഈ നിരീക്ഷണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.

## നെയ്യാർ ഡാം ടൂറിസം പോലീസ് സ്റ്റേഷനിൽ സ്റ്റാഫ്

174 (155) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാർ ഡാം ടൂറിസം പോലീസ് സ്റ്റേഷനിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പുരുഷ, വനിതാ ജീവനക്കാരെ നിയമിച്ച് നെയ്യാർ ഡാം ടൂറിസം പോലീസ് സ്റ്റേഷനെ ഒരു മാതൃകാ സ്റ്റേഷനായി ഉയർത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നെയ്യാർ ഡാം പോലീസ് സ്റ്റേഷനിലെ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആന്റ് പോലീസ് അസിസ്റ്റന്റ്സ് സെന്ററിന് ആവശ്യമായ പോലീസിനെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പുരുഷ, വനിതാ ജീവനക്കാരെ നിയമിച്ച് നെയ്യാർ ഡാം ടൂറിസ്റ്റ് പോലീസ് സ്റ്റേഷനെ ഒരു മാതൃകാ സ്റ്റേഷനായി ഉയർത്തുന്നതിനുള്ള നടപടി പരിശോധിക്കാവുന്നതാണ്.

## പോലീസ് സ്റ്റേഷൻ ആക്രമണങ്ങൾ

175 (156) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2017 ഡിസംബർ 31 വരെ എത്ര പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടിട്ടുണ്ട് എന്നറിയിക്കുമോ;

(ബി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളാണ് ഇത്തരത്തിൽ ആക്രമിക്കപ്പെട്ടത്;

(സി) പ്രസ്തുത പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടതിനുള്ള കാരണങ്ങൾ എന്തായിരുന്നുവെന്നും അതിനിടെ എത്ര പോലീസുകാർ ആക്രമിക്കപ്പെട്ടുവെന്നും വിശദമാക്കുമോ;

(ഡി) പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ട എത്ര കേസ്സുകൾ പിൻവലിക്കപ്പെട്ടുവെന്നും ഏതൊക്കെ രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട എത്രപേരെ മോചിപ്പിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) പോലീസ് സ്റ്റേഷനുകൾ ആക്രമിക്കപ്പെട്ടതുമായി ബന്ധപ്പെട്ട് കേസ്സുകൾ ഒന്നും പിൻവലിക്കപ്പെട്ടിട്ടില്ല. രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആരെയും മോചിപ്പിച്ചിട്ടില്ല.

## രാഷ്ട്രീയ സംഘട്ടനങ്ങൾ

176 (157) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 2017 ഡിസംബർ 31 വരെ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ട്; അതിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര പേർക്ക് പരിക്കേറ്റിട്ടുണ്ട്;

(ബി) ഓരോ സംഭവങ്ങളുടെയും പിന്നിൽ എത്ര പേർക്കെതിരെ കേസ്സെടുത്തു; ജില്ല തിരിച്ചുള്ള വിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കള്ളനോട്ട് തടയാൻ നടപടി

177 (158) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കള്ളനോട്ട് വ്യാപകമായി പ്രചരിക്കുന്നത് തടയാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാന ട്രഷറിയിൽനിന്നും നല്കിയ നോട്ടിൽ പോലും കള്ളനോട്ട് കണ്ടെത്തിയതായുള്ള സംഭവം ഉണ്ടായിട്ടുണ്ടോ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ?

ഉത്തരം

(എ) കള്ളനോട്ട് കേസ്സുകളിൽ ഉൾപ്പെട്ടിട്ടുള്ള പ്രതികളെ നിരന്തരം നിരീക്ഷിച്ചു വരുന്നു. കൂടാതെ കള്ളനോട്ട് സംബന്ധിച്ച കുറ്റകൃത്യങ്ങൾ തടയുന്നതിലേക്കായി പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനും ഇന്റലിജൻസ് കളക്ഷൻ ശക്തമാക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കള്ളനോട്ട് പ്രചരിക്കുന്നത് തടയുന്നതിനായി പോലീസിന്റെ രഹസ്യാന്വേഷണ വിഭാഗം നിരീക്ഷണം നടത്തിവരുന്നുണ്ട്. പ്രത്യേകിച്ചും അന്യസംസ്ഥാന തൊഴിലാളികളെ കേന്ദ്രീകരിച്ച് നിരീക്ഷണം നടത്തിവരുന്നു. കൂടാതെ ആവശ്യമായ ബോധവത്കരണം നടത്തിവരുന്നുണ്ട്.

## മീസ്സിൽസ് റൂബെല്ല വാക്സിൻ കുത്തിവയ്പ്പ് തടസ്സപ്പെടുത്തിയവർക്കെതിരെയുള്ള നടപടി

178 (161) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മീസ്സിൽസ് റുബെല്ല കുത്തിവയ്പ്പിനെത്തിയ മെഡിക്കൽ ആഫീസർ അടക്കമുള്ള ആരോഗ്യ വകുപ്പുദ്യോഗസ്ഥരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ആരോഗ്യ സംരക്ഷണ പ്രവർത്തനത്തെ തകിടംമറിക്കുക എന്ന ഉദ്ദേശത്തോടെ നടത്തിയ ആക്രമണത്തെ ഗൗരവപൂർവ്വം കണക്കിലെടുത്ത് കുറ്റവാളികൾക്ക് കടുത്തശിക്ഷ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) മീസ്സിൽസ് റുബെല്ല കുത്തിവയ്പ്പിനെത്തിയ മെഡിക്കൽ ആഫീസർ അടക്കമുള്ള ആരോഗ്യ വകുപ്പുദ്യോഗസ്ഥരെ ആക്രമിച്ചതുമായി ബന്ധപ്പെട്ട് 6 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. (മലപ്പുറം-4, കണ്ണൂർ-1, കാസർഗോഡ്-1).

(ബി) കേസിലെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കാര്യക്ഷമമായ അന്വേഷണം നടത്തി പ്രതികൾക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം

179 (162) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ലഭ്യമാക്കുകയും ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇതുവരെ കെട്ടിട നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിലവിൽ ലഭ്യമായ സ്ഥലത്ത് കെട്ടിടം പണിയുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) വാടാനപ്പള്ളി പോലീസ് സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ കീഴിലുള്ള ഇരിഞ്ഞാലക്കുട പി.എച്ച്. സെക്ഷന്റെ കൈവശമുള്ള ചാവക്കാട് താലൂക്കിൽ എങ്ങണ്ടിയൂർ വില്ലേജിൽ സർവ്വേ നമ്പർ 317/1-ൽപ്പെട്ട 57.25 സെന്റ് സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലത്ത് വാടാനപ്പള്ളി പോലീസ് സ്റ്റേഷന്റെ കെട്ടിടം നിർമ്മിക്കുവാൻ വേണ്ടിയുള്ള സമ്മതപത്രം കേരള വാട്ടർ അതോറിറ്റിയിൽനിന്നും ലഭ്യമാക്കുവാൻവേണ്ട നടപടി സംസ്ഥാന പോലീസ് മേധാവിതലത്തിൽ സ്വീകരിച്ചുവരുന്നു.

## കൊല്ലം റൂറൽ പോലീസ് ആസ്ഥാനമന്ദിര നിർമ്മാണം

180 (163) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം റൂറൽ പോലീസ് ആസ്ഥാനമന്ദിര നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) നിർമ്മാണ ചുമതല ആരിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അടങ്കൽ തുക എത്രയാണെന്നും നിർമ്മാണം എന്ന് ആരംഭിക്കുമെന്നും വിശദമാക്കുമോ?

ഉത്തരം

(എ-സി) ജലസേചന വകുപ്പിന്റെ 1-10-20 ഹെക്ടർ ഭൂമിയിൽ കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിരം നിർമ്മിക്കുവാൻ വേണ്ടിയുള്ള ഫണ്ടും ഭരണാനുമതിയും നൽകിയിട്ടുണ്ട്. 276 ലക്ഷം രൂപയാണ് അടങ്കൽ തുകയായി അനുവദിച്ചിട്ടുള്ളത്. കൊല്ലം റൂറൽ പോലീസ് ആസ്ഥാന മന്ദിരം നിർമ്മിക്കുവാൻ വേണ്ടിയുള്ള പ്ലാൻ, എസ്റ്റിമേറ്റ്, എലിവേഷൻ എന്നിവ നിർമ്മാണച്ചുമതലയുള്ള കെ.പി.എച്ച്.സി.സി മുഖേന തയ്യാറാക്കിവരുന്നു.

## മലക്കപ്പാറ പോലീസ് സ്റ്റേഷൻ കെട്ടിടം

181 (164) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളി പഞ്ചായത്തിൽപ്പെട്ട മലക്കപ്പാറയിൽ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനായി അനുമതി ലഭ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മലക്കപ്പാറ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വനം വകുപ്പിന്റെ 18 സെന്റ് സ്ഥലം പോലീസ് വകുപ്പിന് അനുവദിച്ച് കിട്ടിയിട്ടുണ്ട്. ടി. സ്ഥലത്തിന് NOC ലഭ്യമാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവിതലത്തിൽ സ്വീകരിച്ചുവരുന്നു.

**ആറ്റിങ്ങൽ ട്രാഫിക് പോലീസ് സ്റ്റേഷൻ**

182 (165) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയിൽ രൂക്ഷമായ ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്ന ആറ്റിങ്ങലിൽ ട്രാഫിക് പോലീസ് സ്റ്റേഷൻ അനുവദിക്കുന്നത് ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) നിലവിലെ ട്രാഫിക് യൂണിറ്റിൽ എത്ര ജീവനക്കാരുണ്ട്; പുതിയതായി എത്ര പേർ കൂടി വേണ്ടിവരും എന്ന് വ്യക്തമാക്കാമോ?

(സി) നഗരസഭ ഇതിനായി അടിസ്ഥാന സൗകര്യം ഏർപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഇതുസംബന്ധിച്ച് ശിപാർശ നിലവിലില്ല.

(ബി) നിലവിലെ ട്രാഫിക് യൂണിറ്റിലെ അംഗബലം താഴെക്കാണും പ്രകാരമാണ്.

| | | |
|---|---|---|
| എസ്.ഐ. | - | 1 |
| എ.എസ്.ഐ | - | 2 |
| എസ്.സി.പി.ഒ | - | 3 |
| സി.പി.ഒ. | - | 4 |
| ഡബ്ല്യൂ.സി.പി.ഒ. | - | 1 |

അംഗബലം കൂട്ടുന്നത് ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇതിനായുള്ള സൗകര്യം ആറ്റിങ്ങൽ മുനിസിപ്പാലിറ്റി 2 വർഷത്തേയ്ക്ക് സൗജന്യമായി നൽകാമെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

## ചാലക്കുടിയിൽ പോലീസ് സ്റ്റേഷൻ കെട്ടിടസമുച്ചയം

183 (166) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടിയിലെ പഴയ പോലീസ് സ്റ്റേഷൻ കെട്ടിടം പൊളിച്ചുമാറ്റി സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ, ഡിവൈ.എസ്.പി ഓഫീസുകൾക്കായി ഒരു കെട്ടിട സമുച്ചയം നിർമ്മിച്ച് ഒരു കുടക്കീഴിലാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) അപേക്ഷ തുടർനടപടി സ്വീകരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

## വിളവൂർക്കൽ പഞ്ചായത്തിൽ പെരുകാവ് കേന്ദ്രമായി പോലീസ് എയ്ഡ്പോസ്റ്റ്

184 (167) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്തിൽ പെരുകാവ് കേന്ദ്രമായി പോലീസ് എയ്ഡ്പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

പുതിയ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുക എന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## അമ്പലപ്പാറയിൽ പുതിയ പോലീസ് സ്റ്റേഷൻ

185 (168) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ അമ്പലപ്പാറയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പ്രൊപ്പോസൽ എന്നാണ് ലഭിച്ചത്; അതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന പോലീസ് മേധാവിയുടെ ശിപാർശ 26-11-2015-ൽ സർക്കാരിൽ ലഭിച്ചിരുന്നു. സർക്കാരിന്റെ ധനസ്ഥിതി പരിഗണിച്ച് പ്രസ്തുത പ്രൊപ്പോസൽ തൽക്കാലം പരിഗണിക്കേണ്ടതില്ല എന്ന് 19-1-2016-ൽ തീരുമാനിക്കുകയാണുണ്ടായത്.

**പോലീസ് സ്റ്റേഷനുകളുടെ പശ്ചാത്തല വികസന നടപടി**

186 (169) <u>ശ്രീ. ഒ. ആർ. കേളു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ക്രമസമാധാനം നിലനിർത്തുന്നതിനും കുറ്റാന്വേഷണം കാര്യക്ഷമമാക്കുന്നതിനും പോലീസ് സ്റ്റേഷനുകളുടെ പശ്ചാത്തല വികസനത്തിനും സാങ്കേതിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ജനങ്ങൾക്ക് പരാതികൾ നൽകുന്നതിനും വിവരങ്ങൾ കൈമാറുന്നതിനും അക്ഷയ കേന്ദ്രങ്ങൾവഴി ഓൺലൈൻ സൗകര്യമൊരുക്കുന്നതിനുള്ള സാധ്യതകൾ ആരാഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് വകുപ്പിലെ എല്ലാ സ്റ്റേഷനുകളും സബ് ഡിവിഷൻ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ജില്ലാ പോലീസ് ഓഫീസുകളിലേക്കും എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും സബ്ഡിവിഷൻ ഓഫീസുകളിലേയ്ക്കും കമ്പ്യൂട്ടറുകൾ, പ്രിന്ററുകൾ, സ്കാനറുകൾ തുടങ്ങിയവ അനുവദിച്ചുനൽകിയിട്ടുമുണ്ട്. കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനും ജി.ഡി. രേഖപ്പെടുത്തുന്നതിനും സിസിടിഎൻഎസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പൊതുജനങ്ങളുടെ പരാതികൾ ഐ.ആപ്പ് വഴി രജിസ്റ്റർ ചെയ്യാവുന്നതും അവർക്ക് കിയോസ്കുകൾ വഴി നിജസ്ഥിതി അറിയുന്നതിന് സാധിക്കുന്നതുമാണ്. എഫ്.ഐ. ആർ.-കൾ പൊതുജനങ്ങൾക്ക് കേരള പൊലീസിന്റെ വെബ്സൈറ്റിൽനിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സ്റ്റേഷനുകളിൽ നേരിട്ട് വരാതെ പെറ്റീഷനുകൾ ഇ-മെയിൽ മുഖാന്തരം അയയ്ക്കാവുന്നതാണ്. കുറ്റകൃത്യം നടന്ന സ്ഥലങ്ങളെ ക്രൈം മാപ്പിംഗ് സൈറ്റിൽ രേഖപ്പെടുത്തുന്ന സംവിധാനം നിലവിലുണ്ട്. പോലീസ് സ്റ്റേഷനുകളിൽ റിസപ്ഷൻ സംവിധാനം, ജനമൈത്രി പോലീസ്, സീനിയർ സിറ്റിസൺ ഫ്രണ്ട്‌ലി ഓഫീസർ, വനിതാ ഹെൽപ്ഡസ്ക് എന്നീ പദ്ധതികളുടെ പ്രവർത്തനഫലമായി മെച്ചപ്പെട്ട സേവനം നൽകിവരുന്നുണ്ട്. ജില്ലാതലങ്ങളിൽ സൈബർ സെൽ പ്രവർത്തിക്കുന്നുണ്ട്. പോലീസ്

സ്റ്റേഷനുകളിൽ എസ്.എച്ച്.ഒ ആയി പോലീസ് ഇൻസ്പെക്ടറെ നിയമിച്ച് ക്രമ സമാധാനവും ക്രൈം കേസ് അന്വേഷണവും രണ്ടായി തിരിച്ച് കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട് 255 ലക്ഷം രൂപ ജില്ലാ പോലീസ് മേധാവിമാർക്ക് ഫർണിച്ചർ വാങ്ങുന്നതിനായി സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാർക്കായി റാംപുകൾ, ടോയ്ലറ്റ് എന്നിവ നിർമ്മിക്കുന്നതിനായി 500 ലക്ഷം രൂപ 19 ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്. റിസപ്ഷൻ, റസ്റ്റ് റൂം, വുമൺ ആന്റ് ചൈൽഡ് ഫ്രണ്ട്ലി റൂം, സീനിയർ സിറ്റിസൺ ഹെൽപ്പ് ഡസ്ക് എന്നിവ നിർമ്മിക്കുന്ന തിനായി 500 ലക്ഷം രൂപ 19 ജില്ലാ പോലീസ് മേധാവികൾക്ക് നൽകിയിട്ടുണ്ട്.

അത്യന്താധുനിക സാങ്കേതികവിദ്യയിലുള്ള Body worn cameras, CCTV Cameras, Speed Radar, Speed Detection Cameras, Unmanned Aerial vehicles തുടങ്ങിയവ കുറ്റാന്വേഷണത്തിന്റെ ഭാഗമായും ക്രമസമാധാനം നില നിർത്തുന്നതിലേയ്ക്കുമായി വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽ ഉൾപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഇപ്പോൾ പോലീസ് സ്റ്റേഷനിൽ നേരിട്ട് വരാതെ തന്നെ പെറ്റീഷനുകൾ ഇ-മെയിൽ മുഖാന്തരം അയയ്ക്കാവുന്നതാണ്.

**കോഴ വിവാദത്തിന്മേലുള്ള അന്വേഷണം**

187 (170) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നേടിക്കൊടുക്കുന്ന തിനായി ബി. ജെ. പി. നേതാക്കൾ കോഴ കൈപ്പറ്റി എന്ന ആരോപണത്തിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത കേസ് അവസാനിപ്പിക്കാൻ വിജിലൻസ് തീരുമാനിച്ചിട്ടുണ്ടോ;

(സി) കോടതിയുടെ നേതൃത്വത്തിലുള്ള ഒരു ഉന്നതതല അന്വേഷണം നടത്താൻ സർക്കാർ ആവശ്യപ്പെടുമോ?

ഉത്തരം

(എ-സി) സ്വകാര്യ മെഡിക്കൽ കോളേജുകൾക്ക് അംഗീകാരം നേടി ക്കൊടുക്കുന്നതിനായി ബി.ജെ.പി. നേതാക്കൾ കോഴ കൈപ്പറ്റി എന്ന ആരോപണത്തിന്മേലുള്ള അന്വേഷണം നടന്നുവരികയാണ്.

## അഴിമതി ആരോപണക്കേസ്സുകൾ

188 (171) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലയളവിൽ എത്ര മന്ത്രിമാർക്കെതിരെ അഴിമതി ആരോപണത്തിന്റെ പേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ; വിശദവിവരം നൽകുമോ;

(ബി) ഓരോ കേസിന്റെയും വിശദാംശം നൽകുമോ; പ്രസ്തുത ഓരോ കേസ്സിന്റെയും സ്റ്റാറ്റസ് റിപ്പോർട്ട് നൽകുമോ;

(സി) എത്ര കേസുകളിൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) മുൻ സർക്കാരിന്റെ കാലവളവിൽ മൂന്ന് മന്ത്രിമാർക്കെതിരെ അഴിമതി ആരോപണത്തിന്റെ പേരിൽ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ശ്രീ. പി. ജെ. ജോസഫ്, ശ്രീ. കെ. എം. മാണി, ശ്രീ. സി. എൻ. ബാലകൃഷ്ണൻ എന്നിവർക്കെതിരെയാണ് കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്.

(ബി) അനുബന്ധമായി ചേർക്കുന്നു*.

(സി) വി.സി. 6/12/ഇ.ആർ.കെ., വി.സി. 7/13/റ്റി.എസ്.ആർ. എന്നീ കേസ്സുകളിൽ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## രാഷ്ട്രീയ കൊലപാതകങ്ങൾ

189 (174) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് 2017 ഡിസംബർ 31 വരെ എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ എത്ര രാഷ്ട്രീയകൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം രാഷ്ട്രീയ പാർട്ടികൾ തമ്മിലാണ് സംഘട്ടനങ്ങൾ നടന്നിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) ഇതുസംബന്ധിച്ച എത്ര കേസ്സുകളിൽ ഇനിയും എത്ര പ്രതികളെ അറസ്റ്റ് ചെയ്യുവാനുണ്ടെന്ന് വെളിപ്പെടുത്തുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) 510 എണ്ണം.

(ബി) 15.

(സി&ഡി) സി.പി.ഐ.(എം), ബി.ജെ.പി./ആർ.എസ്.എസ്., ഐ.യു.എം.എൽ., എസ്.ഡി.പി.ഐ. എന്നീ രാഷ്ട്രീയ പാർട്ടികളുടെ 15 പ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ട്. ഇതിൽ രണ്ട് കേസ്സുകളിലായി മൂന്ന് പ്രതികളെ ഇനിയും അറസ്റ്റ് ചെയ്യാനുണ്ട്.

## ദുരൂഹ സാഹചര്യത്തിലുള്ള മരണങ്ങളും തിരോധാനങ്ങളും

190 (175) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 2017 ഡിസംബർ 31 വരെ ദുരൂഹ സാഹചര്യത്തിലുള്ള മരണങ്ങളും തിരോധാനങ്ങളും എത്രയെണ്ണം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിൽ എത്ര കേസ്സുകൾ റഫർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത കേസുകളിൽ പുനരന്വേഷണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണം എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 2017 ഡിസംബർ 31 വരെ ദുരൂഹ സാഹചര്യത്തിലുള്ള 26 മരണങ്ങളും 28 തിരോധാനങ്ങളും ഉണ്ടായിട്ടുണ്ട്.

(ബി) ദുരൂഹ സാഹചര്യത്തിലുള്ള മരണത്തിനും തിരോധാനത്തിനും രജിസ്റ്റർ ചെയ്ത കേസ്സുകൾ ഒന്നുംതന്നെ റഫർ ചെയ്തിട്ടില്ല.

(സി) ബാധകമല്ല.

## എസ്.പി.സി. പദ്ധതി

191 (178) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്.പി.സി. പദ്ധതി നടത്തിവരുന്ന ഹൈസ്കൂളുകൾ , ഹയർസെക്കന്ററി സ്കൂളുകൾ എന്നിവയുടെ എണ്ണം സർക്കാർ, എയ്ഡഡ് തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കാവശ്യമായ ചെലവുകൾ വഹിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഓരോ സ്ഥാപനവും എത്ര തുക പ്രതിവർഷം വിനിയോഗിക്കുന്നതിന് അനുമതി നൽകിയെന്നും ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

ഉത്തരം

(എ) വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ പോലീസ് നവീകരണ സ്കീമിൽ ഉൾപ്പെടുത്തി 9 കോടി രൂപ എസ്.പി.സി. പദ്ധതി നിർവ്വഹണത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട് (ഇതിൽ 8 കോടി രൂപ പദ്ധതി നിർവ്വഹണത്തിനും 1 കോടി രൂപ പദ്ധതിയുടെ ഡയറക്ടറേറ്റ് നിർമ്മാണത്തിനും) കൂടാതെ എസ്.പി.സി. യുടെ ശുഭയാത്ര പദ്ധതിക്കായി 1 കോടി രൂപ മോട്ടോർ ട്രാൻസ്പോർട്ട് വകുപ്പ് വകയിരുത്തിയിട്ടുണ്ട്.

(സി) നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത്/ നഗരസഭ/മുനിസിപ്പാലിറ്റി എന്നിവർക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കുന്ന സ്കൂളുകൾക്ക് അവരുടെ തനത് ഫണ്ടിൽനിന്നും ഒരു വർഷം ആകെ 50,000 (അൻപതിനായിരം രൂപ മാത്രം) രൂപയിൽ കവിയാത്ത തുക അവരുടെ കൗൺസിൽ/കമ്മിറ്റി തീരുമാനത്തിന് വിധേയമായി ചെലവാക്കുന്നതിന് സ.ഉ. (സാ.)നമ്പർ 03/2012/ത.സ്വ.ഭ.വ, തീയതി 2-1-2012 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു).*

**സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി**

192 (179) ശ്രീ. ജോർജ് എം. തോമസ് :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. മുകേഷ് :
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ നടപ്പാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ഏകീകൃത സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതി കൂടുതൽ സ്കൂളുകളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സർക്കാർ ഉത്തരവ് (സാ)നമ്പർ 1999/2010/ആഭ്യന്തരം, തീയതി 11-6-2010 പ്രകാരം പോലീസ് ഡയറക്ടർ ജനറൽ ചെയർമാനും പൊതു വിദ്യാഭ്യാസ വകുപ്പുസെക്രട്ടറി കൺവീനറുമായി സംസ്ഥാനതല ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉത്തരവ് നമ്പർ 3284/11/പൊ.വി.വ. തീയതി 12-8-2011 പ്രകാരമുള്ള ഉത്തരവിൽ എസ്.പി.സി. പദ്ധതി പ്രവർത്തനങ്ങളിൽ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ, അസിസ്റ്റന്റ് ഡയറക്ടർ, ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്/പ്രിൻസിപ്പാൾ എന്നിവരുടെ ചുമതല രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) 100 സർക്കാർ സ്കൂളുകളിൽകൂടി പദ്ധതി വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന പോലീസ് മേധാവി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലാണ്.

## സൈബർ കുറ്റകൃത്യങ്ങൾ

193 (180) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും റിപ്പോർട്ട് ചെയ്ത സൈബർ കുറ്റകൃത്യങ്ങളുടേയും എ.ടി.എം. ഉൾപ്പെടെയുള്ള മോഷണ കേസ്സുകളുടേയും മറ്റ് കുറ്റകൃത്യങ്ങളുടേയും വിശദാംശം ലഭ്യമാക്കുമോ;

(ബി) ആയതിൻമേൽ ഈ സർക്കാർ വന്നതിനുശേഷമുള്ള വിശദാംശം വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലയളവിൽ വിവിധ മേഖലകളിൽ ഇത്തരം കുറ്റകൃത്യങ്ങൾ കുറഞ്ഞത് സംബന്ധിച്ച റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കുറ്റകൃത്യങ്ങൾ കുറയ്ക്കാനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലയളവിൽ ഏതെല്ലാം മേഖലകളിൽ ഇത്തരം കുറ്റകൃത്യങ്ങൾ കുറയ്ക്കാനായിയെന്നും കുറയാത്ത മറ്റ് മേഖലകളെ കണ്ടെത്തി കുറയ്ക്കാനുമായി എന്ത് നടപടികൾ സ്വീകരിച്ചുവരുന്നുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

**ഓപ്പറേഷൻ കാവൽ കണ്ണുകൾ' - വൈദ്യുതി താരിഫ് കുറച്ചുനൽകുന്നതിന് നടപടി**

194 (181) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പോലീസ് നടപ്പിലാക്കിയ ഓപ്പറേഷൻ കാവൽ കണ്ണുകൾ പദ്ധതി പ്രകാരം വ്യാപാരി-വ്യവസായികളും മറ്റ് സന്നദ്ധ സംഘടനകളും റോഡുകളിൽ സ്ഥാപിച്ചിട്ടുള്ള സുരക്ഷാക്യാമറകൾ പ്രവർത്തിക്കുന്നതിന് വേണ്ട വൈദ്യുതിയുടെ ചാർജ്ജ് ഇലക്ട്രിസിറ്റി ബോർഡ് ഈടാക്കുന്നത് ഉയർന്ന താരിഫിലായതിനാൽ ആയത് ഈ പദ്ധതിക്ക് സഹകരിക്കുന്ന സംഘടനകൾക്ക് കടുത്ത സാമ്പത്തിക ബാദ്ധ്യതയുണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വൈദ്യുതി ബില്ലിന്റെ താരിഫ് കുറച്ച് നല്കുന്നതിന് വൈദ്യുതി വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്തെ വൈദ്യുതി താരിഫ് നിർണ്ണയിക്കുന്നതിനുള്ള അധികാരം വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്.

**പോക്സോ കേസ്സുകളിൽ അന്വേഷണം ഊർജ്ജിതപ്പെടുത്താൻ നടപടി**

195 (183) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017 വർഷത്തിൽ സംസ്ഥാനത്ത് എത്ര പോക്സോ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ എത്ര കേസ്സുകൾ കോടതികളിൽ വിചാരണഘട്ടത്തിൽ ഉണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) പോക്സോ കേസ്സുകളിൽ അന്വേഷണം ഊർജ്ജിതപ്പെടുത്തി കുറ്റപത്രം കോടതികളിൽ സമർപ്പിക്കുന്നതിനും വിചാരണ വേഗത്തിൽ പൂർത്തീകരിച്ച് തീർപ്പു കൽപ്പിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) പ്രായപൂർത്തിയാകാത്ത കുട്ടികൾക്കെതിരെ അതിക്രമം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പോക്സോ കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് കൂടുതൽ കോടതികൾ സ്ഥാപിക്കുവാൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) 2575 പോക്സോ കേസ്സുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) രജിസ്റ്റർചെയ്ത ആകെ കേസ്സുകളിൽ 6335 കേസുകളും, 2017 വർഷത്തിൽ രജിസ്റ്റർ ചെയ്ത 1550 കേസുകളും വിവിധ കോടതികളിൽ വിചാരണഘട്ടത്തിലാണ്.

(സി) പോക്സോ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിന്മേൽ പ്രതികളെ എത്രയും വേഗം അറസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ശാസ്ത്രീയമായ തെളിവുകൾ ശേഖരിച്ച് സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുകയും FSL, Chemical Report, Scene Plan, 164 Statement തുടങ്ങിയവയ്ക്ക് അപേക്ഷ കൊടുത്ത് എത്രയുംവേഗം ലഭ്യമാക്കി അന്വേഷണത്തിലിരിക്കുന്ന പോക്സോ ആക്ട് കേസുകളുടെ അന്വേഷണം ത്വരിതഗതിയിൽ പൂർത്തിയാക്കി കുറ്റപത്രം തയ്യാറാക്കുന്നതിനുവേണ്ട സത്വര നടപടി സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവി എല്ലാ മാസവും പോക്സോ ആക്ട് കേസുകളുടെയും, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെയും അവലോകനയോഗം നടത്തുകയും ഇത്തരം കേസുകളിൽ പെൻഡിംഗ് കുറയ്ക്കുന്നതിനും പോക്സോ ആക്ട് കേസുകളിലെ പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും അന്വേഷണം പൂർത്തിയാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ ഇൻസ്പെക്ടർമാർക്കും സബ് ഡിവിഷൻ ഓഫീസർമാർക്കും നൽകിവരുന്നു. പോക്സോ ആക്ട് കേസുകൾ രജിസ്റ്റർ ചെയ്യുന്നതിനും അന്വേഷണം നടത്തുന്നതിനും പോലീസ് ആസ്ഥാനത്തെ സർക്കുലർ നമ്പർ 24/2017 പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പോക്സോ ആക്ടിൽ പറയുന്ന എല്ലാ നിബന്ധനകളും നിർദ്ദേശങ്ങളും ജില്ലകൾ കൃത്യമായി പാലിച്ചുവരുന്നു. കൂടാതെ ഇത്തരം കേസുകളുടെ വിചാരണവേളയിൽ കോടതി ആവശ്യപ്പെടുന്ന സഹായങ്ങളും ചെയ്തുവരുന്നു.

(ഡി) ഇതുസംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## ഓപ്പറേഷൻ വാത്സല്യ പദ്ധതി

196 (184) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കുട്ടികളെ കാണാതാകുന്ന സംഭവങ്ങൾ വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കാണാതാകുന്ന കുട്ടികളെ കണ്ടെത്തുന്നതിനായി, ആഭ്യന്തര വകുപ്പിന്റെയും സാമൂഹികനീതി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരംഭിച്ച ഓപ്പറേഷൻ വാത്സല്യ പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ഊർജ്ജിതമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കുട്ടികളെ കാണാതാകുന്ന സംഭവങ്ങൾ ചില ജില്ലകളിൽ നേരിയതോതിൽ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| ജില്ല | 2015 | 2016 | 2017 |
|---|---|---|---|
| ആലപ്പുഴ | 116 | 89 | 128 |
| എറണാകുളം റൂറൽ | 71 | 72 | 74 |
| എറണാകുളം സിറ്റി | 59 | 49 | 86 |
| തൃശ്ശൂർ സിറ്റി | 49 | 61 | 64 |
| പാലക്കാട് | 107 | 132 | 135 |
| കണ്ണൂർ | 78 | 73 | 82 |

(ബി) ആഭ്യന്തര വകുപ്പിന്റെയും സാമൂഹികനീതി വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ആരംഭിച്ച ഓപ്പറേഷൻ വാത്സല്യ പദ്ധതി 2015 ഒക്ടോബർ 2 മുതൽ നവംബർ 15 വരെയാണ് നടപ്പിലാക്കിയിരുന്നത്.

## ദളിത് വിദ്യാർത്ഥിക്ക് ലോക്കപ്പ് മർദ്ദനം

197 (185) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015 ഡിസംബർ 5-ാം തീയതി അമൽരാജ് എന്ന ദളിത് വിദ്യാർത്ഥിക്ക് കോതമംഗലം പോലീസ് സ്റ്റേഷനിൽ ലോക്കപ്പ് മർദ്ദനം ഏറ്റതുമായി ബന്ധപ്പെട്ട കേസ് നിലവിൽ ഉണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ ഇപ്പോഴത്തെ സ്ഥിതി യെന്തെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കേസിൽ പുനരന്വേഷണം ആവശ്യപ്പെട്ട് അമൽരാജിന്റെ സഹോദരൻ അരുൺരാജ് നല്കിയ പരാതിയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ പരാതിക്കാരനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം 80/16 u/s 326, 323, 324, 341, 294 (b), 506, 34 IPC & Sec. 3 (1), VIII, X of SC/ST Act പ്രകാരം 11-1-2016 തീയതി കേസ് രജിസ്റ്റർചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. അന്വേഷണത്തിൽ പരാതി ശരിയല്ലെന്ന് കണ്ട് ടി കേസ് ഫാൾസ് ആയി പരിഗണിച്ച് ബഹുമാനപ്പെട്ട കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) കേസ്സിന്റെ പുനരന്വേഷണം ആവശ്യപ്പെട്ട് നൽകിയ പരാതി വിശദമായി പരിശോധിക്കുന്നതിനായി മൂവാറ്റുപുഴ ഡിവൈ.എസ്.പി.-ക്ക് നൽകിയിട്ടുള്ളതും ടി പരാതി പരിശോധിച്ചതിൽ പരാതി വാസ്തവവിരുദ്ധമാണെന്ന് കണ്ട് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ലാത്തതുമാണ്.

(സി) അറിയിച്ചിട്ടുണ്ട്. ടി കേസ് ഫാൾസ് ആയി റഫർ ചെയ്തിട്ടുള്ള വിവരം അറിയിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

## കസ്റ്റഡി മരണങ്ങൾ

198 (186) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017 ഡിസംബർ 31 വരെ എത്ര കസ്റ്റഡി മരണങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പോലീസ് കുറ്റക്കാരാണെന്ന് റിപ്പോർട്ട് ചെയ്ത എത്ര കസ്റ്റഡി മരണങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; മറ്റ് കാരണങ്ങൾമൂലം ഉണ്ടായിട്ടുള്ള കസ്റ്റഡിമരണങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) ആത്മഹത്യയായും ഹൃദയാഘാതമായും പോലീസ് എഴുതി തള്ളിയ കസ്റ്റഡി മരണങ്ങളിൽ പലതും പോലീസ് പീഡനംമൂലമാണെന്ന് പിന്നീട് തെളിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) ജുഡീഷ്യൽ കസ്റ്റഡിയിൽ മരിച്ചവരുടെ എണ്ണം എത്രയെന്ന് വിശദീകരിക്കുമോ; ഈ സർക്കാരിന്റെകാലത്ത് നാളിതുവരെ പോലീസിനെക്കണ്ട് വിരണ്ടോടുമ്പോൾ മരിച്ചവരുടെ എണ്ണം എത്രയെന്ന് വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) 3 എണ്ണം.

(ബി) പോലീസ് കുറ്റക്കാരാണെന്ന് റിപ്പോർട്ട്ചെയ്ത കസ്റ്റഡി മരണങ്ങൾ ഒന്നുംതന്നെയില്ല. മറ്റ് കാരണങ്ങൾമൂലമാണ് മൂന്ന് കസ്റ്റഡി മരണങ്ങളും ഉണ്ടായിട്ടുള്ളത്.

(സി) ഈ സർക്കാരിന്റെ കാലത്ത് അത്തരം സംഭവങ്ങൾ ഉണ്ടായിട്ടില്ല.

(ഡി) 16 പേർ ജുഡീഷ്യൽ കസ്റ്റഡിയിൽ മരിച്ചിട്ടുണ്ട്. അഞ്ച് പേർ പോലീസിനെക്കണ്ട് വിരണ്ടോടുമ്പോൾ മരിച്ചിട്ടുണ്ട്.

**ബാർകോഴ അന്വേഷണ റിപ്പോർട്ട്**

199 (187) <u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് ബാർകോഴ കേസ് അട്ടിമറിച്ചുവെന്ന പരാതിയിൽ 29-9-2016-ൽ തിരുവനന്തപുരം വിജിലൻസ് കോടതി ഉത്തരവിട്ട ത്വരിതാന്വേഷണം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(ബി) ത്വരിതാന്വേഷണത്തിൽ തെളിവുകൾ നശിപ്പിക്കുവാൻ ശ്രമിച്ചതായി പറയപ്പെടുന്ന ആരോപണങ്ങൾ ശരിയാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇതിൻപ്രകാരം ഏതെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) അന്വേഷണം പൂർത്തിയായിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ബഹുമാനപ്പെട്ട തിരുവനന്തപുരം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടില്ല. ആയതിനാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കേണ്ടതായി വന്നിട്ടില്ല.

**മുൻമന്ത്രിമാരുടെ പേരിലുള്ള വിജിലൻസ് കേസ്സുകൾ**

200 (188) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിലെ എത്ര മന്ത്രിമാരുടെ പേരിൽ അഴിമതി സംബന്ധമായ വിജിലൻസ് കേസ് നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കേസ്സുകളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാനും കുറ്റവിചാരണ നടത്താനും നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കേസുകളിൽ എന്ന് വ്യക്തമാക്കാമോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാരിലെ 7 മന്ത്രിമാർക്കെതിരെ 12 വിജിലൻസ് കേസുകൾ നിലവിലുണ്ട്.

(ബി) പ്രസ്തുത കേസുകളുടെ അന്വേഷണം സമയബന്ധിതമായി പൂർത്തിയാക്കാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വിജിലൻസ് കേസുകളുടെ അന്വേഷണത്തിൽ മതിയായ തെളിവുകൾ ലഭിച്ചാൽ മാത്രമേ കുറ്റവിചാരണ നടത്തുന്നതിന് നിർദ്ദേശം നൽകാറുള്ളൂ. ഒരു വിജിലൻസ് കേസിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് വിജിലൻസ് കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് കോടതിയുടെ പരിഗണനയിലാണ്. 11 വിജിലൻസ് കേസുകളുടെ അന്വേഷണം പുരോഗമിച്ചുവരുന്നു.

**സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസ്**

201 (189) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) ഈ സർക്കാരിന്റെ ഭരണകാലത്ത് അഴിമതി നിരോധന നിയമം അനുസരിച്ച് എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ കേസെടുത്തിട്ടുണ്ട്; ജില്ലതിരിച്ചുള്ള കണക്ക് നൽകാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് വകുപ്പിനെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 1988-ലെ അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരുന്ന ആരോപണങ്ങളിൽ ഉൾപ്പെട്ടതായ ഏതെങ്കിലും പരാതി സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ ലഭിച്ചാൽ ആ പരാതിയിൻമേൽ QV/PE/VE/SC തുടങ്ങിയ പ്രാഥമിക അന്വേഷണങ്ങൾ നടത്തി പ്രഥമദൃഷ്ട്യാ കുറ്റം തെളിയുകയും അഴിമതി നിരോധന നിയമത്തിലെ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്യാൻവേണ്ട തെളിവുകൾ ലഭിക്കുകയും ചെയ്താൽ, ആ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നു.

(സി) ഈ സർക്കാരിന്റെ ഭരണകാലത്ത് അഴിമതി നിരോധനനിയമം അനുസരിച്ച് ആകെ 764 സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസെടുത്തിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 106 |
| കൊല്ലം | - | 18 |
| പത്തനംതിട്ട | - | 9 |
| ആലപ്പുഴ | - | 32 |
| കോട്ടയം | - | 33 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | | |
|---|---|---|
| ഇടുക്കി | - | 52 |
| എറണാകുളം | - | 91 |
| തൃശ്ശൂർ | - | 83 |
| പാലക്കാട് | - | 111 |
| മലപ്പുറം | - | 64 |
| കോഴിക്കോട് | - | 81 |
| വയനാട് | - | 16 |
| കണ്ണൂർ | - | 33 |
| കാസർഗോഡ് | - | 35 |

**ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട്**

202 (190) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സോളാർ തട്ടിപ്പ് സംബന്ധിച്ച ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ടിന്മേൽ 11-10-2017-ൽ ചേർന്ന മന്ത്രിസഭായോഗം എന്തെല്ലാം തുടർ നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചതെന്നും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ;

(ബി) കമ്മീഷൻ റിപ്പോർട്ടിന്മേൽ അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ എന്നിവർ നൽകിയ നിയമോപദേശത്തിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ;

(സി) ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് സംബന്ധിച്ച് സുപ്രീം കോടതിയിൽനിന്നും വിരമിച്ച ജസ്റ്റിസ് അരിജിത്ത് പസായത്തിന്റെ നിയമോപദേശം തേടുവാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ; ജസ്റ്റിസ് പസായത്തിന്റെ നിയമോപദേശത്തിന്റെ പകർപ്പ് മേശപ്പുറത്തുവയ്ക്കുമോ;

<u>ഉത്തരം</u>

(എ-സി) സോളാർ തട്ടിപ്പും അതുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളും അന്വേഷിച്ച ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ട് 11-10-2017-ലെ മന്ത്രിസഭാ യോഗം അംഗീകരിക്കുകയും റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അഡ്വക്കേറ്റ് ജനറലിന്റെയും ഡയറക്ടർ ജനറൽ പ്രോസിക്യൂഷന്റെയും മുൻസുപ്രീംകോടതി ജഡ്ജി

ജസ്റ്റിസ് അരിജിത്ത് പസായത്തിന്റെയും വിദഗ്ധ നിയമോപദേശങ്ങളുടെകൂടി അടിസ്ഥാനത്തിൽ തുടർ നടപടി കൈക്കൊണ്ട് 8-11-2017-ലെ സ.ഉ. (കൈ) നമ്പർ 231/2017/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും നിയമോപദേശങ്ങളുടെയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

## തലശ്ശേരി കോർട്ട് കോംപ്ലക്സ്

203 (191) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 വർഷത്തിലെ ബജറ്റിൽ, കിഫ്ബി മുഖാന്തരം പ്രത്യേക നിക്ഷേപ പദ്ധതിയുടെകീഴിൽ നടപ്പിലാക്കുന്ന തലശ്ശേരി കോർട്ട് കോംപ്ലക്സിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കോർട്ട് കോംപ്ലക്സിന്റെ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാകുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് ശേഷിക്കുന്നത്; ഭരണാനുമതി എപ്പോൾ ലഭ്യമാവും എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ&ബി) തലശ്ശേരി കോർട്ട് കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് തയ്യാറാക്കുന്നതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ-നെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചു വരികയാണ്. ടി കാര്യത്തിൽ തീരുമാനമായതിനുശേഷമേ ഭരണാനുമതിക്കായുള്ള നടപടിക്രമം സ്വീകരിക്കുകയുള്ളൂ.

## കരുനാഗപ്പള്ളിയിൽ കോടതി കോംപ്ലക്സ്

204 (192) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളിയിലുള്ള വിവിധ കോടതികൾ പല സ്ഥലങ്ങളിലായി പ്രവർത്തിക്കുന്നതുമൂലം പൊതുജനങ്ങൾക്കും വക്കീലന്മാർക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) കരുനാഗപ്പള്ളിയിൽ കോടതി കോംപ്ലക്സ് സ്ഥാപിക്കുന്നതിന് പദ്ധതിയുണ്ടോ; ആയത് സംബന്ധിച്ച നിർദ്ദേശം ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്ന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം വെളിപ്പെടുത്താമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ജലസേചന വകുപ്പിന്റെ അധീനതയിലുള്ള കരുനാഗപ്പള്ളി വില്ലേജിലെ ബ്ലോക്ക് നമ്പർ 10-ൽ റീസർവ്വേ 582/11-ൽ ഉൾപ്പെട്ടുവരുന്ന സ്ഥലം ഇതിനായി ആഭ്യന്തര വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ടോ; ആയത് സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാനതകുംവിധം കരുനാഗപ്പള്ളിയിൽ കോടതി സമുച്ചയം സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം ഹൈക്കോടതിയിൽനിന്നും ലഭിച്ചിട്ടുണ്ട്. തഴവ ഗ്രാമപഞ്ചായത്ത് 39.56 ആർ സ്ഥലം നൽകുവാൻ തയ്യാറാണെന്നും ആയതിനാൽ ടി സ്ഥലം കോടതി സമുച്ചയം നിർമ്മിക്കുന്നതിനായി കൈമാറുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ കൈവശത്തിലുള്ള ടി സ്ഥലം കരുനാഗപ്പള്ളി കോടതി സമുച്ചയം സ്ഥാപിക്കുന്നതിന് വിട്ടുകിട്ടുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരികയാണ്.

(സി) കരുനാഗപ്പള്ളി വില്ലേജിലെ ബ്ലോക്ക് നമ്പർ 10-ൽ റീ സർവ്വേ നമ്പർ 582/11 ഉൾപ്പെട്ട സ്ഥലം കോടതിസമുച്ചയം സ്ഥാപിക്കുവാൻ ലഭ്യമാക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പുമായി ആഭ്യന്തര വകുപ്പ് ആലോചിച്ചിരുന്നു. ടി സ്ഥലം സൈക്ലോൺ ഷെൽട്ടർ നിർമ്മിക്കുന്നതിനായി പരിഗണിച്ചുവരികയാണെന്ന് റവന്യൂ വകുപ്പ് അറിയിച്ചിട്ടുണ്ട്.

**ഫയർ ഫോഴ്സ് സ്റ്റേഷൻ ബിൽഡിംഗ് ക്ലാസിഫിക്കേഷൻ**

205 (193) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ഫോഴ്സ് സ്റ്റേഷൻ ബിൽഡിംഗ് നിർമ്മാണത്തിന് അർബൻ, റൂറൽ എന്നീ ക്ലാസിഫിക്കേഷൻ നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) അർബൻ, റൂറൽ എന്നീ ക്ലാസിഫിക്കേഷന്റെ മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോർപ്പറേഷൻ, ജില്ലാ ആസ്ഥാനം, നഗരസഭ എന്നിവ അർബൻ ക്ലാസിഫിക്കേഷനിലും ഗ്രാമപ്രദേശങ്ങളും മറ്റ് സ്ഥലങ്ങളും റൂറൽ ക്ലാസിഫി ക്കേഷനിലും ഉൾപ്പെടുന്നു. ഓരോ പ്രദേശങ്ങളിൽ നേരിടേണ്ടിവരുന്ന അപകട സാധ്യതയുടെ തീവ്രത, അവയ്ക്കുള്ള ഉപകരണങ്ങളും ജീവനക്കാരും എന്നതാണ് ക്ലാസിഫിക്കേഷൻ കൊണ്ടുദ്ദേശിക്കുന്നത്.

(സി) ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളിലേയ്ക്ക് ആവശ്യമായ ജീവനക്കാ രുടെയും വാഹനങ്ങളുടെയും എണ്ണം, മറ്റ് അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത എന്നിവയാണ് അർബൻ, റൂറൽ ക്ലാസിഫിക്കേഷനുള്ള മാനദണ്ഡം.

## കാട്ടാക്കട ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ ഓഫീസ് നിർമ്മാണം

206 (195) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഫയർ ആന്റ് റെസ്ക്യൂ കാട്ടാക്കട സ്റ്റേഷൻ ഓഫീസ് നിർമ്മാണത്തിന്റെ നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിനായുള്ള തുടർ നടപടികൾ വേഗത്തിലാക്കാമോ?

<u>ഉത്തരം</u>

കാട്ടാക്കട ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി കാട്ടാക്കട ഗ്രാമപഞ്ചായത്ത് വക 40 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പ് നടത്തിവരികയാണ്.

## മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷൻ

207 (196) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ;

(ബി) എത്ര തുകയുടെ എസ്റ്റിമേറ്റാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷന്റെ പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം, ക്വാർട്ടേഴ്സ് എന്നിവയുടെ നിർമ്മാണത്തിനായി 3,60,00,000 (മൂന്ന് കോടി അറുപതു ലക്ഷം രൂപ മാത്രം) രൂപയുടെ എസ്റ്റിമേറ്റാണ് ലഭിച്ചിട്ടുള്ളത്.

(സി) പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), ചീഫ് എഞ്ചിനീയർ നൽകിയിട്ടുള്ള എസ്റ്റിമേറ്റും പ്ലാനും സർക്കാർ പരിശോധിച്ചുവരുന്നു.

**തലശ്ശേരിയിൽ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം**

208 (197) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരിയിൽ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ആയത് ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) തലശ്ശേരി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത് തലശ്ശേരി കോട്ടയുടെ സമീപത്താണ്. ആയതിനാൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ അടിയന്തരമായി തുടർനടപടി സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂരിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി**

209 (198) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(ബി) തിരുവനന്തപുരം - കൊല്ലം ദേശീയ പാതയിൽ ആറ്റിങ്ങലിനും കൊല്ലത്തിനുമിടയ്ക്ക് ചാത്തന്നൂരിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനായുള്ള ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പാരിപ്പള്ളി ഐ. ഒ. സി. ഗ്യാസ് റീഫില്ലിംഗ് പ്ലാന്റ്, പാരിപ്പള്ളി സർക്കാർ മെഡിക്കൽ കോളജ് എന്നിങ്ങനെ നിരവധി പ്രധാന സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന മേഖല എന്ന വസ്തുത പരിഗണിച്ച് ചാത്തന്നൂരിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് സ്ഥലത്തിന്റെ പ്രാധാന്യവും മറ്റ് മാനദണ്ഡങ്ങളും കണക്കിലെടുത്ത് വകുപ്പുതന്നെ ശാസ്ത്രീയ പഠനം നടത്തി മുൻഗണനാടിസ്ഥാനത്തിൽ സ്ഥാപിക്കേണ്ടതായ ഫയർ സ്റ്റേഷനുകളുടെ ലിസ്റ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് സർക്കാർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് ഡയറക്ടർ ജനറലിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി ലിസ്റ്റിൽപ്പെടുന്ന ഫയർ സ്റ്റേഷനുകൾക്കായി വകുപ്പിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭ്യമാകുന്നമുറയ്ക്ക് പുതുതായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതാണ്.

(ബി) ഉണ്ട്.

(സി&ഡി) ചാത്തന്നൂർ അഗ്നിരക്ഷാനിലയം സ്ഥാപിക്കുന്നതിനായി നിലവിൽ നിർദ്ദേശിക്കപ്പെട്ട ചാത്തന്നൂർ പോലീസ് സ്റ്റേഷൻ കോമ്പൗണ്ടിലുള്ള കൊല്ലം താലൂക്കിൽ മീനാട് വില്ലേജിൽ റീ സർവ്വെ നമ്പർ 91/14 ൽ ഉൾപ്പെട്ട 20 സെന്റ് സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്നതിനായി വകുപ്പ് മേധാവി ഒപ്പിട്ട അർത്ഥനാപത്രം 30-10-2017-ൽ കൊല്ലം ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**മഞ്ചേരി ഫയർ സ്റ്റേഷന് വാഹനം**

210 (199) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മഞ്ചേരി ഫയർ സ്റ്റേഷന് വാഹനം അനുവദിച്ചു നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത വാഹനം അനുവദിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) എങ്കിൽ പ്രസ്തുത ഉത്തരവിലൂടെ നൽകിയ വാഹനം മഞ്ചേരി ഫയർസ്റ്റേഷന് അനുവദിക്കാത്തതിന്റെ കാരണം വിശദമാക്കാമോ;

(ഡി) ഇത്തരത്തിൽ വാഹനം മാറ്റിനൽകിയതുമായി ബന്ധപ്പെട്ട പരാതി ഡയറക്ടർ ജനറൽ ഓഫ് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്-ന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ഇ) പരാതിയിൻമേൽ നടപടികൾ സ്വീകരിച്ച് മഞ്ചേരി ഫയർസ്റ്റേഷന് എന്നത്തേക്ക് വാഹനം നൽകാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി&സി) ബാധകമല്ല.

(ഡി&ഇ) ഉണ്ട്. വകുപ്പിൽ പുതുതായി ലഭ്യമാക്കിയ 25 മിനി വാട്ടർ ടെണ്ടറുകൾ (EICHER), 35 മിനി വാട്ടർമിസ്റ്റ് ടെണ്ടറുകൾ (XENON) എന്നിവയിൽ മലപ്പുറം ജില്ലയ്ക്ക് പ്രാധാന്യം നൽകി, മിനി വാട്ടറുകളിൽ ഒരെണ്ണം മലപ്പുറം അഗ്നിരക്ഷാ നിലയത്തിനും മിനി വാട്ടർമിസ്റ്റ് ടെണ്ടറുകളിൽ ഒരെണ്ണം വീതം പൊന്നാനി, തിരുവാലി, തിരൂർ എന്നീ നിലയങ്ങളിലും അനുവദിച്ച നൽകിയിട്ടുള്ളതാണ്. വകുപ്പിലെ എല്ലാ അഗ്നിരക്ഷാ നിലയങ്ങളിലും ഇത്തരത്തിലുള്ള വാഹനം വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

**പെരിങ്ങോം ഫയർ സ്റ്റേഷൻ**

211 (200) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം, സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണം എന്നീ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് വരെ ആയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത കെട്ടിട നിർമ്മാണങ്ങൾക്ക് ഭരണാനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സം നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വിശദമാക്കാമോ;

(ഡി) നടപടികൾ പൂർത്തിയാക്കി പ്രസ്തുത കെട്ടിടനിർമ്മാണങ്ങൾക്ക് എപ്പോൾ ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പയ്യന്നൂർ മണ്ഡലത്തിലെ പെരിങ്ങോം ഫയർ സ്റ്റേഷന് റൂറൽ ഫയർ സ്റ്റേഷൻ മാതൃകയിൽ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി റിവൈസ്ഡ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്ന മുറയ്ക്ക് ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. പെരിങ്ങോം സ്റ്റാഫ് ക്വാർട്ടേഴ്സ് നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി ഡയറക്ടർ ജനറൽ ലഭ്യമാക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പെരിങ്ങോം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷന്റെ കെട്ടിട നിർമ്മാണത്തിനായി 275 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) ലഭ്യമാക്കിയിരുന്നു. ടി എസ്റ്റിമേറ്റും, പ്ലാനും വകുപ്പ് തലത്തിൽ പരിശോധി ക്കുകയും ആയത് റൂറൽ ഫയർ സ്റ്റേഷന്റെ മാതൃകയിൽ തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് പ്ലാനും എസ്റ്റിമേറ്റും ലഭ്യമാക്കുന്നതിന്, പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യമായി വന്ന സാഹചര്യത്തിലാണ് കാലതാമസമുണ്ടായത്.

(ഡി) പൊതുമരാമത്ത് വകുപ്പിൽനിന്നും പുതുക്കിയ പ്ലാനും എസ്റ്റിമേറ്റും ലഭിക്കുന്നമുറയ്ക്ക് കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിന് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

## ആലത്തൂർ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം

212 (201) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ ഫയർ സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ;

(സി) നിർമ്മാണ പ്രവർത്തനം എന്നു മുതൽ ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം കണ്ടെത്തിയിട്ടുണ്ട്.

(സി) ജലസേചന വകുപ്പിന്റെ സ്ഥലം അഗ്നിരക്ഷാ വകുപ്പിന് ലഭിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. സ്ഥലം ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിച്ചാലുടൻതന്നെ കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ചാലക്കുടി ഫയർഫോഴ്സ് ഓഫീസിന് പുതിയ കെട്ടിടം

213 (202) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീർണ്ണാവസ്ഥയിലുള്ള പഴയ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന ചാലക്കുടി ഫയർഫോഴ്സ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നടപടി സ്വീകരിച്ചുവരുന്നു.

(ബി) കൊച്ചിൻ റിഫ്രാക്ടറീസിന്റെ ഉടമസ്ഥതയിലുള്ള ചാലക്കുടി വില്ലേജിൽ സർവ്വേ നമ്പർ 435/1, 437/1, 437/2-ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ പണിയുന്നതിനായി ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് കൈമാറി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുവാൻ തൃശ്ശൂർ ജില്ലാ കളക്ടർ റവന്യൂ വകുപ്പിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറി ലഭിക്കുന്ന മുറയ്ക്ക് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## നിലമ്പൂർ ഫയർ സ്റ്റേഷൻ

214 (203) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലമ്പൂർ ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ;

(ബി) പട്ടികജാതി വകുപ്പിന് കീഴിലുള്ള നിലമ്പൂർ ജവഹർ കോളനിയിലെ പൊതുആവശ്യങ്ങൾക്കായി നീക്കിവച്ച സ്ഥലം നിലമ്പൂർ ഫയർ സ്റ്റേഷന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലമ്പൂർ വെളിയന്തോട് ജവഹർ കോളനി പരിസരത്ത് (നിർദ്ദിഷ്ട മിനി സിവിൽ സ്റ്റേഷന്റെ വടക്കുഭാഗത്ത്) പൊതുആവശ്യത്തിന് മാറ്റിവച്ചിട്ടുള്ള പട്ടികജാതി വികസന വകുപ്പിന്റെകീഴിലുള്ള ബ്ലോക്ക് 75 റീ-സർവ്വേ നമ്പർ 172,

173-ൽപ്പെട്ട ഏകദേശം 50 സെന്റ് ഭൂമി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത ഭൂമി വകുപ്പിന് കൈമാറുന്നതിന് പട്ടികജാതി വികസന വകുപ്പിന്റെ സമ്മതം അറിയിക്കുന്നതിന് മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർക്ക് നിലമ്പൂർ താലൂക്ക് തഹസീൽദാർ 10-11-2017-ൽ കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

## കരുനാഗപ്പള്ളി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനു സ്വന്തമായി കെട്ടിടം

215 (204) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിനു സ്വന്തമായി കെട്ടിടമില്ലാത്തതിന്റെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കുമോ;

(ബി) പോലീസ് ക്വാർട്ടേഴ്സ് സ്ഥാപിച്ചിട്ടുള്ള സ്ഥലത്തു ഒരു ഭാഗത്ത് ഫയർ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള സ്ഥലം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇതിനായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദീകരിക്കുമോ?

### ഉത്തരം

(എ) കരുനാഗപ്പള്ളി ഫയർ സ്റ്റേഷനുവേണ്ടി സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാൽ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ച 30-3-1989 മുതൽ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നെങ്കിലും അനുയോജ്യമായ സ്ഥലം ലഭ്യമാകാതെ വരികയും തുടർന്ന് കെ.ഐ.പി.യുടെയും പോലീസ് വകുപ്പിന്റെയും സ്ഥലങ്ങൾ പരിശോധിച്ചതിൽ അനുയോജ്യമെന്ന് കണ്ടെത്തിയിട്ടുള്ള പോലീസ് വകുപ്പിന്റെ സ്ഥലം ലഭ്യമാകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) കരുനാഗപ്പള്ളി നിലയത്തിനായി പുതുതായി നിർദ്ദേശിക്കപ്പെട്ട 20 സെന്റ് സ്ഥലം 8-12-2017-ൽ അളന്നുതിട്ടപ്പെടുത്തുകയും തുടർന്ന് രേഖകൾ കരുനാഗപ്പള്ളി തഹസീൽദാർ ജില്ലാ കളക്ടർക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പ്രസ്തുത സ്ഥലം അഗ്നിശമന വാഹനങ്ങൾക്ക് സഞ്ചാര യോഗ്യമാണ്. സ്ഥലം വകുപ്പിന് കൈമാറ്റം ചെയ്ത് ലഭിക്കുന്നമുറയ്ക്ക് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ജയിൽ ഭക്ഷ്യവിഭവങ്ങൾ**

216 (205) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽനിന്നും ഭക്ഷ്യവിഭവങ്ങൾ ഉണ്ടാക്കി വില്പന നടത്തുക വഴി 2017 വർഷം എത്ര തുകയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ലാഭവിഹിതമായി എത്ര തുക ലഭിച്ചിട്ടുണ്ടെന്നുള്ള വിശദാംശം വ്യക്തമാക്കുമോ;

(സി) ജയിൽ ഭക്ഷ്യവിഭവങ്ങൾ പ്രധാന റെയിൽവേ സ്റ്റേഷനുകൾ, കെ.എസ്.ആർ.ടി.സി. സ്റ്റാന്റുകൾ എന്നിവിടങ്ങളിൽ സ്ഥിരമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭക്ഷ്യവിഭവങ്ങളുണ്ടാക്കി വിൽപ്പന നടത്തുക വഴി 2017 വർഷം 26,51,45,881 രൂപ (ഇരുപത്തിയാറ് കോടി അൻപത്തിയൊന്ന് ലക്ഷത്തി നാൽപ്പത്തി അയ്യായിരത്തി എണ്ണൂറ്റി എൺപത്തിയൊന്ന് രൂപ മാത്രം) വിറ്റുവരവുണ്ടായിട്ടുണ്ട്.

(ബി) ലാഭ വിഹിതമായി 5,05,70,033 രൂപ (അഞ്ച് കോടി അഞ്ച് ലക്ഷത്തി എഴുപതിനായിരത്തി മുപ്പത്തിമൂന്ന് രൂപ മാത്രം) ലഭിച്ചിട്ടുണ്ട്.

(സി) കണ്ണൂർ സെൻട്രൽ ജയിലിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ യൂണിറ്റിൽനിന്നും കണ്ണൂർ കെ.എസ്.ആർ.ടി.സി സ്റ്റാന്റിനു സമീപമായി ഒരു വാഹനം മുഖേന സാധനങ്ങൾ വിൽപ്പന നടത്തിവരുന്നുണ്ട്. തിരുവനന്തപുരം സെൻട്രൽ ജയിലിൽ പ്രവർത്തിക്കുന്ന ഭക്ഷ്യ യൂണിറ്റിൽനിന്നും തമ്പാനൂർ കെ.എസ്.ആർ.ടി.സി. കോംപ്ലക്സിൽ ജയിൽ ഭക്ഷ്യവിൽപ്പന കൗണ്ടർ തുടങ്ങുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

**പുതിയ ജയിലുകൾ**

217 (206) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലധികം തടവുകാരെ നിലവിൽ പാർപ്പിച്ചിട്ടുണ്ടോ;

(ബി) ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) സംസ്ഥാനത്ത് പുതിയ ജയിലുകൾ സ്ഥാപിക്കാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ജയിലുകളിൽ ഉൾക്കൊള്ളാൻ കഴിയുന്നതിലധികം തടവുകാരെ നിലവിൽ പാർപ്പിച്ചിട്ടുണ്ട്. നിലവിൽ ആകെയുള്ള 53 ജയിലുകളിലായി 6152 പേരെ പാർപ്പിക്കുന്നതിനുള്ള ശേഷിയാണുള്ളത്. എന്നാൽ 17-1-2018-ലെ ലോക്ക് അപ്പ് റിപ്പോർട്ട് പ്രകാരം ആകെ തടവുകാരുടെ എണ്ണം 7596.

(ബി) ജയിലുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(i) 2016-17-ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധതിയിലുൾപ്പെടുത്തി 5 ജയിലുകളിലെ (ജില്ലാ ജയിൽ വിയ്യൂർ, ജില്ലാ ജയിൽ എറണാകുളം, സ്പെഷ്യൽ സബ്ജയിൽ മൂവാറ്റുപുഴ, സ്പെഷ്യൽ സബ് ജയിൽ കണ്ണൂർ, സബ് ജയിൽ ചാവക്കാട്) അടുക്കള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി 53.80 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്. കൂടാതെ നടപ്പുസാമ്പത്തിക വർഷത്തിലും 7 ജയിലുകളിലെ (കൊല്ലം ജില്ലാ ജയിൽ, കോഴിക്കോട് സ്പെഷ്യൽ സബ് ജയിൽ, കണ്ണൂർ വനിതാ ജയിൽ, പൊന്നാനി സബ് ജയിൽ, തിരൂർ സബ് ജയിൽ, പെരിന്തൽമണ്ണ സബ് ജയിൽ, വടകര സബ് ജയിൽ) അടുക്കള നവീകരണ പ്രവൃത്തികൾക്കായി 93 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ii) 2017-18-ലെ ജയിലുകളുടെ നവീകരണം വാർഷിക പദ്ധയിലുൾപ്പെടുത്തി ചീമേനി തുറന്ന ജയിലിൽ തടവുകാർക്കായി പുതിയ ബാരക്ക് നിർമ്മിക്കുന്നതിനായി 308 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. കൂടാതെ കാസർഗോഡ് സ്പെഷ്യൽ സബ്ജയിലിൽ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനായി 63 ലക്ഷം രൂപയും കോഴിക്കോട് സ്പെഷ്യൽ സബ്ജയിലിൽ പുതിയ സെല്ലുകൾ നിർമ്മിക്കുന്നതിനായി 24.99 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(iii) 2016-17-ലെ തടവുകാരുടെ ക്ഷേമം പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തപുരം, വിയ്യൂർ, കണ്ണൂർ സെൻട്രൽ പ്രിസൺ ആന്റ് കറക്ഷണൽ ഹോമുകളിൽ 53.57 ലക്ഷം രൂപ വിനിയോഗിച്ച് RO/UV പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) പെരിയ, ഇടുക്കി (തുറന്ന ജയിൽ), നാദാപുരം, താമരശ്ശേരി, സുൽത്താൻ ബത്തേരി, മണ്ണാർക്കാട്, എരുമപ്പെട്ടി, അടൂർ, കോന്നി, കരുനാഗപ്പള്ളി, നെടുമങ്ങാട് എന്നീ സ്ഥലങ്ങളിൽ പുതുതായി ജയിലുകൾ സ്ഥാപിക്കുന്നതിന്

അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. തളിപ്പറമ്പ്, കൂത്തുപറമ്പ് എന്നീ സ്ഥലങ്ങളിൽ പുതിയ സബ് ജയിലുകൾ സ്ഥാപിക്കുന്നതിന് ജയിൽ വകുപ്പിന് സ്ഥലം ലഭ്യമായിട്ടുണ്ട്.

## സെൻട്രൽ ജയിൽ വേതനം

218 (207) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ ജയിൽ പ്രസിൽ ജോലിചെയ്യുന്ന ഒരു തടവുകാരന്റെ സാധാരണ ജോലിക്കുള്ള വേതനം എത്രയാണ് നിശ്ചയിച്ചിരിക്കുന്നത്;

(ബി) അധിക ജോലിക്കുള്ള പരമാവധി വേതനം എത്രയാണ് നിശ്ചയിച്ചിരിക്കുന്നത്?

ഉത്തരം

(എ) സെൻട്രൽ ജയിൽ പ്രസ്സിൽ ജോലി ചെയ്യുന്ന ഒരു തടവുകാരന്റെ സാധാരണ ജോലിക്കുള്ള വേതനം 110 (നൂറ്റിപ്പത്ത് രൂപ മാത്രം) രൂപയാണ്.

(ബി) അടിസ്ഥാന വേതനത്തിനുപുറമെ അധിക ജോലിക്കുള്ള പരമാവധി വേതനം 36 (മുപ്പത്തിയാറു രൂപ മാത്രം) രൂപയാണ്.

## കേരള സർക്കാർ കലണ്ടർ

219 (208) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-ൽ കേരള സർക്കാർ എത്ര കലണ്ടറാണ് അച്ചടിച്ചിട്ടുള്ളത്?

(ബി) ഒരു കലണ്ടർ റിമ്മിംഗ് ചെയ്യുന്നതിന് എത്ര രൂപയ്ക്കാണ് പുറം കരാർ നൽകിയിട്ടുള്ളത്;

(സി) കഴിഞ്ഞ 5 വർഷമായി ഏതെല്ലാം കമ്പനി /വ്യക്തികളാണ് കലണ്ടർ റിം ചെയ്യുന്നതിന് കരാർ ഏറ്റെടുത്തിട്ടുള്ളത്;

(ഡി) സെൻട്രൽ ജയിൽ പ്രസിൽ സർക്കാർ കലണ്ടറുകൾ റിമ്മിംഗ് നടത്തുവാനുള്ള പ്രൊപ്പോസൽ 2017-ൽ സെൻട്രൽ ജയിൽ പ്രസ് അധികാരി അച്ചടി വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) 22-8-2017-ലെ സ.ഉ.(സാധാ.)5373/17/പൊ.ഭ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2017-ൽ 4 ലക്ഷം ഓർഡിനറി കലണ്ടറുകളും 4000 മൗണ്ടഡ് കലണ്ടറുകളും അച്ചടിച്ചിട്ടുണ്ട്.

(ബി) ഒരു കലണ്ടർ റിമ്മിംഗ് ചെയ്യുന്നതിന് 2.05 രൂപയ്ക്കാണ് പുറം കരാർ നൽകിയിട്ടുള്ളത്.

(സി) കഴിഞ്ഞ 5 വർഷമായി കലണ്ടർ റിം ചെയ്യുന്നതിനുള്ള കരാർ, മെസ്സേഴ്സ് ഗുരു ടിൻ മൗണ്ടിംഗ് വർക്സ്, 42, രാധാകൃഷ്ണ കോളനി, തിരുത്തണൽ, തമിഴ്നാട് എന്ന കമ്പനിയാണ് ഏറ്റെടുത്തിട്ടുള്ളത്.

(ഡി). ഉണ്ട്.

**കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പ്**

220 (209) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല ഗ്രാമപഞ്ചായത്തിലെ കുറുംകുട്ടിയിൽ കെ.എസ്.ആർ.ടി.സി. റീജിയണൽ വർക്ക്ഷോപ്പ് നിർമ്മാണത്തിനായി എത്ര സ്ഥലമാണ് മാറ്റി വച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-യുടെ നിയന്ത്രണത്തിൽ തന്നെയാണോ ; പ്രസ്തുത സ്ഥലം ഈടുവച്ച് ഏതെങ്കിലും തരത്തിലുള്ള ബാങ്ക് വായ്പ എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ) 8 ഏക്കർ 57 സെന്റ്

(ബി) പ്രസ്തുത സ്ഥലം ഈടുവച്ച് ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽ നിന്നും 25 കോടി രൂപ വായ്പയെടുത്തിട്ടുണ്ട്.

(സി) 2017 ഒക്ടോബർ മാസത്തെ പെൻഷൻ വിതരണം ചെയ്യാനായി 25 കോടി രൂപ ആലപ്പുഴ ജില്ലാ സഹകരണ ബാങ്കിൽനിന്ന് വായ്പയെടുക്കാൻ പാറശ്ശാല ഡിപ്പോയുടെ സ്ഥലം ഈടായി നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണത്തിനായി സമർപ്പിച്ച റിപ്പോർട്ട്

221 (210) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊൽക്കത്ത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ റിട്ടയേർഡ് പ്രൊഫസർ സുശീൽ ഖന്ന കെ.എസ്.ആർ.ടി.സി യുടെ പുനരുദ്ധാരണത്തിനായി പഠിച്ചശേഷം ഗവൺമെന്റിന് ഭാഗികമായിട്ടോ പൂർണ്ണമായിട്ടോ റിപ്പോർട്ട് സമർപ്പിച്ചിരുന്നോ; അല്ലെങ്കിൽ എന്തെങ്കിലും ശിപാർശകൾ സർക്കാരിന് നൽകിയിരുന്നോ;

(ബി) എങ്കിൽ എന്നാണ് ടി റിപ്പോർട്ട് ഗവൺമെന്റിന്/ കെ.എസ്.ആർടി.സി. സമർപ്പിച്ചത്; അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) പ്രൊഫസർ സുശീൽ ഖന്നയെ പ്രസ്തുത ചുമതല ഏൽപ്പിച്ചതുമുതൽ 31-12-2017 വരെ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്കും ഗവൺമെന്റിനും ചെലവായ തുക ഓരോവകയിലും (ഇന്ധനച്ചെലവ് ഉൾപ്പെടെ) എത്ര വീതം; അതിന്റെ വിശദമായ കണക്ക് പട്ടിക തിരിച്ച് ലഭ്യമാക്കുമോ;

(ഡി) അദ്ദേഹം റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്താണ്; റിപ്പോർട്ട് പൂർത്തിയാക്കി ഗവൺമെന്റിന് സമർപ്പിക്കുന്നതിന് സർക്കാർ സമയപരിധി വച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇടക്കാല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) 1-4-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ പ്രൊഫ. സുശീൽ ഖന്ന കരട് ഇടക്കാല റിപ്പോർട്ട് അവതരിപ്പിച്ചിരുന്നു. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) 22-9-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 445/2016/Trans. പ്രകാരം ശ്രീ. സുശീൽ ഖന്നയ്ക്ക് ഒരു രൂപയാണ് ഓണറേറിയമായി നിശ്ചയിച്ചിട്ടുള്ളത്. ആയതുകൂടാതെ, പഠനത്തിനായി ചെലവായ തുക ചുവടെ ചേർക്കുന്നു.

ശ്രീ. സുശീൽ ഖന്ന

| | | |
|---|---|---|
| Boarding, Lodging and Misc | - | 1,57,405.00 |
| Seminar, food and rent | - | 60,134.00 |
| Taxi charges | - | 5,725.00 |

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

| | | |
|---|---|---|
| Flight charges | - | 1,03,694.00 |
| ശ്രീ. തോമസ് മാത്യു (സുശീൽ ഖന്നയുടെ സഹായി) | | |
| ഓണറേറിയം | - | 2,10,300.00 |
| ആകെ ചെലവായ തുക | - | 5,37,258 രൂപ |

(ഡി) ഇടക്കാല റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിന് മൂന്ന് മാസത്തെ കാലാവധിയാണ് അനുവദിച്ചിരുന്നത്. ശ്രീ. സുശീൽ ഖന്ന കൂടുതൽ സമയം ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## കെ.എസ്.ആർ.ടി.സി യിലെ പെൻഷൻ കുടിശ്ശിക

222 (211) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പെൻഷൻ നിരന്തരമായി മുടങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി എത്ര തുക വേണ്ടിവരുമെന്നും പെൻഷൻ വിതരണത്തിനുള്ള തുക കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നും വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിൽ എന്നത്തേക്ക് പെൻഷൻ വിതരണം നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) 2017 ജൂൺ, സെപ്റ്റംബർ മാസങ്ങളിൽ പതിനായിരം രൂപയിലധികം വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യുവാനുണ്ട്. സർക്കാർ 60 കോടി രൂപ കെ.എസ്.ആർ.ടി.സി. ക്ക് നൽകിയതിനെത്തുടർന്ന് നവംബർ മാസത്തെ പെൻഷൻ വിതരണം ചെയ്തു. ഇവർക്ക് മുടക്കം കൂടാതെ പെൻഷൻ നൽകുന്നതിനുള്ള പരിശ്രമത്തിലാണ്.

(സി&ഡി) 164 കോടി രൂപ. വരവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത സാമ്പത്തിക ബുദ്ധിമുട്ടുമൂലമാണ് പെൻഷൻ മുടങ്ങിയിട്ടുള്ളത്. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ, സർക്കാരിന്റെ സാമ്പത്തിക സഹായം

എന്നിവമൂലം പെൻഷൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുന്നു. കൂടിയ പലിശ നിരക്കിലും കുറഞ്ഞ കാലാവധിയുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ വായ്പകൾ ബാങ്ക് കൺസോർഷ്യം മുഖേന കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലാവധിയിലുമുള്ള വായ്പകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ കൃത്യമായി വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ആർ.ടി.സി. സൗജന്യ യാത്രയുടെ ചെലവ്

223 (212) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൗജന്യയാത്രയുടെ ചെലവ് സർക്കാർ നൽകണമെന്ന് കെ.എസ്.ആർ.ടി.സി. ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം വിശദമായി പരിശോധിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.

224 (213) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഓടുന്ന കെ..എസ്.ആർ.ടി.സി. ബസ്സുകൾ വല്ലപ്പോഴെങ്കിലും ട്രാഫിക് കുരുക്കിൽപ്പെട്ട് ഷെഡ്യൂൾഡ് ചെയ്ത ട്രിപ്പുകൾ പൂർണ്ണമായും ഓടി പൂർത്തിയാക്കാൻ സാധിക്കാതെ വരുമ്പോൾ നിലവിൽ ടി ഡ്യൂട്ടി ചെയ്യുന്ന കണ്ടക്ടർക്കും ഡ്രൈവർക്കും നൽകുന്ന സാമ്പത്തിക ആനുകൂല്യത്തിൽ എന്തെങ്കിലും കുറവ് ഉണ്ടാകാറുണ്ടോ;

(ബി) എങ്കിൽ അത് എന്തിന്റെ അടിസ്ഥാനത്തിലാണ്; സംസ്ഥാനത്തെ റോഡിൽ ട്രാഫിക് ബ്ലോക്ക് വരുന്നതും, കെ..എസ്.ആർ.ടി.സി ബസ് കേട് വന്ന് ട്രിപ്പ് മുടങ്ങുന്നതും ആ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന കണ്ടക്ടറുടെയും ഡ്രൈവറുടെയും കാരണം കൊണ്ടാണോ; വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ ഇത്തരത്തിൽ ജോലിയിൽ, കെ.എസ്.ആർ.ടി.സി.-യിലെ ഈ രണ്ട് വിഭാഗത്തെ മാത്രം സാമ്പത്തിക പീഡനത്തിന് ഇരയാക്കുന്ന നടപടി അവസാനിപ്പിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി&സി) (എ) പിരിവിന്റെ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

**കെ.എസ്.ആർ.ടി.സി. യിലെ പുനർനിയമനം**

225 (214) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നനാൾ മുതൽ കെ.എസ്.ആർ.ടി.സി.-യിൽ നിന്ന് പെൻഷൻ പറ്റിയവരെത്ര; ഇവരിൽ എത്രപേർക്ക് 31-12-2017 വരെയുള്ള കാലയളവിൽ പുനർനിയമനം നൽകിയെന്ന് വെളിപ്പെടുത്താമോ; എത്ര പേർക്ക് പുനർനിയമനം നൽകുന്നതിന് തീരുമാനമെടുത്തു; ഇവർ ഏതൊക്കെ വിഭാഗത്തിൽ പ്പെടുന്നവരാണെന്ന് വ്യക്തമാക്കാമോ;

(ബി) പുനർനിയമനം ലഭിച്ചവരിൽ എത്ര പേർ നിയമനം സ്വീകരിച്ച് ജോലിയിൽ പ്രവേശിച്ചു; ഇവർ ഏതെല്ലാം തസ്തികയിൽപ്പെട്ടവരാണെന്ന് വ്യക്തമാക്കുമോ; അപ്രകാരം പുനർനിയമനം നൽകിയവർക്ക് എത്രകാലത്തേക്കാണ് നിയമനം നൽകിയിട്ടുള്ളത്;

(സി) പെൻഷനായവരെ അടിയന്തരമായി തിരികെ ജോലിയിൽ പ്രവേശിപ്പി ക്കാനുണ്ടായ സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് പുനർനിയമനം നൽകുന്നതിന് കെ.എസ്.ആർ.ടി.സി. സ്വീകരിച്ച മാനദണ്ഡമെന്തായിരുന്നു; പുനർനിയമനത്തിനായി ഇവരെ തെരഞ്ഞെടുത്തതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാമായിരുന്നു; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016 മേയ് മുതൽ 31-12-2017 വരെ കെ.എസ്.ആർ.ടി.സി.-യിൽ നിന്നും 1809 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. പെൻഷനായവരിൽ ആർക്കുംതന്നെ 31-12-2017 വരെയുള്ള കാലയളവിൽ പുനർനിയമനം നൽകിയിട്ടില്ല.

(ബി-ഡി) (എ) പിരിവിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക

226 (215) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ മറ്റ് സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത കെട്ടിടങ്ങളുടെ വാടകയിനത്തിൽ എത്ര കുടിശ്ശിക ഉണ്ടെന്ന് അറിയിക്കുമോ; കുടിശ്ശിക വരുത്തിയവരുടെ വിശദാംശം അറിയിക്കുമോ;

(ഡി) പ്രസ്തുത കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള തടസ്സമെന്തെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള ട്രാൻസ്പോർട്ട് ഭവൻ കെട്ടിടത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകൾക്ക് വാടകയ്ക്ക് നൽകിയിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ളതും നിർമ്മാണം പൂർത്തീകരിച്ചതുമായ കാട്ടാക്കട, കൊട്ടാരക്കര, നെടുമങ്ങാട്, നെയ്യാറ്റിൻകര, കാസർഗോഡ്, കണ്ണൂർ, പയ്യന്നൂർ, ചേർത്തല ബസ് സ്റ്റേഷനുകളിലെ ഷോപ്പിംഗ് കോംപ്ലക്സുകളിലെ കെട്ടിടങ്ങൾ പലിശരഹിത കരുതൽ ധനം (IFSD) ഈടാക്കി, പ്രതിമാസ വാടക ഈടാക്കി കച്ചവട സ്ഥാപനങ്ങൾക്കും, സ്വകാര്യ, ധനകാര്യ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട്. കാസർഗോഡ്, പയ്യന്നൂർ, പാലക്കാട്, ഗുരുവായൂർ, തൃശ്ശൂർ, ചാലക്കുടി, ആലുവ, എറണാകുളം, പെരുമ്പാവൂർ, റീജിയണൽ വർക്ക്ഷോപ്പ് മാവേലിക്കര, പുനലൂർ, കൊല്ലം എന്നീ ബസ് സ്റ്റേഷനുകളിൽ വാടകാടിസ്ഥാനത്തിൽ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) കൊല്ലം ബസ് സ്റ്റേഷനിലെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും വാടക കുടിശ്ശികയിനത്തിൽ 19,97,973 രൂപയും പുനലൂർ ബസ് സ്റ്റേഷനിലെ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും 3,88,485 രൂപയും ലഭിക്കുവാനുണ്ട്.

(ഡി) കോടതി വ്യവഹാരം നിലവിലുള്ളതിനാൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്.

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി / ശമ്പള ആനുകൂല്യം

227 (216) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നാളിതുവരെ നൽകി വന്നിരുന്ന ഡ്യൂട്ടി/ ശമ്പള ആനുകൂല്യങ്ങളിൽ ഏതിലെങ്കിലും ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്നും അതുകൊണ്ട് ഏതെല്ലാം ജീവനക്കാർക്ക് നൽകി വന്നിരുന്ന സാമ്പത്തികാനുകൂല്യങ്ങളാണ് നഷ്ടമാവുന്നതെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം എത്രത്തോളം നികത്തുന്നതിന് സാധിച്ചിട്ടുണ്ട്; വിശദവിവരം ലഭ്യമാക്കുമോ;

(സി) ലൈൻഡ്യൂട്ടി നോക്കുന്ന ജീവനക്കാരുടെ സാമ്പത്തിക ആനുകൂല്യങ്ങളുടെ വെട്ടിക്കുറവിൽനിന്ന് ലഭ്യമാകുന്ന തുക ഉപയോഗിച്ച് ഈ സ്ഥാപനത്തെ ലാഭത്തിലാക്കുന്നതിന് രാജ്യത്തെ മറ്റ് ഏത് പൊതുമേഖല സ്ഥാപനത്തെയാണ് ഈ സർക്കാർ മാതൃകയാക്കുന്നത്; വിശദവിവരം നൽകുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പുനഃക്രമീകരിച്ച് സർവ്വീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി ഓടുന്ന കിലോ മീറ്ററിന്റെ അടിസ്ഥാനത്തിൽ നൽകിവന്നിരുന്ന ഡ്യൂട്ടി പാറ്റേൺ ഓടിക്കുന്ന സമയത്തിന് ആനുപാതികമായി (സ്റ്റിയറിംഗ് സമയം) പരിഷ്കരിക്കുന്നതിന് 25-5-2017-ൽ ഉത്തരവ് നൽകിയിരുന്നു. ജീവനക്കാരെ ഫലപ്രദമായി വിനിയോഗിക്കുന്നതിനും അതുവഴി ഷെഡ്യൂളുകൾ മുടങ്ങാതെ ഓപ്പറേറ്റ് ചെയ്യുന്നതിനും വരുമാനം വർദ്ധിപ്പി ക്കുന്നതിനും പൊതുജനങ്ങളുടെ യാത്രാ സൗകര്യം വർദ്ധിപ്പിക്കുന്നതിനുമാണ് ഇതിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ജീവനക്കാർക്ക് നൽകിവന്നിരുന്ന യാതൊരു സാമ്പത്തിക ആനുകൂല്യങ്ങളും വെട്ടിക്കുറച്ചിട്ടില്ല.

(ബി) ഡ്യൂട്ടി പാറ്റേൺ ക്രമീകരണം സംബന്ധിച്ച നടപടികൾ അന്തിമ ഘട്ടത്തിലാണ്. ആയതിനാൽ ഡ്യൂട്ടി പാറ്റേൺ ക്രമീകരണം ഏർപ്പെടുത്തിയതുമൂലം കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ സാമ്പത്തികനേട്ടം സംബന്ധിച്ച കണക്കുകളും വിശദാംശങ്ങളും ക്രോഡീകരിച്ചിട്ടില്ല.

(സി) ലൈൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന ജീവനക്കാർക്ക് നൽകിവന്നിരുന്ന യാതൊരു സാമ്പത്തിക ആനുകൂല്യങ്ങളും വെട്ടിക്കുറച്ചിട്ടില്ല.

## കെ.എസ്.ആർ.ടി.സി. ലാഭകരമാക്കുന്നതിന് നടപടി

228 (217) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യെ രക്ഷപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമായിരുന്നു; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നടപടികളിലൂടെ കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-ക്ക് ലഭിക്കുന്ന പ്രതിമാസവരുമാനം വ്യക്തമാക്കുമോ;

(സി) വരുമാനവും, ചെലവുകളും തമ്മിൽ ഒത്തുപോകുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ഡി) വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും കടമെടുത്തതിന്റെ പേരിൽ ഓരോ മാസവും പലിശയിനത്തിൽ എത്ര തുകയാണ് ചെലവഴിക്കുന്നത്; ആയത് വരുമാനത്തിന്റെ എത്ര ശതമാനമാണ്; വിശദമാക്കുമോ;

(ഇ) നാളിതുവരെയായി സർക്കാരിൽനിന്നും എത്ര രൂപ കെ.എസ്.ആർ.ടി.സി. -ക്ക് നൽകിയിട്ടുണ്ട്;

(എഫ്) കെ.എസ്.ആർ.ടി.സി. പെൻഷൻകാർക്ക് എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ട്; എന്ത് കാരണത്താലാണ് പെൻഷൻ കുടിശ്ശികയായത്; വ്യക്തമാക്കുമോ;

(ജി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര മാസത്തെ കുടിശ്ശിക പെൻഷൻ ഇനത്തിൽ നൽകാനുണ്ടായിരുന്നു; വിശദമാക്കുമോ?

### ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. യുടെ സമഗ്ര പുനഃസംഘടന ലക്ഷ്യമാക്കി, കൊൽക്കത്ത ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് എന്ന സ്ഥാപനത്തിലെ പ്രൊഫസറായ ശ്രീ. സുശീൽ ഖന്നയെ, സർക്കാർ ഉത്തരവ് നമ്പർ G.O.(Rt) 367/2016/Trans. തീയതി 24-9-2016 പ്രകാരം, വിശദ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ ചുമതലപ്പെടുത്തുകയും അദ്ദേഹം കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിലെ ശിപാർശകൾ സംബന്ധിച്ച് 1-4-2017-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കോർപ്പറേഷനിലെ അംഗീകൃത രജിസ്റ്റേർഡ്

തൊഴിലാളി സംഘടനകളുമായി യോഗം ചേരുകയും റിപ്പോർട്ടിലെ ശിപാർശകൾ കെ.എസ്.ആർ.ടി.സി. യുടെ പുനരുദ്ധാരണത്തിനായി ഘട്ടംഘട്ടമായി നടപ്പിൽ വരുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ വരുമാന വർദ്ധനവിനും കാര്യക്ഷമമായ പ്രവർത്തനത്തിനുമുതകുന്ന രീതിയിൽ സമഗ്ര പുനരുദ്ധാരണം നടപ്പാക്കുന്നതിന്റെ ഭാഗമായി ഷെഡ്യൂളുകൾ പുനഃക്രമീകരിക്കുകയും ജീവനക്കാരെ ശാസ്ത്രീയമായി വിന്യസിക്കുകയും എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലി സമയം 8 മണിക്കൂറായി പുനഃക്രമീകരിക്കുകയും ചെയ്തു. വർക്ഷോപ്പുകളുടെ പ്രവർത്തനം, ടയർ റീട്രെഡിംഗ്, എൻജിൻ റീകണ്ടീഷനിംഗ്, വാഹന ഉപയോഗ നിരക്ക് എന്നീ കാര്യങ്ങളിൽ ദേശീയ ശരാശരിക്ക് ഒപ്പമെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഇന്ധന ഉപയോഗക്ഷമത (KMPL) ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിനും കൂടുതൽ ഇന്ധനക്ഷമത കൈവരിക്കുന്ന ഡ്രൈവർമാർക്ക് ഇൻസെന്റീവ് നൽകുന്നതിനുമുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തു. സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് 10,000 രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതിന് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുള്ളത്. അശാസ്ത്രീയമായ ഡ്യൂട്ടിപാറ്റേൺ നിലനിന്നിരുന്നത് കാരണം വളരെയധികം ക്രൂ ഷോർട്ടേജ് അനുഭവപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ ഡ്യൂട്ടി പാറ്റേൺ ഏകീകരിച്ചതുവഴി ശമ്പളത്തിന് ആനുപാതികമായി സേവനം ലഭ്യമാക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയിരിക്കുന്നത്. പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിനുശേഷം ശരാശരി 78% ആയിരുന്ന Fleet utilization ഇപ്പോൾ 87% ആയി ഉയർന്നിട്ടുണ്ട്. സമാന്തര സർവ്വീസുകൾ നിയന്ത്രിക്കുന്നതിന് ഗതാഗത കമ്മീഷണറേറ്റും പോലീസും കെ.എസ്.ആർ.ടി.സി.-യും ചേർന്ന് സ്ക്വാഡ് രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേക്കുമായി പുതിയതരം പുഷ് ബാക്ക് സീറ്റോടുകൂടിയ

എയർ എക്സ്പ്രസ്സ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ചും ബൈപ്പാസ് റോഡുകൾ ഉപയോഗപ്പെടുത്തിയും കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ സർവ്വീസുകൾ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്.

(ബി) ലാഭകരമാക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പ്രതിമാസം 170 കോടി രൂപ വരുമാനം ലഭിക്കുന്നുണ്ട്.

(സി) ഇല്ല. ഭീമമായ വായ്പാതിരിച്ചടവാണ് പ്രധാന കാരണം.

(ഡി) 29 കോടി 72 ലക്ഷം രൂപയാണ് പ്രതിമാസം പലിശ നൽകുന്നത്. ഇത് പ്രതിമാസ വരുമാനത്തിന്റെ 16.5 ശതമാനമാണ്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 685 കോടി രൂപ സർക്കാർ വായ്പയായും 40.61 കോടി രൂപ പദ്ധതി വിഹിതമായും അനുവദിച്ചിട്ടുണ്ട്.

(എഫ്) 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ ഭാഗികമായും 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിൽ പൂർണ്ണമായും കുടിശ്ശികയുണ്ട്. വരവും ചെലവും തമ്മിൽ പൊരുത്തപ്പെടാനാവാത്ത ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിമൂലമാണ് പെൻഷൻ മുടങ്ങിയിട്ടുള്ളത്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. എം.ഡി.-യുടെ ഉത്തരവ്

229 (218) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന നാൾ മുതൽ ലഭിച്ചുകൊണ്ടിരുന്ന ഡ്യൂട്ടി അളവുകളിൽ രണ്ട് എന്നത് ഒന്ന്, ഒന്നര, ഒന്നേകാൽ തുടങ്ങിയ അളവിൽ കുറവ് വരുത്തിയത് കൊണ്ട് ഉണ്ടായ കടുത്ത സാമ്പത്തിക സമ്മർദ്ദത്തിൽ ജോലി ചെയ്യേണ്ടി വരുന്ന കെ.എസ്.ആർ.ടി.സി.-യിലെ വിഭാഗങ്ങൾ ഏതൊക്കെ;

(ബി) ഇതിൽ ഓപ്പറേറ്റിംഗ് വിംഗ് സ്റ്റാഫിനല്ലാതെ മിനിസ്റ്റീരിയൽ സ്റ്റാഫിന് നിലവിൽ ലഭിച്ചു കൊണ്ടിരുന്നതിൽ എന്തെങ്കിലും സാമ്പത്തിക കുറവ് വരുത്തിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നാളിതുവരെ നല്കിവന്നിരുന്ന ഏറെക്കുറെ എല്ലാ ആനുകൂല്യങ്ങളും കെ.എസ്.ആർ.ടി.സി.-യിലെ ലൈൻ ഡ്യൂട്ടി വിഭാഗക്കാർക്ക് മാത്രം വെട്ടിക്കുറവ് വരുത്തുകയും അവരിൽ ശാരീരിക ബുദ്ധിമുട്ടുള്ളവർക്കുപോലും ആവശ്യമായ ലീവ് അനുവദിക്കാതെ പീഡിപ്പിക്കുന്നതിന് ആധാരമാക്കുന്ന സി.എം.ഡി.യുടെ ഉത്തരവ് നിലവിലുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിലെ ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ഡ്യൂട്ടി അളവുകളിൽ കുറവ് വരുത്തിയിട്ടില്ല. എന്നാൽ ഓടുന്ന ദൂരത്തിനനുസരിച്ച് ഡ്യൂട്ടി നൽകുന്ന സമ്പ്രദായം നിർത്തലാക്കുകയും പകരം ഓടിക്കുന്ന സമയത്തിനെ അടിസ്ഥാനമാക്കി ഡ്യൂട്ടി നൽകുന്ന സംവിധാനത്തിനു രൂപം നൽകുകയും ചെയ്തിട്ടുണ്ട്. ഈ സംവിധാനം നടപ്പിലാക്കിയതിനെതുടർന്ന് ജീവനക്കാർ സാമ്പത്തിക സമ്മർദ്ദത്തിൽ ജോലി ചെയ്യുന്നുവെന്ന തരത്തിലുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സാമ്പത്തിക കുറവ് വരുത്തിയിട്ടില്ല. എല്ലാ വിഭാഗം ജീവനക്കാരുടെയും ജോലിസമയം 8 മണിക്കൂറാക്കി നിജപ്പെടുത്തിയതിൻ പ്രകാരം മിനിസ്റ്റീരിയൽ വിഭാഗത്തിന്റെയും ഡ്യൂട്ടിസമയം 8 മണിക്കൂറാക്കി ക്രമീകരിച്ചിട്ടുണ്ട്.

(സി&ഡി) നിലവിലില്ല.

## കെ.എസ്.ആർ.ടി.സി. പാസഞ്ചർ ഇതര ഔദ്യോഗിക വാഹനങ്ങളുടെ ഡ്രൈവർമാർ

230 (219) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.-സിയിൽ, പാസഞ്ചർ ഇതര ഔദ്യോഗിക വാഹനങ്ങൾ ഓടിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യിലെ ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് സഹിതം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ മാനദണ്ഡം തയ്യാറാക്കാതെ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് യഥേഷ്ടം ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിന് സർക്കാരിൽ നിന്ന് അനുമതി ലഭിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) മാനദണ്ഡം തയ്യാറാക്കാതെ ദീർഘകാലമായി ചിലർക്കുമാത്രം അവസരം നൽകി മറ്റുള്ളവർക്ക് ഇത് അന്യമാക്കി മാറ്റുന്ന പ്രവണത അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്ന തിനുള്ള മാനദണ്ഡം സർക്കാരും കേരള പി.എസ്.സി.യും അംഗീകരിച്ച പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട രേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തി രിക്കുന്നു.* അതുപ്രകാരം നിയമിക്കപ്പെടുന്ന ഡ്രൈവർമാരിൽനിന്നാണ് ട്രാൻസ്പോർട്ട് ഭവൻ ഉൾപ്പെടെയുള്ള ഓഫീസുകളിലെ പാസഞ്ചർ ഇതര ഔദ്യോഗിക വാഹനം ഓടിക്കുന്നതിന് ഡ്രൈവർമാരെ നിയോഗിക്കുന്നത്. ആയതിന് പ്രത്യേക മാനദണ്ഡങ്ങൾ ഒന്നുംതന്നെ നിലവിലില്ല. കോർപ്പറേഷന്റെ യൂണിറ്റുകളിൽ ജോലി ചെയ്യുന്ന ഡ്രൈവർ വിഭാഗം ജീവനക്കാരിൽനിന്നും ഓഫീസർമാരുടെ വാഹനം ഓടിക്കു ന്നതിന് താൽപ്പര്യമുള്ളവരിൽനിന്നും അപേക്ഷ ലഭ്യമാക്കുന്നപക്ഷം ആവശ്യമുള്ള ജീവനക്കാരെ നിയമിക്കുകയാണ് ചെയ്യുന്നത്.

**കെ.എസ്.ആർ.ടി.സി. ബസുകൾ**

231 (220) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ ഇപ്പോൾ എത്ര ബസ്സുകൾ ഉണ്ടെന്ന് ഇനംതിരിച്ച് (ഓർഡിനറി, ഫാസ്റ്റ്, സൂപ്പർഫാസ്റ്റ്, എക്സ്പ്രസ്, സൂപ്പർ എക്സ്പ്രസ്, സിറ്റി സർവ്വീസ്, ലക്ഷ്വറി ബസുകൾ) വ്യക്തമാക്കാമോ; ഇതിൽ ദിവസേന എത്ര ബസുകൾ സർവ്വീസ് നടത്തുന്നുവെന്നും സർവ്വീസ് നടത്താതെ അറ്റകുറ്റപ്പണിക്കായി കിടക്കുന്ന എത്ര ബസുകൾ ഉണ്ടെന്നും അറിയിക്കാമോ;

(ബി) പുതുതായി വാങ്ങിയ ലക്ഷ്വറി ബസുകളിൽ സർവ്വീസ് നടത്താത്തവയുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നും സർവ്വീസ് നടത്താതിരിക്കുന്നതിന് കാരണം എന്താണെന്നും വ്യക്തമാക്കാമോ;

(സി) യാത്രാക്ലേശം രൂക്ഷമായി അനുഭവപ്പെടുന്ന റാന്നി പോലെയുള്ള മലയോരമേഖലകൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ പുതിയ ലക്ഷ്വറി ബസ് സർവ്വീസുകൾ ആരംഭിക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിൽ 5612 ബസുകൾ ഉണ്ട്. കൂടാതെ 10 സ്കാനിയ ബസുകൾ വാടകയ്ക്കെടുത്ത് സർവ്വീസ് നടത്തുന്നുണ്ട്. ഇനം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| | |
|---|---|
| സിറ്റി & ഓർഡിനറി | 3, 630 |
| സിറ്റി ഫാസ്റ്റ് | 206 |
| ഫാസ്റ്റ് പാസഞ്ചർ | 1,142 |
| സൂപ്പർഫാസ്റ്റ് | 406 |
| സൂപ്പർ എക്സ്പ്രസ് | 52 |
| സിൽവർ ലൈൻജെറ്റ് | 5 |
| സൂപ്പർ ഡീലക്സ് | 141 |
| വോൾവോ | 12 |
| സ്കാനിയ | 18 |
| Hired bus Scania | 10 |

കൂടാതെ, കെ.യു.ആർ.ടി.സി. യുടെ ഉടമസ്ഥതയിൽ

| | |
|---|---|
| എ.സി. ലോ ഫ്ലോർ ബസുകൾ | 190 |
| നോൺ എ.സി. ബസുകൾ | 530 |

എന്നിങ്ങനെ ആകെ 720 ബസുകളുണ്ട്. ഇതിൽ അഗ്നിക്കിരയായ ഒരു നോൺ എ.സി. ബസ് നിരത്തിൽനിന്നും പിൻവലിച്ചിട്ടുണ്ട്. കെ.യു.ആർ.ടി.സി. ഉൾപ്പെടെ ദിവസേന ഓപ്പറേറ്റ് ചെയ്യുന്ന ശരാശരി ബസ്സുകൾ 5498, അറ്റകുറ്റപ്പണി കൾക്കായി 625 ബസ്സുകൾ മാറ്റിയിട്ടുണ്ട്. 219 സ്പെയർ ബസ്സുകളുമുണ്ട്. കെ.എസ്. ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള 18 സ്കാനിയ ബസുകളിൽ അപകടത്തിൽപ്പെട്ട ഒരു സ്കാനിയ ബസ് നിരത്തിൽനിന്നും പിൻവലിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഇപ്പോഴത്തെ സാഹചര്യത്തിൽ പരിഗണിക്കാൻ നിർവ്വാഹമില്ല.

**കെ.എസ്.ആർ.ടി.സി. പെൻഷൻ**

232 (221) ശ്രീ. പി. കെ. ബഷീർ :
ശ്രീ. കെ. എം. ഷാജി :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ എത്ര മാസത്തെ പെൻഷൻ വിതരണം ചെയ്യാനുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പെൻഷൻ കുടിശ്ശിക നൽകുന്നതിനും കൃത്യമായി പെൻഷൻ വിതരണം ചെയ്യുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ;

(സി) പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസിൽ പെൻഷൻബാധ്യത സർക്കാരിന് ഏറ്റെടുക്കാൻ കഴിയുകയില്ല എന്ന സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതു തിരുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10,000 രൂപയിലധികം വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യുവാനുണ്ട്. സർക്കാർ 60 കോടി രൂപ നൽകുകയും തുടർന്ന് 19-1-2018-ൽ നവംബർ മാസത്തെ പെൻഷൻ വിതരണം ചെയ്യുകയും ചെയ്തു.

(ബി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ, സർക്കാരിന്റെ സാമ്പത്തിക സഹായം എന്നിവമൂലം പെൻഷൻ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടിയ പലിശനിരക്കിലും കുറഞ്ഞ കാലാവധിയിലുമുള്ള കെ.എസ്.ആർ.ടി.സി.-യുടെ വായ്പകൾ, ബാങ്ക് കൺസോർഷ്യം മുഖേന കുറഞ്ഞ പലിശ നിരക്കിലും കൂടിയ കാലാവധിയുമുള്ള വായ്പകളായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ കൃത്യമായി വിതരണം ചെയ്യാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കെ.എസ്.ആർ.ടി.സി. ശമ്പളവും പെൻഷനും വിതരണം ചെയ്യേണ്ട പ്രത്യക്ഷ ബാധ്യത സർക്കാരിന് ഇല്ലെന്ന കാര്യത്തോടൊപ്പം ശമ്പളവും പെൻഷനും നൽകുന്നതിനായി പരമാവധി സഹായം സർക്കാർ ചെയ്തുവരികയാണെന്ന കാര്യവും സത്യവാങ്മൂലത്തിൽ സമർപ്പിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസ്**

233 (222) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽനിന്നും ഏതൊക്കെ സംസ്ഥാനങ്ങളിലേക്കാണ് ഇപ്പോൾ കെ.എസ്.ആർ.ടി.സി. ബസുകൾ അന്തർസംസ്ഥാന സർവ്വീസ് നടത്തുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) കേരളത്തിൽനിന്നും ദിവസേന മറ്റു സംസ്ഥാനങ്ങളിലേക്ക് എത്ര ബസുകൾ സർവ്വീസ് നടത്തുന്നു എന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് പ്രതിദിനം എത്ര സർവ്വീസുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അന്യസംസ്ഥാനക്കാർ ധാരാളമുള്ളതും അന്യ സംസ്ഥാനങ്ങളിൽ ധാരാളംപേർ തൊഴിൽ, പഠനം തുടങ്ങിയവയ്ക്ക് പോകുന്നതുമായ ബാംഗ്ലൂരിലേയ്ക്കും, ചെന്നൈ, മധുര എന്നിവിടങ്ങളിലേക്കും റാന്നിയിൽ നിന്നും കെ.എസ്.ആർ.ടി.സി.-യുടെ ദീർഘദൂര ബസ് സർവ്വീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. തമിഴ്നാട്, കർണ്ണാടക എന്നീ അയൽ സംസ്ഥാനങ്ങളിലെ വിവിധ ഭാഗങ്ങളിലേയ്ക്കാണ് അന്തർ സംസ്ഥാന സർവ്വീസ് നടത്തിവരുന്നത്.

(ബി) കെ.എസ്.ആർ.ടി.സി. മറ്റു സംസ്ഥാനങ്ങളിലേക്ക് നടത്തുന്ന സർവ്വീസുകളെ സംബന്ധിക്കുന്ന വിവരം അനുബന്ധമായി ചേർക്കുന്നു.* കർണ്ണാടകയിൽനിന്നും 29 സ്വകാര്യ സ്റ്റേജ് കാര്യേജുകളും തമിഴ്നാട്ടിൽനിന്നും 4 സ്വകാര്യ സ്റ്റേജ് കാര്യേജുകളും കേരളത്തിലേയ്ക്ക് പ്രതിദിനം സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ കർണ്ണാടകയിൽ നിന്നും 152-ഉം തമിഴ്നാട്ടിൽനിന്നും 71-ഉം സംസ്ഥാന ഉടമസ്ഥതയിലുള്ള വാഹനങ്ങൾ Countersignature of permit എടുത്ത് സർവ്വീസ് നടത്തിവരുന്നു.

(സി) അന്തർ സംസ്ഥാന കരാർ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലുള്ള കരാറുകളിൽ വ്യവസ്ഥ ചെയ്യാത്തതിനാൽ റാന്നിയിൽനിന്നും ബാംഗ്ലൂർ, ചെന്നൈ, മധുര എന്നിവിടങ്ങളിലേയ്ക്ക് അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല.

## കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ട്രെയിനിംഗ്

234 (223) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് പരിശീലനം നൽകുന്നതിന് ഏതൊക്കെ സ്വകാര്യ കമ്പനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്;

(ബി) ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനുള്ള കാരണം എന്താണ്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇല്ലെങ്കിൽ ,ട്രെയിനിംഗിന്റെ മറവിൽ കെ.എസ്.ആർ.ടി.സി.-യുടെ ഏതെങ്കിലും ചുമതല സ്വകാര്യസ്ഥാപനങ്ങളെ ഏൽപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഓപ്പറേറ്റിംഗ് സ്റ്റാഫുകൾക്ക് പരിശീലനം നൽകുന്നതുപോലെ മിനിസ്റ്റീരിയൽ സ്റ്റാഫിനും അവരുടെ സേവനം, ഓപ്പറേറ്റിംഗ് തൊഴിലാളികളോടുള്ള ഇടപെടൽ, ഓഫീസ് മര്യാദകൾ എന്നീ മേഖലകളിൽ മികവു വർദ്ധിപ്പിക്കുവാനാവശ്യമായ ട്രെയിനിംഗ് നൽകുമോ?

<u>ഉത്തരം</u>

(എ) സ്വകാര്യ കമ്പനികളെ തെരഞ്ഞെടുത്തിട്ടില്ല. എന്നാൽ കെ.എസ്.ആർ. ടി.സി.-യും മഹീന്ദ്രാ & മഹീന്ദ്രായുടെ പ്രൈഡ് സ്കൂളുമായി സംയോജിച്ച് തിരുവനന്തപുരം ജില്ലയിലെ 4,000 ത്തോളം കണ്ടക്ടർ വിഭാഗം ജീവനക്കാർക്കായി വ്യക്തിമര്യാദ കളെക്കുറിച്ചും യാത്രക്കാരോടുള്ള പെരുമാറ്റത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കു ന്നതിനായി പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു.

(ബി&സി) ഇല്ല.

(ഡി) നിലവിൽ മിനിസ്റ്റീരിയൽ സ്റ്റാഫിനും പരിശീലനം നൽകിവരുന്നു. ടി രീതി തുടർന്നും അവലംബിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ടിക്കറ്റിന്റെ കളക്ഷൻ**

235 (224) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർമാർ അവരുടെ ഡ്യൂട്ടി അവസാനിപ്പിക്കുന്ന സമയത്ത്, വിറ്റ ടിക്കറ്റിന്റെ കളക്ഷൻ അടയ്ക്കുമ്പോൾ, അടയ്ക്കുന്ന തുകയും വിറ്റ ടിക്കറ്റും തമ്മിൽ പൊരുത്തപ്പെട്ടാണോ കളക്ഷൻ തുക സ്വീകരിക്കുന്നതെന്ന് പറയുമോ;

(ബി) ഇല്ലെങ്കിൽ ഇവ പരിശോധിച്ച് മാത്രം, പ്രത്യേകിച്ച് തലസ്ഥാന നഗരിയിലെ ഡിപ്പോകളിൽ പണം സ്വീകരിക്കുന്ന രീതി അവലംബിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഡ്യൂട്ടി അവസാനിക്കുന്ന സമയത്ത് കളക്ഷൻ അടയ്ക്കുമ്പോൾ, അടയ്ക്കുന്ന തുകയും വിറ്റ ടിക്കറ്റും തമ്മിൽ ഒത്തുനോക്കിയാണ് തുക സ്വീകരിക്കുന്നത്.

## കെ.എസ്.ആർ.ടി.സി.യിൽ ഓഫീസ് വാഹനങ്ങൾ ഓടിക്കുന്നതിന് ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്ന രീതി

236 (225) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ ട്രാൻസ്പോർട്ട് ഭവനൾപ്പെടെയുള്ള ഓഫീസുകളിലെ ഔദ്യോഗിക വാഹനങ്ങൾ ഓടിക്കുന്നതിന് അതിലെതന്നെ ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിന് ആവശ്യമായ യോഗ്യതയും നിയമനരീതിയും നിയമനപരിധിയും സംബന്ധിച്ച മാനദണ്ഡമുണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ നാളിതുവരെ സ്വീകരിച്ചു; വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇല്ലെങ്കിൽ ഇക്കാര്യത്തിൽ സുതാര്യത വരുത്തുന്നതിന് കാലതാമസം കൂടാതെ തീരുമാനമെടുത്ത് നടപ്പിലാക്കാൻ കർശന നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം സർക്കാരും കേരള പി.എസ്.സി.യും അംഗീകരിച്ച പ്രകാരം രൂപീകരിച്ചിട്ടുള്ളതാണ്. ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* അതുപ്രകാരം നിയമിക്കപ്പെടുന്ന ഡ്രൈവർമാരിൽ നിന്നാണ് ട്രാൻസ്പോർട്ട് ഭവൻ ഉൾപ്പെടെയുള്ള ഓഫീസുകളിലെ ഔദ്യോഗിക വാഹനം ഓടിക്കുന്നതിന് ഡ്രൈവർമാരെ നിയോഗിക്കുന്നത്.

(ബി) നിലവിലെ നടപടിക്രമം സുതാര്യമാണ്.

## കെ.എസ്.ആർ.ടി.സി.-യിലെ ചെലവ്

237 (226) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ 31-12-2017 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി എത്ര സൗഖ്യവർദ്ധിത ഓഫീസ് ഉപകരണങ്ങൾ ഒഴിവാക്കിയിട്ടുണ്ട്; അതിലൂടെ എത്ര തുക കെ.എസ്.ആർ.ടി.സി.-ക്ക് ലാഭിക്കാനായിട്ടുണ്ട്;

(ബി) സിവിൽ വർക്കുകളിൽ അടിയന്തരമായിട്ടുള്ളത് ഒഴികെ എത്ര വർക്കുകൾ എന്ത് തുകയ്ക്ക് നടപ്പിലാക്കിയെന്ന് വ്യക്തമാക്കാമോ;

(സി) എത്ര തുക ചെലവ് വരുമായിരുന്ന ഔദ്യോഗിക വാഹന ഉപയോഗമാണ് കുറച്ചതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ബോർഡ് മീറ്റിംഗിനൊഴികെയുള്ള ചായ സൽക്കാര ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് എത്ര തുക ചെലവായിട്ടുണ്ട്;

(ഇ) സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന കെ.എസ്.ആർ.ടി.സി-യിൽ ഉദ്യോഗസ്ഥരുടെ വീട്ടിൽനിന്ന് ജോലിയിടത്തേക്കും തിരിച്ച് വീട്ടിലേയ്ക്കുമുള്ള യാത്ര കെ.എസ്.ആർ.ടി.സി-യുടെ ഔദ്യോഗിക യാത്രാപാസ് ഉപയോഗിച്ച് മാത്രമാക്കു ന്നതിന് നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന സൗഖ്യവർദ്ധിത ഓഫീസ് ഉപകരണങ്ങൾ ഒന്നുംതന്നെ ഒഴിവാക്കിയിട്ടില്ല.

(ബി) 2016-17 കാലയളവിൽ പൊതുമരാമത്ത് പണികൾക്കുവേണ്ടി പ്ലാൻ ഫണ്ട് വിനിയോഗിച്ച് 11,00,03,019 തുകയുടെ പ്രവൃത്തികൾ വിവിധ ഡിപ്പോകളിലായി നിർവ്വഹിച്ചിട്ടുണ്ട്.

(സി) 2016-ലെ ഔദ്യോഗിക വാഹന ഉപയോഗത്തേക്കാൾ 2017-ൽ ഇന്ധനവിലയിൽ 2.28 ലക്ഷം രൂപയുടെ കുറവ് വരേണ്ട രീതിയിൽ ഉപഭോഗം നിയന്ത്രിച്ചിട്ടുണ്ട്. എന്നാൽ ഇന്ധനവിലയിൽ വർദ്ധനവ് ഉണ്ടായതിനാൽ ചെലവിൽ കുറവ് പ്രതിഫലിച്ചില്ല.

(ഡി) ബോർഡ് മീറ്റിംഗിനൊഴികെയുള്ള ചായസൽക്കാര ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്ക് 1,96,947 രൂപ ചെലവായിട്ടുണ്ട്.

(ഇ) സർക്കാർ ആഫീസുകളിലെ ഉന്നത ഉദ്യോഗസ്ഥർക്ക് അനുവദിച്ചിട്ടുള്ളതു പോലെ കെ.എസ്.ആർ.ടി.സി.-യിലെ ഹയർ ഡിവിഷൻ ആഫീസർമാർക്കും ഔദ്യോഗിക വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്. ആയത് ഒഴിവാക്കി ഔദ്യോഗിക യാത്രാപാസ് ഉപയോഗിച്ച് മാത്രമുള്ള യാത്ര പ്രാവർത്തികമാക്കുന്നത് പ്രായോഗികമല്ല.

## കെ.എസ്.ആർ.ടി.സി. പെൻഷൻ

238 (227) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ വാഗ്ദാനം ചെയ്ത പ്രകാരം കെ.എസ്.ആർ.ടി.സി. പെൻഷൻ മുടക്കം കൂടാതെ നൽകാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) പെൻഷൻ മുടക്കം കൂടാതെ നൽകാത്തതിനെതിരെ ഭരണപക്ഷ നിലപാട് സ്വീകരിക്കുന്ന കെ.എസ്.ആർ.ടി.സി.-യിലെ ഏതെങ്കിലും തൊഴിലാളി സംഘടന പ്രതിഷേധം അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ നൽകിയതിനുശേഷം മാത്രം ശമ്പളം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും മുടങ്ങാതെ വിതരണം ചെയ്യുന്നതിന് സർക്കാർ പരിശ്രമിച്ചുവരുന്നു. ഈ സാമ്പത്തിക വർഷം മാത്രം 690 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 685 കോടി രൂപ റിലീസ് ചെയ്തിട്ടുണ്ട്. 2017 ജൂൺ, സെപ്റ്റംബർ എന്നീ മാസങ്ങളിൽ 10,000 രൂപയിലധികം വാങ്ങുന്നവർക്ക് 10,000 രൂപ കഴിച്ച് ബാക്കി തുക നൽകുവാനുണ്ട്. 2017 ഡിസംബർ, 2018 ജനുവരി എന്നീ മാസങ്ങളിലെ പെൻഷനും വിതരണം ചെയ്യുവാനുണ്ട്. സർക്കാർ 60 കോടി രൂപകൂടി നൽകിയതിനെ തുടർന്ന് നവംബർ മാസത്തെ പെൻഷൻ വിതരണം ചെയ്തു. കുടിശ്ശിക ഇല്ലാതെ മുഴുവൻ പെൻഷനും അനുവദിച്ച് നൽകുന്നതിനുള്ള പരിശ്രമത്തിലാണ്.

(ബി) പെൻഷൻ മുടക്കംകൂടാതെ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി സംഘടനകൾ നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി.-യിൽ വാഹനങ്ങളുടെ ദുരുപയോഗം

239 (228) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യിൽ സി.എം.ഡി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ദീർഘദൂര ഔദ്യോഗിക/ അനൗദ്യോഗിക യാത്രയ്ക്ക് കെ.എസ്.ആർ.ടി.സി.-യുടെ പാസഞ്ചർ ബസ് ഒഴികെയുള്ള ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ഭീമമായ യാത്ര ചെലവ് വരുത്തുന്നതായി കരുതുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥ വിഭാഗത്തിൽപ്പെട്ടവർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഒന്നിലധികം ജില്ലകടന്ന് യാത്ര ആവശ്യമായി വരുമ്പോൾ അതത് സ്ഥലം ഡിപ്പോയിലെ വാഹനങ്ങൾ ഉപയോഗിച്ച് യാത്ര ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിലും ഇല്ലാത്ത പാസഞ്ചർ ഇതര ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്തെങ്കിലും കർശനമായി തടയുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുള്ളത് കെ.എസ്.ആർ.ടി.സി.-യിലെ ഉന്നത ഉദ്യോഗസ്ഥർക്ക് മാത്രമാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഡിപ്പോകളിലും ഔദ്യോഗിക വാഹനമില്ല. ആയതിനാൽ നിർദ്ദേശം പ്രായോഗികമല്ല.

(സി) ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തുന്നുണ്ട്.

**പുതിയ ബസ്സുകൾ**

240 (229) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര രൂപയുടെ പുതിയ ബസ്സുകൾ / ബസ്സ് ചെയിസിസ്സുകൾ വാങ്ങിയിട്ടുണ്ട്; ഇനം തിരിച്ച് വിലസഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഇക്കാലയളവിൽ സ്കാനിയ വിഭാഗത്തിൽപ്പെട്ട എത്ര പുതിയ ബസ്സുകൾ / മറ്റ് പുതിയ ബസ്സുകൾ വാങ്ങിയിട്ടുണ്ട്; ഇതിന്റെ ആകെത്തുക എത്രയാണ്; പ്രസ്തുത ബസ്സുകൾ നിരത്തിൽ ഓടുവാൻ തുടങ്ങിയോ; പൂർണ്ണ വിവരം നല്കുമോ; ഇതിന്റെ ബോഡി ചെയ്തത് ഏതു കമ്പനിയാണെന്നും തുക എത്രയെന്നും അറിയിക്കുമോ;

(സി) പുതിയ ഇനം ബസ്സുകൾ എം.എൽ.എ.-മാരുടെ ആവശ്യ പ്രകാരം ക്രമമായ തരത്തിൽ എല്ലാ നിയോജക മണ്ഡലത്തിലും നല്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) പുതിയതായി വാങ്ങുന്ന ബസുകളുടെ ബോഡി നിർമ്മാണത്തിന് കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി ഡിപ്പോ ഉണ്ടോയെന്നും ഇതിനായി പ്രത്യേകം ജോലിക്കാർ ഉണ്ടോയെന്നും വിശദമാക്കുമോ;

(ഇ) പ്രൈവറ്റ് കമ്പനികളിൽ കൊടുത്ത് ബസ്സിന്റെ ബോഡി നിർമ്മിക്കുന്നതിന്റെ മാനദണ്ഡം എന്താണെന്നും ഇപ്പോൾ ഏത് കമ്പനിയാണ് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നതെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം M/s അശോക് ലൈലന്റ് ലിമിറ്റഡിൽനിന്നും 24,51,327 രൂപ വിലയുള്ള ഒരു സി.എൻ.ജി. ബസ്സ് വാങ്ങിയിട്ടുണ്ട്. കൂടാതെ 100 എണ്ണം (സൂപ്പർ ഫാസ്റ്റ് - 20, ഫാസ്റ്റ് പാസഞ്ചർ - 80) പൂർണ്ണ നിർമ്മിത ബസ്സുകൾക്ക് ഓർഡർ നൽകിയതിൽ ഇതുവരെ 8 സൂപ്പർ ഫാസ്റ്റ് ബസ്സുകൾ ലഭിച്ചിട്ടുണ്ട്. ഒരു ബസ്സിന്റെ വില (Super Fast/Fast Passenger) 26,59,968 രൂപ. 100 എണ്ണത്തിന് ആകെ 26,59,96,800 രൂപ ചെലവുവരും. ഒരു സി.എൻ.ജി. ബസ്സിന്റെയും 20 നിർമ്മാണം പൂർത്തിയാക്കിയ സൂപ്പർ ഫാസ്റ്റ് ബസ്സുകളുടെയും 80 നിർമ്മാണം പൂർത്തിയാക്കിയ ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെയും ആകെ വില = 26,84,48,127 രൂപ.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്കാനിയ വിഭാഗത്തിൽപ്പെട്ട പുതിയ ബസ്സുകൾ വാങ്ങിയിട്ടില്ല. M/s അശോക് ലൈലന്റ് ലിമിറ്റഡ് വിതരണംചെയ്ത സി.എൻ.ജി. ബസ്സിന്റെ ബോഡി നിർമ്മിച്ചത് അശോക് ലൈലന്റ് ലിമിറ്റഡിന്റെ അൽവാർ യൂണിറ്റ്, രാജസ്ഥാൻ ആണ്. M/s അശോക് ലൈലന്റ് ലിമിറ്റഡിന് ഓർഡർ നൽകിയ 20 സൂപ്പർ ഫാസ്റ്റ്, 80 ഫാസ്റ്റ് പാസഞ്ചർ ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നത് M/s Ashok Leyland Limited- ന്റെ authorized body builder ആയ കോട്ടയം, അയർക്കുന്നത്തുള്ള M/s കൊണ്ടോടി ഓട്ടോക്രാഫ്റ്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡാണ്. ഇതിൽ ലഭ്യമായ 8 സൂപ്പർ ഫാസ്റ്റ് ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാഹചര്യത്തിൽ ഈ നിർദ്ദേശം പരിഗണിക്കുവാൻ സാധിക്കുകയില്ല.

(ഡി) ബസ്സുകളുടെ ബോഡി നിർമ്മാണത്തിന് കെ.എസ്.ആർ.ടി.സി.-യുടെ പാപ്പനംകോട് സെൻട്രൽ വർക്സിന് 'B' Class Accreditation ലഭിച്ചിട്ടുണ്ട്. ബസ്സ് ബോഡി നിർമ്മാണത്തിന് പ്രത്യേകം ജോലിക്കാരെ താല്ക്കാലികമായി നിയമിക്കുകയാണ് ചെയ്യുന്നത്.

(ഇ) കെ.എസ്.ആർ.ടി.സി. 100 fully built ബസ്സുകൾക്ക് ഇന്ത്യയിലെ രജിസ്റ്റേർഡ് വാഹന നിർമ്മാതാക്കളിൽനിന്നും ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ വില വാഗ്ദാനം ചെയ്ത വാഹന നിർമ്മാതാവായ M/s അശോക് ലൈലന്റ് ലിമിറ്റഡിൽനിന്നും Super Fast-20, Fast Passenger-80 (ആകെ 100) ബസ്സുകൾക്ക് വിതരണ ഉത്തരവ് നൽകുകയുണ്ടായി. ഈ ബസ്സുകളുടെ ബോഡി നിർമ്മിക്കുന്നത് M/s. Ashok Leyland Limited-ന്റെ authorized body builder ആയ കോട്ടയം അയർക്കുന്നത്തുള്ള കൊണ്ടോടി ഓട്ടോക്രാഫ്റ്റ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ്.

## വയനാട് ചുരത്തിലെ ഗതാഗത തടസ്സം

241 (230) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ചുരം റോഡിൽ നിരന്തരമായി ഉണ്ടാകുന്ന ഗതാഗതതടസ്സം പൊതുജനങ്ങൾക്കും മെഡിക്കൽ കോളേജ് ഉൾപ്പെടെ കോഴിക്കോട് ഭാഗത്തേയ്ക്ക് യാത്ര ചെയ്യുന്ന രോഗികൾക്കും പ്രയാസം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വയനാട് ചുരത്തിലെ ഗതാഗതതടസ്സത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) വയനാട് ചുരം റോഡിന് ബദലായി പടിഞ്ഞാറേത്തറ-പൂഴിത്തോട്, മേപ്പാടി-ചൂരൽമല-ആനക്കാംപൊയിൽ എന്നീ റോഡുകൾ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചുരത്തിൽ കേടുപാടുകൾവന്ന സ്ഥലങ്ങളിൽ അറ്റകുറ്റപ്രവൃത്തികൾ നടത്തിവരുന്നു. ചുരത്തിലെ മുടിപ്പിൻ വളവുകളിൽ പര്യാപ്തമായ വീതിയില്ല. വീതി കൂട്ടാനുള്ള വനഭൂമി വനം വകുപ്പിൽനിന്നും വിട്ടുകിട്ടുന്ന പ്രക്രിയ അന്തിമ ഘട്ടത്തിലാണ്. ചുരത്തിൽ സ്ഥിരമായ ഗതാഗത നിയന്ത്രണം ആവശ്യമാണ്. ഇപ്പോൾ മൾട്ടി ആക്സിൽ, ഭാരം കൂടിയ വാഹനം എന്നിവ നിയന്ത്രിച്ചിട്ടുണ്ട്. 2, 4, 9 വളവുകളിൽ ആവശ്യമായ വീതിയുണ്ട്. മറ്റു സ്ഥലങ്ങളിൽ ആവശ്യമായ വനഭൂമി ലഭ്യമാകുമ്പോൾ 3, 5 എന്നീ വളവുകളിൽ നിലവിലുള്ള പ്രവൃത്തിയായും 1, 6, 7, 8 വളവുകളിൽ കേന്ദ്ര ഫണ്ട് ലഭ്യമാകുന്നമുറയ്ക്കും വീതികൂട്ടി ഗതാഗതസജ്ജമാക്കും.

(സി) പടിഞ്ഞാറേത്തറ-പൂഴിത്തോട് റോഡ് കോഴിക്കോട് ജില്ലയിലെ കടിയങ്ങാട് നിന്നും ആരംഭിച്ച് പെരുവണ്ണാമൂഴി പൂഴിത്തോട് വഴി വയനാട് ജില്ലയിലെ പടിഞ്ഞാറേത്തറ എത്തിച്ചേരുന്ന നിർദ്ദിഷ്ട വയനാട് ബദൽ റോഡിന് ആകെ 43.975 കി.മി. നീളമാണുള്ളത്. ഇതിൽ കടിയങ്ങാട് പൂഴിത്തോട് വരെയുള്ള 16.750 കി.മി നീളം വാഹന ഗതാഗതയോഗ്യമാണ്. ബാക്കി കോഴിക്കോട് ജില്ലയിൽ 8.885 കി. മീറ്ററും വയനാട് ജില്ലയിൽ 18.34 കി. മീറ്ററുമാണുള്ളത്. കോഴിക്കോട് ജില്ലയിലെ 8.885 കി.മീ. നീളമുള്ളതിൽ ആദ്യത്തെ 3.25 കി.മീ സ്വകാര്യ ഭൂമിയിലൂടെയും ബാക്കി ദൂരമായ 5.675 കി.മീ വനഭൂമിയിലൂടെയുമാണ് കടന്നുപോകുന്നത്. വയനാട് ജില്ലയിൽ 11.115 കി.മീ റിസർവ് വനത്തിലൂടെയാണ് കടന്നുപോകുന്നത്. അതിനാൽ വയനാട് ചുരം റോഡിന് ബദലായുള്ള പടിഞ്ഞാറേത്തറ - പൂഴിത്തോട് റോഡ് യാഥാർത്ഥ്യമാകാൻ ആകെ 16.79 കി.മീ. ദൂരം (23.50 ഹെക്ടർ) വനഭൂമി

ലഭ്യമാക്കേണ്ടതുണ്ട്. മേപ്പാടി-ചൂരൽമല-ആനക്കാംപൊയിൽ റോഡ് വികസിപ്പിക്കുന്നതിനു വേണ്ടി 2016-17 കിഫ്ബിയിൽ G.O(Rt)No.1502/2016/PWD തീയതി 1-11-2016 പ്രകാരം 20.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പാതയ്ക്കുവേണ്ടി പാലവും 6.50 കി.മീ തുരങ്ക പാതയും 17 കി.മീ റോഡും നിർമ്മിക്കേണ്ടതുണ്ട്. തുരങ്കപാതയുടെ സാധ്യതാ പഠനത്തിന് കൊങ്കൺ റെയിൽ കോർപ്പറേഷനെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോ

242 (231) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ്സുകൾ രാത്രി കാലങ്ങളിൽ പാർക്ക് ചെയ്തിരുന്ന മുനിസിപ്പാലിറ്റി വക സ്ഥലം മറ്റ് ആവശ്യത്തിന് ഉപയോഗിക്കുന്നതിനാൽ ബസ്സ് പാർക്ക് ചെയ്യാൻ കഴിയാത്ത അവസ്ഥ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ളതും പാറക്കെട്ടായി കിടക്കുന്നതുമായ സ്ഥലം നിരപ്പാക്കി കോൺക്രീറ്റ് ചെയ്താൽ ഡിപ്പോയുടെ നിലവിലെ പരിമിതികൾ പരിഹരിക്കാൻ കഴിയും എന്ന കാര്യം അറിയുമോ;

(സി) എങ്കിൽ അപ്രകാരം ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിന് സരിച്ച് ടി പ്രവൃത്തിക്ക് മുൻഗണന നൽകുന്നതാണ്.

## കായംകുളം ദേശീയ പാതയിൽ നാറ്റ്പാക്ക് പദ്ധതി

243 (232) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിലേയും ദേശീയപാതയിൽ മേപ്പാട് മുതൽ ഓച്ചിറവരെയും കായംകുളം തിരുവല്ല റോഡിലും ദിനംപ്രതിയുണ്ടാകുന്ന വാഹന അപകടങ്ങളും ഗതാഗതകുരുക്കും ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിനായി നാറ്റ്പാക്കിന്റെ സഹായത്തോടെ പഠനം നടത്തി തുടർപദ്ധതികൾ ആവിഷ്കരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

കായംകുളം - തിരുവല്ല റോഡിന്റെ ഭാഗമായ മാവേലിക്കര – തിരുവല്ല ഭാഗം (19 കി. മീ) കെ.എസ്.റ്റി.പി. RQIM2 പദ്ധതി പ്രകാരം എഗ്രിമെന്റ് വച്ച് ബി.സി. ഓവർലേ ചെയ്തിട്ടുള്ളതും അഞ്ച് വർഷത്തേയ്ക്കുള്ള (24-3-2019) വരെ മെയിന്റനൻസ് ഗ്യാരന്റി പ്രസ്തുത കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ആലപ്പുഴ ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന ചേപ്പാട് മുതൽ ഓച്ചിറ വരെ റോഡ് സേഫ്റ്റിയുമായി അനുബന്ധിച്ചുള്ള പഠനങ്ങൾ നടത്തി ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്ത് റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത റോഡിന്റെ വികസനത്തിന് ആവശ്യമായ ഡി.പി.ആർ. നാഷണൽ ഹൈവേ അതോറിറ്റി നിയമിച്ച കൺസൾട്ടന്റ് മുഖാന്തരം നടത്തിവരുന്നു. ഈ ഭാഗത്ത് നാലുവരിപ്പാതയാക്കിയുള്ള റോഡ് വികസനം പൂർത്തീകരിക്കുമ്പോൾ ഈ ഭാഗത്തെ ഗതാഗതക്കുരുക്കിന് പരിഹാരമാകുന്നതാണ്. നിരത്തു വിഭാഗത്തിന്റെ അധീനതയിലുള്ള റോഡുകളിൽ ദിനംപ്രതിയുണ്ടാകുന്ന വാഹന അപകടങ്ങളും ഗതാഗതക്കുരുക്കും ഒഴിവാക്കി ഗതാഗതം സുഗമമാക്കുന്നതിന് NATPAC മുഖേന പഠനം നടത്തുന്നതിനാവശ്യമായ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പരിശീലനം**

244 (233) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി ജീവനക്കാരിൽ ആർക്കൊക്കെയാണ് ട്രെയിനിംഗ് നൽകുന്നത്; ഇതിന് നിലവിലുള്ള സംവിധാനങ്ങളെന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ട്രെയിനിംഗ് സെന്ററുകൾ എവിടെയൊക്കെ പ്രവർത്തിച്ച് വരുന്നു; ഒരു ജീവനക്കാരന് തന്റെ സർവ്വീസ് കാലയളവിൽ എത്ര തവണ ട്രെയിനിംഗ് സെന്ററുകൾവഴി പരിശീലനം നൽകുന്നു; വ്യക്തമാക്കാമോ ;

(ബി) ജീവനക്കാർക്ക് പരിശീലനം നൽകുന്നതിനുള്ള ചെലവ് ഏതൊക്കെ രീതിയിൽ ഏതൊക്കെ തലക്കെട്ടിൽ നിന്ന് ചെലവഴിക്കുന്നു; ഇതിനുള്ള മുഴുവൻ ചെലവും കെ.എസ്ആർ.ടി.സി.-യാണോ വഹിക്കുന്നത്; അല്ലെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കുമോ;

(സി) കെ.എസ്ആർ.ടി.സി. ജീവനക്കാർക്ക് ട്രെയിനിംഗ് നൽകുന്നതിന് സ്വകാര്യ കമ്പനികളെയോ അതിലെ ജീവനക്കാരെയോ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ ആയതിനുള്ള അടിയന്തര സാഹചര്യം എന്തായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) സ്വകാര്യ കമ്പനി പരിശീലനം നൽകിയവകയിൽ കെ.എസ്.ആർ.ടി.സി.-യ്ക്ക് സാമ്പത്തിക ചെലവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉണ്ടായ ചെലവിന്റെ കണക്ക് നൽകുമോ; ഏതെല്ലാം വകയിൽ അർക്കൊക്കെയാണ് കെ.എസ്.ആർ.ടി.സി.-യുടെ തുകയോ മറ്റ് ദ്രവ്യങ്ങളോ നൽകേണ്ടി വന്നിട്ടുള്ളതെന്നതിന്റെ വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഓപ്പറേറ്റിംഗ്, മെക്കാനിക്കൽ, മിനിസ്റ്റീരിയൽ എന്നീ വിഭാഗം ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. ആയതിനായി തിരുവനന്തപുരം, അങ്കമാലി, എടപ്പാൾ എന്നീ കേന്ദ്രങ്ങളിൽ സ്റ്റാഫ് ട്രെയിനിംഗ് സെന്റർ പ്രവർത്തിച്ചുവരുന്നു. നിലവിൽ കോർപ്പറേഷന്റെ ആവശ്യകതയ്ക്കനുസരിച്ച് ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു.

(ബി) പദ്ധതി വിഹിതത്തിൽ നിന്നുമാണ് ജീവനക്കാരുടെ പരിശീലന ത്തിനുള്ള തുക കണ്ടെത്തുന്നത്. 5055-00-190-99 എന്ന ശീർഷകത്തിൽ നിന്നാണ് ചെലവഴിക്കുന്നത്. ഇതിന് പുറമേ പെട്രോളിയം കമ്പനികൾ, വാഹന നിർമ്മാതാക്കൾ, സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റോഡ് ട്രാൻസ്പോർട്ട് എന്നിവർ അവരുടെ ചെലവിൽ കെ.എസ്.ആർ.ടി.സി.-യിലെ ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ട്.

(സി&ഡി) സ്വകാര്യ കമ്പനികളെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ കെ.എസ്.ആർ. ടി.സി.-യും മഹീന്ദ്രാ ആന്റ് മഹീന്ദ്രായുടെ മഹീന്ദ്രാ പ്രൈഡ് സ്കൂളുമായി സംയോജിച്ച് 2017 ഒക്ടോബർ മാസത്തിൽ തിരുവനന്തപുരം ജില്ലയിലെ 4000-ത്തോളം കണ്ടക്ടർ വിഭാഗം ജീവനക്കാർക്കായി വ്യക്തിമര്യാദകളെക്കുറിച്ചും യാത്രാക്കാരോടുള്ള പെരുമാറ്റത്തെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിനായി പരിശീലന പരിപാടി സംഘടിപ്പിച്ചിരുന്നു. ഈ വകയിൽ ജീവനക്കാർക്ക് ഭക്ഷണ ചെലവല്ലാതെ മറ്റൊരു സാമ്പത്തിക ചെലവും കെ.എസ്.ആർ.ടി.സി. വഹിച്ചിട്ടില്ല.

## ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നുള്ള ഷെഡ്യൂളുകൾ

245 (234) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് നിലവിൽ വിവിധ വിഭാഗങ്ങളിലായി അനുവദിക്കപ്പെട്ടിട്ടുള്ള ഷെഡ്യൂളുകൾ എത്ര; ആയതിന് എത്ര ബസ്സുകൾ ആവശ്യമായിട്ടുണ്ടെന്നും നിലവിൽ എത്ര ബസ്സുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ബി) അനുമതി നൽകിയിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ആവശ്യമായ വിവിധ വിഭാഗം ജീവനക്കാരുടെ എണ്ണം എത്രയെന്ന് അറിയിക്കാമോ;

(സി) സി പൂളിൽ ഉൾപ്പെടുത്തി സർവ്വീസ് കാൻസൽ ചെയ്തിരുന്നതും മൂന്ന് മാസത്തിലധികം ഓപ്പറേറ്റ് ചെയ്യാൻ കഴിയാതിരുന്നതുമായ എത്ര സർവ്വീസുകളാണ് ചാത്തന്നൂർ ഡിപ്പോയിലുള്ളത്; അവ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ഡി) ഇപ്രകാരം നിർത്തിവയ്ക്കപ്പെട്ട സർവ്വീസുകളിൽ ഏതെങ്കിലും പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് വിവിധ വിഭാഗങ്ങളിലായി 62 ഷെഡ്യൂളുകൾ അനുവദിച്ചിട്ടുണ്ട്. ആയതിന് 67 ബസ്സുകൾ ആവശ്യമുണ്ട്. നിലവിൽ 55 ബസ്സുകളാണ് ഉള്ളത്.

(ബി) അനുമതി നൽകിയിട്ടുള്ള ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ഡ്രൈവർ-138, കണ്ടക്ടർ-135, മെക്കാനിക്ക്-32 എന്നീ ക്രമത്തിൽ ജീവനക്കാർ ആവശ്യമാണ്.

(സി) മൂന്ന് സർവ്വീസുകൾ

1. 05.30 വെളിയം
2. 06.10 കൊട്ടിയം-മെഡിക്കൽ കോളേജ്
3. 06.20 നെല്ലേറ്റിൽ

(ഡി) ഇപ്രകാരം നിർത്തിവയ്ക്കപ്പെട്ട സർവ്വീസുകളിൽ രണ്ട് സർവ്വീസുകൾ പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

1. 06.20 നെല്ലേറ്റിൽ
2. 05.30 വെളിയം

**നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ**

246 (235) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും നിലവിൽ എത്ര ഷെഡ്യൂൾ ഉണ്ടെന്നും അവ ഏതൊക്കെ ആണെന്നും റൂട്ട് നമ്പരും പേരും സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽനിന്നും 2015-16 വർഷത്തിൽ എത്ര ഷെഡ്യൂൾ ഉണ്ടായിരുന്നുവെന്നും ഓരോ റൂട്ടിന്റെയും നമ്പരും പേരും ഉൾപ്പെടെ വ്യക്തമാക്കുമോ;

(സി) 2016-17 വർഷത്തിൽ നിർത്തിയ ഷെഡ്യൂൾ ഏതൊക്കെയെന്നും അതിന്റെ റൂട്ട് നമ്പരും പേരും വിശദമാക്കാമോ;

(ഡി) ഡിപ്പോയിൽ നിലവിൽ ഒരു ദിവസത്തെ ശരാശരി വരുമാനം എത്രയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ഡി) 7,76,712 രൂപ.

**കേരള-കർണ്ണാടക അതിർത്തിയിലെ രാത്രിയാത്രാ നിരോധനം**

247 (236) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള-കർണ്ണാടക അതിർത്തിയിലെ രാത്രിയാത്രാ നിരോധനം നീക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ സുപ്രീംകോടതിയിൽ സ്വീകരിച്ച നിലപാട് വ്യക്തമാക്കാമോ;

(ബി) കേരള-കർണ്ണാടക-തമിഴ്നാട് സർക്കാരുകളുമായി ചേർന്ന് പൊതുധാരണയുണ്ടാക്കുന്നതിനും ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിൽ യാത്രാ നിരോധനം നീക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരള-കർണ്ണാടക അതിർത്തിയിലെ രാത്രിയാത്രാ നിരോധിച്ചുകൊണ്ട് കർണ്ണാടക ഹൈക്കോടതി പുറപ്പെടുവിച്ച ഉത്തരവ് സ്റ്റേ ചെയ്യണമെന്നാണ് സംസ്ഥാന സർക്കാർ സുപ്രീംകോടതിയിൽ ആവശ്യപ്പെട്ടിരുന്നത്. പ്രശ്നപരിഹാരത്തിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങളും സുപ്രീംകോടതിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നു.

1. പോലീസിന്റെയും വനം വകുപ്പിന്റെയും മേൽനോട്ടത്തിൽ നിശ്ചിത വേഗതയിൽ കോൺവോയ് അടിസ്ഥാനത്തിൽ വാഹനങ്ങൾ നിശ്ചിത ഇടവേളകളിൽ കടത്തിവിടുക.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. രാത്രിയാത്രാ നിരോധിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ലെങ്കിൽ അത് നിലവിലുള്ള പാത വികസിപ്പിച്ച്, പകൽസമയത്ത് കൂടുതൽ വാഹനങ്ങൾ കടത്തിവിടുന്നതിന് സജ്ജമാക്കിയതിനുശേഷം മാത്രമേ പരിഗണിക്കാവൂ.

3. തൂണുകളിൽ സ്ഥാപിക്കപ്പെട്ട രീതിയിൽ മുകളിലൂടെ ഇരട്ടവരിപ്പാത പണിയുക.

4. ഈ റൂട്ടിലൂടെ വാഹനമോടിക്കുന്ന ഡ്രൈവർമാർക്ക്, വന്യ ജീവികൾക്ക് ഉപദ്രവമുണ്ടാകാത്ത രീതിയിൽ വാഹനമോടിക്കുന്നതിനുള്ള പരിശീലനം നൽകുക.

5. ഇതുസംബന്ധിച്ച് പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി ഒരു വിദഗ്ദ്ധ സമിതിയെ നിയമിക്കുക.

(ബി) രാത്രിയാത്രാ നിരോധനം സംബന്ധിച്ച് 10-1-2018-ന് സുപ്രീംകോടതി പുറപ്പെടുവിച്ച ഉത്തരവുപ്രകാരം കേന്ദ്ര ഗതാഗത സെക്രട്ടറിയുടെ (MoRTH) നേതൃത്വത്തിൽ കേരള-കർണ്ണാടക-തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികളും വനം പരിസ്ഥിതി മന്ത്രാലയത്തിനുകീഴിലുള്ള നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ പ്രതിനിധിയും ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനും പ്രസ്തുത കമ്മിറ്റിയുടെ ആദ്യ മീറ്റിംഗ് ഒരു മാസത്തിനകം വിളിച്ചു ചേർക്കുന്നതിനും മൂന്ന് മാസത്തിനുള്ളിൽ കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര ഗതാഗത മന്ത്രാലയമാണ്.

**റോഡ് സുരക്ഷാ സംവിധാനങ്ങൾ**

248 (237) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിക്കുന്നതും അതുവഴി മരണസംഖ്യ വർദ്ധിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിലുള്ള റോഡ് സുരക്ഷാ സംവിധാനങ്ങൾ അപാകങ്ങൾ പരിഹരിച്ച് കൂടുതൽ ഫലപ്രദമായതും ശക്തമായതുമായ ഒരു റോഡ് സുരക്ഷാ നയം ആവിഷ്കരിക്കേണ്ടത് അനിവാര്യമാണെന്ന് കരുതുന്നുണ്ടോ;

(സി) ഈ മേഖലയിൽ പരിഷ്കാരങ്ങൾ നടപ്പിൽവരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; റോഡ് സുരക്ഷാ കൗൺസിൽ എന്ന സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത് കൂടുതൽ മെച്ചപ്പെട്ട നിലയിൽ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കപ്രകാരം മുൻവർഷത്തെ (2016) അപേക്ഷിച്ച് സംസ്ഥാനത്തെ റോഡപകടങ്ങളുടെ എണ്ണം 39420-ൽ നിന്നും ഈ വർഷം (2017) 38486 ആയി കുറഞ്ഞിട്ടുണ്ട്. കൂടാതെ അപകടമരണ നിരക്ക് 4287-ൽ നിന്നും 4061 ആയും കുറഞ്ഞിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്ത് കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ "റോഡ് സുരക്ഷാ നയം" തയ്യാറാക്കിയിട്ടുണ്ട്. 2020-ഓടെ 10 ശതമാനം അപകടനിരക്ക് കുറയ്ക്കാൻ ലക്ഷ്യമിടുന്നു. സുപ്രീംകോടതി നിയമിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശാനുസരണം അമിത വേഗത, ചരക്ക വാഹനങ്ങളിലെ അമിതഭാരം കയറ്റൽ, മദ്യപിച്ച് വാഹന മോടിക്കൽ, ഡ്രൈവിംഗിനിടയിൽ മൊബൈൽ ഫോൺ ഉപയോഗിക്കൽ തുടങ്ങിയ കുറ്റകൃത്യങ്ങളിലേർപ്പെടുന്നവരുടെ ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ പോലീസ്-മോട്ടോർ വാഹന വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ജില്ലാ കളക്ടർമാർ അദ്ധ്യക്ഷന്മാരായ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ നിലവിലുണ്ട്. റോഡപകടങ്ങൾ 10 ശതമാനം കുറയ്ക്കുകയെന്ന ലക്ഷ്യം മുൻനിർത്തി ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നൽകിയിട്ടുണ്ട്. എല്ലാ മാസവും യോഗം ചേർന്ന് അവലോകനം നടത്തി റിപ്പോർട്ട് നൽകാനും ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കൽ**

249 (238) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം പട്ടണത്തിൽ വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്കിന് പരിഹാരമായി വിവിധ ജംഗ്ഷനുകളിൽ ട്രാഫിക് ലൈറ്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

കായംകുളം പോലീസ് സ്റ്റേഷൻ പരിധിയിൽവരുന്ന ഒ.എൻ.കെ. ജംഗ്ഷൻ, കൃഷ്ണപുരം, മുക്കട ജംഗ്ഷൻ, രണ്ടാംകുറ്റി ജംഗ്ഷൻ എന്നിവിടങ്ങളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുള്ളതാണ്. കൂടുതൽ ഗതാഗതക്കുരുക്കുകളുള്ള ഭാഗങ്ങളിൽ സിഗ്നൽ ലൈറ്റുകളും മറ്റും സ്ഥാപിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

**റോഡപകടങ്ങൾ**

250 (239) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റോഡപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(ബി) വാഹനങ്ങളുടെ ഓവർസ്പീഡ് ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദമാക്കാമോ;

(സി) റോഡ് സേഫ്റ്റി അതോറിറ്റി ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ഡി) റോഡപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെയും പോലീസ് വകുപ്പിന്റെയും പൊതുമരാമത്ത് വകുപ്പിന്റെയും ഏകോപിപ്പിച്ചുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം റോഡപകട നിരക്ക് 10 ശതമാനമായി കുറയ്ക്കുക എന്ന ലക്ഷ്യം മുൻനിർത്തി ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്ക് ടാർജറ്റ് നൽകിയിട്ടുണ്ട്. ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾ എല്ലാ മാസവും യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി കേരളത്തിലെ നിരത്തുകളിൽ നാറ്റ്പാക് 275 ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇവയിൽ 159 എണ്ണം ദേശീയ പാതയിലും ശേഷിച്ച 116 എണ്ണം ഇതര പാതകളിലുമാണ്. ദേശീയ പാതകളിലുൾപ്പെടുന്ന ബ്ലാക്ക് സ്പോട്ടുകളുടെ നിർമ്മാർജ്ജനത്തിനായി പൊതുമരാമത്ത് വകുപ്പ് കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ സഹായം തേടിയിട്ടുണ്ട്. ഇതര പാതകളിലെ ബ്ലാക്ക് സ്പോട്ടുകളിൽ പൊതുമരാമത്ത് വകുപ്പ് മുൻഗണന നൽകിയ 46 പാതകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ-വാഹന-പോലീസ്-പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ സമഗ്ര നിർമ്മാർജ്ജന പദ്ധതി ലക്ഷ്യമിട്ട് പരിശോധന നടത്തിവരുന്നു. കൂടാതെ അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നുവെന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിത വേഗത നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സ്റ്റേജ് ക്യാരേജുകളിലും ഹെവി

വാഹനങ്ങളിലും സ്കൂൾ വാഹനങ്ങളിലും സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ, മൊബൈൽ എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവ ഉപയോഗിച്ചുള്ള വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തപ്പെടുന്ന ചെക്കിംഗുകളിലും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നുണ്ട്. ഇതുകൂടാതെ മോട്ടോർ വാഹന വകുപ്പിന്റെകീഴിൽ ഡ്രൈവർമാർക്ക് നൽകുന്ന പരിശീലനങ്ങളിൽ അമിതവേഗതയ്ക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്.

'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽ നിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച് പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ മുതലായവ നടപ്പിലാക്കിവരുന്നു. ഇതുനുപുറമ ടിപ്പർ ലോറി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വാഹനങ്ങൾ എന്നിവിടങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു. 'റോഡ് സുരക്ഷയ്ക്കായി ഒരു ദശകം' എന്ന ലോകാരോഗ്യ സംഘടന ആഹ്വാനം ചെയ്ത പരിപാടിയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ധനസഹായത്തോടെ ബോധവൽക്കരണ പരിപാടി നടന്നുവരുന്നു. മേഖലാതലത്തിൽ അത്യാധുനിക റഡാർ സംവിധാനമുള്ള ഇന്റർസെപ്റ്ററുകൾ ഉപയോഗിച്ചും വാഹനങ്ങളുടെ അമിത വേഗത കണ്ടുപിടിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ വാഹനാപകടങ്ങളുടെ സാന്ദ്രത കൂടിയ ബ്ലാക്ക് സ്പോട്ടുകൾ കണ്ടുപിടിച്ച് പൊതുമരാമത്ത്, ആഭ്യന്തര, മോട്ടോർ വാഹന വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ പരിശോധന നടത്തി തിരുത്തൽ നടപടികൾ സ്വീകരിച്ചുവരുന്നു. മദ്യപിച്ചും അശ്രദ്ധമായും വാഹനം ഉപയോഗിക്കുന്നവർക്കെതിരെ ലൈസൻസ് കണ്ടുകെട്ടുകയും സസ്പെൻഷൻ, പിഴ ഈടാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിച്ചും വരുന്നു. റോഡപകടങ്ങൾ നിയന്ത്രിക്കുന്നതിനും റോഡ് സുരക്ഷാ നടപടികൾ കൂടുതൽ ഫലവത്തായി നടത്തുന്നതിനും വകുപ്പിന് ഒരു എൻഫോഴ്സ്മെന്റ് വിംഗ് സർക്കാർ അനുവദിക്കുകയും പ്രവർത്തനം തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) അമിതവേഗതയിൽ പോകുന്ന വാഹനങ്ങളെ പിടികൂടുവാൻ ചേർത്തല മുതൽ മഞ്ചേശ്വരംവരെ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ അതോറിറ്റിയുടെ സാമ്പത്തിക സഹായത്തോടെയാണ് ഇവ സ്ഥാപിച്ചത്. ഇതുകൂടാതെ സംസ്ഥാന വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, കോട്ടയം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളിലും ക്യാമറകൾ സ്ഥാപിച്ചു. നിലവിൽ വാളയാർ-വടക്കാഞ്ചേരി പാതയിൽ ക്യാമറകൾ സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചുവരുന്നു. കൂടാതെ അമിത

വേഗത്തിൽ വാഹനമോടിക്കുന്ന ഡ്രൈവർമാരുടെ ലൈസൻസ് റദ്ദാക്കി വരുന്നു. വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിനും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനുമായി എല്ലാ ജില്ലകളിലും കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ അനുബന്ധ വകുപ്പായ മോട്ടോർ വാഹന വകുപ്പ് മൊബൈൽ ഇന്റർസെപ്റ്റർ ഉപയോഗിച്ച് പരിശോധന നടത്തിവരുന്നു. മാത്രമല്ല അമിത വേഗത കണ്ടുപിടിക്കുന്നതിനായി പോലീസും മോട്ടോർ വഹന വകുപ്പും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അമിതവേഗത കണ്ടുപിടിക്കപ്പെടുന്ന കേസ്സുകളിൽ സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷാ കമ്മിറ്റിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഡ്രൈവർമാരുടെ ലൈസൻസുകൾ റദ്ദാക്കുന്നുണ്ട്.

(സി) കേരള റോഡ് സുരക്ഷാ അതോറിറ്റിയിലെ ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ്, പൊതുമരാമത്ത് വകുപ്പ്, കെ.എസ്.റ്റി.പി. എന്നിവിടങ്ങളിലെ സാങ്കേതിക വിദഗ്ധരുമായി ചേർന്ന് അടൂർ-കഴക്കൂട്ടം സേഫ്റ്റി കോറിഡോർ പദ്ധതിയും ലോക ബാങ്ക് സഹായത്തോടെ ചലഞ്ച് ഫണ്ടുപയോഗിച്ച് ജില്ലകളിൽ മാതൃകാ റോഡ് പദ്ധതിയും നടപ്പിലാക്കി വരുന്നു.

(ഡി) ദേശീയപാതകൾക്ക് പുറമേയുള്ള ബ്ലാക്ക് സ്പോട്ടുകളിൽ മുൻഗണനാക്രമം നിശ്ചയിക്കപ്പെട്ട 46 പാതകളിൽ ബ്ലാക്ക് സ്പോട്ടുകൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ നേതൃത്വത്തിൽ മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, പോലീസ് എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ പരിശോധന നടത്തിവരുന്നു.

**വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ**

251 (240) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ കാലയളവിൽ ഓരോ വർഷവും നടന്ന വാഹനാപകടങ്ങളിൽ മരണപ്പെട്ടവർ എത്രയാണ്;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ വാഹനാപകടങ്ങളിൽ മരണപ്പെട്ടവരെ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ ശബരിമല സീസണിൽ വാഹനാപകടം കുറയ്ക്കാനും ഗതാഗതം സുഗമമാക്കാനും വേണ്ടി സ്വീകരിച്ച ശബരിമല മോഡൽ സേഫ് സോൺ ഫലപ്രദമായത് ശ്രദ്ധയിൽപ്പെട്ടുവോ;

(ഡി) എങ്കിൽ സംസ്ഥാന റോഡുകളിൽ അപകടങ്ങളും അതുമൂലം ജീവൻ പൊലിയുന്നതും തടയുവാൻ പ്രസ്തുത സേഫ് സോൺ മോഡൽ സംസ്ഥാനത്തെ എല്ലാ ഹൈവേ റോഡുകളിലും തുടർന്ന് മറ്റ് റോഡുകളിലും സ്ഥാപിക്കുവാൻ എന്തു നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ തയ്യാറാക്കിയ കണക്കനുസരിച്ച് കഴിഞ്ഞ സർക്കാരിന്റെ ഭരണകാലയളവിൽ വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം ഇപ്രകാരമാണ്.

| | | |
|---|---|---|
| 2011 ( മേയ് മുതൽ ഡിസംബർ വരെ) | - | 2724 |
| 2012 | - | 4286 |
| 2013 | - | 4258 |
| 2014 | - | 4049 |
| 2015 | - | 4196 |
| 2016 (ജനുവരി മുതൽ ഏപ്രിൽ വരെ) | - | 1543 |

(ബി) സ്റ്റേറ്റ് ക്രൈം റെക്കോർഡ്സ് ബ്യൂറോ തയ്യാറാക്കിയ കണക്കനുസരിച്ച് ഈ സർക്കാരിന്റെ ഭരണകാലയളവിൽ വാഹനാപകടങ്ങളിൽ മരണപ്പെട്ടവരുടെ എണ്ണം ഇപ്രകാരമാണ്.

| | | |
|---|---|---|
| 2016 (മേയ് മുതൽ ഡിസംബർ വരെ) | - | 2670 |
| 2017 | - | 4061 |

(സി) ശബരിമല സേഫ് സോൺ പദ്ധതി ഫലപ്രദമാണ്.

(ഡി) സേഫ് സോൺ പദ്ധതി അനുയോജ്യമായ വിധത്തിൽ കേരളമൊട്ടാകെ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരുന്നു.

**റോഡപകടങ്ങളിൽപ്പെട്ടവർ**

252 (241) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2017 ജനുവരി മുതൽ ഡിസംബർ മാസം വരെ സംസ്ഥാനത്ത് വിവിധ റോഡപകടങ്ങളിൽ മരണപ്പെട്ടവരുടേയും പരിക്കേറ്റവരുടേയും കണക്കുകൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ജില്ല തിരിച്ചുള്ള വിശദാംശം ചുവടെ ചേർത്തിരിക്കുന്നു :

| ജില്ല | ആകെ അപകടങ്ങൾ | മരണം | സാരമായി പരിക്കേറ്റവർ | നിസാരമായി പരിക്കേറ്റവർ |
|---|---|---|---|---|
| തിരുവനന്തപുരം സിറ്റി | 2113 | 161 | 1766 | 742 |
| തിരുവനന്തപുരം റൂറൽ | 3145 | 324 | 2879 | 480 |
| കൊല്ലം സിറ്റി | 1777 | 211 | 1544 | 223 |
| കൊല്ലം റൂറൽ | 1426 | 197 | 1248 | 343 |
| പത്തനംതിട്ട | 1521 | 118 | 1272 | 416 |
| ആലപ്പുഴ | 3111 | 405 | 2436 | 1074 |
| കോട്ടയം | 2846 | 263 | 2386 | 579 |
| എറണാകുളം സിറ്റി | 2503 | 136 | 1717 | 884 |
| എറണാകുളം റൂറൽ | 3294 | 281 | 2567 | 962 |
| ഇടുക്കി | 1105 | 89 | 795 | 540 |
| തൃശ്ശൂർ സിറ്റി | 1402 | 102 | 989 | 582 |
| തൃശ്ശൂർ റൂറൽ | 2885 | 270 | 2297 | 944 |
| പാലക്കാട് | 2441 | 379 | 1502 | 1146 |
| മലപ്പുറം | 2339 | 385 | 1822 | 861 |
| കോഴിക്കോട് സിറ്റി | 1469 | 178 | 1067 | 452 |
| കോഴിക്കോട് റൂറൽ | 1651 | 175 | 1342 | 572 |
| വയനാട് | 660 | 68 | 471 | 287 |
| കണ്ണൂർ | 1862 | 211 | 1198 | 1244 |
| കാസർഗോഡ് | 936 | 108 | 455 | 602 |
| ആകെ | 38486 | 4061 | 29753 | 12933 |

**അപകടങ്ങൾ കുറയ്ക്കുന്നതിന്**

253 (242) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർദ്ധിച്ചുവരുന്ന അപകടങ്ങൾ കുറയ്ക്കുന്നതിന് ട്രാഫിക് പോലീസിനെയും മോട്ടോർ വാഹന വകുപ്പിനെയും സംയോജിപ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മോട്ടോർ വാഹന വകുപ്പും ട്രാഫിക് പോലീസും സംയുക്തമായ സേവനം ലഭ്യമാക്കുന്നത് സംബന്ധിച്ച് പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച എന്തെങ്കിലും നിർദ്ദേശം സർക്കാരിന്റെ മുന്നിലുണ്ടോ;

(സി) വാഹനത്തട്ടിപ്പുകളും അപകടങ്ങളും കുറയ്ക്കുന്നതിന് ട്രാഫിക് പോലീസിന്റെ ഭാഗത്തുനിന്നും പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പോലീസ് വകുപ്പ് മോട്ടോർ വാഹന വകുപ്പുമായി ചേർന്ന് ട്രാഫിക് എൻഫോഴ്സ്മെന്റ് കാര്യക്ഷമമായി നടത്തിവരുന്നുണ്ട്.

(ബി) ഇല്ല.

(സി) റോഡ് സുരക്ഷയുടെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി 10 ഹൈവേ പട്രോൾ വെഹിക്കിൾസ് വാങ്ങുന്നതിലേയ്ക്കായി 130 ലക്ഷം രൂപയും ട്രാഫിക് എമർജൻസി വാഹനങ്ങൾക്കായി 175 ലക്ഷം രൂപയും പ്രധാന നഗരങ്ങളിലെ പ്രധാന ജംഗ്ഷനുകളിൽ ട്രാഫിക് സർവേലൻസ് ക്യാമറകൾ ഘടിപ്പിക്കുന്നതിലേയ്ക്കായി 1960 ലക്ഷം രൂപയും അപകടത്തിൽപ്പെട്ടവരെ ആശുപത്രിയിൽ എത്തിക്കുന്ന തിലേയ്ക്കായി 20 ലക്ഷം രൂപയും ട്രാഫിക് എൻഫോഴ്സ്മെന്റ് ഉപകരണങ്ങൾ വാങ്ങുന്നതിലേയ്ക്കായി 215 ലക്ഷം രൂപയും കേരള റോഡ് സുരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ട്രാഫിക് ഗെയ്മിംഗ് ആപ്ലിക്കേഷൻ നിലവിൽ വന്നിട്ടുണ്ട്. കൂടാതെ സ്പീഡ് റഡാറുകൾ, ട്രാഫിക് കോൺസ്, ട്രാഫിക് ബാറ്റൻ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറ, ന്യൂസ് ബസ് തുടങ്ങിയവയും പരിഗണനയിലാണ്.

**സംസ്ഥാനത്തെ വാഹനാപകടങ്ങൾ**

254 (243) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾക്ക് ഇടയാക്കുന്ന വാഹനങ്ങൾ, അപകടസ്ഥലത്ത് നിർത്താതെ പോകുന്നതുമൂലം ഇത്തരം കേസുകളിൽ തുടർ നടപടി സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; ഇത്തരം വാഹനങ്ങൾ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) കഴിഞ്ഞ ആറ് മാസത്തിനിടയിൽ മലപ്പുറം ജില്ലയിൽ ഇത്തരം എത്ര വാഹനാപകട കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(സി) ഇതിൽ എത്ര കേസുകളിൽ അപകടത്തിനിടയാക്കിയ വാഹനങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) ഇനി എത്ര കേസുകളിൽ അപകടത്തിനിടയാക്കിയ വാഹനങ്ങൾ കണ്ടെത്താനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇത്തരം സാഹചര്യങ്ങൾ വളരെ അപൂർവ്വമായി മാത്രമേ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളൂ. ഇത്തരം വാഹനങ്ങൾ കണ്ടെത്തുന്നതിനായി സമീപ പ്രദേശങ്ങളിലെയും പാത യോരത്തെയും സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ചും സമീപവാസികളോടും കടക്കാരോടും വർക്ക് ഷോപ്പുകൾ, വാഹന ഷോറൂമുകൾ എന്നിവിടങ്ങളിൽ അന്വേഷണം നടത്തിയും ദൃക്സാക്ഷികളെ കണ്ട് ചോദിച്ചും ലഭിക്കുന്ന വിവരങ്ങൾ ശേഖരിച്ച് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ തിരിച്ചറിഞ്ഞ് മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് വാഹന ഉടമസ്ഥനെ കണ്ടെത്തിയും സ്ഥലത്തുനിന്ന് ലഭിക്കുന്ന മറ്റ് തെളിവുകളുടെ അടിസ്ഥാനത്തിലും ശാസ്ത്രീയ പരിശോധനയിലൂടെ ലഭിക്കുന്ന വിവരങ്ങളനുസരിച്ചും വാഹനങ്ങളെ കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) 15 കേസ്സുകൾ.

(സി) 6 കേസ്സുകൾ.

(ഡി) 9 കേസ്സുകളിൽ അപകടത്തിനിടയാക്കിയ വാഹനങ്ങൾ കണ്ടെത്താനുണ്ട്.

**പിടിച്ചെടുത്ത വാഹനങ്ങളുടെ വിവരം**

255 (244) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസുകളുമായി ബന്ധപ്പെട്ട് പിടിച്ചെടുത്ത വാഹനങ്ങളുടെ വിശദമായ വിവരം ലഭ്യമാണോ; വ്യക്തമാക്കുമോ;

(ബി) പോലീസ് സ്റ്റേഷനുകളിൽ സൂക്ഷിച്ചിട്ടുള്ള പിടിച്ചെടുത്ത വാഹനങ്ങളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ടോ; വ്യക്തമാക്കുമോ;

(സി) പിടിച്ചെടുത്ത വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകളും മറ്റ് വിവരങ്ങളും രജിസ്ട്രേഷൻ അതോറിറ്റിയെ അറിയിക്കുന്ന കാര്യം പരിശോധിക്കുമോ; ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുമോ;

(ഡി) പിടിച്ചെടുത്ത വാഹനങ്ങളുടെ വിവരം സൈറ്റിൽ പ്രസിദ്ധപ്പെടുത്തുമോ; വ്യക്തമാക്കുമോ;

(ഇ) 2010 ജനുവരി മുതൽ പിടിച്ചെടുത്ത വാഹനങ്ങളിൽ എത്രയെണ്ണം തിരികെ നൽകിയിട്ടുണ്ട്; കേസുകൾ നിൽക്കുന്ന എത്ര വാഹനങ്ങൾ നിലവിൽ ഉണ്ട്; വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) പോലീസ് സ്റ്റേഷനുകളിൽ വിവിധ കേസ്സുകളിലായി പിടിച്ചെടുത്ത വാഹനങ്ങളുടെ വിവരം ജില്ലതിരിച്ച് അനുബന്ധമായി ഉൾക്കൊള്ളിക്കുന്നു.*

(ബി) സ്റ്റേഷനിൽ വിവിധ കേസ്സുകളിലായി പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്താറുണ്ട്.

(സി) പോലീസ് പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പരുകളും മറ്റ് വിവരങ്ങളും ആവശ്യമാകുന്ന കേസ്സുകളിലേയ്ക്ക് രജിസ്ട്രേഷൻ അതോറിറ്റിയെ അറിയിക്കാറുണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഇ) 2010 ജനുവരി മുതൽ പിടിച്ചെടുത്ത വാഹനങ്ങളിൽ 993473 വാഹനങ്ങൾ തിരികെ നൽകിയിട്ടുണ്ട്. കേസ്സുകൾ നിൽക്കുന്ന 29,350 വാഹനങ്ങൾ നിലവിലുണ്ട്.

## ചന്ദ്രിക വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ വാഹനം കോൺട്രാക്ട് ക്യാരേജ് ആക്കുന്നതിന് നടപടി

256 (245) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചന്ദ്രിക വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ KL 53 K 5295 എന്ന വാഹനത്തിന്റെ ഉപയോഗം കോൺട്രാക്ട് ക്യാരേജ് ആക്കുന്നത് സംബന്ധിച്ച ഫയലിന്റെ അവസ്ഥ ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ ഉപയോഗം മാറ്റുന്നതിലൂടെ വകുപ്പിന് ടാക്സ് കൂടുതൽ ലഭിക്കുമെന്ന കാര്യം പരിശോധിക്കുമോ;

(സി) ഇത് സംബന്ധിച്ച ഫയൽ കൂടുതൽ പരിശോധനയ്ക്ക് അയയ്ക്കുവാനും നടപടി സ്വീകരിക്കുവാനും തയ്യാറാകുമോ; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) ചന്ദ്രിക വെൽഫെയർ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസായി രജിസ്റ്റർ ചെയ്തിട്ടുള്ള KL-53-K-5295 വാഹനത്തിന്റെ ഉപയോഗം കോൺട്രാക്ട് ക്യാരേജ് ആക്കുന്നത് സംബന്ധിച്ച് ശ്രീ.കെ.പി.എ. മജീദ് സമർപ്പിച്ച അപേക്ഷ 93/ബി2/2017/ഗതാ. നമ്പർ ഫയലിൽ പരിശോധിച്ചിരുന്നു. ആംബുലൻസായി രജിസ്റ്റർ ചെയ്തിരിക്കുന്ന വാഹനം കോൺട്രാക്ട് ക്യാരേജായി രൂപമാറ്റം വരുത്തുന്നത് 1988-ലെ മോട്ടോർ വാഹന നിയമം, വകുപ്പ് 52-ന്റെ ലംഘനമായതിനാൽ അപേക്ഷയിലെ ആവശ്യം നിരസിച്ച് വിവരം അപേക്ഷകനെ അറിയിച്ചിട്ടുള്ളതാണ്.

(ബി & സി) ഇത്തരത്തിൽ വാഹനങ്ങളുടെ ഘടനയിൽ രൂപമാറ്റങ്ങൾ അനുവദിക്കാൻ നിലവിലുള്ള നിയമപ്രകാരം വ്യവസ്ഥയില്ലാത്തതിനാൽ ടാക്സ് കൂടുതൽ ലഭിക്കുമോയെന്നുള്ള കാര്യം മുൻനിർത്തി ഇക്കാര്യം പരിഗണിക്കാനാകില്ല.

**ചാത്തന്നൂർ ആസ്ഥാനമായി പുതിയ ജോയിന്റ് ആർ.ടി.ആഫീസ്**

257 (246) <u>ശ്രീ. ജി. എസ്. ജയലാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ ആസ്ഥാനമായി പുതിയ ജോയിന്റ് ആർ. ടി. ആഫീസ് അനുവദിക്കുന്നതിനുള്ള ജനപ്രതിനിധിയുടെ നിവേദനത്തിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വാഹനാപകടങ്ങൾ ഏറ്റവുമധികം നടക്കുന്ന മേഖല എന്ന നിലയിലും വാഹനരജിസ്ട്രേഷനും ഡ്രൈവിംഗ് ലൈസൻസ് നേടുന്നതിനും ആർ. ടി. ആഫീസ് സംബന്ധമായ ആവശ്യങ്ങൾക്കും കൊല്ലം താലൂക്കിന്റെ തെക്കൻ മേഖലയിലുള്ള ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുമായി ചാത്തന്നൂരിൽ ഒരു ജോയിന്റ് ആർ. ടി. ആഫീസ് സ്ഥാപിക്കാൻ സത്വര നടപടികൾ സ്വകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എം.എൽ.എ.-യുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ, ചാത്തന്നൂർ ആസ്ഥാനമായി ഒരു സബ് റീജിയണൽ ട്രാൻസ്പോർട്ട് ആഫീസ് തുടങ്ങുന്നത് സംബന്ധിച്ച് സാധ്യതാപഠനം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## വാഹന രജിസ്ട്രേഷൻ

258 (247) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി നിരത്തിലിറങ്ങുന്ന വാഹനങ്ങൾക്ക് രണ്ട് തരം രജിസ്ട്രേഷൻ നടത്തി ഗതാഗത വകുപ്പ് ജനങ്ങളെ കൊള്ളയടിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) താൽകാലിക രജിസ്ട്രേഷൻ ആദ്യം നടത്തണം എന്ന നിബന്ധന സർക്കാർ എന്നാണ് നടപ്പിൽവരുത്തിയത്; ഇതുമൂലം വാഹന ഉടമകൾ രണ്ട് ദിവസം വാഹനം കൊണ്ടുപോകേണ്ടതും രണ്ട് പ്രാവശ്യം പണം കൊടുക്കേണ്ടതുമായ അവസ്ഥ പുനപരിശോധിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) 1989-ലെ കേരളാ മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 94 പ്രകാരമാണ് വാഹനങ്ങൾക്ക് താൽക്കാലിക രജിസ്ട്രേഷൻ നടപ്പിൽ വരുത്തിയിട്ടുള്ളത്. താൽകാലിക രജിസ്ട്രേഷനുവേണ്ടി വാഹനം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. സ്ഥിര രജിസ്ട്രേഷനുവേണ്ടി വാഹനം രജിസ്റ്ററിംഗ് അതോറിറ്റി മുമ്പാകെ ഹാജരാക്കേണ്ടതുണ്ട്. ആയതിനാൽ താൽക്കാലിക രജിസ്ട്രേഷനും സ്ഥിര രജിസ്ട്രേഷനുമായി രണ്ട് തവണ വാഹനം പരിശോധനയ്ക്ക് ഹാജരാക്കേണ്ട സാഹചര്യം നിലവില്ല.

## റോഡ് ടാക്സ്

259 (248) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ റോഡ്-ടാക്സ് നൽകാതെ പോണ്ടിച്ചേരി പോലെയുള്ള സ്ഥലങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ വാഹനങ്ങൾ ഉപയോഗിക്കുന്നവർക്കെതിരെ സ്വീകരിച്ച നിയമ നടപടികൾ എന്തെല്ലാമാണ്;

(സി) കേരളത്തിൽ ഇങ്ങനെ ഉപയോഗിക്കുന്ന വാഹനങ്ങളിൽനിന്ന് ലഭിക്കേണ്ട നികുതി എത്ര രൂപയാണ് എന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പോണ്ടിച്ചേരിയിൽ രജിസ്റ്റർചെയ്ത് ടാക്സ് തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പരിശോധനയിൽ 2357 വാഹനങ്ങളുടെ ഒരു ലിസ്റ്റ് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ സ്ഥിര/ താൽക്കാലിക മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയോ, കേരളത്തിൽ നിന്നും വാഹന വായ്പ കരസ്ഥമാക്കിയിട്ടുള്ളതോ, കേരളത്തിലെ വാഹന വില്പനക്കാരിൽ നിന്നും വാങ്ങിയിട്ടുള്ളതോ ആയ വാഹനങ്ങൾ ഉൾക്കൊള്ളിച്ചാണ് പട്ടിക തയ്യാർ ചെയ്തത്.

(ബി) നിലവിൽ ഇവർക്കെതിരെ മോട്ടോർ വാഹന വകുപ്പ് നോട്ടീസ് അയച്ചുവരുന്നു. ഇതുവരെ 877 വാഹന ഉമകൾക്ക് കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസ് ലഭിച്ചിട്ടും പ്രതികരിക്കാത്തവരുടെയും വ്യാജരേഖ ചമച്ച എന്ന് സംശയമുള്ളവരുടെയും വിവരങ്ങൾ തുടർ അന്വേഷണങ്ങൾക്കായി ദക്ഷിണമേഖലാ ക്രൈം ബ്രാഞ്ച് ഐ.ജി.ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ഇവരോട് കേരളത്തിൽ നിശ്ചയിച്ചിരിക്കുന്ന ടാക്സ് ഒടുക്കി വാഹനം കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്തപക്ഷം ഇവർക്കെതിരെ റവന്യൂ റിക്കവറി, കേരള വാഹന നികുതി നിയമം, 11 അനുസരിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഇക്കാര്യം കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. വാഹന ഉടമകൾക്ക് നോട്ടീസയയ്ക്കുന്ന കാര്യം പുരോഗമിക്കുന്നു. പ്രസ്തുത നടപടി പൂർത്തിയായ ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ. നിലവിൽ 88 വാഹന ഉടമകളിൽ നിന്ന് 8,88,58,787 രൂപ ടാക്സ് ഈടാക്കിയിട്ടുണ്ട്.

**ടോൾ കേന്ദ്രങ്ങളിൽ നൽകേണ്ട പണം**

260 (249) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടോൾ കേന്ദ്രങ്ങളിൽ നൽകേണ്ട പണം അതത് വ്യക്തികളുടെ അക്കൗണ്ടിൽനിന്നും നേരിട്ട് എടുക്കുന്നതിനായി വാഹന രജിസ്ട്രേഷൻ നടക്കുന്ന സമയത്ത് തന്നെ മുൻകൂറായി ഒരു നിശ്ചിത തുക അടയ്ക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിനായി സ്വകാര്യ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ടോൾ കേന്ദ്രങ്ങളിൽ നൽകേണ്ട പണം അതത് വ്യക്തികളുടെ അക്കൗണ്ടിൽനിന്നും നേരിട്ട് എടുക്കുന്നതിനായി വാഹന രജിസ്ട്രേഷൻ നടക്കുന്ന സമയത്തുതന്നെ മുൻകൂറായി ഒരു നിശ്ചിത തുക അടക്കണമെന്നോ ഇതിനായി സ്വകാര്യ ബാങ്കിൽ അക്കൗണ്ട് തുടങ്ങണമെന്നോ സംസ്ഥാന സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിൽ 21-11-2017-ലെ കേന്ദ്ര വിജ്ഞാപന പ്രകാരം ഭേദഗതി വരുത്തിയ ചട്ടം 138 എ പ്രകാരം 1-12-2017 മുതൽ വിൽക്കുന്ന എം.എൻ. കാറ്റഗറിയിൽ ഉൾപ്പെട്ട എല്ലാ വാഹനങ്ങൾക്കും FASTag നിർബന്ധമാക്കിയിട്ടുണ്ട്. FASTag-ലൂടെ വാഹന ഉടമയുടെ അക്കൗണ്ടിൽ പണമുണ്ടോ എന്ന് മനസ്സിലാക്കാവുന്നതും ടോൾ ബൂത്തുകളിൽ പ്രസ്തുത മാർഗ്ഗം വഴി പണം അടയ്ക്കാവുന്നതുമാണ്.

**വ്യാജ മേൽവിലാസത്തിൽ വാഹന രജിസ്ട്രേഷൻ**

261 (250) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാജ മേൽവിലാസത്തിൽ പുതുച്ചേരിയിൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്ത് നികുതിവെട്ടിപ്പ് നടത്തിയ വ്യക്തികളുടെ വിവരങ്ങൾ മോട്ടോർവാഹന വകുപ്പ് ശേഖരിച്ചിട്ടുണ്ടോ; ഇവരുടെ വിശദമായ വിവരങ്ങൾ നൽകുമോ;

(ബി) വ്യാജ വാഹനരജിസ്ട്രേഷൻ കാരണം സംസ്ഥാന ഖജനാവിന് നികുതി ഇനത്തിൽ എത്ര കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നതിന്റെ കണക്ക് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇങ്ങനെ രജിസ്ററർ ചെയ്ത വാഹന ഉടമകൾക്കെതിരെയും ഇടനില ക്കാരായി നിന്നവർക്കെതിരെയും എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കു ന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പോണ്ടിച്ചേരിയിൽ രജിസ്റ്റർചെയ്ത് ടാക്സ് തട്ടിപ്പ് നടത്തിയതുമായി ബന്ധപ്പെട്ട് ഇതുവരെ നടത്തിയ പരിശോധനയിൽ 2357 വാഹനങ്ങളുടെ ഒരു ലിസ്റ്റ് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. കേരളത്തിൽ സ്ഥിര/ താൽക്കാലിക മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവയോ, കേരളത്തിൽനിന്നും വാഹന വായ്പ കരസ്ഥമാക്കിയിട്ടുള്ളതോ, കേരളത്തിലെ വാഹന വില്പനക്കാരിൽ നിന്നും വാങ്ങിയിട്ടുള്ളതോ ആയ വാഹനങ്ങൾ ഉൾക്കൊള്ളിച്ചാണ് പട്ടിക തയ്യാർ ചെയ്തത്.

(ബി) കൃത്യമായി തിട്ടപ്പെടുത്തിയിട്ടില്ല. വാഹന ഉടമകൾക്ക് നോട്ടീസയച്ച് ക്ലിപ്തപ്പെടുത്തിയ ശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകൂ. നിലവിൽ 88 വാഹന ഉടമകളിൽ നിന്ന് 8,88,58,787 രൂപ ടാക്സ് ഇനത്തിൽ ഈടാക്കിയിട്ടുണ്ട്.

(സി) ഇവർക്കെതിരെ നോട്ടീസ് അയച്ചുവരുന്നു. ഇതുവരെ 877 വാഹന ഉമകൾക്ക് നോട്ടീസ് അയച്ചിട്ടുണ്ട്. നോട്ടീസ് ലഭിച്ചിട്ടും പ്രതികരിക്കാത്തവരുടെയും വ്യാജരേഖ ചമച്ച എന്ന് സംശയം ഉള്ളവരുടെയും വിവരങ്ങൾ തുടർ അന്വേഷണ ങ്ങൾക്കായി ദക്ഷിണമേഖലാ ക്രൈം ബ്രാഞ്ച് ഐ.ജി.-ക്ക് കൈമാറിയിട്ടുണ്ട്. കൂടാതെ ഇവരോട് കേരളത്തിൽ നിശ്ചയിച്ചിരിക്കുന്ന ടാക്സ്ഒടുക്കി വാഹനം കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. അല്ലാത്തപക്ഷം ഇവർക്കെതിരെ റവന്യൂ റിക്കവറി, കേരള വാഹന നികുതി നിയമം, ചട്ടം 11 അനുസരിച്ചുള്ള നടപടി സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

**വികസന പദ്ധതികൾ**

262 (251) ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ വികസന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നടത്തിപ്പ്-മേൽനോട്ട സംവിധാനങ്ങൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതിയുടെ സുരക്ഷ, ഉപയോഗാവകാശം എന്നിവ സംബന്ധിച്ച തെറ്റിദ്ധാരണ ഒഴിവാക്കി പദ്ധതി തടസ്സമില്ലാതെ മുമ്പോട്ടു കൊണ്ടുപോകുവാൻ എടുത്ത നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) വികസന പദ്ധതികളുടെ നിർവ്വഹണത്തിൽ ജനങ്ങളുടെകൂടി പങ്കാളിത്തം ഉറപ്പുവരുത്താൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) സംസ്ഥാന ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ പദ്ധതികളുടെയും നടത്തിപ്പ് പുരോഗതി അവലോകനം വകുപ്പുതലത്തിൽ സമയബന്ധിതമായി നടപ്പിലാക്കിവരുന്നു. കൂടാതെ പ്ലാനിംഗ് ബോർഡ് പ്ലാൻ സ്പേസ് എന്ന ഓൺലൈൻ സാങ്കേതിക സംവിധാനത്തിലൂടെ ഓരോ പദ്ധതികളുടെയും ഭൗതിക ചെലവ് പുരോഗതി നിരീക്ഷിക്കുകയും ഇതിന്റെ വിശദാംശങ്ങൾ ബന്ധപ്പെട്ട മന്ത്രിമാരെ

അറിയിക്കുകയും ചെയ്യുന്നു. കൂടാതെ ചീഫ് സെക്രട്ടറിതലത്തിൽ ഓരോ മാസവും വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ പദ്ധതി പുരോഗതി അവലോകനം നടത്താറുണ്ട്. ഇതിനുപുറമേ മന്ത്രിതലത്തിലും കൂടാതെ മുഖ്യമന്ത്രി എല്ലാ മൂന്നുമാസം കൂടുമ്പോഴും വകുപ്പുകളുടെ പദ്ധതി പുരോഗതി അവലോകനം ചെയ്യുന്നുണ്ട്.

(ബി) 1962-ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ്‌ലൈൻ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഗെയിൽ ഭൂമിയുടെ ഉപയോഗവകാശം ഏറ്റെടുക്കുന്നത്. പൈപ്പ്‌ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള ജനങ്ങളുമായി പല വേദികളിൽവച്ച് ബന്ധപ്പെടുകയും ആശങ്കകൾ ദൂരീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. പദ്ധതി ജനവാസ മേഖലയിലൂടെ കടന്നുപോകുന്നതുകൊണ്ട് സുരക്ഷയെ സംബന്ധിച്ച് യാതൊരു രീതിയിലുള്ള ആശങ്കകളുടെയും ആവശ്യമില്ല. ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പൈപ്പ്‌ലൈൻ കടന്നു പോകുന്ന റൂട്ടിലുള്ള പഞ്ചായത്തുകൾതോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. പൈപ്പ്‌ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിൽ താമസിക്കുന്ന ജനങ്ങൾക്ക് ഗെയിൽ പൈപ്പ്‌ലൈൻ സംബന്ധിച്ചുള്ള ബുക്ക്‌ലെറ്റ് വിതരണം ചെയ്തിട്ടുള്ളതും ആയതിന്മേലുള്ള സംശയങ്ങൾ പറഞ്ഞ് കൊടുക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. മലപ്പുറം, കോഴിക്കോട് ജില്ലകളിലെ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജില്ലകളിലെ തെരഞ്ഞെടുത്ത പോലീസ് സേനാംഗങ്ങളുടെ ഒരു കർമ്മ സേനയ്ക്ക് രൂപംകൊടുത്തു. ഈ കർമ്മസേനയ്ക്ക് ഗ്യാസ് പൈപ്പ് ലൈനിനെക്കുറിച്ചും പി ആന്റ് എം പി ആക്ടിനെക്കുറിച്ചും ഭൂമിക്ക് നൽകുന്ന നഷ്ടപരിഹാരത്തെക്കുറിച്ചും ഒരു ബോധവൽക്കരണ ക്ലാസ് നടത്തുകയും ഈ പോലീസ് കർമ്മ സേനയെ 5 വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് പൈപ്പ്‌ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങളെ വിജയകരമായി ബോധവൽക്കരിച്ച് കൊണ്ടിരിക്കുകയാണ്. കർമ്മ സേനയുടെ സേവനം വലിയൊരളവുവരെ ജനങ്ങൾക്കിടയിൽ വിശ്വാസ്യത വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. കൂടാതെ മുഖ്യമന്ത്രി, വ്യവസായ വകുപ്പുമന്ത്രി എന്നിവരുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം ഉപയോഗാവകാശ ഭൂമിയുടെ നഷ്ടപരിഹാരം ന്യായവിലയുടെ 50 ശതമാനത്തിൽ നിന്നും 100 ശതമാനമായി വർദ്ധിപ്പിക്കുകയും ജില്ലയിൽ 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗവകാശം ഏറ്റെടുക്കുമ്പോൾ പൈപ്പ്‌ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസ ധനമായി നഷ്ടപരിഹാരം നൽകുകയും കൂടാതെ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ പ്രകാരം ഭൂമിയുടെ നഷ്ടപരിഹാരത്തിന് പുറമെ നെൽ വയലുകൾക്കുള്ള നഷ്ടപരിഹാരത്തിന് സെന്റ് ഒന്നിന് 3761 രൂപ വച്ച് അധികം നൽകുകയും ചെയ്തതിനാൽ ജനങ്ങളുടെ എതിർപ്പുകൾ ഗണ്യമായി കുറയുകയും നിർദ്ദിഷ്ട സമയത്തിനുള്ളിൽ തന്നെ പണി പൂർത്തിയാക്കുവാൻ സാധിക്കുന്നതുമാണ്.

(സി) പൊതുജന സഹകരണത്തോടെ വികസന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാർ നയം.

## ഗെയ്ൽ പ്രകൃതി വാതക പദ്ധതി

263 (252) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗെയ്ൽ പ്രകൃതി വാതക പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി എത്ര കിലോമീറ്റർ നീളത്തിൽ സംസ്ഥാനത്ത് വാതകക്കുഴൽ സ്ഥാപിക്കേണ്ടതുണ്ടെന്നും എത്ര കിലോമീറ്റർ നീളത്തിൽ ഇതിനകം പ്രകൃതി വാതകക്കുഴൽ സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി എത്ര ശതമാനം പൂർത്തിയായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പൊതുജന പ്രക്ഷോഭം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് മറികടക്കാൻ സ്വീകരിക്കുന്ന നടപടി വ്യക്തമാക്കുമോ;

(ഇ) പദ്ധതി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; പദ്ധതി പൂർത്തിയാകുന്നതോടെ ജനങ്ങൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കെ.കെ.ബി.എം.പി.എൽ. പ്രകൃതിവാതക പൈപ്പ്ലൈൻ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള പ്രാരംഭ സർവ്വേ നടപടികളും 6(1) ഗസറ്റ് വിജ്ഞാപനവും പൂർത്തിയാക്കിയിട്ടുണ്ട്. പൈപ്പ്ലൈൻ സ്ഥാപിക്കുന്ന ജോലിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

(ബി) കൊച്ചി-മംഗലാപുരം പൈപ്പ് ലൈനിന്റെ മൊത്തം ദൈർഘ്യം 438 കിലോമീറ്റർ ആണ്. ഇതിൽ 35 കിലോമീറ്റർ മംഗലാപുരത്തും ബാക്കിയുള്ള 403 കിലോമീറ്റർ കേരളത്തിലുമാണ്. ഈ 403 കിലോമീറ്ററിൽ 94.5 കിലോമീറ്റർ പൈപ്പ് സ്ഥാപിച്ചുകഴിഞ്ഞു.

(സി) കേരളത്തിൽ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് ആവശ്യമായ മുഴുവൻ ഭൂമിയുടെയും ഉപയോഗവകാശം ഏറ്റെടുത്തുകഴിഞ്ഞു. കൊച്ചി-മംഗലാപുരം പൈപ്പ് ലൈനിനുവേണ്ടി കേരളത്തിൽ നാല് IP സ്റ്റേഷനുകൾക്കും 21 SV സ്റ്റേഷനുകൾക്കും വേണ്ടി സ്ഥിരമായി ഭൂമി ഏറ്റെടുക്കുന്ന നടപടി ബഹുഭൂരിപക്ഷവും ഗെയ്ൽ പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവയുടെ നടപടികൾ അന്തിമഘട്ടത്തിലാണ്.

(ഡി) മുഖ്യധാരാ രാഷ്ട്രീയകക്ഷികൾ ഈ പദ്ധതിക്ക് പൂർണ്ണപിന്തുണ നൽകിവരുന്നു. എന്നാൽ ചില തൽപ്പരകക്ഷികളും സംഘടനകളും ചില പ്രദേശങ്ങളിൽ ഈ പദ്ധതിയെ അട്ടിമറിക്കാനുള്ള ശ്രമം നടത്തുന്നതായി തോന്നിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുസമൂഹത്തിന്റെ പിന്തുണയോടുകൂടി ഈ എതിർപ്പിനെ മറികടന്ന് സംസ്ഥാന പുരോഗതിക്കായി ഇത് സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗെയ്ൽ-പ്രകൃതിവാതക പൈപ്പ്ലൈനിന്റെ സ്ഥലമെടുപ്പും സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിലെ ഭൂഉടമകളുടെ ആശങ്കയും ആവശ്യവും അവർക്ക് നൽകേണ്ടതായ നഷ്ടപരിഹാരവും സംബന്ധിച്ച് ഉദാരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് വകുപ്പുമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ തലങ്ങളിൽ യോഗം വിളിച്ചിരുന്നു. പത്ത് സെന്റോ അതിന് താഴെയോ മാത്രം ഭൂമിയുള്ളവർക്ക് ആശ്വാസധനമായി 5 ലക്ഷം രൂപ നൽകണമെന്നും കണ്ണൂർ ജില്ലയിൽ നിശ്ചയിച്ച പ്രകാരം നെൽവയലുകളുടെ നഷ്ടപരിഹാരത്തിന് പുറമെ സെന്റിന് 3761 രൂപ നിരക്കിലുള്ള പ്രത്യേക നഷ്ടപരിഹാരം നൽകണമെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പത്ത് സെന്റോ അതിന് താഴെ മാത്രമോ ഭൂമിയുള്ളവരുടെ പൈപ്പ്ലൈൻ ഇടാൻ ഉപയോഗിക്കുന്ന സ്ഥലം വെറും 2 മീറ്റർ ആയി ചുരുക്കും. നിലവിലെ വീടുകൾ സംരക്ഷിക്കപ്പെടുകയും ഭാവിയിൽ വീട് വയ്ക്കത്തക്ക രീതിയിൽ അലൈൻമെന്റ് ഒരു വശത്തുകൂടി 2 മീറ്റർ വീതിയിൽ മാത്രം ക്രമപ്പെടുത്തും. ബാക്കിയുള്ള സ്ഥലത്ത് വീട് വയ്ക്കാനുള്ള സ്ഥലം അടയാളപ്പെടുത്തി അനുമതിപത്രമായി ഉപയോഗിക്കാൻ കഴിയുന്നരീതിയിൽ ഭൂരേഖ ഉടമകൾക്ക് കൈമാറും. ജനവാസ മേഖലയെ കഴിവതും ഒഴിവാക്കിയാണ് പൈപ്പ്ലൈൻ കടന്നുപോകുന്നത്. എന്നാൽ കേരളത്തിന്റെ സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് പൂർണ്ണമായും പാലിക്കാൻ കഴിയില്ല. ജനവാസ മേഖലയിലൂടെ പൈപ്പ്ലൈൻ കടന്നുപോകുന്നതുകൊണ്ട് ജനങ്ങൾക്ക് യാതൊരു രീതിയിലുള്ള ആശങ്കയും ആവശ്യമില്ല. ജനസാന്ദ്രത കൂടിയ മേഖലയിൽ വിന്യസിക്കുന്ന പൈപ്പ്ലൈനുകൾക്ക് ക്ലാസിഫിക്കേഷൻ അനുവദിച്ചുള്ള കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകല്പന ചെയ്തിരിക്കുന്ന പൈപ്പ്ലൈനുകളാണ് വിന്യസിച്ചിരിക്കുന്നത്. ഇത് സംബന്ധിച്ച് തെറ്റിദ്ധാരണകളും വ്യാജപ്രചരണങ്ങളും ദൂരീകരിക്കുന്നതിനായി പഞ്ചായത്ത് തോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ദൃശ്യ/പത്ര മാധ്യമങ്ങളിലൂടെയും ലഘുലേഖനങ്ങൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഈ പദ്ധതിയുടെ സുരക്ഷയും മേന്മയും പ്രചരിച്ചുവരുന്നു. ഇതിലുപരിയായി പോലീസ് കർമ്മസേന രൂപീകരിച്ച് പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും നടത്തിക്കൊണ്ടിരിക്കുന്നു.

(ഇ) 2018 ഡിസംബറോടുകൂടി പദ്ധതി പൂർത്തീകരിക്കാനാണ് നേരത്തെ നിശ്ചയിച്ചിരുന്നത്. എന്നാൽ പദ്ധതി ജൂൺ 2018-ഓടുകൂടിത്തന്നെ കമ്മീഷൻ ചെയ്യണമെന്ന് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുള്ളതിനാൽ 2018-ജൂണോടുകൂടി

പദ്ധതി പൂർത്തീകരിക്കാനാണ് ഗെയ്ൽ ഇപ്പോൾ ലക്ഷ്യമിടുന്നത്. കൊച്ചിയിൽ നിന്നും പ്രകൃതിവാതകം മംഗലാപുരത്തേയ്ക്കും ബാംഗ്ലൂരിലേയ്ക്കും പൈപ്പ്ലൈൻ വഴി കൊണ്ടുപോകുന്നതിനുള്ള പദ്ധതിയാണ് കൊച്ചി-കുറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പൈപ്പ് ലൈൻ (KKMBPL) പ്രോജക്ട്. കേരളം, കർണ്ണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ വ്യവസായശാലകൾക്കും കൂടാതെ പൈപ്പ്ലൈൻ കടന്നുപോകുന്ന ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷനുമാണ് (CDG) പദ്ധതി കൊണ്ട് വിഭാവനം ചെയ്യുന്നത്. പ്രധാന പൈപ്പ്ലൈനിൽ സ്ഥാപിച്ചിരിക്കുന്ന SV സ്റ്റേഷനിൽ നിന്നും ടാപ്പ് ചെയ്ത് ചെറിയ പൈപ്പ്ലൈൻ ശൃംഖല സ്ഥാപിച്ചാണ് കടന്നുപോകുന്ന ജില്ലകളിൽ വാഹനങ്ങൾക്ക് സി.എൻ.ജി.യും (Compressed Natural Gas) ഗാർഹിക ആവശ്യത്തിനുള്ള പി.എൻ.ജി.-യും (Piped Natural Gas) വിതരണം ചെയ്യുന്നത്. ഗെയ്ൽ പ്രകൃതി വാതക പൈപ്പ്ലൈൻ നിർമ്മാണത്തിന് സമാന്തരമായി തന്നെ പൈപ്പ്ലൈൻ കടന്നുപോകുന്ന ജില്ലകളിൽ സിറ്റി ഗ്യാസ് വിതരണത്തിനുള്ള ടെണ്ടർ നടപടികൾ തുടങ്ങാമെന്ന് പി.എൻ.ജി.ആർ.ബി.(പെട്രോളിയം ആന്റ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ്) അറിയിച്ചിട്ടുണ്ട്. പാചകവാതകം (PNG) പൈപ്പുകളിലൂടെ വീടുകളിൽ ലഭിക്കുമ്പോൾ ഇന്ധന ചെലവ് കുറയുന്നു. ഒരു ലിറ്റർ പെട്രോളിൽ നിന്നും ലഭിക്കുന്ന മൈലേജിനെക്കാൾ കൂടുതൽ മൈലേജ് ഒരു കിലോ സി.എൻ.ജി.-യിൽ നിന്നും ലഭിക്കുന്നതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ എൽ.പി.ജി. ഉപയോഗിക്കുന്ന വ്യവസായശാലകൾക്ക് പ്രകൃതിവാതകം ലഭ്യമാകുന്നതോടുകൂടി ഇന്ധനച്ചെലവ് ഗണ്യമായി കുറയുന്നതിനാൽ ഒരു വ്യവസായ കുതിപ്പ് തന്നെ സംസ്ഥാനത്ത് സംജാതമാകും. അതോടൊപ്പം തൊഴിൽസാധ്യതയും വർദ്ധിക്കും. ഇതുമൂലം എൽ.പി.ജി. സിലിണ്ടറുകൾ കയറ്റിവരുന്ന വലിയ വാഹനങ്ങൾ സംസ്ഥാനത്ത് സൃഷ്ടിക്കുന്ന റോഡ് അപകടങ്ങളും ബുദ്ധിമുട്ടുകളും ഒഴിവാക്കി ഗതാഗതം സുഗമവും അപകടരഹിതമാക്കാനും കഴിയും.

## ഗെയ്ൽ പ്രകൃതി വാതക പൈപ്പ്ലൈൻ

264 (253) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗെയ്ൽ പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന മലബാർ മേഖലയിലെ നിർദ്ദിഷ്ട പ്രദേശങ്ങളിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയാകുന്ന തരത്തിലുള്ള അലൈൻമെന്റ് പുതുക്കി നിശ്ചയിക്കുന്നതിനും ജനവാസ മേഖലകളെ ഒഴിവാക്കുന്നതിനും സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഗെയ്ൽ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതി (KKBMPL) ഉള്ള പ്രാരംഭ സർവ്വേ നടപടികളും 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള ആവശ്യമായ മുഴുവൻ ഭൂമിയുടേയും അവകാശം കേന്ദ്ര സർക്കാർ ഏറ്റെടുത്ത് കഴിഞ്ഞു. കേരളത്തിലെ മൊത്തം ദൈർഘ്യമായ 403 കിലോ മീറ്ററിൽ 94.5 കിലോമീറ്റർ പൈപ്പ്ലൈൻ സ്ഥാപിച്ചുകഴിഞ്ഞു.

(ബി) 1962-ലെ പെട്രോളിയം ആന്റ് മിനറൽസ് പൈപ്പ്ലൈൻ ആക്ടിലെ എല്ലാ ചട്ടങ്ങളും വ്യവസ്ഥകളും പൂർണ്ണമായും പാലിച്ചുകൊണ്ടാണ് ഭൂമിയുടെ അവകാശം ഏറ്റെടുത്ത് പൈപ്പ്ലൈൻ വിന്യസിച്ചുവരുന്നത്. 2011-ൽത്തന്നെ പൈപ്പ് ലൈനിനു വേണ്ടിയുള്ള റൂട്ട് നിശ്ചയിക്കുകയുണ്ടായി. ഗെയ്ൽ പ്രകൃതി വാതക പൈപ്പ്ലൈനിന്റെ സ്ഥലമെടുപ്പും സുരക്ഷയുമായി ബന്ധപ്പെട്ട് പ്രസ്തുത സ്ഥലങ്ങളിലെ ഭൂഉടമകളുടെ ആശങ്കയും ആവശ്യവും അവർക്ക് നൽകേണ്ടതായ നഷ്ടപരിഹാരവും സംബന്ധിച്ച് ഉദാരമായ സമീപനമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതുസംബന്ധിച്ച് വകുപ്പു മന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും നേതൃത്വത്തിൽ വിവിധ തലങ്ങളിൽ യോഗം വിളിച്ചിരുന്നു. 10 സെന്റോ അതിന് താഴെയോ മാത്രം ഭൂമി ഉള്ളവർക്ക് ആശ്വാസധനമായി 5 ലക്ഷം രൂപ നൽകണമെന്നും കണ്ണൂർ ജില്ലയിൽ നിശ്ചയിച്ച പ്രകാരം നെൽവയലുകളുടെ നഷ്ടപരിഹാരത്തിനുപുറമേ സെന്റിന് 3,761 രൂപ നിരക്കിലുള്ള പ്രത്യേക നഷ്ടപരിഹാരം നൽകണമെന്നും സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. 10 സെന്റോ അതിനുതാഴെ മാത്രം ഭൂമിയോ ഉള്ളവരുടെ, പൈപ്പ്ലൈനിടാൻ ഉപയോഗിക്കുന്ന സ്ഥലം വെറും 2 മീറ്ററായി ചുരുക്കും. നിലവിലെ വീടുകൾ സംരക്ഷിക്കപ്പെടുകയും ഭാവിയിൽ വീട് വയ്ക്കത്തക്കരീതിയിൽ അലൈൻമെന്റ് ഒരു വശത്തുകൂടി 2 മീറ്റർ വീതിയിൽ മാത്രം ക്രമപ്പെടുത്തുകയും ചെയ്യും. ബാക്കിയുള്ള സ്ഥലത്ത് വീട് വയ്ക്കാനുള്ള സ്ഥലം അടയാളപ്പെടുത്തി അനുമതിപത്രമായി ഉപയോഗിക്കാൻ കഴിയുന്ന ഭൂരേഖ ഉടമകൾക്ക് കൈമാറും. ജനവാസമേഖലയെ കഴിവതും ഒഴിവാക്കിയാണ് പൈപ്പ് ലൈൻ കടന്നുപോകുന്നത്. എന്നാൽ കേരളത്തിന്റെ സാഹചര്യം കണക്കിലെടുക്കുമ്പോൾ ഇത് പൂർണ്ണമായും പാലിക്കാൻ കഴിയില്ല. ജനവാസ മേഖലയിലൂടെ പൈപ്പ്ലൈൻ കടന്നുപോകുന്നതുകൊണ്ട് ജനങ്ങൾക്ക് യാതൊരുരീതിയിലുള്ള ആശങ്കയുടെയും ആവശ്യമില്ല. ജനസാന്ദ്രത കൂടിയ മേഖലയിൽ വിന്യസിക്കുന്ന പൈപ്പ്ലൈനുകൾക്ക് ക്ലാസിഫിക്കേഷൻ അനുവദിച്ചുള്ള കൂടിയ കനം ഉറപ്പുവരുത്തി ശാസ്ത്രീയമായി രൂപകല്പന ചെയ്തിരിക്കുന്ന പൈപ്പ്ലൈനുകളാണ് വിന്യസിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച് തെറ്റിദ്ധാരണകളും വ്യാജപ്രചരണങ്ങളും ദൂരീകരിക്കുന്നതിനായി പഞ്ചായത്തുതോറും ബോധവൽക്കരണം നടത്തിവരുന്നുണ്ട്. ദൃശ്യ/പത്ര മാധ്യമങ്ങളിലൂടെയും ലഘുലേഖനങ്ങൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഈ പദ്ധതിയുടെ സുരക്ഷയും പ്രയോജനവും പ്രചരിപ്പിച്ചുവരുന്നു. ഇതിലുപരിയായി പോലീസ് കർമ്മസേന രൂപീകരിച്ച് പ്രദേശങ്ങളിലെ ജനങ്ങൾക്കിടയിൽ ബോധവൽക്കരണവും നടത്തി കൊണ്ടിരിക്കുന്നു.

## വിവിധ ക്ഷേമ പെൻഷനുകൾ

265 (254) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ ക്ഷേമപെൻഷനുകൾ പ്രകാരം എത്ര കോടി രൂപ വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇതിന്റെ ആകെ ഗുണഭോക്താക്കളുടെ എണ്ണം വെളിപ്പെടുത്താമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ 8890.82 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 4240869 പേർ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളായിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളിൽ അടക്കമുള്ള മറ്റ് ക്ഷേമ പെൻഷനുകളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ഇരിണാവ് കോസ്റ്റ്ഗാർഡ് അക്കാഡമി

266 (255) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ ഇരിണാവിൽ സ്ഥിതിചെയ്യുന്ന കോസ്റ്റ് ഗാർഡ് അക്കാദമി കർണാടകയിലേയ്ക്ക് മാറ്റുന്നതിന് നീക്കംനടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) കോസ്റ്റ് ഗാർഡ് അക്കാദമിക്കായി സംസ്ഥാനം 164 ഏക്കർ സ്ഥലം കൈമാറുകയും പശ്ചാത്തല സൗകര്യം ഒരുക്കാൻ 66 കോടി രൂപയോളം ചെലവഴിക്കുകയുംചെയ്ത സാഹചര്യത്തിൽ അക്കാദമി ഇരിണാവിൽത്തന്നെ നില നിർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇത്തരമൊരു നീക്കം ഉപേക്ഷിക്കണമെന്ന് പ്രധാനമന്ത്രിയോട് മുഖ്യമന്ത്രിയുടെ അർദ്ധ ഔദ്യോഗിക കത്ത് മുഖേന അഭ്യർത്ഥിച്ചിട്ടുണ്ട്.

## ആലഞ്ചേരി മുസ്ലീംപള്ളിക്ക് സർക്കാർഭൂമി അനുവദിക്കുന്നതിനുള്ള നടപടി

267 (256) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുനലൂർ പേപ്പർ മിൽസിനുസമീപമുള്ള ആലഞ്ചേരി മുസ്ലീം ജമാ അത്ത് പള്ളിയിൽ മയ്യം അടക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ, പേപ്പർ മില്ലിന്റെ കൈവശമുള്ള സർക്കാർഭൂമി ഇക്കാര്യത്തിനായി അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) സ്ഥലത്തെ സംഘർഷസാധ്യത കണക്കിലെടുത്ത് ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ടി വിഷയം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ നിലവിൽ തുടർ നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല.

(ബി) ഉണ്ട്.

(സി) ഉണ്ട്. പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് ടി രണ്ട് കക്ഷികളെയും വിളിച്ച് സമവായത്തിലൂടെ പ്രശ്നപരിഹാരത്തിന് പുനലൂർ തഹസീൽദാരെ ചുമതല പ്പെടുത്തിയതിൽ പുനലൂർ തഹസീൽദാർ ടി രണ്ട് കക്ഷികളുമായി ചർച്ച നടത്തി യിട്ടുള്ളതുമാണ്. വിഷയത്തിൽ കോടതിക്കേസ് നിലനിൽക്കുന്നതിനാൽ ബഹുമാനപ്പെട്ട കോടതി ഉത്തരവ് ഉണ്ടാകുന്ന മുറയ്ക്ക് മാത്രമേ ഈ വിഷയത്തിൽ തുടർനടപടി സാധ്യമാവുകയുള്ളൂ

## വാഹനാപകടങ്ങളിൽ സ്വകാര്യ ആശുപത്രിയിലെ ചികിത്സാച്ചെലവ്

268 (257) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ ഗുരുതര പരിക്ക് പറ്റുന്നവർക്ക് സമീപത്തെ സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയാൽ ചെലവ് സർക്കാർ വഹിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) ഏതൊക്കെ സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്കാണ് സഹായം നൽകുന്നതെന്ന് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ലഭ്യമാക്കാമോ;

(സി) ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും സർക്കാർ തീരുമാനങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) സംസ്ഥാനത്ത് വാഹനാപകടങ്ങളിൽ ഗുരുതരപരിക്ക് ഏൽക്കുന്നവർക്ക് ട്രോമാകെയർ ഉൾപ്പെടെയുള്ള ആധുനിക ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് സ്വകാര്യ ആശുപത്രികളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് കേന്ദ്രീകൃത സ്വഭാവത്തോടെ ഗുണനിലവാരം ഉറപ്പാക്കുന്നതും മെച്ചപ്പെട്ട സേവനം നൽകാൻ കഴിയുന്നതുമായ ജി.പി.എസ്. നിയന്ത്രിത ആംബുലൻസ് സർവ്വീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും അപകടത്തിൽപ്പെടുന്നവർക്ക് സുവർണ്ണ മണിക്കൂറിൽ (Golden Hour) സ്വകാര്യ ആശുപത്രികളിലുൾപ്പെടെ ചികിത്സ ലഭ്യമാക്കുന്നതിനും ഇതിലേയ്ക്ക് ആവശ്യമായി വരുന്ന തുക ഇൻഷ്വറൻസ് കമ്പനികളുടെ സഹായത്തോടെ മുൻകൂട്ടി ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് നടപടി സ്വീകരിച്ചുവരുന്നു. ആംബുലൻസ് സർവ്വീസിന്റെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന സ്വകാര്യ ആശുപത്രികളുടെ വിവരങ്ങൾ ക്രോഡീകരിച്ചും അടിയന്തര സാമ്പത്തിക സഹായത്തിന്റെ തോത് നിശ്ചയിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ആംബുലൻസ് സർവ്വീസുകൾ ഏർപ്പെടുത്തുന്നതിന് താല്പര്യപത്രം (EOI-Expression of Interest) ക്ഷണിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എല്ലാ സാമ്പത്തികവശങ്ങളും പരിഗണിച്ച് സമഗ്രമായ പദ്ധതി നിർവ്വഹണത്തിനാണ് സർക്കാർ ശ്രമിച്ചുവരുന്നത്.

**ആരോഗ്യ കേന്ദ്രങ്ങളിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ**

269 (258) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാമനപുരം നിയോജക മണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണവും ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ എത്രയെന്നും കാറ്റഗറി തിരിച്ച് വിശദമാക്കാമോ;

(ബി)ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ അനുവദിക്കപ്പെട്ട തസ്തികകളുടെ പട്ടിക അനുബന്ധം 1-ലും നിലവിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെ പട്ടിക അനുബന്ധം 2-ലും കാണാവുന്നതാണ്.*

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## ചെറുവാടി സി.എച്ച്.സി.

270 (259) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹികാരോഗ്യ കേന്ദ്രമായി പദവി ഉയർത്തിയ ചെറുവാടി സി.എച്ച്.സി.-യിൽ പാറ്റേൺ അനുസരിച്ച് തസ്തികകൾ സൃഷ്ടിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. നിലവിൽ സർക്കാർ നടപ്പിലാക്കിവരുന്ന ആർദ്രം പദ്ധതിയിൽ ബ്ലോക്കുതല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ ആദ്യഘട്ടത്തിൽ പരിഗണിച്ചിട്ടില്ല. ആർദ്രം പദ്ധതി പ്രകാരം അംഗീകരിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ അനുസരിച്ച് മാത്രമാണ് ഇപ്പോൾ തസ്തികകൾ സൃഷ്ടിച്ചുവരുന്നത്.

## ഒറ്റപ്പാലം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറി

271 (260) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയെ 30 കിടക്കകളോട് കൂടിയ കിടത്തിചികിത്സാസൗകര്യമുള്ള ആശുപത്രിയാക്കി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് ലഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ&ബി) ഒറ്റപ്പാലം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയെ 30 കിടക്കകളോടു കൂടിയ ആശുപത്രിയായി ഉയർത്തുന്നതിനുള്ള പ്രൊപ്പോസൽ 5-10-2017-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി ആശുപത്രി അപ്ഗ്രേഡ് ചെയ്യുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പരിശോധിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## മുല്ലശ്ശേരി സി.എച്ച്.സി.

272 (261) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി സി.എച്ച്.സി.-യിൽ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളത്;

(ബി) ഇവയിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് നിലവിലുണ്ട്;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിലുള്ള തസ്തികളുടെ വിശദാംശം അനുബന്ധം 1-ആയി ഇതോടൊപ്പം കാണാവുന്നതാണ്.*

(ബി) തൃശ്ശൂർ ജില്ലയിലെ മുല്ലശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒഴിവുള്ള തസ്തികകളുടെ വിശദാംശം അനുബന്ധം 2-ആയി ഇതോടൊപ്പം കാണാവുന്നതാണ്.*

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ സ്വീകരിച്ചിട്ടുണ്ട്.

## പള്ളിക്കൽ സി.എ്ച്ച്.സി.-യിലെ കെട്ടിട നിർമ്മണത്തിനായി ഫണ്ട് അനുവദിക്കുവാൻ നടപടി

273 (262) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദിനംപ്രതി 400-ൽ അധികം രോഗികൾ ചികിത്സക്ക് എത്തുന്ന വർക്കല മണ്ഡലത്തിലെ പള്ളിക്കൽ സി.എച്ച്.സി.യിൽ കിടത്തി ചികിത്സ സൗകര്യം അനുവദിച്ചിട്ട് നിരവധി വർഷങ്ങൾ കഴിഞ്ഞുവെങ്കിലും കെട്ടിടത്തിന്റെ അഭാവംമൂലം കിടത്തി ചികിത്സ ആരംഭിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) തയ്യാറാക്കി ആരോഗ്യ വകുപ്പിൽ അയച്ചിട്ടുള്ള രൂപരേഖ പ്രകാരം ആവശ്യമുള്ള ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിനുകീഴിലുള്ള "പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിക്കൽ കമ്മ്യൂണിറ്റി മെഡിക്കൽ സെന്ററിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ, 2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിനുകീഴിലുള്ള "പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ" എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയിട്ടുള്ളതിനാൽ പള്ളിക്കൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ നിർമ്മാണ പ്രവൃത്തി ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

## കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ പി.എച്ച്.സി.-കൾ

274 (263) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുമ്പോൾ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ പുതിയ തസ്തികകളാണ് ഇതിന്റെ ഭാഗമായി സൃഷ്ടിക്കുന്നത് ;

(സി) കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പി.എച്ച്.സി.-കളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയതെന്നും ഇതിന്റെ ഭാഗമായി എത്രപേരെ ജില്ലയിൽ പുതിയതായി നിയമിച്ചുവെന്നും അറിയിക്കുമോ;

(ഡി) ബാക്കിയുള്ള പി.എച്ച്.സി.-കളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിന് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ ഏതു രീതിയിലാണ് ഇത് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ 2017-18 ബജറ്റിൽ വകയിരുത്തിയ 23 കോടി രൂപയുടെ ഭരണാനുമതി നൽകി. ടി പ്രവൃത്തികൾ എൻ.ആർ.എച്ച്.എം. വഴി അംഗീകൃത ഏജൻസികൾ നടത്തിവരുന്നു. ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനായി 7 കോടി രൂപ സംസ്ഥാന സർക്കാരിന്റെ 2017-18 ബജറ്റിൽ വകയിരുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ലബോറട്ടറികൾക്കുവേണ്ട ഉപകരണങ്ങൾ ലഭ്യമാക്കിവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ.ഉ.(എംഎസ്.)നമ്പർ 75/2017/ആ.കു.വ/തീയതി 12-5-2017 പ്രകാരം

ഡോക്ടർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു. ഇതുകൂടാതെ 22-12-2017 തീയതിയിലെ സ.ഉ.(കൈ)നമ്പർ 188/2017/ആ.കു.വ. പ്രകാരം 150 ഫാർമസിസ്റ്റ് ഗ്രേഡ് II തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവും ഇറങ്ങിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടു കൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായി വരുന്നുണ്ട്. മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സിംഗ് പ്രീ ചെക്കും കൗൺസിലിംഗും, വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം തുടങ്ങിയവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കിവരുന്നു.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയ 170 സ്ഥാനങ്ങളിൽ സ.ഉ.(എംഎസ്.)നമ്പർ75/2017/ആ.കു.വ/തീയതി 12-5-2017 പ്രകാരം ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 150 കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി ഫാർമസിസ്റ്റ് തസ്തികകൾ 22-12-2017 തീയതിയിലെ സ.ഉ.(കൈ)നമ്പർ 188/2017/ ആ.കു.വ. പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയ പി.എച്ച്.സി.-കളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പ്രാഥമികാരോഗ്യ കേന്ദ്രം |
|---|---|
| 1 | കായക്കൊടി |
| 2 | എടച്ചേരി |
| 3 | കോട്ടൂർ |
| 4 | കുന്ദമംഗലം |
| 5 | ആയഞ്ചേരി |

| | |
|---|---|
| 6 | ഇരിങ്ങൽ |
| 7 | വടകര താഴത്തങ്ങാടി |
| 8 | അരിക്കുളം |
| 9 | കക്കോടി |
| 10 | രാമനാട്ടുകര |
| 11 | പുതുപ്പാടി |
| 12 | ഓമശ്ശേരി |
| 13 | നൊച്ചാട് |

കോഴിക്കോട് ജില്ലയിൽ പുതിയതായി അസിസ്റ്റന്റ് സർജൻ-13, സ്റ്റാഫ് നഴ്സ്-24, ലാബ് ടെക്നീഷ്യൻ-10 എന്നിവരെ നിയമിച്ചിട്ടുണ്ട്.

(ഡി) 2018-19 വർഷങ്ങളിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് കൂടുതൽ പി.എച്ച്.സി.-കളെ പരിഗണിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഫാർമസിസ്റ്റുകളുടെ തസ്തിക**

275 (264) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ സ്ഥാപനങ്ങളിൽ ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ എത്ര ഫാർമസിസ്റ്റ് തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 22-12-2017-ലെ ജി.ഒ. (എംഎസ്.) നമ്പർ 188/2017/ആ.കു.വ. പ്രകാരം 150 ഫാർമസിസ്റ്റ് ഗ്രേഡ്-II തസ്തികകൾ വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി സൃഷ്ടിച്ചിട്ടുണ്ട്.

## മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനം

276 (265) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾക്കൊള്ളിച്ചിരുന്ന പശ്ചിമ കൊച്ചിയിലെ മഹാരാജാസ് താലൂക്ക് ആശുപത്രിയുടെ സമഗ്രവികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ;

(ബി) സമഗ്രവികസനത്തിനായുള്ള മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇക്കാര്യത്തിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(സി) ഇതിന് എന്നത്തേക്ക് ഭരണാനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ-സി) പശ്ചിമ കൊച്ചിയിലെ മഹാരാജാസ് താലൂക്ക് അശുപത്രിയുടെ വികസന നടപടികൾ അടങ്ങിയ ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിഗണനയിൽ 17-1-2018-ൽ ലഭ്യമായിട്ടേയുള്ളൂ.

## റാന്നി താലൂക്ക് ആശുപത്രിയിലെ തസ്തികകൾ

277 (266) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കാശുപത്രിയിൽ ഓരോ വിഭാഗത്തിലും എത്ര തസ്തികകൾ ഇപ്പോൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ വിഭാഗത്തിലും ഇപ്പോൾ എത്രപേർവീതം ജോലിചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) മലയോര മേഖലയിലെ ഏക ചികിത്സാ കേന്ദ്രമായ റാന്നി താലൂക്കാശുപത്രിയിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ&ബി) റാന്നി താലൂക്ക് ആശുപത്രിയിൽ ഓരോ വിഭാഗത്തിലുമുള്ള തസ്തികകളുടെ എണ്ണവും അതിൽ നിലവിൽ ജോലിചെയ്യുന്നവരുടെ എണ്ണവും അനുബന്ധമായി ഇതോടൊപ്പം ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ കൺസൾട്ടന്റ് ഗൈനക്കോളജി, അനസ്തേഷ്യ വിഭാഗങ്ങളിലെ ഒഴിവുകൾ പ്രൊമോഷൻ മുഖേനയാണ് നികത്തപ്പെടേണ്ടത്. ആയതിനുള്ള വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റികൾ കൂടുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ആർ.എം.ഒ. തസ്തികയിലെ ഒരൊഴിവും സി.എം.ഒ. തസ്തികയിലെ രണ്ട് ഒഴിവുകളും ചേർത്ത് ഡിപ്പാർട്ട്മെന്റിലെ മുഴുവൻ അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്മേൽ അഡ്വൈസ് ലഭിച്ചാലുടൻ നിയമന നടപടികൾ പൂർത്തീകരിക്കുന്നതാണ്. സ്റ്റാഫ് നഴ്സ് ഗ്രേഡ്-2, ഫാർമസിസ്റ്റ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആശുപത്രി അറ്റൻഡന്റ് ഗ്രേഡ്-2, പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം മുഖേന നികത്തേണ്ട പ്രസ്തുത ഒഴിവുകളിൽ നിയമനം നൽകുന്നതിനായി സ്ഥാനക്കയറ്റത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ഉഴവൂർ കെ.ആർ. നാരായണൻ ആശുപത്രിയിൽ തസ്തിക സൃഷ്ടിക്കൽ**

278 (267) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉഴവൂർ കെ. ആർ. നാരായണൻ ആശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച് ഇപ്പോൾ സർക്കാരിന്റെ പക്കലുള്ള എച്ച്.ആന്റ്.എഫ്.ഡബ്ല്യൂ.എം. 1-12-2016 ആന്റ് ഇ -169347 എന്നീ ഫയലുകളിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) ഈ തസ്തികകൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ആർദ്രം പദ്ധതിയനുസരിച്ച് സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾക്ക് തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ; ഏതൊക്കെ ആശുപത്രികൾക്കാണ് തസ്തികകൾ സൃഷ്ടിച്ചത്; എത്ര പോസ്റ്റുകൾ സൃഷ്ടിച്ചു; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉഴവൂർ കെ.ആർ. നാരായണൻ ആശുപത്രിയിലെ പോസ്റ്റ് ക്രിയേഷൻ സംബന്ധിച്ച പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ ഇതിന്മേൽ അധിക വിവരങ്ങൾ ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഉണ്ട്. 23-9-2017-ലെ സ.ഉ.(കൈ) 136/2017/ ആ.കു.വ. ഉത്തരവ് പ്രകാരം ജില്ലാതല ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി വകുപ്പുകളിലേയ്ക്ക് സൂപ്പർ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും ആ വിഭാഗങ്ങളിലേയ്ക്കുള്ള അസിസ്റ്റന്റ് സർജന്മാരുടേതുമടക്കം 24 ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

**കോതമംഗലം താലൂക്ക് ആശുപത്രി**

279 (268) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്ക് ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് ഗൈനക്കോളജി, ജൂനിയർ കൺസൾട്ടന്റ് സർജൻ, കൺസൾട്ടന്റ് പീഡിയാട്രീഷ്യൻ, ഇ.എൻ.ടി. എന്നീ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിൽ അഡ്ഹോക് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ആശുപത്രിയെ 'ആർദ്രം' പദ്ധതിയിൽ ഉൾപ്പെടുത്തുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആയതിൽ ജൂനിയർ കൺസൾട്ടന്റ് (സർജൻ) തസ്തികയിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ട്. ജൂനിയർ കൺസൾട്ടന്റ്, (ഗൈനക്കോളജി) ഇ.എൻ.റ്റി. (പീഡിയാട്രീഷ്യൻ) തസ്തികകളിലുള്ള ഒഴിവുകൾ നികത്തുന്നതിനുള്ള സത്വര നടപടി സ്വീകരിച്ചുവരുന്നു.

(ബി) ഒഴിഞ്ഞുകിടക്കുന്നതിൽ ഒരു തസ്തികയിൽ അഡ്ഹോക് വ്യവസ്ഥയിൽ ഡോക്ടറെ നിയമിച്ചിട്ടുണ്ട്.

(സി) കോതമംഗലം താലൂക്ക് ആശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സ്റ്റാഫ് നഴ്സിന്റെ രണ്ട് തസ്തികകളും ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ്-2, ദന്തൽ മെക്കാനിക് ഗ്രേഡ്-2, മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ എന്നിവരുടെ ഓരോ തസ്തിക വീതവും സൃഷ്ടിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പാറശ്ശാല ആശുപത്രിയിൽ ട്രോമാകെയർ

280 (269) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശ്ശാല ഗവ. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാകെയർ വിഭാഗം ആരംഭിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിന്റെ നിലവിലുള്ള സ്ഥിതി എന്താണ് എന്ന് വിശദമാക്കാമോ;

(ബി) പാറശ്ശാല ഗവ.താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ വിഭാഗം ആരംഭിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ പാറശ്ശാല ഗവൺമെന്റ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ ട്രോമാകെയർ വിഭാഗം ആരംഭിക്കുന്നതിനായി പ്രൊപ്പോസലുകളൊന്നും തന്നെ ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രി

281 (270) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഒ.പി.യിൽ ഒരു ദിവസം ശരാശരി എത്ര രോഗികൾ വരുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഒ.പി.-യിലും, ഫാർമസിയിലും, ലാബുകളിലും തിരക്കുകാരണം രോഗികൾ വിഷമിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒ.പി.-യിലേക്കും ഫാർമസിയിലേക്കും ലാബുകളിലേക്കും തിരക്ക് നിയന്ത്രിച്ച് രോഗികൾക്ക് സൗകര്യപ്രദമായരീതിയിൽ സേവനം നൽകുന്നതിനാവശ്യമായ എന്തെല്ലാം സജ്ജീകരണങ്ങളാണ് ആശുപത്രി അധികൃതർ സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയിലെ ഒരു ദിവസത്തെ ശരാശരി ഒ.പി. 2742 ആകുന്നു.

(ബി) ഉണ്ട്.

(സി) ആരോഗ്യ വകുപ്പിലെ ജില്ലാതല ആശുപത്രി ഒ.പി.-കളിൽ തിരക്ക് കുറയ്ക്കുവാനും ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുവാനുമുള്ള പ്രവർത്തനങ്ങൾക്ക് (ഒ.പി. ട്രാൻസ്ഫർമേഷൻ) ആർദ്രം മിഷന്റെ ഭാഗമായി തുടക്കം കുറിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിൽ 17 ആശുപത്രികളിലാണ് ഇത്തരം സംവിധാനമൊരുക്കുവാൻ ഉദ്ദേശിക്കുന്നത്. ടി പട്ടികയിൽ കോഴിക്കോട് ബീച്ച് ജനറൽ ആശുപത്രിയും ഉൾപ്പെട്ടിട്ടുണ്ട്. അതോടൊപ്പം ടി സ്ഥാപനത്തിൽ ഒ.പി., ഫാർമസി, ലാബ് എന്നിവിടങ്ങളിൽ രോഗികൾക്കായി മേൽക്കൂരയോടുകൂടിയ ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം എന്നിവയും ടോക്കൺ സമ്പ്രദായവും ഏർപ്പെടുത്തിയിട്ടുണ്ട്.

## കൊണ്ടോട്ടി ആയുർവേദ താലൂക്ക് ആശുപത്രി

282 (271) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊണ്ടോട്ടിയിൽ ആയുർവേദ താലൂക്ക് ആശുപത്രി തുടങ്ങുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകളോ, സർക്കുലറുകളോ പുറപ്പെടുവിച്ചിടിട്ടുണ്ടോ; എങ്കിൽ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആശുപത്രി തുടങ്ങുന്നതിന് സ്ഥലപരിശോധന നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പരിശോധനാ സമിതിയിൽ ഉൾപ്പെട്ടവർ ആരെല്ലാമായിരുന്നു; വിശദാംശങ്ങൾ നൽകുമോ;

(ഡി) ആശുപത്രി തുടങ്ങുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

### ഉത്തരം

(എ) കൊണ്ടോട്ടി നഗരസഭയിലെ പുല്ലിത്തൊടി പ്രദേശത്ത് ആയുർവേദ ആശുപത്രി സ്ഥാപിക്കുന്നതിനായി കോട്ട കുടുംബം സൗജന്യമായി സ്ഥലം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ഉണ്ട്. ടി പ്രദേശത്ത് ആശുപത്രിയുടെ ആവശ്യകത സംബന്ധിച്ച് പരിശോധനയ്ക്കായി മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ സ്ഥലം സന്ദർശിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് പരിശോധനാ സമിതി നിലവിലില്ല.

(ഡി) പഞ്ചായത്തീരാജ് നിയമപ്രകാരം സ്ഥാപനങ്ങളുടെ നിയന്ത്രണം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ആകയാൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കി പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനനുസരിച്ചും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ചും സ്വീകരിക്കുന്നതാണ്.

## പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ

283 (272) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കാൻ ആവശ്യമായ നടപടികൾ ഏത് ഘട്ടം വരെ ആയെന്ന് വ്യക്തമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) KIIFB പദ്ധതിയിലുൾപ്പെടുത്തി ഡയാലിസിസ് സെന്റർ പയ്യന്നൂർ താലൂക്ക് ആശുപത്രിയിൽ തുടങ്ങുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ പുരോഗമിച്ചു വരികയാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ 2018 സെപ്റ്റംബർ മാസത്തോടെ പൂർത്തിയാക്കി 2018 ഒക്ടോബർ മാസത്തിൽ ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## സർക്കാർ ആശുപത്രികളുടെ നവീകരണം

284 (273) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികൾ നവീകരിക്കുന്നതിനും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ;

(ബി) ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ ജീവനക്കാരുടെ ഒഴിവുകൾ നിലവിലുണ്ടോ; എങ്കിൽ കാറ്റഗറി തിരിച്ച് വിശദാംശം ലഭ്യമാക്കാമോ;

(സി) നിലവിലുള്ള ഒഴിവുകൾ അടിയന്തരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 1. നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായുള്ള ആർദ്രം മിഷനിൽ വിഭാവന ചെയ്യുന്നതുപോലെ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രസംഗത്തിൽ

പറഞ്ഞ 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ ആദ്യഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ സ്റ്റാഫ് നഴ്സ്, ഡോക്ടർമാർ, ലാബ് ടെക്നീഷ്യൻമാർ, ഫാർമസിസ്റ്റ് എന്നീ തസ്തികകളിൽ ആകെ 830 തസ്തികകൾ സൃഷ്ടിച്ചു നൽകിയിട്ടുണ്ട്. അതുപോലെതന്നെ ഒരു താലൂക്കിൽ മാനദണ്ഡപ്രകാരമുള്ള ഒരു താലൂക്കാശുപത്രിയും ജില്ലാ മാനദണ്ഡ പ്രകാരമുള്ള ഒരു ജില്ലാ ആശുപത്രിയും ഉറപ്പുവരുത്തുന്നതാണ്. ഇവയ്ക്കെല്ലാമായി 5257 തസ്തികകൾ ആരോഗ്യ വകുപ്പിൽ മൂന്ന് വർഷംകൊണ്ട് സൃഷ്ടിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ പ്രതി പാദിച്ചിട്ടുണ്ട്. അതിൻപ്രകാരം ജില്ലാ/താലൂക്ക്/ ജനറൽ ആശുപ ത്രികളിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി 891 പുതിയ തസ്തികകൾ ഉൾപ്പെടെ ആർദ്രം പദ്ധതിയുടെ ഭാഗമായി ഇതിനോടകം മൊത്തം 1721 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

2. പ്രസ്തുത പദ്ധതിക്കുള്ള ആദ്യഘട്ട പ്രവർത്തനത്തിനായി 2016-17 സാമ്പത്തിക വർഷത്തിൽനിന്നും G.O(Rt)773/17/H&FWD dated 22-03-2017 സർക്കാർ ഉത്തരവ് പ്രകാരം 12.92 കോടി രൂപ നാഷണൽ ഹെൽത്ത് മിഷന് കൈമാറിയിട്ടുണ്ട്.

3. എല്ലാ മെഡിക്കൽ കോളേജിലെ ഒ.പി.കളും രോഗീസൗഹൃദമാക്കി മാറ്റുന്നതിനുള്ള കരാർ നൽകിക്കഴിഞ്ഞു.

4. രോഗികൾക്ക് online appointment എടുത്ത് കൺസൾട്ടേഷൻ നടത്താനുള്ള software തയ്യാറായിക്കഴിഞ്ഞു.

5. തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ലബോറട്ടറി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 170 ലാബ് ടെക്നീഷ്യൻമാരുടെയും 150 ഫാർമസിസ്റ്റുമാരുടെയും തസ്തിക സൃഷ്ടിക്കുകയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെസ്റ്റിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇതിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കിയിട്ടുണ്ട്.

(ബി & സി) ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീഷ്യൻ) | 1 |
| 2 | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 1 |

| | | |
|---|---|---|
| 3 | സ്റ്റാഫ് നഴ്സ് | 4 |
| 4 | നഴ്സിംഗ് അസിസ്റ്റന്റ് | 3 |
| 5 | ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I | 3 |
| 6 | ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് II | 1 |
| 7 | ലാബ് ടെക്നീഷൻ | 1 |

മേൽപ്പറഞ്ഞ തസ്തികകളിൽ ജൂനിയർ കൺസൾട്ടന്റ് (പീഡിയാട്രീഷ്യൻ)-ന്റെ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ തസ്തികയിലേയ്ക്ക് പി.എസ്.സി.യിൽനിന്ന് നിയമന ശിപാർശ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടപടി സ്വീകരിച്ചിട്ടുണ്ട്. ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ് I & II ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റ്

285 (274) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി ഏതെല്ലാം തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) ട്രോമാ കെയർ യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിനായി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ ട്രോമാകെയർ യൂണിറ്റിനായി പുതിയ കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ടി ട്രോമാകെയർ യൂണിറ്റിലേയ്ക്ക് 90 ലക്ഷം രൂപയുടെ ഉപകരണങ്ങൾ 2016-17 സാമ്പത്തിക വർഷത്തിൽ അനുവദിച്ചിട്ടുണ്ട്. ട്രോമാകെയറുമായി ബന്ധപ്പെട്ട് ഈ സ്ഥാപനത്തിലെ ഒരു ജനറൽ സർജനും സ്റ്റാഫ് നഴ്സിനും പരിശീലനം നൽകിയിട്ടുണ്ട്. 2017-18 പ്ലാനിൽ ഉൾപ്പെടുത്തി സി.ടി. സ്കാൻ മെഷീൻ അനുവദിച്ചിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതി അനുസരിച്ച് സ്റ്റാഫ് നഴ്സിന്റെ രണ്ടും ഇ.സി.ജി. ടെക്നീഷ്യന്റെ ഒന്നും കാഷ്വാലിറ്റി മെഡിക്കൽ ഓഫീസറുടെ രണ്ടും തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ട്രോമാകെയർ യൂണിറ്റിനായി 90 ലക്ഷം (തൊണ്ണൂറ് ലക്ഷം) രൂപയുടെ ഉപകരണങ്ങൾ വാങ്ങുവാൻ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. ഇതിൽ 29,63,276 (ഇരുപത്തി ഒമ്പത് ലക്ഷത്തി അറുപത്തി മൂവായിരത്തി ഇരുനൂറ്റി എഴുപത്തി ആറ് രൂപ മാത്രം) രൂപയുടെ ഉപകരണങ്ങൾ ഇതിനകം ടി സ്ഥാപനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

## ഡോക്ടർമാരുടെ കുറവ്

286 (275) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താലൂക്ക് ജില്ലാ ആശുപത്രികളിലെ ഡോക്ടർമാരുടെ കുറവ് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഒരു കാത്ത് ലാബ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ താലൂക്ക്, ജില്ലാ ആശുപത്രികളിലെ അസിസ്റ്റന്റ് സർജന്മാരുടെ തസ്തികയിലെ കുറവ് പരിഹരിക്കുന്നതിലേയ്ക്കായി കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അഡ്വൈസ് ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ദ്രുതഗതിയിൽ നിയമനങ്ങൾ നൽകിവരുന്നു. അസിസ്റ്റന്റ് സർജൻ തസ്തികയിൽ സ്പെഷ്യാലിറ്റി യോഗ്യതയുള്ളവരിൽനിന്നും ഓപ്ഷൻ സ്വീകരിച്ച് സ്പെഷ്യലിസ്റ്റ് തസ്തികകളിലും നിയമനം നൽകിവരുന്നു. അഡ്മിനിസ്ട്രേറ്റീവ് കേഡർ, സ്പെഷ്യാലിറ്റി കേഡർ എന്നിവയിൽ വകുപ്പുതല സ്ഥാനക്കയറ്റ കമ്മിറ്റികൾ ചേർന്ന് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മാവേലിക്കര ജില്ലാ ആശുപത്രിയിൽ ഡോക്ടർമാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**മെഡിക്കൽ കോളേജിൽ ബാർബർമാരുടെ ഒഴിവ്**

287 (276) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ബാർബർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഒഴിഞ്ഞുകിടക്കുകയാണോ;

(സി) എങ്കിൽ, ഈ തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഈ തസ്തികകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) 3 (മൂന്ന്) തസ്തികകൾ.

(ബി) 2 (രണ്ട്) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു.

(സി&ഡി) ഒഴിഞ്ഞുകിടക്കുന്ന തസ്തികകളിലേയ്ക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കാസർഗോഡ് മെഡിക്കൽ കോളേജ് നിർമ്മാണം**

288 (277) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണം അനന്തമായി നീളാൻ കാരണമെന്താണ്;

(സി) മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന് ആവശ്യമായ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ തുകയിൽ നാളിതുവരെ സർക്കാർ അനുവദിച്ചത് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത നിർമ്മാണത്തിനായി നബാർഡിൽനിന്ന് വായ്പ അനുവദിച്ചു കിട്ടിയിട്ടുണ്ടോ; എങ്കിൽ വായ്പാത്തുക എത്രയെന്നും പ്രസ്തുത തുക ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ചോ എന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള തടസ്സമെന്താണെന്നും പ്രസ്തുത തടസ്സം നീക്കാൻ നാളിതുവരെ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നും അറിയിക്കുമോ;

(എഫ്) നബാർഡിൽനിന്ന് വായ്പ അനുവദിച്ചുകിട്ടിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ജി) കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണം പൂർത്തിയാക്കി എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) അക്കാദമിക് കെട്ടിടത്തിന്റെ മരാമത്ത് പണികൾ 80 ശതമാനത്തിലധികം പൂർത്തിയായി. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനുള്ള സാങ്കേതികാനുമതി ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത നിർമ്മോണം പുരോഗമിച്ചുവരികയാണ്.

(സി&ഡി) മെഡിക്കൽ കോളേജിനായി 282.68 കോടി രൂപയുടെ ധാരണാപത്രം സ്പെഷ്യൽ ഓഫീസറും കിറ്റ്കോയുമായി ഒപ്പിട്ടു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾക്കായി ഭരണാനുമതി നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1. | അക്കാദമിക് ബ്ലോക്ക് | - 25 കോടി രൂപ |
| 2. | അക്കാദമിക് ബ്ലോക്ക് വൈദ്യുതീകരണം | - 24,63,600 രൂപ |
| 3. | ഇ.എൽ.വി. വർക്സ് | - 18,19,700 രൂപ |
| 4. | ഫയർ പ്രൊട്ടയിൻ സിസ്റ്റം | - 17,42,000 രൂപ |
| 5. | ആശുപത്രി കെട്ടിടം | - 95,08,75,877 രൂപ |

(ഇ) ഉണ്ട്. ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണത്തിനായി 58.18 കോടി രൂപ നബാർഡ് വായ്പ അനുവദിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്.

(എഫ്) നബാർഡ് ജനറൽ മാനേജരുടെ (കേരള റീജിയണൽ ഓഫീസ്) 14-11-2014 തീയതിലെ കത്ത് പ്രകാരം വായ്പാത്തുക അനുവദിച്ചിട്ടുണ്ട്.

(ജി) മെഡിക്കൽ കോളേജിന്റെ കെട്ടിട നിർമ്മാണം പൂർത്തിയാക്കി സാങ്കേതിക പരിശോധനയും യന്ത്രസാമഗ്രികളുടെ പരിശോധനയും ഉൾപ്പെടെ മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**മെഡിക്കൽ കോളേജുകളിലെ ചികിത്സാ സംവിധാനം**

289 (278) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മെഡിക്കൽ കോളേജുകൾ നിലവിലുണ്ട് അവ ഏതൊക്കെ;

(ബി) മെഡിക്കൽ കോളേജുകളിലെ വളരെ പ്രധാനപ്പെട്ട ചികിത്സാ സംവിധാനങ്ങളിൽ ഒന്നായ വെന്റിലേറ്റർ മിക്ക സ്ഥലങ്ങളിലും കേടായിട്ടുള്ള അവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇതുമൂലം അപകടങ്ങളിൽപ്പെട്ട് മെഡിക്കൽകോളേജ് ആശുപത്രികളിൽ എത്തുന്ന രോഗികളെ വെന്റിലേറ്റർ കേടായി, അല്ലെങ്കിൽ ഇപ്പോൾ ഒഴിവില്ലായെന്ന കാരണത്താൽ തൊട്ടടുത്തുള്ള സ്വകാര്യ ആശുപത്രികളിലേയ്ക്ക് പറഞ്ഞയച്ച് പാവപ്പെട്ട രോഗികളുടെ കയ്യിൽനിന്നും സ്വകാര്യ ആശുപത്രികൾ വെന്റിലേറ്റർ ചികിത്സയ്ക്കായി ലക്ഷങ്ങൾ തട്ടിയെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ:

(ഡി) കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളിലെ പലവിധത്തിലുള്ള രോഗികളെ ചികിത്സയ്ക്ക് വിധേയമാക്കുന്ന മിക്ക മെഷീനുകളും പ്രവർത്തനരഹിതമോ അല്ലെങ്കിൽ മെഷീനുകൾ ഇല്ലാത്ത അവസ്ഥയോ ആയതിനാൽ ഇവ കണ്ടുപിടിച്ച് പരിഹാരം കാണുന്നതിനായി സ്ഥിരംസംവിധാനം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിൽ 10 സർക്കാർ മെഡിക്കൽ കോളേജുകളാണുള്ളത്.

1. ടി.ഡി. മെഡിക്കൽ കോളേജ്, ആലപ്പുഴ
2. സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം
3. സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട്
4. സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം
5. സർക്കാർ മെഡിക്കൽ കോളേജ്, മഞ്ചേരി, മലപ്പുറം
6. സർക്കാർ മെഡിക്കൽ കോളേജ്, പാലക്കാട് (എസ്‌സി./എസ്ടി. വകുപ്പിനുകീഴിൽ)
7. സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ

8. സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം

9. സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം

10. സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി (കോളേജായി പ്രവർത്തിക്കുന്നില്ല.)

(ബി) ചിലയിടങ്ങളിൽ കേടായിട്ടുള്ള അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മെഡിക്കൽ കോളേജുകളിലെ മെഷീനുകൾ നിരന്തരമായ ഉപയോഗം കാരണവും കാലപ്പഴക്കംകൊണ്ടും പ്രവർത്തനരഹിതമാകാറുണ്ട്. ഇവ അടിയന്തരമായി റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കി രോഗികൾക്ക് ചികിത്സ നൽകാറുണ്ട്. പുതിയ മെഷീനുകൾ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മെഡിക്കൽ കോളേജുകളിലെ നിലവിലുള്ള ഉപകരണങ്ങളുടെ പരിപാലനത്തിനും ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണത്തിനുമായി 2017-18-ലെ ബഡ്ജറ്റിൽ 23 കോടി രൂപ പദ്ധതിയിനത്തിൽ അനുവദിക്കുകയും ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

**മങ്കട നിയോജക മണ്ഡലത്തിലെ ആശുപത്രികൾ**

290 (279) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ പാങ്ങ് പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ (പരിഷ്കാരങ്ങൾ) നടപ്പിലാക്കിയിട്ടുണ്ട്;

(ബി) മങ്കട സി.എച്ച്.സി.-യെ സ്റ്റാൻഡേർഡൈസേഷൻ (ഏകീകരണം) നടത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) മങ്കട ഗ്രാമപഞ്ചായത്തിൽ പുതുതായി ഹോമിയോ ആശുപത്രി അനുവദിച്ചിട്ടുണ്ടോ; നിലവിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചുവരുന്ന നടപടികളെ സംബന്ധിച്ച് വിശദീകരിക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ എം.എൽ.എ. ഫണ്ടുപയോഗിച്ച് പുതിയ ഒ.പി. ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചുവരികയാണ്.

(ബി) ആർദ്രം പദ്ധതിയിൽ ബ്ലോക്കുതല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്ക് തെരഞ്ഞെടുക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കരട് ലിസ്റ്റിൽ ബ്ലോക്ക്തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) അനുവദിച്ചിട്ടില്ല. സർക്കാർ തലത്തിൽ പരിശോധിച്ചുവരികയാണ്.

**നായരമ്പലം പ്രാഥമികാരോഗ്യ കേന്ദ്രം**

291 (280) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തിക്കൊണ്ട് വൈപ്പിൻ നിയോജക മണ്ഡലത്തിലെ നായരമ്പലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ആരംഭിച്ച പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതി പ്രകാരം ഇനിയും എന്തൊക്കെ കാര്യങ്ങളാണ് പ്രസ്തുത കേന്ദ്രത്തിൽ പൂർത്തീകരിക്കാനുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ആർദ്രം പദ്ധതിയിലുൾപ്പെടുത്തി നായരമ്പലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നിവരുടെ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി 13,66,000 (പതിമൂന്ന് ലക്ഷത്തി അറുപത്തിയാറായിരം രൂപ മാത്രം) രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) നായരമ്പലം പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ പഴയ കെട്ടിടത്തിൽ ലാബ്, ഫാർമസി സൗകര്യങ്ങളോടുകൂടിയ പരിഷ്കരണം പൂർത്തീകരിച്ചുവരുന്നുണ്ട്. ടി പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ സ്റ്റാഫ് നഴ്സിന്റെ 2 തസ്തികകൾ സൃഷ്ടിച്ചതിൽ ഒരു സ്റ്റാഫ് നഴ്സിനെ നിയമിച്ചിട്ടുണ്ട്. ടി തസ്തികയിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആർദ്രം മിഷന്റെ ഭാഗമായി ഒരു ഡോക്ടർ, ലാബ് ടെക്നീഷ്യൻ തസ്തിക സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്. ഫാർമസിസ്റ്റിന്റെ തസ്തിക അനുവദിച്ചിട്ടുണ്ട്.

## ഒഴൂർ പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം

292 (282) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജക മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ഒഴൂർ പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ബജറ്റിൽ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിരുന്ന പദ്ധതിക്കായി ഡി.പി.ആർ സമർപ്പിച്ച് ഒട്ടേറെ മാസങ്ങൾ കഴിഞ്ഞിട്ടും ഭരണാനുമതി നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) മേൽസൂചിപ്പിച്ച ഒഴൂർ പി.എച്ച്.സി.-ക്ക് പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്ന പി.എച്ച്.സി.-കൾക്ക് പുതുതായി എന്തൊക്കെ സൗകര്യങ്ങളാണ് ഒരുക്കാൻ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ & ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ഒഴൂർ പി.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ഡി.പി.ആർ. ലഭിച്ചെങ്കിലും പ്രസ്തുത പദ്ധതിയിൻ കീഴിൽ പുതിയ കെട്ടിട നിർമ്മാണത്തിന് വ്യവസ്ഥ ഇല്ലാത്തതിനാൽ പ്രസ്തുത നിർമ്മാണ പ്രവർത്തിക്കാവശ്യമായ തുക കണ്ടെത്തണമെന്ന ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്.

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പി.എച്ച്.സി.-കൾക്ക് നിലവിലുള്ള ഡോക്ടർക്ക് പുറമേ രണ്ട് ഡോക്ടർമാർ (ആകെ മൂന്ന് ഡോക്ടർമാർ) അതിലൊന്ന് എൻ.എച്ച്.എം. വഴിയോ പ്രാദേശികമായി എൽ.എസ്.ജി. നിയമിച്ചതോ ആയിരിക്കും. കൂടാതെ ഒരു ഫാർമസിസ്റ്റ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളും ഏർപ്പെടുത്തി രാവിലെ 9 മണി മുതൽ വൈകിട്ട് 6 മണി വരെ ഒ.പി. സേവനം ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടം, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം എന്നിവ ക്രീമകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടി

293 (283) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെടുന്ന ഉമ്മന്നൂർ, വാപ്പാല പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന നടപടി ഏത് ഘട്ടത്തിലാണ്;

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളിൽ ഉണ്ടാകുന്ന മാറ്റങ്ങൾ വിശദമാക്കുമോ?

### ഉത്തരം

(എ) കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ വെളിയം (വാപ്പാല) പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ ഉദ്ഘാടനം നടത്തുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. ഉമ്മന്നൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 1 ഡോക്ടർ, 2 സ്റ്റാഫ് നഴ്സ്, 1 ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും നിയമനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ, ആരോഗ്യ കേന്ദ്രത്തിലേയ്ക്ക് ആവശ്യമായ സൈനേജുകൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം, രോഗികൾക്ക് ആവശ്യത്തിന് ഇരിപ്പിടങ്ങൾ, കുടിവെള്ള സൗകര്യം, ടോയ്‌ലെറ്റ് സൗകര്യം എന്നിവ ക്രമീകരിക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു. മൂന്ന് ഡോക്ടർമാരുടെ സേവനം, നഴ്സസ് പ്രീചെക്കും കൗൺസിലിംഗും, വൈകിട്ട് 6 മണിവരെ ഒ.പി. സേവനങ്ങൾ, ലബോറട്ടറി സൗകര്യം എന്നിവ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാക്കും എന്നതൊക്കെയാണ് ഉണ്ടാകുന്ന മാറ്റങ്ങൾ.

## യുനാനി ചികിത്സ

294 (284) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ യുനാനി ചികിത്സയുടെ പ്രോത്സാഹനത്തിനായി യുനാനി ഡിസ്പെൻസറികൾ/ആശുപത്രികൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്ന യുനാനി ഡോക്ടർമാർ എത്രയെന്ന് വിശദമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ യുനാനി ഡിസ്പെൻസറികൾ/ആശുപത്രികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയത് എവിടെ യെല്ലാമാണ്; വ്യക്തമാക്കുമോ;

(ഡി) പുതുതായി എത്ര യുനാനി ഡിസ്പെൻസറികൾ/ ആശുപത്രികൾ സ്ഥാപി ക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) ഏറനാട് മണ്ഡലത്തിൽ എവിടെയെല്ലാമാണ് യുനാനി ഡിസ്പെൻസറികൾ/ ആശുപത്രികൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1. <u>സർക്കാർ യുനാനി ഡിസ്പെൻസറി, കാസർഗോഡ് ജില്ല</u>

മൊഗ്രാൽ

2. <u>എൻ.എച്ച്.എം. യുനാനി ഡിസ്പെൻസറി, മലപ്പുറം ജില്ല</u>

1. ചെറിയമുണ്ടം
2. മഞ്ചേരി
3. മരക്കര
4. തിരുവലി
5. വളവന്നൂർ
6. വാഴക്കാട്

<u>കോഴിക്കോട് ജില്ല</u>

1. കാരശ്ശേരി
2. കൊടുവള്ളി
3. മടവൂർ
4. ഉണ്ണികുളം

<u>വയനാട് ജില്ല</u>

പനമരം

കണ്ണൂർ ജില്ല

1. കോട്ടയം മലബാർ

2. ചപ്പാരപ്പടവ്

3. കീഴൂർ-ചാവശ്ശേരി

പാലക്കാട് ജില്ല

നല്ലേപ്പിള്ളി

(ബി) മെഡിക്കൽ ഓഫീസർ (സ്ഥിരം)-1

മെഡിക്കൽ ഓഫീസർ (താൽക്കാലികം)-15

(സി) ഇല്ല.

(ഡി) മലപ്പുറം താനാളൂർ ഗ്രാമപഞ്ചായത്തിൽ യുനാനി ഡിസ്പെൻസറി അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഇ) ഇതുസംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല.

**മുനമ്പം പി.എച്ച്.സി.**

295 (285) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനമ്പം പി.എച്ച്.സി.-യെ ഫാമിലി ഹെൽത്ത് ക്ലിനിക്കായി ഉയർത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) വൈപ്പിൻ ബ്ലോക്കിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ നിലവിലില്ലാത്തതിനാൽ മുനമ്പം പി.എച്ച്.സി. ഫാമിലി ഹെൽത്ത് സെന്ററിനേക്കാൾ ഉയർന്ന സൗകര്യം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്ന സാഹചര്യത്തിൽ ടി.പി.എച്ച്.സി.-യെ സി.എച്ച്.സി. ആയി ഉയർത്തുന്നതിന് പരിഗണിച്ചിട്ടില്ല.

## നഗരൂർ പ്രൈമറി ഹെൽത്ത് സെന്ററിന്റെ മന്ദിര നിർമ്മാണം

296 (286) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നഗരൂർ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പുതിയ മന്ദിര നിർമ്മാണത്തിനായി സമർപ്പിച്ച പ്രൊപ്പോസൽ വർക്കിംഗ് ഗ്രൂപ്പ് പരിഗണിക്കാതിരുന്നതിന്റെ സാഹചര്യം വിശദമാക്കുമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിനുകീഴിലുള്ള "പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നഗരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ശിപാർശ ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. എന്നാൽ 2017-18 സാമ്പത്തിക വർഷത്തെ ആരോഗ്യ വകുപ്പിനുകീഴിലുള്ള "പ്രധാന നിർമ്മാണ പ്രവർത്തനങ്ങൾ" എന്ന പദ്ധതിയിൽ ജില്ലാ ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകിയിട്ടുള്ളതിനാൽ നഗരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണ പ്രവൃത്തി നടപ്പ് സാമ്പത്തിക വർഷം പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല.

## വണ്ടാഴി പ്രാഥമികാരോഗ്യ കേന്ദ്രം

297 (287) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ നിയോജക മണ്ഡലത്തിലെ വണ്ടാഴി പ്രാഥമികാരോഗ്യ കേന്ദ്രം കുടുംബാരോഗ്യ കേന്ദ്രമാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനായി നീക്കിവച്ച ഫണ്ട് എത്രയാണെന്നറിയിക്കാമോ;

(സി) പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കുമ്പോൾ വേണ്ടി വരുന്ന സ്റ്റാഫിന്റെ ഫിക്സേഷൻ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 28-3-2017-ലെ സ.ഉ.(സാധാ.) നമ്പർ 845/2017 പ്രകാരം വണ്ടാഴി പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയിട്ടുണ്ട്.

(ബി) ടി കുടുംബാരോഗ്യ കേന്ദ്രത്തിലേയ്ക്കായി 13,00,000(പതിമൂന്ന് ലക്ഷം) രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) നിലവിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങളിൽ നിലവിലുള്ള ജീവനക്കാർക്ക് പുറമെ ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ ക്രമത്തിലാണ് സ്റ്റാഫ് പാറ്റേൺ നിശ്ചയിച്ചിട്ടുള്ളത്.

**ആമച്ചൽ പി.എച്ച്.സി.**

298 (288) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാട്ടാക്കട മണ്ഡലത്തിലെ ആമച്ചൽ പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന്റെ നടപടി ക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) നബാർഡിന്റെ സഹായത്തോടെ ഇവിടെ നിർമ്മിക്കുന്ന കെട്ടിടത്തിന്റെ പ്രവർത്തനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇലക്ട്രിഫിക്കേഷൻ ഉൾപ്പെടെയുള്ള പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാകും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുടെ ആദ്യഘട്ടത്തിൽത്തന്നെ തിരുവനന്തപുരം ജില്ലയിലെ ആമച്ചൽ പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുകയും ടി സ്ഥാപനത്തിലേയ്ക്ക് ഒരു ഡോക്ടറുടെയും രണ്ട് സ്റ്റാഫ് നഴ്സിന്റെയും ഒരു ലാബ് ടെക്നീഷ്യന്റെയും തസ്തികകൾകൂടി സൃഷ്ടിച്ചിട്ടുമുണ്ട്. ഈ സ്ഥാപനത്തിലെ പ്രൈമറി വെയിറ്റിംഗ് ഏരിയയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി രോഗികൾക്ക് ഇരിക്കാനുള്ള കസേരകളും കൂടാതെ കുടുംബാരോഗ്യ കേന്ദ്രമെന്ന നിലയിൽ ആരോഗ്യ ബോധവൽക്കരണത്തിനായി ടി.വി.യും ആശുപത്രിയിൽ എത്തിച്ചിട്ടുണ്ട്.

(ബി) നബാർഡും ജില്ലാ പഞ്ചായത്തും സഹകരിച്ച് നിർമ്മിക്കുന്ന രണ്ട് കോടി രൂപയുടെ പുതിയ കെട്ടിടത്തിന്റെ സിവിൽ വർക്ക് ഒരു കോടി തൊണ്ണൂറ് ലക്ഷത്തി അൻപതിനായിരം രൂപ ചെലവഴിച്ച് പൂർത്തിയായി. ഇലക്ട്രിക്കൽ വർക്ക് 12.5 ശതമാനം എന്ന നിരക്കിൽ വേണ്ടത് 25 ലക്ഷം രൂപ ആണ്. ബാക്കി തുകയായ 9.5 ലക്ഷം രൂപയ്ക്ക് ഒരു നില ഇലക്ട്രിഫിക്കേഷൻ ചെയ്യുന്നതിനായി ടെണ്ടർ നടപടി പൂർത്തിയായി. ഒരു നിലയുടെ ഇലക്ട്രിഫിക്കേഷൻ ജോലികൾ പൂർത്തിയാക്കി കാട്ടാക്കട ഗ്രാമ പഞ്ചായത്തിന് കെട്ടിടം കൈമാറുന്ന മുറയ്ക്ക് ലോകബാങ്ക് ധനസഹായത്തോടെ രണ്ടാം നിലയും ഇലക്ട്രിഫിക്കേഷൻ ചെയ്യുമെന്നാണ് പഞ്ചായത്ത് അറിയിച്ചിരിക്കുന്നത്. ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയ ടി സ്ഥാപനം ഫെബ്രുവരി മാസം ഉദ്ഘാടനം നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

## അങ്കമാലി അയ്യംമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ നടപടി

299 (289) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുള്ളതെന്ന് നിയോജക മണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) എറണാകുളം ജില്ലയിലെ അങ്കമാലി നിയോജക മണ്ഡലത്തിലെ മലയോര പഞ്ചായത്തായ അയ്യംമ്പുഴയിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തെ എന്നത്തേക്ക് കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ഇതുസംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) 2018-19 സാമ്പത്തിക വർഷത്തിലേയ്ക്കായി ആർദ്രം പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത് കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന കരട് പട്ടികയിൽ അയ്യംമ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രം ഉൾപ്പെട്ടിട്ടുണ്ട്. അന്തിമ പട്ടിക തയ്യാറാക്കിയിട്ടില്ല.

## ജീവൻരേഖ പദ്ധതി

300 (290) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവൻരേഖ പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എല്ലാ സർക്കാരാശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ആരോഗ്യ ചികിത്സാ വിവരങ്ങൾ ഡിജിറ്റലായി ശേഖരിക്കുകയും പൊതുജനാരോഗ്യ കേന്ദ്രങ്ങളെ കംപ്യൂട്ടർശൃംഖലവഴി ബന്ധിപ്പിക്കുകയും ചെയ്യുന്ന പദ്ധതി ആരംഭിച്ച വർഷംതന്നെ സംസ്ഥാനത്ത് പകർച്ചവ്യാധി മൂലം ഏറ്റവും കൂടുതൽ ആളുകൾ മരിച്ചുവെന്ന ആരോഗ്യവകുപ്പിന്റെ റിപ്പോർട്ട് ഈ പദ്ധതിയുടെ പരാജയത്തെയാണോ സൂചിപ്പിക്കുന്നത് എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ജീവൻരേഖ പദ്ധതിയുടെ പ്രവർത്തനം ഗണ്യമായി പുരോഗമിച്ചിട്ടുണ്ട്. പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽകോളേജ് വരെയുള്ള 13 ആശുപത്രികളിൽ pilot implementation തീരുമാനിച്ചതിൽ 12 ആശുപത്രികളിലും hardware, Networking, Connectivity എന്നിവ പൂർത്തിയാക്കി. PHC വേളി, ചെറുന്നിയൂർ, ഉഴമലയ്ക്കൽ, CHC മണമ്പൂർ, വെള്ളനാട്, TH ഫോർട്ട്, ചിറയിൻകിഴ്, DH പേരൂർക്കട, PH ലാബ് എന്നീ 9 ആശുപത്രികളിൽ പൂർണ്ണമായും പദ്ധതി പ്രവർത്തനക്ഷമമാണ്. ഇ-ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായ പബ്ലിക് ഹെൽത്ത് മാനേജ്മെന്റ് digitalize ചെയ്ത് നടപ്പിലാക്കുന്നതിലേയ്ക്കായി താഴെപ്പറയുന്ന മൂന്ന് നടപടികൾ പൂർത്തിയാക്കി കഴിഞ്ഞു.

1. പബ്ലിക് ഹെൽത്ത് മാനേജ്മെന്റ് സോഫ്റ്റ്വെയർ ഡെവലപ് ചെയ്ത് ടെസ്റ്റ് നടത്തി Trial Run നടത്തി.

തിരുവനന്തപുരം ജില്ലയിലെ മൂന്ന് ഹെൽത്ത് ബ്ലോക്കിൽ Trial Run നടത്തി വിജയകരമെന്ന് ഉറപ്പാക്കി.

2. എല്ലാ ജില്ലകളിലുമായി ആരോഗ്യ വകുപ്പിലെ 9500 ഫീൽഡ് സ്റ്റാഫിന് കൈവശംവച്ച് ഉപയോഗിക്കുന്നതിനായി ടാബ്‌ലെറ്റ് PC വാങ്ങി വിതരണം നടത്തി.

3. ടാബ്‌ലെറ്റ് PC വിതരണം നൽകിയ എല്ലാ ഫീൽഡ് ജീവനക്കാർക്കും PC-യുടെ പ്രവർത്തനത്തിനാവശ്യമായ പരിശീലനം പൂർത്തിയാക്കി. പൗരന്മാരുടെ വിവരശേഖരണവും രോഗവിവരങ്ങളും ശേഖരിക്കുന്നതിലേയ്ക്കായി അവ ഉപയോഗിക്കുന്ന പ്രദേശത്തിന്റെ (locality) വിശദാംശം ശേഖരിക്കുന്ന Demographic Survey ഇപ്പോൾ 14 ജില്ലകളിലും നടന്നുവരുന്നു. ഇവ സർവ്വേ പൂർത്തിയാക്കുന്നമുറയ്ക്ക് വ്യക്തിയുടെയും അവരുടെ വീടുകളുടെയും വിശദാംശം ലഭ്യമാകും. ഓരോ locality-യിലെയും വ്യക്തികളുടെ ആധാർ കാർഡ് സ്കാൻ ചെയ്താണ് member details ശേഖരിക്കുന്നത്. പഞ്ചായത്ത്-വാർഡ് തലത്തിൽ ക്യാമ്പുകൾ സംഘടിപ്പിച്ച് ഈ പ്രവർത്തനം നടന്നുവരുന്നു.

(ബി) പദ്ധതിയുടെ ആദ്യഘട്ടം തിരുവനന്തപുരം, ആലപ്പുഴ, കാസർഗോഡ്, മലപ്പുറം, ഇടുക്കി, എറണാകുളം, കണ്ണൂർ എന്നീ ഏഴ് ജില്ലകളിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. എന്നാൽ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും OP Reception Module നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിക്കുകയാണ്. ഏഴ് ജില്ലകളിലാണ് പദ്ധതി പൂർണ്ണമായും ആദ്യഘട്ടത്തിൽ വിഭാവന ചെയ്തിട്ടുള്ളതെങ്കിലും എല്ലാ ജില്ലകളിലും വിവരശേഖരണം നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) ഇ-ഹെൽത്ത് പ്രോജക്ടിനുവേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയിൽപ്പെടുത്തി 96.12 കോടി രൂപയുടെ അനുമതി 2013-ൽ ലഭിക്കുകയും 2014 ഒക്ടോബർ ഒന്നിന് HP കമ്പനിയുമായി സോഫ്റ്റ്‌വെയർ ഡെവലപ്മെന്റിന് കരാറിൽ ഏർപ്പെടുകയും ചെയ്തെങ്കിലും ടി സ്ഥാപനത്തിന് സ്വന്തമായി സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിനുള്ള സാങ്കേതിക വിഭാഗം ഇല്ലാതിരുന്നതിനാൽ ന്യൂഡൽഹി ആസ്ഥാനമായ JKT എന്നൊരു സ്ഥാപനത്തെക്കൂടി ഉൾപ്പെടുത്തി പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചെങ്കിലും തുടർനടപടികൾ അനിശ്ചിതമായി നീളുകയാണുണ്ടായത്. നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ആധികാരിക വിവരശേഖരണവും Demographic Data ശേഖരിക്കുന്നതിനുള്ള നടപടികളും ഊർജ്ജിതമായത്. എന്നാൽ ഇതെല്ലാം കേന്ദ്രീകൃത കമ്പ്യൂട്ടർശൃംഖലയുമായി ബന്ധിപ്പിച്ച് സമഗ്ര നിരീക്ഷണ നിയന്ത്രണ സംവിധാനം പ്രാവർത്തികമാകുന്നതിന് കൂടുതൽ കാലയളവും വർദ്ധിച്ച ഫണ്ട് വിനിയോഗവും ആവശ്യമായി വരുമെന്നുള്ളതിനാൽ പദ്ധതി പ്രവർത്തനം തുടക്കംമുതൽ പാടെപരാജയമാണെന്ന വാദത്തിൽ കഴമ്പില്ല.

## കരുവേലിപ്പടി ആശുപത്രിയുടെ സമഗ്രവികസനം

301 (291) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2017-18 വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച കരുവേലിപ്പടി ആശുപത്രിയുടെ സമഗ്രവികസനത്തിനുള്ള ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) ഇനിയും തയ്യാറാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് എത്രയുംവേഗം തയ്യാറാക്കി സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) കരുവേലിപ്പടി ആശുപത്രിയുടെ സമഗ്ര വികസനത്തിനുള്ള നടപടികൾ അടങ്ങിയ ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പരിഗണനയിലാണ്.

## കോളറ, മലമ്പനി തുടങ്ങിയ പകർച്ചവ്യാധികളുടെ തിരിച്ചുവരവ്

302 (292) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുനിന്നും അപ്രത്യക്ഷമായെന്ന് കരുതിയിരുന്ന കോളറ, മലമ്പനി തുടങ്ങിയ മാരക പകർച്ചവ്യാധികൾ വീണ്ടും കണ്ടെത്തിയതായി വിവരം ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) കോളറ സംസ്ഥാനത്ത് എവിടെയാണ് അടുത്തകാലത്തായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) അന്യസംസ്ഥാന തൊഴിലാളികളിൽ ഇത്തരം രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ; ഇത്തരം രോഗങ്ങൾക്കെതിരെ അവരെ ബോധവത്ക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കോളറ സംസ്ഥാനത്തുനിന്നും അപ്രത്യക്ഷമായിരുന്നില്ല. താരതമ്യേന കുറഞ്ഞ തോതിലാണെങ്കിലും വർഷങ്ങളായി ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. 2011-13 കാലഘട്ടത്തെ അപേക്ഷിച്ച് 2016-17-ൽ കുറവാണ്. മലമ്പനി 1965-66-ൽ കേരളത്തിൽനിന്നും അപ്രത്യക്ഷമായി എങ്കിലും 1968 മുതൽ വീണ്ടും റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. മലമ്പനിബാധ കൂടുതലായുള്ള സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വിവിധ ആവശ്യങ്ങൾക്ക് വരുന്നവർവഴിയും അത്തരം സംസ്ഥാനങ്ങളിൽ പോയിരുന്ന കേരളീയർ വഴിയുമാണ് പ്രധാനമായും മലമ്പനി ബാധ കേരളത്തിൽ ഉണ്ടാകുന്നത്. ചില ജില്ലകളിൽ ചെറിയ തോതിൽ തദ്ദേശീയ മലമ്പനിയും ഉണ്ട്. എന്നാൽ മലമ്പനി ബാധിതരുടെ എണ്ണം ക്രമേണ കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

(ബി&സി) 2017 ആഗസ്റ്റിൽ പത്തനംതിട്ടയിൽ ഒരാൾക്കും കോഴിക്കോട് മൂന്നുപേർക്കും കോളറബാധ ഉണ്ടായി. ഒക്ടോബറിൽ കോഴിക്കോട് രണ്ടുപേർക്കും നവംബറിൽ തിരുവനന്തപുരത്ത് ഒരാൾക്കും കണ്ണൂരിൽ ഒരാൾക്കും ഈ രോഗം ഉണ്ടായി. 2018 ജനുവരിയിൽ ഇതുവരെ ഒരു കോളറ കേസ് എറണാകുളം ജില്ലയിൽ നിന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എല്ലാം ഇതര സംസ്ഥാന തൊഴിലാളികളിലാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ആകെ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന മലമ്പനിയുടെ 30-35 ശതമാനം ഇതര സംസ്ഥാന തൊഴിലാളികളാണ്. ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിലിടങ്ങളിലും വാസസ്ഥലങ്ങളിലും ആരോഗ്യ വകുപ്പിന്റെ മൊബൈൽ സ്ക്രീനിംഗ് ടീമും അതല്ലാതെയും സന്ദർശിച്ച് മലമ്പനി,

മന്ത്, കുഷ്ഠരോഗം, ജലജന്യ രോഗങ്ങൾ തുടങ്ങിയവ ബാധിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തി ആവശ്യമെങ്കിൽ ചികിത്സയും നൽകിവരുന്നുണ്ട്. വ്യക്തിശുചിത്വം, പരിസര ശുചിത്വം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച ബോധവത്കരണം അതത് ഭാഷകളിൽ അനുയോജ്യമായ സമയങ്ങളിൽ നടത്തിവരുന്നു. ഹെൽത്തി കേരള പരിപാടിയിലൂടെ ഇതര സംസ്ഥാന തൊഴിലാളി കേന്ദ്രങ്ങൾ ആരോഗ്യവകുപ്പും തൊഴിൽ വകുപ്പും സംയുക്തമായി പരിശോധന നടത്തി വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നുണ്ട്. 2018 ജനുവരി 3 മുതൽ 6 വരെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് മന്തുരോഗ സമൂഹ ചികിത്സയും എല്ലാ ജില്ലകളിലും നടപ്പിലാക്കുകയുണ്ടായി.

**ക്ഷയരോഗ നിർമ്മാർജ്ജന ദൗത്യം**

303 (293) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷയരോഗ വിമുക്തമാക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത ക്ഷയരോഗ നിർമ്മാർജ്ജന ദൗത്യം ആരുടെയെല്ലാം പങ്കാളി ത്തത്തോടെ നടപ്പിലാക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മുഴുവൻ ഭവനങ്ങളിലും സന്നദ്ധ പ്രവർത്തകർ സന്ദർശനം നടത്തി, ക്ഷയരോഗ നിർമ്മാർജ്ജന അവബോധം സൃഷ്ടിക്കുന്നതിനും ക്ഷയരോഗത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ സംശയ നിവാരണത്തിനായി സൗജന്യ പരിശോധന ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നറിയിക്കുമോ;

(ഡി) രോഗബാധ സ്ഥിരീകരിക്കപ്പെടുന്നവർക്ക് സൗജന്യ ചികിത്സയും അനുബന്ധ പരിശോധനയും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗ വിമുക്ത കേരളത്തിനായുള്ള ഒരു കർമ്മപദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. 2018 ജനുവരി മുതൽ മാർച്ച് വരെ കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലും സന്നദ്ധ പ്രവർത്തകർ എത്തി ഓരോ കുടുംബത്തേയും നേരിൽ കണ്ട് ക്ഷയരോഗ ത്തെപ്പറ്റി അവബോധം നൽകുകയും ക്ഷയരോഗത്തിന് അനുകൂല സാഹചര്യങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തുകയും ക്ഷയരോഗ ബാധയ്ക്കുള്ള വിദൂരസാധ്യതയുള്ളവർക്കു പോലും സംശയ നിവാരണത്തിനായുള്ള സൗജന്യ പരിശോധനകൾ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു.

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും പങ്കാളിത്തത്തോടുകൂടിയാണ് പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി ക്ഷയരോഗ നിർമ്മാർജ്ജന ദൗത്യം നടപ്പിലാക്കിവരുന്നത്.

(സി) ഉണ്ട്. കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗ വിമുക്ത കേരളത്തിനായുള്ള ഒരു കർമ്മ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. 2018 ജനുവരി മുതൽ മാർച്ച് വരെ കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലും സന്നദ്ധ പ്രവർത്തകർ എത്തി ഓരോ കുടുംബത്തേയും നേരിൽ കണ്ട് ക്ഷയരോഗത്തെപ്പറ്റി അവബോധം നൽകുകയും ക്ഷയരോഗത്തിന് അനുകൂല സാഹചര്യങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തുകയും ക്ഷയരോഗബാധയുള്ള വിദൂര സാധ്യതയുള്ളവർക്കുപോലും സംശയനിവാരണത്തിനായുള്ള സൗജന്യ പരിശോധനകൾ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു.

(ഡി) ക്ഷയരോഗബാധ സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ ചികിത്സയും അനുബന്ധ പരിശോധനയും സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## പകർച്ചപ്പനി നിയന്ത്രിക്കാൻ നടപടി

304 (294) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പകർച്ചപ്പനിമൂലം ഈ വർഷം സംസ്ഥാനത്ത് മരണപ്പെട്ടവരുടെ എണ്ണമെത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) പകർച്ചപ്പനി നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പകർച്ചപ്പനിമൂലം 2017-ൽ മരണപ്പെട്ടവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017-ൽ പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾക്കായി ഒരു വർഷം നീണ്ടുനിൽക്കുന്ന കർമ്മപദ്ധതി തയ്യാറാക്കി സംസ്ഥാന ജില്ലാ തലങ്ങളിൽ നടപ്പിലാക്കി. മാർച്ച് മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗംചേർന്ന് മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും തുടർന്ന് ആരോഗ്യ വകുപ്പും ശുചിത്വമിഷനും ചേർന്ന് നടപ്പിലാക്കുകയും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ചെയ്തു. അതോടൊപ്പം ഇതര വകുപ്പുകളുടെ സഹകരണം ഉറപ്പാക്കുന്നതിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലും യോഗം ചേരുകയുണ്ടായി. തുടർന്ന് വിവിധ തലങ്ങളിൽ ആരോഗ്യ വകുപ്പുദ്യോഗസ്ഥർക്ക് ആവശ്യമായ പരിശീലനങ്ങളും നടത്തുകയുണ്ടായി. പകർച്ചവ്യാധികൾ കൂടുതൽ ഉണ്ടാകാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ പ്രത്യേകിച്ചും നഗരപ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രത്യേക യോഗങ്ങളും നടത്തുകയുണ്ടായി. ഇതുകൂടാതെ പകർച്ചവ്യാധി പ്രതിരോധത്തിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാനുള്ള ബോധവൽക്കരണത്തിനും പ്രതിരോധ പ്രവർത്തന ക്യാമ്പെയിനുകൾ മാർച്ച് മാസം മുതൽ നടപ്പിലാക്കി. മാർച്ച് മാസം എല്ലാ ജില്ലകളിലും ആരോഗ്യ സന്ദേശയാത്ര നടത്തി. ഏപ്രിലിൽ കൊതുകിന്റെ പ്രധാന ഉറവിടങ്ങളും ഉണങ്ങിയ ഉറവിടങ്ങളും നീക്കം ചെയ്യുന്ന ക്യാമ്പയിനും പ്ലാന്റേഷനുകളിൽ കൊതുകുറവിട നശീകരണ ക്യാമ്പയിനും നടത്തി. മേയ് മാസം ജലശുചീകരണ ക്യാമ്പയിനും ക്ലീൻ ഓഫീസ് ക്ലീൻ പബ്ലിക് പ്ലേസ് ക്യാമ്പയിനും നടത്തി. ഇതുകൂടാതെ ഏപ്രിൽ, മേയ് മാസങ്ങളിൽ ഹെൽത്തി കേരളാ പരിശോധനകളിൽ പകർച്ചവ്യാധി സാഹചര്യങ്ങൾ സൃഷ്ടിച്ചവർക്കെതിരെ പൊതുജനാരോഗ്യ നിയമ പ്രകാരം ആവശ്യമായ നടപടികളും സ്വീകരിച്ചു. മേയ്, ജൂൺ മാസങ്ങളിൽ പകർച്ചവ്യാധികൾ കൂടുതലായി റിപ്പോർട്ടുചെയ്ത സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും ആരോഗ്യ മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്നതിന്റെ അടിസ്ഥാനത്തിൽ ജൂൺ 27, 28, 29 തീയതികളിൽ സംസ്ഥാന വ്യാപകമായി ശുചീകരണയജ്ഞം നടത്തി.

ആശുപത്രികളിൽ ആവശ്യമായ ഡോക്ടർമാർ, മറ്റ് സ്റ്റാഫ്, മരുന്ന്, അനുബന്ധ സാധനങ്ങൾ തുടങ്ങിയവയുടെ ലഭ്യത ഉറപ്പാക്കുകയും പനി വാർഡ്, പനി ക്ലിനിക്, മെഡിക്കൽ ക്യാമ്പ് തുടങ്ങിയവ സജ്ജീകരിക്കുകയും ചെയ്തു. ഒ.പി. സമയം വർദ്ധിപ്പിച്ചു. സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും പകർച്ചവ്യാധി നിരീക്ഷണ സെല്ലുകൾ (മോണിറ്ററിംഗ് സെൽ) രൂപീകരിച്ച് ദിവസേനയെന്നോണമുള്ള രോഗ വിവരങ്ങളും നിയന്ത്രണ പ്രവർത്തനങ്ങളും വിശകലനം ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിച്ചു. മേയ്, ജൂൺ, ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനതല ദ്രുത കർമ്മസേന യോഗം ചേർന്ന് പകർച്ചവ്യാധി സ്ഥിതിഗതികൾ ചർച്ച ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു. പകർച്ചവ്യാധികൾ റിപ്പോർട്ടുചെയ്ത സ്ഥലങ്ങളിൽ ഊർജ്ജിത നിയന്ത്രണ പ്രവർത്തനങ്ങൾ നടപ്പിലാക്കി. കൊതുകുജന്യ രോഗങ്ങൾ റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ സംയോജിത കൊതുകുനിയന്ത്രണ പ്രവർത്തനങ്ങൾ നടത്തി. ബോധവത്കരണത്തിന് വിവിധതരം പകർവ്യാധികൾ സംബന്ധിച്ച കൈപ്പുസ്തകങ്ങൾ ആറ് തരം (36000), ഡെങ്കി, മലേറിയ, ലെപ്റ്റോ, കെ.എഫ്.ഡി., സിക്കാ വൈറസ്, പനി മുതലയായവ സംബന്ധിച്ച ലഘുലേഖകൾ 50000 വീതം (3 ലക്ഷം) ടേബിൾ ടോപ്പ് കലണ്ടർ (3000), ഭിത്തിയിൽ തൂക്കാവുന്ന കലണ്ടറുകൾ, (ഡെങ്കി, മലമ്പനി, എച്ച്1 എൻ1, ലെപ്റ്റോ, സ്ക്രൈബ് ടൈഫസ്, മലേറിയ (12000)

തുടങ്ങിയവ സംസ്ഥാനതലത്തിൽ തയ്യാറാക്കി. കൂടാതെ ജില്ലാതലങ്ങളിലും ബോധവൽക്കരണ ഉപാധികൾ തയ്യാറാക്കിയിരുന്നു. ഇതുകൂടാതെ ടി.വി/റേഡിയോ സംഭാഷണങ്ങൾ, എഫ്.എം. റേഡിയോ സന്ദേശങ്ങൾ, റെയിൽവേ സ്റ്റേഷൻ അനൗൺസ്മെന്റ്, പത്രപരസ്യങ്ങൾ, വീഡിയോ, സി.ഡി., സിനിമാ സ്ലൈഡ്, സോഷ്യൽ മീഡിയ വഴിയുള്ള സന്ദേശങ്ങൾ തുടങ്ങിയവയും തയ്യാറാക്കി ബോധവൽക്കരണം കാര്യക്ഷമമാക്കി. ചികിത്സാ മാർഗ്ഗരേഖകൾ എല്ലാ ആശുപത്രികളിലും ലഭ്യമാക്കി. റാപ്പിഡ് റസ്പോൺസ് ടീം (ദ്രുതകർമ്മ സേന) (ആർ.ആർ.റ്റി.) വിവിധ തലങ്ങളിൽ രൂപീകരിച്ച് യോഗങ്ങൾ, രോഗം പൊട്ടിപ്പുറപ്പെടുമ്പോൾ ഇൻവെസ്റ്റിഗേഷൻ തുടങ്ങിയവ നടത്തി.

സംസ്ഥാനതലത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ, സംസ്ഥാന പൊതുജനാരോഗ്യ ടീമംഗങ്ങൾ എന്നിവരെ കൂടാതെ മെഡിക്കൽ കോളേജിലെ മെഡിസിൻ, ശിശുരോഗ വിഭാഗം, കമ്മ്യൂണിറ്റി മെഡിസിൻ, മൈക്രോബയോളജി വിഭാഗങ്ങളുടെ തലവന്മാർ ഐ.എം.എ (ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ) കെ.ജി.എം.ഒ.എ. (കേരള ഗവൺമെന്റ് മെഡിക്കൽ ഓഫീസേഴ്സ് അസോസിയേഷൻ) തുടങ്ങിയ മെഡിക്കൽ അസോസിയേഷൻ പ്രതിനിധികൾ, സ്റ്റേറ്റ് പി.എച്ച്. ലാബ് ഡയറക്ടർ, ആനിമൽ ഹസ്ബന്ററി വകുപ്പ് പ്രതിനിധി, ഹോമിയോ/ആയുർവേദം തുടങ്ങി ഇതര ചികിത്സാ വിഭാഗങ്ങളുടെ തലവന്മാർ തുടങ്ങിയവർ അംഗങ്ങളാണ്. ജില്ലാതലത്തിൽ ഡി.എം.ഒ., ഡി.പി.എം., മറ്റ് ജില്ലാതല പ്രോഗ്രാം ഓഫീസർമാർ അതാത് മെഡിക്കൽ കോളേജുകളിലെ മെഡിസിൻ/ പീഡിയാട്രിക്സ്/കമ്മ്യൂണിറ്റി മെഡിസിൻ/ മൈക്രോ ബയോളജി വിഭാഗം തലവൻ അല്ലെങ്കിൽ ജില്ലാ/ജനറൽ ആശുപത്രി ഫിസിഷ്യൻ, പീഡിയാട്രീഷ്യൻ/പബ്ലിക് ഹെൽത്ത് ലാബിലെ മൈക്രോബയോളജിസ്റ്റ്, മെഡിക്കൽ അസോസിയേഷൻ ജില്ലാതല പ്രതിനിധികൾ ഇതര ചികിത്സാ വിഭാഗങ്ങളുടെ ജില്ലാ തലവന്മാർ തുടങ്ങിയവർ അംഗങ്ങളായിരിക്കും. ബ്ലോക്ക് തലത്തിൽ ബ്ലോക്ക് എം.ഒ.-യെ കൂടാതെ പി.എച്ച്.സി.-യിലെ മറ്റ് ഡോക്ടർമാർ, ഹെൽത്ത് സൂപ്പർവൈസർ തുടങ്ങിയവരാണ് അംഗങ്ങൾ. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ മെഡിക്കൽ ഓഫീസർ-ഇൻ- ചാർജ്ജിനും ഹെൽത്ത് ഇൻസ്പെക്ടർക്കുമാണ് റാപ്പിഡ് റെസ്പോൺസ് ടീമിന്റെ ചുമതല.

## ആശുപത്രികളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് നടപടി

305 (296) ഡോ. എൻ. ജയരാജ് :

ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ, താലൂക്ക് ആശുപത്രികളിലും പ്രൈമറി, ഫാമിലി ഹെൽത്ത് സെന്ററിലും നിലവിലുള്ള സ്റ്റാഫ് പാറ്റേൺ എന്ന് നിലവിൽവന്നതാണെന്ന് വ്യക്തമാക്കുമോ;

(ബി) ജനസംഖ്യാ വർദ്ധനവിന് ആനുപാതികമായി പ്രസ്തുത സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിന് സമഗ്ര പാക്കേജ് നടപ്പാക്കുമോ എന്ന് വ്യക്തമാക്കാമോ;

(സി) കാത്ത് ലാബ്, ഇ.സി.ജി, എക്സ്റേ, ആധുനിക ലാബ്, ആംബുലൻസ് എന്നീ സൗകര്യങ്ങൾ അനുവദിച്ചിട്ടുള്ള ആശുപത്രികളിൽ ഇതിനാവശ്യമായ സ്ഥിരം സ്റ്റാഫിന്റെ ലഭ്യത ഉറപ്പുവരുത്താൻ ഈ പാക്കേജിൽ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ആരോഗ്യ വകുപ്പിൽ ആശുപത്രികളുടെ ഐ.പി. വിഭാഗംകിടക്കകളുടെ എണ്ണം മാത്രം ആസ്പദമാക്കി 1961-ൽ സ്റ്റാഫ് പാറ്റേൺ നിലവിൽവന്നു. സ്റ്റാഫ് പാറ്റേൺ നിലവിൽ വന്നശേഷം ആരോഗ്യ രംഗത്ത് ആധുനികവും നൂതനവുമായ ചികിത്സാ വിഭാഗങ്ങൾ ആരംഭിക്കുകയുണ്ടായി. ടി സ്റ്റാഫ് പാറ്റേൺ സംബന്ധിച്ച ഉത്തരവിൽ 2008-ൽ ഭേദഗതി വരുത്തിയിട്ടുള്ളതാണ്. ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ ക്രമീകരിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും ടി സ്ഥാപനങ്ങളിൽ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) തെരഞ്ഞെടുക്കപ്പെട്ട കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട ലബോറട്ടറി സേവനങ്ങൾ ലഭ്യമാക്കുന്നതിനായി 170 ലാബ് ടെക്നീഷ്യൻമാരുടെയും 150 ഫാർമസിസ്റ്റുമാരുടെയും തസ്തിക സൃഷ്ടിക്കുകയും കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെസ്റ്റിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തി ഇതിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

## ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

306 (297) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒക്കുപ്പേഷണൽ തെറാപ്പി ബിരുദ കോഴ്സ് പാസ്സായി സർക്കാർ മെഡിക്കൽ കോളേജിലും വിവിധ ആശുപത്രികളിലും ജോലി നോക്കിവരുന്ന ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകൾക്ക് രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുവാൻ നിലവിൽ കേരളത്തിൽ രജിസ്ട്രേഷൻ നടത്താൻ കഴിയാത്തതും വ്യാജ പ്രാക്ടീസ് തടയുന്നതിന് മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലെ കൗൺസിൽ രൂപീകരിക്കുന്നതും സംബന്ധിച്ച് നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ;

(ബി) ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ ശമ്പളം നിർണ്ണയിച്ചത് യോഗ്യതയ്ക്ക് അനുസരണമല്ല എന്ന പരാതി പരിഹരിക്കുന്നതിനും അനോമലി പരിഹരിക്കുന്നതിനും 56 മ 8709/എച്ച്2/2016/ ആ.കു.വ. എന്ന ഫയലിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഈ ഫയലിൽ തീരുമാനം കൈക്കൊള്ളുവാനുണ്ടായ കാലതാമസം വ്യക്തമാക്കാമോ; ഈ ഫയൽ എത്രയുംവേഗം തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ എത്ര ഒഴിവുകൾ ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽനിന്നും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്; ശൂന്യവേതന വ്യവസ്ഥയിൽ വിദേശത്ത് ജോലിക്ക് പോയ തൃശ്ശൂർ ജില്ലയിൽ നിന്നുള്ള വ്യക്തിയുടെ ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; ഇത് എന്നത്തേയ്ക്ക് റിപ്പോർട്ട് ചെയ്യും എന്നറിയിക്കാമോ; ഈ ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് അറിയിക്കാമോ;

(ഡി) ആർദ്രം കേരളം പദ്ധതിയിൽ, ഭിന്നശേഷിക്കാരെയും ഓട്ടിസം, സെറിബ്രൽപാൾസി, പക്ഷാഘാതം മുതലായവ ബാധിച്ചവരെയും പരിചരിക്കുന്ന ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളെ താലൂക്കാശുപത്രിതലം മുതൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത് ഒക്കുപ്പേഷണൽ തെറാപ്പിയിലുള്ള ബിരുദം അല്ലെങ്കിൽ അംഗീകൃത സർവ്വകലാശാല നൽകുന്ന ഡിപ്ലോമ ഇൻ ഒക്കുപ്പേഷണൽ തെറാപ്പിയാണ്. ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെയും ആരോഗ്യ വകുപ്പിലെയും ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റിന്റെ ജോലി സ്വഭാവവും തമ്മിൽ വ്യത്യാസമുണ്ട്. അതിനാൽ ശമ്പള കമ്മീഷൻ ശിപാർശ ചെയ്ത 27800-59400 എന്ന സ്കെയിൽ തന്നെയാണ് ഇപ്പോൾ നിശ്ചയിച്ചിട്ടുള്ളത്.

(സി) ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റുകളുടെ ഒഴിവുകളൊന്നും ഇനി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനില്ല. ശൂന്യവേതന വ്യവസ്ഥയിൽ വിദേശത്ത് ജോലിക്ക് പോയ ശ്രീ. ജയകുമാർ വി. യുടെ ഒഴിവ് ഉൾപ്പെടെ എല്ലാ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫയൽ ഇപ്പോൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ

307 (299) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ആരോഗ്യമേഖലയിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ആരോഗ്യമേഖലയിൽ എത്ര പുതിയ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനം ആരോഗ്യരംഗത്ത് നേരിടുന്ന പ്രതിസന്ധികൾ പരിഹരിക്കാനായി ഒട്ടേറെ പുതിയ ആരോഗ്യ പരിപാടികൾക്ക് സർക്കാർ തുടക്കമിട്ടതിൽ ആർദ്രം മിഷൻ എന്ന പദ്ധതി, ആരോഗ്യ മേഖലയെ മെച്ചപ്പെടുത്തുന്നതിനും ആരോഗ്യ രംഗത്ത് പൊതുമേഖലയുടെ ശക്തമായ തിരിച്ചുവരവ് ശക്തിപ്പെടുത്തലും വഴി സമയബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യ മേഖലയെ പുന:സംഘടിപ്പിക്കാനും പ്രാഥമിക ചികിത്സാ രംഗത്ത് മുൻഗണന നൽകുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ഡോക്ടർമാർ, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. 80-ഓളം കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തന സജ്ജമായിട്ടുണ്ട്. ടി സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസ്ഡ് ഒ.പി. രജിസ്ട്രേഷൻ, രോഗികൾക്ക് മെച്ചപ്പെട്ട ഇരിപ്പിട സൗകര്യങ്ങൾ, സ്വകാര്യതയോടുകൂടിയ കൺസൾട്ടേഷൻ സൗകര്യങ്ങൾ, നഴ്സിംഗ് കൗൺസിലിംഗ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ ക്രമീകരിക്കുന്നതിന്റെ നടപടികൾ പൂർത്തിയായിവരുന്നു. സ്പെഷ്യാലിറ്റി /സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലേയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ജില്ല/ജനറൽ ആശുപത്രികളിൽ സ്പെഷ്യാലിറ്റി തസ്തികകൾ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്. അതോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിലായി ഡോക്ടർ ഉൾപ്പെടെയുള്ള അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. (സ്പെഷ്യാലിറ്റി തസ്തികകൾ ഉൾപ്പെടെ 891 തസ്തികകൾ) തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ കിഫ്ബി മുഖേനയും ജില്ലാതല ആശുപത്രികളിലെ കാത്ത് ലാബ് സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് വഴിയും സംസ്ഥാന പ്ലാൻഫണ്ട്

ചെലവഴിച്ചും നടന്നുവരുന്നു. കൂടാതെ മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ പുതിയതായി സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയും പത്തനംതിട്ട, വയനാട് എന്നീ ജില്ലകളിൽ പുതിയതായി പബ്ലിക് ഹെൽത്ത് ലാബുകളും ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ 2130 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

## ഒപ്ടോമെട്രിസ്റ്റ് തസ്തിക

308 (300) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ല-താലൂക്ക് ആശുപത്രികളിലും സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിലും കാഴ്ച പരിശോധകരെ (ഒപ്റ്റോമെട്രിസ്റ്റ്) നിയമിക്കുന്നതിന്റെ ഭാഗമായി എത്ര പുതിയ തസ്തികകളാണ് സൃഷ്ടിക്കുവാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) 2017-18-ലെ ബജറ്റിൽ ഈ തസ്തികയ്ക്കായി തുക നീക്കിവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(സി) ആരോഗ്യവകുപ്പിൽ കഴിഞ്ഞ 19 വർഷമായി ഈ വിഭാഗത്തിൽ പുതുതായി തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത ജീവനക്കാരുടെ കുറവ് ജില്ല-താലൂക്ക് ആശുപത്രികളിലെ നേത്രചികിത്സ വിഭാഗത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുമെന്നതിനാൽ അടിയന്തരമായി തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 7 ഒപ്ടോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്.

(ഡി) ആർദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 7 ഒപ്ടോമെട്രിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. തുടർന്നും ആവശ്യകത അനുസരിച്ച് പ്രൊപ്പോസലുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

## പുതിയ തസ്തികകൾ

309 (301) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ ആരോഗ്യവകുപ്പിലും സാമൂഹ്യനീതി വകുപ്പിലും എത്ര തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) ആശുപത്രികൾ മികച്ച നിലവാരത്തിലേക്ക് ഉയർത്തുന്നതിനും രോഗികൾക്ക് നല്ല ചികിത്സ ലഭ്യമാക്കുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്എന്നറിയിക്കാമോ?

ഉത്തരം

(എ) ആരോഗ്യ വകുപ്പിൽ ആകെ 2130 തസ്തികകളും സാമൂഹ്യനീതി വകുപ്പിൽ 32 തസ്തികകളും പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം I, II എന്നിവയിൽ കാണാവുന്നതാണ്.*

(ബി) അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ആരോഗ്യ വകുപ്പ് ആശുപത്രികളെ രോഗീസൗഹൃദ ആശുപത്രികളായി മാറ്റുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആർദ്രം മാനദണ്ഡ പ്രകാരമുള്ള സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി 17 ജില്ലാ ആശുപത്രികളെയും 75 താലൂക്ക് ആശുപത്രികളെയും തെരഞ്ഞെടുക്കുകയും പ്രസ്തുത സ്ഥാപനങ്ങളിൽ ഡോക്ടർമാരുൾപ്പെടെയുള്ള അധിക തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുകയും ടി സ്ഥാപനങ്ങളിൽ ഡോക്ടർ, നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും നിയമനങ്ങൾ നടത്തിവരികയും ചെയ്യുന്നു. കുടുംബാരോഗ്യ കേന്ദ്രങ്ങളിലേയ്ക്കായി 150 ഫാർമസിസ്റ്റുകളുടെ തസ്തിക സൃഷ്ടിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഉത്തരവും ഇറങ്ങിക്കഴിഞ്ഞു. ജില്ലാതല ആശുപത്രികളിലെ കാത്ത് ലാബ് സൗകര്യത്തോട് കൂടിയ കാർഡിയോളജി യൂണിറ്റുകൾ ഉൾപ്പെടെയുള്ള സൂപ്പർ സ്പെഷ്യലിറ്റി സൗകര്യങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിലുള്ള ഡയാലിസിസ് യൂണിറ്റുകൾക്ക് പുറമേ നാല്പത്തിനാല് പുതിയ ഡയാലിസിസ് യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ കിഫ്ബി മുഖേന നടന്നുവരുന്നു. ജില്ലാതല ആശുപത്രികളിലേയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനായി നാല്പത്തിയഞ്ച് കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ. വഴി ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ടി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പ്രവൃത്തികൾ മുഖേന രോഗികൾക്ക് മികച്ച ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും ആശുപത്രികളെ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്. ആർദ്രം മിഷന്റെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ വിവിധ വിഭാഗം ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ SHSRC-യും സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് ആന്റ് ഫാമിലിവഴിയും നടന്നുവരുന്നു.

## ഹൃദ്യം പദ്ധതി

310 (302) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൃദ്യം പദ്ധതി നടപ്പിലാക്കി തുടങ്ങിയോ എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യങ്ങളും ലക്ഷ്യങ്ങളും വിശദീകരിക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി വരുന്ന അധികചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി ഏതെല്ലാം ജില്ലകളിൽ ഏതൊക്കെ ആശുപത്രികളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത പദ്ധതിയിൽ ഇനി ഏതെല്ലാം ആശുപത്രികളെ ഉൾപ്പെടുത്തുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) തുടങ്ങിയിട്ടുണ്ട്.

(ബി) കുട്ടികളിലെ ജന്മനായുള്ള ഹൃദ്രോഗം തീർത്തും ചികിത്സിച്ച് ഭേദമാക്കാവുന്ന ഒന്നാണ്. എന്നാൽ രോഗം യഥാസമയം കണ്ടെത്താനും അഥവാ കണ്ടെത്തി കഴിഞ്ഞ് കൃത്യമായ സമയത്ത് ശസ്ത്രക്രിയ നടത്താനും സാധിക്കുന്നില്ല. മാത്രമല്ല, വലിയൊരു വിഭാഗം കുട്ടികൾക്കും തുടർചികിത്സ ആവശ്യമാണ്. എന്നാൽ പ്രാഥമിക ചികിത്സ കഴിഞ്ഞ് മിക്ക കുട്ടികളും തുടർ ചികിത്സയ്ക്ക് വിധേയരാകുന്നില്ല. ഇക്കാരണങ്ങളാൽ ഹൃദ്രോഗംമൂലമുള്ള മരണനിരക്ക് ക്രമാനുഗതമായി വർദ്ധിക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഇതിൽ രോഗം കണ്ടെത്താൻ സൗകര്യങ്ങൾ നിലവിലുണ്ടെങ്കിലും കൃത്യസമയത്ത് ശസ്ത്രക്രിയ ചെയ്യുന്ന, കൃത്യമായി തുടർ പരിശോധനകൾ നടത്തുന്ന കുട്ടികളുടെ എണ്ണം പരിമിതമാണ്. ഇത്തരത്തിൽ കുട്ടികളെ കൃത്യമായി നിരീക്ഷിക്കാനും അവരുടെ അസുഖത്തിന്റെ തോത് അനുസരിച്ച് യഥാസമയം ശസ്ത്രക്രിയ നടത്താനും സാധിക്കുന്ന തരത്തിലാണ് ഹൃദ്യം പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

(സി) പദ്ധതി നടത്തിപ്പിന് 10 കോടി രൂപയോളം അധികചെലവ് വേണ്ടി വരുന്നതാണ്.

(ഡി) പദ്ധതി പ്രകാരം ജന്മനായുള്ള ഹൃദ്രോഗം അഥവാ CHD എന്ന അസുഖത്തിന് ചികിത്സയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ശ്രീചിത്ര ആശുപത്രി വഴിയും പദ്ധതി നടന്നുവരുന്നു. കൂടാതെ സ്വകാര്യ ആശുപത്രികളായ അമൃത, ആസ്റ്റർ, ബിലീവേഴ്സ് ചർച്ച് ആശുപത്രി, തിരുവല്ല എന്നീ ആശുപത്രികളെ എംപാനൽ ചെയ്തിട്ടുണ്ട്.

(ഇ) തീരുമാനം കൈക്കൊണ്ടിട്ടില്ല.

## ആരോഗ്യ വകുപ്പിൽ പുതിയ തസ്തികകൾ

311 (303) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽമാത്രം എത്ര പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ബി) പൊതുവെയും പുതിയ തസ്തിക സൃഷ്ടിച്ചതിലൂടെയും എത്ര നിയമനങ്ങളാണ് ഇതുവരെ നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

<u>ഉത്തരം</u>

(എ) ആരോഗ്യ വകുപ്പിൽ ആകെ 2130 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) ആരോഗ്യ വകുപ്പിൽ മൊത്തം 4589 പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.

## ചികിത്സാ ധനസഹായം

312 (304) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം SMAP (Society for Medical Assistance to Poor) വഴി എത്ര കോടി രൂപയുടെ ധനസഹായം അനുവദിച്ചിട്ടുണ്ടെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) SMAP വഴിയുള്ള ധനസഹായത്തിനായി പുതുതായി ഏതൊക്കെ ആശുപത്രികളെയും ഏതൊക്കെ രോഗചികിത്സകളെയും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം I ആയി ചേർക്കുന്നു.*

(ബി) SMAP (Society for Medical Assistance to Poor)-യിൽ പുതിയതായി ആശുപത്രികളെയും രോഗചികിത്സകളെയും ഉൾപ്പെടുത്തിയിട്ടില്ല. നിലവിലുള്ളതിന്റെ വിശദാംശം അനുബന്ധം II ആയി ചേർക്കുന്നു.*

**തലശ്ശേരി നിയോജക മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

313 (305) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തലശ്ശേരി നിയോജക മണ്ഡലത്തിൽ ആരോഗ്യവകുപ്പ് എന്തെല്ലാം വികസന പ്രവർത്തങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് തരംതിരിച്ച് വ്യക്തമാക്കാമോ; പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ സംബന്ധിച്ചും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 1. ഗവൺമെന്റ് ആശുപത്രി, തലശ്ശേരി

ശ്രീ. എ. എൻ. ഷംസീർ, തലശ്ശേരി എം.എൽ.എ. യുടെ ആസ്തി വികസന നിധിയിൽ ഉൾപ്പെടുത്തി 1,43,32,349 രൂപ അടങ്കലിൽ പഴയ സർജിക്കൽ വാർഡ് ബിൽഡിംഗ് നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവാസികളുടെ സഹായത്തോടെ 30 ലക്ഷം രൂപ അടങ്കലിൽ ആധുനിക അത്യാഹിത വിഭാഗം പ്രവർത്തനം ആരംഭിച്ചു. കൂടാതെ മോർച്ചറിയുടെ നവീകരണ പ്രവർത്തനങ്ങളും നടത്തുകയുണ്ടായി. കാരുണ്യ ഫാർമസി അനുവദിച്ചു. യൂറോളജി വിഭാഗം ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രൊഫസർ റിച്ചാർഡ് ഹേ, ബഹു. നോമിനേറ്റഡ് എം.പി.യുടെ ഫണ്ടിൽനിന്നും 80.86 ലക്ഷം രൂപയ്ക്ക് യൂറോളജി ഉപകരണങ്ങൾ വാങ്ങി പ്രവർത്തനം ആരംഭിച്ചു. പുനർജ്ജനി പദ്ധതി പ്രകാരം പൈതൃക മാതൃകയിൽ കെട്ടിടങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി നിലവിലുള്ള കെട്ടിടങ്ങൾ നവീകരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. <u>സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, തലശ്ശേരി</u>

ആശുപത്രി തുടങ്ങുന്നതിനുവേണ്ടി സർക്കാർ 50 കോടി രൂപ വകയിരുത്തുന്നതായുള്ള 2016-17 ബജറ്റ് പ്രസംഗത്തിന്റെ വെളിച്ചത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരുന്നു. പഴയകെട്ടിടം നവീകരിച്ച് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ച് 1 കോടി 80 ലക്ഷം രൂപ അടങ്കലിൽ പി.ഡബ്ല്യു.ഡി. മുഖാന്തരം നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. തലശ്ശേരി ആശുപത്രി അടക്കമുള്ള ആരോഗ്യ വകുപ്പിലെ 17 ജില്ലാതല ആശുപത്രികളുടെ ഒ.പി. സംവിധാനത്തിനുവേണ്ടി സൗഹൃദമാക്കുന്നതിനായുള്ള പദ്ധതി (ഒ.പി. ട്രാൻസ്ഫർമേഷൻ പദ്ധതി) നടപ്പിലാക്കുന്നതിനായി 22.50 കോടി രൂപയ്ക്ക് അനുമതി ലഭിച്ചതിൽ 15 കോടി രൂപ National Health Mission-ലേയ്ക്ക് പ്രവർത്തനങ്ങൾ നടത്താനായി നൽകിയിട്ടുണ്ട്. ആയതിൽ ടി ആശുപത്രിക്കായി 1,20,00,000 രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

3. <u>പ്രാഥമിക ആരോഗ്യകേന്ദ്രം, കോടിയേരി</u>

തലശ്ശേരി നഗരസഭ പദ്ധതിയിൽ ഉൾപ്പെടുത്തി 4.55 ലക്ഷം രൂപ അടങ്കലിൽ ഫാർമസിയും സ്റ്റോറും നവീകരിക്കുന്നതിനുള്ള പദ്ധതി പൂർത്തിയായിവരുന്നു. ലോകബാങ്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നഗരസഭയുടെ ആഭിമുഖ്യത്തിൽ 56.5 ലക്ഷം രൂപ അടങ്കലിൽ ഡയാലിസിസ് യൂണിറ്റും അനുബന്ധ കെട്ടിടങ്ങളും സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിക്കുന്നു. കൂടാതെ ഡയാലിസിസ് യൂണിറ്റിന് 4.89 ലക്ഷം രൂപ അടങ്കൽ ചുറ്റുമതിലും മറ്റ് അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണം നടത്തിവരുന്നു.

4. <u>പ്രാഥമിക ആരോഗ്യകേന്ദ്രം, കതിരൂർ</u>

കതിരൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കെട്ടിട അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയും ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ് ഗ്രേഡ്-II, ഒരു ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികകളിൽ ജീവനക്കാരെ നിയമിക്കുകയും ആരോഗ്യ ജീവനക്കാർക്കും തദ്ദേശ സ്വയം ഭരണ മേധാവികൾക്കും വിദഗ്ധ പരിശീലനം നൽകിയും

രോഗികൾക്കും പൊതുജനങ്ങൾക്കും മെച്ചപ്പെട്ട ആരോഗ്യ ചികിത്സയും സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ടി കേന്ദ്രത്തിലേയ്ക്കായി അടിസ്ഥാന സൗകര്യ വികസനത്തിനായി 15,10,000 രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്.

5. പ്രാഥമിക ആരോഗ്യകേന്ദ്രം, ചൊക്ലി

ചൊക്ലി പഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി 15 ലക്ഷം രൂപ അടങ്കലിൽ പുതിയ കെട്ടിടം പണിയുന്ന പ്രവൃത്തി പൂർത്തീകരിച്ചുവരുന്നു.

**അവയവമാറ്റ ശസ്ത്രക്രിയകൾ**

314 (306) ശ്രീ. പി. ടി. തോമസ് :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. വി. ഡി. സതീശൻ :

ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയകൾ നേരത്തെ ഉണ്ടായിരുന്ന തോതിൽ നടക്കുന്നില്ല എന്നത് വസ്തുതയാണോ;

(ബി) അവയവദാനത്തിന് സന്നദ്ധരായി വരുന്നവരുടെ എണ്ണത്തിൽ കാര്യമായ കുറവ് സംഭവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണമെന്താണ്;

(സി) അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന എല്ലാ ആശുപത്രികളെയും സംയോജിപ്പിച്ചുകൊണ്ട് നാഷണൽ ഇൻഫൊർമാറ്റിക് സെന്റർ മുഖാന്തരം നടപ്പാക്കാൻ തീരുമാനിച്ചിരുന്ന കംപ്യൂട്ടർശൃംഖല പ്രവർത്തനക്ഷമമായിട്ടുണ്ടോ;

(ഡി) അവയവമാറ്റ ശസ്ത്രക്രിയകൾക്ക് സ്വകാര്യ ആശുപത്രികൾ വൻതുക ഈടാക്കുന്നതും സാധാരണക്കാരായ രോഗികളെ ചൂഷണം ചെയ്യുന്നതും ഒഴിവാക്കുന്നതിനായി സർക്കാർ മേഖലയിൽ അവയവ സംഭരണത്തിനും ശസ്ത്രക്രിയകൾക്കുമായിമാത്രം ഒരു സ്ഥാപനം ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) വസ്തുതയാണ്.

(ബി) അവയവദാനത്തിന് സന്നദ്ധരായി വരുന്നവരുടെ എണ്ണത്തിൽ കാര്യമായ കുറവ് സംഭവിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## അപകടത്തിൽപ്പെട്ടവർക്കുള്ള ചികിത്സ

315 (307) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടങ്ങളിൽപ്പെട്ട് ചികിത്സതേടി ആശുപത്രികളിൽ എത്തുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കുന്നതിന് ആശുപത്രി അധികൃതർ പലപ്പോഴും വിമുഖതത കാണിക്കുന്നതായും ഇതുമൂലം അപകടത്തിൽപ്പെട്ടവർ മരണമടയുന്നതായുമുള്ള സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപകടത്തിൽപ്പെട്ട് ചികിത്സതേടി എത്തുന്നവരോടൊപ്പം ബന്ധുക്കളോ പരിചരിക്കാൻ മറ്റാരെങ്കിലുമോ ഇല്ലാത്തതു കാരണം യഥാസമയം ചികിത്സ ലഭിക്കാത്ത സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) വാഹന അപകടങ്ങളിൽപ്പെട്ട് എത്തുന്നവർക്ക് ആദ്യത്തെ 48 മണിക്കൂർ സൗജന്യ ചികിത്സ നൽകാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഗുഡ് സമരിറ്റൻസ് നിയമമനുസരിച്ച് അപകടത്തിൽപ്പെട്ട് വരുന്നവരോടൊപ്പം ബന്ധുക്കളില്ലെങ്കിലും ചികിത്സ നൽകണമെന്നും കൊണ്ടുവരുന്ന ആൾക്കാരെ ബുദ്ധിമുട്ടിക്കരുതെന്നും ജില്ലാ മെഡിക്കൽ ഓഫീസർമാർ മുഖേന ആരോഗ്യ വകുപ്പിനുകീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കാണുകയും ഇക്കാര്യത്തിൽ ശാസ്ത്രീയ പരിശോധനകളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിക്കുന്നതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2-11-2017-ൽ ചേർന്ന യോഗത്തിൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും അഭിപ്രായം ആരായുകയും സുവ്യക്തമായ തീരുമാനങ്ങളിലെത്തുകയുമുണ്ടായി. പ്രസ്തുത സമിതി അപകടങ്ങളിൽപ്പെടുന്നവർക്ക് സർക്കാർ/സ്വകാര്യ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി തീരുമാനമെടുത്തിരുന്നു. മേൽപദ്ധതിയുടെ സമഗ്രവും വിജയകരവുമായ നടത്തിപ്പിന് സമഗ്ര ആക്സിഡന്റ് ഇൻഷ്വറൻസ് പ്രോഗ്രാം എന്ന രീതിയിൽ നൂതനമായ ഒരു പ്രോജക്ട് വിഭാവനം ചെയ്യുകയും ആയതിന്റെ നടത്തിപ്പ് സർക്കാർ/സ്വകാര്യ ആശുപത്രികളും ഇൻഷ്വറൻസ് കമ്പനികളും റോഡ് സുരക്ഷാ വിഭാഗവും കോർത്തിണക്കി ഫലവത്തായി നടപ്പിൽവരുത്തുന്നതിന് താല്പര്യമുള്ള ഇൻഷ്വറൻസ് കമ്പനിയോ, കമ്പനികളുടെ കൂട്ടായ്മയോ കണ്ടെത്തുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**രക്തദാന സുരക്ഷ**

316 (308) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആശുപത്രികളിൽ രക്തം സ്വീകരിക്കുന്നതുമൂലം എച്ച്.ഐ.വി. ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ പിടികൂടിയ സാഹചര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ ഈ സ്ഥിതിവിശേഷം മൂലം രോഗികളിലും മറ്റും ഉണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രക്തദാനം സുരക്ഷിതമാക്കുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയിലായിരുന്ന ഒരു കുട്ടിക്ക് രക്തം സ്വീകരിച്ചതുവഴി എച്ച്.ഐ.വി. അണുബാധ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ഇത് പൂർണ്ണമായി സ്ഥിരീകരിക്കപ്പെട്ടിട്ടില്ല. ഏതെങ്കിലും ഒരു വ്യക്തിക്ക് എച്ച്.ഐ.വി. അണുബാധ ഉണ്ടായാൽ അത് പ്രത്യക്ഷപ്പെടുന്നതിന് 6 മാസംവരെ സമയം വേണ്ടിവരും. വിന്റോ പീരീഡ് എന്ന് വൈദ്യശാസ്ത്രം വിളിക്കുന്ന ഈ കാലയളവിലെ രക്തദാനം സ്വീകർത്താവിന് രോഗബാധ ഉണ്ടാക്കാൻ ഇടയാക്കും. എല്ലാ രക്തദാതാക്കളോടും രക്തദാനത്തിന് മുമ്പായി പ്രത്യേകം പരിശീലനം ലഭിച്ച വിദഗ്ധ കൗൺസിലർമാർ രക്തസുരക്ഷയ്ക്ക് അപകടകരമായ ജീവിത രീതികളെക്കുറിച്ചുള്ള (High Risk Behaviour) ചോദ്യങ്ങൾ ആരായുന്നു. ഈ പ്രക്രിയയിലൂടെ ഒരു ചെറിയ സംശയത്തിനെങ്കിലും ഇടനൽകുന്ന രക്തദാതാക്കളെ രക്തദാനത്തിൽ നിന്ന് ഒഴിവാക്കുന്നു. ഇതിനായി നാക്കോ അംഗീകരിച്ച കൗൺസിലിംഗിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിലുണ്ട്. ഇതിനുപുറമെ രക്തബാങ്കിലെ ഡോക്ടർമാർ ദാതാക്കളുടെ വേണ്ടുന്ന വിവരങ്ങൾ മെഡിക്കൽ പരിശോധന നടത്തി രക്തദാനത്തിന് യോഗ്യരല്ലാത്തവരെ ഒഴിവാക്കുന്നു. ശേഖരിക്കുന്ന രക്ത യൂണിറ്റുകളെല്ലാംതന്നെ സർക്കാർ അംഗീകൃത കിറ്റുകളും സാങ്കേതിക വിദ്യകളും ഉപയോഗിച്ച് കൃത്യമായി ടെസ്റ്റ് ചെയ്യുന്നു. എച്ച്.ഐ.വി., എച്ച്.സി.വി., ഹെപ്പറ്റൈറ്റിസ് ബി, മലേറിയ, സിഫിലിസ് എന്നിവയ്ക്കുള്ള ടെസ്റ്റുകളാണ് ഈ ബ്ലഡ് ബാങ്കിൽ നടത്തുന്നത്. ഇവയുടെ പരിശോധനാ ഫലങ്ങൾ ബ്ലെഡ് ബാങ്കിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നു. ഏതെങ്കിലും ഒരു ടെസ്റ്റ് സീറോ റിയാക്ടീവ് ആയി കണ്ടാൽ ആ രക്ത യൂണിറ്റും അതിൽ നിന്നുള്ള എല്ലാ ഘടകങ്ങളും BMW (ബയോ മെഡിക്കൽ വേസ്റ്റ് ഡിസ്പോസൽ) മാനദണ്ഡങ്ങൾക്കനുസൃതമായി നശിപ്പിച്ചുകളയുന്നു. ഈ ടെസ്റ്റുകളിൽ പോസിറ്റീവായ (സീറോ റിയാക്ടീവ്)

രക്തദാതാക്കളെ തിരിച്ച് വിളിക്കുകയും സ്ഥിരീകരണ (കൺഫർമേറ്ററി) ടെസ്റ്റുകൾക്കായി നിർദ്ദിഷ്ട സ്ഥലങ്ങളിലേയ്ക്ക് അയയ്ക്കുകയും ചെയ്യുന്നു. സുരക്ഷിതമായ രക്തം ഉറപ്പുവരുത്തുന്നതിനായി 100% രക്തവും സന്നദ്ധ രക്തദാനത്തിലൂടെ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ രക്തബാങ്കുകൾക്കും നൽകിയിട്ടുണ്ട്. സന്നദ്ധ രക്തദാന തോത് ഉയർത്തുന്നതിലേയ്ക്കായി സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ചു വരുന്നു. കൂടാതെ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയും സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും സന്നദ്ധ രക്തദാനത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവിധ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്. എച്ച്.ഐ.വി. അണുബാധ കണ്ടെത്തുന്നതിനായി ആധുനികമായ നാലാം തലമുറ എലീസ കിറ്റുകൾ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം എല്ലാ രക്തബാങ്കുകൾക്കും നൽകിയിട്ടുണ്ട്.

5000 യൂണിറ്റിന് മുകളിൽ രക്തശേഖരണം നടത്തുന്ന രക്തബാങ്കുകളിൽ കൗൺസിലറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൊണ്ട് രക്തസന്നിവേശത്തിലൂടെ പകരുന്ന രോഗങ്ങൾ ഉള്ളവരെ തിരിച്ചറിഞ്ഞ് അവരെ രക്തദാനത്തിൽ നിന്നും പിൻതിരിപ്പിക്കുന്നതിന് സാധിക്കുന്നു. രക്തസന്നിവേശം കൂടുതലായി നടക്കുന്ന റീജിയണൽ കാൻസർ സെന്ററിൽ എച്ച്.ഐ.വി. കുറഞ്ഞ ജാലകവേളയിൽതന്നെ കണ്ടെത്താനുള്ള പരിശോധനാ മാർഗ്ഗമായ ന്യൂക്ലിക് ആസിഡ് ടെസ്റ്റ് നടപ്പാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കാൻ നടപടി

317 (309) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആരോഗ്യവകുപ്പിന്റെ കീഴിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് കേന്ദ്രം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നത്. ഇതിന്റെ പ്രവർത്തനം 2018 മാർച്ച് മാസത്തോടെ പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നതാണ്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റ്

318 (310) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ അനുവദിച്ച കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ എസ്റ്റിമേറ്റ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പൂർത്തീകരിച്ചോ;

(ബി) 2018 ജനുവരി മാസത്തിൽ ഡയാലിസിസ് യൂണിറ്റിന്റെ എസ്റ്റിമേറ്റ് പൂർത്തീകരിച്ച് കാരുണ്യ ബെനവലന്റ് ഫണ്ടിന് നൽകാൻ കഴിയുമോ;

(സി) കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ അംഗീകാരം ലഭിച്ചാൽ എത്ര മാസം കൊണ്ട് പണി പൂർത്തീകരിക്കാൻ കഴിയും; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് അനുവദിച്ച കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് കേരള ഹെൽത്ത് റിസർച്ച് വെൽഫെയർ സൊസൈറ്റിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് ഇതുവരെയും ലഭിച്ചിട്ടില്ല. ആയത് 2018 ജനുവരി മാസത്തിൽത്തന്നെ ലഭിച്ച് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും അംഗീകാരവും തുടർ പ്രവർത്തനങ്ങൾക്ക് യഥാസമയം അനുമതിയും ഫണ്ടും ലഭിക്കുകയാണെങ്കിൽ 2018 ഒക്ടോബർ മാസത്തോടെ നവീകരിച്ച ഡയാലിസിസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുന്നതാണ്.

## സംസ്ഥാന കാൻസർ ഗ്രിഡ്

319 (311) <u>ശ്രീ. ജെയിംസ് മാത്യു</u> :
<u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> :
<u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ മുഴുവൻ കാൻസർ ചികിത്സാ കേന്ദ്രങ്ങളിലെയും വിവരങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാന കാൻസർ ഗ്രിഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) കാൻസർ ചികിത്സാ രംഗത്ത് പ്രതിരോധ, ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ഇതിനായുള്ള ഫണ്ടുകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനും കേന്ദ്രഫണ്ട് യഥാസമയം നേടിയെടുക്കുന്നതിനും പ്രസ്തുത വിവരശേഖരണം എത്രമാത്രം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ.ഉ.(എംഎസ്)173/2017/H&FWD തീയതി 5-12-2017 പ്രകാരം സംസ്ഥാന കാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ ചുവടെ ചേർത്തിട്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ കൈവരിക്കാനാണ് ലക്ഷ്യമിടുന്നത് :

1. കാൻസർ രോഗികളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക.
2. കാൻസർ ചികിത്സയിലെ തടസ്സങ്ങൾ കുറയ്ക്കുക.
3. അംഗങ്ങളായ ആശുപത്രികളിൽ കാൻസർ പരിചരണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക.
4. കാൻസർ ചികിത്സ ചെലവ് കുറയ്ക്കുക.
5. കാൻസർ പരിചരണത്തിനായി മെമ്പർ ഹോസ്പിറ്റലുകളിലെ ശേഷി വർദ്ധിപ്പിക്കുക. കൂടാതെ പങ്കാളിത്തത്തോടെ കാൻസർ പ്രതിരോധ നടപടികളും ആദ്യകാലഘട്ടത്തിൽ കാൻസർ കണ്ടുപിടിക്കുന്നതിനുള്ള നടപടികളും കൈക്കൊള്ളുക.
6. തടസ്സമില്ലാതെ വിവിധ തലങ്ങളിലെ സേവന ദാതാക്കൾക്ക് ആവശ്യമായ സഹായങ്ങൾ നൽകുക.
7. കേരളത്തിലെ കാൻസർ സംബന്ധമായ വിവരങ്ങൾ സ്റ്റേറ്റ് കാൻസർ രജിസ്ട്രി മുഖേന നൽകുക.
8. കാൻസർ പരിചരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ജീവിത ചക്രം അടിസ്ഥാനമാക്കിയുള്ള സമീപനം.

(സി) അർബുദ ചികിത്സാ രംഗത്തെ സർക്കാർ/സ്വകാര്യ മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെയാണ് കാൻസർ ഗ്രിഡ് പ്രവർത്തനക്ഷമമാക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നത്. വിപുലമായ ചർച്ചകളുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ ഈ നവീന സംവിധാനം കാൻസർ ചികിത്സാ രംഗത്ത് പ്രതിരോധ ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനും സാമ്പത്തിക സ്രോതസ്സുകൾ

കണ്ടെത്തുന്നതിനും സഹായകരമാകുന്നതാണ്. കേവലം വിവരശേഖരണത്തിനപ്പുറം ചികിത്സാ മാർഗ്ഗരേഖയും പ്രതിരോധവും ഗവേഷണവും നയരൂപീകരണവും ഉൾപ്പെടുന്ന ഒരു ബൃഹത് പദ്ധതിയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യ മേഖലയിലെ സങ്കേതങ്ങൾ ഉപയോഗപ്പെടുത്തി കേരളത്തിലെ എല്ലാവിഭാഗം ജനങ്ങൾക്കും കാൻസർ പ്രതിരോധം, സ്ക്രീനിംഗ്, രോഗനിർണ്ണയം, ചികിത്സ, സാന്ത്വന പരിചരണം എന്നീ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത ഗ്രിഡ് പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതോടെ കാൻസർ ചികിത്സാ രംഗത്ത് ഗവേഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനും ഇതിലൂടെ ആവശ്യമായ കേന്ദ്ര ഫണ്ടുകൾ നേടിയെടുക്കാൻ സാധിക്കുന്നതുമാണ്.

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ റേഡിയേഷൻ ചികിത്സ

320 (312) ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ കാൻസർ രോഗികൾക്ക് സൗജന്യമായി റേഡിയേഷൻ ചികിത്സ നൽകുന്ന ഉപകരണം പലപ്പോഴായി പ്രവർത്തന രഹിതമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മെഡിക്കൽ കോളേജിൽ റേഡിയേഷൻ ചികിത്സ മുടക്കം കൂടാതെ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം അവിടെ ലഭ്യമാണോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2004-ൽ സ്ഥാപിതമായ റേഡിയേഷൻ മെഷീന് 14 വർഷത്തെ കാലപ്പഴക്കമുണ്ട്. കാലപ്പഴക്കംമൂലമുള്ള തകരാറുകളാണ് പലപ്പോഴും ഉണ്ടായിട്ടുള്ളത്. അടുത്തകാലത്ത് ഇടിമിന്നലിനെ തുടർന്ന് വോൾട്ടേജ് വ്യതിയാനംമൂലം മെഷീൻ തകരാറിലാവുകയും തുടർച്ചയായി കഴിഞ്ഞ രണ്ടര മാസത്തോളമായി റേഡിയേഷൻ മെഷീൻ പ്രവർത്തനരഹിതമാകുകയും ചെയ്തു.

(ബി) 2017 മാർച്ച് മാസത്തിൽ റേഡിയേഷൻ മെഷിൻ പൂർണ്ണമായും നന്നാക്കുകയും അതിന്റെ സ്രോതസ് മാറ്റി പുതിയ സ്രോതസ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ലീനിയർ ആക്സിലേറ്റർ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ എല്ലാംതന്നെ

പൂർത്തീകരിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിലെ റേഡിയേഷൻ സേഫ്റ്റി ഓഫീസറെ ആഴ്ചയിൽ രണ്ട് ദിവസത്തേയ്ക്ക് തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെ റേഡിയോതറാപ്പി വിഭാഗത്തിലേയ്ക്ക് താൽക്കാലികമായി നിയോഗിച്ചിട്ടുണ്ട്.

(സി) ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുന്നതിന് 10 അദ്ധ്യാപക തസ്തികകളും 11 നഴ്സ് തസ്തികകളും തൃശ്ശൂർ മെഡിക്കൽ കോളേജിൽ അനുവദിച്ചിട്ടുണ്ട്.

## കാൻസർ രോഗബാധിതർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ്

321 (313) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ കാൻസർ രോഗബാധിതർക്ക് പെൻഷൻ ലഭിക്കുന്നതിനായി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട മെഡിക്കൽ സർട്ടിഫിക്കറ്റ് നൽകുന്നതിന്, മാനന്തവാടിക്കടുത്ത് നല്ലൂർനാട് പ്രവർത്തിക്കുന്ന ജില്ലാ കാൻസർ സെന്ററിലെ മെഡിക്കൽ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

### ഉത്തരം

ഉണ്ട്. സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 2636/2017/ആ.കു.വ. തീയതി 26-9-2017 പ്രകാരം കാൻസർ രോഗികൾക്ക് പെൻഷന് അപേക്ഷിക്കുന്നതിനുള്ള അപേക്ഷയോടൊപ്പം നൽകേണ്ട ഫോറം നമ്പർ 10 (മെഡിക്കൽ സർട്ടിഫിക്കറ്റ്) സാക്ഷ്യപ്പെടുത്തുന്നതിനുള്ള അധികാരം തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, കൊച്ചി കാൻസർ സെന്റർ, ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ എന്നിവിടങ്ങളിലെ രജിസ്റ്റേർഡ് ഓങ്കോളജിസ്റ്റുകൾക്ക് പുറമെ ജില്ലാ/ജനറൽ ആശുപത്രികളിലെ കീമോ തെറാപ്പി (ക്യൂറേറ്റീവ് ആന്റ് പാലിയേറ്റീവ്)/റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മാർക്കുകൂടി നൽകി ഉത്തരവായിട്ടുണ്ട്. വയനാട് ജില്ലയിലെ ജില്ലാ ക്യൂറേറ്റീവ് ആന്റ് പാലിയേറ്റീവ് കീമോതെറാപ്പി കേന്ദ്രം പ്രവർത്തിക്കുന്നത് നല്ലൂർനാട് ട്രൈബൽ ആശുപത്രിയിലാണ്. ഇവിടത്തെ കീമോതെറാപ്പി (ക്യൂറേറ്റീവ് ആന്റ് പാലിയേറ്റീവ്)/ റേഡിയോ തെറാപ്പിയുമായി ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർമാർക്ക് ഈ സർട്ടിഫിക്കറ്റ് നൽകുന്നതിന് തടസ്സങ്ങൾ ഒന്നുംതന്നെയില്ല.

## കാൻസർ രോഗികളുടെ ചികിത്സാ സഹായപദ്ധതി

322 (314) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കാൻസർ രോഗികളുടെ ചികിത്സാ സഹായത്തിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കാൻസർ രോഗികളുടെ പരിചരണത്തിനായി താലൂക്ക് ആശുപത്രികൾ തോറും പാലിയേറ്റീവ് കെയർ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ തെരഞ്ഞെടുത്ത കാൻസർ ചികിത്സാ ആശുപത്രികളിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനവിഭാഗങ്ങൾക്ക് മൂന്ന് ലക്ഷം രൂപ വരെയുള്ള കാൻസർ ചികിത്സാ ധനസഹായം സൗജന്യമായി നൽകുന്നതിന് ആരോഗ്യവകുപ്പ് തയ്യാറാക്കിയ പദ്ധതിയാണ് സുകൃതം. തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ, അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകൾ, എറണാകുളം ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി മുഖേന റേഷൻ കാർഡിൽ 3 ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള കാൻസർ രോഗികൾക്ക് 2 ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം നൽകിവരുന്നു. കാൻസർ സുരക്ഷ പദ്ധതി മുഖേന 18 വയസ്സ് വരെയുള്ള കാൻസർബാധിതരായ കുട്ടികൾക്ക് കാൻസർ ചികിത്സ എ.പി.എൽ., ബി.പി.എൽ. ബാധകമല്ലാതെ പൂർണ്ണമായും സൗജന്യമായി നൽകുന്നുണ്ട്. പട്ടികവർഗ്ഗക്കാർക്കുള്ള സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി പ്രകാരം പട്ടികവർഗ്ഗക്കാരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നവർക്ക് കാൻസർ ചികിത്സ സൗജന്യമായി നൽകിവരുന്നു. കാൻസർ രോഗികൾക്ക് 1000 രൂപ പ്രതിമാസ പെൻഷൻ സംസ്ഥാന സർക്കാർ അനുവദിക്കുന്നുണ്ട്. 'സ്നേഹസാന്ത്വനം' പദ്ധതി പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാൻസർ ചികിത്സ സൗജന്യമായി നൽകിവരുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും പട്ടികജാതിയിൽപ്പെട്ട കാൻസർ രോഗികൾക്ക് ധനസഹായം നൽകുന്നുണ്ട്. സമഗ്ര ആരോഗ്യ ഇൻഷ്വറൻസിന്റെ 'ചിസ്സ് പ്ലസ് 'പദ്ധതി പ്രകാരം ചികിത്സ ധനസഹായം ലഭ്യമാക്കുന്നുണ്ട്. 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു പുവർ' പദ്ധതിയിലൂടെ കാൻസർ രോഗികൾക്കുള്ള ചികിത്സാ സഹായം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖാന്തരം നൽകിവരുന്നു.

(ബി) സംസ്ഥാനത്ത് എല്ലാ ജില്ലാ ആശുപത്രികളിലും പാലിയേറ്റീവ് കീമോതെറാപ്പി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പിന്റെ കാൻസർ കെയർ പദ്ധതിയിലൂടെ ഫണ്ട് നൽകിയിട്ടുണ്ട്. ഇതിനായുള്ള ഡോക്ടർമാരുടെ പരിശീലനം തിരുവനന്തപുരം ആർ.സി.സി., മലബാർ കാൻസർ സെന്റർ എന്നിവിടങ്ങളിൽവച്ച് നടത്തുകയും ഡോക്ടർമാരെ ഈ കേന്ദ്രങ്ങളിൽ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

## സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം

323 (315) ശ്രീ. കെ. എൻ. എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ ആശുപത്രികളും മെഡിക്കൽ കോളേജുകളും ഏതൊക്കെയാണ്;

(ബി) ഇതിൽ കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയത് ഏതൊക്കെ;

(സി) ട്രോമാകെയർ സംവിധാനം നടപ്പിലാക്കിയ ആശുപത്രികളിൽ ഇതിന്റെ പ്രവർത്തനം ഫലപ്രദമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) സ്റ്റേറ്റ് ഫണ്ട് ഉപയോഗിച്ച് സർക്കാർ ആശുപത്രികളിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

### ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അത്യാഹിത വിഭാഗത്തിൽ ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ആരോഗ്യ വകുപ്പിന്റെകീഴിൽ ചുവടെ ചേർത്തിരിക്കുന്ന ആശുപത്രികളിലും ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട് :

1. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചിറയിൻകീഴ്
2. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കരുനാഗപ്പള്ളി
3. ജനറൽ ആശുപത്രി, ആലപ്പുഴ
4. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തൊടുപുഴ
5. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നോർത്ത് പറവൂർ
6. ജനറൽ ആശുപത്രി, തിരൂർ

7. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി
8. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, സുൽത്താൻ ബത്തേരി
9. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ഒറ്റപ്പാലം
10. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, നിലമ്പൂർ
11. ജില്ലാ ആശുപത്രി, കൊല്ലം
12. ജനറൽ ആശുപത്രി, കാസർഗോഡ്
13. താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ
14. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ആലത്തൂർ
15. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, തിരുവല്ല
16. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
17. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം
18. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, താമരശ്ശേരി
19. ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
20. ജില്ലാ ആശുപത്രി, നെയ്യാറ്റിൻകര
21. ജില്ലാ ആശുപത്രി, പാലക്കാട്
22. ജനറൽ ആശുപത്രി, എറണാകുളം
23. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര
24. താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ
25. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കായംകുളം
26. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, പുനലൂർ
27. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, ചാലക്കുടി
28. താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊട്ടാരക്കര
29. ജനറൽ ആശുപത്രി, ആറ്റിങ്ങൽ

(ബി) തിരുവനന്തപുരം, ആലപ്പുഴ, കോഴിക്കോട് എന്നീ മെഡിക്കൽ കോളേജുകളിൽ ട്രോമാകെയർ നാഷണൽ ഹൈവേയ്സ് എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള ട്രോമാകെയർ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് മെഡിക്കൽ കോളേജിനെ ലെവൽ 1 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആലപ്പുഴ, തിരുവനന്തപുരം എന്നീ മെഡിക്കൽ കോളേജുകളെ ലെവൽ 2 ട്രോമാകെയർ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിൽ ജനറൽ ആശുപത്രി, എറണാകുളം, ജില്ലാ ആശുപത്രി, കണ്ണൂർ എന്നിവയാണ് കേന്ദ്ര ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയവ. 13-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം കേന്ദ്ര ഫണ്ടുപയോഗിച്ച് തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ട്രോമാകെയർ പദ്ധതിക്ക് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഉപകരണങ്ങൾ നൽകിയിട്ടുണ്ട്.

(സി) വിലയിരുത്തിയിട്ടുണ്ട്. ട്രോമാകെയർ സംവിധാനം പ്രവർത്തനസജ്ജമായ എല്ലാ ആശുപത്രികളിലും ട്രോമാകെയറുമായി ബന്ധപ്പെട്ട് വരുന്ന രോഗികൾക്ക് വിഗദ്ധ ചികിത്സ നൽകിവരുന്നു. അത്യാഹിത വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന ട്രോമാകെയർ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) സ്റ്റേറ്റ് ഫണ്ടിന്റെ ലഭ്യതയും ട്രോമാകെയറിന്റെ അനിവാര്യതയും കണക്കിലെടുത്ത് മുൻഗണനാ ക്രമത്തിൽ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

## നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പത്തോളജി ലാബ്

324 (316) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ പത്തോളജി ലാബ് ആരംഭിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിന് 2015-ൽ എത്ര തുക അനുവദിച്ചിട്ടുണ്ട്;

(ബി) പത്തോളജി ലാബിന് അനുവദിച്ച തുക പി.ഡബ്ല്യൂ.ഡി. (ബിൽഡിംഗ്) വിഭാഗത്തിന് കൈമാറിയിട്ടുണ്ടോ; എങ്കിൽ എത്ര തുക കൈമാറി; ഏതു വർഷത്തിൽ ആണ് എന്ന് വ്യക്തമാക്കാമോ;

(സി) പത്തോളജി ലാബ് കെട്ടിടത്തിന്, നിലവിൽ അനുവദിച്ച തുകയ്ക്കുള്ള എസ്റ്റിമേറ്റ് 2018 -ന്റെ പ്രൈസിൽ പി.ഡബ്ല്യൂ.ഡി. എസ്റ്റിമേറ്റ് നൽകിയാൽ, കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതിന് തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2015-ൽ പത്തോളജി ലാബിന് തുക അനുവദിച്ചിട്ടില്ല.

(ബി) 6-12-2013-ലെ ജി.ഒ.(ആർ.റ്റി) 4064/2013/എച്ച് & ഡബ്ല്യു.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 2013-ൽ പത്തോളജി ലാബിന് അനുവദിച്ച 150 ലക്ഷം രൂപ 4210-01-110-67 എന്ന ശീർഷകത്തിൽ കൈമാറിയിട്ടുണ്ട്.

(സി) ടി ലാബിന് 400 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ലഭ്യമായിട്ടുണ്ട്. ആയതിന് പുതുക്കിയ ഭരണാനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

## ആശുപത്രികളിലെ തസ്തിക സൃഷ്ടിക്കൽ

325 (317) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി നേരത്തെ താലൂക്കാശുപത്രിയായി ഉയർത്തിയിട്ടുള്ള ഏതെല്ലാം ആശുപത്രികളിലാണ് പുതിയ തസ്തിക സൃഷ്ടിക്കാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത ആശുപത്രികളിലെ പോസ്റ്റ് ക്രിയേഷന് ഫിനാൻസ് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്താണ് കാലതാമസം എന്നറിയിക്കാമോ;

(ഡി) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ആവശ്യത്തിന് ഡോക്ടർമാരില്ലാഞ്ഞിട്ടും തസ്തിക അനുവദിക്കുന്നതിൽ എന്താണ് തടസ്സമെന്നറിയിക്കാമോ?

ഉത്തരം

(എ) അനുബന്ധം 1 ആയി ഇതോടൊപ്പം ചേർക്കുന്നു.*

(ബി&സി) ഉണ്ട്. പ്രസ്തുത ആശുപത്രികളിൽ സ.ഉ(കൈ) നമ്പർ 101/2017/ ആ.കു.വ. തീയതി 28-6-2017, സ.ഉ.(കൈ) 136/17 ആ.കു.വ. തീയതി 23-9-2017 എന്നീ ഉത്തരവുകൾ പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ഡി) ബാലുശ്ശേരി താലൂക്കാശുപത്രി ആർദ്രം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതും ടി ആശുപത്രിയിൽ ജൂനിയർ കൺസൽട്ടന്റ് പീഡിയാട്രിക്സ്-1, ജൂനിയർ കൺസൽട്ടന്റ് ജനറൽ മെഡിസിൻ-1 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുമുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ ആർദ്രം പദ്ധതി

326 (318) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കൊയിലാണ്ടി താലൂക്ക് ആശുപത്രി ആർദ്രം പദ്ധതിയിലുൾപ്പെട്ടുത്തിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം കാര്യങ്ങൾ ഈ ആശുപത്രിയിൽ നടപ്പിലാക്കി എന്നത് വിശദമാക്കാമോ;

(സി) പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പുതിയ സജ്ജീകരണങ്ങൾ ഉണ്ടാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള പദ്ധതിയുടെ നടപടി പുരോഗതി വിശദമാക്കാമോ;

(ഡി) എത്ര രൂപയുടെ പദ്ധതിയാണ് ഡി.എം.ഒ ഈ ആവശ്യത്തിനായി ഡി.എച്ച്.എസ്. മുൻപാകെ സമർപ്പിച്ചത് എന്നത് റഫറൻസ് സഹിതം വിശദമാക്കാമോ;

(ഇ) ഡി.എച്ച്.എസ്. ഈ പ്രോജക്ടിൽ സർക്കാരിന് നൽകിയ റഫറൻസ് വിശദമാക്കാമോ; സർക്കാരിലേയ്ക്ക് അയച്ച കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(എഫ്) പദ്ധതിക്ക് അംഗീകാരം നൽകാൻ ഇനി എന്ത് നടപടികളാണ് സർക്കാർ തലത്തിൽ പൂർത്തിയാവാനുള്ളത് എന്നത് വിശദമാക്കാമോ; പദ്ധതിക്ക് എപ്പോൾ അംഗീകാരം ലഭ്യമാക്കുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി 13 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. അതിൽ 3 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉദ്ഘാടനം കഴിഞ്ഞ് പ്രവർത്തനം ആരംഭിച്ചു. 13 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും അസിസ്റ്റന്റ് സർജൻ-1, സ്റ്റാഫ് നഴ്സ് ഗ്രേഡ്-II -2, ലാബ് ടെക്നീഷ്യൻ-1 എന്നീ തസ്തികകൾ അനുവദിച്ചു. ടി സ്ഥാപനങ്ങൾ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നിർമ്മാണ, അറ്റകുറ്റപ്പണികൾ എൻ.എച്ച്.എം. മുഖേന നടപ്പിലാക്കിവരുന്നു. കുടംബാരോഗ്യ കേന്ദ്രമായി പ്രവർത്തനം ആരംഭിച്ച സ്ഥാപനങ്ങളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണി വരെ ഒ.പി. നടക്കുന്നുണ്ട്. ഇ-ഹെൽത്ത് പദ്ധതി, വിഷാദരോഗ ക്ലിനിക്, ലബോറട്ടറി സംവിധാനം ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താലൂക്ക് ഹെഡ്സ്

ക്വാർട്ടേഴ്സ് ആശുപത്രികളായ കൊയിലാണ്ടി, താലൂക്ക് ആശുപത്രി ബാലുശ്ശേരി, താമരശ്ശേരി, ഫറോക്ക് എന്നിവയും ജനറൽ ആശുപത്രി കോഴിക്കോട്, ജില്ലാ ആശുപത്രി വടകര എന്നീ പ്രധാന ആശുപത്രികളെയും കോഴിക്കോട് ജില്ലയിൽ നിന്നും ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ആശുപത്രികളിൽ ആകെ 62 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ആശുപത്രിയിലെ വിവിധ വിഭാഗങ്ങളായ അനസ്തേഷ്യ, ഡെർമറ്റോളജി, ഇ.എൻ.ടി., ഗൈനക്കോളജി, ലബോറട്ടറി, ഓപ്പറേഷൻ തിയറ്റർ, ഓർത്തോ പീഡിക് എന്നീ വിഭാഗങ്ങൾക്കുവേണ്ട 111.78 ലക്ഷം രൂപയുടെ ഉപകരണങ്ങളും എമർജൻസി വിഭാഗത്തിനുവേണ്ട 435.35 ലക്ഷം രൂപയുടെ ഉപകരണങ്ങളും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി ഈ വർഷം വിതരണം ചെയ്യുന്നതാണ്. 65 ലക്ഷം രൂപയുടെ മരാമത്ത് പണികൾ പി.ഡബ്ല്യു.ഡി. വഴി നടപ്പിലാക്കുന്നതാണ്. ടി ആശുപത്രിയിൽ താഴെപ്പറയുന്ന അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| 1. | ജൂനിയർ കൺസൾട്ടന്റ് (ഓർത്തോ) | - | 1 |
| 2. | കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | - | 2 |
| 3. | ഇ.സി.ജി. ടെക്നീഷ്യൻ ഗ്രേഡ് II | - | 1 |
| 4. | മെഡിക്കൽ റെക്കോർഡ് ലൈബ്രറിയിൽ | - | 1 |
| 5. | സ്റ്റാഫ് നഴ്സ് ഗ്രേഡ് II | - | 2 |

(സി) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ നിർമ്മാണം പൂർത്തിയായ കെട്ടിടം പ്രവർത്തനയോഗ്യമാക്കുന്നതിന് ഇന്റീരിയർ പ്രവൃത്തികൾക്കുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) പുതുതായി നിർമ്മിച്ച കെട്ടിടത്തിൽ പുതിയ സജ്ജീകരണങ്ങൾ ഉണ്ടാക്കുന്നതിനായി, 9 കോടി 10 ലക്ഷം രൂപയുടെ സി1/803/17 തീയതി 6-11-2017 നമ്പർ പ്രൊപ്പോസലും അത്യാവശ്യ ഉപകരണങ്ങൾക്കുവേണ്ടി 3,37,92,724 രൂപയുടെ സി1/803/17 തീയതി 13-7-2017 എന്നീ പ്രൊപ്പോസലും ജില്ലാ മെഡിക്കൽ ഓഫീസറിൽനിന്ന് ആരോഗ്യവകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ഇ&എഫ്) പ്രൊപ്പോസൽ ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്നമുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## ആർദ്രം പദ്ധതി

327 (319) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ പ്രഖ്യാപിച്ച ആർദ്രം പദ്ധതിയുടെ ഫലമായി ആരോഗ്യ മേഖലയിൽ പുതിയതായി ആരംഭിച്ചിട്ടുള്ളതും ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതുമായ എത്ര പദ്ധതികളാണുള്ളത്; വിശദവിവരം നൽകുമോ;

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ളതും ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതുമായ പദ്ധതികളുടെ വിവരങ്ങൾ നൽകുമോ;

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാം; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ഈ സർക്കാർ പ്രഖ്യാപിച്ച ആർദ്രം പദ്ധതിയുടെ ഭാഗമായി ആരോഗ്യ മേഖലയിൽ 4 പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കെല്ലാം ഭരണാനുമതിയും നൽകിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുക.

2. ജില്ല/ജനറൽ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ വികസിപ്പിക്കുക-2000 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

3. രോഗി സൗഹൃദ ആശുപത്രി സംവിധാനങ്ങൾ സ്ഥാപിക്കുക - 2250 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

4. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ലബോറട്ടറികൾ സ്ഥാപിക്കുക-700 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി കോങ്ങാട് മണ്ഡലത്തിൽ കല്ലടിക്കോട്, മങ്കര എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ടി സ്ഥാപനത്തിൽ ഒരു ഡോക്ടർ, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് വീതം സ്റ്റാഫ് നഴ്സ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും നിയമനം നൽകുകയും ചെയ്തിട്ടുണ്ട്. കോങ്ങാട് മണ്ഡലത്തിലെ ആശുപത്രികളിൽ പഞ്ചായത്ത് പ്രോജക്ടിൽ ഉൾപ്പെടുത്തി വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന് എട്ട് (8) ലക്ഷം രൂപയും മങ്കര കുടുംബാരോഗ്യ കേന്ദ്രത്തിന് പതിമൂന്ന് (13) ലക്ഷം രൂപയും പദ്ധതിയിനത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) കോങ്ങാട് മണ്ഡലത്തിലെ കാഞ്ഞിരപ്പുഴ പ്രാഥമികാരോഗ്യ കേന്ദ്രം, കാരാക്കുറിശ്ശി പ്രാഥമികാരോഗ്യ കേന്ദ്രം, തയ്യമ്പാറ പ്രാഥമികാരോഗ്യ കേന്ദ്രം, കേരളശ്ശേരി 24x17 പ്രാഥമികാരോഗ്യ കേന്ദ്രം, മണ്ണൂർ പ്രാഥമികാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പറളി എന്നീ ആരോഗ്യ കേന്ദ്രങ്ങൾ 2018-19 വർഷത്തെ ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന കരട്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.

**ആർദ്രം പദ്ധതി**

328 (320) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകെ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ 2017-ൽ മാത്രം സൃഷ്ടിച്ച തസ്തികകൾ ഏതൊക്കെയെന്നും എത്ര വീതമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ആകെ 1721 വിവിധ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ഇവയെല്ലാം 2017-ൽ സൃഷ്ടിച്ച തസ്തികകളാണ്. വിശദവിവരം ഇനംതിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | ഡോക്ടർ | 436 |
| 2 | സ്റ്റാഫ് നഴ്സ് | 537 |
| 3 | ലാബ് ടെക്നീഷ്യൻ | 254 |
| 4 | ഫാർമസിസ്റ്റ് | 180 |
| 5 | കാത്ത് ലാബ് ടെക്നീഷ്യൻ | 6 |
| 6 | ഇ.സി.ജി. ടെക്നീഷ്യൻ | 36 |
| 7 | ഡയാലിസിസ് ടെക്നീഷ്യൻ | 68 |
| 8 | ദന്തൽ മെക്കാനിക് | 25 |

| | | |
|---|---|---|
| 9 | ദന്തൽ ഹൈജീനിസ്റ്റ് | 12 |
| 10 | ഫിസിയോതെറാപ്പിസ്റ്റ് | 6 |
| 11 | റേഡിയോഗ്രാഫർ | 17 |
| 12 | എക്സ്റേ അറ്റന്റർ | 16 |
| 13 | ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-1 | 20 |
| 14 | ഹോസ്പിറ്റൽ അറ്റന്റർ ഗ്രേഡ്-1I | 40 |
| 15 | മോർച്ചറി ടെക്നീഷ്യൻ | 6 |
| 16 | മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 18 |
| 17 | മെഡിക്കൽ റിക്കോർഡ് അറ്റന്റർ | 17 |
| 18 | ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 15 |
| 19 | ഒപ്ടോമെട്രിസ്റ്റ് | 7 |
| 20 | മോർച്ചറി അറ്റന്റന്റ് | 5 |
| | ആകെ | 1721 |

**ആർദ്രം മിഷൻ പദ്ധതി**

329 (321) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം മിഷൻ പദ്ധതിവഴി ആരോഗ്യമേഖലയിൽ കൈവരിക്കുവാൻ ലക്ഷ്യമിട്ട കാര്യങ്ങൾ എന്തൊക്കെയാണ്;

(ബി) എല്ലാ ജനറൽ ആശുപത്രികളിലെയും ജില്ലാ ആശുപത്രികളിലെയും ഔട്ട് പേഷ്യന്റ് വിഭാഗങ്ങൾ രോഗീസൗഹൃദമാക്കിയിട്ടുണ്ടോ;

(സി) പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന പദ്ധതി പ്രകാരം എന്തൊക്കെ അധിക സൗകര്യങ്ങളാണ് പ്രസ്തുത സ്ഥാപനങ്ങളിൽ ഒരുക്കിയത്;

(ഡി) താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളും ഒരുക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അതിന് അനുസൃതമായി ഡോക്ടർമാരുടെയും നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും തസ്തിക സൃഷ്ടിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിക്കുക, ജില്ലാ-താലൂക്ക്തല ആശുപത്രികളുടെ സൗകര്യങ്ങൾ നിശ്ചിത മാനദണ്ഡങ്ങളോടെ വികസിപ്പിക്കുക, മെഡിക്കൽ കോളേജുകളിലെയും ജില്ലാതല ആശുപത്രികളിലെയും ഒ.പി. വിഭാഗങ്ങൾ രോഗീ സൗഹൃദമാക്കുക (ഒ.പി. ട്രാൻസ്ഫർമേഷൻ), ആരോഗ്യ സ്ഥാപനങ്ങളിൽ മാർഗ്ഗരേഖകൾ അടിസ്ഥാനമാക്കിയുള്ള ചികിത്സ ഉറപ്പുവരുത്തുക എന്നിവ ആർദ്രം പദ്ധതി പ്രകാരം ലക്ഷ്യമിടുന്നു. കൂടാതെ സർക്കാർ ആശുപത്രികളിൽ ഉയർന്ന നിലവാരത്തിലുള്ള ചികിത്സ ഉറപ്പുവരുത്തുന്നതിനായി ഓരോ ജില്ലയിലും ഓരോ ജില്ലാ ആശുപത്രിയും (വയനാട്, കാസർഗോഡ്, കണ്ണൂർ എന്നീ പിന്നോക്ക ജില്ലകളിൽ 2 വീതവും) 75 താലൂക്ക് ആശുപത്രികളിലും ആർദ്രം മിഷനിൽ ഉൾപ്പെടുത്തി സൗകര്യങ്ങൾ വിപുലപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിലുള്ള 17 ജില്ലാതല ആശുപത്രി കളിലെ ഒ.പി. വിഭാഗം രോഗീസൗഹൃദമാക്കുന്നതിനുള്ള സ്കീമിന് 22.50 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച് 15 കോടി രൂപ എൻ.എച്ച്.എം.ലേയ്ക്ക് പ്രവർത്തനങ്ങൾ നടത്താനായി നൽകിയിട്ടുണ്ട്. വിവിധ ആശുപത്രികളിലെ ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കി കഴിഞ്ഞു. നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്. ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിലൂടെ ഈ ആശുപ ത്രിയിലെ ഒ.പി. വിഭാഗങ്ങളിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും രോഗീ സൗഹൃദമാക്കാനും കഴിയുന്നതാണ്.

(സി) ഒരു കുടുംബത്തിലെ എല്ലാവരുടെയും പ്രാഥമികാരോഗ്യ പരിചരണം ഉറപ്പുവരുത്തുക, കേരളത്തിൽ വലിയതോതിൽ രോഗാതുരതയ്ക്ക് കാരണമാകുന്ന ജീവിതശൈലീ രോഗങ്ങളായ രക്തസമ്മർദ്ദം, പ്രമേഹം എന്നിവയ്ക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം വിപുലപ്പെടുത്തുക എന്നിവയാണ് പ്രൈമറി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഈ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 170 ഡോക്ടർ, 340 സ്റ്റാഫ് നഴ്സ്, 170 ലാബ് ടെക്നീഷ്യൻ, 150 ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നൽകിയിട്ടുണ്ട്.

കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലാബ് ടെസ്റ്റിന്റെ സൗകര്യങ്ങൾ ഏർപ്പെടുത്തി, ഇതിനാവശ്യമായ ലബോറട്ടറി ഉപകരണങ്ങൾ കെ.എം.എസ്.സി.എൽ. വഴി ലഭ്യമാക്കുകയും ടി സ്ഥാപനങ്ങളിലേയ്ക്ക് ഇരിപ്പിടം, കുടിവെള്ളം, ടോയ്‌ലെറ്റ് സൗകര്യം, സൈനേജുകൾ, ആരോഗ്യ ബോധവത്കരണ സംവിധാനങ്ങൾ തുടങ്ങിയവ സജ്ജമാക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 75 താലൂക്കുതല ആശുപത്രികളുടെ ഡോക്ടർമാരുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും കുറവ് പരിഹരിക്കുന്നതിനായി സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗ ത്തിലുള്ള വിവിധ വിഭാഗം ഡോക്ടർമാരുടെ 266 തസ്തിക സൃഷ്ടിച്ച് നൽകിയിട്ടുണ്ട്. ഇതോടൊപ്പം നഴ്സ്, ലബോറട്ടറി ടെക്നീഷ്യൻ, ഫാർമസിസ്റ്റ് തുടങ്ങിയ തസ്തികകൾ മെച്ചപ്പെട്ട സേവനങ്ങൾക്കായി സൃഷ്ടിച്ചുനൽകിയിട്ടുണ്ട്. കിഫ്ബിയിലുൾപ്പെടുത്തി 44 വിവിധ ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിന് കെ.എം.എസ്.സി.എൽ.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനായി സംസ്ഥാന പ്ലാൻഫണ്ട്, നബാർഡ്, കിഫ്ബി, എം.പി./എം.എൽ.എ. എന്നീ ഫണ്ട് മുഖേനയും പ്രവർത്തനം നടന്നുവരികയാണ്.

## ആർദ്രം മിഷന്റെകീഴിൽ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

330 (322) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർദ്രം മിഷന്റെകീഴിൽ ഇതുവരെ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ച കണക്ക് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ ആരംഭിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ വൈകുന്നേരം ആറ് മണിവരെ ഒ.പി. പ്രവർത്തിക്കുന്നവ എത്രയെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ;

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനുവേണ്ടി പുതിയ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; അവ ഏതെല്ലാമാണ്; പ്രസ്തുത തസ്തികകളിൽ എത്ര പേരെ നിയമിച്ചിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ആർദ്രം പദ്ധതിയുടെകീഴിൽ സംസ്ഥാനത്ത് 50 കുടുംബാരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവയെല്ലാം 6 മണി വരെ പ്രവർത്തി ക്കുന്നുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിനായി പുതുതായി 830 അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

| | | |
|---|---|---|
| അസിസ്റ്റന്റ് സർജൻ | - | 170 |
| സ്റ്റാഫ് നഴ്സ് | - | 340 |
| ലാബ് ടെക്നീഷ്യൻ | - | 170 |
| ഫാർമസിസ്റ്റ് | - | 150 |

ഈ തസ്തികകളിലേക്കുള്ള നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ചുവരുന്നു.

**ആർദ്രം മിഷന്റെ പ്രവർത്തന പുരോഗതി**

331 (323) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ.സുരേഷ് കുറുപ്പ് :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ആർദ്രം" മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി, കുടുംബ ഡോക്ടർ സംവിധാനത്തിലേയ്ക്ക് മാറുന്നത് ലക്ഷ്യമാക്കി പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി ഡോക്ടർമാരെയും നഴ്സുമാരെയും മറ്റ് അനുബന്ധ ജീവനക്കാരെയും നിയമിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 'ആർദ്രം' മിഷന്റെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്.

(ബി) 28-3-2017-ലെ സ.ഉ.(സാധാ.) നമ്പർ 845/2017/ആ.കു.വ. പ്രകാരം 170 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയിട്ടുണ്ട്.

(സി) ആർദ്രം പദ്ധതിയുടെ ഭാഗമായി 12-5-2017-ലെ സ.ഉ.(കൈ) നമ്പർ 75/2017/ആ.കു.വ. പ്രകാരം സംസ്ഥാനത്ത് തെരഞ്ഞെടുക്കപ്പെട്ട 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലായി 170 ഡോക്ടർമാർ, 340 സ്റ്റാഫ് നഴ്സുമാർ, 170 ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ തസ്തികകളും 22-12-2017-ലെ സ.ഉ.(കൈ) നമ്പർ 188/2017/ ആ.കു.വ. പ്രകാരം 150 ഫാർമസിസ്റ്റുമാരുടെ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്. പി.എസ്.സി. മുഖേന നിയമന നടപടികൾ പുരോഗമിക്കുന്നു.

## കെ.എസ്.ആർ.ടി.സി. കാന്റീനുകളിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പരിശോധന

332 (324) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകളുടെ/ഡിപ്പോകളുടെ അനുബന്ധമായി പ്രവർത്തിക്കുന്ന കാന്റീനുകളെ സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷാ അന്വേഷണ വകുപ്പിന്റെ പരിധിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം ഇടങ്ങളിൽ പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ജ്യൂസ് പാർലറുകൾ, ബേക്കറികൾ എന്നിവയിൽ അന്വേഷണ സംഘങ്ങൾ മിന്നൽ പരിശോധന നടത്തുമോ;

(സി) തലസ്ഥാനത്തെ സിറ്റിഡിപ്പോകളിൽ പ്രവർത്തിയ്ക്കുന്ന കാന്റീനിൽ പ്രസ്തുത സുരക്ഷാ അന്വേഷണവിഭാഗം എത്ര തവണ അന്വേഷണം നടത്തി; എത്ര കുറ്റകൃത്യങ്ങൾ ഇതിനോടകം കണ്ടെത്തി; എത്രതവണ ഭക്ഷ്യസുരക്ഷാ വകുപ്പ് നോട്ടീസ് നൽകി; എന്തൊക്കെ കുറ്റകൃത്യങ്ങളാണ് ഇവർക്കെതിരെ കണ്ടെത്തിയിട്ടുള്ളത്; പിഴയായി എത്ര തുക വീതം എത്രതവണ ഈടാക്കിയെന്നും വ്യക്തമാക്കാമോ ;

(ഡി) ഇത്തരം കാന്റീനുകൾ ഉൾപ്പെടെയുള്ളവയിൽ പീരിയോഡിക്കൽ ഇൻസ്പെക്ഷനുള്ള നിർദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) മിന്നൽ പരിശോധനകൾ നടത്താറുണ്ട്.

(സി) രണ്ട് പ്രാവശ്യം പരിശോധനയും തുടർ പരിശോധനയും നടത്തിയിട്ടുണ്ട്. സിറ്റി ഡിപ്പോയുടെ പരിസരത്തുള്ള ജ്യൂസ് പാർലറുകൾ, ബേക്കറി, ഹോട്ടൽ എന്നിവ പരിശോധിക്കുകയും പോരായ്മകൾ കണ്ടെത്തിയ 10 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 55,000 രൂപ പിഴ ഈടാക്കിയിട്ടുമുണ്ട്.

പരിശോധനയിൽ കണ്ടെത്തിയ കുറ്റകൃത്യങ്ങൾ

1. ആരോഗ്യപരമല്ലാത്തതും ശുചിത്വമല്ലാത്തതുമായ സാഹചര്യത്തിൽ ഭക്ഷ്യോൽപ്പാദനം/ വിൽപ്പന നടത്തുന്നു.

2. ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ/ തെറ്റായ ബ്രാന്റിലിറങ്ങിയ ഭക്ഷ്യവസ്തുക്കൾ വിൽപ്പനയ്ക്കായി സൂക്ഷിച്ചിരിക്കുന്നു.

3. കൃത്രിമ നിറം ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്നതിനായി സൂക്ഷിച്ചിരിക്കുന്നു.

4. ജ്യൂസിൽ ചേർക്കുന്നതിനായി ഭക്ഷ്യയോഗ്യമല്ലാത്ത ഐസ് വൃത്തിഹീനമായ സാഹചര്യത്തിൽ സൂക്ഷിച്ചിരിക്കുന്നു.

5. പാചകം ചെയ്യുന്ന പരിസരവും ഉപകരണങ്ങളും വൃത്തിഹീനമായി കാണപ്പെട്ടു.

6. ഫ്രീസർ യഥാസമയം വൃത്തിയാക്കാതെയും വെജ്/ നോൺവെജ് ഭക്ഷ്യവസ്തുക്കൾ ഒരേ ഫ്രീസറിൽ സൂക്ഷിച്ചിരിക്കുന്നതായും കാണപ്പെട്ടു.

7. പരിശോധനാസമയത്ത് ഭക്ഷ്യസുരക്ഷാ ലൈസൻസ്/ ജീവനക്കാരുടെ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കാന്റീനുകളിലും ഹോസ്റ്റലുകളിലെ മെസ്സുകളിലും ഭക്ഷ്യസുരക്ഷാ വകുപ്പ് ഇടവിട്ടുള്ള അവസരങ്ങളിൽ പരിശോധന നടത്തിവരുന്നു.

## മായം കലർന്ന വെളിച്ചെണ്ണ

333 (325) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മായം കലർന്ന വെളിച്ചെണ്ണയുടെ വിതരണം നടക്കുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ബി) വെളിച്ചെണ്ണയിൽ കാൻസറിന് കാരണമാകുന്ന പദാർത്ഥം കലർത്തി വിപണിയിൽ വിൽക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഇത് പരിശോധിക്കുവാൻ എന്തെങ്കിലും സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) നാളിതുവരെയായി വെളിച്ചെണ്ണയിൽ മായം കലർത്തിയ എത്ര കേസുകൾ വകുപ്പ് കണ്ടുപിടിച്ചിട്ടുണ്ട്;

(ഇ) ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തിയ എത്ര കേസുകൾ നിലവിൽ ഭക്ഷ്യ വകുപ്പ് കണ്ടുപിടിച്ചിട്ടുണ്ട്; പേര് വ്യക്തമാക്കുമോ; ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) വെളിച്ചെണ്ണയിൽ കാൻസറിന് കാരണമാകുന്ന പദാർത്ഥം കലർത്തി വിപണിയിൽ വിൽക്കുന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. എന്നാൽ ഇതുവരെയുള്ള പരിശോധനയിൽ വെളിച്ചെണ്ണയിൽ കാൻസറിനു കാരണമാകുന്ന പദാർത്ഥങ്ങൾ കലർത്തി വിൽക്കുന്നതായി കണ്ടെത്തിയിട്ടില്ല.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ അനലിറ്റിക്കൽ ലാബുകളിൽ ഇത് പരിശോധിക്കാവാനുള്ള സംവിധാനം നിലവിലുണ്ട്.

(ഡി) വെളിച്ചെണ്ണയിൽ മായം കലർത്തിയതായി 2017 ഡിസംബർ 31 വരെ 281 കേസ്സുകൾ കണ്ടെത്തിയിട്ടുണ്ട്.

(ഇ) ഭക്ഷ്യവസ്തുക്കളിൽ മായം കലർത്തിയതും ഗുണനിലവാരമില്ലാത്തതും മിസ്ബ്രാന്റഡുമായ 1219 കേസുകൾ കണ്ടെത്തിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് (സാധനങ്ങളുടെ പേര് വിവരം ഉൾപ്പെടെ) അനുബന്ധം 1* ആയി ചേർത്തിട്ടുണ്ട്.

**ലൈസൻസില്ലാതെയുള്ള പലഹാര നിർമ്മാണം**

334 (326) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമങ്ങളിൽ പലതരത്തിലുമുള്ള ബേക്കറി സാധനങ്ങൾ ലൈസൻസ് ഇല്ലാത്ത കമ്പനികൾ ഉണ്ടാക്കി വിൽക്കുന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇത്തരം കമ്പനികൾ ഉണ്ടാക്കുന്ന മുറുക്ക്, ചിപ്സ്, കേക്കുകൾ, മിഠായികൾ എന്നിവ ഗുണനിലവാരം ഇല്ലാത്തതും കേടാകാതിരിക്കുവാൻ വേണ്ടി വിഷാംശം അടങ്ങിയ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതുമാണെന്ന കാര്യം പരിശോധിച്ച് നടപടി സ്വീകരിക്കുമോ;

(ബി) ഇത്തരത്തിൽ വിഷാംശം അടങ്ങിയ രാസപദാർത്ഥങ്ങൾ ഉപയോഗിച്ച ബേക്കറി പലഹാരങ്ങൾ നമ്മുടെ സ്കൂൾ കുട്ടികൾ ധാരാളം ഉപയോഗിക്കുന്നുണ്ടെന്ന കാര്യം പരിശോധിക്കുമോ; ദിവസേന സ്കൂൾ കുട്ടികൾ ഉപയോഗിക്കുന്ന മിക്സ്ചർ, ചിപ്സ്, കേക്കുകൾ, ഫ്രൂട്ടി, സോഫ്റ്റ് ഡ്രിങ്കുകൾ എന്നിവയെല്ലാം കുട്ടികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്ന കാര്യം പരിശോധിച്ച് നടപടി എടുക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) കുട്ടികളെ സ്കൂൾ പഠനകാലത്ത് തന്നെ രോഗികളാക്കി മാറ്റുന്ന ഇത്തരം വാണിജ്യ സ്ഥാപനങ്ങൾക്ക് ലൈസൻസ് നിർബന്ധമാക്കുവാൻ നടപടി എടുക്കുമോ; വ്യക്തമാക്കുമോ;

(ഡി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് കൊണ്ടുവരുന്ന ഇത്തരം ഭക്ഷണ പദാർത്ഥങ്ങൾ വൃത്തിഹീനമായ അന്തരീക്ഷത്തിൽ ഉണ്ടാക്കുന്നതാണെന്ന കാര്യം പരിശോധിച്ച് അവ നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഇ) ബേക്കറി ഭക്ഷണങ്ങൾ, പച്ചക്കറികൾ, പ്ലാസ്റ്റിക് കവറിനകത്തുള്ള ഭക്ഷണങ്ങൾ എന്നിവയെല്ലാം പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) ഇത്തരത്തിൽ ലൈസൻസ് ഇല്ലാത്തതിനാൽ നിരോധിക്കപ്പെട്ട സ്ഥാപനങ്ങൾ എത്ര; വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഗ്രാമങ്ങളിൽ പലതരത്തിലുള്ള ബേക്കറി സാധനങ്ങൾ ലൈസൻസ് ഇല്ലാത്ത കമ്പനികൾ ഉണ്ടാക്കി വിൽക്കുന്ന കാര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇത്തരം കമ്പനികൾ ഉണ്ടാക്കുന്ന മുറുക്ക്, ചിപ്സ്, കേക്കുകൾ, മിഠായികൾ എന്നിവയുടെ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി ഗുണനിലവാരം ഇല്ലാത്തതും കേടാകാതിരിക്കുവാൻ വേണ്ടി ഉപയോഗിക്കുന്ന അനുവദനീയമല്ലാത്ത രാസപദാർത്ഥങ്ങൾ കണ്ടെത്തിയതുമായ കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ച് നടപടി എടുത്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. ഇവയുടെ ഉപയോഗംമൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന Safe and Nutritional Food at School എന്ന പദ്ധതിയിൽ പ്രസ്തുത വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സംസ്ഥാനത്തുള്ള ഭക്ഷണ പദാർത്ഥങ്ങൾ നിർമ്മിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന എല്ലാവർക്കും ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാർഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ ലൈസൻസ്/ രജിസ്ട്രേഷൻ നിർബന്ധമാണ്. ഇത്തരത്തിലുള്ള ലൈസൻസ്/രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ പരിശോധനകൾ നടത്തി ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മറ്റ് സംസ്ഥാനങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങൾ ഉണ്ടാക്കുന്ന കേന്ദ്രങ്ങൾ പരിശോധന നടത്താൻ കേരളാ ഫുഡ് സേഫ്റ്റി കമ്മീഷണർക്ക് അധികാരമില്ല. എന്നാൽ ഇക്കാര്യം വിവിധ സംസ്ഥാനങ്ങളിലെ ഭക്ഷ്യസുരക്ഷാ

കമ്മീഷണർമാരുടെ Central Advisory Committee മീറ്റിംഗുകളിൽ അവതരിപ്പിച്ചിട്ടുള്ളതാണ്. ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് അതോറിറ്റി ഓഫ് ഇൻഡ്യ (FSSAI) ഇതിനു വേണ്ടുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്. തുടർന്നും സ്വീകരിക്കുന്നതാണ്.

(എഫ്) ഇത്തരത്തിൽ ലൈസൻസ് ഇല്ലാത്തതിനാൽ സ്ഥാപനങ്ങളൊന്നും നിരോധിച്ചിട്ടില്ല. ലൈസൻസ് ഇല്ലാത്ത സ്ഥാപനങ്ങൾക്ക് ലൈസൻസ്/ രജിസ്ട്രേഷൻ എടുക്കുന്നതിനായി നോട്ടീസ് നൽകുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയുമാണ് ചെയ്യുന്നത്.

**കെ.എം.എസ്.സി.എൽ. മെഡിക്കൽ ഉപകരണങ്ങൾ**

335 (327) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എം.എസ്.സി.-എൽ. മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നത് ആരിൽ നിന്നാണെന്ന് വിശദമാക്കാമോ;

(ബി) തുടർച്ചയായി മുൻവർഷങ്ങളിൽ ടെണ്ടറിൽ പങ്കെടുത്തവർക്ക് മാത്രമാണോ സപ്ലൈ ഓർഡർ നൽകുന്നത്; വ്യക്തമാക്കാമോ;

(സി) ഇതുമൂലം വിലകുറച്ചു നൽകാൻ കഴിയുന്ന കമ്പനികൾക്കും ആധുനിക ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നവർക്കും ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സി.ഇ./എഫ്.ഡി.എ. സർട്ടിഫിക്കേഷൻ ഉള്ള ലേറ്റസ്റ്റ് പ്രോഡക്ടുകൾ ലഭ്യമാക്കാൻ കഴിയുന്ന കമ്പനികളെ നിലവിലുള്ള മാനദണ്ഡങ്ങൾ കാരണം ടെണ്ടറിൽനിന്നും മാറ്റി നിർത്തപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ടെണ്ടർ വഴി വാങ്ങുന്ന മെഡിക്കൽ ഉപകരണങ്ങൾക്ക് മൂന്ന് മുതൽ അഞ്ച് വർഷം വരെ വാറണ്ടി ലഭ്യമായിരിക്കണമെന്ന വ്യവസ്ഥ ഉണ്ടാകുമോ;

(എഫ്) എല്ലാവർക്കും ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കുന്നവിധത്തിൽ മാനദണ്ഡങ്ങൾ മാറ്റാൻ തയ്യാറാകുമോ?

ഉത്തരം

(എ-സി) ആരോഗ്യ വകുപ്പിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും നൽകുന്ന നിർദ്ദേശങ്ങളും സ്പെസിഫിക്കേഷനും അനുസരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ഇ-ടെണ്ടർ വിളിക്കുകയും അതിൽ പങ്കെടുക്കുന്ന

വിതരണക്കാരിൽനിന്നും ഉപകരണങ്ങളുടെ സാങ്കേതിക പരിശോധനയിൽ യോഗ്യത നേടിയ കമ്പനിക്കാരുടെ വിലവിവരം മാത്രം തുറക്കുകയും അതിൽനിന്നും ഏറ്റവും കുറവ് രേഖപ്പെടുത്തിയിട്ടുള്ള വിതരണക്കാരനുമായി 2 വർഷത്തേയ്ക്ക് റണ്ണിംഗ് കോൺട്രാക്ട് ഉറപ്പിക്കുകയും ചെയ്യുന്നു. റണ്ണിംഗ് കോൺട്രാക്ടിന്റെ കാലാവധി കഴിയുകയോ ടെണ്ടറിൽ പറയുന്ന ഉപകരണത്തിന്റെ എണ്ണം കഴിയുന്നതു വരെയോ വിതരണ ഉത്തരവ് നൽകുന്നതാണ്. കാലാവധി കഴിയുമ്പോൾ ടെണ്ടർ റദ്ദാക്കുകയും വീണ്ടും ടെണ്ടർ ക്ഷണിക്കുകയും ചെയ്യുന്നു. ഇതുമൂലം വിലകുറച്ച് നൽകാൻ കഴിയുന്ന കമ്പനികൾക്കും ആധുനിക ഉപകരണങ്ങൾ സപ്ലൈ ചെയ്യുന്നവർക്കും ഒരവസരത്തിൽ അല്ലെങ്കിൽ മറ്റൊരവസരത്തിൽ ടെണ്ടറിൽ പങ്കെടുക്കാൻ സാധിക്കുന്നതാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) നിലവിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന വാങ്ങുന്ന ഉപകരണങ്ങൾക്ക് താഴെപ്പറയുന്ന വാറണ്ടി വ്യവസ്ഥകളാണ് നിശ്ചയിച്ചിട്ടുള്ളത്.

1. പതിനയ്യായിരം രൂപയിൽ താഴെയുള്ള ഉപകരണങ്ങൾക്ക് ഒരു വർഷം.
2. പതിനയ്യായിരം രൂപ മുതൽ ഒരു ലക്ഷം രൂപ വരെയുള്ള ഉപകരണങ്ങൾക്ക് രണ്ട് വർഷത്തെ വാറണ്ടിയും അഞ്ച് വർഷത്തെ വിൽപ്പനാനന്തര സേവനവും.
3. ഒരു ലക്ഷം രൂപയ്ക്ക് മുകളിലുള്ള ഉപകരണങ്ങൾക്ക് മൂന്ന് വർഷത്തെ വാറണ്ടിയും ഏഴ് വർഷത്തെ വിൽപ്പനാനന്തര സേവനവും.

(എഫ്) ഉപകരണങ്ങളുടെ ഗുണനിലവാരവും വിൽപ്പനാനന്തര സേവനവും ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ താഴെപ്പറയുന്ന മാനദണ്ഡങ്ങളാണ് നിശ്ചയിച്ചിട്ടുള്ളത്.

1. ദർഘാസിൽ പങ്കെടുക്കുന്ന കമ്പനിക്കോ അതിന്റെ ഉൽപ്പാദകരായ കമ്പനിക്കോ അവസാന മൂന്നുവർഷം അതേ മേഖലയിൽ പ്രവൃത്തി പരിചയം ഉണ്ടായിരിക്കേണ്ടതാണ്.
2. കമ്പനിയുടെ മൂന്ന് വർഷത്തെ ശരാശരി വിൽപ്പന, ദർഘാസ് ക്ഷണിക്കുന്ന ഉപകരണത്തിന്റെ മതിപ്പുവിലയുടെ മൂന്നിരട്ടി ഉണ്ടാകണം.
3. മൂന്നുവർഷം രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ മാറ്റംവരുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

## എക്സ്-റേ ഫിലിം

336 (328) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മെഡിക്കൽ കോളേജ് ആസ്പത്രികളിലെയും സർക്കാർ ആശുപത്രികളിലെയും കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മെഷീനുകളിൽ ഉപയോഗിക്കുന്ന എക്സ്-റേ ഫിലിം വിതരണം ചെയ്യുന്നതിന് ഏത് ഏജൻസിയുമായിട്ടാണ് കരാറിലേർപ്പെട്ടിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ;

(ബി) ഏതെങ്കിലും സ്വകാര്യ ഏജൻസികളിൽനിന്നും എക്സ്-റേ ഫിലിം വാങ്ങുന്നുണ്ടോ;

(സി) എങ്കിൽ ഉയർന്ന നിരക്കിൽ ഫിലിം വാങ്ങാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലെയും സർക്കാർ ആശുപത്രികളിലെയും എക്സ്-റേ മെഷീനുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വാങ്ങിയാണ് ഉപയോഗിച്ചുവരുന്നത്. ഈ മെഷീനുകളിൽ ആവശ്യമായ ഫിലിമുകൾ സപ്ലൈ ചെയ്യുന്നതിന് വേണ്ടി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പ്രത്യേകം കരാറിലേർപ്പെട്ടിട്ടില്ലെങ്കിലും സർക്കാർ ആശുപത്രികൾക്കായി വാങ്ങി നൽകിയ എക്സ്-റേ മെഷീനുകൾ വാങ്ങി സ്ഥാപിക്കുന്നതിനോടൊപ്പം തന്നെ ഈ ഉപകരണത്തിനാവശ്യമായ സി.ആർ. ഫിലിമുകൾ മൂന്ന് വർഷത്തേയ്ക്ക് റണ്ണിംഗ് റേറ്റ് കോൺട്രാക്ട് പ്രകാരം വില നിശ്ചയിച്ച് വാങ്ങുന്ന രീതിയാണ് ഇപ്പോൾ നിലവിലുള്ളത്. ഇതുമൂലം ഏത് കമ്പനി ഉൽപ്പാദിപ്പിക്കുന്ന സി.ആർ. ഫിലിമും ഉപയോഗിക്കാൻ പര്യാപ്തമായ സാഹചര്യം നിലവിലില്ലാത്തതിനാലും നിർമ്മാണ കമ്പനികളുടെ വ്യവസ്ഥകൾ പാലിക്കപ്പെടേണ്ടതിനാലും എക്സ്-റേ ഫിലിമുകൾക്കു വേണ്ടി മാത്രം ടെണ്ടർ വിളിച്ച് കുറഞ്ഞ നിരക്കിൽ സപ്ലൈ നടത്താൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(ബി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനുമായി റണ്ണിംഗ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടുള്ള വിതരണക്കാരുടെ പക്കൽനിന്നും വാങ്ങുന്ന ഫിലിമുകൾ മാത്രമേ സി.ആർ. മെഷീനുകളിൽ ഉപയോഗിക്കാൻ കഴിയുകയുള്ളൂ. നിലവിലുള്ള വിതരണക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| നമ്പർ | ഉപകരണം | വിതരണക്കാരന്റെ പേര് | കാലാവധി |
|---|---|---|---|
| 1 | കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മോഡൽ എ | ഫ്യൂജി ഫിലിം ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | 2-9-2013 to 1-9-2016 |
| 2 | കമ്പ്യൂട്ടറൈസ്ഡ് റേഡിയോ ഗ്രാഫി മോഡൽ ബി | കെയർസ്ട്രീം ഹെൽത്ത് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | 13-3-2015 to 12-3-2018 |
| 3 | കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മോഡൽ എ | ഫ്യൂജി ഫിലിം ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | 22-7-2016 to 21-7-2019 |
| 4 | കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രാഫി മോഡൽ ബി | ഫ്യൂജി ഫിലിം ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ് | 23-8-2016to 22-8-2019 |

(സി) വിവരം ശേഖരിച്ചുവരുന്നു.

**കൊല്ലം പാരിപ്പള്ളിയിലുള്ള സർക്കാർ മെഡിക്കൽ കോളേജ്**

337 (329) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലം, പാരിപ്പള്ളിയിലുള്ള സർക്കാർ മെഡിക്കൽ കോളേജിൽ അടുത്ത വർഷത്തേക്കുള്ള എം.ബി.ബി.എസ് പ്രവേശനം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യ തടഞ്ഞതായുള്ള പ്രചാരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ വസ്തുതകൾ വ്യക്തമാക്കാമോ;

(ബി) കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജ് സർക്കാർ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത മെഡിക്കൽ കോളേജിൽ ഇ.എസ്.ഐ തൊഴിലാളികൾക്ക് പ്രത്യേക ആനുകൂല്യങ്ങളും സൗകര്യങ്ങളും ഉറപ്പുവരുത്താൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇനി എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്നും അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ റിപ്പോർട്ടിൽ കാണിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഇന്ത്യൻ മെഡിക്കൽ കൗൺസിൽ, ഓവർസൈറ്റ് കമ്മിറ്റി, കേന്ദ്ര സർക്കാർ എന്നിവിടങ്ങളിൽ സമർപ്പിക്കുകയും ബന്ധപ്പെട്ട അധികാരികൾ കേന്ദ്ര സർക്കാരിൽ നേരിട്ട് ഹാജരായി കൊല്ലം മെഡിക്കൽ കോളേജിൽ സ്വീകരിക്കുന്ന നടപടികളെ സംബന്ധിച്ച് അറിയിക്കുകയും അടുത്ത അദ്ധ്യയന വർഷത്തിൽ പ്രവേശനം സാധ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

(ബി) കൊല്ലം പാരിപ്പള്ളി മെഡിക്കൽ കോളേജ് സർക്കാർ മേഖലയിൽ നിലനിർത്തുന്നതിന്, മെഡിക്കൽ കോളേജിന്റെയും ആശുപത്രിയുടെയും സുഗമമായ പ്രവർത്തനത്തിനാവശ്യമായ പുതിയ തസ്തികകൾ സൃഷ്ടിച്ചും തിരുവനന്തപുരം ഇന്ദിരാഗാന്ധി സർക്കാർ മെഡിക്കൽ കോളേജിൽ അനുവദിച്ചിരുന്ന തസ്തികകൾ കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിസ്ഥാപിച്ചും അവശ്യം വേണ്ടുന്ന ഉപകരണങ്ങൾ സ്ഥാപിച്ചും 2017-18 അദ്ധ്യയന വർഷത്തിൽ 100 എം.ബി.ബി.എസ്. വിദ്യാർത്ഥികളെ പ്രവേശിപ്പിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം കൊല്ലം മെഡിക്കൽ കോളേജിന് വേണ്ടി പദ്ധതിയേതര ബജറ്റ് വിഹിതമായി 18,46,63,000 രൂപയും വിവിധ ശീർഷകങ്ങളിലായി അഡീഷണൽ ഓതറൈസേഷൻ മുഖേന 10,07,40,000 രൂപയും അനുവദിച്ചിരുന്നു.

(സി) ഇപ്പോൾ ലഭ്യമായ എല്ലാ ആനുകൂല്യങ്ങളും സൗകര്യങ്ങളും ഇ.എസ്.ഐ. തൊഴിലാളികൾ ഉൾപ്പെടെ എല്ലാവർക്കും സൗജന്യമായി നൽകിവരുന്നു. ഇ.എസ്.ഐ. തൊഴിലാളികൾക്ക് സൗജന്യ ഭക്ഷണം കുടുംബശ്രീവഴി നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇ.എസ്.ഐ. ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിനും അവർക്ക് വേണ്ട സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിനുംവേണ്ടി മെഡിക്കൽ കോളേജിൽ തന്നെ ഒരു ഇ.എസ്.ഐ. ഡിസ്പെൻസറി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ ആബുലൻസ് സൗകര്യം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.

## തൃശ്ശൂർ മെഡിക്കൽ കോളേജിലെ താൽക്കാലിക/കരാർ നിയമനം

338 (330) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തൃശ്ശൂർ മെഡിക്കൽ കോളേജിൽ എച്ച്.ഡി.എസ്, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ താൽക്കാലിക / കരാർ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ഇതിൽ നേരിട്ട് ഇന്റർവ്യൂ നടത്തി നിയമിച്ചിട്ടുള്ളവരുടെ പേരും വിവരവും ലഭ്യമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിച്ചിട്ടുള്ളവരുടെ പേരും വിവരവും ലഭ്യമാക്കുമോ;

(ഡി) മുഴുവൻ നിയമനങ്ങളുടെയും ഭാഗമായി ഇന്റർവ്യൂവിൽ പങ്കെടുത്തവരുടെ മാർക്ക് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## കോഴിക്കോട് മെഡിക്കൽ കോളേജിലെ ഫിസിയോതെറാപ്പി വിഭാഗം

339 (331) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഫിസിയോതെറാപ്പി വിഭാഗത്തിൽ എത്ര തെറാപ്പിസ്റ്റുകൾ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ;

(ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ശരാശരി എത്ര രോഗികളാണ് ദിവസേന ഫിസിയോ തെറാപ്പിക്കായി വരുന്നതെന്ന് വിശദമാക്കുമോ;

(സി) ഫിസിയോ തെറാപ്പിസ്റ്റുകളുടെ അപര്യാപ്തത കാരണം രോഗികൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതുപരിഹരിക്കുന്നതിനായി കൂടുതൽ തെറാപ്പിസ്റ്റുകളെ നിയമിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) നാല് ഫിസിയോതെറാപ്പിസ്റ്റുകൾ നിലവിൽ ജോലിനോക്കുന്നുണ്ട്.

(ബി) ശരാശരി 46 രോഗികൾ.

(സി&ഡി) രോഗികൾക്ക് ആവശ്യമായ ചികിത്സ ലഭ്യമാക്കുന്നതിന് ഫിസിയോ തെറാപ്പിസ്റ്റുകളുടെ സേവനം ലഭിക്കുന്നുണ്ട്.

## ഹോമിയോ ആശുപത്രികൾ

340 (332) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി, ചൂണ്ടൽ പഞ്ചായത്തുകളിൽ പുതുതായി അനുവദിച്ച ഹോമിയോ ആശുപത്രികൾ പ്രവർത്തനക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

മണലൂർ മണ്ഡലത്തിൽ പുതുതായി ഹോമിയോ ആശുപത്രികൾ അനുവദിച്ചിട്ടില്ല.

## സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജ്

341 (333) <u>ശ്രീ. സി. മമ്മൂട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര സർക്കാർ ഹോമിയോപ്പതി മെഡിക്കൽ കോളേജുകൾ നിലവിൽ ഉണ്ട്; അവ എവിടെയെല്ലാം; ഇവയിൽ സെന്റർ ഫോർ എക്സലൻസ് നേടിയവ എത്ര എണ്ണം; അവ ഏതെല്ലാം;

(ബി) തിരുവനന്തപുരം സർക്കാർ ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ രാത്രികാല കാഷ്വാലിറ്റിയോ മറ്റ് ചികിത്സ ലഭ്യമാകുന്ന സൗകര്യങ്ങളോ നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരം സർക്കാർ ഹോമിയോ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുൾപ്പെടെയുള്ള മെഡിക്കൽ ജീവനക്കാർക്ക് മറ്റ് ഹോമിയോപ്പതി ക്ലിനിക്കുകളുടെ നിരക്കിലാണോ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നതെന്ന് വിശദമാക്കാമോ; ഇല്ലെങ്കിൽ എന്തൊക്കെ വ്യത്യാസങ്ങളാണ് ശമ്പള/ആനുകൂല്യ ഇനങ്ങളിൽ ഇവർ തമ്മിലുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ഡി) തിരുവനന്തപുരം സർക്കാർ ഹോമിയോ മെഡിക്കൽ കോളേജ് ആശുപത്രിയിൽ നൈറ്റ് ഡ്യൂട്ടി ഡോക്ടറുടെ പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാതിരിക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; പേര് പ്രദർശിപ്പിച്ചിട്ടുണ്ടെങ്കിലും തൽസമയം ഡോക്ടർ സ്ഥലത്തില്ലാതാകുന്ന അവസ്ഥ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത്തരം പ്രവണത അവസാനിപ്പിച്ച് രാത്രികാലചികിത്സ നൽകുന്നുണ്ടെങ്കിൽ അവ പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാക്കുമോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലായി രണ്ട് സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ ഉണ്ട്. ഇതിൽ സെന്റർ ഫോർ എക്സലൻസ് നേടിയവ ഇല്ല.

(ബി) കാഷ്വാലിറ്റി വിഭാഗം നിലവിലില്ല. എന്നാൽ ഐ.പി., ഒ.പി. സൗകര്യം ഉൾപ്പെടെ ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്.

(സി) സർക്കാർ ഹോമിയോ മെഡിക്കൽ കോളേജിൽ ഡോക്ടർമാർക്ക് യു.ജി.സി., സ്റ്റേറ്റ് എന്നീ രണ്ടുതരം സ്കെയിലുകളാണ് നിലവിലുള്ളത്. ഇതിൻ പ്രകാരമാണ് ഇവിടെ ശമ്പളം നൽകി വരുന്നത്. മെഡിക്കൽ എഡ്യൂക്കേഷൻ വിഭാഗമായതിനാൽ ഇവിടെയുള്ള അദ്ധ്യാപക തസ്തികകൾ മറ്റ് ഹോമിയോ ക്ലിനിക്കുകളിൽ നിലവിലില്ല. മറ്റ് മെഡിക്കൽ ജീവനക്കാർക്ക് സർക്കാർ ഹോമിയോ ക്ലിനിക്കുകളിൽ നൽകുന്ന നിരക്കിലാണ് ശമ്പളം നൽകിവരുന്നത്.

(ഡി) നൈറ്റ് ഡ്യൂട്ടി ഡോക്ടർമാരുടെ പേര് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാതെയിരുന്നിട്ടുള്ള അവസ്ഥയും തത്സമയം ഡോക്ടർ സ്ഥലത്തില്ലാതാകുന്ന അവസ്ഥയും ഉണ്ടായിട്ടില്ല. തിരുവനന്തപുരം സർക്കാർ ഹോമിയോപ്പതിക് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഡോക്ടറുടെ സേവനം 24 മണിക്കൂറും ലഭ്യമാണ്.

**എളവള്ളി ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സ**

342 (334) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗവൺമെന്റ് ആയുർവേദ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്കുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനം ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കി പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ഭിന്നശേഷി സൗഹൃദ സംസ്ഥാനം**

343 (335) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. ഹൈബി ഈഡൻ</u> :
<u>ശ്രീ. ഐ. സി.ബാലകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(സി) വികലാംഗ ക്ഷേമ കോർപ്പറേഷന്റെകീഴിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) കുട്ടികളിലെ വളർച്ചാവൈകല്യവും അനുബന്ധ പ്രശ്നങ്ങളും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടൽ നടത്തുന്നതിനായി ആരംഭിക്കുവാൻ തീരുമാനിച്ച പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ (DEIC )14 ജില്ലകളിലും ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത കേന്ദ്രങ്ങളിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭിന്നശേഷി സൗഹൃദ സംസ്ഥാനമാക്കുന്നതിനായി സംസ്ഥാന സർക്കാർ 'അനുയാത്ര' എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ഭിന്നശേഷി ക്കാരുടെ അവകാശ സംരക്ഷണത്തിനായി ഒരു ജീവചക്ര സമീപനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്തെ പൊതുകാര്യാലയങ്ങൾ ഭിന്നശേഷി സൗഹൃദ മാക്കുന്നതിനായി നടപ്പുവർഷം ബജറ്റിൽ വകയിരുത്തിയ 15 കോടി രൂപയിൽ 6,11,20,000 രൂപ വയനാട് ജില്ലയ്ക്കും 8,88,80,000 രൂപ മലപ്പുറം ജില്ലയ്ക്കുമായി വിതരണം ചെയ്തിട്ടുണ്ട്. ടി ജില്ലകളിലെ പൊതുകാര്യാലയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ കണ്ണൂർ ജില്ലയെ സമ്പൂർണ്ണ ഭിന്നശേഷി സൗഹൃദ ജില്ലയായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭിന്നശേഷിക്കാരുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു ;

1. ഡിഗ്രിയോ അതിനു മുകളിലോ വിദ്യാഭ്യാസം ചെയ്യുന്നവരും ഭിന്നശേഷിക്കാരുമായവർക്ക് വിദൂര വിദ്യാഭ്യാസം ചെയ്യുന്നതിനായി ഒരു വർഷം 10,000 രൂപ വരെ സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.

2. സ്കൂൾ പഠനം പൂർത്തിയാക്കുവാൻ കഴിയാത്ത ഭിന്നശേഷിക്കാർക്ക് പത്താം ക്ലാസ്സ്/ പന്ത്രണ്ടാം ക്ലാസ്സ് തുല്യതാ പരീക്ഷ എഴുതുന്നതിന് പരീക്ഷാ ഫീസും കോഴ്സ് ഫീസും അനുവദിക്കുന്ന പദ്ധതി.

3. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോ പകരണങ്ങൾ എന്നിവ വാങ്ങുന്നതിന് ഫണ്ട് അനുവദിക്കുന്ന വിദ്യാജ്യോതി പദ്ധതി.

4. ഭിന്നശേഷിക്കാരായ മാതാപിതാക്കളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി- വിദ്യാകിരണം.

5. ഭിന്നശേഷിക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി- നിരാമയ സ്വാവലംബൻ.

6. Individual Care Plan- ഭിന്നശേഷിക്കാരുടെ വ്യക്തിഗത ആവശ്യങ്ങൾക്കനുസൃതമായി വ്യക്തിഗത പരിപാലന പദ്ധതി നടപ്പാക്കുന്നതിന് 4,36,96,580 രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെടുന്ന അങ്കണവാടി വർക്കർ മുഖേന വിവരശേഖരണം നടത്തുന്ന പ്രസ്തുത പദ്ധതിയിലേയ്ക്ക് മാസ്റ്റർ ട്രെയിനർമാർക്ക് പരിശീലനം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

7. തീവ്ര ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവരുടെ മാതാവിന്/ രക്ഷിതാവിന് (സ്ത്രീ ആയിരിക്കണം) സ്വയംതൊഴിൽ ചെയ്യുന്നതിന് 35,000 രൂപവരെ ഒറ്റത്തവണ വായ്പ അനുവദി ക്കുന്ന പദ്ധതിക്ക് നടപ്പു വർഷം സർക്കാർ ഉത്തരവായിട്ടുണ്ട്.

8. കാഴ്ചവൈകല്യമുള്ള അമ്മമാർക്ക് പ്രസവാനന്തരം കുഞ്ഞിനെ പരിപാലിക്കുന്നതിന് 2,000 രൂപ വീതം 2 വർഷം വരെ അനുവദിക്കുന്ന പദ്ധതി 2016-17 മുതൽ നടപ്പിലാക്കി വരുന്നു.

9. അംഗപരിമിതരുടെ കൃത്യനിർവ്വഹണത്തിന് തടസ്സമാകുന്ന വൈകല്യം മറികടക്കാൻ ഉതകുന്ന സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിക്കായി നടപ്പുവർഷം ബജറ്റിൽ വകയിരുത്തിയിരുന്ന 50 ലക്ഷം രൂപ എല്ലാ ജില്ലകൾക്കുമായി വിതരണം ചെയ്തിട്ടുണ്ട്.

10. ഇന്റർനെറ്റ് ടെക്നോളജി സംവിധാനം ഉപയോഗപ്പെടുത്തി ഭിന്നശേഷിക്കാരുടെ മാതാപിതാക്കൾക്ക്/രക്ഷകർത്താക്കൾക്ക് പരിശീലനവും അവബോധവും നൽകുന്നതിനായി 2016-17, 2017-18 വർഷങ്ങളിൽ NISH-ന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.

11. ഭിന്നശേഷിക്കാരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്ന തിന് ഉതകുന്ന പ്രവർത്തനങ്ങൾക്കായി വിവിധ NGO-കൾക്ക് ധനസഹായം അനുവദിച്ച് വരുന്നുണ്ട്.

ഭിന്നശേഷിക്കാരുടെ അംഗപരിമിതികൾ നേരത്തെ കണ്ടെത്തുക, അനുയോജ്യമായ ഇടപെടലുകൾ നടത്തുക, അവരുടെ ശാരീരികവും മാനസികവുമായ വികാസത്തിന് സഹായിക്കുക തുടങ്ങിയവ ലക്ഷ്യമാക്കി കേരള സർക്കാർ 'അനുയാത്ര' എന്ന

പേരിൽ ഒരു പദ്ധതിക്ക് രൂപം നൽകുകയും പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങളാണ് അനുയാത്രയിലൂടെ ഘട്ടം ഘട്ടമായി നടപ്പാക്കാൻ ലക്ഷ്യമിടുന്നത്.

1. <u>അംഗപരിമിതികൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ</u>

   അംഗപരിമിതികൾക്ക് കാരണമാകുന്ന അവസ്ഥകൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പാക്കും. ജന്മനായുള്ള വൈകല്യങ്ങൾക്ക് കാരണമാകുന്ന അവസ്ഥകളെ സംബന്ധിച്ചും, വൈകല്യങ്ങൾക്ക് കാരണമായേക്കാവുന്ന ഘടകങ്ങളായ (Determinants of Disability) അനീമിയ, ചെറിയ പ്രായത്തിലുള്ള വിവാഹങ്ങൾ, താമസിച്ചുണ്ടാകുന്ന ഗർഭധാരണം, consanguinity തുടങ്ങിയവയെ സംബന്ധിച്ചും പൊതുസമൂഹത്തിനായി വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കും. ഇതോടൊപ്പം വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള വിവാഹ പൂർവ്വ കൗൺസിലിംഗുകൾ സാർവ്വത്രികമാക്കാനുള്ള പ്രവർത്തനങ്ങളും അനുയാത്രയുടെ ഭാഗമായി ആരംഭിക്കും. ഗർഭധാരണസമയം മുതൽ പ്രസവാനന്തരം വരെയുള്ള പരിചരണങ്ങൾ നൽകുമ്പോൾ വൈകല്യ പ്രതിരോധത്തിന് ഊന്നൽ നൽകുന്ന സമീപനം സ്വീകരിക്കാൻവേണ്ട നടപടികൾ നടപ്പാക്കും. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാർ, ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ, കുടുംബശ്രീ പ്രവർത്തകർ തുടങ്ങിയവർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകി, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെയായിരിക്കും ഈ പ്രവർത്തനങ്ങൾ നടപ്പാക്കുക. ആർജ്ജിത വൈകല്യങ്ങൾ പ്രതിരോധിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നടപ്പാക്കുന്നുണ്ട്. കൂടാതെ വൈകല്യ പ്രതിരോധങ്ങളുടെ ഭാഗമായി എം.എം.ആർ. വാക്സിൻ സൗജന്യമായി ലഭിക്കുന്നുണ്ട്.

2. <u>ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകളും.</u>

   വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും അനുയോജ്യമായ ഇടപെടൽ പ്രവർത്തനങ്ങൾ നടത്തുന്നതിനുമായി ആധുനിക സൗകര്യങ്ങളോടുകൂടിയ ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ നിർമ്മാണം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പൂർത്തീകരിക്കുന്നതാണ്. ഇതിനാവശ്യമായ സ്ഥലം ആരോഗ്യ വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗമാണ് 13

ജില്ലകളിൽ നടത്തുന്നത്. പത്തനംതിട്ട ജില്ലയിൽ തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തെയാണ് നിർമ്മാണ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണത്തിനായി 42 കോടി രൂപ ചെലവുവരും. 9 ജില്ലകളിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതോടൊപ്പം സംസ്ഥാനത്തെ അഞ്ച് മെഡിക്കൽ കോളേജുകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്) റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ ആരംഭിക്കാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

3. <u>നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ ശാക്തീകരണം</u>

പൂർണ്ണമായ സൗകര്യങ്ങളോടു കൂടിയ സ്ഥിരം ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ നിലവിൽ വരുന്നതുവരെ അംഗപരിമിതരായ കുട്ടികൾക്ക് തെറാപ്പികളും സേവനങ്ങളും ലഭ്യമാക്കുന്നതിനായി നാഷണൽ ഹെൽത്ത് മിഷന്റെ നിലവിലുള്ള ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ ശാക്തീകരിക്കുന്നതാണ്. ഈ സ്ഥാപനങ്ങൾക്ക് അധികമായി വേണ്ടിവരുന്ന ഉപകരണങ്ങൾ, ജീവനക്കാർ, പരിശീലനങ്ങൾ തുടങ്ങിയവ ലഭ്യമാക്കി കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യും. ഇതിനായി 2.17 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

4. <u>മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ</u>

അംഗപരിമിതരായവർക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി 25 മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. 6 ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഒരു യൂണിറ്റ് എന്ന നിലയിലാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

5. <u>കാതോരം</u>

കേൾവി വൈകല്യം എത്രയുംനേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി സമഗ്ര ജീവചക്ര സമീപനം സ്വീകരിക്കുന്നതാണ്. ഒരു കുഞ്ഞ് ജനിച്ചയുടൻതന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം സംസ്ഥാനത്തെ എല്ലാ ഡെലിവറി പോയിന്റുകളിലും സ്ഥാപിക്കും. കേൾവി പ്രശ്നമുള്ള കുട്ടികൾക്ക് വിദഗ്ദ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള

BERA സംവിധാനം എല്ലാ ജില്ലാ കേന്ദ്രങ്ങളിലും ലഭ്യമാക്കും. കേൾവി പ്രശ്നം സ്ഥിരീകരിക്കുന്നവർക്ക് തുടർന്ന് വിദഗ്ദ്ധ വൈദ്യസഹായവും ശ്രവണ ഉപകരണങ്ങളും ലഭ്യമാക്കും. 18 മാസം പൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ കോക്ലിയാർ ഇംപ്ലാന്റ് സർജറി നടത്തുന്നതിനുള്ള സൗകര്യവും ഉറപ്പാക്കുന്നതാണ്. ഇതിനായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന 'ശ്രുതിതരംഗം' പദ്ധതി കാതോരവുമായി സംയോജിപ്പിക്കുന്നതാണ്. കോക്ലിയാർ ഇംപ്ലാന്റേഷനു ശേഷമുള്ള പോസ്റ്റ് ഹാബിലിറ്റേഷൻ തെറാപ്പികൾ NISH, മെഡിക്കൽ കോളേജുകൾ എന്നിവയിലൂടെ ലഭ്യമാക്കി കുഞ്ഞുങ്ങളുടെ ശ്രവണ വൈകല്യം ഒഴിവാക്കുക എന്ന സമീപനമാണ് സ്വീകരിക്കുന്നത്.

6. <u>പ്രത്യേക മേഖലകളിൽ സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ</u>

പട്ടികവർഗ്ഗ മേഖല, തീരദേശ മേഖല തുടങ്ങിയ പ്രത്യേക മേഖലയിൽ വൈകല്യങ്ങൾ സ്ക്രീൻ ചെയ്യാനും ആവശ്യമായ തെറാപ്പികളും സേവനങ്ങളും നൽകുന്നതിനും സ്ഥിരം ഇന്റർവെൻഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതാണ്. അട്ടപ്പാടിയിലെ കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിലും മാനന്തവാടി താലൂക്ക് ആശുപത്രിയിലും ഇത്തരം യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

7. <u>ഹെൽപ്പ് ഡെസ്ക്</u>

അംഗപരിമിതർക്ക് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കുന്നതിനും ഫയൽ ഫോളോഅപ്പ് ഉൾപ്പെടെയുള്ള ഇവരുടെ വിവിധ ആവശ്യങ്ങൾ പരിഹരിക്കുന്നതിനുള്ള പരാതി പരിഹാര സംവിധാനമായി പ്രവർത്തിക്കുന്നതിനുംവേണ്ടി കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് സ്ഥാപിക്കുന്നതാണ്. അംഗപരിമിതർക്കായി പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ, അവയുടെ സേവനങ്ങൾ, ക്ഷേമ പദ്ധതികൾ തുടങ്ങിയവ സംബന്ധിച്ച വിവരങ്ങളും ഇതേ കേന്ദ്രത്തിലൂടെ ലഭ്യമാക്കുന്നതാണ്. സാങ്കേതിക സംവിധാനങ്ങളോടെ സ്ഥാപിച്ചിട്ടുള്ള ഹെൽപ്പ് ഡെസ്കിലൂടെ 1800 120 1001 എന്ന ടോൾ ഫ്രീ നമ്പരിലൂടെ ഈ സേവനം ലഭ്യമാണ്.

8. <u>പ്രോജക്ട് ഓട്ടിസം</u>

ഓട്ടിസം ബാധിച്ച കുട്ടികൾക്ക് ചികിത്സയും തെറാപ്പികളും അനുബന്ധ സേവനങ്ങളും ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ ഓട്ടിസം സെന്ററുകൾ ആരംഭിക്കുന്നതാണ്. ഈ കേന്ദ്രങ്ങളുടെ നടത്തിപ്പിന് 2 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ തുടങ്ങാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

9. സ്പെഷ്യൽ അങ്കണവാടികൾ

പ്രീ സ്കൂൾ തലത്തിൽ തന്നെ ബുദ്ധിമാന്ദ്യം, വളർച്ചാ വികാസ താമസം തുടങ്ങിയവ കണ്ടെത്തി അനുയോജ്യമായ പരിചരണങ്ങൾ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റേഴ്സിന്റെ സേവനത്തോടുകൂടിയ സ്പെഷ്യൽ അങ്കണവാടികൾ ആരംഭിക്കുന്നതാണ്.

10. മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററുകൾ (MCRC)

അംഗപരിമിത സെൻസസ് പ്രകാരം കേരളത്തിൽ 28,000-ത്തോളം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ ഉണ്ടെന്നാണ് കണക്ക്. 1,000 കുട്ടികൾക്ക് 1 മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ എന്ന നിലയിൽ ഒരു ജില്ലയിൽ 2 വീതം 28 സെന്ററുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഇവ സ്ഥാപിക്കുന്നത്. കണ്ണൂർ ജില്ലയിലെ മട്ടന്നൂർ മുനിസിപ്പാലിറ്റി, മാടായി, എരഞ്ഞോളി പഞ്ചായത്തുകൾ, മലപ്പുറം ജില്ലയിലെ താനാലൂർ എന്നിവിടങ്ങളിൽ MCRC-കൾ ആരംഭിക്കാനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

11. അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

സംസ്ഥാനത്തെ അംഗപരിമിതർക്ക് ആരോഗ്യ ഇൻഷ്വറൻസ് നടപ്പാക്കുന്നതാണ്. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കുന്ന ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സ്വാവലംബൻ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഒരു ലക്ഷം പേരുടെ ഗുണഭോക്തൃ വിഹിതമായ 3.57 കോടി രൂപ ഇത് നടപ്പാക്കുന്ന ന്യൂ ഇൻഡ്യാ അഷ്വറൻസ് കമ്പനിക്ക് കേരള സർക്കാർ അടച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നുമുള്ള ആനുപാതിക വിഹിതം ലഭിക്കുന്നമുറയ്ക്ക് ഇവരെ ഇൻഷ്വറൻസ് പദ്ധതിയിൽ ചേർക്കുന്നതാണ്. അർഹരായ മുഴുവൻ അംഗപരിമിതരുടെയും ഗുണഭോക്താക്കൃ വിഹിതം ഗവൺമെന്റ് അടച്ച് ഇവരെ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനാണ് ലക്ഷ്യമിടുന്നത്.

12. അംഗപരിമിതർക്കായുള്ള സവിശേഷ തിരിച്ചറിയൽ കാർഡുകളുടെ വിതരണം

സംസ്ഥാനത്തെ അർഹരായ മുഴുവൻ അംഗപരിമിതർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (Unique ID for Persons with Disabilities-UDID) നൽകുന്നതാണ്. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ്‌വെയറിൽ അംഗപരിമിതരുടെ വിവരങ്ങൾ അപ്‌ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ

കാർഡുകൾ നൽകുന്നത്. അംഗപരിമിതർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നതാണ്. ഇതിനുള്ള അപേക്ഷാ ഫോറങ്ങൾ എല്ലാ അങ്കണവാടികളിലും ലഭ്യമാക്കിയിട്ടുണ്ട്.

13. ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ ശാക്തീകരിക്കും

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് കൂടുതൽ ബഡ്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ബഡ്സ് സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കി ശാക്തീകരിക്കുന്നതുമാണ്. ഇതിനാവശ്യമായ സാങ്കേതിക സഹായം സാമൂഹ്യനീതി വകുപ്പും കേരള സാമൂഹ്യ സുരക്ഷാ മിഷനും ലഭ്യമാക്കും.

14. കറക്ഷൻ സർജറികൾ

അംഗപരിമിതികൾ മറികടക്കാൻ ആവശ്യമായി വരുന്ന കറക്ഷൻ സർജറികൾ മെഡിക്കൽ കോളേജുകളുമായും ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുമായും സഹകരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

15. Student Initiative in Community Rehabilitation

മെഡിക്കൽ കോളേജ് വിദ്യാർത്ഥികൾക്ക് അംഗപരിമിതരോട് ആർദ്രതാ മനോഭാവം വളർത്തിയെടുക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി Student Initiative in Community Rehabilitation എന്ന പേരിൽ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ കമ്മ്യൂണിറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ആലപ്പുഴ മെഡിക്കൽ കോളേജിൽ ആരംഭിച്ച ഈ പദ്ധതി മറ്റ് ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലും ആരംഭിക്കുന്നതാണ്.

16. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുവേണ്ടി ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും അസിസ്റ്റഡ് ലിവിംഗ് ഹോമുകളും സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളും അനുയാത്രയുടെ ഭാഗമായി നടത്തുന്നതാണ്.

17. വ്യക്തിഗത പരിപാലന പ്ലാൻ

അംഗപരിമിതർക്ക് ആവശ്യമായ വ്യക്തിഗത സേവനങ്ങൾ ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ വ്യക്തിഗത പരിപാലന പദ്ധതി തയ്യാറാക്കുന്നതിനും (Individual Care Plan) അതനുസരിച്ച് സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി ആരംഭിക്കും.

18. ദേശീയ ശിൽപ്പശാല

അംഗപരിമിത മേഖലയിൽ ദേശീയതലത്തിൽ നടക്കുന്ന നൂതന മാതൃകകളും പ്രവർത്തനങ്ങളും ചർച്ച ചെയ്യുന്നതിനും ദേശീയതലത്തിലുള്ള വിദഗ്ദ്ധ സ്ഥാപനങ്ങളുടെ സേവനങ്ങൾ സംസ്ഥാനത്തിന് ലഭ്യമാക്കുന്നതിനും ഈ മേഖലയിൽ നടപ്പാക്കേണ്ട നൂതന ഇടപെടലുകൾ കണ്ടെത്തു ന്നതിനുമായി ഒരു ദേശീയ ശിൽപ്പശാല സംഘടിപ്പിക്കുന്നതാണ്.

19. അംഗപരിമിതർക്ക് തൊഴിൽ പരിശീലനത്തിനും സാങ്കേതിക സംവിധാനങ്ങൾക്കുമായി വിദഗ്ദ്ധ കേന്ദ്രം

അംഗപരിമിതർക്കായി തൊഴിൽ പരിശീലനങ്ങൾ, ഇവർക്ക് അനുയോജ്യമായ സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയുള്ള Assistive Device-കൾ തുടങ്ങിയവ WHO മാനദണ്ഡ പ്രകാരം ലഭ്യമാക്കുന്നതിനായി ഒരു വിദഗ്ധ കേന്ദ്രം അനുയാത്രാ ക്യാമ്പയിനിന്റെ ഭാഗമായി സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു.

20. വിവര വിദ്യാഭ്യാസ വ്യാപന (IEC) പ്രവർത്തനങ്ങൾ- എം.പവർ

അനുയാത്ര പദ്ധതി പ്രവർത്തനങ്ങളുടെ ഗുണഫലങ്ങൾ അർഹതപ്പെട്ടവരിൽ എത്തിക്കുന്നതിനായി വ്യാപകമായ പ്രചരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ എന്നിവ നടപ്പാക്കും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് മാജിക് പരിശീലനം നൽകി ഇവരെ അനുയാത്ര പദ്ധതി പ്രവർത്തനങ്ങളുടെ പ്രചാരകരായി (Ambassadors) ബഹു. ഇന്ത്യൻ ഉപരാഷ്ട്രപതി 2017 ജൂൺ 12-ന് പ്രഖ്യാപിച്ചിട്ടുണ്ട്. മാജിക് അക്കാദമിയാണ് ഇവർക്ക് പരിശീലനം നൽകിയത്.

21. പരിക്കുകൾമൂലം ഉണ്ടാകുന്ന അംഗപരിമിതികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ (Injury Related Disability Prevention and Management)

നമ്മുടെ സംസ്ഥാനത്ത് 47 ശതമാനം ദീർഘകാല അംഗപരിമിതികളും വിവിധതരം അപകടങ്ങൾ, വീഴ്ചകൾ തുടങ്ങിയവമൂലമുണ്ടാകുന്ന പരിക്കുകൾ കാരണമാണ് സംഭവിക്കുന്നത്. സമയബന്ധിതമായി അനുയോജ്യമായ ശാസ്ത്രീയ പരിചരണങ്ങൾ ശ്രദ്ധാപൂർവ്വം നൽകുന്നതിലൂടെ (ട്രോമാ കെയർ) ഈ അവസ്ഥ ഒരു വലിയ അളവിൽ കുറയ്ക്കാൻ കഴിയും. സംസ്ഥാനത്താകമാനം ഈ സേവനം ലഭ്യമാക്കുന്നതിനായി ഒരു ട്രോമാ

കെയർ സംവിധാനം അനുയാത്രയുടെ ഭാഗമായി ആരംഭിക്കുന്നതാണ്. ആൾ ഇൻഡ്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസിന്റെ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. ഇതിന്റെ ആദ്യഘട്ടമായി ഡോക്ടർമാരും നഴ്സുമാരും അടങ്ങുന്ന 30 അംഗ സംഘം രൂപീകരിക്കുകയും ഇവർക്ക് ഡൽഹിയിലെ AIIMS-ൽ വച്ച് ട്രോമാ കെയർ പരിപാലന രീതികൾ സംബന്ധിച്ച പ്രായോഗിക പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്.

22. <u>അനുയാത്ര- വി കെയർ ഫിലിം ഫെസ്റ്റിവൽ ഓൺ ഡിസെബിലിറ്റീസ്</u>

അംഗപരിമിതികളോടും അംഗപരിമിതരോടുമുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ അനുകൂലമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിന് ദൃശ്യമാധ്യമങ്ങൾക്ക് വളരെയേറെ സ്വാധീനം ചെലുത്താൻ കഴിയും. കൂടാതെ അംഗപരിമിതിയുള്ളവർ ആർജ്ജിച്ച നേട്ടങ്ങൾ കാണാൻ അവസരങ്ങൾ ഉണ്ടാക്കുന്നതിലൂടെ അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും സമാനമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഇവരെ പ്രേരിപ്പിക്കുകയും ചെയ്യും. ദൃശ്യമാധ്യമങ്ങൾ, പ്രത്യേകിച്ചും സിനിമ ഇക്കാര്യത്തിൽ ഒരു നിർണ്ണായക സ്വാധീനം ചെലുത്തുന്നുണ്ട്. ഇത്തരം ആശയങ്ങൾ പ്രതിഫലിക്കുന്ന ഒട്ടനവധി സിനിമകളും ഹ്രസ്വ ചിത്രങ്ങളും ദേശീയ അന്തർദേശീയതലത്തിൽ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. ഡൽഹിയിലുള്ള വി കെയർ എന്ന സംഘടന ഇത്തരം ചിത്രങ്ങൾ ലഭ്യമാക്കുന്നുണ്ട്. ഇത്തരം സിനിമകൾ സംസ്ഥാനത്ത് പ്രദർശിപ്പിക്കുന്നതിനായി ഒരു ഫിലിം ഫെസ്റ്റിവൽ അനുയാത്രയുടെ ഭാഗമായി സംഘടിപ്പിക്കുന്നതാണ്. കോട്ടയം മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റിയുടെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസുമായി സഹകരിച്ച് "അനുയാത്ര- വി കെയർ ഫിലിം ഫെസ്റ്റിവൽ ഓൺ ഡിസെബിലിറ്റീസ്" എന്ന പേരിൽ ഒരു ഫിലിം ഫെസ്റ്റിവൽ സംഘടിപ്പിക്കുന്നതാണ്.

23. <u>പ്രൊസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ്</u>

ചലന വൈകല്യങ്ങൾ ഉള്ളവർക്ക് സഹായ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു പ്രോസ്തെറ്റിക് ആന്റ് ഓർത്തോട്ടിക് യൂണിറ്റ് തൃശ്ശൂരിലെ NIPMR-ൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻവഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ഗുരുതര ഭിന്നശേഷിയുള്ളവർക്ക് ജാമ്യരഹിത വായ്പ നൽകൽ.

2. നാല് മേഖലാ ഓഫീസുകൾ സജ്ജമാക്കൽ.

3. ആധുനിക രീതിയിലുള്ള ഉപകരണ നിർമ്മാണ യൂണിറ്റ്.

4. കാഴ്ച വെല്ലുവിളി നേരിടുന്ന യുവതീ യുവാക്കൾക്ക് സ്മാർട്ട് ഫോൺ/ ടാബ്ലറ്റ് പദ്ധതി (കാഴ്ച)

(ഡി) സാമൂഹ്യനീതി വകുപ്പും ആരോഗ്യ വകുപ്പും ചേർന്ന് ആരംഭിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളുടെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 9 ജില്ലകളിലേയ്ക്ക് പണം കൈമാറിയിട്ടുണ്ട്. 3 ജില്ലകളിൽനിന്നും പുതുക്കിയ എസ്റ്റിമേറ്റും, 2 ജില്ലകളിൽ ലഭിച്ച സ്ഥലം അപര്യാപ്തമായതിനാൽ പുതിയ സ്ഥലം കണ്ടെത്താനുമുള്ള നടപടികൾ പുരോഗമിക്കുന്നു. 14 ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങളും 2019-ൽ പണി പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുമെന്നു പ്രതീക്ഷിക്കുന്നു. നിലവിൽ ഈ കേന്ദ്രങ്ങളിലേയ്ക്ക് ജീവനക്കാരെ നിയമിച്ചിട്ടില്ല. നിലവിൽ RBSK യുടെ ഭാഗമായി എല്ലാ ജില്ലകളിലും DEIC-കൾ പ്രവർത്തിക്കുന്നുണ്ട്. ഈ കേന്ദ്രങ്ങൾ ശാക്തീക രിക്കാനുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്.

**കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രം**

344 (336) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യകേന്ദ്രത്തിൽ പ്രവേശിപ്പി ക്കാവുന്ന രോഗികളുടെ എണ്ണം എത്രയാണ്; നിലവിൽ എത്ര രോഗികളെ പ്രവേശി പ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ആശുപത്രിയിൽ ജീവനക്കാരുടെ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(സി) ഈ ആശുപത്രിയിൽ ജീവനക്കാരുടെ അഭാവം നിലവിലുണ്ടോ ; എങ്കിൽ ഏതൊക്കെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വെളിപ്പെടുത്താമോ; എല്ലാ തസ്തികകളിലും ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ആശുപത്രിയിൽ രോഗം മാറിയവരെ പുനരധിവസിപ്പിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന തൊഴിലധിഷ്ഠിത റിഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനം നിലച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് വീണ്ടും പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് കുതിരവട്ടം മാനസികാരോഗ്യ കേന്ദ്രത്തിൽ 474 രോഗികളെ പ്രവേശിപ്പിക്കാവുന്നതാണ്. നിലവിൽ 412 രോഗികളെ പ്രവേശിപ്പിച്ചിട്ടുണ്ട്.

(ബി)

| തസ്തിക | എണ്ണം |
|---|---|
| (1) | (2) |
| സൂപ്രണ്ട് | 1 |
| ഡെപ്യൂട്ടി സൂപ്രണ്ട് | 1 |
| റസിഡൻസ് മെഡിക്കൽ ഓഫീസർ | 1 |
| സീനിയർ കൺസൾട്ടന്റ് | 1 |
| കൺസൾട്ടന്റ് | 5 |
| ജൂനിയർ കൺസൾട്ടന്റ് | 6 |
| കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർ | 4 |
| അസിസ്റ്റന്റ് സർജൻ | 3 |
| ലേ സെക്രട്ടറി & ട്രഷറർ | 1 |
| ഹെഡ് ക്ലാർക്ക് | 1 |
| യു.ഡി./ എൽ.ഡി. ക്ലാർക്ക് | 5 |
| ടൈപ്പിസ്റ്റ് | 1 |
| ഓഫീസ് അറ്റന്റന്റ് | 2 |
| നഴ്സിംഗ് സൂപ്രണ്ട് (ഗ്രേഡ് 1) | 3 |
| നഴ്സിംഗ് സൂപ്രണ്ട് (ഗ്രേഡ് 2) | 2 |

| (1) | (2) |
|---|---|
| ഹെഡ് നഴ്സ് | 22 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 | 38 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 | 38 |
| സ്റ്റോർ സൂപ്രണ്ട് | 1 |
| ഫാർമസിസ്റ്റ് സ്റ്റോർ കീപ്പർ | 1 |
| ഫാർമസിസ്റ്റ് | 5 |
| ഡയറ്റീഷ്യൻ | 1 |
| കുക്ക് | 8 |
| ഡ്രൈവർ | 1 |
| സർജന്റ് | 1 |
| വാച്ച്മാൻ | 4 |
| ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 4 |
| സൈക്യാട്രിക് സോഷ്യൽ വർക്കർ | 2 |
| ലാബ് ടെക്നീഷ്യൻ | 2 |
| മെഡിക്കൽ റെക്കോർഡ് ലൈബ്രേറിയൻ | 1 |
| ഇലക്ട്രിക് മെക്കാനിക്ക് | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 82 |
| ഹോസ്പിറ്റൽ അറ്റന്റർ | 2 |

| (1) | (2) |
|---|---|
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 1 | 19 |
| ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ് 2 | 32 |
| ടെയ്‌ലർ | 1 |
| ഡോബി | 2 |
| ബാർബർ | 1 |
| സ്കാവഞ്ചർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 2 |
| ഒക്യുപേഷണൽ തെറാപ്പിസ്റ്റ് | 1 |
| വർക്ക് മിസ്ട്രസ് | 1 |
| ബ്യൂണോയ് ഇൻസ്ട്രക്ടർ | 1 |
| വിവിംഗ് മാസ്റ്റർ | 1 |
| ഇ.ഇ.ജി. ടെക്നീഷ്യൻ | 1 |
| ആകെ | 314 |

(സി)

| തസ്തിക | എണ്ണം |
|---|---|
| (1) | (2) |
| കൺസൾട്ടന്റ് | 1 |
| നഴ്സിംഗ് സൂപ്രണ്ട് (ഗ്രേഡ് 2) | 2 |

| (1) | (2) |
|---|---|
| ഹെഡ് നഴ്സ് | 1 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് 1 | 5 |
| സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 | 1 |
| കുക്ക് | 1 |
| വാച്ച്മാൻ | 4 |
| ക്ലിനിക്കൽ സൈക്കോളജിസ്റ്റ് | 1 |
| നഴ്സിംഗ് അസിസ്റ്റന്റ് | 2 |
| ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 1 | 3 |
| ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ് 2 | 5 |
| ഡോബി | 1 |
| സ്കാവഞ്ചർ | 1 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| വർക്ക് മിസ്ട്രസ് | 1 |
| ബ്ലൂണോയ് ഇൻസ്ട്രക്ടർ | 1 |
| വിവിംഗ് മാസ്റ്റർ | 1 |
| ഇ.ഇ.ജി. ടെക്നീഷ്യൻ | 1 |
| ആകെ | 35 |

വകുപ്പുതല ഉദ്യോഗക്കയറ്റ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ജൂനിയർ കൺസൾട്ടന്റിന് ഉദ്യോഗക്കയറ്റം നൽകി പ്രസ്തുത ഒഴിവ് നികത്തുന്നതാണ്. നഴ്സിംഗ് സൂപ്രണ്ട് ഗ്രേഡ് 2-ന്റെ ഒഴിവുകൾ ഉദ്യോഗക്കയറ്റം നൽകി നികത്തുന്നതാണ്. ജില്ലാതലത്തിൽ നിയമനം നടത്തുന്ന തസ്തികകളിലേയ്ക്കുള്ള നിയമന നടപടി സ്വീകരിച്ച് വരുന്നു.

(ഡി) ആശുപത്രിയിലെ തൊഴിലധിഷ്ഠിത റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനക്ഷമമാണ്.

## സർക്കാർ കെട്ടിടങ്ങളുടെ നിർമ്മാണം

345 (337) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാരിന്റെ പുതിയ കെട്ടിടങ്ങൾ ശാരീരികമായി വെല്ലുവിളി നേരിടുന്ന ആളുകൾക്കുകൂടി ഉപകാരപ്പെടുന്ന രീതിയിൽ നിർമ്മിക്കുവാനുള്ള നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുമോ ?

### ഉത്തരം

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടം-1999 ചട്ടം 40A യിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 104-ലും പൊതുജനങ്ങൾക്ക് പ്രാപ്യമായ പ്രത്യേക വാസഗൃഹങ്ങൾ (ലോഡ്ജ് മുതലായവ), വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ, വിനോദ/വിജ്ഞാന സമ്പാദനത്തിനുള്ള അസംബ്ലി ഗണത്തിൽപ്പെടുന്ന കെട്ടിടങ്ങൾ, ഓഫീസ് കെട്ടിടങ്ങൾ, വാണിജ്യ കെട്ടിടങ്ങൾ എന്നിവയിൽ നിർബന്ധമായും ശാരീരിക വെല്ലുവിളി നേരിടുന്ന ആൾക്കാർക്കുള്ള പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങളിൽ അംഗപരിമിതർക്കുകൂടി ഉപയോഗിക്കാൻ കഴിയുന്ന തരത്തിൽ റാമ്പുകൾ, ടോയ്‌ലറ്റുകൾ, ലിഫ്റ്റുകൾ, പാർക്കിംഗ് സൗകര്യങ്ങൾ തുടങ്ങിയവ നിർമ്മിക്കണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. പുതുതായി നിർമ്മിക്കുന്ന സർക്കാർ കെട്ടിടങ്ങൾക്ക് ഇത്തരം സൗകര്യങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്.

## ഭിന്നശേഷിക്കാർക്ക് ചികിത്സയ്ക്കുള്ള ആനുകൂല്യം

346 (338) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ താലൂക്ക് ആശുപത്രികളിലും വിവിധതരം ചികിത്സകൾക്ക് ഭിന്നശേഷിക്കാർക്ക് ആനുകൂല്യം ലഭിക്കുമോ; ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിന് വികലാംഗ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള മാർഗത്തെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ബോർഡുകളുടെ കർത്തവ്യം എന്തൊക്കെയാണ്; ഇതിനായി എല്ലാ മാസവും ജില്ലാ മെഡിക്കൽ ബോർഡ് കൂടാറുണ്ടോ എന്നറിയിക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) എത്ര ശതമാനം അംഗവൈകല്യമുള്ളവർക്കാണ് വികലാംഗ ആനുകൂല്യം കിട്ടുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) താലോലം പദ്ധതിയനുസരിച്ച് ഭിന്നശേഷിക്കാർക്ക് സൗജന്യമായി ചികിത്സ നൽകുന്നുണ്ട്. വിവിധ ഇൻഷ്വറൻസ് പദ്ധതികൾ അനുസരിച്ചുള്ള ചികിത്സാ സൗജന്യം നൽകുന്നുണ്ട്. ഒ.പി. കളിൽ മുൻഗണന നൽകിവരുന്നു. എല്ലാ ആശുപത്രികളിലും പ്രത്യേക ക്യൂ, ഭിന്നശേഷി സൗഹൃദ റാമ്പുകൾ എന്നിവ ഏർപ്പെടുത്താൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഭിന്നശേഷിക്കാർക്ക് വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, മെഡിക്കൽ ബോർഡുകളുള്ള താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അപേക്ഷ നൽകേണ്ടതാണ്. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻവഴി സംഘടിപ്പിക്കുന്ന വികേന്ദ്രീകൃത ഡിസെബിലിറ്റി സർട്ടിഫിക്കേഷൻ ക്യാമ്പുകൾവഴിയും വികലാംഗ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകിവരുന്നു. ഇതിനായി അങ്കണവാടികളിൽ അപേക്ഷ നൽകാവുന്നതാണ്. അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റ് ലഭിക്കേണ്ട വ്യക്തികളുടെ ആധാർ കാർഡിന്റെ പകർപ്പ്, ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഫോറം തുടങ്ങി വ്യക്തിപരമായ രേഖകളും ചികിത്സ രേഖകളും ഹാജരാക്കേണ്ടതാണ്. തുടർന്ന് വൈകല്യത്തിന്റെതോത് നിർണ്ണയിക്കുന്നതിനായി മെഡിക്കൽ ബോർഡ് മുൻപാകെ ഹാജരാകുന്നതിനായി അറിയിപ്പ് നൽകുകയും മെഡിക്കൽ ബോർഡ് അംഗപരിമിത നിർണ്ണയം നടത്തി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു.

(സി) എല്ലാ മാസവും ജില്ലാ മെഡിക്കൽ ഓഫീസർ ചെയർമാനായ മെഡിക്കൽ ബോർഡ് ജില്ലാ മെഡിക്കൽ ഓഫീസിൽ കൂടാറുണ്ട്. ഇതിൽ അംഗങ്ങളായ മെഡിക്കൽ ഓഫീസർമാർ പരിശോധനയ്ക്കുശേഷം സർട്ടിഫിക്കറ്റുകൾ നൽകുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് ചെയർമാൻ കൂടിയായ ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നു.

(ഡി) നാൽപ്പത് ശതമാനമോ അതിലധികമോ വൈകല്യമുള്ളവർക്കാണ് അംഗപരിമിതർക്കായുള്ള ആനുകൂല്യം ലഭ്യമാകുന്നത്.

## ജിയോ ടാഗിംഗ് പദ്ധതി

347 (339) <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കണവാടികളുടെ സ്ഥാന നിർണ്ണയത്തിനായുള്ള 'ജിയോ ടാഗിംഗ് പദ്ധതിയിലൂടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ സ്വകാര്യവിവരങ്ങൾ ചോരുമെന്ന ജീവനക്കാരുടെ ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വനിതാ ശിശു വികസന വകുപ്പിനുകീഴിലെ 33115 അങ്കണവാടികളും കൃത്യമായി മാപ്പ് ചെയ്യുന്നതിനായി ജി.പി.എസ്. സാങ്കേതികവിദ്യ ഉപയോഗിച്ച് അങ്കണവാടികളുടെ സ്ഥാനം നിർണ്ണയിക്കുകയും അത് ഭൂപടത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്ന പ്രക്രിയയാണ് ജിയോ ടാഗിംഗ്. ഇതുവഴി വകുപ്പിന് കീഴിലെ ഓരോ അങ്കണവാടിയുടെയും കൃത്യമായ സ്ഥാനം മനസ്സിലാക്കുവാൻ സാധിക്കുന്നു. ശിശുമരണ നിരക്ക് നിയന്ത്രണ വിധേയമാക്കുന്നതിനും 0-5 വയസ്സ് വരെയുള്ള കുട്ടികളുടെ പോഷണ നിലവാരം മെച്ചപ്പെടുത്തുവാനും വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കി വരുന്ന തൽസമയം വളർച്ചാ നിരീക്ഷണ സംവിധാനമാണ് ജാതക്-ജനനി. ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി ഉപയോഗപ്പെടുത്തി മൊബൈൽ ടെലഫോൺ സംവിധാനം ഉപയോഗിച്ച് പോഷണം, ആരോഗ്യം, സേവന വിതരണം എന്നിവ തൽസമയ നിരീക്ഷണത്തിന് വിധേയമാക്കി ആവശ്യമായ ഇടപെടലുകൾ നടത്തുകയാണ് ഈ സംവിധാനത്തിലൂടെ ചെയ്യുന്നത്. അങ്കണവാടികൾ ജിയോടാഗ് ചെയ്യുന്നതുവഴി ഗുരുതര പോഷണക്കുറവുള്ള കുട്ടികളുള്ള അങ്കണവാടികളുടെ സ്ഥാനം വളരെ എളുപ്പത്തിൽ കൃത്യമായി മനസ്സിലാക്കി തുടർ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുവാൻ സാധിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അങ്കണവാടി സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ അക്ഷാംശരേഖ, രേഖാംശരേഖ എന്നിവ രേഖപ്പെടുത്താൻ ജി.പി.എസ്. ഉപയോഗിക്കുവാനും ജിയോ ടാഗിംഗ് ആപ്പ് ഉപയോഗിച്ച് എടുക്കുന്ന അങ്കണവാടിയുടെ ഫോട്ടോ അപ്പ്ലോഡ് ചെയ്യുവാനും മാത്രമാണ് ഈ ആപ്പ് ഉപയോഗിക്കുന്നത്. ഫോണിന്റെ ഉടമയോട് ഈ രണ്ട് കാര്യങ്ങൾക്കുള്ള അനുമതി ആവശ്യപ്പെട്ട് ആയത് ലഭിക്കുന്നമുറയ്ക്ക് മാത്രമേ ആപ്ലിക്കേഷൻ പ്രവർത്തന ക്ഷമമാവുകയുള്ളൂ. ഈ ആപ്പ് രേഖപ്പെടുത്തി സൂക്ഷിക്കുന്ന ഡാറ്റ പരിശോധിച്ച് ഈ വിവരങ്ങൾ മാത്രമാണ് അപ്‌ലോഡ് ചെയ്യുന്നതെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

## അങ്കണവാടി ജീവനക്കാരുടെ വേതനം

348 (340) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഉത്തരവുണ്ടായിട്ടും അങ്കണവാടികളിലെ ജീവനക്കാർക്ക് വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം ലഭ്യമാകുന്നില്ല എന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ബി) വിഷയം പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അങ്കണവാടി ജീവനക്കാർക്ക് അങ്കണവാടികളിലെ ജോലികൾക്ക് പുറമേ ഗ്രാമസഭ, വാർഡ് സഭ, കുടുംബശ്രീയുടെ മീറ്റിംഗുകൾ എന്നിവ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിൽനിന്നും വർക്കർമാർക്കും ഹെൽപ്പർമാർക്കും യഥാക്രമം 150 രൂപയും 75 രൂപയും സ.ഉ.(എംഎസ്.) നമ്പർ 183/07/ത.സ്വ.ഭ.വ. തീയതി 24-7-2007 പ്രകാരം ഓണറേറിയം നൽകിവന്നിരുന്നു. ആയത്, 10-8-2015 ലെ സ.ഉ.(സാധാ.) നമ്പർ 2469/2015/ത.സ്വ.ഭ.വ. പ്രകാരം 1,000 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. ടി ഓണറേറിയം ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ/ശിശു വികസന പദ്ധതി ഓഫീസർമാർ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രോജക്ട് വച്ച് തുക മാറിനൽകി വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകി വന്ന 1,000 രൂപ ഉൾപ്പെടെയാണ് അംഗൻവാടി വർക്കർക്ക് 10,000 രൂപയായും ഹെൽപ്പർക്ക് 7,000 രൂപയായും വർദ്ധിപ്പിച്ചിട്ടുള്ളത്. വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50 ശതമാനം തുക സാമൂഹ്യനീതി വകുപ്പ് നേരത്തെ നൽകി വരികയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിച്ചിരുന്ന ബാക്കി 50 ശതമാനം തുകയിൽ 1,000 രൂപ ഒഴികെ വർദ്ധിപ്പിച്ച മുഴുവൻ ഓണറേറിയവും സാമൂഹ്യനീതി വകുപ്പിൽനിന്നും നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. അങ്കണവാടി വർക്കർക്കും ഹെൽപ്പർക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രോജക്ടുവച്ച് നൽകുന്ന 1,000 രൂപ വീതം കഴിച്ച് വർക്കർക്ക് 1,200 രൂപയും ഹെൽപ്പർക്ക് 450 രൂപയും എന്ന ക്രമത്തിൽ സംസ്ഥാന വിഹിതമായി 2235-02-102-55 (NP) ശീർഷകത്തിൽ അധികമായി അനുവദിച്ച തുകയിൽനിന്നും 1-4-2017 മുതൽക്കുള്ള കുടിശ്ശിക സഹിതം മാറി നൽകുന്നതാണ്.

## ഐ.സി.ഡി.എസ്. ജീവനക്കാർക്ക് അധിക ഓണറേറിയം അനുവദിക്കുന്നതിന് നടപടി

349 (341) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ഐ.സി.ഡി.എസ്. ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ ഇരുപത് ശതമാനം അധിക ഓണറേറിയമായി അനുവദിക്കുന്നത് സംബന്ധിച്ച സാമൂഹികനീതി ഡയറക്ടറേറ്റിലെ SJD-A1/141/2016-SJD നമ്പർ ഫയലിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടുകൊണ്ട് സാമൂഹ്യ നീതി വകുപ്പിൽ നിന്നും നൽകിയ 299/A2/SJD/17 നമ്പർ കത്തിന് ഡയറക്ടർ മറുപടി നൽകിയിട്ടുണ്ടോ;എങ്കിൽ പ്രസ്തുത മറുപടിയുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) അട്ടപ്പാടി മേഖലയിലെ ഐ.സി.ഡി.എസ്. ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ ഇരുപത് ശതമാനം അധിക ഓണറേറിയമായി അനുവദിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിലെ ഐ.സി.ഡി.എസ്. ജീവനക്കാർക്ക് അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം അധിക ഓണറേറിയമായി അനുവദിക്കുന്നത് സംബന്ധിച്ച സാമൂഹികനീതി ഡയറക്ടറുടെ ശിപാർശ സർക്കാർ അംഗീകരിച്ചില്ല.

(ബി) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) സർക്കാർ ഇക്കാര്യം വീണ്ടും പരിശോധിച്ചുവരുന്നു.

## ബാലനീതി നിയമം

350 (342) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രസർക്കാരിന്റെ പുതിയ നിയമം (ജെ.ജെ.ആക്ട്) സംസ്ഥാനത്തെ അനാഥാലയങ്ങളുടെ നടത്തിപ്പിന് പ്രതിസന്ധി സൃഷ്ടിക്കുമെന്ന് കരുതുന്നുണ്ടോ;

(ബി) ഓർഫനേജ് കൺട്രോൾ ബോർഡിന്റെകീഴിൽ പ്രവർത്തിക്കുന്ന എത്ര അനാഥാലയങ്ങളാണ് സംസ്ഥാനത്തുള്ളത്എന്നറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) ഇതിൽ എത്ര സ്ഥാപനങ്ങൾ പുതിയ കേന്ദ്രനിയമത്തിന്റെ പശ്ചാത്തലത്തിൽ രജിസ്ട്രേഷൻ പുതുക്കുന്നതിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; എത്ര സ്ഥാപനങ്ങൾ ഇതിനകം നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) എത്ര സ്ഥാപനങ്ങൾ നിർത്തലാക്കുകയാണെന്ന് കാണിച്ച് ഓർഫനേജ് കൺട്രോൾ ബോർഡിന് കത്ത് നൽകിയിട്ടുണ്ട്;

(ഇ) ഈ പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 1164 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(സി) 495 സ്ഥാപനങ്ങൾ ജെ.ജെ. രജിസ്ട്രേഷന് അപേക്ഷ നൽകിയിട്ടുണ്ട്. 165 സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തലാക്കിയിട്ടുണ്ട്.

(ഡി) 416 സ്ഥാപനങ്ങൾ പ്രവർത്തനം നിർത്തുകയാണെന്ന് കാണിച്ച് ഓർഫനേജ് കൺട്രോൾ ബോർഡിന് കത്ത് നൽകിയിട്ടുണ്ട്.

(ഇ) ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരം റദ്ദ് ചെയ്ത ജെ.ജെ. രജിസ്ട്രേഷൻ നേടാത്ത 43 സ്ഥാപനങ്ങൾ 31-3-2018 വരെ പ്രവർത്തിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ വിദ്യാഭ്യാസത്തിന് തടസ്സം വരാതിരിക്കുവാൻ ഈ അദ്ധ്യയന വർഷം അവസാനിക്കുന്നതുവരെ ടി സ്ഥാപനങ്ങൾക്ക് പ്രവർത്തനാനുമതി നൽകിയിട്ടുണ്ട്. നിർത്തലാക്കുന്ന സ്ഥാപനങ്ങളിലെ കുട്ടികളെ സമാന സ്വഭാവമുള്ള ഇതര സ്ഥാപനങ്ങളിലേയ്ക്ക് മാറ്റി പാർപ്പിക്കുകയോ രക്ഷിതാക്കൾക്കൊപ്പം അയയ്ക്കുകയോ ചെയ്യുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ജെ.ജെ. ആക്ട് 2015 പ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിന് 6 മാസത്തെ സമയംകൂടി അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു. സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്.

## പൊതു ഇടങ്ങൾ സ്ത്രീ സൗഹൃദമാക്കുന്നതിന് നടപടി

351 (343) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സർക്കാർ സ്ഥാപനങ്ങളും പൊതുഇടങ്ങളും സ്ത്രീ സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; ഇതിന് നേതൃത്വം നൽകുന്ന സർക്കാർ സംവിധാനങ്ങൾ ഏതൊക്കെയാണ് ; അവയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

## ഉത്തരം

സർക്കാർ സ്ഥാപനങ്ങളും പൊതു ഇടങ്ങളും സ്ത്രീസൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. 181 വിമൻ ഹെൽപ്പ് ലൈൻ

കേളത്തിലെ വനിതകൾക്ക് 181 എന്ന ഏക ടോൾ ഫ്രീ നമ്പരിലൂടെ എല്ലാ മേഖലകളിലെയും വിവര അന്വേഷണവും അത്യാവശ്യ സേവനങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ, കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടുകൂടി, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ സ്ത്രീകൾക്കുവേണ്ടി 24 മണിക്കൂറും സേവനം ലഭ്യമാകുന്ന എമർജൻസി ഹെൽപ്പ് ലൈൻ സംവിധാനം നടത്തിവരുന്നു.

2. ഷീ പാഡ് പദ്ധതി

സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് സ്കൂളുകളിൽ 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ പെൺകുട്ടികൾക്ക് സൗജന്യമായി ഗുണമേന്മയേറിയ സാനിട്ടറി നാപ്കിനുകൾ, ആയത് സൂക്ഷിക്കുന്നതിനാവശ്യമായ അലമാര, ഉപയോഗിച്ച നാപ്കിനുകൾ കത്തിക്കുന്നതിനാവശ്യമായ ഇൻസിനറേറ്റർ എന്നിവ സ്കൂളുകളിൽ സ്ഥാപിക്കുന്ന ഷീ പാഡ് പദ്ധതി ഫലപ്രദമായി നടപ്പിലാക്കി വരുന്നു.

3. ഷീ ടാക്സി

ഷീ ടാക്സി പദ്ധതി കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ 2017 നവംബർ 1 മുതൽ ഏറ്റെടുത്ത് പ്രവർത്തിച്ചുവരികയാണ്. 24x7 പ്രവർത്തിക്കുന്ന ഷീ ടാക്സി സേവനം തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ ലഭ്യമാണ്.

4. വനിതാ മിത്ര കേന്ദ്രം

സംസ്ഥാനത്തെ 14 ജില്ലാ കേന്ദ്രങ്ങളിലും ഹോസ്റ്റൽ സൗകര്യം, യാത്രക്കിടെ തങ്ങാനുള്ള രീതിയിൽ ലോഡ്ജിംഗ് സൗകര്യം, ഹോസ്റ്റൽ അന്തേവാസികളായ സ്ത്രീകളുടെ കുഞ്ഞുങ്ങൾക്ക് ക്രഷ് സൗകര്യം, ഒറ്റപ്പെട്ടു പോയതോ/ഉപേക്ഷിക്കപ്പെട്ടതോ ആയ സ്ത്രീകളെ താൽക്കാലികമായി താമസിപ്പിക്കാനുള്ള ഷോർട്ട് സ്റ്റേ സൗകര്യം എന്നിവ സംയോജിപ്പിച്ച് ഒരു കുടക്കീഴിൽ അണിനിരത്തുന്ന വനിതാ മിത്ര കേന്ദ്രം നടപ്പാക്കുന്ന തിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

5. ഷീ ടോയ്‌ലെറ്റ്

സുരക്ഷിതവും വൃത്തിയുള്ളതും അനായാസേന ഉപയോഗിക്കാൻ കഴിയുന്നതുമായ നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ രൂപപ്പെടുത്തിയ ശൗചാലയങ്ങൾ, ഇൻസിനറേറ്റർ, നാപ്കിൻ വെന്റിംഗ് മെഷീൻ എന്നീ ആധുനിക സൗകര്യങ്ങൾ ഉൾപ്പെടുത്തി സ്ത്രീകൾക്ക് ലഭ്യമാക്കുന്ന പദ്ധതിയാണ് ഷീ ടോയ്‌ലെറ്റ്. സംസ്ഥാന വ്യാപകമായി 58 ഷീ ടോയ്‌ലെറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. വരുന്ന സാമ്പത്തിക വർഷത്തിൽ 25 ഷീ ടോയ്‌ലെറ്റുകൾകൂടി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

6. വിമൻസ് കോളേജുകളിൽ വിമൻ സെൽ

കേരളത്തിൽ വനിതാ കോളേജുകളിൽ വനിതാ വികസന കോർപ്പറേഷന്റെ നേതൃത്വത്തിൽ വിമൻ സെൽ ആരംഭിക്കുകയുണ്ടായി. വിമൻ സെൽ മുഖേന വിദ്യാർത്ഥികൾക്ക് വിവിധ തരത്തിലുള്ള പരിശീലന പരിപാടികൾ, കരിയർ ഗൈഡൻസ് പ്രോഗ്രാം, സെമിനാറുകൾ തുടങ്ങിയവ നടത്തി വരുന്നു.

7. ഐ.സി.സി. ബോധവൽക്കരണം

തൊഴിലിടങ്ങളിൽ സ്ത്രീകൾ അഭിമുഖീകരിക്കുന്ന ലൈംഗിക പീഡനങ്ങൾ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിന് ആഭ്യന്തര പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അതിന്റെ പ്രാധാന്യത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനുള്ള ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവും സുരക്ഷയും**

352 (344) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമവും സുരക്ഷയും ശക്തിപ്പെടുത്തുന്നതിനായി പുതുതായി രൂപീകരിച്ച വനിതാ ബാലവികസന വകുപ്പ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടോ;

(ബി) സ്ത്രീ സുരക്ഷാ നടപടികൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആവിഷ്കരിച്ച നിർഭയ പദ്ധതിയുടെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) വിവിധ ആവശ്യങ്ങൾക്കായി വിദൂര നഗരങ്ങളിലും മറ്റ് സ്ഥലങ്ങളിലും തങ്ങേണ്ടി വരുന്ന വനിതകൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നതിനായി പ്രഖ്യാപിച്ച ഷീ ലോഡ്ജുകൾ സ്ഥാപിതമായിട്ടുണ്ടോ; വിശദാംശം നൽകാമോ ?

## ഉത്തരം

(എ) 30-6-2017-ലെ സ.ഉ.(കൈ.) നമ്പർ 24/2017/സാ.നീ.വ. ഉത്തരവ് പ്രകാരം സ്ത്രീകളുടെയും കുട്ടികളുടെയും വികാസത്തിനായി സാമൂഹ്യനീതി വകുപ്പിനെ വിഭജിച്ച് വനിതാ ശിശു വികസന വകുപ്പ് രൂപീകരിക്കുകയും ആയതിലേയ്ക്ക് തസ്തികകൾ സൃഷ്ടിച്ചും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതിയതായി രൂപീകരിച്ച വനിതാ ശിശു വികസന വകുപ്പിന്റെ ഡയറക്ടറേറ്റ് കാര്യാലയം, സാമൂഹ്യനീതി ഡയറക്ടറേറ്റ് അനക്സ് പ്രവർത്തിച്ചുവന്നിരുന്ന പൂജപ്പുരയിലെ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) ലൈംഗിക പീഡനം, ലൈംഗിക അതിക്രമം, ലൈംഗികവൃത്തിക്ക് വേണ്ടിയുള്ള മനുഷ്യക്കടത്ത് തുടങ്ങിയവയ്ക്കെതിരെയുള്ള ശക്തമായ പ്രവർത്തനങ്ങൾക്കാണ് നിർഭയ പദ്ധതി മുൻതൂക്കം നൽകുന്നത്. നിർഭയ പോളിസി പ്രകാരം സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് പ്രതിരോധം, സംരക്ഷണം, നിയമ നടത്തിപ്പ്, പുനരധിവാസവും പുനരേകീകരണവും എന്നീ നാല് പ്രധാന മേഖലകളിലെ ഇടപെടലുകളാണ് പദ്ധതി ലക്ഷ്യമിടുന്നത്. ചുവടെപ്പറയുന്ന പദ്ധതികൾ നിർഭയ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു :

### നിർഭയ ഷെൽട്ടർ ഹോമുകൾ

വനിതാ ശിശു വികസന വകുപ്പിന്റെകീഴിലുള്ള നിർഭയ സെല്ലിന്റെ നേതൃത്വത്തിൽ ലൈംഗികാതിക്രമത്തിന് ഇരയായവരെ സംരക്ഷിക്കുന്നതിന് നിലവിൽ 12 നിർഭയ ഷെൽട്ടർ ഹോമുകൾ തിരുവനന്തപുരം, കൊല്ലം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, മലപ്പുറം, വയനാട്, കോഴിക്കോട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ വിവിധ സന്നദ്ധ സംഘടനകളുടെ ദൈനംദിന മേൽനോട്ടത്തിൽ പ്രവർത്തിച്ച വരുന്നു. കൂടാതെ ആലപ്പുഴ, പത്തനംതിട്ട, കോട്ടയം, കണ്ണൂർ എന്നിവിടങ്ങളിൽ ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>വൺ സ്റ്റോപ്പ് സെന്റർ</u>:

അതിക്രമത്തിനിരയായവർക്ക് കേന്ദ്ര സർക്കാരിന്റെ 100 ശതമാനം ധന സഹായത്തോടെ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ ഹോം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസിന്റെ സഹായം, നിയമസഹായം എന്നീ സേവനങ്ങൾ സൗജന്യമായി ലഭ്യമാക്കുന്നതിന് 2015-16 ൽ അനുവദിച്ച വൺ സ്റ്റോപ്പ് സെന്റർ തിരുവനന്തപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതോടൊപ്പം തൃശ്ശൂർ, മലപ്പുറം, വയനാട്, കണ്ണൂർ എന്നീ നാല് ജില്ലകളിൽ വൺ സ്റ്റോപ്പ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>മോഡൽ നിർഭയ ഷെൽട്ടർ ഹോം</u>:

പ്രായത്തിനനുയോജ്യമായ താമസസൗകര്യങ്ങളും ഓഡിറ്റോറിയം, തൊഴിൽ പരിശീലന കേന്ദ്രം, സിക്ക് റൂം മറ്റ് അനുബന്ധ സൗകര്യങ്ങളുമുള്ള മോഡൽ നിർഭയ ഷെൽട്ടർ ഹോം 2 ജില്ലകളിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

<u>പ്രിവെൻഷൻ ക്യാമ്പെയിൻ</u>:

അങ്കണവാടിതലം മുതൽ കോളേജുതലം വരെയുള്ള കുട്ടികൾക്കും സർക്കാർ ഉദ്യോഗസ്ഥർക്കും വിവിധ ക്ലബ്ബുകൾക്കും സന്നദ്ധ സംഘടനകൾക്കും വിദ്യാഭ്യാസ സാമൂഹ്യ സമ്പർക്ക പ്രതിരോധ പരിപാടികളിലൂടെ അതിക്രമ രഹിത സമൂഹത്തെ വാർത്തെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

<u>മീഡിയ ക്യാമ്പെയിൻ</u>:

സ്ത്രീ സുരക്ഷയുമായി ബന്ധപ്പെട്ട് നടപ്പിലാക്കി വരുന്ന വിവിധ സ്കീമുകളുടെ ലക്ഷ്യങ്ങളെയും പ്രവർത്തനങ്ങളെയും സേവനങ്ങളെയും കുറിച്ചുള്ള അവബോധം പൊതുജനങ്ങളുടെ ഇടയിൽ മീഡിയ ക്യാമ്പെയിൻവഴി എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

<u>നിർഭയ ഷെൽട്ടർ ഹോം സ്റ്റാഫിനുവേണ്ടിയുള്ള ട്രെയിനിംഗ്</u>:

നിർഭയ ഷെൽട്ടർ ഹോമുകളിൽ വിവിധ തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് പരിശീലനം നൽകിവരുന്നു.

(സി) സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മുഖേന എറണാകുളം ജില്ലയിൽ ഷീ ലോഡ്ജ് സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പദ്ധതികൾ**

353 (345) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കാസർഗോഡ് ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് കേന്ദ്രസഹായമായി എത്ര കോടി രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ദുരിതബാധിതർക്ക് തുടർ ചികിത്സയും പുനരധിവാസവും ഒരുക്കാൻ കേന്ദ്രസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് കാസർഗോഡ് ജില്ലയിൽ നടപ്പാക്കി വരുന്ന പദ്ധതികൾക്കായി 483 കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര ധന സഹായത്തിനായി സമർപ്പിച്ചിരുന്നെങ്കിലും പ്രത്യേകമായി ആനുകൂല്യം നൽകുന്ന കാര്യത്തിൽ യാതൊരു നടപടിയും കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. എന്നാൽ 2012 മുതൽ എൻ.എച്ച്.എം.ന്റെ കീഴിൽ എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള പുനരധിവാസം, അമ്മമാർക്കുള്ള കൗൺസിലിംഗ് എന്നിവ യുൾപ്പെടെയുള്ള കാര്യങ്ങൾക്കായി 22.19 കോടി രൂപ അനുവദിച്ചു നൽകിയതായി കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

**തെരുവ് ബാല്യവിമുക്ത കേരളം**

354 (346) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവ് ബാല്യ വിമുക്ത കേരളത്തിനായി സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ബാലവേല, ബാലഭിക്ഷാടനം എന്നിവ പൂർണ്ണമായി തടയുന്നതിനുള്ള സമഗ്ര പദ്ധതിയുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണ് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) ബാലവേല- ബാലഭിക്ഷാടനം- തെരുവ് ബാല്യവിമുക്ത കേരളം എന്ന ലക്ഷ്യത്തിനായി വനിതാ ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ശരണബാല്യം. പത്തനംതിട്ട ജില്ലയിൽ ആരംഭിച്ച ഓപ്പറേഷൻ ശരണബാല്യം പദ്ധതി ജില്ലയുമായി അതിർത്തി പങ്കിടുന്ന സമീപജില്ലകളായ

ആലപ്പുഴ, കൊല്ലം, കോട്ടയം ജില്ലകളിൽക്കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിർ റെസ്ക്യൂ ഓഫീസർമാരെ നിയമിച്ചുകൊണ്ട് പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി ജില്ലകളിൽ ബാലഭിക്ഷാടനം- ബാലവേലയ്ക്കായും മറ്റ് പല തരത്തിലുള്ള ചൂഷണത്തിനുമായി ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തിച്ച നിരവധി കുട്ടികളെ രക്ഷപ്പെടുത്തുകയുണ്ടായി. ആലപ്പുഴ ജില്ലയുടെ പരിധിയിൽ ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തും കോട്ടയം ജില്ലയിലെ എരുമേലി, അഴുത ഭാഗങ്ങളിലും ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് ബാലവേലയിലും ഭിക്ഷാടനത്തിലും കുട്ടികൾ ഏർപ്പെടുന്നത് തടയുന്നതിനായുള്ള നടപടികൾ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾ മുഖാന്തരം സ്വീകരിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിലെ ഓച്ചിറ പരബ്രഹ്മ ക്ഷേത്രത്തിലെ പ്രധാന ഉത്സവ കാലയളവിൽ ക്ഷേത്ര പരിസരത്തും പാതയോരങ്ങളിലുമായി തമിഴ്നാട്, ആന്ധ്ര, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെ കുട്ടികൾ ഭിക്ഷാടനത്തിനായി എത്തിക്കപ്പെടുന്നുണ്ട്. ക്ഷേത്രത്തിലെ പ്രധാന ഉത്സവങ്ങളുമായി ബന്ധപ്പെട്ട് ധാരാളം തീർത്ഥാടകരും ഇതര സംസ്ഥാനക്കാരും ക്ഷേത്ര പരിസരത്ത് എത്തിച്ചേരും. ഇവർക്കിടയിൽ തുടർച്ചയായ ഇടപെടലുകൾ നടത്തുക വഴി ഓച്ചിറയെ ബാലഭിക്ഷാടനമുക്ത പ്രദേശമായി മാറ്റുക എന്ന ഉദ്ദേശത്തോടെ കൊല്ലം ജില്ലയിൽ ബാലഭിക്ഷാടന നിർമ്മാർജ്ജന പദ്ധതി 2015, 2016, 2017 വർഷങ്ങളിൽ നടത്തുകയും കുട്ടികളെ മോചിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശരണബാല്യം പദ്ധതി പ്രവർത്തനം പത്തനംതിട്ട, കൊല്ലം, ആലപ്പുഴ, കോട്ടയം ജില്ലകളിൽ സജീവമായപ്പോൾ, സാമ്പത്തിക ലാഭത്തിനും മറ്റിതര സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ മറ്റ് ജില്ലകളിലേയ്ക്ക് എത്തിക്കുന്നതിനുള്ള സാധ്യതയുണ്ട്. ആയതിനാൽ ബാലവേല ബാലഭിക്ഷാടനം എന്നിവയ്ക്ക് വിധേയരാകുന്ന കുട്ടികളെ കണ്ടെത്തി സംരക്ഷണം ഉറപ്പാക്കുന്നതിനായി സംസ്ഥാന വ്യാപകമായി 2018 ജനുവരി 29 മുതൽ ഫെബ്രുവരി 7 വരെയുള്ള 10 ദിവസക്കാലം തുടർച്ചയായി പരിശോധന നടത്തുന്നതിന് മറ്റ് ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാന വ്യാപകമായി ശരണബാല്യം പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ചുവരുന്നു.

**വിധവകളുടെ സംരക്ഷണവും പുനരധിവാസവും**

355 (347) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിധവകളുടെ എണ്ണം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിധവകളെ സംബന്ധിച്ച് എന്തെങ്കിലും കണക്ക് സർക്കാരിന്റെ പക്കൽ ഉണ്ടോ;

(ബി) വിധവകളുടെ എണ്ണം കൂടുന്നതിനെപ്പറ്റിയും വിധവകളായ സ്ത്രീകൾക്ക് സംരക്ഷണവും ജീവനാംശവും നൽകി അവരുടെ കുടുംബം സംരക്ഷിക്കേണ്ടതിനെപ്പറ്റിയും പഠനം നടത്തുവാൻ ഒരു കമ്മീഷനെവയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) വിധവകളുടെ കുടുംബങ്ങളെ BPL പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിധവകളുടെ എണ്ണം കൂടിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ വിധവകളുടെ എണ്ണം സംബന്ധിച്ച കണക്ക് ലഭ്യമല്ല.

(ബി) വിധവകളെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി കമ്മീഷനെ വയ്ക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(സി) 27-4-2012-ലെ സ.ഉ. (കൈ.) 112/2012/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വിധവകളുടെ കുടുംബങ്ങളെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ബാലസാന്ത്വനം പദ്ധതി**

356 (348) <u>ശ്രീ. സി. ദിവാകരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലസാന്ത്വനം പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) ബാലസാന്ത്വനം പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ബാലസാന്ത്വനം പദ്ധതിയിലേക്ക് ആവശ്യമായ ഫണ്ട് സ്വരൂപിക്കാൻ നിലവിലുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലുള്ള മാർഗ്ഗങ്ങൾ വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അർബുദബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി സ്വയം സന്നദ്ധരായ സർക്കാർ/ പൊതുമേഖലാ/ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽനിന്ന് ഒരു നിശ്ചിത തുക സ്വരൂപിച്ചുകൊണ്ട് ബാലസാന്ത്വനം പദ്ധതിക്ക് 23-12-2014-ലെ ജി.ഒ.(പി.) നമ്പർ 575/14/ധന. പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത പദ്ധതിയുടെ മാനദണ്ഡങ്ങൾ ജി.ഒ.(പി.) നമ്പർ 113/2015/ധന. തീയതി

16-3-2015 പ്രകാരം നിശ്ചയിച്ചിരുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ ചികിത്സയ്ക്കെത്തുന്ന കുട്ടികൾക്ക് മാത്രമാണ് ധനസഹായം ലഭിച്ചിരുന്നത്. 11-1-2018-ലെ ജി.ഒ.(ആർ ടി) നമ്പർ 294/2018/ധന ഉത്തരവ് പ്രകാരം മലബാർ കാൻസർ സെന്റർ, സംസ്ഥാനത്തെ വിവിധ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, ഗവൺമെന്റ് അംഗീകൃത വിവിധ സഹകരണ മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ അർബുദരോഗ ചികിത്സയ്ക്കെത്തുന്ന കുട്ടികളെക്കൂടി ഈ പദ്ധതിയിൻകീഴിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധം ചെയ്യുന്നു.*

(ബി) റീജിയണൽ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, സംസ്ഥാനത്തെ വിവിധ ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ തുടങ്ങിയ ആശുപത്രികളിൽ കാൻസർ ചികിത്സയ്ക്കായി എത്തുന്ന പതിനെട്ട് വയസ്സും അതിന് താഴെയുള്ള കുട്ടികൾക്കാണ് ബാലസാന്ത്വനം പദ്ധതിയിൽ നിന്നും സഹായം ലഭിക്കുന്നത്.

(സി) ബാലസാന്ത്വനം പദ്ധതിയിലേയ്ക്ക് ഫണ്ട് നിലവിൽ സ്വരൂപിക്കുന്നത് സ്വയം സന്നദ്ധരായ സർക്കാർ/പൊതുമേഖല/സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രതിമാസ ശമ്പളത്തിൽനിന്ന് ഒരു നിശ്ചിത തുക വഴിയാണ്.

(ഡി) ബാലസാന്ത്വനം പദ്ധതിയിൽ എല്ലാ സർക്കാർ ജീവനക്കാരിൽനിന്നും കൂടാതെ പൊതുജനങ്ങൾ/സ്ഥാപനങ്ങൾ എന്നിവരിൽനിന്നും ടി പദ്ധതിയുടെ ഫണ്ട് സ്വരൂപിക്കാൻ കഴിഞ്ഞാൽ പദ്ധതി സുഗമമായി നടത്താൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു.

## ഇ-പോസ് മെഷീനുകൾ

357 (349) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കമ്പനിക്കാണ് ഇതിന്റെ കരാർ നൽകിയത്;

(ബി) പ്രസ്തുത കമ്പനിയുടെ പ്രവൃത്തിപരിചയം വ്യക്തമാക്കുമോ;

(സി) കമ്പനിക്ക് കരാർ നൽകിയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. M/s Linkwell Telesystems Pvt. Ltd. എന്ന കമ്പനിയുടെ മെഷീനാണ് സ്ഥാപിച്ചിട്ടുള്ളത്.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) അന്ധ്രാപ്രദേശ് സർക്കാരിന്റെകീഴിൽ ഇ-പോസ്-ഉം, കെ.എസ്.ഇ.ബി.-യുടെ സ്പോട്ട് ബില്ലിംഗ് സൊല്യൂഷൻ പ്രോജക്ടും പ്രസ്തുത കമ്പനിയാണ് നടപ്പിലാക്കിയത്.

(സി) കേരള ഗവൺമെന്റിന്റെ ഇ-ടെണ്ടർ വെബ്സൈറ്റ് മുഖേന ടെണ്ടർ വിളിക്കുകയും ടെണ്ടറിൽ പങ്കെടുത്ത കമ്പനികളിൽനിന്ന് പ്രീ-ക്വാളിഫിക്കേഷൻ ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി, ടെക്നിക്കൽ ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി, ഫിനാൻഷ്യൽ ബിഡ് ഇവാല്യുവേഷൻ കമ്മിറ്റി എന്നിവയുടെ സൂക്ഷ്മപരിശോധനക്ക് ശേഷം സ്റ്റോർ പർച്ചേസ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടാണ് പ്രസ്തുത കമ്പനിയെ തെരഞ്ഞെടുത്തത്.

## ഓഖി ദുരന്തത്തെത്തുടർന്ന് റേഷൻകാർഡ് ഉപയോഗശൂന്യമായത്

358 (350) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓഖി ദുരന്തത്തെത്തുടർന്ന് വീടുകളിൽ വെള്ളം കയറിയതിനാൽ ചെല്ലാനം പഞ്ചായത്തിലെ പല വീടുകളുടെയും റേഷൻകാർഡ് ഉപയോഗശൂന്യമായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇത്തരം കുടുംബങ്ങൾക്ക് പകരം പുതിയ റേഷൻകാർഡ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) റേഷൻകാർഡിന്റെ അഭാവത്തിൽ ദുരിതബാധിതർക്ക് പ്രഖ്യാപിച്ച സൗജന്യറേഷൻ ലഭിക്കാത്ത അവസ്ഥ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. ഇതുസംബന്ധിച്ച പരാതികൾ ലഭ്യമായാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇല്ല. 2-12-2017-ലെ 920/17/മ.ഇ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഓഖി ചുഴലിക്കാറ്റുമൂലം ദുരിതമനുഭവിക്കുന്ന 9 ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സൗജന്യ റേഷൻ അനുവദിച്ചിട്ടുണ്ട്. ഇതിനെതുടർന്ന് 2-12-2017, 4-12-2017 എന്നീ തീയതികളിലെ സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 15 കിലോഗ്രാം അരിവീതം റേഷൻകാർഡിൽ 'മത്സ്യത്തൊഴിലാളി' എന്ന് രേഖപ്പെടുത്തിയ കാർഡുടമകൾക്ക് വിതരണം നടത്തിയിട്ടുണ്ട്. 7-12-2017-ലെ സർക്കാർ നിർദ്ദേശ പ്രകാരം ഒരു മാസത്തെ സൗജന്യ റേഷൻ (ഡിസംബർ മാസത്തെ വിഹിതം) ടി കാർഡുകൾക്ക് 31-12-2017-ന് പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. പൊന്നാനി, കയ്പമംഗലം എന്നീ തീരദേശ പ്രദേശങ്ങളിൽ വിവിധ കാരണങ്ങളാൽ കാർഡ് പുതുക്കാത്തവർക്കും കാർഡിൽ 'മത്സ്യത്തൊഴിലാളി' എന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതുമായ ദുരിതമനുഭവിച്ച ചിലർക്ക് പ്രസ്തുത സൗജന്യ റേഷൻ ലഭ്യമായിട്ടില്ല എന്ന പരാതിയിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

## നാലുചക്ര വാഹനമുണ്ടായിരുന്ന ഉപഭോക്താക്കൾക്ക് ബി.പി.എൽ. ആനുകൂല്യം നിഷേധിക്കുന്ന നടപടി

359 (351) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലുചക്ര വാഹനമുണ്ടായിരുന്ന ഉപഭോക്താക്കൾ അവരുടെ വാഹനം കൈമാറ്റം ചെയ്തിട്ടുള്ള സാഹചര്യത്തിലും ആർ.ടി.ഒ. രേഖകളിൽ പേരു നില നിൽക്കുന്നതിനാൽ വാഹനം വാങ്ങിയ ആൾ രജിസ്റ്റർ ചെയ്ത ആർ.ടി.ഒ ഓഫീസിൽ നിന്നും രേഖകൾ വാങ്ങി ഹാജരാക്കിയാൽ മാത്രമേ റേഷൻ സബ്സിഡിക്ക് അർഹാരാവു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വാഹനത്തിന്റെ നിലവിലുള്ള ഉടമയെക്കുറിച്ചുള്ള വിവരങ്ങൾ വളരെ എളുപ്പത്തിൽ ലഭ്യമാകാമെന്നിരിക്കെ അത്തരം വിവരങ്ങളുടെ അടിസ്ഥാനത്തിൽ റേഷൻ അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

ഉത്തരം

(എ&ബി) ആധികാരിക രേഖകൾ അടിസ്ഥാനപ്പെടുത്തിയാണ് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നത്. വാഹനം കൈമാറ്റം ചെയ്തവർ അതിനുള്ള രേഖകൾ ഹാജരാക്കാൻ ബാധ്യസ്ഥരാണ്.

## റേഷൻ കാർഡ് മുൻഗണനാ ലിസ്റ്റ്

360 (352) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻഗണനാ ലിസ്റ്റിൽ അനർഹമായി ഉൾപ്പെട്ട റേഷൻ കാർഡ് ഉടമകളെ ഒഴിവാക്കുന്നതിനും ഹിയറിംഗ് നടത്തി അർഹരാണെന്ന് ബോധ്യം വന്നിട്ടുള്ള കാർഡ് ഉടമകളെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്ര സർക്കാർ ജീവനക്കാരെ അർഹരല്ലെന്ന് കണ്ട് ഒഴിവാക്കിയിട്ടുണ്ട്;

(സി) പ്രസ്തുത ലിസ്റ്റ് കുറ്റമറ്റതാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദീകരിക്കാമോ?

ഉത്തരം

(എ) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു. ഇതേവരെ രണ്ടു ലക്ഷത്തി അറുപത്തി രണ്ടായിരത്തോളം കാർഡുടമകൾ അനർഹമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെടേണ്ട അപേക്ഷകൾ പരിശോധിച്ച് റേഷൻകടകൾ വഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നുവരുന്നു. പൊതുവായ പരാതികളുടെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിൽ ഉചിതമായ മാറ്റം വരുത്തി ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

(ബി) 91169.

(സി) അനർഹരെ കണ്ടെത്തി പട്ടികയിൽനിന്ന് ഒഴിവാക്കുന്നതിന് താഴെപ്പറയുന്ന ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

1. നാല് ചക്ര വാഹനമുള്ളവരുടെ പട്ടിക മോട്ടോർ വാഹന വകുപ്പ് നൽകിയതുമായി പരിശോധിച്ച് മുൻഗണന/എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെട്ടവരെ ഒഴിവാക്കുന്നതിനുള്ള നടപടി തുടർന്നു വരുന്നു.
2. തദ്ദേശ സ്വയംഭരണ വകുപ്പ് നൽകിയിട്ടുള്ള പട്ടിക പരിശോധിച്ച് അനർഹരെ ഒഴിവാക്കുന്ന നടപടി തുടർന്നുവരുന്നു.

**റേഷൻ കാർഡ്**

361 (353) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേവികുളം നിയോജകമണ്ഡലത്തിൽ പുതിയതായി എത്ര റേഷൻ കാർഡുകളാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷ നൽകിയിട്ടും ഇനിയും റേഷൻ കാർഡ് ലഭിക്കാനുള്ളവർ എത്രയെന്ന് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലവിലെ റേഷൻ കാർഡ് പുതുക്കൽ പ്രകാരം 44889 റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) 884 എണ്ണം.

## പുതിയ റേഷൻ കാർഡ്

362 (354) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കാത്തതും വിതരണം ചെയ്യാത്തതുംമൂലം ഉപഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പുതിയ റേഷൻ കാർഡിനുള്ള അപേക്ഷ എപ്പോൾ മുതൽ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ എ.പി.എൽ/ബി.പി.എൽ. റേഷൻകാർഡിൽ കടന്നുകൂടിയിട്ടുള്ള അപാകതകളും തെറ്റുകളും എപ്പോൾ പരിഹരിച്ച് നൽകാൻ കഴിയും; നിലവിൽ എന്തൊക്കെ നടപടികളാണ് ഇതിനായി സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) തിരൂർ താലൂക്കിൽ പൊതുവിതരണത്തിന് പൊതുവായ ഒരു ഗോഡൗൺ കണ്ടെത്തിയിട്ടുണ്ടോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) അന്തിമ മുൻഗണനാ പട്ടികയിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുള്ളതായും അർഹർ ഉൾപ്പെടുവാൻ ഉള്ളതായും ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അനർഹരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കുന്നതിനും അർഹരെ പട്ടികയിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് പുതുക്കുന്നതിനുമുള്ള നടപടികളാണ് നിലവിൽ നടന്നുവരുന്നത്. ഈ നടപടികൾ ഉടൻ പൂർത്തിയാക്കി പുതിയ റേഷൻ കാർഡിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നതാണ്.

(സി) അന്തിമ മുൻഗണനാ പട്ടികയിൽ കടന്നു കൂടിയ അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകളിന്മേൽ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

(ഡി) തിരൂർ താലൂക്കിൽ 5 ഗോഡൗണുകളിൽ നിന്നാണ് നിലവിൽ റേഷൻ വിതരണം നടത്തി വരുന്നത്. വാതിൽപ്പടി വിതരണത്തിന് ഗോഡൗൺ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സപ്ലൈക്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പുതിയ റേഷൻ കാർഡിന്റെ വിതരണം

363 (355) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ റേഷൻ കാർഡിന്റെ വിതരണം എന്ന് മുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കേരള സർക്കാർ നടത്തുന്ന എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് റേഷൻ കാർഡിൽ പേര് ഉണ്ടായിരിക്കണമെന്ന് നിബന്ധനയുണ്ടോ; എങ്കിൽ റേഷൻ കാർഡിൽ പേര് ഉൾപ്പെട്ടിട്ടില്ലാത്ത വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി എന്തെങ്കിലും ബദൽ മാർഗ്ഗങ്ങൾ പരിഗണനയിലുണ്ടോ; എങ്കിൽ അവ എന്തെല്ലാം?

ഉത്തരം

(എ) 1-6-2017 മുതൽ പുതിയ റേഷൻ കാർഡ് വിതരണം ആരംഭിച്ചു.

(ബി) ഇല്ല. ബാധകമല്ല.

## പുതിയ റേഷൻ കാർഡുകളുടെ വിതരണം

364 (356) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുക്കിയ റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ടോ;

(ബി) പുതുക്കിയ കാർഡിൽ പേര് ചേർക്കുന്നതിനും കാർഡുകൾ വിഭജിച്ചു നൽകുന്നതിനും ഇപ്പോൾ സാധിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) നിലവിൽ 98.37 ശതമാനം റേഷൻ കാർഡുകളുടെ വിതരണം പൂർത്തിയായിട്ടുണ്ട്.

(ബി) ഉണ്ട്. നിലവിലെ മുൻഗണനാ പട്ടികയിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പുതുക്കിയ കാർഡിൽ പേരു ചേർക്കുന്നതിനും കാർഡുകൾ വിഭജിച്ചു നൽകുന്നതിനുമുള്ള നടപടി പുനരാരംഭിക്കുന്നതാണ്.

**റേഷൻ വിതരണം**

365 (357) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടക്കാർ ഒരു മാസം കുറഞ്ഞത് 75 ക്വിന്റൽ റേഷൻ വിതരണം ചെയ്താൽ മാത്രമെ 16,000 രൂപ പ്രതിമാസം വേതനം നൽകുയെന്ന് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഭൂരിപക്ഷം റേഷൻ കടകളിലും 75 ക്വിന്റൽ റേഷൻ സാധനങ്ങൾ പ്രതിമാസം വിതരണം ചെയ്യുന്നില്ല എന്നതിനാൽ ഇതിൽ എന്തെങ്കിലും ഇളവ് അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) റേഷൻ വിതരണത്തിൽ പരക്കെ കാണപ്പെടുന്ന ക്രമക്കേടുകൾക്കും തട്ടിപ്പിനും അറുതിവരുത്തുവാൻ ഇ-പോസ് സംവിധാനം ഫലവത്തായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) കാർഡ് ഉടമയ്ക്കോ, കാർഡിൽ പേരുള്ള വ്യക്തികൾക്കോ മാത്രമേ ഇ-പോസ് സംവിധാനത്തിൽ റേഷൻ വാങ്ങുവാൻ കഴിയൂ എന്നതിനാൽ പ്രായമായവരും രോഗികളായവരും മാത്രം താമസിക്കുന്ന വീടുകളിൽ റേഷൻ ലഭിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മിനിമം കമ്മീഷൻ തുകയായ 16,000 രൂപ ലഭിക്കുന്നതിന് പ്രതിമാസം കുറഞ്ഞത് 45 ക്വിന്റൽ ഭക്ഷ്യധാന്യമെങ്കിലും വിതരണം നടത്തേണ്ടതാണ്. എന്നാൽ 3/18 വരെ സപ്പോർട്ടീവ് പേയ്മെന്റ് നൽകി 16,000 രൂപ നൽകുന്നതാണ്. വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി റേഷൻ വ്യാപാരിക്ക് ലഭിക്കുന്ന ഡീലേഴ്സ് മാർജിനിലും കുറവുണ്ടാകുന്നത് പരിഹരിക്കുവാൻ റേഷൻ കാർഡുകളുടെ എണ്ണവും ഭക്ഷ്യധാന്യത്തിന്റെ അളവും ഏകദേശം ശരാശരി തുക എല്ലാ കടകൾക്കും കമ്മീഷൻ ലഭിക്കുന്ന രീതിയിൽ 2018 മാർച്ച് 31-ന് മുമ്പ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) 2018 മാർച്ച് 31-ന് മുമ്പ് തന്നെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) റേഷൻ കടകളിൽ നേരിട്ടെത്തി സാധനങ്ങൾ കൈപ്പറ്റാൻ സാധിക്കാത്തവർക്ക് പ്രോക്സി (രേഖാമൂലം ചുമതലപ്പെടുത്തുന്ന വ്യക്തിക്ക് നൽകുന്നതിന്) സംവിധാനം ഉണ്ടായിരിക്കുന്നതാണ്.

**റേഷൻ കടകളിൽ ആധാർ കാർഡിന്റെ പകർപ്പുകൾ ലഭ്യമാക്കൽ**

366 (358) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡിലുള്ള അംഗങ്ങൾ എല്ലാവരും അവരവരുടെ ആധാർ കാർഡിന്റെ പകർപ്പുകൾ റേഷൻ കടകളിൽ സമർപ്പിച്ചാൽ മാത്രമേ റേഷൻ വിതരണം നടത്തുകയുള്ളൂ എന്ന സിവിൽ സപ്ലൈസ് വകുപ്പിന്റെ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആധാർ എടുക്കാത്തവർക്ക് പ്രസ്തുത നടപടിമൂലം റേഷൻ ലഭിക്കുന്നതി ലുണ്ടായിട്ടുള്ള തടസ്സം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ആധാർ ലഭിച്ചില്ലെങ്കിലും റേഷൻ വിതരണം നടത്തുന്നതിന് നിലവിൽ തടസ്സം ഇല്ല.

**റേഷൻ കടകൾ അനുവദിക്കുന്നതിന് സംവരണം**

367 (359) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കടകൾ അനുവദിക്കുന്നതിന് സംവരണം പാലിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) മൊത്തം റേഷൻ കടകളിൽ, പട്ടിക വിഭാഗത്തിനും വനിതകൾക്കും അംഗപരിമിതർക്കുമായി എത്ര ശതമാനംവീതം സംവരണം ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ;

(സി) റേഷൻ കടകൾ അനുവദിക്കുന്നതിൽ അഴിമതി നടക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

| | | | |
|---|---|---|---|
| (ബി) | പട്ടികജാതി | - | 8% |
| | പട്ടികവർഗ്ഗം | - | 2% |
| | അംഗപരിമിതർ | - | 5% |
| | വനിതകൾ | - | 20% |

(സി) ഇല്ല.

**റേഷൻ കാർഡ് വിതരണം**

368 (360) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ് വിതരണം പൂർത്തീകരിച്ചോ; ആയത് ഇനി ഏതെങ്കിലും ജില്ലകളിൽ പൂർത്തീകരിക്കാനുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് റേഷൻ കാർഡ് ഇല്ലാത്ത നിരവധി ആളുകളുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് എന്ന് മുതൽ അപേക്ഷ കൊടുക്കുവാൻ കഴിയുമെന്നും പേര് വിട്ടുപോയവർക്ക് എന്ന് മുതൽ അപേക്ഷ സമർപ്പിക്കാൻ കഴിയുമെന്നും വിശദമാക്കുമോ;

(സി) റേഷൻ കാർഡ് ഇല്ലാത്തത് കാരണം പൊതുജനങ്ങൾക്ക് നിരവധി ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സ്ഥിതിയുള്ളതിനാൽ ആയത് പരിഹരിക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഇല്ല. 98.37 ശതമാനം റേഷൻ കാർഡ് വിതരണം പൂർത്തിയായിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം താഴെപറയും വിധം കാണാവുന്നതാണ്.

| ജില്ല | വിതരണം ചെയ്യുവാനുള്ള റേഷൻ കാർഡുകളുടെ എണ്ണം |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 7474 |
| കൊല്ലം | 5572 |
| പത്തനംതിട്ട | 1662 |
| ആലപ്പുഴ | 7595 |
| കോട്ടയം | 4522 |
| ഇടുക്കി | 3747 |

| (1) | (2) |
|---|---|
| എറണാകുളം | 25977 |
| തൃശ്ശൂർ | 39701 |
| പാലക്കാട് | 8707 |
| മലപ്പുറം | 10695 |
| കോഴിക്കോട് | 5084 |
| വയനാട് | 681 |
| കണ്ണൂർ | 3706 |
| കാസർഗോഡ് | 2495 |

ബാക്കി 127618 റേഷൻ കാർഡുകൾ വിതരണം ചെയ്യാനുണ്ട്.

(ബി) ഉണ്ട്. അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്നതിനും അർഹരെ ഉൾപ്പെടുത്തുന്നതിനുമുള്ള പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് പുതിയ അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) അത്യാവശ്യ സാഹചര്യങ്ങളിൽ താൽക്കാലിക കാർഡുകൾ നൽകി വരുന്നുണ്ട്.

## റേഷൻ കാർഡ് ലഭിക്കാൻ കാലതാമസം

369 (361) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിടങ്ങൾക്ക് നമ്പർ ലഭിക്കാൻ വൈകുന്നതുകാരണം റേഷൻ കാർഡ് ലഭിക്കാൻ കാലതാമസം നേരിട്ട് നിരവധിപേർ ബുദ്ധിമുട്ട് അനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി കണക്ഷന് (സമ്പൂർണ്ണ വൈദ്യുതീകരണം) താല്ക്കാലിക നമ്പർ നൽകി കണക്ഷൻ നൽകാൻ സ്വീകരിച്ച നടപടി, റേഷൻകാർഡ് നൽകുന്നതിനും ബാധകമാക്കുന്ന കാര്യം പരിഗണിക്കുമോ; ഇതുസംബന്ധിച്ച് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) അത്യാവശ്യ സാഹചര്യങ്ങളിൽ താൽക്കാലിക റേഷൻ കാർഡുകൾ നൽകിവരുന്നുണ്ട്.

**റേഷൻ സംവിധാനം കുറ്റമറ്റതാക്കൽ**

370 (362) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ സംവിധാനം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നറിയിക്കാമോ;

(ബി) ഇ-പോസ് സംവിധാനം ഏതെല്ലാം ജില്ലകളിലാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്;

(സി) സംസ്ഥാനത്തെ എല്ലാ റേഷൻ ഷോപ്പുകളിലും ഇ-പോസ് സംവിധാനം ഒരുക്കുന്ന പ്രവൃത്തി എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി 31-3-2018-നകം ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചുവരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തിരം തയ്യാറാക്കി വരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേയ്ക്ക് എസ്.എം.എസ്. സന്ദേശം നൽകിവരുന്നുണ്ട്. കൂടാതെ പത്രപരസ്യവും നൽകി വരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ച വരുന്നു.

(ബി) നിലവിൽ കൊല്ലം ജില്ലയിൽ കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിച്ചിട്ടുണ്ട്.

(സി) 2018 മാർച്ച് 31-ന് മുമ്പുതന്നെ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റേഷൻ കാർഡുകൾ**

371 (363) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കാർഡുകൾക്കായി ഫോട്ടോ എടുക്കുന്ന സന്ദർഭത്തിൽ സ്ഥലത്തില്ലാത്തതുൾപ്പെടെയുള്ള കാരണങ്ങളാൽ ഫോട്ടോ എടുക്കാൻ സാധിക്കാതെ വന്നതിനാൽ പുതിയ റേഷൻ കാർഡ് ലഭിക്കാത്തവർക്ക് ആയത് ലഭ്യമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) റേഷൻകാർഡുകളിൽ കടന്നുകൂടിയ തെറ്റുകൾ തിരുത്താൻ നിലവിൽ അവസരമുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(സി) പുതിയ റേഷൻ കാർഡിനായുള്ള അപേക്ഷ സ്വീകരിക്കുന്നത് പുനരാരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസം വരുന്നതിനുള്ള കാരണം വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് റേഷൻ കാർഡുകൾ പുതുക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. പ്രസ്തുത പ്രവൃത്തി ഉടൻ പൂർത്തിയാക്കി പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനും മറ്റുമുള്ള നടപടി പുനരാരംഭിക്കുന്നതാണ്.

**റേഷൻ കാർഡുകൾ പുതുക്കലും പരാതി പരിഹരിക്കലും**

372 (364) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് 2015-ന്ശേഷം പുതിയതായി റേഷൻകാർഡ് നൽകുന്നതിനോ, കാർഡിൽ പേര് നീക്കംചെയ്യുന്നതിനോ, കൂട്ടിചേർക്കുന്നതിനോ കഴിയാത്തതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ?

(ബി) റേഷൻ കാർഡ് പുതുക്കുന്നതിലും പരാതികൾ പരിഹരിക്കുന്നതിലും ദീർഘനാളായി തുടരുന്ന അനിശ്ചിതത്വം അവസാനിപ്പിക്കുന്നതിന് പൊതു അദാലത്തു സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) പുതിയ കാർഡ് എടുക്കുന്നതിനും നിലവിലുള്ളതിലെ അപാകതകൾ പരിഹരിച്ചു നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് റേഷൻകാർഡുകൾ പുതുക്കുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. പുതിയ റേഷൻ കാർഡുകൾ നൽകുന്നതിനും മറ്റുമുള്ള നടപടി പുനരാരംഭിക്കുന്നതാണ്.

**മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കാൻ നടപടി**

373 (365) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്രത്തിൽനിന്നും സംസ്ഥാനത്തിന് ലഭിക്കുന്ന മണ്ണെണ്ണ വിഹിതം ഇപ്പോൾ എത്രയാണെന്ന് അറിയിക്കുമോ; ഇത് പര്യാപ്തമാണോ എന്ന് വ്യക്തമാക്കുമോ;

(ബി) പര്യാപ്തമല്ലെങ്കിൽ, സംസ്ഥാനത്തിനുള്ള മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ&ബി) 2017-18 അവസാന ത്രൈമാസ പാദത്തിൽ 13908 കിലോ ലിറ്റർ മണ്ണെണ്ണയാണ് ലഭ്യമായത്. ആയത് റേഷൻ മേഖലയിലും മത്സ്യബന്ധന മേഖലയിലും വിതരണം ചെയ്യുന്നതിന് അപര്യാപ്തമാണ്. മണ്ണെണ്ണ വിഹിതം വർദ്ധിപ്പിക്കണമെന്നുള്ള സംസ്ഥാന ഗവൺമെന്റിന്റെ കാലങ്ങളായുള്ള ആവശ്യവും മത്സ്യബന്ധന മേഖലയ്ക്ക് പ്രത്യേകം മണ്ണെണ്ണ അനുവദിക്കണമെന്നുള്ള ആവശ്യവും കേന്ദ്ര സർക്കാർ നിരസിക്കുകയാണ് ഉണ്ടായിട്ടുള്ളത്.

**മുൻഗണനാ റേഷൻ കാർഡ്**

374 (366) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര സർക്കാർ/അർദ്ധ സർക്കാർ ജീവനക്കാർ അനധികൃതമായി മുൻഗണനാ റേഷൻ കാർഡ് കൈവശംവച്ചതായി കണ്ടെത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ ഇവരെ മുൻഗണനാ വിഭാഗത്തിൽനിന്ന് മാറ്റുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 91169 പേരെ അനർഹരെന്ന് കണ്ടെത്തി മുൻഗണനാ പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

**ബയോമെട്രിക് സംവിധാനം**

375 (368) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്താനുദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ബയോമെട്രിക് സംവിധാനം നടപ്പാക്കുന്നതിന് ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നത് മാർച്ച് 31-ന് മുമ്പ് പൂർത്തിയാക്കി ഏപ്രിൽ 1 മുതൽ ഈ സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്താൻ സാധിക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2018 മാർച്ച് 31-ന് മുമ്പുതന്നെ എല്ലാ റേഷൻ കടകളിലും ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**താൽക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ**

376 (369) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് താൽക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ പ്രവർത്തനമവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര റേഷൻ കടകൾ താൽകാലിക ലൈസൻസിൽ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ നൽകുമോ; ഇവയുടെ താൽക്കാലിക ലൈസൻസ് പുതുക്കി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത തീരുമാനം ഏറ്റവും അധികം ബാധിക്കുക സ്ത്രീകളെയും ദുർബല വിഭാഗത്തിൽപ്പെട്ട കാർഡ് ഉടമകളെയുമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഡി) നിലവിലുള്ള കടകൾ പൂട്ടുന്നതോടെ റേഷൻ വാങ്ങുന്നതിനായി ഇവർ ദൂരെയുള്ള കടകൾ തേടിപോകേണ്ട സാഹചര്യം ഉണ്ടാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) സംസ്ഥാനത്ത് ആകെ 178 റേഷൻ കടകൾ താൽക്കാലിക ലൈസൻസിൽ പ്രവർത്തിക്കുന്നുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 8 |
| കൊല്ലം | 2 |
| ആലപ്പുഴ | 2 |
| കോട്ടയം | 4 |
| ഇടുക്കി | 1 |
| എറണാകുളം | 19 |
| തൃശ്ശൂർ | 3 |
| മലപ്പുറം | 18 |
| കോഴിക്കോട് | 17 |
| വയനാട് | 1 |
| കണ്ണൂർ | 26 |
| കാസർഗോഡ് | 77 |
| ആകെ | 178 |

ഇവയുടെ താൽക്കാലിക ലൈസൻസ് പുതുക്കി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടില്ല.

(സി & ഡി) ബാധകമല്ല.

## കോട്ടക്കലിലെ രാങ്ങാട്ടൂരിൽ റേഷൻ ഷോപ്പ്

377 (370) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് റേഷൻ ഷോപ്പ് അനുവദിക്കുവാൻ സിവിൽ സപ്ലൈസ് വകുപ്പ് പഠനം നടത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് വകുപ്പ് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ;

(ബി) സർക്കാരിൽ നിലവിലുള്ള ഫയലിൽ എന്തൊക്കെ നടപടികളാണ് ഇനി പൂർത്തിയാക്കേണ്ടതെന്നറിയിക്കുമോ;

(സി) റേഷൻ കാർഡ് വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് രാങ്ങാട്ടൂർ റേഷൻ ഷോപ്പ് അനുവദിക്കാമെന്ന വകുപ്പിന്റെ തീരുമാനം നടപ്പിലായിട്ടുണ്ടോയെന്നറിയിക്കുമോ ;

(ഡി) രാങ്ങാട്ടൂർ റേഷൻ ഷോപ്പ് അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുവാൻ ആവശ്യമായ നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) മലപ്പുറം ജില്ലയിൽ കോട്ടക്കൽ മണ്ഡലത്തിലെ രാങ്ങാട്ടൂർ എന്ന സ്ഥലത്ത് പുതിയ റേഷൻ കട അനുവദിക്കുന്നതിനായി മലപ്പുറം ജില്ലാ കളക്ടർ 8-3-2016-ൽ റിപ്പോർട്ട് സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 18-7-2016-ൽ സർക്കാരിൽ റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച്, റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് നടപ്പിലാക്കിയതിനുശേഷം പുതിയ റേഷൻ കടകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്.

**റേഷൻകടകൾ അനുവദിക്കുന്നതിൽ സംവരണതത്വം**

378 (371) <u>ശ്രീ. എ. പ്രദീപ്കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻകടകൾ അനുവദിക്കുന്നതിൽ സംവരണതത്വം പാലിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരിശോധന നടത്തിയിട്ടുണ്ടോ;

(സി) പരിശോധന നടത്തിയിട്ടുണ്ടെങ്കിൽ പരിശോധനാ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**റേഷൻകാർഡ്- മുൻഗണനാ ലിസ്റ്റ്**

379 (372) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻകാർഡുകളിലെ മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) നാലു ചക്രവാഹനം ഉണ്ട് എന്നതിന്റെ പേരിൽ വികലാംഗർ മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെടുമോ;

(സി) ഉപജീവനമാർഗ്ഗത്തിന് നാലുചക്രവാഹനം ഉപയോഗിക്കുന്നവരെ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവാക്കുമോ;

(ഡി) വികലാംഗർക്കും ഉപജീവനമാർഗ്ഗത്തിന് വാഹനം ഉപയോഗിക്കുന്നവർക്കും ഇളവ് ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) സ.ഉ.(കൈ.) നമ്പർ 16/2011/ത.സ്വ.ഭ.വ. തീയതി 14-1-2011, സ.ഉ.(കൈ.) നമ്പർ 112/2012/ത.സ്വ.ഭ.വ. തീയതി 27-4-2012, സ.ഉ.(സാധാ) നമ്പർ 320/2017/ഭ.പൊ.വി.വ. തീയതി 18-9-2017 എന്നീ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ അനുസരിച്ചാണ് മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നത്.

(ബി-ഡി) ടാക്സി കാർ ഉടമസ്ഥരായവർ ഒഴികെ നാലുചക്ര വാഹനമുള്ളവർ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കപ്പെടും. എന്നാൽ മറ്റ് ഒഴിവാക്കൽ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത വികലാംഗർ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നതാണ്.

**റേഷൻ കാർഡുകളിലെ അപാകതകൾ**

380 (373) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻകാർഡുകളിലെ ബി.പി.എൽ./എ.പി.എൽ. അപാകത പരിഹരിക്കാൻ നാളിതുവരെയും കഴിയാതെ വന്നതെന്തുകൊണ്ടെന്നും വ്യാപകമായ രീതിയിൽ പരാതി വന്നുകൊണ്ടിരിക്കുന്നത് സമയബന്ധിതമായി പരിഹരിക്കാൻ എപ്പോൾ നടപടി ഉണ്ടാകുമെന്നും വ്യക്തമാക്കാമോ;

(ബി) അനർഹർ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ടത് തടയുന്നതിനും അർഹതപ്പെട്ടവരെ ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനും എന്തുതടസ്സമാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 1-11-2016 മുതൽ റേഷൻ കാർഡുകൾ മുൻഗണനാ/ മുൻഗണനേതര വിഭാഗങ്ങളായാണ് വേർതിരിച്ചിട്ടുള്ളത്. പരാതികളുടെ അടിസ്ഥാനത്തിൽ സ.ഉ. (സാധാ.) നമ്പർ 320/2017/ഭ.പൊ.വി.വ. തീയതി 18-9-2017 പ്രകാരമുള്ള പരിഷ്കരിച്ച മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**റേഷൻകാർഡുകൾ**

381 (374) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ കണക്കനുസരിച്ച് സംസ്ഥാനത്ത് മൊത്തം എത്ര റേഷൻ കാർഡുകളുണ്ട്; എ.പി.എൽ, ബി.പി.എൽ. എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇതിൽ തെറ്റായ വിവരം നൽകി ബി.പി.എൽ കാർഡ് സമ്പാദിച്ചവർ എത്ര; ഇപ്രകാരം കാർഡ് സമ്പാദിച്ചവരിൽ സർക്കാർ ജീവനക്കാർ, പെൻഷൻകാർ, നാലുചക്രവാഹന ഉടമകൾ, 1000 ച.അടി വിസ്തീർണ്ണമുള്ള വീടുകളുള്ളവർ എന്നിങ്ങനെ തരംതിരിച്ച് വ്യക്തമാക്കാമോ;

(സി) തെറ്റായ വിവരം നൽകി ബി.പി.എൽ കാർഡ് കൈവശംവച്ച എത്ര റേഷൻകാർഡുകൾ സർക്കാരിന്റെ കർശന നിലപാടുമൂലം തിരികെ നൽകി ആയത് എ.പി.എൽ. ആക്കി; ഈ ഇനത്തിൽ സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ എണ്ണം തരംതിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇപ്പോഴും സർക്കാർ നിർദ്ദേശങ്ങൾ അംഗീകരിക്കാതെ മുൻഗണനാ പട്ടികയിലുള്ള റേഷൻ കാർഡുകൾ കൈവശംവച്ചിട്ടുള്ള എത്രപേരുണ്ട് എന്നും എങ്കിൽ ഇവരെ മുൻഗണനാ പട്ടികയിൽനിന്നും ഒഴിവാക്കാനും റേഷൻകാർഡ് വിതരണവും ഉപയോഗവും കുറ്റമറ്റതാക്കാനും എന്ത് നടപടികൾ അടിയന്തരമായി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 80,18,030 റേഷൻ കാർഡുകളാണ് സംസ്ഥാനത്തുള്ളത്. താഴെ കാണുംവിധം 4 തരം റേഷൻ കാർഡുകളാണ് നിലവിലുള്ളത്.

| | | |
|---|---|---|
| എ.എ.വൈ. കാർഡ് | - | 5,95,800 |
| മുൻഗണനാ കാർഡ് | - | 29,06,709 |

| | | |
|---|---|---|
| മുൻഗണനേതര (സബ്സിഡി) | - | 29,35,436 |
| മുൻഗണനേതരം (നോൺ സബ്സിഡി) | - | 15,80,085 |
| ആകെ | - | 80,18,030 |

(ബി-ഡി) അന്തിമ മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി തുടർന്നുവരുന്നു. ഇതേവരെ രണ്ടു ലക്ഷത്തി അറുപത്തി രണ്ടായിരത്തോളം കാർഡുടമകൾ അനർഹമായി ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തുകയും മുൻഗണനാപട്ടികയിൽ ഉൾപ്പെട്ടുവരേണ്ടവരുടെ അപേക്ഷകൾ പരിശോധിച്ച് റേഷൻകടകൾ വഴി അദാലത്ത് നടത്തി പട്ടിക തയ്യാറാക്കിക്കൊണ്ടിരിക്കുകയുമാണ്. അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ തുടർന്നു വരുന്നു. നിലവിൽ 91169 സർക്കാർ ജീവനക്കാരുടെ റേഷൻകാർഡുകൾ അനർഹമാണെന്ന് കണ്ടെത്തി മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്.

**കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന ഭക്ഷ്യധാന്യ റേഷൻ വിഹിതം**

382 (375) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന് നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിയ്ക്കുന്ന ഭക്ഷ്യധാന്യ റേഷൻ വിഹിതം എത്രയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കേന്ദ്ര വിഹിതം വഴി എത്ര കിലോഗ്രാം ഭക്ഷ്യധാന്യം ഓരോ കാർഡ് ഉടമയ്ക്കും ലഭിയ്ക്കുമെന്ന് അറിയിക്കുമോ;

(ബി) പൊതുവിഭാഗത്തിലെ കാർഡ് ഉടമകൾക്ക് ഇപ്പോൾ ലഭിക്കുന്ന അരിവിഹിതം കുറവാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഭാഗത്തിന് കൂടുതൽ ഭക്ഷ്യ ധാന്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) പൊതു കമ്പോളത്തിൽനിന്നോ കേന്ദ്രത്തിൽനിന്നോ അരി സംഭരിച്ച് പൊതു വിഭാഗത്തിലെ കാർഡ് ഉടമകൾക്ക് കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന് നിലവിൽ കേന്ദ്ര സർക്കാരിൽനിന്നും പ്രതിമാസം 95715.792 മെട്രിക് ടൺ അരിയും 23038.291 മെട്രിക് ടൺ ഗോതമ്പും ലഭിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്ര വിഹിതംവഴി കാർഡുടമകൾക്ക് ലഭിക്കുന്ന വിഹിതം ചുവടെ ചേർക്കുന്നു :

1. എ.എ.വൈ. കാർഡ്- കാർഡിന് 28 കിലോഗ്രാം അരിയും 7 കിലോഗ്രാം ഗോതമ്പും ഉൾപ്പെടെ പ്രതിമാസം 35 കിലോഗ്രാം ഭക്ഷ്യധാന്യം.

2. പ്രയോറിറ്റി കാർഡ്- കാർഡിലെ ഓരോ അംഗത്തിനും പ്രതിമാസം 4 കിലോഗ്രാം അരിയും 1 കിലോഗ്രാം ഗോതമ്പും.

3. നോൺ പ്രയോറിറ്റി സബ്സിഡി (എൻ.പി.എസ്.)- ഓരോ അംഗത്തിനും 2 കിലോഗ്രാം അരിയും കാർഡിന് 1 കിലോഗ്രാം ഗോതമ്പ്/ ആട്ടയും.

4. നോൺ പ്രയോറിറ്റി നോൺ സബ്സിഡി (എൻ.പി.എൻ.എസ്.)- കാർഡിന് 2 കിലോഗ്രാം ആട്ടയും 2 കിലോഗ്രാം അരി ലഭ്യതയ്ക്കനുസരിച്ചും.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്നും ടൈഡ് ഓവർ വിഹിതം വർദ്ധിപ്പിച്ച് ലഭിച്ചാൽ പൊതുവിഭാഗത്തിന്റെ റേഷൻ വിഹിതം വർദ്ധിപ്പിക്കുന്നത് പരിഗണിക്കുന്നതാണ്.

**ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ലീഗൽ മെട്രോളജി പരിശോധന**

383 (376) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സന്നിധാനം, പമ്പ, ഔട്ടർ പമ്പ, നിലയ്ക്കൽ എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ലീഗൽ മെട്രോളജി വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ കള്ളത്തരം കാണിച്ച എത്ര സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്, വിശദമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ എത്ര ലക്ഷം രൂപ പിഴ ഈടാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഇങ്ങനെ കള്ളത്തരം കാണിക്കുന്ന സ്ഥാപനങ്ങളെ വീണ്ടും ഇവിടെ കച്ചവടം ചെയ്യാൻ അനുവദിക്കാത്ത തരത്തിൽ ഉത്തരവ് നൽകാൻ നടപടി എടുക്കുമോ , വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 160 സ്ഥാപനങ്ങൾ.

| | | |
|---|---|---|
| 1. | അളവിലും തൂക്കത്തിലും കുറവ് | 76 കേസ്സുകൾ |
| 2. | പായ്ക്കറ്റിൽ പ്രഖ്യാപനങ്ങൾ ഇല്ലാത്തത് | 33 കേസ്സുകൾ |
| 3. | അധികവില ഈടാക്കിയത് | 24 കേസ്സുകൾ |
| 4. | അളവുതൂക്ക ഉപകരണങ്ങൾ മുദ്ര പതിപ്പിക്കാത്തത് | 17 കേസ്സുകൾ' |
| 5. | സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന് | 10 കേസ്സുകൾ |

(ബി) രാജിഫീസ്- 6,56,500 രൂപ.

| | |
|---|---|
| 1. അളവിലും തൂക്കത്തിലും കുറവ്- 76 കേസുകൾ | 4,19,500 |
| 2. പായ്ക്കറ്റിൽ പ്രഖ്യാപനങ്ങൾ ഇല്ലാത്തത്- 33 കേസുകൾ | 98,500/- |
| 3. അധികവില ഈടാക്കിയത്- 24 കേസുകൾ | 80,500 |
| 4. അളവുതൂക്ക ഉപകരണങ്ങൾ മുദ്ര പതിപ്പിക്കാത്തത്- 17 കേസുകൾ | 48,000 |
| 5. സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിന്- 10 കേസുകൾ | 10,000 |

(സി) നിലവിൽ പരിഗണനയിലില്ല.

**സംസ്ഥാനത്തെ റേഷൻകടകളിൽ ഇ-പോസ് യന്ത്രങ്ങൾ**

384 (377) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യസുരക്ഷാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ റേഷൻ കടകളിൽ ഇ-പോസ് യന്ത്രങ്ങൾ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ; വിശദാംശം വ്യക്തമാക്കുമോ;

(ബി) യന്ത്രങ്ങൾ സ്ഥാപിക്കുന്നതോടനുബന്ധിച്ച് റേഷൻകട നടത്തുന്നവർക്ക് പ്രതിഫല പാക്കേജ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇ-പോസ് യന്ത്രങ്ങൾ ലഭിക്കുന്നതിന് എത്ര ക്വിന്റൽ ഭക്ഷ്യധാന്യം വിൽക്കണമെന്നാണ് നിശ്ചയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ റേഷൻകടക്കാരുടെ ആശങ്കകൾ ദൂരീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഭക്ഷ്യ ഭദ്രതാ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി 6-1-2018 മുതൽ പൈലറ്റ് പ്രോജക്ടായി കരുനാഗപ്പള്ളി താലൂക്കിലെ 60 റേഷൻകടകളിൽ ഇ-പോസ് യന്ത്രം സ്ഥാപിച്ച് വിതരണം നടത്തിവരുന്നു. 31-3-2018-ന് മുമ്പ് എല്ലാ കടകളിലും ഇ-പോസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) അത്തരത്തിലുള്ള യാതൊരു നിർദ്ദേശവും നിലവിലില്ല.

**റേഷൻ കടകളിൽ നവീകരണം**

385 (378) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിതരണം ശക്തിപ്പെടുത്താൻ റേഷൻകടകളിൽ എന്തെല്ലാം നവീകരണ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

<u>ഉത്തരം</u>

സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി 31-3-2018-നകം ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻ സാധനങ്ങൾ എത്തിച്ചുവരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ കാര്യങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തരം തയ്യാറാക്കിവരുന്നു. ഗുണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർചെയ്ത മൊബൈൽ നമ്പരിലേയ്ക്ക് എസ്.എം.എസ്. സന്ദേശം നൽകി വരുന്നുണ്ട്. കൂടാതെ പത്രപരസ്യവും നൽകി വരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് കടകളിൽ ഇ-പോസ് മെഷീൻ സ്ഥാപിക്കുന്നമുറയ്ക്ക് നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നവീകരണ പദ്ധതികളും സർക്കാരിന്റെ പരിഗണനയിലുണ്ട്.

## റേഷൻ സാധനങ്ങളുടെ വിലവിവരപ്പട്ടിക

386 (379) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങളുടെ വില വിവരങ്ങൾ ഉപഭോക്താവിന്റെ അറിവിലേക്കായി റേഷൻ ഔട്ട് ലെറ്റിൽ പ്രദർശിപ്പിക്കാറുണ്ടോ;

(ബി) ഇപ്രകാരം പ്രദർശിപ്പിക്കാത്ത റേഷൻ കടകൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. വില വിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കാത്ത റേഷൻ കടകൾക്കെതിരെ 1966-ലെ കേരള റേഷനിംഗ് ഓർഡർ അനുശാസിക്കുന്ന ചട്ടങ്ങൾ അനുസരിച്ച് കർശന നടപടി സ്വീകരിച്ചുവരുന്നു.

## നിത്യോപയോഗ സാധനങ്ങളുടെ വില

387 (380) ശ്രീ.വി. ഡി.സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില പൊതു വിപണിയിൽ ക്രമാതീതമായി വർദ്ധിച്ചത് സാധാരണക്കാരുടെ ജീവിതം ദുസ്സഹമാക്കിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻസർക്കാരിന്റെ കാലത്ത് കമ്പോള ഇടപെടലുകളിലൂടെയും കരിഞ്ചന്തയ്ക്കും പൂഴ്ത്തി വയ്പിനും എതിരായി ശക്തമായ നടപടികൾ സ്വീകരിച്ചും നിയന്ത്രിച്ചിരുന്ന വില വർദ്ധനയുടെ തോത് നിയന്ത്രിക്കുന്നതിന് ഈ സർക്കാരിന് സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(സി) ഇടനിലക്കാരെ ഒഴിവാക്കി വിവിധ സംസ്ഥാനങ്ങളിൽനിന്നും അരി നേരിട്ട് സംഭരിക്കുവാൻ സ്വീകരിച്ച നടപടി പരാജയപ്പെടുവാനുണ്ടായ കാരണമെന്തെന്ന് വിശദമാക്കാമോ;

(ഡി) സബ്സിഡിയിനമായ ജയ അരി, കുറുവ അരി എന്നിവയുടെ വില സപ്ലൈകോ വർദ്ധിപ്പിച്ചത് പൊതുകമ്പോളത്തിൽ അരിവില ക്രമാതീതമായി വർദ്ധിക്കുവാൻ ഇടയാക്കിയെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അരിയുടെയും പച്ചക്കറിയുടെയും നിത്യോപയോഗ സാധനങ്ങളുടെയും വില വർദ്ധനവ് പിടിച്ച് നിർത്തി സാധാരണക്കാർക്ക് ആശ്വാസമെത്തിക്കുവാൻ ക്രിയാത്മകമായ നടപടികൾ ഉണ്ടാകുമോയെന്ന് വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) അരിയുടെ വിലയിൽ നേരിയ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പയറു വർഗ്ഗങ്ങളുടെയും സുഗന്ധ വ്യഞ്ജനങ്ങളുടെയും വിലയിൽ ഗണ്യമായ കുറവ് ഉണ്ടായിട്ടുണ്ട്.

(ബി) സപ്ലൈകോ മുഖാന്തരം ക്രിയാത്മകമായ കമ്പോള ഇടപെടൽ നടത്തി പൊതുവിപണി വില നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കമ്പോള ഇടപെടലിനായി നടപ്പു സാമ്പത്തിക വർഷം 200 കോടി രൂപ അനുവദിക്കുകയും പൊതു വിപണിയിലെ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം അരിക്കടകൾ തുറക്കുകയും ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രയിൽനിന്ന് നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്.

(സി) നടപടി പരാജയപ്പെട്ടിട്ടില്ല. 2017-ലെ ഓണക്കാലത്ത് ആന്ധ്രാപ്രദേശിലെ വിവിധ മില്ലുകളിൽനിന്നും ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന 51650 ക്വിന്റൽ ജയ അരി 34.48/kg നിരക്കിൽ വാങ്ങി കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തി വില വർദ്ധനവ് നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) സപ്ലൈകോവഴി വിൽക്കുന്ന ജയ അരി, കുറുവ അരി എന്നിവയുടെ സബ്സിഡി വിൽപ്പന വിലകൾ വർദ്ധിപ്പിച്ചിട്ടില്ല.

(ഇ) നിത്യോപയോഗ സാധനങ്ങളുടെ വില പിടിച്ചുനിർത്തുന്നതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ വിൽക്കുന്ന 14 ഇനം അവശ്യ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. ഉപഭോക്തൃ സേവനം വ്യാപിക്കുന്നതിന്റെ ഭാഗമായി കൂടുതൽ വിൽപ്പനശാലകൾ തുറക്കുകയും ഇ-ടെണ്ടർ മുഖേനയും ആവശ്യമെങ്കിൽ വിവിധ സംസ്ഥാനങ്ങളിൽനിന്ന് നേരിട്ട് സംഭരണം നടത്തിയും ഉത്സവ സീസണുകളിൽ കൂടുതൽ സ്പെഷ്യൽ ചന്തകൾ തുറന്ന് നിത്യോപയോഗ സാധനങ്ങളുടെ മിതമായ നിരക്കിലുള്ള ലഭ്യത എല്ലാ ഉപഭോക്താക്കൾക്കും ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

## വിലക്കയറ്റം തടയാൻ നടപടി

388 (381) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദവിവരം നൽകാമോ;

(ബി) ഓണക്കാല വില്പന കേന്ദ്രങ്ങൾക്കായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; ഇതിൽ എത്ര കോടി രൂപയുടെ സബ്സിഡിയാണ് നൽകിയിട്ടുള്ളത്; വിശദവിവരം നൽകാമോ?

ഉത്തരം

(എ) സപ്ലൈകോ മുഖാന്തരം ക്രിയാത്മകമായ കമ്പോള ഇടപെടൽ നടത്തി പൊതുവിപണി വില നിയന്ത്രിക്കുന്നതിനായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു. കമ്പോള ഇടപെടലിനായി നടപ്പു സാമ്പത്തിക വർഷം 200 കോടി രൂപ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ വഴി വിൽക്കുന്ന നിത്യോപയോഗ സാധനങ്ങളുടെ സബ്സിഡി വിൽപ്പന വിലകൾ വർദ്ധിപ്പിച്ചിട്ടില്ല. അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം അരിക്കടകൾ തുറക്കുകയും ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രയിൽനിന്ന് നേരിട്ട് ജയ അരി സംഭരിച്ച് കിലോഗ്രാമിന് 25 രൂപ നിരക്കിൽ വിൽപ്പന നടത്തുകയും 20 മാവേലി സ്റ്റോറുകളും 2 സൂപ്പർ മാർക്കറ്റുകളും പുതിയതായി ആരംഭിക്കുകയും 9 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുകയും ഓണം, റംസാൻ, ക്രിസ്തുമസ് മുതലായ ഉത്സവ സീസണുകളിൽ കൂടുതൽ സ്പെഷ്യൽ ചന്തകൾ തുറന്ന് നിത്യോപയോഗ സാധനങ്ങളുടെ മിതമായ നിരക്കിലുള്ള ലഭ്യത എല്ലാ ഉപഭോക്താക്കൾക്കും ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിനായി സ്വീകരിച്ച നടപടികളുമായി ബന്ധപ്പെട്ട് 2016 മേയ് മുതൽ 2017 നവംബർ വരെ 716.65 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള സപ്ലൈകോ വിൽപ്പനശാലകളോട് ചേർത്ത് നടത്തിയ ഓണച്ചന്തകൾക്കും, 67 സ്ഥലങ്ങളിൽ പ്രത്യേകമായി കെട്ടിടങ്ങൾ വാടകയ്ക്കെടുത്ത് നടത്തിയ ഓണച്ചന്തകൾക്കുമായി ആകെ 1.43 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഓണക്കാല വിൽപ്പന കേന്ദ്രങ്ങളിലൂടെ 50.55 കോടി രൂപയുടെ സബ്സിഡി നൽകിയിട്ടുണ്ട്.

**ഹോട്ടലുകളിലെ ഭക്ഷണത്തിന് അമിത വില ഈടാക്കൽ**

389 (382) ശ്രീ. റോജി എം. ജോൺ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന്റെയും ജി.എസ്.ടി.-യുടെയും പേരിൽ സംസ്ഥാനത്ത് ഹോട്ടലുകൾ ഭക്ഷണസാധനങ്ങൾക്ക് അമിത വില ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിതവില ഈടാക്കിയതിന്റെ പേരിൽ 1977 ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഉത്തരവ് പ്രകാരം അമിത വില ഈടാക്കിയതിന് ഏതെങ്കിലും സ്ഥാപനത്തിന്റെ പേരിൽ 2017 ഡിസംബറിൽ നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) അമിതവില ഈടാക്കുന്നത് തടയുന്നതിനായി കേരള ഹോട്ടലുകൾ ഭക്ഷണ വില ക്രമീകരണ ബിൽ സഭയിൽ അവതരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായ വർദ്ധനവിന് ആനുപാതികമായി ഹോട്ടൽ ഭക്ഷണ വിലയിൽ വർദ്ധനവുണ്ടായത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ജി.എസ്.ടി.യുടെ പേരിൽ ഹോട്ടൽ ഭക്ഷണ സാധനങ്ങൾക്ക് അമിത വില ഈടാക്കുന്നതിന് എതിരെയുള്ള നടപടി നികുതി വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) അമിത വില ഈടാക്കിയതിന്റെ പേരിൽ 1977-ലെ കേരള ഫുഡ് സ്റ്റഫ്സ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഉത്തരവ് പ്രകാരം 2017 ഡിസംബറിൽ ഒരു സ്ഥാപനത്തിനെതിരെയും നടപടി സ്വീകരിച്ചിട്ടില്ല. കാരണം, പ്രസ്തുത ഉത്തരവ് പ്രകാരം ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്നാണ് വ്യവസ്ഥ. ഹോട്ടലുകൾ അവർ നൽകുന്ന സേവനം, അടിസ്ഥാന സൗകര്യങ്ങൾ, ഗുണമേന്മ എന്നിവയുടെ അടിസ്ഥാനത്തിൽ ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനാൽ വിവിധ സ്ഥലങ്ങളിൽ ഭക്ഷണ സാധനങ്ങൾക്ക് വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നുണ്ട്. നിലവിലെ നിയമം അനുസരിച്ച് ഭക്ഷണ വില നിശ്ചയിക്കുന്നതിനോ ക്രമീകരിക്കുന്നതിനോ ഉള്ള അധികാരം സർക്കാരിനില്ല.

(സി) ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വില ക്രമീകരിക്കുന്നതിനായി രൂപം നൽകിയ " 2015-ലെ കേരള ഹോട്ടലുകൾ (ഭക്ഷണ വില ക്രമീകരണം) ബില്ല്"-ന് പ്രസക്തി ഇല്ല എന്ന് കണ്ടതിനാൽ മറ്റ് എന്ത് നടപടി സ്വീകരിക്കാമെന്ന് ഗൗരവപൂർവ്വം ആലോചിച്ചുവരുന്നു.

**നെല്ലിക്കുഴി പഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ**

390 (383) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നെല്ലിക്കുഴി പഞ്ചായത്തിലെ ചെറുവട്ടത്തിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള പ്രൊപ്പോസൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) 50000-ൽ അധികം ജനസംഖ്യയുള്ള നെല്ലിക്കുഴി പഞ്ചായത്തിൽ ചെറുവട്ടൂരിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നെല്ലിക്കുഴി പഞ്ചായത്തിലെ രണ്ടാമത്തെ മാവേലി സ്റ്റോറായതു കൊണ്ട് മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കാലത്തോളം വാടക രഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി 1 ലക്ഷം രൂപയും പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക്, സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ മാവേവി സ്റ്റോർ തുടങ്ങുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## പുതിയ മാവേലി സൂപ്പർ മാർക്കറ്റുകൾ

391 (384) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലത്തൂർ മണ്ഡലത്തിൽ, മാവേലി സൂപ്പർ മാർക്കറ്റുകൾ പുതിയതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ, എവിടെയൊക്കെയാണ് സൂപ്പർ മാർക്കറ്റുകൾ നിർമ്മിക്കുന്നതെന്ന് പറയാമോ;

(സി) സൂപ്പർ മാർക്കറ്റുകൾ എന്നു മുതൽ പ്രവർത്തനം ആരംഭിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ മണ്ഡലത്തിലുള്ള വണ്ടാഴി, നെന്മാൻകാട് എന്നിവിടങ്ങളിലെ മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നു.

(സി) ഫർണ്ണിഷിംഗ് ജോലികൾ പൂർത്തിയാകുന്നമുറയ്ക്ക് സൂപ്പർ മാർക്കറ്റുകളുടെ പ്രവർത്തനം ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## പുതിയ മാവേലി സ്റ്റോർ

392 (385) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂവാറ്റുപുഴ നിയോജകമണ്ഡലത്തിലെ മാറിക എന്ന സ്ഥലത്ത് അനുവദിച്ച പുതിയ മാവേലി സ്റ്റോർ നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം എന്താണെന്നും മാവേലി സ്റ്റോർ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ജീവനക്കാരുടെ ലഭ്യതക്കുറവുമൂലം മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**മലപ്പുറം ജില്ലയിൽ പുതുതായി മാവേലി സ്റ്റോറുകൾ**

393 (386) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിൽ പുതിയ ഒരു മാവേലി സ്റ്റോർ തുടങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) പുതുതായി മാവേലി സ്റ്റോറുകൾ അനുവദിക്കുന്നതിന് സ്വീകരിച്ചു പോരുന്ന നിലവിലെ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഒതുക്കങ്ങൽ ഗ്രാമപഞ്ചായത്തിൽ പുതിയ മാവേലി സ്റ്റോർ തുടങ്ങുന്നതിന് അനുയോജ്യമായ കെട്ടിടം ലഭ്യമായിട്ടില്ല.

(ബി) ഒരു പഞ്ചായത്തിലെ ആദ്യത്തെ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന്, 500 ചതുരശ്ര അടി കെട്ടിടം വാടകരഹിതമായി പഞ്ചായത്ത് അധികൃതർ 5 വർഷത്തേയ്ക്കും, രണ്ടാമത്തെ മാവേലി സ്റ്റോർ ആണെങ്കിൽ പ്രവർത്തിക്കുന്ന കാലയളവുവരെയും വാടകരഹിതമായി കെട്ടിടം പഞ്ചായത്ത് ലഭ്യമാക്കേണ്ടതാണ്. കൂടാതെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കായി 1 ലക്ഷം രൂപയും ബന്ധപ്പെട്ട പഞ്ചായത്തുകൾ ലഭ്യമാക്കേണ്ടതാണ്. ടി ഭൗതിക സാഹചര്യങ്ങൾ ലഭ്യമായാൽ വിപണനസാധ്യതയും ജീവനക്കാരുടെ ലഭ്യതയും കണക്കിലെടുത്ത് പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതാണ്.

**കുഴപ്പിള്ളി സർവ്വീസ് സഹകരണ ബാങ്കിൽ മാവേലി സ്റ്റോർ**

394 (387) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഴപ്പിള്ളി സർവീസ് സഹകരണ ബാങ്കിൽ മാവേലി സ്റ്റോർ അനുവദിച്ചു കിട്ടുന്നതിനായി നിവേദനം ലഭിച്ചിരുന്നോ;

(ബി) മാവേലി സ്റ്റോറിന് ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കാമെന്ന് ബാങ്ക് അറിയിച്ചിരുന്നുവോ;

(സി) ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) സൂപ്പർ മാർക്കറ്റിനായി നിർദ്ദേശിക്കപ്പെട്ട കെട്ടിടത്തിന്റെ ഫർണ്ണിഷിംഗ് ജോലികൾ പുരോഗമിക്കുകയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതാണ്.

**നെല്ല് സംഭരിച്ച വകയിൽ നൽകാനുള്ള കുടിശ്ശിക തുക**

395 (388) <u>ശ്രീ. അനൂപ് ജേക്കബ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. റോജി എം. ജോൺ</u> :
<u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സപ്ലൈകോ കർഷകരിൽ നിന്നും നെല്ല് സംഭരിച്ചയിനത്തിൽ നൽകാനുള്ള കുടിശ്ശിക തുക നൽകാത്തതുമൂലം നെല്ല് സംഭരണം പരാജയപ്പെട്ടിരുന്നോ; വ്യക്തമാക്കാമോ;

(ബി) നെല്ല് സംഭരിച്ചവകയിൽ കർഷകർക്ക് ലഭിക്കാനുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) കിലോ ഗ്രാമിന് എത്ര രൂപയ്ക്കാണ് നെല്ല് സംഭരണം നടത്തിയത്; സംഭരണ വില കൂട്ടണമെന്ന കർഷകരുടെ ആവശ്യം പരിഗണിച്ചിട്ടുണ്ടോ;

(ഡി) സംഭരിച്ച നെല്ല് കുത്തി അരിയാക്കുവാൻ നൽകുന്ന മില്ലുടമകൾ നല്ല അരി മാറ്റി നിലവാരം കുറഞ്ഞ അരി നൽകുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മില്ലുകാർക്കെതിരെ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചു?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) 2017-18 സീസണിൽ 19-1-2018 വരെ 241.85 കോടി രൂപ സംഭരണ വില ഇനത്തിൽ കർഷകർക്ക് നൽകിയിട്ടുണ്ട്. 85.48 കോടി രൂപ വിതരണം ചെയ്യാനുണ്ട്. ആയത് PRS ലോൺവഴി നൽകിക്കൊണ്ടിരിക്കുന്നു.

(സി) നിലവിൽ 23.30 രൂപ/കി.ഗ്രാം നിരക്കിലാണ് നെല്ല് സംഭരിക്കുന്നത്. കഴിഞ്ഞ സീസണിൽ നിന്നും 80 പൈസ/കി.ഗ്രാമിന് വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടു. ക്രമക്കേടുകൾകാട്ടിയ രണ്ട് മില്ലുകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

## സിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന ഭക്ഷ്യോത്പന്നങ്ങൾ

396 (390) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് വകുപ്പ് വഴി എന്തൊക്കെ ഭക്ഷ്യോത്പന്നങ്ങളാണ് സബ്സിഡി നിരക്കിൽ നിലവിൽ വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ഭക്ഷ്യോത്പന്നത്തിന്റെയും മാർക്കറ്റ് വിലയും സിവിൽ സപ്ലൈസ് വകുപ്പിന്റെ വിലയും വിതരണം ചെയ്യുന്ന അളവും വ്യക്തമാക്കാമോ;

(സി) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യോത്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) അരി, ഗോതമ്പ്, ആട്ട തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ റേഷൻ കടകൾ വഴിയും വിവിധ ഇനങ്ങളിലുള്ള അരി, പയറുവർഗ്ഗങ്ങൾ എന്നിവ സപ്ലൈകോയുടെ ഔട്ട്ലെറ്റുകളിലൂടെയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു. പ്രസ്തുത ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി വിലയും മാർക്കറ്റ് വിലയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഡിപ്പോതലത്തിലുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ഡിപ്പോകളിൽ എത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമവിധേയമാണെന്ന് ഉറപ്പുവരുത്തുന്നതിന് പരിശോധന നടത്തിയാണ് ഉൽപ്പന്നങ്ങൾ സ്വീകരിക്കുന്നത്. ആവശ്യമെങ്കിൽ ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലോ NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലോ പരിശോധന നടത്തിവരുന്നു. എല്ലാ ഭക്ഷ്യവസ്തുക്കളും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

റാൻഡമായി സാമ്പിളെടുത്ത് പത്തനംതിട്ട കോന്നിയിലുള്ള CFRD യിൽ പരിശോധന നടത്തിവരുന്നു. പാക്കറ്റ് ഇനങ്ങൾക്ക് ISO 22000/HACCP (Hazard Analysis and Critical Control Point)/ AGMARK/FSSAI (Food Safety and Standards Authority of India) ഗുണനിലവാരം ഉറപ്പാക്കിയിട്ടുണ്ട്. ഡിപ്പോതല പരിശോധന യിന്മേൽ അപ്പീലുകൾ ലഭിച്ചാൽ ഹെഡ് ഓഫീസ് തലത്തിലുള്ള അപ്പലേറ്റ് കമ്മിറ്റി ചേർന്ന് (എക്സ്റ്റേണൽ എക്സ്പേർട്ടിനെ ഉൾപ്പെടുത്തി) ഗുണനിലവാര പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നു.

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തൽ**

397 (391) ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. എം. രാജഗോപാലൻ :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പൊതുവിതരണ രംഗത്തെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധന കർശനമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഭക്ഷ്യ ഭദ്രതാ നിയമ പ്രകാരമുള്ള റേഷൻ വിതരണം കാര്യക്ഷമമായി നടപ്പിലാക്കാനും വീഴ്ചവരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനും എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് സംസ്ഥാനത്ത് പൂർണ്ണമായും നടപ്പിൽവരുത്തുന്നതിനുള്ള നടപടി ത്വരിതഗതിയിൽ നടന്നുവരുന്നു. പ്രതിമാസ വാതിൽപ്പടി വിതരണം എല്ലാ ജില്ലകളിലും പൂർത്തീകരിച്ചു. കൂടാതെ പ്രതിമാസ റേഷൻ സംബന്ധിച്ച അറിയിപ്പ് എല്ലാ ഉപഭോക്താക്കൾക്കും എസ്.എം.എസ്. അലർട്ടായി നൽകിവരുന്നുണ്ട്. മാത്രമല്ല, വകുപ്പിലെ റേഷനിംഗ് ഇൻസ്പെക്ടർമാർ സിവിൽ സപ്ലൈസ് മാന്വൽ അനുസരിച്ച് അവരവരുടെ ഫർക്കയിലെ എല്ലാ എ.ആർ.ഡി.-കളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും പ്രതിവാരം 10 കാർഡുകളെങ്കിലും പരിശോധിച്ച് പരിശോധനയുടെ അടിസ്ഥാനത്തിൽ കാർഡുടമകൾക്ക് റേഷൻ സാധനങ്ങൾ കൃത്യമായി ലഭിക്കുന്നുണ്ടോ എന്നും റേഷൻ വ്യാപാരി കൃത്യമായി കണക്കുകൾ സൂക്ഷിക്കുന്നുണ്ടോയെന്നും ഉറപ്പ് വരുത്തുന്നുണ്ട്. വീഴ്ച വരുത്തുന്ന റേഷൻ വ്യാപാരികളുടെ പേരിൽ കർശന ശിക്ഷാനടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി&സി) പൊതുവിതരണ രംഗത്തെ ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ ഡെപ്യൂട്ടി സെക്രട്ടറി, അണ്ടർ സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ രണ്ട് സംസ്ഥാനതല സ്ക്വാഡുകളും ജില്ലാതലത്തിൽ ജില്ലാ സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും താലൂക്ക്തലത്തിൽ താലൂക്ക് സപ്ലൈ ഓഫീസറുടെ നേതൃത്വത്തിലും കർശന പരിശോധന നടത്തിവരുന്നു. ഇതോടൊപ്പം ജില്ലാ തലത്തിൽ സിവിൽ സപ്ലൈസ്, ലീഗൽ മെട്രോളജി, റവന്യൂ, ഫുഡ് സേഫ്റ്റി, പോലീസ് എന്നീ വകുപ്പുകളെ ഉൾപ്പെടുത്തി സംയുക്ത പരിശോധനയും നടത്തുന്നുണ്ട്. റേഷൻ വിതരണത്തിൽ വീഴ്ചവരുത്തുന്നവർക്കെതിരെ കർശനമായ നിയമ നടപടി സ്വീകരിക്കുകയും ചെയ്യുന്നു.

## റേഷൻ വിതരണ ശൃംഖലയുടെ കമ്പ്യൂട്ടർവത്കരണം

398 (392) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ വിതരണ ശൃംഖലയുടെ സമ്പൂർണ്ണ കമ്പ്യൂട്ടർവത്ക്കരണം പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കുമോ;

(ബി) സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം 2018 മാർച്ചിന് മുമ്പ് പൂർത്തീകരിച്ചില്ലെങ്കിൽ അതിനുശേഷമുള്ള സംസ്ഥാനത്തിന്റെ റേഷൻ വിഹിതം തടയപ്പെടാനുള്ള സാധ്യതയുണ്ടോ; എങ്കിൽ അടിയന്തരമായി ഇത് പൂർത്തീകരിക്കാനുള്ള നടപടികൾ കൈക്കൊള്ളുമോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഇല്ല. പൊതുവിതരണ സമ്പ്രദായത്തിന്റെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷന്റെ വിവിധ ഘടകങ്ങളുടെ നിലവിലെ അവസ്ഥ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | ഗുണഭോക്താക്കളുടെ ഡിജിറ്റൽവൽക്കരണം | ഡാറ്റ പൂർണ്ണമായും ഡിജിറ്റൽവൽക്കരിച്ചിട്ടുണ്ട്. പുതുക്കിയ കാർഡുകളുടെ വിതരണം പൂർത്തിയായി വരുന്നു. റേഷൻ കാർഡുകൾക്കും അനുബന്ധ സർവ്വീസുകൾക്കുമുള്ള സാങ്കേതിക നടപടി പൂർത്തിയായി വരുന്നു. |
| 2 | സപ്ലൈ ചെയിൻ മാനേജ്മെന്റ് | എല്ലാ റേഷൻ കടകളിലും വാതിൽപ്പടി വിതരണം മുഖേന സാധനങ്ങൾ എത്തിക്കുന്നുണ്ട്. സപ്ലൈ ചെയിൻ മാനേജ്മെന്റ് ആപ്ലിക്കേഷൻ (SCMS) പൂർത്തിയായി വരുന്നു. |

| | | |
|---|---|---|
| 3 | എഫ്.പി.എസ്. ആട്ടോമേഷൻ | റേഷൻ കടകളിൽ ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2018 ജനുവരി 6-ന് മുഖ്യമന്ത്രി നിർവ്വഹിച്ചു. കരുനാഗപ്പള്ളി താലൂക്കിലെ 60 കടകളിൽ ഇ-പോസ് മെഷീൻ ഉപയോഗിച്ചുള്ള റേഷൻ വിതരണം നടന്നുവരുന്നു. |
| 4 | പരാതി പരിഹാരം | പരാതി പരിഹാരത്തിനുവേണ്ടി എൻ.ഐ.സി. തയ്യാറാക്കിയിട്ടുള്ള ആപ്ലിക്കേഷന്റെ സെക്യൂരിറ്റി ആഡിറ്റ് നടന്നുവരുന്നു. |

(ബി) 2018 മാർച്ച് 31-ന് മുമ്പ് തന്നെ എൻഡ് ടു എൻഡ് കമ്പ്യൂട്ടറൈസേഷൻ പൂർത്തിയാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**മുൻഗണനാ പട്ടികയിൽനിന്ന് ഒഴിവാക്കപ്പെട്ടവർ**

399 (393) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കിയപ്പോൾ അർഹരായ പലരും റേഷൻ മുൻഗണനാ ലിസ്റ്റിൽനിന്നും ഒഴിവായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മുൻഗണനാ ലിസ്റ്റിൽ നിന്നും ഒഴിവാക്കപ്പെട്ടവരെ ഉൾപ്പെടുത്തുന്നതിന് ലഭിച്ച അപേക്ഷകളുടെ വിവരം ജില്ലതിരിച്ച് വ്യക്തമാക്കുമോ;

(സി) അപേക്ഷകൾ തീർപ്പ് കൽപ്പിച്ച് എത്ര ഗുണഭോക്താക്കളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയെന്ന ജില്ലതിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

| | | |
|---|---|---|
| (ബി) | തിരുവനന്തപുരം | 99968 |
| | കൊല്ലം | 100199 |
| | ആലപ്പുഴ | 110839 |
| | പത്തനംതിട്ട | 19470 |

| | |
|---|---|
| കോട്ടയം | 45229 |
| ഇടുക്കി | 10635 |
| എറണാകുളം | 45031 |
| തൃശ്ശൂർ | 62514 |
| പാലക്കാട് | 47377 |
| മലപ്പുറം | 85256 |
| കോഴിക്കോട് | 53919 |
| വയനാട് | 12826 |
| കണ്ണൂർ | 35144 |
| കാസർഗോഡ് | 13871 |
| ആകെ | 742278 |

(സി) മുൻഗണനാ പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കി അർഹരെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി തുടർന്നു വരുന്നു.

**നാഫെഡ്**

400 (394) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നാഷണൽ അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് ഫെഡറേഷന്റെ (നാഫെഡ്) ഭക്ഷ്യധാന്യങ്ങൾ വാങ്ങാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഇതുവരെ എത്ര ഭക്ഷ്യധാന്യങ്ങൾ വാങ്ങിയിട്ടുണ്ടെന്നും ഏതെല്ലാമാണവയെന്നും വ്യക്തമാക്കാമോ; ഇല്ലെങ്കിൽ വാങ്ങാതിരിക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(സി) വിലക്കയറ്റം നിയന്ത്രിക്കാൻ രാജ്യത്ത് ഇപ്പോഴുള്ള മികച്ച സംവിധാനത്തെ കേരളം ഉപയോഗപ്പെടുത്തുന്നില്ല എന്ന ആക്ഷേപം ശരിയാണോ; ഭക്ഷ്യധാന്യങ്ങൾ ആവശ്യമുണ്ടോയെന്ന് നാഫെഡ് കത്തെഴുതി ചോദിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത കത്തിന്റെയും അതിനയച്ച മറുപടിയുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) അന്യസംസ്ഥാനങ്ങൾ ഗോതമ്പിനും പയറുവർഗ്ഗങ്ങൾക്കും നാഫെഡിനെ ആശ്രയിക്കുമ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളം ഇതുവരെ ഈ കരുതൽ ശേഖരത്തിൽ നിന്ന് ഭക്ഷ്യ ധാന്യം ആവശ്യപ്പെട്ടിട്ടില്ലായെന്ന ആക്ഷേപത്തിൽ വസ്തുതയുണ്ടോ; ഉണ്ടെങ്കിൽ അത് എന്ത്കൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) സ്വകാര്യ മേഖലയോടുള്ള ആഭിമുഖ്യമാണ് നാഫെഡിനോടുള്ള വൈമുഖ്യത്തിന് കാരണം എന്ന് പറയുന്നതിൽ വസ്തുതയുണ്ടോ?

ഉത്തരം

(എ&ബി) കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ (സപ്ലൈകോ) മുഖേന നാഫെഡിൽനിന്നും ഭക്ഷ്യധാന്യങ്ങളായ ചെറുപയർ, ഉഴുന്ന് എന്നിവ വാങ്ങുന്നതിനായി പർച്ചേസ് ഓർഡർ നൽകിയിരുന്നു. എന്നാൽ പർച്ചേസ് ഓർഡറിൽ പറഞ്ഞിരിക്കുന്ന വിലയിൽ ഇവ വിതരണം ചെയ്യാൻ സാധിക്കില്ലെന്ന് നാഫെഡ് അറിയിച്ചതിനെത്തുടർന്ന് ഭക്ഷ്യധാന്യങ്ങൾ വാങ്ങാനായിട്ടില്ല.

(സി) ശരിയല്ല. 1044.1 മെ. ടൺ ചെറുപയറും 1175 മെ. ടൺ ഉഴുന്നും വാങ്ങുന്നതിനായി നാഫെഡ് അംഗീകരിച്ച വിലയ്ക്ക് പർച്ചേസ് ഓർഡർ നൽകിയിരുന്നുവെങ്കിലും പിന്നീട് പർച്ചേസ് ഓർഡർ പ്രകാരമുള്ള തുകയ്ക്ക് ഇവ നൽകാൻ കഴിയില്ല എന്ന് നാഫെഡ് അറിയിച്ചു. നാഫെഡ് അറിയിച്ച പ്രകാരമുള്ള പുതുക്കിയ നിരക്കുകൾ നിലവിലുള്ള ഇ-ടെണ്ടർ, ഇ-ഓക്ഷൻ നിരക്കിനേക്കാൾ കൂടുതലായതിനാൽ പ്രസ്തുത ധാന്യങ്ങൾ നാഫെഡിൽനിന്നും വാങ്ങിയിട്ടില്ല. നാഫെഡിന്റെ കത്തിന്റെയും അതിനുള്ള മറുപടിയുടെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി & ഇ) ഇല്ല.

## പെട്രോൾ പമ്പുകൾ/ ഗ്യാസ് ഏജൻസികൾ എന്നിവയിൽ പരിശോധന

401 (395) ശ്രീ. പി. കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെട്രോൾ പമ്പുകൾ/ഗ്യാസ് ഏജൻസികൾ എന്നിവയിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതെങ്കിലും ഗവൺമെന്റ് പരിശോധനാ വിഭാഗം ഉദ്യോഗസ്ഥർ പരിശോധന നടത്തിയിരുന്നോ; എങ്കിൽ എത്ര തവണ വീതം ഏതെല്ലാം വകുപ്പുകളുടെ എന്ന് വ്യക്തമാക്കാമോ;

(ബി) മായംകലർത്തൽ, അളവിലെ കൃത്രിമം, ഉപഭോക്താവിന് ലഭ്യമാക്കേണ്ട സൗകര്യങ്ങൾ എന്നിവയിൽ കണ്ടെത്തിയ കുറ്റകൃത്യങ്ങൾ എത്രയെന്നും ഇവയിൽ എത്ര എണ്ണത്തിന് കുറ്റം ചുമത്തി നടപടി ആക്കിഎന്നും കുറ്റംചുമത്തപ്പെട്ട എത്ര ഏജൻസികളുടെ ലൈസൻസ് റദ്ദാക്കുകയോ താൽക്കാലികമായി അടച്ച് പൂട്ടുകയോ ചെയ്തിട്ടുണ്ട്എന്നും വ്യക്തമാക്കാമോ;

(സി) തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിന് സമീപം പമ്പിൽനിന്ന് പെട്രോളിന് പകരം പച്ചവെള്ളം നൽകിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൽ എന്തെല്ലാം നടപടികൾ ഏതൊക്കെ വകുപ്പുകൾ സ്വീകരിച്ചു; വിശദമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

(എ) സിവിൽ സപ്ലൈസ് വകുപ്പുതലത്തിൽ സംസ്ഥാനത്ത് 423 ഗ്യാസ് ഏജൻസികളിലും 232 പെട്രോൾ പമ്പുകളിലും പരിശോധന നടത്തിയിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പ് 3305 പെട്രോൾ ഡിസ്പെൻസിംഗ് യൂണിറ്റുകളും 440 ഗ്യാസ് ഏജൻസികളും പരിശോധിച്ചിട്ടുണ്ട്.

(ബി) മായം കലർത്തൽ, അളവിലെ കൃത്രിമം, ഉപഭോക്താവിന് ലഭ്യമാക്കേണ്ട സൗകര്യങ്ങൾ എന്നിവയിൽ വകുപ്പ് 12 പെട്രോൾ പമ്പുകൾക്കെതിരെയും 54 ഗ്യാസ് ഏജൻസികൾക്കെതിരെയും കുറ്റം ചുമത്തിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ ഒരു ഗ്യാസ് ഏജൻസി റദ്ദ് ചെയ്യുന്നതിനായി ഓയിൽ കമ്പനിക്ക് ശിപാർശ ചെയ്തിട്ടുണ്ട്. ലീഗൽ മെട്രോളജി വകുപ്പ് പെട്രോൾ പമ്പുകളിൽ 180 കേസുകളും ഗ്യാസ് ഏജൻസികളിൽ 102 കേസുകളും കണ്ടെത്തിയിട്ടുണ്ട്.

(സി) 15-10-2017 ൽ M/s ദീദി ഫ്യുവൽസ് എന്ന പെട്രോളിയം ഔട്ട്ലെറ്റിനെതിരെ ഓയിൽ കമ്പനിക്ക് ഇത്തരമൊരു പരാതി കിട്ടുകയും ആയത് ഉടൻതന്നെ അന്വേഷിക്കുകയും പമ്പിലെ ഡിസ്പെൻസിംഗ് ഉപകരണങ്ങളിൽ ഉണ്ടായ പാകപിഴമൂലമാണ് ഇത് സംഭവിച്ചതെന്നും ആയത് പരിഹരിക്കുകയും ഉപഭോക്താവിന്റെ വാഹനം ഡീലറുടെ ചെലവിൽ സർവ്വീസ് ചെയ്ത് കൊടുത്തിട്ടുണ്ടെന്നും ഇത്തരം പാകപ്പിഴകൾ ഉണ്ടാകാതിരിക്കാൻ ഡീലർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്.

**വർക്കലയിൽ ലീഗൽ മെട്രോളജി ഇൻസ്പെക്ടറുടെ ഓഫീസ്**

402 (396) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിനോദസഞ്ചാര കേന്ദ്രമെന്ന പരിഗണനയിൽ വർക്കല താലൂക്കിൽ ലീഗൽ മെട്രോളജി ഇൻസ്പെകറുടെ ഒരു ഓഫീസ് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ലീഗൽ മെട്രോളജി കൺട്രോളർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു.

**കൊണ്ടോട്ടി താലൂക്കിൽ ലീഗൽ മെട്രോളജി ഓഫീസ്**

403 (397) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എല്ലാ താലൂക്കുകളിലും ലീഗൽ മെട്രോളജി ഓഫീസുകൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇവ ഇല്ലാത്ത താലൂക്കുകൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ലീഗൽ മെട്രോളജി ഓഫീസ് നിലവിലില്ലാത്ത താലൂക്കുകളിൽ ഇവ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന് വേണ്ടി സ്വീകരിച്ച നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(സി) കൊണ്ടോട്ടി താലൂക്കിൽ ലീഗൽ മെട്രോളജി ഓഫീസ് ആരംഭിക്കാനുള്ള എന്തെങ്കിലും നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല. കേരളത്തിൽ പുതുതായി രൂപീകരിക്കപ്പെട്ട കാട്ടാക്കട, വർക്കല, പത്തനാപുരം, കോന്നി, ഇടുക്കി, ചാലക്കുടി, കുന്നംകുളം, പട്ടാമ്പി, കൊണ്ടോട്ടി, താമരശ്ശേരി, ഇരിട്ടി, പയ്യന്നൂർ, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം എന്നീ 14 താലൂക്കുകൾ ഒഴികെ മറ്റെല്ലാ താലൂക്കുകളിലും ലീഗൽ മെട്രോളജി വകുപ്പിന് ഇൻസ്പെക്ടർ ഓഫീസുകൾ നിലവിലുണ്ട്.

(ബി & സി) പരിശോധിച്ചുവരുന്നു.

## കായംകുളത്ത് ലീഗൽ മെട്രോളജി സബ് സെന്റർ

404 (398) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം മിനി സിവിൽ സ്റ്റേഷൻ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ജോയിന്റ് ആർ.ടി.ഒ.-യുടെ ഓഫീസിന് അനുബന്ധമായി ടി മണ്ഡലത്തിലെ ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് മീറ്റർ പതിപ്പിക്കുന്നതിനായി മാസത്തിൽ രണ്ട് തവണയെങ്കിലും ലീഗൽ മെട്രോളജി സബ് സെന്റർ അനുവദിച്ച് പ്രവർത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിൽ പരിഗണനയിലില്ല.

(നക്ഷത്രചിഹ്നമിടാത്ത 21, 29, 45, 68, 71, 73, 97, 109, 141, 148, 149, 159, 160, 172, 173, 176, 177, 182, 194, 281, 295, 298, 367,389 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.